മി. സ്പീക്കർ: റൂളുകളും പതിവും അനുസരിച്ചുള്ള നടപടിയാണ് അതെന്ന് പ്രത്യക്ഷമാണ്. റൂൾ വായിച്ച് മനസ്സിലാക്കിക്കൊള്ളണമെന്നല്ലാതെ റൂളുകൾ ഏതെല്ലാമെന്നു ചൂണ്ടിക്കാണിച്ച് അവയെ വ്യാഖ്യാനിക്കുന്നതിനോ വാദപ്രതിവാദത്തിനു വിഷയമാക്കുന്നതിനോ സാദ്ധ്യമല്ല.

ശ്രീ. കെ. എ. മാത്യു. റൂൾ ഏതാണെന്നറിഞ്ഞാൽ അതു് നോക്കാം.

മി. സ്പീക്കർ: അറിയുന്നതിനുള്ള മാർഗ്ഗമെന്തെന്ന് പറഞ്ഞു കഴിഞ്ഞു.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഇന്നയിന്നദിവസം ഉത്തരം തരണമെന്ന് നേരത്തെ മെമ്പറന്മാർ എഴുതി അറിയിക്കുന്നതനുസരിച്ച്, ഉത്തരം തയ്യാറാക്കുവാൻ മന്ത്രിമാർ ബാദ്ധ്യസ്ഥർ ആണ്. ഇപ്പോഴത്തെ നിയമസഭയിൽ പ്രത്യേക സർക്കുലറനുസരിച്ച് കൂടുതൽ കാര്യക്ഷമമായ പ്രവർത്തനങ്ങളാണ്, ചോദ്യോത്തരങ്ങൾ സംബന്ധിച്ച് എല്ലാവരും പ്രതീക്ഷിച്ചിരുന്നതു്. മുമ്പ് ഇന്നയിന്ന ചോദ്യങ്ങൾക്ക് ഉത്തരം പറയുമെന്ന് ഒരു ലിസ്റ്റ് തരുകയാണുണ്ടായിരുന്നതു്. എന്നാൽ ഇപ്പോൾ ഈ സർക്കുലർ പ്രകാരം തീരെ അപര്യാപ്തമായ ഒരു രീതിയാണ് സ്വീകരിച്ചിരുന്നതു്. എല്ലാ ചോദ്യങ്ങളും അച്ചടിച്ചിട്ട്, മറുപടി തയ്യാറിട്ടില്ലെന്നു മറുപടി പറഞ്ഞ് മുന്നോട്ടു പോകുകയാണെങ്കിൽ സമയം ദുർവ്യയം ചെയ്യുകയായിരിക്കും. അതിനാൽ അതിനേക്കുറിച്ച് ഒരു ക്ലിയറായ റൂളിങ്ങ് ഉണ്ടാകണം.

Sri. C. A. Ouseph: May I draw the attention of the Speaker to the Standing Orders, 14 and 15 which govern the answering of questions.

Standing Order 14 says "Questions, which have not been disallowed, shall be entered in the list of questions for the day, and shall be called, if the time made available for questions permits, in the order in which they stand in the list before any other business is entered upon at the meeting".

Standing Order 15 says "Questions shall be put and answers given in such manner as the President may, in his discretion, determine".

Sri. A. Nesamony: May I bring to the notice of the Hon'ble Speaker another rule which has been enunciated by the Speaker himself on another occasion so that after further consideration a ruling may be given on this issue. I refer to Rule 6 (c) of the circular No. L.A. 3-277/49, dated 28th October 1949 which says, "If when a question is put the Hon'ble Minister concerned is not ready with the answer, he may say so. In such cases the written answer when ready may be placed on the table on any subsequent day, and no supplementary questions shall be asked on such answers". In the light of this procedure which you, Mr. Speaker, have laid down, the Ministers need not reply any question at all.

Mr. Speaker: In regard to the Minister's replies that the answers are not ready in respect of some of the questions Mr. Elankath pointing out that that method of answering is unsatisfactory has asked for a ruling as to the propriety and wisdom of the procedure which permits such replies. No doubt, Ministers must see to it that oral answers are given to as many questions as possible. But whether all the questions admitted for the day or only questions for which the Ministers are ready with answers are printed in the list circulated for the day it does not make any difference as to which or how many questions are orally answered every day. In either case the Ministers will give oral answers only to questions for which answers are ready. The only difference probably is that in the latter case the Ministers can avoid openly announcing that the answers are not ready for some of the questions called for answer. The procedure now adopted is therefore quite alright and does not call for any change.

ஸ்ரீ. ஸ்ரீ. வி. தாஸ்: ஸர், point of order அல்ல. இங்கு பல கேள்விகள் எழுப்பப்பட்டிருக்கிறேன். பல கேள்விகளுக்கு 'இல்லை, இல்லை' என்று மந்திரியவர்கள் பதில் சொல்கிறார்கள், இப்படிக் கேள்விகளுக்கெல்லாம் விடைகள் தயாராகவில்லை தயாராகவில்லை என்று சொன்னால்.....

ശ്രീ. പി. എം. വർഗ്ഗീസ്: സർ, ക്വസ്റ്റ്യൻസ് റിസീവ് ചെയ്യുന്നതിന് മുമ്പിൽ പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്:—Unless the Speaker otherwise directs....not less than ten clear days' notice.....shall be given. എന്നേ പറഞ്ഞിട്ടുള്ളൂ. പത്തു ദിവസത്തനുള്ളിൽ നോട്ടീസ് കൊടുക്കണമെന്നാണ്. ഒരു ദിവസത്തെ അഞ്ചലിൽതന്നെ പലരുടേയും ക്വസ്റ്റ്യൻസ് വരാം. അങ്ങനെ വരുമ്പോൾ ആരുടെയെല്ലാം ക്വസ്റ്റ്യൻസ് മുമ്പേ ഇടുന്നുവോ അവരുടേതിന് ആൻസർ കിട്ടുകയും മററുള്ളവരുടേതിന് കിട്ടാതിരിക്കുകയും ചെയ്യുന്നു. മുമ്പിൽ തന്നെ "in the order of receipt" എന്നാണ്. മുമ്പേ പൊട്ടിക്കുന്നവരുടെ ക്വസ്റ്റ്യൻസ് മുമ്പേ ആയിപ്പോകുന്നു. അതുകൊണ്ടാണ് ഞാൻ പറയുന്നത്, ഓരോരുത്തർ അയച്ചിരിക്കുന്നതിൽ ഇത്രയെണ്ണം വീതം ചേർക്കുക എന്നോ മറേറാ ഒരു വ്യവസ്ഥ ഉണ്ടാക്കിയാൽ കൊള്ളാമെന്ന്. അതിനെ സംബന്ധിച്ച് ഒരു റൂളിങ്ങ് ഉണ്ടാകണം.

മി. സ്പീക്കർ: ഇപ്പോൾ ചെയ്തിരിക്കുന്നത് ശരിയായിട്ടാണ്. നേരത്തെ കിട്ടുന്ന ചോദ്യങ്ങൾ നേരത്തെ ചേർക്കുക എന്നുള്ളതാണ് സ്വീകരിച്ചിരിക്കുന്നത്.

പബ്ലിക്ക് സർവ്വീസ് കമ്മീഷൻ.

*വ. [വ] ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നിയമിക്കപ്പെട്ടതിനുശേഷം നിയമനം സംബന്ധിച്ച പ്രത്യേക നിയമങ്ങൾ അംഗീകരിച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ അതു പരസ്യം ചെയ്തിട്ടുണ്ടോ എന്നും പറയുവാൻ ദയവുണ്ടാകുമോ;

(ബി) പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നിയമിക്കപ്പെട്ടതിനുശേഷം നടത്തിയിട്ടുള്ള നിയമനങ്ങൾ ഏതു വ്യവസ്ഥയനുസരിച്ചു നടത്തി എന്നു ദയവായി പറയുമോ ?

(സി) പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നടത്തിയിട്ടുള്ള നിയമനങ്ങളുടെ ജാതി തിരിച്ചുള്ള ലിസ്റ്റ് എങ്ങനെ എന്നു പറയുവാൻ ദയവുണ്ടാകുമോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ രൂപകൾ ഗവൺമെണ്ടിന്റെ പര്യാലോചനയിൽ ഇരിക്കുകയാണ്.

(ബി) തിരുവിതാംകൂറിലും കൊച്ചിയിലും നിലവിലുണ്ടായിരുന്ന പബ്ലിക്ക് സർവ്വീസ് ചട്ടങ്ങൾ അനുസരിച്ചാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്.

(സി) അതു് തയ്യാറായിക്കഴിഞ്ഞിട്ടില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: പബ്ലിക്ക് സർവ്വീസ് കമ്മീഷനേ നിയമിച്ചശേഷം ഗവൺമെണ്ടിൽനിന്നും വല്ല നിയമനങ്ങളും നടത്തിയിട്ടുണ്ടോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഈ ചോദ്യത്തിൽനിന്നും ഉദിക്കുമെന്നു വിചാരിച്ചിരുന്നില്ല.

അഗ്രിക്കൾച്ചറൽ ട്രെയിനിംഗ്

*൯. [൯] ശ്രീ. പി. സി. ആദിച്ചൻ. താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സെറിക്കൾച്ചറൽ ട്രെയിനിംഗിനു ബാംഗ്ളൂരിൽ എത്രപേരെ തിരുവിതാംകൂർ ഗവൺമെണ്ടിൽനിന്നും അയച്ചിട്ടുണ്ടു്;

(ബി) അങ്ങനെ ട്രെയിനിംഗിനു് അയച്ചവർക്കു പ്രത്യേക യോഗ്യതകൾ വേണമെന്നുണ്ടായിരുന്നുവോ;

(സി) ആവശ്യമുണ്ടായിരുന്ന യോഗ്യതകൾ എന്തെല്ലാം;

(ഡി) നിർദ്ദേശിച്ചിരുന്ന യോഗ്യതയില്ലാത്തവരെ വല്ലവരേയും ട്രെയിനിംഗിനു് അയച്ചിട്ടുണ്ടോ;

(ഇ) ഇപ്രകാരം ട്രെയിനിംഗിനു് കോഴ്സ് നടത്തിക്കൊണ്ടിരിക്കുമ്പോൾ ഡിപ്പാർട്ട്മെണ്ടിൽവന്ന ഒഴിവിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ;

(എഫ്) കോഴ്സുകഴിഞ്ഞു വന്നിട്ടുള്ളവർക്കു് എല്ലാംതന്നെ നിയമനം ഉണ്ടായിട്ടുണ്ടോ;

(ജി) ഇല്ലെങ്കിൽ എന്തുകൊണ്ടു് ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: (എ) ൩ ൫. (ബി) ഉണ്ടായിരുന്നു. (സി) ഗ്രാഡുവേറ്റുകളും ഇന്റ. എസ്സ്. എൽ. സി. പാസായിട്ടുള്ളവരും. (ഡി) ഇല്ല. (ഇ) ഇല്ല. (എഫ്) ഇല്ല. (ജി) വ്യയസ്വനീകരണം സംബന്ധിച്ചു് മൽബറിത്തോട്ടങ്ങൾ കൂടുതലായി ഉണ്ടാക്കാത്തതുകൊണ്ടും, മുമ്പുണ്ടായിരുന്നവയിൽതന്നെ പലതിനേയും കുറച്ചതുകൊണ്ടും.

ശ്രീ. സി. വി. ഐയ്യു: എന്തു പരിശീലനത്തിനാണ് അവരെ അയച്ചിട്ടുള്ളതു് ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: സെറിക്കൾച്ചർ.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഇതു സംബന്ധിച്ചു ഗവൺമെണ്ടിനു് എന്തു ചിലവുവരും ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: അതു് ഈ ചോദ്യത്തിൽനിന്നും ഉത്ഭവിക്കുമെന്നു വിചാരിച്ചിരുന്നില്ല.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഒരു എക്സ്പർട്ട് ഒപ്പീനിയൻ അറിഞ്ഞിട്ടാണോ അവരെ നിയമിച്ചതു് ?

Sri. A. Nesamony: Sir, on a point of order. Is any official entitled to sit along with the Members of the Assembly and carry on a chair with them?

Mr. Speaker: No. But the hon'ble member will please point out to which part of the House and to whom his observations relate.

Sri. A. Nesamony: I would bring to the notice of the Hon'ble Speaker that the Inspector General of Police is sitting by the side of one hon'ble member at that end ?

The Hon'ble Sri. T. K. Narayana Pillai: There it is a case of the hon'ble member speaking with the Inspector General and that is clearly outside his seat. The Inspector General is not in the seat assigned to any hon'ble member of this House.

Mr. Speaker: That is a mistaken information. It is a case where the hon'ble member leaving his assigned seat is sharing another seat with a visitor who may be an official.

Sri. A. Nesamony: I am sorry. I thought it was the Assembly Members' gallery and not the visitor's one.

Sri. K. P. Nilakanta Pillai: I am glad at least the officers are given protection in this House and they are not to be molested by the hon'ble members. (Laughter).

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: അവരെ പരിശീലനത്തിനയച്ചതു് എക്സ്പ്ലോയിട്ട് ഒപ്പിനിയൻ എടുത്തിട്ടാണോ എന്നറിയാൻ നിവൃത്തിയില്ല. ഈ പ്രവൃത്തനം നിത്തുന്ന അവസരത്തിൽ എടുത്തിട്ടില്ല. ഇതു് വ്യയസ്വൂനീകരണത്തെ മുൻനിർത്തിയാണു് ചെയ്തിട്ടുള്ളതു്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഇതു് ആദായകരമാണെങ്കിൽ തുടർന്നുകൂടെ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: ഇതുവരെയുള്ള പ്രവൃത്തനത്തിൽനിന്നു്, ഇതു് ആദായകരമാണെന്നു് വിചാരിക്കാൻ ന്യായമില്ല. അതുകൊണ്ടുതന്നെയാണു് ഇങ്ങനെ ചെയ്തതു്.

കാഷ്ടികോദ്ധാരണപദ്ധതിക്കു് വായ്പ

*൧൦. [൧൦] സാഹിബ്ബു് ബഹദൂർ മഹമ്മദ് മുസ്തഫ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രി സദയം മറുപടി പറയുമൊ:—

(എ) കാഷ്ടികോദ്ധാരണ പദ്ധതികൾക്കു് ഇൻഡ്യൻ യൂണിയൻ ഗവമ്മെണ്ടു് ഒരു വലിയ തുക വായ്പ നൽകാമെന്നു സമ്മതിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക എന്താണു്;

(ബി) ടി പദ്ധതി എന്താണെന്നു വെളിപ്പെടുത്തുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: (എ) ഫർ ർ ൻ — ൫ ൦-ലേക്കു് സഹായധനമായി ൧൫ ലക്ഷം രൂപയും കാഷ്ടികോദ്ധാരണ പദ്ധതികൾക്കു് നാല്പതു ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ടു്.

(ബി) പദ്ധതികളുടെ ലിസ്റ്റ് തയ്യാറായിട്ടില്ല.

ശ്രീ. എൻ. വി. ചാക്കൊ: ഇൻഡ്യാ ഗവമ്മെണ്ടു് അനുവദിച്ചിട്ടുള്ള ഈ തുകയുടെ എതെങ്കിലും അംശം നമ്മുടെ ഗവമ്മെണ്ടിനു ലഭിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: ഒരു തുകയും ഇപ്പോൾ ലഭിച്ചിട്ടില്ല. ലഭിക്കുന്നതിനായിട്ടുള്ള അനുവാദം കിട്ടിയിട്ടു കുറച്ചുദിവസമെ ആയിട്ടുള്ളു.

സാഹിബ്ബു് ബഹദൂർ മഹമ്മദ്മുസ്തഫാ: പദ്ധതി എപ്പോഴാണു് തുടങ്ങുന്നതെന്നു പറയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: ഏതാനും പദ്ധതികൾ തുടങ്ങിയിട്ടുണ്ടു്. ബാക്കിയുള്ളതു പെട്ടെന്നു തുടങ്ങണമെന്നു വിചാരിക്കുന്നു.

ശ്രീ. പോൾ തളിയത്തു്: നാല്പതു ലക്ഷം രൂപാ അനുവദിച്ചിരിക്കുന്നതു് പലിശയോടുകൂടിയൊ അല്ലാതെയൊ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: എന്തു വ്യവസ്ഥയിന്മേലാണു് എന്നുള്ളതു് ഇതുവരെ തീരുമാനിച്ചിട്ടില്ല.

Sri. K. Sivarama Pillai: May I know the purpose for which the fifteen lakhs is given?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: കാഷ്ടികപദ്ധതികൾക്കാണെന്നുള്ളതു് മുൻപുതന്നെ പറഞ്ഞുകഴിഞ്ഞു.

Sri. K. Sivarama Pillai: If it is intended for intensive cultivation, will it be made use of by Government to help ryots in places where paddy is cultivated most?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: ആ ചോദ്യത്തിനു ഇവിടെ പ്രസക്തിയില്ല.

Sri. K. Sivarama Pillai: Is the Hon'ble Minister aware thet in those places where it is given, only 8 paras of paddy is procured per acre, in return for the 15 lakhs of rupees given free?

The Hon'ble Sri. E. Ikkanda Warrier : Nowhere is a single rupee given free.

Sri. K. Sivarama Pillai : I mean manure.

ശ്രീ. പി. നാണു: ഈ അനുവദിച്ചിട്ടുള്ള തുകകൾ കടമായിട്ടാണോ അതൊ ഗ്രാൻറായിട്ടാണോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: പതിനഞ്ചുലക്ഷം രൂപാ ഗ്രാൻറായിട്ടുള്ളതും നാല്പതു ലക്ഷം രൂപാ കടം ഇനത്തിലുമാണ്.

Sri. A. Nesamony : Was any amount given to the agriculturists in the Southern Taluks out of this sum?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: തെക്കൻ ഡിവിഷനിലേക്ക് എത്രയെല്ലാം ഇനത്തിലേക്കാണ് തുക അനുവദിക്കേണ്ടത് എന്നുള്ള കാര്യം ഇതുവരെ തീരുമാനിച്ചിട്ടില്ല. അതിനെപ്പററി ആലോചിച്ചു വരികയാണ്. സാധാരണയായി കുളം, കിണറ്, തോട്, മുതലായവയ്ക്കു വേണ്ടിയാണ് പണം അനുവദിക്കാറുള്ളത്.

Sri. D. Gnanasigamoni: Is not the amount set apart for intensive cultivation only?

The Hon'ble Sri. E. Ikkanda Warrier: No.

സ്ഥലംമാററം

*ക ക [ക ക] സാഹിബ് ബഹദൂർ മഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭൂമിവകുപ്പു മന്ത്രി സദയം മറുപടി പറയുമോ:—

(എ) ക ക വർ ചിങ്ങത്തിനുശേഷം ഇതുവരെ പത്തനാപുരം തഹശീൽദാരെയും ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടിനേയും എത്ര പ്രാവശ്യം സ്ഥലം മാററിയിട്ടുണ്ട്;

(ബി) തൻമൂലം പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന അസൗകര്യങ്ങളേയും വിഷമതകളേയുംപററി ഗവണ്മെണ്ടിനു പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ അനിശ്ചിതാവസ്ഥ തുടരാതിരിക്കാൻ മേലാലെങ്കിലും വേണ്ടതു ചെയ്യുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരര്യർ: (എ) തഹശീൽദാരെ രണ്ടു പ്രാവശ്യവും ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടിനെ മൂന്നു പ്രാവശ്യവും സ്ഥലം മാററിയിട്ടുണ്ട്.

(ബി) പരാതികളൊന്നും ലഭിച്ചിട്ടില്ല.

(സി) ബി.-യുടെ ഉത്തരം അനുസരിച്ച് ഈ പ്രശ്നം ഉദിക്കുന്നില്ല.

ഇൻഷ്വർ ചെയ്തിട്ടുള്ള മോട്ടോർ വാഹനങ്ങൾ

*ക വ. [ക വ] സാഹിബ് ബഹദൂർ മഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:—

(എ) ക ക വ ര-ൽ എത്ര മോട്ടോർവാഹനങ്ങൾ തേർഡ് പാർട്ടി റിസ്കിന് ഇൻഷ്വർ ചെയ്തിട്ടുണ്ടെന്നു പ്രസ്താവിക്കുമോ;

(ബി) ആ ഇനത്തിൽ എന്തു തുക പ്രീമിയം ആയി ക ക വ ര-ൽ ഈ ഗവണ്മെണ്ടിനു ലഭിച്ചിട്ടുണ്ട്;

(സി) ക ക വ ര-ൽ ഈ ഇനത്തിൽ ആർക്കെങ്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ തുക എന്തു്?

ബഹു. ശ്രീ. എ. ജെ. ജോൺ: (എ) ക ക വ ര-ൽ ന്യ, ഒ വ ര മോട്ടോർ വാഹനങ്ങൾ.

(ബി) ര,ന ഒ, ര ര ഒ രൂപാ.

(സി) നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(ഡി) ക്ക,വ ക ഠ രൂപാ.

പണം അയയ്ക്കുവാനുള്ള വിഷമതകൾ

*ഗ്ര. [ഗ്ര ൪] സാഹിബ് ബഹദൂർ മഹമ്മദ് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ:—

(എ) ഈ ഐക്യസംസ്ഥാനത്തുനിന്നും സിലോണിൽ താമസിക്കുന്ന ആളുകൾക്ക് അവരുടെ കുടുംബങ്ങളുടെ സംരക്ഷണത്തിനും മററും ഇങ്ങോട്ടു പണം അയയ്ക്കുവാനുള്ള വിഷമതകളെ സംബന്ധിച്ച് ഈ ഗവൺമെണ്ടിന് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തിയെന്നു പ്രസ്താവിക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) സിലോണിൽനിന്നും ഇൻഡ്യയിലേക്കു പണം അയക്കണമെങ്കിൽ അങ്ങിനെ അയക്കപ്പെടുന്ന പണം സ്വീകരിക്കുന്നയാൾ, താൻ പണം അയക്കുന്ന ആളെ ആശ്രയിച്ചു ജീവിക്കുന്നതാണെന്നുള്ള വസ്തുത അതാതു സ്ഥലത്തെ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനെക്കൊണ്ട് സാക്ഷ്യപ്പെടുത്തി ഒരു സർട്ടിഫിക്കെററ് സിലോണിലേക്ക് അയക്കേണ്ടതുണ്ട്. അങ്ങിനെയുള്ള സർട്ടിഫിക്കററുകൾക്കുള്ള അപേക്ഷകൾ കിട്ടിയാലുടനെതന്നെ അന്വേഷണങ്ങൾ നടത്തണമെന്നും, സർട്ടിഫിക്കററ് കൊടുക്കാവുന്നതാണെന്നു കാണുന്നപക്ഷം കാലതാമസം കൂടാതെ ആയതു കൊടുക്കേണ്ടതാണെന്നും എല്ലാ ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാർക്കും ഗവൺമെണ്ട് പ്രത്യേകം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സാഹിബ് ബഹദൂർ മുഹമ്മദ് മുസ്തഫാ: ഇപ്പോഴും പരാതികൾ ഉള്ളതായി അറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ പരാതികൾ ഒന്നും ഉണ്ടാകുന്നില്ല. മുൻപ് ഉണ്ടായിരുന്നു.

ശ്രീ. സി. വി. ഇയ്യു: സിലോൺ ഗവൺമെണ്ട് പുതിയപുതിയ നിയമങ്ങൾ കൂടക്കൂടെ ഉണ്ടാക്കുന്നതുകൊണ്ട് പണം ഇൻഡ്യയിലേക്ക് അയക്കുന്ന കാര്യത്തിൽ ഇനിയും പ്രതിബന്ധങ്ങൾ ഉണ്ടാകയില്ലെ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: പുതിയപുതിയ നിയമങ്ങൾ ഉണ്ടാക്കിയാലും ഇതിനെ സംബന്ധിച്ച് വൈഷമ്യങ്ങൾ ഉണ്ടാകുമെന്നു തോന്നുന്നില്ല.

(ഗ്ര ൭-ാമത്തെ ചോദ്യത്തിനു ഉത്തരം പറയുന്നതിനായിട്ടു പ്രസിഡണ്ട് ആവശ്യപ്പെട്ടു)

സാഹിബ് ബഹദൂർ മുഹമ്മദ് മുസ്തഫാ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഏഴു ചോദ്യങ്ങൾ ഞാൻ അയച്ചിട്ടുള്ളതിൽ നാലെണ്ണത്തിനുള്ള ഉത്തരമെ പറഞ്ഞിട്ടുള്ളൂ. ബാക്കിയുള്ളതിനുകൂടി ഉത്തരം നൽകിയാൽകൊള്ളാം.

The Hon'ble Sri. T. K. Narayana Pillai: Sir, May I answer question No. 17.

Mr. Speaker: Five questions have already been asked by Mr. Mustafa, and therefore the next question to be answered is question No. 17.

സാഹിബ് ബഹദൂർ മുഹമ്മദ് മുസ്തഫാ: ബാക്കിയുള്ളതിന് ഉത്തരം പറയേണ്ടന്നാണൊ ഗവൺമെണ്ടു വിചാരിക്കുന്നത്?

Mr. Speaker: The rule is clear that "not more than five questions asked by the same member shall be called for answer on any one day".

The Hon'ble Sri. T. K. Narayana Pillai: I shall answer question No. 17.

പട്ടണങ്ങളിലെ അതിവേഗഗതാഗതങ്ങൾ

*ഗ്ര ൪. [ഗ്ര ൭] ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ:—

(എ) പട്ടണങ്ങളിൽ മോട്ടോർവണ്ടികളും മററും ഓടിക്കുന്നതിനു നിശ്ചയിച്ചിട്ടുള്ള വേഗം എന്താണ്;

(ബി) ആ നിയമം കൃത്യമായി പരിപാലിക്കാത്തതുമൂലം അനേകം അപകടങ്ങളും യാദൃച്ഛിക മരണങ്ങളും സംഭവിക്കുന്നതായി അറിയാമോ;

(സി) പൊതുജനരക്ഷയെക്കരുതി ഈ നിയമം കൃത്യമായി പാലിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) ബസ്സുകൾക്കും മററും മണിക്കൂറിൽ ൨൦ മൈലും, കാറുകൾ മുതലായ വാഹനങ്ങൾക്കു ൩൦ മൈലുമാണ്.

(ബി) ചില അപകടങ്ങൾ സംഭവിക്കുന്നതായി അറിയാം.

(സി) വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: കൊച്ചിയിൽ കാറുകൾക്കു ൨൦ മൈലും ബസ്സുകൾക്കു ൧൫ മൈലുമാണ് ഗതാഗതവേഗം നിശ്ചയിച്ചിട്ടുള്ളത്. അതുപോലെ ഇവിടേയും നടപ്പാക്കുന്നതിനു വല്ല വൈഷമ്യവും ഉണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പററി ആലോചിക്കുന്നതായിരിക്കും.

ലിഫ്റ്റ് ഇറിഗേഷൻ

*൧൫. [൧൨] ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) ഐക്യസംസ്ഥാനത്തു് എത്ര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുണ്ട്; അവ ഏതെല്ലാം?

(ബി) മേല്പറഞ്ഞ ഓരോ പദ്ധതിയും ഏതേതു താലൂക്കുകൾക്കാണ് പ്രയോജനകരമാകുന്നതു്?

(സി) കൊല്ലം താലൂക്കിലെ നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനു വല്ല പദ്ധതികളുമുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം?

(ഡി) കൊല്ലം താലൂക്കിൽ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ സാദ്ധ്യതകളെപ്പററി ചർച്ചചെയ്യുന്നതിനു കർഷകരുടെയും ജനപ്രതിനിധികളുടെയും ഇറിഗേഷൻ വിദഗ്ദ്ധന്മാരുടെയും ഒരു കാൻഫറൻസ് വിളിച്ചുകൂട്ടുന്നതിനു വേണ്ട ഏർപ്പാടുകൾ സദയം ചെയ്യുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: (എ) ഐക്യസംസ്ഥാനത്തു് പത്തു സ്ഥലങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിൽ വരുത്താൻ തുമാനിച്ചിട്ടുണ്ട്. അതായതു്:

൧. വെളിയത്തുനാട്.	൯. പാറക്കടവ് ൧-ം, ൨-ം.
൨. കുററിപ്പുഴ.	൧. അവണംകോട് ൧-ം, ൨ എ.യും.
൩. ചെങ്ങമനാട്.	൧൧. പമ്പ.
൪. കടുങ്ങല്ലൂർ.	൧൨. കാട്ടോട്.
൫. എല്ലൂർ കിഴക്ക്.	൧൩. ചാലക്കുടി.

(ബി) മേൽ ചോദ്യത്തിന്റെ ഉത്തരത്തിൽ പറഞ്ഞിരിക്കുന്ന ആദ്യത്തെ ആറെണ്ണം പറവൂർ താലൂക്കിലും, ഏഴാമത്തേതു് പറവൂർ–കുന്നത്തുനാടു താലൂക്കിലും, ൧൧-ം, ൧൨-ം തിരുവല്ലാ താലൂക്കിലും, പത്താമത്തേതു മുകുന്ദപുരം താലൂക്കിലും ആകുന്നു.

(സി) ഇല്ല.

(ഡി) ഐക്യസംസ്ഥാനത്തെ താലൂക്കുതോറും ഓരോ താലൂക്കു പ്രൊഡക്ഷൻ കമ്മിററി ഉള്ളതുകൊണ്ടു കൊല്ലം താലൂക്കിൽ ഒരു പ്രത്യേക കാൻഫറൻസ് ആവശ്യമാണെന്നു തോന്നുന്നില്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഉത്തരത്തിൽനിന്നും മനസ്സിലാക്കുന്നതു് താലൂക്കുതോറും കമ്മിററികൾ ഉണ്ടെന്നുള്ളതാണ്. എന്നാൽ ഒരു താലൂക്കിലെ ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൊണ്ടു് ആ താലൂക്കിലുള്ള എല്ലാ പകുതികളിലേയും കൃഷിയാവശ്യം നടക്കുമെന്നാണോ ഉദ്ദേശിക്കുന്നതു്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: ഞാൻ പറഞ്ഞതു ലിഫ്റ്റ് ഇറിഗേഷനെ സംബന്ധിച്ചാണ്. അതിനു സൌകര്യമുള്ള താലൂക്കുകളിലെല്ലാം നടപ്പിൽ വരുത്താമെന്നാണ് ഉദ്ദേശിക്കുന്നതു്. കൂടാതെ ഏതെങ്കിലും താലൂക്കിലുള്ള ഏതെങ്കിലും പകുതിതിൽ വേണമെന്നു പറഞ്ഞാലും അതിനെപ്പററി അന്വേഷണം നടത്തുന്നതായിരിക്കും.

ഇൻഡോമെക്കൻറയിൽ ബാങ്ക്

*ഏന്നു. [ഏൻ] ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :—

(എ) ഇൻഡോമെക്കൻറയിൽ ബാങ്കിലെ നിക്ഷേപങ്ങൾക്കു ഗവൺമെണ്ടു് ഉത്തരവാദിത്വം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതു് എത്രവർഷത്തേക്കു് ?

(ബി) പ്രസ്തുത ബാങ്കിൻെറ പ്രവർത്തനത്തിൽ ഗവൺമെണ്ടിനു് എന്തെങ്കിലും പ്രത്യേക നിയന്ത്രണാധികാരവും ഉണ്ടോ ?

(സി) ഉണ്ടെങ്കിൽ ആ അധികാരം ബാങ്കു് പ്രവർത്തനത്തിലുണ്ടാകാവുന്ന അശ്രദ്ധയേയും ചതിവിനേയും തടയാൻ പര്യാപ്തമാണോ ?

(ഡി) വേറെ ഏതെല്ലാം ബാങ്കുകളിലെ നിക്ഷേപങ്ങൾക്കു് ഇതുപോലെ ഗവൺമെണ്ടു് ഉത്തരവാദിത്വം നൽകിയിട്ടുണ്ടു് ?

ബഹു. ശ്രീ. എ. ജെ. ജാൺ :

(എ) ഇൻഡോമെക്കൻറയിൽ ബാങ്കിലെ നിക്ഷേപങ്ങൾക്കു ഗവൺമെണ്ടു് ഉത്തരവാദം നൽകിയിട്ടുണ്ടു്. അതു രണ്ടുവർഷത്തേക്കാണു്.

(ബി) ഈ ബാങ്കിൻെറ പ്രവർത്തനം നടത്തുന്നതു് ഒ പേരടങ്ങിയ ഒരു കമ്മിററി മുഖാന്തിരമാണു്.

(സി) ഗവൺമെണ്ടിനു മാനേജിംഗ് കമ്മിററിയുടെ ഭൂരിപക്ഷം ഉള്ളതുകൊണ്ടു മെമ്പർ ഉദ്ദേശിക്കുന്നതരത്തിലുള്ള കീഴ്പ്പെടലുകൾ ഉണ്ടാകാൻ നിവൃത്തിയില്ല.

(ഡി) വേറെ ഒരു ബാങ്കിനും ഉത്തരവാദിത്വം നൽകിയിട്ടില്ല.

SUSPENSION OF A. S. P. Mr. MARIARPUTHAM

***17. [20] Sri. R. K. Ram:** Will the Hon'ble Chief Minister be pleased to state :

(*a*) the reasons that led to the suspension of the A. S. P. Mr. Mariarputham ; and

(*b*) was the suspension in pursuance of a demand made at a party meeting of the Cochin Travancore Congress Parliamentary Party ?

The Hon'ble Sri. T. K. Narayana Pillai :

(*a*) He was suspended on charges of bribery, corruption and immorality.

(*b*) No.

ஸ்ரீ. ஏ. சிதம்பரநாத நாடார்: அவருடைய Service Book யை எடுத்துப் பார்த்தால் அவருக்கு 22 reward களும், மெடலும் கிடைக்கப்பெற்றிருக்கின்றன என்பது தெரியவருமா ?

The Hon'ble Sri. T. K. Narayana Pillai: His service book is not in my possession, unfortunately.

ശ്രീ. ഇ. കെ. മാധവൻ : ഒരിക്കലും കുററം ചെയ്യാത്തവൻ അവൻെറ അവസാനത്തിൽ ഒരു കുററം ചെയ്താൽ ശിക്ഷിക്കാൻ നിയമമുണ്ടോ ? (ഉത്തരം ഇല്ല.)

Sri. D. Gnanasigamoni: May I know whether any preliminary enquiry was conducted before suspension ?

The Hon'ble Sri. T. K. Narayana Pillai: Certainly a preliminary enquiry was conducted by the department and competent officers.

Sri. D. Gnanasigamoni: Is it true that the enquiry was conducted subsequent to suspension ?

The Hon'ble Sri. T. K. Narayana Pillai: That is not true.

Sri. R. K. Ram: Has Mr. Mariarputham sent a report of corruption against Raman Nayar, a Police Inspector ?

No answer.

Sri. P. Balakrishnan Tampi: Will the Government be pleased to conduct an enquiry as requested by the other sections of the House ?

The Hon'ble Sri. T. K. Narayana Pillai: A competent judicial enquiry has been conducted by a First Class Magistrate.

ശ്രീ. പി. നാണു: മി. മര്യാർക്കുതം ചെയ്ത കുററത്തെപ്പററി ഒരു വിശദീകരണം എന്താൻ ഗവമ്മെണ്ടിനു ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഈ ചോദ്യത്തിനു ഞാൻ നൽകിയിട്ടുള്ള ഉത്തരം വായിച്ചുനോക്കി മനസ്സിലാക്കുന്നതിൽ കൂടുതൽ എനിക്കൊന്നും പറയാനില്ല.

ശ്രീ. പി. നാണു: കുറപ്ഷൻ എന്താണെന്നു പറയാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: പലവിധത്തിലുള്ള കുറപ്ഷനും ഉണ്ട്.

DIRECTOR OF INFORMATION

***18. [21] Sri. R. K. Ram:** Will the Hon'ble Chief Minister be pleased to state:

(*a*) the date on which the former Information Director Mr. Hariharan resigned;

(*b*) whether his resignation was accepted and if so, when; and

(*c*) whether the Government had in its possession any incriminating information before the date of his resignation that led to the launching of the prosecution against him?

The Hon'ble Sri. T. K. Narayana Pillai:

(*a*) 14—9—1949.

(*b*) Yes. On 16—9—1949.

(*c*) The Government had then suspicion.

ശ്രീ. കെ. ആർ. ഇലങ്കത്ത്: സംശയമുണ്ടായിരുന്നുവെങ്കിൽ റസിഗ്നേഷൻ അക്സപ്റ്റ ചെയ്യാതിരിക്കുകയല്ലേ വേണ്ടിയിരുന്നത്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: സംശയം മാത്രമേ ഉണ്ടായിരുന്നുള്ളൂ. സംശയം വെച്ചുകൊണ്ട് എന്തെങ്കിലും നടപടി നടത്തുന്നതു ശരിയാണെന്നു ഗവമ്മെണ്ടിനു തോന്നിയില്ല.

REGISTRARS ATTACHED TO THE HIGH COURT

***19. [22] Sri. R. K. Ram:** Will the Hon'ble Chief Hinister be pleased to state whether it is a fact that there are two Registrars and two Deputy Registrars attached to the High Court at Ernakulam; if so, the need for such an anomaly?

The Hon'ble Sri. T. K. Narayana Pillai: No. There is only one Registrar and one Deputy Registrar for the High Court.

ശ്രീ. പാറം തളിയത്ത്: ഏതെങ്കിലും സമയത്തു രണ്ടുപേർ ഉണ്ടായിരുന്നതായി ഗവമ്മെണ്ടിന് അറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇൻറഗ്രേഷൻ കഴിഞ്ഞപ്പോൾ രണ്ടുപേർ ഉണ്ടായിരുന്നു. ഇപ്പോൾ ഒരാളേ ഉള്ളൂ.

TRANSFER OF MAGISTRATES

***20. [23] Sri. R. K. Ram:** Will the Hon'ble Chief Minister be pleased to state whethe: in respect of transfers of Magistrates in the Southern taluks, the Inspector General of Police and other Police Officers are consulted; if so the necessity for such consultation?

The Hon'ble Sri. T. K. Narayana Pillai: No. Neither the Inspector General of Police nor any other officer of Government is consulted in regard to transfers and postings of Magistrates.

Sri. R. K. Ram: Is there any special reasons for the abrupt transfer of Mr. Pandiyan Nadar?

The Hon'ble Sri. T. K. Narayana Pillai: The exigencies of service required that.

DISASTER IN THODUPUZHA

21. *[24] Sri A. K. George: Will the Hon'ble Chief Minister be pleased to state: What is the correct estimate of the damage caused by the recent disaster in Thodupuzha, and what are the steps taken by the Government to help the ill fated people?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: നാൽപ്പത്തിരണ്ടു വീടുകൾ നിശ്ശേഷം പോയിട്ടുണ്ട്. നിലവും പുരയിടവും ഉൾപ്പെടെ ഇരുന്നൂറ് ഏക്കർ സ്ഥലം മണ്ണുവീണുപോയിട്ടുണ്ട്. അതിനുള്ള പരിഹാരമാർഗ്ഗങ്ങളെപ്പററി ഗവമ്മെണ്ട് ആലോചിച്ചുവരികയാണ്.

Sri. A. K. George : Have any people lost their lives?

The Hon'ble Sri. T. K. Narayana Pillai : Some people have lost their lives also.

Sri. A. K. George : May I know how many?

The Hon'ble Sri. T. K. Narayana Pillai : Nearly 10 people have lost their lives, as per figures collected by Government.

ശ്രീ. പി. എം. വർഗ്ഗീസ് : അവിടത്തെ റിലീഫ്കമ്മററിയുടെ ഒരു റിപ്പോർട്ട് ഗവമ്മേണ്ടിന് കിട്ടിയിട്ടില്ലേ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ആ റിപ്പോർട്ടിനെ ആസ്പദമാക്കിത്തന്നെയാണ് ഈ വിവരങ്ങൾ ഇവിടെ പറഞ്ഞതു്.

ശ്രീ. പി. എം. വർഗ്ഗീസ് : ആ റിപ്പോർട്ടനുസരിച്ച് നടപടികൾ എടുക്കുന്നതിന്എന്താണ്താമസം?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ആ റിപ്പോർട്ട് ആലോചനയിൽ ഇരിക്കയാണ്. കഴിയുന്നതും വേഗത്തിൽ നടപടികൾ എടുക്കും.

UNION HIGH COURT

***22. [25] Sri. A. K. George:** Will the Hon'ble Chief Minister be pleased to state ;

(*a*) whether the Government have any knowledge about the report made by the Federal Court Judge who recently visited the Union High Court ; and

(*b*) if so, has he made any recommendations about the number and personnel of the Union High Court?

The Hon'ble Sri. T. K. Narayana Pillai:

(*a*) No.

(*b*) No.

JUTE CULTIVATION

***23. [26] Sri. A. K. George:** Will the Hon'ble Minister for Land and Agriculture be pleased to state.—

(*a*) in how many acres of land were jute cultivated last year in the Union State ;

(*b*) what were its total yield and net income ; and

(*c*) does the Government think of bringing more land under jute cultivation this year?

The Hon'ble Sri. E. Ikkanda Warrier:

(*a*) 430 acres.

(*b*) A total quantity of 200 maunds (82 lbs. = 1 maund) of jute fibre was obtained. The fibre is expected to fetch Rs. 37—8—0 per maund in the Calcutta market.

(net income—answer not ready)

(*c*) It is proposed to bring under jute cultivation 24,000 acres during the next season.

ശ്രീ. കെ. രാമകൃഷ്ണപിള്ള : അതിനുവേണ്ടി എന്തു നടപടികൾ നടത്തിയിട്ടുണ്ട്? ഫെഡറേഷൻ ജൂട്ടുകൃഷി നടത്തുന്നതിനു വേണ്ടി വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ : ഗവമ്മെണ്ട് കൽക്കത്തായിൽ അയച്ച് അവിടെയുള്ള കൃഷിയെപ്പററി പഠിച്ചുവന്ന ഒരു ഉദ്യോഗസ്ഥനിൽനിന്നു ഒരു റിപ്പോർട്ട് വാങ്ങിട്ടുണ്ട്.

ശ്രീ. എ. എം. തോമസ് : ഏതെല്ലാം സ്ഥലത്താണ് കൂടുതലായി ജൂട്ടുകൃഷി നടത്താൻ പോകുന്നതു്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ : കുടനാട്ടിലാണ്. അവിടെ രണ്ടായിരം ഏക്കറും ബാക്കിസ്ഥലങ്ങളിൽ നാലായിരം ഏക്കറും എന്നാണ് ഉദ്ദേശിക്കുന്നതു്.

ശ്രീ. എൻ. പി. വർഗ്ഗീസ് : ഇതു സംബന്ധിച്ചുവരുന്ന ചെലവെല്ലാം ഇൻഡ്യ ഗവമ്മെണ്ട് വഹിച്ചുകൊള്ളാമെന്ന് സർദാർ ദത്താർസിങ്ങ് പ്രസ്താവിച്ചിട്ടുള്ളതായി അറിയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ : ഏതാനും ഭാഗം വഹിക്കും. മുഴുവൻ വഹിക്കുന്നതിനെപ്പററി ഇൻത്യാഗവമ്മെണ്ടുമായി എഴുത്തുകുത്തുകൾ നടത്തിവരികയാണ്.

RECLAMATION

***24. [27] Sri. A. K. George :** Will the Hon'ble Minister for Land and Agriculture be pleased to State:—

(*a*) how many acres of land have been already reclaimed and levelled in Chalakudy on the Anamalai road through the help of tractors and bull dozer:

(*b*) what is the net cost for an acre of land so reclaimed , and

(*c*) what will be the total extent of land so reclaimed when the scheme is completed?

The Hon'ble Sri. E. Ikkanda Warrier : The answer for question No. 27 is not ready, Sir

Sri. A. K. George : May I know when it will be given?

The Hon'ble Sri. E. Ikkanda Warrier : As soon as it is ready,

ഐക്യസംസ്ഥാനത്തെ അയിത്താചാരം

*൨൪. [൨൭] ശ്രീ. ററി. ററി. കേശവൻ ശാസ്ത്രി ; താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടിപറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാനത്തെ അയിത്താചാരം നിയമം മൂലം നിരോധിക്കേണ്ടകാര്യം ഗവൺമെണ്ടിന്റെ പര്യാലോചനയ്ക്കു് വിഷയീഭവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പര്യാലോചനയുടെ സ്വഭാവംഎങ്ങിനെ?

The Hon'ble Sri. T. K. Narayana Pillai: I request the Hon'ble Minister Sri. Ayyappan to answer the question.

ബഹു. ശ്രീ. കെ. അയ്യപ്പൻ : എ &ബി. തിരുവിതാംകൂറിലേയും കൊച്ചിയിലേയും ക്ഷേത്രപ്രവേശന വിളംബരങ്ങൾ ഇവിടത്തെ അയിത്താചാരങ്ങൾ നിർമ്മാജനം ചെയ്യുന്നതിന് വളരെ സഹായിച്ചിട്ടുണ്ടു്. ഇന്ത്യൻ കാൺസ്ററിററ്യൂവൻറ് അസംബ്ലി ഇപ്പോൾ നിർമ്മിച്ചിട്ടുള്ള ഭരണഘടന നടപ്പിൽ വരുന്നതോടുകൂടി അയിത്താചാരം മുഴുവനും നിരോധിക്കപ്പെടുമെന്നാണ് ഗവൺമെണ്ടിന്റെ വിശ്വാസം. എന്നിട്ടും എന്തെങ്കിലും അവശതകൾ പരിഹരിക്കേണ്ടതായിട്ടുണ്ടെന്നു കാണുന്നപക്ഷം അതിലേക്കു് നിവാരണമാർഗ്ഗങ്ങൾ കണ്ടുപിടിക്കുന്നതിനു ഗവൺമെണ്ടു് എപ്പോഴും ജാഗരൂകമായിരിക്കുന്നതാണ്.

ശ്രീ. പി. കെ. ഡീവർ : തിരുവിതാംകൂറിൽ ക്ഷേത്രപ്രവേശനം അനുവദിച്ചു ശേഷവും അയിത്തത്തിന്റെ പേരിൽ പലർക്കും ക്ഷേത്രങ്ങളിൽ പ്രവേശനം നിരോധിച്ചിട്ടുള്ളതായി അറിയാമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : സർക്കാർ ക്ഷേത്രങ്ങളിൽ പ്രവേശനം നിരോധിച്ചിട്ടില്ല. പ്രൈവററ ക്ഷേത്രങ്ങളിൽ നിരോധിച്ചിട്ടുണ്ടായിരിക്കാം.

ശ്രീ. പി. കെ. ഡീവർ: സർക്കാരിന്റെ വകയല്ലാത്ത പൊതുക്ഷേത്രങ്ങളെപ്പററിയാണ് ഞാൻചോദിക്കുന്നതു്.

ബഹു. ശ്രീ. കെ. അയ്യപ്പൻ : പൊതുജനങ്ങൾ ഉപയോഗിക്കുന്ന ചില ക്ഷേത്രങ്ങളിൽ നിരോധനം ഉണ്ടായിരിക്കാം. ഇവിടെ സർക്കാർക്ഷേത്രങ്ങൾ എല്ലാവർക്കും തുറന്നുകൊടുത്തതായ ഒരു വിളംബരമാണ് ഉണ്ടായിട്ടുള്ളതു്. അല്ലാതെ മദ്രാസിലേയും കൊച്ചിയിലേയും പോലെ പ്രൈവററ് ക്ഷേത്രങ്ങളും തുറന്നുകൊടുക്കുന്നതായ ഒരു വിളംബരം ഇവിടെ ഉണ്ടായിട്ടില്ല. അതുമാതിരി ഇവിടേയും നിയമം ഉണ്ടാക്കുന്നതിനെപ്പററി ഗവൺമെണ്ടു് ആലോചിക്കാം.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ക്ഷേത്രങ്ങൾ തുറന്നുകൊടുത്തുഎങ്കിലും അയിത്തം ആചരിച്ചു വരുന്നതായി ഗവൺമെണ്ടിന് അറിയാമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : നിയമംകൊണ്ടുമാത്രം ഇതെല്ലാം എളുപ്പം മാററാവുന്നതല്ല. ക്രമേണയായി മാറേണ്ടതാണ്. മനുഷ്യരുടെ മനസ്സിതി കുറെയൊക്കെ മാറുമ്പോൾ അതു ശരിയാവുന്നതാണ്.

ശ്രീ. സി. സി. പ്രസാദ് : ഇതൊരു സമാധാനംമാത്രമല്ലേ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : സമാധാനംമാത്രമല്ലേ ആവശ്യമായിരിക്കുന്നതു്?

വിദേശവസ്ത്രങ്ങളുടെ ഇറക്കുമതി

*൨൩. [൨൫] ശ്രീ. ററി. ററി. കേശവൻശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടിപറയുമോ.—

(എ) വിദേശവസ്ത്രങ്ങളുടെ ഇറക്കുമതിയിനത്തിൽ തിരുവിതാംകൂറിനും കൊച്ചിക്കുംവേണ്ടി ൧൯൨൮-ൽ ആകെ എത്ര ഉറുപ്പിക ചെലവായി;

(ബി) ഈ ആവശ്യത്തിനു ൧൯൨൯-ലേക്ക് ആകെ എത്ര ഉറുപ്പിക ചെലവാക്കേണ്ടതായി വരും?

ബഹു: ശ്രീ. എ. ജെ. ജോൺ . ഉത്തരം തയ്യാറായി വന്നിട്ടില്ല.

ഭൂനയ വ്യവസ്ഥകൾ

*൨൪. [൩൦] ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലാൻഡു വകുപ്പു മന്ത്രി സദയം മറുപടി പറയുമോ:—

(എ) ഗവമ്മെണ്ടിൽനിന്നും സംഘടിപ്പിച്ചിട്ടുള്ള ഭൂനയക്കമ്മിററിയെ ചുമതലപ്പെടുത്തിയിട്ടുള്ള ഭൂനയ വ്യവസ്ഥകൾ എന്തെല്ലാം;

(ബി) പ്രസ്തുത കമ്മിററിയിലെ പ്രാതിനിദ്ധ്യസ്വഭാവം എങ്ങിനെ?

ബഹു: ശ്രീ. ഇ. ഇക്കണ്ടവാര്യർ: (എ) ലാൻഡ് കമ്മിററിയെ ചുമതലപ്പെടുത്തിയിട്ടുള്ള ഭൂനയ വ്യവസ്ഥകൾ താഴെ ചേർക്കുന്നു.—

൧. ഒരാൾ ഉടമ വഹിക്കുകയൊ കൈവശം വയ്ക്കുകയോ ചെയ്യാവുന്ന ഭൂമിയുടെ ഉയർന്ന പരിധി നിർണ്ണയിക്കേണ്ടതുണ്ടെങ്കിൽ, ആ പരിധി എന്തായിരിക്കണം? പല ഇനങ്ങളിലുള്ള ഉടമകളേയും പല ഇനങ്ങളിലുള്ള ഭൂമികളേയും സംബന്ധിച്ചിടത്തോളം ഭിന്നരീതിയിൽ പരിധി നിർണ്ണയിക്കണമോ? ഉയർന്ന പരിധി സംബന്ധിച്ച ചട്ടങ്ങൾ നടപ്പിലാക്കുന്നതിന് എന്തു നടപടി സ്വീകരിക്കണം? ന്യായമായ പരിഹാരം നൽകുന്നതു് എന്തു തത്വങ്ങളെ ആസ്പദമാക്കിയായിരിക്കണം?

൨. ഭൂവുടമയുടെ 'ഉയർന്ന പരിധി' നിർണ്ണയിക്കാൻ ചട്ടങ്ങൾ ഉണ്ടാക്കുന്നപക്ഷം ഗവമ്മെണ്ടിൻെറ കൈവശം ഇരിക്കുന്നതോ കൈവശം വന്നു ചേരാനുള്ളതോ ആയ ഭൂമിയെ സംബന്ധിച്ച് എന്തെല്ലാം വ്യവസ്ഥകളാണ് കൈക്കൊള്ളേണ്ടതു്? കുത്തകപാട്ടം സംബന്ധിച്ചചട്ടങ്ങൾ ഭേദഗതി ചെയ്യേണ്ടതുണ്ടോ? ഉണ്ടെങ്കിൽ എപ്രകാരം?

ശ്രീ. കെ. ആർ. ഇലങ്കത്തു്: സർ, ഒരു പായിൻറ് ആഫ് ആർഡർ. ഇവ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും എല്ലാവർക്കും അറിയാവുന്നതുമായ കാര്യങ്ങളാണ്. ഇതു തന്നെ പ്രസ്സ്നോട്ടായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. ആ സ്ഥിതിക്ക് ഇവിടെ വായിച്ച് സഭയുടെ സമയം നഷ്ടപ്പെടുത്തേണ്ട ആവശ്യമുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി. സ്പീക്കർ: വളരെ ദീർഘമായിട്ടുള്ള ഒരു ഉത്തരമായതുകൊണ്ട് ഇതു മേശപ്പുറത്തു വച്ചാൽ മതിയാകും.

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: (ബി) കമ്മിററി അംഗങ്ങൾ യാതൊരു പ്രത്യേക താല്പര്യങ്ങളേയും പ്രതിനിധീകരിക്കുന്നില്ല. കമ്മിററിയെ ചുമതലപ്പെടുത്തിട്ടുള്ള ജോലി നിർവ്വഹിക്കുന്നതിനു ഏററവും പ്രാപ്തരായവരാണ് ഈ അംഗങ്ങൾ എന്നു ഗവമ്മെണ്ടു കരുതുന്നു.

ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: ഏതെങ്കിലും തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണോ ഈ കമ്മിററി രൂപീകരിച്ചിട്ടുള്ളതു്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ഈ കാര്യം നിർവ്വഹിക്കുന്നതിലേക്ക് പ്രാപ്തരാണെന്നു തോന്നിയതുകൊണ്ട് അവരെ അതിലേക്ക് തിരഞ്ഞെടുത്തിട്ടുള്ളതാണ്.

ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: ഇവർ പ്രാപ്തരാണെന്നു തെളിയുന്നതിനുള്ള മാനദണ്ഡം എന്താണെന്നു പറയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: അവർക്ക് ഈ ജോലി നിർവ്വഹിക്കുന്നതിനു് പ്രാപ്തിയുണ്ടെന്നു ഗവമ്മെണ്ടിനു തോന്നിയതുകൊണ്ടാണ് അവരെ നിശ്ചയിച്ചതു്.

ശ്രീ. പി. സി. ആദിച്ചൻ: ഭൂമിഉടമയുടെ പരിധി നിർണ്ണയിക്കാനുള്ള കമ്മിററിയിൽ ഭൂമി ഇല്ലാത്തവരുടെ പ്രതിനിധികൾ ആരെങ്കിലും ഉണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: അങ്ങിനെ എന്തെങ്കിലും ആലോചിച്ച് ചെയ്യുതല്ല.

ശ്രീ. പി. സി. ആദിച്ചൻ: ഭൂമിയില്ലാത്തവരുടെ താല്പര്യങ്ങൾക്കുടെ ഈ കമ്മിററി മുഖേന സംരക്ഷിക്കണമെന്നുള്ള ഉദ്ദേശം ഗവമ്മെണ്ടിനുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: ഭൂമിയില്ലാത്തവരുടെ താല്പര്യങ്ങളും ഈ കമ്മിററി സംരക്ഷിക്കുമെന്നാണ് ഗവമ്മെണ്ടു പൂർണ്ണമായി വിശ്വസിക്കുന്നതു്.

ശ്രീ. പി. സി. ആദിച്ചൻ: ഭൂനയക്കമ്മിററിയിലേക്കു പ്രാപ്തന്മാരായ ആളുകൾ ഭൂമി ഇല്ലാത്തവരുടെ കൂട്ടത്തിൽ ഇല്ലെന്നാണോ വിചാരിക്കേണ്ടതു്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: അങ്ങിനെ വിചാരിക്കാൻ ന്യായമില്ല.

ശ്രീ. പി. സി. ആദിച്ചൻ: ഭൂമിയില്ലാത്ത ഒരൊററ ആളിനെയെങ്കിലും കമ്മിററിയിൽ എടുക്കാത്തതു് എന്തുകൊണ്ടാണെന്നു പ്രസ്താവിക്കുവാൻ ദയവുണ്ടാകുമോ? (ഉത്തരമില്ല.)

ശ്രീ. വി. കെ. വർഗ്ഗീസ്: ഇൻഡ്യയിൽ ഭൂനയം സംബന്ധിച്ചു ഒരു വ്യവസ്ഥ ഉണ്ടാക്കുന്നതിനു മുമ്പായി ഇവിടെ വ്യവസ്ഥ ഉണ്ടാക്കാൻ വിചാരിക്കുന്നുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ : ഇവിടത്തെ ഇന്നത്തെ പരിതസ്ഥിതിയെ അടിസ്ഥാനമാക്കി ഇങ്ങനെ ചെയ്യേണ്ടതു് ആവശ്യമാണെന്നു തോന്നിയതുകൊണ്ടാണ് അതിലേക്ക് ഒരു കമ്മിററിയെ രൂപീകരിച്ചിട്ടുള്ളതു്.

Sri. D. Gnanasigamoni: May I know whether any time limit has been fixed for the submission of the report?

The Hon'ble Sri. E. Ikkanda Warrier: No particular time limit has been fixed but the Government hope that the Committee will submit its report as quickly as possible.

COST OF LIVING INDEX

***28. [31] Sri. K. Ramachandran:** Will the Hon'ble Chief Minister be pleased to state whether Government would consider the question of introducing the system of maintaining cost of living index in the Union ?

The Hon'ble Sri. T. K. Narayana Pillai: Yes. Even now the cost of living index is indicated in the Gazette.

Sri. K. Ramachandran: Is it in respect of any cities in Travancore ?

The Hon'ble Sri. T. K. Narayana Pillai: It is in respect of cities in the United State of Travancore and Cochin.

Sri. K. Ramachandran: May I know whether the cost of living index in respect of Alleppey or Trivandrum is being published in the Gazette ?

The Hon'ble Sri. T. K. Narayana Pillai: I am not sure whether the town of Alleppey or the other towns referred to by my hon'ble friend find a place in the Gazette.

Sri. K. Ramachandran: Is it not a fact that the cost of living index for Trichur and Ernakulam is published in the Gazette ?

The Hon'ble Sri. T. K. Narayana Pillai: That may be a fact.

Sri. K. Ramachandran: Am I to know that the cost of living index is being prepared for the towns in Travancore also.

The Hon'ble Sri. T K. Narayana Pillai: Yes, for all the important towns in Travancore also.

Sri. K. Ramachandran: Is there any special branch for this purpose ?

The Hon'ble Sri. T. K. Narayana Pillai: Yes. the Statistics department.

ശ്രീ. സി. വി. ഇയ്യ: തൃശ്ശൂർ, എറണാകുളം, മട്ടാഞ്ചേരി മുതലായ സ്ഥലങ്ങളിൽ കാസ്റ്റ് ഓഫ് ലിവിങ്ങ് ഇൻഡക്സ് പബ്ളിഷ്ചെയ്തിരുന്നതു് അടുത്ത കാലത്തു നിറുത്തിയതായി ഗവമ്മെണ്ടിനു് അറിയാമോ?

ബഹു. ശ്രീ. ടി. കെ നാരായണപിള്ള: അടുത്ത കാലത്തു് നിറുത്തിയിരുന്നു. ഇപ്പോൾ വീണ്ടും അതു പബ്ളിഷ് ചെയ്യുന്നുണ്ട്.

ശ്രീ. സി. വി. ഇയ്യ: മുമ്പ് ഗ്രാഫായിട്ടു പബ്ളിഷ്ചെയ്തതുപോലെ മേലിലും പബ്ളിഷ്ചെയ്യുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഗ്രാഫായിട്ടു് പബ്ളിഷ്ചെയ്തില്ലെങ്കിലും അതു സംബന്ധിച്ചുള്ള വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതാണ്.

WRITTEN ANSWERS

IMMIGRATION TO ANDAMANS

***29. [32] Sri. K. Ramachandran:** Will the Hon'ble Chief Minister be pleased to state:—

(*a*) whether any scheme is being proposed by Government for immigration of Union subjects to Andamans for purpose of colonisation; and

(*b*) whether any concession or facilities be accorded to those persons who venture to immigrate to Andamans ?

The Hon'ble Sri. T. K. Narayana Pillai:

(*a*) No.

(*b*) There has been no request for immigration and so this does not arise.

***30. [34] Sri. K. Ramachandran:** Will the Hon'ble Minister for Land and Agriculture be pleased to state the number of Fish curing yards in the Union and how many of them are now running at a profit ?

The Hon'ble Sri. E. Ikkanda Warrier: There are 24 fish curing yards in the Union. Five in the Cochin Division and 19 in the Travancore Division, of which two are maintained by the University for experimental purposes.

The fish curing yards are not intended to yield any profits. They are meant to help the fish curers in issuing salt to the curers, and providing facilities for better curing of fish. The yards will thus ensure fish from wastage and thus make their contribution to the food supply of the Union as also to the economic welfare of the fishermen community.

ലാൻഡ് കമ്മിററി അംഗങ്ങൾ

*൩൧. [൩൪] ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു മാനപ്പെട്ട ലാൻഡ് വകുപ്പ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇപ്പോൾ ബഹു: ഗവമ്മെണ്ടിൽനിന്നും രൂപീകരിച്ചിരിക്കുന്ന ലാൻഡ് കമ്മിററിയിലെ അംഗങ്ങൾ ആരെല്ലാം;

(ബി) ആ കമ്മിററിയിൽ ഭൂഉടമയിൽ പിന്നോക്കം നിൽക്കുന്ന സമുദായങ്ങളെ അഥവാ ജനവിഭാഗങ്ങളെ പ്രതിനിധീകരിക്കാൻ ആരെയാണ് എടുത്തിട്ടുള്ളത്;

(സി) ആ കമ്മിററിയുടെ റിപ്പോർട്ട് സമർപ്പിച്ചതിന്റെ ശേഷം നിയമസഭയിൽ കൂടെ അതു നിയമം ആകുന്നതുവരെ കുത്തകപ്പാട്ടം നിരോധനക്കരം എന്നീ ഇനങ്ങളിൽ കുടിശിഖ അടക്കുവാൻ നിവ്വാഹമില്ലാതെ കഷ്ടപ്പെടുന്ന പിന്നോക്കസമുദായക്കാരുടെ പേരിൽ എന്തു നടപടിയാണ് കൈക്കൊള്ളേണ്ടതു് എന്ന് വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോ;

(ഡി) മേൽപറയുന്നവരുടെ പേരിൽ ലേലനടപടി എടുത്തുവരുന്നതായി അറിയാമോ;

(ഇ) ൧൯൪൯ വരെയുള്ള നിരോധന കരക്കുടിശിഖ, കുത്തകപ്പാട്ടക്കുടിശിഖ ഇവ ഇളവുചെയ്യുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ: (എ) അംഗങ്ങളുടെ പേരുകൾ താഴെ ചേർക്കുന്നു.

൧.	ശ്രീ. കോമാട്ടിൽ അച്ചുതമേനോൻ (ചെയർമാൻ)	
൨.	ശ്രീ. വി. ഒ. മാർക്കോസ്,	മെമ്പർ, ലെജിസ്ലേററീവ് അസംബ്ളി
൩.	ശ്രീ. എ. പി. ഉദയഭാനു,	ടി
൪.	ശ്രീ. കെ. ആർ. ഇലങ്കത്ത്,	ടി
൫.	ശ്രീ. സി. എ. ഔസേപ്പ്,	ടി
൬.	ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ	
൭.	ശ്രീ. കെ. ശിവരാമപിള്ള,	മെമ്പർ, ലെജിസ്ലേററീവ് അസംബ്ളി
൮.	ശ്രീ. അകവൂർ കൃഷ്ണൻ നമ്പൂതിരിപ്പാട്	
൯.	ശ്രീ. പി. എസ്സ്. മുഹമ്മദ്,	മെമ്പർ, ലെജിസ്ലേററീവ് അസംബ്ളി
൧൦.	ശ്രീ. കൃഷ്ണൻ അയ്യപ്പൻ	ടി
൧൧.	എസ്സ്. നീലകണ്ഠയ്യർ, പ്രസിഡണ്ട്, ഡിസ്ട്രിക്ട് കോൺഗ്രസ് കമ്മിററി,	ചിറവൂർ

(ബി) ഓരോ ജനവിഭാഗത്തേയും പ്രത്യേകം പ്രതിനിധീകരിക്കുന്നതിന് കമ്മിററിയിൽ അംഗങ്ങളെ നിയമിച്ചിട്ടില്ല.

(സി) അതാതു കേസ്സുകളിൽ അനുയോജ്യമായ ഉത്തരവുകൾ പാസ്സാക്കുന്നതാണ്.

(ഡി) ഉണ്ടായിരിക്കാം.

(ഇ) ഇങ്ങനെ മൊത്തമായി ഒരു ആർഡർ പാസ്സാക്കുവാൻ സാദ്ധ്യമല്ല. എന്നാൽ ഓരോ കേസ്സുകളിലേയും വസ്തുതകളെ പരിഗണിച്ച് ആവശ്യമായ ഉത്തരവുകൾ പാസ്സാക്കുന്നതാണ്.

പിന്നോക്കസമുദായത്തിലെ ഉദ്യോഗസ്ഥന്മാർ

*൩൩. [൪൦] ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു മാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ:—

(എ) അടുത്ത പത്തു കൊല്ലത്തിനകം ഫസ്റ്റ് ഗ്രേഡ് ഉദ്യോഗസ്ഥന്മാരായി പിന്നോക്കസമുദായത്തിൽനിന്നും ആരെങ്കിലും പ്രമോഷൻ കിട്ടി ഉയർന്ന വരത്തക്കവണ്ണം ഉദ്യോഗനിയമനവിഷയത്തിൽ ഗവമ്മെണ്ടു വല്ല പ്രോത്സാഹനവും ചെയ്യുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത്?

ബഹു. ശ്രീ. കെ. അയ്യപ്പൻ: (എ) പിന്നോക്കസമുദായാംഗങ്ങൾക്ക് ഉദ്യോഗനിയമനവിഷയത്തിൽ കഴിയുന്നത്ര പ്രോത്സാഹനങ്ങൾ നൽകുന്നുണ്ട്. അവർ ആരെല്ലാം അടുത്ത പത്തുകൊല്ലത്തിനകം ഒന്നാംഗ്രേഡ് ഉദ്യോഗസ്ഥന്മാരായി ഉയരുമെന്നു ഇപ്പോൾ നിർവചിക്കുവാൻ നിവൃത്തിയില്ല.

(ബി) എ.യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

CARS PURCHASED FOR STATE GUESTS DEPARTMENT

***33. [42] Sri. Philipose Muthalali:** Will the Hon'ble Chief Minister be pleased to state.—

(*a*) the number of new cars purchased for State Guests by the Travancore Government in the year 1124;

(*b*) the model and make of those cars;

(*c*) the price paid for each; and

(*d*) the agency if any through which they were purchased?

The Hon'ble Sri. T. K. Narayana Pillai: (*a*) Six.

(*b*) Studebaker 1947 model, Chevrolet Fleet Master 1948 model (two), Buick 1947 model, Hudson 1949 model and Dodge Sedan 1948 model.

(*c*) Studebaker Rs. 15,410, Chevrolet Fleet Master Rs. 10,067, Buick Rs. 13,722, Chevrolet Fleet Master Rs. 9,928, Hudson Rs. 13,850, and Dodge Sedan Rs. 15,917—13—0.

(*d*) Studebaker from Messrs Marikar (Motors) Ltd., Trivandrum; Chevrolet Fleet Master and Buick from Messrs. Stanes Motors (South India) Ltd., Trivandrum; Hudson from Messrs. The Kulathunkal Corporation, Trivandrum; and Dodge from the Travancore Automobilies, Trivandrum.

ELECTION TO THE INDIAN PARLIAMENT

***34. [43] Sri. D. Gnanasigamony:** Will the Hon'ble Chief Minister be pleased to state.—

(*a*) whether any communication has been received from the Government of India as regards the election and procedure in the matter of election to the Indian Parliament functioning from 26th January 1950 from this United State;

(*b*) if so, what;

(*c*) whether any member of this House has resigned his membership here with a view to stand for election to the Indian Parliament;

(d) if so, the date of such resignation; and

(*e*) whether such resignation was accepted and if so, when?

The Hon'ble Sri. T. K. Narayana Pillai: (*a*) and (*b*) Certain general instructions have been received from the Constituent Assembly of India regarding the preparation of electoral rolls for the conduct of elections to the House of the People of the Union Parliament. Those instructions have absolutely no reference to the election that has to take place soon after the 26th January 1950.

(c) Government are not aware of any such resignation—Resignations are generally forwarded to the Hon'ble the Speaker.

(d) and (e) Do not arise.

പബ്ളിക്ക് സർവ്വീസ് കമ്മീഷൻ

*൩൭. [൪൪] ശ്രീ. ഇ. പി. പൌലോസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു മാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ:—

(എ) പബ്ളിക്ക് സർവ്വീസ് കമ്മീഷന്റെ നിയമനത്തിനുശേഷം കമ്മീഷന്റെ പ്രവർത്തനങ്ങൾക്കു ആവശ്യമായ ചട്ടങ്ങൾ പുതുതായി നിർമ്മിച്ചിട്ടുണ്ടോ;

(ബി) അപ്രകാരം നിർമ്മിച്ചിട്ടില്ലെങ്കിൽ ഇപ്പോൾ കമ്മീഷൻ നിയമനങ്ങൾ നടത്തുന്നതിനുള്ള ശുപാർശകൾ ഏതു നിയമം അനുസരിച്ചാണ് ചെയ്തുവരുന്നതു്?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: (എ) തിരുവിതാംകൂർ–കൊച്ചി ഐക്യസംസ്ഥാനത്തെ VI/൨ ൪-ാംനമ്പർ പബ്ളിക്ക് സർവ്വീസ് കമ്മീഷൻ ഓർഡിനൻസുപ്രകാരം കമ്മീഷന്റെ നടത്തിപ്പിനു തയാറാക്കിയിട്ടുള്ള ചട്ടങ്ങൾ പരിശോധനയിൽ ഇരിക്കുകയാണ്.

(ബി) നിയമനങ്ങളും, ഓർഡിനൻസും അനുസരിച്ചുള്ള മററു കാര്യങ്ങളും കമ്മീഷൻ നടത്തിവരുന്നുണ്ട്. താൽക്കാലികമായി കൊച്ചിയിലും തിരുവിതാംകൂറിലും ഉണ്ടായിരുന്ന സർവ്വീസ് കമ്മീഷൻ ചട്ടങ്ങൾ അനുസരിച്ചാണ് കമ്മീഷൻ പ്രവർത്തനം നടത്തുന്നതു്.

മൂവാററുപുഴ താലൂക്ക് വർക്ക്സ് കമ്മിററിയുടെ ശുപാർശ

*൩൭. [൪൫] ശ്രീ. ഇ. പി. പൌലോസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു. കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) മൂവാററുപുഴ താലൂക്ക് വർക്ക്സ് കമ്മിററിയിൽനിന്നും ഫ്ര. ഇ-ലേക്ക് ഭക്ഷ്യോല്പാദന പദ്ധതിയനുസരിച്ച് എത്ര കുളങ്ങൾ നന്നാക്കുന്നതിനു ശുപാർശ ചെയ്തിട്ടുണ്ട്;

(ബി) ഫ്ര. ഇ-ലേക്ക് എത്ര മതിൽ കെട്ടുന്നതിനായി ശുപാർശ ചെയ്തിട്ടുണ്ട്;

(സി) ഇതേ സംബന്ധിച്ചു ഗവമ്മെണ്ടിൽനിന്നും എന്തു നടപടി നടത്തി?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: (എ) ഒമ്പതു്.

(ബി) ഒന്ന്.

(സി) അവകളുടെ എസ്ററിമേററുകൾ തയ്യാറാക്കിവരുന്നുണ്ട്.

REPORT FROM FEDERAL COURT JUDGE

***37 [50] Sri. Paul Thaliath:** Will the Hon'ble Minister for Judiciary be pleased to state.—

(a) whether the Government have received a report from the Federal Court Judge, who inspected the working of the Union High Court;

(b) if the answer to (a) is in the affirmative, whether he recommended any reduction in the number of Judges at present in the High Court; and

(c) whether the Government will be pleased to place this report on the table?

The Hon'ble Sri. T. K. Narayana Pillai:

(a) No.

(b) and (c) Do not arise.

FOREST INDUSTRIES TRAVANCORE LTD.,

***38. [51] Sri. Paul Thaliath:** Will the Hon'ble Minister for Finance be pleased to state.—

(a) whether the Government auditor who audited the accounts of the Forest Industries Travancore Ltd., has reported cases of misappropriation of the funds of the company;

(b) if the answer to (a) is in the affirmative, the names of those persons who have misappropriated the funds;

(c) whether the managing agents or Directors are in any way responsible for such misappropriation; and

(d) if so, what action has been taken against them?

The Hon'ble Sri. N. Kunjuraman:

(*a*) Yes.

(b) This is under investigation.

(*c*) and (*d*) This question does not arise in view of answer to (b).

PADDY CULTIVATION

***39. [52] Sri. Paul Thaliath:** Will the Hon'ble Minister for Agriculture be pleased to state.—

(*a*) the total acreage under paddy cultivation in Travancore Division in 1122.

(*b*) the total acreage that was brought under double crop there in 1123 and 1124 respectively by means of lift irrigation schemes,

(*c*) the total acreage given there in 1123 and 1124 respectively from forest lands for paddy cultivation, and

(*d*) the quantity of paddy purchased in 1122, 1123 and 1124 respectively?

The Hon'ble Sri. E. Ikkanda Warrier :

(*a*) 6,38,585 acres.

(*b*) 700 acres in 1123. 4,060 acres in 1124.

(*c*) 15,601 acres in 1123. 9,270 acres in 1124.

(*d*) 95,58,521 paras in 1122. 74,70,361 paras in 1123. 77,72,639 paras in 1124.

TAX INVESTIGATION COMMISSION

***40. [55] Sri. Paul Thaliath:** Will the Hon'ble Minister for Finance be pleased to state.—

(*a*) the date on which the Tax Investigation Commission was constituted;

(*b*) the monthly expenditure in connection with this commission;

(*c*) the date on which the first case was referred to this Commission;

(*d*) the number of cases referred up to 30th October 1949 and

(*e*) the number of cases disposed off up to 30th October 1949?

The Hon'ble Sri. A. J. John:

(*a*) 17th March 1949.

(*b*) Rs. 2,673.

(*c*) 5th August 1949.

(*d*) Three.

(*e*) Enquiry in the three cases is nearing completion.

THOVALA CHANNEL

***41. [57] Sri. P. Thanulingom Nadar:** Will the Hon'ble Minister for Agriculture be pleased to state.—

(*a*) whether Government are aware that the Thovala Channel is not in a condition to irrigate all the paddy lands under it even when the reservoir is full; and

(*b*) if so whether Government have made any investigation on the matter?

The Hon'ble Sri. E. Ikkanda Warrier:

(*a*) Yes.

(*b*) No. The matter is engaging the attention of Government.

കീഴ്ജീവിനക്കാരുടെ പെൻഷൻ

*൪൨. [൩൨] ശ്രീ. ഇട്ടിയര അമ്പുക്കൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹു. ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:—

(എ) ഗവമ്മെണ്ടു ഡിപ്പാർട്ട്മെണ്ടുകളിലെ താഴ്ന്ന ജീവനക്കാരുടെ പെൻഷൻതുക തീരുമാനിക്കുന്നതിന് കാലതാമസം വരുന്നതിനു കാരണം എന്താണ്;

(ബി) ഈ കാലതാമസം വരുത്തുന്നതുമൂലം പെൻഷൻകാർ വളരെ ദുരിതം അനുഭവിക്കേണ്ടിവരുന്നുണ്ടെന്നുള്ള കാര്യം ബഹു. ഗവമ്മെണ്ടിന് അറിയാമോ;

(സി) ഇനിയെങ്കിലും ഈ കാലതാമസം ഇല്ലാതാക്കുവാനുള്ള നടപടികൾ സ്വീകരിക്കാമോ?

ബഹു. ശ്രീ. എ. ജെ. ജോൺ: (എ) ഡിപ്പാർട്ട്മെണ്ടു ബാദ്ധ്യതകൾ തീർപ്പാക്കുന്നതിന്ന് ചില അവസരങ്ങളിൽ താമസം നേരിടാറുണ്ടു്.

(ബി) അറിയാം.

(സി) പെൻഷൻ കഴിയുന്നതും വേഗം അനുവദിപ്പിക്കുന്നതിന്ന് വേണ്ട ഉത്തരവുകൾ എല്ലാ ഡിപ്പാർട്ട്മെണ്ടു മേധാവികൾക്കും അയച്ചിട്ടുണ്ടു്. കാലതാമസത്തിന്ന് ഇടയുണ്ടെങ്കിൽ മൂന്നുമാസത്തിനകം താല്ക്കാലിക പെൻഷൻ (anticipatory pension) കൊടുക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ടു്. ഈ ഉത്തരവുകളുടെ പകർപ്പുകൾ മേശപ്പുറത്തുവെച്ചിരിക്കുന്നു.

GOVERNMENT OF THE UNITED STATE OF TRAVANCORE AND COCHIN

GOVERNMENT SECRETARIAT

FINANCE DEPARTMENT

No. Fin. (d) 5-7420/49.

Trivandrum, 24th October 1949.

CIRCULAR

Pension—Disposal of applications—Delay in

The attention of Heads of Departments is drawn to Circular No. M3-5410/49/C.S., dated 24th August 1949 regarding delay in the disposal of pension applications. In order to find out where the delay is Heads of Departments should furnish before the 10th of every month a monthly statement in the enclosed form to the Accountant-General or the Deputy Accountant-General as the case may be, showing pending items of pension applications in their respective departments as on the last day of the preceding month. The Accountant-General and the Deputy Accountant-General should forward quarterly statements to the Finance Department as ordered previously. The report mentioned in paragraph 4 of the above Circular should be sent to the Administrative Department concerned.

(By order)

(Sd.)

Finance Secretary to Government

To

All the Heads of Departments.
The Registrar, High Court.
" Sections of the Secretariat.
" Director of Information.
" Private Secretary to the Hon'ble Chief Minister.
" Private Secretaries to the Hon'ble Ministers.
" Chief Secretary to Government.
" Secretaries to Government.
" Deputy Secretary to Government.
" Assistant Secretaries to Government.
" Accountant-General.
" Deputy Accountant-General.

Statement of pending pension application as it stood on.....
in the.....Department

Serial No.	Name and Designation of the incumbent	Date of retirement	Remarks of the Departmental Head for not forwarding the application	Ref. No. if forwarded	Accountant-General's Ref. No. if any	Remarks

GOVERNMENT OF THE UNITED STATE OF TRAVANCORE AND COCHIN

No. Fin. (e) 2-4980/49.

GOVERNMENT SECRETARIAT,
Trivandrum, 12th October 1949

CIRCULAR

Delay in the settlement of pensions

Several cases of inordinate delay in the settlement of pensions of retired Government servants have come to the notice of Government. As such delay causes real hardship to the retired officers, Government order that anticipatory pension should be given to them if the amount of pension cannot be settled within a period of 3 months from the date of retirement and that in no case should the period extend beyond 6 months. Special sanction of Government should also be taken for regularising delay, if any, beyond 6 months in the settlement of pension.

(By order)
(Sd.)
Finance Secretary to Government

To
All Heads of Departments and Offices.
The Accountant-General.
„ Secretaries to Government.
„ Private Secretaries to Hon'ble Ministers.

No. Fl. 7469

CIRCULAR

It has been brought to the notice of Government that the pensions of several officers retired on 1st Chingom 1124 and subsequent dates have not yet been settled and that the undue delay in this matter causes great hardship to the persons concerned. All Heads of Departments are therefore required to expedite the preparation of the pension cases still pending with them and to forward the same to the Accountant-General immediately. They should also forward to this Department a statement showing the number of pension or gratuity papers due from them in respect of retirements on or after 1st Chingom 1124, the number already sent to the Accountant-General and the balance pending in their Departments, with reasons for the delay, if any, before 31st Mithunom 1124.

(Sd.)
For Finance Secretary to Government

Huzur Cutcherry,
Trivandrum, 7th July 1949.

To
All Heads of Departments.

മന്ത്രിമാരുടെ യാത്രാപരിപാടി

*൪൩. [൩൩] ശ്രീ. ഇട്ടിയര അമ്മുക്കൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. പ്രധാനമന്ത്രി സദയം മറുപടി നൽകുമോ:—

(എ) മന്ത്രിമാർ ഓരോസ്ഥലം സന്ദർശിക്കുമ്പോൾ, അതാതു സ്ഥലങ്ങളിലെ അസംബ്ലി മെമ്പർമാരെ അറിയിക്കുക പതിവുണ്ടോ;

(ബി) ഓരോ സ്ഥലങ്ങളിലെ പാർട്ടിക്കാരന്മാർക്കും, പോലീസ് ഔട്ടുപോസ്റ്റുകളിലെ ഹെഡ്കാൺസ്റ്റബിൾമാർക്കും പ്രത്യേകം അറിവുകൊടുക്കാറുണ്ടെങ്കിൽ സ്ഥലം മെമ്പർമാരെക്കൂടി അറിയിക്കുന്നതു് നന്നായിരിക്കുകയില്ലേ;

(സി) മന്ത്രിമാരുടെ വരവിനെ സംബന്ധിച്ചു അതാതു സ്ഥലങ്ങളിലെ കാൺഗ്രസ് ആഫീസുകളിൽ അറിവുകൊടുക്കാറുണ്ടോ;

(ഡി) മന്ത്രിമാരുടെ സന്ദർശനങ്ങളെല്ലാം തദ്ദേശമെമ്പർമാരെ മുൻകൂട്ടി അറിയിക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ., ബി., ആൻറ് ഡി.) മന്ത്രിമാർ സന്ദർശിക്കുന്ന എല്ലാ സ്ഥലങ്ങളിലേയും അസംബ്ളിമെമ്പർമാരെ മന്ത്രിമാരുടെ സന്ദർശന പരിപാടി പ്രത്യേകം അറിയിക്കുക പതിവില്ല. മന്ത്രിമാർ ഒരു സ്ഥലം സന്ദർശിക്കുമ്പോൾ

തദ്ദേശമെമ്പറുടേയോ വേറെ മെമ്പർമാരുടേയോ സാന്നിദ്ധ്യം അവിടെ ആവശ്യമാണെന്ന് തോന്നിയാൽ അവരെ മുൻകൂട്ടി വിവരം അറിയിക്കുന്നതാണ്. ഇതിനുപുറമേ എല്ലാ മന്ത്രിമാരുടേയും യാത്രാപരിപാടി പ്രസിദ്ധീകരണത്തിനായി ഇൻഫർമേഷൻ ഡയറക്ടക്ക് നൽകുന്നുമുണ്ട്. പാർവ്വത്യകാരേയും ഹെഡ്കാൻസ്റ്റബിൾമാരേയും പ്രത്യേകം അറിയിക്കുന്നില്ല.

(സി) ഇല്ല.

പുമംഗലം ഉപതിരഞ്ഞെടുപ്പ്

*൪൪. [൩൪] ശ്രീ. ഇട്ടിയര അമ്പുക്കൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. പ്രധാനമന്ത്രി സദയം മറുപടി നൽകുമോ:—

(എ) പുമംഗലം നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്ന മെമ്പറുടെ തിരഞ്ഞെടുപ്പ് അസാധുവാണെന്ന് പ്രഖ്യാപനം ചെയ്തിട്ട് എത്ര കാലമായി;

(*a*) whether the Pay Commission has submitted its report to Government ;

(*b*) if so, what are the recommendations made by the Commission ;

(*c*) whether the Government propose to make changes on the same , and

(*d*) when do they propose to give effect to it ?

The Hon'ble Sri. T. K. Narayana Pillai : (*a*) No.

(*b*), (*c*) and (*d*) Do not arise.

TRANSFER OF MR. S. D. PANDIAN NADAR

*87. [183] **Sri. A. Chidambaranatha Nadar:** Will the Hon'ble Chief Minister be pleased to state.—

(*a*) the date of posting Sri. Pandian Nadar as Magistrate in the Kottar First Class Court and the date of his transfer;

(*b*) the reasons for his sudden transfer;

(*c*) are there any charges against him or whether he was found inefficient by his superior officers; and

(*d*) is it true that his transfer was effected at the request of the Police?

The Hon'ble Sri. T. K. Narayana Pillai: (*a*) Date of posting 24—2—1949.
Date of transfer 14—10—1949.

(*b*) Exigencies of service.

(*c*) and (*d*) No.

COURT FEE STAMPS

*88. [192] **Sri. N. P. Varghese:** Will the Hon'ble Minister for Finance be pleased to state:—

(*a*) whether Government are aware that the Muvattupuzha Sub Treasury had no stock of court fee stamps and stamp papers for sale from Kanni 25th to Thulam 20th 1125;

(*b*) are Government aware that as stamps were not available, the work of the court was suffered considerably, as steps could not be taken for the witnesses, and as plaints could not be filed in time;

(*c*) who was responsible for this omission of despatching stamps to the Treasury in due time;

(*d*) was there sufficient stock of stamps and stamp papers at Trivandrum after the enhancement of court fee rates; and

(*e*) will Government be pleased to make adequate arrangements to keep sufficient stock of stamps and stamp papers in all the Treasuries?

The Hon'ble Sri. A. J. John: (*a*) No. During the period two consignments of stamps and stamp papers were despatched to Muvattupuzha Sub Treasury on 3rd Thulam 1125 and 20th Thulam 1125. But the quantity supplied was not adequate to meet the demand.

(*b*) Yes, some inconvenience was caused by the inadequate supply.

(*c*) The enhancement of the value of stamps necessitated overprinting of stamps and stamp papers already in stock. This resulted in lower output and consequent inadequate supply.

(*d*) Stock was not sufficient to meet the demand from all the Sub Treasuries.

(*e*) Yes.

PEECHI IRRIGATION SCHEME

*89. [193] **Sri. M. I. Paul:** Will the Hon'ble Minister for Land and Agriculture be pleased to state:—

(*a*) how far the works of the Peechi Irrigation Scheme have progressed;

(*b*) what amount has been spent for the works so far;

(*c*) how much amount more has to be spent to complete the works;

(*d*) when the works will be completed?

The Hon'ble Sri. E. Ikkanda Warrier: (*a*) The building of Dam is in its initial stages. Right Bank Canal is escavated for 10 miles. Two major Aqueducts at M6/2 and 7/5 are under good progress. Camps have been built up. Tenders were settled for 13 miles of canal from M10/0 and M23/0. A third major Aqueduct at M23/0 is under commencement. 8 other cross drainage works are under progress.

(*b*) Nearly 22 lakhs is spent on works up to now.

(*c*) Nearly 128 lakhs is yet to be spent. Commitments already made amount to 95 lakhs.

(*d*) The works are proposed to be completed by the middle of 1952.

CHALAKUDY IRRIGATION SCHEME

*90. [194] **Sri. M. I. Paul:** Will the Hon'ble Minister for Land and Agriculture be pleased to state:—

(a) how far the works of the Chalakudy Irrigation Scheme have progressed;

(b) what amount has been estimated to complete this work;

(c) when the works will be completed?

The Hon'ble Sri. E. Ikkanda Warrier: (a) The works of the Chalakudy Irrigation Scheme have just been commenced. Earth work is started in two sections, camp is under construction. Tenders have been called for 23 miles of Right Bank Canal and both Head sluices are on the Right and the other on the left.

(b) The total cost of the scheme inclusive of Left Bank Canal is expected to be 120 lakhs.

(c) The works are expected to be completed before the end of 1951.

CEYLON COPRA AND OIL

*91 [200] **Sri. M. I. Paul:** Will the Hon'ble Minister for Land and Agriculture be pleased to state whether there is any proposal from our Government or from the Central Government for the dumping of Ceylon copra and oil from Ceylon to India?

The Hon'ble Sri. N. Kunjuraman: There is no proposal with this Government. This Government are not so far aware of any proposal with the Central Government.

പാലിയം എസ്റ്റേററിലെ കുടിയാന്മാർ

*൯൨. [൨൦൧] ശ്രീ. കോന്നനാത്തു കുഞ്ഞുരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലാൻഡ് ആൻഡ് അഗ്രിക്കൾച്ചറൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) പാലിയം എസ്റ്റേററിലെ കുടിയാന്മാരുടെ അവശതകൾ പരിഹരിക്കുന്നതിന് കൊച്ചിയിൽ നിയമിതമായ കമ്മിററിയെ സംബന്ധിച്ച് ബഡ്ഡററ് സമ്മേളനം കഴിഞ്ഞ ൧൯—ാം നു ശനിയാഴ്ച വ്യ്യ—ാം നമ്പർ ചോദ്യത്തിന് ബഹു. റവന്യൂ മന്ത്രി പറഞ്ഞ മറുപടിക്കെതിരായി കമ്മിററിയുടെ പ്രവർത്തനം നിർത്തിവെക്കണമെന്നു കല്പന കൊടുക്കുക ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു നിയമസഭയിലുണ്ടായ ഗവർമ്മെണ്ടു വാഗ്ദാനത്തിനെതിരല്ലേ;

(സി) അതിനുണ്ടായ കാരണമെന്തെന്ന് പറയുവാൻ ദയവുണ്ടാകുമോ;

(ഡി) കുടിയാന്മാരുടെ അവശതകൾ പരിഹരിക്കുന്നതിന് ഇനിയെങ്കിലും കമ്മിററിയുടെ റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കുവാൻ കല്പന കൊടുപ്പാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: (എ) ഇല്ല.

(ബി), (സി) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

(ഡി) കല്പന കൊടുത്തിട്ടുണ്ട്.

NUMBER OF MINISTERS

*93. [202] **Sri. Elias (Mary Antony):** Will the Hon'ble Chief Minister be pleased to state:—

(a) whether the Government are aware that there is opposition even in the ranks of the political party in power regarding the number of ministers; and

(b) if so, whether the number will be changed?

The Hon'ble Sri. T. K. Narayana Pillai:

(a) No.

(b) This does not arise in view of the answer to (a).

SUPPLY OF STAMP PAPERS

*94. [211] **Sri. Eapen Arakkal :** Will the Hon'ble Finance Minister be pleased to state:—

(a) do the Government know that the litigant public was and is being put to very many hardships and inconvenience due to the want of stamp sheets for attested copies, court fee stamp papers, etc ; and

(b) will the Government be pleased to supply stamp sheets and court fee stamps and stamp papers, etc., without any delay ?

The Hon'ble Sri. A. J. John :

(a) A few complaints have been received.

(b) Arrangements have been made to supply the Sub-Depots with adequate stamp papers, etc.

LAND COMMITTEE

*95. [215] **Sri. Eappan Arakkal :** Will the Hon'ble Minister for Land and Agriculture be pleased to state:—

(a) whether any time has been fixed for submitting the report of the Land Committee recently appointed by the Government ; and

(b) has the Committee been instructed by the Government to contact the general public and study the various shades of opinion on so important a matter ?

The Hon'ble Sri. E. Ikkanda Warrier :

(a) No. But the Committee has been asked to submit the report as soon as possible.

(b) No.

പുതിയ ജലസേചന പദ്ധതി

*൯൩. [൨൪൦] ശ്രീ. എ. വി. ജോസഫ് : താഴെ പറയുന്ന ചോദ്യത്തിന്നു കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:—

ചാലക്കുടിയാററിൽ അതിരപ്പള്ളി വെള്ളച്ചാട്ടത്തിന്ന് സമീപം തോടുകൾ വെട്ടി ജലസേചനം ചെയ്താൽ ധാരാളം തരിശു ഭൂമികൾ കൃഷിക്കു വിധേയമാക്കുവാൻ സാദ്ധ്യതയുണ്ടെന്നു കാണിച്ചു വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്ന് എന്തു നടപടി നടത്തി?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ ; ഇപ്രകാരമുള്ള ഒരു നിവേദനവും ഗവൺമെണ്ടിന്ന് കിട്ടിയിട്ടില്ല. ചാലക്കുടി പുഴയിൽ ഒരു അണ കെട്ടി വെള്ളം തിരിച്ചുവിട്ടു പുഴയുടെ ഇരുകരകളിലുമുള്ള ധാരാളം തരിശു ഭൂമികൾ കൃഷിക്കു ഉപയുക്തമാക്കുവാൻവേണ്ടി ഒരു പദ്ധതി ഗവൺമെണ്ടിൽനിന്നും നടപ്പിൽ വരുത്തുന്നുണ്ട്. ഇതിന്റെ പണി വളരെ ദ്രുതഗതിയിൽ നടന്നുവരികയാണ്.

UNSTARRED QUESTIONS

തോക്ക് ലൈസൻസ്

൨. [൩] ശ്രീ. എം. വക്കി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ:—

(എ) കുന്നത്തുനാട്ടു താലൂക്ക് വെങ്ങൂർ പകുതിയിൽ ൧൯൨൪-ൽ എത്ര തോക്കിന്ന് പാസ്സ് കൊടുത്തിരുന്നു;

(ബി) ൧൯൨൫-ൽ എത്ര തോക്കിന്ന് പാസ്സ് കൊടുത്തിട്ടുണ്ട്;

(സി) ൧൯൨൫-ൽ— ൧൯൨൪-ൽ അനുവദിച്ചിടത്തോളം പാസ്സുകൾ അനുവദിക്കാത്തതെന്തു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) ൪൯.

(ബി) ൩൯.

(സി) ചില അപേക്ഷകൾ ചില പ്രത്യേക കാരണങ്ങളാൽ നിഷേധിച്ചിട്ടുണ്ട്.

MANURE

2. [11] **Sri. A. K. George :** Will the Hon'ble Minister for Land and Agriculture be pleased to state.—

(*a*) what was the quantity of manure distributed by the Government in Cochin Division in the year 1124 ; and

(*b*) what was its actual cost ?

The Hon'ble Sri. E. Ikkanda Warrier :

(*a*) 1985 tons — 1544 lbs.

(*b*) Rs. 5,63,700 approximately.

രാജ്യത്തിന്റെ പൊതുനന്മക്കുവേണ്ടി നിയമിച്ചിട്ടുള്ള കമ്മിററികൾ

ന. [൧൨] ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ:—

(എ) രാജ്യത്തിന്റെ പൊതു അഭിവൃദ്ധിക്കായി വിവിധകാര്യങ്ങളെക്കുറിച്ച് റിപ്പോർട്ടുകളും പദ്ധതികളും സമർപ്പിക്കുവാനായി കഴിഞ്ഞ ൧൦ കൊല്ലങ്ങൾക്കകം ഗവർമ്മെണ്ട് എത്ര കമ്മിററികൾ ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) കൊച്ചിയിലും തിരുവിതാംകൂറിലും എത്രവീതം;

(സി) അവ ഏതൊക്കെയാണ്;

(ഡി) ഓരോ കമ്മററിയുടേയും പ്രവർത്തനത്തിന് എത്ര ഉറുപ്പിക വീതം ചെലവായി;

(ഇ) ഓരോ കമ്മിററിയും സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടനുസരിച്ച് ഗവർമ്മെണ്ട് എന്തൊക്കെ പ്രവർത്തിച്ചിട്ടുണ്ട്;

(എഫ്) ഇനി പ്രവർത്തിക്കുവാൻ വല്ലതും ബാക്കിയുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) മുതൽ (എഫ്) വരെ.

ഇതിനുള്ള ഉത്തരം നൽകുന്നതിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിലുള്ള ബുദ്ധിമുട്ടിനും സമയച്ചെലവിനും അനുഗുണമായി എന്തെങ്കിലും ഫലം ഉണ്ടാകുമെന്നു തോന്നുന്നില്ല.

നിയമസഭയിലെ ബഹു. മന്ത്രിമാരുടെ പ്രസ്താവനകൾ

ര. [൧൩] ശ്രീ. സി. കേശവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഗവർമ്മെണ്ട് ശ്രദ്ധിക്കുന്നതാണെന്നും, നടപടികൾ നടത്തുന്നതാണെന്നും മററും ചോദ്യങ്ങൾക്ക് ഉത്തരമായി നിയമസഭയിൽ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിമാർ ചെയ്യുന്ന പ്രസ്താവനകൾക്കനുസരിച്ച് മേൽനടപടികൾ വല്ലതും നടത്താറുണ്ടോ;

(ബി) അങ്ങിനെ നടപടി നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ ചോദ്യം ചോദിക്കുന്ന സാമാജികന്മാരെ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനിമേൽ അങ്ങനെ ചെയ്യുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്യുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) ഉണ്ട്.

(ബി) പ്രധാനസംഗതികളെ സംബന്ധിച്ചുള്ള തീരുമാനങ്ങൾക്കെല്ലാം പ്രസ്സ് മുഖേന പ്രചാരണം നൽകുന്നുണ്ട്. ചോദ്യകർത്താക്കൾക്ക് ഇങ്ങനെയുള്ള തീരുമാനങ്ങൾ തങ്ങളെ നേരിട്ടറിയിക്കണമെന്ന് അഭിപ്രായം ഉണ്ടെങ്കിൽ അതിന് വേണ്ട ഏർപ്പാടു ചെയ്യുന്നതാണ്.

പരവൂർ പൊഴിയിൽനിന്നുള്ള മാരുകയററം

ഇ. [൧൪] ശ്രീ. സി. കേശവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രി സദയം മറുപടി പറയുമോ?—

(എ) കൊല്ലം താലൂക്കിലുള്ള ഇത്തിക്കര പുഞ്ച നിലങ്ങൾക്കും ആദിച്ചനല്ലൂർ, ചാത്തന്നൂർ തുടങ്ങിയുള്ള ഇത്തിക്കര ആററിന്റെ തീരപ്രദേശങ്ങളിലുള്ള ഇരിപ്പുനിലങ്ങൾക്കും ഇരവിപുരം പകുതിയിലെ ഇരുപ്പുനിലങ്ങൾക്കും പരവൂർ പൊഴിയിൽ കൂടിയുള്ള മാരുകയ

ററംകൊണ്ടു് പലപ്പോഴും ഭീമമായ കൃഷിനഷ്ടം നേരിടാറുണ്ടെന്നു് ഗവമ്മെണ്ടിനറിയാമോ;

(ബി) ഇത്തിക്കരയാററിലെ ജലപ്രവാഹത്തെ പരവൂർ പൊഴിയിൽ കൂടിയല്ലാതെ കടലിലേക്കു് നിർഗമിപ്പിക്കുന്നതിനും, ഓരുവെള്ളത്തെ തടയുന്നതിനും വല്ല പദ്ധതിയും ഗവമ്മെണ്ടിന്റെ ആലോചനയിൽ വന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ ഇപ്പോൾ ഏതു് നിലയിൽ ഇരിക്കുന്നു;

(സി) പുതിയ ഭക്ഷ്യോല്പാദന പദ്ധതിയിൽ ഒരു ദീർഘകാല പദ്ധതിയായെങ്കിലും ഇക്കാര്യം ഉൾപ്പെടുത്തുവാൻ കഴിവുണ്ടോ എന്നു് ദയവായി അന്വേഷണം നടത്തുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ; (എ) അറിയാം.

(ബി) പരവൂർ പൊഴിക്കരയിൽ ഒരു ചീപ്പു നിർമ്മിക്കുകയൊ അഥവാ ഇത്തിക്കരയാലായിലെ ജലപ്രവാഹത്തെ പരവൂർ പൊഴിയിൽകൂടിയല്ലാതെ കടലിലേക്കു് നിർഗമിപ്പിക്കുന്നതിനും ഓരുവെള്ളക്കയററത്തെ തടയുന്നതിനും ഉപയുക്തമായ വിധത്തിൽ ഒരു ബണ്ടു് കെട്ടുകയൊ ചെയ്യുന്ന കാര്യം ആലോചനയിൽ വന്നിട്ടുണ്ടു്. ഈ പദ്ധതിയെക്കുറിച്ചുള്ള പ്രാരംഭാന്വേഷണങ്ങൾ ആരംഭിച്ചിട്ടുണ്ടു്.

(സി) ഈ പദ്ധതി അന്വേഷണത്തിൽ പ്രായോഗികമെന്നു് ബോദ്ധ്യപ്പെടുന്ന പക്ഷം ഭക്ഷ്യോല്പാദന പദ്ധതിയിൽ ഇതിനേയും ഉൾപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നതാണു്.

നികുതി ഇളവു്

൩. [൧൨] ശ്രീ. എം. കെ. മേനോൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട റവന്യൂവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

൧൯൫൨-ലെ കുട്ടാടൻ ഭൂമികളുടെ നികുതി ഇളവു് ചെയ്തു് കിട്ടണമെന്നു് കൃഷിക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: ഉണ്ടു്:—

പരസ്യങ്ങളെപ്പററിയുള്ള പരാതി

൪. [൨൨] ശ്രീ. ഗാസ്റ്റർ ഡിസിൽവാ: താഴെ കാണുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ —

ഗവമ്മെണ്ടു് വക പരസ്യങ്ങൾ നൽകുന്നതിൽ തിരുവിതാംകൂർ പത്രങ്ങൾക്കു് മുൻഗണന നൽകുന്നുവെന്ന പരാതി ഗവമ്മെണ്ടിനു് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുസംബന്ധിച്ചു് എന്തുനടപടി സ്വീകരിച്ചു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല. അതിനാൽ ചോദ്യത്തിന്റെ രണ്ടാമത്തെ ഭാഗത്തിനു് മറുപടി ഉദിക്കുന്നില്ല.

സംസ്ഥാന രൂപവൽക്കരണം

൫. [൨൩] ശ്രീ. ഗാസ്റ്റർ ഡിസിൽവാ: താഴെ കാണുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ:—

കേരളവും തമിഴ്നാടും ചേർന്നു് ഒരു സംസ്ഥാനം രൂപവൽക്കരിക്കുവാൻ വേണ്ടി ചില തല്പരകക്ഷികൾ ശ്രമിക്കുന്നതായി ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

DEPUTATION OF OANATTU KARSHAKA SANGHAM

9. **[36] Sri. A. P. Udayabhanu :** Will the Hon'ble Minister for Land and Agriculture be pleased to state.—

(*a*) whether a deputation from the "Oanattu Karshaka Sangham" waited on him for remission of tax regarding punja lands in the taluks of Mavelikara and Karthigapally where there was failure of crops ; and

(*b*) whether any remission has been granted ?

The Hon'ble Sri. E. Ikkanda Warrier :
(*a*) Yes.
(*b*) The matter is under the consideration of the Government.

ADJOURNMENT MOTIONS

മി. സ്പീക്കർ : ഈ രാജ്യത്തെ നാളികേരകൃഷിക്ക് വന്നിട്ടുള്ള ദോഷങ്ങളെ പരിഹരിക്കുന്നതിനുവേണ്ടി നാളികേരവും കൊപ്രയും സിലോണിൽനിന്ന് ഇവിടെ ഇറക്കുമതി ചെയ്യുന്നതുകൊണ്ട് ഈ നാട്ടിലെ നാളീകേരകൃഷിക്ക് വന്നുകൂടുന്ന അധഃപതനവും തന്നിമിത്തം ജനങ്ങൾക്കുണ്ടാകുന്ന കഷ്ടപ്പാടുകളെയും സംബന്ധിച്ച് ഇവിടെ വാദപ്രതിവാദം ചെയ്യണമെന്നുള്ളതാണ് ഈ പ്രമേയം.

ഇതു് ഒരു അടിയന്തിരപ്രമേയമായി ഹാജരാക്കത്തക്കതാണെന്നും ഇതിനെ സംബന്ധിച്ച് ഈ സഭയിൽ വാദപ്രതിവാദം ചെയ്യാവുന്നതാണെന്നും കാണുന്നു. അതിന് ഈ സഭയുടെ അനുമതിയുണ്ടോ എന്നറിയണം.

ഇതിന് എതിരഭിപ്രായമില്ല എന്നു് കാണുന്നതുകൊണ്ട് ഈ പ്രമേയം അനുവദിക്കുകയും ഇതു് അടിയന്തിരപ്രമേയമായി വാദപ്രതിവാദം ചെയ്യുന്നതിന് ഇന്ന് നാലുമണിക്ക് സമയം നിശ്ചയിക്കുകയും ചെയ്യുന്നു.

Sri. Mannar Gopalan Nair: Who sent that motion?
Mr. Speaker : Mr. Udayabhanu.

അടുത്തപ്രമേയം ശ്രീ. മുസ്തഫാ ഹാജരാക്കിയിരിക്കുന്നതാണ്.

ഇവിടെ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ അനുവാദം കൂടാതെ വസ്തുക്കൾ കൈമാറ്റം ചെയ്യുവാൻ പാടില്ലെന്നുള്ള സർക്കുലറിനെ സംബന്ധിച്ച് മുസ്ലീങ്ങളുടെ ഇടയിൽ ആക്ഷേപമുള്ളതുകൊണ്ട് ആ ആക്ഷേപങ്ങളെക്കുറിച്ച് വാദപ്രതിവാദം ചെയ്യുന്നതിനായി മി. മുസ്തഫാ ഒരു പ്രമേയം ഇവിടെ ഹാജരാക്കിയിരിക്കുന്നു. അതേവിഷയം അടിസ്ഥാനമാക്കി മി. പി. എസ്സ്. മുഹമ്മദും ഒരു പ്രമേയം ഹാജരാക്കീട്ടുണ്ട്. ഇതിനടിസ്ഥാനമായ വിവരങ്ങളെ സംബന്ധിച്ച് വിശദവിവരങ്ങൾ ഗവമ്മെണ്ട് ഭാഗത്തുനിന്നും അറിയേണ്ടതുണ്ട്.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇതിനെ സംബന്ധിച്ചിടത്തോളം ഇതിനുമുമ്പിലും ഗവമ്മെണ്ടിൽ നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഗവമ്മെണ്ടിന്റെ നില എന്താണെന്നു വിശദീകരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ ആദ്യം ഒരു ആർഡിനൻസ് ഉണ്ടായിരുന്നു. ൧൯൪൯-ൽ ആണ് ഇവാക്വി പ്രാപ്പർട്ടീസ് ആക്ട് ഇവിടെ നടപ്പാക്കിയതു്. ആദ്യത്തെമാതിരിയുള്ള കൈമാറ്റയാധാരങ്ങളനുസരിച്ച് കേന്ദ്രഗവമ്മെണ്ടിൽ നിലവിലുണ്ടായിരുന്ന ആർഡിനൻസുതന്നെ ൧൯൪൯ നവമ്പർ ൧൪-ാംനു-ലെ ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഏതെങ്കിലും വ്യക്തിക്കോ പ്രത്യേക സമുദായത്തിൽപെട്ട അംഗങ്ങൾക്കോ ആധാരം രജിസ്റ്റർ ആക്കുന്ന കാര്യത്തിൽ സബ്രജിസ്ട്രാക്ക് സംശയമുണ്ടെങ്കിൽ മാത്രമേ തടസ്സം ചെയ്യുവാൻ പാടുള്ളൂ. അങ്ങനെ സംശയത്തിന്നവകാശമില്ലാത്തവയെല്ലാം രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് ഗവമ്മെണ്ടിൽനിന്നു ഇതിനകം സർക്കുലർ അയക്കുകയും ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഇതിനുമുമ്പുണ്ടായിരുന്ന തെററിദ്ധാരണയുടെ ഫലമായിട്ടാണ് ഏതാനും ആളുകൾക്ക് ചില വിഷമതകളെല്ലാം നേരിട്ടിട്ടുള്ളതു് ഇപ്പോൾ ആ ആർഡിനൻസിനെ അടിസ്ഥാനമാക്കി ഗവമ്മെണ്ടിൽനിന്ന് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർകൊണ്ട് മേലാൽ ഏതൊരു സമുദായത്തിൽപെട്ട ഏതൊരു വ്യക്തിക്കും വിഷമമുണ്ടാകുകയില്ല. ഐക്യസംസ്ഥാന യൂണിയനെ സംബന്ധിച്ചിടത്തോളം വളരെ മൗലികമായ നിലയിൽ മാത്രമേ ഇതു് ബാധിക്കുകയുള്ളൂ, എന്ന് ഗവമ്മെണ്ടിനറിയാം.

"Referring to Government letter No. P3-11670/49/C.S., dated 8th November 1949 addressed to the First Member, Boar ' of Revenue, with copy to you, I am to inform you that with the promulgation of the above Ordinance by the Government of India, the administration of Evacuee Property (United State of Travancore and Cochin) Ordinance 1125, IV of 1125 has been repealed and as such, the notification, dated the 18th October 1949 issued under Section 26 of the latter Ordinance regarding the ban on transfer of properties in certain municipal limits has become inoperative. Necessary instructions may therefore be issued to the Sub Registrars for guidance. They may, however, be asked to intimate to this office and the District Magistrates concerned, any case, of transfer of properties by or on behalf of Evacuees or intending evacuees".

[The Hon'ble Sri. T. K. Narayana Pillai]

മദ്രാസ് ഗവമ്മെണ്ടിൽനിന്നു സമീപകാലത്ത് പുറപ്പെടുവിച്ചിട്ടുള്ള ഒരു പ്രസ്സനോട്ട ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ വായിച്ചിരിക്കുമെന്നു വിശ്വസിക്കുന്നു. ആ പ്രസ്സനോട്ടിനെ അടിസ്ഥാനപ്പെടുത്തിയാണ് ഇപ്പോഴും ഈ ഗവമ്മെണ്ട് പ്രവർത്തിച്ചുവരുന്നത്. സെക്ഷൻ 5 അനുസരിച്ചുള്ള ആധാരങ്ങൾക്ക് മാത്രമേ തടസ്സം വരുത്തുവാൻ സബ്രജിസ്ട്രാക്ക് അധികാരമുള്ളു. ഇനിമേലും ഈ മാതിരിയുള്ള നിർദ്ദേശങ്ങൾ തരുകയാണെങ്കിൽ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാൻ സർക്കുലർ അയക്കാം. അതുകൊണ്ട് ബഹു. മെമ്പർ ഈ അടിയന്തിരപ്രമേയം പിൻവലിക്കുമെന്ന് വിശ്വസിക്കുന്നു.

ശ്രീ. പി. നാണു: ആധാരങ്ങളുടെ കാര്യത്തിൽ സംശയങ്ങളുണ്ടെങ്കിലല്ലാതെ സ്വന്തം നിലയിൽ തടയുവാൻ അവകാശമുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: സ്വന്തം നിലയിൽ തടയുവാൻ അവകാശമില്ല.

ശ്രീ. പി. നാണു: ഇവാക്യു പ്രാപ്പർട്ടിയെ സംബന്ധിച്ചിടത്തോളം ഇസ്വത്താണെങ്കിൽ ഇങ്ങനെയുള്ള നിയമം മതിയോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ജനങ്ങൾക്ക് രക്ഷ നൽകാവുന്ന സംഗതികളിൽ ഇതും ഒന്നാണെന്നാണ് ഗവമ്മെണ്ട് കരുതുന്നത്.

ശ്രീ. പി. നാണു: ഇവാക്യു പ്രാപ്പർട്ടിയാണെന്നു സബ്രജിസ്ട്രാക്ക് സംശയം തോന്നിയാലും ആധാരം രജിസ്റ്റർ ചെയ്യുവാൻ വിരോധമുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതാണ് ഇതിൽ പറയുന്നത്.

ശ്രീ. പി. നാണു: ഇവാക്യു പ്രാപ്പർട്ടീസിന്റെ ഒരു ലിസ്റ്റ് തയ്യാറാക്കി സബ്രജിസ്ട്രാക്ക് അയച്ചു കൊടുക്കുന്നതിനു വിരോധമുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ വേണമെന്നാണ് ഗവമ്മെണ്ട് വിചാരിക്കുന്നത്.

Sri. A. Nesamony: Does the words, "intending evacuees" include the whole of the Muslim community in the United State?

The Hon'ble Sri. T. K. Narayana Pillai: It never means like that.

സാഹിബ് ബഹദൂർ വി. എ. അബ്ദുൽ അസീസ്: ഐക്യസംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇതു മുസ്ലിംകളെ ബാധിക്കുന്നതാണെന്നു ഗവമ്മെണ്ട് വിചാരിക്കുന്നുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ വിചാരിച്ചിട്ടില്ല.

സാഹിബ് ബഹദൂർ വി. എ. അബ്ദുൽ അസീസ്: ഇങ്ങിനെയുള്ള സർക്കുലർ പൊതുവിൽ എല്ലാവർക്കും ബാധകമാണോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെയില്ല.

സാഹിബ് ബഹദൂർ വി. എ. അബ്ദുൽ അസീസ്: ആ സ്ഥിതിക്ക് ഇതു മുസ്ലിംകളെ കഷ്ടപ്പെടുത്തുന്ന ഒരു സർക്കുലർ ആണെന്നു ഗവമ്മെണ്ട് സമ്മതിക്കുന്നുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെയാണെന്ന വിശ്വാസം ഗവമ്മെണ്ടിനില്ല.

സാഹിബ് ബഹദൂർ വി. എ. അബ്ദുൽ അസീസ്: ഗവമ്മെണ്ടിന്റെ യഥാർത്ഥമായ ഉദ്ദേശം നടപ്പിൽ വരുത്തുവാൻ വേണ്ട നടപടിയെടുക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതിലേക്കാവശ്യമായ നടപടികൾ എടുക്കുവാൻ വേണ്ടതു് ഗവമ്മെണ്ടു ചെയ്യുന്നതാണ്.

മി. സ്പീക്കർ: അടുത്തതു് ശ്രീ. സി. വി. ഇയ്യുവിന്റെ പ്രമേയമാണ്. പ്രധാനമന്ത്രി അടുത്ത കാലത്ത് സ്ഥലം സന്ദർശിക്കുകയും അവിടെ വച്ച് ഇൻഡ്യാക്കാരുടെ ചില കമ്പനികൾ സിലോണിൽ നടത്തുന്ന കൃത്യത്തിൽ സിലോൺ ഗവമ്മെണ്ടുമായി വേണ്ട ആലോചനകൾ നടത്തണമെന്നു പണ്ഡിറ്റ് ജവഹരിലാൽ നെഹ്റുവുമായി സംസാരിക്കയും ചെയ്തിട്ടുണ്ട്. അതിനെപ്പററിയുള്ള ആലോചനകൾ തുടരുന്നതിനുള്ള വാദപ്രതിവാദങ്ങൾ നടത്തണമെന്നുള്ളതാണ് പ്രമേയം.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇവിടെനിന്നു സഭയുടെ അനുമതിയോടുകൂടി ഒരു ഡെപ്യൂട്ടേഷൻ സിലോണിലേക്കു അയക്കുന്നതിനു് പണ്ഡിററ് ജവഹരിലാൽ നെഹറവുമായി ആലോചിച്ചു നടപടികൾ എടുക്കുന്നതിനു ഗവൺമെണ്ടു് തീരുമാനിച്ചിട്ടുണ്ടു്.

മി. സ്പീക്കർ: അടുത്ത അടിയന്തിരപ്രമേയവും ശ്രീ. സി. വി. ഇയ്യുവിൻേറതാകുന്നു. അതായതു് ഈയിടെ ഇൻഡ്യൻ പ്രധാനമന്ത്രി ശ്രീ. പണ്ഡിററ് ജവഹർലാൽ നെഹറു സിലോൺ സന്ദർശിക്കുന്ന അവസരത്തിൽ അവിടെവച്ചു സിലോണിലുള്ള ഇൻഡ്യാക്കാരുടെ കഷ്ടതകളെക്കുറിച്ചു സിലോൺ ഗവൺമെണ്ടുമായി വേണ്ട ആലോചനകൾ നടത്തേണ്ടതാണെന്നും ഇതേപ്പററി മദ്രാസു് ഗവൺമെണ്ടിനോടാലോചിക്കണമെന്നും മദ്രാസു് ഗവൺമെണ്ടു് ചില പ്രതിനിധികളെക്കൂടി എടുക്കുന്നതാണെന്നും, അതുപോലെ ഇവിടെനിന്നും ഏതാനും പ്രതിനിധികളെക്കൂടി ഡൽഹിയിൽവച്ചുനടക്കുന്ന ആലോചനയിൽ പങ്കുകൊള്ളത്തക്കവണ്ണം വേണ്ട നടപടികൾ ഈ ഗവൺമെണ്ടും സ്വീകരിക്കുന്നതിലേക്കു വാദപ്രതിവാദം നടത്തുന്നതിനായി ഈ സഭയുടെ മററു നടപടികൾ മാററിവക്കണമെന്നാണു്.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങയുടെ അനുവാദത്തോടുകൂടി ഇതേസംബന്ധിച്ചു് ഒരു വിശദീകരണം നൽകുന്നു. ഇതേസംബന്ധിച്ചു ഗവൺമെണ്ടു വേണ്ട നടപടികൾ എടുത്തുവരികയാണു്. ഒരു ഡെപ്യൂട്ടേഷൻതന്നെ സിലോൺ ഗവൺമെണ്ടിലേക്കയക്കുന്നതിനും ഇൻഡ്യാ പ്രധാനമന്ത്രി ശ്രീ. പണ്ഡിററ് നെഹറവുമായി അതേപ്പററി സംഭാഷണത്തിൽ ഏർപ്പെടുന്നതിനും ഗവൺമെണ്ടു തീരുമാനിച്ചിട്ടുണ്ടു്.

Sri. C. V. Iyyu: I am not particular of pressing it.

Sahib Bahadur V. A. Abdul Aziz: Did that deputation include Mr. Iyyu?

Mr. C. V. Iyyu: I have not the requisite health to stand it.

മി. സ്പീക്കർ: അടുത്തതു് ശ്രീ. എം. ഐ. പാറം ഹാജരാക്കീട്ടുള്ളതാണു്. അതു് ആദ്യം ഇവിടെ അവതരിപ്പിച്ചു അടിയന്തിരപ്രമേയത്തിലെ വിഷയംതന്നെ അടിസ്ഥാനമാക്കീട്ടുള്ളതാണു്. കൊപ്രായും എണ്ണയും സിലോണിൽനിന്നു ഇറക്കുമതി ചെയ്യുന്നതുകൊണ്ടുള്ള വിഷമതകളെപ്പററിയാണു്. മററെ അടിയന്തിരപ്രമേയങ്ങൾകൂടിചേർത്തു ഇതും ഇന്നു നാലുമണിക്കു് വാദപ്രതിവാദത്തിനു എടുക്കുന്നതാണു്. അടുത്ത പ്രമേയവും ശ്രീ. പാറം ഹാജരാക്കീട്ടുള്ളതാണു്. ഇതേപ്പററി ഒരു റൂളിംഗ് തരുന്നതാണു്.

അടുത്ത അടിയന്തിരപ്രമേയം ശ്രീ. പി. എസ്. മഹമ്മദിൻേറതാണു്. അതായതു് ഈ അടുത്തകാലത്തു ആലപ്പുഴ കമ്മ്യൂണിസ്ററുകൾ ഒരു പോലീസു് സ്റ്റേഷൻ ആക്രമിക്കുകയും ചില അനിഷ്ട സംഭവങ്ങൾക്കു് കാരണമായിത്തീരുകയും ചെയ്തിരിക്കുന്നു. അതേത്തുടർന്നു പ്രധാനവും അടിയന്തിരവും ഗൗരവാവഹമായ സംഗതികളെക്കുറിച്ചു് വാദപ്രതിവാദം ചെയ്യുന്നതിനായി സഭാനടപടികൾ മാററിവക്കണമെന്നാണു്.

ഇതു് ഒന്നാമതു അന്വേഷണത്തിൽ ഇരിക്കുന്ന ഒരു കാര്യമാണു്. ഇതേസംബന്ധിച്ചു് പോലീസു് കേസ്സെടുത്തിട്ടുള്ളതുമാണു്. അതുകൊണ്ടു് ഇതിനു നിയമപരമായ തടസ്സമുണ്ടു്. കൂടാതെയും അതുകഴിഞ്ഞതിനുശേഷം ഈ അടുത്തകാലത്തു അടിയന്തിരമായ ഏതെങ്കിലും സംഭവവികാസങ്ങൾ ഉണ്ടായിട്ടുള്ളതായി ഈ റസല്യൂഷനിൽ പറഞ്ഞുകാണുന്നുമില്ല. അതുകൊണ്ടു് ഈ അടിയന്തിരപ്രമേയം അവതരിപ്പിക്കത്തക്കതല്ല.

അടുത്ത അടിയന്തിരപ്രമേയവും മി. പി. എസ്സു്. മഹമ്മദിൻേറതാണു്. അതായതു് കരിഞ്ചന്തക്കാരെ കണ്ടുപിടിക്കുന്നതിൽ ഉള്ള കാര്യക്ഷമതക്കുറവുനിമിത്തം രാജ്യത്തുളവായിട്ടുള്ള സംഭവവികാസങ്ങളെപ്പററിയാണു്. കാര്യക്ഷമതക്കുറവു എന്നു മാത്രം പറഞ്ഞാൽ അതു അടുത്തകാലത്തുണ്ടായ ഒരു സംഭവമെന്നു ഗണിക്കാവുന്നതല്ല. എന്നാൽ പ്രമേയത്തിനു അടിസ്ഥാനമാക്കിയിരിക്കുന്ന വിവരങ്ങളെ സംബന്ധിച്ചു് ബഹു. മന്ത്രിക്കു് വിശദീകരണം നല്കാവുന്നതാണു്.

The Hon'ble Minister in charge of Food is not here. The Hon'ble Chief Minister if he desires to do so, can supply facts that may be relevant to the issue raised in the motion.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: സർ, എനിക്കു് ഇതേപ്പററി അധികമൊന്നും പറയാനില്ല. കരിഞ്ചന്തക്കാർ ഈ രാജ്യത്തു ധാരാളമുണ്ടു് എന്നുള്ള സംഗതി ഗവൺമെണ്ടിനെ അറിയിച്ചിട്ടില്ല. കരിഞ്ചന്തക്കാരെ നേരിടുന്നതിനായി ഗവൺമെണ്ടു് കർശനമായ

[The Hon'ble Sri. T. K. Narayana Pillai:]

നടപടികൾ നടത്തിവരുകയാണ്. എന്നാൽ പൊതുജനങ്ങൾക്കും ഈ കരിഞ്ചന്ത വ്യാപാരം ഇല്ലായ്മ ചെയ്യുന്നതിനു ഒരു ചുമതലയുണ്ടെന്നുള്ള കാര്യം അവരും മനസ്സിലാക്കണമെന്നാണു എനിക്കു പറയുവാനുള്ളതു്. ഗവൺമെണ്ടു് ഈ കരിഞ്ചന്ത വ്യാപാരം നിറുത്തുന്നതിനായി വളരെ കാര്യക്ഷമമായി പരിശ്രമിക്കുന്നുണ്ടു്. കരിഞ്ചന്തക്കാരെ കണ്ടുപിടിക്കുന്നതിനു ബഹു. അംഗങ്ങളോ ഉത്തരവാദിത്വമുള്ള ജനതാമദ്ധ്യത്തിലുള്ള ആളുകളോ ഗവൺമെണ്ടിനെ വേണ്ട വിവരങ്ങൾ അറിയിക്കുകയാണെങ്കിൽ ഉടനെതന്നെ നടപടി നടത്തുന്നതിലേക്കു് പോലീസുകാർക്കു് നിർദ്ദേശവും നൽകീട്ടുണ്ടു്. കരിഞ്ചന്തക്കാരെ പിടിക്കുന്നതിനു സാധിച്ചിട്ടില്ലെന്നും അവരെ പിടിച്ചിട്ടു വിട്ടുകളയുന്നു എന്നു പറയുന്നതും അത്ര ശരിയാണെന്നു പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: പഞ്ചസാര വിതരണത്തിൽ ഏതെങ്കിലും കരിഞ്ചന്തക്കാരെ പിടിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: പഞ്ചസാരയെ സംബന്ധിച്ചു് കരിഞ്ചന്തക്കാരെ കണ്ടുപിടിച്ചിട്ടില്ല.

ശ്രീ. കെ. എ. മാത്യു: പഞ്ചസാര കരിഞ്ചന്ത വ്യാപാരത്തിൽ ശിക്ഷിക്കപ്പെട്ട ആൾക്കെങ്കിലും വീണ്ടും വ്യാപാരത്തിനു അനുവാദം കൊടുത്തിട്ടുള്ളതായി ഗവൺമെണ്ടിന്റെ അന്വേഷണത്തിൽ പെട്ടിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല. ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ അങ്ങിനെ ഏതെങ്കിലും പെടുകയാണെങ്കിൽ തീർച്ചയായും നടപടി എടുക്കുന്നതാണ്.

ശ്രീ. പി. നാണു: കരിഞ്ചന്തക്കാരായ ഉദ്യോഗസ്ഥന്മാരെ ആരെയെങ്കിലും ഗവൺമെണ്ടു കണ്ടുപിടിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: കരിഞ്ചന്തക്കാരായ ഉദ്യോഗസ്ഥന്മാർ മാത്രമല്ല അനുദ്യോഗസ്ഥന്മാരുമുണ്ടു്. ഉദ്യോഗസ്ഥന്മാരെ ഇതുവരെ കണ്ടുപിടിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. പി. നാണു: അവരെ അല്ലേ ആദ്യം കണ്ടുപിടിക്കേണ്ടതു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതു രണ്ടും കണ്ടുപിടിക്കേണ്ടതു് ഗവൺമെണ്ടിന്റെ ചുമതലയാണ്. അതിലേക്കായി റാഷനിംഗ്ു് ആഫീസറന്മാരെയും മററും നിയമിച്ചിട്ടുമുണ്ടു്.

ശ്രീ. പാറം തളിയത്തു്: റാഷനിംഗ്ു് ആഫീസറന്മാർ കണ്ടുപിടിച്ചു കേസ്സാക്കി ശിക്ഷിച്ചിട്ടുള്ളവർക്കു് മിനിസ്റ്ററന്മാർ അവരുടെ ശിക്ഷ ക്യാൻസൽ ചെയ്തുകൊടുത്തിട്ടുള്ളതായി അറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ ചെയ്തിട്ടുള്ളതായി അറിവില്ല.

ശ്രീ. ഇ. കെ. മാധവൻ: പഞ്ചസാര ഏഴണ നാലുപൈസാ ആയി വില്ക്കണമെന്നും, പഞ്ചസാര സ്റ്റാക്കു മുഴുവൻ ഫ്രീസുചെയ്യണമെന്നും മററും ഗവൺമെണ്ടു പ്രസ്താവിച്ചതിനു ശേഷം അപ്രകാരം ചെയ്തിരുന്നില്ല എന്നറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതേപ്പററി വ്യക്തമായി പറയാൻ നിവൃത്തിയില്ല. വ്യാപാരികൾ അത്രയ്ക്കു് സംസ്കാരവും വിദ്യാഭ്യാസവും ഇല്ലാത്തവരാണെന്നു ഗവൺമെണ്ടു വിചാരിച്ചില്ല.

ശ്രീ. ഏ. കെ. പാച്ചുപിള്ള: ഇതുസംബന്ധിച്ചു് പുറപ്പെടുവിച്ചിട്ടുള്ള ആർഡിനൻസു കരിഞ്ചന്തക്കാർക്കു സഹായകരമാണെന്നു ഗവൺമെണ്ടിനറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: കരിഞ്ചന്തക്കാരെ ഇല്ലായ്മചെയ്യുന്നതിനുള്ള എല്ലാ മാർഗ്ഗങ്ങളും ആ നിയമത്തിൽ ഇല്ലെന്നുള്ള സംഗതി ഗവൺമെണ്ടിനറിയാം. അതിനു വേണ്ട ഭേദഗതികൾ ചെയ്യുന്നതിനു ഗവൺമെണ്ടു ശ്രമിക്കുന്നതാണ്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഇതു് അടിയന്തിരപ്രമേയത്തെപ്പററിയുള്ള ഒരു വിശദീകരണമാണ്. അതിനു അനുവദിച്ച സന്ദർഭം ചോദ്യോത്തരവേളയായി രൂപാന്തരപ്പെടുത്തുവാൻ പാടില്ല. ഇതു് അടിയന്തിരപ്രമേയമായിട്ടു അനുവദിക്കത്തക്കതല്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഈ പ്രമേയം നിയമപരമായി അനുവദിക്കാൻ പാടില്ലാത്തതാണെന്നു അദ്ധ്യക്ഷൻതന്നെ പറഞ്ഞുകഴിഞ്ഞു. അതിനുശേഷം ഇതു പിൻവലിക്കണോ പ്രസ്തു ചെയ്യണോ എന്നു ചോദിക്കുന്നതു് നിയമപരമല്ലെന്നും അതിനു ഔദ്യോഗിക വിശദീകരണം ആവശ്യപ്പെടുന്നതു് ന്യായമല്ലെന്നുമാണു് എനിക്കു പറയുവാനുള്ളതു്.

Mr. Speaker : The hon'ble member's mistake lies in not having noted that verification of facts involved in the motion was called for from the Minister not after but before the motion was disposed of.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഇതു് ഒരു റീസൻറ് അക്കറൻസാണോ അല്ലയോ എന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: ഇതു് റീസൻറ് അക്കറൻസിൻെറ വ്യാപ്തിയിൽ വരുത്താവുന്നതല്ലെന്നും കൂടാതെ മിനിസ്റ്ററുടെ വിശദീകരണത്തിനുശേഷം ഇതു അടിയന്തരപ്രമേയമായി സ്വീകരിക്കത്തക്കതല്ലെന്നും പ്രസ്താവിച്ചുകഴിഞ്ഞു.

Sri. K. P. Nilakanta Pillai: If the Speaker has ruled out the motion, is the approval of this House relevent for the purpose?

Mr. Speaker: Before the matter was referred to the Minister and further elucidation followed on the Minister's statement the motion was not ruled out.

Sri. K. P. Nilakanta Pillai : I understood from the trend of the discussion that the motion has been ruled out irrespective of its importance or otherwise.

Mr. Speaker: No. It was ruled out later.

അടുത്ത അടിയന്തരപ്രമേയം ശ്രീ. മൈതീൻകുഞ്ഞിൻേറതാണു്. അതായതു് മി. എം. എൻ. ഗോവിന്ദൻ നായരെ കാണാതിരിക്കുന്നതുമൂലം ഉളവായിരിക്കുന്ന അടിയന്തിരവും ഗുരുതരവുമായ സ്ഥിതിഗതികളെപ്പററി പ്രതിപാദിക്കുന്നതിനുള്ള അടിയന്തിരപ്രമേയമാണു്. ഇതിൽ പറഞ്ഞിരിക്കുന്ന വസ്തുതകളെ സംബന്ധിച്ചു് ചില വാർത്തകൾ വർത്തമാനപത്രങ്ങളിൽ കണ്ടതായി തോന്നുന്നുണ്ടു്. ഇതു് വാദപ്രതിവാദത്തിനു അനുവദിക്കത്തക്കതാണോ അല്ലയോ എന്നറിയുന്നതിനു ഇതേപ്പററി ഒരു വിശദീകരണം നൽകുന്നതിനു് ബഹു. മന്ത്രിയെ ക്ഷണിച്ചുകൊള്ളുന്നു.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ശ്രീമാൻ എം. എൻ. ഗോവിന്ദൻ നായർ ആദ്യമേതന്നെ ഒരു ഡെററിനു് ആയിരുന്നു. അദ്ദേഹത്തെ അന്നു താമസിപ്പിച്ചിരുന്നതു് സെൻട്രൽ ജയിലിലാണു്. അദ്ദേഹത്തിനു ശരിയായ ആരോഗ്യമില്ലാതിരുന്നതുകൊണ്ടു് നാഗർകോവിൽ ട്യൂബർക്കുളോസിസ് ആശുപത്രിയിൽ താമസിപ്പിച്ചിരിക്കയായിരുന്നു. അദ്ദേഹത്തിനു തിരുവനന്തപുരത്തുവച്ചു് ൧൧൭ റാത്തൽ തൂക്കമുണ്ടായിരുന്നു. എന്നാൽ ടി. ബി. ആശുപത്രിയിൽ ചികിത്സയിൽ ഇരിക്കുകയും അനവധി വിലപിടിച്ച മരുന്നുകൾ കുത്തിവെക്കുകയും ചെയ്തതിൻെറ ഫലമായും ശരിയായ ആഹാരം കഴിച്ചിരുന്നതുകൊണ്ടും അദ്ദേഹത്തിൻെറ തൂക്കം ൧൩൭ റാത്തൽവരെ വർദ്ധിച്ചു. അങ്ങിനെ ആ ആശുപത്രിയിൽ താമസിച്ചിരിക്കവെ സമീപകാലത്തു അതായതു മിനിഞ്ഞാന്നാണു് അപ്രത്യക്ഷനായതു്. അദ്ദേഹത്തെ ആശുപത്രിയിൽ പ്രത്യേകം സൂക്ഷിക്കുന്നതിനായി ആൾ വച്ചിരുന്നു. എന്നാൽ നേരം വെളുത്തു ആളെ നോക്കിയതിൽ കണ്ടില്ല. അതേസംബന്ധിച്ചു വേണ്ട നടപടികൾ ഗവൺമെണ്ടു കൈക്കൊണ്ടിട്ടുണ്ടു്. അദ്ദേഹത്തെ സൂക്ഷിക്കാൻ ഏതാനും പോലീസുകാരേയും നിയോഗിച്ചിരുന്നു. ആ പോലീസുകാരേയും ഇപ്പോൾ സസ്പെൻഷനിൽ നിർത്തിയിരിക്കയാണു്.

ശ്രീ. കെ. വി. നീലകണ്ഠപ്പിള്ള: അദ്ദേഹം ജീവിച്ചിരിപ്പുണ്ടോ?

ബഹു: ശ്രീ. ടി. കെ. നാരായണപിള്ള: അപ്രത്യക്ഷനായ ഒരാളിനെപ്പററി എത്രമാത്രം അറിയാൻ കഴിയുമോ അത്രമാത്രമേ ഈ ഗവൺമെണ്ടിനും അറിയാൻ സാധിച്ചിട്ടുള്ളു.

ശ്രീ. സി. സി. പ്രസാദ്: തടവുകാർക്കു് യാതൊരു ആഹാരവും കൊടുക്കേണ്ട ആവശ്യമില്ല, സുഖക്കേടുള്ളവരെ ചികിത്സിക്കയുംവേണ്ട എന്നാണോ അഭിപ്രായം?

Mr: Speaker: The question being absolutely irrelevent is disallowed.

Sri. C. V. Iyyu: May I know whether there are not cells with bars for affording facilities for the treatment of prisoners in hospitals?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ടി. ബി. ആശുപത്രിയിൽ അങ്ങിനെയുള്ള സെല്ലുകളില്ല.

Sri. C. V. Iyyu: Will the Government be pleased to provide such cells in hospitals?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: കൂടുതൽ ആളുകൾ ചാടിപ്പോവുകയാണെങ്കിൽ അതേപ്പററി ആലോചിക്കാം.

Mr: Speaker: This adjournment motion is ruled out.

ശ്രീ. പൊന്നറ ജി. ശ്രീധർ: റൂൾഔട്ട് ചെയ്തതു് എന്തു കാരണത്താലാണെന്നു അറിഞ്ഞാൽ കൊള്ളാം.

Mr. Speaker: A detailed statement of the reasons and discussion thereon are not called for. In view of the facts mentioned, no purpose will be served by discussing this motion.

ശ്രീ. മാന്നാർ ഗോപാലൻ നായർ: ശ്രീ. എം. എൻ. ഗോവിന്ദൻ നായർ തടവുചാടിപ്പോയി എന്ന കാര്യം സ്വീകരിക്കപ്പോൾ ബോദ്ധ്യമായിട്ടുണ്ടോ?

Mr. Speaker: I think it is better not to take note of the hon'ble member's question which is irregular and objectionable.

The next motion is one for discussing the grave situation that has arisen in the country by the promulgation of a Proclamation by the Rajpramukh, and published in the Gazette Extraordinary dated 24th November 1949 in exercise of his authority and contrary to the facts."

This motion is certainly not in order being outside the scope of the powers of the Legislature.

The next motion is stated to be "for discussing the situation that has arisen consequent on the 'inefficient and horrible methods resorted to by the Executive recently in suppressing a demonstration by a section of the Prisoners in the Trivandrum Central Jail".

Sri. K. P. Nilakanta Pillai : Who has sent that motion, Sir?

Mr. Speaker : Sri. A. K. Patchu Pillai.

In the first place beyond a vague assertion of "inefficient and horrible methods resorted to by the Executive", there is no reference to facts in support of the assertion. A statement of facts enjoined by the Standing Orders has not been handed over to the Secretary which if done would have enable the Chair in the appreciation of facts relevant to the motion. Even otherwise this motion is out of order and cannot be allowed.

Sri. A. K. Patchu Pillai : A point of Order, Sir.

Is it the Speaker's opinion that a statement is compulsory under the Rules?

Mr. Speaker : That is what Standing Order 18 clearly enjoins.

The next motion is from Sri. C. V. Iyyu, who wishes to bring to the notice of this House the hardships caused to hundreds of unemployed tappers owing to the non-issue of licenses for tapping sweet toddy in the Thalapally Taluk, in spite of Government orders".

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: സർ, ഇതു സംബന്ധിച്ച് ഒരു വിശദീകരണം നൽകാൻ ഞാൻ ആഗ്രഹിക്കുന്നു. മദ്യനിരോധനമേഖലയിൽ ചെത്തുതൊഴിലിൽനിന്നും വിരമിക്കേണ്ടിവന്ന തൊഴിലാളികൾക്ക് മധുരക്കള്ള് ചെത്തുന്നതിന് ലൈസൻസ് നൽകണമെന്ന് ഗവൺമെണ്ടു തീരുമാനിച്ചു. പ്രസ്തുത തൊഴിലാളികൾ സഹകരണസംഘത്തിന്റെ അടിസ്ഥാനത്തിൽ സംഘടിച്ച് അപേക്ഷിച്ചാൽ മാത്രം ലൈസൻസ് കൊടുത്താൽമതി എന്ന് ആദ്യം നിർദ്ദേശിച്ചിരുന്നുവെങ്കിലും അതുമൂലമുണ്ടാകുന്നിടയുള്ള കാലതാമസത്തെ പരിഗണിച്ച് വ്യക്തികൾ അപേക്ഷിച്ചാലും ലൈസൻസ് കൊടുക്കാമെന്ന് ഉത്തരവു പാസ്സാക്കിയിട്ടുണ്ട്. ആ ഉത്തരവു പാസ്സാക്കിയിട്ടു ഇപ്പോൾ രണ്ടാഴ്ചക്കു മേലായിട്ടുണ്ട്. അതനുസരിച്ചു പലക്കും ലൈസൻസു കിട്ടിയിട്ടുമുണ്ട് എന്നാണ് എന്റെ അറിവ്. അതുകൊണ്ട് പ്രമേയത്തിൽ പറയുന്നതുപോലെ അതുമൂലം ഒരടിയന്തിരാവസ്ഥ ഉണ്ടായിട്ടില്ല എന്നാണ് എനിക്കു സഭയെ അറിയിക്കുവാനുള്ളതു്. ഏതായാലും അതുസംബന്ധിച്ച് കൂടുതൽ ഊർജ്ജിതമായ നടപടികൾ ആവശ്യമാണെന്നാണ് പ്രമേയംകൊണ്ടു് ഉദ്ദേശിക്കുന്നതെങ്കിൽ തീർച്ചയായും അക്കാര്യം ശ്രദ്ധിക്കുന്നതാണെന്ന് ഉറപ്പുനൽകിക്കൊള്ളുന്നു.

ശ്രീ. സി. വി. ഇയ്യു: ബഹു. മന്ത്രി പറഞ്ഞ കല്പനയുടെ പകർപ്പ് എനിക്കും കിട്ടിയിട്ടുണ്ട്. എന്നാൽ അവിടത്തെ എക്സൈസ് ഉദ്യോഗസ്ഥന്മാർക്ക് അതു ഇതുവരെ കിട്ടിയിട്ടില്ലെന്നാണ് എന്റെ നേരിട്ടുള്ള അറിവ്. തൊഴിലാളികൾക്ക് സൊസൈററിയിൽ ചേരാമെന്നുവെച്ചാൽ അതിന് സമ്മതിക്കുകയില്ല. സ്വന്ത നിലയിൽ അപേക്ഷിച്ചാൽ ലൈസൻസ് കൊടുക്കുകയുമില്ല. ഇതാണ് അവിടത്തെ തൊഴിലാളികൾക്കുള്ള ബുദ്ധിമുട്ട്. ഇതു എനിക്ക് ഇന്നലെ കിട്ടിയ അറിവാണ്. അതുകൊണ്ടാണ്

ഞാൻ അതൊരു അടിയന്തിരപ്രമേയമായി ഇവിടെ കൊണ്ടുവന്നതു്. ഏതായാലും അവക്ക ലൈസൻസു കൊടുക്കുന്നതിനു് കല്പന അയച്ചിട്ടുണ്ടെന്നും കൂടുതൽ ഊർജ്ജിതമായ നടപടികൾ നടത്തുന്നതുമാണെന്നു ബഹു. മന്ത്രി ഉറപ്പുനൽകിയ സ്ഥിതിക്കു് ഞാൻ എന്റെ പ്രമേയം പ്രസ് ചെയ്യുന്നില്ല.

Mr. Speaker: The next motion is that of Mr. K. K. Chellappan Pillai, which relates to the shortage of medical supplies and diets in the hospitals in the State in general, and the consequent distress caused to the public.

Sri. K. K. Chellappan Pillai: I want to say a word.

Mr. Speaker: Is it anything in support of the motion or for any further elucidation of the points raised?

Sri. K. K. Chellappan Pillai: I wish to supply an information, which I did not have when I gave notice of the motion.

Mr. Speaker: The member may supply the information to the Hon'ble Minister concerned.

The Hon'ble Sri. T. K. Narayana Pillai: I am in possession of the relevant facts, Sir.

ഈ പ്രമേയത്തിൽ പറയുന്ന സംഗതികൾ മുഴുവൻ ശരിയാണെന്നു് ഗവമ്മെണ്ടു വിചാരിക്കുന്നില്ല. എന്നാൽ നാം അഭിലഷിക്കുന്ന രീതിയിൽ എല്ലാ ആശുപത്രികളിലും മരുന്നുണ്ടു് എന്നും ഗവമ്മെണ്ടു വാദിക്കുന്നില്ല. എന്തെങ്കിലും ന്യൂനതകളുണ്ടെങ്കിൽ ആ ന്യൂനതകളെ പരിഹരിക്കുന്നതിനു് ഗവമ്മെണ്ടു ഉടൻതന്നെ നടപടികൾ സ്വീകരിക്കുന്നുണ്ടു്. മരുന്നില്ലാത്ത സ്ഥലങ്ങളിൽ (അങ്ങിനെയുള്ള സ്ഥലങ്ങളുണ്ടെങ്കിൽ) മരുന്നയക്കുന്നതിനു് ഏർപ്പാടുകൾ ചെയ്യുന്നുണ്ടു്. അതുപോലെതന്നെ ആശുപത്രികളിൽ ആഹാരമില്ലെന്നു പറയുന്നതും അത്ര ശരിയല്ല. ചില സന്ദർഭങ്ങളിൽ ചില ആശുപത്രികളിൽ ഒരു പക്ഷെ മരുന്നോ ആഹാരമോ ആവശ്യത്തിനു് ഉണ്ടായിരുന്നില്ല എന്നു വരാം. അത്തരം ന്യൂനതകളെല്ലാം പരിഹരിക്കുന്നതിനു് ഗവമ്മെണ്ടു സത്വരമായ നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ടു്.

Sri. K. K. Chellappan Pillai: I do not press the motion.

Mr. Speaker: The hon'ble members M. I. Paul, K. K. Chellappan Pillai and N. D. Jose have sent in motions in respect of the scarcity of sugar and the consequent distress caused to the people. It is not clear whether the matter can and need be discussed as an adjournment motion. Anyway before arriving at a decision I would have the relevant facts verified by reference to the minister concerned to be discussed here. Afterwards, I shall then give my ruling.

Sri. K. P. Neelakanta Pillai: Here again, Sir, I am at a loss to understand the procedure. If the Speaker thinks that the resolution is in order, he has to ask whether anybody object to the motion being taken up for consideration and if the House is in favour, a time has to be fixed for discussion. If the Speaker thinks however that the motion is not in order, then there is no point in asking the Government to give their explanation.

Mr. Speaker: The hon'ble member is evidently labouring under a mistaken notion. The reference to the minister is for the definite purpose of ascertaining the relevant facts on the basis of which a correct decision as to admissibility or otherwise of the motion can be arrived at. That is the correct procedure.

ബഹു. ശ്രീ. ടി.കെ. നാരായണപിള്ള: സർ, പഞ്ചസാരയെ സംബന്ധിച്ചു് സമീപകാലത്തു ചില വിഷമതകളുണ്ടായിരുന്നു എന്നുള്ളതു് ബഹു. അംഗങ്ങൾക്കും അറിയാവുന്നതാണു്. ഇൻഡ്യാഗവമ്മെണ്ടിൽനിന്നും പഞ്ചസാര നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിച്ചും പഞ്ചസാരയെ സംബന്ധിച്ചു് ചില നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചും ഈ ഗവമ്മെണ്ടിനു് ഒരു കമ്യൂണിക്കേഷൻ കിട്ടിയിട്ടുണ്ടായിരുന്നു. ഇൻഡ്യാഗവമ്മെണ്ടിൽനിന്നും ഇതു സംബന്ധിച്ചു് കൈക്കൊണ്ടിട്ടുള്ള നടപടികളുടെ സ്വഭാവം എന്തെന്നു ബഹു. അംഗങ്ങൾക്കു് അറിയാവുന്നതാണു്. ഗവമ്മെണ്ടിൽനിന്നും പഞ്ചസാരയുടെ വില ക്ലിപ്തപ്പെടുത്തുകയും യൂണിയനിലും പ്രവിശ്യകളിലുമുള്ള പഞ്ചസാര മുഴുവൻ ഫ്രീസ് ചെയ്യുകയുമുണ്ടായി. ഇവിടെ അങ്ങിനെ ഫ്രീസ് ചെയ്യേണ്ട ആവശ്യം ഇല്ലെന്നും വില ക്ലിപ്തപ്പെടുത്തിയാൽമാത്രം മതിയാകുമെന്നും വിചാരിച്ചാണു് ആദ്യം ഗവമ്മെണ്ടു വില ക്ലിപ്തപ്പെടുത്തിയതു്. അങ്ങിനെ വില ക്ലിപ്തപ്പെടുത്തിയ സന്ദർഭത്തിൽ നമ്മുടെ യൂണിയനിൽ അഥവാ നമ്മുടെ അധീനതയിൽ ഉണ്ടായിരുന്ന പഞ്ചസാരയുടെ അളവു് വളരെ കുറവായിരുന്നുവെ

[The Hon'ble Sri. T. K. Narayana Pillai]

ന്നും ഗവമ്മെണ്ടു സമ്മതിക്കുന്നു. ഈ യൂണിയനിൽ പഞ്ചസാര ഫാക്ടറികൾ ഉള്ളതുകൊണ്ടു് ഇവിടെ ഉണ്ടാക്കുന്ന പഞ്ചസാരകൊണ്ടുതന്നെ ഇവിടത്തെ ആവശ്യങ്ങൾ സാധിക്കേണ്ടതാണെന്നും പുറത്തുനിന്നും പഞ്ചസാര കിട്ടുന്നതിനു് വളരെ പ്രയാസമുണ്ടെന്നും പ്രസ്താവിച്ചുകൊണ്ടു് ഇൻഡ്യാഗവമ്മെണ്ടിൽനിന്നും ഒരു കമ്മ്യൂണിക്കേഷൻ ലഭിച്ചിരുന്നു. അന്നു ഇവിടത്തെ ഫാക്ടറിയിൽ ഉണ്ടായിരുന്ന പഞ്ചസാരയുടെ സ്റ്റോക്കു് വളരെ കുറവായിരുന്നു. ഇവിടത്തെ ആവശ്യമനുസരിച്ചു പഞ്ചസാര ഇവിടെത്തന്നെ ഉണ്ടാക്കാൻ സാധ്യമല്ലെന്നും അതുകൊണ്ടു് ഇൻഡ്യാഗവമ്മെണ്ടിൽനിന്നും കൂടുതൽ സപ്ലൈ വേണമെന്നും കാണിച്ചു് ഈ ഗവമ്മെണ്ടിൽനിന്നും തുടർച്ചയായി നിവേദനങ്ങൾ സമർപ്പിച്ചുകൊണ്ടിരിക്കയായിരുന്നു. അങ്ങിനെ അനേകം നിവേദനങ്ങൾ സമർപ്പിച്ചതിന്റെ ഫലമായി ഏതാനും ടൺ പഞ്ചസാര നമുക്കു് അനുവദിച്ചുതരുന്നതാണെന്നറിയിച്ചിട്ടുണ്ടു്. എന്നുതന്നെയല്ല അനുവദിച്ചിട്ടുള്ള മുന്നൂറോ നാന്നൂറോ ടൺ പഞ്ചസാരയിൽ കുറച്ചുഭാഗം നമ്മുടെ കൈവശം എത്തിച്ചേരുകയും ചെയ്തിട്ടുണ്ടു്. ഗവമ്മെണ്ടിൽനിന്നും തിരുവല്ലായിലെ കരിമ്പു മുഴവൻ കമാൻഡിയർചെയ്തതിന്റെ ഫലമായി ഇവിടത്തെ ഫാക്ടറിയിൻ നാലായിരം ചാക്കു പഞ്ചസാരയോളം സ്റ്റാക്കുണ്ടാക്കാൻ സാധിച്ചിട്ടുണ്ടു്. അതിനെ സ്റ്റാക്കുള്ള നാലായിരം ചാക്കു പഞ്ചസാരയും ഇൻഡ്യാഗവമ്മെണ്ടിൽനിന്നും കിട്ടിയിട്ടുള്ള പഞ്ചസാരയും ചേർത്തു യൂണിയൻ ഒട്ടുക്കു റേഷനിംഗ് അനുസരിച്ചു വിതരണംചെയ്യണമെന്നാണു് ഇപ്പോൾ ഗവമ്മെണ്ടുദ്ദേശിക്കുന്നതു്. റേഷൻ നടപ്പിൽ വരുത്തുന്നതിനുമുമ്പായി ഒരു താല്ക്കാലികനടപടി എന്നനിലയിൽ പഞ്ചസാര വിതരണംചെയ്യുന്നതിനു് അതാതു സ്ഥലങ്ങളിലെ തഹശീൽദാരന്മാർക്കു ചില നിർദ്ദേശങ്ങളും നൽകിയിട്ടുണ്ടു്. ഡിസംബർ ൩൧-ാംനു-വരെയാണു് ഇപ്പോഴുള്ള സ്റ്റാക്കു വിനിയോഗംചെയ്യാൻ ഇൻഡ്യാഗവമ്മെണ്ടു് ആവശ്യപ്പെട്ടിരിക്കുന്നതു്. അതനുസരിച്ചു നമുക്കു് ഇപ്പോഴുള്ള സ്റ്റാക്കു ഡിസംബർ ൩൧-ാംനു- വരെ വിതരണംചെയ്യണമെന്നാണു് ഗവമ്മെണ്ടിൽനിന്നും നിർദ്ദേശം നൽകിയിരിക്കുന്നതു്.

ശ്രീ. എം. ഐ. പോൾ: ഗവമ്മെണ്ടിൽനിന്നും പഞ്ചസാരയുടെ വില ക്ലിപ്തപ്പെടുത്തിയപ്പോൾ പഞ്ചസാരയുടെ സ്റ്റാക്കു വളരെ കുറവായിരുന്നു എന്നു പറഞ്ഞു. വില ക്ലിപ്തപ്പെടുത്തിയപ്പോൾ സ്റ്റാക്കുണ്ടായിരുന്ന പഞ്ചസാര കരിഞ്ചന്തയിൽ പോകാതിരിക്കത്തക്ക വണ്ണം ഗവമ്മെണ്ടു് എന്തെങ്കിലും ഏർപ്പാടുകൾ ചെയ്തിരുന്നോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതിനു ഗവമ്മെണ്ടിൽനിന്നും ചില വ്യവസ്ഥകൾ ചെയ്തിരുന്നു. എന്നാൽ ആ വ്യവസ്ഥകൾ വ്യാപാരികൾ ശരിയായി പാലിക്കുന്നില്ലെന്നു പിന്നീടു മനസ്സിലായി.

Sri. D. Gnanasigamoni: Is there sufficient stock of sugar for distribution till December ?

The Hon'ble Sri. T. K. Narayana Pillai: There is some stock; I cannot say that it is sufficient.

ശ്രീ. എം. ഐ. പോൾ: ഗവമ്മെണ്ടു പഞ്ചസാരയുടെ വില ക്ലിപ്തപ്പെടുത്തിയപ്പോൾ പഞ്ചസാരയുടെ മൂവ്മെൻറ് നിയന്ത്രിക്കുന്നതിനു് എന്തെങ്കിലും ഏർപ്പാടുകൾ ചെയ്തിട്ടുണ്ടായിരുന്നോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: വില നിയന്ത്രിച്ചപ്പോൾ അതു് ആവശ്യമാണെന്നു ഗവമ്മെണ്ടിനു തോന്നിയില്ല. വില ക്ലിപ്തപ്പെടുത്തിയാൽ മാത്രം മതിയാകുമെന്നാണു് അപ്പോൾ വിചാരിച്ചതു്.

ശ്രീ. എം. ഐ. പോൾ: ഗവമ്മെണ്ടിനു് അങ്ങിനെ തോന്നാത്തതുകൊണ്ടാണു് പഞ്ചസാര മുഴവൻ കരിഞ്ചന്തയിൽ പോയതു് എന്നറിയാമോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഗവമ്മെണ്ടിനു് അങ്ങിനെ തോന്നാത്തതുകൊണ്ടാണോ എന്നു നിശ്ചയമില്ല. ഏതായാലും കരിഞ്ചന്തയിൽ പോയിട്ടുണ്ടെന്നു ഗവമ്മെണ്ടിനറിയാം.

ശ്രീ. എം. ഐ. പോൾ: പഞ്ചസാര സ്റ്റാക്കു കുറവായിരിക്കുകയും വില ക്ലിപ്തപ്പെടുത്തുകയും ചെയ്തപ്പോൾ പഞ്ചസാര കരിഞ്ചന്തയിൽ പോകാതിരിക്കുന്നതിനു വേണ്ട ഏർപ്പാടുകൾകൂടി ചെയ്യാതിരുന്നതു ഗവവമ്മെണ്ടിന്റെ തെററല്ലേ എന്നാണു് ഞാൻ ചോദിക്കുന്നതു്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: യൂണിയനിലെ ആവശ്യത്തിന് ഒരുമാസത്തേക്കു കുറഞ്ഞതു് എത്ര ടൺ പഞ്ചസാര വേണമെന്നു വല്ല കണക്കുമുണ്ടോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ൯൦,൦൦൦ ടൺ വേണമെന്നാണ് കണക്കാക്കിയിരിക്കുന്നതു്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഇപ്പോൾ എത്രമാത്രം സ്റ്റാക്കുണ്ടെന്നു പറയാമോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ എത്രമാത്രം സ്റ്റാക്കുണ്ടെന്നു കൃത്യമായി പറയാൻ നിവൃത്തിയില്ല. എങ്കിലും ആവശ്യത്തിനു മതിയാകുന്നിടത്തോളം ഇല്ലെന്നു പറയാം.

ശ്രീ. ജോസഫ് മാത്തൻ: ഗവമ്മെണ്ടു നിർദ്ദേശിച്ച വ്യവസ്ഥകൾ വ്യാപാരികൾ പാലിച്ചില്ലെന്നു പറഞ്ഞു. അങ്ങിനെയുള്ള വ്യാപാരികളുടെമേൽ നടപടി എടുക്കുന്ന കാര്യം ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അക്കാര്യവും ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്.

ശ്രീ. എം. ഐ. പോൾ: നേരത്തേതന്നെ അതിനുവേണ്ട നടപടികൾ എടുത്തിരുന്നുവെങ്കിൽ കരിഞ്ചന്തയിൽ പോകുമ്മായിരുന്നില്ലെന്നറിയാമോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ബഹു. മെമ്പറുടെ അഭിപ്രായം അതായിരിക്കാം. ആ അഭിപ്രായമുള്ള വേറെയും ആളുകൾ കണ്ടേക്കാം.

ശ്രീ. സി. വി. ഇയ്യു: ഈ രാജ്യത്തുനിന്നും പഞ്ചസാര പുറമേ കൊണ്ടുപോകാതിരിക്കുന്നതിനു വല്ല നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ടോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: പഞ്ചസാര പുറത്തുപോയിട്ടുണ്ടെന്നു് അറിയാൻ കഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് ഉടനെ നിയന്ത്രണം ഏർപ്പെടുത്തണമെന്നു് ഉദ്ദേശിക്കുന്നുമുണ്ടു്.

ശ്രീ. എം. ഐ. പോൾ: പഞ്ചസാര കരിഞ്ചന്തയിൽ പോയതിന്മേൽ വല്ല കേസും ഗവമ്മെണ്ടിൽനിന്നും എടുത്തിട്ടുണ്ടോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അക്കാര്യം ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നു ഞാൻ നേരത്തേ പറഞ്ഞുകഴിഞ്ഞു.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: കരിഞ്ചന്ത ഉണ്ടാകുന്നതിന്റെ കാരണമെന്താണെന്നു ഗവമ്മെണ്ടു് അന്വേഷിച്ചിട്ടുണ്ടോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഒരു കമ്മീഷനെ നിശ്ചയിച്ചു് അന്വേഷണം നടത്തി കണ്ടുപിടിക്കുകയായിരിക്കും നല്ലതു്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: കമ്മീഷനെ നിയമിക്കാതെതന്നെ അതിന്റെ കാരണം കണ്ടുപിടിക്കാൻ വല്ല മാർഗ്ഗവും ഉണ്ടോ എന്നന്വേഷിച്ചിട്ടുണ്ടോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ബഹു. മെമ്പർതന്നെ അതു പറഞ്ഞാൽ നന്നായിരിക്കും.

Sri. P. Balakrishnan Tampi: Sir, I am in possession of a great secret which, if permitted, I shall give out *(Laughter)*.

ശ്രീ. പൊന്നറ ജി. ശ്രീധർ: അടിയന്തിരപ്രമേയത്തെപ്പററിയുള്ള ചർച്ചകൾ നടത്തുന്ന ഈ സന്ദർഭം ഒരു ചോദ്യോത്തരവേളയാക്കിത്തീർക്കരുതെന്നു് അല്പം മുമ്പു് അങ്ങു പറയുകയുണ്ടായി. ഇപ്പോൾ ഏതാണ്ടു് ഒരു ചോദ്യോത്തരവേളപോലെ ആയിട്ടുണ്ടു്.

മി. സ്പീക്കർ: അതെ. ഈ ചോദ്യോത്തരങ്ങൾ തടയേണ്ട സമയം ആസന്നമായിരിക്കുന്നു എന്നു തോന്നുന്നു. ഞാൻ അതിനെപ്പററി ചിന്തിച്ചുകൊണ്ടിരിക്കുകയാണു്.

Mr. Speaker: Is Mr. Tampi raising any point of order ?

Sri. P. Balakrishnan Tampi: Almost a point of order, Sir, *(Laughter)*.

Mr. Speaker: The motion before the House is to discuss the shortage of sugar and the consequent hardship. In view of the explanation offered by Government and the importance and urgency of the matters involved and the fact that there is no objection taken to the granting of leave to move the motion the motion is allowed to be moved and will be taken up tomorrow at 4 p.m.

Sri. C. A. Ouseph : A point of order, Sir. Can a motion moved today be taken up for discussion tomorrow ?

Mr. Speaker : Yes. It may be noted that there are three adjournment motions on the same subject which will be moved and discussed together.

Next, I wish to make a statement.

ANNOUNCEMENT REGARDING PANEL OF CHAIRMEN

മി. സ്പീക്കർ : ഈ സെഷനിലെ പാനൽ ഒഫ് ചെയർമെനായി രണ്ടംഗങ്ങളെ നോമിനേററുചെയ്യേണ്ടതായിട്ടുണ്ട്. അതിലേക്ക്, മെസ്സേഴ്സ് വി. ഒ മക്കോസ്, പി. കെ. ഡീവർ എന്നിവരെ ഞാൻ നോമിനേററുചെയ്യുന്നു.

ANNOUNCEMENT REGARDING ELECTION TO COMMITTEES

നിയമസഭാംഗങ്ങൾക്കുണ്ടായിരിക്കേണ്ട പ്രത്യേകാവകാശങ്ങൾ (privileges) ഇൻഡ്യൻ കാൺസ്റ്ററ്യൂഷനിൽ ചേർത്തിരിക്കുന്ന വ്യവസ്ഥയനുസരിച്ച്, അതേസംബന്ധിച്ച് പാർലിമെൻറു നിയമം പാസ്സാക്കുന്നതുവരെ ബ്രിട്ടീഷ് ഹൗസ് ഒഫ് കാമൺസിലെ അംഗങ്ങൾക്കുള്ളതുപോലെ ആയിരിക്കുന്നതാണ്. അതുകൊണ്ട് ഒരു പ്രിവിലേജസ് ബിൽ (Privileges Bill) എഴുതിയുണ്ടാക്കുവാൻ വേണ്ട നടപടി ഉടനെ തുടങ്ങണമെന്ന് ഫ൯ ര൯ സെപ്ററംബർ ൨-ാംനു ഡൽഹിയിൽവച്ച് നടത്തിയ നിയമസഭാദ്ധ്യക്ഷന്മാരുടെ കാൺഫ്രൻസിൽ തീരുമാനിക്കുകയുണ്ടായി. എന്നാൽ ബിൽ തയ്യാറാക്കുന്നതിനു മുമ്പ്, നിയമസഭാംഗങ്ങളുടെ പ്രത്യേകാവകാശങ്ങൾ എന്തെല്ലാമായിരിക്കണമെന്നും, ഏതെല്ലാം വിഷയത്തിലാണ് നിയമനിർമ്മാണം ആവശ്യമുള്ളതെന്നും നിർണ്ണയിക്കുന്നതിന് ഇൻഡ്യയിലുൾപ്പെട്ട പ്രാവിൻസുകളും സ്റ്റേററുകളും അഭിപ്രായം രൂപീകരിച്ചു വേണ്ട നിർദ്ദേശങ്ങൾ കൊടുക്കേണ്ടതായിട്ടുണ്ട്. അതിലേക്കായി ഈ സ്റ്റേററിനെ സംബന്ധിച്ചിടത്തോളം ഈ സഭയിൽനിന്നും ഇൻപതു പേരടങ്ങിയ ഒരു കമ്മിററിയെ നിയമിക്കണമെന്ന് വിചാരിക്കുന്നു. ആ കമ്മിററിയിൽ സ്പീക്കർ അദ്ധ്യക്ഷനായിരിക്കുന്നതും അററാർണി ജനറൽ ഒരു മെമ്പറായിരിക്കുന്നതും വേറെ ഏഴംഗങ്ങളെ ഈ സഭ തിരഞ്ഞെടുക്കുന്നതുമാണ്. കമ്മിററിയുടെ കൺവീനർ അസംബ്ലി സെക്രട്ടറിയായിരിക്കും. കോറം നാലായിരിക്കുന്നതാണ്. കമ്മിററി ഫ൯ ൪ ൦ ജനുവരി ൧൦-ാംനുക്കു മുമ്പ് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. കമ്മിററിയിലേക്കുള്ള ഏഴംഗങ്ങളുടെ തിരഞ്ഞെടുപ്പ് ആനുപാതിക പ്രാതിനിധ്യത്തത്വമനുസരിച്ച് കൈമാററം ചെയ്യാവുന്ന ഒററ വോട്ടുമൂലം നടത്തുന്നതായിരിക്കും. ഇതിലേക്കുള്ള നാമനിർദ്ദേശങ്ങൾ ഫ൯ ര൯ ഡിസംബർ ൧-ാംനു ഉച്ചക്കു രണ്ടു മണിക്കു മുമ്പ് നിയമസഭാസെക്രട്ടറിയെ ഏൽപ്പിക്കേണ്ടതും, അവയുടെ പരിശോധന അന്നു വൈകുന്നേരം സഭ പിരിഞ്ഞശേഷം സ്പീക്കറുടെ ചേംബറിൽവച്ചു നടത്തുന്നതും, സ്വീകരിക്കപ്പെടുന്ന നാമനിർദ്ദേശപത്രികകളിൽ നിർദ്ദേശിക്കപ്പെട്ട ഏതെങ്കിലും അംഗത്തിന് ഡിസംബർ ൪-ാംനു ഉച്ചക്കു ൧൨ മണിക്കു മുമ്പ് പിന്മാറുന്നതിന് അവകാശമുണ്ടായിരിക്കുന്നതും, തിരഞ്ഞെടുപ്പ് ആവശ്യമെന്നുകണ്ടാൽ അതു ൫-ാംനു സഭാനടപടികൾക്കുശേഷം ഇവിടെവച്ച് നടത്തുന്നതുമാകുന്നു.

ലെജിസ്ലേററീവു ലൈബ്രറിക്ക് ഈ സഭയിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട ൪ അംഗങ്ങളും ഗവർമ്മെണ്ടു നോമിനേററു ചെയ്യുന്ന ൨ അംഗങ്ങളും ഉൾപ്പെടെ ഏഴംഗങ്ങളുടെ ഒരു പുതിയ അഡ്വൈസറിക്കമ്മിററിയെ നിയമിക്കാൻ ഗവർമ്മെണ്ടു തീരുമാനിക്കയും ൪ അംഗങ്ങളെ ഈ സഭയിൽനിന്നും തിരഞ്ഞെടുക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

ഈ തിരഞ്ഞെടുപ്പിനു നാമനിർദ്ദേശങ്ങൾ നൽകുന്നതിനും അവ പരിശോധിക്കുന്നതിനും, നിർദ്ദേശിക്കപ്പെട്ടവർക്ക് പിന്മാറുന്നതിനുമുള്ള തീയ്യതികളും സമയവും മുമ്പു പറഞ്ഞ തിരഞ്ഞെടുപ്പിനു നിശ്ചയിച്ചിട്ടുള്ളതുപോലെ ആയിരിക്കും. തിരഞ്ഞെടുപ്പു വേണ്ടിവന്നാൽ ഡിസംബർ ഏഴാം തീയതി സഭാനടപടി കഴിഞ്ഞു നടത്തുന്നതാണ്.

DEMANDS FOR SUPPLEMENTARY GRANTS

Sri. P. Balakrishnan Tampi : May I suggest that demands 1 and 3 may be allowed to be moved together so that the explanation will be a little more helpful. Of course, they will be put to vote one by one. Both demands deal with more or less the same matter. Therefore it is better that demands 1 and 3 are moved together.

Mr. Speaker : Is there any objection ?

The Hon'ble Sri. K. Ayyappan : I have no objection.

Mr. Speaker: So, the discussion on demands 1 and 3 will be carried on together.

The Hon'ble Sri. K. Ayyappan: Sir, I move for a supplementary grant of Rs 2 lakhs under XXIII (1) (ii) Working Expenses for the Travancore Minerals Factory.

ഇത്തവണത്തെ ബഡ്ജററ അവതരിപ്പിച്ചപ്പോൾ ഈയിനത്തിൽ ഒരുലക്ഷംരൂപാമാത്രമെ കൊള്ളിച്ചിട്ടുണ്ടായിരുന്നുള്ളു. ആ സംഖ്യ പോരാതെ വന്നു. അതുകൊണ്ടാണ് ഈ രണ്ടുലക്ഷം രൂപയുടെ ഒരു ഉപധനാഭ്യർത്ഥന ഇവിടെ അവതരിപ്പിക്കുവാൻ ഇടയായിട്ടുള്ളതു്. ഇതു സംബന്ധിച്ചുള്ള ചെലവ്, ആദ്യം കൃത്യമായി തീർച്ചയാക്കാൻ സാധിക്കാത്തതു കൊണ്ടാണ് ഒരുലക്ഷം രൂപ ആവശ്യപ്പെട്ടാൽ മതിയെന്നു ആദ്യമെ തീരുമാനിച്ചതു്. ഇപ്പോൾ കൂടുതൽ തുക ആവശ്യമായിരിക്കുന്നു. അതുകൊണ്ടാണ് കൂടുതൽ തുക ഇപ്പോൾ ചോദിക്കുന്നതു്.

Sri. K. P. Nilakanta Pillai: May I know, Sir, what the amount is for? Is it for constructing a factory, is it for purchasing a factory or is it for equipping a factory?

The Hon'ble Sri. K. Ayyappan: I will explain. ഫാക്ടറിയുണ്ടാക്കാനും മററുമല്ല. ആ ഫാക്ടറിയിലുള്ള പ്രവർത്തനത്തിനുവേണ്ടി, അതായതു് എസ്റ്റാബ്ലിഷ്മെൻറിനും ലേബറിനും വേണ്ടിയാണ് ഈ തുക ആവശ്യപ്പെടുന്നതു്.

ശ്രീ. പോൾ തളിയത്തു്: ആ ഫാക്ടറി ഗവമ്മെണ്ടിൻെറ കൈവശം കിട്ടിയിട്ടു് എത്ര കൊല്ലമായി?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഒരു കൊല്ലമായി.

ശ്രീ. പോൾ തളിയത്തു്: ഈ ഒരു കൊല്ലക്കാലത്തിനകം ആ ഫാക്ടറിയുടെ വർക്കിംഗ് എക്സ്പെൻസ് എന്തുവരുമെന്നു കണക്കാക്കുവാൻ ഗവമ്മെണ്ടിനു് കഴിഞ്ഞതില്ലെന്നാണോ പറയുന്നതു്?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഫാക്ടറി ഗവമ്മെണ്ടു കൈവശപ്പെടുത്തിയപ്പോൾ, ആ ഫാക്ടറിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന എല്ലാ തൊഴിലാളികളെയും ഉദ്യോഗസ്ഥന്മാരെയും അങ്ങനെതന്നെ എടുക്കുകയാണ് ചെയ്തതു്. മുമ്പു് ഈ ഫാക്ടറിയുടെ ചീഫ് ആയിരുന്ന ആളെത്തന്നെ നമുക്കും ചീഫ് ആയി എടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അദ്ദേഹവുമായി ഗവമ്മെണ്ടു ഒരു എഗ്രിമെൻറിൽ എത്തിട്ടുണ്ടു്. എന്നാൽ ആ എഗ്രിമെൻറു ഒപ്പിട്ടു വന്നിട്ടില്ല. ആ ആളെ കിട്ടുമൊ ഇല്ലയൊ എന്നു തീർച്ച പറയാറായിട്ടില്ല. അതെല്ലാം തീർച്ചയായശേഷം ചെലവുകൾ തീർച്ചയാക്കാമെന്നുവെച്ചു തല്ക്കാലം ഒരു ലക്ഷം ബഡ്ജററിൽ കൊള്ളിക്കുമാത്രമാണ് ചെയ്തതു്.

Sri. K. Sivarama Pillai: May I know the actual working expenses for a month?

ബഹു. ശ്രീ കെ. അയ്യപ്പൻ: അതു എല്ലാ മാസങ്ങളിലും ഒരുപോലെ ആയിരിക്കുകയില്ല. ചില സീസണിൽ കൂടുതൽ ജോലി ഉണ്ടായിരിക്കും.

The House adjourned for lunch at 1 p.m. and reassembled at 2 p.m. with Mr. Speaker (The Hon'ble Sri. T. M. Varghese) in the Chair.

ബഹു. ശ്രീ. കെ. അയ്യപ്പൻ: സപ്ലിമെൻററി ഗ്രാൻറ് സംബന്ധിച്ചു് ഒരു വിശദീകരണം നൽകേണ്ടിയിരിക്കുന്നതുകൊണ്ടു് അതിനെപ്പററിയുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സൗകര്യത്തിനുവേണ്ടി വേറെ ഒരു ദിവസത്തേക്കു് മാററിവെക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

Mr. Speaker: I take it there is no objection.

The Hon'ble Sri. T. K. Narayana Pillai: All the other grants also may be adjourned to another day. We will move them on another day.

Mr. Speaker: Is there no other demand to be moved today?

The Hon'ble Sri. T. K. Narayana Pillai: Not today.

LEGISLATIVE BUSINESS

The United State of Travancore and Cochin Administration and Application of Laws Bill

The Hon'ble Sri. T. K. Narayana Pillai : I rise to introduce the United State of Travancore and Cochin Administration and Application of Laws Bill. In doing so, I may be permitted to make certain observations. This bill is intended to replace Ordinance I of 1124 and to continue the existing laws of Travancore and Cochin until they are repealed or modified by competent authority. As each piece of legislation integrating the laws of the two States in respect of any matter is passed by the Legislature and comes into force, the existing law relating to that matter will cease to have effect. The new provision has been included in the bill as sub-clause (3) of clause 8. This sub-clause provides that suits by or against the person or property of the Ruler of Cochin including the Palliyara Muthalpidi Estate, the Nithyachilavu and the Nedumittam Devaswam which are directly managed by the Ruler of Cochin shall be instituted in the name of an agent appointed for the purpose and notified by the Ruler of Cochin in the gazette of the United State. If this is not done, the Ruler himself will have to sign plaints and written statements. The appeals arise from the authorised agents of His Highness the Maharaja for such purposes under the Government of Cochin Act for the repeal of which the necessity for this provision has arisen.

The other provisions are explanatory and are intended to be in operation only till the laws of the two States are integrated. With these observations, I beg permission to introduce this bill.

The Hon'ble Sri. A. J. John : I second it.

Sri. A. Thanu Pillai: I wish to make one or two observations in regard to this bill. To me it appears that this bill does not take into account what has transpired since the appointed day. The existing law of Travancore and the existing law of Cochin are defined to mean any law in force immediately prior the appointed day in Travancore or Cochin, except the Interim Constitution Act of Travancore and the promulgation convening the Representative Body of Travancore and of Cochin. If we read this as it is worded, it would mean that these laws that have been repealed or ceased to be enforced after the appointed day could be enforced when this is passed. For instance, the news-paper Act has been repealed. The prohibition against execution, that Act has been out of force for the expiry of the term. This clause, as it is worded, will cover such laws also. So that has to be modified to exclude such laws, laws that were enforced and have not ceased to be in operation subsequently. Of course, today we are legislating. When the ordinance was passed, it was all right. The thing began on a particular day, that appointed day, and on that day the wording was quite all right, but the thing has transpired subsequent to the appointed day and before this day. So, we must take into account such facts also.

Then in clause 3, we speak of the territories of Cochin and of Travancore. That will apply to all the civil laws but we have also the law relating to the State Forces. The Cochin law is different from that of Travancore. Now should there not be one law for that? If the law relating to the State forces also will be included, the law in Travancore and the law in Cochin may not be sufficient. The State Forces of Cochin are also here now. So we cannot speak of the territories. So that has got to be examined.

Whether Section 6 is comprehensive enough is a question that has to be considered. It says that officers will administer the law of Travancore and also of Cochin. Is it enough? What about the laws that have been made uniform—I mean the laws applicable to the entire territory of the United State of Travancore and Cochin? I wish to know whether hereafter our laws are to be called the laws of 1125 and so on or those of 1949 and so on. Why not we have the English date because everything goes by the English Era now?

Then again, clause 9 says the Courts of the United State shall have power for the removal of difficulties to interpret such laws so as to effectuate the purposes intended by this Act. Whether all courts should be invested with such power is a matter for consideration, or whether that power should be invested with the High Court, is also a matter that may be considered.

Sri. C. V. Iyyu: I would like to suggest that since we are codifying the laws of both the States, I would request the hon'ble House to consider whether all the laws, as far as possible, could not be brought into line with the laws which exist in the Indian Union, so that there

may not be any difficulty in further codification of laws especially when we may have an Aikya-Kerala which, according to Congress circles, is imminent. (Laughter). All these attempts except in the matter of a few special laws which exist here, may be given up. For sometime to come, the existing laws in Cochin and those in Travancore may remain as they are. Till then, we can continue as before, making Ordinance No. 1 into a law, before the period of expiry of the Ordinance. Laws such as the Indian Criminal Procedure Code, Indian Penal Code, etc., can be copied mutatis mutandis. The House may consider that aspect of the question, before proceeding further with the bill.

The Hon'ble Sri. T. K. Narayana Pillai: I don't want at this statge to reply in detail to the criticisms that have been raised by my hon'ble friend Mr. Thanu Pillai. Even granting that Section 3 clause (*b*) is capable of the interpretation that was sought to be placed upon it, it is a matter that has to be gone into by the Select Committee, and it is open to the Select Committee to suggest suitable alterations or amendments if necessary. I therefore pray that the bill be referred to a Select Committee consisting of:—

Messrs. A. Nesamony,
K. P. Nilakanta Pillai,
V. O. Markos,
K. A. Gangadhara Menon,
P. K. Raman.

I pray that provisions of Standing Order 35 be suspended so that the Select Committee will be able to finish their labours within three days and that the Bill will be passed finally during the course of this session.

Mr. Speaker: The question is that the Bill be referred to a Select Committee composed of the members named, suspending the provision of Standing Order 35.

The motion was put and carried.

The United State of Travancore and Cochin General Clauses Bill

The Hon'ble Sri. T. K. Narayana Pillai: Sir, I rise to introduce the General Clauses Bill and in doing so I want to make a few observations.

The Bill follows mainly the provisions of the Indian General Clauses Act.

The terms "Acceding State", "Cochin", "Financial Year", "Government", "Gazette", "Covenant", "Political Agent", "Travancore" and the "United State" have been included under definitions in the Bill to facilitate short and easy references in other enactments to those terms. The terms "Financial Year" and "Year" have also been defined, the former being the year commencing on the 1st day of April and the latter the year reckoned according to the British Calendar.

Clause 13 (2) has been made exhaustive.

Clause 28 refers to the construction to be adopted whenever any expression of time occurs in any Act, deed or other legal instrument and it is stated therein that it shall signify the Indian Standard time as adopted by the Government of India.

Clause 30 is a precautionary provision.

Clause 31 is intended to remove differing interpretations on the question as to whether an Act duly passed by the Legislature is binding on the Government as such.

The Hon'ble Sri. A. J. John: I second it.

Sri. A. Thanu Pillai: May I know the date of the printed volume?

The Hon'ble Sri. T. K. Narayana Pillai: That can be found from the volumes already in the possession of the hon'ble member.

Sri. A. Thanu Pillai: That is a matter which I know well. But there are many printed volumes here. I wanted to ascertain the date from my friends near about but they could not reply to it. I have now a word to say on the matter. The volume referred to was circulated only today and I had not the time to look into it. I asked my friends about the matter and they too could not answer my query. I ask, am I to refer to Shakespear's Works, or the Works of Kalidasa or Mahabharatha or what. Why this kind of feeling should be shown? Let us be more courteous. Let us respect each other.

The Hon'ble Sri. T. K. Narayana Pillai: I never thought that so much heat will be generated in this minor matter, I was trying to find out the information.

Sri. A. Thanu Pillai: How it is a minor matter I fail to see. There are many printed volumes supplied to us only today.

The Hon'ble Sri. T. K. Narayana Pillai: As I said I was trying to find out the information. This bill is printed in the volume containing 18 bills and the date is 25th of November.

Sri. P. S. Nataraja Pillai: I have to submit a word on this matter before the House. Unfortunately, Sir, the Gazette-Extraordinary published under date 25th of November contains the General Clauses Bill and that was delivered to the members yesterday evening. As far as I am concerned, I got a copy of it between 2 and 3 p.m. yesterday, the 28th November. But the date on the Bill is put as 25th November Evidently the Bill was printed at Ernakulam and sent over here. The Preliminary agenda that was circulated from the Assembly Office bears the date 11th November 1949 and this bill is not put down in it as one of the items of legislative business. Later on in the agenda of 23th November this Bill is found included. In these circumstances I would respectfully submit to this House and the Chair that however capable the hon'ble members may be, to go through the provisions of it at least once and understand the same, some time is needed. As far as I am concerned I was not able to study these because they were so voluminous and were placed into our hands only yesterday and today we are now called upon to discuss the general principles outlining it. If the official benches had at least taken care to stick to the preliminary list of business circulated on the 11th, the sequence of the arrangement can be well appreciated. But that has not been done. This bill is one which has not been included in that agenda. There is a new series of bills circulated in the agenda of the 28th November for which sufficient notice has not been given. In these circumstances I would place for the consideration of the Chair and the Treasury Benches whether in fairness to lagging members who are not so well up in the legislative matters some time should not be allowed for them to study these and make their observations. Therefore, I request the Chair to have these discussions taken up another day so as to have a useful discussion on the matter. It is not a new piece of legislation that is sought to be introduced. This is only a codification of the existing law prevailing in the States of Cochin and Travancore. For these reasons I urge that the discussion on this matter may stand postponed to some other day.

മി. സ്പീക്കർ: റൂളനുസരിച്ച് ബില്ലുകളുടെ കോപ്പി മൂന്നു ദിവസത്തിനുമുമ്പ് മെമ്പർമാർക്ക് കിട്ടത്തക്കവണ്ണം അയച്ചു കൊടുക്കേണ്ടതാണ്.

ശ്രീ. പി. എസ്. നടരാജപിള്ള: അതും തന്നിട്ടില്ല.

മി. സ്പീക്കർ: ആ കാരണത്താൽ വാദപ്രതിവാദം മാററിവയ്ക്കണമെന്ന് റൂളിൽ നിഷ്കർഷിച്ചിട്ടില്ല. രണ്ടാമത്, ഇപ്പോഴത്തെ ലിസ്റ്റ് അനുസരിച്ചുള്ള ബില്ലുകളുടെ കോപ്പികൾ നേരത്തെ വിതരണം ചെയ്തിട്ടില്ലെന്നും അഭിപ്രായം ഉണ്ടായി. എന്നാൽ നേരത്തെയുള്ള ലിസ്റ്റ് അനുസരിച്ചുള്ള ബില്ലുകളുടെ കോപ്പികൾ കൊടുത്തിട്ടുണ്ടായിരിക്കണം. ആ ലിസ്റ്റിൽ സെൻസസ് ബിൽ, എവിഡൻസ് ബിൽ മുതലായി ൧ ൧ ബില്ലുകൾ ഉണ്ട്. അവയുടെ പകർപ്പുകൾ നേരത്തെതന്നെ വിതരണം ചെയ്തിട്ടുണ്ട്. അതിനാൽ ഇപ്പോഴത്തെ ലിസ്റ്റനുസരിച്ചുള്ള ബില്ലുകൾ വേറൊരു ദിവസത്തേക്ക് മാററി വയ്ക്കുന്നതിന് വിരോധമില്ല. അല്ലെങ്കിൽ ഇവയിൽ സാദ്ധ്യമുള്ളിടത്തോളം ബില്ലുകൾ ഇപ്പോൾ എടുക്കാം. ഹൌസിന്റെ അഭിപ്രായമനുസരിച്ചു ചെയ്യാവുന്നതാണ്.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഗവർമ്മെണ്ടു ഭാഗത്തുനിന്നും എന്തെങ്കിലും നിർബന്ധബുദ്ധി കാണിക്കണമെന്ന് വിചാരമില്ല. മെമ്പറന്മാരുടെയും സ്പീക്കറുടെയും അഭിപ്രായം അനുസരിച്ച് ബാക്കിയുള്ള ബില്ലുകൾ മാററിവയ്ക്കുന്നതിൽ വിരോധമില്ല. എന്നാൽ റിമൂവൽ ഓഫ് സിവിൾ ഡിസ്എബിലിററീസ് ബിൽ ഇപ്പോൾ അവതരിപ്പിക്കുന്നതിന് വിരോധമില്ലെന്നാണ് ബഹുമാനപ്പെട്ട മെമ്പറന്മാരെ എനിക്ക് അറിയിക്കാനുള്ളത്.

Sri. A. Thanu Pillai: Sir, I may just make one observation. I thought I was a bit at fault when I put a question a little while ago for eliciting information. I then really did not know of the existence of three volumes which contained all these bills. I thought there was only one volume wherein all the bills find printed. Therefore such an answer from the Chief Minister was not welcome. Now it is found that there are three volumes which contains the publication of all the bills mentioned in the preliminary list of legislative business for the session. I know that most of these bills will have to be considered. Whatever that be, in the first list of preliminary legislative business, certain bills were mentioned and that was issued

under date 11th November. Personally speaking, I may tell the House that the Secretary was good enough to send such a list to my Delhi address. So I was aware of the matter. There was no mention of the General Clauses Bill in it. I may submit to the House that I am aware of certain formalities to be followed in such circumstances for a long time as I happened to be a member of the legislature then. At short notice certain emergent measures may have to be considered and so on. Whatever be that, I do not think I will be able to deal with this Bill at this stage in the way in which it is now sought to be done. Naturally, about non-lawyers I enquire how can they expect to deal with such a measure. The reasonable course is either to put off all bills or to proceed with consideration of bills found in the first list that was sent to the members on 11th November. On a perusal of that I myself am surprised to see that out of 11 bills only three need consideration now. Excuse me when I say about the utter inefficiency ignorance displayed by the Law Ministry and the Law Office of the Assembly in this context. It is very well known that we are part of Indian Union. We have discussed that matter in this Assembly and realised that the Union Constitution will bind us. We ourselves have passed a resolution to that effect. Having known that, most of these bills are either of central category or those appearing in the concurrent list. Then I ask, why the Law Office wasted their time and our time by giving such an imperfect list. However that is, there are now some bills in the first list which can be considered and referred to the Committee, following the precedent just now adopted. There is the Vehicle Taxation Bill. The Removal of Social Disabilities Bill is another in point. We can consider these. The Constitution of the Indian Union takes effect from the 26th of January 1950 whence certain enactments will bind us. Till then we have our class of bills for consideration. There is the Application of Laws Bill and a few others. We have to take into account such measures as well. As a mistake has been committed, we will rectify it to the extent possible. To repeat what I said, the Law Ministry is expected to know their business better. What is taking place in Delhi we know. Taking these into account what I say is, either we have to put off discussion of everything at least till tomorrow or such of us as can understand what is in this can proceed with discussion of certain bills for which adequate notice has been officially given.

The United State of Travancore and Cochin Removal of Civil Disabilities Bill

The Hon'bl Sri. T. K. Narayana Pillai: Sir, I wish to introduce the United State of Travancore and Cochin Removal of Civil Disabilities Bill. This Bill is intended to enable a person who loses his caste to get his rightful share in the properties in which he had a proprietory right before the loss of his caste. The loss of caste is not to be treated as a valid ground for forfeiture of his rights to partition of such properties. The Indian Caste Disabilities Removal Act, 1850, was intended to attain this result. The Bill has been so cast that taking advantage of its provisions no person is able to contend that in s ite of his loss of caste he is entitled still to be the Karanavan or Kartha of an undivided Hindu or Marumakkathayam family. Ordinarily every member of such a family has a right of residence in the family house and a right to maintenance from family funds. He is also entitled to take part in family functions like the performance of Shradha or the celebration of a marriage or the conduct of family feasts. The rights of a member of an undivided family are not confined to claiming a share of the family properties. There are a bundle of rights which can be said to be vested in an undivided member. Therefore it is considered necessary to make clear provisions regarding the scope and extent of the rights of a member of such a family in the event of his conversion or loss of caste. It has therefore been provided in the Bill that the member of an undivided family shall be deemed to have a divided status from the date of his change of religion or loss of caste entitling him to partition and that he shall thereafter have no other rights in the family except to get his share separated. It is on this principle that the Travancore Special Marriage Act has provided in section 32 (2) as follows:—"Notwithstanding anything contained in section 28, no person who marries under this Act shall be entitled to perform the functions of a Karanavan or Manager of the joint family or to reside in the family house". The Cochin Civil Marriage Act has also adopted the same principle in section 22 which says that "the marriage under this Act of any member of an undivided family shall be deemed to effect his or her severence from such family and" that "such a person may in a suit by any other member of the family be compelled to separate after taking his or her share of the family properties". Else the result will be that a non-Hindu may continue to be the Karanavan or Kartha of a Joint Hindu or Marumakkathayam family. It is considered that while the right of a convert to his

[The Hon'ble Sri. T. K. Narayana Pillai]

lawful share in the family properties should be adequately safeguarded by legislation, he should not be given any other right in the family. This is highly necessary in the interests of family peace and to avoid all confusion. A question of this nature arose in Mannadiar's case Reported in 26 Cochin Law Reports, 65, and the nature of the arguments advanced on both sides in the case is sufficient to indicate the importance of this problem.

The Hon'ble Sri. A. J. John : I second it.

Sri. D. Gnanasigamoni : Will not the disability be removed by the Fundamental Rights guaranteed by the constitution ?

The Hon'ble Sri. T. K. Narayana Pillai : This is not governed by the Fundamental Rights.

Sri. P. Balakrishnan Tampi : In seconding this resolution I suggest that the Social Disabilities Bill be incorporated in this. Owing to historical circumstances these two Bills came up as separate legislation in British India. After all the Social Disabilities Bill is only the recognition of a civil right. Therefore when we are having integrated laws it would be advisable that we try to incorporate these two Bills in the same statute. I therefore suggest that both the Civil Disabilities Removal Bill as well as the Social Disabilities Bill may be incorporated into one and then it may be placed before this House.

Sri. A. Thanu Pillai : Sir, the provisions of this Bill are not such as will suit the times and the objectives we should have in dealing with matters affecting Society. If a change in religion is not to affect the property rights and the right of inheritance, I fail to see why a change in religion should affect or nullify other rights either. Caste is fast disappearing and the sooner we see its end the better. Then the question of religion alone remains. What is the harm in legislating in such a way that in the same family there can be men belonging to different religion. There may be a Hindu, a Muslim and a Christian in the same family. What harm, I really ask, would come in such a case ? Communal separatisim has been the bane of this country and all the trouble that arose in this country has its roots in it. Why not we at least make a humble beginning in our State so that in the same family a Hindu brother, a Christian sister and a Muslim another relation, may live together. Religion is given undue importance in social life. Of course I do not deny that it has its own value. But it has its own limitations. Let us begin by recognising that after all religion is not everything. My religion is my own affair; it is not the affair of my brother or of my sister or of my neighbour. We must be prepared to take that view in order that we may evolve some type of tolerance in religion. After all no catastrophe is going to happen if we adopt that method. I may go further and say that religion should not be made the basis for the recognition of any right. When we want the depressed classes people to be on the same footing as the Brahmin—and the tendency is very strong in the conditions of today—such legislation is likely to be welcomed by the people. Let us at least have the vision to realise the position in the year 1949. After all it will produce no harm. Let the Christian be the karanavan of a family. If a Hindu member of the family wants to perform puja the karanavan is likely to agree and must agree in law. I do not see any reason why we should not take such a broad stand Therefore I suggest that the whole thing may be recast and legislations on the lines I have suggested may be adopted.

Coming next to the details, a man who has changed his religion has to cut off from the family and get his share. That would not be an enviable position for him. That is not the right procedure either. If you recognise religion to be the basis for cutting off from the family and claiming a share in the family property, then every man will try to adopt this method and exercise the right. Let us not give rise to such practices. Subject to the observations I have made I am for sending this Bill to the Select Committee.

Sri. N. V. Chacko : I am very happy to support the beautiful idea expressed by the hon'ble member Sri. Pattom Thanu Pillai. It is possible to conceive of a family including a number of persons professing different religions. Each person need not know or should not be told the religion the other member follows. That is a consummation devoutly to be wished for ; and if we attain such a state of affairs or if legislation tends to such a condition, that will be a very desirable social reformation. In the present conditions of Travancore we need not be afraid of any such legislation. We know that in either direction conversion may take place. Therefore I will be happy if in a family any member can follow any religion without losing his civil and social liberties and at the same time contributing to the welfare of the family.

ശ്രീ. പി. എം. വർഗ്ഗീസ്: സർ, ഈ ബിൽ പാസ്സാക്കണമെന്ന ഒരഭിപ്രായമാണ് എനിക്കുമുള്ളത്. എന്നാൽ ഈ ബില്ലിന്റെ ഉദ്ദേശം അതിലെ രണ്ടാമത്തെ ക്ലാസിലെ പ്രൊവൈസൊ കൊണ്ട് ഇല്ലാതെയാക്കുകയാണ് ചെയ്യുന്നത്. ഡിസബിലിറ്റീസ് പുലത്തിക്കൊണ്ടുപോകുന്നതിനുള്ള ഒരു പ്രൊവൈസൊ ആയിട്ടാണ് അതിനെ കാണാൻ സാധിക്കുന്നത്. ഈ പ്രൊവൈസൊ എടുത്തു കളഞ്ഞതിനുശേഷം ഇത് പാസ്സാക്കുകയാണെങ്കിൽ ഈ ബില്ലിന്റെ ആവശ്യം നിർവ്വഹിക്കപ്പെടുന്നതാണ്. സർ, വസ്തുക്കളെ സംബന്ധിച്ചിടത്തോളം പിൻതുടർച്ചയായി ലഭിക്കുന്ന അവകാശം ജന്മസിദ്ധമായി ഒരുത്തനു കിട്ടുന്ന അവകാശമാണ്. ഒരു പിതാവിന്റെ സ്വത്തുക്കൾക്ക് മക്കൾ എന്ന അടിസ്ഥാനത്തിലാണ് അവകാശമുണ്ടാകുന്നത്. അത് ജന്മസിദ്ധമെന്നാണ് വയ്പ്. അങ്ങിനെയുള്ള ജന്മസിദ്ധമായ സ്വത്തിന്മേലുള്ള ഒരാളിന്റെ അവകാശങ്ങൾക്ക് യാതൊരു ഹാനിയും മതം മാററംമൂലം ഉണ്ടാകാൻ പാടില്ല. മതം മാറിമാറി പല മതങ്ങളിലും പോകാനുള്ള സ്വാതന്ത്ര്യം ഏവർക്കുമുണ്ട്. സ്വത്തു നഷ്ടപ്പെടുമെന്നു കരുതി ഒരിക്കലും ഒരാൾ അദ്ദേഹത്തിന്റെ വിശ്വാസത്തിന് ഭംഗം വരുത്തരുത്. ഒരു കുടുംബത്തിലെ കാരണവൻ ആകുന്നതിനോ, അല്ലെങ്കിൽ ആ കുടുംബത്തിൽ താമസിക്കുന്നതിനൊ തടസ്സം ഉണ്ടാകുമെന്നു ഭയന്നു ഒരു വ്യക്തിയുടെ മതവിശ്വാസത്തിന് ഭംഗംവരുത്താൻ ഇട കൊടുക്കരുത്. മതം മാറുന്നതുകൊണ്ട് കുടുംബത്തിലെ കാരണവനാകാൻ സാധിക്കുകയില്ല, അല്ലെങ്കിൽ കുടുംബത്തിൽ താമസിക്കുവാൻ സാധിക്കുകയില്ല എന്നു വരുന്നത് ഒരു വലിയ തെററുമാണ്. അങ്ങിനെ വരുന്നത് ഈ ബില്ലിന്റെ ഉദ്ദേശത്തെതന്നെ പാടെ നിഷേധിക്കുന്നതിനു തുല്യമാണ്. അതുകൊണ്ട് ഈ ബിൽ ഇതേരൂപത്തിൽതന്നെ പാസാക്കുന്നത് ഒരിക്കലും വിഹിതമല്ല. മൗലികമായുള്ള തത്വങ്ങളെ സംബന്ധിക്കുന്ന ഈ അവകാശങ്ങൾ ഇൻഡ്യൻ കാൺസ്റ്റിററ്യൂഷനിൽ നൽകിയിട്ടുണ്ട്. ആ നിലക്ക് ഈ രൂപത്തിൽ ഈ ബില്ല് പാസാക്കുന്നതു് യുക്തിപൂർവ്വമല്ലെന്നാണ് എനിക്കു പറയാനുള്ളത്.

ശ്രീ. കെ. എ. മാത്യു: ഈ ബിൽ ഈ രൂപത്തിൽ പാസാക്കണമെന്ന് എനിക്കു ഒരിക്കലും അഭിപ്രായമില്ല. ഇതിലെ മൗലികമായ തത്വങ്ങൾ മാത്രം സ്വീകരിച്ചാൽ മതി. അവകാശങ്ങൾ നഷ്ടപ്പെടുന്നതരത്തിൽ അതായതു്, ഈ രൂപത്തിൽ ഈ ബില്ല പാസാക്കുകയാണെങ്കിൽ അതു് ഒരിക്കലും ബുദ്ധിപൂർവ്വമായിരിക്കുകയില്ല. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ല് മതസ്വാതന്ത്ര്യം കിട്ടുവാനെന്ന നിലയിൽ പല ദുർഘടങ്ങളും അവശതകളും ഉണ്ടാക്കുന്ന ഒന്നാണ്. അതുകൊണ്ട് പരിപൂർണ്ണവും സ്വാഗതാർഹവുമാണെന്ന് സമ്മതിക്കുവാൻ നിവൃത്തിയില്ല. ജപ്പാൻ, ചൈന മുതലായ രാജ്യങ്ങളിൽ ഒരു കുടുംബത്തിൽതന്നെ വിവിധ മതക്കാർ സ്ഥിരമായും സഹഭാവത്തോടും ജീവിക്കുന്നുണ്ടെന്നു പറയുന്നു. എന്നാൽ പാശ്ചാത്യരുടെ ഇടയിൽ അപ്രകാരമുള്ള ഒരു നടപടി നിലവിലുണ്ടെങ്കിൽ മതപരിവർത്തനംകൊണ്ട് അങ്ങിനെ നമ്മുടെ നാട്ടിലും അവശതകൾ പരിഹരിക്കുവാൻ സാധിക്കുമെന്നു പറയുന്നതു് ശരിയല്ലെന്നാണെന്റെ അഭിപ്രായം. അതുകൊണ്ട് ഈ ബില്ലിൽ അടങ്ങയിട്ടുള്ള തത്വത്തെമാത്രം അടിസ്ഥാനപ്പെടുത്തി ഇതു സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഈ ബില്ല് ഈ സഭ മുമ്പാകെ കൊണ്ടുവന്നിട്ടുള്ളതു് ഏതൊരു മതവും ഏതൊരു സമുദായവും യോജിപ്പോടുകൂടി ഒന്നിച്ചുപോകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്. എല്ലാ സമുദായത്തിലും മതത്തിലും പെട്ട ആളുകളുടെ യഥാർത്ഥമായ ഭാവിഗുണത്തിന് ഇങ്ങനെയുള്ള വ്യവസ്ഥ ആവശ്യമാണെന്നാണ് പറയുന്നത്. പ്രത്യേക സമുദായത്തിൽപ്പെട്ട ആളുകൾ ഒന്നിച്ച് ഒരു കുടുംബത്തിൽ ഉണ്ടായിരിക്കണമെന്ന് അതു വ്യക്തികളുടെ സ്വാഭിമാനത്തിനു ആവശ്യമാണെന്നും ഉണ്ടെങ്കിൽ ഇതേ ആശയത്തോടുകൂടിയുള്ള നിയമം കൊണ്ടുവരുന്നതു് തീർച്ചയായും നല്ലതാണ്. മനുഷ്യസമുദായം എന്ന നിലയിൽ എല്ലാവരും യോജിച്ചുപോകുവാനുള്ള ഒരു നിയമമായതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഈ സഭയുടെ മുമ്പിൽ കൊണ്ടുവന്നിട്ടുള്ള ബിൽ ആവശ്യമാണെന്നാണ് എന്റെ അഭിപ്രായം.

Sri. N. D. Jose: Sir, it was really gratifying to note the volume of progressive opinion that has been given expression to in this House. I hasten to associate myself with the views that have been expressed here. I feel, Sir, that it will only be in keeping with this secular nature of a democratic State if religion does not impose any disability on the believer. It has been correctly expressed here that religion is a matter of personal belief. If that is accepted and if the essential nature of a secular democracy is to be kept, I wish, along with those who

[Sri.N.D.Jose]

have spoken here that the proviso be amended in such manner that a religion will not impose any disability whatever on the believe. Sir, this is an unfortunate land in which religion has placed an enclave upon somebody. I do not want to dilate upon this because this is a matter on which much has been said and written. It is high time that religion should not be a barrier between man and man. Therefore I feel that this Bill which is of progressive nature should not be made a half hearted measure but that the proviso may be amended in such manner as been proposed by the hon'ble members here. Even if there is to be difficulties and difference of opinion for such a measure I feel sure that with the passing of some time that will give place to a better understanding and to a better state of affairs where religion will reign in the hearts of men.

Therefore in supporting this Bill I feel, Sir, that the proviso will be amended according to the suggestion given expression to.

ശ്രീ. ഇ. പി. പൗലോസ്: ഈ ബില്ലിനെ സംബന്ധിച്ച് ഇവിടെ എനിക്കുമുമ്പ് പല മെമ്പറന്മാരും സംസാരിച്ചു കഴിഞ്ഞിട്ടുണ്ട്. ഈ ബിൽ വേണ്ടിടത്തോളം പുരോഗമനപരമല്ലെന്നും ഈ രാജ്യത്തെ എല്ലാ സമുദായക്കാരും മററു പല രാജ്യങ്ങളിലെ ജനങ്ങൾ വീടുകളിൽ പല മതക്കാർചേർന്നു സൗഹാർദ്ദമായി കഴിയുന്നതുപോലെ കഴിയുവാൻ വേണ്ടിയുള്ള പുരോഗമനപരമായ ബില്ലാണ് ആവശ്യമെന്നും പറയുകയുണ്ടായി. അതു് പക്ഷെ വളരെ വളരെ ആദരണീയമായ ഒരഭിപ്രായമാണെന്നു ഞാനും സമ്മതിക്കാം. പക്ഷെ വിവിധരാജ്യങ്ങൾ ഈ നിയമം സ്വീകരിച്ചിട്ടുണ്ടെന്ന കാരണത്തിന്മേൽ ഇവിടെയും അപ്രകാരം നടപ്പാക്കാമെന്നുവെച്ചാൽ വിവിധസമുദായങ്ങൾ തമ്മിൽ കൂടുതൽ ഭിന്നതകൾക്ക് ഇടവരും. ഈ സഭയിൽതന്നെ സാധാരണ കാണാറുള്ള വാഗ്വാദങ്ങളും മററു പരിതസ്ഥിതികളും വെച്ചുനോക്കുമ്പോൾ ഒരു വീട്ടിൽ ഒരു ഈഴവനും ഒരു ക്രിസ്ത്യാനിയും ഒരു മുസ്ലീമും തങ്ങളിൽ യോജിച്ച് എങ്ങനെയാണ് കഴിഞ്ഞുകൂടുന്നതു എന്നു എനിക്ക് മനസിലാകുന്നില്ല. ഒരു നിയമം ഉണ്ടാക്കുക എന്നു പറയുമ്പോൾ അതിന്റെ പ്രായോഗികതയെക്കുറിച്ചുകൂടി ചിന്തിക്കേണ്ടതുണ്ട്. ആ നിലയിൽ ഇതിന്റെ പ്രായോഗികതയെ സംബന്ധിച്ച് സംശയിക്കാതിരിക്കുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത്: മൂന്നു ജാതിക്കാർകൂടി ഒന്നിച്ചുകഴിയണമെന്നുള്ളതല്ല ഈ ബിൽ. ഒരു അച്ഛനും ഒരു അമ്മക്കും ജനിച്ചിട്ടുള്ള മക്കൾ പല മതം സ്വീകരിച്ചു എന്നാൽ അവക്ക് ഒന്നിച്ചു കഴിഞ്ഞുകൂടുവാൻ നിയമം വേണ്ടേ?

ശ്രീ. ഇ. പി. പൗലോസ്: അങ്ങിനെയും വരാം. പല സമുദായക്കാരുമുള്ള ഈ രാജ്യത്ത് എല്ലാവരും ഒന്നിച്ച് യോജിപ്പായി കഴിയുന്നതരത്തിൽ പുരോഗമനപരമായ ഒരു നിയമം വേണമെന്ന് ഞാനും പറയുന്നു. ഈ ബില്ല് ആ ഉദ്ദേശസാദ്ധ്യത്തിനുവേണ്ടിയുള്ള യാതൊരു വ്യവസ്ഥയും ഉൾക്കൊള്ളിച്ചിട്ടില്ലെന്നും സമ്മതിക്കാം. എന്നാൽ ഉദ്യോഗനിയമനങ്ങളുടെ കാര്യം വരുമ്പോൾ ക്രിസ്ത്യാനിവേണം മുസ്ലീംവേണോ നായർ വേണം എന്നിങ്ങനെ അവകാശവാദങ്ങൾ ഈ സഭയിൽതന്നെ നടന്നുകൊണ്ടിരിക്കുമ്പോൾ എങ്ങിനെയാണ് ഒരു വീട്ടിൽ പല മതക്കാരുംകൂടി യോജിച്ചു കഴിഞ്ഞുകൂടുന്നതു്. അതിന്റെ സാദ്ധ്യത എത്രമാത്രം ഉണ്ടെന്ന് എനിക്ക് മനസിലാകുന്നില്ല.

അതുകൊണ്ട്, സർ, ഈ രാജ്യത്തിലുള്ള ആളുകൾ, ഈ സഭക്കകത്തിലുള്ളവർതന്നെ ആദ്യമായി ഒന്നു യോജിച്ചു കഴിഞ്ഞാൽ അതു ഉടനെ സാദ്ധ്യമാകുമെന്നുണ്ടെങ്കിൽ ഞാനും ഇതിനോട് അനുകൂലിക്കാം.

Sri. M. Govindan: Sir, I support this Bill. In doing so I have to differ from some of my friends here who have suggested that the proviso is unnecessary. My impression is that the proviso is very necessary because the fact cannot be denied that caste distinction prevails in this place, but there is one thing. We should not encourage it. For that I would make a suggestion that the right to reside in the same house should not be denied to people because of conversion to Christianity, Hinduism and Mohammedanism. As everyone knows that as matters stand at present the right to divide exists now in the Marumakkathayam family also. When a suit for partition is going on and before the decree is obtained for the partition the members should have the right to live in the Tharavattu house, although the status of jointness may not exist. When a man who is a Hindu wants to become a Christian he must not be deprived of his right to live in the family house. As matters stand at present conversion may

be taken as a declaration of intention to divide. In another 15 years' time we may see things differently even in the matter of division of status. I would therefore suggest a modification in the proviso, so as to include the right to live in the same house, even after a member has declared his conversion to another religion.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ജനങ്ങൾക്ക് അതു് ഉപദ്രവകരമാണെന്നു ബോദ്ധ്യപ്പെട്ടു ന്നപക്ഷം അതു മാററുവാൻ ഉള്ള അവകാശം ഈ നിയമസഭക്കുണ്ടെന്നുള്ള കാര്യം ബഹു. മെമ്പക്കറിയാമോ?

ശ്രീ. എം. ഗോവിന്ദൻ: അതു മനസ്സിലായി. അതായതു് ഏതാനും മലയാളവാചകങ്ങൾ പറഞ്ഞു എന്നുമാത്രം മനസ്സിലായി.

ഒരു കുടുംബത്തിൽ ൧ ൦ മെമ്പറന്മാരുണ്ടെന്നു വയ്ക്കുക. എന്നാൽ ആ പത്തു മെമ്പറന്മാർക്കും അവർ ഏതു മതം സ്വീകരിച്ചാലും അവർക്ക് ആ കുടുംബത്തിൽ താമസിക്കുവാൻ അവകാശമുണ്ടു്. ആ കുടുംബത്തിലെ എല്ലാ വസ്തുക്കൾക്കും അവർക്ക് അവകാശവുമുണ്ടു്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: അവകാശമില്ലാത്ത മെമ്പക്ക് താമസിക്കുവാൻ സാധിക്കുമോ?

ശ്രീ. എം. ഗോവിന്ദൻ: വിഭക്തോവകാശികൾക്ക് ഊട്ടുകൂർ വസ്തുക്കളും മററും ധാരാളമുള്ള തെക്കൻ തിരുവിതാംകൂർകാരനായിരിക്കുന്ന എന്റെ സ്നേഹിതൻ ഈ മാതിരി ചോദ്യങ്ങൾ ചോദിക്കുന്നതിൽ ഞാൻ അതിശയിക്കുന്നു.

Sri. P. S. Nataraja Pillai: At this time when we are standing at the threshold of a new India with secular democracy as its guiding star, it is nothing surprising that we have a bill of this kind, for our consideration. We are envisaging an Indian Nation and a secular State, a nation which will not be divided by the so-called communal differences and a nationalism which will not be marked by religious rivalry. That I can understand. The citizens of the State must have equal rights as far as their civil and political rights are concerned. But facing facts as they are, today, there are different systems of inheritance in the country based upon religion; that is an inescapable fact. We know it. There is a Hindu system of inheritance, a Muhammedan system of inheritance and there is the Christian succession. A system of inheritance, where the principle of inheritance is based on the historical accident of religious conception. I can very well understand a civil code of inheritance for all the citizens of India—that will be a fundamentally correct position, to handle this question of civil rights. When the State allows particular systems of inheritance for particular sects of people, and gives them the validity of law for that, we have to take into consideration whether it will be right for us to change the personal law of the people by a simple provision in special piece of legislation. There are, I know it, and there have been I think, attempts to introduce a civil code for the whole of India affecting all citizens of India. The system of inheritance will then be rationalised and then it will not be based upon the conception of religious duties or religious systems. Why I stress so Sir, is that to my limited knowledge, the system of inheritance in the Hindu Mithakshara Law is based upon religious conception. If we are going to change it by a special legislation which is called the removal of disability—what disability I do not know—a removal of that disability will fundamentally affect the law of inheritance of that section of Hindus. At the present day, it will be more wise and more useful and perhaps even very necessary to have a civil code for all the people of the Indian Nation.

Sri. P. M. Varghese: Will my hon'ble friend say whether Muslims have got similar laws?

Sri. P. S. Nataraja Pillai: I am not a lawyer to go into the technical aspects of the question of the law of succession. To the best of my knowledge, the system of Hindu inheritance differs from that of the other two major religions of the State. The three major religions—Hindu, Muslim and Christian—have laws of inheritence which differ much from each other.

Sahib Bahadur V. A. Abdul Aziz: May I know whether a similar bill has been on the Statute Book of India for the last 70 years?

Sri. P. S. Nataraja Pillai: True, Sir, not to the extent to which we are envisaging in this bill. My hon'ble friend may have seen it. I only wanted to place before this House the fact that what we want at present is a radical change to unify and simplify the law of inheritence. It is necessitated by the political democracy and the independence which India has secured at present and to evolve a unified nation. That fact we cannot forget. If that be the case, there must be a re-adjustment of all those various ideals of the people who live in this country. We

[Sri. P. S. Nataraja Pillai]

should not give scope for separatism. Separatism based upon religion or any other conception is bad. If that is a fact, and if religion is to be a personal matter of the individual, then the system of inheritance must be common to all. That is the necessity and as I was saying there have been attempts to frame a civil code for India which will be applicable to all. We may welcome it. But before that, to solve that problem by this approach of removing of a disability which is an accident of historic conditions, and the result of the evolution of a particular society with a particular system of inheritance based on certain social conceptions, is to say the least is unjust. I doubt whether in these circumstances it will be advisable to change it to the exent we have envisaged in this bill. Yet, in the advanced secularism which is coming fast upon us and which we have been welcoming also, I will not stand in the way of the bill becoming law if sufficient opportunity is given for public opinion to be mobilised. That is the one point which I wish to urge before the Treasury Benches. Sir, it is true a bill has been framed and placed before us. Whether public opinion has been mobilised and whether there is public support for it and whether there is a genuine willingness to co-operate, whether we are going to exercise the political power to make the people accept it, are questions for consideration. The bill has been before us only for a month. In these circumstances and under the conditions in which the Government Gazette is being published and distributed, I would request the Treasury Benches to consider the necessity of circulating this bill for public opinion and after allowing sufficient time for the people to register their opinion and it will then be time to consider the bill. After the first introduction, I would request the Treasury Benches to circulate the bill for public opinion and take into consideration the further stages of the bill later on in another session.

ശ്രീ. പി. കെ. ഡീവർ: സർ, ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ടു് സംസാരിക്കേണ്ട ആവശ്യമുണ്ടാകുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. കേന്ദ്രനിയമസഭയിലെ ഒരംഗംകൂടിയായ ശ്രീ. നാരായണപിള്ള ഈ ബില്ലിനെ എതിർക്കുകയും ഇതു സർക്കുലെററു് ചെയ്യണമെന്നു ആവശ്യപ്പെടുകയും ചെയ്തുകണ്ടതിൽ ഞാൻ വളരെ അത്ഭുതപ്പെടുന്നു. ഈ നാട്ടിലെ പൊതുജനാഭിപ്രായം ഈ ബില്ലിനെതിരായിരിക്കുമെന്നു സംശയിക്കുവാൻ യാതൊരു കാരണവുമില്ല. വർഗ്ഗീയചിന്ത അകന്നുപോകുന്നതിനും മതം ഒരു വ്യക്തികാര്യമായി ഗണിച്ചു് വിഭിന്ന മതാനുയായികളായതിനുശേഷവും ഒരു കുടുംബത്തിലെ അംഗങ്ങൾ ആണെന്നുള്ള ബോധത്തോടുകൂടി കഴിഞ്ഞുകൂടുന്നതിനു തങ്ങളുടെ അവകാശങ്ങൾ നഷ്ടപ്പെടാതെ തന്നെ തനിക്കു ഇഷ്ടമുള്ള മതം സ്വീകരിക്കുന്നതിനും ഉള്ള സ്വാതന്ത്ര്യം വ്യക്തികൾക്കു നല്കുന്നതിനുള്ള ഒരു ബില്ലാണിതു്. ഇതുപോലുള്ള ഒരു ബിൽ സർക്കുലേററു ചെയ്യണമെന്നു പറയുന്ന വാദം ഒരിക്കലും സ്വീകാര്യമല്ല എന്നാണു ഞാൻ പറയുന്നതു്.

എൻെറ സ്നേഹിതൻ മി. ഇ. പി. പൗലോസു് ഈ ബില്ലുകണ്ടപ്പോൾ ഒരു ഭീതി പ്രദർശിപ്പിക്കയുണ്ടായി. എന്നാൽ ഈ മാതിരി ഭീതി പ്രദർശിപ്പിക്കേണ്ടതായ യാതൊരാവശ്യവുമില്ല. ഇത്രയും സംസ്കാരമുള്ളതായ ഈ നാട്ടിൽ ആളുകൾ തമ്മിൽ സൗഹാർദ്ദപരമായി കഴിഞ്ഞുകൂടുന്നതിനുപകരം വർഗ്ഗീയചിന്ത വളർന്നുവന്നിരിക്കുന്ന ഈ അവസരത്തിൽ വർഗ്ഗീയചിന്ത ഇല്ലാതാക്കുന്നതിനുള്ള വ്യവസ്ഥകളാണു ഈ ബില്ലിൽ ഉള്ളതു്. അന്യ കുടുംബത്തിലുള്ള ആളുകൾ മറെറാരു കുടുംബത്തിൽ വന്നു താമസിക്കണമെന്നല്ല ഉദ്ദേശിച്ചിട്ടുള്ളതു്. ഒരു കുടുംബത്തിലുള്ള ആളുകൾക്കു് അതായതു് അച്ഛനും, അമ്മയും, സഹോദരനും, സഹോദരിയും ഭാര്യയും അമ്മാവനും മരുമകനും എല്ലാം ഏതു മതത്തിൽപ്പെട്ടവരായാലും അവരെല്ലാംതന്നെ സഹോദരനും സഹോദരിയും അമ്മാവനും, മരുമകനും എന്ന നിലക്കുതന്നെ സകല അവകാശങ്ങളോടുംകൂടി ഒരു കുടുംബത്തിലെ അംഗങ്ങളായി ഒരു വീട്ടിൽതന്നെ താമസിക്കുന്നതിനു് നിയമംമൂലം വേണ്ടതായ സാഹചര്യങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ഈ ബിൽ നാട്ടിൻെറ നന്മയും സമാധാനവും കാംക്ഷിക്കുന്നവരെല്ലാം സ്വാഗതം ചെയ്യുന്നതാണു്. നമ്മുടെ നാട്ടിൽ പരസ്പരം മതത്തിൻെറപേരിൽ കലഹങ്ങളും വിദ്വേഷങ്ങളും ഉണ്ടാകാതെ ഇരിക്കുന്നതിനുവേണ്ടി ഏററവും അഭിലഷണീയമായ ഒരു മഹദുദ്ദേശത്തിൻെറ പേരിലാണു ഈ നിയമം ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്.

ശ്രീ. ഇ പി. പൗലോസു്: അങ്ങനെ ഒരു നിയമം ജനങ്ങളുടെ എല്ലാം സമ്മതത്തോടുകൂടി ഉണ്ടാക്കുന്നതല്ലേ നല്ലതു്?

ശ്രീ. പി. കെ. ഡീവർ: എല്ലാ ആളുകളുടേയും സമ്മതം വാങ്ങിക്കൊണ്ടു് ചെയ്യാമെന്നുവെച്ചാൽ നമ്മുടെ നാട്ടിൽ ഒരു കാര്യവും സാധിക്കുകയില്ല. ക്ഷേത്രപ്രവേശനവിളംബ്ബ

രം ഉണ്ടായിട്ടു പതിമൂന്നു കൊല്ലമായെങ്കിലും ഇന്നും ഏതാനും പൊതു ക്ഷേത്രങ്ങൾ അവർണ്ണ ക്കു് പ്രവേശനം അനുവദിക്കാതെ അടച്ചു കിടക്കുന്നു എന്നുള്ള ഒരേ ഒരുകാര്യം ആലോചിച്ചാൽമതി എല്ലാവരുടേയും സമ്മതത്തോടുകൂടി ഈ നാട്ടിൽ ഒരു കാര്യവും സാദ്ധ്യമല്ലെന്നു മനസ്സിലാക്കാൻ. ആളുകൾ ജാതിമതചിന്തകൾ വെടിഞ്ഞു് ഒരു ജനത (nation) എന്ന വിശ്വാസത്തോടുകൂടി വളർന്നുവരുന്നതിനു് സ്റ്റേററ് ഈ മാതിരി നിയമനിർമ്മാണം ചെയ്യേണ്ടതു ആവശ്യമാണെന്നുള്ളതിനു് സംശയമില്ല. ബഹു. ചീഫ് മിനിസ്റ്റർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഇതിലെ പ്രൊവൈസോയുടെ ആവശ്യകതയെ സാധൂകരിക്കുവാൻ ശ്രമിക്കുകയുണ്ടായി. ഒരു കുടുംബത്തിലെ കാരണവസ്ഥാനമുള്ള ഒരാൾ മതംമാറിയാൽ അയാൾ ആ വീട്ടിൽ താമസിക്കാൻ പാടില്ലെന്നാണല്ലൊ പ്രൊവൈസോകൊണ്ടു സിദ്ധമാകുന്നതു്. അതിനു് അദ്ദേഹം പറഞ്ഞ കാരണം അവിഭക്തമായ ഒരു ഹിന്ദുതറവാട്ടിൽ കാരണവൻ മതം മാറിയാൽ ശ്രാദ്ധം കഴിക്കാൻ നിവൃത്തിയില്ലാതെ വരുമെന്നാണു്. വേറെ ചില തടസ്സങ്ങളും ഉണ്ടെന്നു അദ്ദേഹം പറയുകയുണ്ടായി. ഒരു ഹിന്ദു മുസൽമാനോ ക്രിസ്ത്യാനിയൊ ആയാൽ ശ്രാദ്ധം കഴിക്കുന്നതിനു് ആളില്ലാതെ വരുമെന്നുള്ളതു് സ്വീകാര്യമായ ഒരു കാരണമല്ല. ഒരു കുടുംബത്തിൽ ഒരാൾ ഹിന്ദുവും, മറെറാരാൾ ക്രിസ്ത്യാനിയും, ഇനിയൊരാൾ മുസൽമാനും ആയാൽതന്നെ ഓരോരുത്തരും അവരുടെ മതാചാരങ്ങൾ അനുസരിച്ചു ജീവിക്കുന്നതിന്നു എന്താണു തടസ്സമെന്നു എനിക്കു മനസ്സിലാകുന്നില്ല. ഹിന്ദുകുടുംബത്തിലെ ഒരംഗം മതം മാറിയതിനുശേഷം കാരണവസ്ഥാനത്തുവന്നാൽ ആ തറവാട്ടിലെ മററു ഹിന്ദു അംഗങ്ങളുടെ മതാനുഷ്ഠാനങ്ങൾക്കു എന്തെങ്കിലും ഭംഗം ഉണ്ടാകുമെന്നു സംശയിക്കുന്നതു ശരിയല്ല. മരിച്ച ഹിന്ദു കാരണവരുടെ ശേഷക്രിയകളൊ ശ്രാദ്ധാദികർമ്മങ്ങളൊ ഹിന്ദുക്കളായിട്ടുള്ള മററു അനന്തിരവന്മാർക്കു നടത്താവുന്നതാണു്. അഹിന്ദുക്കളായ അംഗങ്ങൾ പരേതക്കായി അവരവരുടെ മതവിശ്വാസം അനുസരിച്ചു ചെയ്തുകൊള്ളും. അതുകൊണ്ടു് ഈ മാതിരി ഒരു പ്രൊവൈസോ ഈ ബില്ലിൽ ചേർക്കുന്നതു ശരിയായിരിക്കുകയില്ലെന്നാണു് എന്റെ ബലമായ അഭിപ്രായം. ഈ ബില്ലിനെ പിന്താങ്ങുന്നതോടൊപ്പം അതിന്റെ പ്രൊവൈസോ എടുത്തുകളയണമെന്നും അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. വി. മാധവൻ: സർ, ഈ ബില്ലിന്റെ തത്വത്തോടു് ഞാൻ ഹൃദയാംഗമായി യോജിക്കുന്നു. ഇവിടെ ബില്ലിനെപ്പററി അഭിപ്രായം പറഞ്ഞ പലരും ബില്ലിന്റെ തത്വത്തോടു് യോജിക്കുകയും അതേസമയം അതിലെ പ്രൊവൈസോ ആവശ്യമില്ലെന്നു അഭിപ്രായപ്പെടുകയും ആണു് ചെയ്തതു്. അതേ അഭിപ്രായംതന്നെയാണു് എനിക്കുമുള്ളതു്. പ്രൊവൈസോയെപ്പററി വിഭിന്നമായ വീക്ഷണഗതികളിൽ കൂടിയാണു് പലരും ഇവിടെ അഭിപ്രായങ്ങൾ പുറപ്പെടുവിച്ചു കണ്ടതു്. എന്നാൽ അതിൽ കൂടുതലായി പ്രത്യേകമായ ഒരു കാരണവുംകൂടി എനിക്കു് ചൂണ്ടിക്കാണിക്കുവാനുണ്ടു്. ഇപ്പോൾ അംഗീകൃതമായിരിക്കുന്ന മരുമക്കത്തായ നിയമങ്ങളുടെ തത്വങ്ങൾക്കും താല്പര്യങ്ങൾക്കും ഈ പ്രൊവൈസോ വിരുദ്ധമാണെന്നാണു് എനിക്കു പറയുവാനുള്ളതു്. , ഈ രാജ്യത്തു മരുമക്കത്തായ സമുദായക്കാരെ സംബന്ധിക്കുന്ന നിയമങ്ങൾ പ്രത്യേകം ഉണ്ടു്. നായർ ആക്ടു്, ഈഴവ ആക്ടു്, എന്നിങ്ങനെ മരുമക്കത്തായസമുദായക്കാരെ ബന്ധിക്കുന്ന ചില പ്രത്യേക നിയമങ്ങളും ഇവിടെ ഉണ്ടു്. പണ്ടിരുന്ന രീതിയിൽനിന്നും യാതൊരു വ്യത്യാസവും വരുത്താതെതന്നെ ഇപ്പോഴും മരുമക്കത്തായ നിയമം അനുസരിച്ചുപോരുന്ന പല സമുദായങ്ങളും ഇവിടെ ഉണ്ടു് മരുമക്കത്തായ നിയമങ്ങൾ അനുസരിച്ചു് അല്പം ചില വ്യത്യാസങ്ങൾ വരുത്തിയിട്ടുള്ള സമുദായങ്ങളും ഉണ്ടു്. ആ നിയമങ്ങൾ അനുസരിച്ചുനോക്കുമ്പോൾ ഈ പ്രൊവൈസോ ചേർക്കുന്നതു ശരിയല്ലെന്നാണു് എനിക്കു തോന്നുന്നതു്. ഉദാഹരണത്തിനു് ഈഴവ ആക്ടിന്റെ കാര്യംതന്നെ എടുക്കാം. ഈഴവ ആക്ടനുസരിച്ചു് ഒരു കുടുംബത്തിലെ പൂർവ്വികസ്ത്രീ ജീവിച്ചിരിക്കുന്ന കാലത്തു അവരിൽനിന്നും ഭാഗം നിർബ്ബന്ധമായി ആവശ്യപ്പെടാൻ കുടുംബത്തിലെ യാതൊരു അംഗത്തിനും അവകാശമില്ല. എന്നാൽ ഈ പ്രൊവൈസോ അനുസരിച്ചു് ആ പൂർവ്വികസ്ത്രീ ജീവിച്ചിരിക്കുന്ന അവസരത്തിൽതന്നെ ഏതെങ്കിലും ഒരു പുത്രനോ അല്ലെങ്കിൽ മറേറതെങ്കിലും അംഗമോ ഒരന്യമതം സ്വീകരിക്കുകയാണെങ്കിൽ അയാൾക്കു് നിർബ്ബന്ധമായി ഭാഗം ആവശ്യപ്പെടാൻ അവകാശമുണ്ടെന്നാണു് കാണുന്നതു്. ആ നിലക്കു നോക്കുമ്പോൾ ഈ പ്രൊവൈസോ ഈഴവ ആക്ടിനു് പ്രത്യക്ഷത്തിൽതന്നെ വിരുദ്ധമാണെന്നു് കാണാവുന്നതാണു്. അങ്ങിനെ രണ്ടു നിയമങ്ങളും അന്യോന്യം പൊരുത്തമില്ലാത്തതാണെന്നു കാണാൻ പ്രയാസമില്ല. മറെറാരു നിയമത്തിനു് വിരുദ്ധമായിത്തീരുന്ന ഈ പ്രൊവൈ

[Sri. V. Madhavan]

സോ ഈ ബില്ലിൽ ആവശ്യമില്ലെന്നുതന്നെയാണ് എന്റെ അഭിപ്രായം. ഇനി ഈ പ്രൊവൈസോ ചേർത്തിരുന്നാൽതന്നെയും മരുമക്കത്തായ നിയമപ്രകാരം നിബ്ബന്ധിച്ച് ഭാഗം ആവശ്യപ്പെടാൻ ഒരാൾക്ക് അവകാശമില്ല. അതുകൊണ്ട് പ്രൊവൈസോ ചേർത്താലും അത് ഉപയോഗമില്ലാത്തതായി തീരുകയേ ഉള്ളൂ. ഈ ബില്ലിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ, ഇതു് ഏററവും പുരോഗമനപരമായ ഒരു നിയമമാണെന്നു പറയുവാൻ എനിക്ക് സന്തോഷമുണ്ട്. ഇന്നീരാജ്യത്തു ആകമാനമുള്ള ജനങ്ങളുടെ ഹൃദയത്തെ പ്രതിഫലിപ്പിക്കുന്ന ഒരു നിയമമാണ് ഇതു്. ഇതു നടപ്പിൽവരുത്തുന്നതു് ജനങ്ങൾക്ക് സ്വാഗതാർഹം ആയിരിക്കുമെന്നുള്ളതിന് സംശയമില്ല. ഈ ബിൽ പാസാക്കുന്നതിൽ ഗവൺമെൻറ് മുൻകയ്യെടുത്തു എന്നുകാണുന്നതിലും ഞാൻ സന്തോഷിക്കുന്നു.

ശ്രീ. കെ. ആർ. ഇലങ്കത്തു്: എല്ലാവിഭാഗക്കാരെയും പൊതുവായി ബാധിക്കുന്ന ഒരു പിൻതുടർച്ചാവകാശനിയമം ഉണ്ടാക്കുന്നതു നന്നായിരിക്കുകയില്ലേ?

ശ്രീ. വി. മാധവൻ: എല്ലാവർക്കുംബാധകമാകുന്ന, ഐകരൂപ്യമുള്ള ഒരു പിൻതുടർച്ചാവകാശനിയമം ഉണ്ടാക്കണമെന്ന് ഈ സഭയിൽതന്നെ അഭിപ്രായമുണ്ടാകുകയും അതിലേക്കുവേണ്ടി ഒരു കമ്മററിയെ ഏർപ്പെടുത്തുകയും ഉണ്ടായിട്ടുണ്ട്. എന്നാൽ ആ കമ്മററിയെ ഇപ്പോൾ പിരിച്ചുവിട്ടിരിക്കുന്നതായിട്ടാണറിയുന്നതു്. അങ്ങിനെ ഒരു നിയമം ഇല്ലാത്തതുകൊണ്ട് പല പ്രയാസങ്ങളും നേരിടേണ്ടിവരുന്നുണ്ട്.

ശ്രീ. എസ്സ്. കുട്ടൻ: സർ, ഈ ബില്ലിനെ ഞാൻ സഹർഷം സ്വാഗതംചെയ്യുന്നു. ചീഫ് മിനിസ്റ്റർ, ഹിന്ദു ജായിൻറഫാമിലി, അല്ലെങ്കിൽ കൂട്ടുകുടുംബത്തിന്റെ സ്ഥിതിയും മററവും നല്ലതുപോലെ മനസിലാക്കിക്കൊണ്ടുതന്നെയായിരിക്കണം ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു് എന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ ബഹു: പല സ്നേഹിതന്മാരും ഒരു ഖേദഗതി എന്നോണം ഇവിടെ കൊണ്ടുവന്നതു്, ഈ ബിൽ നല്ലതുതന്നെ എങ്കിലും അതിൽ ചേർത്തിട്ടുള്ള പ്രൊവൈസോ ആവശ്യമില്ലാത്തതാണ് എന്ന അഭിപ്രായമാണ്. ഞാൻ പറയുന്ന സാധാരണ പരിതസ്ഥിതികളിൽ ഈ പ്രൊവൈസോ ഏററവും അത്യന്താപേക്ഷിതമാണെന്ന്. മനുഷ്യൻ സാർവ്വജനീനമായ പുരോഗതിക്കുവേണ്ടി വെമ്പൽകൊള്ളുന്നു എന്നുള്ളതു് പരമാർത്ഥമാണ്. ഒരുപക്ഷേ ഈ സന്ദർഭത്തിൽ ഈ പ്രൊവൈസോയെ പിൻതാങ്ങിക്കൊണ്ടു സംസാരിക്കുന്നതു യാഥാസ്ഥികത്വത്തിന്റെ പേരിലാണെന്ന ഒരാരോപണം ചിലർ കൊണ്ടുവന്നേക്കാം. എന്നാൽ പുരോഗമനത്തിന്റെപേരിൽ അഭിലഷിക്കാൻ എനിക്കും അവകാശമുണ്ടെന്നും അഭിലഷിക്കുന്നുണ്ടെന്നും പറയാൻ ഞാൻ മടിക്കുന്നില്ല. ക്രിസ്ത്യൻ സക്സഷൻ റഗ്ലേഷൻ നോക്കുകയാണെങ്കിൽ അവിടെ ഒരു കാരണവസ്ഥാനമോ മാനേജർ സ്ഥാനമോ ഒന്നുമില്ലെന്നു കാണാൻ കഴിയും. എന്നാൽ മരുമക്കത്തായ നിയമംനോക്കുകയാണെങ്കിൽ അവിടെ മാനേജ്മെൻറ് അല്ലെങ്കിൽ കാരണവസ്ഥാനം ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒന്നാണെന്നും കാണാം. ലോകം എത്രതന്നെ പുരോഗതി പ്രാപിച്ചാലും നിശ്ചയമായും നിന്നനിലയിൽനിന്നു ഒരൊററചാട്ടത്തിനു സകലതും തരണംചെയ്യാൻ സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. കാലം അതിന്റെ കവാടങ്ങൾ തുറന്നു അകത്തേക്കു തള്ളിവിടുന്നതുവരെ നാം പല മാററങ്ങൾക്കും വിധേയരാണ്. ഈ ചുരുങ്ങിയ കാലഘട്ടത്തിനിടയിൽതന്നെ വിശ്വസിക്കാൻ നിവൃത്തിയില്ലാത്തതും, പ്രതീക്ഷിച്ചിരിക്കാത്തതുമായ പല മാററങ്ങളും ഇവിടെ വന്നിട്ടുണ്ട്. ഇൻഡ്യയുടെ പുതിയ ഭരണഘടന രൂപീകരിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ മൗലികാവകാശങ്ങളെസംബന്ധിച്ച് ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വ്യവസ്ഥകൾ മനസിൽവച്ചുകൊണ്ട്, തിരുവിതാംകൂർ കൊച്ചി സംയോജനവും കഴിഞ്ഞു് ഒരു കേരള പ്രവിശ്യക്കുവേണ്ടി ജനങ്ങൾ അഭിലഷിക്കുന്ന ഈ സന്ദർഭത്തിൽ, സ്വാമി വിവേകാനന്ദൻ ഒരു കാലത്തു ഒരു വലിയ ഭ്രാന്താലയമാണെന്നു ആക്ഷേപിച്ച ഈ കേരളം ഒരു ശാന്തിശാലയായി രൂപാന്തരപ്പെട്ടു് ജാതിഭേദവും മതഭേദവും ഇല്ലാതെ സർവ്വരും സോദരത്വേന വാഴുന്ന ഒരു കാലം നമുക്ക് ഉണ്ടാകണമെന്നു് നാം അഭിലഷിക്കുന്നുണ്ടെങ്കിൽ നിശ്ചയമായും ഈമാതിരി നിയനിർമ്മാണം ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. ഓരോപടിയായി മുന്നോട്ടു പോവുക എന്നുള്ളതാണ് നമ്മുടെ ആവശ്യമെങ്കിൽ ഇന്നു നമ്മുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുന്നതു പോലെയുള്ള നിയമങ്ങളാണ് നമുക്ക് ആവശ്യമെന്ന് ആർക്കും മനസ്സിലാക്കാൻ സാധിക്കും. ഇതിലെ പ്രൊവൈസോയെപ്പററി പറയുകയാണെങ്കിൽ അതു ആവശ്യമില്ലെന്നു കാണുന്നസന്ദർഭത്തിൽ എടുത്തുകളയുന്നതിനുള്ള അവകാശ

നമുക്ക് അല്ലെങ്കിൽ ഇതുപോലെ ഒരു സഭക്ക് ഉണ്ടെന്നു നാം ഓർക്കണം. ഒരു ബഹു. മെമ്പർ ഈ പ്രൊവൈസോ ഈഴവ ആക്ടിനും മററുചില നിയമങ്ങൾക്കും വിരുദ്ധമാണെന്നു അഭിപ്രായപ്പെട്ടു. ആ അഭിപ്രായവും ശരിയാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. പൂർവ്വികസ്ത്രീ ജീവിച്ചിരിക്കുന്നകാലത്തു കുടുംബവസ്തു ഭാഗാഹം അല്ലാത്തസ്ഥിതിക്ക് ഭാഗം ആവശ്യപ്പെടാൻ അവകാശമില്ലതന്നെ. എന്നാൽ പൂർവ്വികസ്ത്രീയുടെ കാലംകഴിഞ്ഞു് തായ്‌വഴിയിലുള്ള അംഗങ്ങൾ ഭാഗം ചോദിക്കുമ്പോൾ അവരുടെ അവകാശങ്ങളെ സംബന്ധിക്കുന്ന റഗ്യുലേഷനുകൾ അതു അനുവദിച്ചിട്ടുണ്ട്. അതുകൊണ്ടു് അക്കാര്യത്തിലും ഈ പ്രൊവൈസോയ്ക്കു് എന്തെങ്കിലും ന്യൂനതയുണ്ടെന്നു എനിക്ക് തോന്നുന്നില്ല. എല്ലാവിഭാഗക്കാർക്കും, മതക്കാർക്കും, സമുദായക്കാർക്കും ഒരുപോലെ ആദരണീയവും സ്വാഗതാർഹവുമായ ഈ പ്രൊവൈസോ എടുത്തുകളയേണ്ട യാതൊരു ആവശ്യവും ഞാൻ കാണുന്നില്ല. ഹിന്ദുവും, ക്രിസ്ത്യാനിയും, മുസ്ലീമും എന്നല്ല മറേറതു മതക്കാരായാലും സൗഹാർദ്ദപൂർവ്വം സഹോദരന്മാരെപ്പോലെ ജീവിക്കുന്നതിനുള്ള ഒരു വ്യവസ്ഥ ഉണ്ടാക്കാൻ പാടില്ലെന്നാണോ പറയുന്നതെന്ന് ഈ ബില്ലിനെ എതിർക്കുന്നവരോടു ഞാൻ ചോദിക്കുന്നു. ഈ ബിൽ നിശ്ചയമായും ഇതേപടി തന്നെ പാസാക്കണമെന്ന് അഭ്യർത്ഥിക്കുകയും ഈ പ്രൊവൈസോയെ യാതൊരു മാററവും കൂടാതെതന്നെ ഇതിൽ ചേർക്കേണ്ടതാണെന്നു അഭിപ്രായപ്പെടുകയും ചെയ്തുകൊള്ളുന്നു.

ശ്രീ. വി. കെ. വർഗ്ഗീസ്: സർ, ഈ ബില്ലിൻെറ പ്രൊവൈസോയെപ്പററിയാണ് ഇവിടെ പ്രധാനമായി വാദപ്രതിവാദം നടന്നുകണ്ടതു്. അതിനെസംബന്ധിച്ച് രണ്ടുവാക്ക് പറയണമെന്ന് ഞാനും ആഗ്രഹിക്കുന്നു. ഈ പ്രൊവൈസോയിൽ വ്യക്തിപരമായ നിലയിലുള്ള അവകാശങ്ങളെന്നും റിപ്രസൻേററീവ് എന്ന നിലയിലുള്ള അവകാശങ്ങളെന്നും; ഇങ്ങനെ രണ്ടുഭാഗങ്ങൾ കാണുന്നുണ്ട്. അതായതു മാനേജർ അല്ലെങ്കിൽ കാരണവനെന്നുള്ളനിലയിൽ ഇന്നതെല്ലാം പാടില്ലെന്നും വ്യക്തിപരമായനിലയിൽ ഇന്നതെല്ലാം പാടില്ലെന്നും പറയുന്നുണ്ട്. മതവിശ്വാസം വ്യക്തിപരമായ ഒരു കാര്യമായതുകൊണ്ടു് മതംമാറിയാൽ കാരണവൻ എന്ന നിലക്കുള്ള അധികാരങ്ങൾ പ്രയോഗിക്കാൻ പാടില്ലെന്നു പറയുന്നതു ശരിയാണെന്നത്രെ എൻെറ അഭിപ്രായം. ഒരു ഹിന്ദു മതം മാറുന്നു എന്നു വിചാരിക്കുക. അതു അയാളുടെ വ്യക്തിപരമായ അവകാശമാണ്. അതു കുടുംബത്തിലെ കാരണവൻ ആയിരുന്നാൽ കാരണവനെന്നുള്ള സ്ഥാനം വീണ്ടും ഉണ്ടായിരിക്കണമെന്നുള്ള അഭിപ്രായം ശരിയല്ല. കുറച്ചുകൂടി വ്യക്തമായി പറയുകയാണെങ്കിൽ, ഇതിൽ റൈററ് ആഫ് റസിഡൻസിനെപററി പറയുന്നുണ്ട്. മതം മാറുന്നതുകൊണ്ടു് കാരണവനെന്ന നിലക്കുള്ള അവകാശങ്ങൾ പ്രയോഗിക്കാൻ പാടില്ലെന്നുള്ള അഭിപ്രായം ശരിയാണ്. എന്നാൽ വീട്ടിൽ താമസിക്കാൻ അവകാശമില്ലെന്നുവരുന്നതു നീതികരിക്കത്തക്കതല്ല. റൈററ് ആഫ് റസിഡൻസില്ലെന്നു വന്നാൽ കുടുംബത്തിലെ അവകാശം സ്ഥാപിച്ചു കിട്ടുന്നതിനുവേണ്ടി ഒരു വ്യവഹാരംകൊടുത്താൽ കോടതി മുഖാന്തിരം ആ അവകാശം സ്ഥാപിച്ചുകിട്ടുന്നതുവരെ വീട്ടിൽ താമസിക്കാൻ സാദ്ധ്യമല്ലെന്നുവരും. അതു വളരെ വിഷമകരമായ ഒരു എടുപ്പാടാണ്. അതു വളരെ കാലതാമസവുമുണ്ടാകും. അതുകൊണ്ടു് ഒരാൾ മതം മാറിയാൽ കാരണവൻ എന്ന നില നഷ്ടപ്പെടുന്നു എന്നും വീട്ടിൽ താമസിക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുമെന്നും ഉള്ള വിധം ഈ പ്രൊവൈസോ ഭേദഗതി ചെയ്യണമെന്ന് പറഞ്ഞുകൊണ്ടു് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഈ ബില്ലിൻെറ, സാധാരണയായി പറയുകയാണെങ്കിൽ, തത്വം എല്ലാവരും സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഇതു വേണ്ടിടത്തോളം പുരോഗമനപരമല്ലാ എന്നും അതുകൊണ്ടു കൂടുതൽ പുരോഗമനമാക്കുന്നതിനു ചില ഭേദഗതികൾ വരുത്തണമെന്നുമായിരുന്നു ഇവിടെ പ്രധാനമായി ഉന്നയിക്കപ്പെട്ട വാദമുഖങ്ങൾ. ഇതു ഒരു സോഷ്യൽ ലെജിസ്ലേഷനാണ്. ഒരു സോഷ്യൽ ലെജസ്ലേഷനെന്ന നിലയിൽ ഭൂരിപക്ഷം ആളുകളുടെ അഭിപ്രായം പ്രതിബിംബിപ്പിക്കേണ്ടതു അത്യാവശ്യമാണെന്നു ഗവർമ്മെണ്ടിനു തോന്നുന്നതിനാൽമാത്രമാണു ഈ ബില്ലിനു ഒരു പ്രൊവൈസോക്കൂടി ചേർക്കുന്നതിനു ഇടയായിട്ടുള്ളതു്. വ്യക്തിപരമായി പറയുകയാണെങ്കിൽ, ആ പ്രൊവൈസോ ആവശ്യമില്ലെന്നു ഞാനും അഭിപ്രായപ്പെടും. എന്നാൽ, ഇതൊരു സോഷ്യൽ ലെജിസ്ലേഷനായതുകൊണ്ടും, ഇന്നു ഈ യൂണിയനിലെ സ്ഥിതിഗതികൾ സൂക്ഷ്മമായി പരിശോധിച്ചതിൻെറ ഫലമായും ഇങ്ങനെയുള്ള ഒരു വിപ്ലവകരമായ മാററത്തിനു ഇവിടെയുള്ള ജനസാമാന്യം വിധേയമാകത്തക്കനിലയിൽ ഇവിടത്തെ ജനങ്ങൾ അത്രയ്ക്കു ഉയർന്നിട്ടുണ്ടോ എന്നു

[The Hon'ble Sri. T. K. Narayana Pillai]

ള്ളതിനെപ്പററി, സംശയമുണ്ടാകുന്നതുകൊണ്ടും മാത്രമാണു ഈ പ്രൊവൈസോ കൂടി ചേർക്കുന്നതിനു ഇടയായിട്ടുള്ളതു്. എന്നാൽ ഇങ്ങനെ ഒരു പ്രൊവൈസോയുടെ ആവശ്യമില്ല, നേരേമറിച്ചു്, എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. പട്ടംതാണുപിള്ള അവർകൾ വിഭാവനം ചെയ്യുന്നമാതിരിയിൽ, ഒരു കുടുംബത്തിൽ ഒരു നായർ, ഒരു ക്രിസ്ത്യാനി, ഒരു മുസ്ലിം ഇങ്ങനെ വിഭിന്ന ജാതിമതങ്ങളിൽപെട്ട ആളുകൾ എല്ലാവരുംകൂടി ഏററവും സ്നേഹത്തോടും സൗഹാർദ്ദത്തോടുകൂടി താമസിക്കുന്ന ഒരു കുടുംബത്തിൽ സൈ്വരമായ ഒരു ജീവിതത്തെകൂടി അനുവദിക്കുന്നതരത്തിൽ, അല്ലെങ്കിൽ അങ്ങനെയുള്ള കുടുംബങ്ങളെ ഉടനടി സൃഷ്ടിക്കത്തക്കനിലയിൽ ഇപ്പോൾ ഒരു ബിൽ അവതരിപ്പിക്കപ്പെടുന്നതു ശരിയല്ല എന്നു പറഞ്ഞാൽ, അതു എല്ലാവർക്കും സ്വീകാര്യമായിരിക്കുമോ എന്നു ഗവമ്മെണ്ടിനുതന്നെ സംശയമുണ്ടായിരിക്കുന്നതുകൊണ്ടാണു ഇങ്ങനെ ഒരു പ്രൊവൈസോ ചേർക്കുന്നതിനു ഇടയായിട്ടുള്ളതു.

In this connection, Sir, although not very relevant, I remember the pregnant words uttered two or three days ago by that great talented son of India, Dr. Ambedkar. We have to make it very plain that whatever may be our respect for some of those people, it should never amount to that political Chakti which was strongly condemned by Dr. Ambedkar. It is true that we have respect for them but that respect should not take ue to the extent of our lying down and taking without demur, without protest, all the impositions of the Government of India. It is certainly highhanded on the part of the Government of India if they try to allow unrestricted import into this land without thinking of the repercussions of our economy in the United State of Travancore and Cochin.

Now, Sir, it is our duty as a Government run by the Congress Party here to make them understand the strength of our feelings here. Now, if the impression goes round that the Government of India is influenced more by the millowners of Bombay and elsewhere, then by the interests of the peasants of India, it would be an evil day for our party. We are very much concerned about it. As a component part of the Congress, we would view the matter with sorrow if the Central Government comes to be condemned, viewed with anything but admiration by the people of India on this ground. Therefore, if not for any other reason, at least for this

reason, we should dispel the impression that matters are being dictated to by the capitalist interests of Bombay or Ahmedabad or other places. The Government of India must certainly consult our interests and then frame their fiscal policy so as not to injure our interests and without injuring our interests, to safeguard the interests of the industry elsewhere. With these words, I again very heartily support the motion. I do not think there was any serious dissentient voice here except in cases which I do not wish to call pathological, and in which they always opposed or proposed without any consideration of the merits of the question. Therefore I am so glad that there was unanimity in this House. I do not think there was any other problem discussed on the floor of this House which elicited such wonderful unanimity as on this question.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: ഇത്രയും പ്രധാനപ്പെട്ട ഒരു പ്രശ്നത്തെപ്പററിതന്നെയും ചില അഭിപ്രായവ്യത്യാസങ്ങളോടുകൂടി ഒന്നുരണ്ടു മെമ്പറന്മാർ പ്രസംഗിച്ചതു് വളരെ ഹൃദയവേദനയോടുകൂടിയാണു് ഞാൻ കേട്ടുകൊണ്ടിരുന്നതു്. രാഷ്ട്രീയമായ അഭിപ്രായവ്യത്യാസങ്ങൾ ഇത്രയധികം ദോഷകരമായ വാദഗതികളെ പ്രതിബിംബിപ്പിച്ചല്ലോ എന്നോർത്തു് വ്യസനിക്കുകയല്ലാതെ ഗത്യന്തരമില്ല. തമിഴ്നാട്ടു കോൺഗ്രസ്സു് പാർട്ടിയിൽപ്പെട്ട ഒന്നുരണ്ടു മാന്യന്മാർ പ്രമേയത്തെ എതിർത്തു പ്രസംഗിച്ചതുതന്നെയും രാഷ്ട്രീയമായ അഭിപ്രായവ്യത്യാസംകൊണ്ടാണെന്നു നമുക്കു് പൂർണ്ണമായും മനസ്സിലാക്കാൻ കഴിയും.

ശ്രീ. ഉദയഭാനു അവർകളുടെ കണക്കുകൾകൊണ്ടു് ഏററവും കൂടുതൽ നെൽ ഉൽപ്പാദിപ്പിക്കുന്ന അഗസ്ത്യീശ്വരം താലൂക്കിൽതന്നെയും നാളികേരം ഉൽപ്പാദിപ്പിക്കുന്ന സ്ഥലങ്ങളാണു് കൂടുതൽ എന്നു് മനസ്സിലാക്കാൻ കഴിഞ്ഞു. ആ നിലക്കു് കേരളത്തിന്റെ ഒരററം മുതൽ മററ അററംവരെയുള്ള ജനങ്ങളെ സാരമായി ബാധിക്കുന്ന ഒന്നാണു് നാളികേര കൃഷി എന്നു് നാം മനസിലാക്കണം.

സർ, നാം ഒരു വലിയ സാമ്പത്തിക വിഷമതയിലേക്കാണു് പൊയ്ക്കൊണ്ടിരിക്കുന്നതു്. നമ്മുടെ ഏററവും പ്രധാനമായ ഒരു വ്യവസായമാണു് കയർ വ്യവസായം. കയർവ്യവസായത്തിന്റെ അധഃപതനംകൊണ്ടു് നാം ഒരു ജീവിതമരണസമരത്തെ അഭിമുഖീകരിക്കുകയാണു് ചെയ്യുന്നതു്. നമ്മുടെ മററൊരു കുടിൽവ്യവസായമായ നെയിത്തു് അധഃപതിച്ചു് ജനങ്ങൾ വളരെയധികം വിഷമതകൾ അനുഭവിക്കുന്നുണ്ടു്. അതുപോലെതന്നെ പണമില്ലാത്തതുമൂലം ദൈനംദിനാവശ്യങ്ങൾക്കുള്ള സാധനങ്ങൾ വാങ്ങുന്നതിനുതന്നെയും നിവൃത്തിയില്ലാതെ ജനങ്ങൾ അനവധി ബുദ്ധിമുട്ടുകൾ അനുഭവിച്ചുപോരുന്നു. അങ്ങനെയിരിക്കുന്ന ഈ അവസരത്തിൽ കേരളത്തിലെ ജനങ്ങളുടെ ഏററവും പ്രധാനമായ ഉപജീവനമാർഗമായി ഇവിടത്തെ ജനങ്ങൾ ആശ്രയിച്ചുപോരുന്ന നാളികേരത്തിനു് ഏററവും ഭയങ്കരമായ ഒരു പ്രഹരമാണു് സിലോൺ കൊപ്രായുടെ ഇറക്കുമതിമൂലം സംഭവിക്കുവാൻ പോകുന്നതു്. എല്ലാ കഷ്ടതകൾക്കും മകുടം ചാർത്തുന്ന ഈ ദുരന്തദുരിതത്തിൽപോലും വിപരീതമായ അഭിപ്രായങ്ങൾ പുറപ്പെടുവിച്ചുകണ്ടതിൽ വിസ്മയിക്കുകയും വ്യസനിക്കുകയുമല്ലാതെ ഗത്യന്തരമില്ല.

സർ, നമ്മുടെ ബഹു. കോൺസാംബ്ലി അംഗങ്ങൾ ഇതിനെ സംബന്ധിച്ചു് ഇൻഡ്യാ ഗവൺമെണ്ടു മുമ്പാകെ കാര്യമായ നിവേദനങ്ങൾ നടത്തിയെന്നു ബഹു. മന്ത്രിയുടെ പ്രസ്താവനയിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞു. എന്നാൽ അതത്ര ലഘുവായിട്ടു് നടത്തിക്കളയാവുന്ന ഒരു കാര്യമല്ല. ഫ്രൻ ര്ന്യ—ൽ ഉണ്ടായ ഒരു സംഗതിയെപ്പററി ശ്രീ. ഉദയഭാനു പറയുകയുണ്ടായി. മുതലാളിമാരെ സഹായിക്കാനുള്ള ഒരേർപ്പാടാണിതെന്നും ഇവിടെ പറയുകയുണ്ടായി. അതു വളരെ പരമാർത്ഥമാണു്. സോപ്പുവ്യവസായത്തിനു് ഒഴിച്ചുകൂടാൻ പാടില്ലാത്ത വെളിച്ചെണ്ണ എത്രയും കുറഞ്ഞ വിലക്കു് കിട്ടേണ്ടതു സോപ്പുവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ഇൻഡ്യയിലെ വൻകിടമുതലാളിമാരുടെ ആവശ്യമാണു്. ഇൻഡ്യയിൽ നാളികേരം ഉൽപ്പാദിപ്പിക്കുന്നതു് പ്രധാനമായി കേരളത്തിൽ മാത്രമാണു്. എന്നാൽ കഴിയുന്നിടത്തോളം കുറഞ്ഞ വിലക്കു് വെളിച്ചെണ്ണ കിട്ടുക എന്നുള്ളതു് മുതലാളിമാരുടെ ആവശ്യവുമാണു്. ആ ഉദ്ദേശത്തോടുകൂടിയാണു് ഇൻഡ്യാ ഗവൺമെണ്ടിനെ അവർ ഫലപ്രദമായി പ്രേരിപ്പിച്ചു് ഈവിധ നടപടികളെടുക്കാൻ നിർബ്ബന്ധിതരാക്കി തീർത്തിട്ടുള്ളതു്. നമ്മുടെ ബഹു. കോണസാംബ്ളി അംഗങ്ങൾ കേന്ദ്രഗവൺമെണ്ടിലെ മന്ത്രിമാരുടെ മുമ്പിൽ കാര്യമായി കൊണ്ടുചെന്ന ഈ സംഗതിപോലും അതർഹിക്കുന്ന ഗൗരവത്തോടെ പരിഗണിക്കാതെ പ്രധാന ഇഷ്യുവിൽനിന്നു ഏതാണ്ടു് ഒഴിഞ്ഞുമാറിക്കളഞ്ഞതുകാര്യവും നാം കാര്യമായി ചിന്തിക്കേണ്ട ഒന്നാണു്. ഇതിൽനിന്നും നാം മനസ്സിലാക്കേണ്ടതു ഈ പ്രശ്നം പരിഹ

[Sri. P. Kunjukrishnan]

രിക്കണമെങ്കിൽ നമ്മടെ ഗവമ്മെണ്ടിന്റെ സർവ്വശക്തികളും കേന്ദ്രീകരിച്ച് ശരിയായ ഒരു പരിപാടിയോടുകൂടി പ്രവത്തിക്കേണ്ടിയിരിക്കുന്നു എന്നാണ്. നാളികേരം കേരളത്തിനു പുറത്തുള്ള സ്ഥലങ്ങളിൽ ഉൽപ്പാദിപ്പിക്കുന്നില്ല എന്നുള്ള ഒരു കാരണംകൊണ്ടുമാത്രം അതിനെ കാര്യമായി ഗണിക്കാതിരിക്കുന്നതു ശരിയല്ല. നാളികേരം ഇവിടെ മുതലാളിമാരുടെ ഒരു കൃഷിയല്ല. രണ്ടു സെൻറുമുതൽ രണ്ടേക്കർവരെയുള്ള ഭൂമികളിലാണ് നാളികേരം ഇവിടെ അധികവും കൃഷി ചെയ്യപ്പെടുന്നതു്. ഒരു പാവപ്പെട്ട കേരളീയന് അവന്റെ ഉപജീവനത്തിനുള്ള ആദായമാർഗ്ഗമാണ് നാളികേരം. എന്നാൽ ശ്രീ. വർഗീസ് പറഞ്ഞതു പോലെ നാളികേരംമാത്രം തിന്നു ജീവിക്കാൻ കഴിയുമെന്ന് കേരളീയരാരും വിചാരിക്കുന്നില്ല. നാളികേരം വിററു പണമുണ്ടാക്കി അതുകൊണ്ട് ആഹാരസാധനങ്ങൾ വാങ്ങി കഴിക്കുകയാണ് സാധാരണ മനുഷ്യർ ചെയ്യുന്നതു്. കണ്ണൂരുനു നടക്കുന്ന ആക്കും കാണാൻ കഴിയുന്ന ഒരു പരമാത്ഥമാണിതു്. കന്യാകുമാരിമുതൽ ഗോകർണ്ണംവരെയുള്ള ജനങ്ങളുടെ നിത്യാവശ്യസാധനങ്ങൾ സമ്പാദിക്കുന്നതിന് ഉപകരിക്കുന്ന നാളികേരത്തിന് നേരിട്ടിരിക്കുന്ന വിലയിടിവുമൂലം ഉണ്ടാകുന്ന ഗുരുതരമായ അവസ്ഥയെ നേരിടുന്നതിന് നമ്മുടെ ബഹു. കോൺസാംബ്ളി മെമ്പറന്മാരും ഗവമ്മെണ്ടും ഒത്തൊരുമിച്ച് പ്രവത്തിക്കേണ്ടതാണെന്നും ഊന്നിപറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതോടുകൂടി ഈ പ്രശ്നം അതർഹിക്കുന്ന ഗൌരവത്തോടുകൂടിത്തന്നെ ജനസാമാന്യത്തെ മനസ്സിലാക്കുകയും, ജനസാമാന്യത്തിന്റെ പൂണ്ണമായ പിൻതുണ ഇതിനുണ്ടെന്നു ഇൻഡ്യാ ഗവമ്മെണ്ടിനെ മനസ്സിലാക്കുകയും, ചെയ്യേണ്ടതാണ്. പ്രധാനമന്ത്രി പണ്ഡിത നെഹറുവിനേയും സർദാർ പട്ടേലിനേയും കണ്ടു നിവേദനങ്ങൾ നടത്തുകയും, അങ്ങിനെ അതിനു പരിഹാരം ഉണ്ടാക്കുകയും ചെയ്യേണ്ടതാണ്. ഇവിടെ ഒരു നാളികേരബോർഡ് രൂപീകരിച്ചതും മററും യശശരീരനായ ശ്രീ. ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള മുതലായവരുടെ ശ്രമത്തിലാണ്. നാളികേരം കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു നിത്യാവശ്യസാധനമാണ്. അതൊരിക്കലും ഒരു ലക്ഷ്വറിസാധനമല്ല. സോപ്പ് ഒരുപക്ഷേ ലക്ഷ്വറിസാധനമായിരിക്കാം. അതു കുറെ കുറച്ചുണ്ടാക്കിയാലും തരക്കേടൊന്നുമില്ല. ഏററവും പ്രധാനപ്പെട്ട നമ്മടെ ആഹാരപ്രശ്നം പരിഹരിക്കാതെ സോപ്പുനിർമ്മാണത്തിന് പ്രാധാന്യം കൽപ്പിക്കുന്നതു ശരിയല്ല. ഒരു കൈകൊണ്ടു ചെയ്യുന്ന ദാനത്തെ മറുകൈകൊണ്ട് തിരിച്ചെടുക്കുന്ന ഈ നയത്തെ കഠിനകഠിനമായിട്ട് പ്രതിഷേധിക്കാനുള്ള അവകാശം നമ്മടെ ഗവമ്മെണ്ടിനുണ്ട്. അതുകൊണ്ട് നമ്മടെ ഗവമ്മെണ്ടും ബഹു. മന്ത്രി പറഞ്ഞതുപോലെ സെൻട്രൽ ലജിസ്ലേച്ചറിലെ ബഹു. മെമ്പറന്മാരും വേണ്ടിവന്നാൽ ഈ ഇഷ്യുവിൽ അവരുടെ സ്ഥാനങ്ങൾ രാജിവെച്ചും നാളികേരത്തെ രക്ഷിക്കാൻ ബാദ്ധ്യസ്ഥരാണ്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള : സർ, ഈ പ്രമേയത്തെ അനുകൂലിച്ച് സംസാരിക്കുവാനാണ് ഞാനുദ്ദേശിക്കുന്നതു്. ഈ പ്രമേയം അവതരിപ്പിച്ച ബഹുമാനപ്പെട്ട മെമ്പറും ഇതിനെ പിൻതാങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങളും പറഞ്ഞ വാദങ്ങളേയും ഈ രാജ്യത്തുണ്ടായിട്ടുള്ള സ്ഥിതിഗതികളെ അഭിമുഖീകരിക്കുന്നതിൽ അവർ പ്രകടിപ്പിച്ച സന്നദ്ധതയേയും മനസ്സിലാക്കുവാനും അതിലടങ്ങിയ തത്വത്തെ ആദരിക്കുവാനും എനിക്ക് യാതൊരുവിക്ഷമവുമില്ല. പക്ഷെ ബഹുമാനപ്പെട്ട മന്ത്രി, ശ്രീമതി ആനിമസ്ക്രീൻ ഡൽഹിയിൽ ചെന്നപ്പോൾ അവിടെവച്ചു കണ്ടതായ നാലു മെമ്പറന്മാർ കൂടിച്ചേന്നു ഇതിനെ സംബന്ധിച്ച് ഒരു മെമ്മോറാണ്ടം കൊടുത്തു എന്ന് ഇവിടെ പറയുകയുണ്ടായി. എന്തിനുവേണ്ടി, എന്തുദ്ദേശത്തോടുകൂടി എന്നെനിക്ക് മനസ്സിലാകുന്നില്ല. ഇന്ന് ഇൻഡ്യൻ ലെജിസ്ലേററീവ് അസംബ്ലിയിൽ നടന്നതായി പത്രത്തിൽ റിപ്പോർട്ട് ചെയ്തതിൻപ്രകാരം വേറെ ഒരു ബഹുമാനപ്പെട്ട മെമ്പർ ഇതിനെപ്പററി ഒരു അടിയന്തിര പ്രമേയം അവതരിപ്പിച്ചുകൊണ്ട് ചോദിച്ച ഒരു ചോദ്യത്തിനുത്തരമായി സിലോൺകൊപ്ര ഇൻഡ്യയിൽ ഇറക്കുമതി ചെയ്യുന്നതിനു നാളിതുവരെ യാതൊരു പ്രൊഹിബിഷനും നൽകിയിട്ടില്ല എന്നു അവിടത്തെ കാമേഴ്സ് മെമ്പർ പറഞ്ഞ മറുപടിയിൽ ഇവിടെനിന്നും നമ്മൾ അയച്ചിട്ടുള്ള മെമ്പറന്മാർ തൃപ്തിപ്പെട്ടുകൊണ്ട് ആ അടിയന്തിര പ്രമേയം പ്രസ്സ് ചെയ്യില്ല എന്നും അങ്ങനെ അതു് പിൻവലിക്കപ്പെടുകയാണുണ്ടായതെന്നും മനസ്സിലാക്കുവാൻ കഴിഞ്ഞു്. ഈ കൊപ്രയുടേയും നാളികേരത്തിന്റേയും മററു കേരോല്പന്നങ്ങളുടേയും വിലക്കുറവു എന്തുകൊണ്ടുണ്ടായി; അതുകൊണ്ട് ദൈനംദിനം നാട്ടുകാർക്കുണ്ടായിക്കൊണ്ടിരിക്കുന്ന അവശതകൾ എന്തെല്ലാം

എന്നുള്ളതിനെപ്പററിയും മററും ഈ അസംബിളിയിൽതന്നെ ഒന്നിലധികം തവണ ബഹുമാനപ്പെട്ട മെമ്പറന്മാർ പലരും പറയുകയുണ്ടായിട്ടുണ്ട്. പലതവണ അതു് ഇവിടെ ചർച്ചാവിഷയം ആയിട്ടുമുണ്ട്, എന്നിട്ടും ഗവമ്മെണ്ടു് ബഞ്ചസ്സ് ഇതൊന്നും അറിയാതിരിക്കുന്നതു് വളരെ കഷ്ടമായിരിക്കുന്നു. ഇപ്പോഴും അവർ പറയുന്ന മറുപടി ഞങ്ങൾ ഇൻഡ്യാ ഗവമ്മെണ്ടിനെ സമീപിച്ചിട്ടുണ്ട്, എഴുത്തുകുത്തുകൾ നടത്തുന്നുണ്ട്, അവരോടു സംസാരിക്കുന്നുണ്ട്, അങ്ങലിൽ എഴുത്തുകൾ വരുന്നുണ്ട്, വേണ്ടതെല്ലാം ചെയ്യുന്നുണ്ട് എന്നാണു്. ഇതൊക്കെ ചെയ്തിട്ടു എന്തു ഫലമുണ്ടായി എന്നു് ഞാൻ ചോദിക്കുന്നു. ഞങ്ങൾ ഇതെല്ലാം ചെയ്തിട്ടും ഞങ്ങൾക്കൊന്നും കിട്ടുന്നില്ല എന്നവർ സങ്കടപ്പെടുന്നു.

സർ, ഈമാതിരിയുള്ള കാര്യങ്ങളിൽ ഇതു് സംബന്ധിച്ചുള്ള ശരിയായ പരിജ്ഞാനവും പരിചയവുമുള്ള ആരെങ്കിലും ഒരാൾ ഈ തിരുവിതാംകൂറിലുണ്ടോ എന്നാണു് ഞാൻ ചോദിക്കുന്നതു്. ഇവിടെ എത്രമാത്രം നാളികേരം ഉണ്ടു്, നാളികേരത്തിൽ നാം അധഃപതിക്കുകയാണോ, അഥവാ അഭിവൃദ്ധിപ്പെടുകയാണോ ചെയ്യുന്നതു്, അതിനുള്ള കാരണമെന്തെല്ലാം, നമ്മുടെ കാർഷികോല്പന്നങ്ങളെപ്പററി പൊതുവെയും കേരോല്പന്നങ്ങളെപ്പററി പ്രത്യേകിച്ചും ഇൻഡ്യാ ഗവമ്മെണ്ടു് മേലാൽ അനുവർത്തിച്ചുവരുന്ന നയം എന്താണു്, ആ നയം സ്വീകരിക്കുന്നതിൽ നമ്മുടെ ഗവമ്മെണ്ടിനു് എന്തെല്ലാം തരത്തിലുള്ള സ്വാധീനം ചെലുത്തുവാൻ കഴിയും, ഈവക കാര്യങ്ങളെപ്പററി സമഗ്രമായി പഠിച്ചു് ശ്രദ്ധാപൂർവ്വം പ്രവർത്തിക്കുവാൻ ഈ ഗവമ്മെണ്ടു് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ? ഇവിടുത്തെ ജനങ്ങളുടെ ദൈനംദിനജീവിതത്തെ സാരമായി സ്പർശിക്കുന്ന ഈ വക കാര്യങ്ങളെപ്പററി ഈമാതിരിയുള്ള വിദഗ്ദ്ധജ്ഞാനം, സമ്പാദിക്കേണ്ടതു് ഗവമ്മെണ്ടിന്റെ അപരിത്യാജ്യമായ ഒരു കടമയാണു്. അവർ കേരോല്പന്നങ്ങൾക്കു് എന്തുനയമാണവലംബിക്കുന്നതു്, ഫ്രീട്രെയിഡാണോ, പ്രൊട്ടക്ഷൻട്രെയിഡാണോ എന്നറിയാൻ ഗവമ്മെണ്ടിനു് എന്തെങ്കിലും മാർഗ്ഗമുണ്ടോ? ഇതൊന്നും ആലോചിക്കാതെയും അതിനുള്ള കടമയെപ്പററി ചിന്തിക്കാതെയും ബഹുമാനപ്പെട്ട മന്ത്രി ശ്രീമതി അനിമസ്ക്രീൻ ഇവിടെ പറയുന്നു ഞങ്ങൾ എന്തിനോ അവിടെപോയി, എന്തോ ഒന്നു എഴുതികൊടുത്തു എന്നു്. ഇവിടുത്തെ ഗവമ്മെണ്ടു് ഇതു് ഒരു ഇൻറർസ്റ്റേറ്റു് പ്രശ്നമാക്കി എടുത്തുകൊണ്ടു് ഇൻഡ്യാഗവമ്മെണ്ടിലേക്കു് ശരിയായ നിലയിൽ ഒരെഴുത്തയച്ചിട്ടുണ്ടോ എന്നു് ഞാൻ ചോദിക്കുന്നു. ഇല്ലെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. എന്തായാലും എനിക്കു് ഇതുവരെ അങ്ങനെ ഒരെഴുത്തയച്ചിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടില്ല.

ഞാൻ മുൻപറഞ്ഞതുപോലെ ഇൻഡ്യാഗവമ്മെണ്ടിലെ കാമേഴ്സു മെമ്പർ സിലോൺ കൊപ്രായ്ക്കു് ഇതുവരെ പ്രൊഹിബിഷൻ ഉണ്ടായിട്ടില്ലെന്നും, ഇൻഡ്യയും സിലോണുമായി ഇതുസംബന്ധിച്ചു് യാതൊരു എഗ്രിമെൻറും നടത്തിയിട്ടില്ലെന്നും പറയുന്നതു ശരിയാണെങ്കിൽ അതുസംബന്ധിച്ചു് ഗവമ്മെണ്ടു് എന്തു നടപടി നടത്തി എന്നു് ഞാൻ ചോദിക്കുന്നു. ഈ നിവേദകന്മാർ ഡൽഹിയിൽപോയി നമ്മുടെ നാളികേരോല്പന്നങ്ങൾക്കു് പ്രൊട്ടക്ഷൻ വേണമെന്നുവാദിച്ചോ? സിലോൺ കൊപ്ര ഇവിടെ ഇറക്കുമതി ചെയ്യുകയാണെങ്കിൽ അതു് ഇന്ന വില്ക്കുമാത്രമെ പാടുള്ളു എന്നു് ഇവർ ഇൻഡ്യാ ഗവമ്മെണ്ടിനു് നിർദ്ദേശം കൊടുത്തുവോ? തിരുവിതാംകൂർ ഗവമ്മെണ്ടിന്റെ അംഗീകാരം അല്ലെങ്കിൽ അഭിപ്രായമെങ്കിലും ഈ വിഷയത്തിൽ ഇൻഡ്യാ ഗവമ്മെണ്ടു് ആരായുമോ? ഈവക കാര്യങ്ങളിൽ ഇൻഡ്യാ ഗവമ്മെണ്ടിനെ പ്രേരിപ്പിക്കുവാനും അതനുസരിച്ചു് നമ്മുടെ നിവേദനത്തെ കാര്യമായി ശ്രദ്ധിക്കുവാനും ഈ ഗവമ്മെണ്ടു് ഇതുവരെ എന്തെങ്കിലും ചെയ്തിട്ടുണ്ടോ? ഫലംകൊണ്ടു് യാതൊന്നും ചെയ്തിട്ടില്ലെന്നുപോലും ഊഹിക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഈ മാതിരി സകലകാര്യങ്ങളിലും ഗവമ്മെണ്ടു് ശ്രദ്ധാപൂർവ്വം പ്രവർത്തിക്കേണ്ടതായുണ്ടു്.

ഈ രാജ്യത്തെ ഡ്യൂട്ടി, എക്സ്പോർട്ട്, മുതലായ കാര്യങ്ങളിൽ ഇൻഡ്യാ ഗവമ്മെണ്ടിനെ സമീപിച്ചു് പരിഹാരമുണ്ടാക്കണമെന്നുള്ള ഉദ്ദേശം നമുക്കുള്ള നിലയ്ക്കു് ഈ വിഷയങ്ങളെപ്പററി ശരിയായ പരിജ്ഞാനം സമ്പാദിച്ച വിദഗ്ദ്ധന്മാരുടെ ഉപദേശത്തോടു കൂടിയായിരിക്കണം ഗവമ്മെണ്ടു് അതിനുവേണ്ടി പ്രവർത്തിക്കേണ്ടതു്. ഇതിലേക്കു് വേണ്ട ഒരു എക്സ്പെർട്ട് ഡിപ്പാർട്ട്മെൻറുതന്നെ ഉണ്ടാകേണ്ടതാണു്. അങ്ങിനെ ഒരു എക്സ്പെർട്ട് ഡിപ്പാർട്ട്മെണ്ടു് ഇവിടെ ഉണ്ടായിരിക്കേണ്ട ആവശ്യംപോലും ഇപ്പോഴത്തെ ഗവമ്മെണ്ടു് ശരിക്കു് മനസ്സിലാക്കിയിട്ടുണ്ടോ എന്നു് ഞാൻ സംശയിക്കുന്നു. സർ, നമ്മുടെ രാജ്യം ഒരു കർഷകരാജ്യമാണെന്നു പറയുന്നു. ഇവിടെ ഒരു ഗ്രോമോർ ഫുഡ് കാമ്പെൻ നടത്തുന്നുണ്ടെന്നു്

[Sri. K. P. Nilakanta Pillai]

പറയുന്നു. അതിന്റെ ഫലം എന്തായെന്നു അറിയാറായിട്ടില്ല. അതിരിക്കട്ടെ, ഇങ്ങനെയുള്ള ഒരു കർഷകരാജ്യമായ ഈ നാട്ടിലെ തേങ്ങാ, മരച്ചീനി, കുരുമുളക്, ഏലം, തേയിലമുതലായ ഉല്പന്നങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി ഈ രാജ്യം എന്തു് നടപടികളാണ് എടുക്കേണ്ടതു്, എന്തു് നയമാണ് അതിനെപ്പററി സ്വീകരിക്കേണ്ടതു് എന്നുള്ള കാര്യങ്ങൾ ഡീലുചെയ്യുവാൻ ഇവിടെ ഏതെങ്കിലും ഒരു സെക്ഷനുണ്ടോ? ഗവമ്മെണ്ടിന് ഇതുസംബന്ധിച്ച് യാതൊരു വിവരവും ഗ്രഹിക്കുവാനുള്ള കെല്പോ, കഴിവോ, ആഗ്രഹമോ ഇല്ലാതെ കാര്യങ്ങൾ മുൻപോട്ടു കൊണ്ടുപോകുകയാണ് ചെയ്യുന്നതു്. ഇങ്ങിനെ നാം മുമ്പോട്ടുപോകുകയാണെങ്കിൽ നമുക്ക് ഇതിൽ കൂടുതൽ അമളികൾ പററുവാനിടയുണ്ടെന്നുകൂടി ഞാൻ ഭയപ്പെടുന്നു.

എന്തുകൊണ്ടാണ് സിലോൺ കൊപ്ര ഇൻഡ്യയിൽ വരുത്തണമെന്ന് ഇൻഡ്യാഗവമ്മെണ്ട് ആഗ്രഹിക്കുന്നതെന്ന് ഈ പ്രമേയത്തിന്റെ അവതാരകനോടു ഞാൻ ചോദിച്ചു. അതു് ഇൻഡ്യാഗവമ്മെണ്ടിന്റെ കാമേഴ്സു മെമ്പറിനോടു പോയി ചോദിക്കണമെന്ന് അദ്ദേഹം മറുപടി പറഞ്ഞു. രണ്ടാമതായി ഇവിടെ ഉണ്ടാക്കുന്ന ഉല്പന്നങ്ങൾ ഇവിടെത്തന്നെ, അതായതു് ഇൻഡ്യയിൽതന്നെ ചെലവാക്കാൻ സാധിക്കുകയില്ലെ എന്ന് ഈ പ്രമേയത്തെ പിൻതാങ്ങിയ ആ മാന്യനോടു ഞാൻ ചോദിച്ചു. ആ വിവരവും ഇൻഡ്യാ ഗവമ്മെണ്ടിൽ നിന്ന് അറിഞ്ഞുകൊള്ളാനാണ് എന്നെ അറിയിച്ചതു്. ഇങ്ങനെ ആ രണ്ടു ജോലിയും ഞാൻ തന്നെ നിർവ്വഹിച്ചുകൊള്ളുവാനായി പറഞ്ഞു. നമ്മുടെ പ്രതിനിധി ഡൽഹിയിൽ പോയി ഇതേപ്പററി ശക്തിയായി വാദിച്ച്, സർദാർ പട്ടേലിനേയും ആരോഗ്യമന്ത്രി രാജകുമാരി അമൃതകൗറിനേയും എല്ലാം സന്ദർശിച്ച്, എന്നു പറഞ്ഞു് സമാധാനപ്പെട്ടിരുന്നതുകൊണ്ട് കാര്യമായില്ല. സർ, ഇത്തരം സമാധാനവാദങ്ങൾതന്നെ വേണ്ടത്ര ഉത്തരവാദബോധത്തോടുകൂടി ചെയ്യുന്നതല്ലെന്നാണ് എനിക്ക് പറയാനുള്ളതു്. എന്തുമാത്രം തേങ്ങാ നമുക്കു കിട്ടും, അതിൽ എത്ര തേങ്ങാ ഇവിടെ ഉപയോഗപ്പെടുത്താം ഇത്രയും കാര്യങ്ങളെങ്കിലും ശരിയായി അറിയുവാൻ ഗവമ്മെണ്ടിന് കഴിഞ്ഞിട്ടുണ്ടോ? എന്റെ ചില തമിഴ്നാട്ടു സ്നേഹിതന്മാർ ഇവിടത്തെ ആവശ്യത്തിനു മതിയാകുന്നിടത്തോളം തേങ്ങാ ഇവിടെ ഉണ്ടാകുന്നില്ലെന്നു പറയുന്നതു് കേട്ടു. ഇവിടെയുണ്ടാകുന്നുണ്ട്. തമിഴനാട്ടിൽതന്നെ ഉണ്ടാകുന്നുണ്ട്, ഉള്ള തേങ്ങയെല്ലാം ആരുവാമൊഴിവഴി പുറത്തേക്കു പോകുകയാണ് ചെയ്യുന്നതു്. ഏതായാലും ഇവിടത്തെ തേങ്ങാ എവിടെയെല്ലാം ആവശ്യമുണ്ട്, ഇൻഡ്യയ്ക്കുള്ള ഡിമാൻഡ് എന്താണ്, മദ്രസിൽ ഡിമാൻഡുണ്ടോ എന്നുള്ള വിവരങ്ങളൊന്നും അറിയാതെ ഇവിടെ ഓരൊ കർഷകനും ഒന്നര സെൻറും ഒന്നരതെങ്ങുമാണുള്ളതു്. അതുകൊണ്ട് പ്രൊട്ടക്ഷൻ വേണം എന്നു പറഞ്ഞാൽ മാത്രം പോരാ. ഇൻഡ്യയ്ക്കു എത്ര സ്റ്റാക്ക് ആവശ്യമുണ്ടോ അതു് ഇവിടെ ഉണ്ട്. അതുകൊണ്ട് സിലോണിൽനിന്നും ഇറക്കുമതി ചെയ്യേണ്ട ആവശ്യമില്ല. അഥവാ ഇറക്കുമതി ചെയ്യണമെങ്കിൽ നമ്മുടെ ഇൻഡസ്ട്രിയെ രക്ഷിക്കത്തക്കവിധത്തിൽ ആയിരിക്കണം, അങ്ങനെയുള്ള വ്യവസ്ഥയോടുകൂടി മാത്രമെ ഇറക്കുമതി ചെയ്യാവൂ എന്ന് പറയണം. അതിന് ഇൻഡ്യാ ഗവമ്മെണ്ടിനെ പ്രേരിപ്പിക്കണം. ഇതിലേക്ക് ഗവമ്മെണ്ടിന് എന്തെങ്കിലും ഒരു നയമുണ്ടോ? ഒരു പ്ലാൻ ഉണ്ടോ എന്ന് ഞാൻ ചോദിക്കുന്നു. ഇതിന് ആവശ്യമായ സ്ഥിതിവിവരക്കണക്കുകൾ ഗവമ്മെണ്ട് ശേഖരിച്ചിട്ടുണ്ടോ? ഇതൊന്നും ചെയ്യാതെ ചുമ്മാ അങ്ങു ഇരിച്ചാൽ മതിയോ? മോഷണം നടന്നുകഴിഞ്ഞു, മോഷ്ടാവുംപോയി, തൊണ്ടിയും പോയി ഒടുവിൽ പട്ടി കിടന്നു കുരയ്ക്കുന്നതുപോലെ അവിടംവരെ ഒന്നുപോയി, ഇവിടെ വന്നു ഒന്നെഴുതി, ഒരു മെമ്മോറാണ്ടവും കൊടുത്തു എന്നുപറഞ്ഞാൽ മതിയോ? നാളികേരകൃഷിയേയും, നാളികേര വ്യവസായത്തേയും സംപുഷ്ടമാക്കുവാൻ ഗവമ്മെണ്ടുദ്ദേശിക്കുന്നുണ്ടെങ്കിൽ അതു് അധപ്പതിക്കാതിരിക്കുവാനുള്ള എന്തെങ്കിലും നിവാരണമാർഗ്ഗങ്ങൾ ഗവമ്മെണ്ട് സ്വീകരിച്ചിട്ടുണ്ടോ എന്നും, സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും ഞാൻ ചോദിക്കുന്നു. ഇതേപ്പററിയൊന്നും ഗൗനിക്കാതെ വരുന്നതെല്ലാം വരട്ടെ, പോരാത്തതു് ഇൻഡ്യാ ഗവമ്മെണ്ട് തന്നുകൊള്ളും എന്ന് വിചാരിച്ചിരുന്നാൽ പോരാ. സിലോണിലും മററുമുള്ള എസ്റ്റേററ് ഉടമസ്ഥന്മാരോടു മത്സരിക്കുവാൻ നമുക്ക് ശേഷിയില്ലെന്നു മനസ്സിലാക്കിക്കൊണ്ട് ഇവിടത്തെ തെങ്ങുകൃഷിക്കാർക്ക് ഗവമ്മെണ്ട് എന്തു സഹായങ്ങൾ ചെയ്യുന്നു. അതിലേക്ക് എന്തെങ്കിലും ആർഗനൈസേഷൻ വേണമെന്നു ഗവമ്മെണ്ട് വിചാരിക്കുന്നുണ്ടോ? ഇതു് സംബന്ധിച്ച് എന്തെങ്കിലും പ്രചരണം നടത്തിയിട്ടുണ്ടോ? നാളികേരമൊ, നാളികേരോല്പന്നങ്ങളൊ ഇവിടെനിന്നും സുഗമമായും വിലക്കുറ

വിലും കയററി അയയ്ക്കുവാൻ ഏതെങ്കിലും ഏജൻസിയൊ മററു ആർഗനൈസേഷനൊ ഇവിടെയുണ്ടോ? ഒന്നുമില്ല. ഇങ്ങനെയാണൊ ഗവമ്മെണ്ടു് പ്രവത്തിക്കേണ്ടതു? സ്റ്റേററിലെ ജനങ്ങളെ ആകമാനം ബാധിക്കുന്ന, അവരുടെ നിത്യജീവിതത്തെ സാരമായി സ്പൃശിക്കുന്ന ഒരു കാര്യത്തെ സംബന്ധിച്ചു് ഗവമ്മെണ്ടു് എടുക്കേണ്ട മനോഭാവം ഇതാണോ? എന്നാണു് ഞാൻ ചോദിക്കുന്നതു്. ഞങ്ങൾ മൂന്നുനാലു പേർ ഡൽഹിയിൽ പോയി എന്നു പറഞ്ഞു വെറുതെയിരുന്നാൽ മതിയോ? അതുകൊണ്ടു് ഇതിലേക്കു് ഒരു എക്സ്പെട്ട് സെക്ഷൻതന്നെ ഏപ്പെടുത്തി വേണ്ട നടപടികൾ നടത്തണമെന്നുള്ള നിർദ്ദേശത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

ബഹു: ശ്രീ. എൻ. കുഞ്ഞുരാമൻ : സർ, അതിപ്രധാനമായ ഈ പ്രശ്നത്തെ സംബന്ധിച്ചു സുദീർഘമായ ഒരു വാദപ്രതിവാദം നടക്കുവാൻ ഇടയായതിൽ ഗവമ്മെണ്ടിനു് അതിയായ സന്തോഷമുണ്ടു്. വാദപ്രതിവാദവേളയിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള ചില നിർദ്ദേശങ്ങളേയും, ആ വാദപ്രതിവാദത്തിൽ അടിസ്ഥാനമായ തത്വങ്ങളേയും സ്വാഗതം ചെയ്യുവാൻ ഗവമ്മെണ്ടു് ആഗ്രഹിക്കുന്നുമുണ്ടു്. പ്രമേയ പ്രയോക്താവുതന്നെ ഏററവും ആധുനികമായ ചില സ്ഥിതിവിവരകണക്കുകൾ ഇതുസംബന്ധിച്ചു നൽകുകയുണ്ടായി. എന്നാൽ അദ്ദേഹം നൽകിയ സ്ഥിതിവിവരകണക്കുകൾകൊണ്ടു് എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള സമാധാനപ്പെട്ടില്ല. അദ്ദേഹം ചില ചോദ്യങ്ങൾ ഇവിടെ ന്യായമായി ചോദിക്കുകയുണ്ടായി. അറിയേണ്ട ചില കാര്യങ്ങളാണു് അദ്ദേഹം ആവശ്യപ്പെട്ടതു്. എന്നാൽ ഇതുസംബന്ധിച്ചു് ഇവിടെ എന്തെല്ലാം ചെയ്തിട്ടുണ്ടെന്നോ, എങ്ങനെയാണു ഇപ്പോഴത്തെ സ്ഥിതിഗതികൾ, ഇരിക്കുന്നതെന്നോ ശരിയായി മനസിലാക്കുന്നതിനു മുമ്പു് വളരെ ക്ഷോഭത്തോടുകൂടി അദ്ദേഹം സംസാരിക്കുകയാണുണ്ടായതു്. അദ്ദേഹത്തെ പരിചയമുള്ള ആർക്കും ഇതിൽ പരിഭവമുണ്ടാകാനിടയില്ല.

സിലോൺകൊപ്രാ ഇറക്കുതിയെ സംബന്ധിച്ചും, ഇവിടത്തെ കൊപ്രയുടെയും എണ്ണയുടെയും നിലകളെ സംബന്ധിച്ചും മമററമാണു് ശ്രീ. കെ. പി. നീലകണ്ഠപിള്ള ചോദിച്ചതു്. സിലോൺകൊപ്രയുടെ ഇറക്കുമതിയെപ്പററി ഗവമ്മെണ്ടിനു യാതൊരു ഔദ്യോഗികമായ അറിവും ഇതുവരെ ലഭിച്ചിട്ടില്ല. എന്നാൽ ചില പത്രങ്ങളിൽ കണ്ട വാർത്തകളെ അടിസ്ഥാനമാക്കി സമയത്തിനുതന്നെ ഇക്കാര്യത്തിൽ പ്രവത്തിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി ഗവമ്മെണ്ടു് ഇതു സംബന്ധിച്ചു എഴുത്തുകുത്തുകൾ നടത്തി. നവംബർ രണ്ടാംവാരത്തിൽതന്നെ ഈ സംഗതിയെസംബന്ധിച്ചു ഇൻത്യാഗവമ്മെണ്ടിനു് ഒരു കത്തെഴുതി. നമ്മുടെ സെൻട്രൽഗവമ്മെണ്ടും സെൻട്രൽകോക്കനട്ടു് കമ്മിററിയും തമ്മിൽ ഇതു സംബന്ധിച്ചു എന്തെങ്കിലും എഴുത്തുകുത്തുകൾ നടത്തിയിട്ടുണ്ടോ എന്നും ഗവമ്മെണ്ടു ആരാഞ്ഞു. അവരിൽനിന്നും ചില നിർദ്ദേശങ്ങൾ ഈ ഗവമ്മെണ്ടിനു കിട്ടിയിട്ടുണ്ടു്. ഫ്രൻ ര ്ഡ്ൽ ഏതാണ്ടു ഇതുപോലെ ഒരു ശബ്ദം ഉണ്ടായപ്പോൾ ഇൻഡ്യൻ കോക്കനട്ടുകമ്മിററി ഇതുസംബന്ധിച്ചുള്ള അവരുടെ അഭിപ്രായം ഇൻഡ്യാഗവമ്മെണ്ടിനെ അറിയിച്ചിരുന്നു. അന്നു അവർ പറഞ്ഞിരുന്നതു നിവൃത്തിയില്ലെങ്കിൽ ഒരു ലക്ഷം ടൺ കൊപ്രാമാത്രമെ സിലോണിൽനിന്നും ഇൻഡ്യയിൽ ഇറക്കുമതിചെയ്യാവു എന്നാണു്. അങ്ങനെ ഇറക്കുമതി ചെയ്യുന്ന കൊപ്രായ്ക്കു ഇൻഡ്യയിൽ നിലവിലിരിക്കുന്ന വിലയുടെ പത്തുശതമാനം കൂടുതൽ വിലവച്ചുമാത്രമെ വിൽക്കാവു എന്നനിലയിൽ വേണ്ട താരിപ്പു ചുമത്തണമെന്നും അവർ ആവശ്യപ്പെട്ടു. അതുപോലെ എണ്ണയ്ക്കു കൂടുതൽ തീരുവ ചുമത്തണമെന്നും തൻമൂലം എണ്ണയുടെ ഇറക്കുമതി കുറക്കണമെന്നും അവർ ആവശ്യപ്പെട്ടു. ഇൻഡ്യാഗവമ്മെണ്ടിൽനിന്നും സെൻട്രൽ കോക്കനെട്ടു് കമ്മിററിക്കു കൊടുത്തിട്ടുള്ള മറുപടിയിൽ ഇതു സംബന്ധിച്ചു എന്തെങ്കിലും തീരുമാനം ഇൻഡ്യാഗവമ്മെണ്ടും സിലോൺ ഗവമ്മെണ്ടുമായി ഉണ്ടാകുമ്പോൾ കമ്മിററിയുടെ അഭിപ്രായംകൂടി പരിഗണിക്കുന്നതായിരിക്കും എന്നു പറഞ്ഞിരുന്നു. എന്നാൽ പത്രങ്ങളിൽ ഈ വത്തമാനം കണ്ട ഉടനെ നമ്മുടെ കോൺസംബ്ലി മെമ്പറന്മാർ അവർക്കുകിട്ടിയ വിവരങ്ങളെ അടിസ്ഥാനമാക്കി ഇൻഡ്യാഗവമ്മെണ്ടുമായി ഇതേപ്പററി അഭിപ്രായവിനിയമനം നടത്തി. മാത്രമല്ല, ഈ മിനിസ്ട്രിയിൽനിന്നും അധികൃതമായി ഇൻഡ്യാഗവമ്മെണ്ടിനു നിവേദനം സമർപ്പിച്ചിട്ടുണ്ടു്. കൂടുതൽ ശക്തിമത്തായ നിവേദനങ്ങൾ നടത്തുവാൻ ആലോചിച്ചുകൊണ്ടിരിക്കുകയുമാണു്. ഇതെല്ലാമാണു ഇതു സംബന്ധിച്ചു ഈ ഗവമ്മെണ്ടു ചെയ്തിട്ടുള്ള നടപടികൾ.

[Sri. N. Kunjuraman]

ഇവിടെ നടന്ന വാദപ്രതിവാദങ്ങളുടെ വെളിച്ചത്തിൽ ചില സംഗതികൾ കൂടി പ്രസ്താവിക്കുന്നതു് സംഗതമായിരിക്കുമെന്നും എന്റെ സ്നേഹിതൻ മി. കെ. പി. നീലകണ്ഠപ്പിള്ളയെ സമാധാനപ്പെടുത്തുന്നതിനു പര്യാപ്തമാകുമെന്നും ഞാൻ വിചാരിക്കുന്നു. അദ്ദേഹം എന്നോടു ചോദിക്കയുണ്ടായി ഇൻഡ്യയിൽ വിളയുന്ന നാളികേരം ഇൻഡ്യയുടെ ആവശ്യത്തിനു മതിയാകുമോ എന്നു്. എനിക്കു പറയാനുള്ളതു് ഇന്നുവരെ നമ്മുടെ കൈവശം ലഭിച്ചിട്ടുള്ള ഏററവും അധികൃതമായ റിപ്പോർട്ടനുസരിച്ചു ഇൻഡ്യയിൽ ഉണ്ടാകുന്ന നാളികേരം ഇൻഡ്യാക്കാക്കു് സാമാന്യം മതിയാകുമെന്നു പറയാൻ കഴിയും എന്നാണു്. ഞാൻ ഇതുപറയുന്നതു് ഫർ ര നു-ലെ ഇൻഡ്യാ ഗവമ്മെണ്ടിന്റെ അധികൃതമായ റിപ്പോർട്ടിനെ ആസ്പദമാക്കിയാണു്. അതിനു ശേഷം വ്യവസായങ്ങളുടെ ആവശ്യത്തിലേക്കു് എണ്ണയുടെ ആവശ്യം വർദ്ധിച്ചിട്ടുണ്ടായിരിക്കണം. ആ നിലക്കു് അതിലേക്കാവശ്യമായ നാളികേരവും ഇവിടത്തന്നെ അതായതു് ഇൻഡ്യയിൽതന്നെ വിളയിച്ചു പാകപ്പെടുത്താൻ സാധിക്കുന്നതാണെന്നാണു്. ഫർ ന്ന ഉ—ൽ ആണെന്നു തോന്നുന്നു, ഇൻഡ്യാ സിലോണിൽ നിന്നും കൊപ്രാ ഇറക്കുമതി ചെയ്തു തുടങ്ങിയതു്. സിലോണിൽ അന്തർദേശീയ വിപണികൾ നഷ്ടപ്പെട്ടതോടുകൂടിയാണു അവർ ഇൻഡ്യയിലേക്കു തിരിഞ്ഞതു്. എന്നാൽ ഏതാനും കാലംകഴിഞ്ഞപ്പോൾ അവർ ഡിസ്ട്രസ്ഡ് പ്രൈസിനു് കൊപ്ര ഇറക്കുമതി ചെയ്തതോടുകൂടി നമുക്കു ഭീമമായ നഷ്ടത്തിനു ഇടവന്നു. ഇൻഡ്യയിലെ നാളികേരക്കമ്മിററി റിപ്പോർട്ടനുസരിച്ചു ഒരു ലക്ഷം ടൺ നാളികേരം ഇറക്കുമതിചെയ്യുകയാണെങ്കിൽ ആവശ്യത്തിനു മതിയാകുമെന്നാണു് അവർ പറഞ്ഞിരിക്കുന്നതു്. കൊച്ചി തിരുവിതാംകൂർ രാജ്യങ്ങളിൽ ഇൻഡ്യയുടെ ആവശ്യത്തിന്റെ ൪ ൫ ശതമാനം നാളികേരം ഉൽപ്പാദിപ്പിക്കുന്നുണ്ടു്. ആകെ ൧ ൫ ലക്ഷം ഏക്കർസ്ഥലം കൃഷിയുള്ളതിൽ ആറുലക്ഷം ലക്ഷ്യക്കർ സ്ഥലം കൊച്ചി തിരുവിതാംകൂറിൽത്തന്നെയുണ്ടു്. ഇവയെപ്പററി ഒരു സംഗതി ഞാൻ ഇവിടെ വായിക്കാം.

The total quantity of copra produced in the State is about 112,000 tons, out of 260,000 tons produced in India. This is about 42 or 43 per cent".

ഇതാണു് സ്ഥിതിഗതികൾ. ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ടതു് ഇവിടത്തെ നാളികേരകൃഷിയുടെ രീതിയേയും മററു സംഗതികളുടെ ചുററുപാടുകളേയും വച്ചുകൊണ്ടു നോക്കിയാൽ കൂടുതൽ കൊപ്രാ അന്യരാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്നതായാൽ അതു് നമ്മുടെ സംസ്ഥാനത്തെ സാമ്പത്തികസ്ഥിതിയെ സാരമായി ബാധിക്കുന്ന ഒന്നായിരിക്കുമെന്നുള്ളതിനു സംശയമില്ല. ഇതിനെപ്പററി ഇനിയുംനമുക്കു് ഇൻഡ്യാഗവമ്മെണ്ടിനോടു ശക്തിയായി നിവേദനം സമർപ്പിക്കാം. ട്രേഡ്കോമേഴ്സ് മുതലായ സംഗതികൾ സെൻട്രൽ സബ്ജക്ററാണു്. സർ. സി. പി. യുടെ കാലത്തുപോലും തിരുവിതാംകൂറും ഇൻഡ്യയുമായി നാളികേരത്തെ സംബന്ധിച്ചിടത്തോളം പ്രത്യേകമായ നിവേദനങ്ങൾ നടത്തി പരിഹാരം ഉണ്ടാക്കിവരികയാണു് ചെയ്തിട്ടുള്ളതു്. ശ്രീമതി മസ്ക്രീൻ പറയുകയുണ്ടായി മൈസൂർകാർ നമ്മെ അനുകൂലിക്കയില്ലെന്നു്. ഞാൻ ചോദിക്കുന്നു ഇൻഡ്യാഗവമ്മെണ്ടിന്റെ constitution ന്റെഅകത്തുനിന്നുകൊണ്ടു് അവർ ഇങ്ങനെപറയുന്നു എങ്കിൽ അതു അത്ര ബുദ്ധിപൂർവ്വമായ ഒരു കാര്യമായിരിക്കുമോയെന്നു്, ഇൻഡ്യാഗവമ്മെണ്ടിന്റെ തീരുമാനങ്ങളെ ആദരിക്കുവാൻ മൈസൂരും തയ്യാറാകും. ഇന്നു വ്യവസായങ്ങൾക്കും മററുമായി ഇൻഡ്യയിൽ എണ്ണയുടെ ആവശ്യം വളരെ വലുതാണു്. തേങ്ങഎണ്ണയുടെ സ്ഥാനത്തു മററു യാതൊരു വെജിറെറബിൾ എണ്ണയുംകൊണ്ടു് സാമ്യപ്പെടുത്താൻ സാധിക്കയില്ല. ആയതിനാൽ ഇൻഡ്യാഗവമ്മെണ്ടു് ഈകാര്യത്തെ സംബന്ധിച്ചിടത്തോളം ഏതുപദ്ധതിയാണോ അവലംബിക്കുന്നതു് ആ പദ്ധതിതന്നെ നമുക്കും ഉപകാരപ്രദമായിരിക്കുമെന്നാണു് എനിക്കു് ഈ അവസരത്തിൽ പറയുവാനുള്ളതു്.

ശ്രീ കെ. പി. നീലകണ്ഠപ്പിള്ള : കൊച്ചിയിലെ ആവശ്യങ്ങൾക്കായി കൊപ്രാ അവിടെ ഇറക്കുമതി ചെയ്തിട്ടുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : ഇറക്കുമതി ചെയ്തിട്ടുണ്ടോ എന്നുള്ള വസ്തുത നിശ്ചയമായി പറയാൻ സാധിക്കയില്ല. അഥവാ അങ്ങിനെ ചെയ്യുകയാണെങ്കിൽ തന്നെ ൫൪ ശതമാനം താരിഫ്ചാർജ് കൊടുക്കേണ്ടതായിവരും. കൂടാതെ സിലോണിലും നമ്മുടെ സംസ്ഥാനത്തും ഏകദേശം ഒരേതരം സാധനങ്ങൾ ഉണ്ടാകാനുള്ള സാദ്ധ്യതകൾ ഉള്ളതുകൊണ്ടു് നമ്മോടു മത്സരിക്കാൻ അവർക്കു് സാധിച്ചു എന്നുവരാം. എന്നുവരികിലും ഇൻ

ഡ്യാഗവമ്മെണ്ടിൽ നിന്നും തുടങ്ങിയിട്ടുള്ള നാളികേരക്കമ്മിററി ഈ കാര്യങ്ങളെ മുൻനിറത്തി വളരെ ശ്രദ്ധാപൂർവ്വമാണ് മുന്നോട്ടു പോകുവാൻ നിശ്ചയിച്ചിട്ടുള്ളതെന്നും എനിക്കു പറയാൻ കഴിയും. ആയതുകൊണ്ട് ഈ അടിയന്തിര പ്രമേയത്തിൽ അടങ്ങിയിരിക്കുന്ന സംഗതികൾ സകലതും ഗവമ്മെണ്ടിന്റെ അടിയന്തിര ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അതിനെപ്പററി നടപടികൾ എത്രയും വേഗം കൈക്കൊള്ളുമെന്നും ഈ സഭയെ അറിയിക്കാൻ എനിക്കു സന്തോഷമുണ്ട്.

ശ്രീ. പി. നാണു : കൊപ്രായും വെളിച്ചെണ്ണയും സംബന്ധിച്ച് ഇൻഡ്യാഗവമ്മെണ്ടും സിലോൺ ഗവമ്മെണ്ടുമായി വല്ല ഉടമ്പടിയുമുള്ളതായിട്ടറിയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : ഇപ്പോൾ ഉടമ്പടിയൊന്നുമില്ല.

ശ്രീ. പി. നാണു : ഒരു ചോദ്യംകൂടി ചോദിക്കുവാനുണ്ട്. അതായതു്, നമ്മുടെ ഉല്പന്നങ്ങളെ ബാധിക്കുന്ന സംഗതികളെ സംബന്ധിച്ച് ഇൻഡ്യാഗവമ്മെണ്ടു മററു രാജ്യങ്ങളുമായി ഏർപ്പെടുമ്പോൾ നമ്മോടുകൂടി ആലോചിക്കേണ്ട കടമ ഇൻഡ്യാഗവമ്മെണ്ടിനില്ലേ?

ബഹു: ശ്രീ. എൻ. കുഞ്ഞുരാമൻ : തീർച്ചയായിട്ടുമുണ്ട്. കടമയുണ്ടെന്നു മാത്രമല്ല, നമ്മെ സഹായിക്കുകയുംചെയ്യണം. ഉദാഹരണമായി യു. പി. യിലുള്ള പഞ്ചസാര വ്യവസായത്തെ സഹായിക്കുന്നതിനും ആവശ്യമായ നടപടി എടുക്കുന്നതിനും ഇൻഡ്യാഗവമ്മെണ്ടു് നിശ്ചയിച്ചിട്ടുണ്ട്. ആ സ്ഥിതിക്കു ഈ കാര്യത്തിൽ എന്തുകൊണ്ടു പാടില്ല.

സാഹിബ് ബഹദൂർ ടി. എ. മൈദീൻകുഞ്ഞു്: സർ, ഞാൻ രണ്ടു കാരണങ്ങളാൽ ഈ പ്രമേയത്തെ എതിർക്കുന്നു. അതിലൊന്നു് സിലോൺ നാളികേരം ഇൻഡ്യയിൽ കൊണ്ടുവന്നിട്ട് ഇവിടത്തെ നാളികേരത്തിന്റെ വിലയേ തോല്പിച്ചു എന്നു പറയുന്നതു് ആക്ഷേപമാണ്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : സർ, ഒരു പായിൻറ് ആഫ് ആർഡർ. നാളികേരത്തിനെ സംബന്ധിച്ചുള്ള വിശദീകരണങ്ങളെല്ലാം ചർച്ചചെയ്തു കഴിഞ്ഞപ്പോഴാണ് മെമ്പർ ഒരു പ്രസംഗവുമായി മുന്നോട്ടുവന്നിരിക്കുന്നതു്. ഇതനുവദിക്കത്തക്കതാണോ?

മി. സ്പീക്കർ : ബഹു. മെമ്പർ തുടരട്ടെ.

സാഹിബ് ബഹദൂർ ടി. എ. മൈദീൻകുഞ്ഞു : സർ, ഇൻഡ്യയുടെ ഒരു ഭാഗമായ കേരളത്തിൽ ഉല്പാദിപ്പിക്കുന്ന നാളികേരത്തിന്റെ വിലയെകുറക്കത്തക്കവണ്ണം സിലോൺകാർ ഇവിടെ ഒരുമാക്കററ് കണ്ടുപിടിക്കാൻ പോകുന്നുവെന്നുള്ള വസ്തുത ഒരു കുമാർഗ്ഗം ആണെന്നാണ് പ്രമേയത്തെ അനുകൂലിക്കുന്നവർ പറയുന്നതു്.

എന്നാൽ തിരുവിതാംകൂറിലെ നാളികേരങ്ങളുടെ വില കുറച്ചു്, സിലോണിൽ നിന്നും ഇറക്കുമതി ചെയ്യപ്പെടുന്ന നാളികേരങ്ങളോടു് മത്സരിക്കാൻ തക്കവണ്ണം ഉള്ള ഒരു പദ്ധതി കണ്ടുപിടിക്കുകയൊ, നമ്മുടെ നാളികേരങ്ങൾക്കു് അന്യ രാജ്യങ്ങളിൽ വിപണികൾ കണ്ടുപിടിക്കുകയോ ചെയ്യുന്നതിനുവേണ്ടി യാതൊന്നുംതന്നെ പ്രവർത്തിക്കാതെ സിലോണിൽ നിന്നും കൊപ്രാ ഇറക്കുമതി ചെയ്യാൻ പാടില്ലെന്നു മാത്രം പറയുന്നതു് ഒരു ജനകീയ ഗവമ്മെണ്ടിനു് ശ്ലാഘനമോ അഭിമാനകരമോ അല്ല. സിലോണിൽനിന്നും നാളികേരങ്ങൾ ഇവിടെ ഇറക്കുമതി ചെയ്യണമെന്നു് ഇൻഡ്യാഗവമ്മെണ്ടു് നിശ്ചയിച്ചതിന്റെ കാരണം തിരുവിതാംകൂറിലുള്ള നാളികേരങ്ങൾ ഇൻഡ്യൻ ജനതയ്ക്കു് ആകമാനം ആവശ്യത്തിനു് മതിയാകുന്നില്ല എന്നുള്ള ഒററക്കാരണംകൊണ്ടു് മാത്രമാണ്. അങ്ങനെയിരിക്കെ ഇൻഡ്യയിലെ ജനങ്ങൾക്കാകമാനം ആവശ്യത്തിനു് നൽകത്തക്കവണ്ണം ഇവിടത്തെ നാളികേരോല്പന്നങ്ങൾ വർദ്ധിപ്പിക്കുന്നതിനും തെങ്ങുകൃഷി ഒരു വലിയതോതിൽ നടത്തുന്നതിനും നാം ശ്രമിച്ചിരുന്നുവെങ്കിൽ നമുക്കു് സിലോൺ കോപ്രായെ compete ചെയ്യാൻ സാധിക്കുമായിരുന്നു. ഇൻഡ്യയിൽ ജനകീയയുഗം ആരംഭിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ നമ്മുടെ നിയമസഭപോലുള്ള ഒരു നിയമസഭ ഇതുപോലെയുള്ള ഒരു കാര്യത്തിൽ അതായതു് പുരോഗമനപരമല്ലാത്ത ഒരു രീതിയിൽ, ഒരു പ്രമേയം പാസ്സാക്കുന്നതു് നമുക്കു് അഭിമാനകരമല്ല. ഇൻഡ്യ മഴവനും ഒന്നിച്ചുചേർന്നിരിക്കുന്ന ഈ സന്ദർഭത്തിൽ നാം നമ്മുടെ കാര്യങ്ങൾക്കു് ഇൻഡ്യാഗവമ്മെണ്ടിനോടു് അപേക്ഷിക്കുന്നതുപോലെ മററു രാജ്യക്കാർക്കും അപേക്ഷിക്കാനവകാശമുള്ളതാണ്. അപ്പോൾ ഇൻഡ്യാഗവമ്മെണ്ടു് ഇൻഡ്യയിലെ ജനങ്ങളുടെ ആവശ്യത്തിനനുസരണമായി വേണ്ടിവരുന്ന നടപടികൾ എടുക്കും. അങ്ങനെ ഇൻഡ്യാഗവമ്മെ

[Sahib Bahadur T. A. Moideen Kunju]

ണ്ട് ജനങ്ങളുടെ ആവശ്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന സന്ദർഭത്തിൽ ചില കച്ചവടക്കാരുടെ ലാഭേച്ഛയേ മാത്രം മുൻനിറത്തി ഈ പ്രവർത്തനത്തിൽനിന്നും ഇൻഡ്യാഗവൺമെണ്ടിനെ വിരമിപ്പിക്കുവാൻ ശ്രമിക്കുന്നതു് ജനായത്ത സിദ്ധാന്തങ്ങൾക്ക് ഒട്ടും യോജിച്ചതല്ലെന്നാണ് എന്റെ അഭിപ്രായം. തിരുവിതാംകൂറിൽതന്നെ നാളികേരംകൊണ്ടു് ആദായം ഉണ്ടാക്കുന്നവർ വളരെ തുഛമാണ്. ഏകദേശം അഞ്ചുശതമാനം തന്നെ ഉണ്ടാകുമോ എന്നു സംശയമാണ്. എന്നാൽ നേരേ മറിച്ചു് നാളികേരം നിത്യോപയോഗത്തിന് എടുക്കാതെ അതായതു് തേങ്ങായായിട്ടായാലും ശരി, വെളിച്ചെണ്ണയായിട്ടായാലും ശരി, സോപ്പായിട്ടായാലും ശരി, നാളികേരം ഉപയോഗിക്കാതെ തിരുവിതാംകൂറിൽ ഒരൊററ വീടുപോലും ഉണ്ടായിരിക്കുകയില്ലെന്നാണ് എന്റെ അഭിപ്രായം. അങ്ങനെ സാമാന്യജനങ്ങൾക്ക് നിത്യോപയോഗത്തിന് ആവശ്യമുള്ളതായ നാളികേരത്തിന്റെ വില കുറയുന്നതിന് സിലോണിൽനിന്നും ഉള്ള നാളികേരത്തിന്റെ ഇറക്കുമതി സഹായിക്കുമെങ്കിൽ നാം അതിനെ തടയുന്നതു് ബുദ്ധിശൂന്യവും സാമാന്യജനങ്ങളോടു ചെയ്യുന്ന ഒരപരാധവും ആയിരിക്കും.

ശ്രീ. എൻ. വി. ചാക്കോ: സിലോൺകാരുടെ മാതൃഭാഷ എന്താണ്?

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു് : നോട്ടീസ്സുവേണം.

ശ്രീ. പാണ്ടവത്തു ശങ്കരപിള്ള : തിരുവാതാംകൂറിലെ കയററുമതിയിൽ പ്രധാനഭാഗം നാളികേരമാണെന്നറിയാമോ?

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: ഞാൻ പറയുന്നതു് സാമാന്യ ജനങ്ങളുടെ നിത്യോപയോഗ സാധനമായ നാളികേരത്തിന്നു് വിലവർദ്ധിക്കത്തക്ക വിധത്തിൽ നാം ഒന്നും ചെയ്യുകൂടാത്തതാണ്. ഇതിനെ സംബന്ധിച്ചു് ഇപ്പോൾ ഇതിൽകൂടുതലായി ഒന്നുംതന്നെ പറയണമെന്നു വിചാരിക്കുന്നില്ല.

Sri. K. Gangadhara Menon : Sir, I move for a closure.

The closure motion was carried.

The adjournment motion was passed without opposition. The House adjourned at 5-52 p.m. to meet again at 11 a.m. the next day.

V. KRISHNAMOORTHI AIYAR,

Secretary to the Legislative Assembly.

PROCEEDINGS OF THE UNITED STATE OF TRAVANCORE AND COCHIN
LEGISLATIVE ASSEMBLY
THIRD SESSION

Wednesday, *the* *30th November 1949* / *15th Vrischigam 1125*

Vol. III] **OFFICIAL REPORT** **[No. 2**

The Assembly met in the Legislative Chamber, Public Offices, Trivandrum at 11 of the Clock on Wednesday the 30th November 1949 with Mr. Speaker (The Hon'ble Sri. T. M. Varghese) in the chair.

QUESTIONS AND ANSWERS

(The numbers within brackets indicate the serial numbers in the lists of admitted questions)

ORAL ANSWERS

പ്രാഥമിക വിദ്യാലയങ്ങളും ട്രെയിൻഡ്അദ്ധ്യാപകരും

*ൻ ൧. (൧) ശ്രീ. പി. എസ്. മാധവൻ വൈദ്യർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹു. വിദ്യാഭ്യാസവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:—

(എ) ട്രെയിനിംഗ് കഴിച്ചവരെ മാത്രമേ പ്രാഥമികാദ്ധ്യാപകന്മാരായി നിയമിക്ക കയുള്ളു എന്നു കൊച്ചി–തിരുവിതാംകൂർ ഐക്യസംസ്ഥാനത്തു വല്ല നിയമവുമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു ഗവമ്മെണ്ടു വിദ്യാലയങ്ങൾക്കും സ്വകാര്യവിദ്യാലയങ്ങൾക്കും ഒരുപോലെ ബാധകമാണോ;

(സി) കൊച്ചിയിൽ ഗവമ്മെണ്ടു വിദ്യാലയങ്ങളിൽ ട്രെയിനിംഗ് ഇല്ലാതെ അദ്ധ്യാപകന്മാരെ നിയമിക്കുമ്പോൾ, പ്രൈവററു വിദ്യാലയങ്ങളിൽ ട്രെയിനിംഗ് വേണമെന്നു ഗവമ്മെണ്ടിനു നിർബന്ധമാണോ;

(ഡി) അങ്ങനെയെങ്കിൽ, നിയമമുണ്ടാ രണ്ടിനും ഐകരൂപ്യം വരുത്തേണ്ടതാണെന്ന് ഗവമ്മെണ്ടു വിചാരിക്കുന്നുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) ഇല്ല. എന്നാൽ തിരുവിതാംകൂറിൽ സാധാരണയായി ട്രെയിനിംഗ് ഉള്ളവരെ മാത്രമേ റിക്രൂട്ടു ചെയ്യാറുള്ളു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പ്രൈവററ് വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർ കഴിയുന്നിടത്തോളം ട്രെയിനിംഗ് യോഗ്യതയുള്ളവരായിരിക്കണമെന്ന് നിർബന്ധമുണ്ട്.

(ഡി) ഇതിനെപ്പററി ഗവമ്മെണ്ടു് ആലോചിക്കുന്നതായിരിക്കും.

ശ്രീ. സി. വി. ഐയ്യ: ഗവമ്മെണ്ടു പ്രൈവററ് വിദ്യാലയങ്ങളിൽ ട്രെയിനിംഗ് പാസായവർ കൂടിയെ കഴിയൂ എന്നു നിശ്ചയിക്കുമ്പോൾ ഗവമ്മെണ്ടു വിദ്യാലയങ്ങളിൽ ട്രെയിനിംഗ് ഇല്ലാത്തവരെ നിശ്ചയിച്ചുവരുന്നതായി അറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അറിവില്ല.

ശ്രീ. സി. വി. ഐയ്യ: ഗവമ്മെണ്ടു ചെയ്യാത്തതും ചെയ്യാൻ മനസ്സില്ലാത്തതുമായ കാര്യങ്ങൾ പ്രൈവററ് വിദ്യാലയങ്ങൾ ചെയ്തുകൊള്ളണമെന്ന് നിശ്ചയിക്കുന്നതു് ശരിയാണെന്ന് ബഹു. മന്ത്രിക്ക് ബോദ്ധ്യമുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ബോദ്ധ്യമില്ല.

ശ്രീ. സി. വി. ഐയ്യ: മന്ത്രിക്ക് ബോദ്ധ്യമില്ലെങ്കിൽ അതു് നീതിക്കും മര്യാദക്കും യോജിച്ചതാണെന്ന് ഗവമ്മെണ്ടിന് ബോദ്ധ്യമുണ്ടോ?

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: പ്രൈവററ് വിദ്യാലയങ്ങളിലേയും ഗവമ്മെണ്ടു് വിദ്യാലയങ്ങളിലേയും അദ്ധ്യാപകന്മാരുടെ പരീക്ഷായോഗ്യതക്ക് വല്ല വ്യത്യാസവും ഉണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: എന്റെ ഉത്തരം ശ്രദ്ധിച്ചിരുന്നുവെങ്കിൽ അതു് മനസ്സിലാകുമായിരുന്നു

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഈ വ്യത്യാസം പരിഹരിക്കുന്നതിന്നു് ആലോചിക്കുന്നുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ആലോചിക്കുന്നുണ്ടെന്നു് ഉത്തരത്തിൽ പറഞ്ഞിട്ടുണ്ടു്.

ശ്രീ. പോറ്റി തളിയത്തു്: സ്കൂളുകളിൽ അദ്ധ്യാപകന്മാരുടെ കുറവു കാണുന്നതു് ട്രെയ്നിംഗ് കഴിച്ച ആളുകളെ കിട്ടാത്തതുകൊണ്ടാണോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഗവമ്മെണ്ടു് ആവശ്യപ്പെടുന്ന പരീക്ഷാ യോഗ്യതയുള്ളവരെ കിട്ടാത്തതുകൊണ്ടാണു്.

ശ്രീ. പോറ്റി തളിയത്തു്: ഗവമ്മെണ്ടിൽനിന്നും അദ്ധ്യാപകന്മാരെ നിയമിക്കുമ്പോൾ ട്രെയിനിംഗ് കഴിച്ച എക്സ് സർവ്വീസുമെൻ ഉണ്ടെങ്കിൽ അവർക്കു മുൻഗണന കൊടുക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: തീർച്ചയായിട്ടും കൊടുക്കും.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ശാസ്ത്രീപരീക്ഷ ജയിച്ചു് ട്രെയിനിംഗ് കഴിച്ചിട്ടില്ലാത്തവരെ നിയമിച്ചിട്ടുള്ളതായി അറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ശാസ്ത്രീ പരീക്ഷയെപ്പററി ഈ ചോദ്യത്തിൽ പറഞ്ഞിട്ടില്ലാത്തതുകൊണ്ടു് ഉത്തരം പറയാൻ സാദ്ധ്യമല്ല.

വ്യവസായശാലകളും രജിസ്ട്രേഷനും

*൯൭. (൨) ശ്രീ. പി. എസ്. മാധവൻവൈദ്യർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു. തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) കൊച്ചി–തിരുവിതാംകൂർ ഐക്യസംസ്ഥാനത്തു് ചുരുങ്ങിയതു് എത്ര തൊഴിലാളികൾ പണിയെടുക്കുന്ന വ്യവസായശാലകളാണു് രജിസ്റ്റർ ചെയ്യണമെന്നു് നിർബന്ധമുള്ളതു്;

(ബി) അപ്രകാരം രജിസ്റ്റർ ചെയ്യേണ്ട വ്യവസായ ശാലകളുടെ കണക്കെടുക്കുന്നതിന്നു ആരെയാണു് ചുമതലപ്പെടുത്തിയിരിക്കുന്നതു്;

(സി) ആയതു് അവസാനിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഏതു തീയതിക്കു അവസാനിക്കും;

(ഡി) ഏതു് തീയതിക്കകം നിയമപ്രകാരം രജിസ്റ്റർ ചെയ്യേണ്ട വ്യവസായ ശാലകളെല്ലാം രജിസ്റ്റർ ചെയ്യുകഴിയും?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) ൧൯൨൪-ലെ തിരുവിതാംകൂർ ഫാക്ടറി ആക്ററു് അനുസരിച്ചു് പത്തോ അതിൽ കൂടുതലോ തൊഴിലാളികൾ ജോലിചെയ്യുന്നതും പവ്വർ ഉപയോഗിക്കുന്നതുമായ എല്ലാ തൊഴിൽ ശാലകളും, പവ്വർ ഉപയോഗിക്കാത്തവയെങ്കിലും ഇരുപതോ അതിൽ കൂടുതലോ തൊഴിലാളികൾ ജോലിചെയ്യുന്ന എല്ലാ തൊഴിൽ ശാലകളും രജിസ്റ്റർ ചെയ്യണമെന്നു നിർബന്ധമുണ്ടു്.

൧൯൫൩–ലെ കൊച്ചിൻ ഫാക്ടറി ആക്ടു് ൧൯൫൮–ലെ കൊച്ചിൻ ഫാക്ടറീസ് അമെൻറമെൻറ് ആക്ടുപ്രകാരം പത്തോ അതിൽ കൂടുതലോ തൊഴിലാളികൾ ജോലിചെയ്യുന്നതും പവ്വർ ഉപയോഗിക്കുന്നതുമായ എല്ലാ തൊഴിൽശാലകളും ഫാക്ടറികളായി രജിസ്റ്റർ ചെയ്യേണ്ടതാണു്.

(ബി) രജിസ്റ്റർ ചെയ്യേണ്ട ഫാക്ടറി കണ്ടുപിടിച്ചു് രജിസ്റ്റർ ചെയ്യേണ്ടതു് ഫാക്ടറി ഇൻസ്പെക്ടറന്മാരുടെ ചുമതലയാണു്. എന്നാൽ കൊച്ചിയിൽ റവന്യൂ ഡിപ്പാർട്ടുമെൻറിന്റെ ചുമതലയിൽ പ്രത്യേകം ഒരു കണക്കെടുപ്പു നടത്തി ഫാക്ടറികളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടു്.

(സി) അവസാനിച്ചു.

(ഡി) രജിസ്റ്റർ ചെയ്യേണ്ടതായ വ്യവസായശാലകൾ എല്ലാം അവയെപ്പററി അറിവുലഭിച്ചാലുടനെ ഫാക്ടറി ഇൻസ്പെക്ടർമാർ രജിസ്റ്ററിൽ കൊള്ളിച്ചുവരികയാണു്. രജിസ്റ്ററിൽ ചേർക്കാതെ വിട്ടുപോയിട്ടുള്ള ഏതെങ്കിലും ഫാക്ടറിയെപ്പററി ഗവമ്മെൻറിന്നു് അറിവുതരുന്ന പക്ഷം ഉടനെ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന്നു വേണ്ട നടപടികൾ നടത്തുന്നതാണു്.

ശ്രീ. പി. കെ. ഡീവർ : എന്നാണ് കൊച്ചിയിലെ കണക്കെടുത്തത് ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : എന്നാണെന്ന് അറിഞ്ഞുകൂടാ. കണക്കെടുത്തിട്ടുണ്ടെന്നാണ് കാണുന്നത്.

ശ്രീ. പി. കെ. ഡീവർ : കൊച്ചിയിൽ രജിസ്റ്റർചെയ്യാത്ത ഫാക്ടറികൾ ഇപ്പോൾ ഉണ്ടോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : കണക്കുകൾകൊണ്ടു കാണുന്നത് എല്ലാം രജിസ്റ്റർചെയ്തിട്ടുണ്ടെന്നാണ്.

ശ്രീ. പി. നാണു : ഇന്നു കുടിൽവ്യവസായമായി നടത്തിവരുന്ന കയർ വ്യവസായം ഫാക്ടറി നിയമത്തിൽ ഉൾപ്പെടുത്തുന്നതിനു ഗവമ്മെൻറു നടപടി നടത്തുന്നുണ്ടോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ഗവൺമ്മൻറു നടപടി ഒന്നും കൂടാതെതന്നെ ഫാക്ടറി ആക്ററു പ്രവർത്തനത്തിൻെറ പരിധിയിൽ കൊണ്ടുവരാൻ ഫാക്ടറി ഇൻസ്പെക്ടർമാർ നിർബ്ബന്ധിതരാണ്.

ശ്രീ. പി. നാണു : കുടിൽവ്യവസായമായി നടത്തുന്ന കയർ വ്യവസായം ഫാക്ടറി നിയമത്തിൻെറ പരിധിയിൽ കൊണ്ടുവന്നാൽ ആ ചുമതല ശരിയായി നിർവ്വഹിക്കുന്നതിനു ഫാക്ടറി ഉടമസ്ഥന്മാർ പ്രാപ്തരല്ലാതെവരുമെന്നു് അറിയാമോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ഫാക്ടറി ആക്ട് നിലവിലിരിക്കുന്നിടത്തോളം കാലം ആ ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയല്ലാതെ ആ നിയമത്തിനു വിരുദ്ധമായി പ്രവർത്തിക്കുവാൻ ഗവമ്മെൻറിനു സാദ്ധ്യമല്ല.

ശ്രീ. പി. നാണു : ഫാക്ടറി ആക്ട് നടപ്പിൽ വന്നശേഷം ഇതുവരെ അവരെ ഉൾപ്പെടുത്താതെ ഇപ്പോൾ ഉൾപ്പെടുത്തുന്നതിനു പ്രത്യേകകാരണം എന്താണ് ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : പ്രത്യേകകാരണങ്ങൾ ഒന്നും ഇല്ല. ഫാക്ടറി ആക്ട് അപ്പോഴപ്പോഴായി നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള : ഇതുവരെ രജിസ്റ്റർചെയ്തിട്ടുള്ള ഫാക്ടറികളുടെ ഒരു ലിസ്ററു പ്രസിദ്ധപ്പെടുത്തുവാൻ ദയവുണ്ടാകുമോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അതിൻെറ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ആലപ്പുഴ ബസ്സ്സ്റ്റാൻറിൽ വിശ്രമസൌകര്യം

*൯൯. (൩) ശ്രീ. പി. എസ്സ്. മാധവൻ വൈദ്യർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ആലപ്പുഴ ബസ്സ്സ്റ്റാൻറിൽ യാത്രക്കാർക്കു വിശ്രമിക്കുവാനോ മൂത്രവിസർജ്ജനത്തിനോ സൌകര്യമില്ലായ്കയാൽ യാത്രക്കാർക്കു നേരിടേണ്ടിവരുന്ന വിഷമതകൾ ഗവമ്മെൻറിനു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ അതിനു ഉടനടി പരിഹാരമുണ്ടാക്കുമോ ?

ബഹു. ശ്രീ. ഇ. ജാൺ ഫിലിപ്പോസ് :

(എ) പരിമിതമായ സൌകര്യങ്ങൾ ഉണ്ട്.

(ബി) കൂടുതൽ സൌകര്യങ്ങൾ നൽകുന്നതിനു നടപടികൾ എടുത്തുകഴിഞ്ഞു.

ശ്രീ. കെ. കുട്ടപ്പൻ : വളരെ പരിമിതമായ സൌകര്യമേയുള്ളോ ?

ബഹു. ശ്രീ. ജാൺ ഫിലിപ്പോസ് : ആലപ്പുഴ ബസ്സ്സ്റ്റാൻറു് ഇപ്പോൾ മാറി പണിതുകൊണ്ടിരിക്കുകയാണ്. അതിൻെറ പണി കഴിഞ്ഞാൽ വേണ്ട സൌകര്യങ്ങൾ ഉണ്ടായിരിക്കും.

ശ്രീ. കെ. കുട്ടപ്പൻ : പുതിയ ബസ്സ്സ്റ്റാൻറിലേക്കു് എന്നു മാറും ?

ബഹു. ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : ഒരുമാസത്തിനകം മാറും.

ശ്രീ. പി. കെ. ഡീവർ : ആലപ്പുഴ ബസ്സ്സ്റ്റാൻറിൽ ഇപ്പോൾ പരിമിതമായ സൌകര്യമേയുള്ളൂ. പൊതുജനങ്ങൾക്കു് അവിടെ പൂർണ്ണമായ സൌകര്യം ചെയ്തുകൊടുക്കുമോ ?

ബഹു. ശ്രീ. ഇ. ജാൺ ഫിലിപ്പോസ് : ഇപ്പോൾ ചില സൌകര്യങ്ങളൊക്കെയുണ്ട്. പുതിയ ബസ്സ്സ്റ്റാൻറു് പണിതുകഴിയുമ്പോൾ കൂടുതൽ സൌകര്യമുണ്ടാകും.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : ഇപ്പോൾ ദിവസം എത്ര യാത്രക്കാർ അവിടെ വരുന്നുണ്ട് ? എത്രപേർക്ക് അവിടെ സൌകര്യമുണ്ട് ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : സർ, ഒരു പാർട്ടിന്റെ ആഫ് ആർഡർ. ഈ ചോദ്യം ഒരു പ്രാദേശികാവശ്യമായതുകൊണ്ടു സ്റ്റാർഡ് ചോദ്യമായി അനുവദിക്കുന്നതു് ആർഡറിലാണോ എന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ : അതു് ആർഡറിൽതന്നെയാണ്.

അവശസമുദായങ്ങൾക്കു വിദ്യാഭ്യാസാനുകൂല്യം

*൧൦൦. (൪) ശ്രീ. പി. എസ്. മാധവൻ വൈദ്യർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഹരിജനോദ്ധാരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

(എ) കൊച്ചിയിൽ ചില അവശസമുദായങ്ങൾക്ക് ഒരു ക്ലിപ്തകാലത്തേക്കു വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകിവരുന്നതിൽ ചില സമുദായങ്ങളുടെ കാലാവധി കഴിയാറായിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ അവക്കു വീണ്ടും വിദ്യാഭ്യാസാനുകൂല്യം തുടർന്നു അനുവദിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ബഹു. ശ്രീ. കെ. അയ്യപ്പൻ :

(എ) ഉണ്ട്.

(ബി) ഇതിനെപ്പററി ഗവൺമെന്റ് ആലോചിച്ചുവരികയാണ്.

UNIVERSITY COMMISSION

***101.** [5] **Sri. D. Gnanasigamony:** Will the Hon'ble Minister for Education be pleased to state.—

(*a*) whether the Government is in possession of the report of the All India Universities Commission presided over by Dr. Radhakrishnan;

(*b*) if so, whether a copy of the same can be placed on the table; and

(*c*) is it a fact that the said commission has recommended that the universities shall in future become central subject ?

The Hon'ble Sri. T. K. Narayana Pillai: (*a*) No.

(*b*) & (*c*) Do not arise, in view of the answer to (*a*).

Sri. D. Gnanasigamony: May I know whether this University is now a central subject ?

The Hon'ble Sri. T. K. Narayana Pillai: The University as it is, is not a central subject.

Sri. D. Gnanasigamony: May I know why the All-India Universities Commission visited this University ?

The Hon'ble Sri. T. K. Narayana Pillai: To collect evidence and to make recommendations.

ബഹു. ശ്രീ. കെ. അയ്യപ്പൻ : ൩ മുതൽ ൧൮ വരെയുള്ള ചോദ്യങ്ങളുടെ †ഉത്തരം തയ്യാറായിട്ടില്ല. അതെല്ലാം വളരെ കൊല്ലങ്ങളിലെ സ്ഥിതിവിവരങ്ങൾ ശേഖരിക്കേണ്ടതായതുകൊണ്ടാണ് ഉത്തരം തയ്യാറാകാത്തതു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി : ഇതിന്നു് എപ്പോൾ ഉത്തരം ലഭിക്കാൻ ഇടയുണ്ടെന്നു പറയാമോ ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : ൧൯ കൊല്ലത്തെ സ്ഥിതിവിവരങ്ങൾ ശേഖരിക്കേണ്ടവയാണ്. അതു ശേഖരിച്ചു് അച്ചടിപ്പിച്ചുകഴിഞ്ഞാൽ ബഹു. മെമ്പറുടെ ഉദ്ദേശം സാധിക്കുന്നതാണ്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള : ഒരു ചോദ്യത്തിന്നു് ഉത്തരം തയ്യാറായിട്ടില്ലെന്നു പറഞ്ഞാൽ അതിന്നു സപ്ലിമെന്ററി ചോദ്യം ചോദിക്കാമോ ?

മി. സ്പീക്കർ : പാടില്ല.

†The questions alone are included below.

കാളനികൾ

*൧൦൨. (൩) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട അവശസമുദായോദ്ധാരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പിന്നോക്കസമുദായങ്ങൾക്കായി ഐക്യസംസ്ഥാനത്തു് എത്ര കാളനികൾ നാളിതുവരെ അനുവദിച്ചിട്ടുണ്ടെന്നും, ഏതെല്ലാം താലൂക്കുകളിലെന്നും, ഓരോ കാളനിക്കു നാളിതുവരെ ഗവമ്മെണ്ടിൽനിന്നും എന്തു തുക ചിലവാക്കിയിട്ടുണ്ടെന്നും പറയുവാൻ ദയവുണ്ടാകുമോ?

(ബി) കാളനികളിൽ താമസിക്കുന്നവരുടെ സാമ്പത്തികവും, സാമൂഹ്യവുമായ പുരോഗതിക്കായി എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നു ദയവായി പറയുമോ?

(സി) കാളനികളിലെ താമസക്കാക്കു കൃഷിചെയ്യുന്നതിനു സ്ഥലവും പ്രത്യേകസൌകര്യങ്ങളും അനുവദിച്ചുകൊടുക്കാറുണ്ടോ എന്നു പറയുവാൻ ദയവുണ്ടാകുമോ?

പൊതുസ്ഥാപനം

*൧൦൩. (൧) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട അവശസമുദായോദ്ധാരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പിന്നോക്കസമുദായങ്ങളിൽപ്പെട്ട ഏതെങ്കിലും സംഘം ഈ തലസ്ഥാനനഗരിയിൽ ഒരു പൊതുസ്ഥാപനത്തിനായി സ്ഥലസൌകര്യം നൽകണമെന്നു ഗവമ്മെൻറിനോടു് അപേക്ഷിച്ചിട്ടുണ്ടോ എന്നും, അതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പറയുവാൻ ദയവുണ്ടാകുമോ?

(ബി) പിന്നോക്കസമുദായങ്ങളുടെ പുരോഗതിക്കു സാരമായ സഹായം ഉണ്ടാകാവുന്ന സ്ഥാപനങ്ങൾക്കു സ്ഥലസൌകര്യം നൽകി പ്രോത്സാഹിപ്പിക്കുന്നതു് ഏററവും ആവശ്യമാണെന്നു ഗവമ്മെൻറു കരുതുന്നുണ്ടോ?

ഗ്രാമോദ്ധാരണകേന്ദ്രങ്ങൾ

*൧൦൪. (വ) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട അവശസമുദായോദ്ധാരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഗ്രാമോദ്ധാരണകേന്ദ്രങ്ങളുടെ സ്ഥാപനത്തിൽ പിന്നോക്കസമുദായങ്ങളുടെ താല്പര്യങ്ങൾകൂടി പരിഗണിക്കാറുണ്ടോ എന്നു ദയവായി പറയുമോ?

(ബി) ഇൻഡ്യൻ ഭരണഘടനയിൽതന്നെ പട്ടികവർഗ്ഗങ്ങൾക്കും മററും സംവരണം മൂലം പ്രാതിനിധ്യം അനുവദിക്കുവാൻ വ്യവസ്ഥയുള്ളനിലക്കു് ഇവിടത്തെ മുനിസിപ്പാലിററി, ഗ്രാമപഞ്ചായത്തു് വില്ലേജു യൂണിയൻ മുതലായ പ്രാതിനിധ്യസ്ഥാപനങ്ങളിലും പിന്നോക്കവർഗ്ഗങ്ങൾക്കു പ്രാതിനിധ്യം ലഭിക്കത്തക്കവണ്ണം വല്ല വ്യവസ്ഥയും അംഗീകരിച്ചിട്ടുണ്ടോ എന്നു ദയവായി പറയുമോ?

പിന്നോക്കസമുദായ സംഘടനകൾ

*൧൦൫. (൩) ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

കമ്പനി ആക്ടിൻപ്രകാരം രജിസ്റ്റർ ചെയ്യുവാൻ കൊടുത്തിട്ടുള്ള പിന്നോക്കസമുദായ സംഘടനകൾക്കു ലൈസൻസു കൊടുത്തതിൻെറ ശേഷം രജിസ്റ്റർ ചെയ്യുന്നതിനു എന്തു നടപടിയെടുത്തു എന്നു പറയാമോ?

പൊതു മന്ദിരങ്ങൾ

*൧൦൬. (൧൦) ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

൧൦൭ മുതൽ ൧൯൪ വരെ തിരുവിതാംകൂറിൽ ഓരോ താലൂക്കിലും പിന്നോക്കസമുദായ ഡിപ്പാർട്ടുമെൻറു മുഖേന പണിതീർത്തിട്ടുള്ള പൊതുമന്ദിരങ്ങൾ എതെല്ലാം?

വായനശാലകൾ

*൧൦൭. (൧൧) ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൦൫ മുതൽ ൧൯൫ വരെ തിരുവിതാംകൂറിൽ ഓരോ താലൂക്കിലും പിന്നോക്കസമുദായ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ അനുവദിച്ചിട്ടുള്ള വായനശാലകൾ ഏതെല്ലാം?

(ബി) അനുവദിച്ചതിൻെറ ശേഷം പുസ്തകങ്ങൾ സപ്ലൈ ചെയ്യാത്ത വായനശാലകൾ വല്ലതുമുണ്ടോ?

ശ്മശാനങ്ങൾ

*൧൦൫. (൧൨) ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

൧൦൫ മുതൽ ൧൯൫ വരെ തിരുവിതാംകൂറിൽ ഓരോ താലൂക്കിലും അനുവദിച്ചിട്ടുള്ള ശ്മശാനങ്ങൾ ഏതെല്ലാം?

റോഡുകൾ

*൧൦൬. (൧൩) ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

൧൦൫ മുതൽ ൧൯൫ വരെ Approach Roads ഏതെല്ലാം താലൂക്കുകളിൽ പിന്നോക്കസമുദായഡിപ്പാർട്ടുമെൻറ മുഖേന വെട്ടിച്ചിട്ടുണ്ട്?

വഴിവിളക്കുകൾ

*൧൧൦. (൧൪) ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

൧൦൫ മുതൽ ൧൯൫ വരെ പിന്നോക്കസമുദായഡിപ്പാർട്ടുമെൻറ മുഖേന ഏതെല്ലാം താലൂക്കുകളിൽ വഴിവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്?

ഹരിജനോദ്ധാരണങ്ങൾ

*൧൧൧. (൧൫) ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഹരിജനോദ്ധാരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

പിന്നോക്കസമുദായഡിപ്പാർട്ടുമെൻറിൽ നിന്നും ൧൯൫-ൽ ചെയ്തിട്ടുള്ള ഹരിജനോദ്ധാരണവേലകൾ എന്തെല്ലാം?

സചിവോത്തമപുരം കാളനി

*൧൧൨. (൧൬) ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കുറിച്ചി സചിവോത്തമപുരം കാളനി അനുവദിച്ചതെന്ന്?

(ബി) അവിടെയുള്ള പൊതുസ്ഥാപനങ്ങൾ ഏതെല്ലാം?

(സി) ആ കാളനി സ്ഥാപിച്ചതിൻെറശേഷം ഓരോ കൊല്ലവും ചെലവായ തുക എത്രയെന്നു പറയാമോ?

ഹരിജന കാളനികൾ

*൧൧൩. (൧൭) ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂറിൽ പിന്നോക്കസമുദായ ഡിപ്പാർട്ടുമെൻറ മുഖേന തുടങ്ങിയിട്ടുള്ള കാളനികൾ ഏതെല്ലാം?

(ബി) അതിൻെറ ഓരോന്നിൻെറയും വിസ്തീർണ്ണം എന്തു്?

(സി) ഓരോന്നിലും താമസിക്കുന്ന വീടുകളുടെ എണ്ണമെത്ര?

(ഡി) ഓരോ കാളനിയിലെയും വാർഡറന്മാരുടെ പേരുവിവരം?

(ഇ) അവരുടെ ഓരോരുത്തരുടെയും ശമ്പളം?

(എഫ്) പിന്നോക്കസമുദായഡിപ്പാർട്ടുമെൻറിൻെറ കീഴിൽ വാർഡറന്മാരെ ആരെയും തന്നെ നിയമിക്കാത്ത കാളനികൾ ഉണ്ടോ?

സ്പെഷ്യൽ സാങ്ഷൻമൂലം നിയമിക്കപ്പെട്ടവർ

*൧൧൪. (൧൭) ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൦൭ മുതൽ ൧൯൫൪ വരെ സ്പെഷ്യൽ സാങ്ഷൻ മുഖേന എത്ര ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ട്?

(ബി) അവർ ഓരോരുത്തരും ഏതേതു ജാതിയിൽ പെട്ടവരാണ്?

(സി) ൧൯൦൭ മുതൽ ൧൯൫൪ വരെ സ്പെഷ്യൽ സാങ്ഷൻ പ്രകാരം കുറവർ സമുദായത്തിൽനിന്നും ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ?

(ഡി) അങ്ങിനെ നിയമിച്ചിട്ടില്ലെങ്കിൽ, നല്ല പരീക്ഷായോഗ്യതയുള്ളവരിൽ ഒരാളെയെങ്കിലും സ്പെഷ്യൽ സാങ്ഷൻമൂലം നിയമിക്കുവാൻ ദയവുണ്ടാകുമോ?

ഭവനനിർമ്മാണ പദ്ധതി

*൧൧൫. (൧൯) ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൫൫-ൽ ഭവനനിർമ്മാണപദ്ധതിയനുസരിച്ച് തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാനത്തിന്റെ ഏതുഭാഗത്താണു വീടുകൾ കെട്ടിക്കൊടുക്കുവാൻ നിശ്ചയിച്ചിരിക്കുന്നത്?

(ബി) എത്ര വീടുകൾ കെട്ടിക്കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്?

(സി) ഓരോ വീടിനും എന്തു ചെലവാക്കണമെന്നുദ്ദേശിക്കുന്നു?

(ഡി) വീടുവയ്ക്കുവാൻ നിവൃത്തിയില്ലാത്ത കൃഷ്ണകത്തൊഴിലാളികൾക്ക് എത്ര വീടുകൾ വയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) കന്യാകുമാരി, കുളച്ചൽ, തിരുവനന്തപുരം, കൊല്ലം, പുനലൂർ, ആലപ്പുഴ, ആലുവാ, കുമരകം, തേവര, ഇരിങ്ങാലക്കുട.

(ബി) ൨൦൦ മുതൽ ൨൨൫ വരെ.

(സി) ഏകദേശം ൧൦൦൦ രൂപാ.

(ഡി) കഴിയുന്നിടത്തോളം വീടുകൾ കൃഷ്ണകത്തൊഴിലാളികൾക്കും വച്ചുകൊടുക്കുന്നതാണ്.

ശ്രീ. പി. സി. ആദിച്ചൻ: ഇതുവരെ എന്തുതുക ചിലവായിട്ടുണ്ടെന്നു പറയാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഏതാനും തുക ചിലവായിട്ടുണ്ടെന്നല്ലാതെ ഇത്രയെന്നു പറയാൻ ഇപ്പോൾ നിവൃത്തിയില്ല.

ശ്രീ. പി. സി. ആദിച്ചൻ: ഒന്നോ രണ്ടോ സ്ഥലങ്ങളിലെങ്കിലും വീടുകൾ പണിതു തീർത്തിട്ടുണ്ടോ എന്നു പറയാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: കുളച്ചൽ ഉള്ള ചില വീടുകൾക്ക് ഫൗണ്ടേഷൻ ഇട്ടുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. എസ്. ആമ്പിറ്റ്സ്: *കന്നിയാകുമരിയിൽ എപ്പോഴുതു വെലെ മുടിപ്പതാക ഉത്ദേശം*

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: കന്യാകുമാരിയിലും വീടുപണിയാൻ സ്ഥലം എടുത്തുവരികയാണ്.

ഉപരിപഠനത്തിനയയ്ക്കപ്പെട്ട പിന്നോക്കസമുദായ വിദ്യാർത്ഥികൾ

*൧൧൬. (൨൦) ശ്രീ പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്കസമുദായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൦൭ മുതൽ ൧൯൫൪ വരെ ആണ്ടുതോറും തിരുവിതാംകൂറിൽനിന്നും പിന്നോക്കസമുദായഡിപ്പാർട്ടുമെന്റു മുഖേന വിദേശത്തു ഉപരിപഠനത്തിനായി അയച്ചിട്ടുള്ള വിദ്യാർത്ഥികൾ എത്ര? അവരുടെ പേരുവിവരം?

(ബി) മററു സമുദായത്തിൽനിന്നും ൧൯൦൭ മുതൽ ൧൯൫൪ വരെ അയയ്ക്കപ്പെട്ടവർ എത്ര?

ബഹു. ശ്രീ. കെ. അയ്യപ്പൻ :

ഉത്തരം തയാറായിട്ടില്ല.

ഐക്യസംസ്ഥാനത്തോടു ചേർക്കാനുള്ള സ്ഥലങ്ങളെ സംബന്ധിച്ചുള്ള ആലോചന

*൧൧൭. (൨൧) സാഹിബ്ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സംയോജനവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) അഞ്ചുതെങ്ങ്, തങ്കശ്ശേരി, ഫോർട്ടുകൊച്ചി, ഈ സ്ഥലങ്ങൾ കൊച്ചി-തിരുവിതാംകൂർ ഐക്യസംസ്ഥാനത്തോടുകൂടി ചേർക്കുവാൻ ഈ ഗവമ്മെൻറ് സെൻട്രൽ ഗവമ്മെൻറുമായി എന്തെങ്കിലും ആലോചന നടത്തിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിന്റെ ഫലം എന്തായി എന്നു പ്രസ്താവിക്കുമോ?

ബഹു ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഉണ്ട്.

(ബി) ഇക്കാര്യത്തിൽ ഒരു തീരുമാനം അടുത്തുതന്നെ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: ഈ സ്ഥലവിഭാഗങ്ങൾ ഐക്യസംസ്ഥാനത്തോടു ചേൎന്നു കിട്ടുമെന്നാണോ ഗവമ്മെൻറ് വിചാരിക്കുന്നതു്?

ബഹു. ടി. കെ. നാരായണപിള്ള: അതിനായിട്ടാണ് ഗവമ്മെൻറ് ഇപ്പോൾ വാദിക്കുന്നതു്.

Sahib Bahadur A. Abdul Razak: Do the Government know that these people in these areas are deadly opposed to the measure ?

The Hon'ble Sri. T. K. Narayana Pillai: The Government has yet to know that.

Sri. D. Gnansigamony: Are these territories now under the Madras Province ?

The Hon'ble Sri. T. K. Narayana Pillai: Certainly they are. My friend also knows that.

Sri. A. Nesamony: Was this question taken up with the Madras Government ?

The Hon'ble Sri. T. K. Narayana Pillai: The question was not taken up with the Madras Government. The question was taken up with the States Ministry and they may have taken up the matter with the Madras Government.

Sri. A. Nesamony: Is it on the initiative of the Government alone or is it done in consultation with the wishes of this Assembly ?

The Hon'ble Sri. T. K. Narayana Pillai: That is a matter of opinion.

Sri. A. Nesamony: Was the initiative taken by the Government without consulting this Assembly ?

The Hon'ble Sri. T. K. Narayana Pillai: The initiative was not taken by this Government. It was taken at the instance of the Government of India also.

തൊഴിലില്ലായ്മ പരിഹാരപദ്ധതി

*൧൧൮. (൨൨) സാഹിബ്ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കാൻ ഗവമ്മെൻറിന് എന്തെങ്കിലും പദ്ധതികളുണ്ടോ?

(ബി) ഉണ്ടെങ്കിൽ അവ എന്താണെന്നു പ്രസ്താവിക്കുമോ?

ബഹു. ശ്രീ ടി. കെ. നാരായണപിള്ള: ഉത്തരം തയ്യാറായിട്ടില്ല.

സംയോജനക്കമ്മിററിയുടെ റിപ്പോർട്ട്

*൧൧൯. (൨൩) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട സംയോജനവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവിതാംകൂർ-കൊച്ചി സംയോജനക്കമ്മിററിയുടെ റിപ്പോർട്ട് ഈ ഗവമ്മെൻറിനു ഇതിനകം ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതു പരസ്യപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

(സി) ആ റിപ്പോർട്ടിലെ നിർദ്ദേശങ്ങളെല്ലാം അതേപടി ഈ ഗവണ്മെൻറ് സ്വീകരിക്കേണ്ടതാണെന്നു് എന്തെങ്കിലും വ്യവസ്ഥചെയ്തിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഉണ്ടു്.

(ബി) ഉദ്ദേശിക്കുന്നുണ്ടു്.

(സി) അങ്ങിനെ പ്രത്യേക വ്യവസ്ഥകളൊന്നുമില്ല.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഇതുവരെ പ്രസിദ്ധപ്പെടുത്താതിരിക്കുവാനുള്ള കാരണമെന്താണു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: പ്രത്യേകകാരണമൊന്നുമില്ല. അതിന്റെ അച്ചടിച്ചുകാപ്പികൾ ഗവണ്മെൻറിനു കിട്ടിയിട്ടില്ല.

Sri. A. Nesamony : May I know when we can reasonably expect to have it?

The Hon'ble Sri. T. K. Narayana Pillai : In the shortest time possible.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: ഏതു അച്ചുകൂടത്തിലാണു് അതു് അച്ചടിക്കുന്നതു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: തിരുവനന്തപുരത്തും എറണാകുളത്തുമുള്ള ഗവണ്മെൻറ് പ്രസ്സുകളിൽ.

Sri. D. Gnanasigamony : May I know when the report was submitted?

The Hon'ble Sri.T. K. Narayana Pillai : Some months back and my hon'ble friend knows it well.

Sri. Nesamony : May I know the date when the report was printed?

The Hon'ble Sri. T. K. Narayana Pillai : I do not remember the date.

Sri. D. Gnanasigamony: Is it a fact that only 50 copies of the report were printed and distributed?

The Hon'ble Sri. T. K. Narayana Pillai: Some copies were distributed.

ശ്രീ. എൻ. പി. വർഗീസ്: കഴിഞ്ഞ അസംബ്ലിയിലും ഈ മറുപടിതന്നെയാണു് തന്നതെന്നു ബഹു. മന്ത്രിക്കറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതുനല്ലപോലെ ഓർമ്മിച്ചുകൊണ്ടാണു് മറുപടിപറഞ്ഞതു്.

Sri. D. Gnanasigamony: May I know the terms of reference to that committee ?

The Hon'ble Sri. T. K. Narayana Pillai : That question does not arise out of the main question.

Sri. P. Balakrishnan Tampi : On a point of order. Is it for the Hon'ble Chief Minister to say that the question does not arise or has the Chair dedicated that power to the Hon'ble Chief Minister to say so ? That gentleman has been usurping that power and so I draw the pointed attention of the Chair to that aspect.

Mr. Speaker : The latter part of the observation of the Hon'ble member is an insinuation and so is out of order. Regarding the answer given by the minister that the question does not arise it may be observed that the answer as given is not in form. For the reason that the supplementary question is one that could not have been anticipated from the nature of the main question the minister can certainly claim notice.

Sri. D. Gnanasigamony: May I know whether any recommendations of the Buch Committee have been implemented ?

The Hon'ble Sri. T. K. Narayana Pillai : Some have been implemented.

ഓവർലോഡിംഗ്

*൧൨൦. (൨ ൪) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടിപറയുമോ?

(എ) ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിലെ ഓരോ വാഹനങ്ങളിലും ഇത്ര യാത്രക്കാരെ മാത്രമേ കയറാവൂ എന്നു് എന്തെങ്കിലും വ്യവസ്ഥയുണ്ടോ?

(ബി) അനിയന്ത്രിതമായ ഇന്നത്തെ 'ഓവർലോഡിംഗ്' സമ്പ്രദായം പൊതുജനങ്ങളുടെ കഠിനമായ പ്രതിഷേധത്തിനു വിധേയമായിട്ടുണ്ടെന്നു് ഗവമ്മെൻറിനു് അറിയാമോ?

(സി) ഓരോ വാഹനങ്ങളിലും യാത്രക്കാരുടെ സംഖ്യ ക്ലിപ്തപ്പെടുത്തുവാൻ വേണ്ടതു ചെയ്യുമോ?

ബഹു. ശ്രീ. ഇ ജാൺപിലിപ്പോസ്:

(എ) വ്യവസ്ഥയുണ്ടു്. ലൈസൻസ്സ് പ്രകാരമുള്ളതിനു് പുറമേ ൫ ൦ ശതമാനം കൂടി കയററാമെന്നാണു് വ്യവസ്ഥ.

(ബി) പരാതികൾ ഉള്ളതായി അറിയാം. പക്ഷെ ഓവർലോഡിംഗ് നിയന്ത്രിച്ചപ്പോൾ യാത്രക്കാരിൽനിന്നുള്ള പരാതിയും ഉണ്ടായി.

(സി) എ. യുടെ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: ഇപ്പോഴത്തെ ഓവർലോഡിംഗ്കൊണ്ടു് ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ടുണ്ടെന്നറിയാമോ?

ബഹു. ശ്രീ. ഇ. ജാൺപിലിപ്പോസ്: അറിയാം.

സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: അതു പരിഹരിക്കുന്നതിനു എന്തെങ്കിലും പ്രത്യേക നടപടി എടുക്കാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ജാൺപിലിപ്പോസ്: പ്രധാനമായി അതിനുള്ള കാരണം പെട്രോളിൻെറ കുറവാണു്. അതിലേക്ക ഗ്യാസും ഡീസലായിലും ഉപയോഗിച്ചുള്ള വണ്ടികൾ ഇറക്കാൻ ഉദ്ദേശിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. പി. നാണു്: ട്രാൻസ്പോർട്ട ബസ്സുകളിൽ ഉള്ളതുപോലെ പ്രൈവററ് ബസ്സുകളിലും ഓവർലോഡിംഗ് അനുവദിക്കുന്നുണ്ടോ?

List of schools coming under item (c) of interpellation No. 160

1. S. K. V. English High School, Nanniyode.
2. St. Lawrence English High School, Madathattuvila
3. S. K. V. English High School, Pirappancode
4. English High School, Karingal
5. Do. Kattathura
6. Muslim English High School, Kaniapuram
7. English High School, Colachel
8. St. George's English High School, Mylapra
9. St. Joseph's English High School, Sakthikulangara
10. English High School, Thevalakkara
11. St. Thomas' English High School, Karthigapally
12. S. C. English High School, Ranni
13. St. George's English High School, Ranni
14. English High School, Vakathanam
15. Do. Thumpamon
16. Do. Valiakunnam
17. M. S. S. English High School, Vaipur
18. English High School, Parathode
19. Do. Mattam
20. Do. Chetikulangara
21. English High School, Kainakary
22. Do. Kangazha
23. Do. Kattanam
24. Do. Thaycattussery
25. Do. Kallissery
26. Do, Kadaplamattam
27. Do. Plassanal
28. Do. Kanjiramattam
29. Do. Manarcad
30. C. M. S. English High School, Melucavu
31. M. G. M. English High School, Pampady
32. St. George's English High School, Kaipuzha
33. N. S. S. English High School, Parakadavu
34. M. G. M. English High School, Puthencruz
35. St. Joseph's English High School. Kizhakambalam
36. St. Joseph's English High School, Karimannur
37. H. F. English High School, Nattassery
38. English High School for Girls, Pudukurichy
39. Do. Vaikom
40. Do. Kayamkulam

***161. [92] Sri. V. K. Varghese:** Will the Hon'ble Minister for Works and Communications be pleased to state.—

(*a*) the number of fatal accidents in 1124 in which State Transport vehic'es are involved; and,

(*b*) whether any enquiry other than Departmental is made about these?

The Hon'ble Sri. E. John Philipose:

(*a*) Seven.

(*b*) Yes. Such cases are enquired into by the Police.

അഞ്ചലിൽ അയക്കുന്ന എഴുത്തുകൾ

* ൧൩൫. (൯൭) ശ്രീ. അക്കാമ്മ ചെറിയാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു അഞ്ചൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) യുണൈറ്റഡ് സ്റ്റേറ്റിൻെറ ഒരു ഭാഗത്തുനിന്നു അയക്കുന്ന എഴുത്ത് വേറൊരുഭാഗത്തു കിട്ടുന്നതിന് കൂടിയതു എത്ര ദിവസം വേണ്ടിവരും?

(ബി) ഒരു കോട്ടയത്തുനിന്നും കുമിളിക്കുള്ള അഞ്ചൽ എത്ര മണിക്കു പുറപ്പെടും?

(സി) കുമിളിയിൽ എത്രമണിക്കു എത്തും;

(ഡി) കോട്ടയത്തുനിന്നും അയക്കുന്ന ഒരെഴുത്തു ഉടുമ്പൻചോല, വണ്ടൻമേട്, കല്ലാർ ഈ സ്ഥലങ്ങളിൽ എത്രാംദിവസം കിട്ടും;

(ഇ) ഉടുമ്പൻചോല അഞ്ചലാഫീസിൽ എത്ര അഞ്ചൽമെൻ ഉണ്ട്;

(എഫ്) അവിടെ തോട്ടക്കാർക്കു ചെല്ലുന്ന എഴുത്തുകൾ ഈ അഞ്ചൽമെൻ കൊണ്ടുപോയി കൊടുക്കുന്നില്ലെന്നു പരാതി ലഭിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ പിലിപ്പോസ്:

(എ) സാധാരണയായി പിറ്റെ ദിവസം കിട്ടുന്നതാണ്.

(ബി) കാലത്ത് വ—൪-ന്.

(സി) കുമിളിയിൽ അഞ്ചൽ എത്തേണ്ട സമയം പകൽ ൧—൧ ൪-ന് ആണ്.

(ഡി) കോട്ടയത്തുനിന്നും രാവിലെ അയക്കുന്ന എഴുത്തുകൾ, ഉടുമ്പൻചോല, വണ്ടൻമേട് എന്നീ അഞ്ചലാഫീസുകളിൽ രണ്ടാംദിവസം വൈകുന്നേരവും, കല്ലാറിൽ മൂന്നാം ദിവസവും കിട്ടുന്നതായിരിക്കും.

(ഇ) ഉടുമ്പൻചോല അഞ്ചലാഫീസിൽ അഞ്ചൽ ഉരുപ്പടികളുടെ വിതരണത്തിനായി ഒരു അഞ്ചൽമാനേയും ഒരു റണ്ണറേയും നിയമിച്ചിട്ടുണ്ട്.

(എഫ്) ഇല്ല.

ബസ്സുപകടത്തിൽപ്പെട്ടവരുടെ നഷ്ടപരിഹാരം

* ൧൩൬. (൯൮) ശ്രീ. അക്കാമ്മ ചെറിയാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പിൻെറ മന്ത്രി സദയം മറുപടി പറയുമോ:—

(എ) പൊൻകുന്നത്തുവച്ച് ഒരു ബസ്സു തീപിടിച്ചുണ്ടായ അപകടത്തിൽപ്പെട്ടു മരിച്ചുപോയവരുടെ ബന്ധുക്കളിൽ നിന്നോ, അപകടംമൂലം അവശരായിത്തീർന്നവരിൽനിന്നോ നഷ്ടപരിഹാരത്തിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ?

(ബി) ഈ അപേക്ഷകൾക്ക് ഗവൺമെൻറ് എന്തു മറുപടി നൽകി?

(സി) ഗവൺമെൻറിന് ഇക്കാര്യത്തിൽ യാതൊന്നും ചെയ്യാൻ സാധിക്കയില്ലെന്നും ബസ്സുടമസ്ഥന്മാരുടെ പേരിൽ കേസുകൊടുത്ത് നഷ്ടം ഈടാക്കിക്കൊള്ളണമെന്നും മറുപടി നൽകി എന്നുള്ള വസ്തുത ശരിയാണോ?

(ഡി) തേർഡ് പാർട്ടി ഇൻഷ്വറൻസിൽ എല്ലാ മോട്ടോർ വാഹനങ്ങളും ഇൻഷ്വർ ചെയ്യണമെന്നു നിർബന്ധമില്ലേ?

(ഇ) പ്രസ്തുത ബസ്സ് ഇൻഷ്വർ ചെയ്തിരുന്നില്ലേ?

(എഫ്) ഇൻഷ്വർ ചെയ്തു കിട്ടുന്ന പണം ഈ മാതിരിയുള്ള അപകടങ്ങളിൽപ്പെട്ടവർക്ക് നൽകുന്നതിനല്ലേ?

(ജി) നാളതുവരെ എത്ര പണം ഈ ഇനത്തിൽ വരവുണ്ടായിട്ടുണ്ട്? എത്ര പണം തേർഡ് പാർട്ടിക്കു കൊടുത്തിട്ടുണ്ട്?

(എച്ച്) ഇതു വാങ്ങുകയും കൊടുക്കുകയും ചെയ്യുന്നതിനു ചുമതലയുള്ള ഡിപ്പാർട്ടുമെൻറ് ഏതാണ്?

(ഐ) ഇതു് അർഹതയുള്ളവർക്ക് കൊടുക്കുന്നതിനുള്ള നിബന്ധനകൾ എന്താണ്?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) ഉണ്ട്.

(ബി), (സി) ബസ്സുടമസ്ഥന്മാർ അവരുടെ ഈ അപായത്തിൽ ഉള്ള ബാദ്ധ്യത നിരസിച്ചതിനാൽ, ഗവണ്മെൻറിനു യാതൊന്നും ചെയ്യുവാൻ നിവൃത്തിയില്ല. അതിനാൽ അപേക്ഷകരോട് കോടതിയിൽ അവരുടെ നഷ്ടപരിഹാരത്തിനു കമ്പനിയുടെ മേലുള്ള അവകാശത്തെ സ്ഥാപിക്കുവാൻ ഉപദേശിച്ചിട്ടുണ്ട്.

(ഡി) ഉവ്വ്.

(ഇ) ഉവ്വ്.

(എഫ്) അതേ, പക്ഷെ വാഹന ഉടമസ്ഥന്മാരുടെ ബാദ്ധ്യതയെ ആദ്യമായിട്ടു സ്ഥാപിക്കണം.

(ജി) വ,ൻ്റ, ൧ൻ്ക., ഫ ൪,ന്ന ൪ ൦ക.

(എച്ച്) ഇൻഷ്വറൻസ് ഡിപ്പാർട്ടുമെൻറ്.

(ഐ) മോട്ടോർ വെഹിക്കിൾസ് ആക്ട്, അതുപ്രകാരമുള്ള റൂളുകളും നോക്കുക.

വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറ്

*ഫ ന്ന ൪. (൯൯) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമൊ —

(എ) മുൻവിദ്യാഭ്യാസ മന്ത്രിയുടെ ഉത്തരവുകൾ അന്നത്തെ ഡയറക്ടരായിരുന്ന ഡാക്ടർ കോശി അനുസരിക്കാതിരിക്കുകയൊ നടപ്പാക്കാൻ താമസം നേരിടുവിക്കുകയൊ ചെയ്തിട്ടുണ്ടോ?

(ബി) ചേത്തല ഹൈസ്കൂളിലേക്ക് സ്ഥലം മാററപ്പെട്ട ശ്രീ. ആർ. വേലുപ്പിള്ള എന്നൊരു അദ്ധ്യാപകനെ സ്വദേശത്തേക്കു സ്ഥലം മാററിയിട്ടുള്ളതു് മന്ത്രിയുടെ നിർദ്ദേശമനുസരിച്ചൊ ഇപ്പോഴത്തെ ചീഫ് സെക്രട്ടറിയുടെ ഉത്തരവനുസരിച്ചൊ?

(സി) ചീഫ് സെക്രട്ടറിയുടെ ഉത്തരവോ നിർദ്ദേശമോ ഈ സംഗതിയിൽ ഉണ്ടായിട്ടുണ്ടെങ്കിൽ അതിൻെറ പൂർണ്ണരൂപം എന്താണ്?

(ഡി) ശ്രീ. ആർ. വേലുപ്പിള്ള, ഭാസ്കരപിള്ള ഇങ്ങനെ രണ്ടു അദ്ധ്യാപകന്മാരെ സംബന്ധിച്ച്, അന്നത്തെ വിദ്യാഭ്യാസമന്ത്രി ഡാക്ടർ കോശിക്ക് (അന്നത്തെ വിദ്യാഭ്യാസ ഡയറക്ടർക്ക്) എന്തെങ്കിലും ഉത്തരവൊ നിർദ്ദേശമൊ കൊടുത്തിട്ടുണ്ടോ?

(ഇ) കൊടുത്തിട്ടുണ്ടെങ്കിൽ അതു് എന്തായിരുന്നുവെന്നും ഉത്തരവുകൾ നടപ്പാക്കാൻ കാലതാമസം നേരിടുവിച്ചൊ എന്നും പറയാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഇല്ല.

(ബി) ഗവണ്മെൻറിൻെറ നിർദ്ദേശമനുസരിച്ച്.

(സി) അതു് ഔദ്യോഗിക രഹസ്യമായതുകൊണ്ട് വെളിപ്പെടുത്തുവാൻ നിവൃത്തിയില്ല.

(ഡി) ഉണ്ട്.

(ഇ) ശ്രീ. ആർ. വേലുപ്പിള്ളയെ സ്വദേശത്തുള്ള ഏതെങ്കിലും സ്കൂളിൽ മാററി നിയമിക്കണമെന്നും, ശ്രീ. ഭാസ്കരപിള്ളയെ ഉദ്യോഗത്തിൽ പ്രവേശിപ്പിച്ചുകൊള്ളണമെന്നും ഉത്തരവു പാസ്സാക്കിയിട്ടുണ്ട്. അവ നടപ്പാക്കാൻ കാലതാമസം നേരിട്ടില്ല.

ആലുവാ റെയിൽവെ സ്റ്റേഷൻ

*ഫ ന്ന ൫. (ഫ ൦ ൫) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പിൻെറ ചാർജ്ജു വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആലുവാ റെയിൽവെ സ്റ്റേഷനിൽ പാസഞ്ചർ, ഗൂഡ്സ് ഇവ ഇനങ്ങളിലായി

കഴിഞ്ഞ അഞ്ചുകൊല്ലത്തെ കണക്കുകൊണ്ടു് മാസത്തിൽ ശരാശരി എത്ര സംഖ്യ വരവുണ്ടെന്നു് ദയവായി പറയാമോ?

(ബി) ആലുവാ റെയിൽവെ സ്റ്റേഷനിൽ ഇതേവരെയായി ഇലക്ട്രിക്ക വിളക്കുകൾ സ്ഥാപിക്കാതിരിക്കുന്നതിനു് പ്രത്യേകം വല്ല കാരണവുമുണ്ടോ?

(സി) ആലുവാ റെയിൽവെ സ്റ്റേഷൻ പ്ലാററഫാറത്തിലുള്ള കക്കൂസുകൾ വളരെ വൃത്തികേടായി കിടക്കുന്നതു് ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(ഡി) വളരെ യാത്രക്കാരും മററും തിങ്ങിക്കൂടുന്ന ഈ റെയിൽവെ സ്റ്റേഷൻ പരിഷ്കൃത രീതിയിൽ പണി കഴിച്ചു് പരിസരങ്ങൾ വളരെ വൃത്തിയായി സൂക്ഷിക്കുന്ന കാര്യത്തിൽ ഗവണ്മെൻറു ശ്രദ്ധിക്കുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ)	പാസഞ്ചർ	ഗൂഡ്സ്	ആകെ
	൨,൩൩ ൦ക.	൩,൨ ൫ ൪ക.	൫ ൫ വ ൪ക.

(ബി) ആലുവാ റെയിൽവെ സ്റ്റേഷൻ പരിഷ്കൃത രീതിയിൽ പുതുക്കി പണിയുവാനുള്ള ഒരു പദ്ധതി ആലോചനയിൽ ഉണ്ടു്. റെയിൽവെ ഭരണകാര്യങ്ങളെക്കുറിച്ചു് കേന്ദ്രഗവണ്മെൻറുമായി ഒരു തീർപ്പുണ്ടാകുന്നതുവരെ പുതിയ പണികൾ തുടങ്ങുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് ടി പദ്ധതി തൽക്കാലം നിട്ടിവെച്ചിരിക്കുകയാണു്. സ്റ്റേഷൻ പുതുക്കി പണിയുന്നതോടുകൂടി ഇലക്ട്രിക്കു് വിളക്കുകളും സ്ഥാപിക്കുന്നതാണു്. വൈദ്യുതീകരണത്തിന്നായി ഇപ്പോൾ ചിലവഴിക്കുന്ന തുക സ്റ്റേഷൻ പുതുക്കി പണിയുന്ന അവസരത്തിൽ നഷ്ടപ്പെട്ടുപോകുമെന്നുള്ളതിനാൽ വൈദ്യുതീകരണം ഇപ്പോൾ നടത്തുവാൻ ഉദ്ദേശിക്കുന്നില്ല.

(സി) ചിലപ്പോൾ കുറെ വൃത്തികേടാകാറുണ്ടു് എന്നറിയാം. കഴിയുന്നതും വൃത്തിയായി സൂക്ഷിക്കുവാൻ റെയിൽവെ അധികാരികൾ ഏർപ്പാടു ചെയ്തിട്ടുണ്ടു്.

(ഡി) (ബി) യുടെ ഉത്തരം നോക്കുക.

ഗ്രന്ഥശാലകളുടെ ഗ്രാൻറു്

*൧൩൩. (൧൦൭) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧ ൧ വ ൪-ൽ തിരുവിതാംകൂറിലെ ഗ്രന്ഥശാലകൾക്കു് നൽകിയ ഗ്രാൻറു് എത്ര?

(ബി) ൧ ൧ വ ൫-ൽ തിരുവിതാംകൂറിൽ കൊടുക്കുവാൻ ഉദ്ദേശിക്കുന്ന തുക എത്ര?

(സി) കൊച്ചിവിഭാഗത്തിൽ ൧ ൧ വ ൪-ൽ നൽകിയതും, ൧ ൧ വ ൫-ൽ നൽകുവാൻ ഉദ്ദേശിക്കുന്നതും ആയ തുകകൾ യഥാക്രമം എത്ര?

(ഡി) ഐക്യസംസ്ഥാനത്തിലെ ഗ്രന്ഥശാലകൾക്കു് ൧ ൧ വ ൫-ൽ നൽകുവാനുദ്ദേശിക്കുന്ന തുക ഈ വർഷത്തിൽതന്നെ നാലു ഗഡുവുകളിലായി കൊടുക്കുവാൻവേണ്ട വ്യവസ്ഥകൾ ചെയ്യുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ൪ ൪,൦ ൩ ൦ രൂപ.

(ബി) ൪ ൪,൦ ൦ ൦ രൂപ.

(സി) ൪,൪ ൩ വ— വ— ൦ രൂപായും, ൫,൩ ൫ ൦ രൂപാവിലക്കുള്ള പുസ്തകങ്ങളും, ൧ ൧ വ ൪-ൽ കൊടുത്തിട്ടുണ്ടു്. ൧ ൧ വ ൫-ലേക്കു് വ വ, ൦ ൩ ൦ രൂപാ നീക്കിവെച്ചിട്ടുണ്ടു്.

(ഡി ഓരോ ഗ്രന്ഥശാലക്കും കൊടുക്കുന്ന തുക വളരെ തുഛമായതുകൊണ്ടു് പല ഗഡുവുകളിലായി കൊടുക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ഗ്രന്ഥാലോകം മാസിക

*൧ ൩ ൭. (൧ ൦ വ) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു: വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ?

(എ) ഗ്രന്ഥശാലാസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ഗ്രന്ഥാലോകം എന്ന മാസിക വിദ്യാലയങ്ങളിലെ ആവശ്യത്തിനായി വരുത്തുന്നുണ്ടോ?

(ബി) വരുത്തുന്നില്ലെങ്കിൽ വരുത്തുവാൻ ഗവമ്മെൻറ് വേണ്ട ഏർപ്പാടു ചെയ്യുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഇല്ല.

(ബി) ഇതിനെപ്പററി ആലോചിക്കുന്നതാണ്.

*ചോദ്യം. (ചോ ൦) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹു. തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി പറയുമൊ.—

(എ) തീരദേശതൊഴിലില്ലായ്മയെപ്പററി അന്വേഷിക്കാൻ നിയമിച്ച സ്റ്റിഫ്ഫ് കമ്മിററി റിപ്പോർട്ട് സമർപ്പിച്ചോ?

(ബി) സമർപ്പിച്ചെങ്കിൽ എന്ന്?

(സി) കമ്മിററിയുടെ പ്രധാനശുപാർശകൾ എന്തെല്ലാം?

(ഡി) അതിൽ ഏതെല്ലാം ശുപാർശകൾ ഗവമ്മെൻറിൽനിന്നും നടപ്പിൽ വരുത്തിയിട്ടുണ്ട്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഉണ്ട്.

(ബി) ഫസ്റ്റ് ആഗസ്റ്റ് ൧൯-൦൦-.

(സി) കയർ പിരിക്കുന്നവരെ സഹകരണാധിഷ്ഠാനത്തിൽ സംഘടിപ്പിക്കുന്നതിനും കയർഫാക്ടറികളിലെ തൊഴിലാളികളെ ലേബർ എക്സ്ചേഞ്ചുകൾ വഴി രജിസ്റ്റർ ചെയ്യുന്നതിനും കയർവില അപ്പപ്പോൾ ഉല്പാദന കേന്ദ്രങ്ങളിൽ അറിയിക്കുന്നതിന് ഒരു Information Service തുടങ്ങുന്നതിനും, കയർ ഏററമതി തടയേണ്ടതില്ലെന്നും ട്രാഫിക്ക് തടസ്സങ്ങൾ നീക്കുന്നതിന് ഗവമ്മെൻറ് വേണ്ടതു ചെയ്യണമെന്നും കയർ വ്യവസായത്തിൻെറ ആവശ്യതകൾ ഇന്ത്യാഗവമ്മെൻറിൻെറ ദൃഷ്ടിയിൽപ്പെടുത്തിക്കൊണ്ടിരിക്കണമെന്നും റെയിൽവേയിൽ കൂടുതൽ ആനുകൂല്യം സമ്പാദിക്കണമെന്നും പുതിയ കച്ചവടക്കാരേയും ഫാക്ടറികളേയും നിരുത്സാഹപ്പെടുത്തണമെന്നും ഒരു ഗവമ്മെൻറ് ട്രേഡ്കമ്മിററി സ്ഥാപിക്കണമെന്നും കയർ തൊഴിലാളികളെ മററു തൊഴിലുകളിലേക്ക് ആകർഷിക്കണമെന്നും പുതിയ വ്യവസായങ്ങൾ വഴി തൊഴിലില്ലായ്മക്ക് പരിഹാരം ഉണ്ടാക്കണമെന്നു മാണ് പ്രധാന ശുപാർശകൾ.

(ഡി) ഗവമ്മെൻറിൻെറ പരിഗണനയിലിരിക്കുന്നു.

SURRENDERED SCHOOL TEACHERS

***169.** [113] **Sri. R. K. Ram:** Will the Hon'ble Minister for Education and Labour be pleased to state.—

(*a*) the number of surrendered school teachers during the school year 1121—1122 in the Nagarcoil District;

(*b*) the number of teachers confirmed on 4th Edavam 1123 of the above;

(*c*) number of those not confirmed; and

(*d*) the basis by which confirmation was given?

The Hon'ble T. K. Narayana Pillai:

(*a*) 271.

(*b*) 24.

(*c*) 247.

(*d*) Seniority in service.

PRIMARY SCHOOL TEACHERS

***170.** [115] **Sri. R. K. Ram:** Will the Hon'ble Minister for Education and Labour be pleased to state.—

(*a*) the basic pay of a Primary School teacher in Travancore and Cochin respectively;

(*b*) the basic pay of a Head master in Travancore and Cochin respectively;

(*c*) is the Hon'ble Minister aware that Headmasters in Travancore become teachers with respect their pay from September 1949 onwards; and

(*d*) whether the Government intend taking steps to dispel this anomaly?

The Hon'ble Sri. T. K. Narayana Pillai:

(*a*) Travancore — Rs. 25.
Cochin — Rs. 30-1-40-2-50.

(*b*) Travancore — Pay of the teacher plus Headmaster's allowance Rs. 5.
Cochin — Pay of the teacher plus Headmaster's allowance Rs. 3.

(*c*) Yes.

(*d*) The allowance to the Headmasters which was discontinued has since been restored.

മണിയോർഡർ കുഴപ്പം

* ൧൭൧. (൧൨൦) ശ്രീമതി അക്കാമ്മചെറിയാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട അഞ്ചൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമൊ.—

(എ) ൪—൪—൧൯൨൪ൽ കാഞ്ഞിരപ്പിള്ളി അഞ്ചലാഫീസ്സിൽ നിന്നും മണിയോർഡർ അയച്ച ൭വ്വ രൂപാ ൧൦ ചക്രം മേൽവിലാസക്കാരനു കിട്ടിയിട്ടില്ല എന്നു പരാതി ലഭിച്ചിട്ടുണ്ടൊ?

(ബി) അതു ആരുടെ പിശകുകൊണ്ടാണ് കിട്ടാതെ വന്നതു്?

(സി) അതിന്മേൽ എന്തു നടപടി നടത്തി?

(ഡി) ഈ അശ്രദ്ധമതിക്കു ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ഇന്നും സർവീസിൽ ഇരിക്കുകയാണൊ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) ഉണ്ടു്.

(ബി) വെളിയനാട്ടു് അഞ്ചലാഫീസ്സിൽ ആക്ടിംഗ് അഞ്ചൽമാൻ കെ. ആർ. ഗോപിനാഥൻ നായരുടെ പിശകുകൊണ്ടാണ് മേൽ വിലാസക്കക്ഷിക്കു് പണം കിട്ടാതെ പോയതു്.

(സി) പ്രസ്തുത പരാതി അനുസരിച്ചു് അന്വേഷണം നടത്തിയതിൽ ഇതുപോലെ മററു ചില മണിയോർഡറുകളും അപഹരിച്ചിട്ടുള്ളതായി തെളിവു കിട്ടിയതിനാൽ വിവരം ചങ്ങനാശേരി പോലീസിനെ അറിയിച്ചതിന്റെ ഫലമായി ടിയാന്റെ പേരിൽ തി. ശി. നി. ൧൭൦, ൪൧൦, ൪൭൦ വകുപ്പുകൾ ചുമത്തി ചങ്ങനാശേരി പോലീസ് ഇൻസ്പെക്ടർ കേസു ചാർജ്ജു ചെയ്തിട്ടുണ്ടു്.

(ഡി) അല്ല. ടിയാൻ ഇപ്പോൾ സർവ്വീസിൽ ഇല്ല. ഒളിവിലാണ് എന്നു പോലീസ് അന്വേഷണത്തിൽ അറിയുന്നു.

കടത്തു കടവിലെ ചങ്ങാടം

* ൧൭൨. (൧൨൧) ശ്രീമതി അക്കാമ്മാചെറിയാൻ: തഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട മരാമത്തു വകുപ്പു മന്ത്രി സദയം മറുപടി നൽകുമൊ.—

(എ) കല്ലുപ്പാറ പകുതിയിൽ കറത്തവടശേരിൽ കടവിൽ ഒരു ചങ്ങാടം ഗവമ്മെണ്ടിൽനിന്നും അനുവദിച്ചുകൊടുത്തിട്ടുണ്ടൊ?

(ബി) അതു അവിടെനിന്നും മാററാൻ ഗവമ്മെണ്ടു ഉദ്ദേശിക്കുന്നുണ്ടൊ?

(സി) അങ്ങനെ മാററാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതിനുള്ള കാരണമെന്തു്?

(ഡി) ഒരു ചങ്ങാടം ആ കടവിൽ ആവശ്യമെന്നു ബോദ്ധ്യമായതുകൊണ്ടല്ലെ അതവിടെ അനുവദിച്ചതു്?

(ഇ) ഈ ചങ്ങാടം അവിടെനിന്നു മാററാൻ പാടില്ലെന്നു പൊതുജനങ്ങളുടെ നിവേദനം കിട്ടിയിട്ടുണ്ടൊ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) ഉണ്ടു്.

(ബി) ഇല്ല.

(സി) മുകളിൽ (ബി) ഭാഗത്തിനു നൽകിയ ഉത്തരം കൊണ്ടു ഈ ചോദ്യം ഉദിക്കുന്നില്ല.

(ഡി) അതെ.

(ഇ) ഉണ്ടു്.

ഫാക്ടറി തൊഴിലാളികളുടെ അവധി

*൧൭൩. (൧൨൨) ശ്രീ. എ. കെ. ശങ്കുണ്ണി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗവണ്മെൻറ് ജീവനക്കാർക്കു നൽകിവരുന്ന ചില്ലറയവധി (കാഷ്വൽലീവ്) കൊല്ലത്തിൽ എത്രയാണെന്നു പറയുമോ?

(ബി) ഐക്യസംസ്ഥാനത്തെ സ്വകാര്യ ഫാക്ടറികളിലും കമ്പനികളിലും ഉള്ള മാസശമ്പളക്കാർക്ക് ഇയിനത്തിൽ അനുവദിച്ചിരിക്കുന്നത് എത്ര ദിവസമാണ്?

(സി) ഇത് ഗവണ്മെണ്ട് ജീവനക്കാരുടേതിനോടു തുല്യമാക്കുവാൻ വേണ്ടതായ നടപടികൾ ഗവണ്മെണ്ട് സ്വീകരിക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ൨ ൦ ദിവസം.

(ബി) തൊഴിലാളികൾക്ക് എത്ര ദിവസത്തെ കാഷ്വൽ അവധികൊടുക്കണമെന്നു നിയമപ്രകാരം വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ ചില ഫാക്ടറികളിൽ മാനേജ്മെൻറ് സ്വമേധയാ കാഷ്വൽലീവ് കൊടുത്തുവരുന്നു. ഇതിലേക്കുള്ള വ്യവസ്ഥകൾ അവരുടെ സ്റ്റാൻറിംഗ് ഓർഡേഴ്സിൽ ഉൾപ്പെടുത്തുന്നുണ്ട്. തിരുവിതാംകൂർ ഫാക്ടറീസ് ആക്ട് അനുസരിച്ച് ഫാക്ടറി തൊഴിലാളികൾക്ക് കൊല്ലംതോറും ശമ്പളത്തോടുകൂടിയ അവധി കൊടുക്കുന്നതിന് ഇപ്പോൾ വ്യവസ്ഥചെയ്തിട്ടുണ്ട്. പ്രായപൂർത്തിയായ ഒരാൾക്ക് ഒരു കൊല്ലത്തിൽ ൨ ൦ ജോലിദിവസത്തിനു ഒരു ദിവസമെന്ന ക്രമത്തിലും എന്നാൽ ഏററവും കുറഞ്ഞതു് ൧ ൦ ദിവസമെങ്കിലും കിട്ടത്തക്കവിധത്തിലും പ്രായപൂർത്തിയാകാത്തവർക്ക് കൊല്ലത്തിൽ ൧ ൪ ദിവസത്തിനു ഒരു ദിവസം എന്ന ക്രമത്തിലും, എന്നാൽ ഏററവും കുറഞ്ഞതു് ൧ ൪ ദിവസമെങ്കിലും കിട്ടത്തക്കവണ്ണവുമാണ് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു്.

കൊച്ചി ഫാക്ടറീസ് ആക്ട് അനുസരിച്ച് പ്രായ പൂർത്തിയായ ഒരാൾക്ക് ഒരു കൊല്ലത്തിൽ ൧ ൦ ദിവസവും പ്രായപൂർത്തിയാകാത്തവർക്ക് ഒരു കൊല്ലത്തിൽ ൧ ൪ ദിവസവും ശമ്പളത്തോടുകൂടിയ അവധിക്ക് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ഈ വക നിയമനിർമ്മാണങ്ങൾ ഇൻഡ്യയിൽ മുഴുവൻ ഒരേ രീതിയിലിരിക്കണമെന്നാണ് നയം.

മിനിമം വേജസ് ബിൽ (കൊച്ചിൻ)

*൧൭൪. (൧൨൩) ശ്രീ. എ. കെ. ശങ്കുണ്ണി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) കൊച്ചിൻ മിനിമം വേജസ് ആക്ട് നടപ്പിൽ വരുത്തുന്നതിനുവേണ്ട നടപടികളെന്തെങ്കിലും ഗവണ്മെൻറ് സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഐക്യസംസ്ഥാനമൊട്ടുക്കു ബാധകമാകത്തക്ക വിധത്തിൽ അപ്രകാരമൊരു ബിൽ പാസ്സാക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) ഉണ്ട്.

(ബി) മേല്പറഞ്ഞ ഉത്തരംകൊണ്ട് ഇതു് ഉത്ഭവിക്കുന്നില്ല.

(സി) ഉണ്ട്.

ഫാക്ടറികളിലെ ജോലിസമയം

*൧൭൫. (൧൨൪) ശ്രീ. എ. കെ. ശങ്കുണ്ണി: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹു. തൊഴിൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:—

(എ) ഐക്യസംസ്ഥാനത്തിലുള്ള എല്ലാ സ്വകാര്യഫാക്ടറികളിലേയും കമ്പനികളിലേയും ജോലിസമയം ദിവസത്തിൽ ൮-ം ൯-ം മണിക്കൂറുകൾ ആണെന്നറിയാമോ;

(ബി) പാശ്ചാത്യരാജ്യങ്ങളിൽ അമേരിക്കയിലും ഇംഗ്ലണ്ടിലും ഉള്ള തൊഴിൽ ശാലകളിൽ ഇതു് ൭-ം ൬-ം മണിക്കൂറുകളാണെന്നറിയാമോ;

(സി) ഐക്യസംസ്ഥാനത്തിലുള്ള തൊഴിൽ ശാലകളിലും അപ്രകാരം ജോലിസമയം കുറവു ചെയ്തുകിട്ടുവാൻ വേണ്ടതു് ചെയ്യുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) ജോലിസമയം ദിവസത്തിൽ ൯ മണിക്കൂർവരെ അനുവദനീയമാണെങ്കിലും എല്ലാ ഫാക്ടറികളിലും ജോലിസമയം ആഴ്ചയിൽ ൪ വ്യമണിക്കൂറിൽ കവിയാൻ പാടില്ലെന്നാണ്നിയമം. അതുകൊണ്ട് ദിവസത്തിൽ വ്യമണിക്കൂർ വീതം മാത്രമേ ജോലി ചെയ്യിച്ചുവരുന്നുള്ളൂ.

(ബി) ഇംഗ്ലണ്ടിൽ പ്രായപൂർത്തിവന്ന പുരുഷന്മാരായ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ജോലിസമയം പരിമിതപ്പെടുത്തുന്ന എന്തെങ്കിലും നിയമമുള്ളതായി അറിവില്ല. അവിടെ തൊഴിലാളികളും മുതലാളികളുംകൂടി പരസ്പര സമ്മതപ്രകാരം ഉണ്ടായിട്ടുള്ള കരാറുകൾ അനുസരിച്ചാണ് ജോലിസമയം ക്രിയപ്പെടുത്തിയിട്ടുള്ളത്. പൊതുവേ ആഴ്ചയിൽ ൪ ൪ മണിക്കൂറെന്നാണ് അറിവ്. അമേരിക്കയിൽ ഫെയർ ലേബർ സ്റ്റാൻഡേർഡ് അനുസരിച്ച് പ്രതിവാരപ്രവൃത്തിസമയം ൪ ൦ മണിക്കൂറിൽ കവിയാൻ പാടില്ലെന്നാണ് നിയമം.

(സി) ഇൻഡ്യയൊട്ടുക്ക് ഒരു നയമാണ് ഈ കാര്യത്തിൽ സ്വീകരിക്കേണ്ടത്.

ഇൻറർമീഡിയേറ്റ് പരീക്ഷാചോദ്യക്കടലാസ്

*൧൭൩. (൧൨൫) ശ്രീ. എ. കെ. ശങ്കുണ്ണി: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹു. വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ:—

(എ) ഐക്യസംസ്ഥാനത്തെ തിരുവിതാംകൂറിൽ ഇൻറർമീഡിയേറ്റ് പരീക്ഷാചോദ്യക്കടലാസ് പരീക്ഷക്കു മുമ്പുതന്നെ പുറത്തായി എന്നുള്ള വാർത്ത ശരിയാണോ;

(ബി) എങ്കിൽ എങ്ങനെയാണ് ഇതു് സംഭവിച്ചതെന്നു പറയാമോ;

(സി) ഇതിനെപ്പററി അന്വേഷിക്കുവാൻ ഒരു കമ്മിററിയെ നിയമിച്ചിരുന്നെന്നും, കമ്മിററിയുടെ റിപ്പോർട്ടു ഉടനെതന്നെ ഗവൺമെൻറിൽ സമർപ്പിക്കുമെന്നും കേട്ടിരുന്നതു ശരിയാണോ;

(ഡി) അതെയെങ്കിൽ ആ റിപ്പോർട്ടു മേശപ്പുറത്തുവയ്ക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) അതെ.

(ബി) ഇതു് ഗവൺമെൻറിൽനിന്നും നിയമിച്ച ഒരു കമ്മീഷൻെറ അന്വേഷണത്തിൽ ഇരിക്കുകയാണ്.

(സി) അതെ.

(ഡി) കമ്മീഷൻെറ റിപ്പോർട്ട് ഗവൺമെൻറിന് ലഭിച്ചിട്ടില്ലാ.

കൊടുങ്ങല്ലൂരിൽ ടെലിഫോൺ

*൧൭൪ (൧൨൬) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു. മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: —

(എ) കൊടുങ്ങല്ലൂരിൽ ടെലിഫോൺ ഇല്ലെന്നുള്ളതു് ഗവൺമെൻറിനു അറിയാമോ;

(ബി) കൊടുങ്ങല്ലൂരിൽ പബ്ലിക്കു കാളാഫീസും, ടെലിഫോൺ സർവ്വീസും ഉടനെ സ്ഥാപിക്കാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: (എ) അറിയാം.

(ബി) കൊടുങ്ങല്ലൂർ, തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാന ഗവൺമെണ്ടിൻെറ കീഴിലുള്ള ടെലിഫോൺ ഡിപ്പാർട്ടുമെൻറിൻെറ അധികാരപരിധിയിൽ ഉൾപ്പെടാത്തതുകൊണ്ടും, താമസംവിനാ ടെലിഫോൺ ഡിപ്പാർട്ടുമെൻറ് ഇന്ത്യഗവൺമെൻറിൽ-നിന്നും നേരിട്ടു എടുക്കുവാൻ ഇടയുള്ളതുകൊണ്ടും, പ്രസ്തുത കാര്യത്തെപ്പററി ഇപ്പോൾ തീർത്തുപറയുവാൻ നിവ്വാഹമില്ല.

THURAMUKHA THOZHILALI ENQUIRY COMMITTEE

*൧൭൫. (൧൩൩) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. തൊഴിൽവകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) കൊച്ചി തുറമുഖതൊഴിലാളികളുടെ അവശതകളെപ്പററി അന്വേഷിക്കുവാൻ നിയോഗിച്ച കമ്മിററി ഗവൺമെൻറിലേക്ക് റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ?

(ബി) കമ്മിററിയുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ എന്തെല്ലാമാണ്?

(സി) ഗവൺമെൻറ് ഇതുസംബന്ധിച്ച് എന്തു നടപടി എടുത്തു?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) ഉണ്ട്.

(ബി) (സി) റിപ്പോർട്ട് ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുകയാണ്. അധികം താമസിയാതെ അതിനെപ്പററിയുള്ള ഉത്തരവു പുറപ്പെടുവിക്കുന്നതുമാണ്.

ആർ. എസ്സ്. എസ്സ്. നേതാവ്

*ഫ൭൩൯. (ഫ൩ ൪) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാവകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) എറണാകുളം സർക്കാർ ഗേൾസ് ഹൈസ്കൂളിൽ ഈയിടെ ആർ. എസ്സ്. എസ്സ്. നേതാവ് സംബന്ധിച്ചിരുന്ന ഒരു യോഗം ഉണ്ടായിരുന്നോ?

(ബി) ആരുടെ അനുവാദപ്രകാരമാണ് പ്രസ്തുത സ്കൂളിൽവെച്ച് യോഗം ചേർന്നത്?

(സി) യോഗസ്ഥലത്തു ലാത്തിധാരികളായ ആർ. എസ്സ്. എസ്സ്. വാളണ്ടിയർമാർ ഉണ്ടായിരുന്നോ?

(ഡി) പ്രസ്തുത വാളണ്ടിയർമാരുടെ പ്രകടനങ്ങൾ ഉണ്ടായിരുന്നോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) ഉവ്വ്.

(ബി) ഗവണ്മെൻറിന്റെ അനുവാദപ്രകാരം.

(സി) വാളണ്ടിയർമാർ ഉണ്ടായിരുന്നു. അവരിൽ ചിലരുടെ കയ്യിൽ മുളവടി ഉണ്ടായിരുന്നു.

(ഡി) വാളണ്ടിയർമാരുടെ ഒരു ഡ്രിൽ ഉണ്ടായിരുന്നു.

ഹെഡ്മാസ്റ്റർമാർക്കുള്ള സൂപ്പർവിഷൻ അലവൻസ്

*ഫവ൦. (ഫ൩ ൭) ശ്രീ. വി. കെ. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ?

(എ) സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് കൊച്ചിയിൽ കൊടുത്തുകൊണ്ടിരുന്ന സൂപ്പർവിഷൻ അലവൻസ് ഇപ്പോൾ നിറുത്തലാക്കിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിന് എന്തെങ്കിലും പ്രത്യേക കാരണങ്ങളുണ്ടോ?

(സി) അതു വീണ്ടും കൊടുക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കൊച്ചിയിലെ സ്റ്റാഫ് മാനേജ്മെൻറ് സ്കൂളുകൾ

*ഫവ൨. (ഫ൩ വ) ശ്രീ. വി. കെ. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ?

(എ) കൊച്ചി ഡിവിഷനിൽ എത്ര സ്റ്റാഫ് മാനേജ്മെൻറ് സ്കൂളുകൾ ഉണ്ട്?

(ബി) അവയിൽ എത്ര എണ്ണത്തിനു സ്ഥിരം കെട്ടിടങ്ങളില്ലാതെയുണ്ട്?

(സി) ഇക്കൊല്ലത്തിൽ ആവക സ്കൂളുകളിൽ ഏതിനെങ്കിലും ബിൽഡിംഗ് ഗ്രാൻറോ മൊത്തപ്പടി ഗ്രാൻറോ (Lump sum grant) കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീ ടി. കെ. നാരായണപിള്ള: (എ) ൪൨.

(ബി) ൨ ൦.

(സി) ഇക്കൊല്ലത്തെ ബഡ്ജററിലുള്ള സ്പെഷ്യൽ ഗ്രാൻറ് തുക വിതരണം ചെയ്യുന്ന കാര്യം ആലോചിച്ചുവരുന്നേയുള്ളൂ. ഇക്കൊല്ലത്തെ ബഡ്ജററിൽ മൊത്തപ്പടി ഗ്രാൻറ് (Lump grant) കൊടുക്കുന്നതിനു യാതൊരു തുകയുമില്ല.

ഫ൨൩൯ൽ കൊച്ചിയിൽ എയ്ഡ് കൊടുത്തിട്ടുള്ള പ്രൈമറി സ്കൂളുകൾ

*ഫവ൨. (ഫ൩൯) ശ്രീ. വി. കെ. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ?

(എ) ഫ ഫ൨൩൯-ൽ കൊച്ചിയിൽ തുടങ്ങിയിട്ടുള്ള എത്ര പ്രൈമറി ക്ലാസുകൾക്ക് എയ്ഡ് കൊടുത്തിട്ടുണ്ട്?

(ബി) എത്ര ക്ലാസ്സുകൾക്ക് ഇനി കൊടുക്കുവാനുണ്ട്?

(സി) കഴിഞ്ഞ കൊല്ലത്തെ ബഡ്ജററിൽ ഇതിനു വക എന്തെങ്കിലും കൊള്ളിച്ചിട്ടുണ്ടായിരുന്നോ?

(ഡി) ഉണ്ടെങ്കിൽ എത്ര?

(ഇ) ആ സംഖ്യ കൊടുക്കുകയുണ്ടായോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) ഉ ണ്ടു.

(ബി) ൧ ൩ ൪.

(സി) ഉണ്ടായിരുന്നു.

(ഡി) ൨ ൫, ൦ ൦ ൦ രൂപാ.

(ഇ) ഇല്ല.

മി. കൊള്ളിൻസിന്റെ അഭിപ്രായം

*൧൭൩. (൧൪൦) ശ്രീ. വി. കെ. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് മന്ത്രി സദയം മറുപടി പറയുമൊ.—

(എ) ട്രാൻസ്പോർട്ട് പരിഷ്കരണത്തിനായി മി. എ. ജെ. എൻ. കോള്ളിൻസിനുള്ള അഭിപ്രായം എന്താണ്?

(ബി) ഇതിൽ ഏതെങ്കിലും ഗവണ്മെൻറ് ഉടൻ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ-ബി) അദ്ദേഹം ചില പരിഷ്കാരങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. അവ ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കയാണ്.

BUSES FOR THE TRIVANDRUM-NAGARCOIL LINE

***184.** [141] **Sri. R. K. Ram:** Will the Hon'ble Minister for Works and Communication bepleased to state.—

(*a*) whether the new buses plying between Trivandrum and Nagercoil have been withdrawn;

(*b*) if so, the number and the reason for the same; and

(*c*) whether those buses are now put on lines north of Trivandrum?

The Hon'ble Sri. E. John Philipose:

(*a*) Yes. Some were withdrawn.

(*b*) 4 Buses—To replace certain old buses plying in other routes.

(*c*) Yes.

PERUMCHANI SCHEME

***185.** [148] **Sri. R. K. Ram:** Will the Hon'ble Minister for Works and Communications be pleased to state.—

(*a*) The progress made so far in the execution of Perumchani Scheme;

(*b*) the time within which the scheme is proposed to be completed; and

(*c*) the reason why the scheme is not proceeded with expeditiously?

The Hon'ble Sri. E. Ikkanda Warrier:

(*a*) Rubble masonry is in good progress at both flanks of the river.

(*b*) By the end of 1951.

(*c*) The Scheme is being pushed through expeditiously.

സ്റ്റേറ്റ ട്രാൻസ്പോർട്ട ബസ്സ് സർവ്വീസിന്റെ ആവശ്യകത

*൧൭൪. (൧൫൦) ശ്രീ. എൻ. വി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി പറയുമൊ.—

(എ) മൂവാററുപുഴക്കും എറണാകുളത്തിനും മദ്ധ്യേ സ്റ്റേറ്റ ട്രാൻസ്പോർട്ട ഷട്ടിൽ സർവ്വീസു വേണമെന്ന് ഗവണ്മെൻറിന് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ?

(ബി) ഈ രണ്ടു സ്ഥലങ്ങളും തമ്മിൽ വളരെ പ്രൈവററു സർവ്വീസു ബസ്സുകൾ ഉണ്ടായിരുന്നുവെന്നും, കോട്ടയവും എറണാകുളവും തമ്മിലുള്ള സ്റ്റേറ്റ ട്രാൻസ്പോർട്ട ബസ്സുകൾ

വേണ്ടിടത്തോളം ഇല്ലെന്നും, മൂവാററുപുഴക്കും എറണാകുളത്തിനും ഇടക്ക് യാത്രക്കാരുടെ സൗകര്യത്തിന് ഈ സ്ഥലങ്ങൾ തമ്മിൽ ഷട്ടിൽ സർവ്വീസ് ആവശ്യമാണെന്നും, ഗവൺമെൻറിന് ബോദ്ധ്യമായിട്ടില്ലെങ്കിൽ അനേപക്ഷിച്ചു മനസ്സിലാക്കുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) ഉണ്ട്.

(ബി) ഷട്ടിൽ സർവ്വീസു ബസ്സുകൾ ഓടുന്നുണ്ട്.

PROFESSOR OF MARINE BIOLOGY

*187. [152] **Sri. P. K. Dewer:** Will the Hon'ble Minister for Education and Labour be pleased to state.—

(*a*) when was the department of Marine Biology and Fisheries organised;

(*b*) when was the professor of Marine Biology and Fisheries first appointed;

(*c*) who was appointed to that place;

(*d*) what are the activities of this department; and

(*e*) what are the functions of the Professor of Marine Biology and Fisheries?

The Hon'ble Sri. T. K. Narayana Pillai:

(*a*) In 1938.

(*b*) In 1938.

(*c*) Dr. C. C. John.

(*d*) The Department is engaged in research in Marine Biology and Fisheries. A number of post Graduate research students are admitted for research work.

(*e*) The Professor's duty is to guide and supervise the work of the Department.

RESEARCH IN MARINE BIOLOGY

*188. [153] **Sri. P. K. Dewer:** Will the Hon'ble Minister For Education and Labour be pleased to state.—

(*a*) whether they have any research students in the department of Marine Biology and Fisheries from among the Fishermen communlty;

(*b*) please give the names of such students if any; and

(*c*) who are the research students undergoing training in the Department of Marine Biology and Fisheries in the Travancore University?

The Hon'ble Sri. T. K. Narayana Pillai:

(*a*) No.

(*b*) In view of answer to (*a*) this does not arise.

(*c*) Sri. K. G. Padmanabhan.
,, P. R. Parameswara Pillai.
,, P. J. Thomas.
,, P. V. Ramachandran Nayar.
,, P. Ramavarma Raja.
,, Mohan K. John.
Sry. K. G. Iswari Amma.
,, P. C. Snehalatha.

COST OF LIVING INDEX

*189. [155] **Sri. P. K. Dewer:** Will the Hon'ble Minister for Labour be pleased to state.—

(*a*) whether the Cochin Government were not publishing every month cost of living index for certain towns;

(*b*) when the last index was published; and

(*c*) if the cost of living index for the months of June, July, August, September and October 1949 have been published; if so when?

The Hon'ble Sri. T. K. Narayana Pillai:

(*a*) Yes.

(*b*) Statements up to May 1949 were published in the Cochin Gazette prior to the integration.

(*c*) The statements for September have been published in the Gazette dated 8th November 1949 and those for the months of June, July and August on 22nd November 1949. The Statements for October has been arranged to be published at once.

PRIVATE SCHOOL TEACHERS

***190.** [159] **Sri. Joseph Mathen:** Will the Hon'ble Minister for Education and Labour be pleased to state.—

(*a*) whether there has been any recent reduction in the Government contribution to the Provident Fund of private school teachers;

(*b*) if so, kindly state the reasons justifying such reduction; and

(*c*) is it a fact that this reduction has taken place at a time when the teachers were demanding an increase in the contribution?

The Hon'ble Sri. T. K. Narayana Pillai:

(*a*) Yes; the rate of contribution was altered to 6 ps. per rupee as against the original rate of one chackram per rupee.

(*b*) The change in the rate of contribution was effected only to correspond with the recent conversion of Travancore currency into Indian currency.

(*c*) There is no substantial difference.

അഴീക്കോട്ട മുനമ്പം കടത്തു സർവ്വീസ്

* ൧൯൧. (൧൯൯൪) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമൊ.—

അഴീക്കോട്ട മുനമ്പം കടത്തു സർവ്വീസ് മോട്ടോർബോട്ടുവഴി നടത്തുവാൻ ഗവമ്മെൻറിനു ദയവുണ്ടാകുമൊ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

ഈ സംഗതി ഗവമ്മെൻറിൽനിന്നും ആലോചിച്ചുവരുന്നുണ്ട്.

അദ്ധ്യാപക ശമ്പളം

* ൧൯൨. (൧൯൫) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമൊ —

തിരുവിതാംകൂറിലെ പ്രാഥമികാദ്ധ്യാപകരുടെ ശമ്പളം കൊച്ചിയിലെ പ്രാഥമികാദ്ധ്യാപകരുടേതിനോടു തുല്യപ്പെടുത്തി അടുത്ത സ്കൂൾവർഷംമുതൽ നല്കുത്തക്കവണ്ണം ബഹുമാനപ്പെട്ട ഗവമ്മെൻറു നടപടിയെടുക്കാൻ ദയവുണ്ടാകുമൊ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

ആലോചിക്കാം.

മുനിസിപ്പാലിററിയിൽ അടിസ്ഥാന ശമ്പളം

* ൧൯൩. (൧൯൩) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

ഐക്യസംസ്ഥാനത്തിലെ അടിസ്ഥാനശമ്പളത്തെ സംബന്ധിക്കുന്ന തീരുമാനം മുനിസിപ്പാലിററികളിൽക്കൂടി നടപ്പിലാക്കുന്നതിനു് ഗവമ്മെൻറിൽനിന്നും ഉടനെ വ്യവസ്ഥ ചെയ്യുമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ:

ഇതു് ഗവമ്മെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു.

കൊല്ലം—എറണാകുളം റെയിൽവെ

* ൧൯൪. (൧൯൯) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വർക്കു് ആൻറ് കമ്മ്യൂണിക്കേഷൻസ് മന്ത്രി സദയം മറുപടി നൽകുമോ.—

കൊല്ലത്തുനിന്നും എറണാകുളത്തേയ്ക്കു് റെയിൽവെനീട്ടുന്ന കാര്യം ഇൻഡ്യാഗവമ്മെൻറ് മായി ആലോചന നടത്തിയിട്ടുണ്ടോ? താമസിയാതെ അതിൻെറ പണി ആരംഭിക്കുവാൻ വല്ല സാദ്ധ്യതകളുമുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സ്: ഷൊറണൂർ-കൊച്ചിൻ റെയിൽവെയും ചെങ്കോട്ട-തിരുവനന്തപുരം റെയിൽവെയും തമ്മിൽ ഘടിപ്പിക്കുന്ന ഒരു പുതിയ റെയിൽ വെ ലയിൻ തുറക്കുന്നതിന് ആവശ്യമായ സർവ്വെ നടത്തുവാൻ കേന്ദ്രഗവമ്മെണ്ടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

തൊഴിലില്ലായ്മ

*ക്വസ്റ്റ്. (ക്വ വ്വ) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊച്ചി-തിരുവിതാംകൂർ സംസ്ഥാനത്തിൽ തൊഴിലില്ലാത്തവരുടെ സംഖ്യ അനുദിനം വർദ്ധിച്ചുവരുന്നതായി ഗവമ്മെൻറിനറിയാമോ?

(ബി) ഉണ്ടെങ്കിൽ അതു പരിഹരിക്കുവാൻ എന്തു നടപടികളാണ് ഗവമ്മെൻറ് സ്വീകരിച്ചിട്ടുള്ളതു്?

(സി) ഹാർബർ മുതലായി പ്രധാനപ്പെട്ട പല കേന്ദ്രങ്ങളിലും കൊച്ചിസംസ്ഥാനക്കാരോ, മലയാളികൾതന്നെയൊ, അല്ലാത്ത തൊഴിലാളികളേയൊ കൊണ്ടുവന്നു പണി എടുപ്പിക്കുന്നതു കൂടി ഈ തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്നതിനു കാരണമാണെന്നുള്ളതു് ഗവമ്മെൻറിനറിയാമോ?

(ഡി) ഇതിനു പ്രേരകമായ കൺട്രാക്ട് സമ്പ്രദായം ഉടനടി നിറുത്തലാക്കുവാൻ ഗവമ്മെൻറവക തൊഴിൽകേന്ദ്രങ്ങളിൽ നമ്മുടെ നാട്ടിലെ തൊഴിലാളികൾക്കു മുൻഗണന നൽകുവാനും വേണ്ട സത്വരനടപടികൾ എടുക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) ഐക്യസംസ്ഥാനത്തെ തൊഴിലില്ലായ്മയെപ്പററിയുള്ള കൃത്യമായ കണക്കുകൾ ഇല്ല. എങ്കിലും തൊഴിലില്ലായ്മയുണ്ടെന്നു് പൊതുവെ പറയാവുന്നതാണ്.

(ബി) തൊഴിൽ സൌകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പൊതുമരാമത്തു പണികൾ കൂടുതലായി നടത്തിവരുന്നുണ്ട്.

(സി) ഐക്യസംസ്ഥാനക്കാരോ, മലയാളികൾ തന്നേയൊ അല്ലാത്ത കുറെ തൊഴിലാളികൾ ഹാർബർ മുതലായ തൊഴിൽ കേന്ദ്രങ്ങളിൽ ജോലി ചെയ്തുവരുന്നുണ്ടെന്നു് ഗവമ്മെൻറിനറിയാം. ഇതു തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പ്രധാനപ്പെട്ട കാരണമല്ല.

(ഡി) ഇതിനെപ്പററി ഗവമ്മെൻറ് ആലോചിച്ചുവരികയാണ്.

പുതിയ കോളേജുകൾ

*ക്വസ്റ്റ്. (ക്വ വ്വ ൪) ശ്രീ. പി. എം. വർഗ്ഗീസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഐക്യസംസ്ഥാനത്തു പുതിയതായി കോളേജുകൾ തുടങ്ങുന്നതിന് ഈയ്യാണ്ടിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നു ദയവായി പറയുമോ?

(ബി) അപേക്ഷകർ ആരെല്ലാമെന്നും, ഏതേതു സ്ഥലത്തേക്കുവേണ്ടിയാണെന്നും ദയവായി പറയുമോ?

(സി) എത്ര കോളേജ് അനുവദിച്ചിട്ടുണ്ട്? അനുവാദം നിഷേധിക്കപ്പെട്ടവ ഏതെല്ലാം?

(ഡി) നിഷേധിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെന്നു ദയവായി പറയുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) പുതിയ കോളേജുകൾ തുടങ്ങുന്നതിന് ഗവമ്മെൻറിന് മൂന്നു അപേക്ഷകൾ ലഭിക്കയുണ്ടായി.

(ബി) തിരുവനന്തപുരത്ത് ഒരു ലാ കോളേജും പന്തളത്ത് ഒരു ഫസ്റ്റ് ഗ്രേഡ് കോളേജും തുടങ്ങുന്നതിന് നായർ സർവ്വീസ് സൊസൈററിയുടെയും പാലായിൽ ഒരു ഫസ്റ്റ് ഗ്രേഡ് കോളേജ് തുടങ്ങുന്നതിന് റവ. ഫാദർ എമ്മാനുവൽ ചെച്ചേരിക്കുന്നേൽ അവർകളുടെയും അപേക്ഷകൾ ഗവമ്മെൻറിന് ലഭിച്ചു.

(സി) പാലായിലും പന്തളത്തും ഫസ്റ്റ് ഗ്രേഡ് കോളേജുകൾ തുടങ്ങുന്നതിന് താല്ക്കാലികമായി അനുവാദം നൽകിയിട്ടുണ്ട്. തിരുവനന്തപുരത്ത് ലാ കോളേജ് തുടങ്ങുന്നതിന് അനുവാദം നിഷേധിക്കുകയുണ്ടായി.

(ഡി) ഐക്യസംസ്ഥാനത്ത് ഒന്നിലധികം ലാ കോളേജുകളുടെ ആവശ്യമില്ലെന്ന് ഗവൺമെന്റ് കരുതുന്നതിനാൽ തിരുവനന്തപുരത്ത് ലാ കോളേജ് തുടങ്ങുന്നതിനുള്ള അനുവാദം നിഷേധിക്കയുണ്ടായി.

ടെലിഫോൺ കണക്ഷൻ

*ക്ഷ൯ ൧. (ക്ഷ൨൨) ശ്രീ. പി. എം. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗതാഗതവകുപ്പിന്റെ ചാർജ്ജ് വഹിക്കുന്ന മന്ത്രി സദയം മറുപടി പറയുമൊ.—

(എ) തൊടുപുഴ ടൗണിലുള്ള സ്വകാര്യവ്യക്തികൾ സ്വന്തമായി ടെലിഫോൺ കണക്ഷൻ വേണമെന്ന് അപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർ എന്നു ദയവായി പറയുമൊ?

(ബി) ഇതുവരെയായിട്ടും അതു അനുവദിക്കാതിരുന്നിട്ടുള്ളതു് എന്തുകൊണ്ട്?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: (എ) ഉണ്ട്. മുപ്പത്തി അഞ്ചുപേർ.

(ബി) ഇപ്പോൾ തൊടുപുഴയിൽ ഒരു ടെലിഫോൺ പബ്ളിക്ക് കാൾ ആപ്പീസ്സു മാത്രമേ സ്ഥാപിച്ചിട്ടുള്ളൂ. അതുകൊണ്ട് അപേക്ഷിച്ചിട്ടുള്ളവർക്ക് ടെലിഫോൺ കണക്ഷൻ കൊടുക്കുവാൻ നിവൃത്തിയില്ല. ഒരു എക്സ്ചേഞ്ച് സ്ഥാപിക്കുന്നതിന് ആവശ്യമുള്ള നടപടികൾ കൈക്കൊണ്ടു കഴിഞ്ഞു.

വിദ്യാലയങ്ങളിലെ ഫീസാനുകൂല്യ വ്യവസ്ഥ

*ക്ഷ൯൨. (ക്ഷ൯ ൦) ശ്രീ. പി. ടി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമൊ.—

(എ) ഇപ്പോൾ നിലവിലിരിക്കുന്ന ഫീസാനുകൂല്യവ്യവസ്ഥയുടെ മാനദണ്ഡമെന്തു്?

(ബി) ഈ വ്യവസ്ഥ എന്നുമുതൽ നടപ്പിൽവരുത്തി; ഈ വ്യവസ്ഥ ഇതിനുമുമ്പ് സൌജന്യം അനുഭവിച്ചു വന്നിട്ടുള്ള ഏതെങ്കിലും സമുദായങ്ങൾക്ക് ദോഷകരമായിട്ടുണ്ടോ എന്ന് ബഹു. ഗവൺമെന്റിന് അറിയാമൊ?

(സി) മുമ്പു നിലവിലിരുന്ന ഫീസാനുകൂല്യം തുടരണമെന്നു കാണിച്ച് ഏതെങ്കിലും സമുദായത്തിൽനിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ മേശമേൽ വയ്ക്കാൻ ദയവുണ്ടാകുമൊ?

(ഡി) ക്ഷ൯ഠ ര മുതൽ പിന്നോക്കസമുദായത്തിൽപെട്ട വിദ്യാർത്ഥികൾക്ക് മതപരിഗണന കൂടാതെ വിദ്യാലയങ്ങളിൽ മുഴുവൻ ഫീസ് സൌജന്യം അനുവദിച്ചുവരവെ ക്ഷ൯ന ൧-ൽ പിന്നോക്കസമുദായത്തിൽപെട്ട ക്രിസ്ത്യൻ വിദ്യാർത്ഥികളുടെ ഫീസ് സൌജന്യം പകുതിയാക്കി കുറക്കുന്നതിനും ക്ഷ൯ ര ൧മുതൽ സകല സൌജന്യവും പിൻവലിക്കുന്നതിനും ഉണ്ടായ കാരണങ്ങൾ മേശമേൽ വെയ്ക്കുവാൻ ദയവുണ്ടാകുമോ?

(ഇ) ക്ഷ൯ഠ ര മുതൽ നിലവിലിരിക്കുന്ന ഫീസു മുഴുവൻ ഫീസാനുകൂല്യം പിന്നോക്കസമുദായക്രിസ്ത്യാനികൾക്കും സഹോദരഹിന്ദുസമുദായങ്ങൾക്കും നൽകുന്നതുപോലെ അനുവദിക്കണമെന്നു കാണിച്ച് പിന്നോക്കസമുദായക്രിസ്ത്യൻ പ്രതിനിധികൾ ഠ ൪—൪—ക്ഷ ക്ഷഠ-ലും, ക്ഷ ക്ഷ—ന്—ക്ഷ ക്ഷഠ-ലും, ന—ക്ഷ—ക്ഷ ക്ഷഠ ര-ലും, വ—ക്ഷ ൦—ക്ഷ ക്ഷഠ ര-ലും നിവേദനങ്ങൾ ബഹു. ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) സാക്ഷരതാവം സംബന്ധിച്ചു കണക്കുകൾ.

(ബി) ക്ഷ൯ ര ൧—ര വ സ്കൂൾവർഷാരംഭം മുതൽ. ഈ വ്യവസ്ഥ ഏതെങ്കിലും സമുദായത്തിന് ദോഷകരമായിട്ടുണ്ടെന്ന് ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടിട്ടില്ല.

(സി) ഉണ്ട്. എന്നാൽ ഏതെങ്കിലും പ്രത്യേകസമുദായത്തിനുവേണ്ടി ഫീസ് സൌജന്യം നൽകുന്ന വ്യവസ്ഥയിൽ ഭേദഗതി വരുത്തുന്നതു് അസാദ്ധ്യമല്ലാത്തതിനാൽ കൂടുതൽ നടപടികൾ ഒന്നും എടുത്തിട്ടില്ല.

(ഡി) യാതൊരു പ്രത്യേക മതപരിഗണനയുംകൂടാതെ അർഹതയുള്ള പാവപ്പെട്ട വർക്കാണ് ഫീസാനുകൂല്യം അനുവദിക്കുന്നത്. അതിനാൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഉണ്ട്. അത് ഗവർമ്മെൻറിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

LEAKAGE OF SEPTEMBER EXAMINATION PAPERS

***199.** [192] **Sri. K. W. Muralidhara Marar:** Will the Hon'ble Minister for Education and Labour be pleased to state;

(*a*) whether the committee appointed by the Government to enquire into the alleged leakage of September Examination papers have submitted its report; and

(*b*) if so, will the Government be pleased to place the same on the table?

The Hon'ble Sri. T. K. Narayana Pillai:

(*a*) No.

(*b*) Does not arise in view of answer to part (*a*).

*** 200.** [193] **Sri. K. W. Muralidhara Marar:** Will the Hon'ble Minister for Works and Communications be pleased to state.—

(*a*) whether there are any volunteers working in the Telephone Department; and

(*b*) if so, whether the Government have got any idea of absorbing them in permanent service?

The Hon'ble Sri. E. John Philipose:

(*a*) Yes.

(*b*) Yes. If vacancies arise.

AUDIT OF UNIVERSITY ACCOUNTS

*** 201.** [201] **Sri. K. S. Joseph:** Will the Hon'ble Minister for Education be pleased to state.—

(*a*) whether Government have any power and machinery to check the accounts and items of expenditure of the University to make sure that the huge annual grants voted by this House are properly utilised and not squandered or defalcated;

(*b*) to whom the financial officer attached to the University is directly responsible to the Government or the University;

(*c*) can that officer object to or report to Government on any expenditure which he thinks is, for any reason improper; and

(*d*) have Government audited the accounts of the University at any time?

The Hon'ble Sri. T. K. Narayana Pillai:

(*a*) Yes.

(*b*) The Financial Officer attached to the University is directly responsible to the University and not to Government.

(*c*) The officer can object to items which are inadmissible under the rules; but he cannot make a report to Government as he is under the control of the Registrar.

(*d*) Yes.

വക്കം അഞ്ചലാഫീസ്സ്

*൨൦൨. (൨൫൦) ശ്രീ. അബ്ദുൾ മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ൪൦ കൊല്ലത്തിനുമുമ്പ് വക്കത്തു സ്ഥാപിച്ചു നടത്തിവന്നിരുന്ന അഞ്ചലാപ്പീസ്സ് കടയ്ക്കാവൂക്കാരനായ അഞ്ചൽ സൂപ്രണ്ടിന്റെ കാലത്ത് അങ്ങോട്ടു മാററി സ്ഥാപിച്ച വിവരം ഗവർമ്മെൻറിനറിയാമോ?

(ബി) ൨൦,൦൦൦-ത്തിൽപരം ആളുകൾ താമസിക്കുന്ന വക്കത്ത് ഒരഞ്ചലാപ്പീസ്സ് സ്ഥാപിച്ചുകിട്ടേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചു ഗവർമ്മെൻറിലേക്ക് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ജാൺ ഫിലിപ്പോസ് :

(എ) ഫാൻഡ വരെ വക്കത്തുണ്ടായിരുന്ന അഞ്ചലാപ്പീസ്സ് കടയ്ക്കാവൂരേക്കു മാററി സ്ഥാപിച്ചതു് അറിയാം.

(ബി) വക്കത്തു് ഒരു അഞ്ചലാപ്പീസ്സ് വേണമെന്നു കാണിച്ചു് അപേക്ഷ കിട്ടിയിട്ടുണ്ടു്.

വട്ടമേശ സമ്മേളനം

*൨൦൩. (൨൧൪) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു. മാനപ്പെട്ട ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ഇക്കഴിഞ്ഞ ട്രാൻസ്പോർട്ട് തൊഴിലാളികളുടെ പണിമുടക്കു പിൻവലിച്ചതിനു ശേഷം ഗവമ്മെൻറും ട്രാൻസ്പോർട്ട് തൊഴിലാളി പ്രതിനിധികളും കൂടി നടത്തിയ വട്ടമേശ സമ്മേളനത്തിൻെറ തീരുമാനങ്ങൾ എന്തെല്ലാമാണു്?

(ബി) പ്രസ്തുത സമ്മേളനം എന്നു തുടങ്ങി; എന്നവസാനിച്ചു?

ബഹു. ശ്രീ. ഇ. ജാൺ ഫിലിപ്പോസ് :

(എ) & (ബി) ഫൻർൻ മിഥുനം ൧൦-ാംനു-യിലെ ഗവമ്മെൻറു പ്രസ്സ്നോട്ടിലേക്കു ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

വിദ്യാഭ്യാസപരിഷ്കരണക്കമ്മിററി

*൨൦൪. (൨൨൧) ശ്രീ. പാണ്ടവത്തു ശങ്കരപ്പിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്കൃതവിദ്യാഭ്യാസപരിഷ്കരണക്കമ്മിററിയുടെ റിപ്പോർട്ടിന്മേൽ വല്ല നടപടിയും ആരംഭിച്ചിട്ടുണ്ടോ?

(ബി) ആ കമ്മിററിയുടെ ശുപാർശകളുടെ ഉള്ളടക്കം ദയവായി പ്രസ്താവിക്കാമോ?

(സി) സംസ്കൃതകാളേജു വിദ്യാർത്ഥികളുടെ അവകാശസ്ഥാപനത്തിൽ അവർ നടത്തിയ സത്യഗ്രഹം നിർത്തിവച്ചതു് ഈ കമ്മിററിയുടെ ശുപാർശകളെല്ലാം ഉടൻ നിറവേററിക്കൊടുക്കാമെന്നു കൊടുത്ത ഉറപ്പിന്മേലല്ലായിരുന്നോ?

(ഡി) ആ റിപ്പോർട്ടിലെ ശുപാർശകളിൽ ഏതെങ്കിലും യൂണിവേഴ്സിററി അധികൃതർ നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം; ഇല്ലെങ്കിൽ അതിനെപ്പററി ഗവമ്മെൻറു് എന്തു നടപടിയെടുത്തു എന്നു ദയവായി പറയുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ഉണ്ടു്.

(ബി) കമ്മിററിയുടെ റിപ്പോർട്ടിൻെറ പ്രതി മേശപ്പുറത്തു വച്ചിരിക്കുന്നു.

(സി) ഗവമ്മെൻറിനു് അറിവില്ല.

(ഡി) പുതിയ ഡിഗ്രികൾ ഏർപ്പെടുത്തുന്നതിനും പാഠപദ്ധതികൾ തയാറാക്കുന്നതിനും യൂണിവേഴ്സിററി അധികൃതർ വേണ്ട നടപടികൾ എടുത്തിട്ടുണ്ടു്.

PERUNCHANI

***205.** [238] **Sri. A. Chidambaranatha Nadar:** Will the Hon'ble Minister for Works and Communications be pleased to state.—

(*a*) whether the Government are satisfied with the progress of the work now being made at Perunchani; and

(*b*) when do they expect this work to be completed?

The Hon'ble Sri. E. Ikkanda Warrier:

(*a*) Yes.

(*b*) By the end of 1951.

STRIKE OF THE NON-PENSIONABLE EMPLOYEES UNION

***206.** [240] **Sri. A. Chidambaranatha Nadar:** Will the Hon'ble Minister for Works and Communications be pleased to state.—

(*a*) the number of persons of the Union who appeared for duty during strike period in the Nagercoil, Quilon and Trivandrum garages;

(*b*) average collections in each of the above mentioned stations on the 6th and 7th instants of the month of Purattasi, 1125 and the collections on the 9th and the succeeding days;

(*c*) the terms under which the strike was withdrawn; and

(*d*) how far the undertaking given by the Government was implemented and whether the pay during the strike period was given?

The Hon'ble Sri. E. John Philipose:

(*a*) Information regarding membership of the Union is not available with Government.

(*b*) The details of collections on those days are as given below.—

Date	*Nagercoil* Rs.	*Quilon* Rs.	*Trivandrum* Rs.
6—2—1125	2,890	2,910	7,576
7—2—1125	2,541	3,020	6,896
9—2—1125	992	1,622	2,582
10—2—1125	1,212	1,976	2,609
11—2—1125	1,502	1,920	3,027
12—2—1125	1,290	2,217	3,856
13—2—1125	1,528	2,370	4,228
14—2—1125	2,654	1,947	5,293

(*c*) Unconditionally. The attention of the Hon'ble Member is invited to the Press Note dated 10th November 1949.

(*d*) The attention of the Hon'ble Member is invited to the Press Note dated 10th November 1949. Pay during the strike period has not been given to those who went on strike.

ROUND TABLE CONFERENCE IN THE HON'BLE TRANSPORT MINISTER'S RESIDENCE

***207.** [241] **Sri. A. Chidambaranatha Nadar:** Will the Hon'ble Minister for Works and Communications be pleased to state :

(*a*) what were the causes that precipitated the holding of a round table conference in the Minister's residence and who were the members of the conference ; and

(*b*) what are the immediate results of this conference?

The Hon'ble Sri. E. John Philipose :

(*a*) No Round Table Conference was held in the Minister's residence. But a Round Table Conference was held in the office of the Hon'ble Minister in the Secretariat.

(*b*) Regarding the circumstances and the results attention is invited to the Press Note by Government dated 10th November 1949.

CONCESSION TICKETS IN THE TRANSPORT BUSES

***208.** [242] **Sri. A. Chidambaranatha Nadar :** Will the Hon'ble Minister for Works and Communications be pleased to state :

(*a*) to what class passengers concession tickets are issued ordinarily;

(*b*) have this department received a memorandum from the N.G.Os' Association requesting for the issue of the concession tickets; and

(*c*) if so, what steps have been taken?

The Hon'ble Sri. E. John Philipose:

(*a*) Concession tickets are issued only to bonafide students including those studying in Commercial Institutions approved by Government.

(*b*) Yes.

(*c*) The matter is under consideration.

അന്വേഷണക്കോടതി

*൨൦൯. (൨൪൪) ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ലേബർ മന്ത്രി സദയം മറുപടി പറയുമോ?

(എ) അഴകപ്പാ ടെക്സ്റ്റയിൽസ് തൊഴിലാളികളുടെ ആവശ്യാർത്ഥം നിശ്ചയിച്ച അന്വേഷണക്കോടതിയുടെ വിധി പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ടോ?

(ബി) വിധി പ്രസ്താവിച്ചുകഴിഞ്ഞിട്ടില്ലെങ്കിൽ ഈ താമസത്തിനു വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

(സി) ഈ കോടതി രൂപീകരിച്ചിട്ട് എത്രകാലമായി?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഉണ്ട്.

(ബി) ഉത്തരം ആവശ്യമില്ല

(സി) അന്വേഷണക്കോടതിയെ നിയമിച്ചത് ന-ഫ-ഫൻർൻ (൨൦-൯-ഫ ഫ൨ർ)-ൽ ആണ്.

RAILWAY FROM QUILON TO CALICUT

***210.** [250] **Sri. M. I. Paul:** Will the Hon'ble Minister for Works and Communication be pleased to state:

(*a*) whether the Government have any Scheme before them to open a railway line from Quilon to Calicut through coastal area; and

(*b*) if so when it will be operated?

The Hon'ble Sri. E. John Philipose:

(*a*) No.

(*b*) Does not arise.

NARAKKAL SIRKAR HIGH SCHOOL

***211** [252] **Sri. M. I. Paul:** Will the Hon'ble Minister for Education and Labour be pleased to state:

(*a*) whether the Government realise the immediate necessity to raise the Narakkal Sirkar High School as a College;

(*b*) if so, when it will be effected?

The Hon'ble Sri T. K. Narayana Pillai:

(*a*) No.

(*b*) No answer necessary in view of the answer above.

റെയിൽവെ അഡ്വൈസറി ബോർഡ് പ്രതിനിധി

*൨൧൨. (൨൫൫) ശ്രീ. കൊന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട വർക്സ് ആൻഡ് കമ്യൂണിക്കേഷൻസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഐക്യനാടിന്റെ പ്രതിനിധിയായി റെയിൽവെ അഡ്വൈസറി ബോർഡിലേക്ക് ആരെയാണ് നിയമിച്ചിട്ടുള്ളത്?

(ബി) അങ്ങിനെ നിയമിച്ചിട്ടുള്ള മെമ്പർ സംയോജനത്തിനുശേഷം മേല്പറഞ്ഞ ബോർഡിൽ പങ്കുകൊണ്ടിട്ടുണ്ടോ?

(സി) പങ്കുകൊണ്ടിട്ടുള്ളപക്ഷം എന്തെല്ലാം നിർദ്ദേശങ്ങൾ ബോർഡിൽ സ്വീകാര്യത്തിനായി വെച്ചിട്ടുണ്ട്?

(ഡി) ആ നിർദ്ദേശത്തിൽ കൊല്ലം—എറണാകുളം ലൈനിനെപ്പററി വല്ല നിർദ്ദേശവും ഉണ്ടോ?

(ഇ) ഉണ്ടെങ്കിൽ അതിന്റെ തീരുമാനം എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ജാൺ ഫിലിപ്പോസ് :

(എ) പൊതുമരാമത്തും ഗതാഗതവും വകുപ്പുകളുടെ ചാർജ്ജു വഹിക്കുന്ന സിക്രട്ടറിയേയും ഫൈനാൻസ് സിക്രട്ടറിയേയും.

(ബി) ഒരുപ്രാവശ്യം പങ്കുകൊണ്ടു.

(സി) ഒരു നിർദ്ദേശവും വച്ചിട്ടില്ല.

(ഡി) & (ഇ) ഉത്തരം ആവശ്യമില്ല.

PADMANABHAPURAM PALACE

*213. [258] **Sri. Elias (Mary Antony)**: Will the Hon'ble Minister for Archaeology be pleased to state:

(*a*) whether the Government have any proposal to house the Padmanabhapuram Munsiff's court in the Padmanabhapuram Palace; and

(*b*) whether the Government contemplate any plan on this historical Palace that would change or tend to change its present set up as an Archaeological Museum?

The Hon'ble Sri. T. K. Narayana Pillai:

(*a*) No.

(*b*) No.

തൊഴിൽ നിയമങ്ങൾ

*൨൧൪. (൨൩൪)

(എ) കൊച്ചിയിൽ മഹാരാജാവു തുലാം ചാർത്തിക്കഴിഞ്ഞതിനുശേഷവും നടപ്പിൽ വരുത്താത്ത നിയമങ്ങൾ ഉണ്ടോ ?

(ബി) ഉണ്ടെങ്കിൽ ഏതെല്ലാമാണ് പ്രസ്തുത നിയമങ്ങൾ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ഉണ്ട്.

(ബി) മിനിമം വേജസ് ആക്റ്റും, ഷോപ്പ് ആൻഡ് എസ്റ്റാബ്ലിഷ്മെൻറ്സ് ആക്റ്റും.

DIRECTOR OF ARCHAEOLOGY

*215. [272] **Sri. A. Achuthan**: Will the Hon'ble Minister for Education be pleased to state:

(*a*) whether Sri. Anujan Achan has been appointed as or given the charge of the Director of Archaeology ;

(*b*) if so what are his qualifications; and

(*c*) was the above post advertised by the Travancore Government before integration and any candidate interviewed?

The Hon'ble Sri. T. K. Narayana Pillai:

(*a*) Sri. Anujan Achan is in charge of the Director of Archaeology.

(*b*) Intermediate—completed 3 years course of Research work in Viswabharathy University, Santiniketan. Holder of Diploma in History and Archaeology. Completed a special course of training in the Indian School Field Archaeology, Taxila.

(*c*) Yes.

MOTOR BOATS

*216. [280] **Sri. Eapen Arakkal:** Will the Hon'ble Minister for Works and Communications be pleased to state:

(*a*) are engines of motor boats tested periodically if so, when;

(*b*) do the Government know that very often due to engine trouble motor boats are thrown out of working order causing inconvenience and difficulties to the passengers?

The Hon'ble Sri. E. John Philipose:

(*a*) Yes, once in six months, in the months of February and August.

(*b*) No. Not very often; but occassionally it happens so.

TELEPHONE CONNECTIONS

*217. [283] **Sri. Eapen Arakal:** Will the Hon'ble Minister for Works and Commuications be pleased to state :

(*a*) whether telepone connections have been removed from Government Offices;
(*b*) if so, why; and
(*c*) why was this step taken?

The Hon'ble Sri. E. John Philipose:

(*a*) Yes, from some of the offices.
(*b* & *c*) Telephones in offices where they were not of much use were ordered to be disconnected with a view to reducing expenditure.

ഗ്രാൻറ സ്കൂൾ അദ്ധ്യാപകന്മാർ

*൨൧൭ (൩൦൯) ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഗ്രാൻറ സ്കൂളുകളിലെ അദ്ധ്യാപകന്മാർക്ക് ൩൦ വയസ്സുവരെ സേവനം അനുഷ്ഠിക്കാൻ അനുവാദം നൽകിയിട്ടുണ്ടോ ?

(ബി) സറണ്ടർചെയ്ത സ്കൂളുകളിലുള്ള അദ്ധ്യാപകന്മാരിൽ ൫൦ വർഷത്തിൽ കുറവായി ഗവൺമെൻറ് സർവ്വീസ്സുള്ളവർക്ക് ൩൦ വയസ്സുവരെ ഗവൺമെൻറ് സർവ്വീസ്സിൽ അനുവാദം കൊടുക്കാൻ ഗവൺമെൻറ് വിചാരിക്കുന്നുണ്ടോ? അങ്ങിനെ നിശ്ചയിക്കാത്തപക്ഷം അവർക്ക് പ്രൈവറ്റ സ്കൂളുകളിലെ സർവ്വീസ്സു വകവച്ചു പെൻഷൻ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

(സി) ട്രയിൻചെയ്ത അദ്ധ്യാപകന്മാരുടെ വിരളത പരിഗണിച്ചു് ഗവൺമെൻറ് അദ്ധ്യാപകന്മാർക്കും ൩൦ വയസ്സുവരെ സർവ്വീസ്സിൽ ഇരിക്കത്തക്കവണ്ണം ചട്ടങ്ങൾ ഭേദപ്പെടുത്തുവാൻ വിചാരിക്കുന്നുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ഉണ്ടു്

(ബി) സറണ്ടർചെയ്ത സ്കൂളുകളിൽ ഉള്ള അദ്ധ്യാപകന്മാരിൽ ൫൦ വർഷത്തിൽ കുറവായി ഗവൺമെൻറ് സർവ്വീസ്സുള്ളവർക്ക് ൩൦ വയസ്സുവരെ ഗവൺമെൻറ് സർവ്വീസ്സിൽ ഇരിക്കുന്നതിനു് അനുവാദം കൊടുക്കാൻ വിചാരിക്കുന്നില്ല. അവർക്ക് പ്രൈവറ്റ സ്കൂളുകളിലെ സർവ്വീസ്സു വകവച്ചു് പെൻഷൻ അനുവദിക്കുന്നതിനും ഉദ്ദേശിക്കുന്നില്ല.

(സി) ഇല്ല.

UNSTARRED QUESTIONS AND ANSWERS

SCHOOL AT PATHANAMTHITTA

10. [1] **Sri. K. Ramachandran :** Will the Hon'ble Minister for Education and Labour be pleased to state:

(*a*) whether Government have received representation from the public of Pathanamthitta Taluk requesting to have the English Middle School raised to the standard of an English High School;
(*b*) number of Government English High Schools in that taluk;
(*c*) number of private English High Schools in that taluk ;
(*d*) number of English Middle Schools (both) in the taluk ; and
(*e*) whether their prayer would be sanctioned before the next school year ?

The Hon'ble Sri. T. K. Narayana Pillai :

(*a*) Yes.
(*b*) Nill.
(*c*) 12.
(*d*) 37.
(*e*) Will be considered.

അടൂർ അഞ്ചലാഫീസ് കെട്ടിടം

൧൧. (൨) ശ്രീ. ഫിലിപ്പോസ് മുതലാളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട അഞ്ചലവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) അടൂർ അഞ്ചലാഫീസ് കെട്ടിടത്തിന്റെ സ്ഥലക്കുറവു മൂലമുള്ള അസൌകര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(ബി) മേൽപറഞ്ഞ അസൌകര്യം പരിഹരിക്കുന്നതിന് ഗവൺമെന്റ് ശ്രദ്ധിക്കുമോ ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) ഉണ്ട്.

(ബി) തല്ക്കാലം ഈ അസൌകര്യം പരിഹരിക്കാൻ നിവൃത്തിയില്ല.

൧൨. (൩) ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വർക്ക്സ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) പറപ്പൂക്കരയിൽ ഒരു അഞ്ചലാഫീസ് സ്ഥാപിച്ചു കിട്ടുവാൻ നാട്ടുകാർ അപേക്ഷിക്കുകയുണ്ടായോ?

(ബി) ഗവൺമെന്റിന്റെ ഉത്തരവിന്റെ സ്വഭാവമെന്തു്?

(സി) പറപ്പൂക്കര ഏററവും അടുത്ത അഞ്ചലാഫീസ് ഏതു്; അവിടേക്കു പറപ്പൂക്കര അങ്ങാടിയിൽനിന്നുള്ള ദൂരമെന്തു്?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) പറപ്പൂക്കര പഞ്ചായത്തു പ്രസിഡൻറും കോ-ഓപ്പറേറീവ് സിക്രട്ടറിയും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ൧൧൩൯-ൽ ടി അഞ്ചലാഫീസ് തുറക്കുവാനുള്ള സംഖ്യ അനുവദിച്ചിട്ടില്ല.

(സി) പറപ്പൂക്കരക്ക് ഏററവും അടുത്തതു് പുതുക്കാട്ടു അഞ്ചലാഫീസാകുന്നു. പുതുക്കാട്ടുനിന്നും പറപ്പൂക്കരക്ക് കുറക്കുവഴിക്ക് ഉദ്ദേശം ൩ നാഴികയും റോഡുവഴിക്ക് ഉദ്ദേശം ൪ നാഴികയും ദൂരമുണ്ട്.

അഞ്ചൽ തപാൽ ലയനം

൧൩. (൪) ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു മന്ത്രി സദയം മറുപടി പറയുമോ.—

(എ) അഞ്ചൽ തപാൽ വകുപ്പിൽ ലയിപ്പിക്കുവാൻ ആലോചിച്ചിരുന്നുവൊ? ഉവ്വെങ്കിൽ തീരുമാനമെന്തു്?

(ബി) അഞ്ചൽ വകുപ്പു പോസ്റ്റൽ വകുപ്പുമായി ലയിപ്പിക്കുന്നില്ലാത്ത പക്ഷം അന്തിക്കാട്ടു അഞ്ചലാഫീസു വീണ്ടും ഒരു സബ്ബ് ആഫീസാക്കി മാററുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) തപാൽ വകുപ്പിൽ അഞ്ചൽ വകുപ്പ് ലയിപ്പിക്കുന്ന കാര്യം അവസാന തീരുമാനത്തിലെത്തിയിട്ടില്ല.

(ബി) ആലോചിക്കാം.

എറണാകുളം അഞ്ചലാഫീസിലെ നിയമനം

൧൪. (൫) ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുമന്ത്രി സദയം മറുപടി പറയുമോ.—

(എ) എറണാകുളം അഞ്ചലാഫീസിൽ ഈയിടെ ഒരു അഡീഷനൽ ടെമ്പററി അഞ്ചൽമാൻ നിയമിക്കപ്പെടുകയുണ്ടായോ?

(ബി) ഉണ്ടായെങ്കിൽ അയാളുടെ നിയമന ഉത്തരവിന്റെ തിയ്യതി ഏതു്?

(സി) അയാൾ ജോലിക്കാവശ്യമായ സെക്യൂരിററി കെട്ടിയതു് എന്നു്?

(ഡി) അയാൾ ജോലി നോക്കുന്നതു് ഏതു് അഞ്ചലാഫീസിൽ; അയാളുടെ നാടു് ഏതു്?

(ഇ) അയാളെ നിയമിച്ചു ഉത്തരവെഴുതിയ തിയ്യതിക്കു് സെക്യൂരിററി നൽകിയ ആരെങ്കിലും സർവ്വീസ്സിൽ കയറാതെ നിലവിലുണ്ടായിരുന്നുവോ?

(എഫ്) ഉണ്ടായിരുന്നുവെങ്കിൽ അവരിൽ ആരേയും നിയമിക്കാതെ സെക്യൂരിററി നൽകിയിട്ടില്ലാത്ത ഒരു പുതിയ ആളെ നിയമിക്കുവാൻ പ്രത്യേകം കാരണം വല്ലതുമുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) ഉവ്വ്.

(ബി) ൧൯ ൪൯ ജൂലായി ൨൯-ാംനു.
൧൧൨൪ കർക്കടകം ൧൪-ാംനു.

(സി) ൧൧൨൨ മകരം ൧൧-ാംനു.

(ഡി) എറണാകുളം അഞ്ചലാഫീസിൽ; തൃശ്ശിവപേരൂർ സ്വദേശി.

(ഇ) മൂന്നു പേർ ഉണ്ടായിരുന്നു.

(എഫ്) ഉണ്ട്. ലററിൻ ക്രിസ്ത്യൻ സമുദായത്തിൽ പെട്ടവരുടെ നിയമനം ആ സമുദായത്തിൽ അപേക്ഷകൾ ഇല്ലാതിരുന്നതിനാൽ കുറച്ചുകാലമായി നടത്തപ്പെട്ടിരുന്നില്ല. അപേക്ഷകൻ ഉണ്ടായപ്പോൾ ജാമ്യം കെട്ടി വയ്പിച്ചു നിയമനം നടത്തി.

ചങ്ങാടവള്ളം

൧൭. (൧൨) ശ്രീ. മങ്കുഴി എം. മാധവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപെട്ട പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചിറയിൻകീഴ് താലൂക്കിൽ കായിക്കര കടത്തിൽ കഴിഞ്ഞ വർഷത്തിൽ ഉണ്ടാക്കിയ ചങ്ങാടവള്ളം ഉപയോഗിക്കാൻ സൗകര്യമില്ലാതെ സൂക്ഷിക്കാതെ, വെള്ളത്തിനടിയിലായ വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(ബി) ഈ ചങ്ങാടം ഉപയോഗിക്കത്തക്ക വിധത്തിൽ കടത്തിൻെറ കിഴക്കെക്കര കെട്ടി ശരിപ്പെടുത്തുവാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) ഗവണ്മെൻറുവക ചങ്ങാടവള്ളം വെള്ളത്തിനടിയിൽ താണുപോയിട്ടില്ല. എന്നാൽ കൺട്രാക്ടർ നൽകിയ ഒരു ചങ്ങാടവള്ളം ചോർച്ചയുള്ളതായിരുന്നതിനാൽ ഡിപ്പാർട്ട്മെൻറിൽനിന്നും എറെറടുത്തില്ല.

(ബി) വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

കുറപ്പംപടിയിൽ ഒരു പബ്ലിക്കു് ടെലിഫോൺ ആഫീസ്

൧൮. (൧൩) ശ്രീ. എം. വക്കി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു. ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി പറയുമൊ.—

കുറപ്പംപടിയിൽ ഒരു പബ്ളിക്കു് ടെലിഫോൺ കാൾ ആഫീസ് അനുവദിച്ചിട്ടുണ്ടോ; അതിനുള്ള നടപടികൾ ആരംഭിക്കുവാൻ വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു്?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

ഉണ്ട്. ജോലി ആരംഭിക്കുന്നതിനാവശ്യമായ സാമഗ്രികൾ സംഭരിച്ചു വരുന്നു. സകലസാമഗ്രികളും ലഭിച്ചു കഴിഞ്ഞാൽ ജോലി ഉടങ്ങുന്നതാണ്.

BUILDING GRANTS

***17.** [21] **Sri. A. K. George :** Will the Hon'ble Minister for Education and Labour be pleased to state:

(*a*) how was the allotment for the year 1124 for grants for schools in Cochin Division distributed; and

(*b*) which all schools got it ?

The Hon'ble Sri. T. K. Narayana Pillai :

1.	L. S. S., Panthallur (Lump grant)	..	Rs. 1,000
2.	S. P. S. S., Edavanakad (building grant)	..	Rs. 1,000
3.	H. S., Edavanakad do.	..	Rs. 4,000
4.	St. Mary's C. G. H. S., Ernakulam do.	..	Rs. 3,900
5.	St. Sebastian's H. S., Palluruthy (furniture)	..	Rs. 1,350
6.	A. P. S., Thissery (building grant)	..	Rs. 750
7.	St. Mary's M. S., Murikumpadam do.	..	Rs. 3,000

ഡിപ്പാട്ട്മെണ്ടൽ അഞ്ചലാഫീസ്

൯൭. (൨ ൫) ശ്രീ. മംകഴി എം. മാധവൻ:—താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. അഞ്ചൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമൊ.—

(എ) ചിറയിൻകീഴ് താലൂക്കിൽ ചെറുന്നിയൂർപ്പകുതിയിൽ വെണ്ണിക്കോട്ട 'നാൺ ഡിപ്പാട്ട്മെൻറൽ' അഞ്ചൽ ആപ്പീസു ഒരു ഡിപ്പാട്ട്മെൻറൽ അഞ്ചൽ ആപ്പീസായി ഉയർത്തണമെന്നു നിവേദനം കിട്ടിയിട്ടുണ്ടോ?

(ബി) അടുത്ത വർഷത്തിലെങ്കിലും ഇവിടെ ഒരു ഡിപ്പാർട്ടുമെൻറൽ അഞ്ചൽ ആഫീസ് കിട്ടുമെന്നു ആ ദേശവാസികൾ ആശ്വസിക്കട്ടെയൊ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) ഉണ്ട്.

(ബി) വെണ്ണിക്കോട്ട് നാൺ ഡിപ്പാട്ട്മെൻറൽ അഞ്ചലാഫീസ് അടുത്ത വർഷം ഡിപ്പാട്ട്മെൻറലായി ഉയർത്തുന്നതിന് ന്യായം കാണുന്നില്ല.

അഞ്ചൽ ആപ്പീസ്

൯൮. (൩ ൩) ശ്രീ പി. ചാക്കൊ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു: അഞ്ചൽ വകുപ്പ് മന്ത്രി സദയം മറുപടിപറയുമൊ.—

കല്ലുപ്പാറ പകുതിയിൽ കീഴ്വായ്പ്പൂരും ആനിക്കാട്ടും ഓരോ അഞ്ചലാഫീസുകൾ സ്ഥാപിക്കുന്നതിന് സ്ഥലവാസികളിൽനിന്നും നിവേദനം ബഹു. ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടൊ; ഉണ്ടെങ്കിൽ അതിന്മേൽ ഗവൺമെൻറു സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

കീഴ്വായ്പ്പൂർ എന്ന സ്ഥലത്ത് ഒരു നാൺഡിപ്പാട്ട്മെൻറൽ അഞ്ചലാഫീസ് ഉണ്ട് ആനിക്കാട് എന്ന സ്ഥലത്ത് ഒരു അഞ്ചൽ ആഫീസ് വേണമെന്ന് അപേക്ഷ കിട്ടിയിട്ടുണ്ട്. അടുത്തു വേറെ അഞ്ചലാഫീസ് ഉള്ളതുകൊണ്ടു ഇവിടെ ഒരു അഞ്ചലാഫീസ് തുറക്കുവാൻ സാധിക്കുന്നതല്ല.

Mr. Speaker: Order, order. ഒരു പ്രസ്താവന ചെയ്യുവാനുണ്ട്. സൌത്ത് ഇൻഡ്യൻ റയിൽവെ (ലോക്കൽ) അഡ്വൈസറി കമ്മിററിയിലേക്ക് ഈ സഭയിൽനിന്നു ഒരംഗത്തിനെ തിരഞ്ഞെടുക്കാൻ ഗവൺമെൻറിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ തിരഞ്ഞെടുപ്പ് ആനുപാതികപ്രാതിനിധ്യതത്വമനുസരിച്ചു കൈമാററം ചെയ്യാവുന്ന ഒററവോട്ടുമൂലം നടത്തുന്നതായിരിക്കും. തിരഞ്ഞെടുപ്പിനു താഴെപറയുന്ന പ്രോഗ്രാം നിശ്ചയിച്ചിരിക്കുന്നു.

൧. നിയമസഭാ സെക്രട്ടറിയുടെ പക്കൽ നാമനിർദ്ദേശങ്ങൾ നൽകേണ്ടതു്	൧൯൪൯ ഡിസംബർ ൩-ാംനു ഉച്ചയ്ക്കു ൨ മണിക്കു മുൻപു്.
൨. നാമനിർദ്ദേശങ്ങളുടെ പരിശോധന	മേൽപറഞ്ഞ തിയ്യതി വൈകുന്നേരം സഭ പിരിഞ്ഞശേഷം, സ്പീക്കറുടെ ചേംബറിൽവച്ചു്.
൩. നിർദ്ദേശിക്കപ്പെട്ട ഏതെങ്കിലും അംഗത്തിനു പിന്മാറാനുള്ള സമയം	ഡിസംബർ ൫-ാംനു വൈകുന്നേരം ൫ മണിക്കുമുൻപ്
൪. തെരഞ്ഞെടുപ്പു വേണമെന്നുണ്ടെങ്കിൽ	൧൯൪൯ ഡിസംബർ ൭-ാംനു സഭാനടപടികൾക്കുശേഷം.

Removal of Social Disabilities Bill—*(Cont.)*

ശ്രീ. പി. കെ. ഡീവർ: ഇന്നലെ ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ടു ഞാൻ സംസാരിച്ചപ്പോൾ ഈ ബില്ലിൽ ചിലമാററങ്ങൾ വരുത്തേണ്ട ആവശ്യകതയെപ്പററി പറയുകയായിരുന്നു. ഈ ബില്ലിൻെറ Objects and reasons വായിച്ചാൽ ഇതു ഹിന്ദുക്കളിൽ ചിലഭാഗക്കാരെമാത്രം ഉദ്ദേശിച്ചാണുണ്ടായിരിക്കുന്നതു് എന്നു തോന്നിപ്പോകും."

"With the promulgation of the Temple Entry Proclamation in the States of Travancore and Cochin, now forming the United State of Travancore and Cochin all restrictions placed on Hindus on account of caste or community in entering and worshipping in temples have been removed. With the remaval of these restrictions, most of the social disabilities due to birth or community have also ceased to exist. This Bill seeks to remove whatever social inequality that may still exist in the treatment of persons belonging to such castes or communities and to secure unrestricted admission to and equal service in secular institutions for all persons irrespective of their caste or creed."

എന്നാണു് പറഞ്ഞിരിക്കുന്നതു്.

എന്നാൽ ഈ ബിൽ പാസാക്കുന്നതോടുകൂടി സെക്കുലർ ഇൻസ്റ്റിററ്യൂട്ടു് എന്നു പറയുന്ന ആ സ്ഥാപനങ്ങളിൽ അഹിന്ദുക്കളിൽപെടുന്ന ചിലർക്കുകൂടി പ്രവേശനമില്ലാതെ വന്നേക്കുമെന്നുള്ളതുകൊണ്ടു് അതുകൂടി മാററണമെന്നാണു് എൻെറ നിർദ്ദേശം. അതുകൊണ്ടാണു് നാലാം വകുപ്പുമാററണമെന്നു ഞാൻ പറയുന്നതു്. ഏതെങ്കിലും ഒരു ക്ഷേത്രത്തോടുബന്ധിച്ചു കിണറോ കുളമോകൂടി ഉണ്ടെങ്കിൽ അവകൂടി ആ ക്ഷേത്രസങ്കേതത്തിൽ ഉൾപ്പെടുമെന്നുവന്നാൽ ഈ വകുപ്പുകൊണ്ടുള്ള പ്രയോജനം ഇല്ലാതെവന്നേക്കും. അതുകൊണ്ടു് ഇങ്ങനെയുള്ള കുളങ്ങളും കിണറുകളും മററും ക്ഷേത്രസങ്കേതത്തിൽ ഉൾപ്പെടുകയില്ല എന്നുകൂടി ഈ വകുപ്പിൽ ചേർക്കേണ്ടതാണു്. ഇന്നലെ മി. അംബ്രോസു് എന്നോടു പറയുകയുണ്ടായി, കന്യാകുമാരിയിൽ ക്ഷേത്രത്തിൽനിന്നു വളരെ അകലെയുള്ള ഒരു കുളത്തിൽ, ക്ഷേത്രവുമായി യാതൊരു സാമീപ്യവുമില്ലാത്ത സ്ഥലത്തു കിടക്കുന്ന ആ കുളത്തിൽ, യാതൊരു അഹിന്ദുക്കൾക്കും കുളിക്കുവാൻ പാടില്ല എന്നു്. അങ്ങനെ അവിടെ ചെന്നു കുളിച്ചതുസംബന്ധിച്ചു് ഇപ്പോഴും ഒരു ക്രിമിനൽകേസു നടന്നുവരുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇതു അക്രമമാണു്. കന്യാകുമാരിയിൽ ഉള്ള ഒരു സ്നാനഘട്ടത്തിൽ 'ഇവിടെ അഹിന്ദുക്കൾക്കു പ്രവേശിക്കുവാൻപാടില്ല' എന്ന ഒരു ബോർഡു് എഴുതിവച്ചിട്ടുണ്ടു്. ഇതും അക്രമമാണു്. ഈ നിലയ്ക്കുകൂടി മാററംവരത്തക്കവിധത്തിൽ.....

ശ്രീ. എസ്. അംബ്രോസ്: കേസുണ്ടായതു ബോർഡു് എഴുതിവച്ചിട്ടില്ലാത്ത കുളത്തിൽ കുളിച്ചിട്ടാണെന്നുള്ളവിവരം മെംബർക്കു അറിയാമോ?

ശ്രീ. പി കെ. ഡീവർ: ബോർഡു് എഴുതിവച്ചിട്ടില്ലാത്ത കുളത്തിൽ പ്രവേശിച്ചതിനെ സംബന്ധിച്ചു കേസെടുക്കാനിടയായതു നിർഭാഗ്യകരമായിപ്പോയി എന്നു പറയാതെതരമില്ല. മേലാലെങ്കിലും ഈമാതിരിയുള്ള കേസുകൾ ഉണ്ടാകാതിരിക്കുവാൻവേണ്ട പ്രതിവിധികൾ ഈ ബില്ലിൽ വരുത്തുമെന്നും, ഈ ബിൽ പാസാകുന്നതിനുമുൻപുതന്നെ ഒരു എക്സിക്യൂട്ടീവു ആർഡർകൊണ്ടു കന്യാകുമാരിയിൽവച്ചിരിക്കുന്ന ആ ബോർഡു നീക്കംചെയ്യുമെന്നും വിശ്വസിച്ചുകൊണ്ടു ഞാൻ ഈ ബില്ലിൻെറ തത്വത്തോടു യോജിക്കുന്നു.

ശ്രീ. പി. സി. ആദിച്ചൻ: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലിൻെറ തത്വത്തെ ഞാൻ അനുകൂലിക്കുകയും ഇങ്ങനെ ഒരു ബിൽ ഇവിടെ അവതരിപ്പിക്കുവാൻ സാധിച്ചതിൽ ബഹുമാനപ്പെട്ട ഗവൺമെൻറിനെ ഞാൻ അനുമോദിക്കുകയും ചെയ്യുന്നു. ഈ തിരുവിതാംകൂർ–കൊച്ചി ഐക്യസംസ്ഥാനത്തിൽ ഗ്രാമങ്ങളിൽ മാത്രമല്ല, പട്ടണങ്ങളിൽ മാത്രമല്ല, എല്ലായിടത്തും ഉച്ചനീചത്വം നിമിത്തമുള്ള ആ അവശതകൾ നിലനിൽക്കുന്നുണ്ടു്. ആ അസമത്വം അല്ലെങ്കിൽ ആ അവശത, കുളത്തിലും കിണറിലും മാത്രമല്ല, ഈ നിയമസഭയിൽപോലുമുണ്ടു്. നാട്ടിൻെറ നാനാഭാഗങ്ങളിലും ഈ അവശതകൾ ഉള്ളപ്പോൾ, ഈ നിയമസഭയിൽകൂടി അതിൻെറ ലക്ഷണങ്ങൾ കാണുന്നതിൽ അത്ഭുതപ്പെടുവാനില്ലെന്നു സമാധാനപ്പെട്ടുകൊണ്ടു ഞങ്ങളെപ്പോലെയുള്ളവർ കഴിഞ്ഞുകൂടുകയാണു് ചെയ്യുന്നതു്.

ശ്രീ. എസ്. കുട്ടൻ. നിയമസഭയ്ക്കകത്തുള്ള അവശതകൾ എന്താണെന്നു് ബഹു. മെമ്പർ പറയുമോ?

ശ്രീ. പി. സി. ആദിച്ചൻ: അതു് ഞാൻ പറയാതെതന്നെ ബഹു. മെമ്പറന്മാർക്കു കാണാവുന്ന കാര്യങ്ങളാണു്. ഇവിടെ നിയമസഭയ്ക്കുകത്തു സീററുകൾ അറേഞ്ചു ചെയ്തിരിക്കുന്നതു് അക്ഷരക്രമം അനുസരിച്ചാണു്. എ, ബി, സി ക്രമപ്രകാരം നോക്കുമ്പോൾ മി. തേവന്റെ അക്ഷരം വരുന്നതു് ഡിയിലാണു്. ആദിത്യൻ എന്നപേരു് ഇംഗ്ലീഷിൽ Adichan എന്നാണല്ലോ എഴുന്നതു്. അപ്പോൾ എ-യിൽ വരേണ്ടതാണു് ഞാൻ. ബഹു. മെമ്പർ മി. അബ്ദുൽമജീദിന്റെ അടുക്കലായിരുന്നു ഞാൻ മുമ്പു ഇരുന്നിരുന്നതു്. എന്നാലിപ്പോൾ ഞാനും മി. തേവനും ഇവിടെ ഇരുപ്പുറപ്പിക്കപ്പെട്ടതു് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. അയിത്തപ്പിശാച്ചു് ഇവിടെയും കടന്നുകൂടിയിരിക്കുന്നുവെന്നാണു് ഇതിൽനിന്നും മനസ്സിലാക്കേണ്ടതു്. ഇതു് ഒരു നിസ്സാരകാര്യമാണെങ്കിലും പ്രസംഗവശാൽ പറഞ്ഞുപോയി എന്നേയുള്ളൂ.

ഇന്നലെ ബഹു പ്രധാനമന്ത്രി അവർകൾ നെടുമങ്ങാട്ടു സംഭവത്തെപ്പററി ഇവിടെ പറയുകണ്ടായി. ആ സംഭവത്തെപ്പററി കേരളകൗമുദി പത്രത്തിൽ വായിച്ചപ്പോൾ ഞങ്ങളിൽ ചിലർ അതേപ്പററി അറിഞ്ഞാൽ കൊള്ളാമെന്നാഗ്രഹിച്ചു് അവിടെ പോയിരുന്നു. നെടുമങ്ങാട്ടു പാലോട്ടു എന്ന സ്ഥലത്തുവച്ചാണു് ഈ സംഭവം നടന്നതു്. ചായക്കടയിൽ കാപ്പി കുടിക്കുവാൻ ചെന്ന ഏതാനും സാധുക്കളെ അവിടെയുള്ള ചില പ്രമാണികൾ അടിച്ചിട്ടിരിക്കുന്നു എന്നാണു് ഞങ്ങൾ കേട്ടതു്. ഞങ്ങൾ അവിടെ ചെന്നപ്പോൾ ഏകദേശം രണ്ടായിരംപേർ, അവരിൽ ഭൂരിഭാഗവും കള്ളുകുടിയന്മാരാണു്, അവിടെ കൂടിയിരിപ്പുണ്ടു്. രണ്ടുപാട്ട മണ്ണെണ്ണയും കൊണ്ടുവച്ചിട്ടുണ്ടു്. ഞങ്ങളെ കണ്ടപ്പോൾ അവരെ ഉപദ്രവിക്കുവാൻ ചെന്ന ആളുകളാണെന്നു ധരിച്ചുകൊണ്ടു ഞങ്ങളെ ഉപദ്രവിക്കുവാനായി അവർ ഒരുങ്ങി. എന്നാൽ വസ്തുതകൾ അറിയാൻ വേണ്ടിമാത്രം വന്നവരാണെന്നു ഞങ്ങൾ അവരെ മനസ്സിലാക്കിയപ്പോൾ അവർ സമാധാനപ്പെടുകയുണ്ടായി. ഒരു കാപ്പികടയിൽ കയറി ചായകുടിച്ചതിനു കിട്ടിയ അനുഭവം ഇതാണെന്നു പറയുമ്പോൾ ഇവിടുത്തെ സാധുക്കളുടെ ദയനീയനില എത്രമാത്രം ഗൗരവതരമായിത്തീർന്നിട്ടുണ്ടെന്നും ഈ സംസ്ഥാനത്തിലെ മുക്കിലും മൂലയിലും അയിത്തപ്പിശാച്ചു നടമാടുന്നുണ്ടെന്നും നമുക്കു ഏറെക്കുറെ മനസ്സിലാക്കുവാൻ സാധിക്കും.

കൊല്ലം താലൂക്കിൽ ഒരു മനുഷ്യനെ രാവിലെ മുതൽ അസ്തമനംവരെ ഒരു തെങ്ങിൽ പിടിച്ചുകെട്ടിയിട്ടിരുന്നു. ഇതും അയിത്തപ്പിശാചിന്റെ ഒരു വിക്രിയയായിരുന്നു. ഇങ്ങനെ ഏതു വിധത്തിൽ നോക്കിയാലും അയിത്തം നിമിത്തം സാധുക്കൾക്കു വളരെ പീഡനങ്ങൾ ഇന്നും അനുഭവിക്കേണ്ടതായി വരുന്നുണ്ടെന്നു കാണാവുന്നതാണു്.

ശ്രീ. എസ്. കുട്ടൻ: തെങ്ങിൽ പിടിച്ചുകെട്ടുന്ന കാര്യവും മററുമൊക്കെ ഈ ബില്ല് നിയമമാകാതിരുന്നാൽതന്നെയും നിറുത്താവുന്നതല്ലേ?

ശ്രീ. പി. സി. ആദിച്ചൻ: ആയിരിക്കാം. പക്ഷെ സാധുക്കളുടെ അനുഭവം ഇങ്ങനെയാണു്. എത്രയോ കാലംകൊണ്ടു് സാധുക്കളുടെ ഉന്നമനത്തിനുവേണ്ടി ഗവർമ്മെൻറും മററു പലരും ശ്രമിക്കുന്നുണ്ടു്. ഇന്നു് ഈ സഭയിൽ കാണുന്ന ബഹു. മെമ്പറന്മാർ പലരും സാധാരണക്കാരുടേയും സാധുക്കളുടെയും ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്നു എന്നുവേണം വിശ്വസിക്കുവാൻ. അങ്ങനെയുള്ള ഈ രാജ്യത്താണു് ഈ മാതിരിയുള്ള അക്രമങ്ങൾ നടക്കുന്നതു്.

ഇങ്ങനെയെല്ലാമാണെങ്കിലും ഈ ബില്ല് സാമാന്യജനങ്ങളുടെയും സാധുക്കളുടെയും ഇന്നു കാണുന്ന സാമൂഹ്യമായ അവശതകൾക്കു കുറയൊക്കെ പരിഹാരമുണ്ടാക്കുമെന്നു വിശ്വസിക്കുന്നവനാണു് ഞാൻ. എന്നാൽ ഇവരുടെ ഈ സാധുക്കളുടെ അവശത ഇതുകൊണ്ടുമാത്രം നീങ്ങിക്കിട്ടുന്നതല്ല. അവരുടെ യഥാർത്ഥമായ അവശത സ്ഥിതിചെയ്യുന്നതു് അവരുടെ സാമ്പത്തികമായ അവശതയിലാണു്. സാമ്പത്തികമായിക്കൂടി അവരെ ഉദ്ധരിക്കുവാൻ പര്യാപ്തമാകത്തക്കനിലയിൽ ഒരു അന്തരീക്ഷമാണു് ഇവിടെ ഉണ്ടാകേണ്ടതു്. കൂടാതെ വിദ്യാഭ്യാസപരമായിട്ടുള്ള സഹായങ്ങളും അവർക്കു വേണ്ടുവോളം ലഭിക്കണം. ഞാൻ ഇപ്പറഞ്ഞതും ഈ ബില്ലുമായിട്ടു് എന്തുബന്ധമാണുള്ളതെന്നു ചോദിച്ചേക്കാം. സർ, ഇവിടെ ഒരു കാര്യം ബഹു.സഭയെ അനുസ്മരിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഇവിടത്തെ ക്യാബിനററു കസേരകളിലും ഞാൻ മുൻപറഞ്ഞതു പോലെയുള്ള ചില സാമുദായിക അവശതകൾ കാണുന്നുണ്ടു്. അവിടെയുള്ള അവശതകളാണു് ആദ്യമായി പരിഹരിക്കേണ്ടതു്. അതുകൊണ്ടു് ആദ്യമായി ക്യാബിനററു കസേരയിലുള്ള അവശത പരിഹരിക്കുവാൻ ശ്രമിച്ചാൽ അതിനെത്തുടർന്നു മററു കസേരകളിലുള്ള അവശതകളും പരിഹരിക്കപ്പെടും. ഇങ്ങനെ ഓരോസ്ഥലത്തും ഓരോ

സ്ഥാനത്തുമുള്ള അവശതകൾ പരിഹരിക്കപ്പെട്ടുവന്ന് ഒടുവിൽ കിണറിലും കുളത്തിലും ഹോട്ടലുകളിലും എന്നുവേണ്ടാ എല്ലായിടത്തുമുള്ള അവശതകൾ പരിഹരിക്കപ്പെടുന്നതാണ്. അതുകൊണ്ട് ഈ ബില്ലിന്റെ പരിധിയിൽ ഇപ്പോൾ ഉൾപ്പെടുത്തപ്പെടുന്ന കാര്യങ്ങൾ ഞാൻ മുമ്പ് പറഞ്ഞ സാമ്പത്തിക അവശതകളുടെയും വിദ്യാഭ്യാസപരവും സാമുദായികവുമായ മറ്റെല്ലാ അവശതകളുടെയും നിർമ്മാർജ്ജനത്തിനു ഉപകരിക്കുന്ന അന്തരീക്ഷത്തെ സൃഷ്ടിക്കുവാൻ വേണ്ടിയുള്ള ആദ്യത്തെ ഒരുപടിയായിട്ടുമാത്രം കൊണ്ടുവന്നിരിക്കുകയാണെന്നുള്ള വിശ്വാസത്തോടുകൂടിയാണ് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നത്.

മി. സ്പീക്കർ: ഇവിടെ ഹാജരാക്കിയിരിക്കുന്ന സിവിൽ ഡിസബിലിറ്റീസ് ബില്ലിന്റെ പൊതുതത്വങ്ങളെപ്പററി മാത്രമാണ് ഇപ്പോൾ സംസാരിക്കുവാനുള്ളത്. അതല്ലാതെ അതിന്റെ വിശദാംശങ്ങളെപ്പററി ദീർഘമായ പ്രസംഗം ചെയ്യുന്നതിന് അനുവദിക്കത്തക്കതല്ല. അതിനുള്ള സന്ദർഭം ഇതല്ല. ബില്ലിന്റെ തത്വത്തെപ്പററിയും ബില്ലിനെപററി പൊതുവെയും മാത്രം ഇപ്പോൾ സംസാരിച്ചാൽ മതിയാകും.

ശ്രീ. ററി. വി. ദേവൻ: സർ, ഈ ബില്ലിന്റെ അവതരണത്തെപ്പററി ചിന്തിക്കുമ്പോൾ എന്റെ ഹൃദയത്തിൽ ഇതുപോലെയുള്ള ഒരു സന്തോഷം എനിക്കുണ്ടായിട്ടില്ല. നെയ്യപ്പം എന്നു പറഞ്ഞാൽ അതു വെളിച്ചെണ്ണയിലുണ്ടാക്കിയതാണെന്ന് എല്ലാവർക്കും അറിയാവുന്നതുപോലെ അവശസമുദായങ്ങളുടെ ഇടയിലുള്ള അയിത്തമാകുന്ന ബാധയെപ്പററി എല്ലാവർക്കും അറിവുള്ള ഒരു കാര്യമാണ്. അങ്ങനെയുള്ള ആ അയിത്തപ്പിശാചിനെ ഇവിടെനിന്നും പറഞ്ഞയക്കാൻ തുടങ്ങിയതിൽ ഞാൻ ഗവർമ്മെൻറിനോട് നന്ദിപറഞ്ഞുകൊള്ളുന്നു. തീണ്ടലും തൊടീലും ഉണ്ടായിരുന്ന കാലത്തു പബ്ലിക്ക് സ്ഥലങ്ങളിൽപോലും പ്രവേശനം അനുവദിച്ചിട്ടില്ലാത്ത അവശർക്ക് പൊതുസ്ഥാപനങ്ങളിലും ചന്തകൾ മുതലായ സ്ഥലങ്ങളിലും പ്രവേശിക്കാമെന്നുള്ള ഒരു വ്യവസ്ഥയുണ്ടായി. അതിനുശേഷം കുറെ വർഷങ്ങൾ കഴിഞ്ഞതിൽ പിന്നീടാണ് രാജപ്രമുഖൻ തിരുമനസ്സിലെ ക്ഷേത്രപ്രവേശന വിളംബരം ഉണ്ടായതു്. അതോടുകൂടി മിക്കവാറും അയിത്താചാരങ്ങൾ ഉച്ചാടനം ചെയ്യപ്പെട്ടു എന്നുതന്നെ പറയാം. സാധാരണയായി അപരിചിതരായ ആളുകൾ പറയർ, പുലയർ മുതലായവരെ കണ്ടുമുട്ടുമ്പോൾ നിന്റെ വീടെവിടെയാണെന്നും നീ ആരുടെ പുലയനാണെന്നും മററും ചോദിക്കുന്ന ഒരു പതിവ് മുമ്പെയും ഉണ്ട്, ഇപ്പോഴും ഉണ്ട്. ഉദാഹരണമായി ഞാൻ ഒരു കാര്യം പറയാം. ഞാൻ ഇങ്ങനെ പല സ്ഥലങ്ങളിലും ചുററിസഞ്ചരിക്കാറുണ്ട്. പലയാളുകളും എന്റെ വീടെവിടെയാണ്, പേരെന്താണ്, എവിടത്തെ ആളാണ് എന്നൊക്കെ ചോദിക്കാറുണ്ട്. ഒരു ദിവസം ഒരാളെന്നോടു ചോദിച്ചു, താൻ എവിടത്തുകാരനാണെന്ന്. ഞാൻ മറുപടി പറഞ്ഞു, മാവേലിക്കരക്കാരനാണെന്ന്. ഉടനെ അയാൾക്ക് എന്റെ പേരറിയണം. കൂടാതെ, ഞാൻ ആരുടെ പുലയനാണെന്നും അറിയണം. പേരെന്താണെന്ന് എന്നോടു ചോദിച്ചപ്പോൾ ഞാൻ വേറൊരു പേരുപറഞ്ഞുകൊടുത്തു. ഉടനെ താൻ ആരുടെ പുലയനാണെന്നു ചോദിച്ചു. ഉടനെ ഞാൻ പറഞ്ഞു, ചെല്ലമ്മയുടെ പുലയനാണെന്ന്. ഇപ്രകാരമുള്ള ചോദ്യങ്ങൾ അനാവശ്യമായിട്ടുള്ളതാണെങ്കിലും എന്നിൽ നിന്നും കിട്ടിയ ഉത്തരം എതിരാളിക്ക് ഒട്ടും രസിച്ചില്ലെന്നു മനസ്സിലാക്കിയതിന്റെ ഫലമായി ഞാൻ പെട്ടെന്നു സ്ഥലം വിടുകയാണു ചെയ്തതു്. മുൻകാലങ്ങളിൽ ഒരു റോഡിന്റെ മറുവശത്തുകൂടി പോകുന്ന പുലയൻ മറുവശത്തുകൂടി പോകുന്ന ഒരാളിനെ തീണ്ടും എന്നു പറയുന്നു. അതുപോലെ ഒരു പാലത്തിന്റെ ഒരു തലക്കൽ ഒരു പുലയൻ നില്ക്കുകയാണെങ്കിൽ മറുതലയ്ക്ക് നില്ക്കുന്ന ആളിനെ തീണ്ടരുതെന്നു പറയും. ഇതായിരുന്നു മുൻകാലങ്ങളിലെ സ്ഥിതി. മാത്രവുമല്ല ഒരാറിന്റെ ഇരുവശങ്ങളിൽക്കൂടി പോകുന്ന രണ്ടുപേരിൽ ഒരാൾ പുലയനായിരുന്നാൽ അവനെ മറേറ ആളിന്റെ ഒററയ്ക്കു നടന്നുപോകാനുംകൂടി സമ്മതിക്കാത്ത ഒരു കാലമായിരുന്നു അന്ന്. ഈവിധമുള്ള അയിത്താചാരങ്ങളെ പാടെ നിഹനിക്കുന്നതിന് പര്യാപ്തമായ വ്യവസ്ഥകൾ ബില്ലിൽ കൊള്ളിച്ചിരിക്കുന്ന സ്ഥിതിക്ക് അവശസമുദായങ്ങളുടെ മൌലികമായ അവകാശ സ്വാതന്ത്ര്യങ്ങൾ അവർക്ക് ഈ ബിൽ പാസാകുന്നതോടുകൂടി ലഭ്യമാകുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. അതുകൊണ്ടു ബഹുമാനപ്പെട്ട സഭാംഗങ്ങൾ എത്രയും വേഗത്തിൽ ഈ ബിൽ ഒരു നിയമമാക്കുന്നതിന് ശ്രമിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. എസ്. കുട്ടൻ: സർ, ഈ ബില്ലിലെ പൊതുതത്വത്തെ അംഗീകരിക്കുക മാത്രമല്ല ബില്ലിലെ വിവിധ വ്യവസ്ഥകളേയും സ്വാഗതം ചെയ്യുന്നുണ്ട്. ഇതുസംബന്ധമായി കൂടുതലായിഎന്തെങ്കിലും പറയുന്നതിനുമുമ്പ് ബിൽ അവതരിപ്പിച്ച ബഹുമാനപ്പെട്ട മന്ത്രി അവർകളെ ഹാർദ്ദമായി അനുമോദിക്കുകയും ഇതിലേയ്ക്ക് അദ്ദേഹത്തെ പ്രേരിപ്പിച്ച മനഃശക്തിയെ പുകഴ്ത്തുകയും ചെയ്യുന്നുണ്ട്. ജനകീയഗവർമ്മെണ്ട് ഭരണം തുടങ്ങിയതിനു ശേഷം ഇതിനുസമമായി ഒരു നല്ലകാര്യം ഇതിനു മുമ്പിൽ ചെയ്തിട്ടില്ലതന്നെ.

ജാതിയുടെയും മതത്തിന്റേയും പേരിൽ അസമത്വം കല്പിച്ച് മാനവസമുദായത്തിന്റെ മൌലികാവകാശങ്ങളെ ചൂഷണം ചെയ്തിരുന്ന അയിത്തപ്പിശാച് തുടങ്ങിയ ബാധകളെ സംഹരിക്കുവാനുള്ള ഒരു മഹാമന്ത്രമാണിത്. ഇത്തരുണത്തിൽ ഈ ബിൽ അവതരിപ്പിച്ച ബഹുമാനപ്പെട്ട മന്ത്രി അവർകൾ ഒരു മഹാമാന്ത്രികനാണെന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു.

അയിത്തത്തിന്റേയും തീണ്ടലിന്റേയും പേരിൽ തൊട്ടുകൂടാത്തവരായും തീണ്ടിക്കൂടാത്തവരായും ദൃഷ്ടിയിൽ പെട്ടാൽ ദോഷമുള്ളവരായും കഴിഞ്ഞുവന്ന ജനസമുദായത്തെ സമുദ്ധരിക്കുന്നതിനും മനുഷ്യനെ മനുഷ്യനാക്കിത്തീർക്കുന്നതിനും ഹരിജനനിടിലത്തിൽ പരമേഷ്ഠി വിന്യസിച്ച ഭൂരക്ഷരങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുമായി വിശ്വവിഖ്യാതമായ ക്ഷേത്രപ്രവേശന വിളംബരം ശ്രീ ചിത്തിരതിരുനാൾ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടു തുല്യം ചാർത്തി. ആററിലും കാററിലും കുളിക്കുന്ന വെള്ളത്തിലും ശ്വസിക്കുന്ന വായുവിലും നഗ്നനൃത്തം ചെയ്തിരുന്ന അയിത്തം, തീണ്ടൽ, തൊടീൽ തുടങ്ങിയുള്ള അനാചാരങ്ങളെ ദൂരീകരിക്കുന്നതിനു പര്യാപ്തമായ ഒററമൂലി ആയിരുന്നു അതു്. ആഴവാഞ്ചേരി തമ്പ്രാക്കൾക്കും അയ്യൻ പുലയനും തമ്മിൽ വ്യത്യാസമില്ലെന്നു കല്പിച്ച ഒരു അമൂല്യ രാജശാസനമായിരുന്നു അതു്. ആറായിരം മൈൽ അകലെ സ്ഥിതിചെയ്തിരുന്ന അമേരിക്കയിലെ വെള്ളക്കാരുടെ പള്ളികളിൽ നീഗ്രോവർഗ്ഗക്കാർക്ക് പ്രവേശനത്തിനു വാദിച്ചപ്പോൾ ആധാരമായി (authority) ആയി സ്വീകരിച്ചതു് പ്രസ്തുത ശാസനമാണ്.

കല്പന കല്ലേപിളക്കുവാൻ പര്യാപ്തമാണെങ്കിലും അസമത്വ ദൂരീകരണത്തിന് നിയമനിർമ്മാണം അത്യന്താപേക്ഷിതമാണ്. മതത്തിന്റേയും ജാതിയുടേയും പേരിൽ ഭ്രാന്താലയമാണെന്നു കുപ്രസിദ്ധി നേടിയിട്ടുള്ള കേരളക്കരെ ഒരു ശാന്തിശ്മശാലയായി രൂപാന്തരപ്പെടുത്തുവാൻ ഇപ്രകാരമുള്ള നിയമനിർമ്മാണം അത്യാവശ്യമാണ്.

മനുഷ്യനെ മനുഷ്യനായി ജീവിക്കുവാൻ അനുവദിക്കുവാനും നായും നരിയും സഞ്ചരിക്കുന്ന പൊതുനിരത്തുകളിൽക്കൂടെ യഥേഷ്ടം മനുഷ്യന് സഞ്ചരിക്കുവാനും പൊതുസ്ഥാപനങ്ങളിൽ മറ്റെപോലുള്ള പ്രവേശനാനുവാദത്തിനും ഇപ്രകാരമുള്ള നിയമങ്ങൾ ആവശ്യം വേണ്ടതാണ്.

നിയമലംഘനത്തിന് ശിക്ഷ കല്പിക്കുന്ന ന്യായവകുപ്പ് അപര്യാപ്തമാണ്. കൂടുതലായി ശിക്ഷകല്പിക്കുന്ന വ്യവസ്ഥ ആവശ്യമാണ്. കഴിയുന്നതും വേഗം ഈ ബിൽ നിയമമായി കാണുവാൻ ആഗ്രഹിക്കുന്നു.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: മനുഷ്യനെ മനുഷ്യനായി കരുതുന്നതിനുള്ള പ്രേരണനൽകുന്ന ഈ ബില്ലിന്റെ തത്വത്തോടു ഞാൻ ഹാർദ്ദമായി യോജിക്കുന്നു. സർ, ഇന്നു നിലവിലിരിക്കുന്ന അയിത്താചാരങ്ങൾ പലതും ക്ഷേത്രപ്രവേശനംകൊണ്ടു തീർന്നുപോയിട്ടുണ്ട്, എങ്കിലും ക്ഷേത്രപ്രവേശന വിളംബരംകൊണ്ട് ഉദ്ദേശിക്കുന്ന സാദ്ധ്യതകൾ മുഴുവനും പ്രായോഗികമായി വന്നിട്ടില്ല എന്നുള്ളതിൽ ചില പരമാർത്ഥങ്ങളും ഉണ്ട്. ഇന്നലെ ഇവിടെ പ്രസംഗിച്ച ബഹുമാനപ്പെട്ട മെമ്പർ മി. ഡീവർ പറഞ്ഞു ഇപ്പോഴും ചില ഹിന്ദുസമുദായങ്ങളിൽപ്പെട്ടവർക്ക് ഗവർമ്മെൻറ് ക്ഷേത്രങ്ങളിൽ പ്രവേശനം കിട്ടുന്നില്ലെന്ന്. എന്നാൽ ചിലപ്രൈവററ ക്ഷേത്രങ്ങളിൽ വല്ല തടസ്സങ്ങളും ഉണ്ടായിരുന്നാൽതന്നെയും അതു വിളംബരത്തെ ബാധിക്കുന്ന ഒന്നല്ലെന്നുള്ളതു തീർച്ചയാണ്. വിളംബരത്തിന്റെ വ്യവസ്ഥയനുസരിച്ചു എനിക്കു തോന്നുന്നതു് ഹിന്ദുസമുദായത്തിൽപ്പെട്ട എല്ലാവർക്കും ഒരുപോലെ ക്ഷേത്രപ്രവേശന സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ടെന്നാണ്. ചില ക്ഷേത്രങ്ങളിലും ബാർബർ ഷാപ്പുകളിലും ലാൻററികളിലും ചില പ്രത്യേക സമുദായങ്ങൾക്കുമാത്രമേ പ്രവേശനം പാടുള്ളു എന്നുള്ള ബാഹ്യമായ ഒരു വ്യവസ്ഥതന്നെ ഈ ആക്ട് പാസ്സാകുന്നതോടുകൂടി ഇല്ലാതായിത്തീരുന്നതാണ്. സർ, ഒരു സംഗതി ഗവർമ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു. നാം ഇവിടെ എന്തൊക്കെ

പാസ്സാക്കിയാലും പ്രവൃത്തിമാർഗ്ഗത്തിൽ എത്തിച്ചേരുന്നകാര്യം വലിയ വിഷമത്തിലാണിരിക്കുന്നതു്. കഴിഞ്ഞവർഷം ഇതേസമയം അവശസമുദായത്തിൽപ്പെട്ട ഒരാൾ ഒരു കാപ്പിക്കടയിൽ കാപ്പികുടിക്കുന്നതിനായിട്ടു് പ്രവേശിച്ചുവെന്നുള്ള കാരണത്താൽ സ്ഥലത്തുള്ള ഏതാനും ആളുകൾ ചേർന്നു് ആ വ്യക്തിയെ കയ്യേററം ചെയ്യുകയും തൽഫലമായി അവശസമുദായത്തിൽപ്പെട്ട കുറേപേർ കാപ്പിക്കടയുടെ മുൻവശത്തു സത്യാഗ്രഹം അനുഷ്ഠിക്കുകയും ചെയ്തു. വളരെ സമാധാനപരമായി ആരംഭിച്ച ഈ സത്യാഗ്രഹത്തെ ആ പ്രദേശത്തുള്ളവർ എല്ലാം കൂടി തടയുകയും മാത്രമല്ല, അവരെ കഠിനമായി ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്യുകയുണ്ടായി. അവരെ വെറും മൃഗങ്ങളെപ്പോലെ വേട്ടയാടുകതന്നെയാണുണ്ടായതു്. അവരെ അന്വേഷിച്ചുപോയ ഞങ്ങൾക്കും ചില ഉദ്യോഗസ്ഥന്മാരേയും ആ പ്രദേശത്തുനിന്നും രണ്ടു മൈൽ അകലെയുള്ള ഒരു വനത്തിൽ ചെന്നുമാത്രമാണു് കണ്ടുപിടിക്കുവാൻ സാധിച്ചിട്ടുള്ളതു്. ഈ നില ഈ രാജ്യത്തുനിന്നും ഉച്ചാടനം ചെയ്യേണ്ടതു ജനകീയ ഗവൺമെണ്ടിന്റെ ഒരു കടമയാണു്. പട്ടണങ്ങളിലുള്ള ചായക്കടകളിലും ബാർബർഷാപ്പുകളിലുംപോലും ഇന്നുംചിലക്കു് പ്രവേശനം തടയപ്പെട്ടിരിക്കുന്നുണ്ടു്. അവിടെ ആരെങ്കിലും അറിയാതെ പ്രവേശിച്ചുപോയാൽ അവക്കു് പല അനിഷ്ട സംഭവങ്ങളും ഉണ്ടാകുന്നുണ്ടു്. ഈവിധ അനിഷ്ടസംഭവങ്ങൾ തലസ്ഥാന നഗരിയിൽ ഇന്നും നടന്നുകൊണ്ടിരിക്കുന്നുവെന്നുള്ള വസ്തുത ബഹുമാനപ്പെട്ട ഗവൺമെൻറിന്റെ ദയാദൃഷ്ടിയിൽപ്പെടുത്താൻ വേണ്ടിയാണു് ഞാൻ ഇത്രയും പറഞ്ഞതു്. എന്നാൽ ഈ നിയമം പാസ്സാകുന്നതോടുകൂടി നിശ്ചയമായും കോൺഗ്രസ് ഗവൺമെൻറ് ആഗ്രഹിക്കുന്നതുപോലെ സമത്വസുന്ദരമായ ഒരു രാഷ്ട്രം സൃഷ്ടിക്കാൻ പര്യാപ്തമാകുമെന്നാണു് എന്റെ വിശ്വാസം. എന്നാൽ സമുദായങ്ങളെ തമ്മിൽ അടുപ്പിക്കാനുള്ള ശ്രമങ്ങൾ ഒരു കൂട്ടർ ചെയ്യുമ്പോൾ മറെറാരു കൂട്ടർ അവരെ അകററാനുംകൂടി പ്രയത്നം ചെയ്യുന്നുഎന്നു പറയേണ്ടിയിരിക്കുന്നു. തിരുവനന്തപുരം പട്ടണത്തിലുള്ള ചില ഹോട്ടലുകളിലും ബാർബർഷാപ്പുകളിലുംമററും ഇന്നും അവശസമുദായക്കാർക്കു് പ്രവേശനംകൊടുക്കാത്തതുമൂലം ഉണ്ടാകുന്നനഷ്ടം എത്രയാണെന്നുള്ളതു് അവർ മനസ്സിലാക്കാത്തതുകൊണ്ടായിരിക്കും അങ്ങനെ ചെയ്യാത്തതെന്നെനിക്കു തോന്നുന്നു. ഏതായാലും ഈ ബില്ലു് തിരുവിതാംകൂറിൽ മാത്രമല്ല ഐക്യസംസ്ഥാനം ഒട്ടാകെയുള്ള സ്ഥലങ്ങളിൽ അധിവസിക്കുന്ന അവശസമുദായങ്ങളുടെ പുരോഗതിക്കു് പര്യാപ്തമാകും എന്നുള്ളതു് അവിതർക്കിതമാണു്. ആയതിനാൽ യാതൊരു സാങ്കേതിക തടസ്സങ്ങളും ഉന്നയിക്കാതെ ഈ സഭയിലുള്ള ബഹുമാനപ്പെട്ട മെമ്പറന്മാർ ഒത്തുചേർന്നു് ഈ ബില്ലിനെ എത്രയും വേഗത്തിൽ നിയമമാക്കുന്നതിനു വേണ്ടി ശ്രമിക്കണമെന്നു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

Sri. K. K. Chellappan Pillai : Certain misconceptions seem to have been hanging over the whole of this Bill. in Section 4 it is stated "No Hindu shall by reasons merely of his belonging to any particular community or caste or sub-caste among Hindus be prevented..."etc. This has reference only to the Hindus. I do not see why Christians or Muslims should have such disability. There are really Pulayas and Parayas even among such communities and there must be some provision to safeguard their rights. So I request that necessary provision may be made by the Select Committee in this Bill to prevent the mischief of a particular section against other members of the same community. With regard to Section 7 I would like to say a word. The offence is cognisable and therefore rules must be framed so that the law may not be abused by the authorities. Power may fall into indiscreet hands and they may do havoc. That should be prevented.

Sri. A. Thanu Pillai : Sir, all the jubilation that has been expressed in this House in regard to this Bill arises out of a good deal of ignorance of the real conditions of things today in regard to matters covered by this Bill. On the 20th November 1949, the Constitution of the Union was passed and that constitution will come into force on the 26th January 1950. There is absolutely nothing in this Bill which has not been fully provided for in that constitution in the Chapter on Fundamental Rights, which forms Part III of that Constitution. I even think that some of the provisions militate against it in other respects and curtails the liberty conferred by the Constitution. That fact, it would be very good for this House to realise. Of course this may be an election stunt for a Party, for apart from that I do not see any reason why this should be here. What is it that is provided in Article 15 of the Constitution of India: "(1) The State shall not discriminate against a citizen on grounds only of religion, race, caste, sex, place of birth or any of them."

[Sri. A. Thanu Pillai] :

(2) No citizen shall on grounds only of religion, race, caste, sex or place of birth or any of them be subjected to any disability, liability, restriction or condition, with regard to (*a*) the access to shops, public restaurants, hotels and places for public entertainment, or (*b*) the use of wells, tanks, bathing ghats, roads and place of public restaurant maintained wholly or partly out of State funds or dedicated to the use of the general public". It has been stated that nothing in this article shall prevent the State from making special provision for women and children.

Sri. K. K. Chellappan Pillai: May I know whether this is a justiciable right or not?

Sri. A. Thanu Pillai: It is a purely justiciable right. No citizen of India or anybody within the borders of India can go against the provisions. Of course there are non-judiciable rights, which are given in Chapter IV—'Directive Principles of State Policy'. The rights given in Chapter III are justiciable and there clear provision to the effect that any citizen has the right to move the Supreme Court by appropriate procedure for enforcement of the rights provided here.

Then again, Sir, there is another provision in article 27, as follows: "Notwithstanding anything elsewhere contained in this Constitution, Parliament shall have, and the Legislature of a State for the time being specified in Part I or Part III of the First Schedule shall not have, power to make laws:—

(*a*) with respect to any of the matters, which, under clause (2*a*) of article 10, article 16, clause (3) of article 25 and article 26 may be provided for by legislation by Parliament; and

(*b*) for prescribing punishment for those acts which are declared to be offences under this Part; and Parliament shall, as soon as may be after the commencement of this Constitution make laws for prescribing punishment for the acts referred to in clause (*b*) of this article."

Now, here we have prescribed a punishment, say Rs. 50. We do not know what punishment Parliament will fix for such cases.

Then again the scope of this Bill is restricted by Clause 4 only to Hindus. As Mr. Dewer pointed out yesterday, why should a Muslim, a Christian or somebody else be prevented from the exercice of his right? In my view therefore this Bill is very vague and thoroughly inadequate. Since it provides punishment, it goes against the express provisions of the Union Constitution, which will come into force on 26th January. To that extent it would become void after that date. The Constitution of India has already been passed and there is no varying it.

In these circumstances, even if we now legislate, it will have effect only until the 26th January. Whether this Bill is there or not, the necessary subsidiary law will be enacted by Parliament for the Union. So there is nothing to be jubilant about this. Already the rights are there and guaranteed by the Constitution.

ശ്രീ. കെ. കൊച്ചുകുട്ടൻ: ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ട് ഇവിടെ സംസാരിച്ച ബഹുമാന്യരായ ചില അംഗങ്ങൾ ഹിന്ദുക്കളിൽ ഒരു വിഭാഗത്തിന്റെ എല്ലാവിധ സോഷ്യൽ ഡിസ്എബിലിറ്റിസും ഈ ബിൽ പാസ്സാകുന്നതോടുകൂടി അവസാനിക്കുമെന്ന് വ്യാമോഹിക്കുന്നു. ഈ ബിൽ പാസ്സായാൽതന്നെ ഹിന്ദുക്കളുടെ ഒരു വിഭാഗമായ അവർണ്ണരുടെ എല്ലാ സോഷ്യൽഡിസ്എബിലിറ്റിയും അവസാനിക്കാൻ പോകുന്നില്ല. ഏതാണ്ട് ഒരു വ്യാഴവട്ടക്കാലത്തിനുമുമ്പ് ഐക്യസംസ്ഥാനത്തെ ഈ തിരുവിതാംകൂർ വിഭാഗത്തിൽ ആദ്യമായി ഒരു ക്ഷേത്രപ്രവേശന വിളംബരം ഉണ്ടായി. ഇൻഡ്യയിൽ ആദ്യമായി ക്ഷേത്രപ്രവേശനം ഉണ്ടാകാൻ അതായതു് അവർണ്ണക്ക് ക്ഷേത്രങ്ങളിൽ പ്രവേശിക്കാൻ ഭാഗ്യമുണ്ടായ ഈ ഭൂവിഭാഗത്തു് ക്ഷേത്രപ്രവേശനം ഇനിയും പരിപൂർണ്ണമായിട്ടില്ല. ഏതാനും ആഴ്ചകൾക്കുമുമ്പ് ഐക്യസംസ്ഥാനത്തിന് അകത്തുള്ള കൊച്ചി ഡിസ്ട്രിക്ടിൽ രാജപ്രമുഖന്റെ വിളംബരംകൊണ്ട് ക്ഷേത്രപ്രവേശനം പരിപൂർണ്ണമായിട്ടുണ്ട്. തിരുവിതാംകൂറിൽ ക്ഷേത്രപ്രവേശനം ഉണ്ടായി വളരെകഴിഞ്ഞിട്ടാണ് കൊച്ചിയിൽ ക്ഷേത്രപ്രവേശനം ഉണ്ടായതു്. എന്നാൽതന്നെയും കൊച്ചിയിൽ അതു് പരിപൂർണ്ണമായി. ഇവിടെ ആദ്യം ക്ഷേത്രപ്രവേശനം ഉണ്ടായിട്ടും അതിനെ പരിപൂർണ്ണമാക്കാൻ ഉള്ള ഒരു ആർഡിനൻസ് പോലും ഇതുവരെ ഉണ്ടായിട്ടില്ല എന്നുള്ള വസ്തുത നിർഭാഗ്യമായിപ്പോയിഎന്ന് പറയേണ്ടിവന്നതിൽ എനിക്ക് കുണ്ഠിതമുണ്ട്. അടുത്തു 'പുറപ്പെടുവിച്ച ഓർഡിനൻസ്', ഈ നിയമസഭയിൽ ബിൽ ആയിട്ടു വരുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചു. അങ്ങനെ വന്നിരുന്നുഎങ്കിൽ ഉടനേതന്നെ ഐക്യസംസ്ഥാനത്തിലെ

ക്ഷേത്രപ്രവേശനം പരിപൂർണ്ണമായി തീരുമായിരുന്നു എന്നാണ് എനിക്ക് ഈ അവസരത്തിൽ ഗവമ്മെൻറിനെ അറിയിക്കുവാൻ ഉള്ളത്.

ശ്രീമാൻ പട്ടംതാണുപിള്ള ചൂണ്ടികാണിച്ചമാതിരി അടുത്ത ജനുവരി ൨൯-ാംനു-ക്കു ശേഷം ഇൻഡ്യൻഭരണഘടന നടപ്പിലാകുന്നതോടുകൂടി ഹിമവൽസേതു പര്യന്തമുള്ള എല്ലായിടത്തും ഈ അവശതകൾക്കും പരിഹാരമുണ്ടാകും. അടുത്ത ജനുവരി ൨൯-ാംനു-ക്കകം ഗവമ്മെൻറിൽ ഒരു ബിൽ ഈ നിയമസഭയിൽ കൊണ്ടുവന്നു് ഇവിടത്തെ ക്ഷേത്രപ്രവേശനം പരിപൂർണ്ണമാക്കാൻ സാദ്ധ്യമല്ലെന്നുണ്ടെങ്കിൽ കൊച്ചിയിൽ ഒരു ആർഡിനൻസുമൂലം എങ്ങിനെ സാദ്ധ്യമാക്കിയൊ അതുമാതിരിയുള്ള ഒരു ആർഡിനൻസുമൂലം ഇവിടെയുള്ള ക്ഷേത്രപ്രവേശനവും പരിപൂർണ്ണമാക്കണമെന്നാണ് ഗവമ്മെൻറിനോടു് എനിക്കു പറയാനുള്ളത്. ഈ ബില്ലിൻെറ ഉദ്ദേശശുദ്ധിയെപ്പററി ഞാൻ ചോദ്യം ചെയ്യുന്നില്ല. ഇതൊരു തിരഞ്ഞെടുപ്പു സ്റ്റാണ്ടാണെന്നു് എനിക്കു വിശ്വാസമില്ല. ൨൯-ാംനു-ക്കു് മുമ്പു് ഒരു ആർഡിനൻസുമൂലം ഇവിടെയുള്ള ക്ഷേത്രപ്രവേശനം പരിപൂർണ്ണമാക്കണമെന്നു് ഈ ബില്ലിനെ പിൻതാങ്ങിക്കൊണ്ടു് ഗവമ്മെൻറിനോടു് പറയാൻ മാത്രം ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു.

ശ്രീ. പി. എം. വർഗ്ഗീസ് : സർ, ഈ ബിൽ ഏററവും അത്യാവശ്യമാണെന്നു് പറയുന്നതിനോടൊപ്പം ഈ ബില്ലിൻെറ ഉദ്ദേശം സാധിക്കാത്ത വിധത്തിലാണു് ഇതിലെ നാലാം ഖണ്ഡിക കാണുന്നതെന്നു് പറയേണ്ടിയിരിക്കുന്നു. അതിനെപ്പററി പല മാന്യസ്നേഹിതന്മാരും ഇവിടെ പറഞ്ഞുകഴിഞ്ഞു. നാലാം ഖണ്ഡികയിൽ No. Hindu എന്നുള്ളതു മാററി No person എന്നു് ഭേദപ്പെടുത്തണമെന്നു് എനിക്കു് ശരിയായ അഭിപ്രായമുണ്ടു്. അതുപോലെതന്നെ പ്രത്യേക സമുദായത്തെപ്പററി പറയുന്ന എല്ലാഭാഗവും മാറേണ്ടതാണു്. ശ്രീമാൻ പട്ടംതാണുപിള്ള അദ്ദേഹം കാൺസംബ്ളിയിൽ ചെയ്തിട്ടുള്ള ഒരു പ്രസംഗത്തിൽ നമ്മുടെ ഐക്യസംസ്ഥാനം നിയമപരമായും ഭരണകാര്യങ്ങളിൽ മുന്നോട്ടു്പോയിട്ടുണ്ടെന്നു് പറഞ്ഞിട്ടുണ്ടു്. പരമാർത്ഥത്തിൽ അതു നാം തെളിയിക്കേണ്ട സന്ദർഭമാണിതു്. ആ സന്ദർഭം ഈ ബിൽവഴി ഉണ്ടാക്കുന്നതു് വളരെ ഉചിതവുമായിരിക്കും. ചില ക്ഷേത്രങ്ങളുടെ വാതിലുകളിൽ പ്രൊഹിബിഷൻ ബോർഡുകൾ വച്ചിട്ടുള്ളതായി ഞാൻകണ്ടിട്ടുണ്ടു്. അതായതു് ചില സമുദായക്കാർക്കുമാത്രമെ അതിൽ പ്രവേശിക്കാവു എന്നു് എഴുതി വച്ചിരിക്കുന്നു. ആരാധനസ്ഥലങ്ങളിൽ ചില സമുദായക്കാർക്കുമാത്രമെ പ്രവേശിക്കാവു എന്നു് എഴുതി വച്ചിരിക്കുന്നതു് എന്തുകൊണ്ടാണെന്നു് എനിക്കു് മനസ്സിലാകുന്നില്ല. നായർ, ക്രിസ്ത്യാനി, മുസ്ലീം എന്നിങ്ങനെയുള്ള ഹോട്ടലുകളിലും ബാർബർഷാപ്പുകളിലും എല്ലാവർക്കും പ്രവേശിക്കാമെങ്കിൽ എന്തുകൊണ്ടു് പബ്ളിക്കു് ആരാധനസ്ഥലങ്ങളായ ക്ഷേത്രങ്ങളിൽ എല്ലാവർക്കും പ്രവേശിക്കാൻ പാടില്ല. അതുപോലെതന്നെ ഗവമ്മെൻറു് സ്വീകരിച്ചിട്ടുള്ള ഒരു സ്വീകാര്യമല്ലാത്ത വേറെ ഒരു നടപടിയും ഈ സഭയുടെ ദൃഷ്ടിയിൽപ്പെടേണ്ടതുണ്ടു്. ഹിന്ദുകാളേജ്, ക്രിസ്ത്യൻകാളേജ്, ഹിന്ദുകോവാപ്പറററീവ് സൊസൈററി, ക്രിസ്ത്യൻകോഒപ്പറററീവ് സൊസൈററി, ഹിന്ദുലൈബ്രറി. ക്രിസ്ത്യൻലൈബ്രറി എന്നിങ്ങനെയുള്ള സ്ഥാപനങ്ങളെ അംഗീകരിച്ചു് പ്രോത്സാഹിപ്പിക്കുന്നതിനു ചില നടപടികൾ ഗവമ്മെൻറു് സ്വീകരിച്ചുവരുന്നതായി അറിയുന്നു. ഈ വക സ്ഥാപനങ്ങൾ ഗവമ്മെൻറു സഹായത്തോടുകൂടി നടത്തണമെന്നു് ഏതെങ്കിലും സമുദായമോ ഏതെങ്കിലും കൂട്ടം ആളുകളോ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ പരിപൂർണ്ണമായും ഏതു സമുദായത്തിൽപ്പെട്ടവർക്കും അവയിൽ പ്രവേശിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടെങ്കിൽ മാത്രമേ ഗവമ്മെൻറു് അംഗീകരിക്കയുള്ളുവെന്ന ഒരു നിയമംകൂടി നാം ഉണ്ടാക്കുന്നതു് ഏററവും ഉത്തമമായിരിക്കും. ഇൻഡ്യൻ ഭരണഘടന ഇക്കാര്യത്തിൽ മുന്നോട്ടുപോയിട്ടുണ്ടെന്നു് പറയുന്നതിനെ സംബന്ധിച്ചു് എനിക്കു് നിശ്ചയമില്ലെന്നുമാത്രമേ ഇപ്പോൾ പറയാൻ നിവൃത്തിയുള്ളു. അങ്ങനെ പോയിട്ടില്ലെങ്കിൽ തീർച്ചയായിട്ടും നാം ഈ സോഷ്യൽ ഡിസബിലിററീസു് ബില്ലുതന്നെ മാതൃകാപരമായ രൂപത്തിൽ ഉണ്ടാക്കിയാൽ തിരുവിതാംകൂറിൻെറ സാമുദായികമായിട്ടുള്ള സംഘടനയുടെ വിശേഷതയും നന്മയെയും കാണിച്ചുകൊടുത്തു നിയമപരമായ രീതിയിൽ പരിഷ്കൃത ലോകത്തിൻെറ മുന്നണിയിൽ നിൽക്കാൻ കഴിവുള്ളവരാണു് നാം എന്നു് തെളിയിക്കാൻ സാധിക്കുമെന്നു് എനിക്കു ബോദ്ധ്യമുണ്ടു്. എൻെറ അഭിപ്രായത്തോടു ബഹു. മെമ്പർമാർ യോജിക്കുമെന്നും ഈ ബില്ലിനെ ഭേദപ്പെടുത്തി ഇങ്ങിനെയുള്ള അവശതകളെല്ലാം പരിഹരിക്കത്തക്ക വിധത്തിൽ ഇവിടെ അവതരിപ്പിക്കുമെന്നുമാണു് എൻെറ അഭിപ്രായം.

Sri. V. O. Markose: Sir, I support this Bill. It is rather unfortunate that this Bill has evoked so much discussion in this House.

My Hon'ble friend Sri. Balakrishnan Thampi suggested that this Bill and the previous Bill which was introduced may be clubbed together. There seems to be no legal objection why it may not be done.

Sir, I find that this Bill is intended to be of general application, for the preamble says that it is for the removal of social disabilities in general. Clauses 3 and 5 of the Bill are for the removal of certain disabilities which are of general application, while clause 4 has been made to apply to particular communities or castes or sub-castes among Hindus. The intention of clause 4 is to make the Bill applicable to three different categories of cases namely, no Hindu belonging to any particular community or caste or sub-caste among Hindus shall be prevented from using any stream, etc. (1) which the general public belonging to other communities or castes or sub-castes among Hindus have a right to use (2) which is dedicated or maintained or licenced for the use of the general public, and (3) which is maintained or paid for out of the funds of the Government or a local body.

Sir, with regard to those mentioned under the first category probably some communities among Hindus only are unfortunately suffering from these disabilities. But in the case of the other two categories, *viz.*, the second and the third, there is no reason why they should not be made applicable to all communities and religionists. It may be difficult, as this clause stands now, to amend it so as to make the first category applicable to certain communities and the other two categories applicable generally. Therefore what I suggest is that the Bill may be referred to a Select Committee so that if they so choose clause 4 may be split into three parts, or perhaps it may be enough if it is split into two blanks so as to make one clause have this restricted application and the other have general application to all sections or denominations of people in this country.

Sri. C. A. Ouseph: Sir, I heartly support the Bill and while supporting it I wish to say few words. Within two months the Indian Constitution will come into force and the fundamental rigths of man, the citizens of India, envisaged therein will be binding upon this State also. Hence considering that we are going to be independent citizens whose rights and freedom are not traversed by customs and considerations such as this when that bright day is coming to us, this proviso which puts some sort of entrenchments over the castes and creeds and ancient practices it does not look as if such a proviso should darken the pages of the history of Kerala. Therefore, Sir, while supporting this Bill I would request the Government to see that this proviso which is a sort of entrenchments, a sort of fortress to retrograde progress should be removed from the Bill, and we should have a Bill which should keep the rights constantly the right created by the Constitution of India and which will be granted to us. In that hope I support this Bill.

Sri. M. Govindan: Sir, I support this Bill. In doing so I have to differ from some of my friends here who have suggested that the proviso is unnecessary. My impression is that the proviso is very necessary because the fact cannot be denied that caste and distinction prevail in this place, but there is one thing that we should not encourage it. For that I would make a suggestion that the right to reside in the same house should not be denied to people because of conversion to Christianity, Hinduism and Mohamedanism. As everyone knows that as matters stand at present the right to divide exists now in the Marumakathayam family also. When a suit for partition is going on and before the decree is obtained for the partition the member should have the right to live in the Tharvattu house. When a man who is a Hindu wants to become a Christian he must not be deprived of his family. As matters stand at present this is necessary. In another 15 years time we may see things differently. I would therefore suggest a modfication in the proviso so as to include the right to give in the same House. Even after he has declared his intentions to convert to another religion.

Sri A. Nesamoni: Sir, this Bill has been held as a piece of progressive legislation. I have got my own doubts regarding that. Reading through section 4 of the Bill—probably the sponsors of the Bill did not contemplate that they are giving statutory recognition to untouchability, and I believe if section 4 passes into law without necessary amendments that are suggested on the floor of this House, it may lead to two communities being clubbed as untouchables and they are the Muslims and Christians. I believe that when this Bill passes through the Select Committee that would scan through stipulation of that section and find for themselves a way out of the innumerable difficulties that might surmount them in redrafting section 4 and I believe they will succeed in not giving statutory recognition to untouchability by clubbing these communities as untouchables.

Sri. A. P. Udayabhanu: Sir, one of the reasons advanced against this Bill is that on January 26 the fundamental rights enunciated by the constitution of India will be applicable automatically to this State also, and that being so, this piece of legislation is not necessary. I think that under the Article referred to by my Hon'ble friend A. Pattom Thanu Pillai, this particular piece of legislation is not prohibited in this State. They are Articles 9, 10, 16, 25 and 26. I think that this particular piece of legislation embodies the spirit contained in Articles 9 and 11 and moreover Article 27 reads as follows: Provided that any law in force immediately before the commencement of this Constitution in the territory of India or any part thereof with respect to any of the matters referred to in clause (*a*) of this article or providing for punishment for any act referred to in clause (*b*) of this article shall, subject to the terms thereof, continue in force therein, until altered or repealed or amended by Parliament.

Explanation.—In this article the expression "Law in force" has the same meaning as in Article 307 of the Constitution.

Mr. Speaker: Order, order. The House is now adjourned for lunch and will meet again at 2 p. m.

The House adjourned for Lunch at 1 p.m. and re-assembled at 2 p.m. with Mr. Deputy Speaker (Sri. K. Kochukuttan) in the Chair.

Sri. A. P. Udayabhanu: I have been saying, that the article quoted by Mr. Thanu Pillai does not remove the right of the House or the State to legislate on this particular subject. This particular subject comes under the State's jurisdiction. This is Article 11 of the fundamental rights: "Untouchability" is abolished and its practice in any form is forbidden. The enforement of any disability arising out of "untouchability" shall be an offence punishable in accordance with law". The original Article 27 which I think is now renumbered as Article 35 does not cover Article 11, so much so this is completely within the province of the State.

Sri. K. P. Nilakanta Pillai: May I know whether it is also within the province of the Central Government?

Sri. A. P. Udayabhanu: My submission is that in so far as Article 27 very definitely says that provinces are precluded from enacting certain laws, it means that this falls at least within the province of this State. It is the first duty of this State. Perhaps the Centre cannot be excluded, but the main duty is cast upon the State by the provisions of the article.

Sri. K. P. Nilakanta Pillai: Who argued that it is not within the province of the State?

Sri. A. P. Udayabhanu: I am not saying so. My submission is that Article 27 of the original draft in no way casts any doubt on this subject. One friend of mine was asking me whether this was an infringement of the fundamental rights. The original conception of the fundamental rights was something like a shield against the aggressiveness of the State. There was a limit set to the activities of the State that States shall not do such and such a thing. It was setting a limit to the encroachment of the State, on the privileges and liberties.

Sri. A. Thanu Pillai: I may correct the Hon'ble Member. I never argued that this Bill is completely ultra vires. So far as punishment is concerned, it will be ultra vires on the 26th January. His answer is something which I did not raise.

Sri. A. P. Udayabhanu: I never referred to him. but I was referring to another Hon'ble Member. There should not be any mistake on that matter. It was another friend of mine coming and telling me that this particular enactment is against the principles and is ultra vires. He was saying that it is against the fundamental rights. But I have to say that the fundamental rights as originslly conceived set a limit to the right of the State to interfere with the liberties of the subject. But now fundamental rights are not conceived within that narrow limit. Today the duty is cast upon the State to safeguard the fundamental liberties of the subjects, the individual and the group against the violence and against the agressiveness of the other sections of the people. So today the State has to take aggressive action and aggressively safeguard the liberties of the subject. Formerly it was said that the State shall not do such a thing. But today the State has come to a position in which it has to safeguard the civil liberty of the subject so that a particular group of individuals' liberty shall not be infringed by other groups. This legislation comes under the aggressive safeguarding of the civil liberties by the State. So today the State is not only asked not to infringe the rights of the citizens but it is called upon to safeguard the fundamental liberties of the individual or the group. This piece of legislation is conceived on that line. This is an aggressive protection safeguarding

[Sri. A. P. Udayabhanu]
the personall liberties of the individual. The Law Department of the United States of America has set apart a particular Division for that; the Civil Rights Section is to safeguard the infringement of the civil liberties of the group by another group. The Negroes in the South and religious sections in the North have to be safeguarded against the infringement of their fundamental liberties, by the aggressiveness of the other groups. So this Bill comes under that branch of fundamental rights.

The most important provision in this enactment is Clause 7 which says that "Notwithstanding anything contained in the Code of Criminal Procedure for the time being in force, all offences punishable under this Act shall be cognisable".

Another important argument advanced was that on January 26, the Constitution comes into force and many of these things are not necessary. But my submission is that till this day, we have not done anything by which the Constitution will come into force on January 26. Yesterday evening I got a gazette and in that there was a proclamation by the Raj Pramukh. The proclamation says. "The Constitution of India shortly to be adopted by the Constituent Assembly of India shall be the Constitution for the United State of Travancore and Cochin as for other parts of India and shall be enforced as such in accordance with the tenor of its provisions". I am afraid whether it is not an infringement on the rights of the House, the Raj Pramukh has no right to make such proclamations. His rights are circumscribed by the terms of the Covenant. The Covenant does not give any right to the Raj Pramukh to make any such proclamations. The only provision in the Covenant which confers any right on the Raj Pramukh is to make a proclamation under Article 12. Article 12 says:—

> "If at any time before a Constitution framed or adopted by the legislature comes into operation, the Raj Pramukh is satisfied that a situation has arisen in which the Government of the United State cannot be carried on in accordance with the provisions of this Covenant, he may, with the prior concurrence of the Government of India by proclamation (a) declare," etc.' etc.

Article 12 is the only provision in the Covenant which confers the right upon the Raj Pramukh to issue a proclamation. The Raj Pramukh is a man acting within the terms of the Covenant. He has no right conferred upon him except by this article in the Covenant to issue proclamation. The Covenant says he is the executive authority of the United State. He is only the executive head. But by special provisions, given by Article XI of the Covenant, he has got the right to promulgate Ordinances. Article XII confers on him the right to issue the proclamation. The fact that he is only the executive head shows that he has not the right to do anything else beyond that. As a matter of fact, this proclamation is something like enacting a law. This is practically adopting a Constitution for the United State. Adopting a Constitution means enacting the fundamental law of the State and as such this is beyond his purview.

Sri. K. P. Nilakanta Pillai: May I know whether the proclamation was issued befor the Constitution was adopted or after it?

Sri. A. Udayabhanu: The proclamation is dated 9th Vrischigam 1125.

Sri. K. P. Nilakanta Pillai: May I know whether the Constitution was adopted by the Indian Constituent Assembly on that day?

Sri. A. P. Udayabhanu: It is clear that the Constitution had not been completed on that date. My submission is that the Raj Pramukh, being limited by the Covenant, has no authority to issue such a proclamation, and make the Constitution of India binding on the State. It is ultra vires of the Raj Pramuk. This is a right of the legislature. This legislature alone has got the right to adopt the Constitution for the United State. "Until a Constitution framed or adopted by the legislature comes into operation, the Raj Pramukh shall have power to make and promulgate Ordinances", etc. So it is for this legislature and this legislature alone to give a Constitution to this State. We may either enact a Constitution and give it unto ourselves or we may adopt a Constitution. But it can be done only by us.

Sri. A. Thanu Pillai: May I know from the Hon'ble Member whether the proclamation on the Representative Body and the Interim Constitution Act did not provide that the Interim Constitution Act would be enforced till the Representative Body framed the Constitution? Was it not at the bidding of the Government of India that the recent proclamation was also issued?

Sri. A. P. Udayabhanu: I am not informed of all those things. I was only arguing from the papers before me.

ശ്രീ. പി. സി. ആദിച്ചൻ: ഏതു് papers ആണതു്? അതിൽ പറയുന്ന സംഗതി ഒന്നുകൂടി വിശദമാക്കാമോ?

Sri. A. P. Udayabhanu: The Proclamation says "The Legislative Assembly of the State has resolved that the Constitution framed by the Constituent Assembly of India shall be adopted by this State". That also is not a correct statement of fact. The resolution which was adopted by the House is known. In paragraph 4 of the resolution passed by this House, it is stated, "The Constitution of India framed by the Constituent Assembly of India shall be the Constitution for the State with the modifications suggested by the Assembly". We had suggested several modifications which have found a respectable place in the waste paper basket. That being so, it was not an unconditional adaptation of the Constitution that took place in the last session. We said that the Constitution of India, subject to the amendments suggested by us, may be passed. That will be applicable, but such things have not taken place. So, this House has formally adopted the Constitution as now enacted by the Constitution Assembly of India for the State. So the argument based on the fact that on January 26, the Constitution of India will apply to this State *ipso facto* is not sound, because many arguments have been made on that basis. That is why I have drawn the attention of the House on this point. I think that we have to formally adopt the Constitution. This being so, my submission is that this Proclamation is ultra vires of the Raj Pramukh who issued it. With these words, I close.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹു. മെമ്പർ ഈ ബില്ലിനെപ്പററി സംസാരിക്കുമ്പോൾ കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടതു് ഈ ബില്ലിനെപ്പററിയാണു്. അതുകൊണ്ടു് അങ്ങനെ സംസാരിച്ചാൽ കൊള്ളാം.

Sri. A. P. Udayabhanu: This is almost an encroachment on the Rights of this House. This Proclamation is an infringement on the privileges of the House.

What I wish to point out at this juncture is that it is the sole right and privilege of this House to adopt the Indian Constitution. It is not for the Raj Pramukh to make a Proclamation The Raj Pramukh has issued a Proclamation to that effect and I do not see the validity of it There are ever so many vital subjects which we have to tackle with the Union Government. I may say in this connection that some of the amendments passed by us with regard to the Constitution have gone to the waste paper basket. I draw the attention of this House to this matter and ask for an explanation from the men in charge of the affairs of the Assembly. My submission is that this is a piece of legislation which had cast upon the Government an onerous duty and I certainly think that the Government will not be found wanting in discharging the imposed on them by this enactment.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുന്നു. സമൂഹജീവിതത്തിലുള്ള ചില അസമത്വങ്ങൾക്കു പരിഹാരം കാണുവാൻ വേണ്ടിയാണു് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. ഇന്നു നിലവിലുള്ള അസമത്വങ്ങൾക്കെല്ലാം പരിഹാരം കാണുവാൻ തക്ക സമഗ്രകാര്യങ്ങൾ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഇതു ഹിന്ദുക്കളെ മാത്രം സ്പർശിക്കുന്ന ഒന്നാണോ എന്നുള്ള കാര്യത്തെ കുറിച്ചൊന്നുംതന്നെ പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ഒരു കാര്യം ഈ സഭയുടെ ദൃഷ്ടിയിൽ പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനുവേണ്ടിയാണു് ഈ അവസരം ഉപയോഗിക്കുന്നതു്. സംയോജനത്തിനുമുമ്പു് കൊച്ചി നിയമസഭയിൽ ഞാൻ ഒരു പ്രമേയം അവതരിപ്പിച്ചിട്ടുണ്ടായിരുന്നു. അതിനു ഗവൺമെൻറു ഭാഗത്തുനിന്നും തന്നതായ മറുപടി ഈ അവസരത്തിൽ ഈ ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്തുവാൻവേണ്ടിയാണു് ഈ അവസരം ഞാൻ ഉപയോഗിക്കുന്നതു്. ഇവിടെ പല അസമത്വങ്ങൾ ഉള്ളിൽ കൂട്ടത്തിൽ ഒരസമത്വം എൻെറ ദൃഷ്ടിയിൽ പെട്ടിട്ടുള്ളതു ഇവിടെ ഉയർന്നവരെന്നും താഴ്ന്നവരെന്നുമുള്ള വകഭേദം കാണിക്കുന്ന ചില പദങ്ങൾ ഇന്നു നിലവിലുണ്ടെന്നുള്ളതാണു്. ജനങ്ങളുടെ ഇടയിൽ യജമാനൻ, തമ്പുരാൻ, അടിയൻ മുതലായ പദങ്ങൾ ഉപയോഗിക്കുന്നുണ്ടെന്നും ഈ വക പദങ്ങൾ ഉപയോഗിക്കുന്നതിനെ ഗവൺമെൻറുതന്നെ തടയണമെന്നുമാണു് ഞാൻ അവതരിപ്പിച്ചിരുന്ന പ്രമേയം. അതിനു ഗവൺമെൻറു ഭാഗത്തുനിന്നു മറുപടി പറഞ്ഞ അവസരത്തിൽ, പ്രമാണങ്ങളിൽ ഇങ്ങനെയുള്ള പദങ്ങൾ ഉപയോഗിക്കുന്നതിനെ തടയാൻ റജിസ്ട്രാർമാർക്കു നിർദ്ദേശം കൊടുക്കാമെന്നും ആവശ്യമുള്ളപക്ഷം അങ്ങിനെയുള്ള അസമത്വങ്ങൾ പരിഹരിക്കാൻ നിയമമുണ്ടാക്കാമെന്നും ഗവൺമെൻറു ഭാഗത്തുനിന്നും മറുപടി പറയുകയുണ്ടായി. അന്നു കൊച്ചി ഗവൺമെൻറു് ചെയ്തതായ ആ വാഗ്ദാനം നി

[Sri. K. K. Visvanathan]

റവേറണമെങ്കിൽ ഈ അവസരത്തിൽ ഈ സാമൂഹ്യമായ അവശതാനിവാരണത്തിനായുള്ള ഈ ബില്ലിൽ അതിന്നുള്ള വകുപ്പുകൂടി ഉൾപ്പെടുത്തണമെന്നാണ് എനിക്കു പറയാനുള്ളതു്.

ഈ രാജ്യത്തിൽ പല വിഭാഗക്കാരുമുണ്ടു്. ഉയർന്നതും താഴ്ന്നതുമായ ആളുകൾ ഉണ്ടു്. ഉയർച്ച താഴ്ച ഭേദം കാണിക്കുന്നതിന്നു സാധാരണയായി പ്രമാണത്തിലും മററും എഴുതിവരുന്നതു് യജമാനൻ, തമ്പുരാൻ, അടിയൻ എന്നുള്ള പദങ്ങളാണ്. എന്നാൽ ഗവമ്മെൻറുദ്യോഗസ്ഥന്മാർ പറയുന്നതു് ആ മാതിരി പദങ്ങൾ പ്രമാണങ്ങളിൽ എഴുതുന്നതു തടയുവാൻ നിവൃത്തിയില്ലെന്നാണ്. അതുകൊണ്ടു് ഈ മാതിരി പദങ്ങൾ മേലാൽ പ്രമാണങ്ങളിലും മററും ഉപയോഗിക്കാതിരിക്കുവാൻ അതിനെ സംബന്ധിച്ചു് ഒരു പ്രത്യേക വകുപ്പുകൂടി ഈ ബില്ലിൽ ചേക്കണമെന്നാണ് ഞാൻ പറയുന്നതു്. ആ മാതിരിയുള്ള പദങ്ങൾ എഴുതിയിട്ടുള്ള ആധാരങ്ങൾ രജിസ്റ്ററാക്കാൻ പാടില്ലാ എന്നുകൂടി ഗവമ്മെൻറിൽ നിന്നും ഉത്തരവുകൾ കൊടുക്കേണ്ടതാണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ : ആവക പദങ്ങൾ ഏതെല്ലാമാണെന്നു പറയാമോ?

ശ്രീ. കെ. കെ. വിശ്വനാഥൻ : യജമാനൻ, തമ്പുരാൻ, അടിയൻ ഇങ്ങനെയുള്ളതെല്ലാം എന്നു ഞാൻ ഇവിടെ പറഞ്ഞുകഴിഞ്ഞു. ഇങ്ങനെ അസമത്വങ്ങളെ ചൂണ്ടിക്കാണിക്കുന്നതായ പദങ്ങൾ ആധാരങ്ങളിൽ ഉപയോഗിക്കുകയാണെങ്കിൽ.....

സാഹിബ് ബഹദൂർ അബ്ദുൾ അസീസ് : ഉദ്യോഗസ്ഥന്മാരെ യജമാനൻ എന്നു വിളിച്ചാൽ അതിൽ ജാതിയുണ്ടോ?

ശ്രീ. കെ. കെ. വിശ്വനാഥൻ : അതു് അടിമത്വത്തെ കാണിക്കുന്നപദമാണ്.

ശ്രീ. ടി. വി. ദേവൻ : അങ്ങയെ തമ്പുരാൻ എന്നു വിളിക്കണമെന്നു മോഹമുണ്ടോ?

ശ്രീ. കെ. കെ. വിശ്വനാഥൻ : എനിക്കു് അശേഷം മോഹമില്ല. യജമാനൻ എന്നു മാത്രമല്ല അങ്ങ് എന്ന പദവും എനിക്കു രുചിക്കാത്ത പദംതന്നെയാണ്. ഈ ബിൽ സെലക്ട് കമ്മററിക്കു പോകുന്ന അവസരത്തിൽ ഇതിനാവശ്യമായ വകുപ്പുകൂടി ഈ ബില്ലിൽ ചേർക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

നാലാം വകുപ്പിൽ ചേർത്തിട്ടുള്ള 'ഹിന്ദു' എന്നുള്ളപദം എടുത്തുകളയുന്നതിന്നും വിരോധമില്ല. അതിന്നു തടസ്സമായി പറയുന്നതു് ക്ഷേത്രങ്ങളിൽ ഹിന്ദുക്കൾ കുളിക്കുന്ന കുളങ്ങളിൽ അഹിന്ദുക്കൾ വന്നു കുളിക്കുമെന്നും മററുമാണ്. അതു് ഒരു പ്രതിബന്ധമായി കരുതുവാൻ പാടില്ല. തീർച്ചയായും ക്ഷേത്ര സങ്കേതങ്ങളിൽ ആ മതത്തിൽ വിശ്വാസമില്ലാത്തവരായ ക്രിസ്ത്യാനിയോ മുസൽമാനോ വന്നു കുളിക്കുകയില്ല. കുളിച്ചാൽ ഒരബദ്ധവും വരാനുമില്ല. ക്ഷേത്രപ്രവേശനം നടപ്പിൽ വരുത്തിയിരിക്കുന്ന ഈ അവസരത്തിൽ എല്ലാ ആളുകൾക്കും ക്ഷേത്രത്തിൽ പ്രവേശിക്കുവാൻ അനുവാദമുണ്ടായിരിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. ഇന്നലെ ഇവിടെ അഭിപ്രായം പറഞ്ഞ ചില മെമ്പറന്മാരുടെ വാദങ്ങൾ കേട്ടു് ഞാൻ അത്ഭുതപ്പെടുകയുണ്ടായി. ശ്രീമാൻ പട്ടം താണുപിള്ള അവർകളും വേറെ ചില ക്രിസ്ത്യീയ സഹോദരന്മാരും മതം വ്യക്തികാര്യമാക്കി എല്ലാമതക്കാരും ഒന്നിച്ചു ജീവിക്കുന്നതിന്നുള്ള ഒരന്തരീക്ഷം സൃഷ്ടിക്കുവാനുള്ള പരിഷ്കാരങ്ങൾ ഉൾക്കൊള്ളുന്ന ഒരു നിയമം ഇവിടെ ഉണ്ടാക്കണമെന്നും ഇവിടെ അഭിപ്രായപ്പെട്ടതായി കേട്ടു. അതു കേട്ടപ്പോൾ കുറേ നിമിഷങ്ങൾ എനിക്കു് എൻെറ കാതുകളെ വിശ്വസിക്കാൻ നിവൃത്തിയില്ലാതെവന്നു. ആ മാതിരി ഒരു പരിഷ്കാരത്തെ ഏററവും സ്വാഗതം ചെയ്യുന്ന ഒരു വ്യക്തിയാണ് ഞാൻ. എന്നാൽ അപ്രതീക്ഷിതമായി ഇപ്രകാരമുള്ള അഭിപ്രായങ്ങൾ കേട്ടതിൽ ഞാൻ അത്ഭുതപ്പെടുകയാണുണ്ടായതു്. അങ്ങനെ ഒരു അഭിപ്രായമാണ് ഈ സഭയിലെ എല്ലാ മെമ്പറന്മാർക്കും ഉള്ളതെങ്കിൽ ഈ രാജ്യത്തു് സമുദായ വ്യത്യാസങ്ങൾ ഉണ്ടാകയില്ലായെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. പരമേശ്വരൻ അവർകൾ ചോദിക്കയുണ്ടായി, ഈ നിയമസഭക്കകത്തു് സമുദായ വ്യത്യാസങ്ങൾ ഉള്ള സ്ഥിതിക്കു് ഒരു കുടുംബത്തിൽ പല മതങ്ങളിൽപ്പെട്ട ആളുകൾ എങ്ങനെ ജീവിക്കുമെന്നു്. എനിക്കു് അദ്ദേഹത്തോടു പറയുവാനുള്ളതു് അങ്ങിനെ പല മതത്തിലുള്ളവരും ഒന്നിച്ചു താമസിക്കുകയാണെങ്കിൽ തീർച്ചയായും ഈ രാജ്യത്തു് സമുദായവ്യത്യാസം ക്രമേണ പോകുമെന്നാണ്. കാരണം ഒരു കുടുംബത്തിൽ ഏതു മതത്തിൽപ്പെട്ടവരാണെങ്കിലും ഒരുമിച്ചു താമസിക്കുകയാണെങ്കിൽ അവർ മതത്തെക്കാൾ രക്തബന്ധത്തെയാണ് കാര്യമായി കണക്കാക്കുന്നതു്. അതുകൊണ്ടാണ് ഞാൻ പറയുന്നതു്, മതവ്യത്യാസങ്ങളും

ജാതിവ്യത്യാസങ്ങളും അകന്നുപോകുമെന്ന്. പല മതക്കാക്കും ഒരു കുടുംബത്തിൽ ജീവിക്കുവാൻ കഴിയുമെങ്കിൽ സമുദായമാത്സര്യങ്ങൾ തന്നെ അകന്നുപോകുമെന്നുള്ളതിന്നു സംശയമില്ല. അങ്ങിനെയുള്ള പരിഷ്കാരങ്ങൾ വരുത്തുവാൻ സഹായകമായ നിയമം നടപ്പിൽ വരുത്തണമെന്നാണ് എന്റെ അഭിപ്രായം.

വ്യത്യസ്തമതക്കാർ തമ്മിൽ രക്തബന്ധമുണ്ടാക്കുന്നതിനു മിശ്രവിവാഹം മൂലമേ സാധിക്കയുള്ളൂ. അതുമൂലം ഈ രാജ്യത്തെ സമുദായവിദ്വേഷങ്ങളും അവസാനിക്കുമെന്നാണ് എന്റെ അഭിപ്രായം. നമ്മുടെ ചീഫ് മിനിസ്റ്ററും മററുപല നേതാക്കന്മാരും സമുദായവിദ്വേഷം വെടിയണമെന്നു ധാരാളമായി പ്രസംഗിക്കുന്നതു നാം കേൾക്കുന്നുണ്ട്. എന്നാൽ ഈ രാജ്യത്ത് ആളുകളെ മിശ്രവിവാഹത്തിന് പ്രേരിപ്പിക്കുന്നതിനും അതുമൂലം സമുദായമത്സരങ്ങളും സമുദായവിദ്വേഷങ്ങളും ഇല്ലാതാക്കുന്നതിനും ഇതുവരെ സാധിച്ചിട്ടില്ല. പ്രസംഗം ചെയ്താൽ സമുദായവ്യത്യാസങ്ങൾ പോകയില്ല എന്നുള്ള അഭിപ്രായമാണ് എനിക്കുള്ളതു്. അതുകൊണ്ട് അതിലേക്കു വേണ്ടുന്നതായ വകുപ്പുകൾ കൂടി ഈ ബില്ലിൽ ചേർത്തു നിയമനിർമ്മാണം ചെയ്യുന്നപക്ഷം എല്ലാ സമുദായക്കാക്കും ഒരുമിച്ചു ജീവിക്കാൻ സാധിക്കുകയും സമുദായമാൽസര്യങ്ങളും വിദ്വേഷങ്ങളും ഇല്ലാതാക്കുവാൻ കഴിയുകയും ചെയ്യുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. ഈവക കാര്യങ്ങൾ എനിക്കു ഈ സഭയുടെ ശ്രദ്ധയിൽ ഈ അവസരത്തിൽ പെടുത്താൻ സാധിച്ചതിൽ വളരെ സന്തോഷമുണ്ട്. അങ്ങിനെയുള്ള നിയമനിർമ്മാണം ചെയ്യുന്നതിനായി ഈ സഭയിലെ അംഗങ്ങൾ ഗവൺമെന്റിനെ പ്രേരിപ്പിക്കണമെന്നും ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. പി. സി. ആദിച്ചൻ: സാധാരണയായി അവശവിഭാഗത്തിൽപ്പെട്ടവർ മതം മാറിക്കഴിഞ്ഞാൽ അവരെ മാത്യു പറയൻ, മാത്യു പുലയൻ, മാത്യു കുറവൻ എന്നെല്ലാം വിളിക്കുന്നതിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. കെ. കെ. വിശ്വനാഥൻ: അതു് ഈ ബിൽ സെലക്ട് കമ്മിററിക്കു പോകുമ്പോൾ അവർ വേണ്ടതു ചെയ്യുന്നതായിരിക്കും.

ஸ்ரீ. ஏ. சிதம்பரநாதநாடார்: ஸர், திருவிதாங்கூரும் கொச்சியும் ஐக்கியமான உடனே முதன் முதலாவதாக இங்கே அசம்பிளி கூடியவுடன் கொச்சியிலுள்ள சகோதரர்களாகிய எம். எல். ஏ. களிடமிருந்து நான் அறிந்த ஒரு விசேஷம் என்னவென்று கேட்டால் அங்குள்ள உத்தியோகஸ்தர்கள்கூட, திருவிதாங்கூரில் இருந்த உத்தியோகஸ்தர்கள்கூட யிருந்த டபேதார்கள், அவர்களைக் கண்டவுடன் எஜமான், அங்கத்தே என்று இவர்கள், டபேதார்கள், அங்குள்ள உத்தியோகஸ்தர்களை பார்த்து பேசுவதும் கையால் வாயைப் பொத்திக்கொண்டு பேசுவதும் அவர்களுக்கு ஆச்சரியமாய் இருந்தது. இதை இங்குள்ள கொச்சி எம். எல். ஏக்கள் என்னிடம் சொன்னார்கள். நானும் அதைக்கேட்டு ஆனந்தம் அடைந்தேன், அப்படி அங்குள்ள பெரியோர்கள் மக்களைப் பார்த்து எசமான், அங்கத்தே, அடியேன் என்று எல்லாம் சொல்லக்கூடாது, என்ற விரிந்த மனப்பான்மை இருப்பதைக் கண்ட அளவில் அவர்கள் கொச்சி மக்கள், திருவிதாங்கூரில் இருக்கக்கூடிய மக்களைவிட ஒருபடி முன்னேறிவிட்டார்கள் என்று நினைத்து நான் சந்தோஷப்பட்டேன். ஆனால் நமக்கு இன்று வேண்டிய விஷயம் அதுவல்ல, கனம் பட்டம் தாணுபிள்ளையவர்களும், உதயபானு அவர்களும், அகில இந்தியா பார்லிமெண்டில் ஏதோ நடக்கிறது, அந்த இடத்தில் இது நமக்கு அவசியம் இல்லை என்று சொன்னார்கள். அது ஒரு முறையில் சரிதான். இந்த அசெம்பிளி, நியமநிர்மாணம், என்று கையாளுகிறதென்றால் நான் அவர்களிடம் ஒரு விஷயம் சொல்ல ஆசைப்படுகிறேன். என்னவென்று கேட்டால் அகில இந்திய காங்கிரசின் அடிப்படை கொள்கை கிருஸ்தவர், முஸ்லீம், ஹிந்து என்ற முறையில் இல்லை. நாம் எல்லோரும் ஒரு வகுப்பைச் சார்ந்தவர்கள், ஒரு மதத்தைச் சார்ந்தவர்கள், ஒரே கடவுள், ஒரே மனிதன், என்ற முறையில் இருக்கவேண்டும் என்பதுதான் மகாத்மாவின் அடிப்படை முதல் தத்துவம். அதை இங்குள்ள சர்க்கார்கையாளுகிறதா என்று கேட்கிறேன். அவர்கள் இந்தமசோதாவை அசெம்பிளியில் கொண்டுவரும்போது நெஞ்சில் கையை வைத்துப் பார்க்கவேண்டும், மஹாத்மாவின் போதனைப்படி இது நடக்குமா என்று? அப்படிப் பார்த்தால் இல்லை, இல்லை என்று தான் பதில் அளிக்கமுடியும். இந்த இடத்தில் நான் பி. எம். வர்கீஸைப் போல

[Sri. A. Chidambaranath Nadar]

வோ, மன்னத்து பத்மனுப பிள்ளையைப் போலவோ, வகுப்புவாதத்தை கிளப்பவோ ஹிந்து, கிருஸ்தவர் என்று தர்க்கம்போடவோ வரவில்லை. எல்லோரும் போகும் ரோடுகளிலும் ஆலயங்களிலும், ஹிந்து கிருஸ்தவர் முகமதியர் என்று பாகுபாடு கூடாதென்று சொன்னார்கள். வேண்டியதுதான். ஒரு கிருஸ்தவ ஆலயத்தில் ஆராதனை நடக்கும்போது ஒரு ஹிந்துவை உள்ளே செல்ல அனுமதிப்பதுபோல் நாமும் கிருஸ்தவர்களையும் மகமதியர்களையும் ஆலயத்திற்குள் செல்ல அனுமதிக்க வேண்டியதுதான். ஆனால் ஒரு சங்கதியை அவர்கள் கையாளவேண்டும். நான் ஹிந்து என்ற முறையில் பிரசங்கம் செய்யவில்லை. ஒரு ஹிந்து செய்வதுபோல் இவர்களும் குளத்துக்குச் சென்று நீராடி, முண்டை நனைத்து துவைத்து திருநீர் அணிந்து சாந்து பொட்டு போட்டுக்கொண்டு இந்த சகோதரர்கள் ஆலயத்திற்கு வருவார்களேயானால் அவர்களோடு கைகோர்த்துக்கொண்டு கோவிலிற்கு அழைத்துச் செல்ல நான் தயாராய் இருக்கிறேன்.

இங்கே சொல்லப்பட்டிருக்கிறக் குற்றத்தைச் செய்கிறதானால் முதலில் 50 ரூபாயும் இரண்டாந்தரமும் ஒருவன் செய்வானானால் 6 மாத தண்டனையோ அல்லது 1000 ரூ. அபராதமோ என்பது போதாது. இதற்கு பதில் 500 ரூ. என்றும், இதே குற்றத்தை ஒருவன் மீண்டும் செய்வானானால், 6 மாதத்திற்குப் பதில் 6 வருஷமென்றும், 1000 க்குப் பதில 5000 ரூ. என்றுமிருந்தால் தான் இங்கே தாண்டவமாடிக் கொண்டிருக்கும் ஜர்தி, மதக் கொடுமைகள் ஒழியும். பேர் அளவில் காங்கிரஸ்காரன் என்று இங்கு வீற்றிருக்கும் ஸ்ரீ. டி. கெ. நாராயணபிள்ளை அவர்களைப்போலுள்ளவர்கள் ஜுப்பாயைப் போட்டுக்கொண்டு காந்தி குல்லாயை அணிந்துகொண்டு மேடைமீதேறி சர்தார் பட்டேல் அப்படிச் சொன்னார், ஜவஹர் இப்படிச்சொன்னார் என்று சொல்லிக்கொண்டு போவதில் யாதொரு பிரயோஜனமும் ஏற்படாது. ஜாதி மதம் கிடையாது; அதை ஒழிக்கவேண்டும். நாம் எல்லோரும் பாரதமாதாவின் மக்கள். நமக்குள் வித்தியாசமில்லை. என்ற உண்மையை உணர்ந்து, அதற்காக உழைப்பார்களானால் நமது பாரதத்தில் ஆண் பெண் என்று இரண்டு ஜாதிகளே இருக்குமே ஒழிய இந்த நாயர், வெள்ளாளர், ஈழவர் என்ற ஜாதிகள் இருக்காது என்று அடியேனுடைய அபிப்பிராயத்தைச் சொல்லிக்கொள்கிறேன்.

ശ്രീ. എൻ. വി. ചാക്കോ: സർ, ഈ ബില്ലിനെപ്പററി സഭയിലെ പല ബഹു. മെമ്പറന്മാരും പുറപ്പെടുവിച്ച ചില അഭിപ്രായത്തെത്തന്നെ ഒന്നുകൂടി ഊന്നി പറയണം എന്നു മാത്രമേ ഞാൻ വിചാരിക്കുന്നുള്ളു. സോഷ്യൽ ഡിസബിലിററീസ് ഈ സംസ്ഥാനത്തിലെ ഏതെങ്കിലും വിഭാഗക്കാരുടെ ഇടയിൽ മാത്രമുള്ളതല്ല. ഈ സംസ്ഥാനത്തിലെ മിക്കവാറും എല്ലാ മനുഷ്യരേയും അതു ഓരോ തരത്തിൽ ബാധിക്കുന്നുണ്ട്. അതുകൊണ്ട് ഈ ഐക്യസംസ്ഥാനത്തിൽ യാതൊരു വിഭാഗക്കാർക്കും യാതൊരുവിധമായ സാമൂഹ്യ അവശതകളും ഉണ്ടായിരിക്കാൻ പാടില്ലാത്തവിധം ഈ ബില്ലിലെ വ്യവസ്ഥകൾ വിപുലപ്പെടുത്തിയാൽ കൊള്ളാമെന്ന് എനിക്ക് അപേക്ഷയുണ്ട്. ഇൻഡ്യൻ കോണസംബ്ളിയിൽ പാസാക്കിയ നിയമത്തിൽ എല്ലാ വിഭാഗക്കാരേയും ഒരുപോലെ ബന്ധിക്കുന്ന വ്യവസ്ഥകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് അവിടെ പോയിരുന്ന നമ്മുടെ ചില പ്രതിനിധികൾ പറയുകയുണ്ടായി. മനുഷ്യർ അവരേതു സമുദായത്തിലുൾപ്പെട്ടവരായാലും യാതൊരുവിധമായ അവശതകൾക്കും വിധേയരായിരിക്കരുത്. ഈ ബില്ലിന്റെ ചില ഭാഗങ്ങൾ വായിച്ചുനോക്കിയാൽ ഹിന്ദുസമുദായത്തിൽ മാത്രമേ അവശതകളുള്ളുവെന്നും ഹിന്ദുസമുദായത്തിലെ അവശതക്കാരെ മാത്രമേ ഈ ബില്ലിൽ ഉദ്ദേശിച്ചിട്ടുള്ളു എന്നും തോന്നിപ്പോകുന്നു. അതു മതിയായ ഒരു വ്യവസ്ഥയല്ല. അതുകൊണ്ട് എല്ലാവിഭാഗക്കാരേയും ബാധിക്കത്തക്ക വിധത്തിൽ ഇതിലെ വ്യവസ്ഥകൾ വിപുലപ്പെടുത്തേണ്ടതാണ്. അതുപോലെ മറെറാരു കാര്യം എനിക്കു പറയാനുള്ളതു് ഇതിൽ നദി, കുളം മുതലായവയെപ്പററി പറയുന്നിടത്തു കായലും കടലും സമുദ്രവുംകൂടി ചേർത്താൽ കൊള്ളാമെന്നാണ്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ ബില്ലിനെ അനുകൂലിക്കുന്നു.

സാഹിബ് ബഹദൂർ കെ. എച്ച്. സുലൈമാൻ: സർ, സാമൂഹ്യാവശതകളെ പരിഹരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അവതരിപ്പിച്ചിട്ടുള്ള ഈ ബില്ലിനെ അടിസ്ഥാനപ്പെടുത്തി എന്റെ മുൻഗാമികൾ ഉന്നയിച്ച അഭിപ്രായഗതികളോട് ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. എന്നാൽ ഈ ബിൽ വായിച്ചുനോക്കിയപ്പോൾ ഒരു വലിയ ആശയക്കുഴപ്പമാണ് എനിക്കുണ്ടായത്. ഈ ബില്ലിന്റെ നിർമ്മിതിയിൽ ഒരു മഹത്തായ ആദർശവും ലക്ഷ്യവും നമുക്കു ദർശിക്കാൻ കഴിയുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. എന്നാൽ ഈ ബില്ലുകൊണ്ടുദ്ദേശിച്ചിട്ടുള്ള ആദർശവും ലക്ഷ്യവും നടപ്പിൽ വരുത്താൻ ഇതുകൊണ്ട് നമുക്കു സാധിക്കുമോ എന്നുള്ളത് സംശയാസ്പദമായ ഒരു കാര്യമാണ്. ബില്ലിന്റെ ചില ഭാഗങ്ങൾ വായിച്ചുനോക്കിയാൽ ഇതിലെ വ്യവസ്ഥകൾ ഈ ഐക്യസംസ്ഥാനത്തിലെ എല്ലാ സമുദായങ്ങൾക്കും ബാധകമാണെന്നും മററു ചില ഭാഗങ്ങൾ വായിക്കുമ്പോൾ ഒരു പ്രത്യേക സമുദായത്തിന്നു മാത്രമേ ഇതു ബാധകമാക്കുകയുള്ളൂ എന്നും തോന്നിപ്പോകും. ഈ ബില്ലിന്റെ അടിസ്ഥാനപ്പെടുത്തി ഇവിടെ നടന്ന ചില പ്രസംഗങ്ങൾ കേട്ടപ്പോൾ എന്റെ ആശയക്കുഴപ്പം ഒന്നുകൂടി വർദ്ധിക്കുകയാണു ചെയ്തത്. ബഹു. ഡപ്യൂട്ടി സ്പീക്കർ അവർകളുടെ പ്രസംഗവും എന്റെ ആശയക്കുഴപ്പത്തെ വർദ്ധിപ്പിക്കുന്നതിനെ പ്രയോജനപ്പെട്ടുള്ളൂ. ഹിന്ദു സമുദായത്തിലെ അവശതകൾ ഇല്ലാതാക്കുന്നതിനുള്ള ഒരു ബില്ലാണ് ഇതെന്ന് അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ എനിക്കു തോന്നി. ഈ രാജ്യത്തു സാമൂഹ്യാവശതകളനുഭവിക്കുന്നതു ഹിന്ദുസമുദായത്തിൽപെട്ടവർ മാത്രം അല്ലെന്നുള്ളതു എല്ലാവർക്കും ബോദ്ധ്യമുള്ള സംഗതിയാണ്. ഇവിടത്തെ മററു സമുദായക്കാരായ ക്രിസ്ത്യാനികളും മുസ്ലിമീങ്ങളും സാമൂഹ്യമായി പല ആവശതകളും അനുഭവിക്കുന്നുണ്ട്. ഉദാഹരണത്തിന് പല ചായക്കടകളിലും ബാർബർഷാപ്പുകളിലും ഇന്നും അവർക്കു പ്രവേശനമില്ല. അത്തരം അവശതകളും നിയമംകൊണ്ടു മാററാവുന്നിടത്തോളം മാററേണ്ടതു അത്യാവശ്യമാണ്. അങ്ങിനെ എല്ലാ വിഭാഗങ്ങളേയും ബാധിക്കത്തക്കവണ്ണം ഈ ബില്ലിന്റെ വ്യാപ്തി ഒന്നുകൂടി വർദ്ധിപ്പിക്കണമെന്നുള്ള എന്റെ അഭിപ്രായം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ ബില്ലിനെ അനുകൂലിച്ചുകൊള്ളുന്നു.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: സർ, ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു. കാലഗതിക്ക് അനുയോജ്യമായ ഒരു പരിഷ്കാരംതന്നെയാണ് ഈ ബില്ലവതരണംകൊണ്ടു ഈ നിയമസഭയിൽ സാധിക്കാൻ പോകുന്നതു്. സാമൂഹ്യാവശതകൾ ഒരു മതക്കാരേയൊ വിഭാഗക്കാരേയൊ മാത്രം ബാധിക്കുന്ന ഒരു കാര്യമല്ലെന്നുള്ള വിവരം നമുക്കെല്ലാവർക്കും അറിയാം. ഐക്യസംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇവിടത്തെ സർവ്വമതക്കാർക്കും, സർവ്വസമുദായക്കാർക്കും പലപല സാമൂഹ്യാവശതകളുമുണ്ടെന്നാണ് എന്റെ ഉറച്ച അഭിപ്രായം. ഇപ്പോൾ ഗവൺമെണ്ടു ഒട്ടുവളരെ ബില്ലുകൾ ഈ സഭയിൽ അവതരിപ്പിക്കുകയും അവ മുറപ്രകാരം പാസാക്കുകയുംചെയ്യുന്നതു് ആവശ്യത്തിന് ഉതകുന്നുണ്ടെന്നു പ്രസ്താവിക്കുവാൻ എനിക്ക് വളരെ സന്തോഷമുണ്ട്. നമ്മുടെ ഐക്യസംസ്ഥാനത്തു മാത്രമല്ല, പൊതുവേ ഇൻഡ്യൻ യൂണിയനിൽതന്നെയും മതങ്ങളേയും ആചാരങ്ങളേയും അടിസ്ഥാനപ്പെടുത്തി പരുപരുത്ത സാമൂഹ്യാവശതകൾ നിലനിൽക്കുന്നുണ്ടെന്നു കാണാം. ജാത്യാചാരങ്ങളിലും സാമൂഹ്യാചാരങ്ങളിലും ഉള്ള വിവിധതത്വംകൊണ്ടുള്ള അവശതകൾ ഇൻഡ്യൻ യൂണിയന്റെ എല്ലാ ഭാഗത്തുമുണ്ടെന്നു പറയുന്നതിൽ യാതൊരു അതിശയോക്തിയുമില്ല. അത്തരം അവശതകളെ നീക്കണമെന്ന് പരക്കെയുള്ള ജനാഭിലാഷത്തിന്റേയും അഭിപ്രായത്തിന്റേയും ഒരു പ്രകടനമാണ് ഈ ബില്ലിന്റെ അവതരണമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. ഇന്നത്തെ ജനകീയഗവൺമെണ്ടു മാത്രമല്ല, കാര്യവിവരമുള്ള എല്ലാ ഗവൺമെണ്ടുകളും കാലഗതിക്കനുയോജ്യമായ പരിഷ്കാരങ്ങളും പരിപാടികളും നടപ്പിൽ വരുത്തുന്നതിന് വെമ്പൽകൊള്ളുകയാണെന്നുള്ള വസ്തുത നാം സ്മരിക്കേണ്ടതാണ്. ജാതിവ്യത്യാസം മുതലായ അനാചാരങ്ങൾ മൂലം പൊതുവെ ഉണ്ടായിട്ടുള്ള അവശതകളേയും ബുദ്ധിമുട്ടുകളേയും പരിഹരിക്കാൻവേണ്ടി മിശ്രവിവാഹാദികളായ ചില പരിപാടികളെ ഗവൺമെണ്ടു പ്രോത്സാഹിപ്പിച്ചുവരുന്നതായി നമുക്ക് അറിയാം. ഒരു ഉദാഹരണം എടുത്തു പറയുകയാണെങ്കിൽ മിശ്രവിവാഹം ചെയ്തു ജാതിയില്ലാതാക്കാൻ ശ്രമിക്കുന്നവർക്ക് ഗവൺമെണ്ടു് പബ്ളിക്ക് സർവ്വീസിൽ മുൻഗണന നൽകുന്നതാണെന്നുപോലും എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. എ. കെ. ജോർജ്ജ്: ഏതു ഗവൺമെണ്ടാണ് അങ്ങിനെ മുൻഗണന നൽകാൻ തീരുമാനിച്ചിട്ടുള്ളതെന്നു പറയാമോ?

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഇൻഡ്യാഗവമ്മെണ്ടാണ് തീരുമാനിച്ചിട്ടുള്ളത്. ഐക്യസംസ്ഥാന ഗവമ്മെണ്ടുതന്നെ അങ്ങിനെ വ്യവസ്ഥചെയ്യുന്നതിനുള്ള ചില സൂചനകൾ നൽകിയിട്ടില്ലേ എന്ന് ഞാൻ സംശയിക്കുന്നു. എങ്കിലും മിശ്രവിവാഹം ഒരു പുതിയ കാര്യമല്ല. പരാശരമുനിയുടെ കാലത്തുതന്നെയും മിശ്രവിവാഹം നടപ്പിലിരുന്നു എന്നു കാണുന്നു.

"പ്രതികാലം പ്രമാണാനി,ഭിദ്യന്തെ കാലവൈഭവാൽ
പ്രതിദേശം ചഭിദ്യന്തെ തൽ പശ്യേൽ ബഹുസമ്മതിം"

കാലദേശാവസ്ഥകൾക്ക് യോജിച്ച പ്രവൃത്തികളും പരിപാടികളും എല്ലാവരും സ്വീകരിക്കണമെന്നാണ് ഇതിന്റെ സാരം. പരാശരമുനിക്ക് മുക്കുവസ്ത്രീയിൽ ജനിച്ച ശ്രീ വ്യാസനാണ് ഹിന്ദുവേദങ്ങൾ വിരചിച്ചതെന്നു കാണുന്നുണ്ട്. അതുകൊണ്ട് മിശ്രവിവാഹാദി സ്ഥിരപരിപാടികൾ സ്വീകരിച്ച് ജാതിവ്യത്യാസം മുതലായ അവശതകൾ ഇല്ലാതാക്കുന്നതിന് ശ്രമിക്കേണ്ടതാണ്. നിയമങ്ങളും പരിഷ്കാരങ്ങളും നടപ്പിൽ വരുത്തേണ്ടതു ഗവമ്മെണ്ടുകളുടെ കടമയാണ്. അത്തരം പരിഷ്കാരങ്ങളുടെ കൂട്ടത്തിലൊന്നാണ് ഐക്യസംസ്ഥാനഗവമ്മെണ്ടു ഈ ബില്ലുകൊണ്ട് പ്രയോഗത്തിൽ വരുത്താനുദ്ദേശിക്കുന്നത്. സകല വ്യത്യാസങ്ങളേയും അവശതകളേയും പരിഹരിച്ച് ദൂരീകരിച്ച് ജനസമുദായത്തെ മുഴുവൻ പ്രബുദ്ധരാക്കി ഏകീകരിക്കുന്നതിന് ഉപകരിക്കുന്ന നല്ല വ്യവസ്ഥകൾ ഈ ബില്ലിൽ അടങ്ങിയിട്ടുണ്ടെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ടാണ് ഈ ബില്ല് അവതരിപ്പിച്ച ഗവമ്മെണ്ട് നിശ്ചയമായും വേണ്ടിടത്തോളം അഭിനന്ദനം അർഹിക്കുന്നുണ്ടെന്നു പറയാൻ ഞാൻ ധൈര്യപ്പെടുന്നത്. ഈ ബില്ലിൽ വിഭാവനചെയ്തിരിക്കുന്നതുപോലെയുള്ള പരിഷ്കാരങ്ങൾ നടപ്പിൽവരുത്തി ജനക്ഷേമം നിലനിറുത്തിക്കൊണ്ടുപോകേണ്ടതു് ഗവമ്മെണ്ടിന്റെയും, നിയമസഭയുടേയും ചുമതലയാണെന്ന് ധരിച്ചുകൊണ്ടുതന്നെ ഞാൻ ഈ ബില്ലിനെ പിൻതാങ്ങുന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, ഈ ബിൽ യഥാർത്ഥമായി ഗുണപ്രദമായ ഒന്നാണോ എന്നു എനിക്കു വലിയ സംശയമുണ്ട്. അങ്ങനെ സംശയിക്കുവാൻ പല കാരണങ്ങളുമുണ്ട്. ഇതിനുമുമ്പ് പല ആക്ടുകളും പൊതുജനങ്ങൾക്കു ഗുണകരമാണെന്നു പറഞ്ഞുകൊണ്ട് ഗവമ്മെണ്ടുഭാഗത്തുനിന്നും അവതരിപ്പിക്കുകയും പാസാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആ ആക്ടുകൾ ആർക്കു ഗുണമുണ്ടാക്കുന്നു എന്നുപറഞ്ഞാണോ പാസാക്കപ്പെട്ടതു, അവർക്കുതന്നെ അവ ഉപദ്രവകരങ്ങളായിത്തീർന്നിട്ടുണ്ട്. അതുപോലെ ഈ ബില്ലും പാസാക്കികഴിഞ്ഞശേഷം ഇപ്പോൾ അധഃകൃതർക്കോ അല്ലെങ്കിൽ താഴ്ന്നനിലയിലുള്ളവർക്കോ ബാർബർഷാപ്പുകളിലൊ ചായക്കടകളിലൊ പ്രവേശിക്കുന്നതിനു യാതൊരു വിഷമവും ഇല്ലാതിരിക്കേ, കൂടുതൽ വിഷമതകൾ ഉണ്ടാക്കിത്തീർക്കുവാൻ സംഗതിവരുത്തുകയില്ലേ എന്നാണു എന്റെ സംശയം. അനാചാരങ്ങൾ ബാക്കി ഇനി വല്ലതും അവശേഷിച്ചുകിടപ്പുണ്ടെങ്കിൽ അതിനെയെങ്കിലും മാറ്റുന്നതിനാണ് ഈ പുതിയ നിയമം. ഈ നിയമംകൊണ്ട് എന്തു ഉപകാരമാണുണ്ടാകാൻപോകുന്നത്? ഇന്നു തിരുവിതാംകൂറിൽ,-തിരുവിതാംകൂറിനെപ്പററിയാണ് എനിക്കു കൂടുതൽ അറിയാവുന്നത്; അതുകൊണ്ട് കൊച്ചിയിൽ ഇങ്ങനെ ഒരു ബില്ലിന്റെ ആവശ്യമുണ്ടെങ്കിൽ അവിടത്തെ ആവശ്യത്തിനുമാത്രംവേണ്ടി ഒരു ബിൽ പാസാക്കുന്നതിൽ എനിക്കു വിരോധമില്ല.—തിരുവിതാംകൂറിൽ ഇത്തരത്തിലുള്ള ഒരു ബില്ലിന്റെ ആവശ്യമുണ്ടെന്ന് എനിക്കുതോന്നുന്നില്ല. തിരുവനന്തപുരത്തും പരിസരങ്ങളിലും അതുപോലെ നാടിന്റെ നാനാഭാഗങ്ങളിലും എവിടെചെന്നാലും, കാപ്പിക്കടകളിലായാലുംശരി, ബാർബർഷാപ്പുകളിലായാലുംശരി മററു പൊതുസ്ഥാപനങ്ങളിലായാലും ശരി, ഏതു മതവിഭാഗത്തിൽപെട്ടവർക്കും ഏതുതരത്തിൽപെട്ടവർക്കും പ്രവേശിക്കുവാൻ വലിയതടസ്സമുണ്ടെന്നുതോന്നുന്നില്ല. എന്റെ അനുഭവംവച്ചാണ് ഞാനിതുപറയുന്നത്.

ശ്രീ. സി. സി. പ്രസാദ്: ബഹുമാനപ്പെട്ട മെംബർ ഒരു പുലയനുമായിട്ടു ഇവിടെയുള്ള സ്ഥാപനങ്ങളിൽ പ്രവേശിച്ചിട്ടുണ്ടോ?

ശ്രീ. പൊന്നറ ജി ശ്രീധർ: ഞാൻ പുലയനുമായിട്ട് പ്രവേശിച്ചിട്ടുണ്ട്. എന്നുവച്ചാൽ, അവരോടുകൂടി പ്രവേശിച്ചിട്ടുണ്ട് എന്നാണ് പറഞ്ഞതു്. പലസ്ഥാപനങ്ങളിലും പുലയന്മാരും പറയന്മാരുമായി ഞാൻ പോയിട്ടുണ്ട്. സാൽവേഷൻ ആർമിയുടെ വേഷ

ത്തിൽ പുലയനാണെന്നു് ആക്കം പ്രത്യക്ഷത്തിൽ തോന്നുന്ന ആളുകളുമായി ഞാൻ പ്രവേശിച്ചിട്ടുണ്ട്. ഇവിടെ പ്രവേശനത്തിനു യാതൊരുവിഷമവും ഞാൻ കണ്ടില്ല. ആരും കുറവു പറഞ്ഞുകേട്ടുമില്ല. ഞാൻ ഇതു് ഇവിടെ പറയാനുണ്ടായകാരണം വേറെ ചിലതാണു്. ഈനാട്ടിൽ ഈമാതിരിയുള്ള ഉച്ചനീചത്വങ്ങൾ വല്ലതും ഇനിയും അവശേഷിച്ചുകിടപ്പുണ്ടെങ്കിൽ അതു നീക്കംചെയ്യേണ്ടതു് അത്യാവശ്യകാര്യംതന്നെയാണു്. നിയമംമൂലം അതു തടയുകയും വേണം. എന്നാൽ നിയമംഉണ്ടാക്കിയാൽ മാത്രംപോരെന്നാണു് ഞാൻ പറയുന്നതു്. ഇവിടെ ഒരു കുടിയിറക്കുനിയമം പാസായല്ലോ. ഇന്നലെ കഴിഞ്ഞ ൨ ൫ വർഷങ്ങളായി കാൺഗ്രസ്സിനുവേണ്ടി പ്രവർത്തിച്ചിരുന്ന ഒരുയുവാവു എന്നോടു പറഞ്ഞതു് ആ നിയമപ്രകാരം അയാൾ ഏതോ ഫാറത്തിൽ ഒപ്പിട്ടുകൊടുത്തു, എന്നാൽ അങ്ങനെ ഒപ്പിട്ടതുനിമിത്തം അയാൾക്കു വന്നുകൂടിയ അനുഭവം വളരെ ഭയങ്കരമായിരുന്നു എന്നാണു്. ഈ കുടിയിറക്കുനിരോധനനിയമം നിമിത്തം മജിസ്ട്രേട്ടുകോടതികളിൽ കേസുകൾ വളരെ കൂടിയിട്ടുണ്ടെന്നുകാണാം. ഞാൻ വ്യവഹരിക്കുന്ന കോടതിയിൽ കഴിഞ്ഞവർഷത്തിലുണ്ടായിരുന്ന കേസുകളുടെകാൾ മൂന്നിരട്ടി കേസുകൾ കൂടുതൽ ഇപ്പോഴുണ്ടു്. കുടിയിറങ്ങിക്കൊടുക്കുവാൻ എന്തെങ്കിലും എതിരുകാണിക്കുന്നവരെ മോഷണകേസിൽ പിടിക്കുകയാണു ഇപ്പോഴത്തെ പതിവു്. ഒരു സുപ്രഭാതത്തിൽ സകല പുലയനും മോഷണക്കാരായി വന്നിരിക്കുകയാണു്. പോലീസുകാരാണെങ്കിൽ ഈമാതിരി കള്ളക്കേസു നിർമ്മിക്കുവാനും ഉപദ്രവിക്കുവാനും വിദഗ്ദ്ധന്മാരായിട്ടുകാണുന്നു. ആലപ്പുഴയിൽ ഇങ്ങനെ കളവായി മോഷണക്കേസിൽ പ്രതികളാക്കി സാധുക്കളെ ഉപദ്രവിക്കുന്ന ഒന്നിലധികം കേസുകൾ എനിക്കറിയാൻ സാധിച്ചിട്ടുണ്ടു്. ഇങ്ങനെ ഏതെങ്കിലും കേസിൽ ഇവരെ പ്രതികളാക്കി അകത്തുകയറ്റുന്നതിനാണു് പോലീസുകാർ ശ്രമിക്കുന്നതു്. തൊണ്ടിയെടുക്കുന്നതിനും അവർക്കുവിഷമമില്ല. അകത്തുകയറ്റിക്കഴിഞ്ഞാൽ ഏതുതരത്തിൽവേണമെങ്കിലും ഇവരെക്കൊണ്ടു എഴുതി ഒപ്പിടുവിക്കുവാൻ വിഷമമില്ലല്ലോ. ഒടുവിൽ അതു സമരിക്കേസായിത്തീരുന്നു. സാധാരണ ഒരു മജിസ്ട്രേട്ടുകോടതിയിൽ വന്നു സമരിയിൽവച്ചാൽ പിന്നെ അതു വാദിക്കോ പ്രതിക്കോ പത്തുതലമുറ കഴിഞ്ഞാലും തീരിയെ കിട്ടുകയില്ലെന്നുള്ളതു നിശ്ചയമാണു്. ഞാൻ പറഞ്ഞുവന്നതു നിയമം ഉണ്ടാക്കിയതുകൊണ്ടുമാത്രമായില്ല, അതിന്റെ നടത്തിപ്പിനെ ആശ്രയിച്ചാണു് ആ നിയമത്തിന്റെ പ്രയോജനം സ്ഥിതിചെയ്യുന്നതു് എന്നാകുന്നു.

മറ്റൊരുകാര്യംകൂടി എനിക്കു അവസരത്തിൽ പറയാനുണ്ടു്. സാധുക്കളെ ഉപദ്രവിക്കാനല്ല ഈ നിയമംകൊണ്ടു ഉദ്ദേശിക്കുന്നതെങ്കിൽ അതിന്റെ നടത്തിപ്പിൽകൂടി ഗവർമ്മെന്റു കാര്യമായി ശ്രദ്ധിക്കണം. പ്രധാനമായിവേണ്ടതു പോലീസുകാർക്കു് ഒരു മാനസാന്തരം വരികയാണു്.

ഇവിടെ അങ്ങത്തെ, യജമാനൻ, ഉത്തരവു് എന്നു പറയുന്നതിനെപ്പററിയും മററും ചിലർ പ്രതിഷേധിക്കുകയുണ്ടായി. അങ്ങത്തെ, യജമാനൻ, ഉത്തരവു് എന്നെല്ലാം പറഞ്ഞാലും അതിനു കൂടുതൽ അർത്ഥമൊന്നും ആരും കല്പിക്കാറില്ല. ഒരു നമ്പൂതിരിയെകണ്ടാൽ തിരുമേനി എന്നു പറയുന്നു. ഒരു ബ്രഹ്മണനെ കണ്ടാൽ സ്വാമി എന്നു പറയുന്നു. പിള്ളയെന്നും മേനോൻ എന്നുംമററും പറയുന്നതുപോലെ. അതിൽ കൂടുതൽ വിലയൊന്നും ഈ പദങ്ങൾക്കില്ല. അതുപോലെ അടിയൻ എന്നു പറഞ്ഞാൽ അതിലെന്താണബദ്ധം? പദങ്ങൾക്കു നാം കല്പിക്കുന്ന വിലയാണുള്ളതു്. അടിയൻ എന്ന പദം 'അടിയാർകൾ' എന്ന തമിഴ്പദത്തിൽനിന്നാണു വന്നതു്. അടിയൻ എന്നു വിളിച്ചതുകൊണ്ടു ഒരുത്തൻ അധഃപതിച്ചുപോകുന്നില്ല. ഒരുപക്ഷെ, അതുകൊണ്ടാരെങ്കിലും അധഃപതിച്ചുപോയി എന്നു പറഞ്ഞാൽ വകവെച്ചുകൊടുക്കുവാനും പോകുന്നില്ല. ഇന്നു് ആ പദത്തിനു ഒരുപക്ഷെ ഉപയോഗിച്ചു് ഉപയോഗിച്ചു് ഒരു ചീത്ത അർത്ഥം വന്നുപോയിരിക്കാം.

ശ്രീ. ടി. വി. ദേവൻ: അടിയൻ എന്നു പറയുന്നതു് നല്ലതാണെങ്കിൽ, ബഹുമാനപ്പെട്ട മെംബർ എന്നോടു അടിയൻ എന്നു പറയാത്തതെന്തുകൊണ്ടാണു്?

ശ്രീ. പൊന്നറ ജി. ശ്രീധർ: ഞാൻ ആരെയും അടിയൻ എന്നു്പറഞ്ഞു വിളിക്കാറില്ല. അദ്ദേഹവും അതു പറയണം എന്നെനിക്കു ആഗ്രഹമില്ല. ഇങ്ങനെയുള്ള വിളികളെ ആരും അത്ര കാര്യമാക്കേണ്ടതില്ലെന്നാണു ഞാൻ പറഞ്ഞതു്. അതിനെപ്പററി കാര്യമായി എടുക്കുന്നതുതന്നെ ഒരുവക ഇൻഫീരിയാരിററി കാംപ്ലക്സ് ആണു്.

ഈ ബില്ലിലെ നാലാംവകുപ്പിൽ ഹിന്ദുസമുദായത്തിലെ അസമത്വങ്ങളെപ്പററി പരാമർശിച്ചിരിക്കുന്നു. സർ, ഹിന്ദുസമുദായത്തിൽ മാത്രമല്ല, അസമത്വങ്ങൾ ഉള്ളതു്. മററു

[Ponnara G. Sreedhar]

മതങ്ങളിലുമുണ്ട്. കലിയപട്ടണത്തിലുള്ള കാത്തലിക്പള്ളിയിൽ കസേരയിൽ ഇരുന്നു കല്യാണംകഴിക്കാൻ പാടില്ലാത്തതുകൊണ്ടു കല്യാണം കഴിക്കാതെ രണ്ട് സെററകാരുടെ മ്മിൽ വെട്ടും അടിയും ഉണ്ടായിട്ടുള്ളതായി എനിക്കറിയാം. ഞാനു അപ്പോൾ ഇരണിയൽ ലാക്കപ്പിൽ കിടക്കുകയായിരുന്നു. ഇതു ഒരു ഡിസബിലിററി അല്ലയോ? ഇങ്ങനെയുള്ള ഡിസബിലിററികൾ എല്ലാ സമുദായങ്ങളിലുമുണ്ട്. അവ നാടൊട്ടുക്കുണ്ടെന്നു ഞാൻ പറയുന്നില്ല. പക്ഷെ ചിലെടത്തുകാണും. നാം നിയമം പാസാക്കിയാൽ മാത്രംപോരാ. ഇന്നത്തെ സാമുദായിക അവശതകൾ നിയമംകൊണ്ടുമാത്രം പരിഹരിക്കാമെന്നു വിചാരിക്കുന്നതു മൗഢ്യമാണ്. നിയമത്തെ തുടൎന്നു സാമ്പത്തികമായ ഉന്നമനംകൂടി ഉണ്ടാകണം. അതിലേക്കു ഗവമ്മെണ്ടു ഒരു പദ്ധതിതന്നെ ആസൂത്രണം ചെയ്യേണ്ടതാണ്. മുപ്പതു വൎഷങ്ങൾക്കുമുൻപു 'ഹാവു' എന്നു പറഞ്ഞു മാററുവാൻ കഴിഞ്ഞിരുന്ന ഈഴവരെ ഇന്നു 'ഹാവു' എന്നു പറഞ്ഞു മാററുവാൻ ആരും തുനിയുമെന്നു് തോന്നുന്നില്ല. എന്തുകൊണ്ടു്? നിയമംമൂലം അതു നിരോധിക്കപ്പെട്ടിട്ടുമാത്രമാണോ? അല്ല. ആ സമുദായം ഒന്നാകെ ഉണൎന്നു. സുശക്തമായ ഒരു സംഘടനാശക്തി സംഭരിച്ചു. അതോടൊപ്പം സാമ്പത്തികശക്തിയും അവൎക്കുണ്ടായി. അപ്പോൾ അവരെ ആൎക്കും മാററിനിറുത്തുവാൻ തൻേറടം ഇല്ലാതായി. അതുകൊണ്ടു സാമ്പത്തികമായിക്കൂടി ഈ സമുദായങ്ങൾ ഉയരാത്തിടത്തോളംകാലം എത്തെല്ലാംവിധത്തിലുള്ള ഉന്നമനശ്രമങ്ങൾ ഉണ്ടായിരുന്നാലും അവരുടെ നില അഭിവൃദ്ധിപ്പെടുകയില്ല. സാമ്പത്തികമായ നില ഉയൎത്തുന്നതിനു് പര്യാപ്തങ്ങളായ നിയമങ്ങൾ ഉണ്ടാക്കുന്നതോടുകൂടി മററുചില പരിപാടികളുംകൂടി ഉണ്ടാക്കേണ്ടതാണ്. ഇത്രയും പ്രസ്താവിച്ചുകൊണ്ടു് ഞാൻ ഈ ബില്ലൻെറ തത്വത്തോടു് യോജിക്കുന്നു.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: ഈ ബില്ലിനെ ഞാനും അനുകൂലിക്കുന്നു. ഈ ബില്ലിനുള്ള ഒരു പ്രത്യേകത ജാതിമതവ്യത്യാസംകൊണ്ടു ഉണ്ടായിട്ടുള്ള എല്ലാ അവശതകളും പരിഹരിക്കപ്പെടുന്നതിനുള്ള വ്യവസ്ഥകൾ സാമാന്യമായി ചെയ്തിട്ടുണ്ടെന്നുള്ളതിനുംപുറമെ, ഹിന്ദുക്കളിൽ ഒരു വിഭാഗക്കാൎക്കു ജാതിയെ അടിസ്ഥാനമാക്കി നിലവിലുള്ള അസമത്വങ്ങളും അവശതകളുംകൂടി പരിഹരിക്കുന്നതിനുള്ള വ്യവസ്ഥകളും ചെയ്തിട്ടുണ്ടെന്നുള്ളതാണ്. ഹിന്ദുക്കളിൽപെട്ടിട്ടുള്ള ഒരു വിഭാഗക്കാൎക്കു ജാതിയെ അടിസ്ഥാനമാക്കി ഇന്നും അവശതകൾ നിലനില്ക്കുന്നുണ്ടെന്നുള്ളതു ഒരു പരമാൎത്ഥമാണ്. ക്ഷേത്രപ്രവേശനവിളംബരത്തിനുശേഷം തിരുവിതാംകൂറിൽ നിലനില്ക്കുന്നതും, ക്ഷേത്രപ്രവേശന ആൎഡിനൻസു പുറപ്പെടുവിച്ചതിനുശേഷം കൊച്ചിയിൽ ഇല്ലാതെ വന്നിട്ടുള്ളതും ആയ ചില അവശതകൾ നീക്കുന്നതിനുവേണ്ടിയാണു ഈ ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. ഈ ബില്ലിലെ ൪-ാംവകുപ്പു ശ്രദ്ധയോടുകൂടി വായിച്ചാൽ മനസിലാക്കുവാൻ സാധിക്കുന്നതു് ഹിന്ദുക്കളിലുള്ള ഏതെങ്കിലും ഒരു വിഭാഗത്തിൽപെട്ട ആളിനു കിണറോ കുളമോ ഉപയോഗിക്കുന്നതിനു ആരും തടസം ചെയ്യരുതെന്നും വിഘാതം ഉണ്ടാക്കരുതെന്നുമാണ്. അതാണ് ആ വകുപ്പിൻെറ അൎത്ഥമെങ്കിൽ, നിശ്ചയമായും തിരുവിതാംകൂറിൽ ഇന്നു് എല്ലാവൎക്കും പ്രവേശനമില്ലാതിരിക്കുന്ന പ്രൈവററു ക്ഷേത്രങ്ങളോടു് അനുബന്ധിച്ചുകിടക്കുന്ന കുളങ്ങളും, കിണറുകളും ബുദ്ധിമുട്ടുകൂടാതെ എല്ലാവൎക്കും പ്രവേശനയോഗ്യമാക്കിത്തീൎക്കുന്നതിനു സാധിക്കുന്നതാണ്. മിക്കവാറും എല്ലാ ക്ഷേത്രങ്ങളിലും ഓരോ കിണറും കുളവുമെങ്കിലും കാണും. ആ കിണറുകളും കുളങ്ങളും എല്ലാവൎക്കും ഉപയോഗയോഗ്യമാക്കിത്തീൎക്കുവാനാണ് ഈ ബില്ലൻെറ ഉദ്ദേശമെങ്കിൽ അതു നല്ലതുതന്നെയാണ്. അതാണോ ഈ ബില്ലൻെറ ഉദ്ദേശമെന്നു് ഇവിടത്തെ ഒരു ബഹുമാനപ്പെട്ട മെംബർ ഇന്നലെ ബഹുമാനപ്പെട്ട മന്ത്രിയോടു ചോദിച്ചു അവസരത്തിൽ അങ്ങനെയാണു എന്നു് മറുപടി പറയുകയുണ്ടായി. എന്നാൽ അത്ര വ്യക്തമായിട്ടുണ്ടോ ആ വകുപ്പു എന്നു് ആ വകുപ്പിൻെറ വാചകത്തിലുള്ള രീതിവച്ചുനോക്കുമ്പോൾ ചിലൎക്കു സംശയമുള്ളതായി കാണുന്നു. അതിനാൽ യാതൊരു അവ്യക്തതയും ഇല്ലാത്ത വിധത്തിൽ എല്ലാ ഹിന്ദുവിഭാഗത്തിൽപെട്ട ആളുകൾക്കും ഈ വക കുളങ്ങളും കിണറുകളുംകൂടി ഉപയോഗിക്കത്തക്കവിധത്തിൽ ആ വകുപ്പിൽ വേണ്ട ഭേദഗതികൾ വരുത്തേണ്ടതാണ്. ഇങ്ങനെ ഈ ബിൽ ഒരു നിയമമാകുന്നതോടുകൂടി സംസ്ഥാനത്തുള്ള പ്രൈവററു ക്ഷേത്രങ്ങളെ സംബന്ധിച്ചു് ഇപ്പോൾ പ്രവേശനം ഇല്ലാതിരിക്കുന്ന ക്ഷേത്രങ്ങളിലും അവയോടു അനുബന്ധിച്ചുള്ള കുളങ്ങളിലും കിണറുകളിലും അവശ സമുദായങ്ങൾക്കു പ്രവേശനം ഉണ്ടായിത്തീരുന്നതാണ്. ഇവിടെ പ്രസംഗിച്ചിട്ടുള്ള പലരും കൂടാതെ കൊച്ചിയിലെ എൻെറ സ്നേഹിതന്മാരും മററും ഈ ബില്ലിനെ പിൻതാങ്ങി സംസാരിക്കുമെന്നു് ഞാൻ

വിശ്വസിക്കുന്നു. ക്ഷേത്രപ്രവേശനം അനുവദിച്ചുകൊടുത്ത രാജപ്രമുഖൻ തിരുമനസ്സുകൊണ്ട് പുറപ്പെടുവിച്ച ഓർഡിനൻസിൽ കൊച്ചിയിലുള്ള സകലക്ഷേത്രങ്ങളിലും ഹിന്ദുക്കളിൽപെട്ട സകല വിഭാഗക്കാർക്കും പ്രവേശനം നൽകിയിരിക്കുന്നുവെന്നുള്ള പ്രസ്താവനയുടെ വെളിച്ചത്തിലാണ് ഈ ബിൽ ഇവിടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. തിരുവെഴുത്തു വിളംബരം ക്ഷേത്രപ്രവേശനത്തെ സംബന്ധിച്ചിടത്തോളം വന്നുവെങ്കിലും ഹിന്ദുക്കളിൽ പെട്ട എല്ലാ സമുദായക്കാർക്കും സകലവിധ ക്ഷേത്രങ്ങളിലും, അതു ഒരുപോലെ അനുഭവിക്കുന്നതിനുള്ള ഭാഗ്യം ഉണ്ടായിട്ടില്ല. ഉദാഹരണമായി ചേർത്തലതാലൂക്കിൽ ചില കര ക്ഷേത്രങ്ങളിൽ പ്രവേശനം ഇന്നും തടഞ്ഞിട്ടിരിക്കയാണ്. എല്ലാ ക്ഷേത്രങ്ങളും എല്ലാ ഹിന്ദുക്കൾക്കും തുറന്നുകൊടുക്കണമെന്നുള്ള ആളുകളാണ് സാധാരണയായി ഉള്ളതെങ്കിലും തന്റേടമായി പ്രവർത്തിക്കാനുള്ള മനോഭാവം ചിലക്കില്ലാതാണിരിക്കുന്നത്. കൊക്കോതമംഗലം പകുതിയിൽ വാരണാട്ടുക്ഷേത്രമെന്ന ഒരു ക്ഷേത്രമുണ്ട്. ആ പ്രദേശത്തു പ്രധാനപ്പെട്ട പല നായർ കുടുംബക്കാരും ക്ഷത്രിയരും മാടമ്പിമാരുമുണ്ട്. ആ ക്ഷേത്രത്തിന്റെ അധികാരം ക്ഷത്രിയരിൽപെട്ട ഒരു കുടുംബക്കാർക്കാണ്. തിരുമുല്ലാടന്മാർ എന്നാണ് അവർക്കു പേര്. വിളംബരത്തിലെ വ്യവസ്ഥ അനുസരിച്ച് എല്ലാവർക്കുമായി ക്ഷേത്രം തുറന്നുകൊടുക്കുന്നതിനു അവർക്കു സമ്മതമാണെങ്കിലും അതുമൂലം ഇതരസമുദായക്കാരിൽനിന്നും ഉപദ്രവം ഉണ്ടാകുമോ എന്ന ആദ്യം അവർക്കു ഭയമുണ്ടായിരുന്നു. എന്നാൽ എന്തെങ്കിലും ആകട്ടെ എന്ന കരുതി, ഈഴവർ മുതലായവർ പ്രവേശിക്കുന്നതിൽ അവർക്കവിരോധമില്ലെന്നു അവർ വെളിപ്പെടുത്തി. ക്ഷേത്രപ്രവേശന വിളംബരത്തിനുശേഷം നാലഞ്ചുകൊല്ലം കഴിഞ്ഞു ആ ക്ഷേത്രത്തിലെ പ്രധാന ഉത്സവദിവസം ഈഴവർ, വാലന്മാർ മുതലായ സമുദായത്തിൽ പെട്ട കുറെയാളുകൾ താലപ്പൊലിയും ദീപക്കാഴ്ചയുമായി കൂട്ടമായി ക്ഷേത്രത്തിൽ പ്രവേശിക്കയുണ്ടായി. ആരും എതിർത്തില്ല. ആർക്കും എതിരഭിപ്രായവും കണ്ടില്ല. അവശസമുദായക്കാർക്കു ഇന്നും പ്രവേശനമില്ലാത്ത ഒരു ക്ഷേത്രമാണു ചേർത്തല തെക്കുപകുതിയിലെ തിരുവിഷക്ഷേത്രം. കൈവിഷത്തിന് ആ ക്ഷേത്രത്തിൽനിന്നും കൊടുക്കുന്ന ഔഷധം വളരെ ഫലപ്രദമെന്നു പറയപ്പെടുന്നു. ചില സമുദായക്കാർ അവിടെ പ്രവേശിക്കരുതെന്ന് ഊരും പേരുമില്ലാതെ ഇപ്പോൾ അവിടെ ഒരു ബോർഡുവെച്ചിരിക്കുന്നു.

ശ്രീ. സി. വി. ഇയ്യ: നമ്മുടെ ഇടയിലുള്ള സാമുദായികവിഷമം ഇല്ലാതാക്കാനുള്ള ശക്തി ആ ക്ഷേത്രത്തിനുണ്ടോ?

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: അങ്ങനെ ഒരു ക്ഷേത്രം തിരുവിതാംകൂറിലുണ്ടെന്ന് എനിക്കു തോന്നുന്നില്ല.

സർ, പിന്നൊരു പ്രധാനക്ഷേത്രം വേളോർവട്ടം ക്ഷേത്രമാണ്. ആഴവാഞ്ചേരി തമ്പ്രാക്കളുടെ വകയാണത്. അസമത്വത്തിന്റെപേരിൽ ഉണ്ടാക്കിവച്ചിരിക്കുന്ന ആചാരങ്ങൾ മാററുന്നതിന് കാലതാമസം വരുത്തത്തക്കതല്ല. ചില ഹോട്ടലുകളിലും ബാർബർഷാപ്പുകളിലും ഈ അസമത്വനില പാലിക്കുന്നുണ്ടെങ്കിലും ആദായത്തെ കരുതി അവർ ബുദ്ധിപൂർവ്വം ആ വ്യത്യസ്തത മാററിവരുന്നുണ്ട്. ഇപ്പോൾ വാസ്തവത്തിൽ അസമത്വം അസഹ്യമായി തോന്നുന്നതു പ്രൈവററ ക്ഷേത്രങ്ങളിലാണ്. ഈ അവശതകൾ നിശ്ശേഷം നീങ്ങണമെങ്കിൽ ബില്ലിലെ നാലാംവകുപ്പിൽ ആവക ക്ഷേത്രങ്ങളെ സംബന്ധിച്ചുകൂടി വ്യവസ്ഥയുണ്ടാക്കി സാരമായ ഭേദഗതികൾ ചെയ്യേണ്ടതായിട്ടുണ്ട്. അങ്ങനെ ഭേദഗതികൾ വരുത്തിയതിനുശേഷം ഈ ബിൽ, നിയമമാക്കേണ്ടതാണെന്നാണു എന്റെ അഭിപ്രായം. എന്റെ സ്നേഹിതൻ മി. വിശ്വനാഥൻ പറയുകയുണ്ടായി, ചില സ്ഥലങ്ങളിൽ എഴുത്തുകുത്തുകളിൽ തമ്പുരാൻ എന്നും അടിയൻ എന്നും മററുമുള്ള പദപ്രയോഗങ്ങൾ ധാരാളം നിലവിലുണ്ടെന്ന്. അങ്ങനെ സംബോധന ചെയ്യുന്നതും പറയുന്നതും അവന്റെ സാമ്പത്തിക കഴിവുകേടും വിഷമവുംകൊണ്ടാണ്. ഒരു വക്കീലെന്ന നിലയിൽ, ഈ പദപ്രയോഗങ്ങൾ വലിച്ചിഴച്ചു ചേർത്തിട്ടുള്ള അനവധി ആധാരങ്ങളും പ്രമാണങ്ങളും എനിക്കു കാണുവാൻ ഇടയായിട്ടുണ്ട്. ൧൦൪൩ മുതൽ ൧൦൯൫-വരെയുള്ള പഴയ പ്രമാണങ്ങളിൽ അങ്ങനെയുള്ള പ്രയോഗങ്ങൾ അധികം കണ്ടിട്ടില്ല. ഇന്നാർക്കു ഇന്നാർ എഴുതികൊടുത്ത ആധാരം എന്നല്ലാതെ, മേലുദ്ധരിച്ച പദങ്ങളൊന്നും അവയിൽ മിക്കതിലും കണ്ടിട്ടില്ല. എന്നാൽ കുറഞ്ഞൊരു കാലങ്ങൾക്കുമുൻപ് മുതല്ക്കാണു ഈ പദങ്ങൾ കരുതിക്കൂട്ടി പല പ്രമാണങ്ങളിലും ചിലർ വയ്ക്കിച്ചുപോരുന്നത്. ചില ഉൽകൃഷ്ട പരീക്ഷാവിജയികൾക്കും ഇങ്ങനെ സംബോധനചെയ്യിക്കുന്നതിൽ നിർബ്ബന്ധം ഉള്ളതുപോലെ തോന്നുന്നു. അവശതയെ പ്ര

[Sri. Krishnan Ayyappan]

ത്യക്ഷപ്പെടുത്തുന്ന ഈ വിധത്തിലുള്ള പദപ്രയോഗങ്ങൾ തുടരാതിരിക്കുന്നതിന് ഗവർമ്മെണ്ട് ശ്രദ്ധിക്കേണ്ടതാണ്. എന്റെ മറ്റൊരു മാന്യ സ്നേഹിതൻ, മി. ശ്രീധർ പറഞ്ഞു, തമ്പുരാൻ എന്നും, അടിയൻ എന്നും മററും വിളിക്കുന്നതു ഒരു മഹത്തായ അപമാനമാണ്, അതു കൊണ്ടു ഒരു കുറവും വരാനില്ലാ എന്ന്. ഞാൻ അതു വിശ്വസിക്കുന്നില്ല; ശരിയുമല്ല. സാമ്പത്തിക കഴിവുകേടിനെ വശമാക്കി ചിലരെ നിർബ്ബന്ധിതരാക്കുന്ന ഒരു നടപടിയാണിതു്.

ശ്രീ. പി. സി. ആദിച്ചൻ: വലിയ ഉദ്യോഗങ്ങളും മററും കൊടുത്തു അവശസമുദായക്കാരെ പ്രോത്സാഹിപ്പിച്ചാൽ ഈ അവശത നീങ്ങുകയില്ലേ?

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: നീങ്ങുവാൻ വളരെ എളുപ്പമുണ്ട്. ഈ ബില്ലിൽ ആവശ്യമായ ഭേദഗതികൾ വരുത്തി നിയമമാക്കി, ഇതു നിയമമായി കാണുവാൻ ആഗ്രഹിച്ചുകൊണ്ടു ഞാൻ എന്റെ പ്രസംഗം ഉപസംഹരിക്കുന്നു.

Sri. K. K. Vasu Panicker: I am one who would welcome the advent of such a bill as this at least at this late stage. For it has been our long-awaited desire, our long-cherished hope that no one should suffer on account of difference in religion, caste, creed or race. But though this bill has been introduced in this House at this late stage, we all know that some of the Hon'ble Members of this House have already deluded into thinking of the impropriety of bringing a bill like this to this House simply because the draft of the Indian Constitution is being to be implemented from the 26th January onwards. The answer to it is not far to seek. Though certain fundamental rights, though the outer limits of the fundamental rights are drafted in the Constitution, still we are not precluded from legislating laws which fall within the purview of those fundamental rights. It is also true when fundamental rights are prescribed, they serve the purpose only of some ideals, and for infringement of those ideals, if you want to make them penal, certainly laws of this kind are necessary. It is not in any way out of place to introduce such a bill as this in this House. For example, ever so many policies which serve as a state directive are given in our Constitution but they serve only the purpose of certain ideals. To implement those ideals into reality, to make those ideals into practicality, the infringement of which will become penal, we have got to legislate laws like this. But before entering into the thorny questions relating to the Sections,—I do not wish to enter into them just now—what I intend is to give a reply to those who have doubted the propriety of this legislation. Certainly, I must say that this does not contravene the provisions of the Indian Constitution. We are only perfect within our limits in having drafted such a bill as this and introduced into this House. To those of the members who have begun to doubt the propriety of the bill, what I have to tell them is that in as much as we have brought a legislation like this to conform our modes of life to the very letter and spirit of the Indian Constitution, there is nothing wrong in our bringing this legislation, Once more I must say that more bills of this kind are yet to take shape because we dream a state of affairs wherein no one should suffer politically, morally, economically, or otherwise simply because we belong to one particular religion, or creed or race. Having said so much, I say that this bill has to be substituted by an Act as soon as possible and we should not allow this bill to follow the fate of the sister legislations like the Court-fees Act, Stamp Act, etc. After the passing of this Bill by the House there is no need for us to wait a long time for the signature of Rajpramukh. It is our duty to pass the needed legislation for the promotion of prosperity and contentment among the people as soon as possible. With these words I welcome this measure.

ശ്രീ. കെ. എസ്. ജോസഫ്: ഞാൻ ഈ ബില്ലിന്റെ തത്വത്തെ അനുകൂലിക്കുന്നു. ഇങ്ങനെ ഒരു ബിൽ അവതരിപ്പിക്കുന്നതിന് ഗവർമ്മെണ്ട് മുൻപോട്ടുവന്നതിനെ ശ്ലാഘിക്കുകയും ചെയ്യുന്നു. അതു്, വളരെപ്പേർ ഇവിടെ പ്രസംഗിച്ചതിനുശേഷം അതിൽ കൂടുതലായി എന്തെങ്കിലും പറയണമെന്നുദ്ദേശിച്ചല്ല, എന്നാൽ ഞാൻ ഇവിടെ എന്തെങ്കിലും പ്രസംഗിച്ചില്ലെങ്കിൽ എനിക്ക് പ്രസംഗിക്കുവാൻ അറിഞ്ഞുകൂടെന്ന് എന്റെ നിയോജക മണ്ഡലത്തിൽ ഉള്ളവർ വിചാരിച്ചേക്കുമല്ലോ എന്ന ഭയമാണ് ഞാൻ അല്പം എന്തെങ്കിലും പറയാമെന്നു വിചാരിച്ചതു്. ബില്ല് അടുത്തപടിയിലേക്ക് അയയ്ക്കണമെന്നു പറഞ്ഞുകൊണ്ട് ഞാൻ വിരമിക്കുന്നു.

ശ്രീ. കെ. ററി. അച്ചുതൻ: മെമ്പറന്മാർ ഇവിടെ പറഞ്ഞ കാര്യങ്ങൾതന്നെയാണ് എനിക്കും പറയുവാനുള്ളത്. കൂടുതലായി ഒന്നുംതന്നെ പറയണമെന്നു വിചാരിക്കുന്നില്ല. അവശസമുദായാംഗങ്ങൾ എല്ലാവരേയും ഒന്നുപോലെ ഇതു ബാധിക്കത്തക്കവണ്ണം നിയമനിർമ്മാണം ചെയ്യുകയല്ലേ നല്ലത് എന്നു ചോദിച്ചാൽ അതു് അപര്യാപ്തമായിരിക്കുമെന്നാണ് എനിക്കു പറയുവാനുള്ളതു്. ഈ ബിൽ പാസായി നടപ്പിൽവന്നാൽ അതു് ഈ തിരുവിതാംകൂർ വിഭാഗത്തു് ഒരു വിഷമം സൃഷ്ടിക്കും എന്നു് എനിക്കു തോന്നുന്നുണ്ട്. അതായതു് പ്രൈവററ് ക്ഷേത്രങ്ങളിൽ പ്രവേശിക്കാൻ ഇന്നു് പല സമുദായങ്ങളിലും വിഷമമുണ്ടാകുന്നുണ്ട്. ഈ ബിൽ പാസായിക്കഴിഞ്ഞതിനുശേഷവും അങ്ങനെ വരുകയാണെങ്കിൽ നാം ഉദ്ദേശിച്ച ഗുണം കിട്ടാൻ പോകുന്നില്ല. അതുകൊണ്ടു് ഞാൻ പറയുന്നതു് പ്രൈവററ് ക്ഷേത്രങ്ങളിലും ഹിന്ദുക്കളിലെ എല്ലാ സമുദായക്കാർക്കും പ്രവേശിക്കുന്നതിനു് തക്കവണ്ണം ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടു് ഈ ബിൽ പാസാക്കിയാൽ മതിയെന്നാണ് എന്റെ അഭിപ്രായം.

Sri. K. P. Nilakanta Pillai: I move for closure.

The Hon'ble Sri. T. K. Narayana Pillai: The mover of the Bill alone has the right to move for closure. I am prepared to move for it but it might be said that I am meddling with the rights and privileges of the House.

സാഹിബ് ബഹദൂർ ടി. എ. മൈദീൻകുഞ്ഞ്: ഈ ബില്ലിന്റെ തത്വത്തോടു് ഞാൻ യോജിക്കുകയാണ്. എന്നാൽ ഞാൻ ഇവിടെ വന്നിട്ടുണ്ടു് എന്നു്, എന്റെ കാൺസ്റ്റിററ്യൂവൻസിയിലെ മെമ്പറന്മാരെ അറിയിക്കുന്നതിനല്ല, ഞാൻ ഇവിടെ പ്രസംഗിക്കുവാൻ പോകുന്നതു്. വളരെ കാര്യമായി ഗൗരവതരമായി സഭയെ അറിയിക്കുന്നതിനു് ഉള്ള ചില കാര്യങ്ങൾ എനിക്കുണ്ടു്. അതായതു് ഒരു ഭേദഗതി ഇതിനാവശ്യമാണെന്നു് എനിക്കു തോന്നുന്നുണ്ടു്. ഇപ്പോൾ ഇൻഡ്യാ ഒരു മതേതരരാഷ്ട്രമായി ഉയർന്നിരിക്കുകയാണ്. അങ്ങനെ വിളംബരം ചെയ്തിരിക്കുന്ന ഈ അവസരത്തിൽ, അതിന്റെ കാൺസ്റ്റിററ്യൂഷൻ എല്ലാംതന്നെ സ്വീകരിച്ചുകൊണ്ടുപോകുന്ന ഈ ഐക്യസംസ്ഥാനത്തു് ഏതെങ്കിലും ജാതിയുടെ പേരിലുള്ള നിയമങ്ങൾ വച്ചുകൊണ്ടിരിക്കുന്നതു് അനുയോജ്യമായിരിക്കുകയില്ല എന്നു് നാം ഓർക്കേണ്ടതാണ്. ഏതെങ്കിലും ഒരു ജാതിയുടെ പേരിൽ പുതിയ നിയമങ്ങൾ സൃഷ്ടിക്കുന്നതു് ഒരു മതേതര രാഷ്ട്രത്തിനു് നല്ലതല്ല. ഈ നിയമം നടപ്പിൽ വരികയാണെങ്കിൽ അമ്പലങ്ങളുടേയും പള്ളികളുടേയും കാര്യങ്ങൾ വരുമ്പോൾ ചില കുഴപ്പങ്ങളെല്ലാം ഉണ്ടാകാൻ ഇടയുണ്ടു്. അമ്പലങ്ങളിൽ പോകേണ്ട ആവശ്യമോ വിശ്വാസമോ ഇല്ലാത്ത ആളുകൾ, അവിടെ കയറുന്നതുകൊണ്ടു്, അവർക്കു് ഉള്ള വിശ്വാസത്തിനു് ഹാനി സംഭവിക്കുന്ന തരത്തിലുള്ള, ഒന്നാണ് ഇതു് എന്നുള്ള യാഥാർത്ഥ്യം നാം വിസ്മരിക്കാൻ പാടില്ലാത്തതാണ്. അതിനു് മിസ്റ്റർ ചിതംബരനാഥനാടാർ പറഞ്ഞതുപോലെ ഭക്തി ഉള്ളവർക്കല്ലാതെ ക്ഷേത്രങ്ങളിൽ കേറാൻ പാടില്ല എന്നു വയ്ക്കുകയല്ലാതെ മററു വ്യവസ്ഥിതി ചെയ്യുന്നതുകൊണ്ടു് പ്രയോജനമൊന്നും ഇല്ലെന്നാണ് എനിക്കു പറയുവാനുള്ളതു്. അതിനാൽ ജാതീയമായ വ്യവസ്ഥിതി ഉള്ളതു മാററി ഭക്തിയുള്ളവർക്കു് ക്ഷേത്രങ്ങളിൽ പ്രവേശിക്കാമെന്നു് ഉള്ള ഒരു ഭേദഗതി ഈ നിയമത്തിന്റെ ഉദ്ദേശശുദ്ധിക്കു് ഉപകരിക്കുന്നതാണ് എന്നു് ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ശ്രീ. പി. കെ. രാമൻ: ഇവിടെ പറഞ്ഞ കാര്യങ്ങൾ ആവർത്തിച്ചു പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ഒരു കാര്യം പ്രത്യേകിച്ചു പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. നാലാംവകുപ്പിൽ ഹിന്ദുക്കൾ എന്നു ചേർത്തിരിക്കുന്നതു തെററാണെന്നു ചിലർ അഭിപ്രായപ്പെട്ടു. ഒരു കാര്യം എനിക്കു് പറയുവാനുണ്ടു്. ഹിന്ദുമതത്തിലല്ലാതെ, ചാതുർവ്വർണ്ണ്യവും ജാതിവ്യത്യാസവും മതപരമായ മററു ആചാരവ്യത്യാസങ്ങളും മററു മതങ്ങളിലില്ല. അങ്ങനെയുള്ള ആചാരവ്യത്യാസങ്ങൾ ഹിന്ദുമതത്തിൽ നിലനിന്നുവരുന്നതുകൊണ്ടു് സമത്വവും സമധർമ്മവും സ്ഥാപിക്കുന്നതിനു ബാധകമായതീരുമാനവെന്നുള്ള ഉദ്ദേശത്തിൽ ആ മാതിരിയുള്ള ആചാരവ്യത്യാസങ്ങളെ നീക്കം ചെയ്യണമെന്നുള്ള വിചാരത്തിലാണ് ഈ ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്. അതുകൊണ്ടാണ് നാലാംവകുപ്പിൽ ഹിന്ദുവെന്നു് പ്രത്യേകം പറഞ്ഞിരിക്കുന്നതു്. സാങ്കേതികമായ കാര്യങ്ങളെപററിയാണെങ്കിൽ അതിനും ധാരാളം ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാമെന്നിരുന്നാലും സാങ്കേതികമായ ഉദ്ദേശത്തിലല്ല സാമുദായികമായ അവശതകളെ മുൻനിറത്തി മാത്രമാണ് ഈ ബിൽ ഇവിടെ

[Sri. P. K. Raman]

കൊണ്ടുവന്നിട്ടുള്ളതും നാലാംവകുപ്പിൽ ഹിന്ദു എന്നു് പ്രത്യേകിച്ചു് എടുത്തുപറഞ്ഞിരിക്കുന്നതും. ഇൻഡ്യാ ഒരു സെക്കുലർ സ്റ്റേറ്റാണെന്നോ മതേതരരാഷ്ട്രമാണെന്നോ എന്തുതന്നെ പറഞ്ഞിരുന്നാലും സാമുദായികമായ ആചാരവ്യത്യാസങ്ങൾ ഇൻഡ്യയിൽ നിലനിന്നുവരുന്നുണ്ടെന്നും അങ്ങനെയുള്ള അവശതകൾ ഹിന്ദുമതത്തിലാണുള്ളതെന്നും ഉള്ളി പരമാർത്ഥം നാം വിസ്മരിച്ചുകൂടാ. ക്രിസ്ത്യാനികളിലും മററും അവശസമുദായങ്ങളുണ്ടെങ്കിലും അതൊക്കെ സാങ്കേതികമായ അവശതകളല്ലാതെ സാമുദായികമായ അവശതകളല്ല. ഫീസ് സൗജന്യത്തിന്റെ പേരിലും മററും അങ്ങനെ മുതലെടുക്കാമെന്നല്ലാതെ സാമുദായികമായ അവശതകൾ മററു സമുദായങ്ങളിലില്ലാത്തതാണു്. ഹിന്ദുക്കൾ പണ്ടുപണ്ടേ ഈ ആചാരവ്യത്യാസങ്ങൾ തുടർന്നുവരികയാണെന്നും അതു് ഹിന്ദുമതത്തിന്റെ പുരോഗതിയ്ക്കു് വിഘാതമായിത്തീർന്നിട്ടുണ്ടെന്നും ഉള്ളതു് പരമാർത്ഥമാണു്. അതുകൊണ്ടാണു് ഇങ്ങനെ ഹിന്ദു എന്നു് പ്രത്യേകമായി എടുത്തുപറഞ്ഞിരിക്കുന്നതു്. ഇതു് ആവശ്യമാണെന്നാണു് എന്റെ അഭിപ്രായം.

ശ്രീ. ജോസഫ് മാത്തൻ: സർ, മി. പി. കെ. രാമൻ ഇവിടെ നാലാംവകുപ്പിനെപ്പററി പറഞ്ഞതു് നാലാം വകുപ്പ് അതേപടി ഇരുന്നാൽ മാത്രമേ ഹിന്ദുക്കളുടെയിടയിൽ ഇന്നു് നിലവിലിരിക്കുന്ന സാമുദായികഭിന്നതകൾ നീക്കംചെയ്യാൻ പര്യാപ്തമാകുകയുള്ളു എന്നാണു്. ഹിന്ദു എന്നുള്ള പദം എടുത്തുകളഞ്ഞാലും ഇതിൽ കുഴപ്പമൊന്നുമുണ്ടാകാനില്ലെന്നാണു് എന്റെ അഭിപ്രായം. ഹിന്ദു എന്നുള്ള പദം എടുത്തുകളയുന്നപക്ഷം എല്ലാസമുദായക്കാരെയും ബാധിക്കുമ്പോൾ അതു് അവരെയും ബാധിക്കുമെന്നുള്ളതുകൊണ്ടു് അങ്ങനെയൊരു പ്രത്യേക വ്യവസ്ഥയുടെ ആവശ്യമില്ല. ഇത്തരുണത്തിൽ മി. എം. ഗോവിന്ദൻ ഇന്നലെ അഭിപ്രായപ്പെട്ടതിനെ സംബന്ധിച്ചു് ഒന്നുരണ്ടുവാക്കു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി, മതം മാറിയാലും കുഡുംബത്തിൽ താമസിക്കാനുള്ള അവകാശമുണ്ടായിരിക്കണമെന്നും, എന്നാൽ മതംമാററം വ്യത്യസ്തമായി ജീവിക്കാനാഗ്രഹിക്കുന്നതിന്റെ ഒരു പ്രകടനം മാത്രമാണെന്നും മററും. അങ്ങനെ വ്യത്യസ്തമായി ജീവിക്കാനുള്ള ഒരു പ്രകടനമായി അതിനെ സ്വീകരിക്കരുതെന്നും അങ്ങനെയുള്ള മതംമാററം കേവലം അഭിപ്രായവ്യത്യാസം മാത്രമാണെന്നും അതിനാൽ വിഭാഗീക ചിന്തയ്ക്കു് ഇടംകൊടുക്കരുതെന്നും എനിക്കഭിപ്രായമുണ്ടു്.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഈ ബില്ലിനേപ്പററി സൂക്ഷ്മമായ ചർച്ചകളാണു് ഇവിടെ നടന്നിട്ടുള്ളതു്. ഈ ബില്ലിന്റെ തത്വങ്ങൾക്കു് സാമാന്യേന അംഗീകാരം സിദ്ധിച്ചിട്ടുണ്ടെന്നാണു് എനിക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളതു്. നാലാംവകുപ്പിന്റെ വ്യാപ്തിയേപററിയും ഉദ്ദേശത്തേപ്പററിയും ചില സംശയങ്ങൾ ഇവിടെ പുറപ്പെടുവിക്കുകയുണ്ടായി. നാലാംവകുപ്പ് മാത്രമല്ല ഈ ബില്ല് ഒട്ടാകെത്തന്നെ സെലക്ടുകമ്മററിക്കു് അയയ്ക്കണമെന്നാണു് ഉദ്ദേശിക്കുന്നതു്. ആ സ്ഥിതിക്കു് നാലാം വകുപ്പിൽ സാരമായ വ്യത്യാസങ്ങൾ വരുത്താനുണ്ടെങ്കിൽ അതു് സെലക്ടുകമ്മററിയിൽവച്ചു് ആലോചിക്കാവുന്നതാണു്. ഏതെങ്കിലും കാരണവശാൽ നാലാംവകുപ്പിൽ ഉപയോഗിച്ചിട്ടുള്ള ഭാഷ അപര്യാപ്തമാണെന്നോ കൂടുതൽ വ്യക്തമാക്കണമെന്നോ ഉണ്ടെങ്കിൽ അതും സെലക്ടുകമ്മററിക്കു് ചെയ്യാവുന്നതാണു്. ഇതിൽ ആശയക്കുഴപ്പമുണ്ടെന്നു് ആർക്കെങ്കിലുമതോന്നുന്നുണ്ടെങ്കിൽ അതിനെ മാററുന്നതിനും സെലക്ടു കമ്മററിക്കു് അധികാരമുണ്ടായിരിക്കുന്നതാണു്. ഏതായാലും ഗവർമ്മെണ്ടിനെ സംബന്ധിച്ചു് പറയുകയാണെങ്കിൽ ഈ ബില്ലുകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു് ഇന്നു് നിലവിലിരിക്കുന്ന എല്ലാ അവശതകൾക്കും സമൂലമായ ഒരു പൂർണ്ണവിരാമം ഇടണമെന്നു മാത്രമേ, ഈ ബില്ല് അവതരിപ്പിച്ച സമയത്തു് ബില്ലിന്റെ ഉപജ്ഞാതാക്കൾക്കു് ഉദ്ദേശമുണ്ടായിരുന്നൊള്ളു. അതുകൊണ്ടു് ഇവിടെ ഉന്നയിച്ചിട്ടുള്ള വാദങ്ങൾ എല്ലാംതന്നെ സെലക്ടു കമ്മററിയിൽ ഉന്നയിക്കുകയും സെലക്ടു കമ്മററിയിൽ ഈ വാദങ്ങൾ ഭൂരിപക്ഷം അംഗങ്ങളും സ്വീകരിക്കുകയും ചെയ്യുകയാണെങ്കിൽ അതനുസരിച്ചു് ഉള്ള വ്യത്യാസം വരുത്തുന്നതിനു് സെലക്ടു കമ്മററിക്കു് പരിപൂർണ്ണമായ അധികാരം ഉണ്ടായിരിക്കുന്നതാണു്. വേറൊരാക്ഷേപം, ഈ ബില്ല് മൌലികാവകാശത്തിന്റെ ആവർത്തനം മാത്രമാണെന്നും അതായതു് ഗവർമ്മെണ്ടു് ഓഫ് ഇൻഡ്യായുടെ ഫണ്ടമെൻറൽ റൈററ്സിന്റെ ആവർത്തനം മാത്രമാണെന്നും പുതുതായി ഒന്നുംതന്നെ ബില്ലിൽ ഇല്ലെന്നും ഒരു ബഹുമാനപ്പെട്ട മെമ്പർ അഭിപ്രായപ്പെടുകയുണ്ടായി. ഫണ്ടമെൻറൽ

റൈറ്റ്സിനെപ്പററി വിദഗ്ദ്ധാഭിപ്രായം പുറപ്പെടുവിക്കുന്നതിനും അവയെക്കുറിച്ച് പഠിക്കുന്നതിനും ആലോചിക്കുന്നതിനും വിമർശിക്കുന്നതിനും കഴിഞ്ഞിട്ടുള്ള മെമ്പറന്മാരുടെ ആ വിധത്തിലുള്ള അഭിപ്രായം അതേപടി സ്വീകരിക്കുന്നതിന് ഞാനും സന്നദ്ധനാണ്. എന്നാൽ ഈ ബിൽ ഇന്ന് നിലവിലിരിക്കുന്ന അസമത്വങ്ങളേയും അനാചാരങ്ങളേയും ഉന്മൂലനം ചെയ്യുന്നതിനുവേണ്ടി ഒരു നിയമനിർമ്മാണം ചെയ്തിട്ടുള്ളതാണെന്ന് നിഷ്പക്ഷബുദ്ധികൾ സമ്മതിക്കുമെന്ന് എനിക്കു പൂർണ്ണ ബോദ്ധ്യമുണ്ട്.

സർ, എനിക്കറിയാം ഇൻഡ്യൻ ഭരണഘടനയിൽ മൌലികാവകാശത്തെപ്പററി ഒരു പ്രഖ്യാപനം ഉണ്ടായിട്ടുണ്ടെന്ന്. ആ മൌലികാവകാശത്തെ സുരക്ഷിതമാക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ട വ്യവസ്ഥകൾ ഭരണഘടനയിൽ ചേർത്തിട്ടുണ്ടെന്നുള്ള വിവരവും ഞാൻ വിസ്മരിക്കുന്നില്ല.

ഏതെങ്കിലും കാരണവശാൽ ആവക അവകാശങ്ങൾ ആരെങ്കിലും വിദ്ധ്വംസിക്കയോ ലംഘിക്കയോ ചെയ്യുന്നപക്ഷം ആരുടെ അവകാശങ്ങളെ ലംഘിക്കാൻ ശ്രമിച്ചോ അയാൾക്കു സുപ്രീം കോടതിയിലോ ഹൈക്കോടതിയിലോ തന്റെ അവകാശങ്ങൾ അവകാശപ്പെടുന്നതിന് ഇൻഡ്യൻ ഭരണഘടനയിൽ വ്യവസ്ഥയുണ്ടെന്നുള്ള സംഗതിയും മാർമ്മിച്ചുകൊണ്ടുതന്നെയാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സർ, അതു മാത്രമല്ല വേറെയും ഭരണഘടനയിൽ വ്യവസ്ഥയുണ്ടെന്ന് എനിക്കറിയാം. അതായത് ഒരു കുററമായി പ്രഖ്യാപനംചെയ്തിട്ടുള്ള സംഗതികളെ സംബന്ധിച്ചിടത്തോളം നിയമനിർമ്മാണം ചെയ്യുന്നതിനുള്ള അവകാശം കേന്ദ്രനിയമസഭയ്ക്ക് ഉണ്ടെന്നുള്ള സംഗതിയും മുന്നിൽ വെച്ചുകൊണ്ടുതന്നെയാണ് ഈ നിയമനിർമ്മാണം ചെയ്തിട്ടുള്ളത്. എന്നാൽ അങ്ങനെ നിയമനിർമ്മാണം ചെയ്യുന്നതിന് എന്താണ് കാലതാമസം നേരിടുന്നതെന്നുള്ളതിനെപ്പററി ബഹു. അംഗങ്ങൾ ആലോചിക്കേണ്ടതാണ്. ഒരു കേന്ദ്രനിയമസഭ ഉടലെടുക്കേണ്ടതായിട്ടാണിരിക്കുന്നത്. ജനുവരി പന്ത്രാണ്ടിനുശേഷം കേന്ദ്രനിയമസഭ ഉണ്ടാകുമെന്ന് എനിക്കറിയാം. അങ്ങനെ ഒരു കേന്ദ്രനിയമസഭ ആരംഭിക്കണം. അതിനുശേഷമായിരിക്കും ബില്ലുകൾ ഉണ്ടാക്കുന്നത്. അത്രയും കാലതാമസം വരുത്തേണ്ട ആവശ്യമില്ലെന്നു കരുതിക്കൂട്ടിക്കൊണ്ടാണ് ഈ നിയമനിർമ്മാണം ഈ അവസരത്തിൽ ഈ നിയമസഭയിൽ കൊണ്ടുവരണമെന്ന് ഇതിന്റെ കർത്താക്കൾ ഉദ്ദേശിച്ചിട്ടുള്ളത്. അല്ലാതെ ഇലക്ഷൻ സ്റ്റണ്ടിനുവേണ്ടി നിയമനിർമ്മാണം ഉണ്ടാക്കണമെന്ന് ഈ ഗവർമ്മെണ്ട് ഉദ്ദേശിച്ചിട്ടില്ല; ഉദ്ദേശിക്കുന്നുമില്ല. അതിനെപ്പററി ഇതിൽ കൂടുതലായി എന്തെങ്കിലും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ ബിൽ ഈ നിയമസഭയിൽതന്നെ ഒരു നിയമമാക്കിത്തീർക്കത്തക്കവണ്ണം മൂന്നു റീഡിംഗും നടത്തണമെന്നു ഗവർമ്മെണ്ടിന് ഉദ്ദേശമുള്ളതിനാൽ താഴെ പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു സെലക്ട് കമ്മിററിക്ക് ഈ ബില്ലിനെ അയയ്ക്കുന്നതിനും ആ സെലക്ട് കമ്മിററി അഞ്ചുദിവസത്തിനകം അതിന്റെ റിപ്പോർട്ട് സമർപ്പിക്കുന്നതിനും ഞാൻ ഈ സഭയോട് അപേക്ഷിച്ചുകൊള്ളുന്നു.

<u>സെലക്ട് കമ്മിററി അംഗങ്ങൾ</u>

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള.
൧. ശ്രീ. പി. ബാലകൃഷ്ണൻ തമ്പി.
൨. ,, ടി. വി. ദേവൻ.
൩. ,, എ. കെ. പാച്ചുപിള്ള.
൪. ,, ചിതംബരനാഥനാടാർ.
൫. ,, കെ. എ. മാത്യു.
൬. ,, കെ. എ. ഗംഗാധരമേനോൻ.
൭. സാഹിബ് ബഹദൂർ അബ്ദുൾ അസീസ്.
൮. ശ്രീ. ജോസഫ് മുണ്ടശ്ശേരി.
൯. ,, വാസുപ്പണിക്കർ.

ബഹു. ശ്രീ. എ. ജെ. ജോൺ: ഞാൻ ഇതിനെ പിൻതാങ്ങുന്നു.

(സഭ ഇതിനെ അംഗീകരിച്ചു)

<u>മി. ഡിപ്യൂട്ടി സ്പീക്കർ</u>: ബിൽ സെലക്ട് കമ്മിററിക്ക് അയച്ചിരിക്കുന്നു. അഞ്ചുദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

The United State of Travancore and Cochin High Court Bill

The Hon'ble Sri. T. K. Narayana Pillai: Sir, I may be permitted to introduce the United State of Travancore and Cochin High Court Bill, and in doing so I wish to make the following observations.—

This Bill seeks to replace the United State of Travancore and Cochin High Court Ordinance, II of 1124. The Constitution, as determined by the Constituent Assembly, will be fully brought into force on the 26th January 1950, and the High Court Ordinance will lapse on the 7th January 1950. The provisions of this Bill regarding the constitution and organisation of the High Court are intended to be in operation during the interval, *i.e.*, between the 7th and 26th January 1950, on which latter date the provisions of the Union Constitution will begin to operate in respect of the constitution and organisation of the High Court. The other provisions of the Bill are however necessary even after the 26th January as they relate to matters, which are outside the legislative sphere of the Government of India. The minimum strength of the judges of the High Court, for the purposes of this Bill, is being fixed at six, including the Chief Justice. The House is well aware of the fact that the number and salary of the judges of the High Court is to be fixed by the President in consultation with the Rajpramukh and therefore whatever salary is now fixed for the High Court Judges will be only for the period from 7th January to 26th January.

I move that the Bill be taken into consideration.

Sri. A. Thanu Pillai: Sir, I fully realise that this measure is necessary because the Ordinance will lapse before the 26th January and unless this is passed there will be no warrant for the continuance of the High Court for a few days. On the 26th of January the provisions relating to the powers of the Rajpramukh and the constitution of the High Court will come into force and the President of the Union will be vested with that power.

In the meanwhile, however, I think certain provisions here have to be considered in detail. For instance the situation of the High Court at Ernakulam is a matter for re-consideration. This High Court was shifted to Ernakulam without reference to the wishes of the Legislature and that is a matter which has to be carefully considered now. We know that the decision to situate it at Ernakulam was quite unwise. It is well known that in the High Court all the office rooms are used as bed rooms during the night and the clerks sleep on the benches they were writing on during day. I don't think that the Treasury Bench will be in a position to contradict me in this regard.

The Hon'ble Sri. T. K. Narayana Pillai: That is not quite correct, Sir.

[At this stage the Speaker resumed the chair.]

Sri. A. Thanu Pillai: I do not understand what the Minister means. I have seen many clerks and they have told me that they have no accommodation. They get something from the hotel during day and they sleep in their offices during night. I do not understand what the Chief Minister says. Probably as he said the fact is not quite correct. A few clerks may be staying outside, or as was remarked some may sleep on the floor. Afterall why don't we get rid of this trouble. Let us not stand on false prestige. Neither the people of Cochin nor the people of Travancore want the High Court to be at Ernakulam. The officers connected with the institutions are put to great difficulties. The Lawyers, Clerks and peons suffer much. It may be that Judges alone are provided with cosy places. I don't think that anybody can legitimately say that the location of High Court at Ernakulam was well thought out and wise. Any way that is a matter for detailed consideration. As the Bill is going before the Select Committee, I think it will receive their earnest attention.

I have to refer to one other thing. While the High Court is given powers to issue writs like mandamus, certiorari, quowarranto, I don't find any similar powers vested for the issue of a writ of habeaus corpus. I want to know whether it has been inadvertently omitted.

The Hon'ble Sri. T. K. Narayana Pillai: There is a provision for it in the Criminal Procedure Code and so it is omitted. The other things have a place in the constitution and therefore they are mentioned expressly.

Sri. A. Thanu Pillai: Then again in Clause 19 there is a reference to the laws of Travancore and the laws of Cochin in force immediately before the constitution of the High Court, I think it will be construed as a reference to the High Court constituted under this Bill. All references to the Travancore and Cochin laws must include laws in force prior to the 1st of

July 1949 and the laws enacted subsequent to that date by the United State till up-to-date. Otherwise laws enacted after the 1st July 1949 cannot be enforced by the High Court. I am not sure whether I am right.

Here there is a reference in clause 25 to the Suits Valuation Act. I am not sure whether such an Act has been passed.

The Hon'ble Sri. T. K. Narayana Pillai: Such an Act has been passed by this Legislature.

Sri. A. Thanu Pillai: I was not aware of that.

Any how this Bill is only for a few days and I request that it may be carefully dealt with by the Select Committee.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ഇവിടെ രണ്ടു സംഗതികളാണ് ഈ ബില്ലിനെപ്പററി പ്രസ്താവിച്ചത്. ഒന്നാമത്തേത് ഹൈക്കോടതി എറണാകുളത്തു സ്ഥാപിച്ചതിന്റെ അനൌചിത്യത്തെക്കുറിച്ചാണ്. അതിനെപ്പററി ഒന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. രണ്ടാമത്തെ സംഗതി ഹേബിയസ്സ് കാർപ്പസ് അധികാരം കൊടുത്തിട്ടുണ്ടോയെന്ന സംശയമാണ്. സെക്ഷൻ ൨ ൧ (vi)-ൽ "to hear and determine applications under Section 402 of the Travancore Code of Criminal Procedure or under Section 391 A of the Cochin Code of Criminal Procedure, as the case may be" എന്നാണ് പറഞ്ഞിരിക്കുന്നത്. അതു ഹേബിയസ്സ് കോർപ്പസ് പെററീഷനെപ്പററിയാണ്. ഏതായാലും ബിൽ സെലക്ട് കമ്മിററിക്ക് അയക്കേണമെന്നു ഗവൎമ്മെണ്ടുദ്ദേശിക്കുന്നുണ്ട്. മൂന്നുദിവസത്തിനകംതന്നെ സെലക്ട് കമ്മിററി റിപ്പോർട്ട് സമർപ്പിക്കേണ്ടതും ആവശ്യമാണ്. ഈ സെഷനിൽതന്നെ ഈ ബിൽ പാസ്സാക്കേണ്ടതു് അത്യാവശ്യമായിരിക്കുന്നതിനാൽ സ്റ്റാൻഡിംഗ് ഓർഡർ ൩൫ സസ്പെൻഡുചെയ്തു താഴെ പേർ പറയുന്ന അംഗങ്ങൾ ഉൾപ്പെട്ട ഒരു സെലക്ട് കമ്മിററിക്ക് ഈ ബിൽ ഭരമേല്പിക്കുന്നതിനും ആ സെലക്ട് കമ്മിററി മൂന്നുദിവസത്തിനകം അതിന്റെ റിപ്പോർട്ട് സമർപ്പിക്കുന്നതിനു ഞാൻ ആവശ്യപ്പെട്ടുകൊള്ളുന്നു.

സെലക്ട് കമ്മിററി അംഗങ്ങൾ

൧. ബഹു. ശ്രീ. ടി. കെ. നാരായണപിള്ള.
൨. ശ്രീ. സി. എ. ഔസേപ്പ്.
൩. ,, കളത്തിൽ വേലായുധൻ നായർ.
൪. ,, ജോസഫ് മാളിയേക്കൽ.
൫. ,, കെ. എ. ഗംഗാധരമേനോൻ.
൬. ,, കെ. ശിവരാമപിള്ള.
൭. ,, കെ. എ. അച്ചുതൻ.
൮. ,, എം. എം. തോമസ്സ്.

ബഹു. ശ്രീ. എ. ജെ. ജോൺ : ഞാൻ ഇതിനെ പിൻതാങ്ങുന്നു.

The motion was put to vote and adopted.

The United State of Travancore and Cochin Civil Courts Bill

The Hon'ble Sri. T. K. Narayana Pillai : Sir, I rise to introduce the United State of Travancore and Cochin Civil Courts Bill. This Bill seeks to integrate the Civil Courts Acts in force in Travancore and Cochin. The provisions in the Travancore Civil Courts Act which enables direct appeals to be preferred to the High Court from the decisions of the District Munsiffs in suits the valuation of which exceeds Rs. 1,000 is proposed to be deleted. The Statement of Objects and Reasons has dealt with this aspect. Such appeals now pending disposal in the High Court and such appeals that may be filed in the High Court till the coming into force of this Act are to be disposed of by the High Court so that the parties may not have to engage other pleaders in the moffusil or make additional payment of fees on that account. The provisions of the Bill are more exhaustive than the existing Acts.

Clause 21 of the Bill provides that suits by or against the Government, the Government of India or the Devaswam Boards or the Sree Padmanabha Swami temple are to be instituted only in the District Courts having the local jurisdiction.

Sri. A. Thanu Pillai: Is that the reason why an urgent measure like this is being introduced ?

The Hon'ble Sri. T. K. Narayana Pillai: Yes, because it affects the jurisdiction of the District Courts and because the existing practice has to be rectified as early as possible. Of course, this Bill will be referred to a Select Committee.

Sri. A. Thanu Pillai: Is there any ordinance ?

The Hon'ble Sri. T. K. Narayana Pillai: No.

Sri. K. P. Neelakanta Pillai: Is it to continue even after 26th January.

The Hon'ble Sri. T. K. Narayana Pillai: Yes.

Sri. A. Thanu Pillai: Since no Ordinance would lapse, may I ask whether this Bill was necessitated because of the High Court Bill.

The Hon'ble Sri. T. K. Narayana Pillai: There were two Civil Courts Acts, one in Travancore and one in Cochin and the integration has to be effected. There is no provision for any fundamental change sought to be introduced. The provision for direct appeal from the decisions of District Munsiffs is sought to be deleted as per the provisions of this Bill and that is an important provision.

I request that S.O. No. 35 may be suspended.

Mr. Speaker: Anybody who wants to speak ?

Sri. K. Sivarama Pillai: So far as this Bill is concerned at least regarding Travancore, certain alterations are sought to be introduced with regard to the subordinate Judges—Courts and the Small Cause Courts. In the provisions of this Bill I find various inconsistencies. In the first place, appeal has been allowed to be filed on the decision of the subordinate Judge to the District Court. The respective jurisdictions of these Courts are not defined in the Bill. Then again regarding the Small Cause Courts, the District Judges and the Subordinate Judges are given powers to try Small Cause Cases of the value of Rs. 500. At the same time the District Munsiffs also are given power to try Small Cause Cases upto an amount of Rs. 100. As regards District Munsiffs jurisdiction, whether it is concurrent jurisdiction or exclusive jurisdiction is also not defined.

What I wish to bring to the notice of this House is that this legislation, contains inconsistencies and far-reaching changes. I think this is a matter which cannot be easily dealt with by a Select Committee within 5 or 6 days. So ample time should be given to the Select Committee. The Bill has to be carefully gone through and then only a report can be submitted.

Sri. K. P. Nilakanta Pillai: Sir, as it was pointed out in the case of other Bills, I submit there is absolutely no urgency with reference to this Bill, because many of the provisions are against the provisions of Indian Constitution Act where we find provisions in the chapter relating to the constitution, the distribution of jurisdictions and appointments of the Judges, the District Judges. For example, clause 5 (2) of this Bill reads as follows.—' When in the opinion of Government, the state of business pending before the Judge of any District Court so requires, Government may in consultation with the High Court, appoint one or more Additional District Judges.....". But in the Indian Constitution Act, the power to appoint Additional District Judges are taken away from this Government and Government have nothing to do with it. They are to be appointed by the Raj Pramukh in consultation with the High Court. This is the provision made relating to the Subordinate Courts in the Indian Constitution Act. I am emphasising this point because the executive has not understood what exactly is the meaning or the sequence of some of the clauses contained in this Bill. Probably in the Indian Constitution Act, the promoters of that Act were definitely of opinion that the executive will have nothing to do with the judiciary. It is with that main object they said that the High Court Judges cannot be appointed by the Government of a State. The High Court Judges cannot be appointed, the District Judges cannot be appointed, the Subordinate Judges cannot be appointed and even the District Munsiffs cannot be appointed and in some cases there is a separation of judiciary from executive and District Magistrates should not be appointed by the State Government. Therefore, by enacting all these clauses relating to the High Court and the Subordinate Courts in the States, the Indian Constitution Act wanted throughout the country that there should not be any interference by the Executive in the Judicial administration of a State as contemplated in the Indian Constitution Act, but that is being forgotten with reference to many provisions in this Bill. I am not quite sure about the clauses. Probably there may be lot of amendments also. Section 209 (*a*) of the Indian Constitution Act defines the District Judge, Additional Judge and Subordinate Judge and even Munsiffs. Therefore if they are not to be appointed by the Government of a State how can you here say that these Additional Judges and the District Judges should be appointed by the Government in this Bill. That is my doubt.

Sahib Bahadur V. A. Abdul Aziz: Does not executive power vest in the Raj Pramukh or Governor as the case may be?

Sri. K. P. Nilakanta Pillai: That is also defined there. My point is this. So far as the judicial administration of a State is concerned the provisions in Chapter 8 of the Indian Constitution Act will control. According to these provisions, apart from the general question what the executive is, what is the place of the Raj Pramukh in the Executive and the Ministers and the Government or the Attorney General, that is not the question here. Here the question is so far as the Judicial Administration of the State is concerned, it is controlled by the provision in Chapter 8 of the Indian Constitution Act. Chapter 8 also provides that all the judicial officers anywhere are to be appointed by the Raj Pramukh in accordance with the rules made by him after consultation with the State Public Service Commission and the High Court. That is a definite provision in the Indian Constitution Act. According to the several provisions contained in the Bill the Government in consultation with the High Court in some cases take the power to appoint all these judicial officers. This is objectionable. Suppose the Bill goes to the Select Committee and these provisions are adopted as they are in the present Bill, what is the value of that in the face of other provisions which would be null and void and we will be called upon again to amend the present Bill. Why all these unnecessary work. Where is the urgency with regard to this Bill? Why not wait after the 26th of January? That is the question. There are some provisions which deal with small cause courts jurisdiction as well as subordinate Judges Courts jurisdiction and there is some money value fixed for each Court. We do not know what the Constitution Act provides for the jurisdiction and if some change is made by the Central Government, it would affect the provisions of this Bill. Therefore is it not better to wait until some bill is passed by the Central Legislature.

The other bills were necessitated because of the ordinances which control the High Court and its business may lapse and we may be for some time in a State without law. That is the urgency with other bills but there is no urgency with reference to this Bill. And moreover some of the provisions of the bill are against the provisions contained in the Indian Constitution Act and also against the fundamental principles adopted by the Indian Constitution in the case of formation and control of judiciary, in the whole of Indian Union. These are some of the observations which I have ta make and I submit that this Bill may lie over.

Mr. Speaker: In view of the observations made, has the Government to make any statement?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഈ ബില്ലിനെപ്പററിയുള്ള ആക്ഷേപങ്ങൾ എല്ലാം ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള ഇവിടെ പ്രകടിപ്പിക്കുകയുണ്ടായി. അദ്ദേഹത്തിൽനിന്നുണ്ടായിട്ടുള്ള ആക്ഷേപങ്ങളെ ഓരോന്നായി എടുത്തു മറുപടി പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ആ ആക്ഷേപങ്ങൾക്ക് എന്തെങ്കിലും അടിസ്ഥാനം ഈ ബില്ലിലം ഉണ്ടെങ്കിൽ അതെല്ലാം സെലക്ട് കമ്മിററിയിൽവെച്ചു പര്യാലോചിക്കാവുന്നതാണ്. ഈ ബിൽ ഇപ്പോൾ അവതരിപ്പിക്കുന്നതു് എന്തുദ്ദേശത്തോടുകൂടിയാണെന്നു ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള ചോദിക്കുകയുണ്ടായി. ഇപ്പോൾ രണ്ടു രാജ്യങ്ങളിലേയും നിലവിലിരിക്കുന്ന ആക്ട് ഏകീകരിക്കേണ്ടതു് അത്യാവശ്യമായിരിക്കുന്നതുകൊണ്ടാണ് ഈ ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്. അതുകൊണ്ടു് ഈ സെഷനിൽതന്നെ അവതരിപ്പിച്ചു് ഈ ബിൽ നിയമമാക്കണമെന്നാണ് ഗവമ്മെണ്ടുദ്ദേശിക്കുന്നതു്. ഇതു സെലക്ട് കമ്മിററിക്ക് അയക്കുമ്പോൾ ആവശ്യമുള്ള ഭേദഗതികൾ വരുത്തുന്നതിന് ആ കമ്മിററിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. അതുകൊണ്ടു് സാധാരണ നിയമങ്ങൾ ഉണ്ടാക്കുന്നരീതിയിൽ ഇതിനു യാതൊരുവിധ പ്രത്യേക.....

ADJOURNMENT MOTION REGARDING DISTRIBUTION OF SUGAR

Sri. M. I. Paul: "I beg to move for the adjournment of the business of the Assembly to discuss on the unwise policy of the Government adopted in the distribution of sugar among the people of the United State."

സർ, ഈ പ്രമേയത്തെ സംബന്ധിച്ചു സംസാരിക്കുന്നതിനുമുമ്പായി സ്പീക്കറുടെ അനുമതിയോടുകൂടി—ഭക്ഷ്യവകുപ്പുമന്ത്രിയോടു് ആവശ്യമായ ചില ചോദ്യങ്ങൾ ഞാൻ ചോദിച്ചുകൊള്ളട്ടെ.

മി. സ്പീക്കർ: ഈ അടിയന്തിരപ്രമേയത്തെ അടിസ്ഥാനമാക്കി വേണ്ടതായ കാരണങ്ങൾ വെച്ചുകൊണ്ടു സംസാരിക്കാനുള്ളതു സംസാരിക്കാം. അതിന്ന് ആവശ്യമായ സംഗതികൾ ചോദിക്കാം.

ശ്രീ. എം. ഐ. പാറം: ഇതിനെ അടിസ്ഥാനമാക്കിയുള്ള ചില കാര്യങ്ങളാണ് എനിക്കു ചോദിക്കുവാനുള്ളതു്.

മി. സ്പീക്കർ: ഇപ്പോഴത്തെ അടിയന്തിരപ്രമേയത്തെ അടിസ്ഥാനമാക്കി പ്രസംഗിക്കാം.

ശ്രീ. എം. ഐ. പാറം: സർ, ചീഫ്മിനിസ്റ്റർ ഇന്നലെ ഇവിടെ പ്രസ്താവിക്കുകയുണ്ടായി കരിഞ്ചന്ത ഇവിടെ നടമാടുന്നുണ്ടെന്നു്. നമുക്കു് ഈ നാട്ടിൽ മാസത്തിൽ ൻ,൦൦൦ ചാക്കു പഞ്ചസാര ആവശ്യമുള്ളപ്പോൾ ഇൻഡ്യാഗവമ്മെണ്ടു നമുക്കു വെറും മൂവായിരം ചാക്കു പഞ്ചസാര മാത്രം അനുവദിച്ചിട്ടുള്ളതായി ഇവിടെ പറയുകയുണ്ടായി. അതേസമയത്തു തന്നെ നാലായിരം ചാക്കു പഞ്ചസാര നമുക്കു കൈവശമുണ്ടെന്നും അദ്ദേഹം പറയുന്നു. എന്നാൽ ഈ ഏഴായിരം ചാക്കു പഞ്ചസാര നമ്മുടെ ആവശ്യത്തിനു മതിയാകയില്ലെന്നു നമുക്കു നല്ലപോലെ അറിയാം. ഇതേസംബന്ധിച്ചു് ഇൻഡ്യാഗവമ്മെണ്ടിൽനിന്നും ഒരു നിർദ്ദേശം ഉണ്ടായി എന്നും അതുപോലെതന്നെ ചില കമ്പനിക്കാർക്കും നിർദ്ദേശമുള്ളതായി അദ്ദേഹം സമ്മതിക്കയുണ്ടായി. അദ്ദേഹം പറഞ്ഞു വേറെ ചില സ്ഥലങ്ങളിൽ സ്റ്റാക്കു ഫ്രീസ് ചെയ്തു എന്നും അതിനുശേഷം പ്രൈസ് കൺട്രോൾചെയ്തു എന്നും. നമ്മുടെ രാജ്യത്തു് പ്രൈസ് കൺട്രോൾചെയ്യുകയും അതേസമയത്തു് എന്തുകൊണ്ടു സ്റ്റാക്കു ഫ്രീസ്ചെയ്യുകയും ചെയ്തില്ല എന്നാണു് എന്റെ ചോദ്യം. അപ്രകാരം ചെയ്തിരുന്നു എങ്കിൽ എത്ര സ്റ്റാക്കു നമ്മുടെ രാജ്യത്തുണ്ടായിരുന്നു എന്നുള്ളതു വെളിപ്പെടുത്തുന്നതിനും സാധിക്കുമായിരുന്നു. ഒരു സംഗതി ഞാൻ പറയാം. ട്രിച്ചൂർ എ. എസ്സ്. ഓ. ഒരു ഫുഡ് അഡ്വൈസറി ബോർഡു മീററിംഗിൽ ഒരു ചോദ്യത്തിനു മറുപടിയായി പറഞ്ഞതു ട്രിച്ചൂരിൽ എ. സി. ചാക്കോ എന്നൊരു കച്ചവടക്കാരന്റെ പക്കൽ മൂവായിരം ചാക്കു പഞ്ചസാര ഇരിപ്പുണ്ടെന്നാണ്. എഴുപത്തിഅഞ്ചുലക്ഷത്തോളം വരുന്ന ജനങ്ങളുടെ ആവശ്യത്തിനായി ഗവമ്മെണ്ടു കൈവശം ഏതാണ്ടു് ഏഴായിരം ചാക്കു പഞ്ചസാര മാത്രം ഉള്ള സ്ഥിതിക്കു് ഈ ൻ,൦൦൦ ചാക്കു കട്ടസൂക്ഷിക്കുന്ന കച്ചവടക്കാരന്റെ പക്കൽനിന്നും ഈ മൂവായിരം ചാക്കു് എന്തുകൊണ്ടു നമ്മുടെ ഗവമ്മെണ്ടു ഫ്രീസ്ചെയ്യുന്നില്ല എന്നാണു് ഞാൻ ചോദിക്കുന്നതു്. അദ്ദേഹം പറഞ്ഞു മി. എ. സി. ചാക്കോ സ്വമനസ്സാലെ റാത്തലിനു് എഴണ നാലുപൈ വിലയ്ക്കു് അവിടെ ഏതാനും പഞ്ചസാര വിതരണംചെയ്യുകയുണ്ടായി എന്നു്. ഗവമ്മെണ്ടു യാതൊരു നോട്ടീസ്സും ഇതുസംബന്ധിച്ചു കൊടുത്തിട്ടില്ല. പക്ഷെ മിന്നൽ കാണുമ്പോൾ നമുക്കു മനസ്സിലാക്കാം ഉടനെതന്നെ ഇടിയുണ്ടാകുമെന്നു്. അദ്ദേഹത്തിന്റെ മഹാമനസ്കതകൊണ്ടു് കുറച്ചു പഞ്ചസാര അവിടെ വിതരണംചെയ്തു ബാക്കിയുണ്ടായിരുന്ന മൂവായിരം ചാക്കു കരിഞ്ചന്തയിൽ വില്ക്കുകയാണു് ചെയ്തതെന്നൂഹിക്കാം. മട്ടാഞ്ചേരിയിലും ഇതുപോലെ അവിടത്തെ വ്യാപാരികളുടെ കൈവശം പഞ്ചസാര ഉള്ളതായും അവർ കരിഞ്ചന്തയിൽ വില്ക്കുന്നതായും ചില വിവരങ്ങൾ കിട്ടിയിട്ടുണ്ടു്. അവിടെനിന്നും കിട്ടിയ അറിവിനെ ആസ്പദമാക്കി ഞാൻ സംസാരിക്കുകയാണു്. അവിടത്തെ കാര്യങ്ങളെ സംബന്ധിച്ചു മട്ടാഞ്ചേരിയിലെ മെമ്പറായ മി. സുലൈമാൻ അവർകൾ സംസാരിക്കുന്നതാണു്. പണ്ഡിത ജവഹർലാൽ നെഹ്റു ഭക്ഷണക്ഷാമം സംബന്ധിച്ചു ചെയ്ത ഒരു പ്രസംഗത്തിൽ അദ്ദേഹം പറയുകയുണ്ടായി കരിഞ്ചന്തക്കാരെ തൂക്കിലിടണമെന്നു്. എന്നാൽ ഇവിടെയുള്ള കരിഞ്ചന്തക്കാരെ തൂക്കിലിടണമെന്നല്ല ഞാൻ പറയുന്നതു്. അവർക്കു മതിയായ ശിക്ഷകൊടുക്കാത്തതുകാരണമാണു് കരിഞ്ചന്ത നാട്ടിൽ പരക്കെ നടന്നുകൊണ്ടിരിക്കുന്നതു്. ഇന്നുതന്നെ ഒരു പത്രത്തിൽ വായിച്ചതായി ഓർക്കുന്നു റാത്തലിനു രണ്ടുരൂപയായി എവിടെയോ മൂന്നുറാത്തൽ പഞ്ചസാര വിററു എന്നു്. അതു പോലീസു പിടിച്ചു കേസ്സാക്കിയതുകൊണ്ടും സബ്ജുഡീസ് ആയതുകൊണ്ടും ഞാൻ അതേപ്പററി സംസാരിക്കുന്നില്ല. വടക്കൻ പറവൂർ ഇതുപോലെ ഒരു കരിഞ്ചന്തക്കേസ്സുണ്ടായതു റേഷൻ കച്ചവടക്കാരന്റെ ലൈസൻസ്സു കാൻസൽചെയ്തു. പക്ഷെ കച്ചവടക്കാരൻ മി. നമ്പൂതിരി ഒരു സമർത്ഥനായതുകൊണ്ടു് ഉടനെതന്നെ വകുപ്പു മന്ത്രിയെ സമീപിക്കയും അദ്ദേഹത്തിനുതന്നെ ഷാപ്പു നടത്തുവാൻ വീണ്ടും അനുവാദം കൊടുക്കുകയുമുണ്ടായി.

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഈ പ്രസ്താവനയെ സംബന്ധിച്ച് എനിക്ക് പറയാനുള്ളതു് ഭക്ഷ്യവകുപ്പുമന്ത്രി അങ്ങിനെ ഒരു സ്റ്റേ കൊടുത്തിട്ടില്ലെന്നാണ്.

ശ്രീ. എം. ഐ. പോറ്റി: കച്ചവടക്കാരൻ മി. ഫ്രാൻസിസ് താടിക്കാരനാണ്.

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: പക്ഷെ അതു് സിവിൾ സപ്ലൈസ് കമ്മീഷണരുടെ അടുക്കൽ അപ്പീൽ കൊടുത്തിട്ട് എന്തെങ്കിലും ഓർഡർ കൊടുത്തിട്ടുള്ളതായിരിക്കാം.

ശ്രീ. എം. ഐ. പോറ്റി: ചില മുനിസിപ്പൽ അതുത്തിക്കകത്തു പഞ്ചസാര വിതരണം നടന്നതായി അറിഞ്ഞു. അവിടെ പോലീസ് സഹായത്തോടുകൂടി കൺട്രോൾ റേററിൽ വില്പന നടത്തിട്ടുണ്ടായിരിക്കാം. പക്ഷെ ഗ്രാമപ്രദേശങ്ങളിൽ ഒരുതരിപോലും പഞ്ചസാര വിതരണം ചെയ്യാനുള്ള സന്നനസ്സ് ഗവണ്മെന്റിന് ഉണ്ടായിട്ടില്ല എന്നുള്ളതു് പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഇതിന്റെ വെളിച്ചത്തിൽകൂടി നോക്കുമ്പോൾ നമ്മുടെ ഭക്ഷ്യവകുപ്പു കരിഞ്ചന്തക്കു കൂട്ടുനില്ക്കുകയല്ലെ ചെയ്യുതു് എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഒരുപക്ഷെ തൃപ്തികരമായി തോന്നുകയില്ലെങ്കിലും ഇതെസംബന്ധിച്ച് എത്രമാത്രം സംശയങ്ങൾ ബഹു. മെമ്പറന്മാർക്കും ജനങ്ങൾക്കും ഉണ്ടായിട്ടുണ്ടെന്നുകൂടി ധരിക്കുവാൻ ഞാൻ പ്രത്യേകിച്ച് ഉൽബോധിപ്പിച്ചുകൊള്ളുന്നു.

കൂടാതെ എന്റെ അറിവു ശരിയാണെങ്കിൽ ഭക്ഷ്യവകുപ്പുമന്ത്രി ഇവിടെ ഇല്ലാതിരുന്ന കാലത്താണോ പഞ്ചസാരക്കു വില ക്ലിപ്തപ്പെടുത്തിയതു് എന്നുള്ള വിവരം മന്ത്രി അവർകളുടെ മറുപടി പ്രസംഗത്തിൽ എന്നെ ധരിപ്പിച്ചാൽ കൊള്ളാമെന്നു് എനിക്കൊരുപേക്ഷയുണ്ട്. അങ്ങിനെ പഞ്ചസാര വിതരണം സംബന്ധിച്ച് നമ്മുടെ ഗവണ്മെണ്ട് കൈക്കൊണ്ട നയത്തെപ്പററി ആലോചിക്കുമ്പോൾ വലുതായ സംശയം തോന്നുന്നു. അതായതു് സ്റ്റാക്ക് ഫ്രീസുചെയ്യാതെ എന്തുകൊണ്ട് പ്രൈസ് കണ്ട്രോൾ ചെയ്തു എന്നാണ് എല്ലാവരും ചോദിക്കുന്നതു്. ഈ നയംവച്ചു നോക്കുമ്പോൾ വണ്ടിയുടെ പിന്നാലെ കുതിരയെ കെട്ടുന്നതു പോലെ അല്ലെ എന്നാണ്. എല്ലാ സ്ഥലത്തേയും സ്റ്റാക്ക് ഫ്രീസു ചെയ്യാതെ പ്രൈസ് കൺട്രോൾ ചെയ്തു കരിഞ്ചന്തക്കാരെ പ്രോത്സാഹിപ്പിക്കുകല്ലെ. എന്തുകൊണ്ടാണ് അപ്രകാരം ചെയ്തതു് എന്നാണ് ഞാൻ ചോദിക്കുന്നതു്. അതു് കരിഞ്ചന്തക്കാരെ പോഷിപ്പിക്കുന്നതിനുള്ള ഒരു പ്ലാൻ അല്ലെ, ഗവണ്മെണ്ടിന് ഇതിൽ വല്ല പങ്കും ഉണ്ടോ എന്നു ഈ രാജ്യത്തെ ജനങ്ങൾ സംശയിക്കുന്നതിൽ തെററില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇൻഡ്യയിൽ എവിടെയെങ്കിലും സ്റ്റാക്ക് ഫ്രീസ് ചെയ്തിട്ടുണ്ടോ?

ശ്രീ. എം. ഐ. പോറ്റി: പല സ്ഥലത്തും ഫ്രീസ് ചെയ്തിട്ടുണ്ടെന്നു് ചീഫ് മന്ത്രി പ്രസ്താവിക്കയുണ്ടായി. ഈ വക കാരണങ്ങൾ വച്ചുകൊണ്ട് നോക്കുകയാണെങ്കിൽ നമ്മുടെ ഭക്ഷ്യവകുപ്പിന്റെ ഈ നയം ഒരുതരത്തിലും ആശാസ്യകരമല്ലെന്നു നാം സമ്മതിക്കേണ്ടിയിരിക്കുന്നു. പക്ഷെ ഞാൻ ഒന്നു പറഞ്ഞുകൊള്ളട്ടെ. ഇങ്ങനെയുള്ള ഭരണം ഞങ്ങൾക്കും ജനങ്ങൾക്കും വേണ്ടേ വേണ്ട. ഭക്ഷ്യപ്രശ്നം വലുതായ ഒരു പ്രശ്നമാണ്. ഭക്ഷ്യക്ഷാമം ഇങ്ങനെയുള്ള മൗഢ്യ നയംകൊണ്ടും ഉത്തരവാദബോധമില്ലായ്മകൊണ്ടുമാണ് ഉണ്ടാകുന്നതു്. ഈ നയം തുടരുകയാണെങ്കിൽ ഏററവും ആപൽകരമായിട്ടുള്ളതാണെന്നു് ഞാൻ ഗവണ്മെണ്ടിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

ഇന്നലെ ഇരുപതുലക്ഷം രൂപായുടെ ഒരു ഉപധനാഭ്യർത്ഥന വന്നപ്പോൾ അതു് എന്തിനുവേണ്ടിയാണ് എന്നു് ചോദിച്ചപ്പോൾ നമ്മുടെ മന്ത്രി അവർകൾ മൗനം ദീക്ഷിക്കുകയാണ് ചെയ്തതു്. ഇതു് എന്തൊരു നയമാണെന്നാണ് ഞാൻ ചോദിക്കുന്നതു്. മനഃപൂർവ്വം ഞാൻ പറയുന്നതല്ല. ഇതിന്റെ എല്ലാം പ്രതിഷേധമായും ഇതുകളുടെ വെളിച്ചത്തിലും ഒരു പക്ഷെ ഒരു അവിശ്വാസപ്രമേയം തന്നെ കൊണ്ടുവന്നു ഈ ഗവണ്മെണ്ടിനെ മാററുവാൻ ഇടവന്നേക്കുമെന്നു് ഞാൻ സംശയിക്കുന്നു.

ശ്രീ. സി. വി. ഇയ്യു: അങ്ങിനെയുള്ള കടുത്തനയം ഒന്നും പ്രയോഗിക്കരുതു് എന്നു് പറഞ്ഞാൽ കൊള്ളാം.

Sri. C. V. Iyyu: I rise to a point of order. The Hon'ble Speaker seems to have stated that all the members who have tabled adjournment motions will be given preference to speak first. There may be the member representing the industry and the Sugar dealers to speak on

[Sri. C. V. Iyyu]

this resolution. They may not get time. There will be members who want to discuss this subject on its own merits. There are some like my humbleself, who would request the Hon'ble Member to withdraw this motion, because I fear this will be treated as a motion of no-confidence, particularly as the members who speak are members of the party in power and they are discussing the unsatisfactory policy pursued by Government. I think the Hon'ble Minister has faintly indicated that he will treat this as a motion of no-confidence. If that be so, it would be very serious, particularly in Travancore where signatures are collected. (Laughter).

Mr. Speaker: As regards the point whether preference should be given to members who have given notice of the motion to speak first, I think that it will be only proper. As for the second point, I do not think that the Hon'ble Member ever used the word 'confidence' or 'no-confidence' in speaking on this motion. It does not arise at all.

Sri. N. D. Jose: Mr. Speaker, I shall be very grateful to the Hon'ble Minister concerned if he can place sufficient facts before the House to prove that this is not a case of lack of foresight, and carelessness, shall I say, bunking. The Hon'ble Minister was away at Delhi. He immediately returned flying across the skies and convened a Press Conference. In that Conference he stated that there is no sugar in the State and that he is going to fix the price of sugar. It amounted to saying that if you want to carry on blackmarketting you may do it for sometime more. If that is not what is meant, I would request the Hon'ble Minister concerned to convince this House whether he had used a little foresight in dealing with such an important issue. There are today nine Ministers and I am not one of those who condemn the number of Ministers. But I am one of those who feel that if there are a good number of Ministers they should have and they can have the time to make a thorough study of any situation. When the Minister returned from Delhi he said something which any person in his position ought not to have said, especially with the experience of this country for the past ten years. He said that there is no stock of sugar and that he is going to fix the price of sugar. I request the Hon'ble Minister to think for himself how did he expect the people to behave in the face of such a statement. Merchants who were doing blackmarketing business were told the real facts. It was an opportunity for them. It should not have been revealed to them under any circumstances. The wise course would have been to hide the true facts till sufficient measures had been taken to see that stocks are ascertained and frozen and necessary steps taken to ensure rationing. I know that if there is a certain lack of sugar in the country, the people are not going to perish. I am fully conscious of that fact. I am also conscious of the fact that even though the Hon'ble Minister has blundered he has blundered in good company. He is in the company of the big wigs at Delhi. I do not know whether the big wigs of Delhi are also unaware of the fact what they were doing is leading to blackmarketting of sugar in this country. I would request the Hon'ble Minister to pause and consider the matter. This portfolio is important and cannot be trifled with. The horrors of Bengal will be repeated in Travancore as well, if any mistake is made. Now it is the case of sugar. Next it may be the case of foodgrains. Perhaps the Hon'ble Minister is not aware that the foodgrains available in the ration markets at times are completely unfit for human consumption. It is as though Travancore has become the dumping ground of what is not wanted in any other part of India. The object of my speech is not to condemn the Hon'ble Minister but to point out that there is prevalent in the country a section of opinion that is not thoroughly satisfied with the way things are carried on by the Food Minister. Then I shall be grateful to the Hon'ble Minister if he can enlighten us as to what happened to the correspondence between the Government of India and the Government of the United State. There are so many current rumours about it. I heard many of them and I had not sufficient facts to refute any. I shall be grateful, therefore, if the Hod'ble Minister tells us what happened to the correspondence with the Government of India. Then there is a kind of tug of war that is going on between the cultivators and the Government. Meetings are held, statements are issued and counter statements are also published. There is a feeling prevalent in the State and I am saying this subject to correction that the Government in dealing with the sugar cane growers and the sugar cane manufacturers did not hold the scales even between the producers and manufacturers. There is a feeling current in the State that Government had fixed a price which was far in excess of the price prevailing in the rest of India for sugar cane. I do not want to raise any alaram or accuse the Hon'ble Minister.

In short I want to place before the Hon'ble Minister these facts. First it was a great mistake in having met the Press Representatives and revealed the true position to them. Secondly I would request the Hon'ble Minister to make it clear why the scales were not held even between the sugar growers and sugar producers. Thirdly, I would welcome information

as to how Government proposed to carry on rationing in this State. Next I would be interested to know why the rationing of sugar was left before sugar scarcity is over. And last but not least, I would request the Hon'ble Food Minister not to pat himself on the back thinking that the sugar situation is easy because the crushing season is near there is the possibility of the situation being eased. He should not foreget the fact that above all and there is a lot of importance for sugar as an article of food and his portfolio has vital importance to the people. I would therefore request the Hon'ble Minister to provide himself with the necessary facts and bestow greater attention and effort on this problem.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഇന്നലെ പഞ്ചസാരയെപ്പററിയും പഞ്ചസാര കിട്ടാത്തതുമൂലം ഉണ്ടായിട്ടുള്ള സ്ഥിതിഗതികളെപ്പററിയും ഒരു അടിയന്തിരപ്രമേയം ഞാനും ഹാജരാക്കിയിരുന്നു. ഇന്നു തിരുവിതാംകൂറിന്റെ നാനാഭാഗത്തുനിന്നും വന്നുകൊണ്ടിരിക്കുന്ന മുറവിളിയെ ആസ്പദമാക്കിയാണ് ഈ അടിയന്തിര പ്രമേയം കൊണ്ടുവന്നിട്ടുള്ളത്. അതു് വളരെ വിഷമകരമായ ഒരു അവസ്ഥയെ ചൂണ്ടിക്കാണിക്കുന്നു എന്നുള്ളതു് ഗവൺമെണ്ടിനും പക്ഷെ അറിയാമായിരിക്കും. നാട്ടിൻപുറങ്ങളിൽ പഞ്ചസാര ഒരു തരിപോലും കിട്ടുന്നില്ലെന്നും കിട്ടുന്നുണ്ടെങ്കിൽതന്നെ അതു് രണ്ടോ മൂന്നോ നാലോ രൂപാ വരെ കൊടുത്തുതന്നെ വാങ്ങുന്നു എന്നുള്ള വസ്തുത ഗവൺമെണ്ടു് അറിഞ്ഞിരിക്കുമെന്നു തോന്നുന്നു. പഞ്ചസാരയുടെ ക്ഷാമം നിമിത്തമുണ്ടായിട്ടുള്ള കഷ്ടതകളെ സംബന്ധിച്ചു് മി. പോൾ അവർകൾ പറഞ്ഞുകഴിഞ്ഞു. ഇവിടെ ആദ്യമായി പഞ്ചസാര വിതരണം സംബന്ധിച്ചു് സകല അവകാശങ്ങളും അധികാരങ്ങളും പാരി ആൻസു് കമ്പനിക്കു് കൊടുത്തു എന്നാണു് അറിവു്. അവർ പഞ്ചസാര വിതരണം സംബന്ധിച്ചു് യാതൊരു പരിജ്ഞാനവുമില്ലാത്ത കോഡറിനും, സ്പെൻസറിനും, പഞ്ചസാര വിതരണത്തിനായി ഏല്പിച്ചു.

ശ്രീ. കെ. എ. മാത്യു പഞ്ചസാര വിതരണത്തിനു് എന്തു് പരിചയമാണു് വേണ്ടതു്?

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: പഞ്ചസാരക്കു് ആവശ്യക്കാർ ആരെല്ലാമാണെന്നു് പഞ്ചസാര വാങ്ങി പിശുക്കൊന്നുംകൂടാതെ ഉപയോഗിക്കുന്നവർ ആരെല്ലാമാണെന്നും ബ്ലാക്കുമാക്കററവു നടത്തുന്നവർ ആരെല്ലാമാണെന്നും അറിയാവുന്ന കച്ചവടക്കാരെത്തന്നെ പഞ്ചസാര വിതരണം ഏല്പിച്ചിരുന്നുവെങ്കിൽ ബ്ലാക്കുമാക്കററവു നടക്കുമായിരുന്നില്ല എന്നാണു് ഞാൻ പറയുന്നതു്. അതിനുള്ള പരിചയമാണു് ഞാൻ ഉദ്ദേശിക്കുന്നതു്.

ശ്രീ: കെ. എ. മാത്യു: പരിചയമുള്ള കച്ചവടക്കാരിൽ ബ്ലാക്കുമാക്കററവുകാരില്ലെ?

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഉണ്ടായിരിക്കും. എന്നാൽ അങ്ങിനെയുള്ള ബ്ലാക്കുമാക്കററവുകാരെ തിരിച്ചറിയാൻ കഴിയുന്ന ആളുകളെ പഞ്ചസാര വിതരണം ഏല്പിക്കാമായിരുന്നില്ലെ എന്നാണു് ഞാൻ ചോദിക്കുന്നതു്.

ശ്രീ. കെ. എ. മാത്യു: ബ്ലാക്കുമാക്കററവുകാർ.....

Sri. K. K. Chellappan Pilli : I don't yield, Sir.

Mr, Speaker: If the member is not prepared to yield the Hon'ble questioner must desist from putting any question to him. That is the only remedy.

ശ്രീ. സി. വി. ഐയ്യ. ബഹു. മെമ്പർ ബ്ലാക്കുമാക്കററവു ചെയ്യാത്ത കച്ചവടക്കാരുടെ ഒരു പട്ടിക ഗവൺമെണ്ടിലേക്കു് സമർപ്പിക്കുകയും അതനുസരിച്ചു് ഗവൺമെണ്ടു് പ്രവർത്തിക്കാതിരിക്കയും ചെയ്തു എങ്കിലല്ലെ ആ ചോദ്യം ഉദിക്കുന്നുള്ളു എന്നാണു് ഞാൻ പറയുന്നതു്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: അങ്ങിനെ ഒരു പട്ടിക തയ്യാറാക്കി സമർപ്പിക്കുന്നതിനുള്ള അധികാരമൊ അവകാശമൊ എനിക്കില്ല. അതു് ഞാൻ ചെയ്യേണ്ടതാണെന്നു എനിക്കു് തോന്നുന്നില്ല.

ശ്രീ. സി. വി. ഐയ്യ: ബ്ലാക്കു മാക്കററവുകാരല്ലാത്ത കച്ചവടക്കാരെ ഈ ഐക്യസംസ്ഥാനത്തു ഒരിടത്തും ഞാൻ കണ്ടിട്ടില്ല.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: സ്പെൻസറൊ; കോഡറൊ അതിനു് പരിചയമില്ലാത്തതുകൊണ്ടു് അവർ ബ്ലാക്കു മാക്കററവു ചെയ്തിട്ടില്ലെന്നും വരാം. എന്നാൽ പഞ്ചസാര ആവശ്യക്കാരെ അറിഞ്ഞു ശരിയായി വിതരണം ചെയ്യുന്നതിനു് വേണ്ടുന്ന പരിചയം അവർക്കില്ലായിരുന്നു എന്നുള്ളതു് ആർക്കും അറിയാവുന്ന ഒരു പരമാർത്ഥം മാത്രമാണു്. ഇവിടെ

[Sri. K. K. Chellappan Pillai]

ത്തന്നെ കോടറിലും സ്റ്റെൻസറിലും മററും കൂവിൽനിന്നു ബുദ്ധിമുട്ടി പഞ്ചസാര വാങ്ങി അപ്പുറത്തു നാലുമുക്ക് കഴിഞ്ഞാൽ വല്ല ചായക്കടക്കാരെക്കൊ കാപ്പിക്കടക്കാരെക്കൊ വിലക്കു കൊടുക്കുന്ന പതിവു ഉണ്ടെന്നു പലരും എന്നോടു പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. എ. മാത്യു: അതു് വാങ്ങിച്ചു ആളുകളുടെ കുററമാണൊ വിററ ആളുകളുടെ കുററമാണൊ?

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ബഹു. മെമ്പക്കു് കോഡറേയൊ, സ്റ്റെൻസറേയൊ പ്രത്യേകം ബഹുമാനമുണ്ടെങ്കിൽ ആ ബഹുമാനം എനിക്കുമുണ്ടെന്നു് മെമ്പർ മനസ്സിലാക്കിയാൽ കൊള്ളാം. പഞ്ചസാര ആവശ്യമുള്ളവരാരെന്നു തിരിച്ചറിയാവുന്ന കച്ചവടക്കാരെ എല്ലിച്ചിരുന്നുവെങ്കിൽ ഇങ്ങനെ ബ്ളാക്കു മാക്കററിൽ പോവുകയില്ലായിരുന്നു എന്നുമാത്രമാണു് ഞാൻ പറയുന്നതു്. ഇവിടെ റേഷനിംഗ് നടപ്പിലാക്കിയിട്ടുണ്ടു രണ്ടുമൂന്നു കൊല്ലങ്ങളായിട്ടുണ്ടു്. അതുകൊണ്ടു് ഓരൊ സ്ഥലത്തും പഞ്ചസാര ഉപയോഗിക്കുന്ന ആളുകൾ ആരെല്ലാമാണെന്നും പഞ്ചസാരവാങ്ങി ബ്ളാക്കു മാക്കററിൽ വിററു് ബിസിനസ്സ് നടത്തുന്നവർ ആരെല്ലാമാണെന്നും തിരിച്ചറിയുന്നതിനു് അതാതു് സ്ഥലങ്ങളിലെ റേഷൻകച്ചവടക്കാർക്കു് കഴിയുമെന്നുള്ളതു് സ്വാഭാവികമാണു്. ഇങ്ങിനെയുള്ളവരെ അന്വേഷിച്ചു് പഞ്ചസാരവിതരണം എല്ലിക്കാമായിരുന്നില്ലെ എന്നാണു് എന്റെ ചോദ്യം. നേരെമറിച്ചു് ഇവിടെ നടന്നതെന്തെന്നാൽ പഞ്ചസാര വാങ്ങി ബ്ളാക്കു മാക്കററിൽ വിററു് ബിസിനസ്സ് നടത്തുന്നവരുടെ കയ്യിൽ പഞ്ചസാര മുഴുവൻ ചെന്നുചേർന്നു എന്നുള്ളതാണു്. അതിനു് സൗകര്യമുണ്ടാക്കികൊടുത്ത അനാശാസ്യപരിതസ്ഥിതികൾ ഇവിടെ ഉണ്ടായി എന്നു് പറയാതെ തരമില്ല. എന്റെ സ്നേഹിതൻ ശ്രീ. പോൾ പറഞ്ഞതുപോലെ പഞ്ചസാരയുടെ സ്റ്റാക്കു് ഫ്രീസ് ചെയ്യാതെ വില നിയന്ത്രിച്ചതു് ബ്ളാക്കു മാക്കററുകാരെ മനഃപൂർവ്വം പ്രോത്സാഹിപ്പിക്കാൻ ഗവമ്മെന്റെടുത്ത ഒരു പണിയായിരുന്നു എന്ന അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. എന്നാൽ ഇക്കാര്യത്തിൽ ഗവമ്മെണ്ടിനു ഒരു ബുദ്ധിമോശം ഉണ്ടായി എന്നു് നിശ്ചയമായും ഞാനും പറയും. പഞ്ചസാരക്കു് ക്ഷാമം നേരിടാൻ പോകുന്നുവെന്നു് ഗവമ്മെൻറു് എന്തുകൊണ്ടു് മുൻകൂട്ടി കണ്ടില്ല എന്ന ഒരു ചോദ്യം ഞാൻ ഗവമ്മെണ്ടിനോടു ചോദിക്കുന്നു. അതു പോലെതന്നെ നമ്മുടെ രാജ്യത്തു എത്രമാത്രം പഞ്ചസാര സ്റ്റോക്കുണ്ടെന്നും ഇൻഡ്യാഗവമ്മെൻറിൽനിന്നും എന്തുമാത്രം പഞ്ചസാര നമുക്കു കിട്ടാനിടയുണ്ടെന്നും എന്തുകൊണ്ടു് ഗവമ്മെൻറു നേരത്തെ അന്വേഷിച്ചില്ല എന്നും ചോദിക്കേണ്ടിയിരിക്കുന്നു. ബ്ലാക്കുമാക്കററുകാരെ പ്രോത്സാഹിപ്പിക്കുന്നതിൽ ഗവമ്മെണ്ടിനും പങ്കുണ്ടു് എന്ന ആരോപണത്തോടു് ഞാൻ യോജിക്കുന്നില്ലെങ്കിലും ഗവമ്മെണ്ടിനു് ഒരു ബുദ്ധിമോശം പററിയിട്ടുണ്ടെന്നുള്ളതിനു് യാതൊരു സംശയവുമില്ല. പഞ്ചസാരയുടെ സ്റ്റാക്കു തിട്ടപ്പെടുത്താതെയും ഫ്രീസ് ചെയ്യാതെയും വില ക്ലിപ്തപ്പെടുത്തിയപ്പോൾതന്നെ പഞ്ചസാര സ്റ്റാക്കുണ്ടായിരുന്നവരെല്ലാം ബ്ലാക്കുമാക്കററിംഗിനുവേണ്ടി പൂഴ്ത്തിവച്ചു എന്നുള്ളതു് വെറും പരമാർത്ഥം മാത്രമാണു്. ഹോൾസെയിൽ ചിററനുസരിച്ചും ബ്ലാക്കുമാക്കററുകൾ നടന്നിട്ടുണ്ടെന്നാണു് എനിക്കറിയാൻ കഴിഞ്ഞതു്. അതിന്റെ ഫലമായുണ്ടായ ദുരിതങ്ങളാണു് നാം ഇപ്പോൾ അനുഭവിക്കുന്നതു്. ഇങ്ങനെ വളരെ അധികം പഞ്ചസാര ബ്ളാക്കുമാക്കററിൽ പോയതിനുശേഷമാണു് പഞ്ചസാര റേഷൻ ചെയ്യണമെന്നു് ഗവമ്മെണ്ടു തീരുമാനിച്ചിരിക്കുന്നതു്. ഇവിടെ തിരുവനന്തപുരം ടൗണിൽതന്നെ ന്ന യൂണിററുവരെ ഉള്ളവക്കു് കാൽ പൗണ്ടും അതിനുമേൽ ഏഴു യൂണിററുവരെ ഉള്ളവക്കു് അര പൗണ്ടും അതിനുമേലുള്ളവക്കു് ഒരു പൗണ്ടും നൽകുന്നതിനാണു് നിർദ്ദേശം നല്കിയിരിക്കുന്നതെന്നു് റേഷനിംഗ് ആഫീസിലെ നോട്ടീസിൽനിന്നും എനിക്കു മനസിലാക്കാൻ കഴിഞ്ഞു. ഇങ്ങനെ വിതരണം ചെയ്യുന്ന പഞ്ചസാരകൊണ്ടു് എങ്ങിനെയാണു് കഴിച്ചുകൂട്ടാൻപോകുന്നതെന്നു് എനിക്കു നിശ്ചയമില്ല. ചാക്കിനു് ഏ ൦ രൂപയോളം വിലയുള്ള പഞ്ചസാര പൂഴ്ത്തിവച്ചു കച്ചവടക്കാർ ൨ ൫ ൦-൦ ൩ ൦ ൦-൦ രൂപവരെ വിലവച്ചു് വില്ക്കുന്നുണ്ടെന്നു ഞാൻ അറിയുന്നു. എനിക്കാരേയും കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതു ഞാനും സമ്മതിക്കുന്നു: ബ്ളാക്കുമാക്കററു നിർബ്ബന്ധിതമായി നടത്തത്തക്കവണ്ണമുള്ള പരിതസ്ഥിതികളിൽ ബ്ളാക്കുമാക്കററുകാരെ കണ്ടുപിടിക്കാൻ അതു എളുപ്പമല്ല. ബ്ളാക്കുമാക്കററിൽ വാങ്ങിക്കുന്നവർതന്നെ അതു പുറത്തുപറയുന്നതു സാധാരണമല്ല. പൊലീസുകാർ പിടിച്ചു് അടിച്ചാൽ ഒരുപക്ഷെ പറയുമായിരിക്കാം. ബ്ളാക്കുമാക്കററുകേസുകൾ കണ്ടുപിടിക്കാനും തെളിയിക്കാനും പൊതുജന സഹകരണംകൊണ്ടല്ലാതെ സാദ്ധ്യമല്ല. അതല്ലെങ്കിൽ അത്രവളരെ കർശനമായ നടപടികൾ ഗവമ്മെണ്ടു സ്വീക

രിക്കേണ്ടിവരും. പഞ്ചസാരക്ക വില വർദ്ധിപ്പിക്കുവാൻ പോകുന്നു എന്നു അറിഞ്ഞ നിമിഷത്തിൽതന്നെ പൂഴ്ത്തിവെപ്പുകാരെ കണ്ടുപിടിച്ചു് അവരുടെ സ്റ്റാക്ക ഫ്രീസ്ചെയ്തു് വെളിയിൽകൊണ്ടുവരുക എന്നുള്ളതായിരുന്നു ആദ്യമായി ഗവമ്മെണ്ടു ചെയ്യേണ്ടിയിരുന്നതു്. അതിനു ഗവമ്മെണ്ടു എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ എന്നെനിക്ക നിശ്ചയമില്ല. യാതൊരു നടപടിയും നടത്തിയിട്ടില്ലെന്നാണു് പ്രത്യക്ഷത്തിൽ ഞാൻ കാണുന്നതു്. വ്യ ലക്ഷത്തിലധികം ജനങ്ങളുള്ള ഈ കൊച്ചി തിരുവിതാംകൂർ ഐക്യസംസ്ഥാനത്തെ ആവശ്യത്തിനു് ഇൻഡ്യഗവമ്മെണ്ടിന്റെ കണക്കനുസരിച്ചുതന്നെ പത്തു പതിനായിരം ടൺ പഞ്ചസാര ആവശ്യമാണു്. അതിൽ ഒരു എട്ടുലക്ഷത്തി തൊണ്ണൂറായിരം പൗണ്ടിനുമേൽ ഇവിടെത്തന്നെ ഉണ്ടാക്കാൻ സാധിക്കുമെന്നു വിചാരിക്കുന്നു. ബാക്കിയുള്ളതിൽ ഇൻഡ്യാഗവമ്മെണ്ടിന്റെ സൗജന്യംകൊണ്ടു് ഒരു ലക്ഷത്തോളം പൗണ്ടു് പഞ്ചസാര നമുക്കു് നല്കാമെന്നു സമ്മതിച്ചിരിക്കുന്നതായി അറിയുന്നു. ഈ കണക്കുകൾവെച്ചു് നോക്കിയാൽ നമ്മുടെ ഐക്യസംസ്ഥാനത്തിലേക്കു് ആവശ്യമുള്ളതിൽ ഒരു ഇരുപത്താറായിരം പൗണ്ടോളം പഞ്ചസാര ഇവിടത്തന്നെ ഉണ്ടാക്കേണ്ടതായിട്ടുണ്ടു്. എന്റെ അന്വേഷണത്തിൽ ഇതുവരെയുള്ള റേഷനിംഗിന്റെ കണക്കുവച്ചു നോക്കിയാൽതന്നെ കൊച്ചി തിരുവിതാംകൂർ സംസ്ഥാനത്തിനു് സാധാരണയായി കിട്ടിവന്നിരുന്നതു് ഒരു പതിമൂന്നു-പതിനയ്യായിരം ടൺ പഞ്ചസാരയാണെന്നറിയുന്നു. ഇതെല്ലാം ഓർക്കുമ്പോൾ ഇപ്പോൾ അനുഭവിച്ചിട്ടുള്ള പഞ്ചസാരകൊണ്ടു് എങ്ങിനെയാണു് നമ്മുടെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ പോകുന്നതെന്നു് എനിക്ക മനസ്സിലാകുന്നില്ല. ഒരു കുഞ്ഞിനു പാലുകൊടുക്കണമെങ്കിലും പഞ്ചസാര ഇല്ലാതെ കഴിയുകയില്ല. ചായക്കടകൾ ഇപ്പോൾ എല്ലാസ്ഥലങ്ങളിലും വലിയതോതിൽ നടക്കുന്നുണ്ടു്. ഈ ആവശ്യങ്ങൾക്കെല്ലാം പഞ്ചസാരകിട്ടുമോ എന്നൊരു ആശങ്ക ജനങ്ങളുടെ ഇടയിൽ ഉണ്ടു്. അത്തരം ആശങ്കകൾ ജനങ്ങളുടെയിടയിൽ ഉണ്ടാകാതിരിക്കുന്നതിനും ഉണ്ടെങ്കിൽ ഇല്ലാതാക്കുന്നതിനുമുള്ള കടമ ഗവമ്മെണ്ടിനുണ്ടു്. ഇവിടത്തെ പമ്പാറിവർഫാക്ടറിയിൽ എണ്ണായിരം ടണ്ണോളം പഞ്ചസാര ഉൽപാദിപ്പിക്കാൻ സാധിക്കുമെന്നാണു് അറിയുന്നതു്. പക്ഷേ അതുതന്നെയും ഉൽപാദിപ്പിക്കാൻ സാദ്ധ്യമല്ലാത്ത ഒരു പരിതസ്ഥിതിയാണു് ഇപ്പോഴുള്ളതു്. കരിമ്പു് ശക്കരക്ക ഉപയോഗിക്കുന്നതുകൊണ്ടു് ആ കമ്പനിക്കു് കൊടുക്കാതെ കൈവശപ്പെടുത്താൻ ഗവമ്മെണ്ടു ചില സൂക്ഷ്മപരപരിപാടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ആ പരിപാടികൾ അരോചകമായി തോന്നിയ തിരുവല്ലായിലെ ജനങ്ങൾ ക്ഷുബ്ധരായി തീർന്നിരിക്കയുമാണെന്നാണു് എന്റെ അറിവു്. അങ്ങിനെയിരിക്കുമ്പോൾ എങ്ങിനെയാണു് ആ ഫാക്ടറിയിൽ കൂടുതൽ പഞ്ചസാര ഉൽപാദിപ്പിക്കാൻ പോകുന്നതെന്നും അറിയാൻ തരമില്ല. ഈ എണ്ണായിരം ടൺ കഴിച്ചാൽ ബാക്കി ആവശ്യമുള്ളതു് ഇൻഡ്യാഗവമ്മെണ്ടിനോടു് ഈ ഗവമ്മെണ്ടു് ആവശ്യപ്പെട്ടിട്ടുണ്ടോ എന്നും അറിയേണ്ടിയിരിക്കുന്നു. ഇതെല്ലാം ജനങ്ങളുടെ ആശങ്ക ഇല്ലാതാക്കാൻവേണ്ടി ചെയ്യേണ്ട കാര്യങ്ങളാണു്. മറെറാരു സംഗതിയും ശ്രദ്ധിക്കേണ്ടതായിട്ടുണ്ടു്. ഫ്രണ്ട്-ലൂംമറവും പുറത്തുനിന്നും എന്തെങ്കിലും ആവശ്യപ്പെട്ടാൽ വരുന്നു വരുന്നു എന്നു കുറെക്കാലം പറഞ്ഞശേഷം ഒടുവിൽ വരാതിരിക്കുന്ന ഒരു പരിതസ്ഥിതി ഉണ്ടായിരുന്നു. അതുപോലെയുള്ള പരിതസ്ഥിതികൾ സൃഷ്ടിക്കാൻ ഇടയാക്കരുതു്.

പഞ്ചസാര റേഷനിംഗിനെപ്പററിയും എനിക്കു് ഒരുവാക്കു് പറയുവാനുണ്ടു്.

Sri C. V. Iyyu: Sir, the resolution speaks about the unwise policy of the Government adopted in the matter. So the member may be asked to confine his remarks to that aspect.

Mr. Speaker: The hon'ble member will please proceed.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: അതിനെപ്പററിതന്നെയാണു് ഞാനും പറയുന്നതു്. റേഷനിംഗിന്റെ പൊതുനയത്തെപ്പററി പറഞ്ഞാൽ സാധാരണ ആളുകൾക്കു് മനസ്സിലാകുമെന്നു് വിചാരിച്ചാണു് ഞാൻ പറയുന്നതു്. പ്രത്യേകിച്ചും ഞാൻ അയച്ചിട്ടുള്ള അടിയന്തിരപ്രമേയത്തെക്കൂടി അടിസ്ഥാനമാക്കിയാണു് ഞാൻ സംസാരിക്കുന്നതു്.

സ്റ്റാക്കു് ഉണ്ടാക്കിയാൽ അതു എങ്ങിനെ വിതരണം ചെയ്യണമെന്നുള്ളതാണു് അടുത്ത പ്രശ്നം. ആഹാരസാധനങ്ങൾ വിതരണംചെയ്യുന്ന റേഷൻകച്ചവടക്കാരെതന്നെ പഞ്ചസാരവിതരണവും ഏൽപ്പിക്കുകയായിരിക്കും നല്ലതെന്നാണു് എന്റെ അഭിപ്രായം. ഇപ്പോൾ പഞ്ചസാര കച്ചവടത്തിനു ധാരാളം ആളുകൾ മുമ്പോട്ടുവന്നിട്ടുണ്ടെന്നു ഞാൻ അറിയുന്നു. തോവാളമുതൽ ചിറവൂർവരെയുള്ള സ്ഥലങ്ങളിൽനിന്നും, അതിനപ്പുറത്തു മലബാ

[Sri. K. K. Chellappan Pillai]

റിൽനിന്നുപോലും പഞ്ചസാര കച്ചവടത്തിനു ആളുകൾ വന്നിട്ടുണ്ടെന്നു ഞാൻ കേട്ടു. ഇവരെല്ലാം പുത്തൻ കച്ചവടക്കാരുമാണു്. പഞ്ചസാര ബ്ലാക്കുമാക്കറ്റുമൂലം പണം സമ്പാദിക്കാമെന്നു വിചാരംകൊണ്ടാണു് ഇവരെല്ലാം പഞ്ചസാര സ്റ്റാക്കിസ്റ്റുമാരാകാൻ തയ്യാറായി വന്നിരിക്കുന്നതു്. ഏതായാലും പഞ്ചസാരക്ഷാമം അധികകാലം നിലനില്ക്കുകയില്ലെന്നു അവക്കറിയാം. കുറഞ്ഞ സമയത്തിനുള്ളിൽ കൂടുതൽ പണമുണ്ടാക്കാമെന്നു് കരുതിയാണു് അവർ വന്നിരിക്കുന്നതു്. അതുകൊണ്ടു് അങ്ങിനെയുള്ളവരെ ഒരിക്കലും പഞ്ചസാരവിതരണത്തിനു് ഏല്പ്പെടുത്തരുതെന്നാണു് എനിക്കു് പറയുവാനുള്ളതു്.

ഒരുകാര്യംകൂടി എനിക്കു് പറയുവാനുണ്ടു്. സാധാരണയായി ചായക്കടക്കാരാണു് ചിററനുസരിച്ചുള്ള ബ്ളാക്കുമാക്കറ്റുകൾ നടത്തുന്നതു്. അതു ഇല്ലാതാകണമെങ്കിൽ അവക്കു ശരിയായി റേഷൻകൊടുക്കണം. എവിടെയെങ്കിലും ചില ചായക്കടക്കാക്കു് കൊടുത്തതുകൊണ്ടായില്ല. നാട്ടിൻെറ എല്ലാഭാഗത്തുമുള്ള ചായക്കടക്കാക്കു് ശരിയായ റേഷൻകൊടുത്തെങ്കിൽമാത്രമേ ചിററനുസരിച്ചുള്ള ബ്ളാക്കുമാക്കറ്റു ഇല്ലാതാകയുള്ളു. ഇത്രയും പ്രസ്താവിച്ചുകൊണ്ടും ഗവർമ്മെണ്ടു ഇതനുസരിച്ചു് പ്രവർത്തിക്കുമെന്നു് വിശ്വസിച്ചുകൊണ്ടും ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

Sri. C. V. Iyyu: May I know whether it is in order for a police Officer to sit near the Hon'ble Minister. I have just seen him. May I know why he is here?

The Hon'ble Sri. T. K. Narayana Pillai: He is there to give instructions to the Hon'ble Minister on the Bill which is shortly coming up for discussion.

Mr Speaker: There is absolutely no rule preventing Officers sitting behind the Hon'ble Ministers for the purpose just now explained by the Minister.

Sri. C. V. Iyyu: Is it for the purpose of giving instructions about the Sugar problem.

Mr. Speaker: It is for a lawful purpose.

ஸ்ரீ. ஏ. சிதம்பரநாத நாடார்: ஸர், நான் ஸ்ரீமான் எம். ஐ. பால் அவர்களது அவசரப் பிரேரணையை அனுகூலிக்கிறேன். ஏனென்றால் தற்காலத்தில் சீனிப்பஞ்சம் நம் நாட்டில் ஏற்பட்டிருக்கிறது. இது ஏற்பட காரணமென்ன? அதற்காக நமது ஐக்கிய சமஸ்தான அரசாங்கம் என்ன செய்துகொண்டிருக்கிறது என்பவைகளை ஆலோசிக்கத்தான் இந்த அவசரப் பிரேரணை கொண்டுவரப்பட்டிருக்கிறது. இது ஒரு வகுப்பினரையோ, அல்லது ஒரு ஜாதியையோ அல்லது ஒரு சாதியையோ அல்லது மதத்தையோ பாதிப்பதல்ல. சீனிப் பஞ்சம் என்பது திருவிதாங்கூரை மாத்திரம் பாதிக்கும் ஒரு பிரச்சனையல்ல. பரந்து கிடக்கும் திருவிதாங்கூர் கொச்சி ஐக்கிய சமஸ்தானத்தை பாதிக்கும் விஷயம். அதனால் இந்த அவசரப் பிரேரணையை ஆதரிக்கிறேன். கழிந்த இரண்டாவது மஹா யுத்தக் காலததில் இதே பிரச்சனையைக் குறித்து புரபொஸர் வாங்கி என்ன சொன்னார் என்று கேட்டால் இன்று உலகத்தில் யுத்தம் அதிமும்முரமாக நடந்துகொண்டிருக்கிறது. எங்கும் சீனிக்குப் பஞ்சம் ஏற்பட்டிருக்கிறது. ஆனால் இந்திய மக்களுக்கு சீனிப் பஞ்சம் வந்துவிடவில்லை என்று. ஆனால் மக்களுக்கு போதுமான சீனி ஏன் கிடைக்கவில்லை அல்லது கொடுக்கப்படவில்லை என்று கேட்டால் அதற்கு சரியானபடி போக்குவரவு சகாயம் இல்லை என்று சொன்னார்களாம். ஸர், 1932-ம் வருஷம் சீனி ஆலைகளைப் பற்றியுள்ள தாரிப் திட்டத்தின் (Tariff Scheme) பிரகாரம் இந்தியாவில் 134 சீனி தொழிற்சாலைகள் இருக்கின்றன. அவைகளிலிருந்து பத்து லக்ஷத்து முப்பதினாயிரம் டன் சீனி வந்துகொண்டிருக்கிறது. இப்படிப்பட்ட நிலையில் திருவிதாங்கூர் கொச்சி சமஸ்தானத்திற்கு சீனி கிடைக்கவில்லை என்று வருத்தப்பட ஒரு சந்தர்ப்பம் ஏற்பட்டுவிட்டது; சீனி கிடைக்கவில்லை என்று வருத்தப்பட ஒரு சந்தர்ப்பம் ஏற்பட்டுவிட்டது; சீனி கிடைக்கவில்லை என்றே சொன்னால் இதில் ஏதோ ஒரு சூழ்ச்சி இருக்கிறது என்று தோன்றுகிறது. ஜனநாயக ஸர்க்கார் ஸ்ரீ. டி. கெ. நாராயணபிள்ளை ஸர்க்கார்—என்று சொல்லப்படும் இந்த ஸர்க்கார் மக்களின் தேவைகளைப் பற்றி, மக்களின் கஷ்டங்களைப் பற்றி சிறிதாவது சிந்தித்துப் பார்க்கிறார்களா? இல்லை. சென்ற ஒன்று இரண்டு வாரங்களிலுள்ள மலையாளம் பத்திரிகைகளை எடுத்துப்பார்த்தால் விளங்கும்.

ஸ்ரீ. ஸி. வி. இயூ: ஏன் மலையாளத்தில் பேசக்கூடாது?

ஸ்ரீ. ஏ. சிதம்பரநாத நாடார்: ஸர், நமது மந்திரிகளுக்கிடையில் ஒன்றுபட்ட அபிப்பிராயமேயில்லை. ஒரு மந்திரி மற்ற மந்திரியைக் குறைச் சொல்வதும், ஒரு மந்திரி சொல்வதற்கும், மற்றொரு மந்திரி சொல்வதற்கும் வித்தியாசங்களும், அவர்களுக்குள்ளேயே பிரதான மந்திரிக்கும், மற்ற மந்திரிகளுக்கும் யாதொரு வித்தியாசமுமில்லை, என்று பேசிக்கொண்டிருக்கிறார்களே பொழிய நாட்டின் நலத்திற்காகப் பாடுபடுவதாகக் காணவில்லை.

Mr. Speaker: Such matters are absolutely irrelevent in relation to the motion under discussion.

ஸ்ரீ. சிதம்பரநாத நாடார்: ஸர், ஸ்ரீ பனம்பள்ளி கோவிந்த மேனன் அவர்களுக்கும், நமது பிரதான மந்திரி அவர்களுக்கும், தங்களுக்குள்ளே போட்டி யிருப்பதாகவும், பிரதான மந்திரி பதவிக்கு ஸ்ரீ மேனவன் போட்டி போடுவதாகவும், பிரதான மந்திரிக்கும் தமக்கும் யாதொரு வித்தியாசமுமில்லை, என்று அவர்களுக்குள்ளேயே ஒரு மனத்தாங்கல் உண்டு என்பதாக வெளியில் பலவிதமாக பிரசாரங்கள் செய்யப்பட்டு வருகிறது. ஸர், எனக்கும் ஸ்ரீ. கோவிந்த மேனவன் அவர்களுக்கும் யாதொரு விதமான பழக்கமுமில்லை. ஸர், அது எப்படியானாலும் சரி, இந்தவித பிரசாரங்கள் எல்லாம் யார் கையாண்டாலும் திருவிதாங்கூர் கொச்சி ஐக்கிய சமஸ்தானத்தை பிரஜைகளை ஏமாற்ற கையாளப்படும் ஒரு ஆயுதம் என்றுதான் சொல்லவேண்டும். சினிக்குப் பஞ்சம். மக்களுக்கு சினி கிடைப்பதில்லை. ஆனால் நடப்பது என்ன? ஒரு மந்திரி ஒரு வியாபாரியைக் கூப்பிட்டு உங்களுக்கு 50 சாக்கு சினி தருகிறேன். நீங்கள் டிஸ்ட்ரிக்ட் காங்கிரசுக்கு 150 மெம்பர்களைச் சேர்த்துத் தரவேண்டும் என்று ஒருவர் சொன்னதாக கேள்விப்பட்டேன். வியாபாரியின் பேர் அலியார் குஞ்சு. வேறொரு மந்திரி சங்கரன்குட்டி என்ற கண்ணோல் வியாபாரியை கூப்பிட்டு நான் உனக்கு சினி தருகிறேன். நீ 160 பேரை ஸ்டேட் காங்கிரசில் சேர்த்துத் தரவேண்டும் என்று சொன்னாராம். இந்த முறையில் சர்க்கார் நடக்குமானால் என்னைப்போலுள்ளவனுக்கு ஒரு பாமரனுக்கு, ஏழைக்கு, சினி எப்படிக் கிடைக்கும் என்று நினைத்துப் பாருங்கள்.

Mr. Speaker: Does the Hon'ble Member make himseif personally responsible for the statement made?

Sri. C. V. Iyyu: Sir, I believe the Hon'ble members here have certain privileges. We cannot verify everything that we say and which we think to be true. The Hon'ble Chief Minister used to say that whatever we said if it was to the best of our knowledge, he is prepared to believe it. In this case the Hon'ble member is making a statement which he says is what the people say. In such a case I do not think it necessary to make him responsible for the correctness of the statement.

Mr. Speaker: When a belief is expressed in respect of any matter the responsibility probably extends only to the extent of the belief and the bonafide ascertainment of facts that would reasonably lead to that belief. But here the Hon'ble member has mentioned it as a fact and I wanted to ascertain whether the member makes himself responsible for the statement of fact.

Sri. C. V. Iyyu: If his statement is disapproved he may be asked to withdraw the statement. That is the proper course I think.

Mr. Speaker: No further discussion about it. Mr. Chithambaranatha Nadar will continue his speech.

ஸ்ரீ. ஏ. சிதம்பரநாத நாடார்: அடுத்தபடியாக. ஸர், இங்கு சினிப் பஞ்சம் வந்திருக்கும்போது நமது ஐக்கிய சமஸ்தானத்திலிருக்கிற சினி தொழிற்சாலைகள் என்ன செய்துகொண்டிருக்கின்றன. ஏன் உற்பத்தியைப் பெருக்கக்கூடாது? தக்கலையில் ஒரு சினி உற்பத்தி ஆலை யிருக்கிறது. எதற்காக இந்த சர்க்கார் அதை வைத்துக் கொண்டிருக்கிறார்கள் என்று தெரியவில்லை. சினிப் பஞ்சம் ஏற்பட்டிருக்கும் இந்த சமயத்தில் நமக்கு சினி உற்பத்தி செய்து தரவில்லையானால் அதை மூடிவிடவேண்டும். இவ்வலையானால் அதை நல்ல முறையில் நடத்தவேண்டும். மக்கள் யாரிடம்

[Sri. A. Chidambaranatha Nadar]

சீனி கேட்பார்கள்? மக்களைப் பாதிக்கக் கூடிய இந்த விஷயம் பொறுப்பு வாய்ந்த மந்திரிகள் எல்லோரும் சர்க்கார் என்ற ரதத்தை ஓட்டிக்கொண்டு போகும் மந்திரிகள் ஜனங்களின் ஆகாரத்திற்கு இன்றியமையாத சீனியும் சரியான முறையில் கொடுக்கும்படி ஏற்பாடு செய்யவேண்டுமென்று கேட்டுக்கொண்டு இந்த அவசரப்பிரேரணையை ஆதரிக்கிறேன்.

ശ്രീ. പി. എം. വറുഗീസ്: സർ, ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ഈ അടിയന്തിരപ്രമേയത്തോട് എനിക്ക് ഒരു നേരിയ എതിർപ്പാണുള്ളത്.

ശ്രീ. പി. എം. വറുഗീസ്: സർ, അതിനുള്ള കാരണങ്ങൾ രണ്ടാണ്. പഞ്ചസാരയുടെ സ്റ്റാക്ക് കുറവാണെന്നു ഗവമ്മെൻറ് മനസ്സിലാക്കിയുടനെ അതിൻെറ വിലയെ നിയന്ത്രിച്ചുകൊണ്ടുള്ള വിതരണത്തിനു തുനിയാതിരുന്നുവെങ്കിൽ എന്തു സംഭവിക്കുമായിരുന്നോ അതാണ് ഇപ്പോൾ സംഭവിച്ചിരിക്കുന്നത്. ഏതു സാധനങ്ങൾക്കാണോ വിലകൂടിക്കൊണ്ടിരിക്കുന്നത് ആ സാധനങ്ങൾ വെളിക്കു വിടാതെ സൂക്ഷിക്കുന്ന ഒരു സംപ്രദായം നമ്മളിൽ പലർക്കും ഉള്ളതുപോലെ സംസ്ഥാനത്തുള്ള മിക്കവർക്കും ഉണ്ട്. ഇതു പരമാർത്ഥമാണ്. കാര്യങ്ങൾ ഈ വിധത്തിലാണെങ്കിൽ ഗവമ്മെൻറിനെ ഇക്കാര്യത്തിൽ കുററപ്പെടുത്തുന്നതിൽ അർത്ഥമില്ല. ബഹുമാനപ്പെട്ട ചില മെംബറന്മാരുടെ പ്രസ്താവനകൾ കേട്ടാൽ തോന്നും, പഞ്ചസാരക്ഷാമം ഉണ്ടായതു് ഗവമ്മെൻറിൻെറ അനാസ്ഥകൊണ്ടാണെന്ന്. ഈ അഭിപ്രായത്തോടു യോജിക്കാൻ എനിക്കു നിവൃത്തിയില്ല. മററൊരു സംഗതി, സിലോണിൽനിന്നും കൊപ്ര ഇറക്കുമതി ചെയ്യുന്ന കാര്യത്തെപ്പററി ഇൻഡ്യാ ഗവമ്മെൻറിനു് നിവേദനം സമർപ്പിക്കണമെന്ന് നിശ്ചയം ഇവിടെ പാസാക്കിയതാണ്. എന്നാൽ സർദാർ പട്ടേൽ യു. പി. ലെ പഞ്ചസാരവ്യവസായികളെ വിളിച്ചുവരുത്തിയിട്ടു അവരോടു പറഞ്ഞതെന്തെന്നു അൽപ്പദിവസങ്ങൾക്കു മുൻപു പത്രങ്ങളിൽ കണ്ട വാർത്ത വായിച്ചിട്ടുള്ളവർക്കു അറിയാം. അതായതു് പഞ്ചസാരയുടെ ഉൽപാദനം സാരമായ തരത്തിൽ വർദ്ധിപ്പിച്ചില്ലെങ്കിൽ പുറത്തുനിന്നും പഞ്ചസാര ഇറക്കുമതി ചെയ്യുമെന്നു അവരെ താക്കീതു ചെയ്യുകയാണു ചെയ്തതു്. സർദാർ പട്ടേലിൻെറ, അല്ലെങ്കിൽ ഇൻഡ്യാ ഗവമ്മെൻറിൻെറ നയം അതാണെങ്കിൽ നാം ഇവിടെ ഇന്നലെ പാസാക്കിയ പ്രമേയം അതിനെതിരാണ്. പഞ്ചസാര ഒരു നിയന്ത്രണവിലയ്ക്കു് കിട്ടണമെന്നു നാം ആഗ്രഹിക്കുന്നുവെങ്കിൽ ഇന്നലത്തെ പ്രമേയം ഒരിക്കലും ആ നയത്തോടു യോജിച്ചതല്ല. ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഉയർന്നതരത്തിലുള്ള ആളുകളാണ് പഞ്ചസാര ധാരാളമായി ഉപയോഗിക്കുന്നതു്. ആ നിലയ്ക്കു് പഞ്ചസാരയ്ക്കു അൽപ്പം വില കൂടുന്നതുകൊണ്ടു് വലിയ അബദ്ധമൊന്നും വരാനില്ല. പഞ്ചസാരയുടെ ഗുണത്തെപ്പററി പറയുകയാണെങ്കിൽ, കൂടുതലായി ഉപയോഗിക്കുംതോറും അവ ചില രോഗങ്ങളേയും ഉണ്ടാക്കിക്കൊണ്ടിരിക്കും. അങ്ങനെയിരിക്കെ ഇതിൻെറ ഉപയോഗം അൽപ്പം ചുരുക്കിയാൽ ദോഷമൊന്നുമില്ലെന്നു മാത്രമല്ല, ഗുണവും കൂടിയാണ്. ഈ കാരണങ്ങൾ വച്ചുനോക്കുമ്പോൾ പഞ്ചസാരയുടെ വില നിയന്ത്രിക്കാനായി അവയുടെ വിതരണം ഗവമ്മെൻറ് ഏറെറടുത്തു നടത്തുന്നതിൽ കുററപ്പെടുത്താനില്ല.

ആ നടപടികളുടെ ശരിയായ നടത്തിപ്പിൽ വീഴ്ചവന്നാൽ അതിൽ ഈ സഭയിലെ ബഹു. മെമ്പറന്മാർക്കുടി ഉത്തരവാദിത്വമില്ലേ എന്നു ഞാൻ സംശയിക്കുന്നു. ആയതുകൊണ്ടു് ഈ കാര്യത്തിൽ ഗവമ്മെൻറിനോടൊപ്പംതന്നെ മെമ്പറന്മാർക്കും കൂടുതൽ ഉത്തരവാദബോധം ഉണ്ടായിരിക്കണമെന്നും, ഇതു സംബന്ധിച്ചു് വേണ്ട പ്രവർത്തനങ്ങൾ ആത്മാർത്ഥമായി സഹകരിച്ചു നടത്തണമെന്നുമാണ് എനിക്കു് ഗവമ്മെൻറിനോടും ബഹു. മെമ്പറന്മാരോടും പറയുവാനുള്ളതു്.

ശ്രീ. സി. വി. ഇയ്യു: ഈ പ്രമേയം വായിച്ചുനോക്കുമ്പോൾ രണ്ടു ഭാര്യഭർത്താക്കന്മാരുടെ അല്ല (one pair of) ദമ്പതികളുടെ കാര്യമാണ് ഓർമ്മവരുന്നതു്. ആയുഷ്കാലത്തിൻെറ പ്രധാനഭാഗവും സന്തോഷമായിട്ടു് ഒരൊററ വാക്കുപോലും സംസാരിച്ചിട്ടില്ലാത്ത ഭർത്താവ് മരിച്ചപ്പോഴേക്കും, എങ്ങനെ കരയേണ്ടു എന്നു് ഭാര്യ ചോദിച്ചുപോലും. അധികാരത്തിൽ ഇരിക്കുന്ന കക്ഷിയിലെ ഒരു മെമ്പർ അടിയന്തിരപ്രമേയം കൊണ്ടുവന്നു. അവസാനത്തിൽ അതു് വിത്ഡ്രാ ചെയ്തു എന്നുവരാം. അങ്ങനെയിരിക്കെ കക്ഷിയിൽപെടാത്ത ആളുകൾ അനുകൂലിച്ചു വല്ലതും പറയുകയാണെങ്കിൽ, പ്രമേയകർത്താവിൻെറ വാലിൽ

ത്തുങ്ങിപ്പിടിച്ചുവേണം വല്ലതും പറയുവാൻ. പ്രമേയം വിത്ഡ്രാ ചെയ്യുകയാണെങ്കിൽ, പിടിയും വിട്ടു നിലത്തു വീഴുകയാണ് അനുകൂലിച്ചു സംസാരിച്ചവരുടെ അനുഭവം. അതു കൊണ്ട് അനുകൂലിച്ചോ പ്രതികൂലിച്ചോ സംസാരിച്ചതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. പഞ്ചസാരയുടെ കാര്യത്തിലാണെങ്കിൽ, അതു് മി. വറഗീസ് പറഞ്ഞതുപോലെ ഭയപ്പെടേണ്ട ഒരു സാധനമല്ല. ധനികന്മാർക്കുമാത്രം ഉപയോഗിക്കാവുന്ന ഒരു സാധനമല്ല അതു്. പാവപ്പെട്ടവർക്കും ഉപയോഗിക്കാവുന്ന ഒന്നാണ്. ഞങ്ങളുടെ കുടുംബത്തിൽ ഞങ്ങൾ രണ്ടുപേർ മാത്രമേയുള്ളു. ഞങ്ങൾക്കു പഞ്ചസാര വളരെ കഷ്ടിയായിട്ടേ കിട്ടുന്നൊള്ളു. തിരുവിതാംകൂറിലുള്ളതുപോലെയുള്ള സിസ്റ്റത്തിലല്ലായിരുന്നു കൊച്ചിയിൽ, പഞ്ചസാര വിതരണം ചെയ്തിരുന്നതു്. അവിടെ തലയെണ്ണി പഞ്ചസാര വിതിക്കുകയായിരുന്നു. അങ്ങനെ തലയെണ്ണിക്കൊടുത്തിരുന്നതുകൊണ്ടു് ഞങ്ങൾക്ക് തീരെ മതിയാകാതെയാണിരുന്നതു്. എന്നാലും പോകട്ടെ, അതിനൊരു തത്വം ഉണ്ടായിരുന്നു. തിരുവിതാംകൂറിൽ മുന്നുതരത്തിൽ പഞ്ചസാരവിതരണം നടത്തിയിരുന്നു. അവർ അതുകൊണ്ടുവന്ന് ബ്ലാക്കുമാർക്കറ്റിൽ വിൽക്കുകയും, ഈ രീതി കാണുമ്പോൾ ഗവണ്മെൻറ് ഒരു തരത്തിൽ ബ്ലാക്കുമാർക്കറ്റിനെ പ്രോൽസാഹിപ്പിക്കുകയാണോ എന്നു തോന്നിപ്പോകുന്നു. എനിക്കു ഒന്നു പറയുവാനുള്ളതു് ഇവിടെ ഉണ്ടാക്കുന്ന പഞ്ചസാരകൊണ്ടു് ഇവിടത്തുകാർക്ക് മതിയാകയില്ലെന്നുള്ളതു തീർച്ചയാണ്. ഇതുവരെയും ഇവിടെനിന്നും പഞ്ചസാര പുറത്തുപോകുന്നതിനു തടസ്സമുണ്ടായിരുന്നില്ലെന്നു ബഹു. ചീഫ് മിനിസ്റ്റർ പറഞ്ഞു. ഇപ്പോൾ അതു കൺട്രോൾ ചെയ്തിരിക്കുന്നുവെന്നും പറഞ്ഞു. വാസ്തവത്തിൽ ഇപ്പോഴാണ് കൂടുതൽ പുറത്തു പോകുന്നതു്. പുറത്തുനിന്ന് ഒട്ടും വരുന്നതുമില്ല. കൺട്രോൾ എടുത്തു കളഞ്ഞാൽ രാജ്യത്തു ധാരാളം പഞ്ചസാരകിട്ടും. ഇപ്പോൾ കൺട്രോൾ ഉള്ളതുകൊണ്ട് പഞ്ചസാര പുറത്തുപോകുകയാണ് ചെയ്യുന്നതു്. ഈ ഐക്യസംസ്ഥാനത്തിന്റെ വടക്കൻ ഭാഗങ്ങളെ സംബന്ധിച്ചിടത്തോളം, ഏകദേശം ഒരു മൂവായിരം ചാക്കു പഞ്ചസാര പുറത്തുപോയിട്ടുണ്ട്, ഇപ്പോഴത്തെ ഈ കൺട്രോൾ വച്ചതിനുശേഷം നിയന്ത്രിക്കുകയാണെങ്കിൽ അതു ശരിയായിട്ടുതന്നെ നടത്തിക്കൊണ്ടുപോകുന്നതിനുവേണ്ടി നിയന്ത്രണത്തിനൊരു, നിയന്ത്രണം വയ്ക്കണം. അല്ലാതെ ഡൽഹിയിലെ ഒരു ഗവണ്മെൻറുമായി ഔചാരികമായി സംഭാഷണം നടത്തി, അവർ അങ്ങനെ ചെയ്യാൻ പറഞ്ഞു, അതുപോലെ ചെയ്തു എന്നു പറഞ്ഞാൽ നമ്മുടെ ഗവണ്മെൻറിന്റെ നിസ്സഹായതയെക്കുറിച്ച് എനിക്കു സഹതാപമാണ് തോന്നുന്നതു്. നമ്മുടെ പ്രധാനമന്ത്രി വളരെ നല്ല ആളാണ്. ശരിതന്നെ എന്നാൽ എന്തുചെയ്യാം. അദ്ദേഹം ഇക്കാര്യത്തിൽ അശക്തനാണ്. ഡൽഹിയിലെ ഗവണ്മെൻറ് എന്തു പറയുന്നുവോ അതു പോലെ കേൾക്കണം. എനിക്ക് വാസ്തവത്തിൽ സഹതാപമാണുള്ളതു്. അദ്ദേഹത്തിന് പഞ്ചസാര ആവശ്യമില്ലായിരിക്കും. ആവശ്യമില്ലെന്ന് എനിക്കറിയാം. എന്നാൽ ജനങ്ങൾക്ക് വളരെ അത്യാവശ്യമായ ഒന്നാണ് പഞ്ചസാര. എനിക്ക് ഒന്നപേക്ഷിക്കുവാനുള്ളതു് കൺട്രോൾ ശരിയായി നടത്താൻ സാധിക്കുമെങ്കിൽ നടത്തണം. അല്ലെങ്കിൽ എടുത്തുകളയുക. കൺട്രോൾ എടുത്തു കളഞ്ഞാൽ അപ്പോൾ തീരും പഞ്ചസാരക്ഷാമം. നമ്മുടെ കച്ചവടക്കാർ എവിടെയെങ്കിലും പോയി പഞ്ചസാരകൊണ്ടുവരും. അല്ലാതെ കൺട്രോളും വച്ചുകൊണ്ടു് ഫ്രീസ് ചെയ്യുക എന്നും മററുമുള്ള പദങ്ങൾ മാത്രം ഉപയോഗിച്ചതുകൊണ്ടു് പ്രയോജനമൊന്നുമില്ല. വില നിയന്ത്രിക്കേണ്ട. വില എന്തുമായിക്കൊള്ളട്ടെ. അപ്പോൾ പഞ്ചസാര ധാരാളം കിട്ടും. വില നിയന്ത്രിക്കുമ്പോൾ സ്റ്റാക്കു പുതുങ്ങിതുടങ്ങും. ഇന്നു കൺട്രോൾ എടുക്കുകയാണെങ്കിൽ പൂഴ്ത്തിവെച്ചിരിക്കുന്ന പഞ്ചസാരയെല്ലാം വെളിയിൽ വരും. ബഹു. മെമ്പർ ഒരുപക്ഷേ പ്രമേയം പിൻവലിച്ചേക്കുമെന്നു തോന്നുന്നു. ഇല്ലെങ്കിൽ ഒപ്പുശേഖരിച്ച് അവിശ്വാസം പാസാക്കിയാൽ മതി, പിൻവലിക്കും. ഞാൻ പ്രമേയത്തെ എതിർക്കുന്നില്ല. എന്നാൽ കാര്യം ഇങ്ങനെയാണിരിക്കുന്നതു്. അതിനാൽ എന്റെ അഭിപ്രായം കൺട്രോൾ എടുത്തുകളയുകയാണെങ്കിൽ പഞ്ചസാര ധാരാളം കിട്ടുമെന്നാണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ പ്രമേയം ഈ രീതിയിലല്ലാ ഇവിടെ കൊണ്ടുവരേണ്ടിയിരുന്നതു് എന്നു എനിക്കു തോന്നുന്നു. ഈ കാര്യത്തെക്കുറിച്ച് മൂന്നു പേർ അടിയന്തരപ്രമേയം അയച്ചിട്ടുണ്ടായിരുന്നു. മററു രണ്ടുപേരുടേയും പ്രമേയങ്ങൾ ഇതിനേക്കാൾ നന്നായിരിക്കുന്നുവെങ്കിൽ—അങ്ങിനെയാണെന്നാണ് എനിക്കു തോന്നുന്നതു്. അതിനെ പിൻതാങ്ങണം. ഏതായാലും ഇതിൽനിന്നു നമുക്ക് മനസ്സിലാക്കേണ്ടതു് നമുക്ക് പഞ്ചസാര

[Sri. Pornara G. Srcedhar]

ക്ഷാമം ഉണ്ടെന്നാണ്. പക്ഷെ ഇതേരീതിയിൽ പ്രമേയത്തെ പിൻതാങ്ങാൻ നിവൃത്തിയില്ലെന്നുമാത്രം, എന്നാൽ അതിനെ ഒപ്പോസ്ചെയ്യുന്നില്ല. ഇങ്ങനെ ഒരു വാദപ്രതിവാദം ഈ വിഷയത്തെക്കുറിച്ച് നടത്തേണ്ടതു് അത്യാവശ്യംതന്നെയാണ്. തിരുവിതാംകൂർ ഗവമ്മെണ്ടു് ഈ വിഷയത്തിലുള്ള പാളിസി അഡ്വൈസ് ആണെന്നു ചിലർ പറഞ്ഞു. ഷാട്ട് സപ്ലൈ എന്നു ചിലർ പറഞ്ഞു. വാസ്തവത്തിൽ ഷാട്ട് സപ്ലൈ അല്ല. സപ്ലൈയേ ഇല്ലാ എന്നാണ് എനിക്കു പറയാനുള്ളതു്. പമ്പാറിവർ ഫാക്ടറിയിൽനിന്നും ഉല്പാദിപ്പിക്കുന്ന പഞ്ചസാരകൊണ്ടു് ഒരു താലൂക്കിനുപോലും തികയുകയില്ല. മുമ്പു് നെടുമങ്ങാട്ടു താലൂക്കിലേക്കു മാത്രംതന്നെ മാസം നാനൂറു ചാക്കും അഞ്ഞൂറു ചാക്കും പഞ്ചസാര വന്നുകൊണ്ടിരുന്നു. ഈ ഫാക്ടറിയിൽ കഷ്ടിച്ചാൽ മാസം ഒരായിരം ചാക്ക് പഞ്ചസാര ഉണ്ടാക്കും അതു് ഞാൻ പറഞ്ഞതുപോലെ ഒരു താലൂക്കിനുപോലും തികയുകയില്ല. തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം പഞ്ചസാര വേറെ കിട്ടിക്കൊണ്ടിരുന്നു. ഇൻഡ്യയുടെ മറ്റെല്ലാ വിഭാഗങ്ങളിലും പഞ്ചസാരയുണ്ടെന്നു് നമുക്കറിയാം. പഞ്ചസാര ഇൻഡ്യയ്ക്കു വെളിയിൽ പോകാതെ ആയപ്പോൾ ഫ്രൻസ്—ൽ ആണെന്നു തോന്നുന്നു, പഞ്ചസാര വെളിയിൽനിന്നും വരുത്തേണ്ടന്നു തീരുമാനിച്ചതു്. പഞ്ചസാര കൺട്രോൾ ചെയ്യുപ്പോൾ ൪ ൭ ശതമാനമായിരുന്നു ഷുഗർ ബാലൻസ്. ഡീകൺട്രോൾ ചെയ്യുപ്പോൾ ഷുഗർ ബാലൻസ് ൭൫ ശതമാനമായി വർദ്ധിച്ചു. പഞ്ചസാര ഡീകൺട്രോൾചെയ്തു് കുറെ കഴിഞ്ഞപ്പോൾ പഞ്ചസാര സ്റ്റാക്ക് വർദ്ധിച്ചു. വെളിയിലാക്കാൻ പാടില്ലെന്നു നിയമമുണ്ടായിരുന്നു. അങ്ങനെ ഏകദേശം ൪൦പതിനായിരം ടൺ പഞ്ചസാരയോളം ചീത്തയായിപ്പോകുമെന്നുള്ള നില വന്നു. ഉടനെ മില്ലുകാർ വന്നു് ഇൻഡ്യാഗവമ്മെണ്ടിന്റെ പക്കൽ നിവേദനം നടത്തിയതിന്റെ ഫലമായി പഞ്ചസാര വെളിയിലയയ്ക്കാൻ അനുവാദം നൽകി. കണ്ടമാനം വെളിയിലയച്ചു് അങ്ങനെ മൂന്നുമാസം കഴിഞ്ഞപ്പോൾ പിന്നെയും പഞ്ചസാര ഷോർട്ടേജായി. ഇതു് ഇങ്ങനെ മുതലാളികൾ വരുത്തിക്കൂട്ടുന്ന ഒന്നാണ്. ഇൻഡ്യയിൽ ഏകദേശം അഞ്ഞൂറോളം ഫാക്ടറികൾ പഞ്ചാര ഉല്പാദിപ്പിക്കുന്നുണ്ടു്. അതിൽ മുന്നൂറോളം യു. പി. യിലും നൂററി അൻപതോളം ബീഹാറിലും ബാക്കി മറ്റെല്ലാസ്ഥലങ്ങളിലുംകൂടിയാണ്. യു. പി. പഞ്ചസാരയുടെ മൊണോപ്പളിയാണ്, അവർ വിചാരിച്ചാൽമാത്രമേ, യു. പി. ഗവമ്മെണ്ടു വിചാരിച്ചാൽ മാത്രമെ പഞ്ചസാരക്ഷാമം പരിഹരിക്കാൻ നിവൃത്തിയുള്ളു. അങ്ങനെയിരിക്കെ ഈ ഗവമ്മെണ്ടു വിചാരിച്ചാൽ ഇതിനെന്തുചെയ്യാൻ സാധിക്കും.

പാകിസ്ഥാനിലേക്കു് ആവശ്യമുള്ള പഞ്ചസാര ഇൻഡ്യാഗവമ്മെണ്ടിൽനിന്നും കൊടുക്കും, ആ വിധം കൊടുത്തില്ലെങ്കിൽ കൊടുക്കത്തക്കവണ്ണം ഒരു എഗ്രിമെൻറിൽ എത്തിച്ചേർന്നതും ഒരു കഥയാണ്. ഏതായാലും ഇൻഡ്യാഗവമ്മെണ്ടു് പഞ്ചസാര വാങ്ങുമെന്നും അങ്ങനെ കൂടുതൽ വിലയ്ക്കു് വില്ക്കാമെന്നും വിചാരിച്ചു. അതേസമയത്തു് യു. പി. ഗവമ്മെണ്ടിന്റെ അത്യാഗ്രഹവും ഇതിനു് ഒരു കാരണമാണ്. അനാവശ്യമായ പല ചെലവുകളും ഉണ്ടാക്കിവെച്ചു് ഏതെങ്കിലും രൂപത്തിൽ പണം ഉണ്ടാക്കണമെന്നുള്ള അക്കിത്രാണം കൊണ്ടു് എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ചു. ഈ രണ്ടു കാരണങ്ങൾകൊണ്ടാണ് പഞ്ചസാരയുടെ വില കൂടിയതു്. ഇതിനു് നമുക്കു ചെയ്യാൻ സാധിക്കുന്നതു് എന്താണ്? കൺട്രോൾ ചെയ്തു കൊടുക്കുവാൻ സാധിക്കുമോ? ആവശ്യമുള്ളിടത്തോളമുണ്ടെങ്കിൽ കൺട്രോളിന്റെ ആവശ്യമില്ല. എന്നാൽ കൺട്രോൾ ചെയ്യുകയാണെങ്കിൽ സ്വല്പമെങ്കിലും കൊടുക്കാൻ സാധിക്കും. ഇവിടെ എ. ബി. സി. എന്നു മൂന്നു ഇനമായി തരം തിരിച്ചാണ് കൺട്രോൾ വയ്ക്കാൻ പോകുന്നതു്. മൂന്നു ഇനമെന്നു വെച്ചാൽ ഞാൻ ഏതിനത്തിൻ ഉൾപ്പെടുമെന്നു് അറിയാൻ പാടില്ല. മൂന്നാമത്തെ ഇനത്തിൽ വരുമായിരിക്കും. വലിയ ഉദ്യോഗമൊ ൧ ൫ ൦ രൂപാ ശമ്പളമൊ ഒന്നും ഇല്ലാത്ത ഒരു വക്കീലിന്റെ കാര്യം അധോഗതിതന്നെ. എന്നാൽ ഈ മൂന്നാംതരത്തിലുള്ള പഞ്ചസാരയെങ്കിലും എല്ലാവർക്കും കിട്ടുമൊ എന്നറിഞ്ഞുകൂടാ. പഞ്ചസാരക്കാർഡ് സിസ്റ്റം വച്ചുകഴിഞ്ഞാൽ ആദ്യം ആദ്യം നിൽക്കുന്ന കുറെപ്പേർക്കു് കിട്ടും. ൨ ൦ ചാക്കുവരെ പഞ്ചസാര എടുത്തു ചിലവായിക്കൊണ്ടിരുന്ന ഒരു കടക്കു് ഇപ്പോൾ കൊടുക്കുന്നതു് ഒരു ചാക്കാണ്. ഞാൻ ഗവമ്മെണ്ടിനെ കുററപ്പെടുത്തുകയല്ലാ. അത്രയ്ക്കേ ഉള്ളു. പിന്നെ ഇതു കൊടുക്കുന്ന അവസരത്തിൽ ചില ചില്ലറ കീഴദ്യോഗസ്ഥന്മാരുടെ സഹായംകൊണ്ടു് ചിലർക്കു കുറെ പ്രത്യേക സഹകരണങ്ങളോടുകൂടി അൽപം കൂടുതൽ കിട്ടിയെന്നുംവരാം. അതും ഗവമ്മെണ്ടിന്റെ ഒരു വലിയ കുററമായി ഞാൻ കരുതുന്നില്ല് അത്യാഗ്രഹംകൊണ്ടു് മനുഷ്യരുടെ രക്തം ഊററി പണം ഉണ്ടാക്കിയ കള്ളന്മാരാണ് ഈ ക

ച്ചുവടക്കാരും മുതലാളികളുമെല്ലാം. അവരെയെല്ലാം ഒരു സൂപ്രഭാതത്തിൽ യോഗ്യന്മാരായിക്കാണാൻ എളുപ്പമല്ല. നെല്ലോ, മററു ആഹാരസാധനങ്ങളോ, ഉടുതുണിയൊ ഏതായിരുന്നാലും അവർ സൗകര്യംപോലെ വില്ക്കും. പണം കിട്ടിയാൽ മതി അവക്ക് തൃപ്തിവരുവാൻ. ബാക്കിയുള്ളവരുടെ ബുദ്ധിമുട്ടു പരിഗണിച്ചിട്ട് കാര്യമില്ല.

ഈ പരിതഃസ്ഥിതിയിൽ ഗവമ്മെണ്ടു വിചാരിച്ചാൽ ഒന്നും ചെയ്യാൻ സാധിക്കുകയില്ലെന്നു എനിക്ക് പരിപൂർണ്ണമായ വിശ്വാസം ഉണ്ട്. ഈ അസംബ്ളിയിൽ ഉള്ളവരുടെ അഭിപ്രായം ഇതാണ്. ഇൻഡ്യാഗവമ്മെണ്ടുതന്നെയാണ് ഇതിനൊരു പോംവഴി കണ്ടുപിടിക്കേണ്ടതു്. ഏതുവിധത്തിലായാലും തരക്കേടില്ല ആവശ്യത്തിനുള്ള പഞ്ചസാര കിട്ടണം. യു. പി. ഗവമ്മെണ്ടിനുവേണ്ടി ഞങ്ങളെ Blackmail ചെയ്യരുതെന്നു ഇവിടത്തെ ഗവമ്മെണ്ടു് യൂണിയൻ ഗവമ്മെണ്ടിനോടു പറയുകയാണെങ്കിൽ നമ്മുടെ ആവശ്യം സാധിച്ചുതരുമെന്നാണ് എന്റെ വിശ്വാസം. അല്ലാതെ ഇവിടത്തെ ഗവമ്മെണ്ടിനെക്കൊണ്ടു് എന്തെങ്കിലും ചെയ്യാൻ സാധിക്കുമെന്ന് എനിക്കു വിശ്വാസമില്ല. ഈ അടിയന്തരപ്രമേയത്തെ സംബന്ധിച്ചിടത്തോളം ആ വിധത്തിലുള്ള ഒരു അടിയന്തരപ്രമേയമെന്നാണ് ഞാൻ വിചാരിച്ചിരിക്കുന്നതു്. Unwise policy ഒന്നും കണ്ടിട്ടില്ല. ഗവമ്മെണ്ടിന് ഇതിൽ എന്തെങ്കിലും ചെയ്യുവെന്നു കാട്ടിക്കൂട്ടണമല്ലൊ. ഒരു സ്ഥലത്തു് മീററിംഗ്, മറെറാരു സ്ഥലത്തു് ഷോക്ഷയാത്ര, ഇതൊക്കെ കാണുമ്പോൾ ഞങ്ങളും കണ്ടേടാം ഏർപ്പെടുത്തിയെന്നല്ലാതെ ഇതു് കാര്യമായി നടത്താൻ സാധിക്കയില്ലെന്നു ഗവമ്മെണ്ടിനും മന്ത്രിക്കും, ഈ കാര്യത്തെപ്പററി പഠിച്ചിട്ടുള്ള മററു പലക്കും അറിയാം. ആ സ്ഥിതിക്ക് നിശ്ചയമായിട്ടും ഗവമ്മെണ്ടു ഈ സംഗതിയെപ്പററി, തിരുവിതാംകൂറിന്റെ ആവശ്യത്തിനുള്ളതു മഴവൻ കിട്ടിയില്ലെങ്കിലും അതിന്റെ ഒരു നേർപകുതി ആവശ്യമെങ്കിലും നിറവേററത്തക്കവണ്ണം പഞ്ചസാര യു. പി. യിൽനിന്നും നേരിട്ടു വരുത്തുന്നതിനുള്ള സൗകര്യം ഉണ്ടാക്കുന്നതിന് ശക്തിയായ നിവേദനം നടത്തണമെന്നാണ് എനിക്കു പറയാനുള്ളതു്.

Sri. K. Sivarama Pillai : Sir, I support the adjournment motion. It is a fact that sugar is very scarce and its price is day by day increasing. I think the Government has to take the responsibility for such a situation. Now-a-days it has become the fashion of Government and some members thereof to issue statements in season and out of season which alone are mainly responsible for the sudden increase in the price of sugar and its scarcity. Whenever somebody approaches any member of Government, out comes the statement under estimating production and over exaggerating the needs of the people and that the Government is thinking of introducing rationing. The moment such a news comes out from a responsible member of Government, the entire stock goes underground and an artificial scarcity is created in our market. Sir, if the Government is fully aware that there is no stock of sugar, I ask Government what was the stock that we were using till now? What is the requirement of the people? How much sugar was imported into Travancore and how much stock is with the Government. Such statistics in all Government statements is conspicuous by its absence. The thing which any Government worth the name ought to do is to allay the fear of the people. They ought to issue a statement saying that they are in possession of so much bags of sugar and that could be utilised only for such and such purposes only and that it could be rationed to the people at such and such a quantity. In that way Government must undertake to do the thing and the matter will go off smoothly. Sir, whenever it is stated that rationing is to be introduced, really the people become nervous because the kind of rationing we have is the most inefficient system. It does not bring any benefit for the common people. When it is introduced, if I may be permitted to say so, it favours the favoured licensees and if I go a step further to benefit some of the unscrupulous officers as well. The common man is hard hit by such rationing system. If the Government really think that ration is to be introduced, the first thing they should do is to notify the stock in their hands. What is the monthly stock they are in a position to deliver. What is the quantity per head they propose to issue out of that. They must also see that the system now in force as regards the rationing of other control articles is given up completely. Instead of introducing the ration system for a whole taluk under the control of a single Tahsildar and asking him to put people into so much of inconvenience, I would urge Government to take every village as a unit. According to population divide the stock you have got. Sugar is not a necessity for all but is a luxury. Divide the entire stock per head. Assign a particular quantity for each unit of the village according to population. Entrust the distribution of it through co-operative societies consisting of non-officials or have the thing distributed through

[Sri. K. Sivarama Pillai]

village unions or by some respectable members thereof in the village itself for being rationed, in which case it will be done smoothly. Instead of that, by appointing some license holders, and a few officers and asking the people of a whole taluk to run after him and get chits and things of such kind is a physical impossibility. It will be only repeating the sad experience gained by present day rationing and the people will on no account be benefited.

സാഹിബ് ബഹദൂർ കെ. എച്ച്. സുലൈമാൻ: സർ, പഞ്ചസാര വിതരണത്തിലുള്ള ക്രമക്കേടുകളേയും അനൗചിത്യത്തേയുംപററി ചർച്ചചെയ്യാൻ എന്റെ മാന്യസുഹൃത്ത് മി. എം. ഐ. പോൾ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിൽകൂടി ഒരു വലിയ ചുമതലയാണ് എന്റെ തലയിൽ വെച്ചിട്ടുള്ളത്. ആ ചുമതല നിർവ്വഹിക്കുന്നതിനുമുമ്പായി മറെറാരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. പഞ്ചസാരക്ഷാമം എല്ലാവരേയും പൊതുവെ ആകർഷിച്ചിട്ടുള്ള ഒരു പ്രശ്നമായി തീർന്നിട്ടുണ്ട്. എവിടെ നോക്കിയാലും ഈ സംസാരമേ ഉള്ളൂ. ഇന്നു രാവിലെ ഒരു ചായക്കടയിൽവെച്ച് ഇക്കാര്യത്തെപ്പററി ഗൗരവമായ ഒരു വാദപ്രതിവാദത്തിൽ ഞാൻ രണ്ടുമൂന്നു ആളുകളുമായി ഇടപെടേണ്ടിവന്നു. എന്തുപറഞ്ഞാലും പഞ്ചസാരക്കു ക്ഷാമമില്ലെന്നാണ് അവർ പറയുന്നത്. അതിനുള്ള കാരണം എത്ര പഞ്ചസാര വേണമെങ്കിലും വിലക്കൂടുതൽ കൊടുത്താൽ കിട്ടുമെന്നുള്ളതാണ്. അധികം ആളുകൾക്കും പഞ്ചസാരക്ഷാമത്തിനുള്ള കാരണം ശരിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ന്യായമായ കാരണങ്ങളാലാണ് ഈ നില നേരിട്ടിട്ടുള്ളതെങ്കിൽ ആ കാരണങ്ങൾ പൊതുജനങ്ങളെ മനസ്സിലാക്കിക്കൊടുക്കാൻ ഗവമ്മെണ്ടു സന്നദ്ധമാകുമായിരുന്നു. അങ്ങിനെ ചെയ്യാതിരുന്നത് ഒരു കൃത്യവിലോപമാണെന്നു പറയേണ്ടിയിരിക്കുന്നു.

നോക്കുന്ന സ്ഥലത്തെല്ലാം കരിഞ്ചന്ത കാണുന്നതുകൊണ്ടുള്ള ധൈര്യത്താലാണ് മട്ടാഞ്ചേരിയിലെയും കരിഞ്ചന്തയെക്കുറിച്ച് എന്റെ സ്നേഹിതൻ പറയുകയുണ്ടായത്. എന്നാൽ അദ്ദേഹം തൃശ്ശൂരിനെക്കുറിച്ചു പറഞ്ഞതുപോലെ എനിക്ക് പറയാൻ സാദ്ധ്യമല്ല. പക്ഷെ ഒരു കാര്യം വ്യക്തമാണ്. മട്ടാഞ്ചേരിയിലും കരിഞ്ചന്ത നടക്കുന്നുണ്ട്. യുദ്ധകാലത്ത് പഞ്ചസാരവില ൨ ൦ ൦ രൂപാവരെ മാത്രമെ കരിഞ്ചന്തയിൽ വന്നിട്ടുള്ളൂ. നേരെമറിച്ച് ഇപ്പോൾ കരിഞ്ചന്തയിൽ ഇപ്പോൾ നാനൂറു രൂപാവരെ ആയിട്ടുണ്ട്. ൨ ൦ ൦ രൂപാ കരിഞ്ചന്തയിൽ പഞ്ചസാരക്കു വില ഉണ്ടായിരുന്നപ്പോൾ നമ്മുടെ പ്രധാനമന്ത്രി ജവഹർലാൽ നെഹറു കരിഞ്ചന്തക്കാരെ തൂക്കിലിടുമെന്നു പറഞ്ഞിരുന്നു. ആ സ്ഥിതിക്ക് ഇന്നു ൪ ൦ ൦ രൂപാവരെ വില എത്തിയിരിക്കുന്നതുകൊണ്ട്, അവരുടെമേൽ ഏററംബോബിടേണ്ടതാണ്. മട്ടാഞ്ചേരിയിലെ മൊത്തക്കച്ചവടക്കാർ ചില്ലറക്കച്ചവടക്കാക്ക് ൪ ൦ ൦ രൂപായ്ക്കു പഞ്ചസാരവിററാൽ അവർ അതു് ൫൦-ഉ ൫൦-ം രൂപാ വില കിട്ടത്തക്കവണ്ണമാണ് ചില്ലറവിൽക്കുന്നതു്. ഈ ഭാരമെല്ലാം സാധാരണക്കാരാണ് വഹിക്കേണ്ടിവരുന്നതു്. സാധാരണക്കാക്ക് പഞ്ചസാര ആവശ്യമില്ലെന്നു ഇവിടെ ചില മെമ്പർമാർ പറയുന്നതായി കേട്ടു. ആ അഭിപ്രായംതന്നെ ഗവമ്മെണ്ടിനും ഉള്ളതുപോലെ തോന്നുന്നു. ഞാൻ ആ അഭിപ്രായത്തോടു് ഒരിക്കലും യോജിക്കുന്നില്ല. ആ അഭിപ്രായം ഗവമ്മെണ്ടിനുള്ളതുകൊണ്ടായിരിക്കാം കൊച്ചിയിൽ ആഴ്ചക്കാർഡ് ഇല്ലാത്തവക്ക് പഞ്ചസാര കൊടുക്കുവാൻ പാടില്ലെന്നു തീർച്ചപ്പെടുത്തിയിട്ടുള്ളതു്. ആഴ്ചകാർഡുകാക്കുമാത്രമേ പഞ്ചസാര കൊടുക്കുകയുള്ളുവെന്ന തീരുമാനം ഉണ്ടാകുവാൻ കാരണമെന്താണെന്നു അറിയുന്നില്ല. കൊച്ചിയിൽനിന്നും ഇവിടെ വന്നിട്ടുള്ള എം. എൽ. എ. മാർ എല്ലാംതന്നെ ദിവസക്കാർഡ്കാർ ആണ്. പുറമേയുള്ള സ്ഥാപിതതാൽപര്യക്കാരെ സംരക്ഷിക്കുവാനായിട്ടാണ് ഗവമ്മെണ്ടു് ഇങ്ങനെയുള്ള ഒരു നയം കൈകൊണ്ടിട്ടുള്ളതെന്നു തോന്നുന്നു. ഈ നയം തീരെ അനാശാസ്യമാണ്. പഞ്ചസാര നമ്മുടെ ആവശ്യത്തിനു വേണ്ടത്ര കിട്ടുന്നില്ലെന്നു ഗവമ്മെണ്ടു് പറയുന്നു. കൂടുതൽ വിലകൊടുത്താലും പഞ്ചസാര കിട്ടുവാൻ ക്ഷാമം ഉണ്ടെന്നു പറഞ്ഞാൽ ആ പഞ്ചസാരമുഴുവൻ ഇന്നു എവിടേക്കാണ് പോകുന്നതെന്നസംഗതി വളരെ ഗൗരവമായി ചിന്തിക്കേണ്ടതാണ്. മട്ടാഞ്ചേരിയിൽ താമസിക്കുന്ന സാധാരണക്കാർക്ക് ഇപ്പോൾ പഞ്ചസാരകിട്ടുവാൻ വളരെ വിഷമം നേരിടുന്നുണ്ട്. അവിടെ ചാക്കുകളിൽ ഉണ്ടായിരുന്ന പഞ്ചസാരമുഴുവനും ചാക്കുകളുടെ രൂപംതന്നെ മാററി പാത്രങ്ങളിലും വട്ടികളിലും നികത്തിവച്ചു് സാധാരണകാരെ പററിക്കുന്ന ഒരു സമ്പ്രദായമാണ് ഇന്നു കണ്ടുവരുന്നതു്. ബഹു. ഭക്ഷ്യവകുപ്പുമന്ത്രി പാർട്ടിയോഗത്തിൽവച്ചു പറയുകയുണ്ടായി നമുക്ക് ആവശ്യമായ പഞ്ചസാരമുഴുവൻ നേരിട്ടു യു. പി. യിൽനിന്നു കിട്ടുവാൻ പ്രയാസ

മാണെന്നു. എന്റെ അഭിപ്രായത്തിൽ അതു് ശരിയാണെന്നു എനിക്കു് തോന്നുന്നില്ല. അതുകൊണ്ടു് ഈ വിഷയത്തിൽ ഒരു ആത്മാർത്ഥമായ പരിശ്രമം ഗവമ്മെണ്ടു് ചെയ്യുമെങ്കിൽ എവിടെയെല്ലാം പഞ്ചസാര സൂക്ഷിച്ചിട്ടുണ്ടോ അവിടെ നിന്നെല്ലാം പിടിച്ചെടുക്കുവാനും അതുവഴി കരിഞ്ചന്ത വ്യാപാരം തീരെ ഇല്ലാതാക്കാനും സാധിക്കുമെന്നാണു് എനിക്കു് പറയുവാനുള്ളതു്. എവിടെയെല്ലാം പഞ്ചസാര ഒളിച്ചുവച്ചിട്ടുണ്ടോ അവിടം എല്ലാം ചൂണ്ടി കാണിച്ചുതരുന്നപക്ഷം അവിടെനിന്നെല്ലാം ഗവമ്മെണ്ടു് എടുക്കുവാൻ സന്നദ്ധമാണെങ്കിൽ ജനങ്ങളെല്ലാം അതിന്നു് സഹായിക്കുവാൻ മുന്നിട്ടുവരുമെന്നാണു് ഞാൻ പറയുന്നതു്. ഇന്നു് പല ഭക്ഷണശാലകളിലും ഇരിപ്പുള്ള പഞ്ചസാരയുടെ ശരിയായ ഒരു കണക്കെടുക്കുന്നപക്ഷം ഇന്നു കാണുന്നതരത്തിൽ പഞ്ചസാരക്കു് ഇത്രവലിയ ക്ഷാമം വരുവാൻ ഇടയില്ല. അതിനുവേണ്ടതുചരിതമായ നടപടികൾ ഗവമ്മെണ്ടു് എടുക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു.

ശ്രീ. വി. ഗംഗാധരൻ നായർ: സർ, ഇൻഡ്യയിലെ മുതലാളിവർഗ്ഗത്തെയും കച്ചവക്കാരെയും യാതൊരു പരിതസ്ഥിതിയിലും വിശ്വസിക്കുവാൻ കൊള്ളുകയില്ലെന്നു് ഒന്നുകൂടി തെളിയിക്കുന്ന സംഭവമാണു് ഇന്നത്തെ പഞ്ചസാര ദൗർലഭ്യംകൊണ്ടു് ഉണ്ടായിരിക്കുന്നതു്. നിഷ്പ്രയാസം നമുക്കു് സ്വയം പര്യാപ്തതകൈവരുത്താൻ കഴിവുള്ള ഒന്നാണു് പഞ്ചസാര. സ്വയം പര്യാപ്തക്കുള്ള സകല സാഹചര്യങ്ങളും ഇന്നു ഇൻഡ്യയിൽ ഉണ്ടെന്നു് ഈ കൃത്രിമമായ പഞ്ചസാര ദൗർലഭ്യകാര്യത്തെപ്പററി ഇവിടെ ഇതിനു മുമ്പു് സംസാരിച്ചു ചില മെമ്പറന്മാർ സൂചിപ്പിച്ചു കഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് അതിനെപ്പററി വളരെ മന്നും പ്രതിപാദിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇന്നത്തെ മുതലാളിത്വം ഈ മാതിരിയുള്ള കൃത്രിമമായ ദൗർലഭ്യങ്ങൾ സൃഷ്ടിക്കാൻ അനുവദിക്കുന്ന കാലത്തോളം ഇവിടത്തെ കരിഞ്ചന്ത വ്യാപാരികളിൽനിന്നും നമുക്കു രക്ഷപ്പെടുവാൻ സാദ്ധ്യമല്ലെന്നു് ഈയവസരത്തിൽ ഗവമ്മെണ്ടിനെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. പൊതുജനാവശ്യങ്ങളെ മുൻനിറുത്തി ഉല്പാദനവിതരണങ്ങളെ പുനഃസംഘടിപ്പിക്കുകയാണു് ഇതിനുള്ള ശാശ്വതമായ പരിഹാരമാർഗ്ഗം. ഇന്നത്തെ പരിതസ്ഥിതിയിൽ ഈ പഞ്ചസാര ദൗർലഭ്യത്തിൽ ഇത്രവളരെ പരിഭ്രമം കാണിക്കേണ്ട ആവശ്യമില്ലെന്നാണു് എന്റെ വിനീതമായ അഭിപ്രായം. ഒരു പക്ഷെ ഒന്നുരണ്ടുമാസത്തിനകംതന്നെ ഈ പഞ്ചസാരദൗർലഭ്യം അവസാനിപ്പിക്കുവാൻ ഇടയുണ്ടെന്നും അതുകൊണ്ടു് ഇതുസംബന്ധിച്ചുള്ള നടപടികൾ അത്ര ധൃതഗതിയിൽ എടുത്തിട്ടുകാര്യമില്ലെന്നും ഏതാനും ചില കച്ചവടക്കാരെ പ്രോത്സാഹിപ്പിക്കുവാനോ അവരുടെ ലാഭത്തെ വർദ്ധിപ്പിക്കുവാനോ ഉള്ള കാര്യത്തിൽ ഗവമ്മെൻറു് ഇടപെടേണ്ട ആവശ്യമില്ലെന്നും ഉല്പാദനവിതരണങ്ങളെ ശാശ്വതമായ ജനകീയടിസ്ഥാനത്തിൽ നിയന്ത്രിക്കുവാൻ നിവൃത്തിയില്ലാത്ത കാലത്തോളം, പഞ്ചസാരവിതരണത്തിൽ ഇടപെടേണ്ടതില്ലെന്നും ഞാൻ ഗവമ്മെണ്ടിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സർ പഞ്ചസാര വേണ്ടുവോളം കിട്ടുന്നില്ലെന്നും പഞ്ചസാരക്ഷാമത്തിനുത്തരവാദി നമ്മുടെ ഗവമ്മെണ്ടല്ലെന്നും ഉള്ളതിനെപ്പററി ചോദ്യമില്ല. ആ ഭാഗം ഇൻഡ്യാഗവമ്മെണ്ടിന്റെ കയ്യിലാണെന്നു് സർവസമ്മതം. കൂടുതൽ കോട്ടാകിട്ടാൻ നമ്മുടെ ഗവമ്മെണ്ടു് ഉൽസാഹിക്കേണ്ടതാണു്. ഇവിടെ ആക്ഷേപാർഹമായിട്ടുള്ളതു് ഈയിടെ ഗവമ്മെൻറംഗീകരിച്ച വിതരണക്രമമാണു്. അതിൽ ഗവമ്മെണ്ടു് ബുദ്ധിപൂർവ്വമല്ല പെരുമാറിയതു്. എന്റെ അനുഭവംവച്ചേ ഞാൻ പറയുന്നുള്ളു. വിലനിയന്ത്രിക്കാൻ പോകുന്നുവെന്നുള്ള വിവരം അറിഞ്ഞപ്പോൾ കൊച്ചിയിൽ എല്ലാവരും പ്രതീക്ഷിച്ചതു് സപ്ലൈ ഡിപ്പാർട്ടുമെൻറുകാർ പൂഴ്ത്തിവച്ചവരിൽനിന്നും ചരക്കു് പിടിച്ചെടുത്തു് വിതരണം നടത്തുമെന്നാണു്. കൊച്ചിയിലെ ക്രമം അതായിരുന്നു. ഏതാനും ചാക്കു പഞ്ചസാര തൃശ്ശൂർ എ. എസ്. ഒ പിടിച്ചെടുത്തു് വിതരണം നടത്തി. ഫുഡ്കമ്മററികൂടിയപ്പോൾ വേറെ പഞ്ചസാര പിടിച്ചെടുക്കാനുണ്ടെന്നും സർക്കാരിൽനിന്നും അനുവദിച്ചാൽ അതു ചെയ്യാമെന്നും എ. എസ്. പറഞ്ഞു. പഴയവിതരണക്കാരായ പ. സ. സംഘങ്ങൾ സെൻട്രൽബാങ്കിൽനിന്നു പണം അനുവദിപ്പിച്ചു് സർക്കാർ അനുവദിക്കുന്ന പഞ്ചസാരവാങ്ങി വിതരണം നടത്താൻ തയാറായി. പിറേറദിവസം വിതരണം ഒരു മൊത്തവ്യാപാരിയെ ഏൽപ്പിച്ചതായി കൽപ്പനവന്നു. ആ മനുഷ്യൻ ഇക്കഴിഞ്ഞ രണ്ടാഴ്ചകാലത്തേക്കു വടക്കൻകൊച്ചിയുടെ കേന്ദ്രമായ തൃശ്ശൂരിൽ വല്ലാത്തൊരു കലാപമാണുണ്ടാക്കിയതു്. അടിയന്തിരംകഴിഞ്ഞു് ഭിക്ഷുക്കൾക്കു സർവാണിസദ്യ പകർന്നുകൊടുക്കുന്നതുപോലെയായിരുന്നു അവിടത്തെ ഏർപ്പാടു്. പോലീസിന്റെ അകമ്പടിയോടുകൂടി നടന്ന ആ വിതരണത്തിൽ വേലക്കാരി

[Sri. Joseph Mundassery]

കളും വേലക്കാരും കൈയ്യിലിരുന്നിൽവന്നടിച്ചുണ്ടാക്കിയിരുന്ന കുഴപ്പങ്ങളും അനാശാസ്യസംഭവങ്ങളും കുറച്ചല്ല. കരിഞ്ചന്ത പട്ടാപ്പകൽ ആ പിടികയുടെ ചുററിലും നടന്നിരുന്നു. ഇക്കാര്യത്തിൽ ഗവമ്മെണ്ടിൻെറ അനാസ്ഥ ആക്ഷേപാർഹമായിരുന്നു. മേലിൽ ഇതുണ്ടാകാതിരുന്നാൽ കൊള്ളാം.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. നമ്മുടെ നാട്ടിൽ ചട്ടപ്രകാരം പഞ്ചസാര കിട്ടുന്നകാര്യത്തിൽ വലിയ കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടിവന്നിരിക്കുന്ന ഈ അവസരത്തിൽ രാജ്യത്തിൻെറ നാനാഭാഗങ്ങളിലും പഞ്ചസാര കരിഞ്ചന്തയിൽ കൂടിയവിലക്ക് വിൽപ്പന നടത്തുന്നുണ്ടെന്നുള്ളതു് ബഹു. ജനകീയമന്ത്രിതന്നെ വർത്തമാനപ്പത്രങ്ങൾമുഖേനയും മററും അറിഞ്ഞിട്ടുണ്ടായിരിക്കുമെന്നു വിശ്വസിക്കുന്നു. അതുകൊണ്ടു് ബഹു.മാനപ്പെട്ട ഗവമ്മെൻറും ഈ ബഹുസഭയും പഞ്ചസാരയുടെ മാത്രമല്ല മററുള്ള എല്ലാ കൺട്രോൾ സാധനങ്ങളുടെയും വിതരണകാര്യത്തിൽ പ്രത്യേകം ഒന്നു് മനസിരുത്തേണ്ടതാണെന്നുള്ള അഭിപ്രായത്തോടുകൂടി പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: സർ, പഞ്ചസാരയെ സംബന്ധിച്ചു ഉണ്ടായിരിക്കുന്നതായ സ്ഥിതിഗതികൾ പഞ്ചസാര ഇല്ലായ്മകൊണ്ടാണോ എന്നുള്ളതു വളരെ സംശയമുള്ള ഒരു കാര്യമാണു്. ഇതിനെ ആസ്പദമാക്കി ഇവിടെ സംസാരിച്ചിട്ടുള്ള മെമ്പറന്മാർ ആരുംതന്നെ പഞ്ചസാര കിട്ടായ്കകൊണ്ടല്ല അതിൻെറ കൃത്രിമമായ വിലക്കയററത്തേയാണു് പരാമർശിച്ചു കാണുന്നതു്. ഏതെങ്കിലും ഒരു ചായക്കടയിൽ പഞ്ചസാര ഇല്ലെന്നു പറയുന്നുണ്ടോ. പഞ്ചസാര ഇല്ലെന്നു പറഞ്ഞു ചായകൊടുക്കാതെ ഇരിക്കുന്നുണ്ടോ? തീർച്ചയായും ഇല്ല.

ശ്രീ. ജോസഫ് മാത്തൻ: ഏതു സ്ഥലത്തെ സംബന്ധിച്ചാണു് ബഹു. മെമ്പർ പറഞ്ഞതു്.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: ഈ സംസ്ഥാനത്തു മുഴുവൻ പഞ്ചസാര ദൌർല്ലഭ്യം ഇല്ലെന്നല്ല പറഞ്ഞതു്. എന്നാൽ ഏതു സ്ഥലത്തേ കാര്യങ്ങൾ നോക്കിയാലും തീർച്ചയായും ഈ പഞ്ചസാരദൌർല്ലഭ്യത്തെ നേരിടാൻ സാധിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. ഒരു സ്ഥലത്തുമാത്രമുള്ള സ്റ്റാക്കു് അധികാരികളെ കാണിക്കുന്നതുകൊണ്ടു പ്രയോജനമില്ല. ഈ സംസ്ഥാനമൊട്ടുക്കു അതുപോലെ പ്രവർത്തിക്കണമെങ്കിൽ അതിനു് ഗവമ്മെണ്ടു് മുൻകൈ എടുത്തു പ്രവർത്തിക്കണം. എങ്കിലേ സാധിക്കയുള്ളു. ഒരുപക്ഷെ നമ്മുടെ സ്ഥലത്തു് ആണെങ്കിലും മന്ത്രിയുടെ പ്രസ്സ്കാൻഫ്രൻസ് നടത്തുന്നതുവരെ യാതൊരു ദൌർലഭ്യവും പഞ്ചസാരക്കില്ലായിരുന്നു. അതിനുശേഷം പഞ്ചസാര ദൌർലഭ്യമല്ല, ശക്കരകൂടി കിട്ടാൻ നിവർത്തിയില്ലാതെ പരാതി ആയിരിക്കുന്നു. അതുവരെ കാശില്ലാതെ വാങ്ങിക്കാൻ നിവർത്തിയില്ലാത്ത പരാതി മാത്രമായിരുന്നു. ഇതിൽനിന്നു മനസ്സിലാകുന്നതു് ഈ പഞ്ചസാരക്ഷാമത്തിനു കാരണം ഗവമ്മെണ്ടിൻെറ നയത്തിൽ ഉള്ള പിശകാണെന്നാണു്. ഇതിനു ഒരു പോംവഴിയായി വിലമാത്രം ഫിക്സ് ചെയ്തതുകൊണ്ടു് മതിയായില്ല. ഇന്നു് ഈ പഞ്ചസാരക്ഷാമത്തെ നേരിടുന്നതു് എങ്ങിനെ എന്നുള്ള പ്രശ്നമാണു് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുന്നതു്. ആവശ്യമുള്ളത്ര പഞ്ചസാര ഈ സംസ്ഥാനത്തു് ലഭിക്കുന്നില്ലെങ്കിൽതന്നെ മി. ഇയ്യു അവർകൾ പറഞ്ഞതുപോലെ പ്രൈസ്സ് ഫിക്സ് ചെയ്തിട്ടു് എല്ലാ കൺട്രോളും എടുക്കുന്നതാണു് നല്ലതു്. അതല്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തിൽ ഉണ്ടായിരുന്നതായ പഞ്ചസാര എന്തുചെയ്തിരിക്കുന്നു എന്നു് അന്വേഷണം നടത്തണം. എത്ര വില കൊടുത്തും വാങ്ങാൻ സാധിക്കുന്ന ആളുകൾ ആരെല്ലാം എന്നു് അന്വേഷിക്കണം. ചായക്കടക്കാർ മാത്രമാണു് പഞ്ചസാര ബ്ലാക്കിൽ വാങ്ങാൻ തയ്യാറായിരിക്കുന്നതു്. കാരണം അവരുടെ പ്രധാന തൊഴിലും അതുതന്നെയാണു്. ചായക്കടകളിൽ ചെന്നു് ചായ ചോദിച്ചാൽ തീർച്ചയായും പഞ്ചസാര ഇട്ട ചായ കിട്ടുന്നതാണു്. എന്നാൽ പഞ്ചസാര എവിടെനിന്നു കിട്ടി എന്നു ചോദിച്ചാൽ സ്ഥലം പറയുകയില്ല. അപ്പം തിന്നാൽപോരെ കുഴി എണ്ണണ്ട ആവശ്യമുണ്ടോ എന്നാണു് അവർ ചോദിക്കുന്നതു്.

അതുകൊണ്ടു് ഞാൻ പറയുന്നതു് ഒന്നുകിൽ കൺട്രോൾ വിടുകയൊ അല്ലാത്തപക്ഷം ചായക്കടകളിലും റസ്റ്ററൻറുകളിലും മററും പഞ്ചസാര പ്രധാനമായി അധികം ചിലവുള്ള എല്ലാ സ്ഥാപനങ്ങൾക്കും പഞ്ചസാര ൯൦ ശതമാനവും കൊടുക്കുന്നതിനു് ഏർപ്പാടു ചെയ്തു

[Sahib Bahadhur Sri. T. A. Abdulla]

നിർദ്ദേശം നൽകി. അതിനുശേഷം മാത്രമാണ് ഈ ഗവൺമെണ്ടിനേയും അറിയിച്ചത്. പ്രോവിഡൻസുകൾക്കു വില നിയന്ത്രിക്കുന്നതിനു നിശ്ചയിച്ച വിവരം ഇൻഡ്യാഗവൺമെണ്ട് രഹസ്യമായി വിലനിയന്ത്രണതിയ്യതിക്ക് സ്വല്പദിവസം മുമ്പേതന്നെ രഹസ്യമായി അറിയിച്ചിരുന്നുവെന്നാണ് കാണുന്നത്. അങ്ങിനെ അറിയിപ്പു ഇവിടെ കിട്ടിയില്ല.

ശ്രീ. എം. ഐ. പോൾ: വില നിയന്ത്രിച്ചപ്പോൾ എത്ര സ്റ്റാക്കുണ്ടായിരുന്നു എന്നു് വല്ല കണക്കുമുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: കച്ചവടക്കാരുടെ കയ്യിൽ എത്രയുണ്ടായിരുന്നുവെന്ന് അറിയാൻ നിവൃത്തിയില്ല. ഇൻഡ്യാഗവൺമെണ്ടിനുതന്നെയും സ്റ്റാക്ക് മരവിപ്പിച്ചപ്പോൾ എന്തുമാത്രം സ്റ്റാക്കുണ്ടായിരുന്നു എന്ന് കണക്കെടുക്കാൻ സാധിച്ചിട്ടില്ല. ഒരു ലക്ഷത്തി പതിനെണ്ണായിരം ടൺ ഉണ്ടായിരിക്കണമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നത്. വില നിയന്ത്രിച്ചാൽ സാധനം പൂഴ്ത്തിവക്കൽ ഉണ്ടാകുക സഹജമാണ്. അങ്ങിനെ കുറെ പോയിട്ടുമുണ്ട്.

ശ്രീ. കെ. എ. മാത്യു: അവിടെ സ്റ്റാക്ക് ഫ്രീസ് ചെയ്തപ്പോൾ തിരുവിതാംകൂറിലെ ഫാക്ടറികളിലേയും സ്റ്റാക്ക് ഫ്രീസ് ചെയ്തോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അതിനെപ്പററിയും പറയാം. സ്റ്റാക്ക് മരവിപ്പിച്ചു എന്നു പറഞ്ഞതുകൊണ്ട് എല്ലാ കച്ചവടക്കാരുടെയും കൈയിലുണ്ടായിരുന്ന സ്റ്റാക്ക് മരവിപ്പിച്ചു എന്നർത്ഥമില്ല. ഫാക്ടറികളിലുള്ള സ്റ്റാക്കാണ് ഇൻഡ്യാഗവൺമെണ്ട് മരവിപ്പിച്ചിട്ടുള്ളത്. അതുപോലെ ഇവിടെയും പമ്പാറിവർ ഫാക്ടറിയിലുള്ള സ്റ്റാക്ക് എത്രയെന്ന് ഗവൺമെണ്ട് അന്വേഷിച്ചിട്ടുണ്ട്. ആ ഫാക്ടറിയിൽ വളരെ കുറച്ചു സ്റ്റാക്കു മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആ സ്റ്റാക്കുതന്നെയും ഔദ്യോഗികമായി ഒരു നിയമപ്രകാരം അതായതു് ഒരു കൺട്രോൾ ആർഡർ പ്രകാരം മരവിപ്പിക്കാതെ, ഗവൺമെണ്ടിന്റെ അനുമതികൂടാതെ വെളിയിൽ പോകാതിരിക്കുന്നതിന് വേണ്ട എപ്പാടുകളാണ് ഗവൺമെണ്ട് ചെയ്തിരിക്കുന്നതു്. അങ്ങനെ ഔദ്യോഗികമായി സ്റ്റാക്കു മരവിപ്പിക്കാതിരിക്കുന്നതിന് കാരണങ്ങളുമുണ്ട്. സ്റ്റാക്ക് മരവിപ്പിക്കുക എന്നു പറഞ്ഞാൽപിന്നെ പഞ്ചസാര കൈകാര്യം ചെയ്യുവാൻ ഗവൺമെണ്ട് നിർദ്ദേശമനുസരിച്ചല്ലാതെ ആർക്കും അവകാശമില്ലെന്നാണ് അർത്ഥം. അങ്ങനെവരുമ്പോൾ എല്ലാവർക്കും ആവശ്യത്തിന് പഞ്ചസാര കൊടുക്കേണ്ട കടമയും ഗവൺമെണ്ടിനുണ്ട്. ആ കടമ നിവ്വഹിക്കുന്നതിനുള്ള കഴിവ് ഗവൺമെണ്ടിന് ഇല്ലാതിരുന്നതുകൊണ്ടാണ് പഞ്ചസാര സ്റ്റാക്ക് ഔദ്യോഗികമായി മരവിപ്പിക്കാതിരിക്കുന്നതെന്നും ബഹു. അംഗങ്ങൾ മനസ്സിലാക്കണമെന്നു അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. എ. മാത്യു: ഫാക്ടറികളിൽനിന്നും പഞ്ചസാര കച്ചവടക്കാർക്കു കൊടുത്തിട്ടുണ്ടെന്നാണോ പറയുന്നതു്.

ബഹു. സാഹിബ് ബഹദൂർ ടി. എ അബ്ദുള്ള: ഔദ്യോഗികമായി സ്റ്റാക്ക് മരവിപ്പിച്ചില്ലെങ്കിലും പഞ്ചസാര കൊണ്ടുപോകുന്നതിനെ സൂക്ഷിക്കാനും അതതു സ്ഥലങ്ങളിലെ പോലീസ് ഉദ്യോഗസ്ഥന്മാർക്കും തഹശീൽദാരന്മാർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അവർ നിഷ്കർഷയോടുകൂടി അതു് ചെയ്യുന്നുണ്ടെന്നാണ് എനിക്കു ബഹു. മെമ്പറന്മാരെ അറിയിക്കാനുള്ളതു്. ഫാക്ടറിയിൽനിന്നു കൊടുത്തിട്ടുള്ളതിന്റെ കണക്കുകൾ ഗവൺമെണ്ടിന് കിട്ടിയിട്ടുണ്ട്. ഗവൺമെണ്ടിന്റെ അനുമതിയോടുകൂടിയല്ലാതെ പഞ്ചസാര ഫാക്ടറിയിൽനിന്നു കൊടുക്കരുതെന്നും ഇപ്പോൾ നിർദ്ദേശിച്ചിട്ടുമുണ്ട്.

ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള: പഞ്ചസാര വിതരണം ചെയ്യുന്നതിന് അതാതു സ്ഥലത്തെ നിയമസഭാസാമാജികന്മാരെ എല്പിക്കാൻ ആലോചന ഉണ്ടോ?

ബഹു. സാഹിബ് സഹദൂർ ടി. എ. അബ്ദുള്ള: പഞ്ചസാര വിതരണം ആരെ എല്പിക്കണമെന്നുള്ളതിനെപ്പററി ഈ സഭയിൽതന്നെ ഇപ്പോൾ മൂന്നഭിപ്രായം വന്നിട്ടുണ്ട്. ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള അതു് റേഷൻ കച്ചവടക്കാരെമാത്രം എല്പിക്കണമെന്നു പറയുകയുണ്ടായി. റേഷൻ കച്ചവടക്കാരെല്ലാം കരിഞ്ചന്തവിദഗ്ദ്ധന്മാരായതുകൊണ്ട് ഒരിക്കലും അവരെ ഏൾപ്പിക്കാൻ പാടില്ലെന്നും വേറെ പുതിയ ആളുകളെയാണ് ഏൾപ്പിക്കേണ്ടതെന്നുമാണ് പിന്നൊരഭിപ്രായം. ലേലംവിളിച്ചു കൊടുക്കണമെന്നാണ് മൂന്നാമത്തെ

അഭിപ്രായം. ഇപ്പോൾ ഈ സഭയിലെ മെമ്പറന്മാരെ എടുപ്പിക്കണമെന്ന നാലാമതൊരഭിപ്രായവും ശ്രീ. ശങ്കുണ്ണിപ്പിള്ള കൊണ്ടുവന്നിട്ടുണ്ട്.

Sri. C V. Iyyu: I happened to read in one of the papers day before yesterday that several M. L. A's. had been blackmarketing.

The Honbl'e Sri. T. A. Abdulla: I do not yield to such a question, Sir.

ഗവമ്മെണ്ട് സ്റ്റാക്ക് മരവിപ്പിക്കാതിരുന്നതിനെപ്പററിയാണ് ഇവിടെ ഏററവും രൂക്ഷമായ വിമർശനങ്ങൾ നടന്നതു്. അതിനുള്ള സമാധാനമാണ് ഞാൻ പറഞ്ഞുകൊണ്ടിരുന്നതു്. പഞ്ചസാരയുടെ വിലനിയന്ത്രിച്ച അവസരത്തിൽ പമ്പാറിവർ ഫാക്ടറിയിൽ അഞ്ചുറോ അറുന്നുറോ ചാക്ക് പഞ്ചസാരമാത്രമാണുണ്ടായിരുന്നതു്. അതെ അവസരത്തിൽ ഇൻഡ്യാഗവമ്മെണ്ടിൽനിന്നും എത്രമാത്രം പഞ്ചസാര നമുക്ക കിട്ടുമെന്നുള്ളതിനെ സംബന്ധിച്ചും യാതൊരുറപ്പുമുണ്ടായിരുന്നില്ല. ഇൻഡ്യാ ഗവമ്മെണ്ട് സ്റ്റാക്ക് മരവിപ്പിച്ചതുകൊണ്ടു് കച്ചവടക്കാർക്കോ മററു സ്വകാര്യ വ്യക്തികൾക്കോ വെളിയിൽനിന്നും പഞ്ചസാര വാങ്ങിക്കൊണ്ടുവരുന്നതിന്നു സാദ്ധ്യമല്ലല്ലൊ. ഈ സംഗതിയുടെ അടിയന്തിരാവസ്ഥയെ പരിഗണിച്ചു ഉടനെതന്നെ ഈ ഗവമ്മെണ്ട് ഇൻഡ്യാഗവമ്മെണ്ടിനോടു് നിവേദനം നടത്തുകയും ഉണ്ടായി. അതിന്റെ ഫലമായി നമുക്ക് അനുവദിച്ചുതന്നതു് മൂവ്വായിരം ചാക്ക പഞ്ചസാര മാത്രമാണ്. കൂടാതെ സ്റ്റാക്ക മരവിപ്പിച്ചതിൽനിന്നും ഇൻഡ്യാഗവമ്മെണ്ടിനുവേണ്ടുവോളം പഞ്ചസാര ലഭിച്ചിട്ടില്ലെന്നും അതുകൊണ്ടു് ഈ മൂവ്വായിരം ചാക്ക് പഞ്ചസാരകൊണ്ടു് ഡിസംബർ ൧൫-ാംനു- വരെ കഴിഞ്ഞുകൊള്ളണമെന്നുള്ള ഒരു നിർദ്ദേശവും ലഭിച്ചു. അങ്ങനെ ഒന്നരമാസക്കാലത്തേക്ക മൂവ്വായിരം ചാക്ക പഞ്ചസാര മാത്രമാണ് നമുക്ക് ഇൻഡ്യാഗവമ്മെണ്ടിൽനിന്നും അനുവദിച്ചിട്ടുള്ളതു്. അതിൽ കൂടുതൽ പ്രതീക്ഷിക്കേണ്ടതില്ലെന്നും അറിയിച്ചിട്ടുണ്ട്. ഈ അനുവദിച്ച പഞ്ചസാരതന്നെ ഇവിടെ കിട്ടുന്നതിന് കുറെ ദിവസങ്ങൾ, പക്ഷെ ആഴ്ചകൾതന്നെ വേണ്ടിവരും.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ഈ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ ൧൧ മണിക്ക വീണ്ടും കൂടുന്നതുമാണ്.

The House adjourned at 6 p.m. to meet again at 11 a.m. on the 1st December 1949.

V. KRISHNAMOORTHY AIYAR
Secretary to the Legislative Assembly

PROCEEDINGS OF THE UNITED STATE OF TRAVANCORE AND COCHIN
LEGISLATIVE ASSEMBLY

FIRST ASSEMBLY—THIRD SESSION—1949/1125

Thursday, *the* *1st December 1949* / *16th Vrischigam 1125*

Vol. III] OFFICIAL REPORT **[No. 3**

The Assembly met in the Legislative Chamber, Public Offices, Trivandrum, at 11 of the Clock on Thursday, the 1st December 1949 with Mr. Speaker (The Hon'ble Sri. T. M. Varghese) in the Chair.

QUESTIONS AND ANSWERS

(The numbers within brackets indicate the serial numbers in the lists of admitted questions.)

ORAL ANSWERS

ശ്രീ. ഈപ്പൻ അറയ്ക്കൽ : സർ, ഇപ്പോൾ ഇവിടെ തന്നിട്ടുള്ള ലിസ്റ്റുകൾ അനുസരിച്ചു നോക്കുകയാണെങ്കിൽ ഏതാനും ചിലരുടെ ചോദ്യങ്ങൾക്കു മാത്രമേ ഉത്തരം കിട്ടുകയുള്ളു എന്നാണു് കാണുന്നതു്. അതുകൊണ്ടു് ഓരോ ദിവസവും ഓരോരുത്തരുടെ ചോദ്യങ്ങൾക്കു് ഉത്തരം പറഞ്ഞുകഴിഞ്ഞതിൽ അവരുടെ ചോദ്യങ്ങൾ മാററിവച്ചിട്ടു് മററുള്ളവർക്കു് മുൻഗണന നൽകി ബാലററുചെയ്തോ മറെറാ ചോദ്യങ്ങൾ ലിസ്റ്റിൽ ചേർക്കുന്നതു എല്ലാവരുടേയും ചോദ്യങ്ങൾക്കു് ഉത്തരം കിട്ടുന്നതിനു് ഉപകരിക്കുന്ന ഒരു സമ്പ്രദായം ആയിരിക്കുമെന്നാണു് എന്റെ അഭിപ്രായം. ആ വിധത്തിലോ അല്ലെങ്കിൽ മറേറതെങ്കിലും വിധത്തിലൊ ആയാലും എല്ലാവരുടേയും ചോദ്യങ്ങൾക്കു് ഉത്തരം ലഭിക്കത്തക്കവണ്ണം സ്പീക്കർ എന്തെങ്കിലും നിർദ്ദേശം നൽകിയാൽ കൊള്ളാമെന്നു് ഞാൻ അപേക്ഷിക്കുന്നു.

മി. സ്പീക്കർ : ഇപ്പോൾ ചോദ്യോത്തരങ്ങൾക്കുള്ള സമയമാണു്. അക്കാര്യം പിന്നീടു ആലോചിക്കാവുന്നതാണു്.

മദ്യവർജ്ജനപരിപാടി

*ചോദ്യം. (ഗ) ശ്രീ. പി. എസ്സ്. മാധവൻവൈദ്യർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട എക്സൈസ്സു് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) മദ്യവർജ്ജനം നടപ്പാക്കിയിട്ടുള്ള സ്ഥലങ്ങളിൽ വയറുനിറയെ കള്ളുകുടിച്ചു കൊണ്ടു പ്രവേശിക്കുവാൻ വല്ല തടസ്സവുമുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇന്നത്തെ മദ്യവർജ്ജനനയംകൊണ്ടു മദ്യവർജ്ജനം നടപ്പാക്കിയിട്ടുള്ള സ്ഥലങ്ങളിൽപോലും എന്താണു് ഫലം സിദ്ധിക്കുക ;

(സി) മലബാറിൽ മദ്യവർജ്ജനം നടപ്പാക്കിയിട്ടുള്ള സ്ഥലങ്ങളിൽ മണത്തുനോക്കി കള്ളുകുടിയനെ പിടിക്കുന്ന സമ്പ്രദായം, എന്തുകൊണ്ടു് ഇവിടെ നടപ്പാക്കിക്കൂടാ ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ :

(എ) കള്ളു വയറുനിറയെ കുടിച്ചിട്ടുണ്ടോ എന്നുള്ളതല്ല കാര്യം. കുടിച്ചയാൾ ഉന്മത്തനായിട്ടുണ്ടോ എന്നാണു് നോക്കുന്നതു്.

(ബി) ഇപ്പോഴത്തെ ആക്ടു് വളരെ ഫലപ്രദമാണു്.

(സി) മദ്യപിച്ചവരെ മണത്തുനോക്കി കണ്ടുപിടിക്കുന്ന സമ്പ്രദായം ഇവിടേയുമുണ്ടു്.

ശ്രീ. കെ. കുട്ടപ്പൻ : മദ്യനിരോധനമേഖലയിൽ ഉള്ള ആളുകൾക്കുതന്നെ മദ്യം ഉപയോഗിക്കുന്നതിനു് പ്രത്യേകം വല്ല അനുവാദവും കൊടുത്തിട്ടുണ്ടോ ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : പ്രത്യേകം ചിലക്ക് ലൈസൻസ് വ്യവസ്ഥയിൽ ഗവമ്മെണ്ട് അനുവാദം കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. കുട്ടപ്പൻ : എന്തു തത്വത്തെ അടിസ്ഥാനമാക്കിയാണ് അങ്ങിനെ ചിലക്ക് അനുവാദം കൊടുത്തിട്ടുള്ളത് ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : അവരുടെ പ്രായത്തേയും ഡാക്ടർമാരുടെ അഭിപ്രായത്തേയും അടിസ്ഥാനപ്പെടുത്തിയാണ്.

Sri. D. Gnanasigamoni : May I know how many cases were detected on smell ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : മണത്തുനോക്കുന്നത് ഒരുപാധി മാത്രമാണ്. മദ്യപാനികളെ കണ്ടുപിടിക്കുന്നതിന് മററു പല മാർഗ്ഗങ്ങളും ഉണ്ട്.

Sri. D. Gnanaigamoni : Do the officers concerned smell women also who traval in the bus to detect this offence ? (Laughter)

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : ആവശ്യമുണ്ടെന്നു തോന്നിയാൽ അതും ചെയ്യേണ്ടിവരും.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : പ്രായത്തെ അടിസ്ഥാനപ്പെടുത്തി മദ്യപിക്കാൻ അനുവാദം കൊടുത്തിട്ടുണ്ടെന്നു പറഞ്ഞല്ലോ. പ്രായം എന്നു പറയുന്നതു വയസ്സന്മാരെ ഉദ്ദേശിച്ചാണൊ, ചെറുപ്രായക്കാരെ ഉദ്ദേശിച്ചാണൊ, അതോ മദ്ധ്യവയസ്സന്മാരെ ഉദ്ദേശിച്ചാണൊ എന്നറിഞ്ഞാൽ കൊള്ളാം.

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : ൪൫ വയസ്സിനുമേൽ പ്രായമുള്ളവരും മെഡിക്കൽ സർട്ടിഫിക്കററ് ഹാജരാക്കുന്നതുമായ ആളുകൾക്കാണ് അനുവാദം കൊടുക്കുന്നതു്.

ശ്രീ. കെ. രാമചന്ദ്രൻ : മദ്യനിരോധനമേഖലകളിൽ ഇപ്പോൾ മദ്യത്തിനു പകരം മത്തുപിടിപ്പിക്കുന്ന മററു കെമിക്കൽസ് ഉപയോഗിച്ചുവരുന്നതായി ഗവമ്മെണ്ടിനറിയാമോ ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : അങ്ങിനെ അറിവില്ല.

ശ്രീ. കെ. രാമചന്ദ്രൻ : സിൻജിബെറിസ് മദ്യത്തിനു ഒരു നല്ല സബ്ററിറ്റ്യൂട്ടാണ് എന്ന കാര്യം ഗവമ്മെണ്ട് അന്വേഷിച്ചിട്ടുണ്ടോ ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : അതേപ്പററി അന്വേഷിച്ചിട്ടില്ല.

ശ്രീ. എം. ഐ. പോൾ : മദ്യപിച്ചിട്ടുള്ളവരെ കണ്ടുപിടിക്കുന്നതിന് മീററർമാതിരി പ്രത്യേക വല്ല ഉപകരണവും ഉണ്ടോ ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : ബവ്വൽ പരിശോധിച്ച് കണ്ടുപിടിക്കുന്ന ഒരു സമ്പ്രദായം ഇപ്പോൾതന്നെ ഉണ്ടല്ലോ.

ശ്രീ. സി. വി. ഇയ്യ : മദ്യനിരോധനമേഖലക്ക് പുറത്തുപോയി മദ്യപിച്ചുകൊണ്ട് മദ്യനിരോധനമേഖലക്കകത്തുവന്ന് ബസ്സുകളിലും മററും യാത്രചെയ്യുന്ന ആളുകളെ പിടിക്കുന്നതിന് ഇപ്പോഴത്തെ നിയമത്തിൽ വ്യവസ്ഥ ഒന്നുമില്ലെന്നറിയാമോ ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : തിരുവിതാംകൂറിൽ അതിനുള്ള നിയമം ഉണ്ട്. കൊച്ചിപ്രദേശത്തുമാത്രം ഇപ്പോൾ അതിനുവേണ്ട നിയമമില്ല. അതുകൊണ്ട് അതിനുവേണ്ട ഒരു ബില്ല് ഈ സഭയിൽ അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന ബില്ലുകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. കുട്ടപ്പൻ : മദ്യനിരോധനത്തിന് നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാർതന്നെ മദ്യം ഉപയോഗിച്ചതായി ഗവമ്മെണ്ടിനറിയാമോ ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : മദ്യനിരോധനത്തിനു നിയമിച്ച ഉദ്യോഗസ്ഥന്മാർ മദ്യപിച്ചതായി അറിവില്ല. എന്നാൽ ചില ഉദ്യോഗസ്ഥന്മാർ മദ്യപിച്ചിട്ടുണ്ടെന്ന് അറിയാം.

ശ്രീ. പി. നാണു : മദ്യനിരോധനം ഏർപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങൾ തിരിച്ചറിയുന്നതിന് ആ സ്ഥലങ്ങളുടെ അതുത്തികളിൽ വല്ല ബോർഡുകളും സ്ഥാപിച്ചിട്ടുണ്ടോ ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : സ്ഥാപിച്ചിട്ടുണ്ട്.

ശ്രീ. പി. നാണു : സ്ഥാപിച്ചിട്ടില്ലെന്നു ഞാൻ പറഞ്ഞാൽ ബഹു. മന്ത്രി വിശ്വസിക്കുമോ ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഏതു സ്ഥലത്തെപ്പററിയാണ് പറയുന്നതു് എന്നു പറഞ്ഞാൽ പറയാം.

ശ്രീ. പി. നാണു: ചിറയിൻകീഴ് താലൂക്കിൽ പാരിപ്പള്ളി എന്ന സ്ഥലത്തു മദ്യനിരോധനമേഖലയുടെ അതൃത്തിയിൽ ബോർഡ് സ്ഥാപിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഉണ്ട്.

ശ്രീ. പി നാണു: എന്നാണ് അവിടെ സ്ഥാപിച്ചതെന്ന് പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ആ മേഖലയിൽ മദ്യനിരോധനം ഏർപ്പെടുത്തിയപ്പോൾതന്നെ അവിടെ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്.

ശ്രീ. പി. നാണു: ബഹു. മന്ത്രി അവിടെപ്പോയി നോക്കിയിട്ടുതന്നെയാണോ ഉണ്ടെന്നുപറഞ്ഞതു്.

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അതേ.

സാഹിബ് ബഹദൂർ വി. അബ്ദുൽഅസീസ്: ഏതെങ്കിലും ഉദ്യോഗസ്ഥന്മാർക്ക് മദ്യം ഉപയോഗിക്കുന്നതിന് ഗവമ്മെണ്ടിൽനിന്നും പെർമിററ് നൽകിയിട്ടുണ്ടോ?

ബഹു. ശ്രീ. എൻ കുഞ്ഞുരാമൻ: അതു് ഈ ചോദ്യത്തിൽനിന്നും ഉൽഭവിക്കുന്നുണ്ടോ എന്നു വളരെ സംശയമാണ്.

ശ്രീ. കെ. കൊച്ചുകുട്ടൻ: മദ്യനിരോധനം ഏർപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിൽവച്ച് മദ്യപിച്ചതിന് ചാർജ്ജുചെയ്തു കോടതിയിൽ കൊണ്ടുപോയ ചിലരെ കോടതിയിൽനിന്നും വെറുതേ വിട്ടിട്ടുണ്ടെന്നറിയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അതു കേസുകളുടെ സ്വഭാവത്തെയുംകൂടി ആശ്രയിച്ചിരിക്കും. ചിലപ്പോൾ നിയമപ്രകാരമുള്ള എല്ലാതെളിവുകളും കോടതിയിൽ ഹാജരാക്കുന്നതിന് ചുരുക്കംചില കേസുകളിൽ സാധിച്ചില്ലെന്നുവരാം. അങ്ങിനെ ചിലകേസുകളിൽ കോടതിയിൽനിന്നും വെറുതേവിട്ടിട്ടുണ്ടാവും.

ശ്രീ. എൻ. പി. വറുഗീസ്: മണത്തുനോക്കി ഏതെങ്കിലും മദ്യപന്മാരെ പിടിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: മണത്തുനോക്കുന്നതു് പല മാർഗ്ഗങ്ങളിൽ ഒരുമാർഗം മാത്രമാണ്.

ശ്രീ. എം. ഐ. പോൾ: മദ്യനിരോധനമേഖലയിൽ വച്ചായാലും രണ്ട് ഔൺസ് മദ്യം സേവിക്കുന്നതു കുററകരമല്ലെന്ന് ഒരു വിധിയുണ്ടായിട്ടുണ്ടെന്നറിയുന്നു. അതു തെററല്ലേ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അതിനെപ്പററി പല അഭിപ്രായങ്ങളും ഉണ്ടാവാം.

ശ്രീ. പി. നാണു: മുമ്പ് ബഹു. മന്ത്രി ഉണ്ടെന്നുപറഞ്ഞ ബോർഡ് എല്ലാവർക്കും കാണത്തക്കവിധത്തിൽ അവിടെ സ്ഥാപിച്ചിരിക്കുകയാണോ? അതോ വല്ലിടത്തും ഒളിച്ചുവച്ചിരിക്കുകയാണോ എന്നു പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ബോർഡ് അവിടെ ഉണ്ടെന്നു ഞാൻ കണ്ടതുകൊണ്ടാണ് പറയുന്നതു്. ബഹു. മെമ്പർ നോക്കിയിട്ട് കാണുന്നില്ലെങ്കിൽ അതേപ്പററി അന്വേഷിക്കാം.

ശ്രീ. ഇച്ചുരമേനോൻ: മണത്തുനോക്കാതെതന്നെ, മദ്യപിച്ചുകൊണ്ട് മദ്യനിരോധന മേഖലക്കുള്ളിൽ ബസ്സിലും മററും സഞ്ചരിക്കുന്ന കുടിയന്മാരെ കണ്ടുപിടിക്കാൻ സാധിക്കുമെന്നിരുന്നാൽതന്നെയും അവരുടെമേൽ നടപടിയെടുക്കാൻ നിവൃത്തിയില്ലാതിരിക്കുന്നു എന്ന് ഗവമ്മെണ്ടിനറിയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: കൊച്ചിപ്രദേശത്തു് ഇപ്പോൾ നിലവിലിരിക്കുന്ന നിയമം അനുസരിച്ച് അതു സാദ്ധ്യമല്ലെന്നറിയാം.

ഡിസ്പെൻസറി പരിശോധന

*൨൨൦. (൨) ശ്രീ. പി എസ്. മാധവൻ വൈദ്യർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ആരോഗ്യവകുപ്പുമന്ത്രി കൊച്ചിയിൽ പര്യടനം നടത്തി, ഗവമ്മെണ്ട് ആശുപത്രികളും ഡിസ്പെൻസറികളും പരിശോധിച്ചപ്പോൾ എതെങ്കിലും ഗവമ്മെണ്ട ഗ്രാൻറ വാങ്ങുന്ന ഡിസ്പെൻസറിയിൽനിന്നും ആക്കെങ്കിലും ധർമ്മമായി മരുന്നു കൊടുക്കാത്ത വിവരം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ആ ഡിസ്പെൻസറി ഡാക്ടർമാരുടെ പേരിൽ വല്ല നടപടിയും എടുത്തിട്ടുണ്ടോ?

(സി) ഇല്ലെങ്കിൽ എന്തു നടപടി എടുക്കാനാണ് ഉദ്ദേശിക്കുന്നത്?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: (എ) ബോദ്ധ്യപ്പെട്ടിട്ടില്ല. എന്നാൽ സംശയിക്കാൻ ഇടയായിട്ടുണ്ട്.

(ബി) ഉണ്ട്. സമാധാനം ആവശ്യപ്പെടുകയും പരാതികൾ ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടികൾ നടത്തുകയും ചെയ്തിട്ടുണ്ട്.

(സി) ബി ഉത്തരംകൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എ. കെ. ജോർജ്ജ്: ഏതു ഡിസ്പെൻസറിയെ സംബന്ധിച്ചാണ് ഇപ്പോൾ പറഞ്ഞത്?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: ഒല്ലൂർ ഡിസ്പെൻസറിയെപ്പററിയാണ്.

ശ്രീ. പി. എസ്സ്. മാധവൻവൈദ്യർ: എല്ലാരോഗികൾക്കും മരുന്നു സൗജന്യമായിട്ട് കൊടുക്കണമെന്നാണോ ഗവമ്മെണ്ട് നിർദ്ദേശിച്ചിട്ടുള്ളത്?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: സാധുക്കളായ രോഗികൾക്ക് മരുന്ന് സൗജന്യമായികൊടുക്കണമെന്ന് ഗവമ്മെണ്ട് നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. പി. എസ്സ്. മാധവൻവൈദ്യർ: ബഹു. മന്ത്രി അവിടെ പരിശോധനക്ക് ചെന്നപ്പോൾ പണംകൊടുത്തു മരുന്നുമേടിച്ചവർ സാധുക്കളാണോ പണക്കാരാണോ എന്ന അന്വേഷിച്ചിട്ടുണ്ടോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: അന്വേഷണംനടത്തി. അതിൻെറ ഫലമായി അതിൽ പലരും സാധുക്കളാണെന്ന് അറിയുകയും അതിന്മേൽ ഡാക്ടരുടെ സമാധാനം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ഇ. കെ. മാധവൻ: സാധുക്കളായ എല്ലാരോഗികൾക്കും മരുന്നു സൗജന്യമായി കൊടുക്കുന്നതിന് മതിയാകുന്ന ഗ്രാൻറ് ഗവമ്മെണ്ടിൽനിന്നും കൊടുക്കുന്നുണ്ടോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: സാധുക്കളായ രോഗികൾക്ക് മരുന്നു സൗജന്യമായി കൊടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനോടൊപ്പംതന്നെ പണക്കാരിൽനിന്നും പണം വാങ്ങണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. ഇ. കെ. മാധവൻ: പണക്കാരിൽനിന്നും കിട്ടുന്ന പണംകൊണ്ട് തികയാതെ വരുമ്പോൾ മതിയായ തുക ഗവമ്മെണ്ടിൽനിന്നും ഗ്രാൻറ കൊടുക്കുന്നുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: എല്ലാസാധുക്കൾക്കും മരുന്നു സൗജന്യമായി കൊടുക്കാനാണ് ഗവമ്മെണ്ട് ഏർപ്പാടുചെയ്തിട്ടുള്ളത്.

ശ്രീ. ഇ. കെ. മാധവൻ: എന്തുതുകയാണ് ഒരു മാസത്തേക്ക് ഗവമ്മെണ്ടിൽനിന്നും ഗ്രാൻറായി കൊടുക്കുന്നത്?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: ആണ്ടുതോറും ൧, ൦ ൦ ൦ രൂപ വിലക്കുള്ള മരുന്നും മാസംതോറും ഡാക്ടർക്ക് ൧ ൦ ൦ രൂപ ശമ്പളവും ഗ്രാൻറായി കൊടുക്കുന്നുണ്ട്.

ശ്രീ. പി. എസ്സ്. മാധവൻവൈദ്യർ: ഡിസ്പെൻസറിയിൽ പണം വാങ്ങുന്നതിന് വല്ല കണക്കുകളും സൂക്ഷിക്കാറുണ്ടോ?

ബഹു. ശ്രീമതി. ആനിമസ്ക്രീൻ: ഡിസ്പെൻസറികളിൽ അതിനുവേണ്ടുന്ന റജിസ്റ്ററുകൾ സൂക്ഷിക്കണമെന്ന് ഗവമ്മെണ്ടിൽനിന്നും ഏർപ്പാടുചെയ്തിട്ടുണ്ട്. ആവശ്യമുള്ള റജിസ്റ്ററുകൾ അവിടെ സൂക്ഷിക്കുന്നുമുണ്ട്.

ശ്രീ. എ. കെ. ജോർജ്ജ്: ഡാക്ടർതന്നെയാണോ ഈ റജിസ്റ്ററുകളും എഴുതി സൂക്ഷിക്കുന്നതു്? അതോ അതിനു പ്രത്യേകം ആളെ ആക്കിയിട്ടുണ്ടോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: ഡാക്ടർതന്നെയാണു എഴുതി സൂക്ഷിക്കുന്നതു്.

ശ്രീ. എ. കെ. ജോർജ്ജ്: അപ്പോൾ ഈ ആറുരൂപ ശമ്പളം കൊടുക്കുന്നതു ഡാക്ടരുടെ ജോലിക്കും ക്ലാർക്കിന്റെ ജോലിക്കും കൂടിയാണോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: അങ്ങിനെ ആകാമെന്നു് സമ്മതിച്ചാണു് ഡാക്ടർ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതു്.

ശ്രീ. എ. കെ. ജോർജ്ജ്: ൧൦൦ രൂപ കൊടുക്കാൻ തുടങ്ങിയതു് ഈ അടുത്തകാലംമുതൽക്കു മാത്രമല്ല?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: ഞാൻ ചാർജ്ജെടുക്കുന്നതിനു മുമ്പുതന്നെ ൧൦൦ രൂപ കൊടുത്തുകൊണ്ടിരുന്നു എന്നു് എനിക്കറിയാം.

കമ്പനികളിലെ നെല്ലുകുത്തുരീതി

*൨൨൧ (൩) ശ്രീ. പി. എസ്. മാധവൻ വൈദ്യർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഐക്യസംസ്ഥാനങ്ങളിൽനിന്നും എടുക്കുന്ന നെല്ലുകുത്തിക്കുവാനായി എത്ര കമ്പനികൾക്കായി വീതിച്ചുകൊടുക്കുന്നു?

(ബി) എത്ര ശതമാനം അരിയാണു് അവരിൽനിന്നും വസൂൽ ചെയ്യുന്നതു്?

(സി) കൂടുതൽ അരി കിട്ടുന്നതിനായി നെല്ലുകുത്തു കമ്പനിയിൽ നെല്ല കൂടുതൽ ചീയിച്ചു്, അരിയുടെ പോഷകാംശങ്ങളെ നഷ്ടപ്പെടുത്തുന്നതായും ദുർഗ്ഗന്ധം വമിപ്പിക്കുന്നതായും ഗവമ്മെണ്ടിനു് അറിയാമോ?

(ഡി) ഇല്ലെങ്കിൽ കമ്പനികളിൽ നെല്ല വേവിക്കുന്നതും കുത്തുന്നതുമായ സമ്പ്രദായങ്ങൾ വേണ്ടപോലെ പരിശോധിച്ചു ആയതിനു് ഒരു നിവാരണമാർഗ്ഗം ഉണ്ടാക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി മുതിരുമോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള:

(എ) കൊച്ചി ഡിവിഷനിൽനിന്നും എടുക്കുന്ന നെല്ല് ഇപ്പോൾ ൪ ൭ മില്ലുകാർക്കായിട്ടാണു് കുത്തുവാൻ കൊടുക്കുന്നതു്.

(ബി) നെല്ലുകുത്തി കിട്ടുന്ന അരി മുഴുവനും സർക്കാരിലേക്കു് തരുവാൻ മില്ലുകാർ ബാദ്ധ്യസ്ഥരാണു്. ഓരോ പൂവിലേയും, ഓരോ താലൂക്കിലേയും നെല്ലിനു് അതാതിന്റെ അരി വീണ്ടുതോതിനെ അടിസ്ഥാനമാക്കി ചുരുങ്ങിയതു ഇത്രശതമാനം അരിയെങ്കിലും തരേണ്ടതാണെന്നു ക്ലിപ്തപ്പെടുത്തും.

(സി) ചില പരാതികൾ ഉണ്ടായിട്ടുണ്ടു്.

(ഡി) നെല്ല് കുത്തുന്നതിൽ അഴിമതികൾ ഉണ്ടാകാതിരിപ്പാൻ ഭക്ഷ്യവകുപ്പ് ഉദ്യോഗസ്ഥന്മാർ പ്രത്യേകം ശ്രദ്ധിച്ചുവരുന്നുണ്ടു്.

ശ്രീ. പി. എസ്. മാധവൻ വൈദ്യർ: എത്ര പരാതികൾ കിട്ടിയിട്ടുണ്ടെന്നു പറയാമോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ചില പരാതികൾ കിട്ടിയിട്ടുണ്ടു് പരാതികളെ അടിസ്ഥാനപ്പെടുത്തി അന്വേഷിച്ചതിൽ വീഴ്ചക്കാരെന്നു കണ്ട ചിലരുടെ ലൈസൻസുകൾ ക്യാൻസൽചെയ്തിട്ടുണ്ടു്.

ശ്രീ. പി. എസ്. മാധവൻ വൈദ്യർ: കമ്പനികളുടെ നെല്ലുകുത്തുരീതിയിൽ മുമ്പിലത്തേതിൽനിന്നും ഇപ്പോഴും യാതൊരു വ്യത്യാസവും വന്നിട്ടില്ലെന്നറിയാമോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: യാതൊരു വ്യത്യാസവും വന്നിട്ടില്ലെന്നു പറയുന്നതു് ഞാൻ സമ്മതിക്കുന്നില്ല. തീർച്ചയായും കുറച്ചു അഭിവൃദ്ധി ഉണ്ടായിട്ടുണ്ടു്.

ശ്രീ. അമ്പാട്ട ഈച്ചരമേനോൻ: നെല്ലുകുത്താൻ സൗകര്യമില്ലാത്ത മില്ലുകളിൽ അധികം നെല്ലുകൊണ്ടു കൂട്ടിയിട്ടു് ചീയിച്ചു നഷ്ടപ്പെടുത്തുന്നതായി ഗവമ്മെണ്ടിനു് പരാതികൾ കിട്ടിയിട്ടുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അങ്ങിനെ പരാതികൾ കിട്ടിയിട്ടില്ല. അങ്ങിനെ ഉണ്ടെങ്കിൽ അതേപ്പററി അന്വേഷിക്കാം.

ശ്രീ. എം. ഐ. പോൾ: നെല്ലുകുത്തി അരിയാക്കികൊടുക്കാതെ നെല്ലായിതന്നെ വിതരണംചെയ്യുന്നതിന് ഗവമ്മെണ്ടിന്നു വല്ല വിരോധവുമുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അങ്ങിനെ പ്രത്യേക വിരോധമൊന്നുമില്ല. കൊച്ചിയിൽ നേരത്തേതന്നെ നിലവിലിരുന്ന സമ്പ്രദായം തുടൎന്നുകൊണ്ടുപോകുന്നു എന്നേ ഉള്ളു.

ശ്രീ. വി. ഗംഗാധരൻനായർ: നെല്ലുകുത്താൻ മില്ലുകാരെ എല്പിക്കാതെ കൈകൊണ്ടു കുത്തുന്നതിന് ഏർപ്പാടുചെയ്യാൻ മയവുണ്ടാകുമോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അക്കാൎയ്യവും ആലോചനയിൽ ഇരിക്കയാണ്.

ശ്രീ. വി. ഒ. മാക്കോസ്സ്: തിരുവിതാംകൂറിൽ എവിടെ എങ്കിലും നെല്ലുകുത്തുന്ന മില്ലുകൾ ഉണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഇപ്പോളില്ല.

ശ്രീ. വി. ഒ. മക്കോസ്സ്: തിരുവിതാംകൂറിൽ എന്തുകൊണ്ടാണ് മില്ലുകൾ സ്ഥാപിക്കുന്നതിന് അനുവാദം കൊടുക്കാത്തതു്?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: മില്ലുകൾ ഉണ്ടു്. നെല്ലുകുത്താൻ ഇപ്പോൾ അനുവാദമില്ലന്നേയുള്ളു.

ശ്രീ. പി. എസ്സ്. മാധവൻ വൈദ്യർ: ഒരു പറ നെല്ല് കൊടുത്താൽ മില്ലിൽനിന്നും എത്ര അരി തരണമെന്നാണ് ഇപ്പോഴത്തെ വ്യവസ്ഥ.

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അതു് ഓരോ താലൂക്കിലേയും നെല്ലിന്റെ അരി വീഴ്ചതോതിനെ ആസ്പദമാക്കിയാണു നിശ്ചയിക്കുന്നതെന്നു ഞാൻ നേരത്തെ പറഞ്ഞുവല്ലോ. സാധാരണയായി ൪൦ ശതമാനമെങ്കിലും തരണമെന്നാണ് വ്യവസ്ഥ.

ശ്രീ. പി. കെ. ഡീവർ: ഏററവും കുറഞ്ഞതു് ഇത്ര ശതമാനം എന്നു വല്ല ക്ലിപ്തവുമുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഉണ്ടു്.

ശ്രീ. ഈപ്പൻ അറക്കൽ: തിരുവിതാംകൂറിൽ നെല്ലുകുത്തുന്നതിന് ഏതെങ്കിലും മില്ലുകാൎക്കു് ലൈസൻസുകൾ കൊടുത്തിട്ടുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഇപ്പോൾ ആൎക്കും കൊടുത്തിട്ടില്ല.

ശ്രീ. ഈപ്പൻ അറക്കൽ: കുട്ടനാട്ടിൽ നെല്ലുകുത്തുമില്ലുകൾ സ്ഥാപിക്കുന്നതിന് അനേകംപേർ അനുവാദം ആവശ്യപ്പെട്ടിട്ടുണ്ടെന്നറിയാമോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അനേകംപേർ ആവശ്യപ്പെട്ടിട്ടുള്ളതായി അറിവില്ല. ചിലർ ആവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. ഈപ്പൻ അറക്കൽ: കുട്ടനാട്ടിൽ മില്ലുകളില്ലാത്തതുകൊണ്ടു നെല്ലുകുത്തി അരിയാക്കാൻ നിവൃത്തിയില്ലാതെ അവിടത്തെ ആളുകൾ വളരെ വിഷമതകൾ അനുഭവിക്കുന്നുണ്ടെന്നറിയാമോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള:- അങ്ങിനെ വലിയ വിഷമതകൾ അനുഭവിക്കുന്നതായി അറിവില്ല. എന്നാൽ ചിലർ മില്ലുകൾ സ്ഥാപിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നു ഗവമെൻറിനറിയാം.

ഡാക്ടർ എം. ഒ. ചെറിയാൻ: ൪൦ ശതമാനം എന്നു പറഞ്ഞതു തൂക്കമാണോ അളവാണോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അളവാണ്.

ശ്രീ. പി. കെ. ഡീവർ: ൪൦ ശതമാനത്തിൽ കൂടുതൽ എവിടെനിന്നെങ്കിലും കിട്ടുന്നുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഓരോ സ്ഥലത്തേയും നെല്ലിന്റെ തരമനുസരിച്ചാണ് അതു നിശ്ചയിക്കുന്നതെന്നു ഞാൻ നേരത്തെ പറഞ്ഞല്ലോ.

ശ്രീ. പി. കെ. ഡീവർ: ൫ ശതമാനത്തിൽ കുറവായിട്ടു കിട്ടിയിട്ടുള്ള വല്ല കേസുകളും ഉണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: നിശ്ചിത ശതമാനത്തിൽ കുറച്ചുകിട്ടിയിട്ടുള്ള ചുരുക്കം ചില കേസുകൾ ഉണ്ടായിരിക്കും. എന്നാൽ അങ്ങിനെയുള്ള കേസുകളിൽ നിശ്ചിത ശതമാനം ഗവമ്മെണ്ട് ഈടാക്കും.

ശ്രീ. പി. കെ. ഡീവർ: അങ്ങിനെ ആരിൽനിന്നെങ്കിലും ഈടാക്കാതെയുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നതു്?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അങ്ങിനേയും ചുരുക്കം ചിലതു ഉണ്ട്.

ശ്രീ. എ. താണുപിള്ള: മില്ലിൽ കുത്തുന്ന അരിയെ അപേക്ഷിച്ചു കൈകൊണ്ടു കുത്തുന്ന അരിക്കാണ് ഗുണക്കൂടുതൽ എന്ന അഭിപ്രായത്തോടു ഗവമ്മെണ്ടിനു വല്ല പ്രതിരഭിപ്രായവും ഉണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അതു നെല്ല കുത്തുന്ന രീതിയെക്കൂടി ആശ്രയിച്ചിരിക്കും. ഗുണം നഷ്ടപ്പെടുത്താതെ മില്ലിംഗ് നടത്താൻ കഴിയും.

ശ്രീ. കെ. ആർ. ഇലങ്കത്ത്: കൊച്ചിയിൽ മില്ലിൽനിന്നും കുത്തിയെടുക്കുന്ന അരിയുടെ ശതമാനവും തിരുവിതാംകൂറിൽ കൈകൊണ്ടു കുത്തുന്ന അരിയുടെ ശതമാനവും തമ്മിൽ വല്ല വ്യത്യാസവുമുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: നല്ല നിശ്ചയമില്ല. വ്യത്യാസമൊന്നും കാണുകയില്ലെന്നാണ് തോന്നുന്നതു്.

കൊച്ചിയിൽ വിറകുവില

*൨൨൨ (൪) ശ്രീ. പി. എസ്സ്. മാധവൻ വൈദ്യർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചിയിൽ വിറകിന്ന് കൺട്രോൾവില ടണ്ണിനു ൧ ൫ ഉറുപ്പിക ഉണ്ടായിരുന്നതു് ഇപ്പോൾ ൧ ൨ ഉറുപ്പികയാക്കി ഉയർത്തുവാൻ കാരണമെന്താണ്?

(ബി) തല്ക്കാലംവച്ചുണ്ടാക്കിയ ഈ വിലക്കയററം പൊതുജനങ്ങളുടെ അസംതൃപ്തിക്കും ബുദ്ധിമുട്ടിനും ഇടവരുത്തുന്നതാണെന്നു ഗവമ്മെണ്ട് മനസ്സിലാക്കുന്നുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: (എ) വിറകിന്റെ കൺട്രോൾവില ൧ ൫ രൂപയായിനിശ്ചയിച്ചിരുന്നതു് കുറെ കൊല്ലങ്ങൾക്കു മുമ്പാണ്. ഓരൊ കൊല്ലം ചെല്ലുന്തോറും ശേഖരക്കുപ്പിന്റെ ദൂരം കൂടിവരികയും തന്മൂലം ഗേഖരശ്രേലി വർദ്ധിക്കുകയും ചെയ്തു. കൂടാതെപൊട്ടോൾ, ലോറിസാമാനങ്ങൾ മുതലായവയുടെ വിലയും വർദ്ധിച്ചുവന്നു. തന്മൂലം വിറകുഒരു ടണ്ണിനു അസ്സൽമുതൽതന്നെ ൧ ൫ രൂപയിൽ കൂടുതൽവരുന്നുണ്ട്. നഷ്ടം ഇല്ലാതിരിക്കാൻ വേണ്ടി മാത്രമാണ് കൺട്രോൾവില വർദ്ധിപ്പിച്ചതു്.

(ബി) പൊതുജനനന്മയെ ഉദ്ദേശിച്ചു ഈ ഇടപാടിൽനിന്നും യാതൊരു ലാഭവും ഇച്ഛിക്കുന്നില്ല. വിലക്കൂടുതൽ അപരിഹാര്യമാണ്.

ശ്രീ. കെ. കെ. വിശ്വനാഥൻ: കൊച്ചി സ്റ്റോററിൽനിന്നും വിറകിന്റെ കൺട്രോൾ എടുത്തുകളയാൻ ഉദ്ദേശിക്കുന്നുണ്ടോ?

ബഹു. സഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അങ്ങനെ ആലോചനയില്ല.

ശ്രീ. കെ. കെ. വിശ്വനാഥൻ: അവിടെ ൧ ൨ രൂപയ്ക്കുള്ള വിറകു ൨ ൫ രൂപാവില വച്ചു വില്ക്കുന്നുണ്ടെന്നുള്ള വിവരം ഗവമ്മെണ്ടിന് അറിയാമോ?

ബഹു. സാഹിബ് ബഹദൂർ ടി എ. അബ്ദുള്ള: ആ വിവരം ഗവമ്മെണ്ടിനു അറിവില്ല

വ്യവസായം

*൨൨൫ (൫) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഇൻഡസ്ട്രിയൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) വ്യവസായ ഡിപ്പാർട്ട്മെന്റിൽനിന്നും എന്തെല്ലാം വ്യവസായങ്ങൾ നടത്തിവരുന്നു എന്നും, ഇതുകൊണ്ടു ഗവമ്മെണ്ടിനു പ്രതിവർഷം എന്തു് ആദായം ലഭിക്കുന്നുണ്ടെന്നും പറയുവാൻ ദയവുണ്ടാകുമോ?

(ബി) കയറവ്യവസായം അഭിവൃദ്ധിപ്പെടുത്തുവാൻ ഗവമ്മെണ്ടിൽനിന്നും നടപടി സ്വീകരിച്ചതിൽ, എന്തു പുരോഗതി ഉണ്ടായിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ?

(സി) കയറവ്യവസായമാന്ദ്യംകൊണ്ടു് അനേകായിരം ആളുകൾ തൊഴിലില്ലാതാകുന്നതിനു് ഇടയാകുന്നുണ്ടെന്നുള്ള വിവരം ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: (എ) വ്യവസായ ഡിപ്പാർട്ടുമെണ്ടിന്റെ അധികാരത്തിൽ യാതൊരു വ്യവസായവും നടത്തുന്നില്ല. തന്മൂലം ലാഭത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല.

(ബി) കയർവ്യവസായം ഇപ്പോൾ അഭിവൃദ്ധിപ്പെട്ടിട്ടുണ്ടു്. കൂടുതൽ അഭിവൃദ്ധിപ്പെടുന്നതിനെ സംബന്ധിച്ചു് കേന്ദ്ര ഗവമ്മെണ്ടുമായി ആലോചിച്ചു വേണ്ടതു ചെയ്യുവരുന്നുണ്ടു്.

(സി) ഈ പ്രശ്നം ഉദിക്കുന്നില്ല.

ശ്രീ. കെ. കുട്ടപ്പൻ: ഈ കയറവ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനു് ഗവമ്മെണ്ടു് എന്തു് നടപടിയാണു് സ്വീകരിച്ചിരിക്കുന്നതു്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ആ കാര്യം ആലോചനയിൽ ഇരിക്കുകയാണു, എന്നാണല്ലൊ ഞാൻ പറഞ്ഞതു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: കഴിഞ്ഞതവണയും ഇതേ ചോദ്യത്തിനു ഗവമ്മെണ്ടുഭാഗത്തുനിന്നും പറഞ്ഞ മറുപടി 'ആലോചനയിലിരിക്കുന്നു' എന്നാണു്. ഇതിനകം ആ ആലോചനക്കു് എന്തു പുരോഗമനമുണ്ടായി എന്നു പറയുമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഇക്കാര്യം അത്രവേഗം തീരുമാനിക്കാവുന്ന കാര്യമല്ല. ഈ രാജ്യത്തെ ഏററവും വലിയ ഒരു കുടിൽവ്യവസായമാണു് കയറവ്യവസായം. അതിന്റെ അഭിവൃദ്ധിക്കുവേണ്ടിയുള്ള ഒരു പദ്ധതി ഗവമ്മെണ്ടു് രൂപീകരിച്ചു വരികയാണു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ലക്ഷക്കണക്കിനുള്ള ആളുകൾ കയറവ്യവസായംകൊണ്ടു് ഉപജീവിക്കുന്നു എന്ന കാര്യം ഗവമ്മെണ്ടിനറിയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അറിയാം. ഇപ്പോൾ കയററിന്റെ നില അത്ര മോശമല്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: എത്രയും വേഗത്തിൽ ഈ വ്യവസായത്തിന്റെ അധഃപതനത്തിനു് പരിഹാരമാർഗ്ഗം ഗവമ്മെണ്ടു് കണ്ടുപിടിക്കുമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അക്കാര്യത്തിൽ ഗവമ്മെണ്ടു് വളരെ ശ്രദ്ധയോടുകൂടി പ്രവർത്തിച്ചുവരികയാണു്.

ശ്രീ. കെ. എ. മാത്യു: വ്യവസായ ഡിപ്പാർട്ടുമെണ്ടിൽനിന്നും ഏതെങ്കിലും കുടിൽവ്യവസായങ്ങൾ നടത്തുന്നുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഇല്ല.

ശ്രീ. കെ. എ. മാത്യു: പിന്നെ എന്താണു് ആ ഡിപ്പാർട്ടുമെണ്ടിന്റെ ജോലി?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: കുടിൽവ്യവസായങ്ങൾ നടത്തുന്നവർക്കു ധനസഹായം ചെയ്യുന്നുണ്ടു്. ആവശ്യമുള്ള ഉപദേശവും നൽകുന്നുണ്ടു്.

ശ്രീ. പട്ടം എ. താണുപിള്ള: കയറുകൊണ്ടു് ചാക്കുണ്ടാക്കുന്ന വ്യവസായം ഇവിടെ ഉണ്ടായിരുന്നില്ലേ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഉണ്ടായിരുന്നു.

ശ്രീ. പട്ടം എ. താണുപിള്ള: ആ വ്യവസായം എത്രമാത്രം പുരോഗമിച്ചിട്ടുണ്ടു്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: കുറെ ചാക്കുണ്ടാക്കി അതു് ഉപയോഗിക്കാമൊ എന്നന്വേഷിച്ചതിൽ അതിന്റെ പണിയും കെട്ടും ഉപയോഗയോഗ്യമായിട്ടല്ല കണ്ടതു്.

ശ്രീ. പട്ടം എ. താണുപിള്ള: എത്ര ചാക്കുണ്ടാക്കി?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: പത്തഞ്ഞൂറു ചാക്കുണ്ടാക്കിക്കാണും.

ശ്രീ. പട്ടം എ. താണുപിള്ള: ആരുടെ ഉപദേശമനുസരിച്ചാണു് ഈ വ്യവസായം ആരംഭിച്ചതു്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഇതിലേക്കു ഒരു കമ്മിററി ഉണ്ടായിരുന്നു. അവരുടെ ഉപദേശപ്രകാരമാണു് ഇതാരംഭിച്ചതു്.

ശ്രീ. പട്ടം എ. താണുപ്പിള്ള: പിന്നീടു കൊള്ളുകയില്ല എന്നു ആരാണ് നിശ്ചയിച്ചതു്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അതിന്റെ ഉപയോഗത്തെപ്പററി അന്വേഷിച്ചു. അപ്പോഴാണ് അതു് പററുന്നില്ലെന്നു കണ്ടതു്.

ശ്രീ. പട്ടം എ. താണുപിള്ള: ഇതു കൊള്ളുകയില്ല എന്നു പറഞ്ഞതു് ആരാണ്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഈ ചാക്കുകൾ ഉപ്പുകൂക്കാക്കു കൊടുത്തു. അവർ അതു് ഉപയോഗിച്ചുനോക്കി അത്ര ഉപയോഗയോഗ്യമാകുന്നില്ല എന്നു അഭിപ്രായപ്പെട്ടു.

ശ്രീ. പട്ടം എ. താണുപിള്ള: അപ്പോൾ ഇതിന്റെ ഉപയോഗത്തെപ്പററി അന്വേഷിക്കാതെയാണൊ ഈ വ്യവസായം തുടങ്ങാൻ ഗവമ്മെണ്ടു് നിശ്ചയിച്ചതു്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അല്ല. ഇങ്ങനെ ഒരു വ്യവസായം തുടങ്ങുന്നതു നല്ലതാണെന്നു കമ്മിററിക്കാർ അഭിപ്രായപ്പെട്ടു. പക്ഷെ അതു് ഉപയോഗിച്ചു നോക്കിയതിൽ ഗുണപ്പെട്ടില്ല.

ശ്രീ. പട്ടം എ. താണുപിള്ള: ആ കമ്മിററിയിലെ മെമ്പർമാർ ആരെല്ലാമായിരുന്നു?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പോൾ തളിയത്തു്: കയറിന്റെ മാർക്കററ കണ്ടുപിടിക്കാൻ വല്ല ശ്രമവും ചെയ്തിട്ടുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഇതിന്റെ മാർക്കററ് അന്യരാജ്യങ്ങളിലാണ്. ആ രാജ്യങ്ങളോടു് ഈ ഗവമ്മെണ്ടു ചെയ്ത നിവേദനത്തിന്റെ ഫലമായി, പല രാജ്യങ്ങളുമായി ചെയ്ത ഉടമ്പടികളുടെ ഫലമായി ഇതിനു സ്ഥാനം നൽകിയിട്ടുണ്ടു്.

കശുഅണ്ടി വ്യവസായം

*൨൨൪. (൩) ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഇൻഡസ്ട്രിയൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കശുഅണ്ടി വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനു ഗവമ്മെണ്ടു് എന്തെങ്കിലും നടവടി സ്വീകരിച്ചിട്ടുണ്ടോ എന്നു പറയുവാൻ ദയവുണ്ടാകുമോ?

(ബി) ഈ രാജ്യത്തെ ഒരു വലിയ വിഭാഗം പാവപ്പെട്ട തൊഴിലാളികൾ കശുഅണ്ടി ജോലിയിൽ ഏർപ്പെട്ടു ജീവിക്കുന്നുണ്ടെന്നുള്ള വിവരം ഗവമ്മെണ്ടിനറിയാമോ?

(സി) കശുഅണ്ടി വ്യവസായത്തിനു നേരിടുന്ന മാന്ദ്യം പാവപ്പെട്ട തൊഴിലാളികളെ വളരെ കഷ്ടപ്പെടുത്തുവാനിടയുണ്ടെന്നുള്ള വിവരം ഗവമ്മെണ്ടിനറിയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) ഉണ്ടു്.

(ബി) അറിയാം.

(സി) മാന്ദ്യം വന്നാൽ തൊഴിലാളിയേയും അതു ബാധിക്കും.

ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: അതിലേക്കു് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതു്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അവക്കു റാ മെററീരിയൽസ്, അയൺ, സ്റ്റീൽ, സിമൻറ് മുതലായ സാധനങ്ങൾ കൺട്രോൾ വിലക്കു ഗവമ്മെണ്ടു വാങ്ങിക്കൊടുക്കുകയാണ് ചെയ്യുന്നതു്.

ശ്രീ. കെ. കുട്ടപ്പൻ: തിരുവിതാംകൂറിലെ ഏതെങ്കിലും കശുഅണ്ടി ഫാക്ടറി അന്യരാജ്യങ്ങളുമായി ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അറിഞ്ഞുകൂടാ.

ശ്രീ. കെ. കുട്ടപ്പൻ: ചിലർ അങ്ങനെ അന്യരാജ്യങ്ങളുമായി ഇടപെട്ടതുമൂലം ഈ വ്യവസായത്തിനു മാന്ദ്യം വന്നിട്ടുണ്ടെന്നറിയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അറിഞ്ഞുകൂടാ.

എക്സൈസ് ഡിപ്പാർട്ടുമെൻറ്

*൨൨൫. (൧) ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഇൻഡസ്ട്രിയൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

കസ്റ്റംസ് നിവൃത്തിയതുമൂലം എക്സൈസ് ഡിപ്പാർട്ട്മെൻറിൽനിന്നും എത്രപേരെ പിരിച്ചുവിട്ടിട്ടുണ്ടെന്നും, അവരിൽ എത്രപേരെ മററു ഡിപ്പാർട്ട്മെൻറുകളിൽ നിയമിച്ചിട്ടുണ്ടെന്നും ദയവായി പറയുമോ ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : ൩൫ പേരെ പിരിച്ചുവിട്ടിട്ടുണ്ട്. ഇതിൽ ൧൦൦ പേരെ പോലീസ് ഡിപ്പാർട്ട്മെൻറിൽ നിയമിക്കുന്നതിനു വേണ്ട നടപടികൾ നടന്നുകൊണ്ടിരിക്കയാണ്. ശേഷമുള്ളവരെ റവന്യൂ ബോർഡിൻെറ കീഴിലുള്ള ഡിപ്പാർട്ട്മെൻറുകളിൽ തക്കതായ ഒഴിവുകൾ വരുമ്പോൾ നിയമിക്കണമെന്നും ഗവമ്മെണ്ട് ആർഡർ ചെയ്തിട്ടുണ്ട്.

ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി : ഈ പിരിച്ചുവിട്ടവർക്കു ശമ്പളം കൊടുക്കുന്നുണ്ടോ ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : ആക്ടിംഗുകാരായി ഇരുന്നു പിരിച്ചുവിട്ടവർക്കു ശമ്പളം കൊടുക്കുന്നില്ലെന്നാണറിവ്.

ശ്രീ. എം. ഐ. പാറം : പിരിച്ചുവിട്ടവരെ തിരിയെ എടുക്കുമോ ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : ആ ചോദ്യത്തിനു ഖണ്ഡിതമായ ഒരു ഉത്തരം ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

യാചകന്മാർ

*൨൨൩. (വ) ശ്രീ. പി. സി. ആദിച്ചൻ : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പബ്ലിക്ക് ഹെൽത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

തിരുവിതാംകൂർ–കൊച്ചി ഐക്യസംസ്ഥാനത്ത് ആകെ യാചകന്മാർ എത്രപേരുണ്ടെന്നു ഗവമ്മെണ്ടിനു വല്ല കണക്കുമുണ്ടോ ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ : ഇല്ല.

ശ്രീ. കെ. എ. മാത്യു : തിരുവിതാംകൂറിൽ ഒരു യാചകനിരോധന ആക്ട് ഉള്ളതായി അറിയാമോ ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ : അറിയാം.

ശ്രീ. കെ. എ. മാത്യു : അതുസംബന്ധിച്ച് എന്തു പ്രവൃത്തനമാണ് ഇപ്പോൾ നടത്തുന്നത് ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ : യാചകന്മാരെ പോലീസുമുഖാന്തിരം യാചകകേന്ദ്രങ്ങളിൽ എല്പിക്കുന്നുണ്ട്.

ശ്രീ. കെ. എ. മാത്യു : ഈ സംസ്ഥാനത്ത് ആകെ എത്ര യാചകകേന്ദ്രങ്ങൾ ഉണ്ട് ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ : തിരുവിതാംകൂറിൽ യാചകകേന്ദ്രങ്ങൾ നാലാണ്.

(൧) വഞ്ചി പൂവർ ഫണ്ട്, തിരുവനന്തപുരം.
(൨) ശ്രീ അവിട്ടം തിരുനാൾ മെമ്മോറിയൽ ഇൻസ്റ്റിട്യൂട്ട്, നാഗർകോവിൽ.
(൩) ആലപ്പി പൂവർ ഹോം, ആലപ്പുഴ.
(൪) ബെഗ്ഗർ റിലീഫ് കമ്മിററി, കോട്ടയം.

കൊച്ചിയിൽ രണ്ടു യാചകകേന്ദ്രങ്ങളുണ്ട്. ഒന്ന് എറണാകുളത്തും മറെറാന്നു മട്ടാഞ്ചേരിയിലുമാണ്.

ശ്രീ. കെ. എ. മാത്യു : യാചകനിരോധന ആക്ടിൻപ്രകാരം യാചകവൃത്തി തടയുന്നതിനും യാചകന്മാർക്കു ഗുണകരമായ പ്രവൃത്തനങ്ങൾ നടത്തുന്നതിനും ഗവമ്മെണ്ടു ശ്രമിക്കുമോ ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ : ശ്രമിക്കാം.

ഭക്ഷ്യോല്പാദനനടപടികൾ

*൨൨൪. (൯) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഈ ഐക്യസംസ്ഥാനത്തിലെ ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുവാൻ ൧൯൫൮-ൽ ഗവമ്മെണ്ടു നടത്തിട്ടുള്ള നടപടികൾ എന്തെല്ലാമെന്നു പ്രസ്താവിക്കുമോ ?

(ബി) ൧൯൨൩-ൽ പുതുതായി എത്ര ഏക്കർ സ്ഥലം കൃഷിക്കു നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

(സി) കൂടുതൽ സ്ഥലം കൃഷിക്കു നൽകുവാൻ ഗവൺമെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: സ്ഥിതിവിവരക്കണക്കുകൾ മുഴുവൻ കിട്ടിയിട്ടില്ലാത്തതിനാൽ ഈ ചോദ്യത്തിനു ഉത്തരം തയാറായിട്ടില്ല.

ഭക്ഷ്യധാന്യങ്ങളുടെ റേഷൻ വിലക്കുറവ്

*൨൨൨. (൧൦) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ —

(എ) ഭക്ഷ്യധാന്യങ്ങളുടെ വിലകുറവു ചെയ്യുവാൻ ഗവൺമെണ്ടുദ്ദേശിക്കുന്നുണ്ടോ?

(ബി) ഉണ്ടെങ്കിൽ ഇപ്പോൾ നിലവിലുള്ളതിന്റെ എത്ര ശതമാനമാണെന്നും എന്നു മുതൽ നടപ്പിൽ വരുമെന്നും പ്രസ്താവിക്കുമോ?

ബഹു. ശ്രീ. ററി: എ. അബ്ദുല്ല:

(എ) വില കുറച്ചുകഴിഞ്ഞിട്ടുണ്ടു്.

(ബി) അരിക്കു ഇപ്പോൾ നിലവിലുള്ള വില്പന വിലയുടെ ൧൨.൫ ശതമാനവും നെല്ലിനു് കർഷകരിൽനിന്നു് ഇപ്പോൾ വാങ്ങിക്കുന്ന വിലയുടെ ൪.൭ ശതമാനവും കുറവു വരുന്നതും ഇവ യഥാക്രമം ൨൦—൫൫—൫൯ ൪൯, ൫൭—൫൨—൫൯ ൪൯ ഈ തിയ്യതികളിൽ നടപ്പിലാകുന്നതുമാണു്.

Sir. K. Sivarama Pillai: Have the Government any idea as to the cost of production of paddy?

ബഹു. ശ്രീ. ററി. എ: അബ്ദുള്ള: ഓരോ സ്ഥലത്തേയും ചിലവു വ്യത്യസ്തമായിരിക്കും.

Sri. K. Sivarama Pillai: Is the reduction based upon that?

ബഹു. ശ്രീ. ററി. എ. അബ്ദുള്ള: വില കുറവു ചെയ്യുതു് ഉൽപാദനച്ചെലവിനെ മാത്രം ആശ്രയിച്ചല്ല.

Sri. K. Sivarama Pillai: Is not the price fixed lesser than the cost of production?

The Hon'blo Sri T. Abdhulla: Government do not think so.

എലക്ട്രിക്കു് പവ്വർ

*൨൨൪. (൫൫) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എലക്ട്രിക്കു് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) പുനലൂർ ടൗണിൽ വീടുകൾക്കാവശ്യമുള്ള എലക്ട്രിക്കു് പവ്വർ ലഭിക്കുന്നില്ല എന്നതിനെപ്പററി ഗവൺമെണ്ടിനു് പരാതികൾ ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ഈ സ്ഥിതി പരിഹരിക്കാൻ ഗവൺമെണ്ടു് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ:

(എ) ഇല്ല

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: അവിടെ പവ്വർ കിട്ടുന്നില്ലെന്നു കാണിച്ചു് അവിടുത്തെ കാൺഗ്രസുകമ്മിററി പ്രമേയം പാസാക്കി അയച്ചിട്ടുള്ളതായി അറിയാമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: ഈ സംഗതിയെ സംബന്ധിച്ചു ഒരു ഡെപ്യൂട്ടേഷനെ സ്വീകരിക്കുമോ എന്നെഴുതി വന്നിട്ടു രണ്ടുമൂന്നു ദിവസമായി. ഡെപ്യൂട്ടേഷനെ കാണാം എന്നു മറുപടിയും കൊടുത്തിട്ടുണ്ടു്.

സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: അവിടുത്തെ പവ്വർ വിതരണത്തിന്റെ ചുമതല ആരാണു് വഹിക്കുന്നതു്? ഗവൺമെണ്ടാണോ, അതോ മററു വല്ല സ്ഥാപനങ്ങളുമാണോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: അതിനു് നോട്ടീസ്സു വേണം.

സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: ഇക്കാര്യത്തിൽ കഴിയുന്നതും വേഗം സങ്കടനിവൃത്തി വരുത്തുന്നതിൽ ഗവൺമെണ്ടു നടപടി നടത്തുമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: തീർച്ചയായും.

എലക്ട്രിക്ക് ചാർജ്ജ്

*൨൩ ൦. (൧൨) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എലക്ട്രിക്ക് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവിതാംകൂർ അലൂമിനിയം ഫാക്ടറി എലക്ട്രിക്ക് കറൻറ് ചാർജ്ജ് അടയ്ക്കാത്തതു നിമിത്തം ഗവമ്മെണ്ടിന് നിന്നും അവക്ക് നോട്ടീസു കൊടുത്തിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്തു തുകയാണ് ഈടാകുവാനുള്ളത്?

(സി) ടി കമ്പനിയിൽനിന്നും നോട്ടീസിൽ എന്തു മറുപടി ലഭിച്ചു എന്നും അതിന്മേൽ എന്തു നടപടി നടത്തിയെന്നും പ്രസ്താവിക്കുമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: ഇക്കാര്യം ആർബിട്രേഷനു വിട്ടുകൊടുക്കുവാൻ ആലോചിക്കുന്നതിനാൽ കൂടുതൽ വിവരങ്ങൾ ഇപ്പോൾ നൽകാൻ നിവൃത്തിയില്ല.

ശ്രീ. കെ. എ. മാത്യു: എന്തു റേറുവെച്ചാണു അലൂമിനിയം ഫാക്ടറിക്കു കറൻറു കൊടുക്കുന്നതെന്നു പറയാമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: ആർബിട്രേഷനു വിട്ടുകൊടുക്കുന്നതുകൊണ്ടു അക്കാര്യം ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. നാണു: ഇക്കാര്യം ആർബിട്രേഷനു കൊടുക്കാനുള്ള കാരണമെന്താണ്?

ബഹു. ശ്രീമതി ആനിമസ്ക്രീൻ; അതും ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത്: സർ, ഒരു പോയിൻറു ആഫ് ആർഡർ. ഇവിടെ ഒരു ഇൻഫർമേഷൻ ആണു ചോദിച്ചിരിക്കുന്നതു്. റേറു എന്താണ് എന്നാണു ചോദ്യം. അതു ഒരു ഫാക്ട് ആണ്. ആ ഫാക്ട് ഇന്ന കാരണംകൊണ്ടു പറയാൻ നിവൃത്തിയില്ല എന്നു പറയുന്നതു ശരിയാണോ?

മി. സ്പീക്കർ: ഉത്തരം പറയുന്നതിൽ ആക്ഷേപം വിരോധമില്ല. പക്ഷെ ബഹു. മന്ത്രിയെ അതിനായി പ്രേരിപ്പിക്കാൻ നിവൃത്തിയില്ലെന്നേയുള്ളു.

സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: ഈ കമ്പനിയും ഗവമ്മെണ്ടുമായി തർക്കവിഷയമുണ്ടായി എന്നു പറയുന്നു. എന്തു കാരണത്തിന്മേലാണു തർക്കമുണ്ടായതെന്നു പറയാമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: റേററിനെ സംബന്ധിച്ചാണ്.

ശ്രീ. പട്ടം താണുപിള്ള: എപ്പോഴത്തെ റേററിനെ സംബന്ധിച്ചു്?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: യുദ്ധംകഴിഞ്ഞു ഒരു വർഷം കഴിഞ്ഞിട്ടുള്ള റേററിനെ സംബന്ധിച്ചു്.

സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: അതിനുമുൻപുള്ള റേറു എന്താണ്?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: ആക്കാര്യം ആർബിട്രേഷനു വിട്ടുകൊടുക്കുന്നതുകൊണ്ടു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

Sri. K. P. Nilakanta Pillai : May I know, Sir, on what principle the answer is refused? Is it because the matter is sub judice?

Mr. Speaker : I have already stated that the question is admissible; but I have no a uthority to fetter the discretion of the Hon'ble Minister in the matter of answering the question. The Minister has also given the reason why she could not answer the question.

ലോഹമണൽ വ്യവസായം

*൨൩ ൧. (൧൩) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവിതാംകൂറിലെ ലോഹമണൽ വ്യവസായം സംബന്ധിച്ചു് ഈ ഗവമ്മെണ്ടു് ഇൻഡ്യാഗവമ്മെണ്ടുമായി എന്തെങ്കിലും വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ആ വ്യവസ്ഥകൾ എന്തെല്ലാമെന്നു പ്രസ്താവിക്കുമോ?

(സി) ഏതെല്ലാം ലോഹമണൽ കമ്പനികൾ ഇതിനകം ഗവമ്മെണ്ടു് വിലയ്ക്കെടുത്തിട്ടുണ്ടു്?

ബഹു. ശ്രീ. കെ. അയ്യപ്പൻ :

(എ) ഇല്ല.

(ബി) ഈ പ്രശ്നം ഉദിക്കുന്നില്ല.

(സി) ട്രാവൻകോർ മിനറൽസുകമ്പനി ക്ലിപ്തം എന്ന പേരിൽ പ്രവർത്തനം നടത്തിയിരുന്ന കമ്പനിമാത്രം വിലയ്ക്കെടുത്തു.

ശ്രീ. വി. ഗംഗാധരൻ നായർ: മററു രണ്ടു കമ്പനികൾകൂടി വിലയ്ക്കു എടുക്കുന്നുവെന്നു് പത്രത്തിൽ കണ്ട വാർത്ത ശരിയാണോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ശരിയല്ല.

ശ്രീ. വി. ഗംഗാധരൻ നായർ: എ. എം. സി. പ്രവർത്തനം നിറുത്തിയിട്ടു വളരെക്കാലമായി എന്നും ആ കമ്പനി ഗവർമ്മെണ്ടിലേക്കു എടുക്കാൻപോകുന്നുവെന്നും കേട്ടതിൽ വല്ല വാസ്തവവും ഉണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: പ്രവർത്തനം നിറുത്തിയിട്ടു വളരെ കാലമായി എന്നു് അറിയാം. അതു എറെറടുക്കണമെന്നു ആലോചനയില്ല. എന്നാൽ എടുക്കണമൊ എന്നുള്ള കാര്യമാണു് ആലോചനയിലിരിക്കുന്നതു്.

സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: ഗവർമ്മെണ്ടു് ആ കമ്പനി എടുത്തതുകൊണ്ടല്ലെ അതിന്റെ പ്രവർത്തനം മുടങ്ങിയതു്?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഗവർമ്മെണ്ടു് ആ കമ്പനി എടുത്തിട്ടില്ല.

Sri. C. V. Iyyu: I rise to a point of order. It seems that this is the 6th or the 7th question of Mr. Musthafa, It is provided that more than five questions of member should not be answered on any particular day.

Mr. Speaker: In the first place the member's counting is absolutely wrong. The Hon'ble member will please desist from wasting time by attempting to draw the attention of the House to unimportant and unnecessary matters.

ശ്രീ. പട്ടം എ. താണുപിള്ള: മോണോസൈററ് സംബന്ധിച്ചു് ഒരു കമ്പനി സ്ഥാപിക്കാൻ ഈ ഗവർമ്മെണ്ടും ഇൻഡ്യാഗവർമ്മെണ്ടുമായി വല്ല വ്യവസ്ഥയും ഉണ്ടായിട്ടുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: വ്യവസ്ഥയെന്ന അർത്ഥം വരത്തക്കതായ ഒന്നും ഉണ്ടായിട്ടില്ല.

ശ്രീ. പട്ടം. എ. താണുപിള്ള: ഒരു കമ്പനി സ്ഥാപിച്ചിട്ടുള്ളതായി അറിയാമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: അറിയാം.

ശ്രീ. പട്ടം. എ. താണുപിള്ള: അതു് ഒരു വ്യവസ്ഥയുണ്ടായതിനുശേഷമല്ല സ്ഥാപിച്ചതു്?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ൫൦ ലക്ഷം രൂപ മൂലധനത്തോടുകൂടി തുടങ്ങിയിരിക്കുന്ന ഈ കമ്പനി അതിന്റെ ഓഹരിയിൽ ഈ ഗവർമ്മെണ്ടിനു് ൪൯ ശതമാനവും ഓഹരിയോടുകൂടിയുള്ള ഒരുവിധ കരാറുപോലെ തുടങ്ങിയിരിക്കുന്നുവെന്നേയുള്ളു.

ശ്രീ. പട്ടം എ. താണുപിള്ള: കരാർ എന്നു പറയുന്നതു് ഒരു വ്യവസ്ഥയല്ലേ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഞാൻ ധരിച്ചതു് വല്ല ഉടമ്പടിയും ഉണ്ടായിട്ടുണ്ടോ എന്നു അർത്ഥത്തിൽ ചോദിച്ചുവെന്നാണു്.

ശ്രീ. പട്ടം എ. താണുപിള്ള: കരാർ എന്നു പറഞ്ഞതു് ഒരു വ്യവസ്ഥയായി ഗവർമ്മെണ്ടു കരുതുന്നുണ്ടോ എന്നാണു് എന്റെ ചോദ്യം.

Mr. Speaker: There can be no discussions on the answer to a question. If further elucidation is necessary another question may be put.

Sri A. Thanu Pillai: I shall put other questions, Sir, ൪൯ ശതമാനം ഷെയർ ഈ ഗവർമ്മെണ്ടും ൫൧ ശതമാനം ഇൻഡ്യാഗവർമ്മെണ്ടും ആയിട്ടു എടുത്തു വ്യവസായശാല സ്ഥാപിക്കണമെന്നു് തീരുമാനിച്ചതു് ഒരു വ്യവസ്ഥയിന്മേൽ അല്ലേ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: അതൊരു വ്യവസ്ഥയാണെന്നു വിചാരിക്കയാണെങ്കിൽ വ്യവസ്ഥയാണു്.

ശ്രീ. പട്ടം എ. താണുപിള്ള: എനിക്കറിയേണ്ടതു് അതൊരു വ്യവസ്ഥയാണോ അല്ലയോ എന്നുള്ള കാര്യമാണു്.

Mr. Speaker: Order, order. So far as Government are concerned they have given the answer. As for the interpretation that may be put on it, it is open to the member to do it. The member is only entitled to ascertain facts by means of the questions.

Sri A. Thanu Pillai : Sir, I want to know whether it was a contract that was entered into.

Mr. Speaker : The facts have been mentioned. Whether what was entered into will legally constitute a contract is a matter of legal interpretation. Other relevant facts, if necessay, may be elicited by further questions.

ശ്രീ. പട്ടം എ. താണുപിള്ള : അങ്ങനെയൊരു കരാർ ഉണ്ടായിട്ടുണ്ടോ എന്നാണ് ഞാൻ ചോദിച്ചതു്.

Mr. Speaker: I disallow the question. Questions tending to legal interpretation and leading to further discusion thereon cannot be allowed.

Sri. A. Thanu Pillai : I may submit that I want to know definitely whether it is an agreement or not. The Hon'ble Minister says something indefinite. It is expected of the Government to tell us whether the facts constitute an agreement entered into with the Government of India.

Mr. Speker: That again is a matter of legal opinion and for that reason the question has been disallowed. Further questions which relate to legal interpretation and opinion wll not be allowed.

ശ്രീ. താണു പിള്ള : ആ കരാറിൽ എന്തെല്ലാം വ്യവസ്ഥയുണ്ടെന്നു പറയാമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : ആ സംഗതികളെ സംബന്ധിച്ചു ആലോചനകൾ പൂർത്തിയായിട്ടില്ല. ആയതിനാൽ ഇപ്പോൾ അതിനെപ്പററി കൂടുതലായിട്ടൊന്നും പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. പി. നീലകണ്ഠപിള്ള : (എഴുന്നേല്ക്കുവ ഒരു ചോദ്യം ചോദിക്കാൻ) ശ്രീ. പട്ടം താണുപിള്ള ഇരിക്കണമെന്നു പറഞ്ഞതനുസരിച്ചു അദ്ദേഹം ഇരുന്നു. അദ്ദേഹത്തെ ഇരുത്തുകയും ചെയ്തു.

Sri. P. Nanoo : Is the Hon'ble Member entitled to ask another to sit?

Mr. Speaker : That is a matter between the Hon'ble Members. An Hon'ble Member can ask or advise anther number to sit if the latter is prepared to obey, provided that does not cause disturbance or distraction in the house.

ശ്രീ. പട്ടം എ. താണുപിള്ള . ഈ മോണോസൈറ്റ് കമ്പനി സ്ഥാപിക്കുന്നതു് ഈ സംസ്ഥാനത്താണോ അതോ ഇൻഡ്യയിൽ മറെറവിടെയെങ്കിലുമാണോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : അതു് ആലോചനയിൽ ഇരിക്കുന്ന വിഷയമാണ്.

ശ്രീ. പട്ടം എ. താണുപിള്ള : ഇതു സ്ഥാപിക്കുന്നതിന്റെ സ്ഥലങ്ങളെ സംബന്ധിച്ചു് വല്ല തീരുമാനവും ഉണ്ടായിട്ടുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ . ഞാൻ ഇതുവരെ പറഞ്ഞതു് ബഹുമാനപ്പെട്ട മെംബർ കേട്ടിരിക്കും. ആ സ്ഥിതിക്കു് കൂടുതലായി ഒന്നും പറയാനില്ല.

വ്യവസായ സ്ഥാപനങ്ങൾ

*വ. നവ. (ഫർ) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹു. വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ ഗവമ്മെൻറ് മുതൽ മുടക്കിയിട്ടുള്ള വ്യവസായസ്ഥാപനങ്ങളിലുമായി (കമ്പനികൾ) അവിടത്തെ വ്യവസായ ഡിപ്പാർട്ടുമെൻറിനു എന്തെങ്കിലും ബന്ധം ഉണ്ടോ?

(ബി) വ്യവസായകാര്യങ്ങളിൽ പരിജ്ഞാനമുള്ള ഡിപ്പാർട്ടുമെൻറ ഉദ്യോഗസ്ഥന്മാരുണ്ടായിരിക്കെ എന്തുകൊണ്ടാണ് ഈ കമ്പനികളുടെ നിയന്ത്രണം വ്യവസായങ്ങളിൽ പരിചയമില്ലാത്ത മറെറ ചില ഉദ്യോഗസ്ഥന്മാരെ ഏൽപ്പിച്ചിരിക്കുന്നതു്?

(സി) വ്യവസായഡിപ്പാർട്ടുമെൻറ് കൂടുതൽ പ്രയോജനകരമായി പ്രവർത്തനം നടത്തത്തക്ക ഏതെങ്കിലും പദ്ധതി ഗവമ്മെൻറിനുണ്ടോ? ഉണ്ടെങ്കിൽ എന്താണ്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : (എ) ഇല്ല.

(ബി) കമ്പനികൾ വ്യവസായ പരിചയമുള്ള മാനേജിംഗ് ഏജൻസികളാണ് നടത്തുന്നത്. ഗവൺമെന്റ് താല്പര്യങ്ങളെ സൂക്ഷിക്കുവാൻ Government Director മാർ മുഖേന നിർദ്ദേശങ്ങളും നിയന്ത്രണവും നടത്തുകയാണ് ചെയ്യുന്നത് ഗവൺമെന്റ് നേരിട്ടു നടത്തുന്ന വ്യവസായങ്ങൾ വിദഗ്ദ്ധന്മാരുടെ കീഴിലാണ് പ്രവർത്തനം നടത്തുന്നത്.

(സി) ബിയുടെ ഉത്തരത്തിൽനിന്നും ഈ ഭാഗത്തുള്ള ഉത്തരം ഉദിക്കുന്നില്ല.

വ്യവസായദേശീകരണം

*൨൯൩. (൧൫) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈ രാജ്യത്തെ വ്യവസായങ്ങൾ ദേശീയമാക്കുന്നതിനെ സംബന്ധിച്ച് ഈ ഗവൺമെന്റിന്റെ നയം എന്താണെന്നു പ്രസ്താവിക്കുമോ?

(ബി) എല്ലാ വ്യവസായങ്ങളും ദേശീയമാക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

(സി) ഇല്ലെങ്കിൽ ൧൯൫൭-ൽ ഏതെല്ലാം വ്യവസായങ്ങൾ ദേശീയമാക്കുവാൻ ഗവൺമെന്റ് നടപടികൾ കൈക്കൊള്ളുമെന്നു വ്യക്തമാക്കുമോ?

(ഡി) എല്ലാ വ്യവസായങ്ങളും ഗവൺമെന്റ് ദേശീയമാക്കുമെന്ന വ്യവസായികളുടെ ഇടയിലുള്ള ധാരണ അകററുവാൻ ഗവൺമെണ്ട് ഒരു സ്പഷ്ടമായ പ്രസ്താവന ചെയ്യുവാൻ ശ്രദ്ധിക്കുമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) നാടിന്റെ പൊതുക്ഷേമത്തേയും ആവശ്യങ്ങളേയും കാര്യമായി സ്പർശിക്കുന്ന വ്യവസായങ്ങളെ കഴിയുന്നത്ര ദേശീയമാക്കുക എന്നുള്ളതാണ്.

(ബി) ഇല്ല.

(സി) ഉപ്പു വ്യവസായം.

(ഡി) അപ്രകാരം ഒരു ധാരണ ജനങ്ങളുടെ ഇടയിൽ ഉള്ളതായിട്ടു ഗവൺമെണ്ടിന് അറിവില്ല.

മെഡിക്കൽ സർട്ടിഫിക്കററുകൾ കിട്ടാനുള്ള വിഷമം

*൨൯൪. (൧൫൫) ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഗവൺമെണ്ടു സർവ്വീസിലുള്ള ഡാക്ടർമാർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കററുകൾക്കു വല്ല ഫീസും നിശ്ചയിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിന്റെ നിരക്കെന്താണ്?

(സി) ഫീസു നിശ്ചയിച്ചിട്ടില്ലെങ്കിൽ പല ഡാക്ടർമാരും സർട്ടിഫിക്കററിനു ഫീസ് ഈടാക്കിവരുന്നതായി അറിയാമോ?

(ഡി) മെഡിക്കൽ സർട്ടിഫിക്കററുകൾ ആവശ്യമുള്ളവർക്ക് അവ ന്യായാനുസൃതം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണുള്ളത്?

ബഹു. ശ്രീമതി ആനിമസ്ക്രീൻ:

(എ) ചില ഇനം സർട്ടിഫിക്കററുകളുടെ ഫീസു നിശ്ചയിച്ചിട്ടുണ്ട്.

(ബി) ഓരോ ഇനത്തിനും പ്രത്യേകനിരക്കുകളുണ്ട്.

(സി) (ബി) യുടെ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

(ഡി) അതിലേക്കു ആവശ്യമായ നിർദ്ദേശം മെഡിക്കൽ കോഡിന്റെ വിശദീകരണത്തിൽ അടങ്ങിയിട്ടുണ്ട്. കൂടാതെ വല്ല പരാതിയും ഉണ്ടെങ്കിൽ അവയെപ്പററി അന്വേഷിക്കുന്നതാണ്.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: ഈ ഇനങ്ങളുടെ പേരുകൾ പറയാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: മെഡിക്കൽ കോഡിൽ സെക്ഷൻ ൧൦൪-ൽ പറയുന്ന സംഗതികൾ ഞാൻ ഇവിടെ വായിക്കാം.

"All officers above the grade of apothecary and all officers in charge of Stations are required to grant free of charge certificates of physical fitness to applicants for any public purpose in Travancore and Cochin and to all Government servants who may be required by the Heads of Depaftments to produce medical certificates of fitness or unfitness for service"

The circular dated 21st May regarding the medical examination of Posts and Telegraph officers is to the following effect:

"Government sanction the Medical Officers in the special list cadre being permitted to receive the following rates of fees for the issue of medical certificates for the officers of the Posts and Telegraphs Department in Travancore."

First Grade officers in the special cadre of Rs. 350 to 450—certificate, Rs. 15 each;
Medical Officers in the Second Grade Rs. 250 to 350—each certificate, Rs. 10.

Government have also sanctioned a uniform fee of Rs. 7 for each certificate being levied, out of which Rs. 5 is to the medical officers concerned as fee for the issue of certificate and Rs. 2 being credited to Government towards the cost of vaccine, and use of medical and surgical appliances belonging te Covernment institutions.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഡാക്ടർമാർ ഇങ്ങനെ ഉദ്യോഗസ്ഥന്മാർക്ക് സർട്ടിഫിക്കററ് കൊടുക്കുമ്പോൾ അത് അവരുടെ റജിസ്റ്ററിൽ കൊള്ളിക്കുക പതിവുണ്ടോ?

ബഹു. ശ്രീമതി. ആനിമസ്ക്രീൻ: തീർച്ചയായിട്ടും റജിസ്റ്ററിൽ കൊള്ളിക്കും.

എക്സ്-റേ സ്ഥാപിച്ചിട്ടുള്ള ആശുപത്രികൾ

*൨൯൪. (൧൬) ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഐക്യസംസ്ഥാനത്ത് ഏതെല്ലാം ആശുപത്രികളിൽ എക്സ്-റേ സ്ഥാപിച്ചിട്ടുണ്ട്?

(ബി) ഇവയിൽ ഗവൺമെണ്ടു ചെലവിൽ സ്ഥാപിച്ചത് ഏതെല്ലാം? വ്യക്തികളിൽനിന്നോ പൊതുജനങ്ങളിൽനിന്നോ ഉള്ള സംഭാവനകളോടുകൂടി സ്ഥാപിച്ചത് ഏതെല്ലാം?

(സി) ഏതെങ്കിലും സ്ഥലത്തെ ജനങ്ങൾ എക്സ്-റേ സ്ഥാപിക്കുന്നതിനു പണം ഗവണ്മെണ്ടിനെ ഏല്പിച്ചിട്ടും എക്സ്-റേ സ്ഥാപിക്കാതെയുണ്ടോ?

(ഡി) ഉണ്ടെങ്കിൽ ഏതേതു സ്ഥലങ്ങളിൽ? ഓരോ സ്ഥലത്തേക്കും നൽകപ്പെട്ടിട്ടുള്ള തുകകൾ എന്ത്? തുകകൾ ഏല്പിച്ചു തീയതികൾ?

(ഇ) ഈ കാലതാമസത്തിനുള്ള കാരണമെന്ത്?

ബഹു. ശ്രീമതി ആനിമസ്ക്രീൻ:

(എ) ൧. ജനറൽ ഹോസ്പിററൽ, തിരുവനന്തപുരം.
൨. ക്ഷയരോഗാശുപത്രി, നാഗർകോവിൽ.
൩. ഡിസ്ട്രിക്ട് ആശുപത്രി, കോട്ടയം.
൪. ജനറൽ ഹോസ്പിററൽ, എറണാകുളം.
൫. മഹാരാജാസ് ഹോസ്പിററൽ, പള്ളുരുത്തി.
൬. സിവിൽ ഹോസ്പിററൽ, തൃശ്ശൂർ.

(ബി) കോട്ടയത്തു ഡിസ്ട്രിക്ട് ഹോസ്പിററലിലെ എക്സ്-റേ ഒഴിച്ചു ബാക്കിയെല്ലാം ഗവൺമെണ്ടു ചെലവിൽത്തന്നെ സ്ഥാപിച്ചതാണ്.

(സി) ഉണ്ട്.

(ഡി) ൧. ഒരു സ്ഥലത്തു മാത്രം (കൊല്ലത്ത്).
൨. ൨൪,൦൦൦ രൂപ.
൩. ൧൯൪൯-ൽ.

(ഇ) എക്സ്-റേ സ്ഥാപിക്കാനുള്ള കെട്ടിടം പണിയാൻ കൊല്ലം ആശുപത്രി വളപ്പിൽ സ്ഥലമില്ലാത്തതുകൊണ്ട്.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: എന്തുകൊണ്ടാണ് സ്ഥലമെടുക്കാൻ ഇത്ര കാലതാമസം നേരിടുന്നത്?

ബഹു. ശ്രീമതി ആനിമസ്ക്രീൻ : സ്ഥലം എടുക്കുന്നതിനു തീരുമാനിച്ചപ്പോൾ ബഹു. മെമ്പർതന്നെയാണ് അതിനെ പ്രൊട്ടസ്റ്റുചെയ്തത്: അതായതു് എടുക്കാൻ നിശ്ചയിച്ച സ്ഥലം എടുക്കാൻ പാടില്ലെന്നു ഗ്രൂപ്പാർത്ഥചെയ്തു.

ശ്രീ. കെ. ആർ. ഇലങ്കത്ത് : പൊതുജനാവശ്യങ്ങൾക്കുവേണ്ടി പറയുന്നതു് ഒരു ഗ്രൂപ്പാർത്ഥയാണോ ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ : അങ്ങിനെ ഗവൺമെണ്ടു ധരിച്ചിട്ടില്ല.

ശ്രീ. വി. ഗംഗാധരൻ നായർ : ഇതു നടപ്പിലാക്കാൻ എത്രകൊല്ലം വേണ്ടിവരുമെന്നു പറയാമോ ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ : കഴിയുന്നതും വേഗത്തിൽ നടപ്പിലാക്കുന്നതാണ്.

ശ്രീ. ഈപ്പൻ അറയ്ക്കൽ : എല്ലാ ഡിസ്ട്രിക്കിലും ഇതു നടപ്പിൽ വരുത്തുമോ ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ : അതിനെപ്പററി ഇപ്പോൾ മറുപടി പറയാൻ നിവൃത്തിയില്ല.

കയർ വ്യവസായം

*൧൩൩. (൧൨൭) ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഐക്യസംസ്ഥാനത്തെ കയർ വ്യവസായം തൊഴിലാളികൾക്കു ഗുണകരമായ വിധത്തിൽ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിനു വല്ല പദ്ധതിയും ഗവൺമെണ്ടു തയാറാക്കിയിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ അതെന്താണ് ? അതു് എത്രമാത്രം നടപ്പിൽ വരുത്തി ?

(സി) മേല്പറഞ്ഞവിധം ഒരു പദ്ധതി തയാറാക്കിയിട്ടില്ലെങ്കിൽ കഴിയുന്നതും വേഗത്തിൽ ഒന്നു തയാറാക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യാൻ ദയവുണ്ടാകുമോ ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ :

(എ) ഉണ്ടു്.

(ബി) വെയർഹൌസ് ആക്ട്, സഹകരണസംഘങ്ങൾ എന്നിവമൂലം കയർ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കും മററും പ്രയോജനമുണ്ടാകത്തക്കവണ്ണം പദ്ധതികൾ ആലോചിച്ചുവരികയാണ് (വിശദാംശങ്ങളെപ്പററി ചർച്ചചെയ്തുകൊണ്ടിരിക്കുന്നു.)

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ് : എപ്പോഴാണ് ഇതു നടപ്പിൽ വരുത്താൻ പോകുന്നതു് ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : കഴിയുന്നതും വേഗത്തിൽ.

കുടിൽ വ്യവസായങ്ങൾ

*൧൩൪. (൧൨൮) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

(എ) ഐക്യസംസ്ഥാനത്തിൽ വിപുലമായി പലതരം കുടിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും, ഉള്ളവയെ പരിപോഷിപ്പിക്കുന്നതിനും ആയി ഗവൺമെൻറ് എന്തെങ്കിലും പദ്ധതി തയ്യാറാക്കീട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ പദ്ധതി എന്താണ്;

(സി) കുടിൽ വ്യവസായ പരിപോഷണത്തിനായി ഇൻഡ്യാ ഗവൺമെൻറിനെ സഹായിക്കാൻ നിർദ്ദേശപ്പെട്ടിരിക്കുന്ന ജപ്പാൻ വിദഗ്ദ്ധന്മാരുടെ സേവനവും ജപ്പാൻ ഉപകരണങ്ങളും ഐക്യസംസ്ഥാന ഗവൺമെൻറ് ആവശ്യപ്പെട്ടിട്ടുണ്ടോ ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ. (എ) ഇതിനെപ്പററി ഗവൺമെൻറ് ആലോചിക്കുകയാണ്.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്. ഇതിലേയ്ക്കു് വിദേശത്തുനിന്നും വല്ല വിദഗ്ദ്ധന്മാരുടെയും സഹകരണം ആവശ്യപ്പെട്ടിട്ടുണ്ടോ ?

ബഹു. ശ്രീ. കുഞ്ഞുരാമൻ. ഗവമ്മെൻറിൽനിന്നും ഇതിലേക്ക് ഒരു കമ്മിററി കാൺസ്റ്റിട്യൂട്ട് ചെയ്തിട്ടുണ്ട്. ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസ് കോ-ഓപ്പറേററീവ് സ്പെഷ്യലാഫീസ്സർ, ഇവരൊക്കെ കമ്മിററിയിലെ അംഗങ്ങളാണ്.

ശ്രീ. പാറം തളിയത്ത്. കമ്മിററി കാൺസ്ററിട്യൂട്ട് ചെയ്തിട്ട് എത്രകാലമായി?

ബഹു. ശ്രീ. കുഞ്ഞുരാമൻ. ഒന്നൊന്നരമാസമായി.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ. കൈത്തൊഴിൽ അഭിവൃദ്ധിപ്പെടുത്തുന്നതിനു വല്ല പദ്ധതിയും ഇപ്പോൾ ഗവമ്മെൻറിനുണ്ടൊ?

ബഹു. ശ്രീ. കുഞ്ഞുരാമൻ. ഇല്ല.

ശ്രീ. സക്കാസ്റ്റ്യൻ തോപ്പിൽ. നമ്മുടെ കേന്ദ്രഗവമ്മെൻറ് ഈ വിഷയത്തിൽ ജപ്പാനിൽനിന്നും വിദഗ്ദ്ധന്മാരെ വരുത്തുന്നുണ്ടെന്നുള്ള വിവരം അറിയാമൊ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ. ഔദ്യോഗികമായി അറിവില്ല. ഇവിടേയും ആവശ്യമുണ്ടെന്നുകാണുപക്ഷം അപ്രകാരം ചെയ്യാവുന്നതാണ്.

ഭക്ഷ്യധാന്യസംഭരണം

*വ. വ്യ. (വ. ഠ) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമൊ?

(എ) ഗവമ്മെൻറു സംഭരിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഇരുന്നു പഴകിപ്പോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ടൊ;

(ബി) ചില സംഭരണസ്ഥാനങ്ങളിൽ വളരെ പഴക്കംചെന്ന ചാക്ക് അടിയിൽതന്നെ ഇരിയ്ക്കുയാണെന്നും, അവയ്ക്കു മുകളിൽ കൊണ്ടുവയ്ക്കുന്ന ചാക്കുകൾമാത്രമെ നീക്കപ്പെടുന്നുള്ളുവെന്നും കേൾവിയുള്ളതു ശരിയാണൊ എന്നു സദയം അന്വേഷിക്കുമൊ;

(സി) ൧൯൪൯ ചിങ്ങത്തിലും മകരത്തിലും കൃഷിക്കാരിൽനിന്നു എടുത്ത നെല്ല് ഇന്നും ചില സംഭരണ സ്ഥാനങ്ങളിൽ കിടക്കുന്നതെയുള്ളുവെന്നു പറയപ്പെടുന്നതു ശരിയാണൊ?

ബഹു. ടി. എ. അബ്ദുള്ള: (എ) ഉണ്ട്. ഭക്ഷ്യധാന്യങ്ങൾ പഴകിപ്പോകാതിരക്കാൻ വേണ്ടതു ചെയ്യുന്നുണ്ട്. (സി) ശരിയല്ല.

PERINGOLKUTHU PROJECT

***239.** [21] **Sri. A. K. George:** Will the Hon'ble Minister for Health and Power be pleased to state.—

(*a*) what is the future of the Peringolkuthu Hydro-Electric Project; and

(*b*) is it being dropped or slowed down?

The Hon'ble Sry. Annie Mascarene:

(*a*) The first stage of the Peringolkuthu Hydro-Electric Project which is now under construction will be completed. The question whether the remaining stages should be taken up will be considered later on.

(*b*) There is no idea at all to drop the Peringolkuthu Project. It will be slowed down by one year. The works in the tunnel and dam will continue.

Sri. A. K. George: What is the reason for slowing down?

The Hon'ble Sry. Annie Mascarene: The power generating machinery for Chengulam will arrive in 1951 whereas those of Peringolkuthu will arrive only in 1953. So by concentrating our efforts at Chengulam, power can be generated 21 months earlier. It is expedient and economic now to slow down Peringolkuthu Project in order to avoid duplication of equipment and staffs.

Sri. A. K. George: May I take it that the tunnelling work at Chengulam in Travancore Division has progressed more than the tunnelling work in Peringolkuthu?

The Hon'ble Sry. Annie Mascarene: The work at Chengulam is being pushed through and has progressed more than the other work.

Sahib Bahadur K. C. Mayankutti Mether: അവിടത്തെ ചീഫ് എൻജിനീയരെ മാററുമോ?

The Hon'ble Sry. Annie Mascarene: The question does not arise.

Sri. A. K. George: May I know how many feet of tunnelling have been completed in Chengulam and Peringolkuthu?

The Honble Sry. Annie Mascarene: As both the tunnels are in progress it is not easy to tell what exactly we have done in these areas.

When I last inspected, 2,000 ft. had already been completed in Chengulam.

Sri. A. K. George: For the information of the Hon'ble Minister, may I say that 4,000 ft. had been finished in Peringolkuthu.

The Hon'ble Sry. Annie Mascarene: The difficulty is not with regard to tunnelling. Even if the tunnelling is complete and all the civil work is complete it has to wait for another four years till the power generating machinery arrives from the West.

INSPECTION OF HOSPITALS

***240.** [22] **Sri. A. K. George:** Will the Hon'ble Minister for Health be pleased to state.—

(*a*) how many hospitals and dispensaries in the Union were visited by the Hon'ble Minister after being sworn in as the Minister for Medicine; and

(*b*) how are such hospitals and dispensaries working?

The Hon'ble Sry. Annie Mascarene:

(*a*) 38 hospitals and 48 dispensaries.

(*b*) Generally satisfactorily.

Sri. A. K. George: How many more hospitals are to be visited?

The Hon'ble Sry. Annie Mascarene: I can give you the exact number only with sufficient notice.

സാഹിബ്ബ് ബഹദൂർ അബ്ദുറം അസീസ്. ചില ആശുപത്രികൾ സന്ദർശിച്ച അവസരത്തിൽ, ചില ഉദ്യോഗസ്ഥന്മാരെയും ചില കീഴ് സിൽബന്ധികളെയും സസ്പെൻഡചെയ്ത കൂട്ടത്തിൽ ചില ഡോക്ടറികളെയും സസ്പെൻഡചെയ്തതായി കേട്ടവാർത്ത ശരിയാണോ ?

ബഹു. ശ്രീ. ആനിമസ്ക്രീൻ. അതു ശരിയല്ല.

സാഹിബ്ബ് ബഹദൂർ അബ്ദുറം അസീസ്. എന്തിനാണ് അവരെ സസ്പെൻഡ ചെയ്തത് ?

ബഹു. ശ്രീ. ആനിമസ്ക്രീൻ. ധിക്കാരപൂർവ്വം പെരുമാറിയതിന്.

സാഹിബ്ബ് ബഹദൂർ അബ്ദുറം അസീസ്. ലേഡി ഡോക്ടറന്മാരും കീഴ്സിൽബന്ധികളും മോടിയായി വസ്ത്രധാരണ ചെയ്യുന്നതെന്ന് സർക്കുലർ ഉണ്ടോ ?

ബഹു. ശ്രീ. ആനിമസ്ക്രീൻ. അങ്ങനെ ഒരു സർക്കുലർ ഇല്ല.

ശ്രീ. എ. താണുപിള്ള. ഈ മിനിസ്റ്റടെ ഇൻസ്പെക്ഷൻവേളയിൽ കണ്ടുകുറത്തിന് എത്ര ഡോക്ടറന്മാരെയും കീഴ്സിൽബന്ധികളെയും സസ്പെൻഷനിൽ നിറുത്തിയിട്ടുണ്ട് ?

ബഹു. ശ്രീ. ആനിമസ്ക്രീൻ. ആശുപത്രി ജോലിയെസംബന്ധിച്ച ആരെയും സസ്പെൻഡചെയ്തിട്ടില്ല.

ശ്രീ. എ. താണുപിള്ള. ആശുപത്രി ജോലിസംബന്ധിച്ചല്ലാതെ മറ്റന്തിനാണവരെ സസ്പെൻഡചെയ്തത് ?

ബഹു. ശ്രീ. ആനിമസ്ക്രീൻ. ഒരു ഡാക്ടറെസംബന്ധിച്ചുള്ളത് ധിക്കാരമായ പെരുമാററംസംബന്ധിച്ചാണ്.

ശ്രീ. എ. താണുപിള്ള. ആശുപത്രി ജോലിക്കാരെ ആരെ എങ്കിലും സസ്പെൻഷനിൽ നിറുത്തിയിട്ടുണ്ടോ ?

ബഹു. ശ്രീ. ആനിമസ്ക്രീൻ. ഇപ്പോൾ അങ്ങനെ ആരും ഇല്ല.

ശ്രീ. എ. താണുപിള്ള. ആരെങ്കിലും ഇതിനുമുമ്പ് സസ്പെൻനിൽ നിറുത്തിയിട്ടുണ്ടോ എന്നാണ് ചോദിച്ചത്.

ബഹു. ശ്രീ. ആനിമസ്ക്രീൻ ഉണ്ടായിരുന്നു, മൂന്നുപേരെ.:

സാഹിബ്ബ് ബഹദൂർ. അബ്ദുറം അസീസ്സ്. തലയിൽ പൂവുചൂടി എന്നുപറഞ്ഞു ആരെ എങ്കിലും സസ്പെൻഡ ചെയ്തിട്ടുണ്ടോ ?

ബഹു. ശ്രീ. ആനിമസ്ക്രീൻ. ഇല്ല.

CONFERENCE OF DOCTORS

***241.** [23] **Sri. A. K. George:** Will the Hon'ble Minister for Health and Power be pleased to state.—

(*a*) has the Minister convened a conference of some doctors of Cochin Division to decide their seniority question;

(*b*) if so, who were all present at that conference; and

(*c*) what were the decisions, if any, arrived at that conference?

The Hon'ble Sry. Annie Mascarene:

(*a*) No.

(*b*) Does not arise.

(*c*) Does not arise.

SHORTAGE OF SUGAR

***242.** [24] **Sri. A. K. George:** Will the Hon'ble Minister for Food and Supplies be pleased to state what are the steps, if any, taken by the Government to meet the acute shortage of sugar supply in the State?

The Hon'ble Sri. T. A. Abdulla : Government have taken stepts to introduce rationing.

ശ്രീ. എം. ഐ. പോൾ : ഇതുസംബന്ധിച്ച് ഇൻഡ്യാഗവമ്മെണ്ടിൽനിന്നും വല്ല കമ്മ്യൂണിക്കേഷൻസും ലഭിച്ചിട്ടുണ്ടോ ?

ബഹു. സാഹിബ്ബ് ബഹദൂർ ററി. എ. അബ്ദുള്ളാ : ലഭിച്ചിട്ടുണ്ട്.

ശ്രീ. എം. ഐ. പോൾ : ഷുഗർഷോർട്ടേജ് സംബന്ധിച്ച് പ്രത്യേകമായി കിട്ടിയിട്ടുണ്ടോ ?

ബഹു. സാഹിബ്ബ് ബഹദൂർ ററി. എ. അബ്ദുള്ള : ലഭിച്ചിട്ടുണ്ട്.

ശ്രീ. എം. ഐ. പോൾ : അതിലെന്താണ് പറഞ്ഞിട്ടുള്ളത് ?

ബഹു. സാഹിബ്ബ് ബഹദൂർ ററി. എ. അബ്ദുള്ള : പഞ്ചസാര ദൌർല്ലഭ്യം ഉണ്ട് എന്നും നിയന്ത്രം ഏർപ്പെടുത്തണമെന്നും.

ശ്രീ. എം. ഐ. പോൾ : പഞ്ചസാരവില നിയന്ത്രിക്കണമെന്നോ അതോ പഞ്ചസാര നിയന്ത്രിക്കണമെന്നോ ?

ബഹു. സാഹിബ്ബ് ബഹദൂർ ററി. എ. അബ്ദുള്ള : വില നിയന്ത്രിക്കണമെന്ന്.

ശ്രീ. എം. ഐ. പോൾ : വില നിയന്ത്രിക്കുന്നതിനോടൊപ്പം പഞ്ചസാര മരവിപ്പിക്കരുതെന്നു പറഞ്ഞിട്ടുണ്ടോ ?

ബഹു. സാഹിബ്ബ് ബഹദൂർ ററി. എ. അബ്ദുള്ള : മരവിപ്പിക്കരുതെന്നു പറഞ്ഞിട്ടില്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പഞ്ചസാര മരവിപ്പിച്ചാൽ ജനങ്ങൾക്ക് പ്രയാസമുണ്ടാകുമെന്ന് അറിയാമോ ?

ബഹു. സാഹിബ്ബ് ബഹദൂർ ററി. എ. അബ്ദുള്ള : "പഞ്ചസാര മരവിപ്പിച്ചാൽ" വിഷമം അധികമാളുകൾക്കും ഉണ്ടാകും.

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പഞ്ചസാര മരവിപ്പിക്കുകയാണെങ്കിൽ അതിന്റെ ലീഗൽ റമ്പോൺസിബിലിററീസ് എടുത്തുകൊള്ളാമെന്ന് ഇന്നലെ മിനിസ്റ്റർ പറഞ്ഞതായി ഓർക്കുന്നുണ്ടോ ?

ബഹു. സാഹിബ്ബ് ബഹദൂർ ററി. എ. അബ്ദുള്ള : അങ്ങനെ പറഞ്ഞതായി ഓർമ്മയില്ല. ഫ്രീസ് ചെയ്താൽ ആളുകൾക്ക് യഥേഷ്ടം വാങ്ങുവാൻ തടസ്സം വരുന്നതുകൊണ്ട് സപ്ലൈ ചെയ്യുന്നതിനുള്ള ബാദ്ധ്യത ഗവമ്മെണ്ടിനുണ്ടാവും എന്നാണ് പറഞ്ഞതു്.

CHOWKEYS

*** 243.** [25] **Sri. A. K. George:** Will the Hon'ble Minister for Industries and Excise be pleased to state what is the total amount collected from Cochin Division as 'Theeruva' (തീരുവ) through chowkeys for the entire period?

The Hon'ble Sri. N. Kunjuraman: A sum of Rs. 10,73,291—5—3 was collected as customs from Chowkies established in Cochin area under the Land Customs Act.

Sri. A. K. George: Now that the Chowkies have been abolished, have Government any idea of returning those moneys collected?

The Hon'ble Sri. N. Kunjuraman: No such idea.

ഖദർവസ്ത്രനിർമ്മാണശാലകൾ

*൨൪൪. (൨൩) ശ്രീ. ററി. ററി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഐക്യസംസ്ഥാനഗവർമ്മെണ്ടിൽനിന്നും ഗ്രാൻറു നൽകി സഹായിക്കുന്ന ഖദർവസ്ത്രനിർമ്മാണശാലകൾ ഏതെല്ലാം?

(ബി) മാനേജർമാർ യഥാക്രമം ആരെല്ലാം?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ലിസ്റ്റു മേശപ്പുറത്തു വച്ചിട്ടുണ്ട്.

കുന്നത്തുനാടു താലൂക്കിൽ ഒരു ഡിസ്പെൻസറി

*൨൪൫. (൨൧) ശ്രീ. ററി. ററി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കുന്നത്തുനാടു താലൂക്കിൽ ചേന്ന അങ്കമാലിയിൽ ഒരു ഡിസ്പെൻസറി സ്ഥാപിച്ച് സഹായിക്കാൻ പൊതുജനാഭ്യർത്ഥന ലഭിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിൽ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ:

(എ) ഉണ്ട്.

(ബി) ഈ സംഗതി ഗവർമ്മെണ്ട് ശ്രദ്ധയിൽ ഇരിക്കുകയാണ്.

ഇറക്കുമതിചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾക്കുവേണ്ടിയുള്ള ചെലവ്

*൨൪൬. (൨൨) ശ്രീ. ററി. ററി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ചിങ്ങം, കന്നി, തുലാം ഈ മാസങ്ങളിലേക്ക് ഇറക്കുമതിചെയ്ത ഭക്ഷ്യധാന്യങ്ങൾക്കുവേണ്ടി ആകെ എത്ര രൂപാ ചിലവായി?

(ബി) ൧൯൩൯ ചിങ്ങം, കന്നി, തുലാം ഈ മാസങ്ങളിലേക്ക് ഇവിടെ ഇറക്കുമതി ചെയ്തിരുന്ന ഭക്ഷ്യധാന്യങ്ങൾക്ക് ആകെ എത്രരൂപാ ചെലവു വന്നിരുന്നു?

ബഹു. സാഹിബ്ബ് ബഹദൂർ ററി. എ. അബ്ദുള്ള: ആയിരത്തിഒരുന്നൂററി ഇരുപത്തിനാലു് ചിങ്ങം, കന്നി, തുലാം ഈ മാസങ്ങളിൽ തിരുവിതാംകൂറിലേക്ക് ഇറക്കുമതി ചെയ്തിട്ടുള്ള ഭക്ഷ്യധാന്യങ്ങളുടെ ചെലവ് ഇരുന്നൂററിരണ്ടുലക്ഷം രൂപയും കൊച്ചിയിൽ എൺപത്തിഏഴുലക്ഷത്തി പതിമൂവായിരം രൂപയുമാണ്. തിരുവിതാംകൂറിൽ ൧൯൩൯-ൽ ഇതിൻെറ ചെലവ് ഇരുന്നൂററിഎഴുപത്തിനാലുലക്ഷം രൂപയും കൊച്ചിയിൽ ഈ മാസങ്ങളിലേക്ക് ഉദ്ദേശം ഒരുകോടി ഇരുപതുലക്ഷത്തി എഴുപത്തിരായിരം രൂപയും ചിലവായിട്ടുണ്ട്.

WRITTEN ANSWERS

PLYWOOD INDUSTRIES AT PUNALUR

***247. [29] Sri. K. Ramachandran:** Will the Hon'ble Minister for Industries be pleased to state:

(*a*) whether Government propose to develop the present plywood industries at Punalur;

(*b*) whether any scheme had been submitted by the Department of Forests in connection with the Plywood Industries and if so, what action has been taken on same;

(*c*) whether Government has gone into the question of administering the industries through the Development Department; and if not will Government be pleased to consider it; and

(*d*) whether there is any qualified and experienced plywood expert employed by the concern and if not the reasons why?

The Hon'ble Sri. N. Kunjuraman :

(*a*) Yes.

(*b*) Several schemes were submitted by the Conservator of Forests and necessary action is being taken on them.

(*c*) The Factory is now managed by the Conservator of Forests under the control of the Development Department of the Government Secretariat.

(*d*) The present Manager has long experience in the work although he is not a qualified Expert.

PLYWOOD EXPERT

***248. [307] Sri. K. Ramachandran:** Will the Hon'ble Minister for Industries be pleased to state :

(*a*) the technical qualification and experience of the present plywood expert in any recognised plywood manufacturing concern in India or abroad ;

(*b*) the present salary of the expert ;

(*c*) his permanent lien of service and scale of pay thereto ;

(*d*) his scale of pay envisaged under the new scheme submitted by the Forest Department?

The Hon'ble Sri. N. Kunjuraman :

(*a*) The Manager has no technical qualification. But he has experience for about ten years in the plywood manufacture.

(*b*) Salary Rs. 225 plus allowanse Rs. 100.

(*c*) Second Grade Ranger on Rs. 80—100 in the Forest Department.

(*d*) A scale of pay of Rs. 350—25—450 has been recommended for the Expert's place.

PLYWOOD INDUSTRY

***249. [31] Sri. K. Ramachandran:** Will the Hon'ble Minister for Industries be pleased to state :

(*a*) whether Government are aware of the increasing demand in India and abroad of plywood and that there is immense scope of development for this industry ;

(*b*) whether Government are aware that a most up-to-date scientific machinery for manufacturing plywood purchased by Government some years back is still not erected and that use of this machinery would step up the out turn of the concern to a considerable extent ;

(*c*) whether there is any one at present in the concern who known throughly the operation of this new machinery ;

(*d*) whether Government would secure the services of the all round plywood expert from the Indian Union or abroad ; and

(*e*) whether Government would be pleased to institute immediate steps to re-organise this industry under efficient management and work it to its maximum capacity.

The Hon'ble Sri N. Kunjuraman :

(*a*) Yes.

(*b*) The machinery is in the course of erection by P.W.D.

(*c*) It is not considered difficult to operate the new machinery with the existing staff.

(*d*) This question will be considered if found necessary.

(*e*) Government will do all that is nccessary to maintain efficiency and maximum capacity.

BIRTH CONTROL

***250. [33] Sri. K. Ramachandran:** Will the Hon'ble Minister for Public Health be pleased to state :

(*a*) whether Government are aware that scientific education on birth control is being imparted in almost all advanced countries of the world; and

(*b*) whether in view of the density of population, high death rate and infant mortality, Government be pleased to take proper steps to propagate scientific education on these lines?

The Hon'ble Sry. Annie Mascarene :

(*a*) No.

(*b*) The question will be considered.

DIRECTOR OF PUBLIC HEALTH

251. *[37] Sri. Paul Thaliath: Will the Hon'ble Minister for Public Health be pleased to state :

(*a*) the date on which E.S.R. Menon was appointed as the Director of Public Health in Cochin State ;

(*b*) the date on which Dr. Krishnan Thampi was appointed as the Director of Public Health, Travancore ; and

(*c*) the salary including allowances each of them were drawing on the 1st of July 1949?

The Hon'ble Sry. Annie Mascarene :

(*a*) 1st Kanni 1108 M. E.

(*b*) 3rd Mithunam 1123 M. E.

(*c*) Dr. N. Krishnan Thampi was getting a salary of Rs. 600 in the scale of Rs. 450—50—750 and Dr. E. S. R. Menon, was getting a salary of Rs. 750 in the personal scale of Rs. 550—750 plus personal allowance of Rs. 50 on 1st July 1949.

GOVERNMENT DIRECTORS IN INDUSTRIAL COMPANIES

***252.** [38] **Sri. Paul Thaliath :** Will the Hon'ble Minister for Industries be pleased to state.—

(*a*) the names of the Government Directors in the following Industrial companies—

1. The Fertilisers and Chemicals Travancore, Ltd.
2. The Forest Industries Travancore, Ltd.
3. The Aluminium Industries, Ltd.
4. The Rayons, Ltd.
5. The Electric & Allied Industries, Ltd.
6. The West Coast Fisheries, Ltd.

(*b*) whether the Government Directors have made any report on the working of any of these companies ;

(*c*) if so the names of such companies ;

(*d*) whether they have pointed out in their reports about the unsatisfactory working of any of these companies ; and

(*e*) if so the names of such companies with the dates of such reports ?

The Hon'ble Sri. N. Kunjuraman :

(*a*) 1. *Fertilisers & Chemicals Travancore, Ltd.*
Sri. K. G. Menon, Chief Secretary to Government.
Sri. C. I. Abraham, Financial Secretary.
Sri. V. Kunjukrishnan, Secretary to Government, Development Department.

2. *Forest Industries Travancore, Ltd,*
Sri. K. G. Menon, Chief Secretary to Government.
Sri. T. V. Venkateswara Ayyar, Conservator of Forests.

3. *Aluminium Industries, Kundara,*
Sri. V. Kunjukrishnan, Secretary to Government.

4. *Travancore Rayons, Ltd.*
Sri. K. G. Menon, Chief Secretary to Government.
Sri. T. V. Venkateswara Ayyar, Conservator of Forests.

5. *Electrical & Allied Industries, Ltd.*
Sri. K. G. Menon, Chief Secretary to Government.

6. *The West Coast Fisheries Travancore, Ltd.*
Sri. V. Kunjukrishnan, Secretary to Government.
Dr. C. C. John, Director of Research.

(*b*) Yes.

(*c*) Forest Industries Travancore, Ltd.

(*d*) Yes.

(*e*) Forest Industries Travancore, Ltd.—Report dated 14th May 1949.

LOAN GIVEN TO INDUSTRIAL CONCERNS

***253.** [40] **Sri. Paul Thaliath :** Will the Hon'ble Minister for Industries be pleased to state.—

(*a*) the amount of loan given to industrial concerns in 1124 and 1125, respectively ;

(*b*) the names of such concerns with the amount and rate of interest in each case ; and

(*c*) the total amount of industrial loan now due to Government ?

The Hon'ble Sri. N. Kunjuraman:

Travancore

(*a*) Rs. 76,96,491—3—7 and Rs. 15 lakhs have been granted as loan during the years 1124 and 1125 respectively.

(b) The details of loans granted are :—

1124 (1) The Travancore Enamel Industries Ltd., I. Rs. 1,22,807—0—3 at 3½ per cent interest for annum.

(2) The Travancore Rayons, Ltd., I. Rs. 45,73,684—3—4 at 3½ per cent interest per annum till 14th June 1949 and 4 per cent interest per annum from 15th June 1949.

(3) The Travancore Cements Ltd. Two sums of Rs. 25 lakhs and Rs. 5 lakhs in the same year at 3½ per cent & 5 per cent interest per annum respectively.

1125 (1) The Travancore Rayons Ltd. Rs. 15 lakhs at 3½ per cent interest per annum till 14th June 1949 and at 4 per cent interest per annum from the 15th June 1949.

(c) The information is being collected.

Cochin

(a) No loan has been granted during 1124 & 1125.
(b) Does not arise in view of answer to (a) above.
(c) The total amounts due to Government Rs. 3,54,000.

ഏനാമാവു റെയിഞ്ചിലെ സബ്ബ്ഇൻസ്പെക്ടർ

*൨൫൪. (൪൨) ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഏനാമാവു റയിഞ്ചിൽ ൧൧൨൩-ലും, ൧൧൨൪-ലും ജോലിനോക്കിയിരുന്ന സബ്ബ്ഇൻസ്പെക്ടർക്ക് ഏതെങ്കിലും ഇൻഷ്വറൻസു കമ്പനിക്ക് പാളിസി കാൻവാസ് ചെയ്യാൻ അനുമതി നൽകിയിരുന്നുവോ?

(ബി) ഇല്ലെങ്കിൽ ൧൧൨൩-ലും, ൧൧൨൪-ലുമായി എത്ര കള്ള (ചാരായ) ഷാപ്പുടമസ്ഥന്മാർ ഇൻഷ്വറൻസിൽ ഏർപ്പെട്ടിട്ടുണ്ടെന്നും അവരിൽ പാളിസി വിജ്ഞയാകാത്തവർ വല്ലവരുമുണ്ടോ എന്നും ദയവായി അന്വേഷിക്കുമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) ഇല്ല.

(ബി) ഈ വിവരങ്ങളെപ്പററി അറിവില്ല. അതേപ്പററിയുള്ള അന്വേഷണത്തിനു ആവശ്യമുണ്ടെന്നുകണ്ടാൽ അന്വേഷിക്കാം.

തൃശ്ശൂരിലെ പുകയിലഷാപ്പു ലേലം

*൨൫൫. (൪൩) ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൧൨൫-ലേക്ക് തൃശ്ശൂർ താലൂക്കിലെ പുകയില ഷാപ്പുകൾ ലേലംചെയ്യപ്പോൾ ൧൧൨൪-ൽനിന്നും എത്ര സംഖ്യ താഴ്ന്നുപോയിട്ടുണ്ട്?

(ബി) ഈ കുറവനുസരിച്ചുള്ള താഴ്ച്ച കൊച്ചിയിലെ മറേറതെങ്കിലും താലൂക്കിൽ ഉണ്ടായിട്ടുണ്ടോ?

(സി) ഇല്ലെങ്കിൽ തൃശ്ശൂർതാലൂക്കിൽമാത്രം ഇത്ര വലിയ മാററമുണ്ടാകാൻ പ്രത്യേക കാരണമെന്തു്?

(ഡി) ലേലം വിളിച്ചവർ ഒത്തുനിന്നു ലേലസംഖ്യ കുറച്ചതാണെന്നു ഗവമ്മെണ്ടു വിചാരിക്കുന്നുവോ?

(ഇ) ഡിയിൽ പറയുന്ന കാര്യത്തിൽ തൃശ്ശൂർതാലൂക്കിലെ ചില എക്സൈസ്സ് ഉദ്യോഗസ്ഥന്മാരുടെ കൈ ഗൂഢമായിനിന്നു പ്രവർത്തിച്ചിരുന്നുവെന്നു കേൾക്കുന്നതു നേരാണോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) ൧, ൨ ര, ൨ ൫ ൦ശ്രുപാ.

(ബി) ഉണ്ട്.

(സി) ബി.യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

(ഡി) ഇല്ലാ.

(ഇ) ഡിയുടെ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

കൊതുകുശല്യം

*൨൫൩. (൪൪) ശ്രീ. മങ്കുഴി എം. മാധവൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പൊതുജനാരോഗ്യമന്ത്രി സദയം മറുപടി നൽകുമോ.—

മകരം, കുംഭം, മീനം, മേടം എന്നീ മാസങ്ങളിൽ ചിറയിൻകീഴ് താലൂക്കിലെ തീരപ്രദേശങ്ങളിൽ ഉണ്ടാകാറുള്ള അസഹ്യമായ കൊതുകു ശല്യത്തിന് ഗവൺമെണ്ട് വേണ്ട നിവാരണം ഉണ്ടാക്കുമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ:

കേവലം കൊതുകുശല്യം മാത്രമുള്ള പ്രദേശങ്ങളിലെ നിരോധന നടപടികൾ മലേറിയ, ഫൈലേറിയ, മുതലായ രോഗങ്ങൾ വ്യാപിച്ചിട്ടുള്ള സ്ഥലങ്ങളിലെ കൊതുകു നിവാരണ നടപടികൾക്കുശേഷം, ബഡ്ജറ്റിന്റെ നില അനുസരിച്ച് ആലോചിക്കുന്നതാണ്.

ഗവൺമെണ്ട് ആയുർവ്വേദ ആശുപത്രി

*൨൫൪. (൪൫) ശ്രീ. മങ്കുഴി എം. മാധവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) വക്കം ആയുർവ്വേദാശുപത്രിയിൽ ഈ വർഷത്തിൽ ദിവസന്തോറും ശരാശരി എത്ര രോഗികൾ വീതം ഹാജരാകുന്നുണ്ട്;

(ബി) ഇവിടെ വരുന്ന രോഗികൾക്കു കൊടുക്കുവാൻ ആവശ്യമുള്ളിടത്തോളം മരുന്നു സപ്ലൈ ഇല്ലാത്തതുകൊണ്ട് രോഗികൾക്ക് വിഷമമാണെന്നുള്ള വിവരം ഗവൺമെണ്ടിന് അറിവുണ്ടോ;

(സി) ഈ സ്ഥാപനത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ മരുന്നു സപ്ലൈ ചെയ്യുന്നതിനു വേണ്ട സത്വര നടപടികൾ സ്വീകരിക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ:

(എ) ൩ ൦ ൫.

(ബി) ആവശ്യമുള്ളിടത്തോളം മരുന്നില്ലെന്ന പരാതി കിട്ടിയിട്ടുണ്ട്.

(സി) വേണ്ട നടപടി നടത്തിവരുന്നുണ്ട്.

കയർ സർവ്വെ

*൨൫൫. (൪൬) ശ്രീ. മങ്കുഴി എം. മാധവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. വ്യവസായമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കയർ സർവ്വെ ആരംഭിച്ചിട്ട് എത്ര നാളായി;

(ബി) അതിന്റെ സ്ഥിതിവിവരകണക്കുകൾ ശേഖരിച്ചു കഴിഞ്ഞുവോ;

(സി) അതിന്റെ റിപ്പോർട്ട് പരസ്യപ്പെടുത്തുവാൻ ഇനിയും എത്രനാൾ വേണ്ടിവരും;

(ഡി) കയർ സർവ്വെയിൽ ഏർപ്പെട്ടിരുന്ന ആളുകളെ പിരിച്ചുവിട്ടുവോ;

(ഇ) ഇപ്പോൾ അതിന്റെ പ്രവർത്തനത്തിനു വേണ്ടിടത്തോളം സ്റ്റാഫ് ആ ജോലി നിർവ്വഹിക്കുന്നുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി.എ. അബ്ദുള്ള:

(എ) ഒരു കൊല്ലത്തിനുമേലായി.

(ബി) ശേഖരിച്ചുകഴിഞ്ഞു.

(സി) സമയം കൃത്യമായി പറയുവാൻ നിവൃത്തിയില്ല.

(ഡി) പിരിച്ചുവിട്ടു.

(ഇ) ശേഷിപ്പുള്ള ജോലി നിർവ്വഹിക്കുന്നതിന് വേണ്ട സ്റ്റാഫിന്റെ നിയമനകാര്യം ആലോചനയിൽ ഇരിക്കുന്നു.

സിലോൺ കൊപ്രാ ഇറക്കുമതി

*൨൫൬. (൪൭) ശ്രീ. വി. മാധവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. എക്സൈസ്സ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സിലോൺ കൊപ്രാ ഇൻഡ്യയിൽ ഇറക്കുമതി ചെയ്യുവാനായി സമ്മതിച്ച ഇൻഡ്യാ ഗവൺമെണ്ടും സിലോൺ ഗവൺമെണ്ടും തമ്മിൽ ഉടമ്പടി ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കൊപ്രാ ഇറക്കുമതി ചെയ്യുവാനാണ് ഉടമ്പടി വ്യവസ്ഥ;

(സി) ഇതുമൂലം നമ്മുടെ നാളികേരത്തിന് വിലയിടിവുവരുവാൻ ഇടയുണ്ടോ ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ :

(എ) ഗവമ്മെണ്ടിന് അറിവില്ല.

(ബി) (സി) പ്രശ്നം ഉദിക്കുന്നില്ല.

സാനിട്ടറി ഇൻസ്പെക്ടർമാർ

*261. (53) ശ്രീ. വി. മാധവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു ആരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) വൈക്കം, ചേർത്തല മുതലായ സ്ഥലങ്ങളിൽ പകുതിതോറും സാനിട്ടറി ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ടോ ;

(ബി) ഈ ഇൻസ്പെക്ടർമാരുടെ ജോലി എന്താണ് ?

ബഹു. ശ്രീമതി. ആനിമസ്ക്രീൻ :

(എ) ഉണ്ട്. വൈക്കം, ചേർത്തല, അമ്പലപ്പുഴ എന്നീ താലൂക്കുകളിൽ.

(ബി) ൧. സാംക്രമികരോഗങ്ങളുടെ നിയന്ത്രണം.

൨. ഗ്രാമശുചീകരണം.

൩. ജനനമരണങ്ങളെപ്പററി അന്വേഷണവും, ജനനമരണ രജിസ്റ്ററിൽ വിട്ടുപോയിട്ടുള്ളവ കണ്ടുപിടിച്ച് രജിസ്റ്റർ ചെയ്യലും.

൪. പൊതുജനാരോഗ്യം. ന്യൂട്രിഷൻ (പോഷകസാധനങ്ങൾ) ബാലൻസ്ഡ് ഡയററ് (ക്രമീകൃതാഹാരം) മുതലായവ സംബന്ധിച്ച് പൊതുജനങ്ങളുടെയിടയിൽ പ്രചരണം നടത്തുക എന്നിവയാണ് ഈ ഇൻസ്പെക്ടർമാരുടെ ജോലി. ചേർത്തല താലൂക്കിൽ മന്ത്രരോഗനിയന്ത്രണം സംബന്ധിച്ചുള്ള ജോലികൾ ഇവരാണ് നടത്തിവരുന്നതു്.

GRANT TO STRIDHARMALAYA

***261.** [53] **Sri. N. Daniel Jose:** Will the Hon'ble Minister for Health & Power be pleased to state.—

(*a*) whether the grant to Stri Dharmalayam has been stopped ;

(*b*) if so the reasons for such procedure.

The Hon'ble Sry. Annie Mascarene: (*a*) Yes.

(*b*) The working of the institution did not justify the continuance of the grant.

SELLING PRICE OF RICE

***262** [54] **Sri. N. Daniel Jose:** Will the Hon'ble Minister for Food and Supplies be pleased to state.—

(*a*) whether there is any difference in the selling price of rice in Travanaore and Cochin ;

(*b*) if so, to what extent ;

(*c*) the reasons for the same ?

The Hon'ble Sri. T. A. Abdulla: (*a*) No.

(*b*) & (*c*) Do not arise in view of answer to (*a*).

FERTILISERS AND CHEMICALS

***268** [56] **Sri. Alexander Vakayil:** Will the Hon'ble Minister for Industries be pleased to state:

(*a*) whether the Government is aware that the Board of Directors of the Fertilisers and Chemicals Travancore Ltd,, appointed a Committee to effect retrenchment in the expenditure of the concern ;

(*b*) if so, the names of the members of the Committee ;

(*c*) what was the report submitted by the Committee ; and

(*d*) whether any action was taken on it ?

The Hon'ble Sri. N. Kunjuraman: (*a*) Yes.

(*b*) Sri. S. V. Ramankutty
„ S. Chattanatha Karayalar
„ K. G. Menon
„ V. Seshasayee
„ C. I. Abraham
„ O. R. Chummar

(c) The Committee recommended retrenchment in the staff.
(d) No. The award of the Industrial Tribunal is awaited.

INDUSTRIAL COMMITMENTS

*264. [59] **Sri. V. K. Varghese :** Will the Hon'ble Minister for Industries and Excise be pleased to state :

(a) whether the Government have got any representation that a Committee to investigate into the industrial commitments of Travancore Government be constituted ; and

(b) will the Government be pleased to constitute a Committee for the investigation referred to above ?

The Hon'ble Sri. N. Kunjuraman :

(a) Yes.

(b) Government do not find it necessary to constitute a Committee at present ?

SELF-SUFFICIENCY IN FOOD

*265 [60] **Sri. V. K. Varghese :** Will the Hon'ble Minister for Food and Supplies be pleased to state :

(a) whether the United State of Travancore and Cochin is a self-sufficient unit in the matter of food, and

(b) if not, whether the Government have any plan for making the State self-sufficient in food, if so, what are they ?

The Hon'ble Sri. E. Ikkanda Warrier :

(a) No.

(b) 1. Eight land reclamation Schemes covering a total area of about 95·48 acres to produce about 1,48,150 tons of foodstuffs, including rice and subsidiary items like tapioca.

2. Intensive cultivation schemes lift irrigation (Major, minor and lift) distribution of improved seeds, intensive manuring, compost utilization, tube well irrigation and green manuring capable of securing an increased yield of about 2,97,200 tons of foodstuffs.

3. Six fishery development schemes facilitating the production and distribution of about 358 tons of fish.

FOREST INDUSTRIES TRAVANCORE LTD.

*266. [61] **Sri. V. K. Varghese :** Will the Hon'ble Minister for Industries be pleased to state :

(a) whether the accounts of the F. I. T. company, Alwaye, were audited by Government

(b) if so, what is the result of that auditing as regards its financial position ?

The Hon'ble Sri. N. Kunjuraman :

(a) Yes.

(b) It has been found that the financial position of the Company is not satisfactory.

AUDIT OF COMPANY ACCOUNTS

*267 [62] **Sri. V. K. Varghese :** Will the Hon'ble Minister for Industries be pleased to state :

(a) whether the Government intend to audit the companies from which no profit is yet got to Govervenment ;

(b) whether any such companies are already audited ;

(c) if so, their names and result ?

The Hon'ble Sri. A. J. John :

(a) Yes ;

(b) Yes ;

(c) Most of the companies audited are still in the construction stage or have just commenced production. Among the companies that have started production and have been unable to declare dividends, the following have been audited :—

(1) Forest Industries Ltd., Kaladi. The report is under consideration of Government.

(2) Travancore Steam Navigation Co., Ltd. The Company is being wound up.

RUBBER FACTORY

*268. [63] **Sri. V. K. Varghese :** Will the Hon'ble Minister for Industries be pleased to state :

(a) the reasons for taking the Rubber factory under the Government control ;

(b) who was in management before the Government took it under their control ?

The Hon'ble Sri. N. Kunjuraman :

(*a*) Irregularities on the Part of the Managing Partner.

(*b*) Sir Chinubhai Madhewlal Baronet, Bombay.

നെല്ല് സൂക്ഷിക്കുന്ന അറകൾ

*വ. ന്യ. ൯. (ന്യ ൪) ശ്രീ. പി. നാണു : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

ഗവൺമെണ്ടുവക നെല്ല് സൂക്ഷിക്കുന്ന അറകളുടെ വാടക, അറയുടമസ്ഥന്മാർക്ക് താലൂക്ക കച്ചേരിയിൽനിന്നും നേരിട്ടു കൊടുക്കുന്ന സംഗതി ഗവൺമെണ്ടിന്റെ ആലോചനാവിഷയമായിട്ടുണ്ടോ ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള : ഇല്ല.

സദ്യ നിയന്ത്രണം

*വ. ൭ ൦. (ന്യ ൯) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇത്ര ആളുകളിൽ കൂടുതൽപേർക്ക് സദ്യ നൽകുവാൻ പാടില്ലെന്നു നല്ല നിയമവും നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രയാളുകൾക്ക് എന്നാണെന്നു പറയാമോ ;

(സി) ഇല്ലെങ്കിൽ അങ്ങനെ ഒരു നിയന്ത്രണംവെയ്ക്കാൻ ഗവൺമെണ്ട് ഉദ്ദേശിക്കുന്നുണ്ടോ എന്നു പറയാമോ ;

(ഡി) കൊച്ചിയിൽ അങ്ങിനെ ഒരു നിയമം ഇല്ലേ ;

(ഇ) തിരുവിതാംകൂറിലെ മുൻ പ്രധാനമന്ത്രി ശ്രീ. പട്ടം താണുപിള്ള അദ്ദേഹത്തിന്റെ പുത്രന്റെ വിവാഹം പ്രമാണിച്ച് അടുത്ത ദിവസം വളരെയധികം പേർക്ക് ഗംഭീരമായ ഒരു സദ്യ നൽകിയ വിവരം ഗവൺമെണ്ടിനറിയാമോ ;

(എഫ്) ഈ സദ്യക്ക് ഗവൺമെണ്ടനുവാദം നൽകിയിരുന്നുവോ എന്നു പറയാമോ ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള :

(എ) ൫൦ ആളിൽ കൂടുതൽ ഭക്ഷണം കൊടുക്കാൻ പാടില്ലെന്നു കൊച്ചിയിൽ പ്രസ്സ്നോട്ടുണ്ട്. അപ്രകാരം നിയമമുണ്ട്.

(ബി) തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഇതു് ഉദിക്കുന്നില്ല. കൊച്ചിയിൽ ൫൦ ആളുകളോ, ഒന്നരപറ അരിയോ എന്നു നിബന്ധനയുണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) ഇങ്ങിനെ ഒരു വർത്തമാനമുണ്ട്.

(എഫ്) നൽകിയില്ല.

മദ്യവർജ്ജനം

*വ. ൭ ൧. (൭ ൦) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസ്സ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) മദ്യവർജ്ജനം നടപ്പിൽ ഉള്ള സ്ഥലങ്ങളിൽ മദ്യപിച്ചിട്ടുള്ളതായി നേരിട്ടു കണ്ടാൽ അയാളുടെ പേരിൽ നടപടി എടുക്കാവുന്ന നിയമം ഇവിടെയുണ്ടോ ;

(ബി) ഇല്ലെങ്കിൽ അങ്ങിനെ ഒരു നിയമം ഇവിടെ ഉണ്ടാക്കുന്നതിനു വിരോധം ഉണ്ടോ ;

(സി) ഇൻഡ്യൻ യൂണിയനിൽ അങ്ങിനെ നിയമം ഉള്ളതായി അറിയാമോ ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ :

(എ) തിരുവിതാംകൂർ മദ്യനിരോധന ആക്ടിൽ അതിനുള്ള നിയമം ഉണ്ട്. എന്നാൽ കൊച്ചി മദ്യനിരോധന ആക്ടിൽ അതിലേക്കു വേണ്ട നിയമം ഇല്ല.

(ബി) തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാനത്തിന് പൊതുവെ ഒരു മദ്യനിരോധന ആക്ട് ഉടനെ നിർമ്മിക്കുന്നതാണ്. ആ ആക്ടിൽ ഇതിനു വേണ്ട വ്യവസ്ഥകൾ ഉണ്ടായിരിക്കും.

(സി) അറിയാം.

മണൽ കമ്പനികൾ

*൨൧൨. (൧൩) ശ്രീ. കെ. രാമകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. വ്യവസായമന്ത്രി സദയം മറുപടി പറയുമോ.—

(എ) ചവറയിലെ മണൽ കമ്പനികളിൽ എത്രയെണ്ണം ഗവമ്മെണ്ട് വിലക്കു വാങ്ങി;

(ബി) വിലക്കു വാങ്ങിയതു് ഏന്ന്;

(സി) വിലക്കു വാങ്ങിയതിനുശേഷം ആ കമ്പനിയിൽ വേല നടക്കുന്നുണ്ടോ;

(ഡി) നടക്കുന്നുണ്ടെങ്കിൽ അതു് ആരുടെ ചുമതലയിൽ;

(ഇ) ശ്രീ. ചട്ടനാഥകരയാളരുടെ വക മണൽ കമ്പനി വിലക്കു വാങ്ങുവാൻ ഗവമ്മെണ്ട് ആലോചിക്കുന്നുണ്ടോ;

(എഫ്) ശ്രീ. ചട്ടനാഥകരയാളരിൽനിന്നും എതെങ്കിലും തുക ഗവമ്മെണ്ടിന് ഈടാകാനുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ :

(എ) ഒരെണ്ണം.

(ബി) കഴിഞ്ഞ ജൂൺ ൧൧-ാംനു.

(സി) ഉണ്ട്.

(ഡി) ഗവമ്മെണ്ടിന്റെ ചുമതലയിൽ.

(ഇ) വാങ്ങണമോ എന്ന കാര്യം ആലോചിക്കുന്നുണ്ട്.

(എഫ്) ഉണ്ട്. ൩, ൪൭, ൦൨൩ രൂപാ (ഉദ്ദേശം).

കൃഷിക്കാരിൽനിന്നും എടുക്കുന്ന നെല്ല്

*൨൧൩. (൧൪) ശ്രീ. കെ. രാമകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൧൨൩-ലെ കന്നികൃഷിയിൽനിന്നും ഗവമ്മെണ്ട് എത്ര പറ നെല്ല് എടുത്തിട്ടുണ്ട്;

(ബി) ൧൧൨൪-ൽ ഈ ഇനത്തിൽ എത്ര പറ നെല്ലെടുത്തു?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള :

(എ) തിരുവിതാംകൂറിൽ ൪— ൧൧— ൧൯ ൪൯ വരെ ൨൨,൩൩,൪൩, ൪൩ ൪ പറ നെല്ല് എടുത്തിട്ടുണ്ട്.

കൊച്ചിയിൽ ൪— ൧൧— ൧൯ ൪൯ വരെ ൨൧,൨൩,൯ ൦ ൪ പറ നെല്ല് എടുത്തിട്ടുണ്ട്.

(ബി) തിരുവിതാംകൂറിൽ ൨൩,൨ ൪,൯ ൪ വ പറ.

കൊച്ചിയിൽ ൨൩,൨൩, ൦ ൧ ൧ പറ.

ഭക്ഷ്യവല്ക്കരണപദ്ധതി

*൨൧൪. (൧൫) ശ്രീ. കെ. രാമകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യത്തിന് ബഹു. ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

ഐക്യസംസ്ഥാനത്തിൽ ഭക്ഷ്യവല്ക്കരണത്തിനുവേണ്ടി വിഭാവനം ചെയ്തിട്ടുള്ള ഏതെങ്കിലും നിശ്ചിത പദ്ധതി ഗവമ്മെണ്ടിനുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ : ഉണ്ട്.

ഇലക്ട്രിക്ക് ലയിൻ

*൨൧൫. (൧൬) സാഹിബ് ബഹദൂർ വി. ചെലാടിറാവുത്തർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഇലക്ട്രിക്കവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തലപ്പിള്ളി താലൂക്കിൽപെട്ട വടക്കാഞ്ചേരിയിൽ ഇലക്ട്രിക്ക് ലയിൻ ഏർപ്പെടുത്തിയതു ജോലി പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) അവിടെനിന്നും ഇലക്ട്രിക്ക് ലയിൻ നീട്ടുവാൻ ഗവമ്മെണ്ടിൽനിന്നും ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അതു വടക്കാഞ്ചേരി പഴയന്നൂർ റോഡുവഴി ചേലക്കരയ്ക്കു നീട്ടുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമോ?

ബഹു. ശ്രീമതി. ആനിമസ്ക്രീൻ :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ആ സംഗതിയെ പ്രററി ആലോചിക്കുന്നതാണ്.

ഗവമ്മെണ്ടിൽനിന്നും കൃഷിക്കാക്ക് ആനുകൂല്യങ്ങൾ

*൨ ൭൩. (വ൨) സാഹിബ്ബ് ബഹദൂർ വി. ചെലാടി റാവുത്തർ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചിൻ ഡിവിഷനിൽ കൂടുതൽ നെല്ലുവിളയുന്ന താലൂക്ക് ഏതെല്ലാമാണ്;

(ബി) അവിടെ ഓരോസ്ഥലത്തും കൃഷിയാവശ്യത്തിനു എന്തെല്ലാം സഹായവും പ്രോത്സാഹനവും ആണ് ബഹുമാനപ്പെട്ട ഗവമ്മെണ്ട് ചെയ്തുകൊടുത്തിട്ടുള്ളത്;

(സി) തലപ്പിള്ളി താലൂക്കിൽ എന്തെല്ലാം ആനുകൂല്യങ്ങൾ ചെയ്തുകൊടുത്തു;

(ഡി) അവിടത്തെ നെൽകൃഷി മിക്കതും പ്രകൃതിയെ ആശ്രയിച്ചായിരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ;

(ഇ) കൃഷിരക്ഷയ്ക്ക് അത്യാവശ്യമായ കുളം, ചിറ ചുതലായവ ഉണ്ടാക്കിയോ, ഉള്ളവയെ നന്നാക്കിയോ, കർഷകരെ സഹായിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ:

(എ) ചിറവൂർ, തലപ്പിള്ളി എന്നീ താലൂക്കുകളിലാണ് നെല്ല് കൂടുതൽ വിളയുന്നത്.

(ബി) മേൽപറഞ്ഞ താലൂക്കുകളിൽ, പഞ്ചായത്ത്, ഇറിഗേഷൻ എന്നീവകുപ്പുകളിൽ നിന്നും നടത്തിവരുന്ന ജലസേചനം മുതലായ പദ്ധതികൾക്കു പുറമേ, കാർഷികോൽപാദനത്തെ കാര്യക്ഷമമാക്കുന്നതിന് ൧൯൫൪-ാമാണ്ടിൽ രൂപ ൨൫൫൫൫— ൧൩— ൭ വിലവരുന്ന വിവിധതരത്തിലുള്ള വളം തലപ്പിള്ളി താലൂക്കിലും, രൂപ ൨,൦൦,൨൭൩-൩-ന് വിലവരുന്നവളം ചിറവൂർ താലൂക്കിലും, കുറഞ്ഞ വിലക്ക് വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്. തലപ്പിള്ളി താലൂക്കിൽ രൂപ ൯൩൫— ൧ ൧—൩-൦, ചിറവൂർ താലൂക്കിൽ രൂപ ൭൩൧— ൨— ൦-൦, വിലവരുന്ന കാർഷികമായ ഇരുമ്പുസാമാനങ്ങളും ആവശ്യം അനുസരിച്ച് വിററിട്ടുണ്ട്. കൂടാതെ രൂപ ൩,൩൩൩— ൧ ൫— ൦ ക്ക് ഡയിഞ്ച എന്ന പച്ചിലവളത്തിന്റെ വിത്ത് വരുത്തിയതിൽ അധികഭാഗവും ചിറവൂർ താലൂക്കിലാണ് വിതരണം ചെയ്തിട്ടുള്ളത്. ഇത്തരം ആനുകൂല്യങ്ങൾ കഴിയുന്നിടത്തോളം തുടർന്നുകൊണ്ടു പോകുന്നതാണ്. ഇപ്പോൾ നടത്തിവരുന്ന വിത്തു വിതരണ പദ്ധതി കൃഷിക്കാർക്ക് നല്ലതരം വിത്തുകൾ ശേഖരിച്ച് കൃഷിവകുപ്പിന്റെ നേതൃത്വത്തിൽതന്നെ ആവശ്യമനുസരിച്ച് വിതരണം ചെയ്യുന്നുണ്ട്.

(സി) ഈ വകുപ്പിൽ നിന്നു ചെയ്തുകൊടുത്തിട്ടുള്ള ആനുകൂല്യങ്ങൾ ബി. ഉത്തരത്തിൽ നിന്നു വ്യക്തമാകുന്നതാണ്.

(ഡി) അറിയാം. മിക്കതാലൂക്കുകളിലും കൃഷി പ്രകൃതിയെ ആശ്രയിച്ചുതന്നെയാണിരിക്കുന്നത്.

(ഇ) ശ്രദ്ധിക്കാം. ഗവമ്മെണ്ടിൽനിന്നും കഴിയുന്നതെല്ലാം ചെയ്യുന്നുമുണ്ട്.

PROHIBITION

***277.** [83] **Sri. Alexander Vakayil:** Will the Hon'ble Minister for Excise and Prohibition be pleased to state:—

(*a*) what are the Taluks in Travancore and Cochin where prohibition has been introduced;

(*b*) what is the estimated fall in revenue due to this reform;

(*c*) does the Government think of introducing prohibition in any other taluk during the coming financial year; and

(*d*) what is the policy of the Central Government towards the introduction of prohibition?

The Hon'ble Sri. N. Kunjuraman :

(*a*) **Travancore**

Thovala	Agasteeswaram	Kalkulam
Vilavancode	Neyyattinkara	Shencottah
Trivandrum	Nedumangad	Chirayinkil

Cochin

Chittur	Talappilly

(*b*) About Rs. 74 lakhs.

(*c*) No.

(*d*) The Central Government have not communicated their policy to this Government.

SHIFTING OF THE ARRACK SHOP

*278. [84] **Sri. Alexander Vakayil :** Will the Hon'ble Minister for Excise be pleased to state.—

(*a*) has any representation been received from Varapuzha regarding the shifting of the Arrack shop and the toddy shop there which are situated near the Varapuzha Church, Varapuzha Convent and the Educational institutions attached to them ;

(*b*) if so, what action has been taken on it ; and

(*c*) will the Government take immediate steps to remove these shops to some other place and thus redress the grievances of the public ?

The Hon'ble Sri. N. Kunjuraman :

(*a*) Yes.

(*b*) & (*c*) Instructions have been issued to the Board of Revenue to arrange for the removal of the shops from the present sites.

COIR INDUSTRY

*279. [85] **Sri. Alexander Vakayil :** Will the Hon'ble Minister for Industries be pleased to state.—

(*a*) whether the Government are aware that the people living in the coastal regions both in Travancore and Cochin are affected seriously on account of the considerable fall in coir industry ;

(*b*) the causes for the downfall of this industry ; and

(*c*) the measures taken by the Government to find markets in and outside India ; for the sale of manufactured coir goods ?

The Hon'ble Sri. N. Kunjuraman :

(*a*) No. The present position is not as stated by the Hon'ble Member. There is considerable improvement in the industry so far as exports are concerned.

(*b*) and (*c*) This Government have taken necessary measures through the Government of India.

EXTENSION OF ELECTRIC LINE

*280. [87] **Sri. Alexander Vakayil :** Will the Hon'ble Minister for Health and Power be pleased to state :

(*a*) whether any representation has been received from the public of Koonamavu in the Parur Taluk regarding the extension of electric line from the southern most part of Parur to Varapuzha ; and

(*b*) what action has been taken on the same ?

The Hon'ble Sry. Annie Mascarene :

(*a*) Yes.

(*b*) An estimate amounting to Rs. 45,000 was prepared and load survey conducted. Since the return expected from this extension is not satisfactory it will be included in the programme of extensions for the period 1951—1960 and will be taken up according to priority when materials become available.

വില്ലേജുകളിൽ വിദ്യുച്ഛക്തി

*൨൮൧. (൨൨) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊടുങ്ങല്ലൂർ ടൌൺ അതുത്തികളിൽ നടപ്പാക്കിയിട്ടുള്ള വിദ്യുച്ഛക്തി അഴീക്കോട്, എറിയാട് വില്ലേജുകളിൽ എപ്പോൾ നടപ്പിലാക്കുമെന്നു പറയുമോ;

(ബി) സ്ഥലം പഞ്ചായത്തുകളിൽനിന്നും ഇക്കാര്യത്തിം നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ:

(എ) ആവശ്യമായ സാധനസാമഗ്രികൾ യഥാവസരം ലഭിക്കുന്നതായാൽ പ്രസ്തുത പ്രദേശങ്ങളിൽ ഈ വർഷത്തിൽ വിദ്യുച്ഛക്തി വിതരണം സാധിക്കുന്നതാണ്.

(ബി) ഉണ്ട്.

കായംകുളം ആശുപത്രി

*൨൭൭. (൭൯) സാഹിബ് ബഹദൂർ ററി. എ. മൈതീൻകുഞ്ഞ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കായംകുളത്ത് ഇപ്പോഴുള്ള ഡിസ്പെൻസറി, ആശുപത്രിയായി ഉയർത്തുന്നതിലേക്ക പൊതുജനങ്ങൾ പിരിച്ചെടുത്ത എത്ര രൂപാ ഗവമ്മെണ്ടിൽ ഏൽപിച്ചിട്ടുണ്ട്;

(ബി) രൂപാ ഏൽപിച്ചിട്ട് എത്ര വർഷമായി;

(സി) ഇതുവരെ തൽസംബന്ധമായി എന്തു ചെയ്തു?

ബഹു. ശ്രീമതി ആനിമസ്ക്രീൻ:

(എ) പൊതുജനങ്ങളുടെ വകയായി ൩, ൦ ൦ ൦ രൂപായും, മുൻസിപ്പൽ ഫണ്ടിൽ നിന്നു ൪, ൦ ൦ ൦ രൂപായും ഏൽപിച്ചിട്ടുണ്ട്.

(ബി) മൂന്നു വർഷവും ഒൻപതു മാസവും.

(സി) ഡിസ്പെൻസറിക്ക് ആവശ്യമുള്ള സ്ഥലം വിലയ്ക്കെടുത്തിട്ടുണ്ട്.

ഇലക്ട്രിക്ക് ലൈൻ

*൨൭൮. (൭൦) ശ്രീ. ഇ. പി. പൌലോസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹു. ഹെൽത്ത് ആൻറ് പൗവ്വർ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) മെയിൻ സെൻട്രൽ റോഡിൽ മുവാററുപുഴ മുതൽ ഏററുമാനൂരു്വരെയുള്ള പ്രധാനപ്പെട്ട പൊതു സ്ഥലങ്ങളിലേക്ക് ഇതുവരെ ഇലക്ട്രിക്ക് ലൈൻ നീട്ടിയിട്ടില്ലെന്നുള്ള വിവരം ഗവമ്മെണ്ടിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇക്കൊല്ലംതന്നെ ലൈൻ മുവാററുപുഴനിന്നും ഏററുമാനൂരുവരെ നീട്ടുന്നതിനു വേണ്ട നടപടി നടത്തുമൊ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ:

(എ) ഉവ്വ്.

(ബി) മുവാററുപുഴക്കും ഏററുമാനൂരിനും ഇടയ്ക്കുള്ള പ്രധാനപ്പെട്ട സ്ഥലങ്ങളിൽ വിദ്യുച്ഛക്തി വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതി ഗവമ്മെണ്ടിൻെറ ആലോചനയിൽ ഇരിക്കുകയാണ്. ഈ ജോലി അടുത്ത ദശവത്സര പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

ഭക്ഷ്യവിതരണ രീതി

*൨൭൯. (൭൫) ഇ. പി. പൌലോസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) നിലവിലിരിക്കുന്ന ഭക്ഷ്യധാന്യവിതരണ രീതി പുനഃപരിശോധന ചെയ്യണമെന്നു ഗവമ്മെണ്ട് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കൊച്ചിയിലെ രീതിയിലുള്ള ഗവമ്മെണ്ട് ഡിപ്പോകൾ സ്ഥാപിക്കുന്നതിനെപ്പററി ഗവമ്മെണ്ട് ആലോചിച്ചിട്ടുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ളാ:

(എ) ചില സംഗതികളിൽ വിതരണരീതിയിൽ കൊച്ചിയും തിരുവാതാംകൂറും തമ്മിൽ വ്യത്യാസമുണ്ട്.

(ബി) ഉണ്ട്.

അരി ഉൽപ്പാദനം

*287. (95) ശ്രീ. മംഗലം എം. മാധവൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹു. ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(1) 1951-ലും 1952-ലും ഈ സംസ്ഥാനത്തെ അരി ഉൽപ്പാദനം എത്ര ശതമാനം വീതം വർദ്ധിച്ചിട്ടുണ്ടെന്നുള്ള വിവരം പ്രസ്താവിക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: തത്സംബന്ധമായ സ്ഥിതിവിവരക്കണക്കുകൾ ഗവൺമെണ്ട് ശേഖരിച്ചിട്ടില്ല.

ഉപ്പളങ്ങൾ

*288. (96) ശ്രീ. മംഗലം എം. മാധവൻ: താഴെ പറയുന്നചോദ്യങ്ങൾക്ക് ബഹു. വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഉപ്പളങ്ങൾ ഗവൺമെണ്ടിൽനിന്നും ഏറ്റെടുത്തു നടത്തുവാൻ ആലോചനയുണ്ടായിരുന്നുവോ?

(ബി) ഇപ്പോൾ ഈ സംഗതിയിൽ നിന്നും വിരമിക്കുവാൻ ഗവൺമെണ്ട് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉപ്പളങ്ങൾ ഗവൺമെണ്ട് ഏറ്റെടുത്ത് നടത്തുന്നതു് നഷ്ടത്തിലാകുവാൻ ഇടയുണ്ടെന്നു ഗവൺമെണ്ടിനു വിചാരമുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) ഉപ്പളങ്ങൾ ഏറ്റെടുത്തു നടത്തുന്ന കാര്യം ഗവൺമെണ്ട് ആലോചിച്ചുകൊണ്ട് ഇരിക്കുകയാണ്.

(ബി) കേരളത്തെ ഉത്പാദനത്തിൽ നിന്നും ഇതു് ഉന്മൂലനം ചെയ്യുന്നില്ല.

(സി) ഇല്ല.

CULTIVATION OF COTTON

*287. [95] **Sri. K. Ramakrishna Achari:** Will the Hon'ble Minister for Industries be pleased to state:

(*a*) whether the Government are aware that there is plenty of land in Aramboly suitable for the cultivation of cotton;

(*b*) is the Government aware that cotton is cultivated in that place; and

(*c*) will the Government be pleased to establish a cotton spinning factory there?

The Hon'ble Sri. N. Kunjuraman:

(*a*) Lands are not available in plenty at Aramboly for cotton cultivation.

(*b*) Government are aware that a few acres of land at Aramboly are cultivated with cotton.

(*c*) As there is no possibility of expanding the area under cotton without diverting areas under food crops, the question of establishing a cotton spinning factory does not arise.

PROHIBITION

*288. [96] **Sri. K. Ramakrishna Achari:** Will the Hon'ble Minister for Industries and Excise be pleased to state:

(*a*) what is the benefit derived by the propaganda done by the department in the areas where prohibition is in force;

(*b*) what is the amount spent per mensem for this department; and

(*c*) what is the necessity for the prohibition propaganda department while there is the Excise Department and the Police Department to detect those who infringe the Prohibition Law?

The Hon'ble Sri. N. Kunjuraman:

(*a*) The propaganda staff of the Prohibition Department is doing very useful work towards the success of prohibition by enlisting public co-operation through the medium of instruction, recreation entertainment, etc.

(*b*) The expenditure per mensem for the ameliorative branch (including propaganda) of the Prohibition Department is about Rs. 2,800.

(*c*) The propaganda branch of the Prohibition Department is attending to the ameliorative and educational side of Prohibition while the Excise and Police Departments are concerned solely with the enforcement side.

IMPORT OF CEYLON COPRA

*289. [99] **Sri. A. K. George:** Will the Hon'ble Minister for Industries and Excise be pleased to state:

(*a*) is the Government aware of the fact that very recently the Government of India have come to an agreement with the Ceylon Government, allowing the import of Ceylon copra to India; and

(*b*) if so, has our Government brought to the notice of the Government of India its serious repercussions on the economic life of the coconut cultivators of the United State?

The Hon'ble Sri. N. Kunjuraman:

(*a*) No.

(*b*) Government have made a representation to the Government of India about the possible repercussions based on reports about the trade pact from non-official sources.

PERMITS TO USE LIQUOR

*290. [107] **Sri. Mankuzhi M. Madhavan:** Will the Hon'ble Minister for prohibition be pleased to state;

(*a*) the number of applications from Indians for special permits to use liquor in the 'dry areas' of this State;

(*b*) the names of Indian who had been given special permits to use liquor in dry areas of this State?

The Hon'ble Sri. N. Kunjuraman:

(*a*) 13.

(*b*) The names cannot be given, but it may be stated that as a rule permits are given only on medical grounds.

തിരുവനന്തപുരം പട്ടണത്തിൽവെച്ചുനടന്ന സദ്യ

*൨൯ ൧. (൧൦൯) ശ്രീ. പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൧൭ ൫ ചിങ്ങം അവസാനത്തിലെ ആഴ്ചയിൽ തിരുവനന്തപുരം പട്ടണത്തിൽവെച്ചുനടന്ന ശ്രീ. കെ. ആർ. കെ. മേനോൻ പുത്രിയുടെ വിവാഹത്തിന് സദ്യ നടത്തുവാനുള്ള അനുമതി നൽകിയിരുന്നുവോ;

(ബി) നൽകിയിരുന്നുവെങ്കിൽ എത്ര പറ അരിവെച്ചു സദ്യ നടത്തുവാനാണ് അനുമതി നൽകിയിരുന്നതു;

(സി) ഈ സദ്യയിൽ എത്രപേർ ഊണു കഴിച്ചുവെന്നും, എത്ര പറ അരി ഈ കല്ല്യാണസദ്യക്കു വെച്ചുവിളമ്പി എന്നും സദയം അന്വേഷിച്ചു മറുപടി നൽകുമോ;

(ഡി) ആരായിരുന്നു ഈ കല്ല്യാണസദ്യക്ക് അനുമതിക്ക് അപേക്ഷിച്ചിരുന്നതു്?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള:

(എ) ഇല്ല.

(ബി) മുകളിൽ നൽകിയ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഇതു് ഉദിക്കുന്നില്ല.

(സി) നിയമപ്രകാരം ഒരു നിരോധനം നിലവിൽ ഇല്ലാത്തതിനാൽ ഇതിന്റെ ആവശ്യം ഉദിക്കുന്നില്ല.

(ഡി) ആരും അപേക്ഷിച്ചില്ല.

ജന്മിക്കു കൊടുക്കുന്ന നെല്ല്

*൨൯൨. (൧൧൨) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ജന്മിക്കു കൊടുക്കേണ്ട നെൽപ്പാട്ടം മുഴുവനും ഗവർമ്മെണ്ടിലേക്ക് എടുക്കുന്നതിനേപ്പററി ഗവർമ്മെണ്ട് ആലോചിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതേപ്പററി ആലോചിക്കുമോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള:

(എ) ജന്മിയുടെ വീട്ടുവശ്യത്തിന് ഒഴിച്ചുള്ള നെല്ല് മുഴുവൻ എടുക്കണമെന്നാണ് ഇപ്പോഴത്തെ ഏർപ്പാട്.

(ബി) ഇപ്പോഴത്തെ നടപടി ഭേദപ്പെടുത്തേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ഗവൺമെണ്ട് എടുക്കുന്ന നെല്ലുവില

*൨൯൩. (൧൧൩) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഗവൺമെണ്ടിലേക്ക് എടുക്കുന്ന നെല്ലിന്റെ വില പുതുതായി ക്ലിപ്തപ്പെടുത്തിയിട്ടുണ്ടോ;

(ബി) നെല്ലുവിലയിൽ കർഷകർക്കുള്ള ബോണസും ഉൾപ്പെടുമോ;

(സി) ഉൾപ്പെടുമെങ്കിൽ ബോണസ് എത്ര?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള:

ശ്രീ. പി. കെ. ഡിവർ: ഈ ബില്ലിനെപ്പററി ചില സംഗതികൾ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ബില്ലിൽ ആദ്യമായി വകുപ്പിൽ മോട്ടോർ വെഹിക്കിൾ ടാക്സനുസരിച്ചു ജോലിചെയ്യുന്ന ഡ്രൈവർമാരുടെ ജോലിസമയം ക്രിപ്പപ്പെടുത്തുന്ന ഒരു വ്യവസ്ഥയുണ്ട്. അങ്ങനെ ഒരു വ്യവസ്ഥ ചേർത്തിരിക്കുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്. അക്കാര്യത്തിൽ ഗവൺമെണ്ടിനെ ഞാൻ അഭിനന്ദിച്ചുകൊള്ളുന്നു. ഈ ഐക്യസംസ്ഥാനത്തിൽ ഏതെങ്കിലും തൊഴിലാളിവർഗ്ഗത്തിനു നിയമത്തിന്റെ സംരക്ഷണമില്ലാത്തതായി ഉണ്ടെങ്കിൽ അതു മോട്ടോർ തൊഴിലാളികൾക്കാണ്. ഫാക്ടറി നിയമത്തിന്റെയോ മററു തെങ്കിലും തൊഴിലാളിസംരക്ഷാനിയമത്തിന്റെയോ പരിധിയിൽ മോട്ടോർ തൊഴിലാളികൾ വരുന്നില്ല. കൊച്ചി വിഭാഗത്തെപ്പററി പറയുകയാണെങ്കിൽ ഡ്രൈവർമാരും കണ്ടക്ടർമാരും പ്രാണനും പതിനാലും മണിക്കൂർ ജോലിചെയ്യുന്നുണ്ട്. യാത്രക്കാരുടെ ജീവന്റെ രക്ഷ ഒരു ആശ്രയിച്ചിരിക്കുന്നതുവരെ ഒരു ഡ്രൈവർമാരെ സംബന്ധിച്ചിടത്തോളം ഇത്ര വളരെ നേരം പണിയെടുപ്പിക്കുന്നതു യാത്രക്കാരുടെ രക്ഷയെ ഉദ്ദേശിച്ചുകിലും മാറേണ്ടതാണ്. ഇവിടെ ഇരുപ്പാൾ മണിക്കൂറായി അവരുടെ ജോലിസമയം ക്രിപ്പപ്പെടുത്തിയിരിക്കുന്നു. അതിലും ചില വ്യത്യാസങ്ങൾ വരുത്തണമെന്നാണു എന്റെ അഭിപ്രായം. ഇനി അടുത്തു് അവതരിപ്പിക്കാൻ പോകുന്ന ഷോപ്പ് അസിസ്റ്റന്റ് ബില്ലിൽ ഷാപ്പിൽ ജോലിചെയ്യുന്ന മറവലക്കാരെ സംബന്ധിച്ചിടത്തോളം വ്യ മണിക്കൂർ മാത്രം ജോലിചെയ്താൽ മതിയെന്നു പറഞ്ഞിരിക്കുമ്പോൾ ഈ മോട്ടോർ തൊഴിലാളികൾ ൧൨ മണിക്കൂർ ജോലി ചെയ്യണമെന്നു പറഞ്ഞിരിക്കുന്നതു് എന്തടിസ്ഥാനത്തിലാണെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഇതു ആദ്യം വകുപ്പിൽതന്നെ മറെറാരു വ്യവസ്ഥ പറഞ്ഞിരിക്കുന്നതു് ൧൨ മണിക്കൂർ ജോലിചെയ്യണമെന്നുള്ള വ്യവസ്ഥ മാററാനുള്ള അധികാരം ഉണ്ടെന്നാണ്. അതുകൂടാതെ ഗവൺമെണ്ടു താനാട്ടുപോട്ടു് തൊഴിലാളികളെ ഇത്ര നേരമുള്ളതാക്കുന്ന ഒരു വ്യവസ്ഥയും ചേർത്തിട്ടുണ്ട്. മോട്ടോർ തൊഴിലാളികളെ ൧൨ മണിക്കൂറിലധികം ജോലിചെയ്യിപ്പിച്ചാൽ ഓവർടൈം വേജസ് കൊടുക്കണമെന്നുള്ളതും ഇതിൽ ചേർക്കാമോ എന്നു് ആലോചിക്കേണ്ടതാണ്. ഷോപ്പ് അസിസ്റ്റന്റ് ബില്ലിൽപോലും തൊഴിലാളികൾക്ക് ഓവർടൈം വേജസ് കൊടുക്കുന്നതിനുള്ള വ്യവസ്ഥയുണ്ട്. കൂടാതെ ആഴ്ചയിൽ ഒരുദിവസം ശമ്പളത്തോടുകൂടിയ ഒഴിവും കൊല്ലത്തിൽ ഏറെ ദിവസം കാഷ്വൽ ലീവും ഏറെ ദിവസം സിക്ക് ലീവും കൊടുക്കുന്നതിനുള്ള വ്യവസ്ഥയുണ്ട്. മോട്ടോർ വാഹനങ്ങളിൽ പണിയെടുക്കുന്ന വലിയ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കുപോലും ഈവക വ്യവസ്ഥകളൊന്നും ഉണ്ടായിട്ടില്ല. അതുകൊണ്ട് ആവക വ്യവസ്ഥകളെല്ലാം മോട്ടോർ തൊഴിലാളികളെ സംബന്ധിച്ചും നടപ്പിൽ വരുത്തേണ്ടതു വളരെ ആവശ്യമാണെന്നു അറിയിക്കാനാണ് ഞാൻ ഈ അവസരം ഉപയോഗിക്കുന്നതു്. ൧ മണിക്കൂർ ജോലിയെടുത്തുകഴിഞ്ഞാൽ ഒരു മോട്ടോർ ഡ്രൈവക്ക് അരമണിക്കൂർ നേരം ഒഴിവു കൊടുക്കണമെന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ അതിനെ ഇല്ലാതാക്കുന്ന ഒരു വ്യവസ്ഥയും ഈ ബില്ലിലുണ്ട്. ഒരു മോട്ടോർ ഡ്രൈവർ ആ വാഹനത്തിൽതന്നെ എത്ര നേരം ഇരിക്കാൻ പറഞ്ഞാലും അതു് ഒഴിവുസമയമായി കണക്കാക്കാം എന്നു വെച്ചിട്ടുണ്ട്. അങ്ങനെ വരുമ്പോൾ മോട്ടോർ ഡ്രൈവർമാരെ വളരെ കഷ്ടപ്പെടുത്തുന്നതിന് ഇടയാകും. കണ്ടക്ടർമാരെയും ചെക്കർമാരെയും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. അവർക്കും സമയവ്യവസ്ഥ ക്രിപ്പപ്പെടുത്തേണ്ടതല്ലേ? ആവക വ്യവസ്ഥകളെല്ലാം ഈ ബില്ലിൽ ഉൾപ്പെടുത്തുവാൻ കഴിയുമോ എന്നറിയണമെന്നു ഗവൺമെണ്ടിനോടു് അപേക്ഷിക്കാൻ ഞാൻ ഈ സന്ദർഭത്തെ വിനിയോഗിച്ചുകൊള്ളുന്നു.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: ഇന്നത്തെ മോട്ടോർ വെഹിക്കിൾസ് ടാക്സിന്റെ പ്രവർത്തനം വളരെ വളരെ പരിതാപകരമായ ഒരു സ്റ്റേജിൽ ആയിരിക്കുന്നുവെന്നു് ഇവിടെ ചില ബഹു. മെമ്പറന്മാർ സൂചിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ വിഷയത്തിൽ കൂടുതലായി ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. മോട്ടോർ വാഹനങ്ങളിലെ ഡ്രൈവർമാരുടെ ശ്രദ്ധക്കുറവുകൊണ്ടു പല അനിഷ്ടസംഭവങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. അടുത്തുതന്നെ കുളത്തൂഴയിൽ നടന്ന അതിദാരുണമായ സംഭവം നിങ്ങൾ എല്ലാവരും ഓർക്കുന്നുണ്ടായിരിക്കും. അതുപോലെതന്നെ പറവൂർ നടന്ന ആക്സിഡന്റുകാരണം മോട്ടോർ തന്നെ അഗ്നിക്കിരയാവുകയും ഒരു സ്ത്രീ അതിൽ കിടന്നു വെന്തുമരിക്കുകയും ചെയ്തു. ഇങ്ങ

[Sri. P. Kunjukrishnan]
നെയുള്ള ശ്രദ്ധക്കുറവുകാരണം അപത്തുകൾ കൂടക്കൂടെ സംഭവിക്കുന്നുണ്ട്. കഴിഞ്ഞ 8 കൊല്ലക്കാലത്തെ കണക്കെടുക്കുകയാണെങ്കിൽ ഇക്കഴിഞ്ഞ രണ്ടുകൊല്ലത്തിനിപ്പുറം മോട്ടോർ അപകടങ്ങളുടെ എണ്ണം വളരെ വർദ്ധിച്ചിട്ടുണ്ട്. ഡ്രൈവർമാരുടെ ശ്രദ്ധക്കുറവാണ് ഇതിനു പ്രധാനകാരണം. യാത്രക്കാരുടെ ജീവൻ ഡ്രൈവർക്കു പണയംവച്ചാണ് മോട്ടോർ വണ്ടികളിൽ യാത്രചെയ്യുന്നത്. എന്നാൽ ബസ്സിൽ യാത്രക്കാർ കയറിക്കഴിഞ്ഞാൽ പിന്നെ ഡ്രൈവരുടെ മട്ടെല്ലാം മാറുന്നു. അലക്ഷ്യമായും തോന്നിയമാതിരിയുമുള്ള വണ്ടിയോട്ടം എത്രയും ഭയാനകമാണ്. അതുകൊണ്ട് എനിക്കു പറയുവാനുള്ളത് ഈവക കാര്യങ്ങളിൽ ഈ സഭയും ഗവൺമെണ്ടും കൂടുതൽ ശ്രദ്ധപതിപ്പിച്ച് ജനങ്ങളുടെ ജീവനെ രക്ഷിക്കുന്ന കാര്യത്തിൽ ഗൌരവമായ നടപടികൾ എടുക്കണമെന്നാണ്.

Sri. D. Gnanasigamony: Sir, there are two matters on which I would like to make my remarks, of which one relates to the licensing system under the Transport Department. This is a matter which should be completely taken away from the Police Department for obvious reasons. The second relates to the rule-making powers assumed by Government under the Act The reason why I say that the licensing system should be taken away from the Police authority is this. Now that the Transport Department is a full-fledged department and that there are competent men in it to do this work, it is therefore no longer necessary that this power should now vest with the Police. It is time we think of establishing a separate Motor Vehicles Department itself to manage its own affairs. As regards the rule-making power assumed by Government under this Act, I would like to make one observation. This is in fact a delegated legislation of this assumption of power is undemocratic to the case and more and more becoming a scandal. There is no particular sanctity attached to the mere publication of these rules in the Gazette. This is a delicate sort of work which will have to be submitted to the legislature for its scrutiny and confirmation. It is very often found from experience that the rules are framed contrary to the spirit of the Act itself and many undesirable things happen on that account. With these observations I agree that the bill may be referred to a Select Committee.

The Hon'ble Sri. E. John Philipose: Sir, regarding point raised by the Hon'ble Member Mr. Dewer about Section 61, I may inform the House that Section is quite in conformity with the Section embodied in the Indian Motor Vehicles Act. I am not saying thereby that it is not open to us to make a correction with regard to the hours of working. That is a matter which can definitely be considered in the Select Committee. As for the general period of work which a driver is entitled to do in the Transport Department and whether it is to be restricted to 8 hours—that also is a matter for consideration by the Select Committee. If the House thinks that it would be in the general interest to restrict the hours of work of a driver, it is a matter which could be considered by them. But I wish to point out that the provision here is in conformity with the provision obtaining throughout India.

ശ്രീ. കളത്തിൽ വേലായുധൻ നായർ: സംസാരിക്കുന്നതു കുറച്ച് ഉച്ചത്തിലായാൽ ഇവിടെ ഞങ്ങൾക്കെല്ലാം കേൾക്കാമായിരുന്നു.

ബഹു. ശ്രീ. ഇ. ജാൻ ഫിലിപ്പോസ്: ഞാൻ മൈക്കിൽക്കൂടിത്തന്നെയാണ് സംസാരിക്കുന്നത്.

As for the question of motor accident, there are provisions in this bill to safeguard it. Only thing that can be done is for the Government to prosecute the people who transgress such laws and rules.

Regarding the point raised by my friend Mr. Ganasigamony, the licensing power was vested with the Police because of the definition in the old Act saying that the Inspector-General of Police shall be the Transport authority. We have defined the Section in the Bill that the Transport authority shall consist of such officers and that power will not vest with the I. G. exclusively or completely. As regards the rule making power, if it is the desire of this House that the rules passed under the Motor Vehicles Act should be placed before the House. personally I have no objection. I know that rule making powers assumed by executive are powers that are definitely to be restricted and limited and subject to the scrutiny of this House. There also I may inform the House that is a power vesting with Governments all over, i. e., in consonance with such provisions found in other parts of India. That is a matter for consideration by the Select Committee. Now I move that this bill be referred to a Select Committee consisting of

Messrs. K. A. Gangadhara Menon
D. Gananasigamony
A. K. George
G. P. Nilacanta Pillai
P. K. Dewer
Abdul Majeed
P. K. Raman
P. S. Nataraja Pillai and
V. K. Verghese.

The quorum of the committee shall be five. As the bill is to come into operation immediately I pray that Rule 35 of the Standing Orders be suspended and the report submitted within five days.

Sri. D. Gnanasigamony : There is no urgency for the measure as there are already two acts in operation.

The Hon'ble Sri. E. John Philipose : Now there are two officers one for Cochin and another for Travancore. It is essential they should be brought under one uniform system. That is the urgency.

The Honble Sri. N. Kunjuraman : I second it.

The motion that the bill be referred to a Select Committee to report within 5 days was put and carried.

THE UNITED STATE OF TRAVANCORE AND COCHIN VEHICLES TAXATION BILL

The Hon'ble Sri. E. John Philipose : Sir, I rise to introduce the Vehicles Taxation Bill before the House for consideration. This has been brought with a view to have a uniform law throughout the United State. The reasons for bringing such a measure are made clear in the Statement of Objects and Reasons and there is nothing more that I need say on this.

The Hon'ble Sri. N. Kunjuraman : I second it.

ശ്രീ. വി. കെ. വർഗ്ഗീസ്: ഈ ബില്ലിനെപ്പററി മന്നാണ്ടു കാര്യങ്ങൾ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. മന്നാമത്തെ ടാക്സ് കൂട്ടിയിരിക്കുന്നതു വളരെ കൂടുതലാണെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളതു്. ഞാൻ മനസ്സിലാക്കിയിരിക്കുന്നതു ശരിയാണെങ്കിൽ മുമ്പു പതിനാലു രൂപയുണ്ടായിരുന്നതു് ഇതിൽ നാം രൂപയാക്കിക്കാണുന്നുണ്ട്. അതായതു മുമ്പിലുണ്ടായിരുന്നതിന്റെ ഇരട്ടിയിലധികമാണെന്നു കാണുന്നു. ഇതുമൂലം വാസ്തവത്തിൽ വലിയ ഒരു നഷ്ടമാണ് മോട്ടോർ വ്യവസായത്തിനുണ്ടാകുന്നതു്. എന്നുതന്നെയല്ല ഗേഡുകളുടെ സ്ഥിതി നോക്കിയാലും ഒരു പരിക്കം നഷ്ടത്തിന് അവകാശമുണ്ട്. പെട്രോളിന്റെ കാര്യത്തിലും വളരെ നഷ്ടമുണ്ടാകും. അതുകൊണ്ട് ഇന്നത്തെ പരിതഃസ്ഥിതിയിൽ മോട്ടോർ വ്യവസായം നഷ്ടംകൂടാതെ നടത്തുവാൻ സാദ്ധ്യമല്ല. ഇങ്ങ വ്യവസായം രാജ്യത്തിൽ അഭിവൃദ്ധിപ്പെടണമെന്നുണ്ടെങ്കിൽ ഈ വ്യവസായംമൂലം അനേകം കുടുംബങ്ങൾ ജീവിക്കുന്നുണ്ടെങ്കിൽ ഒന്നാമതായി ചെയ്യേണ്ടതു മോട്ടോർ വ്യവസായം നഷ്ടംവരാതെ നടത്തുവാൻ കഴിയുന്നതെല്ലാം ചെയ്യേണ്ടതാണ്.

രണ്ടാമതു് ഒരുകാര്യം പറയുവാനുണ്ട്. ഈ ബില്ലിലെ നാലാം വകുപ്പിൽ പറയുന്ന ടാക്സെല്ലാം അടച്ചതിനുശേഷം ഒരു ലൈസൻസുകൂടി വേണമെന്നാണ്. ഒരു ലൈസൻസിനു ൨൦ രൂപകൂടി അടച്ചു രസീതുവാങ്ങിയാൽ പിന്നെ ലൈസൻസ്സു കിട്ടുവാനു വളരെ താമസം നേരിടുന്നുണ്ട്. ലൈസൻസ്സില്ലാതെ വണ്ടി ഓടിച്ചാൽ ഈ ആക്ററപ്രകാരം കുററകരമാകും. അതുകൊണ്ടു പണമടച്ചു രസീതു കൈവശമുണ്ടെങ്കിൽ ലൈസൻസ്സു കിട്ടുന്നതുവരെ അതു ലൈസൻസ്സിനു പകരമുള്ള ഒരു രേഖയായി കണക്കാക്കണം.

കാളവണ്ടി, കുതിരവണ്ടി, സാമാനങ്ങൾ വലിക്കുന്ന വണ്ടി, പല്ലുവണ്ടി, സാധുക്കളായ ആളുകൾ നിത്യേന ഉപയോഗിക്കുന്ന വാഹനങ്ങൾ ഇവയെല്ലാം ഈ നീക്കുതിയിൽനിന്ന് ഒഴിവാക്കേണ്ടതാണ്. ഇതു വെറുതെ ആളുകളെ നഷ്ടപ്പെടുത്തുന്നതിനേ ഉപകരിക്കുന്നുള്ളൂ. അതുകൊണ്ടു ഷെഡ്യൂൾ ബി. യിൽ പറയുന്ന ടാക്സേഷൻ എല്ലാം ഒഴിവാക്കണം. ഇത്രയും കാര്യങ്ങൾ സെലക്ട് കമ്മിററിയുടെ പര്യാലോചനയ്ക്കു വിഷയീകരിപ്പിക്കണമെന്ന് അപേക്ഷിക്കുന്നു.

ശ്രീ. ഇ. പി. പൗലോസ്: ഈ ടാക്സ് കൂട്ടുന്നതിനെപ്പററി മി. വി. കെ. വർഗ്ഗീസ് പറഞ്ഞ എല്ലാ കാര്യങ്ങളിലും ഞാൻ അദ്ദേഹത്തോടു യോജിക്കുന്നു. റിസർവ്വ് ബാങ്ക്

[Sri. E. P. Poulose[

കാർക്ക് പ്രത്യേകം ടാക്സ് ഈടാക്കുന്ന ഒരുനില മാറുന്നതിനും ഓടുന്ന വണ്ടികൾക്കുമാത്രം ടാക്സ് ഈടാക്കുന്നതിനും റിസർവു വണ്ടികൾക്കു പ്രത്യേകം ടാക്സ് കൊടുക്കാതെ ഉപയോഗിക്കുന്നതിനും ഒരു വ്യവസ്ഥകൂടി ഈ ബില്ലിൽ കൊണ്ടുവരണമെന്നുള്ളതാണ് എന്റെ അഭിപ്രായം.

കൂടാതെ ടാക്സ് കൊടുത്താൽതന്നെ അതിനു രസീതു കിട്ടാനുള്ള താമസംമൂലം പല വിഷമതകളും ഉണ്ടാകുന്നുണ്ട്. അതിനാൽ കരം ഒടുക്കിയിട്ടുള്ള രസീതുമാത്രം കാണിച്ചാൽ മതിയെന്നും അല്ലെങ്കിൽ പണം വാങ്ങിക്കുന്ന ആളുകൾക്കുതന്നെ രസീതു കൊടുക്കുന്നതിനും അധികാരമുള്ളതായ ഒരു വ്യവസ്ഥകൂടി ഈ ബില്ലിൽ ചേർക്കേണ്ടതാണ്. ഞാൻ മനസിലാക്കിയിടത്തോളം കൊച്ചിയിൽ അപ്രകാരം ഒരു നടപടി സ്വീകരിച്ചിട്ടുണ്ടെന്നാണ് അറിയുന്നതു്. എന്റെ അഭിപ്രായത്തിൽ ഒരു എക്സിക്യൂട്ടീവ് ആഫീസറുടെ കയ്യിൽ പണം കൊടുത്തു് ആ ആഫീസർ രസീതുകൊടുക്കുന്നതിന് വ്യവസ്ഥചെയ്താൽ ഈ മാതിരി വിഷമങ്ങൾ കൂടാതെ കഴിക്കാമെന്നാണ്. അതുപോലെതന്നെ സൈക്കിൾ ഉപയോഗിക്കുന്നവരും വാഹനക്കരം അടക്കാതെയിരുന്നാൽ അവരെ പോലീസുകാർ പിടിക്കുകയാണെങ്കിൽ അവർ വേറെ ഒരാളുടെ പേരും മേൽവിലാസവും പറഞ്ഞുകൊടുത്തിട്ട് പോകുകയാണ് പതിവ്. ഇതു രണ്ടുമുന്നു കൊല്ലമായിട്ട് അനുഭവപ്പെട്ടിട്ടുള്ള ഒരു പരാതിയാണ്. ഇതും കഴിയുന്നതും വേഗം പരിഹരിക്കേണ്ട ഒരു സംഗതിയാണ്.

കൂടാതെ ഈ ബില്ലിൽ വ്യവസ്ഥകളിൽ പറയുന്നതു വാഹനങ്ങളുടെ ടാക്സ് കൊടുക്കാതെയിരിക്കുകയാണെങ്കിൽ ആ കുററത്തിന് 50 രൂപവരെ ശിക്ഷിക്കാം എന്നാണ്. ഇതു സംബന്ധിച്ചുള്ള കുററങ്ങൾ ഒരു സെക്കൻറ് ക്ലാസ് മജിസ്ട്രേട്ടിനേ വിസ്തരിക്കാവൂ എന്നുമാണ്. ഇങ്ങനെ ടാക്സ് അടക്കാത്ത കുററത്തിന് സെക്കൻറ്ക്ലാസ് മജിസ്ട്രേട്ടിനു മാത്രമേ ശിക്ഷ നൽകാവൂ എന്നു പറയുന്നതു പല വൈഷമ്യങ്ങൾ ഉണ്ടാക്കുന്നതും ഇതിൽ നിശ്ചയിച്ചിട്ടുള്ള പിഴ വളരെ നിസ്സാരമായിട്ടുള്ളതായതുകൊണ്ട് സെക്കൻറ്ക്ലാസ് മജിസ്ട്രേട്ട് എന്നുള്ളതുമാററി 'any magistrate' എന്ന ഭേദഗതികൂടി വരുത്തണമെന്നുമാണ് എന്റെ അഭിപ്രായം. ഇത്രയും സംഗതികൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊള്ളുന്നു.

Sri. A. Thanu Pillai: The provisions of the Bill, Sir, have to be carefully considered and scrutinised by the Select Committee. As suggested the question whether country vehicles should be taxed is worth their serious consideration. We should not burden the already impecunious farmer, who maintains a car for carrying manure or his agricultural products. The Select Committee may well pay their attention as to the exemption of certain vehicles. For instance, a student may maintain a Cycle just for attending the College and we have to think a little whether his vehicle should be taxed. Vehicles of that kind are part of necessary conveyance. All vehicles that may be considered as being in any manner affording luxury or causing loss to Government may be taxed. Simply because the law empowers us to tax all vehicles, we should not tax all classes of vehicles.

Then, Sir, as regards the rates of taxation, it should not be such as will work hardship. A man who is able or who maintains number of vehicles may be taxed and there may not be any objection to it. In the case of poorer people it should be considered very carefully.

As regards the power of Government to make the rules, it is seen in Clause 18 "Government may by notification in the Gazette amend, alter, add to or cancel in part or the whole of Schedule I, II or III appended to this Act." I submit that it is rather strange that the power of varying a legislation and particularly the power of taxation should be vested in Government. The provisions relating to the power of Government to impose taxation should be deleted. Clause 18 gives to Government unrestricted power to do any with thing the schedule, that is to increase taxation. That should go. As my friend referred to in connection with the previous bill, the power of delegation should not be exercised at all and if at all it should be exercised only very sparingly, particularly in regard to taxation, which must be the prerogative of the Legislature.

In regard to the rule-framing powers, it should be as limited as possible. In fact all rules should be placed before the Legislature for sanction. Government publish some Rules and nobody takes note of them. The ordinary man very rarely sees the Gazette. After the prescribed period, however the Rules automatically become law. Even if objections are raised, it is not likely to receive adequate consideration. The power of levying taxation and varying it should not be given to Government within the rule-making sphere. With these observations, am for sending the Bill to the Select Committee.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഈ ബില്ല് സെലക്ട് കമ്മിറ്റിയിൽ ചർച്ചക്കു വരുന്ന അവസരത്തിൽ വളരെ ഗൗരവമായ ഒരു സംഗതിയെപ്പറ്റി ആലോചിക്കണമെന്നു പറയുവാൻവേണ്ടിയാണ് ഞാൻ എഴുന്നേറ്റു നിൽക്കുന്നത്. അതിൽ പ്രധാനമായി മനസ്സിലുദിച്ചു പറയുവാനുള്ളത് കാളവണ്ടികളും കൈവണ്ടികളും കൊണ്ടുനടക്കുന്നവർ അവരുടെ സകല സ്വത്തുക്കളും കടംപ്പെടുത്തിയാണു ഈ വാഹനങ്ങൾ ഉണ്ടാക്കിയിട്ടുള്ളതെന്നും അതിനെ കൊണ്ടുനടന്നു കിട്ടുന്ന ആദായംകൊണ്ട് ഉപജീവനം കഴിച്ചുവരുന്നവരുമാണെന്നാണ്. ഈ മാതിരി വാഹനങ്ങൾ സാധാരണയായി കൃഷിക്ക് ആവശ്യമായ ഉരങ്ങളും മറ്റു സാധനങ്ങളും കൊണ്ടുവരുന്നതിനാണ് ഉപയോഗിക്കുന്നത്. ഈ വാഹനങ്ങൾക്ക് കരം ഈടാക്കുന്നത് വളരെ അക്രമമായ ഒന്നാണ്. ഈ മാതിരി ടാക്സ് കുറവുചെയ്യുന്നതിനു വേണ്ടതായ ചട്ടങ്ങൾ ഈ ബില്ലിൽ പ്രത്യേകം കൊള്ളിക്കേണ്ടതാണ്.

ഇന്ന് ഈ ടാക്സ് പിരിക്കുന്നതിനുള്ള അധികാരം പോലീസ് ഉദ്യോഗസ്ഥന്മാരെയാണ് മുമ്പിലെപ്പെടുത്തിയിരിക്കുന്നത്. അതിനു ഒരു പ്രത്യേക ഉദ്യോഗസ്ഥൻതന്നെ ഉണ്ടായിരുന്നാൽ ഇത്രയും വിഷമം ഉണ്ടാകുന്നതല്ല. ലൈസൻസിന് സാധാരണയായി അപേക്ഷിച്ചാൽ കിട്ടാൻ വളരെ താമസം നേരിടുന്നു. ലൈസൻസ് എപ്പോഴും കൈയിൽ കൊണ്ടുനടക്കണമെന്നാണ് നിർബ്ബന്ധമുള്ളത്. ഇതു പരിശോധിക്കുന്നതിനുള്ള അധികാരവും പോലീസ് ഉദ്യോഗസ്ഥന്മാർക്കാണ്. ഈ [illegible] ഉപദ്രവം ഉണ്ടാകുന്നതിക്കാണിക്കുന്നു. അതുകൊണ്ട് [illegible] കാളവണ്ടികൾക്കും കൈവണ്ടികൾക്കും ഈ ടാക്സ് ഈടാക്കുന്നതിൽനിന്ന് ഒഴിവാക്കുന്നതിനു ഭൂവുടമസ്ഥന്മാരുടെ നിലനിൽപ്പിനു ഉണ്ടാകേണ്ടതാണെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്.

Sri. P. S. Nataraja Pillai: Sir, as far as this Bill is concerned, it envisages taxation on all kinds of vehicles, vide Clause 3. If the Government publishes a notification that vehicles that are being used in any public road are liable to taxation, that would be enough. Then under Clause 6 it is stated "that every owner of vehicle shall report to the Licensing Officer within whose jurisdiction he resides the particulars of the vehicles he owns or possesses in such form and within such date as may be notified by Government". Under sub-clause (2) a penalty is imposed or not notifying in time. Along with this, I would draw the attention of the House to Clause 12: "Where Government are satisfied that special circumstances exist for the levy of toll on any road or bridge they may, subject to such conditions as they may deem fit to impose direct by notification in the Gazette the levy of tolls on vehicles using such road or bridge. .". As a matter of fact there was serious objection and complaint against the levy of toll, and it was on account of that persistent demand from the public, the tolls were abolished and a system of licensing fees introduced. So under this Bill that right is sought to be revived again and make this imposition on all classes of owners irrespective of the fact whether the vehicles are part of the implements for economic livelihood. An agriculturist who owns a small patch of ground has to maintain a bullock cart for effective agriculture. Even he can be compelled under this Bill to pay a fee. After having once decided against the imposition of tolls, it is unfair to invoke that power again under this Bill. I agree with the opinion expressed by the Speaker who preceded me that there ought to be exemption for bullock carts or the particular class of vehicles used for agricultural purposes. Speaking for my part, I would urge that taxes should be levied on motor cars only. I should like the House and the Select Committee to consider whether the compulsory registration of vehicles under Clause (6) is necessary thus, imposing a liability on the owners of vehicles. It is also a matter for consideration whether the power of levying tolls is necessary.

ശ്രീ. പി. എം. വർഗ്ഗീസ്: സർ, ഈ ബില്ല് വളരെ ആവശ്യമാണെന്നു പറയുന്നതിനോടൊപ്പം ഇതു പാസാക്കുന്നതിനുമുമ്പ് അവശ്യം ചില ഭേദഗതികൾകൂടി വരുത്തേണ്ടതുണ്ടെന്നാണ് എനിക്കു പറയുവാനുള്ളത്. ഈ ബില്ലിൽ വാഹനങ്ങളുടെ തരം അനുസരിച്ച് നികുതി ചുമത്തുന്നതിന് വ്യവസ്ഥയുണ്ടെങ്കിലും വാഹനങ്ങൾ ഓടിക്കുന്ന റോഡുകളുടെ വ്യത്യാസം അനുസരിച്ച് നികുതിയിൽ വ്യത്യാസം വരുത്തുന്നതിന് യാതൊരു വ്യവസ്ഥയും അടങ്ങിയിട്ടില്ല. സാധാരണ ബസ്സുകളിൽ സഞ്ചരിക്കുന്നവരുടെ ചാർജ്ജ് എക്സ്പ്രസ്സ് ബസ്സുകളിൽ സഞ്ചരിക്കുന്നതിനുള്ള ചാർജ്ജിനേക്കാൾ കുറവായിട്ടാണ് വച്ചിട്ടുള്ളത്. അതു യാത്രയുടെ സൗകര്യത്തെ അടിസ്ഥാനപ്പെടുത്തിയാണ്. ആ അടിസ്ഥാനത്തിൽ നോക്കിയാൽ തിരുവനന്തപുരത്തു ടാർ ഇട്ട റോഡിൽക്കൂടി ഓടുന്ന ബസ്സുകൾക്കും ഉൾനാടുകളിലെ മെറ്റൽപോലുമിടാത്ത റോഡുകളിൽക്കൂടി ഓടുന്ന വണ്ടികൾക്കും ഒരു വ്യത്യാസവുമില്ലാതെ ഒരേതരത്തിൽ നികുതി ചുമത്തുന്നതു ശരിയാണെന്നു അഭിപ്രായം എനിക്കില്ല.

[Sri. P. M. Verghese]

തൊടുപുഴനിന്നും എറണാകുളത്തേക്കു പോകുന്ന 'ശ്രീമാൻ' ബസ്സ് ഓടുന്ന വഴിയെപ്പററി ആലോചിച്ചപ്പോൾ ആ ബസ്സുകൾക്ക് ൩ ൦ രൂപയെന്ന് ഈ ബില്ലിൽ നിശ്ചയിച്ചിരിക്കുന്നതു വളരെ ഭാരിച്ച ഒരു പിഴയാണെന്നാണ് എനിക്കു തോന്നുന്നതു്.

ശ്രീ. ഇ. പി. പൗലോസ്: 'ശ്രീമാൻ' ബസ്സിനുമാത്രമേ ചാർജ്ജു കൂടുതലാണെന്നു തോന്നുന്നുള്ളോ?

ശ്രീ. പി. എം. വർഗ്ഗീസ്: ഞാൻ ഉദാഹരണത്തിനു പറഞ്ഞു എന്നേ ഉള്ളൂ. അതു പോലെയുള്ള വഴികളിൽക്കൂടി ഓടുന്ന ബസ്സുകൾ വേറെയും ധാരാളം കാണും. അതുകൊണ്ട് ബസ്സുകൾ ഓടുന്ന റോഡിന്റെ സ്ഥിതിയെക്കൂടി അടിസ്ഥാനമാക്കി റേററിൽ ചില വ്യത്യാസങ്ങൾ വരുത്തണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

അടുത്തതായി എനിക്ക് പറയാനുള്ളതു് ഈ ബില്ലിൽ ഷെഡ്യൂൾ മൂന്നിൽ കാളവണ്ടിക്ക് ൫ രൂപയെന്നും റിക്ഷായ്ക്ക് ൩ രൂപയെന്നും റേററു നിശ്ചയിച്ചിരിക്കുന്നതിനെപ്പററിയാണ്. ഓരോ വാഹനവും റോഡിനു വരുത്തുന്ന നാശത്തെ കൂടി അടിസ്ഥാനമാക്കിയാണ് നികുതി നിശ്ചയിക്കുന്നതെങ്കിൽ കാളവണ്ടിക്കാണ് ഏററവും കൂടുതൽ നികുതി ചുമത്തേണ്ടതെന്ന് പറയാം. ഇരുമ്പുപട്ടയിട്ട കാളവണ്ടികൾ വരുത്തിക്കൂട്ടുന്നതുപോലെയുള്ള നാശം. മററൊരു വണ്ടിയും ഉണ്ടാക്കുന്നില്ലെന്നു പറയാം. ആ സ്ഥിതിക്ക് കാളവണ്ടിക്ക് ൧ ൦ ൦ രൂപ റേററു നിശ്ചയിച്ചാലും അധികമല്ല എന്നു തോന്നിപ്പോകും. എന്നാൽ കാളവണ്ടിക്കാരുടെ ദാരിദ്ര്യസ്ഥിതിയെ പരിഗണിച്ച് അവരുടെ മേൽ ഭാരിച്ച നികുതി ചുമത്തുന്നതു ശരിയല്ലെന്ന് ആരും സമ്മതിക്കും. എന്നാൽ റിക്ഷാക്കാർക്ക് ഇതിൽ ൩ രൂപയെന്നു നിശ്ചയിച്ചിരിക്കുന്നതു എന്തിനെ അടിസ്ഥാനമാക്കിയാണെന്ന് എനിക്കു മനസ്സിലാകുന്നില്ല. സാധാരണയായി റിക്ഷാകളെല്ലാംതന്നെ റബ്ബർടയർ ഇട്ടവയാണ്. അതുകൊണ്ട് റോഡിനെ സംബന്ധിച്ചിടത്തോളം റിക്ഷാക്കാർ തീരെ നിരുപദ്രവികളാണ്. റിക്ഷാക്കാരുടെ സ്ഥിതി ആലോചിച്ചാൽ, നമുക്കെല്ലാം അറിയാം മററു വല്ല നിവൃത്തിയുമുള്ളവർ റിക്ഷാവലിച്ചു ജീവിക്കാൻ തയ്യാറാവില്ലെന്ന്. അങ്ങിനെയുള്ള റിക്ഷാക്കാർക്ക് ൩ രൂപ റേററു നിശ്ചയിച്ചതു് ഏതു തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണെന്നു ഞാൻ ചോദിക്കുന്നു. റിക്ഷാവണ്ടിക്ക് നികുതി ചുമത്താതിരുന്നാലും തരക്കേടില്ലെന്നാണ് എന്റെ അഭിപ്രായം. അതല്ല നികുതി ചുമത്തണമെന്ന് നിർബ്ബന്ധമുണ്ടെങ്കിൽ നാമമാത്രമായിട്ട് വ അണയോ ൧ ൦ അണയോ വയ്ക്കുന്നതു നന്നായിരിക്കും. കാളവണ്ടിക്കു വച്ചിട്ടുള്ള ൫ രൂപതന്നെയും മൂന്നുരൂപ എന്നാക്കുന്നതു വളരെ ഉത്തമമായിരിക്കും എന്നും എനിക്ക് അഭിപ്രായമുണ്ട്. ഈ കാര്യങ്ങളെല്ലാം പരിഗണിച്ച് ഈ ബില്ലിൽ വേണ്ട ഭേദഗതികൾ വരുത്തണമെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. ഫിലിപ്പോസ് മുതലാളി: സർ, എന്റെ മാന്യസ്നേഹിതൻ ശ്രീ. വർഗ്ഗീസ് പറഞ്ഞ എല്ലാ സംഗതികളോടും അനുകൂലിക്കുന്നതിന് എനിക്ക് വളരെ സന്തോഷമുണ്ട്. കാളവണ്ടി സാധാരണ ഈ നാട്ടിലെ കർഷകരുടെ ആവശ്യത്തിനുള്ള ഒരു വാഹനമാണ്. അതുകൊണ്ട് കാളവണ്ടിക്ക് നികുതി ചുമത്തുക എന്നു പറഞ്ഞാൽ ഇപ്പോൾതന്നെ താങ്ങാൻ വയ്യാത്ത ഭാരവുമായി കഴിയുന്ന കൃഷിക്കാരന്റെ മേൽ കൂടുതൽ ഭാരം കയററുക എന്നാണ് അർത്ഥം. ഭാരവണ്ടിക്കാരെ നികുതിയിൽനിന്നും ഒഴിവാക്കിയാലും തരക്കേടില്ലെന്നാണ് എന്റെ അഭിപ്രായം. അതുപോലെതന്നെ റിക്ഷാക്കാരുടെ നികുതിയും ൩ രൂപയെന്നു വച്ചിരിക്കുന്നതു കുറവുചെയ്ത് അവർക്കു വഹിക്കാവുന്ന ഒരുതുക ആക്കണമെന്ന് അഭിപ്രായപ്പെട്ടുകൊള്ളുന്നു. മോട്ടോർ വാഹനങ്ങളെക്കുറിച്ചും എനിക്ക് ഒന്നു പറയാനുണ്ട്. പെട്രോൾ വണ്ടികളെ അപേക്ഷിച്ച് ഗ്യാസുവണ്ടികളുടെ ആയുസ്സ് വളരെ കുറവാണ്. ഗ്യാസ് വണ്ടികൾ ഓടിക്കുന്നതിന് മുതലുമുടക്കം വളരെ കൂടുതൽ ആണ്. എന്നാൽ ബില്ലിലെ വ്യവസ്ഥയനുസരിച്ച് എല്ലാത്തരം മോട്ടോർവണ്ടികൾക്കും ഒരേ നികുതിതന്നെയാണ് നിശ്ചയിച്ചിരിക്കുന്നതു്. അതുമാററി പെട്രോൾ വണ്ടികൾക്ക് ചുമത്തുന്നതിനേക്കാൾ കുറഞ്ഞ ഒരു നിരക്ക് ഗ്യാസ്വണ്ടികൾക്ക് ചുമത്തുന്നതിന് വ്യവസ്ഥചെയ്യുന്ന കാര്യം സെലക്ട് കമ്മിററി ശ്രദ്ധിക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് ഞാൻ ഈ ബില്ലിനെ പിന്താങ്ങുന്നു.

ശ്രീ. സി. വി. ഇയ്യ. സർ, ഈ ബില്ലിനെക്കുറിച്ച് ഈ സന്ദർഭത്തിൽ വിമർശിക്കുമ്പോൾ നികുതി ചുമത്തി ഗവർമ്മെന്റിന്റെ കോശസ്ഥിതി നന്നാക്കുന്നതിനുള്ള ശ്രമങ്ങളെ അധികാരത്തിലിരിക്കുന്ന കക്ഷിയിലെ അംഗങ്ങൾതന്നെ എതിർത്തു സംസാരിക്കുകയും ആവ

ക്രമങ്ങളെ തടയുന്നതിന് ഉദ്യമിക്കയും ചെയ്യുന്നതു് വളരെ കഷ്ടമാണ്. ജനങ്ങളുടെ ജീവിതത്തോതുയർത്തുകയാണ് കാൺഗ്രസ്സിന്റെ ലക്ഷ്യം. "നമ്മ" എന്ന പത്രത്തിന്റെ ഒരു മുഖചിത്രത്തിൽ ജീവിതത്തോതുയർത്തുന്നതിനുള്ള ശ്രമങ്ങളെ കാലിൽ കെട്ടിത്തൂക്കിയിട്ട നികുതി കട്ടികളുമായിട്ടുള്ള ഒരാളുടെ തോളത്തിൽ കയറിക്കൊണ്ടു തൊഞ്ചിപിടിച്ചു പറക്കാൻ ശ്രമിക്കുന്ന ഒരു കഴുകനായി ചിത്രീകരിച്ചിരിക്കുന്നതു കണ്ടു. അതിന്റെ ചുരുക്കം ജീവിതത്തോതുയർത്തണമെങ്കിൽ ഭാരിച്ച നികുതി ചുമത്തണമെന്നാണ്. കാളവണ്ടിക്കാരൻ ദരിദ്രനാണ്, അതുകൊണ്ട് അവനെ നികുതിയിൽനിന്നും ന്യായമായിഒഴിവാക്കണമെന്നാണ്. എന്നുംമററുംപറഞ്ഞാൽ നിയോജകമണ്ഡലങ്ങളിൽ പാവപ്പെട്ട കാളവണ്ടി തൊഴിലാളികളായ ഭൂമുകളുടെ വോട്ടു സമ്പാദിക്കാനും പ്രസംഗിക്കുന്ന സാധാരണക്കാരന്റെ കണ്ണിൽ പൊടിയിടാനും മാത്രമല്ലാതെ മറെറന്നിനും പ്രയോജനപ്പെടുകയില്ല. കൊച്ചിയിൽ ഈ നിയമം കൊണ്ടുവന്നപ്പോൾ ഞാൻ കാളവണ്ടിക്കാർക്കുവേണ്ടി വാദിച്ചു. റിക്ഷാവണ്ടിക്കാർക്കുവേണ്ടി വാദിച്ചു; ഇവരെയെല്ലാം നികുതിയിൽനിന്നും ഒഴിവാക്കണമെന്നു വാദിച്ചു, പക്ഷെ എന്തുകൊണ്ടും ഒഴിവാക്കിയില്ല, പുതുതായി വോട്ടുപിടിക്കാൻ സാധിച്ചു എന്നു വന്നേക്കാം.

ശ്രീ. പി. എം. വർഗ്ഗീസ്. ബഹുമാനപ്പെട്ട മെമ്പർ ഉദാഹരിക്കാമല്ലോ.

ശ്രീ. സി. വി. ഇയ്യു. തീർച്ചയായും ഞാൻ ഇതിനെല്ലാം ഉദാഹരിക്കും അവതരിപ്പിക്കും. ഒടുക്കിലും ഒരു കാര്യം പിന്നാലെ. കോൺഗ്രസ്സ് കക്ഷിയിൽപെട്ടതെല്ലാം ഒന്നിച്ചു ചേർന്ന് ഏതിരായി വോട്ടുചെയ്ത് അവരെ എല്ലാം പരാജയപ്പെടുത്തുകയും ചെയ്തു. ഇതെല്ലാം ഭൂമുകളെ കളിപ്പിക്കാനുള്ള പണികളാണ്. ഞാൻ ഇന്നലെ ചോദ്യസമയത്തെ കാര്യത്തെപ്പറ്റി പറഞ്ഞപ്പോൾ പറഞ്ഞതുപോലെ ഇന്ന ഗവണ്മെന്റിനെ കാര്യം പറഞ്ഞിട്ടു ഏതു പ്രധാനമന്ത്രി നികുതികൾ ചുമത്തണമെന്നു നമ്മുടെ ഗവണ്മെന്റിനോ മന്ത്രിമാർക്കോ ആഗ്രഹമില്ല. നമ്മുടെയെല്ലാം ആഗ്രഹം ഭൂമുകൾക്കെന്തെന്നു ഞാൻ മുന്നിലാണ്. നമ്മുടെ ഭൂമിയെനികുതി പോയി, കുടിയ്ക്കു് പോയി ഇനിയുള്ളതെല്ലാമാണ് പോകുന്നതെന്നു നിശ്ചയമില്ല. ഇതെല്ലാം നമ്മുടെ സ്വാതന്ത്ര്യത്തിന്റെ വിലയായി നാം കൊടുക്കുന്നു. മുമ്പാണെങ്കിൽ ബ്രിട്ടീഷ്കാരുണ്ടായിരുന്നു കൊച്ചിയിൽ ഒന്നാര ലക്ഷവും, തിരുവിതാംകൂറിൽ എട്ടു ലക്ഷവും കൂടെ കൊടുത്തുകഴിഞ്ഞാൽ നമുക്കു വലിയ നികുതികൾ ചുമത്താതെയും പിരിക്കാതെ കഴിക്കാമായിരുന്നു. പക്ഷെ അന്നു നാം അസ്വതന്ത്രരായിരുന്നു, ബ്രിട്ടീഷുകാരന്റെ അടിമകളായിരുന്നു. ഇന്നു നമ്മൾ സ്വതന്ത്രന്മാരായി. അതുകൊണ്ടു സ്വാതന്ത്ര്യത്തിന്റെ വില നാം കൊടുത്തേ തീരൂ. കാളവണ്ടിക്കാരനും സ്വാതന്ത്ര്യം കിട്ടിയിട്ടുണ്ട്. അതുകൊണ്ട് കാളവണ്ടിക്കാരനും അതിന്റെ വില കൊടുക്കുകതന്നെ വേണം. ഞാൻ ഇതെല്ലാം പറയുന്നതു കോൺഗ്രസ്സ് കക്ഷിയിലെ അംഗങ്ങൾതന്നെ ഗവണ്മെന്റിന്റെ നികുതി ചുമത്താനുള്ള ശ്രമങ്ങളെ എതിർത്തു വിമർശനങ്ങൾ നടത്തി സഭയുടെ സമയം നഷ്ടപ്പെടുത്താതിരിക്കണമെന്ന് ചൂണ്ടിക്കാണിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്. കോൺഗ്രസ്സിന് പാർട്ടി മീററിംഗ് ഉണ്ട്. അവിടെവെച്ച് തീരുമാനങ്ങളെടുക്കാം. അതിനിഷ്ടമില്ലാത്തവർക്കു പാർട്ടിയിൽനിന്നു പിരിയാം.

ശ്രീ. പി. എം. വർഗ്ഗീസ്. സഭയുടെ സമയം കളയാതിരിക്കണമെന്ന്.....

ശ്രീ. സി. വി. ഇയ്യു. സഭയുടെ സമയം കളയുന്നതു് നിങ്ങളാകെരണ്ടായാണ്. ഇനി മേലാലെങ്കിലും നിങ്ങൾ സമയം കളയാതിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഇപ്പോൾ ഇത്രയും സമയം കളയുന്നതു്. അല്ലാതെ ഞാൻ ബില്ലിനെ അനുകൂലിക്കുന്നും മറക്കില്ല.

ഇനി വേറൊന്നു പറയാനുള്ളതു് നികുതി എത്ര ചുമത്തിയാലും, റോഡുകൾ വല്ലതുമൊക്കെ നന്നാക്കുമെങ്കിൽ തരക്കേടില്ലെന്നാണ്. കുന്നംകുളത്തുനിന്നും തൃശ്ശൂക്കുപോകുന്ന റോഡിന്റെനില വളരെ കഷ്ടമാണ്. അവിടെചെന്നു നോക്കിയാൽ കാണാം ബസ്സുകൾ റോഡിൽ അവിടവിടെ നട്ടിട്ടിരിക്കുന്നതു്. ബഹുമാനപ്പെട്ട പ്രധാന മന്ത്രിയും ഡപ്യൂട്ടി പ്രധാനമന്ത്രിയും ഈയ്യിടെ അങ്ങോട്ടു പോയിരുന്നപ്പോൾ ആ കാഴ്ച കണ്ടിരിക്കുമെന്നാണ് എനിക്കുതോന്നുന്നതു്. മന്ത്രിമാരുടെ കാറുകൾതന്നെ അവിടെ "കൃഷി" ചെയ്തു പോയോ എന്നു സംശയമാണ്. ഇതാണ് ഇവിടത്തെ റോഡുകളുടെ സ്ഥിതി. ഞാൻ ഒരിക്കൽ ഈ വിവരമെല്ലാം ബഹുമാനപ്പെട്ട മരാമത്തു മന്ത്രിക്ക് എഴുതി അയച്ചപ്പോൾ എക്സിക്യൂട്ടീവ് ഇഞ്ചിനീയരെ കണ്ടു പറയണമെന്നാണ് പറഞ്ഞതു്. എക്സിക്യൂട്ടീവ് ഇഞ്ചി

[Sri. C. V. Iyyu]

യരെ കാണാൻ എനിക്കു സമയമുണ്ടായിരുന്നില്ല. എന്നുതന്നെയല്ല, അതെന്റെ ജോലിയാണെന്നും എനിക്കു തോന്നിയില്ല. ബസ്സുകൾ മണ്ണിൽ പൊതിഞ്ഞു് അവിടവിടെ കുഴി ചെയ്തിരിക്കുന്നതുപോലെയാണ്കിടക്കുന്നതെന്നുമാത്രമല്ല ധാരാളം ബസ്സുപകടങ്ങളും ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് ഈ റോഡുകളൊക്കെ നല്ലവണ്ണം നന്നാക്കണമെങ്കിൽ നികുതി ചുമത്തിയാലും തരക്കേടില്ലെന്നാണ് എന്റെ അഭിപ്രായം. ശങ്കേഴ്സ് വീക്കിലിയിൽ പറയുന്ന മാതിരി നികുതി വർദ്ധിച്ചു് ഇനി നടക്കുന്നതിനുകൂടി നികുതി ഉണ്ടായി എന്നുവരും. എം. എൽ. എ. മാരെ ഒക്കെ അതിൽനിന്നും ഒഴിവാക്കാതിരുന്നാൽ അതുകൊണ്ട് നികുതികൾ ചുമത്തുന്നതിനനുരസിച്ചു് മററു സൌകര്യങ്ങളുംകൂടി ഉണ്ടാക്കുന്നതിന് ഗവൺമെന്റു ശ്രദ്ധിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. ഈ ബിൽ സകല വാഹനങ്ങളേയും ബാധിക്കുന്നില്ലെന്നു കാണുന്നു. വാഹനങ്ങൾക്ക് നികുതിയെങ്കിൽ എല്ലാത്തരം വാഹനങ്ങൾക്കു ന്യായമായ രീതിയിൽ നികുതികൾ ചുമത്തി വേണ്ട വിധം നിയന്ത്രിക്കേണ്ടതു് അത്യാവശ്യമാണ്. എന്നാൽ മോട്ടോർവാഹനങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന നികുതിയെ അപേക്ഷിച്ചുനോക്കുമ്പോൾ കാളവണ്ടികൾക്കും റിക്ഷാവണ്ടികൾക്കും മററു ചെറുതരം വണ്ടികൾക്കും നികുതി ചുമത്തുന്ന കാര്യത്തിൽ, ശ്രീ. ഇയ്യു അവർകൾ പ്രസ്താവിച്ചതുപോലെ സാധാരണക്കാരായ ബഹുജനങ്ങളുടെ ആവശ്യത്തേയും സങ്കടങ്ങളേയും ചിന്തിക്കേണ്ട ജനകീയ ഗവൺമെണ്ടിന്റെ ശ്രദ്ധ അല്പം പിന്നോക്കമാണെന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

മി. സ്പീക്കർ: ഈ സഭ ഇപ്പോൾ പിരിയുന്നതും ലഞ്ചിനുശേഷം 2 മണിക്ക് വീണ്ടും കൂടുന്നതുമാണ്.

The House adjourued at 1 p.m. for lun.h and re-assembled at 2 p.m. with Mr. Speaker (The Hon'ble Sri. T. M. Varghese in the Chair.)

THE UNITED STATE OF TRAVANCORE AND COCHIN VEHICLES TAXATION BILL—*(cont.)*

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ടാക്സ് ചുമത്തുന്നതിൽനിന്നും ചില വാഹനങ്ങളെ ഒഴിവാക്കിയിട്ടുള്ളതായി കാണുന്നു. നിവൃത്തിയുള്ളിടത്തോളം എല്ലാ വാഹനങ്ങൾക്കും ടാക്സ് ചുമത്തണമെന്നാണ് എന്റെ അഭിപ്രായം. ശരിയായ ഒരു വ്യവസ്ഥയോടുകൂടി വാഹനങ്ങൾക്കു ടാക്സ് ചുമത്തുന്നതുകൊണ്ടു യാതൊരു ദോഷവും വരാനില്ല. ടാർ ഇട്ട റോഡുകളിലും കോൺഗ്രീററ് റോഡുകളിലും കാളവണ്ടികൾ ടയർ ഇട്ട് ഓടിക്കുവാൻ നിർബ്ബന്ധിക്കണം. അങ്ങനെ ചെയ്യുന്നപക്ഷം റോഡുകൾ ചീത്തയാകുകയില്ലെന്നു മാത്രമല്ല, അവകൊണ്ടുള്ള പ്രയോജനം വർദ്ധിപ്പിക്കാവുന്നതുമാണ്. രക്ഷാവണ്ടികൾ മിക്കവാറും പട്ടണപ്രദേശങ്ങളിലുള്ള റോഡുകളിൽമാത്രം ഉപയോഗിക്കപ്പെടുന്ന ഒരു ആൾവാഹനമാണ്. വേണമെങ്കിൽ അതിനേയും കുറേക്കൂടി പരിഷ്കരിച്ചു നിയന്ത്രിച്ചു് ഉപയോഗപ്പെടുത്താവുന്നതാണ്. എന്നാൽ ഈ വണ്ടികൾക്കു എത്രയും കുറഞ്ഞ ഒരു വാഹനക്കരം മാത്രമെ ചുമത്താവൂ എന്നാണ് എന്റെ അഭിപ്രായം. ഈ സംസ്ഥാനത്തെ എല്ലാ വാഹനങ്ങളേയും ശരിയായി ഗവൺമെണ്ടിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരണമെങ്കിൽ ഈ ബില്ലിൽ ഇനിയും ചില ഭേദഗതികൾ വരുത്തേണ്ടതുണ്ട്. സെലക്ട് കമ്മിററിയിൽ ആ ഭേദഗതികൾകൂടി വരുത്തി ഈ ബില്ല് എത്രയും വേഗത്തിൽ നിയമമാക്കിത്തീർക്കണമെന്നാണ് എന്റെ അഭിപ്രായം.

Sri. N. D. Jose: Sir, I rise to support the general trend of opinion which has prevailed in this House stating that certain types of vehicles should be exempted from tax. In this connection, I want to add that cycles also should be exempted from tax. Of course there appears to be general agreement on the view that carts, *viz.*, two wheeled vechicles and bullock carts should be exempted. It was also suggested that cycles should be exempted from tax. Sir, it is a matter of common knowledge that cycles are the vehicles of the common man. Already the cyclists are overtaxed, by the Government of India affording protection to the indigenous cycle industry, for the cycles which are imported and which are incommon use. In the purchase of vehicles, the cyclists have to pay a high tax to the Government, high customs duties to the Government. In view of the fact that cycles are used mainly by the common people, I plead that cycles also should be exempted from tax.

Then, Sir, there is the question of the Riksha. It has been pointed out that only those people who cannot take to any other labour that take to riksha pulling. I am one of those who believe that rikshas should not be allowed to remain in the State. There of course arises the

problem—what will the riksha-pullers do. Most of the riksha-pullers do not own these vehicles. They are owned by other people and rented out to the riksha-pullers and the lion's share of the profit arising out of these people pulling the rikshas is taken away by those who own the rikshas. Therefore, I should also plead—though it is digressing a little from the main topic under discussion—that the Government should see to it that the riksha should be outlawed. The covered riksha, a recent innovation, should be purchased in certain numbers, by the Government and let out to the present riksha-pullers. These are the things that I wanted to lay before the Government and the Select Committee in considering this bill. Two wheeled vehicles, bullock-carts, cycles and rikshas should be completely exempted from the tax though it will mean a decrease in the revenue for the Government. But that revenue should be made up by taxing those vehicles which are luxury conveyances, especially when we consider the forwardness of this country. I can say definitely and without fear of being contradicted that motor-cars are luxury vehicles in a country like ours. There is no harm in those vehicles being taxed. These are the things that I wanted to submit for consideration by the Select Committee.

ശ്രീ. എൻ. വി. ചാക്കോ: സർ, മോട്ടോർ വാഹനങ്ങൾക്കു കൂടെ കൊടുക്കുന്നതിനു വലിയ വിഷമമുണ്ടാവുന്നതല്ലല്ലോ. എന്നാൽ പൊടാടം കൊടുക്കുന്നതിൽ അനുചിതമെന്നു ഗവൺമെന്റ് ശ്രദ്ധിക്കണമെന്നു പറയുന്നതായിട്ടാണിരിക്കുന്നതു്. ആവശ്യത്തിനു വേണ്ടിടത്തോളം പൊടാടം ലഭിക്കുമെങ്കിൽ ഗവൺമെന്റ് നിശ്ചയിക്കുന്ന കരം കൊടുക്കുവാൻ എല്ലാ മോട്ടോർ ഉടമസ്ഥന്മാരും തയാറാകുന്നതാണ്. പൊടാടം വേണ്ടിടത്തോളം കൊടുക്കുവാൻ സാധിക്കാതെകാലത്തു കരം ഇളവുചെയ്തു കൊടുക്കേണ്ടതുമാണ്. മാഡ്രാസിന്റെ ഇപ്പോഴത്തെ സ്ഥിതിയും ഒട്ടുതന്നെ തൃപ്തികരമല്ല. ചില മാഡുകളുടെ അവസ്ഥ വളരെ പരിതാപകരമാണ്. ഇടമാഡുകളുടെ കഥ പറയേണ്ടതുമില്ല. കാലാകാലത്തു വേണ്ട മെയിന്റനൻസ് നടത്തി മാഡുകൾ നന്നാക്കുന്നതു കാട്ടുന്നതല്ല ഗവൺമെന്റ് ശ്രദ്ധിക്കേണ്ടതാണ്. അതുസംബന്ധിച്ചുള്ള വ്യവസ്ഥകൾക്കുള്ളിൽ ഇതു ബില്ലിൽ ഉണ്ടായിരിക്കുന്നതു നന്നായിരിക്കും.

ശ്രീ. തയ്യുകുഞ്ഞിത്തൊമ്മൻ: ബഹുമാനപ്പെട്ട മെമ്പർ എൻ. വി. ചാക്കോ അവർകൾ വന്ന അഭിപ്രായത്തെ ഞാൻ നല്ലമാതിരി ചിന്തിക്കുന്നു. മാഡു മോശമായിക്കിടക്കുമ്പോൾ, ആവശ്യത്തിനുള്ള പൊടാടം കിട്ടാതിരിക്കുമ്പോൾ വാഹനങ്ങൾക്കു കൂടുതൽ കരം ചുമത്തുന്നതു് ഒരിക്കലും ശരിയല്ല. ഇതു സംബന്ധിച്ചു കൂടുതലായി പറയുന്നതിനു എനിക്കു ഇപ്പോൾ സാദ്ധ്യമല്ലാതാണിരിക്കുന്നതു്. ഈ സഭയിൽ ഏതെങ്കിലും ബില്ലുകൾ അവതരിപ്പിക്കുമ്പോൾ ആ ബില്ലുകൾ മലയാളത്തിൽകൂടി തർജ്ജിമചെയ്തു ഗസറ്റിൽ പരസ്യപ്പെടുത്താറുണ്ട്. ഇപ്പോൾ ജനകീയം മുന്നുമുന്നു പുരോഗതിയിൽ നിന്നു് അധോഗതിയിലേക്കാണ് പോകുന്നതു്. പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളോടുകൂടിയ ഈ നിയമസഭയിൽ ഏതെങ്കിലും ബില്ലുകൾ ചർച്ചാവിഷയമായിത്തീരുമ്പോൾ ജനസാമാന്യത്തിന്റെ അഭിപ്രായം എന്താണെന്നു് അറിഞ്ഞുകൊണ്ടു ഞങ്ങളെപ്പോലെയുള്ള മെമ്പറന്മാർക്കു് ഇവിടെ എന്തെങ്കിലും അഭിപ്രായം പറയുവാൻ ഇപ്പോൾ സാദ്ധ്യമല്ലാതാണിരിക്കുന്നതു്. പ്രായപൂർത്തിവന്ന എല്ലാവരും ഈ ബില്ലിനെപ്പററി എന്തു പറയുന്നു എന്നറിയേണ്ട, അല്ലെങ്കിൽ അറിയിക്കേണ്ട കടമ ഇവിടെയിരിക്കുന്ന ഓരോ മെമ്പറിനുമുണ്ട്. അവരുടെ അഭിപ്രായംകൂടി അറിയേണ്ട ചുമതല ഗവൺമെന്റിനുമുണ്ട്. അവരുടെ അഭിപ്രായത്തെ മുദ്രിച്ചുകൊണ്ടുമാത്രമെ ഇന്നയിന്ന കാര്യങ്ങളിൽ അനുകൂലിക്കണം, ഇന്നയിന്ന കാര്യങ്ങളിൽ പ്രതികൂലിക്കണം എന്നു ഞങ്ങൾക്കു നിശ്ചയിക്കുവാൻ സാദ്ധ്യമാകയുള്ളൂ. ഇത്തരം ബില്ലുകൾ അവതരിപ്പിക്കപ്പെടുമ്പോൾ എന്നെപ്പോലെ ഇംഗ്ലീഷ് അറിഞ്ഞുകൂടാത്ത മുക്കുകൾക്കു് എന്തു ചെയ്യുവാൻ കഴിയും? മിന്നൽവേഗത്തിൽ ബില്ലുകൾ കൊണ്ടുവരിക, ഉടനടി പാസ്സാക്കുക ഈ സമ്പ്രദായം തന്നെ നല്ലതല്ല.

സാഹിബ് ബഹദൂർ ടി. ഇ. മൈതീൻകുഞ്ഞു്: ഇന്നത്തെ മലബാർ മെയിലിൽ ബഹുമാനപ്പെട്ട മെമ്പർ ഇംഗ്ലീഷിൽ ഒരു ലേഖനം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നല്ലോ!

ശ്രീ. തയ്യുകുഞ്ഞിത്തൊമ്മൻ: ഞാൻ മലയാളത്തിൽ എഴുതിയ ലേഖനം ആരോ ഇംഗ്ലീഷിൽ തർജ്ജിമചെയ്തു് പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുകയാണ്. അല്ലാതെ ഞാൻ എഴുതിയതല്ല. എനിക്കു ഇംഗ്ലീഷും അറിഞ്ഞുകൂടാ.

സർ, എന്നെപ്പോലെ ഇംഗ്ലീഷ് അറിയാൻ പാടില്ലാത്ത മെമ്പറന്മാർ പലരും ഇവിടെയുണ്ട്. ജനങ്ങൾക്കുവേണ്ടിയാണ് ഇവിടെ മന്ത്രിമാർ ഭരണം നടത്തുന്നതെങ്കിൽ, അവർ

[Sri. Thariath Kunji Thomman]

നടത്തുന്നതെന്തെല്ലാമാണെന്നു ജനങ്ങൾക്കുടി അറിയണം. അതിനു കാര്യങ്ങൾ മലയാളത്തിൽതന്നെ അറിയുകയും അറിയിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇതുപോലെയുള്ള ബില്ലുകൾ അവതരിപ്പിക്കപ്പെടുമ്പോൾ അവയിൽ ചില വകുപ്പുകൾ എടുത്തുകളയണം, ചില വ സ്വീകരിക്കണം എന്നു പറയുവാൻ ഞങ്ങൾക്കു സൗകര്യമുണ്ടായിരിക്കണം. എന്നാൽ മാത്രമെ ദേശീയാടിസ്ഥാനത്തിലുള്ള ഭരണം പുരോഗമിക്കാൻ സാദ്ധ്യമാകൂ. ഇപ്പോൾ നടക്കുന്നതു പുരോഗതിയല്ല, അധോഗതിയാണെന്നു പറയാതെ തരമില്ല. ഒരു പിൻതിരിപ്പൻ നയമാണ് ഇക്കാര്യത്തിൽ ഗവമ്മെണ്ട് അനുവർത്തിച്ചുവരുന്നത്.

ശ്രീ വി. കെ. ജോസഫ്: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. പ്രധാനപ്പെട്ട മിക്ക മെമ്പറന്മാരും ഇവിടെ പറയുകയുണ്ടായി, സൈക്കിളിനു വാഹനക്കരം ചുമത്താൻ പാടില്ലെന്ന്. ഈ അഭിപ്രായത്തോട് എനിക്കു യോജിക്കുവാൻ നിവൃത്തിയില്ല. എന്നാൽ ഈ ബില്ലിലെ പല വകുപ്പുകളോടുകൂടിയും എനിക്കു യോജിക്കുവാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നത്. വാഹനങ്ങൾക്കു കരം ചുമത്തുന്നതു എല്ലാ റോഡുകളിലുംകൂടി ഓടുന്ന വാഹനങ്ങൾക്കു ഒന്നുപോലെയായിരിക്കരുത്. ഇപ്പോൾ ഏതു റോഡുകളിൽക്കൂടി ഓടുന്ന വാഹനങ്ങൾക്കും ഗവമ്മെണ്ട് കരം ചുമത്തുന്ന ആ രീതി ഒന്നുമാറേണ്ടിത്തന്നെയിരിക്കുന്നു. തന്നിമിത്തം ഗവമ്മെണ്ടിന് റോഡുകൾ സംരക്ഷിക്കുന്നതിനും ഗതാഗതസൗകര്യം വർദ്ധിപ്പിക്കുന്നതിനുംവേണ്ടി ധാരാളം ചെലവു ചെയ്യേണ്ടതായും വരുന്നു. എന്റെ അഭിപ്രായത്തിൽ നല്ല റോഡുകളിൽക്കൂടി ഓടുന്ന വാഹനങ്ങൾക്കു കൂടുതൽ കരം ചുമത്തുകയും ചീത്ത റോഡുകളിൽക്കൂടി ഓടുന്ന വാഹനങ്ങൾക്കു കുറഞ്ഞ കരം ചുമത്തുകയും ചെയ്യേണ്ടതാണ്. രണ്ടിനും ഒരുപോലെ കരം ചുമത്തുന്ന രീതി നല്ലതല്ല. ചീത്ത റോഡുകൾ മിക്കവാറും നാട്ടിൻപുറങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. പട്ടണങ്ങളിലാണെങ്കിൽ കോൺഗ്രീററ് റോഡുകളും ടാറിട്ട റോഡുകളും സുലഭമായിക്കാണും. നാട്ടിൻപുറങ്ങളിൽ മെററൽചെയ്യാത്ത റോഡുകളിൽക്കൂടി സഞ്ചരിക്കുന്ന വാഹനങ്ങൾ മിക്കവാറും കാളവണ്ടികളും, ആളുകൾ ഉന്തിക്കൊണ്ടുനടക്കുന്ന വണ്ടികളും ആണ്. ഈ വാഹനങ്ങളിൽനിന്നും പട്ടണങ്ങളിലുള്ള വാഹനങ്ങൾക്കു തുല്യം കരം ഈടാക്കുന്നതു ശരിയല്ല. എന്റെ അഭിപ്രായത്തിൽ ഇങ്ങനെയുള്ള വാഹനങ്ങളിൽനിന്നും നികുതി ചുമത്തേണ്ടതു് അതാതു ലോക്കൽ അതോറിട്ടിസുതന്നെയായിരിക്കണം. ഇപ്പോൾ അടുത്തുതന്നെ അവതരിപ്പിക്കപ്പെടുന്ന പഞ്ചായത്തു ബില്ലിൽ രാജ്യം ഒട്ടാകെ വില്ലേജുപഞ്ചായത്തുകൾ ഏർപ്പെടുത്തുവാനുള്ള വ്യവസ്ഥകൾ ചെയ്യുന്നുണ്ടല്ലൊ. അങ്ങനെ പഞ്ചായത്തുകൾ ഏർപ്പെടുത്തുന്നപക്ഷം നാട്ടിൻപുറങ്ങളിൽക്കൂടി ഓടിക്കുന്ന വാഹനങ്ങളുടെ നികുതി ഈ പഞ്ചായത്തുകൾ മുഖേന പിരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഏർപ്പെടുത്തുകയാണ് വേണ്ടതു്. എന്തെന്നാൽ അതാതു സ്ഥലത്തെ ഗതാഗതങ്ങളുടേയും അവിടെക്കൂടി ഓടിക്കൊണ്ടിരിക്കുന്ന വാഹനങ്ങളുടേയും റോഡുകളുടേയും മററും സ്ഥിതിഗതികൾ ഈ ലോക്കൽ അതാറിട്ടിസിന് നല്ലവണ്ണം അറിയുവാൻ കഴിയും. കഴിയുമെങ്കിൽ റോഡുകളുടെ സംരക്ഷണ ചുമതലകൂടി ഈ പഞ്ചായത്തുകളെ ഏല്പിക്കുവാൻ സാധിക്കുന്നതുമാണ്.

പ്രാദേശികമായ സ്ഥലങ്ങളിൽ സഞ്ചരിക്കുന്ന കാളവണ്ടികൾ, തള്ളുവണ്ടികൾ മുതലായവയ്ക്കുള്ള കരം ചുമത്തുന്നതിനുള്ള അധികാരം കൊടുക്കേണ്ടതു് ലോക്കൽ അതോറിററിക്കാണ്. അങ്ങിനെ ഈവക നികുതി ചുമത്തുന്നതിനും അതുകൾ പിരിച്ചെടുക്കുന്നതിനുമുള്ള അധികാരം ലോക്കൽ അതോറിട്ടിക്കു കൊടുക്കുന്നതായാൽ യാതൊരു അനീതിയും ഉണ്ടാകയില്ലെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ഈവക കാര്യങ്ങൾക്കായി ബില്ലിലെ ൩-ാം ഷെഡ്യൂൾ നീക്കംചെയ്യുകയും കൂടാതെ അതിന്റെ അഞ്ചാം വകുപ്പിലും വേണ്ടതുപോലെ ഭേദഗതി വരുത്തുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ ജി. ചന്ദ്രശേഖരപിള്ള: സർ, ഞാൻ ഈ ബില്ലിന്റെ പൊതുതത്വത്തോടു യോജിക്കുന്നു. എങ്കിലും സൈക്കിളിനെ സംബന്ധിച്ചിടത്തോളം നികുതി കൂടിപ്പോയെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. സാധാരണയായിട്ടു വളരെ സാധുക്കളാണ് സൈക്കിൾ ഉപയോഗിച്ചുവരുന്നതു്. മുപ്പതോ നാല്പതോ രൂപാ കൊടുത്താൽ ഒരുമാതിരി നല്ല സൈക്കിൾ കിട്ടും. കൂലിവേലക്കാർ, മത്സ്യക്കച്ചവടക്കാർ മുതലായവരാണ് സൈക്കിൾകൊണ്ടു് ഉപജീവനം കഴിക്കുന്നതു്. പത്തും പതിനഞ്ചും മൈൽ ദൂരമുള്ള സ്ഥലങ്ങളിൽപോയി കൂലിവേലക്കാർ ജോലിചെയ്തു മടങ്ങിവരുന്നതു് ഞാൻ കണ്ടിട്ടുണ്ട്. അങ്ങനെയിരിക്കെ ഒരു സൈക്കിളിനു ൩ രൂപാ നികുതി പിരിക്കുന്നതു്, വളരെ കഷ്ടമാണ്. നികുതി കുറയ്ക്കേ

ണ്ടതാണ്. എന്നാൽ പ്ലഷർ കാറുകൾക്കോ, മററു മോട്ടോർ വാഹനങ്ങൾക്കോ നികുതി അല്പം കൂടിയിരുന്നാലും തരക്കേടില്ല. പ്ലഷർ കാർ ഒരു ആവശ്യമല്ല ആഡംബരമാണ്. അതിനാൽ അതിനു കഴിവുള്ളവർ മാത്രമെ കാർ വയ്ക്കുകയുള്ളൂ. ഇന്ന് ഏ.ജി.സി., ഏ.ഒ.സി. രൂപാ ശമ്പളമുള്ള ചില ഗവൺമെണ്ടു് ഉദ്യോഗസ്ഥന്മാരുപോലും പ്ലഷർ കാർ സ്വന്തമായി വച്ചിട്ടുണ്ട്. ഡ്രൈവർക്ക് ശമ്പളവും കൊടുത്തു്, പെട്രോളിനും പണം ചെലവാക്കി ഈ ചെറിയ ഉദ്യോഗസ്ഥന്മാർ കാറിൽ പതിവായി സവാരി ചെയ്യുന്നതെങ്ങിനെയെന്നു് ഞാൻ അത്ഭുതപ്പെടാറുണ്ട്. കൈക്കൂലിയും കരിഞ്ചന്തയുംകൊണ്ടു മാത്രമായിരിക്കും അതിനു സാദ്ധ്യതയുണ്ടാകുന്നതു്. അതുകൊണ്ടു് പ്ലഷർ കാറിന് നികുതി കൂട്ടുന്നതിൽ യാതൊരു അനീതിയും ഇല്ലെന്നാണ് എന്റെ അഭിപ്രായം. മറെറാരു സംഗതി റിക്ഷാവണ്ടിയെപ്പററിയാണ്. ഒരു റിക്ഷാക്കാരൻ അവന്റെ വയറുകഴിയാൻവേണ്ടി ഇനിയൊരാളെ വണ്ടിയിൽ കയററിയിട്ടു കാളകളെപ്പോലെ വലിച്ചുകൊണ്ടുപോകുന്നതു്, ഏതു മനുഷ്യഹൃദയത്തെയാണ് ചലിപ്പിക്കാത്തതു്. തൊഴിലില്ലായ്മകൊണ്ടാണ് ഈ പ്രവൃത്തി ചെയ്യുന്നതെങ്കിലും മനുഷ്യനെ മൃഗത്തുക്കളും അധഃപതിപ്പിക്കുന്നതു് ശരിയല്ല. മോക്ഷണം ചെയ്യുന്നതു തൊഴിലില്ലായ്മകൊണ്ടാണെന്നു പറഞ്ഞാൽ അതു സാധൂകരിക്കപ്പെടുമോ. സാഹോദര്യവും സമത്വവും പ്രസംഗിക്കുന്ന നല്ല അദ്ദേഹഗുണഗാത്രവാന്മാരായ കമ്യൂണിസ്റ്റുകളും മറെറ സ്വസഹോദരങ്ങളിൽ വലിക്കപ്പെടുന്ന റിക്ഷാവണ്ടിയിൽ ഞെളിഞ്ഞിരിക്കുന്നതു കാണുമ്പോൾ എനിക്കു അനുകമ്പയും ലജ്ജയും തോന്നിയിട്ടുണ്ട്. റിക്ഷാവണ്ടിനിയമംമൂലം തടയേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. റിക്ഷാവണ്ടി തടഞ്ഞാൽ സങ്കോചമാകുന്ന തൊഴിലില്ലായ്മ പരിഹരിക്കാൻ ഗവൺമെണ്ടു് വേണ്ട പ്രതിവിധികൾ കാണേണ്ടതാണ്. റിക്ഷാവണ്ടിക്കു നികുതി കൂട്ടിവച്ചിരിക്കുന്നതു റിക്ഷാക്കാരെ നിരുത്സാഹപ്പെടുത്താനാണെങ്കിൽ സമ്മതിക്കാം. അതല്ലാതെ കൂടുതൽ വരവുണ്ടാക്കാനാണ് നികുതി കൂട്ടിയിട്ടുള്ളതെങ്കിൽ ഒരു നീതിയിലും സാധൂകരിക്കത്തക്കതല്ല. അതുപോലെതന്നെ ചക്കിടാവണ്ടിക്കും നികുതി വച്ചിരിക്കുന്നതു കൂടുതലാണ്. ഇത്തരം സംഗതികൾ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെടുമെന്നു സെലക്ട് കമ്മിററി ഇതിനു വേണ്ട പരിഹാരം കാണുമെന്നും വിശ്വസിക്കുന്നു.

ശ്രീ. അലക്സാണ്ടർ വാകയിൽ: സർ, ഞാൻ ഈ ബില്ലിന്റെ തത്വത്തോട് യോജിക്കുന്നു. എന്റെ മാന്യ സ്നേഹിതൻ മി. ചന്ദ്രശേഖരപിള്ള പറഞ്ഞതുപോലെ പ്ലഷർ കാറുകൾക്കും മറെറാരു നികുതി കൊടുക്കുന്നതിൽ തെററില്ല എന്നാണ് എന്റെ അഭിപ്രായം. എന്നാൽ നാട്ടിൻപുറങ്ങളിലുള്ള കാളവണ്ടി, തള്ളുവണ്ടി മുതലായവയ്ക്ക് നികുതി പിരിക്കുന്നതു പൊതുവെ കൃഷിക്കാർക്കും വിശേഷിച്ചു ചെറിയ കർഷകർക്കും വളരെ സങ്കടകരമാണ്. സാധാരണയായി കാളവണ്ടിയിൽ സാധനങ്ങൾ കയററിക്കൊണ്ടുപോകുന്നതു ചെറിയതരം കൃഷിക്കാരാണ്. മറെറ പല നികുതികളും അവരിൽനിന്നും ഈടാക്കുന്നതിനും പുറമെ ഈ ഇനത്തിൽകൂടി നികുതി ചുമത്തുന്നതു് വളരെ കഷ്ടമാണ്. മാത്രമല്ല നികുതിഭാരം വർദ്ധിക്കുമ്പോൾ കർഷകർ അവരുടെ പ്രവൃത്തിയിൽ അലസന്മാരായിത്തീരുന്നതു് സാധാരണയാണ്. അടുത്തതായി റിക്ഷാവണ്ടികളുടെ കാര്യമാണ്. ഒരു റിക്ഷാക്കാരന്റെ ജീവിതസ്വത്താണ് അവന്റെ റിക്ഷാവണ്ടി ഒരു വണ്ടികൊണ്ടുവേണം അവനും അവന്റെ കുടുംബവും ജീവിക്കേണ്ടതു്. ചിലപ്പോൾ വല്ലതും കിട്ടിയെന്നും വരാം. ചിലപ്പോൾ ഇല്ലെന്നും വരാം. അങ്ങിനെയിരിക്കെ അവനിൽനിന്നും നികുതിയിനത്തിൽ യാതൊന്നും ഈടാക്കരുതെന്നു ജീവകാരുണ്യത്തിന്റെ പേരിൽ ഞാൻ ഗവൺമെണ്ടിനോടപേക്ഷിക്കുന്നു. വയറു പിഴക്കുന്നതിനുവേണ്ടി മൃഗങ്ങളെപ്പോലെ വേലചെയ്യുന്ന ഈ മനുഷ്യജീവി നാലും അഞ്ചും ചക്രത്തിനുവേണ്ടി ചിലപ്പോൾ രണ്ടുപേരെ വണ്ടിയിൽ കയററി വലിച്ചുകൊണ്ടു പോകുന്നതു ഞാൻ കണ്ടിട്ടുണ്ട്. റിക്ഷാവണ്ടിക്കാരനെക്കൊണ്ടു് ജോലി ചെയ്യിപ്പിച്ചിട്ട് ഒടുവിൽ കൂലി ചോദിക്കുമ്പോൾ അവനെ കയ്യേററം ചെയ്യാൻ ഒരുങ്ങുന്നതും ഞാൻ കണ്ടിട്ടുണ്ട്. കുറെ വർഷങ്ങൾക്കു് മുമ്പ് മട്ടാഞ്ചേരിയിൽനിന്നാ ഒരു തടിച്ച പോലീസുകാരനേയും കയററിക്കൊണ്ടുപോയ ഒരു റിക്ഷാവണ്ടിക്കാരന് കൂലി ചോദിച്ചു എന്ന കുററത്തിന് പോലീസുകാരൻ അയാളെ കയ്യേററം ചെയ്യാൻ ഭാവിച്ചു. അന്ന് ഇവിടത്തെ ദിവാൻജിയായിരുന്ന വിജയരാഘവാചാരി ചിലപ്പോഴെല്ലാം വേഷപ്രച്ഛന്നനായി നാട്ടിൽ സഞ്ചരിക്കുന്ന പതിവുണ്ടായിരുന്നു. ഭാഗ്യവശാൽ അദ്ദേഹം ഈ സംഭവസ്ഥലത്തു് അപ്പോൾ ചെന്നെത്താൻ ഇടയാകയും വിവരമറിഞ്ഞയുടൻതന്നെ റിക്ഷാക്കാരനെ വണ്ടിയിൽ കയററിയിട്ട് കൂലി കൊടുക്കാത്ത പോലീസുകാരനെക്കൊണ്ടു് വണ്ടിവലിപ്പിച്ചിട്ടുള്ളതായി എനിക്കറിയാം.

[Sri. Alaxander Vakayil]

അതുപോലെ നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിമാരും വേഷപ്രച്ഛന്നരായി നാടുകളിൽ സഞ്ചരിച്ച് അവിടങ്ങളിലെ രീതികൾ മനസ്സിലാക്കേണ്ടതുണ്ട്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: നാട്ടിലുള്ളവർക്കെല്ലാം നമ്മുടെ മന്ത്രിമാരെ നല്ലതുപോലെ അറിയാമെന്നുള്ള കാര്യം മെമ്പർക്കറിയാമോ?

ശ്രീ. അലക്സാണ്ടർ വാകയിൽ: മന്ത്രി മന്ത്രിയായിട്ടുപോകാതെ വേഷം മാറിപ്പോകണമെന്നാണ് ഞാൻ പറഞ്ഞതിന്റെ അർത്ഥം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: റക്ഷാവണ്ടിയിൽ കയറുന്ന ആളുകളിൽ ൯൦ ശതമാനവും മുതലാളിമാരാണെന്നറിയാമോ?

ശ്രീ. അലക്സാണ്ടർ വാകയിൽ: മുതലാളിമാരും അല്ലാത്തവരും റക്ഷാവണ്ടിയിൽ ധാരാളമായി കയറുന്ന പതിവുണ്ട്. സർ, ആയതിനാൽ ഞാൻ മുൻപു പറഞ്ഞ വാഹനങ്ങളുടെ നികുതി ഈടാക്കുന്ന വ്യവസ്ഥ ബില്ലിൽനിന്നും എടുത്തുകളകയും റക്ഷാവണ്ടി വലിക്കുന്ന ഏർപ്പാട് ഒരു നിയമംമൂലം നിഷേധിക്കുകയും ചെയ്യണമെന്നു ഞാൻ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

Sri. D. Ganasigamony : Sir, it appears to me that there are two grave objections to this bill. One relates to section 13 and the other to proviso of section 14.

Section 13 reads : "No prosecution, suit or other legal proceeding shall lie against any person for anything which is in good faith done or intended to be done under this Act". We are aware of such a provision in several emergency acts. The Public Safety Act is one such. I ask, where is the need for affording protection for any act done under that Act? There is none. Proviso to Section 14 reads: "Provided that Government by Notification in the Gazette exempt any local body from the operation of this section in so far as it relates to vehicles other than motor vehicles". The main section says that the local bodies cannot levy any tax at all in respect of vehicles but there is the power of exemption given. That power now is practically taken away by the proviso. My point is, the Government assumes this power and the public knows it by means of a notification issued by them. Such a power should not be assumed by Government. This power is open to abuse. The assumption of power by Government came into existence in this country from the year 114 and Acts previous to that period had no such reservation of powers. It is only after 114 we find in every Act such a kind of provision. Government by virtue of that power exercise this power indiscriminately and even frame rules and publish them in the Gazette and the same takes effect from the date of such publication. This is what it ought not to be. It appears to me therefore that no exemption should be given and no power should vest with Government to act contrary to the imperative provisions contained in this section itself.

സാഹിബ് ബഹദൂർ മൊയ്തീൻകുഞ്ഞു: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന മോട്ടോർവാഹനബില്ലിനെപ്പററി ഒന്നുരണ്ടു സംഗതികൾ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഈ ബില്ലിൽ വാഹനങ്ങളെ സംബന്ധിച്ചിടത്തോളം യാത്രക്കാർക്കു ചാർജ്ജുകൂട്ടുന്നില്ലെന്നുള്ളതു് സാധുജനങ്ങളെ സംബന്ധിച്ചിടത്തോളം ആശ്വാസകരംതന്നെ. എങ്കിലും, വാഹനങ്ങളുടെ ടാക്സ് വർദ്ധിപ്പിക്കുകയാണെങ്കിൽ ധാരാളം ആളുകളെ വണ്ടിയിൽ കയററാൻ അവർ നിർബ്ബന്ധിതരായിത്തീരും. ബസ്സുകളിൽ കയറിയാൽ കയ്യും തലയും പുറത്തിടരുതെന്നു് ഒരു നിയന്ത്രണമല്ലാതെ മറവു യാതൊരു നിയന്ത്രണവും യാത്രക്കാരുടെ സൗകര്യത്തെ ഉദ്ദേശിച്ചു ഗവൺമെണ്ടു് ചെയ്തിട്ടില്ല. എത്രത്തോളം ആളുകളെ വണ്ടിയിൽ കയററാൻ സാധിക്കുമോ അത്രത്തോളം കയററുന്ന ഒരേപ്പാടാണുള്ളതു്. എന്നാൽ കയ്യും തലയും പുറത്തിടാൻ പാടില്ലെന്നേയുള്ളു്. ഈ വിധത്തിൽ യാത്രക്കാരെ ശ്വാസംമുട്ടിച്ചു് അവരുടെ ആരോഗ്യത്തിൽനിന്നു് ഈ ടാക്സ് ഈടാക്കുന്നുവെന്നാണ് ഞാൻ കരുതുന്നതു്.

അതുകൊണ്ടു് ടാക്സ് ഈടാക്കേണ്ട എന്നല്ല എന്നാൽ കൂടുതലായി ബസ്സ് ഓണേഴ്സിന്റെ കയ്യിൽനിന്നും ഈടാക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. എന്നാൽ ബസ്സ് ഓണേഴ്സിന്റെ പക്കൽനിന്നും ഈടാക്കുന്ന ടാക്സ് മറെറാരുവിധത്തിൽ അവർ ജനങ്ങളുടെ ആരോഗ്യത്തെ മുഠിച്ചു് ഈടാക്കാതിരിക്കാൻ വേണ്ട വ്യവസ്ഥകൾകൂടി ചെയ്യണമെന്നു ഗവൺമെണ്ടിനോടു് അപേക്ഷിച്ചുകൊള്ളുന്നു.

വേറൊരുകാര്യം പറയുവാനുള്ളതു് ട്രാൻസ്പോർട്ട് നാഷനലൈസ് ചെയ്യുന്നതിനു് ഇന്നു് ഒരു അനിശ്ചിതമായ നില ഗവൺമെണ്ടു് സ്വീകരിച്ചിരിക്കുന്നു എന്നുള്ളതാണ്. അതി

നാൽ പല കുഴപ്പങ്ങളും പ്രൈവറ്റ് സർവ്വീസുകാർക്ക് ഉണ്ടാകുന്നുണ്ട്. ഇന്ന ലയിൻ ഇന്ന മാസം ഇത്രാംതീയതി ഗവമ്മെണ്ടിലേക്കു എടുക്കുന്നു എന്നു അവർക്ക് ഒരു നോട്ടീസ് നാം കണം. എപ്പോൾ ഏതു് ലൈൻ ഗവമ്മെണ്ടിലേക്ക് എടുക്കുമെന്ന് ആർക്കുംതന്നെ അറിഞ്ഞു കൂടാ. അങ്ങനെ ഇരിക്കുന്നതുകൊണ്ട് എപ്പോൾ ഗവമ്മെണ്ടിൽനിന്നും ലയിനുകൾ എടുക്കുമെന്നു നിശ്ചയമില്ലാതിരിക്കുന്നതുകൊണ്ട് പ്രൈവറ്റ് സർവ്വീസുകാർ പുതിയ ബസ്സുകൾ വാങ്ങിക്കാതെ പഴയ ബസ്സുകളിൽ കുറെ ചായവും തേച്ച് പരിശോധിക്കാൻ വരുന്നവർക്ക് കുറെ കൈക്കൂലിയും കൊടുത്തു സർവ്വീസ് നടത്തിക്കൊണ്ടുപോകുന്നു. ഇങ്ങനെ ഉപയോഗശൂന്യമായിത്തീർന്നുകഴിഞ്ഞിരിക്കുന്ന ബസ്സുകളിലാണ് ജനങ്ങൾ യാത്രചെയ്യേണ്ടിയിരിക്കുന്നത്. ഇന്ന് അധികാരത്തിൽ ഇരിക്കുന്ന ആളുകളെക്കണ്ട് എന്നു നാഷണലൈസ് ചെയ്യുന്നു എന്നു ചോദിച്ചാൽ അതിന് മറുപടി കിട്ടുന്നത് ആ കാര്യം ആലോചിച്ചിട്ടില്ലെന്നായിരിക്കും. ഇന്നങ്ങനെ പറയുകയാണെങ്കിൽ നാളെ ആ ലൈൻ എടുത്തുകഴിഞ്ഞതായി നമുക്കറിയാറാവുകയും ചെയ്യും. ഇതു് ജനങ്ങൾക്കും ബസ്സ് ഓണേഴ്സിനും ബുദ്ധിമുട്ടുണ്ടാക്കുന്ന ഒരു കാര്യമാണ്. ഞാൻ പറയുന്നത്. അവർക്ക് മുൻകൂട്ടി നോട്ടീസുകൊടുക്കുക, വേണമെങ്കിൽ ഒരു കൊല്ലംതന്നെ കാലാവധിവെച്ചു നോട്ടീസുകൊടുക്കുക. കൊച്ചിയിൽ ഇപ്പോൾ ഒരു ലൈൻ ഗവമ്മെണ്ടിലേക്ക് എടുക്കാൻ പോകുന്നതായി നോട്ടീസുകൊടുത്തു. അങ്ങനെ നോട്ടീസുകൊടുത്തു് കഴിഞ്ഞതോടുകൂടി അവർ പുതിയ ബസ്സുകൾ വാങ്ങിക്കാതെ പഴയ ബസ്സുകൾതന്നെ ഓടിച്ചുകൊണ്ടിരുന്നു. എന്നാൽ കുറെ കഴിഞ്ഞ ഉടനെ ആ നോട്ടീസ് ക്യാൻസൽചെയ്ത് ലൈൻ തുടർന്നുകൊണ്ടുപോകാനായി അനുവാദവും നൽകി. എന്നാൽ ഇനിയും എപ്പോഴാണ് ഗവമ്മെണ്ടിലേക്കു എടുക്കുന്നതു് എന്നു നിശ്ചയമില്ലാത്തതിനാൽ അവർ പിന്നെയും ഈ അപടകരമായ ബസ്സുകൾതന്നെ ഓടിച്ചുകൊണ്ടുപോരികയാണ് ചെയ്യുന്നത്. അതിനാൽ ലൈൻ നാഷണലൈസ് ചെയ്യുമ്പോൾ ഒരു നിശ്ചിത പദ്ധതി അനുസരിച്ച് ഇത്രമാതിരിയുള്ള ബുദ്ധിമുട്ടുകൾക്കൊന്നും ഇടകൊടുക്കാതെ ചെയ്യുവാൻ ശ്രമിക്കണമെന്നുള്ള സംഗതി ഞാൻ ഗവമ്മെണ്ടിനെ ഓർമ്മിപ്പിച്ചുകൊള്ളുന്നു.

വേറൊന്നു പറയുവാനുള്ളതു് സൈക്കിളിന് നികുതി ചുമത്തുന്നതിനെ സംബന്ധിച്ചും റിക്ഷായ്ക്ക് നികുതി ചുമത്തുന്നതിനെ സംബന്ധിച്ചുമാണ്. ഈ രണ്ടു വാഹനങ്ങളേയും നികുതിയിൽനിന്നും ഒഴിവാക്കണമെന്ന് എനിക്ക് അഭിപ്രായമുണ്ട്. റിക്ഷാ സമ്പ്രദായം നിറുത്തലാക്കണമെന്ന് ഇൻഡ്യാ ഗവമ്മെണ്ടുതന്നെ തീരുമാനിച്ചിട്ടുള്ളതായും പല രാജ്യങ്ങളിലും റിക്ഷാവലി നിരോധിച്ചിരിക്കുകയാണെന്നും ഉള്ള സംഗതി എനിക്കറിയാം. റിക്ഷാവലി കമ്യൂണിസത്തിനോ അതുപോലെയുള്ള വേറെ വല്ല ഇസത്തിനോ വഴിതെളിക്കുമെന്നുള്ളതുകൊണ്ടല്ല ഞാൻ അങ്ങനെ പറയുന്നത്. വാസ്തവത്തിൽ വഴിയെ പോകുന്ന ആളുകൾക്ക് കണ്ടുകൊണ്ട് നില്ക്കാൻ വയ്യാത്ത രീതിയിൽ ആണ് അവർ റിക്ഷാ വലിച്ചുകൊണ്ട് സ്വന്തം ഉദരപൂരണം നടത്തുന്നത്. വല്ല കരിഞ്ചന്തക്കാരോ കൈക്കൂലിക്കാരോ ആയ ആജാനുബാഹുക്കൾ അതിൽകയറി എന്നുവരാം. എന്നാൽ ഒരു മനുഷ്യന് അവർ വലിച്ചുകൊണ്ടുപോകുന്ന വണ്ടിയിൽ കയറി ഇരുന്നു സുഖിക്കുവാൻ തോന്നുകയില്ല. അവർ അപ്രകാരം ചെയ്യുന്നതു് വേറെ തൊഴിൽ ഒന്നും ഇല്ലാത്തതുകൊണ്ടാണ്. യാതൊരു നിവൃത്തിയും ഇല്ലാതെയാണ് സ്ത്രീകുഞ്ഞിങ്ങളിനും മററും ആളുകൾ വരുന്നതു്. അതുകൊണ്ട് ഞാൻ പറയുന്നതു് ഈ റിക്ഷാവലി നിരോധിക്കുന്നതിനോടൊപ്പം അങ്ങനെ വരുമ്പോൾ തൊഴിലില്ലാതെ ആയിത്തീരുന്ന ആളുകൾക്ക് തൊഴിലുണ്ടാക്കിക്കൊടുക്കുകയുംകൂടി വേണ്ടതാണ്. ഇത്രയും സംഗതികൾ മാത്രമെ എനിക്ക് ഇതിനേസംബന്ധിച്ചു പറയുവാനുള്ളു.

ശ്രീ. എൻ. പി. വർഗ്ഗീസ്: പബ്ളിക്ക് ടാക്സിന്റെ അടിസ്ഥാന തത്വം കഴിയുന്നതും കൂടുതൽ ആദായം ഉണ്ടാക്കുന്നവരുടെ പക്കൽനിന്നും കൂടുതൽ ടാക്സ് ഈടാക്കുക എന്നുള്ളതാണ്. ഇതനുസരിച്ചു നോക്കുമ്പോൾ മോട്ടോർകാർ ഓണേഴ്സിന്റെ പക്കൽനിന്നുമാണ് കൂടുതൽ ടാക്സ് ഈടാക്കേണ്ടതു്. കാരണം അവരാണ് കൂടുതൽ ലക്ഷാറിയസ് ലൈഫ് ലീഡ് ചെയ്യുന്നതു്. ബസ്സുകളേയൊ ലോറികളേയൊ സംബന്ധിച്ചാണെങ്കിൽ അതു് സാധാരണക്കാരന്റെ ആവശ്യത്തിന് ഉപയോഗിക്കുന്നവയാണ്. അതിനാൽ അതിന്റെ ടാക്സ് താരതമ്യേന കുറയ്ക്കണം. അതിൽ വേറൊരു കാര്യംകൂടി പറയുവാനുള്ളതു് റോഡുകൾക്ക് എത്രതരം വാഹനങ്ങൾ ഓടിക്കുന്നതുകൊണ്ടാണ് ഗവമ്മെണ്ടിന് കൂടുതൽ ചെലവ് ഉണ്ടാകുന്നതു് ആ നിലയിൽ ആ വാഹനങ്ങളുടെ ടാക്സ് വർദ്ധിപ്പിക്കണം എന്നാണ്. മി. പി. എം. വർഗ്ഗീസ് പറഞ്ഞതുപോലെ റോഡുകൾ ഒന്നാം ക്ലാസും രണ്ടാം ക്ലാസും അങ്ങനെ രണ്ടുതരത്തിലുണ്ട്. ഒന്നാം ക്ലാസ് അതായതു് വളരെ നല്ല റോഡുകളിൽ

[Sri. N. P. Varghese]

കൂടി ഓടിക്കുന്ന വാഹനങ്ങൾക്കു കൂടുതൽ ടാക്സ് ഈടാക്കേണ്ടതാണ്. കാരണം ആ റോഡ് മെയിൻറനൻസിനു് ഗവമ്മെണ്ടിനു് കൂടുതൽ ചിലവുവരുമെന്നുള്ളതുകൊണ്ടാണ്. കാളവണ്ടി ഓടിക്കുകയാണെങ്കിൽ ആ റോഡ് കൂടുതൽ വേഗം ചീത്തയായിപ്പോകുന്നതാണ്. കാളവണ്ടികളിലുള്ള ഇരുമ്പുപട്ടകൾകൊണ്ട് റോഡുകൾ വേഗം ചീത്തയായിപ്പോകുന്നതിനാൽ കാളവണ്ടിക്ക് ന്യായമായ ടാക്സ് ചുമത്തേണ്ടതാണ്. സൈക്കിളും റിക്ഷായും റോഡുകൾക്ക് യാതൊരു ദോഷവും ചെയ്യുന്നില്ല. അതുകൊണ്ട് അവയെ പൂർണ്ണമായി ഒഴിവാക്കേണ്ടതാണ്.

മി. കുഞ്ഞിത്തൊമ്മൻ പരാതി പറഞ്ഞതുപോലെ ഈ ബില്ലുകൾ മലയാളത്തിൽ തർജ്ജിമചെയ്യാത്തതു് പ്രതിഷേധാർഹമായ ഒരു സംഗതിയാണ്. ഇതു് സാധാരണ ജനങ്ങൾക്ക് മനസ്സിലാക്കേണ്ട ഒരു സംഗതിയാണ്. ഏതായായാലും ഈ കാര്യത്തിൽ ഗവമ്മെണ്ട് പ്രത്യേകം ശ്രദ്ധിക്കണമെന്നു ഞാൻ ഒരിക്കൽകൂടി ഓർമ്മിപ്പിച്ചുകൊള്ളുന്നു.

ശ്രീ ജോസഫ് മാത്തൻ: സർ, ഈ ബില്ലിൻെറ പൊതുതത്വത്തോടു് യോജിക്കുന്നതോടുകൂടി ഒന്നു രണ്ടു കാര്യങ്ങൾ ഗവമ്മെണ്ടിൻെറ ആലോചനയ്ക്കു് വിഷയമാക്കണമെന്ന് ഞാൻ ഉദ്ദേശിക്കുന്നു. ഒന്നാമതായി പ്രൈവറ്റ്ബസ്സുകൾക്ക് ടാക്സ് ചുമത്തുന്ന രീതിയെപ്പററിയാണ്. ഒരു സീററിന് ൩ ൦ രൂപാ വീതമാണ്, പ്രൈവറ്റ് ബസ്സുകൾക്ക് ചുമത്തിയിട്ടുള്ളതു്. ഇതു് കുറച്ചുകാലങ്ങൾക്കുമുമ്പ് ൨ ൨ രൂപയായിരുന്നു. ഇന്ന് അതിൽനിന്നും ൩ ൦ രൂപയിലേക്ക് പെട്ടെന്ന് ഒരു എടുത്തുചാട്ടം നടത്തിയതിനുശേഷം അതിനു സമാധാനം പറയുന്നതു് മദ്രാസിലും മററും ൩ ൦ രൂപയാണ് ചുമത്തിയിട്ടുള്ളതെന്നും മററും മാണ്. എന്നാൽ മദ്രാസിൽ ഈ ടാക്സ് മൂന്നു തവണയായിട്ടാണ് വർദ്ധിച്ചതെന്നുകൂടി നാം ആലോചിക്കേണ്ടതാണ്. ഇവിടെ പെട്ടന്ന് ഇങ്ങനെ പന്ത്രണ്ടു രൂപയിൽനിന്നും ൩ ൦ രൂപയാക്കിയതു് ഒരിക്കലും ന്യായീകരിക്കത്തക്കതല്ലെന്നാണ് എൻെറ അഭിപ്രായം. രണ്ടാമതായി ഞാൻ പറയുവാൻ ആഗ്രഹിക്കുന്നതു് ഇന്നത്തെ സൈക്കിളുകൾക്ക് ലൈസൻസുകൾ ലഭിക്കാനുള്ള വൈഷമ്യത്തെപ്പററിയാണ്. സാധാരണരീതിയിൽ ഒരു നാലഞ്ചു ദിവസത്തെ ബുദ്ധിമുട്ടുകൾക്കുശേഷമാണ് ലൈസൻസുകൾ ലഭിക്കുന്നതു്. ഇതിനുംപുറമേ ലൈസൻസുകൾ വിതരണം ചെയ്യുന്നതു് പോലീസ് കാൺസ്റ്റബിൾമാരാണ്. ലൈസൻസിനുള്ള തുകകളേക്കാൾ കുറേക്കൂടി കൂടുതൽതുക പോലീസ് കാൺസ്റ്റബിൾസിനു് കൊടുത്താലേ ലൈസൻസു കിട്ടുന്നുള്ളു.

ശ്രീ. സി. വി. ഇയ്യു: ഇതു് തിരുവിതാംകൂറിൽ മാത്രമാണെന്നാണ് എനിക്കു തോന്നുന്നതു്. കൊച്ചിയിലെങ്ങും ഇങ്ങനെ ഉള്ളതായി അറിവില്ല.

ശ്രീ. ജോസഫ് മാത്തൻ: സാധാരണ ലൈസൻസിനായിട്ട് ഉള്ള നോട്ടീസുകൾ കാൺസ്റ്റബിൾമാർ കൊണ്ടുവരും. വീട്ടിൽചെന്ന് ആളെവിടെ എന്നു ചോദിക്കുമ്പോൾ ലൈസൻസിനുള്ള നോട്ടീസാണെന്നോ മറേറാ ഉള്ള അറിവില്ലാത്തതിനാൽ മറെറന്തിനോ ആണെന്നു വിചാരിച്ചു വീട്ടുകാർ അവിടെ ആളില്ലെന്നു പറയും. എന്നാൽ ഈ പോലീസുകാർ ഇന്നതിനാണ് വന്നതെന്ന് വീട്ടുകാരോടു വിവരം പറയുകയുമില്ല, ആളിനെ നേരിട്ടുകാണണമെന്നുതന്നെ പറയും. ആളിനെ നേരിട്ടു കാണുന്നതു് കൈക്കൂലിവാങ്ങിക്കാനാണെന്ന് ഉള്ള കാര്യം നിശ്ചയമാണ്. ഏതായാലും ഇങ്ങനെയുള്ള താമസങ്ങളും വൈഷമ്യങ്ങളും സൈക്കിൾ ലൈസൻസിൻെറ കാര്യത്തിൽ ഉണ്ടാവുന്നുണ്ട്. മററുനിലയിൽ അഞ്ചുമിനിട്ടുകൊണ്ട് ലൈസൻസ് കൊടുക്കത്തക്കനിലയിൽ ഉള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. ഇന്നത്തെ കടലാസ് ലൈസൻസിനേക്കാൾ സൌകര്യപ്രദമായി മെററൽ പ്ലേറ്റിൽ ലൈസൻസുനമ്പരോ മറേറാ ഇട്ട് കൊടുക്കുകയാണെങ്കിൽ അതു് സൈക്കിളിൽതന്നെ വച്ചുകൊണ്ടുപോവുകയും ചെയ്യാം. ആരു ചോദിച്ചാലും എപ്പോൾ വേണമെങ്കിലും എടുത്തു കാണിക്കുവാനും ഇതു് സൌകര്യപ്രദമായിരിക്കും. ഈ മെററൽ ലൈസൻസ് പുതുക്കേണ്ട ആവശ്യം നേരിടുമ്പോൾ അതോററ്റിയുള്ള ഏതൊരാൾക്കും അഞ്ചുമിനിട്ടുകൊണ്ട് പുതിക്കിക്കൊടുക്കാൻ സൌകര്യമുള്ളതരത്തിൽ ഏർപ്പാടുചെയ്യുകയും വേണം.

പ്രൈവറ്റ് ബസ്സുകൾക്ക് വച്ചിരിക്കുന്ന നികുതിയേസംബന്ധിച്ച് ഒന്നുകൂടി പറയുവാനുള്ളതു് പ്രൈവറ്റ് ബസ്സുകൾ ഓടുന്ന റോഡുകൾ താരതമ്യേനമോശമായ നിലയിലാണ് ഇരിക്കുന്നതു്. അതിനാൽ ആ റോഡുകളിൽ ഓടിക്കുന്ന ബസ്സുകൾ എളുപ്പം ചീത്തയായിപ്പോകുവാൻ ഇടയുണ്ട്. അങ്ങനെയിരിക്കേ അവർക്ക് കൂടുതൽ നികുതിയും ചുമത്തിയാൽ അവർ വളരെ വിഷമിക്കും. അതിനാൽ പ്രൈവറ്റ് ബസ്സുകൾ ഓടുന്ന റോഡുകൾ

എല്ലാം നന്നാക്കിയതിനു ശേഷം ബസ്സുകളുടെ നികുതി വർദ്ധിപ്പിച്ചാൽ മതിയാകുന്നതാണ്. സാധാരണ ഗവമ്മെണ്ട് ട്രാൻസ്പോർട്ടുബസ്സുകൾ ഓടുന്ന റോഡുകളാണെങ്കിൽ ഈ പ്രൈവറ്റു ബസ്സുകൾ ഓടുന്ന റോഡുകളേക്കാൾ കൂടുതൽ നല്ലതായിരിക്കുന്നുണ്ട്. ഈ നിലയിൽ പ്രൈവറ്റ് ബസ്സുകളുടെ ടാക്സ് നു ഠ രൂപയിൽനിന്ന് കുറയ്ക്കണമെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കുട്ടപ്പൻ: ബില്ലിലെ പൊതുതത്വത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. ചില മെമ്പറന്മാർ ഇവിടെ പറഞ്ഞുകഴിഞ്ഞു റിക്ഷാസമ്പ്രദായം നിരോധിക്കണമെന്ന്. എന്നാൽ തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്ന ഈ ഐക്യസംസ്ഥാനത്തു് ഏകദേശം ആയിരത്തിൽ പരം തൊഴിലാളികൾ റിക്ഷാവലികൊണ്ട് ഉപജീവനം കഴിക്കുന്നുണ്ട്. പട്ടിണികൊണ്ടു വലയുന്ന ആളുകളിൽ റിക്ഷാതൊഴിലാളികൾ അല്ലം ആഹാരം കഴിക്കുന്നതു് ഈ സമ്പ്രദായം നിരോധിക്കാത്തതുകൊണ്ടാണ്. അങ്ങനെയുള്ള തൊഴിലാളികളെ ആപകടത്തിലാക്കുകയാണ് റിക്ഷാസമ്പ്രദായം നിരോധിക്കുന്നതിൽനിന്നും ഉണ്ടാകുന്നതു്. തൊഴിലില്ലായ്മ വർദ്ധിച്ചു വരുന്ന ഇക്കാലത്തു് ഇങ്ങനെ ഒരു സമ്പ്രദായം നടപ്പാക്കി തൊഴിലില്ലാത്തവരെ വർദ്ധിപ്പിക്കാനുള്ള ഈ ഗ്രൂപ്പം ഒരു കമ്യൂണിസ്റ്റു ലഹളയ്ക്കുപോലും വഴിതെളിക്കുകയില്ല എന്ന് ഞാൻ സംശയിക്കുന്നു. തിരുവിതാംകൂറിന്റെ പല പ്രധാനപട്ടണങ്ങളിലും എത്രയോ ആളുകൾ റിക്ഷാവലികൊണ്ട് ഉപജീവനം നടത്തിവരികയാണ്. റിക്ഷാവലികൊണ്ട് കിട്ടുന്ന ആദായം വളരെ തുച്ഛമായിരിക്കെ അതിനും ടാക്സ് ഇടാക്കുന്നതു് നല്ലതല്ലെന്നാണ് എന്റെ അഭിപ്രായം. റിക്ഷാസമ്പ്രദായം നിറുത്തുന്നതിനോട് ഞാനും യോജിക്കുന്നു. എന്നാൽ അവർക്ക് റിക്ഷാവലിയിൽനിന്നും കിട്ടുന്ന ആദായം മററ് എന്തെങ്കിലും തൊഴിലിൽനിന്ന് കിട്ടത്തക്കവണ്ണം ഉള്ള പരിതസ്ഥിതികൾ സൃഷ്ടിച്ച് റിക്ഷാസമ്പ്രദായം നിറുത്തുകയാണെങ്കിൽ അതു നന്നായിരിക്കും. വേറെ ഒന്ന് ഈ റിക്ഷാവലിക്കുന്നവർ സാധാരണ വിദ്യാഭ്യാസമില്ലാത്തവരും വാഹനങ്ങൾ ധാരാളം വന്നിറങ്ങുന്ന സ്ഥലങ്ങളിൽ മാത്രം എപ്പോഴും നിൽക്കേണ്ടവരും ആണ്. വളരെ പ്രയാസപ്പെട്ടു പണി ചെയ്താൽ കിട്ടുന്നതു് തുച്ഛമായ കൂലിയാണ്. ആ കൂലി അവരുടെ കുടുംബങ്ങൾക്കു കഴിഞ്ഞുകൂടുവാൻപോലും പര്യാപ്തമല്ല. ഈ കാരണങ്ങൾകൊണ്ട് അവരെ റിക്ഷാനികുതിനിയമത്തിൽനിന്നും ഒഴിവാക്കണമെന്നാണ് എനിക്ക് ഗവമ്മെണ്ടിനെ അറിയിക്കുവാനുള്ളതു്. അതുപോലെതന്നെ ടൗണിലെ പ്രധാനകേന്ദ്രങ്ങളിൽനിന്നും വളരെദൂരെ താമസിക്കുന്ന ആളുകൾ അവരുടെ ജോലിസ്ഥലത്തേക്ക് പത്തോ അൻപതോ രൂപാകൊടുത്തു് സൈക്കിൾവാങ്ങിച്ച് പോകാറുണ്ട്. ഈ സൈക്കിളുകൾക്ക് നികുതിവച്ചിരിക്കുന്നു. അതും തീരെ നന്നല്ല. അതിനാൽ സൈക്കിളിനേയും റിക്ഷാവണ്ടികളേയും ഈ ടാക്സിൽനിന്നും ഒഴിവാക്കണമെന്ന് ഞാൻ ഗവമ്മെണ്ടിനെ അറിയിച്ചുകൊള്ളുന്നു.

The Hon'ble Sri. E. John Philipose: Sir, This Bill is essentially a taxation bill but in the discussion pertaining to this bill various other matters have been brought into light. At present I do not propose to deal with those things.

I shall first deal with what has been said about Clauses 17 and 18. Clause 18 gives power to Government by notification in the Gazette to amend alter, add to or cancel in Part or the whole of Schedule I, II or III appended to this Act. Another point was raised here whether the Government would be competent to introduce additional taxation without consulting this House as at present devised. Speaking for myself I definitely hold the view that the Government should not introduce any additional taxation without consulting this House, but as far this Clause is concerned it is intended if and when the Government deems it necessary to modify this Schedule so that relief may be provided. If at any time Government thinks that any of the tax that are being levied may be remitted Government should have the power to do so. It is in that light that the Section should be viewed. As far as Clause 17 is concerned this is a matter relating to the rule making powers of Government which may be discussed in the Select Committee. With regard to the taxation proposal that are mentioned here and which has brought in a lot of discussion I may remind the House that as far as these proposals are concerned they were sanctioned by this House in the Budget Session. A point has been raised particularly with regard to cycles and bullock-cart. As far as cycles are concerned the taxation that is imposed on a cycle is only Rs. 3 which works out to As. 4 a month. If the Select Committee thinks that this is a great burden on the users of cycles probably they might be induced to make any alteration.

Sri. A. Thanu Pillai: Has the Government any idea about the number of cycles?

The Hon'ble Sri. E. John Philipose: No.

ശ്രീ. കെ. എ. മാത്യു: നാലണവീതം മാസംതോറും കൊടുത്താൽ മതിയൊ അതൊ ന്ന രൂപാഒരുമിച്ചുകൊടുക്കണൊ?

The Hon'ble Sri. E. John Philipose: That will only lead to considerable expenditure as far as the establishment charges are concerned. In any case if a man is prepared to pay As. 4 each month rather pay Rs. 3 in a year I think Government can have no objection. As far as bullock-carts are concerned, that also is a matter on which the Select Committee can decide. But it may be remembered that as far as bullock-carts are concerned the tax works out only two about 6 or 7 annas in a month. If Hon'ble Members feel that this is too heavy a burden on the poor agriculturists. I hope the Select Committee would make necessary alterations.

As far as rickshas are concerned the tax works out to only Ps. 3 a day and I do not think it is a very heavy rate. As regards the banning of rickshaws is concerned it is a matter of general policy throughout and it has another point of view that such banning would throw many people out of employment. I think there is a general move throughout India to ban rickshaws. These are matters on which I think we cannot do anything straight away now. Another point was raised by Mr. Poulose that any Magistrate may be authorised instead of a second class Magistrate for the trial of any offence under this Act. This is also a matter which can be discussed in the Select Committee. A more important point that was raised was probably the question of levying toll. That, this House can rest assured that as far as tolls are concerned this Government will not impose any toll unless it be for the purpose of recouping any extra expenditure involved in respect of certain bridges. That will be exercised only in very exceptional cases and in fact I do not at present visualize anything like that. I hope this House will be satisfied with this assurance. Then the question was raised that under Section 14 while saying that local bodies shall not have the right to levy any toll or tax why should there be a proviso empowering Government by Notification in the Gazette to authorise any local bodies to levy tax or toll. That also is a matter I may assure the House, which the Government will not execise except in very exceptional cases and under very exceptional circumstances. With regard to the question of taxation on buses and things like that, those are all matters which we had decided in the Budget Session and Government had committed to these financial proposals. At this time of the year it would not be right for the House to refuse those Budget proposals. For the information of the House, I may say that Government have decided that the reserve buses that are not running simultaneously with buses that already run, will be exempted from tax. Another question was raised why collection of tax should not be decentralised. That also is a matter under the consideration of Government. It is more an administrative matter and Government are thinking of effective means of avoiding inconveniences that may be caused by the present system of issue of licenses. I do not think that I need say anything more. I move that this Bill be referred to a Select Committee consisting of (1) the Attorney General (2) Hon. the Minister for Finance Mr. A. J. John, (3) Sri. E. P. Poulose (4) Sri. M. Raman Pillai (5) Sri. P. Kunhukrishnan (6) Sri. P. Thanulingam Nadar (7) Sri. K. C. M. Mather and (8) Sri. Philipose Muthalali. The quorum will be 4. In view of the urgency of this measure, I hope that S. O. 35 will be suspended and that the Select Committee will submit its report, within five days.

Sri. A. Thanu Pillai: The mention of the Attorney-General may be changed into the name of Hon'ble Member concerned.

The Hon'ble Sri. E. John Philipose: I think as far as the Attorney-General is concerned, the Attorney is Attorney-General because he is a member of this House. Under present condition there will be no Attorney-General who is not a member of this House.

Sri. A. Thanu Pillai: My contention is not that he is Attorney-General because he is a member nor that he is a member because he is Attorney-General. Sri. Gangadhara Menon is a member of this House and he can very well be a member of the Select Committee. I think that the mention of the name will be better because under some law, the Law Officer can take part in the Assembly proceedings. For instance, the Advocate-General can address the House, take part in the discussions but cannot vote simply because he is the Advocate-General. Here there is no provision like that. Let us not make unnecessary mistakes.

The Hon'ble Sri. E. John Philipose: The Attorney-General is Attorney-General because he is a member of this House. It has been the practice of this House when he goes to a Select Committee, he goes as Attorney-General.

An Hon'ble Member: What is the authority for this.

The Hon'ble Sri. E. John Philiphose: The authority is the Government declaration on that point and as far as the practice is concerned, even in the case of the Bill which has been

recently referred to a Select Committee, viz., the motor vehicles Bill, it was definitely stated that the Attorney-General shall be a member. Even in respect of the previous Bill it was Attorney-General and I do not think at this stage there should be any changes.

Sri. C. V. Iyyu : I should like to say a few words in this respect. I wanted to give certain information. In England whenever the Attorney-General goes to a Committee he is mentioned by name.

Mr. Speaker : Either way it does not seriously affect the merits of the case. I would however invite the attention of the House to S. O. 33 where it is said that the Minister concerned with the Bill, the Hon'ble Member who introduces the Bill and the Minister of Law shall be the members of the Select Committee. There is no mention that the Attorney-General shall necessarily be a member of the Select Committee. Therefore the better cause appears to be to say that Sri. K. A. Gangadhara Menon, the Attorney-General, will be a member of the Select Committee.

Now the question is that the Bill be referred to a Select Committee as moved by the Hon'ble Minister in charge of the Bill.

The motion was put and carried

THE UNITED STATE OF TRAVANCORE AND COCHIN PANCHAYATS BILL

ബഹു. ശ്രീ. കെ. അയ്യപ്പൻ: സർ, തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാന പഞ്ചായത്ത് ബില്ല് ഞാൻ ഇവിടെ അവതരിപ്പിക്കുന്നു. ഗ്രാമസ്വയംഭരണം സംബന്ധിച്ചുള്ള നിയമം പരിഷ്കരിച്ചു കാലാനുകൂലമാക്കുന്നതിനുള്ള ശ്രമം ഐക്യസംസ്ഥാനത്തിന്റെ തിരുവിതാംകൂർ വിഭാഗത്തിലും കൊച്ചി വിഭാഗത്തിലും ഇതാനം കൊല്ലങ്ങൾക്കുമുമ്പുതന്നെ തുടങ്ങി. കൊച്ചിയിൽ ഇതിന് ഒരു ആക്ട് പാസ്സായിട്ടുണ്ട്. തിരുവിതാംകൂറിൽ ഒരു ബില്ല് സെലക്ട് കമ്മിറ്റിക്ക് വയ്ക്കപ്പെട്ടിട്ടുണ്ടായിരുന്നു. അതിനുശേഷം ഇൻറിമ്പ്രേഷൻ വന്നു. ഈപ്പോൾ ഐക്യസംസ്ഥാനത്തിന് പൊതുവായ ഒരു ഗ്രാമസ്വയംഭരണ നിയമം ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത മനസ്സിട്ടു. അതുകൊണ്ടാണ് ഇപ്പോൾ ഈ ബില്ല് കൊണ്ടുവന്നിരിക്കുന്നത്. തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ഗ്രാമസ്വയംഭരണ സ്ഥാപനങ്ങൾ രാജ്യത്തിന്റെ എല്ലാഭാഗങ്ങളിലും ഇല്ല. ഉള്ളതുതന്നെയും രണ്ടു മൂന്നു വിധത്തിലാണ്. കൊച്ചിയെ സംബന്ധിച്ചിടത്തോളം എല്ലാ സ്ഥലങ്ങളിലും പഞ്ചായത്തുകൾ വന്നിട്ടുണ്ട്. ഈ വ്യത്യസ്തത മാററണമെന്ന് ഗവൺമെണ്ടിന് ഉദ്ദേശമുണ്ട്. മുനിസിപ്പൽ പ്രദേശങ്ങൾ ഒഴിച്ചാൽ സ്വയംഭരണമുള്ള പഞ്ചായത്തുകളില്ലാത്ത ഒരു പ്രദേശവും ഈ രാജ്യത്തു പാടില്ലെന്നാണ് ഗവൺമെണ്ട് ഉദ്ദേശിക്കുന്നത്. ഇപ്പോഴത്തെ സമ്പ്രദായത്തിൽ ചില പ്രദേശങ്ങളിൽ ഗ്രാമോദ്ധാരണ പദ്ധതികൾ ഉണ്ടായിരിക്കും. എന്നാൽ മററു ചില പ്രദേശങ്ങളിൽ ഒന്നു തന്നെ ഉണ്ടായിരിക്കുകയില്ല. ഈ സമ്പ്രദായം മേലാൽ പാടില്ല. മുൻസിപ്പൽ പ്രദേശങ്ങൾ ഒഴിച്ചുള്ള എല്ലാ പ്രദേശങ്ങളിലും പഞ്ചായത്തുകൾ സ്ഥാപിക്കുകയും ആ പഞ്ചായത്തുവഴി ഗ്രാമസ്വയംഭരണമാർഗ്ഗങ്ങളിൽ കൂടി ഗ്രാമോദ്ധാരണവേലകൾ നടത്തുന്നതിനുള്ള ഏർപ്പാടുകൾ നടപ്പിലാക്കുകയും ചെയ്യണമെന്നാണ് ഗവൺമെണ്ട് ഉദ്ദേശിക്കുന്നത്. ഈ ആശയങ്ങളെല്ലാം മുൻനിറുത്തിയുള്ള ഒരു ബില്ലാണ് ഇപ്പോൾ ഈ സഭ മുമ്പാകെ കൊണ്ടുവന്നിരിക്കുന്നത്.

ഈ ബില്ലിൽ പ്രധാനമായി നോക്കുവാനുള്ളത്, ഗ്രാമങ്ങളിലെ കാര്യങ്ങളെല്ലാം നോക്കുന്നതിനുള്ള പഞ്ചായത്തിന്ന് എന്തെല്ലാം കൃത്യങ്ങൾ ചെയ്യുവാനുണ്ടായിരിക്കും, ആ കൃത്യങ്ങൾ ചെയ്യുന്നതിന് എത്രമാത്രം അധികാരം ഉണ്ടായിരിക്കും. ആ അധികാരംകൊണ്ട് കൃത്യങ്ങൾ ചെയ്യുന്നതിനുള്ള സാമ്പത്തിക ശക്തി എത്ര ഉണ്ടായിരിക്കും എന്നീ മൂന്നു നിലകളാണ്. ഗ്രാമത്തിന്റെ നാനാമുഖങ്ങളായ അഭിവൃദ്ധിക്കു വേണ്ട കൃത്യങ്ങൾ എല്ലാം നടത്തുന്നതിനും അതിന് വേണ്ടിടത്തോളമുള്ള നിയന്ത്രണങ്ങളോടുകൂടിയ അധികാരങ്ങൾ പഞ്ചായത്തുകൾക്ക് ഉണ്ടായിരിക്കുന്നതിനും ഈ ബില്ലിൽ വ്യവസ്ഥകൾഉണ്ട്. ജനങ്ങൾ സ്വയം തയ്യാറാകുകയാണെങ്കിൽ ഫണ്ടിനു ക്ഷാമം വരാത്തമാതിരി, നികുതിപിരിവിനുള്ള അധികാരങ്ങളും ഈ ബില്ല് പഞ്ചായത്തുകൾക്ക് കൊടുക്കുന്നുണ്ട്. ഇതിലെ ചിലവ്യവസ്ഥകളെപ്പററി വളരെ വാദത്തിന് ഇടയുണ്ട്. വലിയവിദഗ്ദ്ധന്മാർ തമ്മിൽതന്നെയും ഈവക പലകാര്യങ്ങളിൽ അഭിപ്രായവ്യത്യാസം വരും.

ഒരു ഉദാഹരണം പറയാം. ഈ ഗവൺമെണ്ടിന് ഒരു പഞ്ചായത്തിനോ പല പഞ്ചായത്തുകൾക്കായിട്ടോ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാരെ നിയമിക്കാവുന്നതാണെന്ന് ഒരു വ്യവസ്ഥ ഈ ബില്ലിലുണ്ട്. ഇതിനെപ്പററി രണ്ടഭിപ്രായവ്യത്യാസം വരാം. സ്വയം

[The Hon'ble K. Ayyappan]

ഭരണതത്വത്തിനു വിപരീതമായ ഒരു വകുപ്പാണ് ഇതെന്നു ഒരു കക്ഷി വാദിക്കും. സ്വയംഭരണത്തിന്റെ രക്ഷക്കു ചെയ്യുവാനുള്ള പ്രായോഗികമായ ഒരേപ്പാടാണ് ഇതെന്നു വേറൊരു കക്ഷി വാദിക്കും. പശ്ചാത്യ രാജ്യങ്ങളിലെ സ്വയംഭരണസമ്പ്രദായം നോക്കിയാൽ മിക്കവാറും രാജ്യങ്ങളിൽ ഏതെങ്കിലും പ്രകാരത്തിൽ ഇങ്ങനെയുള്ള എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാരോ അഡ്മിനിസ്ട്രേറ്റന്മാരോ ഉള്ളതായിട്ടുകാണാം.

ശ്രീ. സി. നാരായണപിള്ള: ഇംഗ്ലണ്ടിൽ ഉണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഇംഗ്ലണ്ടിലും ഉണ്ട്. എന്നാൽ അവിടെ ഇന്നത്തെ നില എങ്ങിനെയാണെന്നു നിശ്ചയമില്ല. മുനിസിപ്പാലിറ്റികളിൽ കമ്മീഷണന്മാർ വേണമെന്നും വേണ്ടന്നും വാദമുണ്ട്. എന്നാൽ കോൺഗ്രസ് ഗവമ്മെണ്ട് വന്നശേഷവും കമ്മീഷണർമാർ വേണ്ടെന്നുവെച്ചിട്ടില്ല. ഞാനറിഞ്ഞിട്ടുള്ളിടത്തോളം നമ്മുടെ ഐക്യസംസ്ഥാനത്തുള്ള മുനിസിപ്പാലിറ്റികളിൽ പൊതുവായി കമ്മീഷണറന്മാരെപ്പററി അഭിപ്രായവ്യത്യാസമുണ്ടെങ്കിലും കമ്മീഷണറന്മാർ വേണമെന്നുള്ള അഭിപ്രായമാണ് സാമാന്യമായി ഇന്നു കണ്ടുവരുന്നത്.

Sri. M. Bhaskara Menon : That is not so.

The Hon'ble Sri. K. Ayyappan : It is so. Perhaps the Hon'ble Member is speaking from his own experience.

Sri. M. Bhaskara Menon : Three municipal committees had passed resolutions that there should not be an executive authority.

Mr. Speaker : Will the Hon'ble member please resume his seat?

Sri. M. Bhaskara Menon : Three municipal committees passed resolutions that there should not be executive authority.

Mr. Speaker : I wanted the member to resume his seat. Without doing so the Hon'ble member was continuing the discussion. Shall I take it he has stopped?

Sri. M. Bhaskara Menon : Yes.

Mr. Speaker : How is it that the member did not in the first instance pay heed to the direction from the chair?

Sri. M. Bhaskara Menon : I wanted to express my opinion.

Mr. Speaker : I hope the Hon'ble member knows that the directions from the chair are not to be discarded.

Sri. M. Bhaskara Menon : I ask your pardon for not doing so earlier.

Mr. Speaker : No discussion much less any altercation can be allowed. If any Hon'ble member desires to contradict a statement that is being made by another member who is on his legs that cannot be done unless the member speaking is prepared to yield. The member desiring to offer any explanation or correction may, however, do so, with permission, after the other member has resumed his seat after closing his speech. This has to be borne in mind with a view to the carrying on of orderly discussion and the avoidance of unnecessary confusion.

ബഹു. ശ്രീ. കെ. അയ്യപ്പൻ : സർ, റസല്യൂഷൻ ചില കോൺഫറൻസുകളിൽ പാസ്സാക്കിയിട്ടില്ലെന്നു ഞാൻ വാദിക്കുന്നില്ല. സാമാന്യമായി ഞാൻ അറിയുന്ന അഭിപ്രായഗതിയെപ്പററിയാണ് പറഞ്ഞത്. ഞാൻ ആദ്യംതന്നെ പറഞ്ഞു കമ്മീഷണറന്മാരുടെ കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടായിരിക്കുമെന്ന്. എങ്കിലും കമ്മീഷണറന്മാർ ആവശ്യമുണ്ടെന്നുള്ള അഭിപ്രായമാണ് പല മുനിസിപ്പാലിറ്റികളിലേയും യോഗങ്ങളിൽ സംബന്ധിച്ചപ്പോൾ അവിടെ നടന്ന ചില സംഭാഷണങ്ങളിൽനിന്നും എനിക്കു മനസ്സിലായിട്ടുള്ളത്. ഇയ്യിടെ തൃശ്ശൂർവച്ച് കൊച്ചി മുനിസിപ്പാലിറ്റികളിലെ പ്രതിനിധികളടങ്ങിയ ഒരു സമ്മേളനം നടക്കുകയുണ്ടായി. അതിലും പൊതുവെ കമ്മീഷണറന്മാർ വേണ്ടെന്നുള്ള അഭിപ്രായമല്ല ഉണ്ടായത്. കമ്മീഷണറന്മാരുടെ അധികാരങ്ങൾ എത്രത്തോളമുണ്ടായിരിക്കണം, അവരുടെ പെരുമാററങ്ങൾ ഏതു തരത്തിലായിരിക്കണമെന്നുള്ള കാര്യങ്ങളെപ്പററി മാത്രമെ അവർ പറഞ്ഞിട്ടുള്ളൂ ഞാനിപ്പോഴും പറയുന്നത് രണ്ടഭിപ്രായമുണ്ട് എന്നുതന്നെയാണ്. മുനിസിപ്പാലിറ്റികളിൽതന്നെ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാർ തീരെ പാടില്ലെന്നുള്ള അഭിപ്രായവുമുണ്ട് വേണമെന്നുള്ള അഭിപ്രായവുമുണ്ട്. അതു ബഹുമാനപ്പെട്ട ഈ സഭ തീർച്ചയാക്കേണ്ട കാര്യമാണ്. വിവാദവിഷയമായ ഒരു വ്യവസ്ഥ ഇതിലുണ്ടെന്നു പറയുവാനാണ് ഇതിനെപ്പററി ഇത്രയും എടുത്തു പറഞ്ഞത്.

വേറൊരു സംഗതികൂടിയുണ്ട്. പ്രസിഡണ്ടന്മാരേയും വൈസ് പ്രസിഡണ്ടന്മാരേയും തിരഞ്ഞെടുക്കുന്നകാര്യമാണ് അതു. പ്രസിഡണ്ടിനെ പഞ്ചായത്തുതന്നെ തിരഞ്ഞെടുക്കുന്ന വ്യവസ്ഥയാണ്, ഇപ്പോൾ ഈ ബില്ലിൽ വച്ചിട്ടുള്ളതു്. മദിരാശിയിലെ ബില്ലിൽ പ്രസിഡണ്ടുസ്ഥാനത്തിനുവേണ്ടി പൊതുതിരഞ്ഞെടുപ്പിനു അവർ നില്ക്കണമെന്നാണ് വ്യവസ്ഥ. അതിനെപ്പററിയും ഇവിടെ വാദം വരും. പ്രസിഡണ്ടിനെ വോട്ടേഴ്സ്തന്നെ തിരഞ്ഞെടുത്തയച്ചാൽ അവർ ഒരു കക്ഷിയിലും ചേരാത്ത ആളുകളുമായി തീരുവാനിടയുണ്ട് എന്ന ഒരഭിപ്രായവുമുണ്ട്. അതിനെ സംബന്ധിച്ചു വേറൊരു അഭിപ്രായമുള്ളതു് പ്രസിഡണ്ടിനെ പഞ്ചായത്തുതന്നെ തിരഞ്ഞെടുത്താൽ ഉള്ളതിൽ ഏററവും നല്ല ഒരാൾ വരുവാനിടയുണ്ട് എന്നാണ്. അതുകൊണ്ടു് ഇതു രണ്ടിലും ഏതാണ് നല്ലതെന്നുള്ളതിൽ അഭിപ്രായവ്യത്യാസം വരും അമേരിക്കൻ പ്രസിഡണ്ടിന്റെ തിരഞ്ഞെടുപ്പു ദൃഷ്ടാന്തമായി പഞ്ചായത്തു തിരഞ്ഞെടുപ്പിൽ എടുത്തു, ഒരു ചെറിയ വൃത്തത്തിലുള്ളതായ പഞ്ചായത്തുകളിൽ വോട്ടർമാർതന്നെ പ്രസിഡണ്ടുമാരെ തിരഞ്ഞെടുക്കുന്നതു് എങ്ങിനെ വരുമെന്നുള്ളതു വളരെ ഗൗരവമായി ചിന്തിക്കേണ്ട കാര്യമാണ്. ഒരു ഇളക്കത്തിൽപെട്ടു വോട്ടർമാർ കൊള്ളരുതാത്ത ഒരാളെ തിരഞ്ഞെടുത്തു എന്നു വരാൻ പാടില്ലായ്കയില്ല. അങ്ങിനെ വരികയാണെങ്കിൽ അതു് ആ പഞ്ചായത്തുകൾക്ക് വലിയ ഒരു ഉപദ്രവമായി തീരും. ഈവക സംഗതികളെല്ലാം ആലോചിച്ചതിന്റെശേഷമാണ് പഞ്ചായത്തുതന്നെ പ്രസിഡണ്ടിനെ തിരഞ്ഞെടുത്താൽ മതിയെന്നു ഈ ബില്ലിൽ നിർദ്ദേശിച്ചതു. ഇതും ഈ ബഹുമാനപ്പെട്ട സഭ ആലോചിച്ചു തീർച്ചയാക്കേണ്ട ഒരു കാര്യമാണ്. ഇതെല്ലാം വിവാദവിഷയങ്ങളായതുകൊണ്ടാണ് ഞാൻ ഇപ്പോൾതന്നെ എടുത്തുപറയുന്നതു്.

ശ്രീ. എ. താണുപിള്ള: കൊച്ചിയിൽ എല്ലാംകൂടി എത്ര പഞ്ചായത്തുകൾ ഉണ്ട്?

ബഹു. ശ്രീ. കെ. അയ്യപ്പൻ: കൊച്ചിയിൽ ഒരുകെ ഏ ാ പഞ്ചായത്തുകൾ ഉണ്ട്.

ശ്രീ. എ. താണുപിള്ള: തിരുവിതാംകൂറിൽ എത്ര പഞ്ചായത്തുകൾ ഉണ്ട്?

ബഹു. ശ്രീ. കെ. അയ്യപ്പൻ: തിരുവിതാംകൂറിൽ ഒരുകെ ഏഴ് പഞ്ചായത്തുകളും ഏ ാ ാൽ ചിലപ്പോൾ വില്ലേജ് യൂണിയനുകളും ഉണ്ട്.

ശ്രീ. എ. താണുപിള്ള: എത്ര പഞ്ചായത്തുകൾ ഉദ്ദേശം ഉണ്ടാക്കേണ്ടിവരും.

ബഹു ശ്രീ. കെ. അയ്യപ്പൻ: അതിന്റെ പരിധികൾ ഒന്നും ആക്ടിൽ ക്ലിപ്തപ്പെടുത്തിയിട്ടില്ല. ചട്ടംകൊണ്ടു് ക്ലിപ്തപ്പെടുത്തുവാൻ വിട്ടിരിക്കയാണ്.

ശ്രീ. എ. താണുപിള്ള: കൊച്ചിയിലെ പഞ്ചായത്തുകളുടെ അടിസ്ഥാനം എന്താണ്?

ബഹു. ശ്രീ. കെ. അയ്യപ്പൻ: കൊച്ചിയിൽ പഞ്ചായത്തിന്നു ഇത്ര വിസ്തീർണ്ണം ഇത്ര ജനസംഖ്യ എന്നു വ്യവസ്ഥയില്ല. ഇത്രജനസംഖ്യക്കു ഇത്ര മെമ്പർമാർ എന്ന വ്യവസ്ഥയുണ്ട്. ശരിയായ എണ്ണവും മററും ഇപ്പോൾ ഓർക്കുന്നില്ല.

ഈ പഞ്ചായത്തുകളുടെ കൃത്യങ്ങളെപ്പററി പറയുകയാണെങ്കിൽ ഒരു ഗ്രാമത്തിൽ വൈദ്യസഹായപരമായും, കൃഷിസംബന്ധമായും, ഇറിഗേഷൻ സംബന്ധമായും, ഗതാഗതസംബന്ധമായും, പൊതുജനാരോഗ്യസംബന്ധമായും, പ്രൈമറി വിദ്യാഭ്യാസ സംബന്ധമായും, പരസ്പരസഹായപരമായും, വ്യവസായപരമായും വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ ഈ ബില്ലിൽ കൊള്ളിച്ചിട്ടുണ്ട്. അതു ചെയ്യാൻ അധികാരങ്ങളും കൊടുത്തിട്ടുണ്ട്. റോഡുകൾ, ചന്തകൾ, സ്ലാട്ടർ ഹൌസ് കാർട്ട്സ്റ്റാൻറ് മുതലായവയെല്ലാംതന്നെ പഞ്ചായത്തിന്റെ കീഴിൽവരും. ചുരുക്കത്തിൽ പറയുകയാണെങ്കിൽ മിനിയേച്ചർ മുനിസിപ്പാലിററികളായിരിക്കും പഞ്ചായത്തുകൾ. ഈ ഏർപ്പാടുകൾ എല്ലാം നോക്കുകയാണെങ്കിൽ ഓരോ ഗ്രാമത്തിനും സ്വയം ഭരണത്തിൽക്കൂടി അവക്കു ആവശ്യമായ കാര്യങ്ങൾ എല്ലാം നടത്തുന്നതിന് വളരെ എളുപ്പമായി സാധിക്കുന്നതാണ്.

രണ്ടു സംഗതികൾ ഇതിൽനിന്നും മാററിയിട്ടുണ്ട്. സിവിൽ അധികാരങ്ങളും ക്രിമിനൽ അധികാരങ്ങളും ചില സ്ഥലങ്ങളിൽ കൊടുത്തിട്ടുള്ളതായി ചില ബില്ലിൽ കാണുന്നു. അതു ഇപ്പോൾ ഇവിടെ കൊടുത്തിട്ടില്ല കൊച്ചിയിൽ ആദ്യം അതുണ്ടായിരുന്നു എന്നാൽ ഇപ്പോൾ അതില്ല. അവിടെ പഞ്ചായത്തുകോടതികളിലെ അനുഭവം കണ്ടതിന്റെശേഷം പഞ്ചായത്തിൽനിന്നും അതു മാററുകയാണ് ചെയ്തതു്. സിവിൽ അധികാരം കൊടുക്കേണ്ട എന്നുവെച്ചു സ്ഥിതിക്കു ക്രിമിനൽ അധികാരങ്ങളുടെ കാര്യം പ്ര

[The Hon'ble Sri. K. Ayyappan]

ത്യേകം പറയേണ്ടതില്ല. ഇതാണ് സാമാന്യമായി എനിക്കു ഈ ബില്ലിനെപ്പററി പറയാനുള്ളത്. സെലക്ററ കമ്മിററിയിൽവച്ച് ഇതിന് ആവശ്യമായ ഭേദഗതികൾ വരുത്താവുന്നതാണ്.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ശ്രീ. സി. നാരായണപിള്ള: വളരെ പ്രാധാന്യമർഹിക്കുന്ന ഒരു നിയമമാണ് ഈ സഭയുടെ മുമ്പിൽ ഹാജരാക്കിയിരിക്കുന്നത് എന്ന് എനിക്കറിയാം. അതുകൊണ്ട് ഈ നിയമത്തോടു പരിപൂർണ്ണമായി യോജിക്കുന്നതിനെനിക്കു സന്ദേഹം അശേഷമില്ല. എന്നാൽ മൗലികമായ കാര്യങ്ങളിൽ വളരെ ഭേദഗതികളോടുകൂടി മാത്രമേ ഈ നിയമം പാസ്സാക്കുവാൻ പാടുള്ളൂ എന്നൊരഭിപ്രായം എനിക്കുണ്ട്. ഇൻഡ്യയിൽ ഒരു പഞ്ചായത്തുരാജ് ഉണ്ടാകണമെന്നുള്ളതായിരുന്നു രാഷ്ട്രപിതാവായ മഹാത്മാഗാന്ധിജിയുടെ അഭിലാഷം എന്നു നമുക്കറിയാം. എന്നാൽ പുതിയ ഭരണഘടന നിർമ്മിച്ചപ്പോൾ പഞ്ചായത്തു തന്ത്രങ്ങൾ ഉണ്ടാകണമെന്നുള്ള ആശയം ആ ഭരണഘടനയിൽ ഇല്ല എന്ന ആക്ഷേപങ്ങൾ ധാരാളം ഉണ്ടായിട്ടുണ്ട്. ഒരു ഘട്ടത്തിൽ പണ്ഡിററ് ജവഹർലാൽ നെഹറുതന്നെ ഒരു മഹായോഗത്തിൽ പ്രസംഗിച്ചപ്പോൾ പറഞ്ഞതു് ഈ പഞ്ചായത്തുഭരണം സമ്പൂർണ്ണതയുടെ പാരമ്യമാണെന്ന് ആരും തെററിദ്ധരിക്കേണ്ടതില്ലെന്നാണ്.

ആദ്യമായി എനിക്കിവിടെ പറയാനുള്ളതു് ഈ സഭയുടെ മുമ്പാകെ അവതരിപ്പിച്ചിരിക്കുന്ന ഈ പഞ്ചായത്തു ബില്ല നാം ഇന്നു പരിപൂർണ്ണമായി അംഗീകരിച്ചുകഴിഞ്ഞിട്ടുള്ള ജനകീയ സിദ്ധാന്തങ്ങളുടെ ഒരു നിഷേധമാണെന്നാണ്. അതിലേക്കു ഞാൻ ഒന്നുരണ്ടു ഉദാഹരണങ്ങൾ പറയാം. ഒന്നാമതായി ഒരു പഞ്ചായത്തംഗത്തിന് സാക്ഷരത്വം ഒഴിച്ചുകൂടാൻ വഹിയാത്ത ഒരു യോഗ്യതയായി ഇതിൽ കൊള്ളിച്ചിട്ടുണ്ട്. ഈ നിയമസഭയിലേക്കു തെരഞ്ഞെടുക്കപ്പെടുന്ന ആളുകൾക്കുതന്നെ സാക്ഷരത്വം എന്ന യോഗ്യത ആവശ്യമില്ലെന്നു ഭരണഘടന നിശ്ചയിക്കയും പ്രായപൂർത്തി വോട്ടാവകാശം സാർവ്വത്രികമായി അംഗീകരിക്കയും ചെയ്തിട്ടുണ്ട്. ഈ രാജ്യത്തു നിയമം നിർമ്മിക്കുന്ന സാക്ഷരത്വം ആവശ്യമില്ലെന്നിരിക്കെ ഒരു ഗ്രാമത്തിലെ പഞ്ചായത്തംഗങ്ങൾക്കു സാക്ഷരത്വം വേണമെന്നു പറയുന്നതു് എന്തൊരാൾക്കും ആശ്ചര്യകരമായി തോന്നിയേക്കാം. ഒരു സംഗതി ഞാൻ പറയാം. നിയമസഭാസാമാജികന്മാർക്ക് സാക്ഷരത്വം നിർബ്ബന്ധിതമല്ലെങ്കിൽ പഞ്ചായത്ത അംഗത്തിന് സാക്ഷരത്വം വേണമെന്നു വാദിക്കുന്നതു് യുക്തിശൂന്യമാണ്. നിയമം കൈകാര്യം ചെയ്യുന്നവർക്കു വക്കീൽ എന്ന നിലക്കോ ജഡ്ജി എന്ന നിലക്കോ അഡ്വക്കേററു എന്ന നിലക്കോ ചില പരീക്ഷായോഗ്യതകൾ ആവശ്യമാണ്. എന്നാൽ ആ നിയമങ്ങൾ നിർമ്മിക്കുന്ന ഈ സഭയിലെ അംഗങ്ങൾക്ക് പ്രായപൂർത്തിയല്ലാതെ ഒരു യോഗ്യതയുമാവശ്യമില്ലെന്നു പറയുന്നതു് പരിതാപകരമാണെന്നു ഞാനും സമ്മതിക്കാം. പക്ഷേ ആ തത്വം നിസ്സന്ദേഹമായി നാം അംഗീകരിച്ചു കഴിഞ്ഞിരിക്കയാണ്. പ്രായപൂർത്തി വോട്ടവകാശതത്വം പുനഃപരിശോധന ചെയ്യുവാൻ നമുക്കവകാശമില്ല. ആ തത്വം അംഗീകരിച്ചു 21 വയസ്സു പൂർത്തിയാകുന്ന ഏതൊരു പുരുഷനും സ്ത്രീക്കും നിയമസഭാ സാജാജിക സ്ഥാനത്തിന് അർഹതയുണ്ടെന്ന തീരുമാനിച്ചതിനുശേഷം ഈ പഞ്ചായത്തു ബോർഡിലേക്കുള്ള തെരഞ്ഞെടുപ്പിന് സ്ഥാനാർത്ഥികൾക്ക് സാക്ഷരത്വം ഉണ്ടായിരിക്കണമെന്ന് നിർദ്ദേശിക്കുന്നതു് ജനാധിപത്യസിദ്ധാന്തങ്ങൾക്കു വിരുദ്ധമായിരിക്കുമെന്നാണ് എന്റെ വാദം. അതുകൊണ്ട് മാത്രമാണ് ഞാൻ ഈ വ്യവസ്ഥയെ എതിർക്കുന്നതു്.

സർ, മറെറാന്ന് എനിക്കു പറയുവാനുള്ളതു് ഈ ബില്ല് ഇന്ന് ഇൻഡ്യയിൽ നിലവിലുള്ള മുനിസിപ്പൽ നിയമങ്ങളുടെ കേവലം ഒരു പകർപ്പെഴുത്ത് മാത്രമാണെന്നാണ്. തിരുവിതാംകൂറിലേതായാലും ശരി ഇൻഡ്യൻ യൂണിയനിലേതായാലും ശരി ഇൻഡ്യയിൽ മറെറവിടെയുള്ളതായാലും ശരി ബ്രിട്ടീഷ് ഭരണത്തിന്റെ കീഴിൽ കരുപ്പിടിച്ച മുനിസിപ്പൽനിയമങ്ങൾ മാത്രമാണവ. വിദേശഭരണാധികാരികൾ അവർ സംശയദൃഷ്ടിയോടുകൂടി വീക്ഷിച്ചുകൊണ്ടിരുന്ന ഒരു ജനതയുടെ ആവശ്യത്തിനു വേണ്ടി കരുപ്പിടിച്ച നിയമങ്ങളെ അടിസ്ഥാനമാക്കി സ്വതന്ത്രഇൻഡ്യയിലെ ഒരു ജനകീയഗവൺമെന്റ് നിയമനിർമ്മാണം ചെയ്യണമോ എന്ന കാര്യം നാം പ്രത്യേകം പരിചിന്തിക്കേണ്ടതാണ്. ബ്രിട്ടീഷ് ഗവൺമെന്റ് അഥവാ ഒരു വിദേശശക്തി ഇൻഡ്യ ഭരിച്ച കാലത്തു് ജനകീയാഭിലാഷങ്ങളേയും ജനകീയസിദ്ധാന്തങ്ങളേയും വിഗണിച്ചുകൊണ്ടും നാമമാത്രമായ ഭരണാധികാരങ്ങളും ഉത്തരവാദിത്വങ്ങളും മാത്രം ജനങ്ങൾക്കു നൽകിയും പ്രവർത്തിച്ചുപോന്നിരുന്നുവെന്നു നമുക്കറിയാം. ആ രീതിക്ക് അനുസരണമായി ഉണ്ടാക്കിയിട്ടുള്ള മുനിസിപ്പൽ നിയമങ്ങ

ളാണ് ഇൻഡ്യയിൽ എല്ലായിടത്തും നിലവിലുള്ളത്. അത്തരം ബില്ലുകൾതന്നെ ഇനിയും ഏതി ഉണ്ടാക്കേണ്ട ആവശ്യമെന്തെന്ന് ഞാൻ ചോദിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു എല്ലാ മുനിസിപ്പാലിറ്റികളിലും ഉദ്യോഗസ്ഥന്മാരെ നിയമിച്ച് ഭരണം നടത്താൻ ഉദ്ദേശിക്കുന്നില്ലെന്നും അങ്ങിനെ നിയമിച്ചുകൊള്ളണമെന്ന് നിർബ്ബന്ധപൂർവ്വം അനുശാസിക്കുന്ന വകുപ്പ് ബില്ലിലില്ലെന്നും എല്ലാ മുനിസിപ്പാലിറ്റികളിലും വില്ലേജ് പഞ്ചായത്തുകളിലും ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയോ അല്ലെങ്കിൽ പ്രസിഡൻറിനു അധികാരം കൊടുക്കുകയോ ചെയ്യണമെന്ന ഒരു വ്യവസ്ഥ ഉണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. എന്നാൽ ഈ നിയമങ്ങൾ അടിമുതൽ മുടിവരെ ഒരാവർത്തി വായിച്ചാൽ ഇത്രവളരെ അധികാരകേന്ദ്രീകരണം വേറെങ്ങും കാണുകയില്ലെന്ന് മനസ്സിലാകും. പ്രസിഡൻറ്നുള്ള അധികാരങ്ങൾ എന്തെല്ലാമാണെന്നു ഒന്നാലോചിച്ചുനോക്കുക. ഇന്ന് ഇവിടെയുള്ള കാർപ്പൂരഷനുകളിലും മുനിസിപ്പാലിറ്റികളിലും നിന്നും ഉണ്ടാകുന്ന പരാതികളെപ്പററി ആലോചിച്ചുനോക്കിയാൽ പ്രസിഡൻറും എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥനും തമ്മിലുള്ള കക്ഷിവഴക്കുകളും സംഘട്ടനങ്ങളും എത്ര ഭയങ്കരമാണെന്ന് എത്താണ്ട് മനസ്സിലാകും. എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥൻ പലപ്പോഴും പ്രസിഡൻറിൻെറ മേലധികാരിക്കൂടി അല്ല എന്നു സംശയിക്കാൻ മതിയായ കാരണമുണ്ട്. സാധാരണയായി പ്രസിഡൻറ് — തിരഞ്ഞെടുക്കപ്പെടുന്ന മേയറായാലും ശരി, ചെയർമാനായാലും ശരി കമ്മീഷണരുടെ കണ്ണുകൾ ഗവൺമെൻറിലേക്കും ഗവൺമെൻറിൻെറ കണ്ണുകൾ കമ്മീഷണരുടെ അടുക്കലേക്കും നോക്കിക്കൊടുക്കുന്ന ഒരു അണ്ണൽപെട്ടികൾ മാത്രമായിട്ടാണ് പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നതെന്ന് ഇവിടത്തെ മുനിസിപ്പൽ ഭരണത്തിൻെറ ഹരി ശ്രീ അറിയുന്നവർക്കെല്ലാം അറിയാം. എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാരെ നിയമിച്ചു കക്ഷിവഴക്കുകൾക്കും സംഘട്ടനങ്ങൾക്കും വഴിതെളിച്ച് ജനകീയഭരണം തിരുവിതാംകൂറിൽ പരാജയപ്പെടുത്തുവാൻ ഈ ബിൽ സഹായിക്കയില്ല എന്ന് ഞാൻ സംശയിക്കുന്നു. ഒന്നുകിൽ നാം ജനകീയസിദ്ധാന്തങ്ങളിൽ വിശ്വസിക്കുകയും അവയെ മുറുകെപ്പിടിക്കുകയും വേണം. അല്ലെങ്കിൽ അവയെ പൂർണ്ണമായി നിഷേധിക്കണം. അല്ലാതെ ഒരു മദ്ധ്യമാർഗ്ഗം ഒരിക്കലും സാദ്ധ്യമല്ല. ജനകീയഭരണസിദ്ധാന്തങ്ങളെ മുറുകെപ്പിടിക്കാത്തിടത്തോളം കാലം ജനകീയഭരണം വിജയിക്കുമെന്ന ഞാൻ വിശ്വസിക്കുന്നില്ല. ഇടത്തു കൈകൊണ്ട് അധികാരം കൊടുത്തിട്ട് വലത്തുകൈകൊണ്ട് അവ തിരിച്ചെടുക്കുന്ന നിയമങ്ങൾ സൃഷ്ടിച്ച് പഞ്ചായത്തുഭരണം നടത്തി ജനങ്ങളെ തെററിദ്ധരിപ്പിക്കുന്നതു് പിശകാണെന്ന് ഞാൻ വിനയപൂർവ്വം ഗവൺമെൻറിനെ അറിയിച്ചുകൊള്ളുന്നു. പ്രക്ഷോഭണങ്ങൾ ഭയന്ന് ജനങ്ങളെ തല്ക്കാലത്തേയ്ക്ക് തൃപ്തിപ്പെടുത്താൻ വേണ്ടി മാത്രമുള്ള നിയമങ്ങൾ ഉണ്ടാക്കേണ്ട ആവശ്യം ഒരു ജനകീയഗവൺമെൻറിന്നില്ല. ഭരണാധികാരം കേന്ദ്രീകരിക്കുകയാണ് വേണ്ടതെങ്കിൽ സകല അധികാരങ്ങളും പൂർണ്ണമായ ഭരണച്ചുമതലയും ഗവൺമെൻറിൽതന്നെ ഇരുന്നുകൊള്ളട്ടെ. ബ്രിട്ടീഷ് ഗവൺമെൻറ് ഇൻഡ്യയിൽ അങ്ങനെയാണ് ചെയ്തുകൊണ്ടിരുന്നതു്. ഏതായാലും അവർ ചെയ്തിരുന്നതുപോലെ ജനങ്ങളെ തൃപ്തിപ്പെടുത്താൻ വേണ്ടി മാത്രം പഞ്ചായത്തുഭരണം നമ്മുടെ ഗ്രാമത്തിൽ ഏർപ്പെടുത്തേണ്ട ആവശ്യമില്ലെന്നതന്നെ ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി പഞ്ചായത്തുകൾക്കില്ലാത്ത അധികാരങ്ങളൊന്നുമില്ലെന്ന്. നമ്മുടെ ഗ്രാമങ്ങളെ സ്വയംസാമ്രാജ്യമായി രൂപാന്തരപ്പെടുത്താനുള്ള സകല അവകാശങ്ങളും അധികാരങ്ങളും അവക്ക് കൊടുത്തിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. കുളം കുഴിപ്പിക്കാം, തോട് വെട്ടിക്കാം, റോഡു വെട്ടിക്കാം, കലുങ്കുകളും പാലങ്ങളും പണിയിക്കാം., വേണമെങ്കിൽ രാത്രി വിളക്കു കത്തിക്കാം. ഇങ്ങനെയുള്ള എല്ലാ അധികാരങ്ങളും പഞ്ചായത്തുകൾക്ക് കൊടുത്തിട്ടുണ്ട്. ഇതെല്ലാം നടത്തുന്നതിനു പഞ്ചായത്തുകൾക്കു എന്തു ഗ്രാൻറാണ് കൊടുക്കാൻ പോകുന്നതെന്നറിഞ്ഞില്ല. പഞ്ചായത്തുഭരണം ഏർപ്പെടുത്തിയതുകൊണ്ടു മാത്രം തിരുവിതാംകൂറിലെ ഗ്രാമങ്ങളെയെല്ലാം ഒററദിവസംകൊണ്ട് സ്വയംസാമ്രാജ്യമാക്കി മാററിക്കളയാമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ജനങ്ങളെ വിശ്വസിക്കുന്നുവെങ്കിൽ അവരെ പൂർണ്ണമായി വിശ്വസിച്ച് അവക്ക് കൂടുതൽ ഉത്തരവാദിത്വങ്ങളും അധികാരങ്ങളും കൊടുക്കേണ്ടതാണെന്നാണ് എൻെറ അഭിപ്രായം. ആ മട്ടിൽ ഈ ബില്ല് ഭേദഗതി ചെയ്യുകയാണെങ്കിൽ നമ്മുടെ ഗ്രാമങ്ങളിൽ നമുക്ക് വിജയകരമായി ജനകീയഭരണം ഏർപ്പെടുത്തുവാൻ സാധിക്കും.

ഈ ബില്ലിൻെറ പല വശങ്ങളെപ്പററിയും എനിക്ക് പറഞ്ഞാൽ കൊള്ളാമെന്നുണ്ട്. ജനകീയസിദ്ധാന്തങ്ങളെ പാടേ നിഷേധിക്കുന്ന വ്യവസ്ഥകളാണ് ഈ ബില്ലിൽ അടങ്ങി

[Sri. C. Narayana Pillai]

യിരിക്കുന്നതെന്നുള്ളതിന് ഏററവും വലിയ മററൊരു തെളിവ് അവിശ്വാസപ്രമേയം പാസ്സാക്കുന്നതിനു വെച്ചിരിക്കുന്ന വ്യവസ്ഥകളാണ്. ഒരവിശ്വാസപ്രമേയം പാസ്സാക്കണമെങ്കിൽ അതിൽ മൂന്നു ഭൂരിപക്ഷം ഉണ്ടായിരിക്കണമെന്നു നിർബ്ബന്ധമുണ്ട്. അതും പോരാ, ആ യോഗത്തിൽ പഞ്ചായത്ത് ഡയറക്ടറോ അദ്ദേഹം നിശ്ചയിക്കുന്ന മറേറതെങ്കിലും ഉദ്യോഗസ്ഥനോ അദ്ധ്യക്ഷത വഹിക്കുകയും വേണം. ഇങ്ങനെ ജനകീയസിദ്ധാന്തങ്ങൾക്ക് വിരുദ്ധമായ അനവധി നിബന്ധനകൾ ഈ ബില്ലിൽ ഉണ്ട്. ഇതെല്ലാം സെലക്ററ് കമ്മിററിയിൽ പരിഗണിച്ച് ബില്ല് വേണ്ടവിധം ഭേദഗതി ചെയ്യണമെന്നു അപേക്ഷിച്ചുകൊണ്ട് ഞാൻ ഈ ബില്ലിനെ പിന്താങ്ങുന്നു.

ശ്രീ. അബ്ദുൾമജീദ് : സർ, ഈ ബില്ലിനെ പൊതുവേ അനുകൂലിക്കുവാനാണ് ഞാൻ ഇവിടെ നില്ക്കുന്നത്. എങ്കിലും ഈ ബിൽ ഒന്നു വായിച്ചുനോക്കിയാൽ ഇതുകൊണ്ടുദ്ദേശിക്കുന്ന ഫലം സിദ്ധിക്കാനിടയില്ലെന്നാണ് ഇതിലെ ചില വ്യവസ്ഥകൾകൊണ്ട് മനസ്സിലാകുന്നതെന്നു പറയാതെ തരമില്ല. പ്രസിഡൻറിനെ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ കാര്യമായ അഭിപ്രായവ്യത്യാസം ഉണ്ടാകാൻ ഇടയുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു തികച്ചും ശരിയാണ്. ഇന്ന് ഇവിടത്തെ കാർപ്പറേഷനിലും മുനിസിപ്പാലിററികളിലും നടക്കുന്ന കൊള്ളരുതായ്മകൾ കുറച്ചൊന്നുമല്ല. പ്രസിഡൻറാകാനുള്ള കക്ഷി വഴക്കുകളും പണം കൊടുത്തുള്ള വോട്ടുപിടിപ്പും മററു കൊള്ളരുതായ്മകളും നമ്മുടെ മുനിസിപ്പാലിററികളിൽ ധാരാളം നടന്നിട്ടുണ്ടെന്നും നടക്കുന്നുണ്ടെന്നുമുള്ള പരമാർത്ഥം നമുക്ക് വിസ്മരിക്കാൻ സാദ്ധ്യമല്ല. കക്ഷിരഹിതമായി ചിന്തിക്കാനും പഞ്ചായത്തിൻെറ അല്ലെങ്കിൽ മുനിസിപ്പാലിററിയുടെ പൊതുവേയുള്ള ക്ഷേമത്തിനും അഭിവൃദ്ധിക്കും വേണ്ടി പ്രവർത്തിക്കാനും കഴിയാത്തതുകൊണ്ട് പല വില്ലേജുപഞ്ചായത്തുകളും മുനിസിപ്പാലിററികളും പ്രവർത്തനരഹിതമായിട്ടുണ്ടെന്ന പരമാർത്ഥം നമുക്കു മറക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് കുറച്ചു കാലത്തേക്കെങ്കിലും ഡയറക്ടറന്മാരെ നിയമിക്കുന്ന വ്യവസ്ഥ നല്ലതാണെന്നു തോന്നുന്നുണ്ട്. ഏതായാലും ആ കാര്യങ്ങളെല്ലാം സെലക്ടുകമ്മററിയിൽ ശരിയായി പരിഗണിച്ച് വേണ്ട മാററങ്ങൾ വരുത്താവുന്നതാണ്. ഒരു നിയമമുണ്ടാക്കുമ്പോൾ പല കാര്യങ്ങളും നാം ചിന്തിക്കേണ്ടതായിട്ടുണ്ട്. പ്രസിഡണ്ടിൻെറ അധികാരങ്ങളെപ്പററി ചിന്തിക്കുന്നതു് ജനകീയസിദ്ധാന്തങ്ങൾ പൂർണ്ണമായി മനസ്സിലാക്കിക്കൊണ്ടുതന്നെ വേണമെന്നും ഞാൻ വിചാരിക്കുന്നു. ഇതുസംബന്ധിച്ച് അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകാമെങ്കിലും ഒരു ഡയറക്ടർ ഉണ്ടെങ്കിലേ നമ്മുടെ ഈ ഗ്രാമപ്രദേശങ്ങളുടെ ഇന്നത്തെ സ്ഥിതിക്ക് പററുകയുള്ളൂ എന്ന് അഭിപ്രായപ്പെട്ടുകൊണ്ടും അക്കാര്യം സെലക്ട് കമ്മററി പര്യാലോചിക്കേണ്ടതാണെന്നും പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. ഒരു കർഷകരാജ്യമായ ഈ കൊച്ചി-തിരുവിതാംകൂർ ഐക്യസംസ്ഥാനത്തിന് ഈ മാതിരി ഒരു നിയമം ഏററവും അത്യാവശ്യമാണെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. എൻെറ അനുഭവംവെച്ച് പറയുകയാണെങ്കിൽ ചേത്തല മുതലായ സ്ഥലങ്ങളിൽ കർഷകർ പലവിധത്തിലുള്ള വിഷമതകൾ അനുഭവിച്ചുവരുന്നുണ്ട്. അവയെല്ലാം ഉടനെ ഗവർമ്മെണ്ടിനെ അറിയിച്ച് പരിഹാരമുണ്ടാക്കാൻ സാദ്ധ്യമല്ല. അങ്ങിനെയുള്ള വിഷമതകൾ പരിഹരിക്കുന്നതിന് ഈ ബിൽ വളരെ പ്രയോജനപ്പെടുമെന്നു ഞാൻ വിചാരിക്കുന്നു. സാധാരണയായി കൃഷികാലങ്ങളിൽ സ്വന്തം വസ്തുവിൽക്കൂടി പോകുന്ന തോടുകളെ അടച്ച് കൃഷിക്കു തടസ്സവും കൃഷിക്കാർക്കു ബുദ്ധിമുട്ടുകളും ധനനഷ്ടവും വളവുനഷ്ടവും ഉണ്ടാക്കുന്ന പല വസ്തുടമസ്ഥന്മാരുമുണ്ട്. അങ്ങിനെയുള്ള സംഗതികൾ ഉടനെ ഗവർമ്മെണ്ടിനേയോ അല്ലെങ്കിൽ മററുദ്യോഗസ്ഥന്മാരേയോ അറിയിച്ച് പരിഹാരം നേടാൻ സാധാരണയായി സാദ്ധ്യമല്ല. എന്നാൽ ഈ ബില്ലിലെ വ്യവസ്ഥകൾകൊണ്ട് കൃഷിക്കാവശ്യമുള്ള തോടുകളും കുളങ്ങളും റോഡുകളും മററും ഉണ്ടാക്കുന്നതിനും അവയെ ശരിയായി സംരക്ഷിച്ചു കൊണ്ടു പോകുന്നതിനും വേണ്ട നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും ധാരാളം സൌകര്യം ഉണ്ടാകുമെന്ന് കാണാം. കൃഷിപോഷണത്തിന് വളരെ അത്യാവശ്യമായ വ്യവസ്ഥകളാണ് ഇതിലടങ്ങിയിരിക്കുന്നത്.

അതുപോലെ ഗ്രാമപ്രദേശങ്ങളിലെ ആളുകൾക്കു ഗതാഗതത്തിന് ചില റോഡുകളും കലുങ്കുകളും പാലങ്ങളും ഉണ്ടാക്കി കൊടുക്കേണ്ട ആവശ്യമുണ്ട്. അതെല്ലാം പി. ഡബ്ല്യു. ഡി. യെക്കൊണ്ട് ചെയ്യിക്കാമെന്നുവെച്ചാൽ എളുപ്പമല്ല. ജനങ്ങളിൽ നിന്നും കാൺട്രി

[Sri. K. A. Achuthan]

പഞ്ചായത്തുകളുടെ പ്രവർത്തനം ജനസാമാന്യത്തിന് ഗുണകരമായിട്ടുള്ള പ്രവർത്തനം നേരിട്ടു കണ്ടു മനസ്സിലാക്കുവാൻ സന്ദർഭം ലഭിച്ചിട്ടുള്ളതുകൊണ്ടാണ് ഇത്രയും പറയുവാൻ ഞാൻ പ്രേരിതനായതു്. എന്നാൽ ഒരു കാര്യം പ്രത്യേകം പറയേണ്ടിയിരിക്കുന്നു. കുഗ്രാമങ്ങളിലെ ജനങ്ങൾക്കുവേണ്ടി ഈ വക കാര്യങ്ങളെല്ലാം നടത്തേണ്ടതു് അതാതു് സ്ഥലങ്ങളിലെ ജനങ്ങളിൽനിന്നും ടാക്സ് പിരിച്ചിട്ടുവേണമെന്നാണ് പറയുന്നതു്. ഇതു് വളരെ പരിതാപകരമാണ്. ഈ ബില്ലിൽ 55-ാം സെക്ഷൻ ഇങ്ങിനെ പറഞ്ഞിരിക്കുന്നു.

55.(1)*Contribution of Government to the panchayat fund.*—Government shall contribute to the panchayat fund an amount equal to the amount collected by the panchayat during a particular year by levying rates, taxes and other fees the maximum being, however, limited to Rs. 2000,

ഇപ്പോൾ നടപ്പിലുള്ള രീതിവെച്ചുകൊണ്ടു നോക്കുകയാണെങ്കിൽ പഞ്ചായത്തു പിരിക്കുന്ന നികുതി എത്രയെന്നു നോക്കി അതനുസരിച്ചുള്ള ഒരു തുക മാത്രമേ ഗവമ്മെണ്ടു കൊടുക്കുകയുള്ളു എന്ന വ്യവസ്ഥയാണ് കാണുന്നതു്. അങ്ങിനെ നോക്കുമ്പോൾ വളരെ അധികം ടാക്സ് പിരിക്കുന്ന പഞ്ചായത്തുകൾക്ക് ഗവമ്മെണ്ടിൽ നിന്നും നല്ല ഒരു തുക കാൺട്രിബ്യൂഷൻ കിട്ടിയേക്കാം. എന്നാൽ അതു രണ്ടായിരം രൂപായിൽ ഒരിക്കലും കവിയാൻ പാടില്ലെന്നും പറഞ്ഞിട്ടുണ്ടു് ഇങ്ങനെയായാൽ നികുതി വളരെ കുറവായ പഞ്ചായത്തുകൾക്ക് എങ്ങിനെയാണ് പ്രവർത്തനം നടത്താൻ സാധിക്കുന്നതെന്നു് ഞാൻ ചോദിക്കുന്നു. വളരെ അത്യാവശ്യമായ കാര്യങ്ങൾപോലും ചെയ്യുന്നതിന് ചില പഞ്ചായത്തുകൾക്ക് സാധിക്കാതെവരും. അവ പേരിനുമാത്രം തദ്ദേശസ്വയംഭരണ സമിതികളായി കിടക്കും. അങ്ങിനെ ഗവമ്മെണ്ടിനു കടലാസ്സിൽ മേന്മകാണിക്കുവാൻതക്ക പഞ്ചായത്തുകളെകൊണ്ടു് ജനങ്ങൾക്ക് യാതൊരു പ്രയോജനവും ഉണ്ടാകുവാൻ പോകുന്നില്ല.

ബഹു. ശ്രീ. കെ. അയ്യപ്പൻ: ആവശ്യമനുസരിച്ചു് കൊടുക്കാനുള്ളതുണ്ടെങ്കിൽ കൂടുതൽ നികുതി പിരിച്ചെടുക്കുന്നതിനും വിരോധമില്ല.

ശ്രീ. കെ. എ. അച്ചുതൻ: നികുതി പിരിക്കുന്നകാര്യത്തെപററിയും ഞാൻ പറയാം. ഞങ്ങടെ സ്ഥലത്തെ കാര്യം പറയുകയാണെങ്കിൽ തിരുവിതാംകൂറിൽ ഏക്കറിന് ഫർ അണ ടാക്സ് കൊടുക്കുന്നസ്ഥലത്തിന് ഞങ്ങൾ ഫർ ഉറപ്പിക്കുവരെ കൊടുക്കുന്നുണ്ടു്. ഇതിനും ഉപരിയായി അഗ്രികൾച്ചറൽ ടാക്സ്, ഇൻകംടാക്സ്, എന്നിവയും പിരിക്കുന്നു. നികുതി, നികുതി എന്നു പറഞ്ഞുകൊണ്ടു ഗവമ്മെണ്ടു് തുടങ്ങിയാൽ ഇതിനെന്താണവസാനം. അങ്ങിനെ പലതുകൊണ്ടും നികുതിഭാരം വളരെ വർദ്ധിച്ചിരിക്കുന്ന സ്ഥലങ്ങളിൽ ഇനിയും നികുതികൾ എർപ്പെടുത്തി രൂപക്ക ഒരണയോ രണ്ടണയോ നിരക്കുവെച്ചു് പിരിച്ചെടുക്കുകയാണെങ്കിൽ അതു ജനങ്ങൾക്ക് വളരെ വിഷമകരമായിരിക്കുമെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ.

ടാക്സേഷൻ ടാക്സേഷൻ എന്നു പറഞ്ഞു് എപ്പോഴും ജനങ്ങളെ സമീപിച്ചാൽ ജനങ്ങൾ വിഷമിക്കുകയേയുള്ളു. ഈ നയത്തിന്റെ അനന്തരഫലം കണ്ടറിയുകതന്നെ വേണം.

ശ്രീ. സി. നാരായണപിള്ള പറഞ്ഞതുപോലെ ഈ ബില്ലിൽ പ്രസിഡൻറിന്റെ അധികാരവും വളരെ പരിമിതപ്പെടുത്തിയിരിക്കുകയാണ്. പ്രസിഡൻറ് ഒരു അഞ്ചൽ പെട്ടിപോലെയാണെന്നു് അദ്ദേഹം പറഞ്ഞു. ആ അഭിപ്രായം ഞാനും സമ്മതിക്കുന്നു. പ്രസിഡൻറിനു് ഗവമ്മെണ്ടിൽനിന്നും കൊടുക്കുന്ന പണവും അതാതു ഇടത്തുനിന്നും പിരിക്കുന്ന പണവും എടുത്തു വിനിയോഗിക്കുവാനുള്ള അധികാരംകൂടി ഉണ്ടായിരിക്കണം. എന്നാൽ ഇപ്പോൾ അതിനുള്ള അധികാരം മുഴുവൻ ഗവമ്മെണ്ടിലാണിരിക്കുന്നതു്. പിരിച്ചെടുത്തിട്ടുള്ളതും ഗവമ്മെണ്ടിൽനിന്നു് കിട്ടുന്നതുമായ തുക വിനിയോഗിക്കേണ്ട മാർഗ്ഗം നിർദ്ദേശിക്കുക എന്നല്ലാതെ മററു യാതൊന്നും ചെയ്യുവാൻ അധികാരം കൊടുക്കുന്നില്ല. എന്തെങ്കിലും ആവശ്യമുള്ള ജോലികൾ ഗവമ്മെണ്ടു് ടെണ്ടർ അനുസരിച്ചു നടത്തിയാൽ അതു് സട്ടിഫൈ ചെയ്യുന്നതിനുകൂടി പ്രസിഡണ്ടിനു് അധികാരമില്ല. അതാതു സമയത്തു് ആവശ്യമുള്ള കാര്യങ്ങൾ മേലധികാരത്തിൽ അറിയിക്കുക. അവരുടെ കല്പന കാത്തിരിക്കണം. ഈ സ്ഥിതി വളരെ ശോചനീയമാണ്: അതുപോലെതന്നെ നോ കോൺഫിഡൻസ് പാസാക്കുന്ന കാര്യവും ഇവിടെ പറയുകയുണ്ടായി. ഏതെങ്കിലും ഒരു പ്രസിഡൻറിന്റെ പേരിൽ നോ കോൺഫിഡൻസു മോഷൻ പാസാക്കണമെന്നുണ്ടെങ്കിൽ അവിടത്തെ പഞ്ചായത്തു ഡയറക്ടർ ഹാജരായിരിക്കുന്ന യോഗത്തിൽവെച്ചു് അദ്ദേഹത്തിന്റെ നിർദ്ദേശത്തോടുകൂ

ടി മാത്രമെ അപ്രകാരം ചെയ്യാവൂ എന്നാണ് ബില്ലിൽ പറഞ്ഞിരിക്കുന്നതു്. ജനകീയത്വം അവിടെ നശിക്കുന്നു. ആ വ്യവസ്ഥയും മാറേറണ്ടതാണ്.

സാക്ഷരത്വത്തിന്റെ ആവശ്യകതയെ പരാമർശിച്ചും ചിലർ പ്രസംഗിച്ചു. സാക്ഷരത്വത്തെപ്പററി എന്റെ മാന്യ സ്നേഹിതന്മാർ ശ്രീ. സി. നാരായണപിള്ള, ശ്രീ. കൃഷ്ണൻ അയ്യപ്പനും ഇവിടെ ഉന്നയിച്ച വാദങ്ങളോട് ഞാൻ വിയോജിക്കുകയാണ് ചെയ്യുന്നതു്. സാക്ഷരത്വം വളരെ ആവശ്യമാണ്. തദ്ദേശീയ സ്വയംഭരണ സ്ഥാപനങ്ങളിൽ സാക്ഷരത്വത്തിന്റെ അത്യാവശ്യം വളരെയുണ്ട്. എഴുതാനും വായിക്കാനും അറിയാൻ പാടില്ലാത്ത ഒരാളിന് ഒരു വില്ലേജ് പഞ്ചായത്തിൽ എന്തു ചെയ്യുവാൻ കഴിയും? ഒരു വില്ലേജ് പഞ്ചായത്തു സ്ഥാപനത്തിൽനിന്ന് ഒരു നോട്ടീസുതന്നെ കൊടുത്താൽ ഒപ്പിട്ടു കൊടുക്കുവാൻ പോലും അറിയാൻ പാടില്ലാത്ത ആളുകളെ പഞ്ചായത്തു മെമ്പർമാരായി എടുക്കുവാൻ ഇടവന്നാൽ അതിൽനിന്നും പല വിഷമതകളും ഉണ്ടാകും. ശിപായി കാണിച്ചു കൊടുക്കുന്ന സ്ഥലത്ത് ഒപ്പിടേണ്ടതായിവരും. അതുകൊണ്ട് സാക്ഷരത്വമുള്ളവരെ മാത്രമെ വില്ലേജ് പഞ്ചായത്തുകളിൽ തിരഞ്ഞെടുപ്പിന് നില്ക്കുവാൻ അനുവദിക്കാവൂ എന്നാണ് എന്റെ അഭിപ്രായം.

നിയമസഭയിൽപോലും അക്ഷരാഭ്യാസമില്ലാത്തവർക്ക് അംഗങ്ങളായിരിക്കാമെങ്കിൽ വില്ലേജ് പഞ്ചായത്തുകളിൽ സാക്ഷരത്വം എന്തിനാണ് നിർബ്ബന്ധമാക്കുന്നതു് എന്നു ചോദിക്കുന്നു. നിയമസഭയിൽ ഒരുപക്ഷെ ഒന്നോ രണ്ടോപേർ അക്ഷരാഭ്യാസമില്ലാത്തവർ വന്നതുകൊണ്ട് വലിയ കുറവ് വരുവാൻ പോകുന്നില്ല. എന്നാൽ വില്ലേജുകളിലെ സ്ഥിതിവളരെ വ്യത്യസ്തമാണ്. നാടൻ പ്രദേശങ്ങളിൽ സാക്ഷരത്വം ഇല്ലാത്ത ആളുകൾ ഈ മാതിരിയുള്ള കാര്യങ്ങളിൽ ഇടപെടുന്നതുകൊണ്ടു ദുഷ്യങ്ങൾ വർദ്ധിക്കുവാനെ തരമുള്ളു. താൽക്കാലികങ്ങളായ ചില കാര്യലാഭങ്ങൾക്കുവേണ്ടി നാട്ടിൻപുറങ്ങളിലുള്ളവർ ചില തട്ടിപ്പുകൾ കാണിക്കുവാൻ ഒട്ടും മടിക്കുകയില്ല. അങ്ങനെയുള്ളവരുടെ കൈയ്യിൽ ഈ അക്ഷരാഭ്യാസമില്ലാത്ത സാധുക്കളെ കിട്ടിയാൽ ഇവരെ അവർ പലവിധത്തിൽ ചൂഷണംചെയ്യും. നാടിന് ഇവരെക്കൊണ്ടു് യാതൊരു രക്ഷയും ഉണ്ടാകുന്നില്ലെന്നു മാത്രമല്ല, ഉപദ്രവം കൂടുതൽ നേരിടുകയും ചെയ്യും. എവിടെ വേണമെങ്കിലും അവരെക്കൊണ്ടു ഒപ്പിടുവിപ്പിക്കാം. അല്ലാത്തപക്ഷം രണ്ടോ മൂന്നോ വരവരച്ച് അവർക്കുവേണ്ടി കള്ളയൊപ്പു ഇടുവാനും ഒരു വിരോധവും ഇല്ല. ഇങ്ങനെയുള്ള അഴിമതികൾ ഇല്ലാതിരിക്കുവാൻവേണ്ടി സാക്ഷരത്വം ഉള്ളവർക്കുമാത്രമെ വില്ലേജുപഞ്ചായത്തിൽ അംഗമാകാൻ പാടുള്ളു എന്ന് വ്യവസ്ഥചെയ്യുന്നതു് വളരെ നന്നായിരിക്കും.

അതുപോലെ വില്ലേജുപഞ്ചായത്തിന് സിവിൽകേസു നടത്താനുള്ള അധികാരവും ക്രിമിനൽകേസു നടത്തുവാനുള്ള അധികാരവും കൊടുക്കാതിരുന്നിട്ടുള്ളതു് ഏററവും നന്നായിരിക്കുന്നു. അതിനുള്ള കാരണം ഞാൻ വ്യക്തമാക്കാം. പഞ്ചായത്തു അംഗങ്ങൾ ജഡ്ജിമാരായിരിക്കരുതു് എന്നാണ് എനിക്ക് പറയുവാനുള്ളതു്. എന്തെന്നാൽ അവരെ പഞ്ചായത്തുകോടതിയിലെ ജഡ്ജിമാരായി തിരഞ്ഞെടുക്കപ്പെടുന്നതു ആ പഞ്ചായത്തു അധികാരാതിത്തിയിൽപെട്ട ജനങ്ങളുടെ സഹായംകൊണ്ടും സ്വാധീനശക്തികൊണ്ടായിരിക്കുമല്ലൊ അങ്ങനെയുള്ള ചില കടപ്പാടുകളോടുകൂടി തിരഞ്ഞെടുക്കപ്പെട്ട ഈ ജഡ്ജിമാർ അവർ വിധി നിർണ്ണയിക്കുന്നതിലും ഈ കടപ്പാടിനെ പ്രതിബിംബിപ്പിക്കുവാൻ സാദ്ധ്യതകൾ ഉണ്ട്. ഇങ്ങനെയുള്ള കുഴപ്പം ഉണ്ടെന്നുകണ്ടിട്ടാണ് കൊച്ചിയിൽ പഞ്ചായത്തു കോടതികൾ നിറുത്തലാക്കി വില്ലേജ് കോടതികൾ സ്ഥാപിച്ചതു്. വില്ലേജു കോടതികളിലെ ജഡ്ജിമാരെ ഗവമ്മെണ്ടുതന്നെ നാമിനേററുചെയ്യുകയാണ്. ഗവമ്മെണ്ടിനാൽ നിയമിതമായിട്ടുള്ള ജഡ്ജിമാർക്ക് ആരുടെയും മുഖംനോക്കേണ്ട ആവശ്യമില്ല. ഒരു നീതിയായ തീരുമാനം ഉണ്ടാകണമെങ്കിൽ ഈ ജഡ്ജിമാർക്ക് ആരോടും ഒരു കടപ്പാടും ഇല്ലാതിരിക്കണം. ഞാൻ സിവിൽക്കേസിന്റെ കാര്യമാണിവിടെ പറഞ്ഞതു്. സിവിൽക്കേസിന്റെ കാര്യമിതാണെങ്കിൽ, ക്രിമിനൽക്കേസിന്റെ കാര്യത്തെപ്പററി കൂടുതൽ പറയേണ്ടതില്ലല്ലൊ.

ഒരു വില്ലേജു പഞ്ചായത്തിനു രണ്ടായിരം രൂപ മാക്സിമമായി ഗവമ്മെണ്ടു കൊടുക്കുമെന്നു പറയുന്നുണ്ട്. ഈ തുക ഒട്ടും പര്യാപ്തമല്ല. തിരുവിതാംകൂറിൽമാത്രം എഴുന്നൂറു പഞ്ചായത്തുകളോളം കാണും. കൊച്ചിയിലേതുംകൂടി കണക്കാക്കുന്നപക്ഷം ആകെ ഈ രാജ്യത്തു വ ൦ ൦ പഞ്ചായത്തുകൾ വരും. ഇത്രയധികം പഞ്ചായത്തുകൾക്ക് ഗവമ്മെണ്ടു് എങ്ങനെ

[Sri. K. A. Achyuthan]

ധനസഹായം ചെയ്യുമെന്നുള്ള ഒരു വിചാരം സ്വാഭാവികമായി ഗവമ്മെണ്ടിനുണ്ടാകാവുന്നതാണ്. അതു് കഴിവനുസരിച്ചു മാത്രം ചെയ്യാവുന്നതേയുള്ളു. പക്ഷെ ഒരു നിയമംമൂലം പരമാവധി രണ്ടായിരംരൂപാ എന്നു ക്ലിപ്തപ്പെടുത്തുന്നതു് ഒട്ടും ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. ആ തുക കുറെക്കൂടി വർദ്ധിപ്പിക്കുകയോ ഗവമ്മെണ്ടിന്റെ ഇഷ്ടം അനുസരിച്ച് ഭേദഗതി വരുത്തുന്നതിന് സൗകര്യം നൽകുകയോ ചെയ്യുന്ന ഒരു വ്യവസ്ഥ അത്യാവശ്യമാണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇത്തരം ഒരു ബില്ലിന്റെ ആവശ്യകതയെപ്പററി കഴിഞ്ഞ കുറെ വർഷങ്ങളായിട്ടുതന്നെ തിരുവിതാംകൂറിന്റെ പല ഭാഗങ്ങളിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ചായിരുന്നു ആദ്യം ഒരു ബില്ല് ഇവിടെ കൊണ്ടുവന്നതു്. ആ ബില്ല് അംഗീകരിച്ചു നിയമമാക്കിയെടുക്കുവാൻ യഥാർത്ഥത്തിൽ സമയം ഉണ്ടായിരുന്നിട്ടും സെലക്ട് കമ്മിററിക്കപ്പുറം പോകാതെ ഏതോ കാരണവശാൽ ആ ബില്ല് കുരുങ്ങിക്കിടക്കുകയാണുണ്ടായതു്. ഇപ്പോൾ ഹാജരാക്കപ്പെട്ടിരിക്കുന്ന ബില്ലും കാര്യത്തിൽ ആദ്യം ഹാജരാക്കപ്പെട്ട ബില്ലിൽനിന്നു പറയത്തക്ക വ്യത്യാസമൊന്നും ഉള്ളതല്ല. ഇന്നു ഈ ബില്ലിന്റെ ഉദ്ദേശം സഫലമാകണമെന്നുണ്ടെങ്കിൽ ഈ ബില്ലിൽതന്നെ അടിസ്ഥാനമായ മാററങ്ങൾ വരുത്തേണ്ടതായുണ്ട്. ഈ ബില്ലിൽ യഥാർത്ഥമായ പല ദോഷങ്ങളും ഉണ്ട്.

ഒരു പ്രസിഡണ്ടിനെത്തന്നെ മാററേണ്ട കാര്യത്തിൽ ഭേദഗതി വരുത്തേണ്ടതാണ്. ഒരു പ്രസിഡണ്ടിനെ പൊതുജനങ്ങൾ നേരിട്ടു എലക്ട് ചെയ്യുകഴിഞ്ഞാൽ ആ മനുഷ്യനു പ്രത്യേകം ചില വ്യക്തികളോടു കടപ്പാടുണ്ടായിരിക്കും. ആ നിലയ്ക്ക് പ്രസിഡണ്ടിനെ സംബന്ധിച്ചു നിയമത്തിൽ കൊടുത്തിരിക്കുന്ന പ്രൊവിഷൻ, ചുരുക്കത്തിൽ ഒരു പ്രസിഡണ്ടിനെ നിയമിക്കത്തക്കവിധത്തിൽ, മാററേണ്ടതാണ്. ചില സ്നേഹിതന്മാർ ഈ ബില്ലിൽ, വിശേഷിച്ചും ജോലികൾ നടത്തുന്ന കാര്യങ്ങളെപ്പററി ജനകീയമായ സിദ്ധാന്തങ്ങളെ വേരോടെ മുറിക്കത്തക്ക കാര്യങ്ങൾ ഉണ്ടെന്നു പറയുന്നു. ഞാൻ നോക്കിയതിൽ അങ്ങനെയൊന്നും കണ്ടില്ല. യഥാർത്ഥമായിട്ടുള്ള ഭരണം ഏപ്പെടുത്തണമെന്ന ഉദ്ദേശമാണ് നമുക്കുള്ളതു്. അതല്ല ജനകീയമെന്നുള്ള പേരിൽ എന്തെങ്കിലും കാട്ടിക്കൂട്ടിയാൽ മതിയെന്നാണ് വിചാരമെങ്കിൽ, നിരുത്തരവാദപരമായി പ്രവർത്തിക്കുന്ന എക്സിക്യൂട്ടീവ് ആഫീസറെയോ മററോ വച്ചുകൊള്ളാം. പൊതുജനങ്ങൾക്കു പിടിച്ചു ഭരിക്കാനെ ഗവമ്മെണ്ടുതന്നെ നിയമിക്കുന്നതായിരിക്കും നല്ലതെന്നാണ് എന്റെ അഭിപ്രായം.

കാർപ്പറേഷൻ മേയറും മുൻസിപ്പൽ ചെയർമാനും മററും വെറും അഞ്ചൽപെട്ടികളാണെന്നു ഇവിടെ ചിലർ പറയുകയുണ്ടായി. ഞാൻ അതിനോടു യോജിക്കുന്നില്ല. കെല്ലിച്ചിട്ടുള്ള ആളുകൾ മാത്രമെ കേവലം അഞ്ചൽപെട്ടികളായിരിക്കുകയുള്ളു. അതുകൊണ്ടു ആ നിയമം ഇപ്പോൾ ഈ ബില്ലിൽ ഇരിക്കുന്ന മാതിരിയിൽതന്നെ ഇരിക്കേണ്ടതാണെന്നു ഞാൻ കരുതുന്നു. ഇതിൽ ഉടൻതന്നെ മാററം ചെയ്യേണ്ട കാര്യങ്ങൾ അടുത്ത ഇലക്ഷനെപ്പററിയുള്ളതാണ്. ഇന്നിരിക്കുന്ന വില്ലേജ്യൂണിയനുകളും പഞ്ചായത്തുകളും അതുപോലെ മുനിസിപ്പാലിററികളുമെല്ലാം അതിന്റെ കാലാവധി അവസാനിക്കുന്നതുവരെ തുടർന്നുകൊള്ളട്ടെയെന്നാണ് അതിൽ പറഞ്ഞിരിക്കുന്നതു്. ഇപ്പോൾ പെട്ടെന്നു ഒരു എലക്ഷൻ നടത്തുന്നതിനുള്ള പ്രയാസംകൊണ്ടായിരിക്കും അങ്ങനെ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. സാക്ഷരതാവ്യവസ്ഥ മാററി പ്രായപൂർത്തിവോട്ടവകാശതത്വം അംഗീകരിച്ചിട്ടുള്ള നിലയ്ക്ക് അങ്ങനെയുള്ള വോട്ടർമാരുടെ ഒരു ലിസ്റ്റ് തിരുവിതാംകൂറിലും കൊച്ചിയിലും ഇന്നുണ്ട്. ഏതു വസരത്തിൽ വേണമെങ്കിലും ആ ലിസ്റ്റ് ഉപയോഗപ്പെടുത്തി തിരഞ്ഞെടുപ്പു നടത്താവുന്നതാണ്. അതുകൊണ്ടു ഇന്നിരിക്കുന്ന വില്ലേജ്യൂണിയനുകളേയും പഞ്ചായത്തുകളേയും മുനിസിപ്പാലിററിയെയും ഉടൻ പിരിച്ചുവിട്ടു കൂടുതൽ അധികാരങ്ങൾ കൊടുത്തിട്ടുള്ള ഇന്നത്തെ നിയമമനുസരിച്ചു പുതിയ ഭരണകൂടങ്ങൾ ഉണ്ടാക്കുന്നതായിരിക്കും നല്ലതു്. അതായിരിക്കും ജനങ്ങൾക്കു കൂടുതൽ ഉപകരിക്കുന്നതും. അതുകൊണ്ട് ഈ ആക്ട് എന്നു നിയമമാകുന്നുവോ അതു കഴിഞ്ഞു ഇത്ര ദിവസത്തിനകം തിരുവിതാംകൂറിലും കൊച്ചിയിലുമുള്ള സകല വില്ലേജ്യൂണിയനുകളും പഞ്ചായത്തുകളും മുനിസിപ്പാലിററികളും മററും പുതിയതായി ഇലക്ഷൻ നടത്തേണ്ടതാണെന്നൊരു വ്യവസ്ഥകൂടി ചേർക്കേണ്ടതത്യാവശ്യമാണ്. ആ വ്യവസ്ഥ ചേർത്തില്ലെങ്കിൽ ഈ ബില്ലുകൊണ്ടു ആളുകൾക്കു എന്തു ഗുണമുണ്ടാകണമെന്നുദ്ദേശിക്കുന്നുവോ ആ ഗുണം ഇല്ലാതെപോകും.

മറെറാരു കാര്യം ഗവമ്മെണ്ടിൽനിന്നും ചെയ്യുന്ന ധനസഹായത്തെപ്പററിയാണ്. രണ്ടായിരം രൂപയാണല്ലോ ഗവമ്മെണ്ടിൽനിന്നും നൽകുന്ന മാക്സിമം ധനസഹായം. ഇത്ര തുഛമായ ഒരു തുക നിശ്ചയിച്ചതു വലിയ അക്രമമായിരിക്കുന്നു. ഈ തുകതന്നെ ഓരോ പഞ്ചായത്തുകാരും പിരിച്ചെടുക്കുന്ന തുകയ്ക്ക് തുല്യമായേ കൊടുക്കുകയുള്ളുതാനും. ചില വില്ലേജുകളിലെ സ്ഥിതി നോക്കിയാൽ അവിടെ രണ്ടായിരം രൂപതന്നെ പിരിച്ചെടുക്കുക വളരെ പ്രയാസമുള്ള ഒരു കാര്യമാണ്. കുറഞ്ഞതു അയ്യായിരം രൂപയെങ്കിലുമില്ലാതെ ആ നാട്ടിൽ ഒന്നും ചെയ്യാൻ സാദ്ധ്യമാകയുമില്ല. അതുകൊണ്ടു ഗവമ്മെണ്ട് രണ്ടായിരം രൂപ വരെ മാത്രമെ കൊടുക്കുകയുള്ളുവെന്നു ക്ലിപ്തപ്പെടുത്തി പറഞ്ഞാൽ ഈ പഞ്ചായത്തുകളെക്കൊണ്ട് കാര്യമായ പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടത്താൻ സാദ്ധ്യമല്ലാതെ വരും. ഈ പഞ്ചായത്തുകൾ ഇപ്പോൾ ഏർപ്പെടുത്തുന്നതിൽ ഗവമ്മെണ്ടിനു മറെറാരു ഉദ്ദേശംകൂടിയുണ്ടോ എന്നു തോന്നിപ്പോകുന്നുണ്ട്. പൊതുജനങ്ങളിൽനിന്നും പിരിക്കാവുന്ന നികുതികളെല്ലാം ഗവമ്മെണ്ട് ഇപ്പോൾ പിരിക്കുന്നുണ്ട്. നികുതികൾ അങ്ങനെ ഗവമ്മെണ്ട് പിരിച്ചെടുക്കുമ്പോൾ ചെലവു കൂടുതലുള്ള പദ്ധതികൾ മുഴുവൻ പഞ്ചായത്തിലേക്കു വിട്ടുകൊടുക്കുവാൻ ഗവമ്മെണ്ട് എടുത്ത ഒരു വിദ്യയല്ലേ ഇതു എന്നുകൂടി തോന്നിപ്പോകുന്നു. എന്തെന്നാൽ വില്ലേജുകളുടെ ആവശ്യം അവർതന്നെ സ്വയം നിറവേററിക്കൊണ്ടാൽ ഗവമ്മെണ്ടിന് ഭാരിച്ച ചെലവുകളൊന്നും ചെയ്യേണ്ടതായി വരികയില്ലല്ലോ. ഇങ്ങനെ കനത്ത നികുതിഭാരം കൊടുത്തുകൊണ്ടിരിക്കുന്ന പൊതുജനങ്ങളിൽനിന്നു വളരെയധികം നികുതി വില്ലേജുപഞ്ചായത്തുകൾക്കുവേണ്ടി പിരിച്ചെടുക്കുവാൻ സാദ്ധ്യമല്ലാത്ത ഒരു പരിതസ്ഥിതിയാണ് ഇന്നുള്ളതു്. അതുകൊണ്ടു രണ്ടായിരം രൂപാ മാത്രമെ കൊടുക്കുകയുള്ളു എന്നു പറഞ്ഞാൽ ഈ വില്ലേജുയൂണിയൻ യാതൊരു പ്രവർത്തനവും നടത്തരുതെന്നായിരിക്കും അർത്ഥം. യൂണിയൻ പ്രവർത്തകന്മാരെ നാട്ടുകാർക്ക് ശകാരിക്കുവാനുള്ള ഒരുവഴി ഉണ്ടാക്കികൊടുക്കുകയുമാണ്. അതിനാൽ കുറഞ്ഞതു അയ്യായിരം രൂപയെങ്കിലും, അതായതു്, പിരിക്കുന്ന തുകയുടെ അഞ്ചിരട്ടിയെങ്കിലും ധനസഹായം ചെയ്യുമെന്നുള്ള ഒരു വ്യവസ്ഥകൂടി ഉണ്ടാക്കേണ്ടതാണ്. ആ വിധത്തിലുള്ള ഭേദഗതികൾകൂടി വരുത്തി ഈ ബില്ല ഈ അസംബ്ളിയിൽതന്നെ നിവൃത്തിയുണ്ടെങ്കിൽ, അതിലേക്കു മററു ചില വകുപ്പുകളെ സസ്പെൻറു ചെയ്യിട്ടെങ്കിലും നിയമമാക്കിത്തീർക്കണമെന്നാണ് എൻെറ അഭിപ്രായം.

ശ്രീ. കെ. കൊച്ചുകുട്ടൻ: സർ, ഞാൻ ഈ ബില്ലിനെ പിൻതാങ്ങുന്നു. ഗാന്ധിജി വിഭാവനചെയ്ത ഇൻഡ്യൻ ഭരണത്തിൻെറ അടിക്കല്ലായി അദ്ദേഹം കരുതിയിരുന്നതു് വില്ലേജുപഞ്ചായത്തുകളാണ്. അങ്ങനെയുള്ള വില്ലേജുപഞ്ചായത്തുകളാകുന്ന അടിക്കല്ലോടുകൂടിത്തന്നെ ഇവിടത്തെ ഭരണത്തെയും കെട്ടിപ്പടുത്തു കൊണ്ടുവരണമെന്നുള്ള ഉദ്ദേശത്തോടുകൂടി അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ല സ്വാഗതാർഹമാണ്. എന്നാൽ ഈ ബില്ലിൽ ഉൾക്കൊള്ളാത്ത അതിപ്രധാനമായ ഒരു സംഗതി ഗവമ്മെണ്ടിൻെറ ശ്രദ്ധയിൽ പെടുത്തുവാൻ ഞാനാഗ്രഹിക്കുന്നു. ഇൻഡ്യൻഭരണഘടനയിൽ പ്രത്യേക പ്രാതിനിദ്ധ്യം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിൽ അതു പിന്നോക്ക സമുദായക്കാർക്കുമാത്രമാണ്. അല്ലെങ്കിൽ തീർച്ചയായും അവശസമുദായങ്ങൾക്കു ഭരണകാര്യങ്ങളിൽ കൈകാര്യം ചെയ്യാനുള്ള അവസരം ഉണ്ടാകയില്ലെന്നു് ഇൻഡ്യയിലെ മഹാരഥന്മാരായ നേതാക്കന്മാർ കണ്ടുകഴിഞ്ഞു. ആ വസ്തുത എല്ലാവർക്കും അറിയാം. ഈ ഐക്യസംസ്ഥാനത്തുള്ള പിന്നോക്ക സമുദായങ്ങളുടെ സ്ഥിതിഗതികൾ മററാരേയുംകാൾ കൂടുതൽ അറിയാൻ സാധിച്ചിട്ടുള്ള, അതിൻെറ പോർട്ട്ഫോളിയോ വഹിക്കുന്ന ബഹു. മന്ത്രി ഈ ബില്ലിൽ അവർക്ക് പ്രത്യേക പരിഗണന നൽകാത്തതിൽ ഞാൻ കുണ്ഠിതപ്പെടുന്നു. രണ്ടുമൂന്നു കൊല്ലങ്ങൾക്കുമുമ്പു കൊച്ചി നിയമസഭയിൽ ഒരു പഞ്ചായത്തുബിൽ അവതരിപ്പിക്കയുണ്ടായി. വ്യ ത്യ പഞ്ചായത്തുകളുണ്ടായിരുന്ന കൊച്ചിയിൽ അതിൻെറ വിപുലീകരണത്തിനുവേണ്ടി കാര്യങ്ങൾ അന്വേഷിച്ചറിഞ്ഞുവേണ്ട നിർദ്ദേശങ്ങൾ ഗവമ്മെണ്ടിലേക്ക് സമർപ്പിക്കുന്നതിനു അധികാരപ്പെടുത്തിയ കമ്മററിക്കാർ അതായതു്, ഡിലിമിറേറഷൻ കമ്മിററിക്കാർ, പിന്നോക്കസമുദായക്കാരെ സംബന്ധിച്ചിടത്തോളം അവർ അർഹിക്കുന്ന നന്മ ലഭിക്കുന്നതിനായിട്ടുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിരുന്നു. പല അവാന്തരവിഭാഗങ്ങളുള്ള പിന്നോക്കസമുദായങ്ങൾക്ക് വ്യത്യാസമുണ്ട് നാലെണ്ണം നാലു പഞ്ചായത്തിലൊഴികെ ബാക്കിയുള്ള ൻ ത്യ പഞ്ചായത്തിലും റിസർവേഷൻ അനുവദിച്ചു. പുതുതായുണ്ടായതു് ഫ ാ ഫ പഞ്ചായത്താണ്. എന്നാൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലിലാകട്ടെ, ഇവർക്ക് അനുഗുണമായ യാതൊരു വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ ബിൽ സെലക്ട് കമ്മററിയിലേക്ക് അയക്കുകയും പി

[Sri. K. Kochukuttan]

നോക്കസമുദായങ്ങൾക്കുവേണ്ടി ആവശ്യമായ ഭേദഗതികൾ വരുത്തിയതിനുശേഷമേ വീണ്ടും അവതരിപ്പിക്കാൻ പാടുള്ളുവെന്നു് ഗവൺമെണ്ടിനെ ഞാൻ ഉൽബോധിപ്പിച്ചുകൊള്ളുകയും ചെയ്യുന്നു.

Sri. N. D. Jose: Sir, this is a well-merited enactment which has been long overdue. Anyway the Government has to be congratulated in having brought this Bill after all. This Panchayat system is an experiment in what I may call intermediate administration. It is a step towards full local autonomy and local administration. It is also a step towards ultimate decentralisation. But while I say these things, I feel, Sir, that this is a problem essentially for administration and not for an effervescence of wishful thinking. India and our State are countries which suffer not because of over administration but to a very great extent due to under administration. Let me quote what was said recently by Dr. John Mathai in the Central Legislative Assembly: "One of the most striking things about Indian Administration as compared with the administration of other parts of the world is that the quantum of Indian Administration is very much smaller than the quantum of the country's requirements. The trouble in our countries is not so much that we are badly administered as that we are underadministered. In a country like England, what makes up for the relatively small quantum of administration is the successful local self-government system they have there. It would be a very great help indeed if we have sufficient local spirit and organistion in villages where the benefits of the urban areas would not reach." I want to submit that the Government should draw up a policy of via media which will execute and complete a measure of this sort. I believe, Sir, that it is by the evolution of a principle which can successfully draw between executive control and complete local autonomy that a transitional system of Panchayat Administration can fully succeed. The crux of the matter is whether as the Hon'ble Minister pointed out, there must be executive control or absolute lack of executive control. I plead, Sir, this a transitional period in which our village life has not evolved that system, where there can be complete and fullest local autonomy. There was a certain amount of alteration between the Hon'ble Minister and an hon'ble member saying that in England, the tendency is towards perfect local autonomy. On the contrary, it is perfectly true that after the Reform Act of 1830, the tendency was towards complete local autnomy. But the modern tendency in England as well as France is towards a certain amount of local control.

Having said this much on whether there should be executive control or complete lack of executive control, I want to place a few facts before the Government. There are certain problems that confront village administration in our country. One is faction and the other is that village panchayats are not able to completely cope with the work with which they are charged. This is what a person who has studied the administration of panchayats throughout India has to say on this subject. He says: "Certain official reports speak of panchayat administration being hampered by party factions resulting in such irregularities as failure to take prompt and effective steps to collect arrears of taxes, income-tax assessment of house and property taxes, undue remittances and rights of expenditure without sanction for appropriation, retention of heavy cash balances, inaction and negligence, and embezzlement, misappropriation, and defalcation in the case of the more daring of the panchayats." I feel, Sir, and I believe that this Bill has been one step forward. I also feel that Panchayats could work more successfully in the State, but one thing I must point out, and that may be a problem for the voting system to be adopted in the formation of village panchayats. It is generally accepted and generally known, that in our country there is a good deal of community, there is a good deal of communal factions. There is the possibility of a number of communities warring against each other. No doubt, the organization of Panchayats can be handicapped. But all the same, in an election to a village panchayat, there is all the more communal prejudices. There is communal faction and communal discord attending these systems. So it may be that a panchayat may be organized only with the majority community in a particular area. This problem has confronted our municipalities also. I feel there is scope for a certain amount of honesty for the Panchayats. Therefore, I would plead that the organization of panchayats in our country be established on such a basis that communal discord and factions can be averted. I do not wish to take up the time of the House by dwelling at any great length on the obvious functions of the panchayat system. Of course it has been pointed out that the Panchayat filed of administration covers roads, wells, tanks, etc. There is also the aspect whether they should be given any amount of judicial power. I, for one, feel Sir, that this is an experiment worth trying in the organization of village panchayats. At least those

major panchayats which are capable of judicial work should be permitted to take up judicial work. This can be done as an experimental measure. I have tried only to point out the broader aspects of the problem. With these words, Sir, I welcome the introduction of this Bill.

ശ്രീ. പി. സി. ആദിച്ചൻ: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പഞ്ചായത്തു ബില്ലിന്റെ തത്വത്തോടു ഞാൻ പരിപൂർണ്ണമായി യോജിക്കുന്നതോടുകൂടി രണ്ടുവാക്കു പറയണമെന്നുകൂടി വിചാരിക്കുന്നു. ഈ ബിൽ അവതരിപ്പിച്ചിരിക്കുന്ന ചീഫ് മിനിസ്റ്റർ അവർകളും അതുപോലെ ഈ സഭയിലുള്ള എല്ലാ സാമാജികന്മാരും അവരുടെ കണ്ണും ഹൃദയവും സംസ്ഥാനത്തുള്ള എല്ലാ ഗ്രാമങ്ങളിലേക്കും ഉന്നയിക്കുന്നതു നന്നായിരിക്കും. അതിനുവേണ്ടി ഞാൻ അപേക്ഷിക്കുന്നു. സർ, അവശസമുദായങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ ഉന്നമനത്തിനായി എന്താണ് ഗവർമ്മെണ്ട് ചെയ്യാൻ പോകുന്നതെന്ന് ചോദിക്കുമ്പോൾ, ബഹു. മന്ത്രി പറയുന്നതു്, ഇൻഡ്യൻ ഭരണഘടന അടുത്ത ജനുവരി പന്ത്രാം തിയതി നടപ്പിൽ വരുത്തുന്നതോടുകൂടി സംസ്ഥാനത്തുള്ള പിന്നോക്ക സമുദായങ്ങൾക്ക് അനുഗ്രഹണമായ പല നന്മകൾക്കും പുറമേ, വിദ്യാഭ്യാസം, ഉദ്യോഗം എന്നിവയിൽ ഗണ്യമായ പ്രോത്സാഹനമാണ് നൽകാൻ പോകുന്നതെന്നും മററും പറയും. അദ്ദേഹത്താൽ അവതരിപ്പിക്കപ്പെട്ട ഈ പഞ്ചായത്തു ബില്ലിൽ ഇവർക്കുവേണ്ടി എന്തു പ്രോത്സാഹനമാണ് നൽകിയിട്ടുള്ളതെന്ന് എനിക്കു മനസ്സിലാകുന്നില്ല. സാക്ഷരതത്വത്തിൽ തിരുവിതാംകൂറാണ് ഇൻഡ്യയിൽവച്ച് ഒന്നാംസ്ഥാനം അർഹിക്കുന്നതെന്ന് ഒരു ധാരണയുണ്ട്. അതിനെപ്പററി എന്നോടു ചോദിച്ചാൽ അത്രത്തോളം അബദ്ധം മറെറാന്നുമില്ലെന്നു ഞാൻ പറയും. അവശലക്ഷങ്ങൾക്ക് എത്രത്തോളം സാക്ഷരതത്വമുണ്ടെന്നും വിദ്യാഭ്യാസം, ഉദ്യോഗം ഇവയിൽ എത്രത്തോളം പുരോഗമിച്ചിട്ടുണ്ടെന്നും ഉള്ള വസ്തുത ഞാൻ പറയാതെതന്നെ ഇവിടെയിരിക്കുന്ന ബഹു. മെമ്പറന്മാർക്ക് അറിയാവുന്നതാണ്. സ്ഥിതിഗതികളുടെ വാസ്തവം ഇങ്ങിനെയിരിക്കെ, സാക്ഷരതത്വമുള്ളവർക്കുമാത്രമേ വോട്ടവകാശമുള്ളുവെന്നു പഞ്ചായത്തു ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു്, ഒരു പുതു കൊല്ലത്തേക്ക് അവശസമുദായങ്ങൾക്ക് പഞ്ചായത്തുകളിൽ പ്രാതിനിധ്യം ഉണ്ടാകാൻ പാടില്ലെന്നു വിചാരിച്ചുതുകൊണ്ടാണ്. ഈ വിചാരം ഗവർമ്മെണ്ടിന്റെ സ്വാർത്ഥപരമായ ഒരു വഞ്ചനയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ഉപയോഗിക്കുന്ന ഭാഷയുടെ രീതി ഒന്നു മാററുകതന്നെ വേണം. "ഗവർമ്മെണ്ടിന്റെ സ്വാർത്ഥപരമായ വഞ്ചന" എന്നു പറഞ്ഞതു് അൺപാർലിമെന്ററിയാണ്. അതുകൊണ്ട് ആ പദത്തിനെ പിൻവലിക്കണം.

ശ്രീ. പി. സി. ആദിച്ചൻ: ഞാൻ പിൻവലിച്ചിരിക്കുന്നു. സർ, പിന്നോക്കസമുദായങ്ങളിൽ ൧൦൦-നു ൯൯-ം സാക്ഷരതത്വമില്ലാത്തവരാണ്. അങ്ങിനെയിരിക്കെ സാക്ഷരതത്വമുള്ളവർക്കുമാത്രമേ വോട്ടവകാശമുള്ളൂ എന്ന വ്യവസ്ഥ പഞ്ചായത്തു ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു് കരുതിക്കൂട്ടിചെയ്ത ഒരു വഞ്ചനയാണെന്നേ ഞാൻ പറഞ്ഞുള്ളൂ.

മി. സ്പീക്കർ: ബഹു. മെമ്പർ വീണ്ടും ആ പദം ഉപയോഗിച്ചിരിക്കുന്നു. അതുകൊണ്ട് ആ പദം പിൻവലിക്കയും ഈ സഭയോടു ക്ഷമായാചനം ചെയ്യുകയും വേണം.

ശ്രീ. പി. സി. ആദിച്ചൻ: സർ, ഞാൻ അതു പിൻവലിച്ച്, ക്ഷമായാചനം ചെയ്തുകൊള്ളുന്നു.

സർ, ഈ രാജ്യത്തുള്ള എല്ലാ ആളുകൾക്കും ശരിയായ പ്രാതിനിധ്യം ഇതിൽ കിട്ടണം. അങ്ങനെ കിട്ടത്തക്കവണ്ണം ബില്ല് രൂപീകരിക്കണമെങ്കിൽ സിലക്ട് കമ്മററിയിൽ ആ അവശസമുദായ അംഗങ്ങളിൽ ആരെങ്കിലും ഒരാളെങ്കിലും ഉണ്ടായിരിക്കണം. ഈ വില്ലേജു പഞ്ചായത്ത് ചെയ്യുവാൻ പോകുന്ന കാര്യങ്ങൾ എല്ലാംതന്നെ ഇപ്പോൾ വില്ലേജ് യൂണിയൻ മുഖേനയും ഗ്രാമോദ്ധാരണകേന്ദ്രങ്ങൾ മുഖേനയും നടത്തുന്നുണ്ട്. എന്നാൽ അവയുടെ ഇടയിൽകൂടി കുളങ്ങൾ, വായനശാലകൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ കാർഷികസ്ഥാപനങ്ങൾ മുതലായവ ഗ്രാമപഞ്ചായത്തുകൾവഴി കൂടുതൽ അഭിവൃദ്ധിപ്പെടുത്തണമെന്നും അവശസമുദായ അംഗങ്ങൾക്ക് ഈ പ്രവർത്തനങ്ങളിൽ പ്രാതിനിധ്യം നൽകണമെന്നും കൂടി അപേക്ഷിച്ചുകൊണ്ട് ഞാൻ ബില്ലിനെ അനുകൂലിച്ചുകൊള്ളുന്നു.

ശ്രീ. സി. വി. ഇയ്യ: ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുന്നതോടുകൂടി ബഹുമാനപ്പെട്ട ഡെപ്യൂട്ടി പ്രസിഡൻറ് മി. കൊച്ചുകുട്ടനും ഇപ്പോൾ പ്രസംഗിച്ച മെമ്പർ മി. ആദിച്ചനും പറഞ്ഞ ചില അഭിപ്രായങ്ങളോട് എനിക്ക് ആനുകൂല്യമുണ്ടെങ്കിലും അവർ പറയാൻ പാടില്ലാത്ത സംഗതികൾ ആണ് അവർ പറഞ്ഞതെന്നുള്ള കാര്യം ഞാൻ

[Sri. C. V. Iyyu]

സഭയെ അറിയിച്ചുകൊള്ളുന്നു. വാസ്തവത്തിൽ അവർ പറഞ്ഞതെല്ലാം യാഥാർത്ഥ്യംതന്നെ എങ്കിലും പുരോഗമനവാദികളായി കോൺഗ്രസ്സിൽ പ്രാതിനിദ്ധ്യമുള്ള അവർ "സമുദായ പ്രാതിനിദ്ധ്യം" "പ്രത്യേക നിയോജകമണ്ഡലം" എന്നൊക്കെ ഉള്ള തങ്ങളുടെ നിലയിൽ "പിന്തിരിപ്പൻ" ന്യായങ്ങൾ വാദിക്കുന്നതു് ശരിയല്ലെന്നാണു് എനിക്കു തോന്നുന്നതു്. ൧൯൩൮ ൧൯൩൯ൽ കൊച്ചി ഗവൺമെണ്ടു നിയമിച്ച പഞ്ചായത്തുകളുടെ അത്തുത്തി നിർണ്ണയം പ്രാദേശിക സമുദായ പ്രാതിനിദ്ധ്യം ഇവ അന്വേഷിച്ചു റിപ്പോർട്ട് ചെയ്യാൻ ഒരു കമ്മിററി നിയമിച്ചതിൽ പ്രസിഡൻറായിരുന്ന ഇപ്പോഴത്തെ ഈ ബിൽ അവതരിപ്പിച്ച മന്ത്രി. ആ കമ്മിററിയിൽ ഞാനും ഇന്നത്തെ ഡെപ്യൂട്ടി പ്രസിഡണ്ടും അംഗങ്ങളായിരുന്നു. ശ്രീ. ടി. കെ. നായർ മുതലായവർ ഇന്നത്തെ നിലയിൽ പിന്തിരിപ്പന്മാരാണു്. അദ്ദേഹം.....

ശ്രീ. സി. സി. പ്രസാദ്: ബഹുമാനപ്പെട്ട മെമ്പർ ഉപയോഗിച്ച പിന്തിരിപ്പന്മാരെന്ന പദം പാർലിമെൻററിയാണോ?

Sri. C. V. Iyyu: It is only a proverb.

Mr. Speaker: The member may proceed and try to close his speech.

Sri. C. V. Iyyu: Thank you, Sir.

ശ്രീ. സി. വി. ഇയ്യു: സാധാരണ ഇവിടെ "പിന്തിരിപ്പന്മാരെന്നെല്ലാം" ഉപയോഗിക്കുന്നുണ്ടു്. അതു അൺപാർലമെൻററി ആണെന്നു തോന്നുന്നില്ല.

സർ, സീററ റിസർവേഷനൊ ഒന്നും കൂടാതെതന്നെ മി. ടി. കെ. നായർ മുതലായവർ പരിശ്രമിച്ചിട്ടു ബഹു. മന്ത്രിയേപ്പോലുള്ളവർ സ്ഥാനാർത്ഥികളായി നിന്നു് അസംബ്ലിയിലേക്കു വന്നിട്ടുണ്ടു്. ഇവിടെത്തന്നെയും മി. ആദിച്ചൻ വളരെക്കാലം അധഃകൃത സമുദായാംഗമായിരുന്നു. വളരെ വൈഷമ്യങ്ങൾ അനുഭവിച്ചിട്ടും റിസർവേഷനൊ ഒന്നുംകൂടാതെതന്നെ ഈ സഭയിലേക്കു തെരഞ്ഞെടുക്കപ്പെട്ടതു് ഓർമ്മിക്കേണ്ടതാണു്. പ്രത്യേക പ്രാതിനിദ്ധ്യം മുതലായവ കോൺഗ്രസ്സുകാർ ആവശ്യപ്പെടാൻ പാടില്ലാത്തതാണു്. പുരോഗമന പരിപാടികളുണ്ടെന്നു പറയുന്ന കോൺഗ്രസ്സു ആവശ്യമെന്നു കാണുന്ന സന്ദർഭത്തിൽ മുന്നോക്ക സമുദായക്കാരെ മാററിനിർത്തിയിട്ടു് പിന്നോക്ക സമുദായക്കാർക്കു പ്രാതിനിധ്യം ലഭിക്കത്തക്കവണ്ണമുള്ള എപ്പാടുകൾ താനേ ചെയ്യുന്നതാണു്. പക്ഷെ അങ്ങനെ സാമുദായികവാദങ്ങളും മററും കോൺഗ്രസ്സുകാരായിട്ടുള്ളവർ പുറപ്പെടുവിപ്പിക്കരുതെന്നുമാത്രമെ എനിക്കഭിപ്രായമുള്ളു. മി. ആദിച്ചനും കൊച്ചുകുട്ടനും പറഞ്ഞ സംഗതികളിൽ എനിക്കു ആത്മാർത്ഥമായ അനുകൂല്യമാണുള്ളതു്.

Sri. P. Nanoo: On a point of order. Mr. Iyyu is now making a reflection on one hon'ble member of this House. He is making a personal charge against Mr. Adichan. Is that position correct?

Mr. Speaker: What are the words and ideas expressed by Mr. Iyyu which have given rise to the member's point of order?

Sri. P. Nanoo: There were personal references about Mr. Adichan. He said that the party defrauded him or rather duped him and all that.

Sri. C. V. Iyyu: I did not at all say so.

Sri. P. Nanoo: Sir, I heard Mr. Iyyu making personal references about Mr. Adichan an hon'ble member of this House. He said that he was duped by the party in power and the rest of it. He was threatened by the party and to that extent he was duped. I want a ruling on that matter.

Mr. Speaker: In Mr. Iyyu's speech I have not been able to note any personal charges on as persons levelled against Mr. Adichan. To say that the party defrauded or duped Mr. Adichan is not a personal charge against Mr. Adichan. Anyway Mr. Iyyu has denied having said so.

Sri. P. Nanoo: Sir, I heard Mr. Iyyu referring to.

Sri. P. C. Adichan: He did say that Mr. Adichan was duped or being defrauded by the Congress organisation and so on. That is a personal reference about Mr. Adichan. This House is entitled to know whether such references can be made about an hon'ble member of this House. I want a ruling on this point.

Mr. Speaker: Personal reference about a member is different from a personal charge against him. There is nothing in Mr. Iyyu's speech which calls for attention or justifies a discussion.

ശ്രീ. സി. വി. ഇയ്യു: ഞാൻ അദ്ദേഹത്തെക്കുറിച്ച്.....

Mr. Speaker: No more explanation or discussion on that matter. The member may proceed with his speech.

Sri. C. V. Iyyu: I said so just to make him well understand the position.

ശ്രീ. സി. വി. ഇയ്യു: ഞാൻ അദ്ദേഹത്തിന്റെ സ്റ്റേറ്റ്മെണ്ട് മനസ്സിലാക്കിയിടത്തോളം അദ്ദേഹം ഉൾപ്പെടെയുള്ള സമുദായത്തിനും അതുപോലെയുള്ള മററു സമുദായങ്ങൾക്കും പ്രാതിനിദ്ധ്യം ലഭിക്കത്തക്കവണ്ണമുള്ള ഒരു പ്രത്യേക വ്യവസ്ഥ ചേർക്കണമെന്ന് പറഞ്ഞതായിട്ടാണ് എനിക്കു തോന്നുന്നതു്. ഏതായാലും ഞാൻ പ്രത്യേക പ്രാതിനിദ്ധ്യത്തിന്ന് എതിരല്ല. ഇങ്ങനെയുള്ള സാമുദായികമായ പ്രത്യേക അവകാശവാദങ്ങൾ കോൺഗ്രസ്സുകാർ കൊണ്ടുവരരുതെന്നാണ് എന്റെ അഭിപ്രായം. ഈ ഐക്യസംസ്ഥാനത്തിന്റെ ഏതുഭാഗത്തും അവർക്കു പ്രാതിനിദ്ധ്യം കൊടുക്കണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. എന്നുവച്ചാൽ ഭൂരിപക്ഷസമുദായക്കാരുടെ വോട്ടുകൊണ്ട് അവർക്കു റിസർവ്വേഷനും കൊടുത്തു തിരഞ്ഞെടുക്കണമെന്നല്ല, അവരുടെ പ്രതിനിധികളെ അവർതന്നെ തിരഞ്ഞെടുക്കണമെന്നുകൂടിയാണ് എന്റെ അഭിപ്രായം. ഞാൻ "ചിൻതിരിപ്പനാണെന്ന്" ആരെങ്കിലും പറഞ്ഞാലും തരക്കേടില്ല. എന്റെ അഭിപ്രായം ഇതാണ്. ബഹു. മന്ത്രി ഈ കമ്മിററിയുടെ ചെയർമാനായിരുന്ന കാലത്ത് ഈവക്കുപോലും റിസർവേഷൻ കൊടുത്തിരുന്നു. അതു് ആവശ്യവുമായിരുന്നു അന്ന്. റിസർവേഷൻ ആവശ്യപ്പെടാഞ്ഞതു റോമൻകത്തോലിക്ക സുറിയാനിക്കാർ, യാക്കോബായ, മാർത്തോമ്മാ ഈ സമുദായക്കാരും നായന്മാരും മാത്രമായിരുന്നു നമ്പൂതിരിമാരും മററു സവർണ്ണഹിന്ദുക്കളും അങ്ങനെ റിസർവേഷൻ കൊടുത്തില്ലെങ്കിൽ അവർക്ക് ഏതെങ്കിലും കമ്മിററികളുടേയോ മററോ പ്രസിഡണ്ടാകുന്നതിന്ന് സാധിക്കുകയില്ലായിരുന്നു. അതുപോലെതന്നെ വടക്കൻ താലൂക്കുകളിൽ മുസ്ലീംസിനും റിസർവേഷൻ കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. നാം നേരത്തെ സോഷ്യൽ ഡിസ്ഏബിലിററീസ് ബിൽ, ക്ഷേത്രപ്രവേശന നിയമം ഇതെല്ലാം അവതരിപ്പിച്ചിട്ടുണ്ട്.

Sri. P. Nanoo : Are these matters strictly relevant to the bill under discussion?

Mr. Speaker : Some of the remarks which seem to go far beyond the scope of the bill cannot be permitted.

Sri. C. V. Iyyu : It is the general principle I am discussing and nothing else.

ശ്രീ. സി. വി. ഇയ്യു: കോൺഗ്രസ്സുകാർ സമത്വം സ്ഥാപിക്കുന്നതിന്ന് വളരെ പ്രയത്നിക്കുന്നുണ്ട് എന്നു പറയുന്നുണ്ട്. അത്തരക്കാർ ഇപ്രകാരമുള്ള വാദം കോൺഗ്രസ്സിന്റെ ആദർശങ്ങൾക്കു വിപരീതമായിരിക്കുമെന്നാണ് എന്ന്, ഇപ്പോഴം മനസ്സിലാക്കീട്ടില്ല കഴിഞ്ഞ ഡിപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പിൽ നമ്മുടെ ഇപ്പോഴത്തെ ഡിപ്യൂട്ടി പ്രസിഡണ്ട്.....

ശ്രീ. പി. കെ. രാമൻ: മെമ്പർ ഒരു കഥ പറയുകയാണോ?

ശ്രീ. സി. വി. ഇയ്യു: കഥയല്ല കാര്യമാണ് പറയുന്നതു്. കഴിഞ്ഞ ഡിപ്യൂട്ടി പ്രസിഡണ്ട് തെരഞ്ഞെടുപ്പിന്ന് അദ്ദേഹം ഒരു സ്ഥാനാർത്ഥിയായിരുന്നു. പുരോഗമിച്ച മററു സമുദായത്തിലെ അംഗങ്ങൾ അദ്ദേഹത്തിന്ന് എതിരായി നിന്നില്ല. അതുകൊണ്ട് അങ്ങനെ വേണ്ടിവരുമ്പോൾ പുരോഗമിച്ച സമുദായങ്ങൾ അവശസമുദായക്കാർക്കുവേണ്ടി താനേ മാറിക്കൊള്ളുമെന്നല്ലാതെ റിസർവേഷൻതന്നെ വേണമെന്നു പറയുന്നതു് എന്തിനാണ്?

മി. പി. നാണു: ആരെയാണ് പിന്നോക്ക സമുദായാംഗങ്ങൾ എന്നു പറയുന്നതു്?

ശ്രീ. സി. വി. ഇയ്യു: മി. ആദിച്ചനും മി. കൊച്ചുകുട്ടനും ഉൾപ്പെട്ട സമുദായം ഏതാണോ അതാണ്.

(Mr. Nanoo stood up to ask a question)

Mr. Speaker : The answer that is given by the member may be taken for what it is worth. No further discussion on that is allowed.

ശ്രീ. സി. വി. ഇയ്യു: അതുപോലെതന്നെ ഐക്യസംസ്ഥാനത്തിന്റെ വടക്കൻ താലൂക്കുകളായ ചിറവൂർ, തലപ്പള്ളി, മുതലായ സ്ഥലങ്ങളിൽ മുസ്ലീമങ്ങൾക്കും വിശ്വകർമ്മാക്കൾക്കും അധകൃതർക്കും ഈഴവർക്കും ബാക്കിയുള്ള സ്ഥലങ്ങളിൽ തീരെ പിന്നോക്കം നില്ക്കുന്ന മററു സമുദായങ്ങൾക്കും എല്ലാത്തിനും പ്രാതിനിധ്യം കിട്ടത്തക്കവണ്ണമുള്ള ഒരു വ്യവസ്ഥകൂടി ഇ

[Sri. C. V. Iyyu]

തിൽ ഉൾപ്പെടുത്തണമെന്നു് ഞാൻ അഭിപ്രായപ്പെടുന്നു. ഡിപ്യൂട്ടി പ്രസിഡണ്ടു് അവർകളും എന്നോടു യോജിക്കുമെന്നു് എനിക്കു വിശ്വാസമുണ്ടു്.

ஸ்ரீ. ஏ. சிதம்பரநாத நாடார்: ஸர், பஞ்சாயத் அரசாக்ஷி என்றால் கனம் கொச்சு குட்டன் அவர்கள் சொன்னதுபோல் அன்று காந்தியடிகள் கனவுண்டது போல் எப்படி. கனவுகாண்பார் என்றால் சுதந்திர அரசாக்ஷி வரும்போது நாடு மக்களால் ஆளப்படும் என்று கருதியே. அந்த முறையில்தான் இதற்கு பொறுப்பு வாய்ந்த மந்திரி அவர்கள் இந்த பில்லை இங்கு கொண்டுவந்து இருக்கிறார் என்று நம்புகிறேன். ஆனால் எனக்கு ஒரு எதிர் அபிப்பிராயம் இருக்கிறது. காந்தி அடிகள், எதிர்பார்த்த இன்றியமையாத சில தத்துவங்கள் இதில் காணப்படவில்லை என்று எடுத்துச்சொல்லிவிட்டு முடித்துவிடலாமென்று நம்புகிறேன். பஞ்சாயத் அரசாக்ஷி என்பதை எதற்காக வைத்தார்கள்,.....

Mr. Speaker: Order, order. The House will now adjourn and meet again at 11 a. m. tomorrow. The House adjourned at 4-30 p. m. to meet again at 11 a. m. on Friday, the 2nd December 1949.

V. KRISHNAMOORTHI AIYAR

Secretary to the Legislative Assembly.

PROCEEDINGS OF THE UNITED STATE OF TRAVANCORE AND COCHIN
LEGISLATIVE ASSEMBLY

THIRD SESSION, 1949/1125

Friday, *the* *2nd December 1949* / *17th Vrischigam 1125*

Vol. III] **OFFICIAL REPORT** **[No. 4**

The Assembly met in the Legislative Chamber, Public Offices, Trivandrum, at 11 of the clock, on Friday, the 2nd December 1949, with Mr. Speaker (The Hon'ble Sri. T. M. Varghese) in the chair.

QUESTIONS AND ANSWERS

Oral answers

(The numbers within brackets indicate the serial numbers in the list of admitted questions.)

ഉദ്യോഗനിയമനങ്ങൾ ഗസററ പരസ്യത്തിൽ

*൩൩൧. (൧) ശ്രീ. പി. എസ്സ്. മാധവൻ വൈദ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹു. ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) പബ്ലിക്ക് സർവ്വീസ് കമ്മീഷനാൽ പുതുതായി ഉദ്യോഗത്തിനു കരുവനു നേരിട്ടു മെമ്മോ അയക്കുന്ന സംപ്രദായം ഗവമ്മെൻറ് നിറുത്തലാക്കിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിനു കാരണമെന്താണ്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) ഉണ്ട്.

(ബി) കാരണങ്ങൾ വിശദമായി ൨൨-ൻ- ൧൯൪൯-ലെ എസ്. ൨, വ്യ൩൨൫, ൪൯ സി. എസ്. -ാംനമ്പർ ഗവമ്മെൻറ പ്രൊസീഡിംഗ്സിൽ കാണിച്ചിട്ടുണ്ട്. ഗസററിൽ പരസ്യം ചെയ്യുതായ ഈ കല്പന അനുബന്ധമായി ചേർത്തിട്ടുണ്ട്.

ശ്രീ. കൊന്നനാത്തു കുഞ്ഞിരാമമേനോൻ: എല്ലാ സ്ഥലങ്ങളിലുള്ളവർക്കും ഗസററ കിട്ടാൻ എളുപ്പമുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: സബ്സ്ക്രിപ്ഷൻ കൊടുക്കുന്നവർക്കെല്ലാം ഗസററ കിട്ടുന്നതാണ്.

ശ്രീ. കെ. ഐ. വേലായുധൻ: നാട്ടിൻപുറങ്ങളിലുള്ള ആളുകളെ ഉദ്യോഗത്തിൽ നിയമിച്ചിട്ടുണ്ടെങ്കിൽ അവക്ക ഗവമ്മെൻറിൽനിന്നും നേരിട്ടു ഒരു കമ്മ്യൂണിക്കേഷൻ കിട്ടാത്തപക്ഷം എങ്ങനെയാണ് അവർ അതു അറിയുന്നതു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഗസററിൽ പരസ്യപ്പെടുത്തുക മാത്രമാണ് ഇപ്പോൾ നിയമപ്രകാരം ചെയ്തുവരുന്നതു്.

ശ്രീ. സി. വി. ഇയ്യ: മദിരാശി സംസ്ഥാനത്തിൽ രണ്ടണ കൊടുത്താൽ ഗസററിൻെറ ആവശ്യമുള്ളഭാഗം കിട്ടും. അതുപോലെ ഇവിടെയും രണ്ടണ സ്റ്റാമ്പു അയച്ചുകൊടുക്കുന്നവക്ക് സർവ്വീസ് കമ്മീഷൻ ആഫീസിൽനിന്നും ആ ഭാഗം അയച്ചുകൊടുക്കുവാൻ ബഹു. ഗവമ്മെൻറിനു ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ദയവുണ്ടാകും.

GOVERNMENT OF THE UNITED STATE OF TRAVANCORE AND COCHIN
PROCEEDINGS

The Chief Secretariat (Services Sections)

Intimation regarding the selection of candidates by the Public Service Commission—Communication of—Procedure regarding.

Read Letter No. A-2 344/49, dated 13th September 1949 from the Secretary, Public Service Commission.

Order S-2 8325/49/C.S., dated 22nd September 1949

A large number of candidates has to be selected by the Public Service Commission for appointments in the different Departments of the United State. The practice followed by the Public Service Commission of the erstwhile Travancore State was, to send communications regarding the selection by registered anchal to the candidates individually. Such a procedure throws much unnecessary work on the Public Service Commission of the United State, involving as it does, much time and delay, not to mention unnecessary expenditure. Government are therefore pleased to order that this practice will be discontiued.

2. Since the Heads of Departments are to make the appointments from the lists of candidates selected by the Public Service Commission, Government think that the object in view can be effectively achieved if the names of the candidates selected by the Public Service Commission are published from time to time in the Gazette of the United State by the Secretary, Public Service Commission. Publication of the names of candidates selected by the Public Service Commission will enable not only the candidates concerned to know the Departments to which they have been selected but also make the general public understand that justice and equity have been meted out to the different communities in the distribution of appointments in the United State. Proper steps also will be taken to see that copies of the Gazettes reach the different parts of the United State promptly and in time.

(By order)
K. G. MENON
Chief Secretary to Government

To

The Heads of Departments.
,, Judges of the High Court (with C. L.)
,, The Attorney General do.
,, Chairman, Public Service Commission (with C. L.)
,, Secretaries to Governments.
,, Deputy Secretary to Government.
,, Assistant Secretaries to Government.
,, Private Secretaries to the Chief Minister and other Ministers.
,, Departments and Sections of the Secretariat.
,, Director of Information.
,, Gazette.

എറണാകുളം ഗവമ്മെൻറ പ്രസ്സിലെ ജോലി സമയം

*നമ്പ. (റ) ശ്രീ. പി. എസ്സ്. മാധവൻ വൈദ്യർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) എറണാകുളം ഗവമ്മെൻറ പ്രസ്സിലെ ജോലി സമയം, പൊതു ഒഴിവുദിവസം മുതലായതു തിരുവനന്തപുരം ഗവമ്മെൻറ പ്രസ്സിലെപ്പോലെയാണോ?

(ബി) എറണാകുളം ഗവമ്മെൻറ പ്രസ്സിലെ ജോലിസമയം, പൊതുഒഴിവുദിവസം മുതലായതു തിരുവനന്തപുരം ഗവമ്മെൻറപ്രസ്സിലെപ്പോലെ അനുവദിച്ചുകിട്ടണമെന്നു കാണിച്ചു എറണാകുളം ഗവമ്മെൻറപ്രസ്സു ജോലിക്കാർ വല്ല നിവേദനവും ഗവമ്മെൻറിലേക്ക് സമർപ്പിച്ചിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ ആ നിവേദനത്തിനു നൽകിയ മറുപടി എന്തു്?

(ഡി) എറണാകുളം ഗവമ്മെൻറ പ്രസ്സിൻെറ ഭരണത്തിൽ പ്രസ്സ് സൂപ്രണ്ടിനു പരമാധികാരം കിട്ടണമെന്നു കാണിച്ചു എറണാകുളം ഗവമ്മെൻറ പ്രസ്സിൽനിന്നും വല്ല നിർദ്ദേശവും ഗവമ്മെൻറിന് കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ നിർദ്ദേശം ഗവമ്മെൻറ അംഗീകരിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) അല്ല.

(ബി) ഉണ്ടായിരുന്നു.

(സി) എറണാകുളം ഗവമ്മെൻറ് പ്രസ്സ് ഫാക്ടറി നിയമങ്ങൾക്ക് വിധേയമാകകൊണ്ട്, ടി നിയമങ്ങൾക്ക് വിരുദ്ധമല്ലാത്തവിധത്തിൽ എറണാകുളം പ്രസ്സിലെ ചുരുങ്ങിയ ഒഴിവുദിവസങ്ങളും വർദ്ധിച്ച ജോലി സമയവും പരിഗണിച്ച്, ഗവമ്മെൻറിൽനിന്നും നിയോഗിച്ചിരിക്കുന്ന പ്രസ്സ് എൻക്വയറി കമ്മിററി ഗവമ്മെൻറ് പ്രസ്സ് ജീവനക്കാർക്ക് എല്ലാവർക്കും പൊതുവിൽ നാ. ൦—൨—൩ ൦ എന്നു വർദ്ധിച്ച ശമ്പളത്തോതു് ഗ്രൂപ്പാർ ചെയ്തിട്ടുള്ളതിനാലും ചുരുങ്ങിയ ഒഴിവു ദിവസങ്ങളും കൂടുതൽ ജോലി സമയവും കൊണ്ടു മാത്രമേ ഓവർട്ടയിം വർക്കും ഓവർട്ടയിം അലവൻസും ചുരുക്കുവാൻ കഴിയുകയുള്ളു എന്നതു

കൊണ്ടും എറണാകുളം ഗവമ്മെൻറ് പ്രസ്സിലെ പഴേ രീതിയിലുള്ള ഒഴിവുദിവസങ്ങൾതന്നെ തൽക്കാലം തുടർന്നുപോയാൽ മതിയെന്നു ഗവമ്മെൻറ് കല്പനയായതു അനുസരിച്ച്, എറണാകുളം പ്രസ്സ് ജീവനക്കാരുടെ നിവേദനം പ്രസ്സിൻെറകൂടി ചാർജ്ജ് വഹിച്ചിരുന്ന സ്റ്റാമ്പ് സൂപ്രണ്ട് സ്വീകരിക്കയുണ്ടായില്ല.

(ഡി) പരമാധികാരം കിട്ടണമെന്ന് യാതൊരു നിർദ്ദേശവും കിട്ടീട്ടില്ല.

ശ്രീ. കെ. കുട്ടപ്പൻ: ഗവമ്മെൻറ് പ്രസ്സിലെ തൊഴിലാളികളുടെ തൊഴിൽ സമയം സാധാരണയായി എത്ര മണിക്കൂർ ആണ്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: എത്രയാണെന്നു ഇപ്പോൾ കൃത്യമായി പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. കെ. കണ്ണൻ: ഓവർട്ടയിം വക്ക് എത്ര മണിക്കൂർ ഉണ്ടാകും?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പററി നിശ്ചയമില്ല.

ശ്രീ. പി. കെ. ഡീവർ: തിരുവിതാംകൂർ ഗവമ്മെൻറ് പ്രസ്സ് ഫാക്ടറി ആക്ടിൽ പെടുത്താതിരിക്കാൻ വല്ല കാരണമുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: പ്രത്യേക കാരണമൊന്നും ഉള്ളതായി അറിവില്ല.

ശ്രീ. കെ. കെ. കണ്ണൻ: ഓവർട്ടയിം വക്ക് എത്ര മണിക്കൂർ ചെയ്യേണ്ടിവരുമെന്നു അന്വേഷിക്കാമോ?

ബഹു. ശ്രീ ടി. കെ. നാരായണപിള്ള: അന്വേഷിക്കാം

ശ്രീ. കെ. കെ. കണ്ണൻ: അവിടെ ഓവർട്ടയിം അലവൻസ് എത്രകണ്ട് നൽകുന്നുണ്ട് എന്നു പറയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പററി അറിഞ്ഞുകൂടാ.

ശ്രീ. കെ. കരുണാകരൻ: തിരുവിതാംകൂറിലേയും എറണാകുളത്തേയും പ്രസ്സുകളുടെ നടത്തിപ്പിൽ വല്ല വ്യത്യാസവുമുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: കൊച്ചിയിൽ ഫാക്ടറി ആക്ട് അനുസരിച്ചാണ് നടക്കുന്നതു്. അതു് തിരുവിതാംകൂറിൽ ബാധകമല്ല.

ശ്രീ. കെ. കരുണാകരൻ: അതു് ഇവിടെയും ബാധകമാക്കാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പററി ആലോചിക്കാവുന്നതാണ്.

BUCH COMMITTEE REPORT

***333.** [3] **Sri. D. Gnanasigamony:** Will the Hon'ble Chief Minister be pleased to state.—

(*a*) the reasons why the Buch Committee Report has not yet been published

(*b*) the recommendations of the Buch Committee Report so far implemented and

(*c*) the nature and number of recommendations yet to be implemented?

ബഹു. ശ്രീ. ടി കെ. നാരായണപിള്ള: ഉത്തരം തയ്യാറാക്കിട്ടില്ല.

UNION HIGH COURT

***334.** [4] **Sri. D. Gnanasigamony:** Will the Hon'ble Minister for Justice be pleased to state.—

(*a*) whether it is a fact that Justice Mr. Fazil Ali has recommended that this United State's High Court shall be located in the Capital; and

(*b*) whether the Government of India acting on such recommendation has already advised this Government to remove the High Court to the capital?

The Hon'ble Sri. T. K. Narayana Pillai:

(*a*) Government are not aware of any such recommendation.

(*b*) No.

Sri. D. Gnanasigamony: May I know, Sir, whether Government contemplate the shifting of the High Court from its present location?

The Hon'ble Sri. T. K. Narayana Pillai: The Government do not contemplate at present any such step.

Sri. D. Gnanasigamony: Are Government satisfied that Ernakulam is unsuited for the location of the High Court?

The Hon'ble Sri. T. K. Narayana Pillai: Government are not satisfied.

പബ്ളിക്ക് സർവ്വീസിൽനിന്നും പിരിച്ചുവിടപ്പെട്ടവരുടെ എണ്ണം

*നമ്പ ൪ (൪) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ. —

(എ) ൧൯൪൯ ൯-ൽ ആരംഭിച്ച വ്യയസങ്കോചനം സംബന്ധിച്ച് ൧൯൪൯ കന്നി മ ൦ാം൯ വരെ പബ്ളിക്ക് സർവ്വീസിൽനിന്നും എത്രപേരെ പിരിച്ചുവിട്ടിട്ടുണ്ടെന്നും അവരിൽ അവശസമുദായങ്ങളിൽപ്പെട്ടവർ എത്രയെന്നും ദയവായി പറയുമോ;

(ബി) വ്യയസങ്കോചനത്താൽ പിരിച്ചുവിടപ്പെട്ടിട്ടുള്ള പിന്നോക്കസമുദായാംഗങ്ങളെ എത്രയും വേഗം വീണ്ടും നിയമിച്ചു സഹായിക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) വ്യയസങ്കോചനം അനുവദിച്ചിട്ടില്ല. കസ്റ്റംസ് നിറുത്തൽ ചെയ്തതോടുകൂടിയും മററും എതാനും ആക്ടിംങ്ങ് ഉദ്യോഗസ്ഥന്മാരെ പിരിച്ചുവിട്ടിട്ടുണ്ട്. അതിൽ എത്രപേരാണ് അവശസമുദായത്തിൽ പെട്ടവരെന്നുള്ള വിവരം ശേഖരിച്ചു കഴിഞ്ഞിട്ടില്ല.

(ബി) അങ്ങനെ പിരിച്ചുവിടപ്പെട്ടവരെ കഴിയുന്നത്ര വേഗത്തിൽ പുതിയ ഒഴിവുകൾ വരുന്നതോടുകൂടി തിരിയെ ഉദ്യോഗത്തിൽ നിയമിക്കണമെന്നു ഗവമ്മെണ്ട് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: പിരിച്ചുവിട്ടവരെ വീണ്ടും നിയമിക്കുമ്പോൾ ലങ്ങ്ത്ത് ഓഫ് സർവ്വീസോ, സാമുദായിക പരിഗണനകളോ, ഏതാണ് പ്രധാനമായി നോക്കുന്നതു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: രണ്ടുംനോക്കും.

ശ്രീ. കെ. കെ കണ്ണൻ: വ്യയസങ്കോചനം നടപ്പിൽ വരുത്തുന്ന അവസരത്തിൽ പുതുതായി ഉദ്യോഗത്തിൽ പ്രവേശിച്ചിട്ടുള്ള പിന്നോക്ക സമുദായക്കാരെ പിരിച്ചുവിടുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തരുതെന്നു ഒരു നിർദ്ദേശം ഗവമ്മെണ്ട് പുറപ്പെടുവിക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ബഹുമാനപ്പെട്ട മെമ്പർ നിർദ്ദേശത്തെപ്പററി ആലോചിക്കുന്നതാണ്.

ശ്രീ. പി. സി. ആദിച്ചൻ: പിരിച്ചുവിട്ടവരെ ഏതുസ്ഥാനങ്ങളിൽനിന്നും പിരിച്ചുവിട്ടുവോ ആ സ്ഥാനങ്ങളിൽതന്നെ തിരിച്ചെടുക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: പിരിച്ചുവിട്ടതു് ആ ഉദ്യോഗം ആവശ്യമില്ലാതായതുകൊണ്ടോ, അല്ലെങ്കിൽ ആ ഉദ്യോഗം നിറുത്തലാക്കിയതുകൊണ്ടോ ആയിരിക്കും. അതുകൊണ്ട് അവരെ മുൻസ്ഥാനങ്ങളിൽതന്നെ തിരിച്ചെടുക്കാൻ സാദ്ധ്യമല്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: തിരുവിതാംകൂറിൽനിന്നും ആരേയും പിരിച്ചുവിട്ടിട്ടില്ലെന്നാണോ മനസ്സിലാക്കേണ്ടതു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: പിരിച്ചുവിട്ടിട്ടുണ്ടെന്നു ഞാൻ മുമ്പ് പറഞ്ഞു കഴിഞ്ഞു.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: പിരിച്ചുവിട്ടതിൽ പിന്നീട് അവരുടെ സേവനം വീണ്ടും ഏതെങ്കിലും വഴിയിൽ കിട്ടത്തക്കവിധം വല്ല പദ്ധതിയും രൂപീകരിക്കാൻ ആലോചിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: പ്രത്യേക പദ്ധതികളൊന്നും രൂപീകരിച്ചിട്ടില്ല. അവക്ക് തിരിയെ ഉദ്യോഗങ്ങൾ കൊടുക്കുന്നതിന് വേണ്ട നടപടികൾ എടുക്കുന്നുണ്ട്.

ശ്രീ. കെ. കെ ചെല്ലപ്പൻപിള്ള: ഭക്ഷ്യോല്പാദന പദ്ധതിയിൽ ഇവരുടെ സേവനം കിട്ടുവാൻ തക്കവിധം എന്തെങ്കിലും ആലോചിക്കാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: കഴിയുന്നത്ര വേഗത്തിൽ അവരെ ഏതെങ്കിലും ജോലിയിൽ പ്രവേശിപ്പിക്കണമെന്നാണ് ഗവമ്മെണ്ട് ഉദ്ദേശിക്കുന്നതു്.

ശ്രീ. പി. സി. ആദിച്ചൻ: പിന്നോക്കസമുദായത്തിൽ ബി എൽ. പാസായ ഒരാൾ മാത്രമാണുള്ളതെന്നും അദ്ദേഹത്തെ സിക്രട്ടേറിയേററിൽ ജോലികൊടുക്കുകയും പിരിച്ചുവിടുകയും ചെയ്തതിനാൽ ഇപ്പോൾ ജോലിയില്ലാതിരിക്കയുമാണ് എന്നും അറിയാമോ?

Mr. Speaker: No speech is allowed. If you want any information, you may ask a question.

ശ്രീ. പി. സി ആദിച്ചൻ: പിന്നോക്കസമുദായത്തിൽ ബി. എൽ. പാസായ ഒരൊററ ആൾ മ ത്രം തിരുവിതാംകൂർ സർവ്വീസിലുണ്ടായിരിക്കെ അദ്ദേഹത്തെ പിരിച്ചയക്കാതിരിക്കാൻ ഉള്ള സൗകര്യം ഉണ്ടായിട്ടില്ലേ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ ഒരാൾ ഇപ്പോൾ ഉദ്യോഗത്തിലില്ലാതായിട്ടുണ്ടെന്നു ഗവമ്മെണ്ടിന്നു അറിയാം

ശ്രീ. പി. സി. ആദിച്ചൻ: അദ്ദേഹത്തെ വീണ്ടും സിക്രട്ടേറിയേററിൽതന്നെ നിയമിക്കാൻ ഗവമ്മെണ്ടിന്ന് ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: സിക്രട്ടേറിയേററിൽ ഒഴിവുവന്നാൽ അദ്ദേഹത്തിന്റെ അവകാശങ്ങളെ പരിഗണിക്കുന്നതാണ്.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഉദ്യോഗത്തിൽനിന്നും ആരേയും പിരിച്ചയക്കാതെ വ്യയസ്സംകുചനീകരണത്തിന്ന് എന്തെങ്കിലും ഒരു പദ്ധതിയുണ്ടാക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഗവമ്മെണ്ടിന്ന് അങ്ങനെ ഒരു പദ്ധതി ആലോചിച്ചിട്ടും കൈക്കൊള്ളാൻ സാധിച്ചിട്ടില്ല. ഒരു ഭാഗത്തു് വ്യയസ്സംകുചനീകരണം വേണമെന്നു വാദിക്കുകയും അതേസമയത്തു പിരിച്ചുവിടുന്നവരെയെല്ലാം അതേസ്ഥാനത്തുതന്നെ നിയമിക്കണമെന്നും പറയുന്നതിന്ന് ഇണക്കിക്കൊണ്ടു് പോകത്തക്ക ഒരു പദ്ധതി ആവിഷ്കരിക്കാൻ സാധിച്ചിട്ടില്ല.

ശ്രീ. ജോസഫ് മുണ്ടശേരി: ഉദ്യോഗത്തിനുവേണ്ടി നിയമനം നടത്തുകയാണോ, അതോ നിയമനത്തിനുവേണ്ടി ഉദ്യോഗം സൃഷ്ടിക്കുകയാണോ, ഏതാണ്ട് ഗവമ്മെണ്ടു് അംഗീകരിച്ചിട്ടുള്ള നയം?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഉദ്യോഗത്തിനുവേണ്ടി നിയമനം നടത്തുകയാണ് എല്ലാ പരിഷ്കൃതരാജ്യങ്ങളിലും സ്വീകരിച്ചിട്ടുള്ള നയം. ആ നയംതന്നെയാണ് ഇവിടേയും സ്വീകരിച്ചിട്ടുള്ളതു്.

ശ്രീ. സി. സി. പ്രസാദ്: റിട്രെഞ്ച്മെണ്ടിനുശേഷം ഏതെങ്കിലും വേക്കൻസി ഉണ്ടായിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ ഇല്ല.

സെക്രട്ടറിയേററിലെ നിയമനം

*൩൩൩ (൩) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യത്തിന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

സെക്രട്ടറിയേററ് നിയമനങ്ങളിൽ അവശസമുദായങ്ങൾക്കുകൂടി പ്രാതിനിദ്ധ്യം ലഭിക്കുന്നതിനുള്ള ഒരു വ്യവസ്ഥ സ്വീകരിക്കുവാൻ പബ്ളിക്ക് സർവ്വീസ് കമ്മീഷന്ന് നിർദ്ദേശം നൽകാൻ ബഹുമാനപ്പെട്ട ഗവമ്മെണ്ടിന്ന് ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഉത്തരം തയ്യാറായിട്ടില്ല.

കൊട്ടമൺ പകുതിയെ സംബന്ധിച്ചു

*൩൩ ൭ (൭) ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലാൻറുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കുന്നത്തൂർ താലൂക്കിൽ കൊട്ടമൺ പകുതിയിൽ ഭൂനികുതി ഇനത്തിൽ ആണ്ടുതോറുമുള്ള വരവെന്തു്;

(ബി) ടി പകുതിയിലുള്ള പൊതുസ്ഥാപനങ്ങൾ ഏതെല്ലാം;

(സി) ടി പകുതിയിലുള്ള റോഡുകൾ ഏതെല്ലാം;

(ഡി) ഓരോന്നിനും ആണ്ടുതോറും ചെലവാകുന്ന തുക എന്തു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഉത്തരം തയ്യാറായിട്ടില്ല.

ഭൂനികുതി

*൩൩൮ (൮) സാഹിബ് ബഹദൂർ എ. എം. മുസ്ലിയാർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭൂനികുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പല നഗരസഭകളും ദുർവ്വഹമായ ഭൂനികുതിയും മററും ചുമത്തുന്നതിനെ സംബന്ധിച്ചു പൊതുജനങ്ങളിൽനിന്നും ഗവമ്മെണ്ടിന്ന് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തിയിട്ടുണ്ടെന്നു പ്രസ്താവിക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ചില സ്ഥലങ്ങളിൽനിന്നും പരാതികൾ ഗവമ്മെണ്ടിന്നു് കിട്ടിയിട്ടുണ്ടു്.

(ബി) ഗവമ്മെണ്ടു് അതിനെ സംബന്ധിച്ചു ആവശ്യമായ നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണു്.

സാഹിബ് ബഹദൂർ മുഹമ്മദ് മുസ്തഫാ: അന്വേഷണങ്ങൾ പൂർത്തിയായാൽ ആ പരാതികൾക്കു് പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: തീർച്ചയായും ഗവമ്മെണ്ടു് അതു് പരിഹരിക്കുന്നതിന്നു് വേണ്ട നടപടികൾ എടുക്കുന്നതായിരിക്കും.

ബോപ്പാൽ ബോണ്ടുകൾ

*നമ്പർ (൯) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) ബോപ്പാൽ ബോണ്ടുകൾ വാങ്ങിയ ഇനത്തിൽ തിരുവിതാംകൂറിന്നു് വരുവാനുണ്ടായിരുന്ന ൨൫ ലക്ഷം രൂപാ സർ സി. പി. യുടെ മരണകാലത്തു് ബോപ്പാൽ നവാബിന്നു് വിട്ടുകൊടുത്തതായി അറിയപ്പെടുന്ന തുക തിരിയെ വാങ്ങാൻ ഗവമ്മെണ്ടു് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ;

(ബി) ഇൻഡ്യാ ഗവമ്മെണ്ടു് വഴി ഈ തുക ഇപ്പോൾ ഈടാക്കാൻ ശ്രമിക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഉത്തരം തയ്യാറായിട്ടില്ല.

ഇൻഷ്വറൻസു് പദ്ധതി

*നമ്പർ ൦ (൧൦) സാഹിബ്ബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) മോട്ടോർ വാഹന ഇൻഷ്വറൻസുപദ്ധതി സ്റ്റേറ്റു് ട്രാൻസ്പോർട്ടു് വാഹനങ്ങളെ സംബന്ധിച്ചിടത്തോളം ബാധകമാണോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടു്?

ബഹു. ശ്രീ. എ. ജെ. ജോൺ:

(എ) അല്ല.

(ബി) മോട്ടോർവാഹന നിയമം വ്യ൯-ാം വകുപ്പിലെ ൨-ാം ഉപവകുപ്പനുസരിച്ചു ഗവമ്മെണ്ടുവക വാഹനങ്ങളെ ഇൻഷ്വറൻസു് പദ്ധതിയിൽനിന്നു് ഒഴിവാക്കീട്ടുള്ളതിനാൽ.

സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: സ്റ്റേറ്റു് ട്രാൻസ്പോർട്ടു് വാഹനങ്ങൾ നിമിത്തം ആർക്കെങ്കിലും അപകടം സംഭവിച്ചാൽ അതിലേക്കു് ഗവമ്മെണ്ടു് എന്തെങ്കിലും വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

ബഹു. ശ്രീ. എ. ജെ. ജോൺ: അതിലേക്കു് പ്രത്യേകമായ ഒരു ഫണ്ടുണ്ടു്.

സാഹിബ് ബഹദൂർ മുഹമ്മദ് മുസ്തഫാ: അങ്ങിനെ ആർക്കെങ്കിലും ആ ഫണ്ടിൽനിന്നും കൊടുത്തിട്ടുള്ളതായി അറിയാമോ?

ബഹു. ശ്രീ. എ. ജെ. ജോൺ: ആപത്തു് പററിയിട്ടുള്ളവർക്കെല്ലാം കൊടുത്തിട്ടുണ്ടു്.

ശ്രീ. കെ. കെ. കണ്ണൻ: മോട്ടോർ വാഹനങ്ങൾ ഇൻഷ്വർ ചെയ്യാൻ ഐക്യസംസ്ഥാനത്തിന്റെ എല്ലാ ഡിസ്ട്രിക്ടുകളിലും ആപ്പീസുകൾ ആവശ്യമാണെന്നു വിചാരിക്കുന്നില്ലേ?

ബഹു. ശ്രീ. എ. ജെ. ജോൺ: ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. കെ. കെ. കണ്ണൻ: ഐക്യസംസ്ഥാനത്തിന്റെ വടക്കുഭാഗത്തു് ആഫീസുകൾ ഉണ്ടായിരുന്നാൽ കൂടുതൽ സൗകര്യം ആയിരിക്കുമെന്നുള്ളതിനെപ്പററി ഗവമ്മെണ്ടു് അന്വേഷിക്കുമോ?

ബഹു. ശ്രീ. എ. ജെ. ജോൺ: അതിന്റെ ചിലവിനെ സംബന്ധിച്ചു നോക്കുമ്പോൾ അതു് നടപ്പിൽ വരുത്തുവാൻ വളരെ പ്രയാസമായിരിക്കുമെന്നാണു് ഗവമ്മെണ്ടു് വിചാരിക്കുന്നതു്.

ഗവമ്മെണ്ടിനയക്കുന്ന നിവേദനങ്ങളും ഗവമ്മെണ്ടു് ഉത്തരവുകളും

*൩ ൪ ൫ (൫ ൫) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) പൊതുപ്രാധാന്യമുള്ള സംഗതികളെപ്പററി അയക്കുന്ന അപേക്ഷകളിന്മേൽ ഗവമ്മെണ്ടു് ചെയ്യുന്ന തീരുമനങ്ങൾ അപേക്ഷകരെ രേഖാമൂലം അറിയിക്കണമെന്നു ഗവമ്മെണ്ടിനു് നിഷ്കർഷയുണ്ടോ;

(ബി) തീരുമാനം ചെയ്യപ്പെട്ടിട്ടുള്ളതും അല്ലാത്തതുമായ അനേകം അപേക്ഷകളെപ്പററി യാതൊരു വിവരവും അപേക്ഷകൾക്കു നൽകപ്പെടാതെയുണ്ടെന്നു ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) അപേക്ഷകളിന്മേൽ തീരുമാനം ചെയ്യുന്നതിൽ, ഒഴിവാക്കാവുന്ന താമസം നേരിടാതിരിക്കുന്നതിനും, തീരുമാനങ്ങൾ ചെയ്തുകഴിഞ്ഞാൽ അവ അപേക്ഷകരെ രേഖാമൂലം അറിയിക്കുന്നതിനും ഏർപ്പാടുചെയ്യുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) സാധാരണയായി തീരുമാനങ്ങൾ അപേക്ഷകരെ അറിയിക്കാറുണ്ടു്.

(ബി) അങ്ങനേയും ഉണ്ടായിട്ടുണ്ടെന്നു ഗവമ്മെണ്ടിനു് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു്.

(സി) സിക്രട്ടേറിയേററിൽ ഒരു പബ്ളിക്കു് റിലേഷൻ സെക്ഷൻ ആരംഭിക്കാൻ ഗവമ്മെണ്ടു് ഉദ്ദേശിച്ചിരിക്കയാണു്.

ശ്രീ. എം. ഐ. പോൾ: ഗവമ്മെണ്ടിന്റെ മുമ്പിൽ നിവേദനങ്ങൾ സമർപ്പിച്ചാൽ ഇത്ര ദിവസത്തിന്നകം മറുപടി നൽകണമെന്നു നിർദ്ദേശിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള; അങ്ങിനെ സമയക്ലിപ്തമൊന്നും ചെയ്തിട്ടില്ല. കഴിയുന്നതും വേഗത്തിൽ മറുപടി നൽകണമെന്നാണു് നിർദ്ദേശിച്ചിട്ടുള്ളതു്. പരാതികളുടെ അന്വേഷണത്തിനു് എടുക്കുന്ന താമസത്തെ ആശ്രയിച്ചിരിക്കും ഗവമ്മെണ്ടു് കൊടുക്കുന്ന മറുപടിയും.

ശ്രീ. എം. ഐ. പോൾ: ഏററവും കൂടിയതു് എത്ര ദിവസം വേണ്ടിവരും?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പററി നിശ്ചയമായി പറയുവാൻ തരമില്ലാ.

ശ്രീ. എം. ഐ. പോൾ: നിവേദനങ്ങൾ സമർപ്പിച്ചു കഴിഞ്ഞിട്ടു വളരെ കൊല്ലങ്ങൾക്കുശേഷവും ഇതുവരെ മറുപടികൊടുത്തിട്ടില്ലെന്നുള്ളതു് ഗവമ്മെണ്ടിനു് അറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഉത്തരവു് പാസാക്കപ്പെട്ട ദിവസവും പോസ്ററ്ചെയ്യുന്ന ദിവസവും തമ്മിലുള്ള അന്തരം ഇല്ലാതാക്കാൻ ശ്രമിക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെവരുന്ന താമസം ഇല്ലാതാക്കുവാനായിട്ടു് ഒരു ചോദ്യംതന്നെ ഇവിടെ വന്നിട്ടുണ്ടു്. അതിനു് മറുപടിയും തയ്യാറാക്കിവെച്ചിട്ടുണ്ടു്.

പുറമ്പോക്കു ജലാശയങ്ങളിൽനിന്നും മീൻപിടിക്കുന്നതിനുള്ള കുത്തക

*൩ ൪൬. (൫ ൫) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പുറംപോക്കു ജലാശയങ്ങളിൽനിന്നും മീൻപിടിക്കുന്നതിനു് കുത്തക ഏർപ്പെടുത്തിയിരിക്കുന്നതുമൂലം സാധു മത്സ്യവ്യവസായികൾ അനുഭവിക്കുന്ന കഷ്ടതകളെപ്പററി ഗവമ്മെണ്ടിൽ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) ആ ഉപദ്രവം ഇന്നും തുടർന്നുകൊണ്ടുപോകുന്നുവെന്നുള്ളതു ഗവമ്മെണ്ടിനറിയാമോ;

(സി) മേൽപറഞ്ഞ നിവേദനങ്ങൾ ലഭിച്ചതിനുശേഷം പുതിയ കുത്തകകൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഈ വിഷയത്തിൽ തൊഴിലാളികളുടെ കഷ്ടതകൾ പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സദയം സ്വീകരിക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) ഉണ്ടു്.

(ബി) ചില സ്ഥലങ്ങളിൽ ഉള്ളതായി ആക്ഷേപങ്ങൾ കിട്ടിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) സ്വീകരിക്കാം.

FISHERY DEVELOPMENT SCHEMES

*343. [13] **Sri. Raphael J. Rodriguez:** Will the Hon'ble Minister for Land and Agriculture be pleased to state.—

(*a*) what are the four fishery development schemes mentioned on page 56 of the Annual Report of the University of Travancore for 1123;

(*b*) what work has been carried on in the first year of their operation and what in the second year;

(*c*) what are the amounts spent by the Government of India and the State Government respectively on the schemes;

(*d*) has any scheme for fisheries development for Travancore been submitted to Government by any non-official body;

(*e*) if the answer to (*d*) is in the affirmative what has the Government done about it;

(*f*) has any report been submitted to the Government by fisheries specialists of the Government of India who visited the United State about the beginning of July last, on any scheme of fishery development in our State;

(*g*) if the answer to (*f*) is in the affirmative will the Government be pleased to publish it for the benefit of those interested in the trade;

(*h*) had Mr. C. C. John (Research Director) any practical training in improved methods of fishing to give technical advice on fishing; and

(*i*) if not will the Government be pleased to appoint one who has the necessary training for such work?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഉത്തരം തയ്യാറായിട്ടില്ല.

ANTI-CORRUPTION COMMITTEE

*344. [14] **Sri. A. K. George:** Will the Hon'ble Chief Minister be pleased to state whether the Government is going to appoint an anti-corruption Committee, to stamp out corruption from the services?

Hon'ble Sri. T. K. Narayana Pillai: The rules in connection with the work of the anti-corruption Commission are being finalised and the anti-corruption Commission will be appointed without delay. Even now an anti-corruption Squad is working in the Union.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: കമ്മിററിയിലേക്ക് നിയമസഭയിൽനിന്നും അംഗങ്ങളെ എടുക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള. ഇതു് ഒരു കമ്മററിയല്ല. കമ്മീഷനാണ്.

ARREST WARRANTS

*345. [15] **Sri. A. K. George:** Will the Hon'ble Chief Minister be pleased to state.—

(*a*) how many persons against whom arrest warrants were already issued are still wanted by police;

(*b*) when were those warrants issued; and

(*c*) who were those persons ?

The Hon'ble Sri. T. K. Narayana Pillai:

(*a*), (*b*) and (*c*). A list containing the information is placed on the Secretary's table.

Sri. A. K. George: A gist of the list may please be read, or at least may I know how many warrants were issued?

The Hon'ble Sri. T. K. Narayana Pillai: All that information is contained in the list. Since it is an exhaustive list it will take a long time to read it.

Sri. A. Thanu Pillai: Is it not a fact that many of the arrests are still unexecuted?

The Hon'ble Sri. T. K. Narayana Pillai: That statement is not justified by the list that is being placed on the table.

Sri. C. V. Iyyu: A point of order, Sir. In the matter of starred questions when lists are placed on the table we do not know what answers they contain. So in cases where lists are placed on the table the Hon'ble Speaker may be good enough to direct the Minister-in-Charge that in such cases the list may be supplied to the members before question time so that we may peruse the list.

Mr. Speaker: The list will be placed on the table which will be open to perusal by members subsequently.

Sri. C. V. Iyyu: But how can we ask supplementary questions without seeing the answers.

Sri. K. S. Joseph: May I suggest that at least one copy of such list may be supplied to the member who puts the question.

Mr. Speaker : അതിനെപ്പററി ആലോചിക്കാം. The practice is otherwise.

Sri. E. P. Varghese: The question is how many arrest warrants were issued; it is only the number that is required.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇതു് ഒരു ദീർഘമായ പട്ടികയാണു്. കുറച്ചു സമയംതരുന്നപക്ഷം കണക്കാക്കി പറയാം. ൧൯ ൨ ആളുകളുടെ പേരിലാണു്.

Sri. A. Thanu Pillai: Does it represent the total number of arrest warrants issued by all the Courts in the Union where the accused are wanted by the police.

The Hon'ble Sri. T. K' Narayana Pillai: Yes.

ശ്രീ. പി. നാണു: ഏററവും പഴക്കമുള്ള വാറണ്ടു അയച്ചിട്ടു് എത്ര കാലമായി?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതിനു ഇപ്പോൾ ഉത്തരം പറയാൻ നിവൃത്തിയില്ല.

ശ്രീ. പി നാണു: വാറണ്ടു് അയച്ചിട്ടും പിടിക്കാതിരിക്കാൻ കാരണമെന്താണു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതിനു പല കാരണങ്ങളുമുണ്ടാകാം.

ശ്രീ. പി. നാണു: പൊതുവേ ഒരു സമാധാനം പറയുവാൻ വിരോധമുണ്ടോ?

ബഹു. ശ്രീ. ടി. കെ നാരായണപിള്ള: പൊതുവേ ഒരു സമാധാനം പറയുവാൻ നിവൃത്തിയില്ല.

ശ്രീ പി. നാണു: പോലീസിൻെറ അനാസ്ഥകൊണ്ടാണോ?

ബഹു. ശ്രീ ടി. കെ നാരായണപിള്ള: ചിലകേസുകളിൽ പോലീസിൻെറ അനാസ്ഥയും ഉണ്ടാകാം.

ശ്രീ. പി. നാണു: അതിനെപ്പററി നടപടികൾ നടത്തുന്നുണ്ടോ?

ബഹു. ശ്രീ. ടി. കെ നാരായണപിള്ള: നടപടികൾ നടത്തികൊണ്ടിരിക്കുകയാണു്.

ശ്രീ. മുരളീധര മാരാർ: ഈ സഭയിലെ ഒരംഗമായ ശ്രീമാൻ ഗോപാലകൃഷ്ണമേനോൻെറ പേരിൽ അറസ്റ്റ്വാറണ്ടുണ്ടോ?

ബഹു. ശ്രീ ടി കെ. നാരായണപിള്ള: അതു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

FINANCIAL LOSS

346. *[16] **Sri. A. K. George:** Will the Hon'ble Minister for Finance be pleased to state.—

(*a*) what is exactly the financial loss estimated as a direct result of the abolition of chowkeys;

(*b*) has not the Government of India made an undertaking to give us a subsidy to make good the loss; and

(*c*) if so, what is the amount?

ബഹു. ശ്രീ. എ. ജെ. ജോൺ: (എ) ഉദ്ദേശം ൧൦ ലക്ഷം രൂപാ. ബി & സി ഇതുസംബന്ധിച്ചു് അവസാനമായ തീരുമാനം ഒന്നും എടുത്തിട്ടില്ല.

ശ്രീ. എ. കെ. ജോർജ്: ഇൻഡ്യാഗവൺമെണ്ടിൽനിന്നും നമുക്കു് എത്ര സംഖ്യ കിട്ടുമെന്നു പറയാമോ?

ബഹു ശ്രീ. എ. ജെ. ജോൺ: അതിനെപ്പററി ക്ലിപ്തമായ ഒരു തീരുമാനമുണ്ടായിട്ടില്ല.

ശ്രീ. എ. കെ. ജോർജ്: ഇത്ര തുക നമുക്കു കിട്ടുമെന്നു ഒരു തീർച്ചയില്ലേ?

ബഹു ശ്രീ. എ. ജെ. ജോൺ: ഏതെങ്കിലും ഒരു തുക നമുക്കു കിട്ടുമെന്നു അറിയാം. അതു് ഇത്രയാണെന്നു ക്ലിപ്തപ്പെടുത്തിയിട്ടില്ല.

ശ്രീ. പോൾ തളിയത്തു്: ചൌക്കകൾ നിറുത്തുന്നതിനു മുമ്പുതന്നെ ഇൻഡ്യാഗവൺമെണ്ടുമായി അതിലേക്കു ശ്രമിക്കേണ്ടതായിരുന്നില്ലേ?

ബഹു. ശ്രീ. എ. ജെ. ജോൺ: അതിലേക്കു ശ്രമിച്ചു, പക്ഷെ അവസാന തീരുമാനം ഇതുവരെ ഉണ്ടായിട്ടില്ല.

ശ്രീ. ഇട്ടീയര അമ്പുക്കൻ: ചൌക്കകളുടെ നഷ്ടം പരിഹരിക്കുവാനാണോ മദ്യനിരോധനം നടപ്പിലാക്കിയതു്?

ശ്രീ. എ. താണുപിള്ള: ഇൻഡ്യാ ഗവമ്മെണ്ടുമായി എഗ്രിമെൻറ വരുന്നതിനുമുമ്പ് ഈ ചൌക്കകൾ നിറുത്താൻ കാരണമെന്താണ്?

ബഹു. ശ്രീ. എ. ജെ. ജോൺ: പൊതുജനങ്ങളിൽ നിന്നുള്ള പരാതികൾ ഉണ്ടായിരുന്നതുകൊണ്ടും വ്യാപ്യാരസംബന്ധമായ യാതൊരു പ്രതിബന്ധങ്ങളും ഉണ്ടായിരിക്കരുതു് എന്നും Constitution-ൽ വ്യവസ്ഥയുള്ളതു കൊണ്ടും ആണ്.

Sri. P. S. Nataraja Pillai: Is there any undertaking by the Government of India to pay compensation for the losses incurred by the abolition of chowkeys?

ബഹു. ശ്രീ. എ. ജെ. ജോൺ: ഇല്ല. പക്ഷെ കൃഷ്ണമാചാരി കമ്മിററി റിപ്പോർട്ടിൽ കോമ്പൻസേഷൻ കൊടുക്കുക സാദ്ധ്യമല്ലെന്നു വിവരിച്ചിട്ടുണ്ട്.

ശ്രീ. സി. വി. ഇയ്യു: കൊച്ചിക്കാരിൽനിന്നു വാങ്ങിയപണം അവർക്കുതന്നെ തിരിച്ചു കൊടുക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. എ. ജെ. ജോൺ: ദയവുണ്ടാകയില്ല.

PLACES OF PUBLIC WORSHIP

***347.** [17] **Sri. A. K. George:** Will the Hon'ble Minister for Land and Agriculture be pleased to state.—

(*a*) how many applications have been received by the Government in the year 1124 for sanction to erect places of public worship; and

(*b*) how are they disposed of?

Sri. Ittiera Ambooken : Question No. 44, deals with the same subject. So I request that it may be taken up along with question No. 44.

Mr. Speaker : That cannot be done.

Hon. Sri. T. K. Narayana Pillai : Answer to question No. 17 (*a*) 58.

(*b*) (1) By sanction 28.
(2) By rejection 25.
(3) By withdrawal of application by applicants 2.
(4) Pending enquiry 3.

Sri. C. V. Iyyu : May I know, Sir, whether it is proper for a civilised and advanced Government like the United State of Travancore and Cochin to impose such restriction on matters of places of public worship.

Mr. Speaker : That is a matter of opinion.

Sri. C. V. Iyyu : May I know whether Government will be pleased to withdraw all such restrictions?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അതിനെപ്പററി ആലോചിക്കാമെന്നല്ലാതെ ഇപ്പോൾ അഭിപ്രായം പറയാൻ നിവൃത്തിയില്ല.

ശ്രീ. ഇട്ടീര അമ്പുക്കൻ : അതുസംബന്ധിച്ചു് അടുത്തകാലത്തു് ഒരു വിളംബരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : വിളംബരമല്ല, ചില പുതിയ വകുപ്പുകൾ ഇറക്കിയിട്ടുണ്ട്.

ശ്രീ. ഇട്ടീര അമ്പുക്കൻ : അതു കൊച്ചിക്കു ബാധകമാണോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : കൊച്ചിക്കു ബാധകമല്ല.

REMISSION OF TAX

***348.** [18] **Sri. A. K. George:** Will the Hon'ble Minister for Land and Agriculture be pleased to state.—

(*a*) what is the total remission of tax sanctioned by the Government for the last puncha crop; and

(*b*) are the kanam tenants benefited by this measure?

The Hon'ble Sri. T. K. Narayana Pillai:

(*a*) Remission statements received are only under scrutiny, and so total remission sanctioned cannot be stated at present.

(*b*) No.

DIVISION INTO DISTRICTS

*349. [19] **Sri. A. K. George :** Will the Hon'ble Minister for Land and Agriculture be pleased to state.—

(*a*) into how many districts the United State is being divided and

(*b*) has the Government decided upon the headquarters of such districts?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ഉത്തരം തയ്യാറായിട്ടില്ല.

പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽനിന്നും ഒഴിവാക്കിയിട്ടുള്ള ഡിപ്പാർട്ട്മെൻറുകൾ

*൩ ൪ ൦. (൨൦) ശ്രീ. ററി.ററി. കേശവൻ ശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ —

(എ) പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ നിയമനപരിധിയിൽനിന്നും ഏതെങ്കിലും ഡിപ്പാർട്ടുമെൻറുകൾ ഒഴിവാക്കപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ ഡിപ്പാർട്ടുമെൻറുകൾ ഏതെല്ലാം ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ട്.

(ബി) പോലീസ്ഡിപ്പാർട്ടുമെൻറിലെ കാൺസ്റ്റബിൾമാരും പട്ടാളത്തിലെ സാധാരണ പട്ടാളക്കാരും.

ഐക്യസംസ്ഥാനത്തെ പെൻഷൻചെലവ്

*൩ ൪ ൧.(൨൧) ശ്രീ. ററി. ററി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) പെൻഷൻഇനത്തിൽ തിരുവിതാംകൂറിലേക്കും, കൊച്ചിയിലേക്കും ൧൧൨൪-ൽ മൊത്തം എത്ര രൂപ ചെലവായി ;

(ബി) ൧൧൨൫-ൽ ഈ ഇനത്തിനു എത്ര രൂപ കൂടുതൽ ചിലവു വരുന്നതാണ്?

ബഹു. ശ്രീ. എ. ജെ. ജോൺ : (എ) ൧൧൨൪-ലെ കണക്കുകൾ പൂർത്തിയാകാത്തതു കൊണ്ട് പുതിയ എസ്റ്റിമേറവ് അനുസരിച്ചുള്ള തുക താഴെ ചേർക്കുന്നു.

തിരുവിതാംകൂർ	രൂ.	൩ ൦,൩ ൩, ൧ ൦ ൦
കൊച്ചി	രൂ.	൧ ൧, ൫ ൯, ൧ ൦ ൦
ആകെ	രൂ.	൪ ൧,൯ ൩, ൪ ൦ ൦

(ബി) ൧ ൧ ൨ ൫-ൽ ഏഴരമാസത്തേക്കുള്ള എസ്റ്റിമേറവ് തുക.—

തിരുവിതാംകൂർ	രൂ.	൧ ൯, ൨ ൧, ൦ ൦ ൦
കൊച്ചി	രൂ.	൧, ൩ ൦, ൪ ൦ ൦
ആകെ	രൂ.	൨, ൧ ൧ ൧, ൪ ൦ ൦

*ശ്രീ. എ. சிதம்பரநாத நாடார்: 124-ம் ஆண்டிற்கு முன்பு திருவிதாங்கூரிலிருந்து பென்ஷன்பற்றி பிரிந்த உத்தியோகஸ்தர்களுக்கு பென்ஷன் எந்த நாணயத்தில் கொடுக்கப்படுகிறது?

ബഹു. ശ്രീ. എ. ജെ. ജോൺ : ൧൧൨൪-ന് മുമ്പ് പെൻഷൻ പററിയവർക്ക് സർക്കാർ രൂപയും അതിനുശേഷം പററിയവർക്ക് ബ്രിട്ടീഷ്രൂപയും കൊടുത്തുവരുന്നു.

ശ്രീ. എ. சிதம்பரநாத நாடார்: அதற்கு காரணமென்ன? அவர்கள் இரண்டு பேர்களும் இதே சர்வீஸில் உத்தியோகம் பார்த்தவர்கள். அப்படியிருக்க 124-ம் ஆண்டிற்கு முன்பு பென்ஷன்பற்றியவர்களுக்கு சர்க்கார் ரூபாயிலும் அதன்பின் பென்ஷன் பற்றியவர்களுக்குபிரிட்டீஷ் ரூபாயிலும் கொடுக்கக் காரணமென்ன?

ബഹു. ശ്രീ. എ. ജെ. ജോൺ : സർക്കാർ രൂപയിലായിരുന്നു അവർക്ക് പെൻഷൻ കണക്കാക്കിയിരുന്നത്. ഇൻഡ്യൻ നാണയം നടപ്പിലായതിനു ശേഷം പെൻഷൻ പററിയവർക്ക് ഇൻഡ്യൻനാണയത്തിലാക്കി.

ശ്രീ. ഇട്ടിയര അമ്പുക്കൻ : മെമ്മൊറാണ്ടം ഉണ്ടായിരുന്നുവോ?

ബഹു. ശ്രീ. എ. ജെ. ജോൺ: ഉണ്ടായിരുന്നു; അതിനെസംബന്ധിച്ച് ഉത്തരവു പാസ്സാക്കിയിട്ടുമുണ്ട്.

ശ്രീ. കെ. എ. മാത്യു: പെൻഷൻ കൊടുക്കുന്നതിനു കാലതാമസം വരുത്തുന്നതായി അറിയാമോ ?

ബഹു. ശ്രീ. എ. ജെ. ജോൺ: ചില കേസുകളിൽ കാലതാമസം വരുന്നുണ്ട്. ഡിപ്പാർട്ടുമെൻറു മേധാവികളുടെ റിപ്പോർട്ടു കിട്ടാതിരിക്കുന്നതുകൊണ്ടാണ് കാലതാമസം വന്നിട്ടുള്ളത്.

ശ്രീ. കെ. എ. മാത്യു: അങ്ങിനെ കാലതാമസം വരാതിരിക്കുവാൻ ഗവമ്മെൻറ് ശ്രദ്ധിക്കുമോ ?

ബഹു. ശ്രീ. എ. ജെ. ജോൺ: അതിലേക്കു കർശനമായ നിർദ്ദേശങ്ങൾ അയച്ചിട്ടുണ്ട്.

കുന്നത്തുനാട് താലൂക്കിലെ ആവണംകോട്ടു ഇരുപ്പുകൃഷി

*൩ ൫൨. (൨൨) ശ്രീ. ററി.ററി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കുന്നത്തുനാട്ടു താലൂക്കിൽചേർന്ന ആവണംകോട്ട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൊണ്ട് അവിടെ ഇരുപ്പുകൃഷി നടത്താനുള്ള സാദ്ധ്യതകളുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സൌകര്യങ്ങൾ ലഭിക്കുന്ന സ്ഥലങ്ങൾ ഏതെല്ലാമായിരിക്കും ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) ഉണ്ട്.

(ബി) കുന്നത്തുനാട് താലൂക്കിലെ കോതകുളങ്ങര പകുതിയും മാണിക്കമംഗലം പകുതിയും പറവൂർ താലൂക്കിൽ ചങ്ങമനാട്പകുതിയിലെ ചില നിലങ്ങളും ആകുന്നു.

ശ്രീ. പാറം തളിയത്ത്: ആവണംകോട്ടെ ലിഫ്റ്റ് ഇറിഗേഷൻ മൂലം വെള്ളം കിട്ടുന്നില്ലെന്നും കൃഷി നശിച്ചുപോയെന്നും പരാതി കിട്ടിയിട്ടുണ്ടോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇതിനെ സംബന്ധിച്ച് ഒരു ചോദ്യംതന്നെയുണ്ട്. പരാതികൾ കിട്ടിയിട്ടുണ്ട്. അതിനെ പരിഹരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ആവണംകോട്ടു എത്ര ഏക്കർ സ്ഥലം കൃഷിനടത്തുന്നുണ്ട്.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ൭, ൫ ൦ ൦ ഏക്കർ.

ശ്രീ. എം. കെ. മേനോൻ: വെള്ളം കിട്ടുന്നില്ലെന്നു പരാതി ഉണ്ടായിരുന്നില്ലേ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ആദ്യം പരാതിയുണ്ടായിരുന്നു. ഇപ്പോൾ പരാതിയില്ല.

ശ്രീ. എം. കെ. മേനോൻ: ആ പരാതിക്കു കാരണമെന്തായിരുന്നു. എസ്റ്റിമേററിലുണ്ടായിരുന്ന തെററാണോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള. അതുകൊണ്ടല്ല; അതിനെ തുടർന്നുള്ള ചില സംഭവവികാസങ്ങൾ ആണ് അതിനു കാരണം.

ഇൻഡ്യൻ നിയമനിർമ്മാണസഭയിലേക്കുള്ള തിരഞ്ഞെടുപ്പ്

*൩ ൫൩ (൨൩) ശ്രീ. പി.കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

ഇൻഡ്യൻ ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതനുസരിച്ച് ഐക്യസംസ്ഥാനത്തെ അവശസമുദായങ്ങൾക്ക് സംവരണം നൽകുവാനും ഇൻഡ്യൻ നിയമനിർമ്മാണസഭയിലേക്ക് ഈ ഐക്യസംസ്ഥാനത്തുനിന്നും ഹരിജൻപ്രതിനിധിയെ തിരഞ്ഞെടുത്തയക്കുവാനും ഉള്ള വ്യവസ്ഥകൾ ചെയ്യാൻ ഭയവുണ്ടാകുമോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഈ കാര്യം ഗവമ്മെൻറിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

ശ്രീ. സി. വി. ഇയ്യു: ഇൻഡ്യൻ കാൺസാംബ്ലിയിലേക്കുള്ള തിരഞ്ഞെടുപ്പ് ഈ സെഷനിൽ ഉണ്ടാകുമോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഈ സെഷനിൽ ഉണ്ടാകുമെന്നു വിചാരിക്കുവാൻ യാതൊരു കാരണവും ഇല്ല.

Sri. Gnanasigamani : May I know, Sir, whether any communication has been received as regards the procedure relating to this election.

Hon. Sri. T.K. Narayana Pillai : No such communications has been received, till now.

ശ്രീ. ടി. വി. ദേവൻ : ഈ പിന്നോക്കസമുദായക്കാരുടെ കാര്യം എല്ലാം വരുമ്പോൾ ഉത്തരം ഗവമ്മെൻറിന്റെ ആലോചനയിൽ ഇരിക്കുകയാണ് എന്നു പറയുന്നതിന്റെ കാരണം എന്താണ് ?

(ഉത്തരം പറഞ്ഞതില്ലാ.)

ഹരിജനോദ്ധാരണം

*൩ ൪ ൪. (൨ ൪) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ ;

ഈ ഐക്യസംസ്ഥാനത്തിലെ ഹരിജനങ്ങളുടെ ഉദ്ധാരണ പ്രവർത്തനങ്ങൾക്ക് കേന്ദ്രഗവമ്മെൻറ വല്ല നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ അവ എന്തെന്നും പറയുവാൻ ദയവുണ്ടാകുമോ ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഹരിജനങ്ങളുടെ ഉദ്ധാരണപ്രശ്നം സംബന്ധിച്ച് കേന്ദ്ര ഗവമ്മെൻറിൽനിന്നു ഒരു പ്രത്യേക നിർദ്ദേശവും ലഭിച്ചിട്ടില്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: കേന്ദ്രഗവമ്മെൻറ ഈ പ്രശ്നംസംബന്ധിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്ന് ഈ ഗവമ്മെൻറ് അന്വേഷണം നടത്തിയിട്ടുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: അന്വേഷണം നടത്തിയിട്ടില്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: കേന്ദ്ര ഗവമ്മെൻറ് ഈ വിഷയത്തിൽ എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തിയതായി അറിയാമോ ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: അറിഞ്ഞുകൂടാ.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: കേന്ദ്രഗവമ്മെൻറിൽനിന്നും ഒരു മിസ്സ് ശർമ്മ ഇവിടെവന്നു മല വർഗ്ഗക്കാരെപ്പററി അന്വേഷണം നടത്തിയതായി ഗവമ്മെൻറിന് അറിയാമോ ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: നരവംശശാസ്ത്രസംബന്ധമായ ഗവേഷണങ്ങൾക്കായി ഗ്രീസിലെ രാജകുമാരനും മററും ഇവിടെ വന്നിരുന്നതായി അറിയാം.

ശ്രീ. പി കെ. കൃഷ്ണൻശാസ്ത്രി: മിസ്സ് ശർമ്മ ഇവിടെ വന്നിരുന്നതായി അറിയാമോ ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: വന്നിരുന്നതായി അറിയാം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: കേന്ദ്രഗവമ്മെൻറിൽനിന്നും ഹരിജനങ്ങൾക്ക് പബ്ലിക്ക് സർവ്വീസിൽ റിസർവേഷൻ ഏർപ്പെടുത്തി അവരെ പ്രോത്സാഹിപ്പിക്കണമെന്നു വല്ല നിർദ്ദേശവും കിട്ടിയിട്ടുണ്ടോ ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: അങ്ങിനെ പ്രത്യേക നിർദ്ദേശമൊന്നും കിട്ടിയിട്ടില്ല.

ശ്രീ. പാറം തളിയത്തു്: സർ, ഒരു പോയിൻറ് ആഫ് ആർഡർ. ഈ ചോദ്യം ൨ ൪ പ്രധാനമന്ത്രി ഉത്തരം പറയുന്നതിനായി അയച്ചിരുന്ന ചോദ്യമാണ്. എന്നാൽ നേരെ മറിച്ച് ഈ ചോദ്യത്തിനു ഉത്തരം പറയുന്നതു് ലോക്കൽസെൽഫ് ഗവമ്മെൻറ് വകുപ്പുമന്ത്രിയാണ്. അങ്ങനെ ലോക്കൽസെൽഫ് ഗവമ്മെൻറ് മന്ത്രിയോടു ചോദിക്കാത്ത ചോദ്യത്തിന് അദ്ദേഹം മറുപടി പറയുന്നതു ശരിയല്ലെന്നാണ് എനിക്കു പറയുവാനുള്ളതു്.

ബഹു. ശ്രീ. കെ. അയ്യപ്പൻ: ചോദ്യം ചോദിച്ചിരുന്നതിൽ പ്രധാനമന്ത്രി ഉത്തരം പറയണമെന്നാണ് എഴുതിയിരിക്കുന്നതു്. എന്നാൽ ഉത്തരം തയ്യാറാക്കുമ്പോൾ അതു് പ്രധാനമന്ത്രി അല്ല ആ വകുപ്പുമന്ത്രി ഉത്തരം പറയണമെന്നു എഴുതിയിരിക്കുന്നു. സാധാരണയായി അതിന് ചുമതലപ്പെട്ട മന്ത്രിതന്നെയായിരിക്കും ഉത്തരം പറയുന്നതു്. ആ പതിവ് മെമ്പറന്മാർക്കു വേണ്ടെന്നുണ്ടെങ്കിൽ അങ്ങിനെ പറയാതിരിക്കാം.

ശ്രീ പാറം തളിയത്തു്: അങ്ങിനെ ഒരു മന്ത്രിയുടെ പേരുവച്ച് അയക്കുന്ന ചോദ്യങ്ങൾ സ്വീകരിക്കപ്പെട്ടാൽ ആ മന്ത്രി ഉത്തരം നൽകാതിരിക്കുന്നതു ശരിയാണോ ?

മിസ്റ്റർ സ്പീക്കർ: ഏതെങ്കിലും ഒരു മന്ത്രിക്ക് ഉത്തരം പറയാൻ സൌകര്യപ്പെടാതെ വന്നാൽ മറെറാരു മന്ത്രി ഉത്തരം പറയുന്നതിൽ തെററില്ല. കൂടാതെ ഈ ചോദ്യത്തിനു

അടിസ്ഥാനമായ വിഷയം ഉൾക്കൊള്ളുന്ന ഡിപ്പാർട്ട്മെൻറ് ഭരണം വഹിക്കുന്നതു ഏതു മന്ത്രിയാണെന്നു് ശരിയായി ധരിക്കാതെ ഉത്തരം പറയേണ്ട മന്ത്രിയുടെ വിവരം ചോദ്യത്തോടുചേർത്തു് ചില മെമ്പർമാർ തെററായി അഴുതി അയച്ചിട്ടുണ്ടു്. ആ തെററു തിരുത്തി ആ ചോദ്യത്തിൽ അടങ്ങിട്ടുള്ള സംഗതിയുമായി ബന്ധപ്പെട്ടിട്ടുള്ള മന്ത്രി ഉത്തരം പറയുന്നതിനാണു് ഏർപ്പാടുചെയ്തിട്ടുള്ളതു്. അതാണു ശരിയായ നടപടി. ചോദ്യത്തിൽ സൂചിപ്പിച്ചിട്ടുള്ള മന്ത്രിക്കു ഡിപ്പാർട്ട്മെൻറുമായി ബന്ധമില്ലെങ്കിലും ആ മന്ത്രിതന്നെ ഉത്തരം പറയേണമെന്നു ആവശ്യപ്പെടാവുന്നതല്ല.

ശ്രീ. പി. കെ കൃഷ്ണൻശാസ്ത്രി: ഞാൻ ഒരു ചോദ്യം അയച്ചിട്ടുള്ളതു് പ്രധാനമന്ത്രി തന്നെ ഉത്തരം പറയണമെന്നുള്ളതുകൊണ്ടു്മാത്രം അപ്രകാരം അയച്ചിട്ടുള്ളതാണു്.

ശ്രീ. എം. പി. വർഗ്ഗീസ്: ഉത്തരം പറയണമെന്നു ആവശ്യപ്പെട്ടിരിക്കുന്ന മന്ത്രിമാർ ഹാജരുള്ളപ്പോൾ ഏതു മന്ത്രിക്കും ഉത്തരം പറയാമോ? അതു ശരിയാണൊ എന്നു അറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ സ്പീക്കർ: ഇവിടെ അങ്ങിനെ ഒരു പ്രശ്നമേ ഉദിക്കുന്നില്ല. ഒരു ചോദ്യം ഏതു പ്രശ്നത്തെസംബന്ധിച്ചാണൊ ചോദിച്ചിരിക്കുന്നതു് അതിനോടു് ബന്ധപ്പെട്ട പോർട്ട്ഫോളിയോ ഡീൽചെയ്യുന്ന മന്ത്രിക്കു് അതേപ്പററി ഉത്തരം പറയാം.

*൩ ൭ ൭. (൨ ൭) ശ്രീ. പി. കെ കൃഷ്ണൻശാസ്ത്രി: താഴെപറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ;

ഇൻഡ്യയിൽ ചെയ്തുവരുന്നതുപോലെ, ഇൻഡ്യയുടെ ഒരുഭാഗമായ തിരുവിതാംകൂർ—കൊച്ചി ഐക്യസംസ്ഥാനത്തിലെ ഹരിജനോദ്ധാരണ പ്രവർത്തനങ്ങൾ ചെയ്യുന്നതിനു അമാന്തം വിചാരിക്കുവാനുള്ള കാരണങ്ങൾ എന്തെന്നു വ്യക്തമാക്കുവാൻ ബഹുമാനപ്പെട്ട ഗവർമ്മെൻറിനു ദയവുണ്ടാകുമോ;

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഇവിടെ അമാന്തം ഉള്ളതായി വിചാരിക്കുവാൻ നിവൃത്തിയില്ല.

ശ്രീ. പി. സി. ആദിച്ചൻ: കഴിഞ്ഞ ഏഴരമാസത്തെ ജോലി ഇന്നലേയും ഇന്നുമായിട്ടാണു് അതിലേക്കു ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ ചെയ്തു തീർത്തതെന്നു് ഗവർമ്മെൻറിനറിയാമോ;

ബഹു. ശ്രീ. കെ അയ്യപ്പൻ: അതുകൊണ്ടുമാത്രം ഇതുവരെ ജോലികൾ ഒന്നും ചെയ്തില്ല എന്നു വിചാരിക്കുവാൻ നിവൃത്തിയില്ല.

ശ്രീ. പി. സി. ആദിച്ചൻ: ഹരിജനോദ്ധാരണ പ്രവർത്തനങ്ങൾ ചെയ്യുന്നതിനു് അതിലേക്കു ചുമതലപ്പെടുത്തിയിട്ടുള്ള കമ്മിററിയുടെ ശുപാർശകൾ അനുസരിച്ചു് ഡിപ്പാർട്ട്മെൻറു പ്രവർത്തനം നടത്തുന്നില്ലെന്നു അറിയാമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഉദ്ധാരണ പ്രവർത്തനങ്ങൾവേണ്ടവിധം നടത്തുന്നതിനു് കമ്മിററിയുടെ ശുപാർശകൾ ഗവർമ്മെൻറു് നിർദ്ദേശംപോലെ ഡിപ്പാർട്ട്മെൻറു് നടത്തുന്നതാണു്.

ശ്രീ. പി. സി. ആദിച്ചൻ: ഇപ്പോൾ പിന്നോക്ക സമുദായ ഡിപ്പാർട്ട്മെൻറു് അപ്രകാരം കമ്മിററിയുടെ ശുപാർശകൾ സ്വീകരിക്കാതിരിക്കുന്നതു തെററല്ലേ?

മിസ്റ്റർ സ്പീക്കർ: ആ ചോദ്യം അനുവദിക്കുന്നില്ല.

INSPECTORS

***356.** [26] **Sri. K. Ramachandran:** Will the Hon'ble Chief Minister be pleased to state.—

(*a*) the number of First and Second Grade Inspectors' places now kept vacant and the reasons for so doing;

(*b*) whether Government would consider promoting officers from the lower grade to these vacant higher places; and

(*c*) the number of direct appointments made during the last two years over the existing III Grade Inspectors?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ആ ചോദ്യത്തിനുത്തരം തയാറായിട്ടില്ല.

POLICE INSPECTORS

*357. [27] **Sri. K. Ramachandran:** Will the Hon'ble Chief Minister be pleased to state.—

(*a*) the present arrangements by Government for the travelling of Police Inspectors on duty within their jurisdiction;

(*b*) whether Government would consider issuing a jeep or some such conveyance for the Police Officials of each Taluk and if not, whether adequate allowance be given to them so as to enable them to maintain their own transport arrangements?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ആ ചോദ്യത്തിന്റെ ഉത്തരം തയാറായിട്ടില്ല.

INCOME-TAX ON GOVERNMENT-OWNED INDUSTRIES

*358. [28] **Sri. K. Ramachandran:** Will the Hon'ble Minister for Finance be pleased to state.—

(*a*) whether Government-owned industries, transport, etc., are being assessed for income-tax and other taxes usually levied on private concerns;

(*b*) the extent this would affect the present financial state of the various institutions manned by Government; and

(*c*) how much this would affect the payment of bonus to workers, etc.?

ബഹു. ശ്രീ. എ. ജെ. ജോൺ: ഉത്തരം തയാറായിട്ടില്ല.

LAND COMMITTEE

*359. [29] **Sri. K. Ramachandran:** Will the Hon'ble Minister for Land and Agriculture be pleased to state.—

(*a*) the progress made by the Land Committee of the Quilon Forest Division;

(*b*) the acreage allocated by the Committee so far;

(*c*) the acreage taken over by the allottees and the acreage now under cultivation; and

(*d*) whether any of the recommendations of the Committee regarding distribution of land have ever been cancelled by Government?

The Hon'ble Sri. T. K. Narayana Pillai:

(*a*) The Committee has distributed all the available land for cultivation.

(*b*) 4,246 and odd acres.

(*c*) 3,319 acres.

(*d*) No.

Sri. K. Ramachandran: Have the allottees taken up the cultivation of the land allotted?

The Hon'ble Sri. T. K. Narayana Pillai: The acreage taken over by the allottees and the acreage now under cultivation is 3,319. Out of the total land allotted, viz., 4,246 acres 3,319 acres have already been brought under cultivation.

തിരുവിതാംകൂറിൽനിന്നും ഇൻഡ്യൻ കോൺസാംബ്ലിയിലേക്കുള്ള തിരഞ്ഞെടുപ്പ്

*൩൫൯. (൩൦) ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇൻഡ്യൻ കോൺസാംബ്ലിയിലേക്ക് തിരുവിതാംകൂറിൽനിന്നും എന്നാണ് മെമ്പറന്മാരെ തിരഞ്ഞെടുത്തയക്കുന്നത്;

(ബി) അതിൽ പിന്നോക്കസമുദായക്കാർക്ക് റിസർവേഷൻ അനുവദിക്കുന്നുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഇതുസംബന്ധിച്ച് ഇൻഡ്യാ ഗവൺമെണ്ടിൽനിന്നോ ഇൻഡ്യാ കോൺസാംബ്ലിയിൽനിന്നോ യാതൊരു നിർദ്ദേശവും ലഭിച്ചിട്ടില്ല.

(ബി) അതേപ്പററി ഗവൺമെണ്ട് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ஏ. சிதம்பரநாத நாடார்: இது சம்பந்தமாக சில அங்கத்தினர்கள், உங்கள் வோட்டுகளை எங்களுக்குத் தரவேண்டுமென்று சொல்லி வேலைகள் நடந்துகொண்டிருப்பது மந்திரி அவர்களுக்குத் தெரியுமா?

തിരുവിതാംകൂറിലെ പൊതുജനാരോഗ്യ പരിപാലന ചുമതല

*൩൩൭. (൩൧) ശ്രീ. ഫിലിപ്പോസ് മുതലാളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലാൻഡ് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഐക്യസംസ്ഥാനത്തിൽപ്പെട്ട തിരുവിതാംകൂർ വിഭാഗത്തിലെ പൊതുജനാരോഗ്യ പരിപാലന ചുമതല ഇപ്പോൾ വഹിക്കുന്ന ഡിപ്പാർട്ട്മെണ്ട് ഏതാണ്;

(ഉ) മേല്പറഞ്ഞ ചുമതല പൊതുജനാരോഗ്യ ഡിപ്പാർട്ട്മെണ്ട് വഹിക്കാത്തതുനിമിത്തം ചന്തകളിലെ സാനിട്ടറി വ്യവസ്ഥകൾ ഒട്ടുംതന്നെ തൃപ്തികരമല്ലെന്നു ഗവൺമെണ്ടിന് ബോദ്ധ്യമായിട്ടുണ്ടോ;

(ഊ) മേല്പറഞ്ഞ ചുമതല സാനിട്ടറി ഡിപ്പാർട്ട്മെണ്ടിനെ ഏല്പിക്കുന്നതിനുള്ള പ്രതിബന്ധമെന്തെന്നു പ്രസ്താവിക്കുവാൻ ദയവുണ്ടാകുമോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) പൊതുജനാരോഗ്യ ഡിപ്പാർട്ട്മെണ്ട്.

(ഉ) (ഊ) പൊതുജനാരോഗ്യ സംരക്ഷണത്തിന് ആവശ്യമായ ഏർപ്പാടുകൾ ചന്തകളിൽ പ്രത്യേകമായി ചെയ്യുന്നതിനുള്ള ചുമതലകൂടി പൊതുജനാരോഗ്യ ഡിപ്പാർട്ട്മെണ്ടിനെ ഏല്പിക്കണമെന്ന് ഗവൺമെണ്ട് വിചാരിക്കുന്നു. ഇക്കാര്യം ആലോചനയിൽ ഇരിക്കുകയാണ്.

കുത്താട്ടുകുളം കേസിനെപ്പററിയുള്ള പ്രസ്സ്നോട്ട്

*൩൩൮. (൩൨) ശ്രീ. ഫിലിപ്പോസ് മുതലാളി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) കുത്താട്ടുകുളം കമ്മ്യൂണിസ്റ്റ് കേസിനെപ്പററി ഏപ്രിൽ ആഗസ്റ്റ് ൨൨-ാംനു ഗവൺമെണ്ടിൽനിന്നും ഒരു പ്രസ്സ്നോട്ട് ഇറക്കിയിട്ടുണ്ടോ;

(ഉ) ടി പ്രസ്സ്നോട്ടിൽ പ്രസ്താവിക്കുന്ന ദാമോദരൻ ഇപ്പോഴും ജീവിച്ചിരിപ്പുള്ളതായിട്ടാണോ ഗവൺമെണ്ടിന്റെ അറിവ് ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ഉണ്ട്.

(ഉ) മുവ്വാററുപുഴ ആശുപത്രിയിൽ ചികിത്സയിലിരിക്കുമ്പോൾ ഏപ്രിൽ ആഗസ്റ്റ് ൧൦-ാംനു ദാമോദരൻ പേനായ് വിഷംമൂലം മരിച്ചു എന്നാണ് ഗവൺമെണ്ടിന് അറിയാൻ സാധിച്ചിട്ടുള്ളത്.

DEFALCATION OF ACCOUNTS

***363.** [33] **Sri. Paul Thaliath :** Will the Hon'ble Minister for Finance be pleased to state.—

(*a*) whether cases of defalcation of accounts and mis-appropriation of Government funds have been detected in 1124 and 1125 ?

(*b*) if so, the names of the individuals concerned and the amounts involved in each case ; and

(*c*) the nature of the action taken in each case ?

The Hon'ble Sri. A. J. John :

(*a*) Yes.

(*b*) & (*c*) The statement is laid on the table. *

ശ്രീ. പോൾ തളിയത്ത്: ആ സ്റ്റേറ്റ്മെൻറ് ഒന്നു വായിച്ചാൽ കൊള്ളാം.

The Hon'ble Sri. A. J. John : It is a long list.

Mr. Speaker : The Hon'ble Members will see the statements asked for that are placed on the table. Full use may be made of them. Long statements, if read over, will take up the time of the House unnecessarily. There is direction given that, as far as possible, questions which require a statement should not be put in as starred questions. If they are put as starred questions, they may take up the major portion of the time available. The questions in which statements asked for will be converted into unstarred questions. If it is a short statement, it can be read. Otherwise it will be placed on the table.

ശ്രീ കെ. ആർ. ഇലങ്കത്ത് : അപഹരിച്ചിട്ടുള്ള പണത്തിന്റെ തുകകൾ ഒന്നു പറയാമോ ?

*Not printed in the day's proceedings.

ബഹു. ശ്രീ. എ. ജെ. ജോൺ: തിരുവിതാംകൂറിലും കൊച്ചിയിയിലുംകൂടി ഏകദേശം ൨ ൦, ൦ ൦ ൦ രൂപായോളം ഉണ്ട്.

ശ്രീ. എൻ. വി. ചാക്കൊ: ഈ മേശപ്പുറത്തു വച്ചിരിക്കുന്ന എന്നു പറയുന്ന സ്റ്റേററ മെണ്ട് അച്ചടിച്ചതാണോ? ആണെങ്കിൽ ഒരു കോപ്പിയെ അച്ചടിച്ചിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

ബഹു. ശ്രീ. എ. ജെ. ജോൺ: ഇതു് ടൈപ്പുചെയ്ത ഒരു സ്റ്റേററമെണ്ടാണ് എന്റെ കൈവശമുള്ളതു്. ടൈപ്പ് ചെയ്തിട്ടുള്ള ഒരു സ്റ്റേററമെണ്ടിന്റെ കോപ്പിയാണ് മേശപ്പുറത്തു വച്ചിട്ടുള്ളതു്.

ശ്രീ. പോൾ തളിയത്ത്: ൧ ൧൨-ൽ ഡിഫാൾക്കേഷൻ കേസുകൾ കണ്ടുപിടിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. എ. ജെ. ജോൺ: ഉണ്ട്.

ശ്രീ. പോൾ തളിയത്ത്: എത്ര രൂപായുടെ ഡിഫാൾക്കേഷൻ കണ്ടുപിടിച്ചിട്ടുണ്ട്.

ബഹു. ശ്രീ. എ. ജെ. ജോൺ: ൧ ൧൨-ൽ ഭാസ്കരൻകർത്താ എന്നൊരാൾ ൩ ൭ രൂപാ ൧൨ ചക്രം ൩ കാശ് അപഹരിച്ചതായി കണ്ടുപിടിച്ചിട്ടുണ്ട്. പിന്നെ ഒരു കണ്ടൻ കോരൻ എന്നൊരാളും പണാപഹരണം നടത്തിയിട്ടുണ്ട്.

ശ്രീ. പി. നാണു: ഈമാതിരി ഡിഫാൾക്കേഷൻ ആണ്ടുതോറും കൂടിവരികയാണൊ മുൻകൊല്ലങ്ങളെ അപേക്ഷിച്ചു കുറഞ്ഞുവരികയാണോ?

ബഹു. ശ്രീ. എ. ജെ. ജോൺ: മുൻകൊല്ലങ്ങളെ കണക്കുനോക്കിയാലെ അതു പറയാൻ നിവൃത്തിയുള്ളു.

ശ്രീ. പി. നാണു: ഈ ഗവൺമെണ്ട് പണം മിസപ്രോപ്രിയേററ് ചെയ്തവരുടെമേൽ ഗവൺമെണ്ട് വല്ല നടപടിയും എടുത്തുവരുന്നുണ്ടോ?

ബഹു. ശ്രീ. എ. ജെ. ജോൺ: നടപടി നടത്തിയിട്ടുണ്ട്.

ശ്രീ. കെ എ. വേലപ്പൻ: ഈമാതിരി കേസുകളിൽ പ്രാസിക്യൂട്ട് ചെയ്യുതിന് ഗവൺമെണ്ടിൽനിന്നും സ്റ്റേ ആർഡർ കൊടുത്തിട്ടുണ്ടോ?

ബഹു. ശ്രീ. എ. ജെ. ജോൺ: കൊടുത്തിട്ടുള്ളതായി അറിവില്ല.

ശ്രീ. പി. നാണു: ഈ പണാപഹരണം ഉണ്ടാകാതെ സൂക്ഷിക്കുന്നതിന് ഗവൺമെണ്ടു വല്ല നടപടികളും എടുത്തിട്ടുണ്ടോ?

ബഹു. ശ്രീ. എ. ജെ. ജോൺ: സകല നടപടികളും ഗവൺമെണ്ട് എടുത്തിട്ടുണ്ട്.

ശ്രീ. പി. നാണു: സകല നടപടികളും ഗവൺമെണ്ടിൽനിന്നും എടുത്തിട്ടുണ്ടെങ്കിലും ഇത്രവളരെ ഡിഫാൾക്കേഷൻ എന്തുകൊണ്ടാണ് ഉണ്ടായിട്ടുള്ളതു്.

ബഹു. ശ്രീ. എ. ജെ. ജോൺ: ഉദ്യോഗത്തിൽ നിയമിക്കുന്നവരിൽ ചിലർ കള്ളന്മാരായിപ്പോകുന്നതാണ് കാരണം.

ശ്രീ. പി. നാണു: അങ്ങിനെ കള്ളന്മാരായ ഉദ്യോഗസ്ഥന്മാരെയാണൊ നിയമിക്കുന്നതു്.

ബഹു. ശ്രീ. എ. ജെ. ജോൺ: നിയമനം നടത്തുമ്പോൾ അവർ കള്ളന്മാരാണൊ അല്ലയൊ എന്ന് അറിയാൻ യാതൊരു നിവൃത്തിയുമില്ല. അതിലേക്കു പ്രത്യേക യന്ത്രങ്ങൾ ഒന്നും ഇല്ല.

ശ്രീ. പി. നാണു: മേലാൽ ഇതുപോലെ ഡിഫാൾക്കേഷൻ ഉണ്ടാകാതിരിക്കാൻ ഗവൺമെണ്ട് വേണ്ട നടപടികൾ എടുക്കുമോ?

ബഹു. ശ്രീ. എ. ജെ. ജോൺ: അതുതന്നെയാണ് ഗവൺമെണ്ടിന്റെ നിശ്ചയമായും തീർച്ചയായും ഉള്ള നയം.

Sri. C. V. Iyyu: May I know whether all the accused in such cases have been prosecuted?

ബഹു. ശ്രീ. എ. ജെ. ജോൺ: ഇല്ല.

MASCOT HOTEL

***364.** [34] **Sri. Paul Thaliath:** Will the Hon'ble Minister for General Administration be pleased to state.—

(*a*) who is managing the Mascot Hotel now;

(*b*) whether the Hotel is managed on any contract basis now ;

(*c*) if so whether tenders were called for before giving the management of the Hotel to the present individual ;

(*d*) whether the management was given to the lowest tender ; and

(*e*) the important terms of the contract entered into between the Government and the management ?

Th Hon'ble Sri. T. K. Narayana Pillai :

(*a*) Sri. K. R. G. Menon, United Corporation, New Delhi.

(*b*) Yes.

(*c*) Yes.

(*d*) The management was leased out to the highest tenderer.

(*e*) The important terms of the contract are :—

(*i*) that the lessee should pay a rental of Rs. 500 per mensem and 5 per cent of the turn-over of the Hotel.

(*ii*) he should maintain at his cost the hotel buildings and premises and all electrical, telephone, water-supply and sanitary installations.

(*iii*) He should deposit Rs. 3,000 as security for the proper conduct of the lease.

(*iv*) The period of lease is for one year from 1st September 1949 and the tenancy can be terminated by giving one month's notice on either side.

ശ്രീ. പോറ്റി തളിയത്തു് : ഏററവും കൂടുതൽ സംഖ്യക്കു് ടെൻഡർ കൊടുത്ത ആളിനു് അതു കൊടുക്കാതിരുന്നതിനു് എന്തെങ്കിലും പ്രത്യേക കാരണമുണ്ടോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : കൂടുതൽ സംഖ്യ ആരുതരുമൊ അവർക്കു കൊടുക്കുകയുള്ളു എന്നുള്ളതാണു് ഗവമ്മെണ്ടിന്റെ നയം.

ശ്രീ. പോറ്റി തളിയത്തു് : എന്തു സംഖ്യയാണു് കൂടുതൽ തരുന്നതു്.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അതുതന്നെയാണു് ഞാൻ വായിച്ചതു്. അതു വേണമെങ്കിൽ ഒന്നുകൂടി വായിക്കാം.

COMPULSORY RETIREMENT

***365.** [35] **Sri. Paul Thaliath:** Will the Hon'ble Minister for Public Service be pleased to state.—

(*a*) the names of those officers drawing a salary of Rs. 100 and above who were given compulsory retirement after formation of the Union of the two States ; and

(*b*) the reasons in each case with the period they had to serve in the regular course ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ഉത്തരം തയ്യാറായിട്ടില്ല.

ELECTRICAL AND ALLIED INDUSTRIES TRAVANCORE LTD.

366. * [36] **Sri. Paul Thaliath :** Will the Hon'ble Minister for Finance be pleased to state.—

(*a*) the amount invested in the shares of the Electrical and Allied Industries Travancore Ltd., with the date of such investment ;

(*b*) whether any loan has been given to this company and if so the amount with the rate of interest ;

(*c*) the date on which business commencement certificate was given to this Company ;

(*d*) whether any dividend has been received so far and if so the amount ;

(*e*) whether the Government have got any representation on the Board of Directors ; and

(*f*) if so whether these Directors have made any report on the working of this Company ?

The Hon'ble Sri. N. Kunjuraman :

(*a*) Rs. One lakh—Rs. 50,000 on 9th July 1946 and Rs. 50,000 on 26th July 1946.

(*b*) No.

(*c*) 8th Chingam 1122.

(*d*) No.

(*e*) Yes.

(*f*) No.

TRAVANCORE CREDIT BANK

367. *[37] **Sri. Paul Thaliath:** Will the Hon'ble Minister for Finance be pleased to state.—

(*a*) whether audited balance sheet and Profit and Loss Accounts are prepared every year for the Travancore Credit Bank;

(*b*) if the answer to (a) is in the affirmative the amount of profit earned in 1122, 1123 and 1124 respectively;

(*c*) the number of persons to whom advances have been made in 1122, 1123 and 1124 respectively with the total amount advanced in each year;

(*d*) the amount due from defaulters in 1123 and 1124 respectively;

(*e*) the amount of bad debts written off in 1122, 1123 and 1124 respectively ?

Hon'ble Sri A. J. John :

(*a*) Yes. As at 30th June every year.

(*b*) 1122 as at 30th June 1947 Rs. 60,284—12—7
1123 ,, 1948 Rs. 75,411—12—6
1124 ,, 1949 Rs. 1,22,142—14—3

	No. of persons	*Amount* Rs.
(*c*) 1122	129	13,47,615—0 —0
1123	170	9,29,700—0 —0
1124	127	7,90,499—8—11

(*d*) 1123 Nil.
1124 Rs. 4,201—2—11.

(*e*) Nil.

ADVOCATES WHO ARE MEMBERS OF LEGISLATIVE ASSEMBLY

***†368.** [38] **Sri. Paul Thaliath :** Will the Hon'ble Minister for General Administration be pleased to state the names of those Advocates who are members of this Legislative Assembly who appeared before each of the Hon'ble Ministers with Vakalath and also the number of appearances by each, since after the formation of the Union of the two States.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ഉത്തരം തയ്യാറായിട്ടില്ല.

***†369.** [39] **Sri. Paul Thaliath :** Will the Hon'ble Minister for Veterinary Services be pleased to state.—

(*a*) whether complaints have been received alleging bribery against the Veterinary Inspector of Parur;

(*b*) whether the Pressident of the Village Union, Vadakekara has complained;

(*c*) whether the Sanitary Circle Officer, Perumbavoor has conducted an enquiry;

(*d*) if so what action has been taken ?

The Hon'ble Sri. E. Ikkanda Warrier :

(*a*) No.
(*b*) No.
(*c*) Not known.
(*d*) Not known.

AVANAMCODE LIFT IRRIGATION SCHEME

†370. *[40] **Sri. Paul Thaliath :** Will the Hon'ble Minister for Irrigation be pleased to state.—

(*a*) whether representations have been received from the public of Chengamanad with regard to the unsatisfactory working of the Avanamcode Lift Irrigation Scheme, which was recently opened;

(*b*) whether it is a fact that the agriculturists have complained that they do not get enough water at the proper time and as such they have completely lost the crop of this season;

(*c*) whether it is a fact that there are many breaches on either side of the bunds;

(*d*) whether it is a fact that due to the uneven levels in certain places of the main channel water do not flow freely to all places;

(*e*) whether any enquiry has been made in this matter; and

(*f*) if so the result of the inquiry ?

---

†Answer to this question laid on the table, the questioner having exhausted his quota.

The Hon'ble Sri. E. Ikkanda Warrier :

(*a*) No.

(*b*) A petition was received from certain agriculturists of Kothakulangara.

(*c*) Yes, but since rectified.

(*d*) There were some initial difficulties. They have since been rectified.

(*e*) (*f*) No answer is necessary in view of the answer to (*d*).

റെയിൽവെ കൊട്ടാരം, തേവള്ളികൊട്ടാരം, റസിഡൻസി ഇവകൊണ്ടുള്ള ഉപയോഗങ്ങൾ

*ന. ൧ ൧. (൪ ൧) സാഹിബ്ബ് ബഹദൂർ എ. എം. മുസ്തഫാ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊല്ലത്തെ പഴയ റസിഡൻസിയും അതിനോടനുബന്ധിച്ച ൯ ൦ ഏക്കർ സ്ഥലവും, റെയിൽവെ കൊട്ടാരവും, തേവള്ളി കൊട്ടാരവും ഇപ്പോൾ എന്താവശ്യത്തിനാണ് ഉപയോഗിക്കുന്നത് ;

(ബി) കൂടുതൽ ഗുണകരമായ എന്തെങ്കിലും പൊതു ആവശ്യത്തിന് ഈ കെട്ടിടങ്ങളും സ്ഥലവും ഉപയോഗപ്പെടുത്തുന്നതിനെപ്പററി ഗവൺമെണ്ട് ആലോചിക്കുമോ ;

(സി) ഇപ്പോൾ അങ്ങിനെ എന്തെങ്കിലും ആലോചനയുണ്ടോ ; ഉണ്ടെങ്കിൽ എന്താണെന്നു പ്രസ്താവിക്കുമോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) റസിഡൻസി കൊല്ലം ഗസ്റ്റ്ഹൗസായിട്ട് ഉപയോഗിക്കുന്നു. റെയിൽവെ കൊട്ടാരവും തേവള്ളികൊട്ടാരവും പാലസിന്റെ ഉപയോഗത്തിനായി ഇപ്പോഴും റിസർവ്വ് ചെയ്തിരിക്കയാണ്.

(ബി) അക്കാര്യം ഗവൺമെണ്ടിന്റെ ശ്രദ്ധയിലിരിക്കയാണ്.

(സി) ഉണ്ട്. ഇക്കാര്യത്തിൽ അവസാന തീരുമാനത്തിൽ ഇനിയും എത്തിച്ചേർന്നിട്ടില്ല.

സാഹിബ്ബ് ബഹദൂർ മഹമ്മദ് മുസ്തഫാ : റസിഡൻസിയോടനുബന്ധിച്ചുള്ള ൯ ൦ ഏക്കർ സ്ഥലം എന്തെങ്കിലും ഉപയോഗപ്രദമായ കാര്യങ്ങൾക്കായി ഉപയോഗിക്കാൻ ഗവൺമെണ്ട് ശ്രദ്ധിക്കുമോ ?

ബഹു. ശ്രീ. ടി. കെ. നാരയണപിള്ള : ആ സ്ഥലം പാട്ടം കൊടുക്കുന്ന കാര്യം ഗവൺമെണ്ട് ആലോചിച്ചുകൊണ്ടിരിക്കുയാണ്.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ : റെയിൽവെ കൊട്ടാരവും അതിന്റെ പരിസരങ്ങളും ഒരു വായനശാല സ്ഥാപിക്കുന്നതിനും പാർക്കിന്റെ ഉപയോഗത്തിനുമായി അവിടത്തെ മുനിസിപ്പാലിററി ആവശ്യപ്പെട്ടിട്ടുണ്ടെന്നു ഗവൺമെണ്ടിനറിയാമോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ആവശ്യപ്പെട്ടിട്ടുണ്ടെന്നു ഗവൺമെണ്ടിന് അറിയാം.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ : അതിനെ സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അവസാന തീരുമാനം ഇതുവരെ എടുത്തിട്ടില്ല.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ : അനുകൂലമായ തീരുമാനമെടുക്കാൻ ഗവൺമെണ്ടിനു ദയവുണ്ടാകുമോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : തീരുമാനം അനുകൂലമായിരിക്കുമൊ പ്രതികൂലമായിരിക്കുമൊ എന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ : റെയിൽവെ കൊട്ടാരം വളരെക്കാലമായി യാതൊരു ഉപയോഗവുമില്ലാതെ കിടക്കുകയാണെന്നറിയാമോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ചില അവസരങ്ങളിൽ ഉപയോഗമുണ്ട്. പാലസിൽനിന്നും ആരെങ്കിലും അവിടെ പോകുമ്പോൾ റെയിൽവെ കൊട്ടാരമാണ് വിശ്രമത്തിന് ഉപയോഗിക്കുന്നത്.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ : അവസാനമായി അവിടെ വിശ്രമിച്ചതു ഏതു കാലത്താണെന്നു പറയാൻ ദയവുണ്ടാകുമോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അവസാനമായി അവിടെ ആരും വിശ്രമിച്ചതായി അറിവില്ല.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ : രാജകുടുംബത്തിലെ അംഗങ്ങളിൽ ആരെങ്കിലും ഈ അടുത്ത കാലത്തെങ്ങാനും അവിടം വിശ്രമത്തിന് ഉപയോഗിച്ചിട്ടുണ്ടോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. എ. വേലായുധൻ : രാജകുടുംബത്തിലെ അംഗങ്ങൾ അവസാനമായി വിശ്രമിക്കാറുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : മറ്റെല്ലാവർക്കും ഉള്ളതുപോലെയുള്ള വിശ്രമം രാജകുടുംബത്തിലെ അംഗങ്ങൾക്കുമുണ്ട്.

സാഹിബ് ബഹദൂർ ടി. എ. മൊയ്തീൻകുഞ്ഞ് . റസിഡൻസി കാമ്പസ്സുണ്ട് എത്ര ഏക്കർ ഉണ്ട്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ൯ ൦ ഏക്കർ സ്ഥലമുണ്ട്.

ഐക്യസംസ്ഥാനത്തെ ഒരാളിന്റെ ശരാശരി വരവും ചെലവും

*൩ ൧൨. (൪൨) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാനത്തിൽ ഒരാളിന്റെ ഒരു വർഷത്തെ ശരാശരി വരവു എന്താണെന്നും അയാൾക്ക് സാധാരണ നിലയിൽ ഇന്നത്തെ ജീവിതത്തോടു അനുസരിച്ച് എന്തു ചെലവു വരുമെന്നും ഗവൺമെണ്ടു് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് ;

(ബി) ഈ ജീവിതഭാരം ലഘൂകരിക്കാൻ ഗവൺമെണ്ടിന് എന്തെങ്കിലും പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് പ്രസ്താവിക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ഇല്ല.

(ബി) ഗവൺമെണ്ടിന്റെ മിക്ക പദ്ധതികളും ജീവിതഭാരം ലഘൂകരിക്കേണ്ടതിനെ അടിസ്ഥാനമാക്കിയിട്ടാണ്.

ശ്രീ. എം. ഐ. പോൾ : ഒരാളിന്റെ വരവു എത്രയാണെന്ന് കൃത്യമായി ഗവൺമെണ്ടിന് അറിയാൻ സാധിക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ചോദ്യത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരം കൃത്യമായി ശേഖരിക്കാൻ ഗവൺമെണ്ടിന് സാധിക്കും.

സിലോൺ—ഇൻഡ്യാ ഉടമ്പടി വ്യവസ്ഥ

*൩ ൧൩. (൪൩) ശ്രീ. ഇട്ടിയര അമ്പുക്കൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അടുത്ത കാലത്തു സിലോണും ഇൻഡ്യയും തമ്മിൽ നടന്ന കച്ചവട ഉടമ്പടിയെ സംബന്ധിച്ചു നമ്മുടെ ഗവൺമെണ്ടു് വല്ല അഭിപ്രായവും സെൻട്രൽ ഗവൺമെണ്ടിനെ ധരിപ്പിച്ചിട്ടുണ്ടോ ;

(ബി) കൊപ്ര, റബ്ബർ, പാക്ക് എന്നീ മൂന്നിനങ്ങളുടെ വില ഇടിവിനെ തടയുവാൻ എന്തു മാർഗ്ഗമാണ് ബഹുമാനപ്പെട്ട ഗവൺമെണ്ടു് നിർദ്ദേശിക്കുന്നതു് ;

(സി) ഈ കാര്യത്തെ സംബന്ധിച്ചു് സെൻട്രൽ ഗവൺമെണ്ടിനെ നമ്മുടെ ഗവൺമെണ്ടു് ഉടൻ വിവരങ്ങൾ ധരിപ്പിക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. എ. ജെ. ജോൺ :

ഉത്തരം തയ്യാറായിട്ടില്ല.

സിമിത്തേരികളും പുതിയ പള്ളികളും

*൩ ൧൪. (൪൪) ശ്രീ. ഇട്ടിയര അമ്പുക്കൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സിമത്തേരികളും, പുതിയ പള്ളികളും സ്ഥാപിക്കുന്നതിനെ സംബന്ധിച്ചു് അടുത്ത കാലത്തു തിരുവിതാംകൂറിൽ മാത്രം ഉണ്ടായിട്ടുള്ള പുതിയ വിളംബരം കൊച്ചിക്ക് ബാധകമാണോ;

(ബി) പ്രസ്തുത വിളംബരത്തെ സംബന്ധിച്ച് ഏതെങ്കിലും സമുദായക്കാർ ആവലാതിപ്പെടുകയോ അതൃപ്തി രേഖപ്പെടുത്തുകയോ ഉണ്ടായിട്ടുണ്ടോ;

(സി) തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാനത്തു പൊതുവെ ബാധകമാകത്തക്കനിലയിൽ ഒരു പുതിയ ചട്ടം ഈ കാര്യത്തിൽ ഉണ്ടാക്കുവാൻ ദയവുണ്ടാകുമോ;

(ഡി) പുതിയ 'ചട്ടങ്ങൾ' ഉടനെ ഉണ്ടാക്കുന്നതിനായി ഈ സഭയിൽനിന്നും ഏതാനും അംഗങ്ങളേയും, ഉദ്യോഗസ്ഥാംഗങ്ങളേയും ചേർത്തു ഒരു കമ്മിററി രൂപവൽക്കരിക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) കൊച്ചിക്ക് ബാധകമല്ല.

(ബി) ഗവമ്മെണ്ടിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അതേപ്പററി ആലോചിക്കാം.

(ഡി) പുതിയ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ഒരു കമ്മററിയുടെ ആവശ്യമുണ്ടെന്ന് ഗവമ്മെണ്ടിന് തോന്നുന്നില്ല.

ശ്രീ. ഇട്ടിയര അമ്പൂക്കൻ : വിളംബരത്തെ സംബന്ധിച്ച് ആവലാതിപ്പെട്ടുകൊണ്ട് ഏതെങ്കിലും ഡെപ്യൂട്ടേഷൻ ബഹുമാനപ്പെട്ട മന്ത്രിയുടെ അടുക്കൽ വന്നിട്ടുണ്ടോ?

ബഹു. ശ്രീ: ടി. കെ. നാരായണപിള്ള : വിളംബരത്തെക്കുറിച്ച് ആവലാതിപ്പെടാൻ ഡെപ്യൂട്ടേഷൻ വന്നിട്ടില്ല.

ശ്രീ. ഇട്ടിയര അമ്പൂക്കൻ : ഈ സംഗതിയെക്കുറിച്ച് നിവേദനം നടത്താൻ ഒരു ഡെപ്യൂട്ടേഷൻ ബഹുമാനപ്പെട്ട മന്ത്രിയുടെ അടുക്കൽ വന്നിട്ടില്ലേ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അതിന് ഒരു ഡെപ്യൂട്ടേഷൻ വന്നിട്ടുണ്ട്. അവരുടെ പരാതികളേയുംകൂടി അടിസ്ഥാനപ്പെടുത്തിയാണ് നിയമം ഭേദഗതി ചെയ്യാൻ ഗവമ്മെണ്ട് തീരുമാനിച്ചിട്ടുള്ളത്.

സെൻട്രൽ ജയിലിലെ കമ്മ്യൂണിസ്ററു തടവുകാർ

*൩ ൧ ൪. (൪൪) ശ്രീ. വി. മാധവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) തിരുവനന്തപുരം സെൻട്രൽ ജയിലിൽ ഇപ്പോൾ എത്ര കമ്മ്യൂണിസ്ററു തടവുകാർ ഉണ്ട്;

(ബി) അവിടെ കമ്മ്യൂണിസ്ററു പതാക നാട്ടുവാൻ അവർക്കു കൊടി എങ്ങനെ കിട്ടി എന്നു അന്വേഷിച്ചിട്ടുണ്ടോ;

(സി) കമ്മ്യൂണിസ്ററു തടവുകാർ ലഹളയുണ്ടാക്കാൻ ഉപയോഗിച്ച സാധനങ്ങൾ ശേഖരിച്ച വിവരം ജയിലധികാരികൾക്ക് എപ്പോഴാണ് അറിവു കിട്ടിയത്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ൧ ൦ ൪.

(ബി) ഉണ്ട്.

(സി) സംഭവം നടന്ന സമയത്ത്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : തടവുകാരുടെ ജാതി തിരിച്ചുള്ള വിവരം പറയാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അതൊരു ചോദ്യമായി അയച്ചാൽ പട്ടിക തയ്യാറാക്കി മേശപ്പുറത്തു വയ്ക്കാം.

Sahib Bahadur Abdul Razak: Of this number, may I know how many are from our side?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അതിനു ഉത്തരം തയ്യാറാക്കിയിട്ടില്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത് : സെൻട്രൽ ജയിലിൽ അക്രമം നടന്നതായി ഗവമ്മെണ്ടിൻെറ ഒരു പ്രസ്സുനോട്ടിൽ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ അക്രമത്തെ തടയാൻ എന്തു നടപടി എടുത്തു എന്ന് അറിയാൻ നിവൃത്തിയില്ല. ഗവമ്മെണ്ടു എന്താണ് ചെയ്തതു എന്ന് പറയാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അതു് പ്രസ്തുതനോട്ടിന്റെ ഒരു വ്യാഖ്യാനത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ചോദ്യമാണു്.

ശ്രീ. സി. വി. ഇയ്യു : അക്രമത്തിനു് അവർ ഉപയോഗിച്ച ആയുധങ്ങൾ എന്തെല്ലാമായിരുന്നു?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ഇഷ്ടികകൾ, തട്ടിയിൽനിന്നും മററും ഒടിച്ചെടുത്ത തടികൾ, എണ്ണക്കുപ്പികൾ പൊട്ടിച്ച കഷണങ്ങൾ മുതലായവ ആയിരുന്നു.

ശ്രീ. പോൾ തളിയത്തു് : അവക്കു് കൊടി എവിടെനിന്നാണു് കിട്ടിയതെന്നറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അവരുടെ ഉപയോഗത്തിനു് നൽകിയിട്ടുള്ള ഫ്ളഷ്ലററിനിൽവച്ചു് തലേദിവസം ഉണ്ടാക്കിയതാണെന്നാണു് അന്വേഷണത്തിൽ മനസ്സിലാകുന്നതു്.

സാഹിബ് ബഹദൂർ ടി. എ. മൈദീൻകുഞ്ഞു് : ജയിൽ സൂപ്രണ്ടു് തന്നിട്ടുള്ളതിൽ കവിഞ്ഞു് എന്തെങ്കിലും അറിവു ഇക്കാര്യത്തിൽ ഗവമ്മെണ്ടിൽ ഉണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ജയിൽ സൂപ്രണ്ടു് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടു കൂടാതെ അനുദ്യോഗസ്ഥാംഗങ്ങൾകൂടി ഉൾപ്പെട്ട ജയിൽ കമ്മററി അന്വേഷണം നടത്തി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽനിന്നും ഗവമ്മെണ്ടു മററു മാർഗ്ഗങ്ങളിൽ കൂടി സ്വതന്ത്രമായി നടത്തിയ അന്വേഷണങ്ങളിൽനിന്നും ഗവമ്മെണ്ടിനു് അറിവുകൾ കിട്ടിയിട്ടുണ്ടു്.

Sri. R. K. Ram: May I know whether there is any communist among the Police?

The Hon'ble Sri. T. K. Narayana Pillai: That is for the member himself to decide.

ശ്രീ. കെ. രാമചന്ദ്രൻ : ജയിലിൽനിന്നും ഏതെങ്കിലും കമ്മ്യൂണിസ്ററു തടവുകാർ തടവുചാടി പോയിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ജയലിൽനിന്നും ആരും ചാടി പോയിട്ടില്ല.

വൈക്കത്തെ കുത്തകപ്പാട്ടസ്ഥലം

*൩ ൧൩. (൪൩) ശ്രീ. വി. മാധവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വൈക്കം താലൂക്കിൽ എത്ര ഏക്കർ (പുറമ്പോക്കു) സ്ഥലം കൃഷിക്കുവേണ്ടി കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുണ്ടു്;

(ബി) ഈ സ്ഥലങ്ങളിൽ എല്ലാം പാട്ടക്കാർ ശരിക്കു് കൃഷി ഇറക്കിയിട്ടുണ്ടോ;

(സി) ഇനിയും പുറമ്പോക്കുസ്ഥലങ്ങൾ പാട്ടത്തിനു് കൊടുക്കാൻ ആ താലൂക്കിൽ ഉണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ൧ ൧ ൨ ഏക്കർ ൪ സെൻറു്.

(ബി) ഇല്ല. കുറെ സ്ഥലങ്ങൾ ഇനിയും കൃഷിയിറക്കാതെ കിടപ്പുണ്ടു്.

(സി) അതു് ഗവമ്മെണ്ടിന്റെ അന്വേഷണത്തിൽ ഇരിക്കയാണു്.

നിലങ്ങളിൽ കൃഷി വികസനം

*൩ ൧ ൧. (൪൧) ശ്രീ. വി. മാധവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വൈക്കം താലൂക്കിൽ ഇരുമ്പൂഴിക്കര, വയ്ക്കപ്പുറയാർ ഈ പ്രദേശങ്ങളിൽ ശേഖരമായി കിടക്കുന്ന നിലങ്ങളിൽ മേടപ്പു കൃഷി ഇറക്കി പരീക്ഷിച്ചു നോക്കുവാൻ ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കണമെന്നു് ചില നിർദ്ദേശങ്ങളോടുകൂടിയ അപേക്ഷ പടിഞ്ഞാറെക്കര പകുതിയിലെ ജനങ്ങൾ ഗവമ്മെണ്ടിൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വല്ല നടപടിയും എടുത്തിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

ഉത്തരം തയ്യാറായിട്ടില്ല.

PAY COMMISSION

***378.** [48] **Sri. N. Daniel Jose:** Will the Hon'ble Chief Minister be pleased to state.—

(*a*) when the Pay Commission was appointed;

(*b*) whether the Commission has submitted any report so far; and

(*c*) the amount of expenditure incurred so far in connection with this Commission ?

The Hon'ble Sri.T. K. Narayana Pillai :

(*a*) 26th Kanni 1124 corresponding to 12th October 1948.

(*b*) In view of integration, the Commission's work is suspended temporarily so that the reorganisation committee would expedite its work.

(*c*) Rs. 29,193—14—3.

ശ്രീ. പി. നാണു : പേ കമ്മീഷനുവേണ്ടി നിയമിച്ചിരുന്ന സ്റ്റാഫ് ഇപ്പോൾ എന്തു ചെയ്യുകയാണ്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അവർ ഇപ്പോൾ റീഓർഗനൈസേഷൻ കമ്മററിയുടെ കീഴിൽ പ്രവർത്തനം നടത്തുകയാണ്.

ശ്രീ. പി. നാണു : അവർ ഇപ്പോൾ റീഓർഗനൈസേഷൻ ജോലിയിലാണോ ഏർപ്പെട്ടിരിക്കുന്നത്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : റീഓർഗനൈസേഷൻ സംബന്ധിച്ച ജോലികളിലാണ് അവർ ഇപ്പോൾ വ്യാപൃതരായിരിക്കുന്നത്.

ശ്രീ. പി. നാണു : പേകമ്മീഷൻ ഇത്രയുംകാലം പ്രവർത്തനം നടത്തിയതുകൊണ്ട് ഉണ്ടായിട്ടുള്ള ഫലം റീഓർഗനൈസേഷന് പ്രയോജനപ്പെടുന്നതാണോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : പേകമ്മീഷനിലെ അംഗങ്ങളാണ് റീഓർഗനൈസേഷൻ കമ്മററിയിലുമുള്ളത്. അതുകൊണ്ട് പേകമ്മീഷന്റെ പ്രവർത്തനത്തിൽ നിന്നും കിട്ടിയിട്ടുള്ള വിവരങ്ങൾ ആവശ്യമെന്നു തോന്നിയാൽ ഉപയോഗിക്കുന്നതിന് അവർക്ക് സാദ്ധ്യതകളുണ്ട്. അതിനുള്ള അവകാശവുമുണ്ട്.

ശ്രീ. എൻ. പി. വർഗ്ഗീസ് : റീഓർഗനൈസേഷൻ കമ്മററിയുടെ റിപ്പോർട്ട് എന്നു സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അവർ റിപ്പോർട്ടുകൾ സമർപ്പിച്ചുകൊണ്ടിരിക്കയാണ്. ഓരോ ഡിപ്പാർട്ട്മെണ്ടിന്റേയും റിപ്പോർട്ടുകൾ പ്രത്യേകം പ്രത്യേകമായിട്ടാണ് സമർപ്പിച്ചുകൊണ്ടിരിക്കുന്നത്. സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകൾ അനുസരിച്ച് ഗവർമ്മെണ്ട് നടപടികളും എടുത്തുവരുന്നുണ്ട്.

INCOME TAX INVESTIGATION COMMISSION

***379.** [49] **Sri. N. Daniel Jose:** Will the Hon'ble Minister for Finance be pleased to state.—

(*a*) when was the Income Tax Investigation Commission appointed ;

(*b*) what is their total salary, allowances, etc.,

(*c*) the number of cases sent to them for investigation till the present session of the legislature ; and

(*d*) how many cases have been disposed of by them ?

The Hon'ble Sri. A. J. John :

(*a*) 17th March 1949.

(*b*) Salary Rs. 1,300 ;
Allowances Rs. 195.

(*c*) Till 18th November 1949 three cases.

(*d*) Nill, till 18th November 1949.

Sri. P. S. Nataraja Pillai : In view of only three cases still pending for the past one year and over, is it necessary for such a commission to continue its income tax investigation ?

The Hon'ble Sri. A. J. John : Till the date of financial integration the commission may continue to work.

Sri. A. Thanu Pillai. May I know the answer to part (*c*).

The Hon'ble Sri A. J. John : 3 cases till 18th November 1949.

Sri. A. Thanu Pillai : How many were disposed of ?

The Hon'ble Sri. A. J. John : Nil.

Sri. A. Thanu Pillai: In such a state, what is the use of continuing the work of such a commission ?

The Hon'ble Sri. A. J. John: But they are making enquiries in those cases. My information is that on 18th November 1949 they disposed of one case and now we have referred 3 more cases.

Sri. A. Thanu Pillai: May I know the extent of revenue derived as a result of disposal ?

The Hon'ble Sri. A. J. John: That is confidential and hence cannot be divulged.

Sri. Daniel Jose: May I know how long were those cases pending ?

The Hon'ble Sri. A. J. John: From 17th March 1949.

ശ്രീ. കെ. ആർ. ഇലങ്കത്തു്: സർ, ഒരു കേസുസംബന്ധിച്ചുള്ള അവസാന വിധിയുണ്ടായി, ഇത്രതുക ഗവൺമെണ്ടിലേക്കു് ഈടാകേണ്ടതാണു് എന്നു വ്യവസ്ഥ ചെയ്തുകഴിഞ്ഞാൽ അതു പുറത്തു പറയുന്നതിൽ വല്ല തകരാറും ഉണ്ടോ?

ബഹു. ശ്രീ. എ. ജെ. ജോൺ: ഇൻകംടാക്സ് കേസുകളെ സംബന്ധിച്ച വിവരങ്ങൾ കാൺഫിഡൻഷ്യലായിരിക്കണമെന്നു് ഇൻകംടാക്സ് നിയമത്തിൽതന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: സർ, ഞാനൊരു പ്രശ്നം ഉന്നയിച്ചു് സ്പീക്കർ അവർകളുടെ റൂളിംഗ് ആവശ്യപ്പെടുകയാണു് ചെയ്തതു്. മന്ത്രിയുടെ ഉത്തരമല്ല ഞാൻ ആവശ്യപ്പെട്ടതു്. ഒരു കേസു് വിധിപ്രസ്താവിച്ചു് ഗവൺമെണ്ടിലേക്കു് ഇത്രതുക ഈടാക്കാമെന്നു് തീരുമാനിച്ചുകഴിഞ്ഞതിനുശേഷം ആ തുക എത്രയാണെന്നു് ഈ സഭയിലെ ഒരു ബഹുമാനപ്പെട്ട അംഗം അറിയണമെന്നു് ആവശ്യപ്പെട്ടാൽ അതു നിഷേധിക്കത്തക്കതാണോ എന്നുള്ളതിനെസംബന്ധിച്ചു് ബഹുമാനപ്പെട്ട പ്രസിഡണ്ടിന്റെ ഒരു റൂളിംഗ് ഞാൻ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ഇൻകംടാക്സ് കേസുകളെ സംബന്ധിച്ച ചില വിവരങ്ങൾ പ്രസിദ്ധപ്പെടുത്താൻ പാടില്ലെന്നു നിർബന്ധമായ നിയമമുണ്ടു്. ഒരു സംഗതി കോൺഫിഡൻഷ്യലാണു് എന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞുകഴിഞ്ഞാൽ അതിനെ ചോദ്യംചെയ്തു് അതു കാൺഫിഡൻഷ്യലാണോ അല്ലയോ എന്നു് സ്പീക്കറുടെ ഒരു റൂളിംഗിനു സ്ഥാനം ഇല്ല. ഉത്തരവാദപ്പെട്ട മന്ത്രി കാൺഫിഡൻഷ്യലാണെന്നു പറഞ്ഞാൽ അതുകൊണ്ടു് തൃപ്തിപ്പെടുകയാണു് വേണ്ടതു്.

Sri. A. Thanu Pillai: Is their decision subject to appeal?

The Hon'ble Sri. A. J. John: The party can refer the matter to the High Court.

Sri. C. V. Iyyu: Now that integration has been effected, what could be the amount derived before the 1st April and what is that after that date?

The Hon'ble Sri. A. J. John: According to the memorandum of agreement, amount collected before the 1st April 1950 go to this Government. But we are entitled to get 7½/12 % of the amonnt collected in 1124 from the Government of India.

അടകുടികിടപ്പുകാർ

*നവ (൪) ശ്രീ. ആർ. അച്ചുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ലാൻഡ് വകുപ്പുമന്ത്രി സദയം മറുപടിപറയുമോ?

(എ) വളരെക്കാലമായി അടകുടിയായി താമസിച്ചു് ദേഹണ്ഡങ്ങൾ ചെയ്തു് വസ്തുനന്നാക്കിയിട്ടുള്ള ഒട്ടേറെ ആളുകളെ ജന്മിമാർ യാതൊരു ദയവുംകാണിക്കാതെ അടിച്ചിറക്കുന്നതായി പരാതികൾ ഗവൺമെണ്ടിനു കിട്ടിയിട്ടുണ്ടോ?

(ബി) കുടിയിറക്കു ബിൽ നിയമം ആയതോടുകൂടി കുടിയിറക്കിന്റെ മൂർച്ചകൂടി വരുന്നതായി ഗവൺമെണ്ടിനറിയാമോ?

(സി) ഇതിനെ തടയുന്നതിനു് സാധുക്കളായ കുടിയിരിപ്പുകാർക്കു് രക്ഷകിട്ടുന്നതിനുമായി അതതുന്നതലത്തു പോലീസ് ഇൻസ്പെക്ടറന്മാർക്കു് വേണ്ട ഉത്തരവു് കൊടുക്കുമോ?

ബഹു. മന്ത്രി. ഇ. ഇക്കണ്ടവാര്യർ: (എ) ജന്മിമാർ കുടികിടപ്പുകാരെ ഇറക്കിവിടുന്നതായി പരാതി ലഭിച്ചിട്ടുണ്ടു്.

(ബി) അറിഞ്ഞുകൂടാ.

(സി) കുടികിടപ്പുകാരുടെമേൽ ജന്മിമാർ കൈയ്യേറ്റം ചെയ്യുകയോ അക്രമം പ്രവർത്തിക്കുകയോ ചെയ്താൽ പോലീസു അധികാരികൾ അതു് തടയുന്നതിനു് വേണ്ട നടപടി നടത്തുന്നതാണു്.

LAND ACQUISITION

***381.** [54] **Sri. V. K. Varghese :** Will the Hon'ble Minister for Land and Agriculture be pleased to state whether Land Acquisition Reference petitions more than two years old are pending in the office of the Division Peishkar, Quilon; and if so, the number ?

The Hon'ble Sri. T. K. Narayana Pillai : "No."

LEASE OF FOREST LANDS FOR CULTIVATION

***382.** [57] **Sri. V. K. Varghese :** Will the Hon'ble Minister for Land and Agriculture be pleased to state.—

(*a*) how many acres of forest land were given over for cultivation in 1123 and 1124.

(*b*) how many acres of land so given, were actually cultivated, and

(*c*) how many paras of paddy were got (i) to Government (ii) to cultivators in 1123 and 1124 from the land so given ?

The Hon'ble Sri. E. Ikkanda Warrier :

(*a*) 1123	..	..	17,645 acres
1124	..	..	12,123 ,,
(*b*) 1123	..	..	13,045 ,,
1124	..	..	10·723 ,,

Correct figures are not available.

വക്കലസത്രം

*നവ്വന (ഒ ൻ) ശ്രീ. പി. നാണു : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു ലാൻറവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) വക്കല റവന്യൂ ഡിപ്പാർട്ടുമെണ്ടു് വക ഒരു സത്രമുണ്ടോ?

(ബി) അതിനു ആണ്ടിൽ എന്തു ചിലവാകുന്നു?

(സി) ഈ സത്രത്തിൻേറയോ ചെലവിൻേറയോ ആവശ്യം എന്താണെന്നു ഗവമ്മെണ്ടു് ആലോചിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ:

(ബി, സി) എയുടെ ഉത്തരമനുസരിച്ചു് ഈ ചോദ്യം ഉദിക്കുന്നില്ല.

നെൽ കരം

*നവ്വ ൪. (സ ഥ) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ;

കല്ലുപ്പാറ പകുതിയിലെ നെൽകരം ഈടാക്കുന്നതു സംബന്ധിച്ചുള്ള നിലമുടമസ്ഥന്മാരുടെ പരാതിക്ക് ഗവമ്മെണ്ടിൽനിന്നും എന്തെങ്കിലും പരിഹാരം ഉണ്ടാക്കി കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണു്;

(സി) നെൽക്കരം ഈടാക്കുന്നതു സംബന്ധിച്ചു് ചില സ്ഥലങ്ങളിൽനിന്നും ഉണ്ടാകുന്ന പരാതികൾക്ക് ഒരു നിശ്ചിത തീരുമാനം ഉണ്ടാക്കണമെന്നു ഗവമ്മെണ്ടു വിചാരിക്കുന്നുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഒരു പരാതി കിട്ടിയിട്ടുണ്ടു്. ലാൻറ ടാക്സ് എൻകവയറി കമ്മിററിയുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം ഇതേപ്പററി ആലോചിക്കുന്നതാണു്.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ഗവമ്മെണ്ടിലേക്ക് കൊടുത്ത നെല്ല്

*നവ്വ ൫. (ന്യ ഥ) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ൧൯൪൯-ലും, ൧൯൫൦-ലും കൊച്ചിയിലും തിരുവിതാംകൂറിലും ആകെ എത്ര നെല്ല് (എത്ര ടൺ) ഗവമ്മെണ്ടിലേക്ക് കൊടുത്തു എന്നു പറയാമോ;

(ബി) ഇതിൽ കൃഷിക്കാരിൽനിന്നും നേരിട്ടെടുത്തതും ജന്മികൾക്കു പാട്ടം കൊടുക്കേണ്ട വക പാട്ടക്കാരിൽനിന്നും എടുത്തതും ജന്മികളിൽനിന്നും എടുത്തതും എത്രവീതമെന്നു പറയാമോ?

(എ) കുട്ടനാട്ടുകർഷകക്കു് ക്രോപ്പ് ലോണിൽ വളം നൽകണമെന്നു് നിവേദനം ലഭിച്ചിട്ടുണ്ടോ?

(ബി) കുട്ടനാട്ടിലെ വമ്പിച്ച കൃഷിച്ചിലവിനെ പരിഗണിച്ചു് ക്രോപ്പ്ലോണിന്മേൽ കർഷകക്കു വളംകൊടുക്കുവാൻ വേണ്ട ഏർപ്പാടുചെയ്യുവാൻ ഗവർമ്മെണ്ടിനു് ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: (എ) ഉവ്വ്.

(ബി) ഇതിനുവേണ്ട ഏർപ്പാടുകളെല്ലാം ചെയ്തിട്ടുണ്ടു്.

QUALIFICATIONS OF MESSRS P. A. MOHIDEEN & M. L. JOSEPH

***390.** [68] **Sahib Bahadur Cheladi Rowther:** Will the Hon'ble Chief Minister be pleased to state.—

(*a*) what are the qualifications and distinctions, if any of the following officers:

i. Mr. P. A. Mohideen

ii. Mr. M. L. Joseph

(*b*) when they were recruited to the former Cochin Government service and to what post?

(*c*) when they were appointed as Magistrates

(*d*) what are their permanent places on 1st July 1949;

(*e*) what are the posts now they are holding and what are the grades?

The Hon'ble Sri. T. K. Narayana Pillai:

(*a*) i. Mr. P. A. Mohideen, M.A. (2nd class), LL.B. (1st class)

ii. Mr. M. L. Joseph, B.A. & B L.

(*b*) i. P. A. Mohideen.— First recruited on 23rd Meenam 1117 as Officiating Prosecuting Inspector on 100-5-150.

ii. Mr. M. L. Joseph.—First appointed as Officiating Joint District Registrar (IV grade) Trichur on 60—80 grade on 17th Meenam 1112. The officiating appointment ceased on 15th Edavam 1112. Was again appointed as Sub Magistrate on Rs. 125 on 27th Vrischigam 1118.

(*c*) i. Mr. P. A. Mohideen—25th Thulam 1118.

ii. Mr. M. L. Joseph—27th Vrischigam 1118.

(*d*) i. Mr. P. A. Mohideen: Secretary, Erstwhile Public Service Commission (200-10-300) of Cochin.

ii. Mr. M. L. Joseph: Additional District Munsiff, Trichur (250-10-350)

(*e*) i. Mr. P. A. Mohideen: Investigation Officer of the Income Tax Investigation Commission on 200—300 grade, drawing Rs. 210.

ii. Mr. M. L. Joseph: Registrar (Officiating) High Court on 250—350 drawing Rs. 260.

ഹജൂർകച്ചേരിയിൽ വരുന്നതപാൽ

*നമ്പർ ൧ (൩൯) സാഹിബ്ബ് ബഹദൂർ വി. ചേലാതി രാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടിപറയുമോ?

(എ) ഹജൂർകച്ചേരിയിൽ ഓരോ സെക്ഷനിലും വരുന്ന അന്നന്നത്തെ തപാൽ അന്നേദിവസം തന്നെ ക്ലാർക്കു നോക്കി അടുത്തമേലധികാരികൾക്കു കല്പനയാകുവാൻ അയക്കണമെന്നു വ്യവസ്ഥയുണ്ടോ?

(ബി) ഉണ്ടെങ്കിൽ അങ്ങിനെ ചെയ്യാറുണ്ടോ?

(സി) ഇപ്രകാരം പ്രവർത്തിക്കുന്നതായാൽ അതു ഗവർമ്മെണ്ടിനും ജനങ്ങൾക്കും ഒരാശ്വാസമാണെന്നു ബഹുമാനപ്പെട്ട മന്ത്രിക്കു ബോദ്ധ്യമുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) ഇല്ല. മൂന്നു ദിവസത്തിനകമെങ്കിലും അയക്കണമെന്നാണു് നിലവിലിരിക്കുന്ന നിയമം.

(ബി-സി) ഉദിക്കുന്നില്ല.

പഴയഫയലുകൾ

*നമ്പർ ൧ (൯൦) സാഹിബ് ബഹദൂർ വി. ചേലാതിരാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ?

(എ) തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാനത്തിന്റെ സ്ഥാപനത്തിനു

മുൻപ് ഓരോ രാജ്യത്തിലെയും ഹജൂർകച്ചേരികളിൽ ദിവാൻഭരണകാലത്തുള്ള വല്ല ഫയലുകളും അവസാനിപ്പിക്കാതെ ഉണ്ടോ?

(ബി) ഉണ്ടെങ്കിൽ അവയുടെ സ്വഭാവമെന്തു്?

(സി) സവ അവസാനിപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) ഉണ്ട്.

(ബി) പലതരത്തിൽ ഉള്ളവയാണ്. വിശദവിവരങ്ങൾ പുറത്താക്കാൻ നിവൃത്തിയില്ല.

(സി) നടപടികൾ പൂർത്തിയാകാത്ത താമസം കൊണ്ടാണ്.

ചീഫ് സെക്രട്ടറിയുടെ അധികാരങ്ങൾ

*നമ്പർ. (൭൮) സാഹിബ് ബഹദൂർ വി. ചേലാതി റാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ?

(എ) തിരുവിതാംകൂർ കൊച്ചി ഐക്യനാട്ടിലെ മുൻ പ്രധാന സെക്രട്ടറിമാർക്കുണ്ടായിരുന്ന അധികാരങ്ങൾ എന്തെല്ലാം;

(ബി) ഇപ്പോഴത്തെ ഐക്യസംസ്ഥാനത്തെ ചീഫ് സെക്രട്ടറിക്കു കൂടുതൽ അധികാരങ്ങൾ വല്ലതും നൽകിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതു കാര്യക്ഷമതയ്ക്കു ഉപകാരമാണോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) അന്നത്തെ ഗവമ്മെണ്ട് നൽകിയിരുന്ന പല അധികാരങ്ങളും ഉണ്ടായിരുന്നു.

(ബി) ഇല്ല.

(സി) *ഉദിക്കുന്നില്ല.

കന്നുകാലി പൌണ്ട്

*നമ്പർ ൮. (൭൯) സാഹിബ് ബഹദൂർ വി. ചേലാതി റാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചിൻ ഡിവിഷനിൽപെട്ട തലപ്പിള്ളി താലൂക്കിൽ കുറുമല വില്ലേജിൽ ഒരു പൗണ്ട് സ്ഥാപിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൽ കൃഷി നശിപ്പിക്കുന്ന കന്നുകാലികളെ പിടിച്ച് എല്ലിക്കാറുണ്ടോ;

(സി) ആ പൗണ്ടിന്റെ ചാർജ്ജുവഹിക്കുന്ന ഉദ്യോഗസ്ഥനാരാണ്;

സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള:

(എ) ഉണ്ട്.

(ബി) കന്നുകാലികളെ കെട്ടി (മുമ്പിച്ച്) ഇടങ്ങിയിട്ടില്ല.

(സി) കുറുമല റവന്യൂ പ്രാവർത്തിം.

ദേവസ്വം വകുപ്പിലേക്കുള്ള ഗ്രാൻറിനെപ്പററി കഴിഞ്ഞ നിയമ സഭയിൽചെയ്ത തീരുമാനം

*നമ്പർ ൯. (൭൯) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുവിററിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ ഗവമ്മെണ്ട് ദേവസ്വത്തിനു പ്രതിവർഷം ൫ ലക്ഷം രൂപ ഗ്രാൻറു നൽകണമെന്നുള്ള കവനൻറിലെ വ്യവസ്ഥ ഇൻഡ്യൻ ഭരണഘടനയിൽ ചേർക്കേണ്ട ആവശ്യമില്ലെന്നു കഴിഞ്ഞ നിയമസഭായോഗത്തിൽ തീരുമാനിക്കുകയുണ്ടായോ;

(ബി) ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂഷനിലെ ഐക്യസംസ്ഥാന പ്രതിനിധികൾ ഇവിടത്തെ നിയമസഭ തീരുമാനം പാലിക്കുന്നതിനായി എന്തു നടപടിയാണ് അവലംബിച്ചതു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) നിയമസഭായോഗത്തിൽ തീരുമാനിച്ചതായി അറിവില്ല. ഭരണഘടനയിൽ ചേർക്കേണ്ട ആവശ്യമില്ലെന്നു കാണിച്ച് ചീഫ് മിനിസ്റ്റർ ഒരു പ്രസ്താവന ചെയ്തിട്ടുണ്ട്.

(ബി) ഇവിടത്തെ തീരുമാനങ്ങളെ നടപ്പിൽ വരുത്തുന്നതിന് ഇവിടത്തെ പ്രതിനിധികൾ അവരാൽ കഴിയുന്നതെല്ലാം ചെയ്തിട്ടുണ്ട്.

ഗ്രാഡുവേററ് ടീച്ചേഴ്സ്

*നൂൻ്നു. (൧൭) ശ്രീ. ഇ. പി. പൗലോസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഗ്രാഡുവേററ് ടീച്ചേഴ്സിൻെറ നിയമനത്തിനായി പബ്ലിക്ക് സർവ്വീസ് കമ്മീഷണർ അപേക്ഷകൾ ക്ഷണിച്ചിരുന്നോ;

(ബി) എത്ര അപേക്ഷകന്മാർ ഉണ്ടായിരുന്നു;

(സി) അപേക്ഷകന്മാരിൽനിന്നും എത്രപേരെ കമ്മീഷണർ ശുപാർശ ചെയ്തിരുന്നു;

(ഡി) പുതിയ പബ്ളിക്ക് സർവ്വീസ് കമ്മീഷൻ മുമ്പു സെലക്ട്ചെയ്തിരുന്നവരുടെ ലിസ്റ്റിൽ എന്തെങ്കിലും ഭേദഗതി ചെയ്തിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്തു്;

(എഫ്) ഇപ്രകാരം ലിസ്റ്റിൽ ഭേദഗതി വരുത്തുന്നതിനുമുമ്പായി അപേക്ഷകരെ വീണ്ടും ഇൻറർവ്യൂ ചെയ്തിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ക്ഷണിച്ചിരുന്നു.

(ബി) ൫ ൧൧.

(സി) ൧ ൫ ൦.

(ഡി) ഇല്ല. എന്നാൽ ഗവൺമെൻറിൻെറ നിർദ്ദേശപ്രകാരം ൧ ൫ പേരെ തല്ക്കാലം നിയമിച്ചാൽ മതിയെന്നും ബാക്കിയുള്ള ഒഴിവുകളിലേക്ക് ഐക്യസംസ്ഥാനത്തുനിന്നും പൊതുവെ അപേക്ഷകൾ ക്ഷണിക്കണമെന്നും തീരുമാനിച്ചു.

(ഇ) ഈ ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഈ ചോദ്യം ഉദിക്കുന്നില്ല.

പുഞ്ചകൃഷിക്ക് സൗജന്യനിരക്കിൽ വളം

*നൂൻ ൧. (൨ ൦) ശ്രീ. ഇ. പി. പൗലോസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അടുത്ത പുഞ്ചകൃഷിക്ക് സൗജന്യനിരക്കിൽ കൂടുതൽ വളം കൃഷിക്കാർക്കു വിതരണം ചെയ്യുന്നതിനായി ഗവൺമെൻറ് എതെങ്കിലും നടപടി എടുത്തിട്ടുണ്ടോ;

(ബി) എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(സി) ഈ സൌജന്യങ്ങൾ മുണ്ടകൻ കൃഷി ചെയ്യുന്നവർക്കും കൊടുത്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അടുത്ത കൃഷിമുതൽ ഈ സൗജന്യങ്ങൾ മുണ്ടകൻകൃഷിക്കാർക്കും ചെയ്തുകൊടുക്കുന്നതിനുവേണ്ട നടപടികൾ എടുക്കുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ:

(എ) ഉണ്ട്.

(ബി) എള്ളുപൊടി, നിലകടലപിണ്ണാക്ക് മുതലായ വളങ്ങൾ പകുതിവിലക്ക് കൊടുക്കുന്നുണ്ട്.

(സി) ഉവ്വ്. കൊച്ചിയിലെ മുണ്ടകകൃഷിക്കാർക്ക് കൊടുത്തിട്ടുണ്ട്.

(ഡി) ഐക്യസംസ്ഥാനത്തിലെ ബാക്കിപ്രദേശങ്ങളിലെ മുണ്ടകകൃഷിക്കാർക്ക്, മററുള്ള കൃഷിക്കാർക്ക് വളത്തിൻെറ വിലയിന്മേൽ ലഭിക്കുന്ന മൂന്നിലൊന്നു സൌജന്യം ലഭിക്കുന്നുണ്ട്. വരുന്ന കൊല്ലത്തിൽ മേല്പറയുന്ന സൗജന്യങ്ങൾ ഇടരുന്നതിനെപ്പററി ഗവൺമെൻറ് ഇപ്പോൾ ഒന്നും തീരുമാനിച്ചിട്ടില്ല.

LAND GRANTED TO EX-SERVICE PERSONNEL

***398.** [86] **Sri. R. K. Ram:** Will the Hon'ble Minister for Land and Agriculture be pleased to state:

(*a*) the total area of land granted to Ex-service personnel for cultivation;

(*b*) whether it is true that the purpose for which the grant of such lands were made is a failure; and

(*c*) if the answer to (*b*) is in the affirmative whether the Government propose to take any action to remedy this evil?

The Hon'ble Sri. E. Ikkanda Warrier :

(*a*) 8613 acres, 98 cents.

(*b*) No.

(*c*) Does not arise in view of the answer to (*b*).

Note to (a)

	Acres	*Cents*
Trivandrum Division	1558	98
Quilon ,,	1223	
Kottayam ,,	2612	
Cochin ,,	3220	

(the Diwan Peishkar, Trichur has reported that all the lands have not been given possession of and that the scheme was begun to be given effect to only very recently)

COMPULSORY RETIREMENT

***399.** [87] **Sri. R. K. Ram :** Will the Hon'ble Chief Minister be pleased to state.—

(*a*) the reasons that led to the suspension and subsequent compulsory retirement of Mr. K. T. Abraham, former Superintendent of the Secretariat ;

(*b*) whether any explanation was called for before taking action ;

(*c*) if the answer to (*b*) is in the affirmative the nature of that explanation ; and

(*d*) his age ?

The Hon'ble Sri. T. K. Narayana Pillai :

(*a*) Undisciplined behaviour, use of intemperate language towards his superiors in office and defiance of constituted authority.

(*b*) Yes.*

(*c*) The explanation was not satisfactory and even more lacking in equilibrium.

(*d*) 47.

RETRENCHMENT IN SERVICES

***400.** [88] **Sri. R. K. Ram :** Will the Hon'ble Chief Minister be pleased to state.—

(*a*) whether any retrenchment is proposed in the services ; and

(*b*) the nature and scope of that retrenchment ?

The Hon'ble Sri. T. K. Narayana Pillai :

(*a*) Not immediately.

(*b*) Does not arise.

AIKKYA KERALA CONFERENCE

***401.** [89] **Sri. R. K. Ram :** Will the Hon'ble Chief Minister be pleased to state.—

(*a*) whether the participation in the Aikkya Kerala Conference at Palghat is in his capacity as Chief Minister or in his own individual capacity ; and

(*b*) are the Government aware that the vast majority of the people of the State are now against the formation of an Aikkya Kerala ?

The Hon'ble Sri. T. K. Narayana Pillai :

(*a*) The Chief Minister was invited to be present for the Conference and so he attended the Conference.

(*b*) Government are not aware.

കൃഷി വർദ്ധനവിനു സഹായം

*൪൦൨. (൯൫) ശ്രീ. എം. ആർ. വേലപ്പൻ: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഭൂമിയും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

കൃഷി വർദ്ധനവിനു അത്യുത്സാഹം ചെയ്യുന്ന യഥാർത്ഥ കർഷകർക്ക് അർഹരാണെന്നു തോന്നുന്നപക്ഷം ഗവണ്മെണ്ടിൽനിന്നു ഇപ്പോൾ കൊടുത്തുവരുന്ന വളമൊഴികെ മറ്റു വല്ല സഹായവും കൊടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ:

ഉണ്ട്.

*403. [94] **Sri: P. K. Dewer** : Will the Hon'ble Minister for Land and Agriculture be pleased to state.—

(*a*) the steps taken by Government to develop off shore and deep sea fishing;

(*b*) the name of the Technical Advisor or expert to the Government in this behalf; and

(*c*) the credentials of such technical advisor or expert ?

The Hon'ble Sri. T. K. Narayana Pillai :

(*a*) By encouraging Dory fishing on a co-operative basis and by modern mechanised methods of fishing such as Trawling, Seining, Drifting and long linings.

(*b*) 1. Dr. C. C. John, Director of Research.
2. P. Kesavan, Superintendent of Fisheries.
3. K. Gopinatha Pillai, Senior Research Officer, Fisheries Development Schemes.

(*c*) 1. Dr. C. C. John, M. A. (Madras), Zoology Dsc. Degree London University with Marine Biology as special subject and research experience from three of the foremost Marine Biological stations in the world.
2. P. Kesavan, B. A, Fishery Inspector's training, Madras.
3. K. Gopinatha Pillai, M. Sc., Diploma in Marine Biology and Fisheries, Liverpool University. Training in Fisheries technology in Great Britain, Germany, France and Malaya.

കൃഷി വിപുലീകരണം

*൪ ൦൪. (൯ ൭) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഗവൺമെണ്ട് ൧൧൨൩-ൽ ഇതുവരെ കൃഷി വിപുലീകരണത്തിനായി എന്തൊക്കെ ചെയ്തിട്ടുണ്ട്;

(ബി) എന്തെല്ലാം സ്ഥലങ്ങളിലാണ് കൃഷി വിപുലീകരണ ശ്രമങ്ങൾ ആരംഭിച്ചിട്ടുള്ളത്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ:

(എ) കൃഷി വികസനാർത്ഥം ഗവൺമെണ്ട് ആരംഭിച്ചിട്ടുള്ള വിവിധപദ്ധതികൾ ൧൧൨൩-ലും തുടർന്നു നടത്തിവരികയാണ്. ൧൧൨൩-ൽ ഇതുവരെയുള്ള ചുരുങ്ങിയ കാലത്തുമാത്രം ഓരോ പദ്ധതിയിലും എന്തെല്ലാം ചെയ്തു എന്നു പറയാൻ പ്രയാസമാണ്. ഉത്തര തിരുവിതാംകൂറിൽ ആവണംകോട് ൧ ആവണംകോട് ൨ എ. പാറക്കടവ് ൧, പാറക്കടവ് ൨ എന്നീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ അടുത്തകാലത്ത് പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലുമായി ആരംഭിച്ചിട്ടുള്ള കൃഷി വികസനപദ്ധതികളുടെ ഒരു സിഫ്റ്റ് അനുബന്ധിച്ചിരിക്കുന്നു.

പീച്ചിയിലെ അണക്കെട്ട്

*൪ ൦൫. (൯ ൮) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടിപറയുമൊ.—

(എ) പീച്ചിയിൽ അണ കെട്ടുന്നതിനെ സംബന്ധിച്ച് അവിടെയുള്ള ഇഞ്ചിനിയർമാർ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായിട്ടുണ്ടൊ;

(ബി) ഉണ്ടെങ്കിൽ അഭിപ്രായവ്യത്യാസം എന്താണ്; എന്തിനെ സംബന്ധിച്ചാണ്;

(സി) ആരുടെ അഭിപ്രായമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ:

(എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

(സി) ഉത്തരം ആവശ്യമില്ല.

തീർത്ഥയാത്രക്കാർ

*൪ ൦൬. (൯൯) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടിപറയുമോ —

(എ) ഈ രാജ്യത്തുള്ള പല സ്ഥലങ്ങളിലേയ്ക്കും തീർത്ഥാടനക്കാരുടെ സംഖ്യ കൊല്ലം തോറും വർദ്ധിച്ചുവരുന്നതായി ഗവൺമെൻറിനറിയാമോ?

(ബി) പ്രസ്തുത സ്ഥലങ്ങളിൽ "ടെർമിനൽ ടാക്സ്" ചുമത്തുന്നതിനു വിരോധമുണ്ടോ;

(സി) രാജ്യത്തെ മുതലെടുപ്പു വർദ്ധിപ്പിക്കുന്നകാര്യത്തിൽ ഇങ്ങനെ ടാക്സ് സഹായകമാവുകയില്ലേ?

ബഹു: ശ്രീ. എ. ജെ. ജോൺ:

(എ) ഈ സംഗതിയെസംബന്ധിച്ച് ഗവമ്മെൻറിനു് യഥാർത്ഥമായ അറിവൊന്നുമില്ല.

(ബി) ഈ സംഗതിയെപ്പററി ഇൻഡ്യാഗവമ്മെൻറുമായി വിശദമായ ചർച്ച ആവശ്യമായിരിക്കുന്നു.

(സി) ടാക്സ് ചുമത്തുന്നതിനുള്ള ഏതു പദ്ധതിയും സംസ്ഥാനത്തെ മുതലെടുപ്പു വർദ്ധിക്കുന്നതിനു് സ്വാഭാവികമായിത്തന്നെ സഹായകമായിരിക്കും.

ഭൂവുടമനിർണ്ണയക്കമ്മിററിയിലെ അംഗങ്ങൾ

*൪൦൭. (൧൦൧) ശ്രീ. വി. കെ. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ലാൻഡ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഭൂവുടമനിർണ്ണയക്കമ്മിററിയിലെ അംഗങ്ങൾ ആരെല്ലാം;

(ബി) ഇവർ ഏതെല്ലാം രാഷ്ട്രീയകക്ഷികളിൽ പെട്ടവരാണ്;

(സി) ഇവരിൽ ഭൂരിപക്ഷം ആളുകൾ ജന്മികളും, പല റിപ്പോർട്ടുകളിലും ജന്മിതാല്പര്യങ്ങൾക്കായി നിലകൊണ്ടിട്ടുള്ളവരുമാണെന്നു ഗവമ്മെണ്ടിനറിയാമോ?

ബഹു. ശ്രീ. ഇക്കണ്ടവാരിയർ:

(എ) ൧. ശ്രീ. കോമാട്ടിൽ അച്ചുതമേനോൻ, (ചെയർമാൻ).
൨. ,, വി. ഒ. മാർക്കോസ്, മെമ്പർ, ലെജിസ്ലേററീവ്
൩. ,, എ. പി. ഉദയഭാനു, ,, ,,
൪. ,, കെ. ആർ. ഇലങ്കത്ത്, ,, ,,
൫. ,, സി. എ. ഔസെഫ് ,, ,,
൬. ,, വി. ആർ. കൃഷ്ണനെഴുത്തച്ഛൻ.
൭. ,, കെ. ശിവരാമപിള്ള, മെമ്പർ, ലെജിസ്ലേററീവ് അസംബ്ലി.
൮. ,, അകവൂർ കൃഷ്ണൻ നമ്പൂതിരിപ്പാട്.
൯. ,, പി. എസ്. മൊഹമ്മദ്, മെമ്പർ, ലെജിസ്ലേററീവ് അസംബ്ലി.
൧൦. ,, കൃഷ്ണൻ അയ്യപ്പൻ, ,, ,,
൧൧. ,, എസ്. നീലകണ്ഠയ്യർ, പ്രസിഡൻറ്, ഡിസ്ട്രിക്ട കോൺഗ്രസ് കമ്മിററി, ചിററൂർ.

(ബി) അവരിൽ എട്ടുപേർ സ്റ്റേററ കാൺഗ്രസ് പാർട്ടിയിൽ പെട്ടവരും ഒരാൾ തമിഴനാടു കാൺഗ്രസ് പാർട്ടിയിൽപെട്ട ആളുമാണ്. ശേഷമുള്ളവർ ഏതെല്ലാം രാഷ്ട്രീയ കക്ഷികളിൽ പെട്ടവരാണെന്നു് അറിഞ്ഞുകൂടാ.

(സി) അറിഞ്ഞുകൂടാ.

ലാപ്സായ അലോട്ടുമെൻറുകൾ

*൪൦൮. (൧൦൮) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൨൮-ലെ കൊടുങ്ങല്ലൂർ ബഡ്ഡററിൽ പി. ഡബ്ലിയു. ഡി. ഇനത്തിലും, പഞ്ചായത്ത് ഇനത്തിലും കൊള്ളിച്ചിരുന്ന അലോട്ടുമെൻറുകൾ ഏതൊക്കെ ലാപ്സായിപ്പോയെന്നു പറയുവാൻ ദയവുണ്ടാകുമോ;

(ബി) കൊടുങ്ങല്ലൂർ ബഡ്ഡററ് ഇപ്പോൾ നിലവിലില്ലായ്കയാൽ പ്രസ്തുത തുകകൾ നോൺലാപ്സബിളാക്കി പണികൾ നടത്തിക്കാൻ ഗവമ്മെണ്ടിനു ദയവുണ്ടാകുമോ?

ബഹു ശ്രീ. എ. ജെ. ജോൺ:

(എ) ൧൯൨൮-ലെ കണക്കുകൾ പൂർത്തിയായിട്ടില്ലാത്തതിനാൽ ടി കൊല്ലത്തെ കൊടുങ്ങല്ലൂർ ബഡ്ഡററിൽ, പി. ഡബ്ലിയു. ഡി.—പഞ്ചായത്ത് ഇനങ്ങളിൽ കൊള്ളിച്ചിട്ടുള്ള തുകകൾ, ഏതെല്ലാം ലാപ്സായി എന്നു പറയുന്നതിനു് ഇപ്പോൾ സാദ്ധ്യമല്ല.

(ബി) ഓരോ കൊല്ലത്തിലും അതാതിനങ്ങൾക്കു ബഡ്ഡററിൽ ക്ലിപ്തപ്പെടുത്തിയിട്ടുള്ള തുകകളിൽ, ആണ്ടു് അവസാനത്തിൽ ചിലവാകാതെ ബാക്കിവരുന്ന സംഖ്യകൾ ലാപ്സാവും

എന്നാണ് നിയമം. ഏതേതു ഇനങ്ങൾക്കു കൊടുങ്ങല്ലൂർ ബഡ്ജററിൽ കൊള്ളിച്ചിരുന്ന തുകകൾ ലാപ്സായോ, ആവക ഇനങ്ങൾ വീണ്ടും അടുത്തവർഷത്തെ സ്റ്റേററ ബഡ്ജററിൽ ചേർത്തു പണികൾ പൂർത്തിയാക്കുന്നതിനു സാദ്ധ്യമായതുകൊണ്ട്, കൊടുങ്ങല്ലൂർ ബഡ്ജററ് ഇപ്പോൾ നിലവിലില്ലാ എന്ന കാരണത്താൽ മാത്രം ടി കാര്യത്തിൽ ഒരു പ്രത്യേകനടപടി എടുക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

തോടുകളുടെ വശങ്ങളിൽ മരങ്ങൾ

* ൪ ൦ ൯. (൧൧൨) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട കൃഷികാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സർക്കാർ തോടുകളുടെ ഇരുവശങ്ങളിലും നില്ക്കുന്ന മരങ്ങൾ, കൈതകൾ മുതലായവ ഡ്രെയിനേജിനെ സാരമായി ബാധിക്കുന്നുണ്ടെന്നും അതു കൃഷിക്കു ദോഷകരമാണെന്നും ബഹുമാനപ്പെട്ട ഗവമ്മെണ്ടു മനസ്സിലാക്കിയിട്ടുണ്ടോ;

(ബി) ആ ദോഷം പരിഹരിക്കാൻ വേണ്ടതു ചെയ്യുന്നതിനു ദയവുണ്ടാകുമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാരിയർ:

(എ) മരങ്ങൾ അടുത്തുള്ള നിലങ്ങളിൽ തണൽ വീഴ്ത്തുന്നതുകൊണ്ടു കൃഷിക്കു കുറച്ചൊക്കെ ദോഷകരമാണെങ്കിലും, താഴ്ന്ന പ്രദേശങ്ങളിൽ കരകൾ ഇടിഞ്ഞുപോകാതെയും ഓളംകൊണ്ടു കേടുവരാതെയും സംരക്ഷിക്കുന്നതുകൊണ്ട് ഉപയോഗപ്രദവുമാണ്. വാസ്തവത്തിൽ രണ്ടാമതു പറഞ്ഞ കാര്യത്തിനാണ് മരങ്ങൾ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്.

(ബി) ആവശ്യമുണ്ടെന്നു കാണുന്നപക്ഷം, ആഞ്ഞുനില്ക്കുന്ന ശാഖകൾ ആണ്ടുതോറും വെട്ടിമാററുന്നതിനു നടപടികൾ എടുത്തുവരുന്നുണ്ട്.

DEVALUATION OF STERLING

***410.** (113) **Dr. (Mrs.) T. Francis:** Will the Hon'ble Minister for Finance be pleased to state.—

(*a*) whether the sterling devaluation is going to affect the development schemes of the United State of Travancore and Cochin;

(*b*) what difference will arise in value of exports and imports of the United State of Travancore and Cochin with dollar area;

(*c*) are we to be benefited or lose in exporting our raw material to America; and

(*d*) in which part of the world jute is mostly needed?

The Hon'ble Sri. A. J. John:

(*a*) If we import from United States of America, plant, machinery and equipment required for development schemes, we may have to pay 44 per cent more now, on account of the devaluation. This increase in price may affect our development schemes.

(*b*) On goods exported to United States of America we may get 44 per cent more and for goods imported we may have to pay 44 per cent more.

(*c*) We are sure to gain by exporting goods to United States of America.

(*d*) America, Europe and Africa.

എറണാകുളം ഗവമ്മെണ്ടു പ്രസ്സ് ജീവനക്കാർ

* ൪ ൧൧. (൧൧൪) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ൧ ൧ ൧൩-നുശേഷം എറണാകുളത്തുള്ള ഗവമ്മെണ്ടു പ്രസ്സ് ജീവനക്കാരിൽ എത്രപേർ മരിച്ചുപോയിട്ടുണ്ടെന്നു ദയവായി പറയുമോ; മരിക്കുമ്പോൾ അവരുടെ വയസ്സ് എത്രയായിരുന്നു; Lead poison ആയിരുന്നു അവരുടെ അകാലമരണത്തിനുള്ള കാരണമെന്നുള്ള വിവരം ബഹുമാനപ്പെട്ട ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) പ്രസ്സ് ജീവനക്കാരിൽ Lead poison ബാധിക്കാതിരിക്കാൻ വല്ല മാർഗ്ഗവും ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അക്കാര്യത്തെപ്പററി ആലോചന നടത്തി പരിഹാരമുണ്ടാക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

மான் குஞ்சுத்தொம்மன் சொன்னதுபோல் இந்த Company யைப் பற்றிய ஒரு விவரமும் இந்தச் சபைக்குத் தெரியாது. இந்த நிலையில் இந்த சட்டசபைக்குத் தெரிவிக்காமலே எதேச்சாதிகாரமாக முதலீடு போடுவதுதானா மக்கள் ஆட்சி? இதுதானா ஜனநாயகம்? உணவு பெருக்குக்காக இந்த சர்க்கார் என்னசெய்திருக்கிறது? பெருஞ்சாணி அணைக்காக பட்ஜெட்டில் பணம் ஒதுக்கப்பட்டிருந்த தொகையே மிகக் குறைவு. வேலை நடப்பதாகவும் தெரியவில்லை. உணவு பெருக்காக சௌகரியங்கள் ஒன்றும் செய்து கொடுக்காமல் உணவு பெருக்க வேண்டுமென்று, ஜனநாயக சர்க்கார் என்று சொல்லப்படுகிற இந்த சர்க்கார், கூக்குரல் போட்டுவருகிறது. உணவு பெருக்குக்கு allotment இல்லை என்கிறார்கள். கம்பேனிகளை தேசியமாமாக்கவேண்டும்; வரும் காலத்தில் நன்மைகிடைக்கப்போகிறது என்று சொன்னால் அது ஆச்சரியமாகத்தானிருக்கிறது. முதலில் எந்தெந்தப் பொருள்களை தேசியமாக்கவேண்டுமென்று பார்க்கவேண்டும். உப்பை தேசியமாக்க வேண்டுமென்று சொல்லி அதற்காகப் பணம் செலவாக்கப்பட்டது. "இது மத்திய அரசாங்கத்தின் விஷயம். அதில் நீங்கள் தலையிடக்கூடாது," என்று தாக்கீதுவந்தவுடன் இந்த விஷயம் நின்றது. இந்த இனத்தில் சிலவான பணம் எவ்வளவு? இந்த நஷ்டத்தை இச்சபைக்கு இன்னமும் தெரிவிக்கவில்லை. இந்தப் பணம் பொது மக்களின் பணம் அல்லவா? நாங்கள் அவர்களின் பிரதிநிதிகளல்லவா? இந்திந்தப் பொருள்களை தேசியமாக்கப் போகிறோம் என்று ஏன் எங்களிடம் கேட்கக்கூடாது. மண்ணை எடுத்துக்கொண்டு, இதை தேசியமாக்கவேண்டும். அதற்கு இரண்டு லக்ஷம் ரூபாய் வேண்டுமென்று கேட்டால், நாளை மத்திய சர்க்காரிலிருந்து உப்பைப்போல் இது மத்திய சர்க்கார்விஷயம் என்று சொல்லிவிட்டால் இதன் நஷ்டத்தை யார் ஏற்பார்கள்? ஏற்கனவேஉப்பு Industry ல் நஷ்டமேற்பட்டிருக்கிறது. உப்பு நஷ்டத்தை எங்கள்மேல் சுமத்தாமல் இருக்கவேண்டும். மேலும் எங்களுக்குத் தெரியாமல் தேசியமாக்குவதற்குச் செலவு செய்தோம் என்று சொன்னால் அதை ஒப்புக்கொள்ள முடியாது, துகையும் அனுமதிக்க முடியாது.

Sri. K. P. Nilacanta Pillai: Sir, with reference to this Demand, the House has been listening to some of the best speeches delivered by the hon'ble members at Parliamentary level of debate. I should say on that account that every member is entitled to a seat in the Parliament of the country. Therefore, my submission is that we have to sympathise with the position of the Hon'ble Minister in charge of this demand and congratulate him for tackling a demand of this kind. A demand of this nature contains details of a substantial nature and the House should know them in all bearings. At the time of the budget when this demand came up for consideration there were some members who opposed it for very valid reasons. I find some among them support the demand now. My point is that they should have been consistent in what they said from the time of the budget so far as this demand is concerned.

Coming to the point regarding this demand, I heard the Chief Minister telling us some facts on details and that 34 thousand tons of this mineral was being hoarded. It is in connection with this, the Government have come forward with a demand of this kind.

In the same way, when this demand came during the budget session we wanted information as to whether any expert was consulted before acquiring this factory. We wanted also to know the future programme in regard to the working of the factory. We were told then that one drum expert or a boiler expert was deputed to value the factory. Mr. Balakrishnan Tampi hinted that there was an European Expert who was also consulted in the matter. But we do not know his views about that as he has disappeared after negotiating the transfer. That is exactly the position. My Hon'ble friend Mr. Balakrishnan Tampi was also saying "why not we accumulate the stock and keep for future disposal?" I ask how can we do this? Is it wise and practical to stock and keep all the sands of our sea-shore for the future while that future is kept in the dark. But it would be practicable to take things as they are. This House is not presented with any information as to the present stock or the stock when the transfer was effected. Now, it is said 50,000 tons have already accumulated. There are three more factories working side by side. The Chief Minister says that the Government have entered into some contract for the sale of 34,000 tons. I don't know whether the sale has been effected. But this sort of quibbling will not carry things to any extent. But some contract has been

entered into. But has it been sold ? Has it been sold for any amount? Has the amount come to the Union treasury ? That is the question. The three other Companies that are working have world-wide connections and adequate shipping convenience. Government tell now that they have obtained proper shipping convenience. This is absolutely unfounded. I challenge the Chief Minister to state definitely before this House which is the shipping agency that he could indent upon to export these minerals directly to the foreign markets.

The next thing which I want to bring to the notice of this House is a question of world-wide importance. That is, the question of nationalisation. When you commit the finances of a country into such ventures you must first understand things properly. That was the warning which we gave at the very outset. Three months back the Government wanted to nationalise the salt industry of the State. Some opposition to this was raised from this side, on the ground that the Government had not studied the question properly. But they provided the necessary funds for this venture and appointed an expert committee; and that Committee after considering all the pros and cons of the problem quietly asked Government to push on with the work. But the Central Government interfered and this Government was asked to put a stop to the acquisition of salt factories. Is this not a valid ground for the Ministry to resign ?

The Hon'ble Sri. T. K. Narayana Pillai : Not so easily.

Sri. K. P Nilakanta Pillai : What more instance can one show of the utter irresponsibility and inefficiency of the present Ministry ? I am asking you again why not you resign ? Apart from that, I may ask you "why do you want more funds ? You are keeping the reason a secret. But that secret has to be announced on the floor of the House if funds are to be sanctioned. Now, we know as a matter of fact that there are three factories working in the same place.

The Hon'ble Sri. T. K. NarayanaPillai : No, the three factories are not working in the same place.

Sri. K. P. Nilakanta Pillai : That is, Mr. Karayalar's factory is not working there. That I know. He is probably looking upon Government to purchase his factory. These factories have already found good markets for their stocks. Their stocks are not accumulated. They are finding successful markets. But our Government with the already accumulated 50,000 tons they want to proceed to accumulate all the sands on the shores. I ask them why not leave it there. They have taken this industry in the name of nationalisation and now they are in a perplexity as to how to work it. They want more funds and they say "you voted for the acquisition of the factory and now you must vote for funds to work it". I say, Sir, that this factory is not going to yield anything to the State treasury which is now on the verge of bankruptcy. Can the Government give details of expenditure regarding the amount of Rs. 3·5 lakhs that has already been spent up. My hon'ble friend Mr. Balakrishnan Tampi said that this factory should be worked by Government as the Government of India is interested. I say that all the nations of the world are interested. But I ask what is the advantage to us ? The funds that have already been provided have been spent by this spendthrift Government, within a period of three months.

Sri. P. Kunjukrishnan : Sir, is the expression spend-thrift Government parliamentary ?

Mr. Speaker : Not objectionable.

Sri. K. P. Nilakanta Pillai : Parliamentary methods are quite new to some of the members. Now, Sir, if President Truman is interested, or the Atomic Commission is interested, why not sell these minerals as raw materials.

The Hon'ble Sri. T. K. Narayana Pillai : It is the raw material that is being sent and not the finished product.

Sri. K. P. Nilakanta Pillai : I don't much mind that interruption. What we want to know, Sir, is whether the Government of India, if it is so interested in this valuable material, would intervene and control the production. You keep the answer a secret. We are thus kept quite uncertain about this matter. I would suggest in the circumstances that the best alternative would be to keep quiet without working this factory.

ശ്രീ. കെ. കെ. പെല്ലപ്പൻപിള്ള: സർ, ഈ സപ്ലിമെൻററിഗ്രാൻറ കൊണ്ടുവന്ന സമയത്തു് ഇതിനെസംബന്ധിച്ചു് മെമ്പറന്മാർ ആവശ്യപ്പെട്ട വിവരങ്ങൾകൂടി ശരിയായി തയാറാക്കേണ്ടതായിരുന്നു എന്നാണു് എൻെറയും അഭിപ്രായം. ചവറയിൽ ര കമ്പനികളാണു് പ്രവർത്തനം നടത്തിക്കൊണ്ടിരുന്നതു്. അവയിൽ ഏററവും മെച്ചമായരീതിയിൽ പ്രവർത്തനംനടത്തി ലാഭമുണ്ടാക്കിക്കൊണ്ടിരുന്ന കമ്പനിയാണു് ഗവർമ്മെൻറ് ഏറെറടുത്തതു്. എന്നാൽ ഏതുസന്ദർഭത്തിലാണു് ഈ കമ്പനി ഗവർമ്മെൻറ ഏറെറടുത്തതു് എന്നു ആലോ

[Sri. K. K. Chellappan Pillai]

ചിക്കേണ്ടതാണ്. എന്റെ അറിവുവെച്ച് പറയുകയാണെങ്കിൽ (എന്റെ അറിവ് ശരിയാണോ എന്ന് എനിക്ക് നിശ്ചയമില്ല) കപ്പൽവരുമ്പോൾ അനുവാദം കിട്ടാത്തതുകൊണ്ട് ചരക്കു കയററി അയക്കാൻ നിവൃത്തിയില്ലാതെ വ്യവസായം നഷ്ടത്തിൽ കലാശിച്ച ഒരവസരത്തിലായിരുന്നു കമ്പനി ഗവമ്മെണ്ടിലേക്ക് വിട്ടുകൊടുക്കാമെന്ന് കമ്പനിക്കാർ സമ്മതിച്ചത്.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ആ അറിവ് തെററാണ്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: അതുകൊണ്ടാണ് ഞാൻ തീർച്ചയില്ലെന്നു നേരത്തെ പറഞ്ഞത്. ഏതായാലും ജനങ്ങളുടെയിൽ തെററിദ്ധാരണകളോ അടിസ്ഥാനമില്ലാത്ത കിംവദന്തികളോ ഉണ്ടെങ്കിൽ അതു തീർക്കേണ്ട കടമ ഗവമ്മെണ്ടിനുണ്ട്. ജനങ്ങളിൽ ഇത്തരം ഒരു ഭീതി ഇതു സംബന്ധിച്ചുണ്ടെന്നും ആ ഭീതി അകററിവേണം ഗവമ്മെണ്ടു ഈ കാര്യം ചുമതലപ്പെട്ടു നടത്തേണ്ടതെന്നുമാണു എന്റെ അഭിപ്രായം. ഗവമ്മെണ്ടു യാതൊരു തരത്തിലുമുള്ള വ്യവസ്ഥകളോടും കൂടിയല്ല ഇതു ഏറെറടുത്തതെന്നു പ്രധാനമന്ത്രി പറയുകയുണ്ടായി. കമ്പനി ഉടമസ്ഥന്മാർക്കു ലാഭകരമായിട്ടാണോ, അതല്ല ഗവമ്മെണ്ടിനു ലാഭകരമായിട്ടാണോ ഈ കമ്പനി ഗവമ്മെണ്ടു ഏറെറടുത്തു നടത്തുന്നതെന്നു അറിയാൻ കഴിഞ്ഞിട്ടില്ല. ഏതു തരത്തിലായാലും ഈ വ്യവസായം നാഷണലൈസുചെയ്യുക എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഇതുസംബന്ധിച്ചുള്ള അലോട്ടുമെൻറുകൂടി നമ്മുടെ ബഡ്ജററിൽ ചേർത്തു ഈ സഭയിൽ ഇതിനുമുൻപു കൊണ്ടുവന്നിട്ടുള്ളത്. ആ സമയത്തു ഇതുസംബന്ധിച്ചുള്ള വിശദവിവരങ്ങളെല്ലാം കിട്ടിയോ എന്നും ഇതേപ്പററി വിദഗ്ദ്ധാഭിപ്രായം ഗവമ്മെണ്ടു ആരാഞ്ഞിട്ടുണ്ടോ എന്നും മററും ഈ സഭയിൽ പലരും ചോദിക്കുകയുണ്ടായി. ചോദ്യശരങ്ങൾ ഉണ്ടായി എന്നുതന്നെ പറയാം. അപ്പോൾ ശ്രീ. കെ. പി. നീലകണ്ഠപിള്ള പറഞ്ഞതുപോലെ സാമാന്യമായ ചില അന്വേഷണങ്ങൾ നടത്തി എന്നുമാത്രമേ ഗവമ്മെണ്ടുഭാഗത്തുനിന്നും മറുപടി പറഞ്ഞുള്ളു. ഏതായാലും ഗവമ്മെണ്ടു ആ കമ്പനിവാങ്ങി; അതു നല്ലതാണെന്നു പലരുക്കെ ഈ സഭയിൽ അഭിപ്രായവും ഉണ്ടായി. പക്ഷെ എന്തുകൊണ്ടാണു പിന്നീടു ൪ ൦,൦൦൦ ടൺ ലോഹം കിടപ്പായിപോയതു്, എന്തുകൊണ്ടു അമേരിക്കയിലേക്കു കയററി അയക്കാൻ സാധിക്കാതെവന്നു എന്നുള്ളതിനെപ്പററി ഗവമ്മെണ്ടിനു എന്തു സമാധാനമാണ് പറയാനുള്ളതെന്നറിഞ്ഞാൽ കൊള്ളാം.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇതിന്റെ ഷിപ്പിംഗ്സീസൺ ഇപ്പോൾ ആരംഭിച്ചതേയുള്ളു.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള. മുപ്പത്തിനാലായിരം ടൺ ലോഹമണൽ വിററു എന്നിവിടെ പറഞ്ഞു. ആ വ്യാപാരത്തിൽ ഗവമ്മെണ്ടിനു എന്താതായംകിട്ടി? ഇതു സംബന്ധിച്ചുള്ള കോസ്റ്റ് ഒഫ് പ്രൊഡക്ഷൻ പറയാൻ സാധിക്കുകയില്ല എന്നു ഗവമ്മെണ്ടു പറയുന്നുണ്ടെങ്കിലും എന്താദായം കിട്ടിയെന്നുള്ള വിവരമെങ്കിലും ഈ സഭയെ അറിയിക്കേണ്ടതാണ്. അങ്ങനെ അറിയിക്കാത്തതിന്റെ അനൗചിത്യം അതു സംബന്ധിച്ചു ഈ സഭയിലുണ്ടായ ചോദ്യത്തിൽനിന്നു പ്രത്യക്ഷവുമാണ്. ഇന്നിവിടെ കൊണ്ടുവന്ന സപ്ലിമെൻററി ഗ്രാൻറു ഏതു ഡാററാ അനുസരിച്ചുകൊണ്ടുവന്നതാണെന്നു അറിഞ്ഞാൽ കൊള്ളാം. എന്റെ അറിവ്, ഇതുവരെ ഇതു സംബന്ധിച്ചു ഗവമ്മെണ്ടിൽ ഒരു എക്സ്പെട്ടിനെ സമ്പാദിക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ്. ഇതിലേക്കു വിദഗ്ദ്ധനായ മി. ഹ്യൂ എന്ന ഒരു ധ്വരയുടെ സേവനം കിട്ടാൻ ഇവിടത്തെ ഗവമ്മെണ്ടു ആശിച്ചുവെന്നും എന്നാൽ അദ്ദേഹം ഇവിടത്തെ സേവനം കഴിയുകയില്ല എന്നു പറഞ്ഞു ഒഴിഞ്ഞുവെന്നുമാണ് ഞാൻ അറിയുന്നതു്.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ആ അറിവും തെററാണ്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: പിന്നെ ആരുമുഖാന്തിരമാണ് ഈ കമ്പനിയുടെ നടത്തിപ്പു നിർവ്വഹിക്കുവാൻ പോകുന്നതു എന്നും അറിയേണ്ടിയിരിക്കുന്നു. കാസ്റ്റ് ആഫ് പ്രൊഡക്ഷൻ മുതലായവയ്ക്കുവേണ്ടി ഇത്ര വൻപിച്ച ഒരു ചെലവു ആരെക്കൊണ്ടാണ് നടത്തുവാൻ പോകുന്നതെന്നറിഞ്ഞാൽകൊള്ളാം.

വ്യവസായങ്ങളുടെ മുൻപോട്ടുള്ള ഗതിയനുസരിച്ചാണ് മററു വ്യവസായങ്ങൾകൂടി നാഷണലൈസു ചെയ്യുന്നതിൽ നാം ഉത്സുകരായി തീരുന്നതു്. അതുകൊണ്ടു് ഏററവും ആദായകരമെന്നു വിചാരിക്കാവുന്ന ഈ വ്യവസായം ഗവമ്മെണ്ടിനു ശരിയായി ഏറെറടുത്തു നടത്തുവാൻ സാധിച്ചില്ലെങ്കിൽ മററു വ്യവസായങ്ങൾ ഒന്നുംതന്നെ ഏറെറടുത്തു നടത്തുവാൻ

ഗവമ്മെണ്ടിനു സാധിക്കാതെവരും. ശരിയായ ഡാററാ ഗവമ്മെണ്ടു തരുന്നപക്ഷം ഈ ഗ്രാൻറ് അനുവദിക്കേണ്ടതാണെന്നാണ് എൻെറ അഭിപ്രായം.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: സർ, സംസ്ഥാനത്തെ വ്യവസായം മുഴുവൻ ദേശീകരിക്കണമെന്നു അഭിപ്രായമുള്ള ഞാൻ, ഈ ഡിമാൻറിനെ എതിർക്കുകയാണ് ചെയ്യുന്നതു്. നമ്മുടെ സർക്കാരിൻെറ ദേശീകരണത്തെ സംബന്ധിച്ചിടത്തോളം പല ഉദാഹരണങ്ങളും നമ്മുടെ മുൻപിലുണ്ടു്. അവയുടെ ജയാപജയത്തെപ്പററി നോക്കുമ്പോൾ അതുപോലെയുള്ള ഒരബദ്ധത്തിലേക്കു ചാടുകയല്ലേ ഇപ്പോൾ ഈ മണൽക്കമ്പനി വ്യവസായത്തെകൂടി ദേശീകരിക്കുന്നതുകൊണ്ടു് സംഭവിക്കാൻ പോകുന്നതെന്നു ഞാൻ ഭയപ്പെടുന്നു. ദേശീകരണം നടത്തുന്ന സന്ദർഭത്തിൽ പ്രാരംഭകാലങ്ങളിൽ അതു ലാഭകരമായിരിക്കുമോ, അല്ലെങ്കിൽ അതുകൊണ്ടു നാം ഉദ്ദേശിക്കുന്ന എല്ലാ നേട്ടങ്ങളും ഉടനെ സിദ്ധിക്കുമോ എന്നുള്ള ആശങ്കയെപ്പററി നാം അത്രവളരെ ഉൽക്കണ്ഠപ്പെടേണ്ടതില്ലെന്നു് ഞാനും സമ്മതിക്കുന്നു. അതിനാൽ ഈ വ്യവസായം ദേശീകരിക്കുന്നതുകൊണ്ടു് നമുക്കു ഉണ്ടാകുന്നതു ലാഭമാണോ നഷ്ടമാണോ എന്ന കാര്യംകൊണ്ടല്ല, ഞാൻ ഇപ്പോൾ ഇതിനെ എതിർക്കുന്നതു്. ഉപ്പു്, ട്രാൻസ്പോർട്ട് ഇങ്ങനെ പല കാര്യങ്ങളും ഗവമ്മെണ്ടു് ദേശീകരിച്ചിട്ടുണ്ടു്. ഇങ്ങനെയുള്ള വ്യവസായങ്ങൾ ദേശീകരിക്കുന്നതുകൊണ്ടു് രാജ്യത്തിനും ജനങ്ങൾക്കും ഗുണമാണുണ്ടാകുന്നതെന്നു കാണിച്ചുകൊടുക്കേണ്ട കടമ ഗവമ്മെണ്ടിനുണ്ടു്. ആ അനുഭവത്തിൻെറ വെളിച്ചത്തിൽ ഗവമ്മെണ്ടു ഒരു വ്യവസായവും ദേശീകരിക്കാതിരിക്കുകയാണ് നല്ലതെന്നു പറയുവാൻ തോന്നിപ്പോകുന്നു.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: അതുകൊണ്ടു് ഏകദേശം പതിമൂന്നു ലക്ഷംരൂപാ ചെലവാക്കിയിട്ടുള്ള ഈ വ്യവസായം ഗവമ്മെണ്ടു ഏറെറടുത്തു നടത്തേണ്ട എന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു്?

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: അതിനെസംബന്ധിച്ചു ഞാൻ പിന്നീടു പറയാം. ഞാൻ ഇപ്പോൾ പറഞ്ഞുവന്നതു രാമേശ്വരത്തെ ക്ഷൗരംപോലെ ഗവമ്മെണ്ടു യാതൊരു വ്യവസായവും ദേശീകരിക്കരുതെന്നാണ്. ഒരു വ്യവസായം ദേശീകരിക്കാൻ തുടങ്ങിയാൽ അതു കംപ്ലീററായി ദേശീകരിക്കണം. ഇപ്പോൾ ഗവമ്മെണ്ടു തുടങ്ങിയിരിക്കുന്ന വ്യവസായങ്ങൾ പലതും ഇൻകംപ്ലീററാക്കിയിട്ടുകൊണ്ടു് നഷ്ടപ്പെട്ടുപോയി എന്നു പറയുകയാണ് ചെയ്യുന്നതു്.

ശ്രീ. സി. വി. ഇയ്യു: ബഹുമാനപ്പെട്ട മെമ്പർ രാമേശ്വരത്തെ ക്ഷൗരം എന്നിവിടെ പറഞ്ഞു. അവിടത്തെ ക്ഷൗരത്തിനു എന്തു വിശേഷമാണുള്ളതെന്നു പറയുമോ?

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: അതു എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണ്. ഏതായാലും അതേപ്പററി ഇപ്പോൾ വിശദീകരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഇയ്യു ചോദിച്ച ചോദ്യത്തിനു ബഹുമാനപ്പെട്ട മെമ്പർ യീൽഡു ചെയ്തില്ല. യീൽഡു ചെയ്യണമെന്നു ഉദ്ദേശമുണ്ടായിരുന്നെങ്കിൽ ചോദ്യം ചോദിക്കുന്ന ഘട്ടത്തിൽതന്നെ ഇരിക്കേണ്ടതായിരുന്നു. അങ്ങനെ ഇരിക്കുന്നില്ലെങ്കിൽ ചോദ്യം കേട്ടതായി വിചാരിക്കുന്നില്ല എന്നാണർത്ഥം. ഉത്തരം പറയേണ്ട ആവശ്യവുമില്ലായിരുന്നു.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: അതുകൊണ്ടു, ഏതെങ്കിലും വ്യവസായ ദേശീകരണത്തിൻെറ പ്രയോജനം എന്താണെന്നു പൂർണ്ണമായി ജനങ്ങളെ മനസിലാക്കികൊടുക്കത്തക്കവിധം ആയിരിക്കണം ദേശീകരിക്കേണ്ടതു്. ആദ്യകാലങ്ങളിൽ ഗവമ്മെണ്ടു ദേശീകരിക്കപ്പെട്ട വ്യവസായങ്ങളുടെ പരാജയം മററു വ്യവസായങ്ങളുടെ ദേശീകരണത്തെപ്പോലും സംശയ ദൃഷ്ടിയോടുകൂടി നോക്കത്തക്കനിലയിൽ ആയിത്തീർന്നിട്ടുണ്ടു്. ബസ്സുസർവ്വീസിൻെറ കാര്യംതന്നെ എടുക്കാം. എന്തെല്ലാം അപൂർണ്ണതകൾ ഉണ്ടായിരുന്നാലുംശരി, ദേശീകരിക്കപ്പെട്ടതിനേക്കാൾ മെച്ചമായ ഒരു നിലയിലായിരുന്നു പ്രൈവററുകമ്പനിക്കാർ ബസ്സുകൾ ഓടിച്ചുകൊണ്ടിരുന്നതു്. അവർക്കുനിർവ്വഹിക്കുവാൻ കഴിഞ്ഞിരുന്ന സുഖസൗകര്യാദികൾ നൽകുവാൻ ഗവമ്മെണ്ടിനു ഇതുവരെ കഴിഞ്ഞിട്ടില്ല. മാത്രമല്ല, ഒരുദിവസം ശരാശരി ൫ രൂപാവച്ചു അവർ ഡ്രൈവർമാർക്കും കൺഡക്ടർമാർക്കും ശമ്പളം കൊടുത്തുവന്നിരുന്നു. എന്നാൽ ഈ സർവ്വീസുകൾ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറു ഏറെറടുത്തതോടുകൂടി പ്രതിമാസം മുപ്പതുരൂപയും, നാല്പത്തഞ്ചുരൂപയും വീതം ശമ്പളമാണു ഡ്രൈവർമാർക്കും കണ്ടക്ടർമാർക്കും കൊടുത്തുവരുന്നതു്. തൊഴിലാളികളുടെ ഗുണത്തിനുവേണ്ടി ഇവിടെ പ

[Sahib Bahadur T. A. Moideen Kunju]

ലനിയമങ്ങളുംമററും വച്ചിട്ടുണ്ടെങ്കിലും ഗവമ്മെണ്ടു ദേശീകരിക്കുന്ന വ്യവസായങ്ങളുടെ നില ഇതാണ്. തന്നിമിത്തം മററുള്ള പ്രൈവററു കമ്പനിക്കാരും ഇതൊരു പാഠമായി എടുക്കുന്നു. മുൻപു ഒ രൂപാ ശമ്പളംകൊടുത്തിരുന്ന പ്രൈവററുകമ്പനിക്കാർ നിങ്ങൾക്കു ട്രാൻസ്ഫോട്ടിൽ ഒന്നരരൂപാ ശമ്പളമല്ലേ ഉള്ളു, ഞങ്ങൾ മൂന്നുരൂപാ ശമ്പളംതന്നാൽ പോരേ? എന്നു കൺഡക്ടർമാരോടും ഡ്രൈവർമാരോടും ചോദിച്ചുതുടങ്ങിയിരിക്കുന്നു. ഇങ്ങനെ രാജ്യത്തിനും ജനങ്ങൾക്കും പ്രയോജനകരമാവാത്ത വിധത്തിൽ വ്യവസായങ്ങൾ ദേശീകരിക്കുന്നതിനേക്കാൾഭേദം ദേശീകരിക്കാതിരിക്കുകയാണ്.

ഇവിടെ പ്രസംഗിച്ച ആളുകൾ ഒരു കാര്യം മനസിലാക്കിയിട്ടില്ലെന്നുതോന്നുന്നു. ഇവിടെ പ്രസംഗിച്ച ആളുകളിൽ മിക്കവാറുംപേർ അന്യദേശത്തുകാരാണ്. അതുകൊണ്ടായിരിക്കണം അവർ കാര്യങ്ങൾ ശരിക്കുമനസിലാക്കാതെ പ്രസംഗിച്ചിരിക്കുന്നതു്. ഞാൻ കരുനാഗപ്പള്ളിക്കാരനാണ്; എനിക്കു ഈ മണൽക്കമ്പനിയെപ്പററി കൂടുതലറിയാം. ബഹുമാനപ്പെട്ടമന്ത്രി ഇതു സംബന്ധിച്ചുള്ളകാര്യങ്ങൾ രഹസ്യമാണെന്നു പറഞ്ഞപ്പോൾ, പലരും അതേപ്പററി ആക്ഷേപിച്ചു. ആ ആക്ഷേപം അത്ര ശരിയായില്ലെന്നാണു എന്റെ അഭിപ്രായം. ആ കമ്പനിയെസംബന്ധിച്ചുള്ള പരമാർത്ഥങ്ങൾ ഈ സഭയിൽ അറിയാവുന്നവരായി രണ്ടുപേരെ ഉള്ളു. ഒന്ന് ശ്രീ. കുഞ്ഞുകൃഷ്ണനും, മറെറാന്നു ഞാനുമാണ്. ഇതുസംബന്ധിച്ചുള്ള ചില പരമാർത്ഥങ്ങൾ പുറത്തു പറയാവുന്നതല്ല. മിനറൽസു കമ്പനികളുമായി അടുത്തുപരിചയമുള്ള ഞങ്ങളിൽ ആരുംതന്നെ, ഇതിൽനിന്നും ലാഭംകിട്ടുമെന്നുള്ള ഉദ്ദേശം കൊണ്ടാണു ഗവമ്മെണ്ടു ഈ കമ്പനി ഏറെറടുത്തു നടത്തിയതെന്നു വിശ്വസിക്കുന്നില്ല. അവിടെയുള്ള ഒരാളിനെ പ്രീതിപ്പെടുത്താനും അദ്ദേഹത്തിന്റെ ഹൃപാശയനുസരിച്ച് കാൺട്രാക്ട് കൊടുത്തും മററും സഹായിക്കുവാനും വേണ്ടിയാണു ഈ കമ്പനി ഗവമ്മെണ്ടു എടുത്തിട്ടുള്ളതെന്നു ഞങ്ങൾക്കു അറിയാം. അതു വിശദീകരിക്കാവുന്ന ഒരു വസ്തുതയല്ല. ഈ വിവരം മന്ത്രിയോടു ചോദിച്ചു അറിയുക എന്നുള്ളതു ഒരു വിഷമമുള്ളകാര്യമാണ്.

ശ്രീ. മാന്നാർ ഗോപാലൻനായർ: മെമ്പർ ഇപ്പോൾ പറഞ്ഞ ആ വ്യക്തിയുടെ പേരെന്താണ്?

സാഹിബ്ബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: അദ്ദേഹം ആരാണെന്നുള്ളതു ഈ സഭയിലെ മിക്കവാറുംപേർക്ക് അറിയാൻകഴിയുന്നതാണ്. പേരുപറയാതെതന്നെ നിങ്ങൾക്കെല്ലാവർക്കും ഇപ്പോൾ മനസിലായിക്കഴിഞ്ഞിരിക്കുന്ന ആളാണദ്ദേഹം. സാധാരണയായി അദ്ദേഹത്തെ 'കിംഗ്മേക്കർ' എന്നാണു പറയാറുള്ളതു്. അങ്ങനെയുള്ള ആളാണ് അദ്ദേഹം.

ശ്രീ. സി. വി. ഇയ്യു: സർ, ഇവിടത്തെ വാദപ്രതിവാദങ്ങളിൽ പറഞ്ഞ ചില കാര്യങ്ങൾ ഒന്നും എനിക്കു മനസ്സിലായില്ല. ഇപ്പോൾ സംസാരിച്ച ആൾ ഒരു പ്രധാനപ്പെട്ട ആൾ എന്നു പറഞ്ഞു. ആരാണെന്നു മനസ്സിലായില്ല. അദ്ദേഹംതന്നെ രാമേശ്വരത്തെ ക്ഷൗരത്തെപ്പററിയും പറഞ്ഞു. അദ്ദേഹം രാമേശ്വരത്തു പോയിക്കാണുകയില്ല. ഞാനും അദ്ദേഹവും രാമേശ്വരത്തു പോകേണ്ടവരല്ലല്ലോ. എങ്കിലും ആ കാര്യം അദ്ദേഹം മനസ്സിലാക്കിയിടത്തോളം എങ്കിലും എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഏതായാലും ഈവക കാര്യങ്ങളെപ്പററിയല്ലല്ലോ നാം ഇവിടെ ആലോചിക്കുന്നതു്.

ഇതു സംബന്ധിച്ചു പ്രധാനമന്ത്രി ഇവിടെ പറഞ്ഞ കാര്യങ്ങൾ ശ്രീമാൻ പി. എസ്. നടരാജപിള്ളയ്ക്കു് മനസ്സിലായില്ല എന്നു പറയുകയുണ്ടായി. മി. നടരാജപിള്ളയ്ക്കു് അതു മനസ്സിലായില്ലെങ്കിലും അദ്ദേഹം പറഞ്ഞതൊക്കെ എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞു. സംസ്കാരപരമായിട്ടും ഭാഷാപരമായിട്ടും ആചാരപരമായിട്ടും ഭൂമിശാസ്ത്രപരമായിട്ടും തിരുവിതാംകൂറും കൊച്ചിയും രണ്ടു രാജ്യങ്ങളാണ്, ഇവ തമ്മിൽ എന്നെക്കും യോജിപ്പിക്കരുതു്, എന്നു് ഞാനും എന്റെ ചില സ്നേഹിതന്മാരും വാദിക്കുകയും അതിനുവേണ്ടി ശ്രമിക്കുകയും ചെയ്തു.

ADJOURNMENT MOTION

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ശ്രീധറിന്റെ അടിയന്തിരപ്രമേയം ഇപ്പോൾ ചർച്ചാവിഷയമാക്കുന്നതാണ്.

Sri. Ponnara G. Sreedhar: Sir, I move for the adjournment of the business of this House, to discuss a matter of urgent public importance, namely the grave repercussions on the

pepper industry in the Union State consequent on the sudden imposing of an additional levy of a 30 per cent export duty on pepper by the India Government.

സർ, ഈ അടിയന്തിരപ്രമേയത്തെ സംബന്ധിച്ചിടത്തോളം ഈ സഭയിലുള്ള ആർക്കും തന്നെ ഒരു എതിരഭിപ്രായം ഉള്ളതായിട്ടു എനിക്കു തോന്നുന്നില്ല. ഇതിനുവേണ്ടി അതായതു് ഇതിനെ ചർച്ചാവിഷയമാക്കുന്നതിനുവേണ്ടി അനുവാദം തരണമെന്നാവശ്യപ്പെട്ടപ്പോൾ ബഹു. മന്ത്രി ഇതിൽ അന്തർഭവിച്ചിട്ടുള്ള കാര്യത്തെപ്പററി പലതും പറയുകയുണ്ടായി. അതു കൂടാതെ മി. ബാലകൃഷ്ണൻതമ്പിയുടെ ഭാഷയിൽ പറയുകയാണെങ്കിൽ ഹിസ് എക്സലൻസി പനമ്പിള്ളി ഗോവിന്ദമേനവനെ ഈ സംസ്ഥാനത്തെ പ്രതിപുരുഷനായിട്ടു ഈ കാര്യത്തിലേക്കുംകൂടി വേണ്ടി ഡൽഹിയിലേക്കു് നിയമിച്ചയച്ചിട്ടും ഉണ്ടു്.

Sri. C. V. Iyyu: On a point of order. I think that the hon'ble member is not right in using the term 'His Excellency'. That term ought to be used when addressing the Governor-General, Governors and distinguished ambassadors. So I think that he has not used it in the proper sense. He may be asked to withdraw it.

മി. സ്പീക്കർ: മി. തമ്പി ആ പദം ഉപയോഗിച്ചുവെങ്കിലും ഉപയോഗിച്ചതായിട്ടു ഇവിടെ കരുതിയിട്ടില്ല. ഇപ്രകാരമുള്ള പദപ്രയോഗങ്ങൾ പാടില്ലാത്തതാണു്.

ശ്രീ. പൊന്നറ ശ്രീധർ: സർ, ഏതായാലും ഈ കാര്യത്തെപ്പററി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ അവർകൾ ഇന്ത്യാഗവർമ്മെണ്ടിൽ നിവേദനങ്ങൾ സമർപ്പിച്ചു നിവൃത്തിമാർഗ്ഗം ഉണ്ടാക്കാൻപോകുന്നുവെന്നും ഇവിടെ പറയുന്നതുകേട്ടു. മി. മേനോൻ ഇവിടെനിന്നും എന്തു കാര്യസാദ്ധ്യത്തിനായി ഉദ്ദേശിച്ചുകൊണ്ടു പോകുന്നുവോ, ആ കാര്യം നിർവഹിക്കാറില്ലെന്നുള്ള വസ്തുത നമുക്കെല്ലാവർക്കും അറിയാം. അങ്ങിനെയിരിക്കെ കുരുമുളകിന്റെ കാര്യത്തെപ്പററി നിവേദനം നടത്തി എന്തു പരിഹാരമാണു് ഉണ്ടാക്കാൻ പോകുന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല. എന്നിരുന്നാൽതന്നെയും നമ്മുടെ കാര്യസാദ്ധ്യത്തിനുവേണ്ടി അദ്ദേഹത്തിനേയും ഇൻഡ്യാഗവർമ്മെണ്ടിനേയും ഈ കാര്യത്തെപ്പററി ഒന്നുകൂടെ അറിയിച്ചു പരിഹാരത്തിനുവേണ്ടി നാമെല്ലാവരും ഒത്തൊരുമിച്ചു ഇതിൽ പ്രവർത്തിക്കണമെന്നാണു് എന്റെ അപേക്ഷ.

സർ, തിരുവിതാംകൂറിൽ ഒട്ടും അപ്രധാനമല്ലാത്തതാണു് കുരുമുളകു കൃഷി. ഇന്നത്തെ സാധു കർഷകർക്കുള്ള ഒരാശ്വാസം ഈ കുരുമുളകുകൃഷിയാണു്. ഒരേക്കർ സ്ഥലത്തു ഈ കൃഷി ചെയ്താൽ ഒരു നാലഞ്ചുവർഷം കഴിയുമ്പോൾ ഏകദേശം ഒരു അരക്കണ്ടിയോളം മുളകു് അതിൽ നിന്നും കിട്ടുന്നതാണു്. അതിനു ഇന്നത്തെ വിലയനുസരിച്ചു ൨,൫൦൦ രൂപാ കിട്ടുന്നു. മറെറാന്നിനും കൊള്ളാത്ത ഭൂമിയിലാണു്, പാഴ്വൃക്ഷങ്ങളിൽ നട്ടുപിടിപ്പിച്ചു മുളകു വളർത്തുന്നതു്. മിക്കവാറും എല്ലാ പുരയിടങ്ങളിലും ഇപ്പോൾ ഈ കൃഷി തുടങ്ങിയിരിക്കയാണു്. അര ഏക്കർ ഭൂമിയുള്ളവൻ മുതൽ ധാരാളം ഭൂമിയുള്ളവൻവരെ നല്ല മുളകുകൃഷിചെയ്യുന്നു. നല്ലമുളകുകൃഷി മുതലാളിക്കു മാത്രം ഉള്ളതല്ല. എല്ലാവർക്കും അതു ചെയ്യാം. അതിനു മററു കൃഷികളെപ്പോലെ വലിയ പണച്ചെലവുമില്ല. അതു കഴിഞ്ഞാൽ മരച്ചീനികൃഷിയാണു് ആദായകരമായിട്ടുള്ളതു്. ഈ രണ്ടു കൃഷിയുമില്ലാത്ത കൃഷിക്കാർ വളരെ ചുരുങ്ങും. ഞങ്ങളുടെ നാട്ടിൽ ഈ രണ്ടുകൃഷിയുംകൊണ്ടാണു് മിക്കവാറും ആളുകൾ ഉപജീവനം കഴിക്കുന്നതു്.

ശ്രീ. ചിദംബരനാഥനാടാർ: മെമ്പർക്കു് കുരുമുളകുകൃഷിയുണ്ടോ?

ശ്രീ. പൊന്നറ ജി. ശ്രീധർ: മി. നാടാർ ചോദിക്കുന്നു എനിക്കു നല്ലമുളകു്കൃഷിയുണ്ടോ എന്നു്. എനിക്കു് കൃഷയുണ്ടെങ്കിലും ഇല്ലെങ്കിലും, ഇതു പൊതു ജനങ്ങളെ ബാധിക്കുന്ന ഒരു സംഗതിയായതുകൊണ്ടു് എനിക്കു കൃഷിയുണ്ടെങ്കിലും ഇല്ലെങ്കിലും ഇതിനെപ്പററി പറയാതിരിക്കാൻ നിവൃത്തിയില്ല. സർ, ഒരാണ്ടിനു മുൻപു കണ്ടിക്കു് ൩,൫൦൦ രൂപാ വിലയുണ്ടായിരുന്ന കുരുമുളകിനു ഇപ്പോൾ ൨,൦൦൦ രൂപയാണു വില. ഈ നില കുറച്ചുദിവസം കൂടി തുടരുകയാണെങ്കിൽ കുരുമുളകിനു ഇനിയും വില കുറയുമെന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു.

ശ്രീ. ചിദംബരനാഥനാടാർ: ഒരേക്കർ സ്ഥലത്തു കൃഷി ചെയ്യുന്നതിനു എന്തു ചെലവുണ്ടാകുമെന്നു പറയാമോ?

ശ്രീ. പൊന്നറ ജി. ശ്രീധർ: ഒരു ഏക്കർ സ്ഥലത്തു കൃഷിചെയ്യുന്നതിനു ൨൫ രൂപയിൽ കൂടുതലാകയില്ല. കേരളത്തിലാണു് ഈ കൃഷിക്കു് വളരെ സാധ്യതയുള്ളതു്. എന്നാൽ തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ആണെങ്കിൽ ഇതു് മോണോപ്പൊളി

[Sri. Ponnara G. Sheedhar]

യുമാണ്. ഇന്നത്തേതു് നമ്മുടെ ഡ്യാളർ കുരുമുളകാണ്. ഈ കുരുമുളകിനെയാണ് ഇൻഡ്യയിലെ ദാരിദ്ര്യം നീക്കുന്നതിനുള്ള ഒരായുധമായി അവർ കണ്ടതു്. അതിന്റെ ഫലമായി കുരുമുളകിന്റെ വില ഇടിഞ്ഞു. ഇതു് തിരുവിതാംകൂറിലെ കൃഷിക്കാരെ സാരമായി ബാധിക്കുന്ന ഒരു സംഗതിയാണ്. ന്യായരഹിതമായ പ്രവൃത്തി ഏതു ഗവമ്മെണ്ടുതന്നെ ചെയ്താലും അതിനെ തടയേണ്ടതു് പൊതുജനങ്ങളുടെ കടമയാണ്. അതിനായി നാം ഇൻഡ്യാഗവമ്മെിലേക്ക് നിവേദനം സമർപ്പിച്ചു ശക്തിയായി വാദിക്കേണ്ടതുണ്ടു്. അപ്രകാരം ചെയ്യുന്ന പക്ഷം ഈതിനു വേണ്ട പരിഹാരം അവർ ഉണ്ടാക്കിത്തരുമെന്നുള്ളതു് തീർച്ചയാണ്.

സർ, ഇപ്രകാരം കുരുമുളകിന്റെ വില നാൾക്കുനാൾ കുറയുകയാണെങ്കിൽ അതുകൊണ്ടു ജീവിക്കുന്ന അനേകായിരം ആളുകൾ നമ്മുടെ രാജ്യത്തുണ്ടു്, അവരുടെ സകല ആശകളും അതുകൊണ്ടു നശിക്കുകയും, തന്മൂലം കുരുമുളകുകൃഷിയിൽ തന്നെ അലസരായിത്തീരുകയും ചെയ്യും. ഒരുദാഹരണം ഞാൻ പറയാം. ഒരാൾക്ക് രണ്ടേക്കർ സ്ഥലത്തു് കുരുമുളകുകൃഷിയുണ്ടെന്നിരിക്കട്ടെ. അതിനെ പറിച്ചുകൊടുത്താൽ ഇത്ര രൂപാ കിട്ടുമെന്നും, ആ പണംകൊണ്ടു തന്റെ മകനെ കോളേജിൽ പഠിപ്പിക്കാമെന്നും, ബാക്കിയുള്ള പണംകൊണ്ടു ഒരു ചെറിയ വീടുകൂടി ഉണ്ടാക്കാമെന്നും, ഇങ്ങനെ പല ആശകളും മനസ്സിൽ വച്ചുകൊണ്ടിരിക്കെ ഒരു സുപ്രഭാതത്തിൽ കുരുമുളകിന്റെ വില ഒന്നിനു പകുതിയായി കുറഞ്ഞു എന്നു കേട്ടാൽ ഇവന്റെ സകല ആശകളും അവിടെ നശിക്കുകയല്ലേ ചെയ്യുന്നതു്? ഇനി മററു ചിലർ തങ്ങളുടെ കുരുമുളക് കണ്ടിക്ക് ൩, ൦ ൦ ൦ രൂപാവച്ചതന്നുകൊള്ളാം എന്നുള്ള കരാറിന്മേൽ ആയിരമോ രണ്ടായിരമോ രൂപാ കച്ചവടക്കാരിൽ നിന്നും അഡ്വാൻസായി വാങ്ങിച്ചിരിക്കും. അങ്ങനെ തേങ്ങാ, മരച്ചീനി, മുതലായ സാധനങ്ങൾ കൊടുത്തുകൊള്ളാമെന്നു പറഞ്ഞു നേരത്തെ പണം വാങ്ങിക്കുന്ന ഒരേർപ്പാടു് ഇപ്പോഴെന്നല്ല, എപ്പോഴും ഉള്ളതാണ്. അതു് എല്ലാവർക്കും അറിയുകയും ചെയ്യാം. അങ്ങിനെയാണെങ്കിൽ ഇൻഡ്യാഗവമ്മെണ്ടു് ഈ ഓർഡിനൻസ് പാസാക്കിയതു മൂലം ഉണ്ടാകുന്ന വൈഷമ്യങ്ങൾ ഈ സംസ്ഥാനത്തുള്ളവർ അനുഭവിക്കണമെന്നല്ലേ വന്നിരിക്കുന്നതു്. ഇതു് ഒരിക്കലും നീതിയല്ല. ഇതു വഹിക്കത്തക്കതുമല്ല. ഇൻഡ്യാഗവമ്മെണ്ടു് ഡ്യൂട്ടി കൂട്ടിയിരിക്കുന്നു എന്നു പറയുന്നതു് വെറും ഊഹം വെച്ചുകൊണ്ടല്ലാ. ൧൯൪൯ നവമ്പർ ൨൨-ാം തിയ്യതി അവർ പുറപ്പെടുവിച്ച ആർഡിനൻസ് അനുസരിച്ചാണ് ഞാൻ പറയുന്നതു്. കുരുമുളകിന്നു ൩ ൦ ശതമാനം ഡ്യൂട്ടി കൂട്ടിയിരിക്കുന്നു എന്നു പറഞ്ഞാൽ, എന്തു വിലയാണോ കൃഷിക്കാരനു കിട്ടേണ്ടതു് അതിന്റെ ൩ ൦ ശതമാനം കുറഞ്ഞു എന്നാണർത്ഥം.

ശ്രീ. അബ്ദുൾ മജീദ്: കഴിഞ്ഞകൊല്ലം എന്തു വിലയുണ്ടായിരുന്നു എന്നറിയാമോ?

ശ്രീ. പൊന്നറ ജി. ശ്രീധർ: കഴിഞ്ഞകൊല്ലവും അതിനു മുൻപുള്ള കൊല്ലങ്ങളിലുമുള്ള വിലയേപ്പററി ഇപ്പോൾ പറയുന്നതുകൊണ്ടു പ്രയോജനം ഇല്ല. സർ, ഇഡ്യാഗവമ്മെണ്ടു് ഇതു മുൻകൂട്ടി ഇതു പൊതുജനങ്ങളെ അറിയിപ്പിച്ചിരുന്നുവെങ്കിൽ ഞാൻ മുൻപു പറഞ്ഞ കാര്യങ്ങൾ അവർ കരുതിപ്രവർത്തിക്കുമായിരുന്നു. ഒരു രാത്രി ഇരുട്ടിവെളുത്തപ്പോൾ കുരുമുളകിന്റെ വില നേർപകുതിയായി. സർ, നെടുമങ്ങാടു താലൂക്കിൽ കുറെ റിസർവു വനങ്ങളും, എസ്റ്റേററുകളും, കുറെ നിലങ്ങളും ഒഴിച്ചാൽ, ബാക്കി എല്ലാ സ്ഥലത്തും കുരുമുളകാണു കൃഷി.

ഇതേമാതിരിതന്നെയാണ് മററു സ്ഥലങ്ങളിലും ഉണ്ടെന്നാണ് എന്റെ അറിവു്. പാലായിൽ കുരുമുളകിന്ന് ഒരു വലിയ മാക്കററുണ്ടെന്നു് രണ്ടു മൂന്നു തരം നല്ല കുരുമുളക് പാലായിൽ ഉണ്ടു്. വടക്കൻതാലൂക്കുകളിൽ ഉള്ള മിക്കവാറും കുരുമുളക് പാലായിൽ ആണ് മാക്കററു ചെയ്യുന്നതു്. ആ ഭാഗങ്ങളിൽ ഉള്ളവർക്കും കുരുമുളകു സംബന്ധിച്ചു് ഇൻഡ്യാഗവമ്മെണ്ടു് എടുത്തിട്ടുള്ള ഈ നയം വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ടു്. ഇതു് ഇവിടത്തെ കർഷകരെ എങ്ങനെ ബാധിക്കുമെന്നുള്ള കാര്യം ഞാൻ പറയാതെതന്നെ അറിയാവുന്നതാണ്. മരച്ചീനിക്കു വില ഇടിഞ്ഞു, നാളികേരത്തിന്നു ഇൻഡ്യാഗവമ്മെണ്ടിന്റെ ഇപ്പോഴത്തെ നടപടിമൂലം വിലഇടിയും അതുപോലെതന്നെ കുരുമുളകിന്റെ കാര്യത്തിൽ ഇൻഡ്യാഗവമ്മെണ്ടു് സ്വീകരിച്ചിട്ടുള്ള നയം നമുക്ക് ദോഷകരമാണ് ഇതെല്ലാം നാം ആലോചിക്കേണ്ടതാണ്. നമ്മുടെ ഗവമ്മെണ്ടു് ഇൻഡ്യാഗവമ്മെണ്ടിനോടു് ഈ വിവരങ്ങളെല്ലാം അറിയിക്കണം. അവരെപറഞ്ഞു മനസ്സിലാക്കണം. നമ്മുടെ കാര്യത്തിൽ പ്രത്യേകിച്ചു് കാർഷികവിഭവങ്ങൾ കൊണ്ടുമാത്രം കഴിയുന്ന നമ്മുടെ രാജ്യത്തിന് ദോഷം

സംഭവിക്കാത്തതരത്തിൽ നടപടികൾ സ്വീകരിക്കുവാൻ അവരോട് പറയണം. അവർ ചെയ്യില്ലെങ്കിൽ അവരെക്കൊണ്ട് അതു ചെയ്യിക്കാൻ ശ്രമിക്കണമെന്നു മാത്രമേ എന്റെ അടിയന്തിരപ്രമേയംകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നൊള്ളൂ. അതുകൊണ്ട് എല്ലാവരും യോജിച്ച് ഇതിനേസംബന്ധിച്ച് യൂണിയൻ ഗവമ്മെണ്ടിനേ അറിയിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. ഇ. പി. പൌലോസ്: സർ, രണ്ടു ദിവസങ്ങൾക്കുമുമ്പ് നാളികേരത്തിന്റെ ഇറക്കുമതിയെ സംബന്ധിച്ചു അതിപ്രധാനമായ ഒരു ചർച്ചയുണ്ടായി. അതിനുശേഷം ഇന്ത്യാഗവമ്മെണ്ടിന്റെ കാമേഴ്സ് വകുപ്പുമന്ത്രി ഈയിടെ നൽകിയ ഒരു മറുപടിയിൽ നിന്നു നമുക്ക് ഈ കാര്യത്തിൽ വളരെ അനുകൂലമായ ഒരു തീരുമാനം പ്രതീക്ഷിക്കാവുന്ന ഒന്തരീക്ഷം ഇല്ലെന്നു മനസ്സിലാക്കാൻ കഴിയുന്നതാണ്. എന്തായാലും നാളികേരം പോലെതന്നെ ഈ രാജ്യത്തെ ജനങ്ങളുടെ സാമ്പത്തിക സ്ഥിതിയെ വളരെ കാര്യമായി സ്പർശിക്കുന്ന ഒരു കാര്യമാണ് കുരുമുളക് കയററുമതിയെ സംബന്ധിച്ചിടത്തോളം ഇൻഡ്യാഗവമ്മെണ്ട് ചെയ്തിരിക്കുന്നത്. ഇൻഡ്യാഗവമ്മെണ്ട് കുരുമുളകിനെസംബന്ധിച്ചു ഇപ്പോൾ എടുത്തിട്ടുള്ള നടപടികൾക്കു സ്വല്പം മുമ്പുവരെ സാധാരണ തിരുവിതാംകൂറിൽ കുരുമുളക് വില്ക്കുന്ന വീടുകളിൽ—എന്നുപറഞ്ഞാൽ കുറഞ്ഞ തോതിൽ എങ്കിലും കുരുമുക് കൃഷി ചെയ്യുന്ന—അതായത്, ഒരാൾക്ക് ഇരുപത്തിഅഞ്ചുമുതൽ അൻപതുവരെ രൂപാ പ്രതി മാസം കിട്ടിക്കൊണ്ടിരിന്നു. എന്നാൽ ഇപ്പോൾ അൻപതു ശതമാനംവരെ അതിന്റെ വില ഇടിഞ്ഞു. സാധാരണ വൃശ്ചികം ധനു ഈ മാസങ്ങൾ കുരുമുളകു പറിച്ച് ഉണക്കേണ്ട കാലമാണ്. വാണിജ്യനിലയെപ്പററി ഉപദേശം നൽകുന്ന ആളുകൾ മാർക്കററിൽ കുരുമുളകിന് ഇനിയും വില കൂടാൻ അവസരം ഉണ്ട്, അതുകൊണ്ട് ഇപ്പോളെങ്ങും മാർക്കററിൽ കൊണ്ടുപോകേണ്ട എന്നെല്ലാം ഉപദേശിച്ചുകൊണ്ടിരിക്കുന്നതിനാൽ ആളുകൾ കുരുമുളക് വില്ക്കാതെ സൂക്ഷിച്ചുവെച്ചിരിക്കുകയായിരുന്നു. എന്നാൽ ഇന്നു അങ്ങനെ സൂക്ഷിച്ചുവെച്ചിരുന്ന കുരുമുളകിന് വളരെ വില ഇടിഞ്ഞു. ഇതുമൂലം കച്ചവടക്കാർക്കും മററും വമ്പിച്ച വൈഷമ്യം നേരിടേണ്ടിവരും. ഇപ്പോൾ ഇൻഡ്യാഗവമ്മെണ്ട് സ്വീകരിച്ചിരിക്കുന്ന നടപടി, കുരുമുളകിന്റെ നിലയെമാത്രം സ്പർശിക്കുന്ന ഒന്നല്ല. തിരുവിതാംകൂറിലെ കാർഷിക വിഭവങ്ങളെ ആകമാനം ബാധിക്കുന്ന ഒന്നാണ് ഇതു്. പുൽത്തൈലം കേരളത്തിൽ മാത്രമല്ലാതെ ലോകത്തു് മറെറാരിടത്തും ഇല്ല. ഇതിന്റെ വിലയെ സംബന്ധിച്ചിടത്തോളം ആണെങ്കിൽ ഇതിനും താമസിയാതെ വില ഇടിയുന്ന ലക്ഷണമാണ് കാണുന്നതു്. ഒരു സെൻറ് മുതൽ അനേകായിരം ഏക്കർ വരെ ഭൂമി കൈവശമുള്ള പലതരത്തിലുള്ള കർഷകർ പുൽത്തൈലം ഉൽപ്പാദിപ്പിക്കുന്ന വിഷയത്തിൽ പരിശ്രമിച്ചുകൊണ്ടിരിക്കുന്നവരാണ്. പുൽത്തൈലം നമ്മുടെ കയററുമതി സാധനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്. തേങ്ങയായി, കുരുമുളകായി, ഇനി പുൽത്തൈലത്തിൽ അവർ കൈവെയ്ക്കും. പുൽത്തൈലത്തിന് കഴിഞ്ഞ നാലു കൊല്ലങ്ങൾക്കിടയിൽ നാല്പതു രൂപാ മുതൽ ൨ ൫ം രൂപാവരെ വില കൂടുകയും കുറയുകയും ചെയ്തിരുന്നു. എന്നാൽ ഇന്ന് ഈ സാധനത്തിനും വളരെ വളരെ വില ഇടിയുന്ന ലക്ഷണമാണ് കാണുന്നതു്. കാർഷികോല്പന്നങ്ങൾക്ക് പെട്ടെന്നു സംഭവിച്ചിരിക്കുന്ന ഈ മാന്ദ്യം കച്ചവടക്കാരെ വിഷമിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണ്. ഗവമ്മെണ്ടിന് ഈ അവസരത്തിൽ എന്തു് ചെയ്യാൻ കഴിയും എന്നാണ് നാം നോക്കേണ്ടതു്. സെൻട്രൽ ഗവമ്മെണ്ടിന്റെ തീരുമാനത്തെ അതായതു്, സെൻട്രൽ ഗവമ്മെണ്ടിന്റെ തീരുമാനം ഏതെങ്കിലും കാര്യത്തിൽ നമ്മെ ബാധിക്കുന്നുവോ ആ തീരുമാനത്തെ, മാററുന്നതിന് എന്തെല്ലാം ചെയ്യാമോ അതെല്ലാം ഈ ഗവമ്മെണ്ട് ചെയ്യേണ്ടതാണ്. ഈ ഐക്യസംസ്ഥാനഘടകത്തിന്റെ സാമ്പത്തികനിലയെപ്പററി സെൻട്രൽ ഗവമ്മെണ്ടിനെ ധരിപ്പിക്കേണ്ടതു് നമ്മുടെ ചുമതലയാണ്. ഈ കാര്യത്തിൽ വളരെ കാര്യമായി പ്രവർത്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കയാണ്. ഇപ്പോൾ സെൻട്രൽ ഗവമ്മെണ്ട് ചെയ്തിരിക്കുന്ന ഈ തീരുമാനത്തെ മാററുന്നതിനും മേലാൽ ഇതുമാതിരിയുള്ള കാര്യങ്ങളിൽ അതായതു് നമ്മുടെ സാമ്പത്തിക സ്ഥിതിയെ കാര്യമായി സ്പർശിക്കുന്ന കാര്യങ്ങളിൽ നമ്മോടു് ആലോചിക്കാതെ എന്തെങ്കിലും ചെയ്യാതിരിക്കുന്നതിനും നാം വേണ്ടതു പ്രവർത്തിക്കേണ്ടതാണ്. ഇത്രയും ഉൽബോധിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. തയ്യത്തു കുഞ്ഞിത്തൊമ്മൻ: ഞാൻ അടിയന്തിരപ്രമേയത്തെ ബലമായി പിൻതാങ്ങുന്നു. എനിക്ക് കുരുമുളക് ഇല്ല, നാളികേരവും ഇല്ല, എന്നാൽ എന്റെ ഭവനത്തിൽ ഇതുരണ്ടും ഉണ്ട്. എന്റെ രാജ്യമാകുന്ന ഭവനത്തിൽ ഇതുരണ്ടും ധാരാളമായി ഉണ്ട്. ആ ഭവനത്തിലെ എൺപത്തി ആറുലക്ഷത്തോളം അംഗങ്ങളും ഐശ്വര്യത്തോടുകൂടി കഴിയുന്നതും നമ്മുടെ മററു കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് ആവശ്യമുള്ള പണം കിട്ടുന്നതും നമ്മുടെ കാർഷികോല്പന്നങ്ങളുടെ കയററുമതിയിൽനിന്നാണ്. ഏകദേശം നാല്പതുകോടിയോളം രൂപയാണ് നമുക്കു കയററുമതിയിൽനിന്നും കിട്ടുന്നതെന്നു സർ. സി. പി. രാമസ്വാമി അയ്യർ ഒരു പ്രാവശ്യം ഒരു പ്രസ്സ് കാൺഫ്രൻസിൽ പ്രസ്താവിച്ചതായി എനിക്കറിവുണ്ട്. മുപ്പത്തി ആറുകോടിയോളം രൂപാ ഇറക്കുതിക്കു വേണ്ടിയിരിക്കുന്നു. എവിടെനിന്നാണ് ഈ നാല്പതുകോടി രൂപാ കിട്ടുന്നത്. ഇഞ്ചി, കുരുമുളക്, തേങ്ങ, ഏലം, റബ്ബർ, പുൽത്തൈലം ഇതുമാതിരിയുള്ള കാർഷികോല്പന്നങ്ങളിൽനിന്നാണ് അധികവും കിട്ടുന്നത്. ഏഴരകോടിയോളം രൂപാ മത്സ്യം ലോഹമൺ മുതലായവ കയററി അയയ്ക്കുന്നതിൽനിന്നും കിട്ടുന്നുണ്ട്. ബാക്കിയുള്ളവയെല്ലാം കാർഷികോല്പന്നങ്ങളിൽനിന്നുമാണ്. ഇതിൽനിന്നും വേണം എൺപത്തി ആറുലക്ഷം ജനങ്ങൾ ഉപജീവനം കഴിക്കേണ്ട്. നമ്മുടെ ആവശ്യത്തിന് മുമ്പിലത്തേക്കാൾ ചിലവ് വളരെ കൂടിയിട്ടുണ്ടെന്നുള്ളതിന് പുറമെ ജനസംഖ്യ വർദ്ധിക്കുന്തോറും ചെലവ് ഇനിയും കൂടാനാണ് എളുപ്പം. അങ്ങനെയിരിക്കെ നമുക്കു കിട്ടിക്കൊണ്ടിരിക്കുന്ന വരുമാനത്തിന് കുറവുവരുകയാണെങ്കിൽ നാം എത്രമാത്രം വിഷമിക്കും. ഇതു് ഒരാളിന്റെയൊ ഒരു പ്രദേശത്തിന്റെയൊ കാര്യമായി കണക്കാക്കരുത്. ഒരു കുളത്തിന്റെ ഒരു ഭാഗത്തുനിന്നും വെള്ളമെടുത്താൽ കുളത്തിൽ ആകപ്പാടെ താഴം എന്നല്ലാതെ ആ ഭാഗത്തുമാത്രം താഴമെന്നർത്ഥമില്ല. രാജ്യമാകുന്ന കുളത്തിന്റെ സാമ്പത്തിക ഉറപ്പുകൾ കാർഷികോല്പന്നങ്ങളാണ്. അതിന് എവിടെ എങ്കിലും തടസ്സമുണ്ടാകുകയാണെങ്കിൽ ആ കുളം മുഴുവൻ വററും മറെറാന്നു പറയുവാനുള്ളതു് പുകയില, പരുത്തി മുതലാവയ്ക്കും വില കൂടിയിട്ടുണ്ട്. അതിന് തക്കവണ്ണം അവർ അതിന് തീരുവ ഈടാക്കുന്നുമില്ല. അങ്ങനെയാണെങ്കിൽ ഞാൻ പറയുന്നതു് നമുക്ക് പ്രാവിൻസിൽ ചേരുക എന്നുള്ളതാണ് നല്ലതു് എന്നാണ്. പ്രാവിൻസിന് ഒരുവിധത്തിൽ യൂണിയന് മറെറാരുവിധത്തിൽ. ഇങ്ങനെ ആയാൽ നമുക്ക് യൂണിയൻ വേണ്ടാ പ്രാവിൻസുമതി. ഇതെല്ലാം ചോദിക്കാൻ നമ്മുടെ പ്രതിനിധികൾ ഇൻഡ്യൻ അസംബ്ളിയിൽ ഉണ്ടല്ലോ? അവർ ഈ കാര്യങ്ങളെല്ലാം ഇൻഡ്യാഗവർമ്മെണ്ടിനെ അറിയിക്കേണ്ടതല്ലേ? അവരെക്കൊണ്ടു് ഈ കാര്യം കഴിഞ്ഞില്ലെങ്കിൽ ആ വിവരവും നമ്മെ ധരിപ്പിക്കേണ്ടേ? നമ്മുടെ പ്രതിനിധികൾ എല്ലാവരുംതന്നെ നല്ലവണ്ണം പ്രസംഗിക്കാൻ അറിയാവുന്നവരാണെന്നാണ് എനിക്കു തോന്നുന്നതു്. ഇൻഡ്യാഗവർമ്മെണ്ടിന് നമുക്കുവേണ്ടി ഇതൊന്നും ചെയ്യുവാൻ കഴിഞ്ഞില്ലെങ്കിൽ നമുക്കു നല്ലതു് പ്രാവിൻസിൽ ചേരുകതന്നെ. അവിടെ പരിപ്പുണ്ട് പുകയില ഉണ്ട് പയർ ഉണ്ട് നിലക്കടലയുണ്ട്, കടലയുണ്ട് ഇതെല്ലാം ഉണ്ട്. നമുക്ക് വളരെ ഭൂമിയില്ല ഉള്ള ഭൂമിയിൽ ഉണ്ടാകുന്നതിന് വലിയ തീരുവ കൊടുക്കണം. എന്നാൽ വളരെ ഭൂമിയുള്ള പ്രാവിൻസുകാരുടെ പക്കൽനിന്നും തീരുവ ഈടാക്കുകയില്ല ഇതെല്ലാം നമുക്ക് വിഷമകരമാണ്. നാം ഈ കാര്യങ്ങൾ ശരിയായ തരത്തിൽ ഇൻഡ്യാഗവർമ്മെണ്ടിനെ അറിയിക്കണം. ഇൻഡ്യാഗവർമ്മെണ്ടിനെ അറിയിച്ചു് അവർ അതു് ചെയ്യില്ലെങ്കിൽ നാം പ്രാവിൻസിൽ ലയിച്ചാലും തരക്കേടില്ല. നമ്മുടെ ക്രോപ്പിന് വില കിട്ടണം അത്രേയുള്ളു. അതിലേക്കുവേണ്ടി വേണമെങ്കിൽ അടുത്ത പ്രവിശ്യയിൽ ലയിക്കാം. എങ്ങനെയായാലും നമുക്കു രക്ഷ കിട്ടണം. നമുക്കുള്ള ധനാഗമമാർഗ്ഗങ്ങൾ ഈ ഉല്പന്നങ്ങളാണ്. മററു ധാതുദ്രവ്യങ്ങളെല്ലാം സെൻട്രൽ ഗവർമ്മെണ്ടു് കൊണ്ടുപോകുന്നു. ഇതും നമുക്കു കിട്ടിയില്ലെങ്കിൽ നമ്മുടെ സ്ഥിതി വളരെ പരിതാപകരമായിരിക്കും. അതിന്റെ പരിഹാരത്തിന് വേണ്ടതു് ഗവർമ്മെണ്ടു് പ്രവർത്തിക്കണം.

ശ്രീ. അബ്ദുൾ മജീദ്: മലബാറിൽനിന്നും കയററി അയക്കുന്ന കുരുമുളകിന് തീരുവ കൊടുക്കേണ്ടതില്ലേ?

ശ്രീ. തയ്യത്തു കുഞ്ഞിത്തൊമ്മൻ: കൊടുക്കേണ്ടതുണ്ട്. അതുകൊണ്ടല്ല ഞാൻ മദ്രാസ് പ്രാവിൻസിൽ ലയിക്കാം എന്നു് പറഞ്ഞതു്. ആന്ധ്രക്കാർ പോയിക്കഴിഞ്ഞു പിന്നെ അയൽക്കാരായ മലബാറുകാരെ നമുക്ക് അറിയാം. അറിഞ്ഞുകൂടെങ്കിൽതന്നെ നമുക്കു അവരെ അറിയണം. വടക്കാണെങ്കിൽ കേരളത്തിന്റെ അടുത്തുകിടക്കുന്നതു് കർണ്ണാടകക്കാരാണ്. അവരുടെ ഭാഷ ഏറെക്കുറെ നമുക്ക് മനസ്സിലാകും. കർണ്ണാടകത്തിൽ.....

എന്നു പറഞ്ഞാൽ മരത്തിൽനിന്നു കാവിണ എന്നാണ്. ആന്ധ്ര ഭാഷയാണ് തിരെ അറിഞ്ഞുകൂടാത്തത്. പിന്നെയുള്ളത് തമിഴരാണ്. അവരുടെ ഭാഷയും നമുക്കറിയാം. അതുകൊണ്ട് അവരുമായി യോജിക്കേണ്ടിവന്നാൽ യോജിക്കണം. ഈ വിപത്ത് നമ്മുടെ മലബാർ സഹോദരന്മാരും അനുഭവിക്കുകയാണല്ലോ. അവരുടേയും കൂടി രക്ഷ നാം നോക്കണം. ആപത്തിൽനിന്നും രക്ഷ കിട്ടുന്നതിന്.....

ശ്രീ നാണ്: സർ, ഒരു പായിൻറ് ആഫ് ആർഡർ, ഒരു ചോദ്യത്തിന് ഉത്തരമായി ഇത്തരം ഒരു പ്രസംഗം ആകാമോ?

ശ്രീ. തയ്യിൽ കുഞ്ഞിത്തൊമ്മൻ: എന്റെ പ്രസംഗം തീർന്നിനുശേഷമല്ല ഞാൻ ഇരുന്നത്. അദ്ദേഹത്തിന് ചോദ്യം ചോദിക്കാനുണ്ടെങ്കിൽ ചോദിച്ചുകൊള്ളട്ടെ എന്നു പറഞ്ഞ് ഇരുന്നതാണ്. ആപത്തിൽനിന്നും രക്ഷ കിട്ടുന്നതിന് അടുത്ത പ്രവിശ്യയുമായി യോജിക്കേണ്ടിവന്നാൽ അതിനും നാം തയ്യാറാകണം. ഇത്രമാത്രമെ എനിക്ക് ഈ വിഷയത്തെപ്പററി പറയാനുള്ളൂ.

Sri. K. S. Joseph: Sir, I support this motion to enter my emphatic protest against what I should term the callous treatment by the Government of India of the Government of this country and its people. It is not the first occasion when the Government of India has interfered, without consulting the Government of the United State of Travancore and Cochin. Two days ago we discussed another resolution like this where the Government of India interfered with the economies of this country in the matter of copra, without consulting this Government. This is another instance where the people of this country have been very hard hit by measures adopted by the Government of India. Pepper which brought nearly Rs. 4,000 per candy now sells at Rs. 2,400, or if anything, a little less. It should not be forgotten in this connection that Travancore supplies for the Government of India dollars form 20 to 25 per cent of what the whole of India earns. In spite of that Government of India has not been courteous enough to the Government and people of this country, in ascertaining the wishes of the people before setting up a tax like this. What has been the result? The merchants who bought pepper at Rs. 4,000 finds it impossible to sell it after this taxation. So they joined together and as a result they pulled down the price from Rs. 4,000 to Rs. 2,400. Who suffers? Both this Government and the people of this country. One candy of pepper which costs Rs. 4,000 would have brought to the treasury of this Government a tax of nearly Rs. 100 and the peasant would have got Rs. 4,000 instead of Rs. 2,400. That is the situation. One would have thought that the Government of India should have shown the courtesy to consult this Government before this tax was introduced. But it seems that because they have the power to do it they did not show that courtesy. It should not be forgotten that when C. P., Nizam and Bhopal conspired to disrupt to India, we in this part of the country strained every nerve to consolidate the nationalist forces of India for its integration. I therefore support this motion to enter the emphatic protest of the Government and the people of this country against the policy of the Government of India and I hope that the Government would convey the sentiments of the people in the strongest terms to the Government of India.

ശ്രീ. ചെറിയാൻ കാപ്പൻ: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. കുരുമുളക് ഉല്പാദനത്തിൽ മുന്നണിയിൽ നില്ക്കുന്ന ഒരു സ്ഥലത്തുനിന്നും വരുന്ന ഒരു പ്രതിനിധി എന്ന നിലയിൽ എനിക്ക് ഈ പ്രമേയത്തെ പിൻതാങ്ങുന്നതിന് വളരെ സന്തോഷമുണ്ട്. കുരുമുളകിന്റെ വിലയുടെ 75 ശതമാനം എക്സ് പോർട്ട് ഡ്യൂട്ടി കൊടുക്കണമെന്നു ഇൻഡ്യഗവൺമെണ്ട് തീരുമാനിച്ചതായി അറിയുന്നു. അടുത്ത ദിവസം ഒരു പത്രത്തിൽ വായിക്കാൻ ഇടയായി ഈ മുപ്പതു ശതമാനം എന്നു പറയുന്നത് ഇപ്പോഴുള്ള കമ്പോളവിലയുടെ മുപ്പതു ശതമാനമല്ല താരിപ്പുവിലയുടെ മുപ്പതു ശതമാനമാണെന്ന്. അതുകൊണ്ട് അത് ഇന്നുള്ള കമ്പോളവിലയുടെ പതിനഞ്ചു ശതമാനമേ ആകുകയുള്ളുവെന്നും പത്രത്തിൽനിന്നും അറിയാൻ കഴിഞ്ഞു. അത് പരമാർത്ഥമാണെങ്കിൽ ആശ്വാസത്തിനു വകയുണ്ട്. എങ്കിലും അതുകൊണ്ട് തൃപ്തിപ്പെടാൻ നിവൃത്തിയില്ല. ഈ ഗവൺമെണ്ട് അടുത്തു തന്നെ ഒരു കാർഷികാദായനികുതി ബിൽ ഈ സഭയിൽ അവതരിപ്പിക്കാൻപോകുന്നുണ്ട്. ആ ബില്ലിന്റെ ആബ്ജക്റ്റസ് ആൻഡ് റീസൺസിൽ പറയുന്നത് ആദായനികുതി ഇനത്തിൽ വരുന്ന സംഖ്യ സെൻട്രൽ ഗവൺമെണ്ടിന് കൊടുക്കേണ്ടതുകൊണ്ട് ഈ ഗവൺമെണ്ടിന് സാമ്പത്തികമായ ഒരു വലിയ കുറവ് വരുന്നു എന്നും അത് നികത്താൻവേണ്ടിയാണ് കാർഷികാദായനികുതി ഈടാക്കുന്നതെന്നും അത് ഈ ഗവൺമെണ്ടിന്റെ ഒരു ആദായമാർഗ്ഗമാണെന്നും പറഞ്ഞുകാണുന്നു. പൊന്നറ ശ്രീധർ പറഞ്ഞതുപോലെ കുരുമുളകുകൃഷി ഒരു വൻ

[Sri. Cherian Kappan]

കിട വ്യവസായമോ കൃഷിയോ അല്ല. അതു് ചില്ലറക്കാരുടെ ഒരു കൃഷിയാണു്. പലക്കും കുരുമുളകു് എന്നു കേൾക്കുമ്പോൾ വലിയ സാമ്പന്നന്മാരുടെ ഒരു കൃഷിയാണെന്നു ഒരു തെററിദ്ധാരണയുണ്ടു്. സർ, അങ്ങയ്ക്കുതന്നെ നേരിട്ടു കണ്ടറിവുള്ള ഒരു സംഗതിയാണതു്. മി. ശ്രീധർ പറഞ്ഞ മറെറാരു സംഗതിയോടു് ഞാൻ യോജിക്കുന്നില്ല. അതും അങ്ങേക്കു് നേരിട്ടറിവുള്ള ഒരു സംഗതിയാണു്. അതായതു് കുരുമുളകുകൃഷിക്കു് വലിയ ചെലവൊന്നും ഇല്ലെന്നും അദ്ദേഹം പറയുകയുണ്ടായി. വലിയ തുകകൾ ചെലവുണ്ടെന്നു ഞാൻ പറയുന്നു. വലിയ മലകളിൽ കശാലകെട്ടി ഭൂമിയിലെ മണ്ണു് ഒലിച്ചുകോകാതെ സൂക്ഷിക്കണം.

ശ്രീ. പൊന്നറ ശ്രീധർ: നല്ല കൃഷിക്കാരുടെ കാര്യമാണു് അദ്ദേഹം പറയുന്നതു്. എന്നെപ്പോലെയുള്ളവരുടെ കാര്യമാണു് ഞാൻ പറയുന്നതു്.

ശ്രീ. ചെറിയാൻ കാപ്പൻ: ഞാൻ പറഞ്ഞതു് നല്ല കൃഷിക്കാരുടെ കാര്യം തന്നെയാണു്. അവർ ചില്ലറക്കാർ ആണെങ്കിലും ഭംഗിയായി കൃഷിചെയ്യുന്നവരാണു്. ഈയിടെ ഒരു ആറുകൊല്ലക്കാലത്തെ പരീക്ഷണത്തിൻെറ ഫലമായി ഇൻഡ്യൻ ഇൻസ്റ്റിററ്യൂട്ടു് ആഫ് അഗ്രികൾച്ചർ ലാൻഡു് എറോഷനെ തടയുന്നതിനു് ഇടകശാലയും പുറകശാലയുംവെച്ചു തട്ടുകളാക്കി സൂക്ഷിച്ചാൽ മതിയാകുമെന്നു ഒരു കണ്ടുപിടുത്തം നടത്തിയതായി പ്രസ്താവിക്കുകയുണ്ടായി. എന്നാൽ എൻെറ സ്ഥലത്തു് കഴിഞ്ഞ ൧,൫൦൦ വർഷമായി ഇങ്ങനെയുള്ള കശാലകൾവെച്ചു് കൃഷി നടത്തിവരുന്നുണ്ടു്. ഒരാളിനു് കശാലപ്പുറത്തുനിന്നാൽ തെങ്ങിൽനിന്നും തേങ്ങ പറിക്കത്തക്കവണ്ണമുള്ള കശാലകൾവെച്ചാണു കൃഷി നടത്തുന്നതു്. ഈ ചെലവെല്ലാം വഹിച്ചു് ന്യ കൊല്ലക്കാലം അതിനെ സംരക്ഷിക്കുമ്പോൾ മാത്രമാണു് ഒരു കൃഷിക്കാരനു് അതിൻെറ ആദായം എടുക്കാൻ കഴിയുന്നതു്. ആദായം എടുത്താൽ ഇന്നു ഗവമ്മെണ്ടു് എന്താണു് ചെയ്യുന്നതു്. യാതൊരു സഹായവും കർഷകനു് ചെയ്തുകൊടുക്കുന്നില്ല. അവിടെ ഉണ്ടാകുന്ന ഒരു കണ്ടി മുളകു് ആലപ്പുഴ എത്തുമ്പോൾ സെയിൽസ് ടാക്സു് ഇനത്തിൽ എത്ര രൂപയാണു് കൃഷിക്കാരൻ കൊടുക്കേണ്ടതെന്നാലോചിക്കണം. പല കൈമറിഞ്ഞതാണു് ആലപ്പുഴ എത്തുന്നതും, അവിടെനിന്നും കപ്പൽകയറി വെളിയിലേക്കു് പോകുന്നതും. അവരുടെ കയ്യിൽനിന്നെല്ലാം സെയിൽടാക്സു് ഈടാക്കിവരുന്നുണ്ടു്. അതേ അവസരത്തിൽ ഭൂനികുതി സെൻറിനു് കാൽ ചക്രമെന്നുള്ള രീതിയിൽ കൃഷിക്കാരൻ കൊടുക്കണം. അതുംപൊരാ അതിന്നപ്പുറം കാർഷികാദായനികുതി ഈടാക്കുന്നുണ്ടു്. ഇങ്ങനെ ഈ നികുതികളെല്ലാം കൊടുത്തിട്ടു് കൃഷിക്കാരനു് ബാക്കി എന്താണു് കിട്ടാൻപോകുന്നതു്? കഴിഞ്ഞകൊല്ലത്തെ വില എന്തായിരുന്നുവെന്നു ഒരു മാന്യസ്നേഹിതൻ ചോദിക്കുകയുണ്ടായി. ൫ ൧ രൂപായ്ക്കു് ഈ കുരുമുളകു് ആർക്കും വേണ്ടാതെ കിടന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. അന്നു കൃഷിക്കാരൻ വളരെ വിഷമിക്കുകയായിരുന്നു. ഈ രാജ്യത്തെ ഗവമ്മെണ്ടു് ഒരു ദുരിതനിവാരണ ബിൽ ഉണ്ടാക്കി കൃഷിക്കാരനെ സഹായിച്ചിട്ടുണ്ടു്. അനേക കൊല്ലങ്ങളിൽ ൫ ൧ രൂപ വിലയ്ക്കു ഒരു കണ്ടി കുരുമുളകു് എടുക്കാൻ ആളില്ലാത്തതുകൊണ്ടു് കുരുമുളകു് വെറുതെ ഈ രാജ്യത്തു ഇരുപ്പുണ്ടായിരുന്നു. അന്നു വളരെ കഷ്ടപ്പെട്ടു് കർഷകൻ ഈ കുരുമുളകുചെടിയെ പരിപാലിച്ചുപോന്നതുകൊണ്ടാണു് ഇന്നു് ആ നഷ്ടം തീർക്കത്തക്ക തരത്തിലുള്ള ഒരു വില കിട്ടുന്നതു്. തൻമൂലം ൩൦ ശതമാനം ഡ്യൂട്ടിയും സെയിൽസ് ടാക്സ്സും എല്ലാം ഈടാക്കുന്നതു് വലിയ കഷ്ടമാണു്. അതിനും പുറമെ കാർഷികാദായനികുതിയും ഭൂനികുതിയുംകൂടെ ഈടാക്കിയാൽ കൃഷിക്കാർ കൃഷി വേണ്ടെന്നുവെയ്ക്കുകയല്ലാതെ നമ്മുടെ കൃഷി ഒരടിപോലും മുന്നോട്ടു പോകുകയില്ല.

ശ്രീ. തയ്യിൽ കുഞ്ഞിത്തൊമ്മൻ: പറഞ്ഞതുപോലെ നാം ഉടുക്കുന്ന വസ്ത്രവും ഭക്ഷിക്കുന്ന ഭക്ഷണവും ഇങ്ങനെയുള്ള ഡാളർ കൃഷികളിൽനിന്നുവേണം ഉണ്ടാകാൻ. ആ പണം കൊണ്ടാണു് നമുക്കു് ആവശ്യമുള്ള എല്ലാ സാധനവും വാങ്ങുന്നതെന്നു നാം സ്മരിക്കണം. മുപ്പതു ശതമാനം ഡ്യൂട്ടി എന്നു കേട്ടപ്പോൾ ൪,൦൦൦ രൂപാ വിലവരുന്ന കുരുമുളകു് ൧,൫൦൦ രൂപായ്ക്കുപോലും വാങ്ങാൻ ആളില്ല. ഇതാണു് എക്സ്പോർട്ടു് ഡ്യൂട്ടി കൂട്ടിയതിൻെറ ഫലമായി ഉണ്ടായ അവസ്ഥ. ഗവമ്മെണ്ടു് പറഞ്ഞു മന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനെ ഡൽഹിയിൽ അയച്ചിട്ടുണ്ടെന്നു്. ഗവമ്മെണ്ടു് അതുകൊണ്ടു് സംതൃപ്തിയടഞ്ഞു് കൈയുംപൂട്ടി ഇരുന്നാൽ ശരിയാകുകയില്ല. ഗവമ്മെണ്ടിനു് ഭാരിച്ച ചുമതലയുണ്ടു്. കാർഷികാദായനികുതി ചുമത്തി പണം ഈടാക്കിയാൽ പോരാ. രാജ്യത്തിൻെറ രക്ഷയുടെ മുൻപിലാണു് ഗവമ്മെണ്ടു് ഇന്നു് നില്ക്കുന്നതു്. ഈ ഡ്യൂട്ടി കുറക്കുന്നതിനു് ഗവ

മ്മെണ്ടു് സെൻട്രൽ ഗവമ്മെണ്ടുമായി ആലോചിച്ചു് വേണ്ട നടപടികൾ എടുക്കുന്നതിനു് തയ്യാറാകണം. അതിനു് ഈ രാജ്യത്തെ എല്ലാ ജനങ്ങളുടേയും പിൻതുണ ഉണ്ടായിരിക്കുമെന്നു ഉള്ളതിനു് സംശയമില്ല.

ശ്രീ. സി. വി. ഇയ്യു: സർ, ഈ പ്രമേയത്തോടു് ഞാൻ പൂർണ്ണമായി അനുകൂലിക്കുന്നു. കുരുമുളകിനു ഇന്നു തിരുവിതാംകൂറിൽ ഉള്ളിടത്തോളം നികുതി കൊച്ചിയിലില്ല. തിരുവിതാംകൂറിലെ കുറെ മണൽപ്രദേശങ്ങളും കായൽ പ്രദേശങ്ങളും ഒഴിച്ചാൽ ബാക്കി എല്ലാ പ്രദേശങ്ങളിലും കുരുമുളകു് കൃഷിയുണ്ടു്. മാത്രമല്ല തിരുവിതാംകൂറിലെ മാതിരി കുരുമുളകു് കൃഷിചെയ്യുന്ന കൃഷിക്കാർ കൊച്ചിയിലുണ്ടോ എന്നും സംശയമാണു്. കൊച്ചിയിലുണ്ടാകുന്ന താണതരം കുരുമുളകിന്റെ വർഗ്ഗംപോലെ സാധാരണ ഇവിടങ്ങളിൽ കാണാറില്ല. പാലാ മുതലായ ഏതാനും ചില പ്രദേശങ്ങളിൽ വളരെ നല്ലവർഗ്ഗം കുരുമുളകാണു് കാണാറുള്ളതു്. അതുപോലെതന്നെ കൊച്ചിയിലും മലബാറിൽ തളിപ്പറമ്പു് മുതലായ സ്ഥലങ്ങളിൽ കുരുമുളകു് കൃഷികൊണ്ടു് കർഷകർക്കു് ഭീമമായസംഖ്യവരുമാനമുണ്ടാകുന്നുണ്ടു്. കൊച്ചിയിലെ മാത്രമല്ല കേരളത്തിൽ ആകമാനവും ഉള്ള ഒരു പൗരാണിക സ്വത്താണു് കുരുമുളകു്. വളരെക്കാലം മുമ്പു് മുതൽക്കേ പാലായിൽ കുരുമുളകു് കൃഷി ആരംഭിച്ചിട്ടുണ്ടു്. ക്രിസ്തു ജനിക്കുന്നതിനു രണ്ടുമൂവ്വായിരം കൊല്ലങ്ങൾക്കു് മുമ്പു് സോളമൻ പാലസ്റ്റയിനിൽ ചക്രവർത്തിയായിരിക്കുന്ന കാലത്തുപോലും കേരളത്തിലെ പ്രധാനകൃഷിയായിരുന്ന കുരുമുളകു് ഇവിടെനിന്നും കപ്പൽകയററി മദ്ധ്യധരണ്യാഴി തീരപ്രദേശങ്ങളായ യൂറോപ്പിലേക്കും മററും അയച്ചിട്ടുണ്ടു്. കോഴിക്കോട്ടിനടുത്തുള്ള ജേബപ്പൻ തുറമുഖത്തുകൂടിയാണു് ആക്കാലത്തു കപ്പലിൽ ചരക്കുകൾ കയററി അയച്ചുവന്നിരുന്നതു്. കൊച്ചിയിൽ മിക്കവാറും എല്ലാഭാഗത്തും കുരുമുളകു് കൃഷിയുണ്ടായിരുന്നു. കൊച്ചിയിലും മലബാറിലും ധാരാളമായി നടന്നിരുന്ന കുരുമുളകു് കൃഷി മുഴുവൻ—കേരളത്തിലെ ജനങ്ങൾ ബ്രി. ആധിപത്യത്തിൻ കീഴിൽ വരും മുമ്പു് ഹൈദരാലിയും ടിപ്പുവും കേരളം മൈസൂരിൽനിന്നു വന്നാക്രമിച്ചു അവസരത്തിൽ അവരുടെ പട്ടാളക്കാരെ അയച്ചു് കുരുമുളകു് വള്ളികളെല്ലാം മുറിപ്പിക്കുകയും ചവിട്ടി നശിപ്പിക്കുകയും ചെയ്തതായി ശ്രീ. കെ. പി. പത്മനാഭമേനോൻ എഴുതിയിട്ടുള്ള കേരള ചരിത്രത്തിൽ പറയുന്നുണ്ടു്. അന്നത്തെപ്പോലെ ഇന്നു നശിപ്പിക്കാൻ മുറിക്കുന്നില്ലെങ്കിലും അതിനു തുല്യമായ ഒരു വഴിയാണു് ഇന്നു കാണപ്പെടുന്നതെന്നാണു് ഞാൻ പറയുന്നതു്.

ഇന്നു് ഡ്യൂട്ടി വച്ചിട്ടു കൃഷിക്കാരെ നിരുൽസാഹപ്പെടുത്തി, അറിഞ്ഞോ അറിയാതെയോ കുരുമുളകു് കൃഷിയെ നശിപ്പിക്കുന്നുണ്ടു്. ഈ രീതിയിൽ പോകുന്നതു തീർച്ചയായും നന്നല്ല. ഇങ്ങനെ ൧ ൦ കൊല്ലം കഴിഞ്ഞാൽ വരാവുന്ന സ്ഥിതി എന്താണെന്നു ഇപ്പോൾ ഊഹിക്കാൻകൂടി വഹിയ. കുരുമുളകു് അമേരിക്കയിലേക്കോ യൂറോപ്പിലേക്കോ കയററി അയക്കുന്ന നമ്മുടെ മോണോപൊളിയാണു്. നമുക്കു് തനിച്ചു് ചെയ്യാവുന്നതും ഏററവും എളുപ്പത്തിൽ ചെയ്യാവുന്നതും, ധനാഗമമാർഗ്ഗമുള്ളതുമായ ഒന്നാണു് കുരുമുളകു് കൃഷി. ഈ സംഗതിയെ സംബന്ധിച്ചു് ഇവിടെനിന്നു പനമ്പള്ളിയെ ഡൽഹിയിലേക്കു് അയച്ചതുകൊണ്ടൊന്നും സമാധാനപ്പെടേണ്ടതില്ലെന്നു ശ്രീ. കാപ്പൻ പ്രസ്താവിക്കുകയുണ്ടായി. എനിക്കുതന്നെ ഇപ്പോൾ പത്തും പതിനഞ്ചും രൂപാക്കുള്ള കുരുമുളകേയുള്ളു. ശ്രീ. കാപ്പൻ തെക്കൻ പ്രദേശത്തുകാരനായതുകൊണ്ടു് അദ്ദേഹത്തിനു അത്ര കുറച്ചുമാത്രം ഉണ്ടായിരിക്കുകയില്ല. കുരുമുളകു് കൃഷികൊണ്ടു് വളരെ അധികം നഷ്ടങ്ങൾ സഹിക്കുന്ന ശ്രീ. കാപ്പനെപ്പോലെയുള്ള കൃഷിക്കാരുടെ കാര്യം ഇൻഡ്യാ ഗവമ്മെൻറിനെ അറിയിക്കുവാൻ വേണ്ടതക്ക വിധത്തിലുള്ള ഒരു നയം നമ്മുടെ ഗവമ്മെൻറു് സ്വീകരിക്കണം. നാളികേരം, റബ്ബർ, കുരുമുളകു് മുതലായ കൃഷികളെ സംബന്ധിച്ചിടത്തോളം ഇൻഡ്യാ ഗവമ്മെൻറു് ആലോചനാശൂന്യമായ പ്രവൃത്തി തുടങ്ങുന്നപക്ഷം ന്യായവും വ്യവസ്ഥാപിതവുമായ പ്രക്ഷോഭണങ്ങൾ കൂടാതെ ഇൻഡ്യാ ഗവമ്മെൻറു്—ഇന്നത്തെ കോൺഗ്രസ്—ഭരണത്തിൽനിന്നു് തന്നെ ഒഴിവാകേണ്ടതായിവരികയില്ലേ എന്നുകൂടി ഞാൻ ഭയപ്പെടുന്നു. അതുകൊണ്ടു് ഏററവും അടിയന്തിരകാര്യമായ ഈ പ്രമേയം പാസാക്കുവാൻ വേണ്ടിയുള്ള നിങ്ങളുടെ കഴിവും പരിശ്രമവും പ്രതീക്ഷിച്ചുകൊണ്ടു് ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ശ്രീ. കെ. പി. നീലകണ്ഠപിള്ള: സർ, ഈ പ്രമേയം ഇവിടെ പരിഗണനക്കെടുത്തപ്പോൾ ഈ ഡിപ്പാർട്ടുമെൻറിന്റെ പോർട്ടുഫോളിയോ വഹിക്കുന്ന മന്ത്രി ഇതിനെ പുരസ്കരിച്ചു് ചില വാഗ്ദാനങ്ങൾ ഇവ സഭമുമ്പാകെ ഗവമ്മെൻറു് വയ്ക്കുന്നുണ്ടെന്നു പറഞ്ഞു. ഇതിനുവേണ്ട നടപടികൾ എടുത്തിട്ടുണ്ടു്. എടുക്കുന്നുണ്ടു്. ഗവമ്മെൻറിന്റെ ആൾ ഡൽഹിയിലുണ്ടു്. കാര്യങ്ങളെല്ലാം ഭാഗിയായി നടക്കും. ആ സ്ഥിതിക്കു് ഇവിടെ ഇങ്ങിനെ

[Sri. K. P. Nilacanta Pillai]

ഒരു വാദപ്രതിവാദം നടത്തുന്നതുകൊണ്ടു് വലുതായ പ്രയോജനമൊന്നും ഉണ്ടാകയില്ലെന്നുള്ള മട്ടിൽ ഒരു സ്റ്റേറ്റുമെൻറ് തന്നിട്ടുണ്ടു്. തേങ്ങയെപ്പററി വാദപ്രതിവാദം ചെയ്യുമ്പോൾ നമ്മുടെ പ്രതിനിധി ഡൽഹിയിലുണ്ടെന്നുള്ളതു് ഈ സഭയിലുള്ളവർക്കു് ബോദ്ധ്യമില്ലെ, എന്നിട്ടു് എന്നൊരു സർട്ടിഫിക്കററ് കിട്ടി. ഇനി ഈ പ്രമേയംകൂടി അവിടെ പോയാൽ പിന്നെ എന്തു സർട്ടിഫിക്കററാണു് തരുവാൻ പോകുന്നതെന്നറിയുന്നില്ല. ഈ ഡിപ്പാർട്ടുമെൻറിൻെറ പോർട്ടുഫോളിയോ ഉള്ള ഒരു മന്ത്രി ഇവിടെ ഉണ്ടെങ്കിൽ, ഈ കുരുമുളകിൻെറ നികുതിയെ എതുത്തു ഗവമ്മെൻറ് ഓഫ് ഇൻഡ്യയുടെ മുമ്പാകെ അദ്ദേഹം എന്തെങ്കിലും നിവേദനം സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതെന്താണെന്നു അറിഞ്ഞാൽ കൊള്ളാമെന്നുള്ള ആഗ്രഹംകൊണ്ടുമാത്രമാണു് ഈ പ്രമേയത്തെ അനുകൂലിക്കണമെന്നു് ഞാൻ ആഗ്രഹിച്ചതു്. ഗവമ്മെൻറ് ഓഫ് ഇൻഡ്യയുടെ കാമേഴ്സ് മന്ത്രി നിയോഗി ഇങ്ങനെ പറഞ്ഞേക്കാം. അതായതു് ഞങ്ങൾ ഇതിനെപ്പററി ഗാഢമായി പര്യാലോചിച്ചു. ഈ കുരുമുളക് മലബാർകാർക്കു് മോണോപ്പളിയാണെങ്കിലും വേറെയും ചില സ്ഥലങ്ങളിൽ ഉണ്ടെങ്കിലും മിക്കവാറും മലബാറിനു് മോണോപ്പോളിയാണു്. ഇവിടെനിന്നു കുരുമുളക് വാങ്ങികൊണ്ടുപോയി ഫാറിൻമാർക്കററ്കളിൽ കച്ചവടക്കാർ നല്ല വ്യാപാരം നടത്തുന്നുണ്ടു്. അതുകൊണ്ടു് കുരുമുളകിൻെറ വിലയിൽ കാമ്പററററീവു (Competitive) ബേസിസിൽ വെളിയിൽ foreign മാർക്കററ് ഇല്ലെങ്കിൽ ഇൻഡ്യാ ഗവമ്മെൻറിനുതന്നെയും നഷ്ടമാണുണ്ടാവുക, എന്നു്. അങ്ങിനെയാണെങ്കിൽ, സർ, ഈ രാജ്യത്തു് യുദ്ധകാലത്തു് കരിഞ്ചന്ത വ്യാപാരവും മററും നടത്തി ധാരാളം ചൂഷണംചെയ്തുപണം ഇന്നു് ഒരോരുത്തരുടെയും കയ്യിൽ കൂട്ടിവച്ചിരിക്കുകയാണു്. ആ പണം വെളിയിലെടുക്കാതെയും സാധുക്കൾക്കു് ഉപയോഗത്തിനു കൊടുക്കുവാൻ മനസില്ലാതെയും കൂടുതൽ പണം കൊടുത്തു് സാധനങ്ങൾ വാങ്ങുന്ന വലിയ പ്രഭുക്കന്മാർ ഈ ഇൻഡ്യാ രാജ്യത്തിലുണ്ടു്. ന്യ ാ ാ രൂപാകൊടുത്തു വാങ്ങി ന. ാ ാ ാരൂപാക്കു കച്ചവടം ചെയ്യുന്നവരുമുണ്ടു്. അതു് എന്തിനെന്നു് നാം അവരോടു ചോദിച്ചാൽ ജീവിതസൗകര്യം ലഘൂപ്പെടുത്തുവാനും ഇൻഫേ്ളററഡ് കറൻസി ഇല്ലാതാക്കുവാനും മാർക്കററ് കണ്ട്രോൾ (Control) ചെയ്യുവാനും ആ മെത്തേഡ് അത്യാവശ്യമാണെന്നു അവർ പറയും. സർ, സാമാന്യജനങ്ങളുടെ ജീവിതത്തോടു് കൂട്ടണം. അത്തരത്തിൽ അവരുടെ ജീവിതത്തോടു ലഘൂകരിക്കണമെങ്കിൽ ജനങ്ങളുടെയിടയിലുള്ള മണി കറൻസിയെ ചുരുക്കി—ഒരു വാഴപ്പഴത്തിനു രണ്ടര ചക്രം വിലയുള്ളതു് ഇല്ലായ്മചെയ്തു ഒരു പൈസ കൊടുത്താൽ ഒരു വാഴപ്പഴം കിട്ടുമെന്ന നിലയിൽ ഏതു സാധനവും വാങ്ങുവാൻ കിട്ടണം. അതു് സാധിക്കാത്തതു് ജനങ്ങളുടെയിടയിൽ കൂടുതൽ പണം ഉള്ളതുകൊണ്ടാണു് ഞാനാതു കുററമായി പറയുന്നതല്ല. സങ്കടം കൊണ്ടാണു് പറയുന്നതു്. പലവിധത്തിലും ജീവിതം വിഷമകരമാണെന്നുള്ളതുകൊണ്ടു് പണത്തിൻെറ കുറവു ഇല്ലാതാക്കുവാൻ വേണ്ടി ഡ്യൂട്ടിയും താരിപ്പുംകൂടി ഇംപോസ് ചെയ്തിരിക്കുകയാണു്. സാമാന്യജനങ്ങളുടെ ജീവിതത്തോടു വർദ്ധിപ്പിക്കുന്നതിനു ംമണി ഇൻഫേ്ളഷനെ ഇല്ലാതാക്കുന്നതിനും മണി മാർക്കററിനെ കൺട്രോൾ ചെയ്യുന്നതിനും കാൺട്രാക്ടു് ചെയ്യുന്നതിനുംവേണ്ടി സാമാന്യജനങ്ങൾക്കാവശ്യമായിട്ടുള്ള സാധനങ്ങളുടെ വിലകുറക്കുവാൻ ചില നടപടികളെടുക്കുന്നു. അരിയുടെ വില കുറച്ചു, നെല്ലിൻെറ വില കുറച്ചു, മററുള്ള ചിലതിൻെറ വില കുറക്കുന്നു അങ്ങിനെയിങ്ങിനെ നടക്കുന്നു, ആ കൂട്ടത്തിൽ ഇങ്ങിനെ ഒരു നടപടി ഞങ്ങൾ എടുത്തതാണു് എന്നു് കാമേർസ് മെമ്പർ നിയോഗി പറയുന്നു എന്നു വയ്ക്കുക, ഗവമ്മെൻറ് ഓഫ് ഇൻഡ്യാ നിയമിച്ച എക്സ്പെർട്ടസ് ചേർന്നുണ്ടാക്കിയ റിപ്പോർട്ടിലെ താരിപ്പനുസരിച്ചാണു് ഡ്യൂട്ടി ചുമത്തിയതെന്നും പറയുന്നു.

ഏതായാലും ഈ മാതിരി കാര്യങ്ങളിൽ കച്ചവടം വർദ്ധിപ്പിക്കത്തക്ക സൗകര്യം വേണം. പണ്ടു് തിരുവിതാംകൂർ ഇപ്പോഴത്തെമാതിരി ഇൻഡ്യയുടെ ഒരു ഭാഗമായിരുന്നില്ല. സർ, ഇന്നലത്തെ കമ്പോളവിലയനുസരിച്ചു് കുരുമുളകിനു് ഇന്നു് പൌണ്ടിനു് ഇ രൂപാ വിലയായിട്ടുണ്ടു്. മഞ്ഞിൻെറ ശല്യം ബാധിച്ചു തുടങ്ങിയിട്ടുള്ള ഈ കാലത്തു് കുറെ നല്ലമുളകു് വേണമെന്നു തോന്നിയാൽ അതു് പൌണ്ടിനു ഇ രൂപാകൊടുത്തു വാങ്ങണമെന്നുള്ള നില വരുത്തണമോ ഇതിനെന്താണു നിങ്ങൾക്കു സമാധാനം പറയുവാനുള്ളതു്. ഇങ്ങനെയുള്ള വലിയ വിഷമമേറിയ പ്രശ്നങ്ങളുള്ള ഈ സംഗതിയെ സംബന്ധിച്ചു് ഗസററിൽ ഒരു നോട്ടിഫിക്കേഷൻ ഉണ്ടായിരുന്നു. ഇപ്പോൾ ഡൽഹിയിൽ പോയിരിക്കുന്ന ആൾക്കു് ഒരു ടെല്ലിഗ്രാമൊ മറേറാ അയച്ചു് ഇതിനെപ്പററി വല്ല നിവേദനവും ചെയ്തിട്ടുണ്ടോ, അ

തിനു എന്തു പരിഹാരമാർഗ്ഗമാണ് ഇൻഡ്യാ ഗവൺമെൻറ് നിർദ്ദേശിക്കുന്നതു് അല്ലെങ്കിൽ നിർദ്ദേശിക്കുവാൻ പോകുന്നതെന്നു അറിഞ്ഞു പറഞ്ഞാൽ പാവപ്പെട്ട കൃഷിക്കാരനു ഒരു സമാധാനം പറയുവാൻ കഴിയുമല്ലോ എന്നുള്ള ആശയോടുകൂടിയാണ് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നതു്.

ശ്രീ. എൻ. പി. വർഗ്ഗീസ്: സർ, ഈ അടിയന്തിര പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. എന്തുകൊണ്ടെന്നാൽ ഇതു നമ്മുടെ നാട്ടിലെ കൃഷിക്കാരെ സാരമായി സ്പർശിക്കുന്ന ഒരു സംഗതിയാണ്. കേരളത്തിൽ പുരാതന കാലംമുതൽ പ്രധാനമായി ഉല്പാദിപ്പിക്കപ്പെട്ടുവരുന്ന കുരുമുളകിന് എക്സ്പോർട്ട് ഡ്യൂട്ടി കൂടിയിരിക്കുന്നതുകൊണ്ടു് വടക്കൻ തിരുവിതാംകൂറിലും തെക്കൻ തിരുവിതാംകൂറിലും കൊച്ചി സംസ്ഥാനത്തും കൃഷിക്കാർക്ക് നേരിട്ടിരിക്കുന്ന വിഷമതകൾ എൻെറ പല സ്നേഹിതന്മാർ ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞു. അതിനുള്ള നിവാരണമാർഗ്ഗത്തെപ്പററിയാണ് നാം എല്ലാവരും ഇപ്പോൾ ആലോചിക്കേണ്ടതു്. കേന്ദ്രഗവൺമെൻറിൻെറ മുമ്പാകെ നമ്മുടെ ഈ വിഷമാവസ്ഥയെ ശരിയായി മനസ്സിലാക്കാൻ സാധിച്ചിട്ടില്ലെന്നും അഥവാ മനസ്സിലാക്കിയാലും പ്രേരണാശക്തി ചെലുത്തുവാനും അവരെക്കൊണ്ടു് വേണ്ടതു ചെയ്യിക്കാനും നാം എന്താണു ചെയ്യേണ്ടതു് എന്നുമാണ് നാം ആലോചിക്കേണ്ടതു്. കേന്ദ്രത്തിൽനിന്നും വളരെ ദൂരെ സ്ഥിതിചെയ്യുന്ന ചെറിയഘടകങ്ങളിൽ ഒന്നായിരിക്കുന്ന ഈ രാജ്യത്തിൻെറ ആവശ്യങ്ങൾ വേണ്ട വിധത്തിൽ കേന്ദ്രഗവൺമെൻറിനെ അറിയിക്കുന്നതിനും കേന്ദ്രഗവൺമെൻറിനെക്കൊണ്ടു് അതു ചെയ്യിക്കുന്നതിനും സാധിക്കാതെ പോകുന്നതു എന്തുകൊണ്ടാണ്. കേന്ദ്രഗവൺമെൻറ് ഈ മാതിരി ഈ സംസ്ഥാനത്തെ ബാധിക്കുന്നതായ നിയമങ്ങൾ ഉണ്ടാക്കുമ്പോൾ ഈ സംസ്ഥാനത്തോടുകൂടി ആലോചിക്കാതെ ചെയ്യുന്നതു എന്തുകൊണ്ടാണ്. കേന്ദ്രഗവൺമെൻറിനു് അതിനുള്ള എക്സിക്യൂട്ടീവ് അധികാരമുണ്ടെങ്കിൽതന്നെ ആ അധികാരം വിനിയോഗിക്കുകയാണെങ്കിൽ അതു സ്റ്റേററ്സിനേയോ പ്രവിശ്യകളേയോ അറിയിക്കാതെ പ്രവർത്തിക്കുന്നതു ഒരിക്കലും ന്യായമല്ല. അപ്രകാരം ചെയ്യാതിരിക്കുന്നതുകൊണ്ടു് അതിലേക്കു എന്താണ് വേണ്ടതു് എന്നു ഈ നിയമസഭയാണ് തീരുമാനിക്കേണ്ടതു്.

നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവനയിൽനിന്നും നാം ഇക്കാര്യത്തിൽ ഹെൽപ്പ്ലസ് എന്നുള്ള നിലയാണ് എന്നു മനസ്സിലാകേണ്ടിയിരിക്കുന്നു. ആ ഹെൽപ്പ്ലസ് എന്നുള്ള നിലയെ നേരിടേണ്ടതു് ഈ സഭയുടെ ചുമതലയാണ്. ഈ മാതിരി നിയമങ്ങൾ എല്ലാം കൊപ്രായെ സംബന്ധിച്ചുണ്ടായി. അതിനു് നാം ഒരു അടിയന്തിരപ്രമേയം പാസാക്കുകയും അതിൻെറ ഫലം എന്താണ് എന്നു കാത്തിരിക്കുകയും ചെയ്യുന്നു. അതുപോലെതന്നെ പല ഉല്പന്നങ്ങളുടേയും വിലക്കുറവിനെപ്പററിയും കുറക്കുന്നതിനെപ്പററിയും പ്രാവിൻസുകളോടോ സ്റ്റേററുകളോടോ ആലോചിക്കുന്നില്ല. ൧൯൪ ൦ മുതൽ അഞ്ചു് ആറു കൊല്ലം കുരുമുളകിനു വിലയില്ലാതിരുന്നു. അതിനുശേഷം കുരുമുളകിനു വില ധാരാളമായി വർദ്ധിച്ചതുകൊണ്ടു് കൃഷിക്കാർ പല സ്ഥലത്തും കൃഷി തുടങ്ങിയ സമയമാണ് ഇപ്പോൾ. എന്നാൽ ഇപ്പോൾ ഉണ്ടാക്കിയിരിക്കുന്ന എക്സ്പോർട്ട് ഡ്യൂട്ടിമൂലം കുരുമുളകിൻെറ കൃഷി കുറഞ്ഞുപോകുന്നതാണ്.

ഇവിടെ ധനാഗമമാർഗ്ഗങ്ങളെപ്പററി ആലോചിക്കുമ്പോൾ അതിപ്രധാനമായ ഒരു വിഷമഘട്ടത്തിലേക്ക് നയിക്കുന്ന ഒരു കാര്യമാണ് ഇതു്. അതുകൊണ്ടു നമ്മുടെ ഗവൺമെൻറിൽനിന്നും ഈ സംഗതികളെപ്പററി വേണ്ടവിധം പഠിക്കുന്നതിനും ഇൻഡ്യാ ഗവൺമെൻറിൻെറ മുമ്പാകെ നിവേദനം നടത്തുന്നതിനും ഏതാനും വ്യക്തികളെ തെരഞ്ഞെടുത്തു അയക്കുകയും അതുപോലെതന്നെ നമ്മുടെ ഉൽപ്പന്നങ്ങൾക്കു് അന്യരാജ്യങ്ങളിൽ മാർക്കററ് കണ്ടുപിടിക്കുന്നതിനും സ്ഥിരമായി ഒരു ട്രേഡ്കമ്മീഷണരേയോ ട്രേഡ് ഏജൻസികളെയോ സൃഷ്ടിക്കുകയും ചെയ്യേണ്ടതാവശ്യമാണ്. ഈ കാര്യങ്ങൾ ശരിയായി നിർവ്വഹിച്ചുപോരുന്നതിനു ഒരു ഡിപ്പാർട്ട്മെൻറ് തന്നെ സ്ഥാപിക്കുകയും ചെയ്യേണമെന്നാണ് എൻെറ അഭിപ്രായം. കുരുമുളകിനെപ്പററി ഇപ്പോൾ നിവേദനം നടത്തുന്നതിനും അതുപോലെ തന്നെ മററുൽപ്പന്നങ്ങളുടേയും വില ഇടിവിനെപ്പററിയും ഉള്ള കാരണങ്ങൾ ശരിക്കു മനസ്സിലാക്കി അതിനുള്ള നിവാരണമാർഗ്ഗങ്ങൾ അപ്പോഴപ്പോൾ ഉണ്ടാക്കുന്നതിനും ഡൽഹിയിലും യൂറോപ്പിലും നമുക്ക് ട്രേഡ് ഏജൻസികളെ നിയമിക്കേണ്ടതാണ്. അങ്ങനെ ഇവിടത്തെ ഉൽപ്പന്നങ്ങൾക്കു് മാർക്കററ് കണ്ടുപിടിക്കുന്നതിനു ഏർപ്പാടു ചെയ്യേണ്ടതു് ഏററവും അത്യാവശ്യമായ ഒരു സംഗതിയാണ്. അതിനാൽ ഗവൺമെൻറിൽനിന്നും അതിനായിട്ടുള്ള നടപടി

[Sir. N. P. Verghese]

ഉടൻതന്നെ എടുക്കണമെന്നുപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ അടിയന്തിരപ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു.

ஸ்ரீ. ஆர் கெ. ராம்: ஸர், ஸ்ரீமான் ஸ்ரீதர் சொன்னபடி கிருஷியின் கணக்கைப் பார்த்தால், ஒரு ஏக்கர் பயிரிடுவதற்கு 15 ருபாய் செலவாகும் என்றும், அதிலிருந்து அரைக்கண்டி மிளகு கிடைக்கும் என்றும் சொல்கிறார்கள். தற்போது அரை கண்டி மிளகுக்கு 700 ரூ. விலை. 10 அல்லது 15 ரூ. கிருஷிச் செலவு செய்து 700, 750 ருபாய் கிடைக்குமானால் மிளகுக் கிருஷியைப் போன்ற லாபமான கிருஷி வேறொன்றும் இருக்கமுடியாது. இவ்வளவு குறைந்த செலவில் அதிக லாபம்கிடைக்கும் மிளகு திருவிதாங்கூர் கொச்சி யூனியனில் விளைகிறது என்ற காரணத்தால் அகில இந்தியாவிலிருந்து யூனியனைப் பிரித்து விடவேண்டும் என்று நினைப்பது நன்றல்ல. யூனியனுக்கும் பல பொருள்கள் இந்தியாவின் மற்ற பாகங்களிலிருந்து வரவேண்டியிருக்கிறது. அதைப்போன்று இங்கு விளைகின்ற பொருள்களும் மற்ற இடங்களுக்குச் செல்லவேண்டும். இதை ஒரு அகில இந்தியப் பிரச்னையாக எடுக்க வேண்டும். அங்ஙனம் பார்க்குங்கால் இப்பொழுது சுமத்தப்பட்டிருக்கும் 30 per-cent duty நமக்கு நன்மையைத்தான் விளைவிக்கும். மிளகு பெரும்பாலும் அமெரிக்காவுக்குத்தான் ஏற்றுமதி செய்யப்படுகிறது. Export duty இருக்கிற காரணத்தால் அமெரிக்காவிலிருந்து வருகின்ற duty தொகை நமக்கு டாலராக கிடைக்கும். அதனால் நமக்கு டாலர் கிடைக்கும். அதனால் நமக்கு டாலர் சேமிக்கலாம்.

இவ்வளவு பிடிவாதமாக இருக்கின்ற நண்பர்கள் மற்ற பயிர்களையும் சற்று உற்று நோக்கவேண்டும். நெற்பயிர் செய்கின்ற ஏழை விவசாயிகள் சுமார் 60 ரூபாய்க்கு மேல் நஷ்டப்பட்டுக்கொண்டே இருக்கின்றார்கள்.

ஸ்ரீ. ஸ்ரீதர்: கூடுதல் டாலர் கிடைக்கும் என்று சொல்வது மனதிலாகவில்லை

ஸ்ரீ. ஆர். கெ. ராம்: நெற்கிருஷிக்குச் செலவாகும் தொகையையும், அதிலிருந்து அவர்களுக்குக் கிடைக்கும் வருமானத்தையும் ஒப்பிட்டுப் பார்த்தால் நஷ்டத்தில்தான் முடிகிறது. இப்படி நஷ்டப்பட்டு பயிரேற்றிவரும் நெற்பயிரேற்றும் இந்த தொழிலாளர்களுக்கு சர்க்கார் என்ன உதவி செய்கிறது? உதவி செய்ய வேண்டுமென்ற கவலையே இல்லை. குருமிளகு இல்லாமல் ஒரு மனிதனுக்கு வாழ முடியும். நெல் இல்லாமல் ஒருவனுக்கு வாழவே முடியாது. அப்படி இன்றியமையாத உணவுபொருளாகிய நெல்லிலிருந்து வரும் வருமானம் மிகக் குறைவு. மேலும் நெல் விலை குறைக்கப்படுகிறதே யொழிய பயிர் செலவுக்கு தகுந்தாற்போல் கூட்டிக் கொடுப்பதாகக் காணப்படவில்லை.

ஸ்ரீ. தாணுலிங்க நாடார்: குட்டநாடு கிருஷிகர்களுக்கு மூன்று லக்ஷம் ரூபாய் ஒதுக்கப்பட்டிருப்பது மெம்பருக்கு தெரியுமா?

ஸ்ரீ. ஆர். கெ. ராம்: ஆம். குட்டநாடு கிருஷிக்கு ஒதுக்கப்பட்டிருக்கிறது. ஆனால் தமிழ்நாடு நெற்கிருஷிக்கு இவ்வரசாங்கம் அப்பிரகாரம் திட்டமேசெய்ததாகக் கிடையாது. ஒரே யூனியனில் வாழும் மக்களுக்கு ஒரு யினத்திற்கு ஒரு நீதியும் வேறு இனத்திற்கு மற்றொரு நீதியும் வழங்கப்பட்டுவரும் நிலைமை வேறு. இந்த யூனியன் கவர்ன்மென்று தகர்ந்துவிடும் என்று ஸ்ரீ. குஞ்சுத்தொம்மன் சொன்னார். இந்த யூனியன் கவர்ண்மென்று தகர்ந்து போனால் தான் மக்களுக்கு வாழ முடியும். இந்த யூனியன் தகர்ந்து திருவிதாங்கூர் தமிழ்நாடு மதறாஸ் மாகாணத்துடனும், மற்ற பாகங்கள் அவைகள் சேரவேண்டிய இடங்களிலும் சேர்ந்தால தான் மக்கள் நலம் பெற்று வாழ முடியும். தமிழனுக்கு ஒரு நியாயம், மலையாளிக்கு ஒரு நியாயம் என்பது குறையும். குட்டநாடு கிருஷிகர்களுக்கு ஒரு நியாயம், தமிழ்நாடு கிருஷிகர்களுக்கு ஒரு நியாயம் என்ற பாகுபாடு ஒழியவேண்டுமானால் தமிழர்கள் இந்த ஆட்சியிலிருந்து விடுபடவேண்டும். எந்த அடிப்படையில் லாபம் கிடைக்கவேண்டுமென்று நீங்கள் சொல்கிறீர்களோ, அதே போல ஏழை நெற்கிருஷிகர்களுக்கு அவர்களது உழைப்புக்குத் தகுந்த விலை கொடுக்க வேண்டுமென்று சொல்லிக்கொள்கிறேன். மலையாளி வேறு, தமிழன் வேறு என்று பாகுபாடில்லாமல் நீங்

கள் மத்திய அசெம்பளியில் போராட இங்கே இருக்கிற மந்திரிகளில் சிலரை அனுப்பக் கேட்டுக்கொள்கிறேன். ஸ்ரீ பனம்பள்ளியைப் போலுள்ளவர்களை அனுப்பினால் அவர்கள் தமிழனுக்கு ஒன்றும் செய்யமாட்டார்கள் என்று நன்கு தெரியும். வருகிற தேர்தலில் உண்மை வெளிவரும். இங்கே யிருக்கிற majority கட்சி எங்களைத் தேர்ந்தெடுத்து அனுப்பாது என்பது எங்களுக்கு நன்றாகத் தெரியும். அதனால் எங்களது காரியங்களை எடுத்துச்சொல்ல நாங்கள் இந்தியன் யூனியனில் சேர்ந்தால் தான் முடியும். இனிமேலாவது இனவேற்றுமையில்லாமல் கிருஷித் தொழிலாளிகளுக்கு வேண்டியது செய்வீர்களென்று நம்பிக்கொண்டு இந்த அவசரப் பிரேரணையை அனுகூலிக்கிறேன்.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : ഈ അടിയന്തിരപ്രമേയത്തോട് അനുകൂലിക്കുന്നതോടൊപ്പം ഒന്നുരണ്ടു സംഗതികൾ ഞാൻ പറയാൻ ഒരുങ്ങുകയാണ്. ഈ പ്രശ്നം നമ്മുടെ അന്തസ്സിനെ ഇൻഡ്യാഗവമ്മെണ്ട് സാരമായി ഹതപ്പെടുത്തി എന്നുള്ള ഒരു പ്രധാന സംഗതിയാണ്. അതുകൊണ്ടാണ് ഞാൻ ഇൻഡ്യാഗവമ്മെണ്ടിന്റെ പ്രവൃത്തിയോടു പ്രതിഷേധിച്ചുകൊണ്ട് അതോടുകൂടിതന്നെ ഈ അടിയന്തിരപ്രമേയത്തെ അനുകൂലിക്കുന്നതും. ഈ കാര്യം ഇവിടത്തെ കർഷകരെ ഗുരുതരമായി ബാധിക്കുന്ന ഒന്നാണ്. ഈമാതിരി കാര്യങ്ങൾ ഈ ഗവമ്മെണ്ടിനോടുകൂടി ആലോചിക്കാതെ ചെയ്യുതിനെ പ്രതിഷേധിക്കാതിരിക്കുവാൻ നിവൃത്തിയില്ല. ഇവിടെ മലബാറിലും തിരുവിതാംകൂർ കൊച്ചി ഐക്യനാട്ടിലും ഉണ്ടാകുന്ന ഈ പ്രധാനവിളവ് ഒരു മോണോപ്പളി എന്ന സ്ഥാനംതന്നെ കൈവശപ്പെടുത്തിട്ടുണ്ടെന്നാണ് എനിക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഈസ്റ്റിൻഡീസിലും ഈ മുളകു ധാരാളം ഉണ്ട്. എന്നാൽ നമ്മെ മത്സരിച്ചുതോല്പിക്കത്തക്ക വിളവ് അവിടെയില്ല.

ഈ കുരുമുളക് അമേരിക്കൻമാർക്കററിലാണ് അധികവും ചിലവാകുന്നത്. അങ്ങിനെയിരിക്കുമ്പോൾ ഈ വില വരുന്നതു അമേരിക്കയും ഇൻഡ്യയും തമ്മിലുള്ള വ്യാപാരം വളരെ ബന്ധിക്കപ്പെട്ടിരിക്കുന്നു എന്നു കാണാം. ഡാളറിന്റെ വില വർദ്ധിപ്പിച്ചതോടുകൂടിയാണ് അതിനു വില വർദ്ധിക്കുവാൻ ഇടയായതു്എന്നവസ്തുത നമുക്കറിയാവുന്നതാണ്.

ഇന്നലെ ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള പ്രസ്താവിച്ചതുപോലെ കച്ചവടക്കാർതമ്മിലുള്ള മത്സരവും വില കൂടുന്നതിന് കാരണമാകും. അതുപോലെതന്നെ നാണയപ്പെരുപ്പം ഉള്ളതുകൊണ്ട് വലിയ കച്ചവടക്കാർ വിചാരിച്ചാൽ ഇതുപോലുള്ള ചരക്കുകളുടെ വില വർദ്ധിപ്പിക്കാനും കുറക്കാനും സാധിക്കുമെന്ന് സാമ്പത്തികശാസ്ത്രജ്ഞന്മാരിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങിനെ കച്ചവടക്കാരുടെ മാനിപ്പുലേഷൻകൊണ്ടും ചരക്കുകളുടെ വില വർദ്ധിച്ചുവരാം. അതു എന്തുവിധത്തിൽ ആയാലും വിലക്കൂടുതലിൽനിന്നും ഇൻഡ്യാഗവമ്മെണ്ട് മുതലെടുക്കാൻ തീരുമാനിച്ചു എന്നുള്ളതു് പ്രത്യക്ഷമാണ്. അതു പ്രതിഷേധാർഹവുമാണ്. വില വർദ്ധിച്ചപ്പോൾ ആ വർദ്ധനവു മുഴുവൻ ഡ്യൂട്ടി ചുമത്തി ഗവമ്മെണ്ടിലേക്ക് ഈടാക്കാമെന്നാണ് ഗവമ്മെണ്ട് വിചാരിച്ചതു്. അതുകൊണ്ടാണ് ഡ്യൂട്ടി ൩൦ ശതമാനം എന്ന് നിശ്ചയിച്ചിരിക്കുന്നതു്. ഡാളറിനു ൩൦ ശതമാനം വില കൂട്ടിയതിനെ തുടർന്നുണ്ടായ ൩൦ ശതമാനം വില കൂടുതൽ കർഷകക്ക് കിട്ടാതെ ഗവമ്മെണ്ടിനുതന്നെ കിട്ടണമെന്ന ഉദ്ദേശത്തോടെയാണ് ഈ ൩൦ ശതമാനം ഡ്യൂട്ടി നിശ്ചയിച്ചിട്ടുള്ളതു് എന്ന് സ്പഷ്ടമാണ്. അങ്ങിനെ ഡ്യൂട്ടി ചുമത്താതിരുന്നാൽ അതു നാണയപ്പെരുപ്പത്തിന് സഹായകമാകുമെന്നാണ് ഇൻഡ്യാഗവമ്മെണ്ടു പറയുന്ന ന്യായമെന്നും എനിക്കറിയാം. അതൊക്കെവെച്ച്നോക്കിയാൽ ഇൻഡ്യാഗവമ്മെണ്ടു എടുത്തിട്ടുള്ള നില ഒരു പക്ഷേ സാധൂകരിക്കാമായിരിക്കാം. എങ്കിലും ഇവിടത്തെ കൃഷിക്കാരെ സാരമായി സ്പർശിക്കുന്ന ഈമാതിരി പ്രശ്നങ്ങളിൽ ഒരു തീരുമാനമെടുക്കുമ്പോൾ ഈ ഗവമ്മെണ്ടിനോടു ആലോചിക്കുകപോലും ചെയ്യാതിരിക്കുന്നതു് നിശ്ചയമായും പ്രതിഷേധാർഹമാണ്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞതുപോലെ ഈ പ്രശ്നം ഉപഭോക്താക്കളുടെ വീക്ഷണകോണത്തിൽ നിന്നുകൊണ്ടു് മാത്രമല്ല, ഉല്പാദകരുടെ വീക്ഷണകോണത്തിൽനിന്നുകൊണ്ടും ചിന്തിക്കേണ്ടതാണ്. തിരുവിതാംകൂറിലാണെങ്കിൽ മിക്കവാറും എല്ലാ കൃഷിക്കാർക്കും മുളകുകൊടിയുണ്ട്. അതുകൊണ്ട് തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഇതു കൃഷിക്കാർക്ക് വലിയ ഒരു ഇടിവ്താണ്. കുരുമുളക് ആഹാരസാധനങ്ങളിൽ ചേർത്തും മററും ഇവിടത്തെ ആളുകളും ഉപയോഗിക്കുന്നുണ്ട്. അവരെസംബന്ധിച്ചിടത്തോളം ഈ എക്സ്പോർട്ടു ഡ്യൂട്ടി ഗുണമാണോ ദോഷമാണോ എന്നു നിശ്ചയമില്ല. അക്കാര്യങ്ങൾ എങ്ങിനെയെല്ലാമിരുന്നാലും ഈമാതിരി കാര്യങ്ങളിൽ ഈ ഗവമ്മെണ്ടുമായി ആലോചി

[Sri. K. K. Chellappan Pillai]

ക്കാതെ ഇൻഡ്യാഗവമ്മെണ്ടു തീരുമാനമെടുക്കുന്നതിനെ നാം ശക്തിയായി പ്രതിഷേധിക്കേണ്ടതാണെന്നു പറഞ്ഞുകൊണ്ടു് അവസാനിപ്പിച്ചുകൊള്ളുന്നു.

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : സർ, രണ്ടു ദിവസം മുമ്പു് നാളികേരത്തെ സംബന്ധിച്ചു് ഒരു അടിയന്തരപ്രമേയം ഈ സഭയിൽ ചർച്ചക്കു് വിഷയമായി. ആ അടിയന്തിരപ്രമേയം സർവ്വസമ്മതമായി അംഗീകരിക്കപ്പെടുകയാണു് ചെയ്തതു്. ഇന്നു അതുപോലെ തന്നെ അതിപ്രധാനമായ മറെറാരു പ്രശ്നത്തെക്കുറിച്ചു് ഒരു അടിയന്തിരപ്രമേയം ചർച്ചക്കു് വിഷയമായിരിക്കയാണു്. ഇവിടെ നടന്ന വാദപ്രതിവാദങ്ങളെസംബന്ധിച്ചിടത്തോളം വളരെ കൂടുതലായി ഗവമ്മെണ്ടുഭാഗത്തുനിന്നും ഒന്നും പറയാനില്ലെങ്കിലും ഒന്നുരണ്ടു് സംഗതികൾ പ്രസ്താവിക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നു.

കുരുമുളകിന്റെ താരിപ്പുവിലയനുസരിച്ചുള്ള ൫൦ ശതമാനം ടാക്സ് കൂട്ടി എന്നറിഞ്ഞ മാത്രയിൽതന്നെ കുരുമുളകുവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന കച്ചവടക്കാരുടെ നിവേദനങ്ങൾ കമ്പിമൂലം ഗവമ്മെണ്ടിനു ലഭിച്ചു. അതിൽ പറഞ്ഞിരുന്ന കാര്യങ്ങളെ ആസ്പദമാക്കി ആവശ്യമായ സൌകര്യങ്ങൾ അല്ലെങ്കിൽ സൌജന്യങ്ങൾ നിശ്ചയമായും ചെയ്തുകൊടുക്കണമെന്നു് ഉടൻതന്നെ ഈ ഗവമ്മെണ്ടു് ഇൻഡ്യാഗവമ്മെണ്ടിനോടു് അപേക്ഷിക്കുകയും അക്കാര്യത്തിൽ തുടർന്നു ഇൻഡ്യാഗവമ്മെണ്ടുമായി സമ്പർക്കത്തിലേർപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്തു. ആ വിവരമാണു് ഇന്നുകാലത്തു ഞാൻ സഭയിൽ പ്രസ്താവിച്ചതു്. അതിനെതുടർന്നു വിവിധകച്ചവടക്കാരുടെ ഒരു പ്രതിനിധിസംഘം ഗവമ്മെണ്ടിനെ സമീപിച്ചു് നിവേദനം നടത്തുന്നതിനും ചർച്ച ചെയ്യുന്നതിനും സമയം ആവശ്യപ്പെട്ടിട്ടുണ്ടു്. സമയം അനുവദിച്ചിട്ടുമുണ്ടു്. ഇതിനെസംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങളെല്ലാം ആ സമയത്തു ചർച്ചചെയ്യുന്നതിനും അതിൽനിന്നുണ്ടാകുന്ന തീരുമാനങ്ങളെ അടിസ്ഥാനമാക്കി വീണ്ടും ഇൻഡ്യാഗവമ്മെണ്ടിനോടു നിവേദനം നടത്തുന്നതിനും ഗവമ്മെണ്ടു ഉദ്ദേശിക്കുന്നുണ്ടു്. കാര്യങ്ങൾ ഇങ്ങനെയിരിക്കുമ്പോഴാണു് നാളികേരത്തെസംബന്ധിച്ചു് നിവേദനം നടത്തുന്നതിനായി ഈ ഗവമ്മെണ്ടിന്റെ ഒരു പ്രതിനിധി ഡൽഹിയിൽ പോയതും ഇൻഡ്യാഗവമ്മെണ്ടുമായി സംഭാഷണത്തിലേർപ്പെട്ടുകൊണ്ടിരിക്കുന്നതും. നാളികേരത്തെസംബന്ധിച്ചു് നിവേദനം നടത്തുന്നതിനോടൊപ്പം കുരുമുളകിന്റെ സംഗതിയും നിവേദനം ചെയ്യുന്നതാണു്. ഇത്രയുമാണു് ഇതുസംബന്ധിച്ചു് ഗവമ്മെണ്ടിൽനിന്നും എടുത്തിട്ടുള്ള നടപടികൾ.

ഇന്നു ഇവിടെ പല കാര്യങ്ങളും പറയപ്പെട്ടു. എന്റെ നാട്ടുകാരനും എന്റെ ബഹുമാന്യസ്നേഹിതനുമായ ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള അവർകൾ അദ്ദേഹം സാധാരണ ചെയ്യാറുള്ള മാതിരി വളരെ ഉദ്വേഗപൂർവ്വം ഇന്നും പ്രസംഗിച്ചു. ഉദ്വേഗം മററു പ്രാസംഗികന്മാർക്കും കുറവല്ലായിരുന്നു എന്നെനിക്കറിയാം. അദ്ദേഹം ശ്രീ. നിയോഗിയുടെ സാങ്കല്പികമായ വാദങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടു് അതിനു ഞാൻ എന്തു മറുപടി പറയാൻ പോകുന്നു എന്നു ചോദിക്കുകയുണ്ടായി. സാങ്കല്പികമായ വാദങ്ങളെ അടസ്ഥാനമാക്കി ഒരു മറുപടി പറയണമെന്നു് അദ്ദേഹത്തിനു തോന്നിയാലും എനിക്കു് തോന്നുന്നില്ല. ഇക്കാര്യത്തിൽ ഇൻഡ്യാഗവമ്മെണ്ടിനു വേണ്ടി വക്കാലത്തു പിടിച്ചു് വാദിക്കണമെന്നും എനിക്കാഗ്രഹമില്ല. എന്നാൽ ചില വസ്തുതകൾ സഭ മുമ്പാകെ വയ്ക്കണമെന്നു് എനിക്കാഗ്രഹമുണ്ടു്. ഇവിടെ പ്രസംഗിച്ച പല സ്നേഹിതന്മാരും കഴിഞ്ഞ തവണ ഇവിടെ നിന്നും ഒരു അടിയന്തിരപ്രമേയം പാസ്സാക്കിഅയച്ചുവെന്നും അതു വളരെ ബുദ്ധിശൂന്യമായിപ്പോയി എന്നു് ശ്രീ. നിയോഗി പറഞ്ഞുവെന്നും പറയുകയുണ്ടായി. ഈ അവസരത്തിൽ അദ്ദേഹം അതിനെതുടർന്നു് ചെയ്ത ചില പ്രസംഗങ്ങളിലേക്കു് ഈ സഭയുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. ഇൻഡ്യക്കകത്തുള്ള നാളികേരോല്പാദനം ഇൻഡ്യയുടെ ആവശ്യത്തിൽ രണ്ടുലക്ഷം ടൺ കമ്മിയാണെന്നും അതിൽ ൪, ൦ ൦ ൦ ടൺ മാത്രമേ ഇറക്കുമതി ചെയ്യുന്നതിനു് സിലോൺഗവമ്മെണ്ടുമായി ഏർപ്പാടു ചെയ്തിട്ടുള്ളുവെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ടു്. ഒരു ബഹുമാനപ്പെട്ട മെമ്പർ ചോദിക്കുകയുണ്ടായി നാളികേരത്തിന്റെ വില നിശ്ചയിച്ചു കഴിഞ്ഞോ എന്നു്. വില നിശ്ചയിക്കുന്ന കാര്യം ആലോചനയിലിരിക്കുന്നതേ ഉള്ളു. ഇൻഡ്യയിൽ നാളികേരോല്പാദനം കമ്മിയാണെന്നു സമ്മതിച്ചാൽ കൂടുതൽ നാളികേരം പുറമെനിന്നും ഇറക്കുമതി ചെയ്യുന്നതിനെ നിഷേധിക്കാവതല്ല. പിന്നെ നമുക്കു് ചെയ്യാവുന്നതു് വില നിർണ്ണയിക്കലാണു്. വില ഇതുവരെ തീരുമാനിച്ചിട്ടുമില്ല.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ : പഞ്ചസാര കമ്മിയല്ലേ ; പിന്നെ എന്താണു് വെളിയിൽനിന്നും ഇറക്കുമതി ചെയ്യാത്തതു്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : ഈ വിഷയത്തെസംബന്ധിച്ചു മറുപടി പറഞ്ഞുകഴിഞ്ഞിട്ട് സമയമുണ്ടെങ്കിൽ അതിനു മറുപടി പറയാം. വില നിർണ്ണയിച്ചിട്ടില്ലെന്നും വില നിർണ്ണയിക്കുന്ന അവസരത്തിൽ എന്തു ഡ്യൂട്ടിയാണ് ചുമത്തേണ്ടതെന്നു ഇൻഡ്യാ ഗവമ്മെണ്ട് നിർണ്ണയിക്കുമെന്നുമാണ് ഞാൻ പറഞ്ഞുകൊണ്ടുവന്നതു്. ഇറക്കുമതി ചെയ്യുന്ന നാളികേരത്തിന്റെ വില ഡ്യൂട്ടിയും ചേർത്തു് ഇൻഡ്യക്കകത്തുള്ള നാളികേരത്തിന്റെ വിലയേക്കാൾ പത്തു ശതമാനമെങ്കിലും കൂടിയിരിക്കണമെന്ന് സെൻട്രൽ കോക്കനട്ട് കമ്മററി ഇൻഡ്യാഗവമ്മെണ്ടിനെ അറിയിച്ചിട്ടുണ്ട്. സെൻട്രൽ കോക്കനട്ട് കമ്മററിയുടെ ശുപാർശ ഇൻഡ്യാഗവമ്മെണ്ടു സ്വീകരിക്കാതിരിക്കുമെന്ന് വിചാരിക്കാൻ തരമില്ല. കാരണം ഇൻഡ്യൻ സെൻട്രൽ കോക്കനട്ട് കമ്മററി ഇൻഡ്യയിലെ കേരകർഷകരുടെ സംഘടനയാണ്. അതുകൊണ്ടു് നമ്മുടെ നിവേദനങ്ങൾ ഇൻഡ്യാഗവമ്മെണ്ടു സ്വീകരിക്കയില്ലെന്നു പറയുന്നതു ശരിയല്ല.

കുരുമുളകിനെസംബന്ധിച്ചിടത്തോളം കഴിഞ്ഞ കൊല്ലത്തേയും ഇക്കൊല്ലത്തേയും വിലക്ക് തമ്മിൽ വലിയ വ്യത്യാസമുണ്ട്. ചിലർ പറഞ്ഞു കുരുമുളകിന് ഇന്നുള്ള വിലയിൽ കുറവുവരികയാണെങ്കിൽ ഇവിടത്തെ ജനങ്ങൾക്ക് വളരെ വിഷമം സംഭവിക്കുമെന്നും വളരെ ആളുകൾ പട്ടിണി കിടക്കേണ്ടിവരുമെന്നും. ഈയാണ്ട് ഇത്രയധികം വില വരുമെന്ന് ആരും പ്രതീക്ഷിച്ചിരുന്നില്ല. നാം പ്രതീക്ഷിച്ചിരിക്കാത്ത പല കാരണങ്ങൾകൊണ്ടുമാണ് ഇപ്പോൾ വില വർദ്ധിച്ചിരിക്കുന്നതെന്ന് നമുക്കറിയാം. ട്രാവൻകൂർ ചേമ്പർഓഫ് കാമേഴ്സിൽനിന്നും ഗവമ്മെണ്ടിനു ലഭിച്ചിട്ടുള്ള കമ്പിയിൽനിന്നുതന്നെ ഈ വസ്തുത മനസ്സിലാക്കാൻ സാധിക്കും. അവരുടെ കമ്പിയിൽ രണ്ടുമൂന്നു കാര്യങ്ങളാണ് ആവശ്യപ്പെട്ടിരിക്കുന്നതു്.

ശ്രീ. പൊന്നാറ ജി. ശ്രീധർ : ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗം കേട്ടിട്ട് കച്ചവടക്കാർക്കു വേണ്ടിയാണ് ഈ വാദപ്രതിവാദങ്ങളെല്ലാം എന്ന് തോന്നിപ്പോകുന്നു. കച്ചവടക്കാർക്കു വേണ്ടിയല്ല ഞാൻ ഇവിടെ ഈ പ്രമേയം കൊണ്ടുവന്നതു്.

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : അതാണ് എന്റെയും സംശയം. കച്ചവടക്കാർക്കു വേണ്ടിയല്ലേ ബഹുമാനപ്പെട്ട മെമ്പർ വാദിക്കുന്നതെന്നാണ് ഞാനും ചോദിക്കുന്നതു്.

ഡ്യൂട്ടി കൂട്ടിയാൽ എക്സ്പോർട്ടു കുറഞ്ഞുപോകുമെന്നും വിദേശകമ്പോളങ്ങളിൽ നമുക്ക് മത്സരിക്കാൻ സാധിക്കാതെവരുമെന്നും അതു നമ്മുടെ കയറ്റുമതിയെ സാരമായി ബാധിക്കുമെന്നും അതുകൊണ്ടു് എക്സ്പോർട്ടു ഡ്യൂട്ടി കൂട്ടരുതെന്നും ഒരു വാദം അവർ ഉന്നയിച്ചിട്ടുണ്ട്. അതുപോലെതന്നെ ഇന്നു വച്ചിട്ടുള്ള ൩ ൦ ശതമാനം എക്സ്പോർട്ടു ഡ്യൂട്ടി ഇപ്പോഴത്തെ വിലയിലാണോ അതോ കഴിഞ്ഞയാണ്ടത്തെ താരിഫ്വിലയിലാണോ എന്നും അവർ ചോദിച്ചിട്ടുണ്ട്. അതിനും പുറമേ അവർ ഉന്നയിച്ചിട്ടുള്ള മറെറാരു സംഗതി അവർ നേരത്തെതന്നെ പല ഫാർവേഡ് കൺട്രാക്ട്കളും എടുത്തിട്ടുണ്ടെന്നും അങ്ങിനെയുള്ളവയെ എക്സ്പോർട്ട്ഡ്യൂട്ടിയിൽനിന്നും ഒഴിവാക്കികൊടുക്കണമെന്നുമാണ്. ആദ്യത്തെ പോയൻറിനെസംബന്ധിച്ചിടത്തോളം ഇൻഡ്യാഗവമ്മെണ്ടിന്റെ നില എങ്ങിനെ ഇരുന്നാലും രണ്ടാമത്തെ പോയൻറിനെസംബന്ധിച്ചിടത്തോളം ഉള്ള തീരുമാനം ശ്രദ്ധാർഹമാണ്. അതായതു് താരിഫ്വിലയനുസരിച്ചു് ഹൺട്രഡ്വെയിററിന് ഇത്ര ശതമാനം ഡ്യൂട്ടി കൊടുക്കണമെന്നാണ് നിശ്ചയിച്ചിരിക്കുന്നതു്. ആ വില കണക്കാക്കിയാൽ ടണ്ണിനു് ഉദ്ദേശം ൪ ൦ ൦ ൦ രൂപ വില വരും. എന്നാൽ ഇന്നത്തെ വില നോക്കിയാൽ ടണ്ണിനു് പതിനായിരമോ പതിമൂവ്വായിരമോ രൂപയുണ്ട്. അങ്ങനെ നോക്കിയാൽ ൩ ൦ ശതമാനം ഡ്യൂട്ടി എന്നു വച്ചിരിക്കുന്നതു് ഇന്നത്തെ വിലയിൽ ഒരു പന്ത്രണ്ടോ പതിമൂന്നോ ശതമാനം മാത്രമേ ആകുന്നുള്ളു. ഞാൻ ഇൻഡ്യാഗവമ്മെണ്ടിനു വേണ്ടി വാദിക്കുകയല്ല ചെയ്യുന്നതു്. ഇൻഡ്യാഗവമ്മെണ്ടു ഇതു മുൻകൂട്ടിതന്നെ കണ്ടിരുന്നു എന്നു പറയുക മാത്രമാണ്.

പിന്നെ വിലയെസംബന്ധിച്ചാണ്. കുരുമുളകിനു ഈ അമിതമായ വില നിന്നില്ലെങ്കിൽ ഇവിടെയുള്ള ആളുകൾ പട്ടിണിയായിപ്പോകും എന്നു ഇവിടെ ചിലർ പറഞ്ഞു. ഞാൻ അതിനോടു യോജിക്കുന്നില്ല. കാരണം ഈയാണ്ടിൽ കുരുമുളകിനു ഇഴവില ഉണ്ടാകുമെന്നു കഴിഞ്ഞ കൊല്ലം ഈ സമയത്തു ആരെങ്കിലും വിചാരിച്ചിരുന്നുവോ? അപ്രതീക്ഷിതമായ വിലക്കയററമാണു ഇപ്പോൾ ഉണ്ടായിരിക്കുന്നതു്. കച്ചവടക്കാരുടെ നിലയിൽനിന്നു നോക്കുകയാണെങ്കിൽ, ചേയിംബർ ആഫ് കാമേഴ്സിന്റെ കമ്പിയിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നതു, ഇങ്ങനെ ഒരു വിലക്കയററത്തെ ആസ്പദമാക്കി കയററുമതിനിയന്ത്രിക്കപ്പെടുമെന്ന് അവർ വിചാരിച്ചിരുന്നുവെങ്കിലും ഇൻഡ്യാഗവമ്മെണ്ടു മുൻകൂട്ടി ഡ്യൂട്ടി ചു

[The Hon'ble Sri. N. Kunjuraman]

മത്തുമെന്നുള്ള കാര്യം അവരെ അറിയിക്കാതിരുന്നതുകൊണ്ടു അതു കണക്കാക്കാതെ ഫാർവേഡു കാൺട്രാക്ടുകളിൽ എപ്പെട്ടുപോയി എന്നുള്ളതു മാത്രമാണ്. അവരുടെ ആ എഴുത്തിൽ നിന്നും ഈ നിയന്ത്രണം അപ്രതീക്ഷിതമായിരുന്നില്ല എന്നു കാണുന്നുണ്ട്. ആ നിലയ്ക്കു ഇതുകൊണ്ടു കച്ചവടക്കാർക്കു നഷ്ടം വന്നു എന്നു പറയുന്ന വാദവും സാധൂകരിക്കാവുന്നതല്ല.

ഈ വിലക്കയററം ഉല്പാദകരെ എങ്ങനെ ബാധിക്കുമെന്നുള്ളതാണ് അടുത്ത പ്രശ്നം. ഇൻഡ്യാഗവമ്മെണ്ടു ഡ്യൂട്ടി ചുമത്തുന്നതുകൊണ്ടു ഉല്പാദകർക്കു വിലക്കുറവു സംഭവിക്കും എന്നു പറയുന്നതു മുഴുവൻ ശരിയല്ല. ഡ്യൂട്ടി ചുമത്തുന്നതിൽ പരാതിയുള്ളതു ഒരു കാര്യത്തിൽ മാത്രമാണ്. ജീവിതത്തോതു വർദ്ധിച്ചിരിക്കുന്ന ഈ കാലത്തു ഇവിടത്തെ സാധനങ്ങളുടെ വില നിയന്ത്രിക്കണമെന്നു ഇൻഡ്യാഗവമ്മെണ്ടു പറയുന്നതിൽ തെററില്ല. പക്ഷെ കുരുമുളകിന്റെയും കൊപ്രയുടേയും വിലമാത്രം കുറയ്ക്കുക, മററു ജീവിതാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനു വേണ്ട സാധനങ്ങളുടെ വിലകൾ വർദ്ധിപ്പിക്കുക ഈ നയം ശരിയല്ലെന്നുള്ളതാണ് ഈ ഗവമ്മെണ്ടിന്റെ ആവലാതി. മററുള്ള സാധനങ്ങളുടെ വില കുറയ്ക്കുന്നതോടൊപ്പം കൊപ്രയുടെയും കുരുമുളകിന്റെയും മററും വില കുറയ്ക്കുന്നതിനെ ആക്ഷേപിക്കേണ്ടതില്ല:

Sahib Bahadur Abdul Razak: Then why did the Hon'ble Minister send Hon'ble Mr. Panampilli Govinda Menon with a memorandam to be submitted to the Government of India.

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഈ പറഞ്ഞ കാരണങ്ങൾകൊണ്ടുതന്നെയാണ്. ഒരുപക്ഷെ ബഹുമാനപ്പെട്ട മെമ്പർക്കു് മനസ്സിലായില്ലായിരിക്കാം. പ്രൊഡ്യൂസർക്കു് ഇതുകൊണ്ടു് ഗുണമുണ്ടാകണമെങ്കിൽ ഇതിൽനിന്നു് ലഭിക്കുന്ന പണം ഈ രാജ്യത്തുതന്നെ മുഴുവനും വന്നു ചേരേണ്ടതാണ്. അതിനെ ആശ്രയിച്ചാണ് പ്രൊഡ്യൂസറുടെ ഗുണം സ്ഥിതിചെയ്യുന്നതു്. ഏതാണ്ടു് അൻപതിനായിരത്തിനും അറുപതിനായിരത്തിനും മദ്ധ്യേ കണ്ടിയാണ് ഒരാണ്ടിൽ ഇവിടെ നിന്നും കയററി അയക്കുന്ന കുരുമുളകു്. ഇതിൽനിന്നും ര വ്വ ന: ന്നു ലക്ഷം രൂപയാണ് കിട്ടുന്ന വരുമാനം.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ അറിവു ബഹുമാനപ്പെട്ട മന്ത്രിക്കു് എങ്ങനെ കിട്ടി?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: സ്റ്റാററിസ്റ്റിക്സ് അനുസരിച്ചു ലഭിച്ചിട്ടുള്ള വിവരമാണിതു്. ഈ കണക്കുവച്ചുനോക്കുമ്പോൾ, അതായതു്, കണ്ടിക്കു് വ ൦ ൦ രൂപ വില വച്ചു വിൽക്കുമ്പോൾ, ഇത്രയും തുക വന്ന നിലയ്ക്കു് ഇന്നത്തെ വിലയായ ൨, ൫ ൦ ൦, ൩, ൦ ൦ ൦ രൂപ കണ്ടി ഒന്നുക്കു് വിലവച്ചു വിൽക്കുന്നപക്ഷം ഏതാണ്ടു പതിനഞ്ചു കോടി രൂപയോളം നമുക്കു വന്നു ചേരും. നമ്മുടെ സാമ്പത്തിക നിലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനു് ഇതു് ഉപകരിക്കുമെന്നുള്ളതിനു് സംശയമൊന്നുമില്ല. പക്ഷെ, മററു ജീവിതാവശ്യങ്ങളുടെ തോതു വർദ്ധിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ ഇന വരവുകൊണ്ടു് ഉൽപാദകർക്കു് പ്രയോജനമൊന്നുമില്ല. അതുകൊണ്ടു് കുരുമുളകിനും കൊപ്രയ്ക്കും മാത്രം വില കുറയ്ക്കുവാൻ നമ്മൾ തയ്യാറല്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: വിലക്കൂടുതൽ ഉൽപാദകർക്കാണോ കിട്ടുന്നതു്?

ബഹു. ശ്രീ. എൻ കുഞ്ഞുരാമൻ: ഇതു് ഉൽപാദകർക്കുമാത്രം കിട്ടുന്നുവെന്നു് തീർത്തു പറയാൻ നിവൃത്തിയില്ല. ഫാർവ്വേഡുകാൺട്രാക്ടു കൊടുക്കുമ്പോൾ ഒന്നുകിൽ ആവശ്യമുള്ള സാമാനം ഗോഡൗണുകളിൽ ശേഖരിച്ചിരിക്കയൊ അല്ലാത്തപക്ഷം മററുവല്ല പുരയിടത്തിലെ കുരുമുളകു വള്ളിയിലൊ നില്ക്കുകയായിരിക്കും. ഡിമാൻറനുസരിച്ചു് അവർ പുരയിടത്തിലുള്ള കുരുമുളകിനു് വിലവച്ചു എടുക്കുകയാണെങ്കിൽ വിലക്കൂടുതലിൽ ഒരംശം ഉൽപാദകർക്കുതന്നെ ലഭിക്കും. ഗോഡൗണുകളിലെ ചരക്കുകളാണ് വിൽക്കുന്നതെങ്കിൽ ഉൽപാദകർക്കു് അതുകൊണ്ടു് വലിയ ഗുണമൊന്നും കിട്ടുകയില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഫാർവ്വേഡുകാൺട്രാക്ടു മുൻപെ ചെയ്തിട്ടുള്ള കാര്യമല്ലേ? ആ നിലയ്ക്കു് ഉൽപാദകർക്കു് അതുകൊണ്ടു....

Mr. Speaker: Hon'ble members who want to interrupt should first get up and ascertain whether the hon'ble member who speaks is prepared to yield.

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ആ നിലക്കു് കച്ചവടക്കാരുടെ താൽപര്യത്തിനു് ഇപ്പോഴത്തെ വിലക്കൂടുതൽ വിഘാതമായി നിൽക്കുന്നുണ്ടെങ്കിൽ, അതായതു് മുൻപു ചെയ്ത

വച്ചിരിക്കുന്ന കരാറിൻപ്രകാരം അവർക്ക് അതിൽ അല്പസ്വല്പം നഷ്ടം വരുന്നുണ്ടെങ്കിൽ തന്നെയും, അതിൽ ഗവമ്മെണ്ടിന് മനസ്താപമില്ല. ഇതാണ് ഇതേസംബന്ധിച്ച് ഗവമ്മെണ്ടിന് പറയുവാനുള്ള കാര്യങ്ങൾ. ഇതിനെ സംബന്ധിച്ച് വിദഗ്ദ്ധന്മാരുമായി ആലോചിക്കുവാനും ഗവമ്മെണ്ടു തീരുമാനിച്ചിട്ടുണ്ട്. ഒന്നോ രണ്ടോ ദിവസത്തിനകംതന്നെ ആ ആലോചന നടത്തുന്നതായിരിക്കും. ആ പര്യാലോചനയുടെ വെളിച്ചത്തിൽ ചെയ്യുന്ന തീരുമാനങ്ങൾ ഈ സഭയിൽ ഉന്നയിച്ച വാദങ്ങളെക്കൂടി പരിഗണിച്ചുകൊണ്ടായിരിക്കുമെന്ന് ഞാൻ ഉറപ്പു പറഞ്ഞുകൊള്ളുന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ: എന്തുറപ്പാണ് തന്നിട്ടുള്ളത്?

ബഹു. ശ്രീ എൻ കുഞ്ഞുരാമൻ: ഇതിനെക്കാൾ കൂടുതൽ എന്തുറപ്പാണ് തരേണ്ടത്.

(ഈ ഘട്ടത്തിൽ പല മെമ്പർന്മാരും പല ഭാഗത്തുനിന്നും ചോദ്യങ്ങൾ ചോദിക്കുവാൻ എഴുന്നേററു.)

Mr. Speaker: I would once again remind the Hon'ble members that there is no point in asking questions if the member who speaks is not prepared to yield.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: ഇൻഡ്യാഗവമ്മെണ്ടു് കുരുമുളകിനു സ്യൂട്ടി നിശ്ചയിച്ചതു് ഈ ഗവമ്മെണ്ടിനോടു് ആലോചിക്കാതെയാണെന്നു് പറയുന്നല്ലോ അങ്ങനെ ഈ ഗവമ്മെണ്ടുമായി ആലോചിക്കാതെ ഇൻഡ്യാഗവമ്മെണ്ടു പ്രവർത്തിക്കുന്നതു് തെററാണെന്നു് ഈ ഗവമ്മെണ്ടിനു് അഭിപ്രായമുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ശരിയാണ്. ഇങ്ങനെയുള്ള കാര്യങ്ങളിൽ ഈ ഗവമ്മെണ്ടുമായി ആലോചിക്കാതെ ഇൻഡ്യാഗവമ്മെണ്ടു് ഒരു തീരുമാനം ചെയ്യുന്നതു് ശരിയല്ലെന്നും ഈ ഗവമ്മെണ്ടിന്റെ അഭിപ്രായംകൂടി പരിഗണിച്ചുവേണം ഒരു തീരുമാനം ചെയ്യേണ്ടതെന്നും ഈ ഗവമ്മെണ്ടു ഇൻഡ്യാഗവമ്മെണ്ടിനെ അറിയിച്ചിട്ടുണ്ട്.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ഈ രാജ്യത്തു കയററുമതി ചെയ്യപ്പെടുന്ന കുരുമുളകിന്റെ എത്ര ശതമാനം ഈ രാജ്യത്തുതന്നെ ചെലവാകുന്നുണ്ടെന്നു പറയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അതിനെപ്പററിയുള്ള സ്ഥിതിവിവരക്കണക്കുകൾ എന്റെ പക്കലില്ല. പക്ഷെ ഞാൻ പറഞ്ഞതു് മററു സാധനങ്ങളുടെ വില കുറയ്ക്കാത്തപക്ഷം ഇതിനുമാത്രം വില കുറയ്ക്കുമെന്നു് ശഠിക്കുന്നതു് ശരിയല്ലെന്നാണ്.

Sri. D. Gnanasigamony: Does not a duty rest on the Government of India to consult this Government before such a duty is imposed?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: നമ്മളെല്ലാവരും ആ ഗവമ്മെണ്ടിന്റെ ഘടകങ്ങളാണല്ലോ. ആ നിലയ്ക്ക് ഈ രാജ്യത്തെ ജനങ്ങളുടെ താൽപര്യങ്ങൾകൂടി ആ ഗവമ്മെണ്ടു് പരിഗണിക്കുകയില്ലെന്നു് നമുക്കു വിചാരിക്കാവുന്നതല്ല.

Sri. K. Sivarama Pillai: Was the price of paddy fixed after consulting this Government?

The Hon'ble Sri. T. K. Narayana Pillai: Yes.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, എനിക്കു ചില കാര്യങ്ങൾകൂടി പറയാനുണ്ട്.

Mr. Speaker: Yes. But I understand that practically all the members have spoken in support of the motion.

ശ്രീ. പൊന്നറ ജി. ശ്രീധർ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുന്നതുകേട്ടാൽ അദ്ദേഹം ഈ രാജ്യത്തുള്ള ആളല്ലെന്നുകൂടി തോന്നിപ്പോകുന്നു. ഈ രാജ്യത്തു അയ്യായിരം ടൺ കുരുമുളക് കിട്ടുന്നുണ്ടെന്നു് അദ്ദേഹം പറഞ്ഞു.

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഞാൻ അങ്ങനെ പറഞ്ഞില്ല. അറുപതിനായിരം കിട്ടുന്നുണ്ടെന്നാണ് ഞാൻ പറഞ്ഞതു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: അതു് വിൽക്കുന്നതിലുള്ള ആദായം കച്ചവടക്കാർക്കു മാത്രമല്ലേ കിട്ടുന്നതു്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ബഹുമാനപ്പെട്ട മെമ്പർക്കുതന്നെ അതറിയാവുന്ന ഒരു കാര്യമാണ്. വിലക്കൂടുതൽ നിമിത്തമുള്ള ആദായം കച്ചവടക്കാർക്കും കിട്ടുന്നുണ്ടു്, കർഷകർക്കും കിട്ടുന്നുണ്ടു്.

ശ്രീ. പൊന്നറ ശ്രീധർ: ഇതുരണ്ടും തെററാണെന്നാണു ഞാൻ പറയുന്നതു്. ഇവക്കു രണ്ടുപേക്കും കിട്ടുന്നില്ല. ഇതുകൊണ്ടുള്ള ആദായം ബ്രോക്കർമാരാണു കൊണ്ടുപോകുന്നതു്.

ஸ்ரீ. ஏ. சிதம்பரநாத நாடார்: ஸர், ஸ்ரீமான் ஸ்ரீதர் தமது அவசரப் பிரேரணையின் போது நல்ல மிளகு கிருஷி செல்வந்தர்களால் நடத்தப்படுவதில்லை என்று சொன்னார். நான் சொல்வது ஒரு கண்டி நல்லமிளகு 6 அல்ல 60 அல்ல, 600 அல்ல 6000 ரூபாய்க்கு விற்றாலும் சரி. அது கிருஷிகனுடைய ஒரு கிருஷி தான். தமிழில் ஒரு பழமொழியுண்டு. "காவேரியாறு கஞ்சியாகப் பூண்டு ஓடினாலும் நாய்க்கு நக்கித்தான் குடிக்கவேண்டும்" நல்லமிளகுக் கிருஷி யெவ்வளவு நடத்தினாலும், அதிலிருந்து கிடைக்கக்கூடிய வருமானத்தைத் தட்டிக்கொண்டுபோவது பணக்காரர்கள் தான் என்பதை மெம்பர்கள் மறந்து விடக்கூடாது. இந்த நல்லமிளகுக் கிருஷியை காப்பாற்றும் ஏழை கிருஷிகனுக்கு, தன் நெற்றிவேர்வையை நிலத்தில் சிந்தும் உழைப்பாளிக்குக் கிடைப்பது வெகு சொற்பமே. நல்லமிளகுக்கு 30 per cent கூடுதல் வரி சுமத்திவிட்டார்கள் என்பதைப் பற்றி நானும் வருத்தப்படுகிறேன். நல்லமிளகின் விலை உயரவேண்டியது என்பதை ஆதரிக்கவேண்டியது தான்.

Mr. Speaker: If the Hon'ble member desires information on any point that may be asked for without any speech.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ ചോദ്യം എന്നോടാണോ ചോദിച്ചതു്. തിരുവിതാംകൂറിൽ കുരുമുളകു ഉപയോഗിക്കുന്നവർ ആരുമില്ല. പ്രസവിക്കുന്ന സ്ത്രീകൾമാത്രമെയുള്ളു. എന്തോ തെററിദ്ധാരണകൾ ഈ വിഷയത്തിലുണ്ടെന്നു തോന്നുന്നു. അന്നന്നുള്ള വിലയ്ക്കു് ഈ സാധനം വിൽക്കുന്നു എന്ന നിലയാണു് വരേണ്ടതു്. അല്ലാത്ത ഇടത്തട്ടു എടുക്കുവാൻ ആരെയും അനുവദിക്കരുതെന്നേ എനിക്കഭിപ്രായമുള്ളു.

(അനന്തരം അടിയന്തിരപ്രമേയം എതിരില്ലാതെ പാസ്സാക്കപ്പെട്ടു.)

The House adjourned at 5-45 p.m. to meet again at 11 p.m. on Saturday the 3rd December 1949.

V. KRISHNAMOORTHY AYYAR
Secretary to the Legislative Assembly

PROCEEDINGS OF THE UNITED STATE OF TRAVANCORE AND COCHIN
LEGISLATIVE ASSEMBLY

THIRD SESSION 1949/1125

Saturday, *the* $\frac{\textit{3rd December 1949}}{\textit{18th Vrischigam 1125}}$

Vol. III] **OFFICIAL REPORT** **[No. 5**

The Assembly met in the Legislative Chamber, Public Offices, Trivandrum, at 11 of the Clock, on Saturday, the 3rd December 1949 with Mr. Speaker (The Hon'ble Sri. T. M. Verghese) in the Chair.

The arrival of the Speaker or Deputy Speaker or Chairman on the platform-need for announcement of—

ശ്രീ. കെ. കൊച്ചുകുട്ടൻ: സർ, ഒരു പായിൻറ ആഫ് ആർഡർ. സ്പീക്കർ പ്ലാററഫാറത്തിൽ വരുമ്പോൾ അദ്ദേഹം വരുന്നു എന്നുള്ളതിനു യാതൊരു ലക്ഷ്യവുമില്ല. അതായതു അദ്ദേഹം വന്നതിനുശേഷമെ പല മെമ്പേഴ്സും അറിയുന്നുള്ളു, അതിനുശേഷമെ അവർ എഴുന്നേററു നില്ക്കാൻ ശ്രമിക്കയും ചെയ്യുന്നുള്ളു. എന്നാൽ കൊച്ചിയിൽ, പ്രസിഡണ്ടു് വരുന്നു എന്നുള്ള മുന്നറിയിപ്പു നല്കുന്ന പതിവുണ്ടു്. അതു മെമ്പറന്മാക്കു മുൻകൂട്ടിയുള്ള ഒരു നോട്ടീസ്സായി കരുതുന്നതാണു്. അതുപോലെ ഇവിടെയും ഇതിനെപ്പററി പ്രസിഡണ്ടിൻെറ ഒരു റൂളിംഗു വേണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ശ്രീ. സി. വി. ഇയ്യു: സർ, ഞാൻ ആ അഭിപ്രായത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: ഒരു റൂളിംഗിൻെറ ആവശ്യം ഇതിനുണ്ടോ എന്നു തോന്നുന്നില്ല. എങ്കിലും മെമ്പറന്മാരുടെ അഭിപ്രായത്തെ ആദരിച്ചു അങ്ങനെ ചെയ്യാവുന്നതാണു്.

ശ്രീ. ഇട്ടീര അമ്പുക്കൻ: സർ, അങ്ങിനെയാണെങ്കിൽ ഡെപ്യൂട്ടി പ്രസിഡണ്ടു് വരുമ്പോഴും അദ്ദേഹം വരുന്നതായിട്ടു ഒരു സൂചന വേണ്ടതാണു്.

മി. സ്പീക്കർ: അങ്ങിനെ ചെയ്യാവുന്നതാണു്.

ശ്രീ. സി. വി. ഇയ്യു: സർ, സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും വരുമ്പോൾ ഒരു സൂചന നല്കാമെങ്കിൽ പാനൽ ആഫ് ചെയർമാൻ വരുമ്പോഴും അതു ചെയ്യേണ്ടതാണു്.

മി. സ്പീക്കർ: പ്രിസൈഡു് ചെയ്യാൻ പ്ലാററഫാറത്തിൽ ആരുവരുന്നു എന്നുള്ളതിനെപ്പററി ബഹു. മെമ്പറന്മാക്കു മുൻകൂട്ടി അറിവുകൊടുക്കുന്നതാണു്.

Reference re. posting of questions for answer

ശ്രീ. എം. ഐ. പോൾ: സർ, ഒരു പായിൻറ ആഫ് ആർഡർ. സർ, ഇന്നത്തെദിവസമായി സഭാനടപടികൾ ആരംഭിച്ചതിൽ നിരന്തരമായിട്ടു ഏതാനും ചില മെമ്പറന്മാരുടെ ചോദ്യങ്ങൾ മാത്രമെ അജൻഡായിൽ കാണുന്നുള്ളു. അതിനെപ്പററി എൻെറ മാന്യസ്നേഹിതൻ മി. ഈപ്പൻ അറയ്ക്കൽ ഒരു പായിൻറ ആഫ് ആർഡർ ഇവിടെ ഉന്നയിക്കയുണ്ടായിട്ടുണ്ടു്. എന്നിട്ടും പരിഹാരം ഉണ്ടായതായ ലക്ഷണം കാണുന്നില്ല. ഞാൻ ഇന്നലെ ഈ വക കാര്യങ്ങളെപ്പററി ഒരടിയന്തിരപ്രമേയം ഇവിടെ സമർപ്പിക്കുകയും ചെയ്തു. ആയതിനാൽ അടുത്ത തിങ്കളാഴ്ചയെങ്കിലും ഉള്ള അജൻഡായിൽ മററു മെമ്പറന്മാരുടെ ചോദ്യങ്ങൾകൂടി ഉൾപ്പെടുത്തത്തക്കവണ്ണം ഒരു വിലയുള്ള റൂളിംഗു് കൊടുത്തു ബഹു. സ്പീക്കർ അവർകൾ അതു പ്രവർത്തിക്കുപത്തിൽ വരുത്തണമെന്നാപേക്ഷിക്കുന്നു.

മി. സ്പീക്കർ: ബഹു. മെമ്പർ മി. ഈപ്പൻ അറയ്ക്കൽ പായിൻറ് ആഫ് ആർഡർ ഉന്നയിച്ചതു് വാസ്തവംതന്നെ. എന്നാൽ അദ്ദേഹത്തിൻെറ പായിൻറ് ആഫ് ആർഡറിൽ പ്ര

[Mr. Speaker]
സ്ഥാവിച്ചിരുന്ന സംഗതികൾ വിശദമാക്കിയിട്ടില്ലാത്തതുകൊണ്ട് ഒരു പരിഹാരം ഉണ്ടാക്കാമെന്നു പറഞ്ഞിട്ടില്ല. അതിനെപ്പററി ആലോചിക്കാമെന്നേ പറഞ്ഞിട്ടുള്ളൂ. ചോദ്യങ്ങൾ അജൻഡായിൽ ചേർക്കുന്നതു സംബന്ധിച്ചു ഒരു ഡിക്കലർ എല്ലാ മെമ്പറന്മാർക്കും അയച്ചു കൊടുത്തിട്ടുണ്ട്. അതിൽ പറയുന്ന വ്യവസ്ഥയനുസരിച്ചു ചോദ്യങ്ങൾ കിട്ടുന്ന തീയതി അടിസ്ഥാനമാക്കി അങ്ങിനെ ചെയ്യാമെന്നുള്ള വിവരം ബഹു മെമ്പറന്മാരെ അറിയിച്ചിട്ടും ഉണ്ട്. അതല്ലാതെ അതിനു വിപരീതമായി ഈ സെഷനിൽ പ്രവർത്തിക്കാൻ നിവർത്തിയില്ല. ഈ രീതി മാറേറണ്ടതു ആവശ്യമെന്നു ബോദ്ധ്യപ്പെടുന്നതായാൽ അടുത്ത സമ്മേളനത്തിൽ അതിനെപ്പററി ആലോചിക്കാവുന്നതാണ്.

ശ്രീ. എം. ഐ. പോൾ: സർ, ഇതുവളരെ അസൗകര്യമാണെന്നു ഇപ്പോൾതന്നെ പല മെമ്പറന്മാരും പറയുന്നതുകൊണ്ട് അടുത്ത തിങ്കളാഴ്ച അങ്ങയുടെ റൂളിംഗ് പ്രവർത്തിയിൽ കൊണ്ടുവരാൻ സാധിക്കയില്ലേ?

മി. സ്പീക്കർ: വിശേഷവിധിയായിട്ടു ഈ രീതിയിൽ എന്തെങ്കിലും അസൗകര്യമുണ്ടാകുമെന്നു തോന്നുന്നില്ല. ഇപ്പോൾതന്നെ ധാരാളം ചോദ്യങ്ങൾക്കു ഉത്തരം പറഞ്ഞുകഴിട്ടുണ്ട്. ഉത്തരം പറയാൻ സാധിക്കാത്ത ചോദ്യങ്ങൾക്കു ഉത്തരം മേശമേൽ വയ്ക്കുന്നതാണ്. മറേറതുരീതിയാണ് പൊതുവെകൂടുതൽ സൗകര്യപ്രദമെന്നു അറിയിക്കുന്നതായാൽ അതു സ്വീകാര്യമെന്നു കണ്ടാൽ സ്വീകരിക്കാവുന്നതാണ്.

QUESTIONS AND ANSWERS

[The numbers within brackets indicate the serial numbers in the lists of admitted questions].

(a) Oral Answers

ശനിയാഴ്ച സാദ്ധ്യായ ദിനമാണോ?

*൪൫൨ (൧) പി. എസ്സ്. മാധവൻ വൈദ്യർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നല്കുമോ.—

(എ) തിങ്കളാഴ്ചമുതൽ വെള്ളിയാഴ്ചകൂടിയുള്ള അഞ്ചുദിവസങ്ങളിൽ വല്ല മുടക്കുദിവസവും ഉണ്ടായാൽ, ആ ആഴ്ചയിലെ ശനിയാഴ്ച മുടക്കുദിവസമല്ലാതിരുന്നാൽ സ്കൂൾ വയ്ക്കണമെന്നു കൊച്ചി ഗവൺമെണ്ടിൻെറ ഫർ൭ മേയ് ൧൦-ാംനു-യിലെ ഡി. ഡിസ്. ൩൩ ൦൩ ൫/൨ ൫ നമ്പർ ജി. പി. കൊച്ചിരാജ്യത്തു ഇന്നും നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ കൊച്ചിരാജ്യത്തുള്ള എല്ലാ സ്കൂളുകളും ഈ വിദ്യാഭ്യാസ വർഷാരംഭം മുതൽ അതനുസരിച്ചു നടക്കുന്നുണ്ടോ എന്നു ദയവായി പറയാമോ;

(സി) നടക്കുന്നില്ലെങ്കിൽ അതിനെ സംബന്ധിച്ചു ഗവൺമെൻറ് ഇതേവരെ എന്തു നടപടിയാണ് എടുത്തിട്ടുള്ളതു്;

(ഡി) ഇതുപോലെതന്നെ ൪ മണിക്കുമുമ്പ് സ്കൂൾ വിടരുതെന്നുള്ള കൊച്ചി വിദ്യാഭ്യാസ ഡയറക്ടരുടെ ഫർ൪൭ നവമ്പർ ൨ ൫-ാംനു-യിലെ ൨/൨ ൪-ാംനമ്പർ സർക്കുലർപ്രകാരം മിക്ക സ്കൂളുകളും നടക്കുന്നില്ലെന്നും ഒന്നും രണ്ടും പീരിയഡ് മുമ്പ് ഇപ്പോഴും ചില സ്കൂളുകൾ ക്ലാസ്സുകൾ വിടുന്നുണ്ടെന്നും ഗവൺമെണ്ടിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ഇ) അങ്ങിനെ ഉള്ളതായി അറിയാമെങ്കിൽ ആ വക ക്രമക്കേടുകൾ നിറുത്തുവാൻ ഗവൺമെണ്ടു എന്തു നടപടിയാണ് എടുത്തിട്ടുള്ളതു്;

(എഫ്) ഒരു അദ്ധ്യാപകന് ഒരു ദിവസം എത്ര പ്രൈവററ ട്യൂഷൻ എടുക്കാം. അതിന് എത്ര പ്രതിഫലം വാങ്ങാം. അദ്ധ്യാപകന്മാരുടെ പ്രൈവററ ട്യൂഷൻ ജോലിയെപ്പററിയുള്ള ചട്ടങ്ങൾ വല്ലതുമുണ്ടെങ്കിൽ അതിൻെറ ഒരു കോപ്പി മേശമേൽ വയ്ക്കാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഒന്നാമത്തെ ചോദ്യത്തിനുള്ള മറുപടി തയ്യാറായിട്ടില്ല.

ശ്രീ. പി. എസ്സ്. മാധവൻ വൈദ്യർ: മറുപടി തയ്യാറായിട്ടില്ല എങ്കിൽ, എൻെറ ചോദ്യത്തെ സംബന്ധിച്ചിട്ടത്തോളം ഗവൺമെണ്ടു് കൈക്കൊള്ളുവാൻ പോകുന്ന നയം എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ? (ഉത്തരമില്ല).

സംസ്കൃത സ്കൂളിലെ പിന്നോക്കസമുദായ വിദ്യാർത്ഥികൾക്ക് സ്കൈപ്പൻറ്

*൪ ൫ (൨) പി. എസ്സ്. മാധവൻ വൈദ്യർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പിന്നോക്കസമുദായ സംരക്ഷണമന്ത്രി സദയം മറുപടി നല്കുമോ.—

(എ) സംസ്കൃത സ്കൂളുകളിൽ പഠിക്കുന്നവരും പിന്നോക്കസമുദായാംഗങ്ങളുമായ വിദ്യാർത്ഥികൾക്ക സ്കൈപ്പെൻറ കൊടുക്കുവാനായി ഗവമ്മെണ്ടു് തീരുമാനിച്ചിട്ടുണ്ടായിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ ഇപ്പോഴും അതു കൊടുത്തുവരുന്നുണ്ടോ;

(സി) പെരുവനം കരയോഗം സംസ്കൃത സ്കൂളിൽ പഠിച്ചുവരുന്ന (ഓടസമുദായത്തിൽ പെട്ട ൧൩, കുടുംബി, ൧, വേട്ടുവർ, ൪, പാണർ ൨, വേലൻ, ൧) ൨൧ കുട്ടികൾക്ക സ്കൈപ്പൻറ കൊടുക്കാതിരിക്കുന്നതു എന്തുകൊണ്ടാ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: സർ, ഈ ചോദ്യത്തിനുള്ള മറുപടി തയ്യാറായിട്ടില്ല.

ശ്രീ. പി. എം. വർഗ്ഗീസ്സ്: നല്കിയിട്ടുള്ള ചോദ്യങ്ങൾക്ക മറുപടി തയ്യാറായിട്ടില്ലെന്നു ബഹു. മന്ത്രിമാർ പ്രസ്താവിക്കുന്നു. എന്നാൽ അവയ്ക്കുള്ള ഉത്തരങ്ങൾ മേശമേൽ വച്ചിട്ടുണ്ടെന്നു പറയുന്നതല്ലാതെ അവ എന്താണെന്നുള്ളതു് മെമ്പറന്മാക്ക മനസ്സിലാക്കാൻ സാധിക്കുന്നില്ല. അതുകൊണ്ടു് ഇവയെപ്പററി ഹൗസിംഗ്ഗ് ഉണ്ടാക്കേണ്ടതു് ഏററവും അത്യാവശ്യമാണു്.

മി. സ്പീക്കർ: ഉത്തരം പറയാൻ സാധിക്കാത്തവയെല്ലാം അവയുടെ ഉത്തരങ്ങൾ മേശമേൽ വയ്ക്കുന്നതാണെന്നു ഞാൻ മുമ്പു് പറഞ്ഞുകഴിഞ്ഞു. അതു ആക്കവേണമെങ്കിൽ സെക്രട്ടറിയോടാവശ്യപ്പെട്ടാൽ കിട്ടുന്നതാണു്.

വായനശാലകൾ

*൪ ൫ ൪ (൩) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വായനശാലകൾക്ക ഗ്രാൻറ നൽകുന്നതിനു് എന്തു മാനദണ്ഡമാണു് സ്വീകരിച്ചിട്ടുള്ളതെന്നു ദയവായി പറയുമോ;

(ബി) ഇപ്പോൾ ഉള്ള ലൈബ്രറി ആർഗനൈസറന്മാരുടെ ജാതി തിരിച്ചുള്ള ലിസ്റ്റ് എങ്ങനെ ഏന്നു പറയുവാൻ ദയവുണ്ടാകുമോ;

(സി) ലൈബ്രറി ആർഗനൈസറന്മാരായി നിയമിക്കപ്പെടുന്നതിനു് അവശസമുദായങ്ങളിൽപ്പെട്ട എത്ര അപേക്ഷകരുണ്ടായിരുന്നു എന്നും, അവരിൽ എത്രപേരെ നിയമിച്ചു എന്നും ദയവായി പറയുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഗ്രഡേഷൻ കമ്മിററിയുടെ ശുപാശ അനുസരിച്ചാണു് ഗ്രാൻറ് കൊടുക്കുന്നതു്.

(ബി) ആർഗനൈസറന്മാരുടെ ജാതി തിരിച്ചുള്ള നിയമനം ആണൊ നടത്തുന്നതു അതോ അല്ലയോ എന്നുള്ളകാര്യം ഗ്രന്ഥശാലാധികൃതരിലാണു് സ്ഥിതിചെയ്യുന്നതു്.

(സി) അറിഞ്ഞുകൂടാ.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: വായനശാലകൾക്ക ഗ്രാൻറ കൂട്ടിക്കൊടുക്കുന്നതു വിദ്യാഭ്യാസത്തിൽ പിന്നോക്കം നില്ക്കുന്നവക്ക വളരെ ഉപകാരപ്രദമാകുമെന്നുള്ള വസ്തുത അറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അറിയാം.

ശ്രീ. ടി. വി. ദേവൻ: ലൈബ്രറികളിൽനിന്നും പുസ്തകങ്ങൾ വായിക്കാൻ കിട്ടുന്നില്ലെന്നും അവ ഗ്രാൻറശാല അല്ലാതെ വാസ്തവത്തിൽ വായനശാലകൾ അല്ലെന്നുള്ള വിവരം അറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതു വായിക്കാൻ ആളുകൾ ചെല്ലാത്തതുകൊണ്ടാണു്.

ശ്രീ. ടി. വി. ദേവൻ: ഞാൻ വായിക്കാൻ ചെന്നപ്പോൾ പുസ്തകം കിട്ടാതിരുന്നതു കൊണ്ടാണു് ഇതു പറഞ്ഞതു്.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ലൈബ്രറികൾ പലതരത്തിൽ ഉണ്ട്. സ്കൂളുകളോടനുബന്ധിച്ച ലൈബ്രറികൾ ഉണ്ട്. ഗ്രന്ഥശാലയുടെ പ്രത്യേകമായ ഉണ്ട്, ഉപയോഗത്തിനു വേണ്ടിയുള്ള ലൈബ്രറികൾ ഉണ്ട്, ഇതിനും പുറമേ മററു ലൈബ്രറികളായി ഏകദേശം ൧,൩ ൦ ൦ ഓളം ഉണ്ട്. ഇവകളിൽ ഏതു വായനശാലയിലാണ് ബഹു. മെമ്പർ വായിക്കാൻ പോയതെന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. ടി. വി. ദേവൻ: പിന്നോക്കസമുദായങ്ങൾക്കുവേണ്ടി നിർമ്മിച്ചിട്ടുള്ള വായനശാലകളിൽ ഒന്നിനെപ്പററിയാണ് ഞാൻ പറഞ്ഞതു്. അവിടെ ചെന്നപ്പോൾ വായിക്കാൻ പുസ്തകവുമില്ല, ഇരിക്കാൻ കസേരയും ഇല്ല.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഗവമ്മെണ്ടിൽനിന്നും ഗ്രാൻറു വാങ്ങുന്ന വായനശാലകൾ ആണെങ്കിൽ ഈ വിധ പരാതികൾ മേലാൽ ഉണ്ടാകാതിരിക്കാൻ നടപടി നടത്താം.

ശ്രീ. കെ. രാമകൃഷ്ണപിള്ള: വായനശാല ആർഗനൈസറന്മാരുടെ കഴിഞ്ഞ മൂന്നുമാസത്തെ ശമ്പളം ഗ്രാൻറിനത്തിൽ നീക്കിവച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഗ്രന്ഥശാലകൾക്കുവേണ്ടി നീക്കിവച്ചിരിക്കുന്ന തുകയിൽനിന്നും വേണം അവക്കു ശമ്പളം കൊടുക്കേണ്ടതു്. അതല്ലാതെ ഗ്രാൻറിനും പുറമെ പ്രത്യേകം തുക ഇവക്കു ശമ്പളത്തിനായി ബഡ്ജററിൽ കൊള്ളിച്ചിട്ടില്ല.

വിജയദശമി ദിവസം പ്രൈമറി വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളെ ചേർക്കുന്ന പതിവു

* ൪ ൫ ൫ (൪) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ പ്രൈമറി വിദ്യാലയങ്ങളിൽ വിജയദശമി (പൂജയെടുപ്പു) ദിവസങ്ങളിൽ വിദ്യാർത്ഥികളെ ചേർക്കുകയും പ്രമോഷൻ നൽകുകയും ചെയ്യുന്ന പതിവു ഉണ്ടായിരുന്നുവോ എന്നും, ആ നടപടി ഇപ്പോഴും തുടർന്നു നടക്കുന്നുണ്ടോ എന്നും പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: വിജയദശമിക്കു കുട്ടികളെ ക്ലാസ്സിൽ ചേർക്കുന്ന പതിവില്ല. എന്നാൽ പൂജയെടുപ്പു കഴിയുമ്പോൾ രണ്ടാഴ്ചകാലത്തേക്കു കുട്ടികളെ ഒന്നും രണ്ടും ക്ലാസ്സുകളിൽ ചേർക്കുന്നതാണ്. രണ്ടാം ക്ലാസ്സിൽ ചേർക്കുന്നു എന്നു പറഞ്ഞതു്, കുട്ടിയുടെ പഠിത്തത്തിൻെറ യോഗ്യതയെ പരിഗണിച്ചാണ്. ഇതു ഇപ്പോൾ മാത്രമുള്ള ഒരു വ്യവസ്ഥയല്ല.

പിന്നോക്ക സമുദായ വകുപ്പുദ്യോഗസ്ഥന്മാർ

* ൪൫൩ (൩) ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പിന്നോക്കസമുദായ സംരക്ഷണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാനത്തിലെ ഇപ്പോഴത്തെ പിന്നോക്കസമുദായസംരക്ഷകൻ ആരു;

(ബി) തിരുവിതാംകൂറിൽ ഇപ്പോൾ എത്ര ഫീൽഡാഫീസർമാർ ഉണ്ട്;

(സി) അവരുടെ ഓരോരുത്തരുടേയും കീഴിലുള്ള താലൂക്കുകൾ ഏതെല്ലാം;

(ഡി) ഫീൽഡാഫീസറന്മാരുടെ എണ്ണം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ:

(എ) ശ്രീ. സി. ഒ. ദാമോദരൻ.

(ബി) ഏഴ്.

(സി) ഈ വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേററുമെണ്ട് മേശപ്പുറത്തുവച്ചിട്ടുണ്ട്.

(ഡി) ഇല്ല.

ശ്രീ. പി. സി. ആദിച്ചൻ: ഇപ്പോഴത്തെ പിന്നോക്കസമുദായസംരക്ഷകൻ ആരു്?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ശ്രീ. സി. ഒ. ദാമോദരൻ. അദ്ദേഹം ആക്ടു് ചെയ്യുകയാണ്.

ശ്രീ. കണ്ണാറെ ഗോപാലപ്പണിക്കർ: ഐക്യസംസ്ഥാനത്തു എത്ര ഫീൽഡ് ആഫീസറന്മാരുണ്ടു്?

ബഹു. ശ്രീ. കെ. അയ്യപ്പൻ: തിരുവിതാംകൂറിൽ ഏഴ പേരുണ്ട്. കൊച്ചിയിൽ ഫീൽഡ് ആഫീസറന്മാർ ഇല്ല. ഇൻസ്പെക്ടർ ആണ് ഉള്ളതു്.

Statement showing the Jurisdiction of the Field Officers

1. Southern Division—Taluks of Thovala, Agasteswaram, Kalkulam, and Vilavancode, Head Quarters, Nagercoil.
2. Trivandrum Division—Taluks of Neyyattinkara, Nedumangad, Trivandrum and Chirayinkil. Head Quarters, Trivandrum.
3. Quilon Division—Taluks of Quilon, Kottarakara, Pathanapuram, and Shencottah. Head Quarters, Quilon.
4. Coastal Division—Taluks of Karunagappilly, Karthigappilly, Ambalapuzha and Sherthalai Head Quarters-Haripad.
5. Central Divison—Taluks of Kunnathur, Pathanamthitta, Mavelikara and Thiruvellah, Head Quarters, Adur.
6. Kattayam Division—Taluks of Kottayam Chaganacheri, Meenachil, Vaikon and Peermade. Head-Quarters-Kottoyam.
7. Northern Division.—Taluks of Muvattupuzha, Thodupuzha, Kunnathunad, Parur and Devikulam. Head Quarters-Perumpavoor.

പിന്നോക്കസമുദായ ഡിപ്പാർട്ട്മെണ്ടിലെ ഉപദേശകസമിതി

*൪ ൫ ൭. (൭) ശ്രീ. പി. സി. ആദിച്ചൻ: താഴെപറയുന്ന ചോദ്യത്തിന ബഹു. പിന്നോക്കസമുദായ സംരക്ഷണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

പിന്നോക്കസമുദായ ഡിപ്പാർട്ട്മെണ്ടിനെ ഉപദേശിക്കുവാൻ നിയോഗിച്ചിരിക്കുന്ന ഉപദേശകസമിതി ആണ്ടിൽ എത്രപ്രാവശ്യം കൂടുന്നുണ്ട്.

ബഹു. ശ്രീ. കെ. അയ്യപ്പൻ: ആണ്ടിൽ ഇത്ര പ്രാവശ്യം കൂടണമെന്നു വെച്ചിട്ടില്ല. ആവശ്യം അനുസരിച്ച് കൂടുന്നുണ്ട്.

ശ്രീ.കണ്ണാറെ ഗോപാലപ്പണിക്കർ:ഈ ഉപദേശകസമിതി രൂപീരിച്ചതു്എന്നാണ്?

ബഹു. ശ്രീ. കെ. അയ്യപ്പൻ: കഴിഞ്ഞ അസംബ്ളി കാലത്താണ്.

ശ്രീ. പി. കെ. കൃഷ്ണശാസ്ത്രി: ഇങ്ങനെ ഒരുപദേശകസമിതി ചെയ്യുന്ന ശുപാർശകൾ ഗവമ്മെണ്ടിനു് സഹായകരമായിരിക്കുകയില്ലേ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ആയിരിക്കുമെന്നുദ്ദേശിച്ചാണ് ഉപദേശകസമിതി ഏർപ്പെടുത്തിയതു്.

ശ്രീ. പി. കെ. കൃഷ്ണൻ: അങ്ങനെയാണെങ്കിൽ ഈ ഉപദേശക സമിതി കൂടുകയും അതിന്റെ ഉപദേശങ്ങൾ ആരായുകയും ചെയ്യണമെന്നു് ഗവമ്മെണ്ടു് കരുതുന്നുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഉണ്ടു്. ഒരു മീററിങ്ങുകൂടി ഉപദേശം ആരാഞ്ഞിട്ടുണ്ടു്. മിക്കവാറും അവരുടെ ഉപദേശം അനുസരിച്ചുതന്നെ നടത്തുന്നതാണ്.

ശ്രീ. പി. സി. ആദിച്ചൻ: ഉപദേശകസമിതി വല്ല ശുപാർശകളും നടത്തിയിട്ടുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: കഴിഞ്ഞദിവസം ഒരു ലിസ്റ്റ് മേശപ്പുറത്തുവെച്ചിട്ടുണ്ടു്. പല ശുപാർശകളും നടത്തിയിട്ടുണ്ടു്?

ശ്രീ. പി. സി. ആദിച്ചൻ: ഗവമ്മെണ്ടു ഇപ്പോൾ സംഘടിപ്പിച്ച ലാൻഡ് കമ്മിററിയിൽ പിന്നോക്കസമുദായക്കാരിൽ നിന്നും ഒരു മെമ്പർ വേണമെന്നു് ഉപദേശകസമിതി ശുപാർശ ചെയ്തിട്ടുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഉണ്ടു്.

ശ്രീ. പി. സി. ആദിച്ചൻ: അതിന്മേൽ എന്തു നടപടി നടത്തി.

ബഹു. ശ്രീ. കെ. അയ്യപ്പൻ: അതു് ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടു്.

പിന്നോക്കസമുദായ സംരക്ഷകന്റെ ശുപാർശകൾ

* ൪ ൫ വ. (വ) ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു. പിന്നോക്ക സമുദായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: —

(എ) ൧ ൦ വ മുതൽ ൧൯൪ വരെ തിരുവിതാംകൂർ പിന്നോക്ക സമുദായസംരക്ഷകൻ പിന്നോക്ക സമുദായത്തിൽപെട്ടവർക്കു ഉദ്യോഗത്തിനായി ശുപാർശ ചെയ്തിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ആർക്കെല്ലാം? അവരുടെ പേരുവിവരം.

(സി) ഏതു ഉദ്യോഗത്തിനു്?

(ഡി) ലഭിച്ച ഉദ്യോഗങ്ങൾ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: (എ) ഉണ്ട്.

(ബി, സി, ഡി.) പലക്കും പല ഉദ്യോഗങ്ങൾക്കും ശുപാർശ ചെയ്തിട്ടുണ്ട്. ആർക്കെല്ലാം എന്തെല്ലാം ഉദ്യോഗത്തിനു ശുപാർശ ചെയ്തിട്ടുണ്ട്; അതിൽ ആർക്കെല്ലാം ഉദ്യോഗങ്ങൾ ലഭിച്ചു എന്നും മററുമുള്ള വിവരങ്ങൾ ശേഖരിക്കാൻ എളുപ്പമല്ല.

ശ്രീ. പി. സി. ആദിച്ചൻ: പിന്നോക്ക സമുദായത്തിൽനിന്നും ഉദ്യോഗത്തിനപേക്ഷിച്ച ആളുകളുടെ വിവരങ്ങളും മററും ശേഖരിക്കുന്നതു് എളുപ്പമല്ലെന്നു പറഞ്ഞു. അത്ര അനേകായിരംപേർ ഉദ്യോഗാർത്ഥികളായി പിന്നോക്കസമുദായത്തിൽനിന്നും വന്നിട്ടുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഞാൻ പറഞ്ഞതു് അങ്ങനെ അല്ല. ൧൦൨ മുതൽ ൧൯൪-വരെ ഉള്ള കാര്യങ്ങളാണ് ചോദിച്ചിരിക്കുന്നതു്. ഈ ൧൯ കൊല്ലത്തെ എല്ലാ വിവരവും അന്വേഷിച്ചെടുക്കുന്നതു് അത്ര എളുപ്പം അല്ലെന്നേ ഞാൻ പറഞ്ഞുള്ളൂ.

ശ്രീ. പി. സി. ആദിച്ചൻ: അങ്ങനെ ശുപാർശചെയ്തിട്ടുള്ള ആളുകൾ എക്സിക്യൂട്ടീവ് ആഫീസറന്മാരായി വരാൻ തക്കവണ്ണം സിക്രട്ടേറിയററിൽ ഇവരെ ആരെങ്കിലും നിയമിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: അതു് എനിക്കറിഞ്ഞുകൂടാ.

ശ്രീ. പി. സി. ആദിച്ചൻ: പിന്നോക്കസമുദായക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനു കൊച്ചിയിൽ കൊടുക്കുന്നതുപോലെയുള്ള പ്രോത്സാഹനം ഇവിടെയും കൊടുക്കുവാൻ മടിയുണ്ടാകുമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: കൊച്ചിയിലെപ്പോലെ ഇവിടെയും സംഗതികൾ നടപ്പാക്കുന്ന കാര്യം ആലോചിച്ചു ചെയ്യേണ്ട ഒന്നാണ്.

ശ്രീ. പി. സി. ആദിച്ചൻ: ഞാൻ പറഞ്ഞതു് ബി. എ., ബി. എൽ. മുതലായ പരീക്ഷകൾ പാസ്സായിട്ടുള്ള പിന്നോക്കസമുദായക്കാർക്കു കൊച്ചിയിൽ കൊടുക്കുന്നതുപോലെയുള്ള പ്രോത്സാഹനം ഇവിടെയും കൊടുത്തുകൂടെയോ എന്നാണ്.

ബഹു. ശ്രീ. കെ. അയ്യപ്പൻ; അതു് ആലോചിക്കാവുന്നതാണ്.

പിന്നോക്ക സമുദായത്തിനു് ഭൂമിപതിവു്

* ൪ ൫൩. (൩) ശ്രീ. പി. സി. ആദിച്ചൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹു. പിന്നോക്കസമുദായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) ൧൦൨ മുതൽ ൧൯൪ വരെ തിരുവിതാംകൂർ പിന്നോക്ക സമുദായസംരക്ഷകൻ ശുപാർശ ചെയ്തതനുസരിച്ചു ഓരോ കാലത്തിലും പതിച്ചുകൊടുത്തിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണം എന്തു്;

(ബി) അതിൽ പിന്നോക്ക സമുദായക്കാരുടെ കൈവശം ഇപ്പോഴുള്ള ഭൂമിയുടെ വിസ്തീർണ്ണമെത്ര;

(സി) അവരുടെ കൈവശത്തുനിന്നും പോയ ഭൂമിയുടെ വിസ്തീർണ്ണം എത്ര;

(ഡി) ഓരോ താലൂക്കിലും പതിക്കുവാൻ നീക്കിവെച്ചിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണമെത്ര;

(ഇ) അങ്ങനെ നീക്കിവെച്ചതിൽ മററു കൈവശംപോയ ഭൂമിയെത്ര;

(എഫ്) അങ്ങനെ പോയ ഭൂമികൾ തിരച്ചെടുക്കുവാൻ ആലോചിക്കുന്നുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഉത്തരം തയ്യാറില്ല.

വാഹനങ്ങളുടെ എണ്ണം

* ൪൫൦. (൧൦) സാഹിബ് ബഹദൂർ ഏ. എം. മുസ്തഫ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പു മന്ത്രി സദയം മറുപടി പറയുമോ:—

(എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെണ്ടിലേക്കു് ഇതേവരെ ആകെ വാങ്ങിയിട്ടുള്ള വാഹനങ്ങളുടെ എണ്ണം എത്ര?

(ബി) അവയിൽ ബസ്സുകൾ എത്രയെന്നും ലോറികൾ എത്രയെന്നും പ്രസ്താവിക്കുമോ;

(സി) ഇപ്പോൾ ഉപയോഗയോഗ്യമായ ബസ്സുകൾ എത്ര; ലോറികൾ എത്ര;

(ഡി) ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ ഡിപ്പാർട്ടുമെണ്ടിന്റെ കൈവശം എത്രയുണ്ട്; ബാക്കി വാഹനങ്ങൾ എവിടെയാണ്?

ബഹു. ശ്രീ. ഇ. ജോൺഫിലിപ്പോസ്: (എ) ന്ന ന്ന.

(ബി) ര ൻ വ ബസ്സുകളും ഏന്നമ ലോറികളും.

(സി) വ ൻ ഒ ബസ്സുകളും ന്ന വ ലോറികളും.

(ഡി) ഉപയോഗശൂന്യമായ വാഹനങ്ങൾ എല്ലാം ലേലം ചെയ്യുകയും സ്ക്രാപ്പ് ചെയ്യുകയും ചെയ്യുന്നുണ്ട്.

ശ്രീ. ഇട്ടിയര അമ്പുക്കൻ: ഈ ബസ്സുകളെല്ലാം ഏതു കമ്പനിയിൽനിന്നും ആണ് വാങ്ങിയതു്.

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: പല കമ്പനികളിൽനിന്നും.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഡിപ്പാർട്ടുമെണ്ടിൽനിന്നും വാങ്ങിച്ച പല ബസ്സുകളിലു എൻജിൻ ഇല്ലായിരുന്നു എന്നു പറയുന്നതു് ശരിയാണോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അങ്ങനെ ഞാനും കേട്ടിട്ടുണ്ട്.

Sri. P. S. Nataraja Pillai : Are there any buses which belong to the 1941 model in use in the State Transport ?

The Hon'ble Sri. E. John Philipose : As far as that is concerned, the bodies are sometimes kept on. But the engines are changed and I do not think that any engine now in operation belongs to that year.

സാഹിബ് ബഹദൂർ മൈയ്യീൻ കുഞ്ഞു: ഈ കമ്പനികളിൽനിന്നും ബസ്സുകൾ വിലയ്ക്കെടുക്കുന്നതിൽ ഗവമ്മെണ്ടു ആർക്കെങ്കിലും കമ്മീഷൻ കൊടുക്കുന്നുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഏജൻറന്മാർ മുഖാന്തിരം വാങ്ങിക്കുകയാണെങ്കിൽ അവർക്കു കമ്മീഷൻ കിട്ടും. എന്നാൽ ഗവമ്മെണ്ടു ഇതുവരേയും ഏജൻറന്മാർ മുഖാന്തിരം വാങ്ങിച്ചു. ഇനി ഇൻഡ്യാ ഗവമ്മെണ്ടിൻെറ സ്റ്റോഴ്സ് ആൻറ് സപ്ലൈസ് ഡിപ്പാർട്ടുമെണ്ടിൽനിന്നും വാങ്ങിക്കണമെന്നുള്ള വിഷയം ആലോചനയിൽ ഇരിക്കുകയാണ്. ഇതിൽ ഒരു തീരുമാനത്തിൽ എത്തിയിട്ടില്ല.

ശ്രീ. ആർ. കെ. ഗാം: *ഇവർക്കുക്കുക് കമിഷൻ കൊടുത്തവകയിൽ എവ്വളവു ചെലവാകയിരുക്കും?*

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെണ്ടിൽനിന്നും കമ്മീഷൻ കൊടുത്തിട്ടില്ല.

റോഡുമാററം

*ര്ന്ന ഫ. (ഫ ഫ) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊല്ലം ടൌണിലെ തെക്കെ റോഡ് (ടൌൺഹാളിനു മുൻവശത്തുനിന്നും ടൌൺ പോലീസ്സ്റ്റേഷനു മുൻവശത്തു കൂടിയുള്ളതു്) തുറക്കണമെന്നു കാണിച്ചു കൊല്ലം നഗരസഭയിൽനിന്നും, പൊതുജനങ്ങളിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി എന്നു പ്രസ്താവിക്കുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: (എ) ഉണ്ട്.

(ബി) ഈ ജോലിക്കു വേണ്ട എസ്റ്റിമേററ് തയ്യാറാക്കി അയച്ചിട്ടുണ്ടെങ്കിലും ഇതിൽ എസ്സ്. ഐ. ആർ. കമ്പനിക്കാർ വഹിക്കേണ്ട ഭാഗത്തെ സംബന്ധിച്ചുള്ള കാര്യം കമ്പനിയുടെ ആലോചനയിലിരിക്കുകയാണ്.

സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: ഈ ആവശ്യത്തിലേക്ക് കൊല്ലത്തെ പൊതുജനങ്ങൾ എന്തെങ്കിലും തുക ഗവമ്മെണ്ടിനെ ഏല്പിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ഇ ജോൺ ഫിലിപ്പോസ്: ഉണ്ട്. ആ തുക ഗവമ്മെണ്ടു് കമ്പനിക്കാരെ ഏല്പിച്ചിട്ടുണ്ട്. ഈ ഭാഗം ജോലി റയിൽവേ കമ്പനിക്കാരാണ് ചെയ്യേണ്ടതു്.

സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: പണം കെട്ടിവച്ചിട്ടു രണ്ടുമൂന്നു കൊല്ലം കഴിഞ്ഞിട്ടും ഇതുവരെ അതിനുള്ള നടപടികൾ എടുക്കാത്തതു് എന്തുകൊണ്ടാണ്?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതിനുള്ള നടപടികൾ എടുത്തിട്ടുണ്ടെന്നു ധൈര്യമായി പറയാം

സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: ഇനി എത്ര കാലം വേണ്ടിവരും ഇതിൻെറ പണി പൂർത്തിയാകുന്നതിനു്?

ബഹു. ശ്രീ. ഇ ജോൺ ഫിലിപ്പോസ്സ്: അതു് ഈ ഗവമ്മെണ്ടിനെമാത്രം ആശ്രയിച്ചിരിക്കുന്നതല്ല. കമ്പനിക്കാരെ പണം ഏല്പിച്ചിട്ടുണ്ടു്. അവർ താമസിയാതെ ജോലി തുടങ്ങുന്നതാണു്.

റോഡിൻെറ ശോച്യാവസ്ഥ

* ൪ ൩൨. (൧൨) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊല്ലം നഗരത്തിൽ വല്യപാലം മുതൽ കൊച്ചുപിലാംമൂടുവരെയുള്ള റോഡ് തീരെ ഉപയോഗയോഗ്യമല്ലെന്നും റോഡുമുഴുവൻതന്നെ ഇടിഞ്ഞുപൊളിഞ്ഞു നശിച്ചുപോയിരിക്കയാണെന്നും ഗവമ്മെണ്ടു് ഗ്രഹിച്ചിട്ടുണ്ടോ;

(ബി) ഈ റോഡു് ഉടനടി നന്നാക്കുവാൻ വേണ്ടതു ചെയ്യുമോ?

ബഹു. ശ്രീ. ഇ ജോൺ ഫിലിപ്പോസ്സ്: റോഡിൻെറ കുറെ ഭാഗം വെള്ളം കേറി ഇടിഞ്ഞിട്ടുണ്ടു്. അതു നന്നാക്കുന്നതിനു് ഈ ആണ്ടത്തെ ബഡ്ജററിൽ ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

പ്രധാന റോഡുകളുടെ ശോച്യാവസ്ഥ

* ൪ ൩൩. (൧൩) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊല്ലം ടൌണിലെ പ്രധാന റോഡുകളുടെ ഉപയോഗയോഗ്യമല്ലാത്ത നിലയെ സംബന്ധിച്ചു് "നഗരസഭാ" "മെർച്ചെൻറസ് അസോസിയേഷൻ" മുതലായ സ്ഥാപനങ്ങളിൽനിന്നും ഗവമ്മെണ്ടിനു് അനേകം പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഈ റോഡുകൾ നന്നാക്കുവാൻ ഉടനടി ഗവമ്മെണ്ടു് വേണ്ട സത്വരനടപടികൾ നടത്തുമോ?

ബഹു. ശ്രീ. ഇ ജോൺ ഫിലിപ്പോസ്സ്: (എ) ലഭിച്ചിട്ടുണ്ടു്.

(ബി) ഇവയും നന്നാക്കുന്നതിനു ഈ ആണ്ടത്തെ ബഡ്ജററിൽ തുക കൊള്ളിച്ചു് നടപടി എടുത്തുകൊണ്ടിരിക്കുകയാണു്.

സാഹിബ് ബഹദൂർ എ. എം മുസ്തഫാ: ഈ റോഡിൽ ഷെൽക്രീററു് ചെയ്യാൻ ഉദ്ദേശിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സ്: ആ കാര്യത്തെപ്പററി ഗവമ്മെണ്ടു് തീരുമാനം ചെയ്തിട്ടുണ്ടു്.

പത്തനാപുരം താലൂക്കിലെ പൊതുമരാമത്തുവകയ്ക്കു്

൧൯൫൪ ൩-ൽ ഉള്ള ബഡ്ജററുതുക

* ൪ ൩൪. (൧൪) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) "പത്തനാപുരം താലൂക്കു് വർക്സ് കമ്മിററി" ൧൯൫൪ ൩-ലേക്കു് പ്രസ്തുത താലൂക്കിലെ പൊതുമരാമത്തു് പണികൾക്കു് ആകെ ശുപാർശ ചെയ്തിരുന്ന സംഖ്യ എത്രയെന്നു പ്രസ്താവിക്കുമോ;

(ബി) അതിൽ എന്തു തുക ൧൯൫൪ ൩-ലെ ബഡ്ജററിൽ പ്രസ്തുത താലൂക്കിലെ ആവശ്യത്തിനു കൊള്ളിച്ചിട്ടുണ്ടു്;

(സി) ഇത്രയധികം തുക കുറച്ചു കളയുവാൻ കാരണമെന്താണെന്നു് വ്യക്തമാക്കുമോ;

(ഡി) തന്മൂലം ഏററവും പ്രധാനപ്പെട്ട പല ജോലികളും നടത്താൻ നിവൃത്തിയില്ലാതെ വന്നിട്ടുണ്ടെന്നു ഗവമ്മെണ്ടു് ഗ്രഹിക്കുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്സ്: (എ) ൪, ൦ ൩, ൪ ൭൦ രൂപാ.

(ബി) ൩ ൧, ൩ ൦ ൦.

(സി) സംസ്ഥാനത്തിനൊട്ടുക്കുള്ള പൊതുമരാമത്തു പണികൾക്കായി നീക്കിവെച്ചിട്ടുള്ള പണം ഓരോ താലൂക്കിലേക്കും വീതിക്കുമ്പോൾ അവിടെ ശുപാർശ ചെയ്തിട്ടുള്ള ജോലികൾക്കെല്ലാം പണം മതിയാകുകയില്ല.

(ഡി) ഗവമ്മെണ്ടിനറിവില്ല.

സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: ഓരോ താലൂക്കിലേക്കും എന്തടിസ്ഥാനത്തിലാണ് തുക കൊള്ളിച്ചിട്ടുള്ളത്?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഏതടിസ്ഥാനത്തിനായാലും ഗവമ്മെണ്ടിന്റെ കഴിവിനെ ആശ്രയിച്ചാണ് തുക ഉൾപ്പെടുത്തുന്നത്.

സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: പത്തനാപുരം താലൂക്കിൽ ശുപാർശ ചെയ്തിട്ടുള്ള ജോലികളിൽ പത്തിലൊന്നുപോലും നടന്നിട്ടില്ലെന്നറിയാമോ?

ബഹു. ശ്രീ ഇ. ജോൺ ഫിലിപ്പോസ്: അറിയാം.

ശ്രീ. വി. ഗംഗാധരൻനായർ: വക്ക്സ് കമ്മിററിയുടെ ശുപാർശ അടിസ്ഥാനപ്പെടുത്തിയാണോ ബഡ്ജററിൽ തുക ഉൾപ്പെടുത്തുന്നത്?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: സെൻട്രൽ വക്ക്സ് കമ്മിററി ഏതു ജോലികൾ സ്വീകരിച്ചിട്ടുണ്ടോ? അതാണ് ബഡ്ജററിൽ കൊള്ളിക്കുന്നത്.

சிலபஸ்.

*465. [17] ஸ்ரீ. கெ. ராமகிருஷ்ண ஆசாரி: கனம் கல்வி மந்திரி அவர்கள் விடை பகர்வார்களாக:

எ. கீழே சொல்லப்படும் பள்ளிக்கூடங்களில் ஒரே விதமான ஸிலபஸ்ஸிலுள்ள பாடங்களைப் படிப்பிக்கின்றார்கள் என்று அரசாங்கத்திற்குத் தெரியவருமா?

1. E. H. School—மிடில்ஸெக்ஷன்
2. Old English—மிடில் ஸ்கூல்
3. New Type—இங்கிலீஷ் மிடில் ஸ்கூல்

பி. மூன்றுவிதமான பாடசாலைகளிலும், மாணவர் பீஸில் வித்தியாசம் உண்டா?

ஸி. பழைய இங்கிலீஷ் மிடில் ஸ்கூல்களில் உள்ள உத்தியோகஸ்தர்களைப் போல நியூ டைப் இங்கிலீஷ் மிடில் ஸ்கூளிலும் நியமனம் ஆயிற்று?

டி. மேற்கூறிய மூன்றுவித ஸ்கூள்களில் நியூ டைப் மிடில் ஸ்கூளுக்கும், மற்று இரு ஸ்கூள்களுக்கும் சம்பளம் வித்தியாசமாகக் கொடுக்கப்படுகிறதா?

The Hon'ble Sri. T. K Narayana Pillai: (a) Yes;
(b) No;
(c) Yes;
(d) Yes;

Sri. A. Thanu Pillai: May I know, what is the difference in pay due to so far as the new type of schools are concerned?

The Hon'ble Sri. T. K. Narayana Pillai: With the opening of Form III in the new type of schools, some temporary posts of teachers have been created and given a pay of Rs. 30.

சர்வீசும் பிரமோஷனும்

*466 [18] ஸ்ரீ. கெ. ராமகிருஷ்ண ஆசாரி: கனம் கல்வி மந்திரி அவர்கள் விடை பகர்வார்களாக:

எ. தாய் பாஷையை ஒட்டி, மலையாளம் தமிழ் ஆகிய பிறைமறி ஸ்கூள்களில 1121 ல் தயாரிக்கப்பட்ட ஸர்வீஸ் ஸீனியாரிட்டிப் படிப்பிரமோஷன் கொடுக்கப்பட்டிருக்கிறதா?

பி. திருவிதாங்கூரும் கொச்சியும் இணைத்தபின், ஸர்வீஸ் ஸீனியாரிட்டிப்படி உபாத்தியாயர்களின் லிஸ்ட் தயார் செய்யாததின் மர்மம் என்ன?

The Hon'ble Sri. T. K. Narayana Pillai: (a) Yes;
(b) Steps are being taken to prepare a consolidated seniority list of teachers in the Cochin and Travancore areas of the United State.

ஸ்ரீ. கெ. ராமகிருஷ்ண ஆசாரி: தயவுசெய்து தமிழில் சொன்னால் தேவலை.

கனம். டி. கெ. நாராயண பிள்ளை: தமிழ் எனக்குத் தெரியாது.

அசம்பிளியும் நியமனமும்

*467 [19] ஸ்ரீ. கெ. ராமகிருஷ்ண ஆசாரி: கனம் கல்வி மந்திரி அவர்கள் விடை பகர்வார்களாக:

எ. இதற்கு முன்னிருந்த அசம்பிளியும், கௌண்ஸிலும் E. S. L. C. and T. T. C. க்கும் Higher and T. T. C. க்கும் பிரமோஷன் விஷயத்தில் சம உரிமை கொடுக்கத் தீர்மானித்ததுண்டா?

பி. மேற்கூறிய உரிமைப்படி ரூ. 30–60 ஸ்கேலில் நியமனம் செய்யப்பட்டதா?

ஸி. ஒரே விதமான பாடங்களை இரண்டு பரீட்ஸையுள்ளவர்களும் டிரெயினிங் ஸ்கூளில் படித்து வருகின்றார்கள் என்பது டிப்பார்ட்மென்றுக்குத் தெரியவருமா?

டி. மேற்கூறிய சம உரிமை கொடுத்துத் தயார்செய்த லிஸ்ற்றை மாற்றம் செய்து, ஸர்வீஸில் ஜூனியராகிய E. S. L. C. and T. T. C. க்குக் கூடுதல்உரிமை கொடுத்து பிரமோஷன் செய்தது உண்டா?

The Hon'ble Sri. T. K. Narayana Pillai : (a) Not aware.

(b) Yes.

(c) Yes.

(d) At the beginning of the current school-year, 150 posts of under-graduate teachers were sanctioned for the new type of middle schools where form III was opened and these posts were filled up by promoting E. S. L. C., T. T. C. holders, for the teaching of English in these schools.

Sri. P. S. Nataraja Pillai : When the teachers with higher training qualifications are entitled to teach III Forms, why are they not being promoted for the under-graduate places newly sanctioned this year ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇംഗ്ലീഷ് പഠിപ്പിക്കുന്നതിലേക്കാണ് അവരെ ഇങ്ങനെ പ്രമോട്ട് ചെയ്തിട്ടുള്ളത്.

Sri. P. S. Nataraja Pilla.: Are the 150 Teachers newly sanctioned English Teachers?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനുകൂടിയാണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ: പല സ്കൂളുകളിലും വാദ്ധ്യാന്മാർ ഇല്ലാതിരിക്കുന്നതായി അറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ചില സ്കൂളുകളിൽ മുഴുവൻ വാദ്ധ്യാന്മാരും ഇല്ലെന്നുള്ള വിവരം ഗവമ്മെണ്ടിന്നറിയാം.

ശ്രീ. പൊന്നറ ജി. ശ്രീധർ: പുതുതായി വിദ്യാർത്ഥികളോടുകൂടിയുള്ള കളത്തൂത്തൽ മിഡിൽ സ്കൂളിൽ ഒരു വാദ്ധ്യാരെയുള്ളു എന്ന വിവരം ഗവമ്മെണ്ടിന്ന് അറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ആ സ്കൂളിന്റെ കാര്യത്തെപ്പററി അറിഞ്ഞുകൂടാ. സാമാന്യമായി ചില സ്കൂളുകളിൽ ആവശ്യമുള്ളത്ര വാദ്ധ്യാന്മാർ ഇല്ലെന്നറിയാം.

ശ്രീ. പൊന്നറ ജി. ശ്രീധർ: നെടുമങ്ങാട്ട് മിഡിൽ സ്കൂളിന്റെയും കാര്യം മേൽപറഞ്ഞതുപോലെയാണെന്നറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഒരു പ്രത്യേക സ്കൂളിന്റെ കാര്യം ചോദിച്ചാൽ പെട്ടെന്നു മറുപടി പറയാൻ സാദ്ധ്യമല്ല. ചില സ്കൂളുകളിൽ ആവശ്യമുള്ളത്ര വാദ്ധ്യന്മാരില്ലെന്നു ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞതാണ്. അതിലേക്ക് വേണ്ട നിർദ്ദേശം ഡയറക്ടർ ഓഫ് പബ്ളിക്ക് ഇൻസ്ട്രക്ഷന് കൊടുത്തിട്ടുണ്ട്.

ശ്രീ. പട്ടം താണുപിള്ള: ഇന്ന് ഒരു മിഡിൽ സ്കൂളിന്റെ ആവശ്യത്തിൽ എത്ര വാദ്ധ്യാന്മാർ കുറവായുണ്ട്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: സൂക്ഷ്മമായി എത്ര ശതമാനം കുറവുണ്ടെന്ന് പെട്ടെന്ന് ഒരു മറുപടി പറവാൻ സാദ്ധ്യമല്ല.

ശ്രീ. കെ. എസ്സ്. ജോസഫ്: ഒന്നിൽ കൂടുതൽ സ്കൂളുകളിൽ പഠിപ്പിക്കുന്ന വാദ്ധ്യാന്മാരുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഗവമ്മെണ്ടിന്ന് അറിഞ്ഞുകൂടാ.

ഷിഫ്റ്റുമൂലം തൊഴിലില്ലായ്മ

* ൪൯൭. (൨൦) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഷിഫ്റ്റു ഏർപ്പെടുത്തിയതുമൂലം പിരിച്ചുവിടപ്പെട്ട പ്രൈവറ്റുസ്കൂൾ അദ്ധ്യാപകന്മാർ എത്രയാണ്;

(ബി) ഇവർക്ക് ഗവമ്മെണ്ടു സ്കൂളുകളിൽ ജോലി കൊടുക്കാമെന്ന് വാഗ്ദത്തം ചെയ്തിരുന്നോ;

(സി) ഇവരിൽ എത്ര പേർക്ക് ഉദ്യോഗം നൽകി? ഇങ്ങനെ നൽകപ്പെട്ടവരുടെ (Inspectorate) ഡിവിഷൻ തിരിച്ചുള്ള സംഖ്യ എത്ര;

(ഡി) ഇനിയും ഏതേതു ഡിവിഷനിൽ എത്രയെത്ര പേർക്ക് ഉദ്യോഗം കിട്ടാതെയുണ്ട്;

(ഇ) ഈ വിഷയത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥൻ ഉപേക്ഷ കാണിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കാരണം കണ്ടുപിടിച്ചു വേണ്ട നടപടി നടത്തുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഉത്തരം തയ്യാറായിട്ടില്ല.

മൂന്നാംഫാറം മലയാളം പാഠ്യപുസ്തകങ്ങൾ

* ൪൯൮. (൨൧) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഐക്യസംസ്ഥാനത്തെ തിരുവിതാംകൂർ വിഭാഗത്തിൽപെട്ട സ്കൂളുകളിൽ ഈ യാണ്ടിൽ മൂന്നാംഫാറത്തിൽ പഠിക്കുന്ന എല്ലാ കുട്ടികളുടേയും ആവശ്യത്തിന് മതിയാവുന്നിടത്തോളം മലയാളം പാഠ്യപുസ്തകങ്ങൾ ആണ്ടാരംഭത്തിൽതന്നെ അച്ചടിപ്പിച്ചു വിതരണം ചെയ്തിരുന്നോ;

(ബി) ഇല്ലെങ്കിൽ എത്ര പുസ്തകം പോരാതെ വന്നിരുന്നു;

(സി) പോരാതെ വന്ന പുസ്തകങ്ങൾ പിന്നീട് അച്ചടിപ്പിച്ചു വിതരണം ചെയ്തു കഴിഞ്ഞോ;

(ഡി) "സി" ചോദ്യത്തിനുത്തരം "അതെ" എന്നാണെങ്കിൽ അവയുടെ വിതരണം എന്നാണ് ആരംഭിച്ചത്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) ഇല്ല.

(ബി) ഉദ്ദേശം ൧൩, ൦൦൦ എണ്ണം.

(സി) ആവശ്യമുള്ളിടത്തോളം പുസ്തകം അച്ചടിച്ച് വിതരണം ചെയ്യുന്നതിന് വേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

(ഡി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പാണ്ടവത്തു ശങ്കരപ്പിള്ള: അച്ചടിപ്പിച്ചു വച്ചിട്ടുള്ള അനവധി പുസ്തകങ്ങളുടെ ഒരു കോപ്പിപോലും ചിലവാകാതിരിക്കുന്നതായി ഗവമ്മെണ്ടിന് അറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതിൽ കുറെ അതിശയോക്തിയുണ്ട്. എന്താനും പുസ്തകങ്ങൾ ചെലവാകാതിരിപ്പുണ്ട്.

ശ്രീ. പൊന്നറ ജി. ശ്രീധർ: ആ വിഷയത്തിൽ ഗവമ്മെണ്ടിന് എത്ര രൂപാ നഷ്ടം വന്നിട്ടുണ്ട്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: കണക്കു കൂട്ടീട്ടില്ല.

ശ്രീ. മാന്നാർ ഗോപാലൻനായർ: അങ്ങിനെ പുസ്തകം ചെലവാകാതിരിപ്പാനുള്ള കാരണം എന്താണ്?

മററു മണൽക്കമ്പനികളിൽ ഈ പ്രവത്തനം ലാഭകരമായി നടക്കുമെങ്കിൽ ഈ കമ്പനിയിലെ പ്രവത്തനവും ലാഭകരമായിത്തന്നെ നടത്താൻ കഴിയുമെന്നുള്ളതിന് സംശയിക്കേണ്ടതില്ല. ഈ കമ്പനി ഒരു പുത്തൻ കമ്പനിയല്ല. മുൻപെ പ്രവത്തനം ചെയ്തുകൊണ്ടിരുന്ന ഒരു കമ്പനിയാണ്. അതുകൊണ്ട് നഷ്ടംവരാൻ വഴി കാണുന്നില്ല.

പക്ഷെ, ഗവമ്മെണ്ടു ഭാഗത്തുനിന്നും ഇതു സംബന്ധിച്ചു തീർച്ചയായും ചില അറിവുകൾ തരാമായിരുന്നു. കാസ്ററ ആഫ് പ്രൊഡക്ഷനെ സംബന്ധിച്ചോ, അല്ലെങ്കിൽ ചില ഏജൻസികളെ സംബന്ധിച്ചോ ചില വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതിനെ നമുക്ക മനസ്സിലാക്കാം. പ്രധാനപ്പെട്ട കമ്പനികൾക്ക് ചില ട്രെയിഡുസീക്രററുകൾ ഉണ്ടല്ലൊ. ആ ട്രെയിഡുസീക്രററുകൾ ഗവമ്മെണ്ടു രഹസ്യമാക്കി വയ്ക്കുന്നതിൽ ആക്ഷേപമില്ല. എന്നാൽ അങ്ങനെയുള്ള വിവരങ്ങൾപോലെ മററു ചില വിവരങ്ങൾ ഗവമ്മെണ്ടിന്ന തരാ

മായിരുന്നു. ഈ രണ്ടുലക്ഷംരൂപ ഏതിലേക്കുവേണ്ടി വിനിയോഗിക്കുന്നു എന്നുള്ള വിവരം ഈ സഭയെ അറിയിക്കുവാൻ നിശ്ചയമായും ഗവമ്മെണ്ടു ബാദ്ധ്യസ്ഥരാണ്. കെട്ടിടം കെട്ടുന്നതിനാണോ, അതല്ല വല്ല മെഷ്യനറി വല്ലതും വാങ്ങിക്കാനാണോ എന്നുള്ള വിവരം ഈ സഭയെ അറിയിക്കുന്നതിൽ എന്തു തരക്കേടാണുള്ളതെന്നു എനിക്കു മനസ്സിലാകുന്നില്ല. ഇങ്ങനെയുള്ള ഒരു വ്യവസായം ഏററവും ഭംഗിയായി നടത്തേണ്ട ചുമതല ഗവമ്മെണ്ടിനുണ്ടു്. അതുകൊണ്ടു് ഈ കമ്പനിയുടെ പ്രവത്തനത്തെ പുരോഗമിപ്പിക്കുന്നതിനു് തടസ്സം വരാതിരിക്കത്തക്കവണ്ണം ആവശ്യമുള്ള പണം അനുവദിച്ചുകൊടുക്കേണ്ടതു് അത്യാവശ്യമാണെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: സ്പർ, ഞാൻ ഈ ഡിമാൻറിനെ അനുകൂലിക്കുന്നു. ഗവമ്മെണ്ടു ഒരു ഭീമമായ സംഖ്യ ചെലവുചെയ്തശേഷം അതിന്റെ പുരോഗമനമായ പ്രവത്തനത്തിനുവേണ്ടി സപ്ലിമെൻററി ഗ്രൻറു ആവശ്യപ്പെടുമ്പോൾ അതിനെ എതിർക്കുന്നതു് നല്ല കാര്യങ്ങൾക്കായി പണം ചെലവു ചെയ്യുന്ന സ്വഭാവത്തെപ്പററിയുള്ള അറിവില്ലായ്മകൊണ്ടല്ലേ എന്നു ഞാൻ സംശയിക്കുന്നു. ഈ മണൽക്കമ്പനിക്കുവേണ്ടി ഗവമ്മെണ്ടു ഇതിനകം ഗണ്യമായ തുക ചെലവുചെയ്തുകഴിഞ്ഞു. ഇനി അതിന്റെ പ്രവത്തനം മുന്നോട്ടുകൊണ്ടുപോകുവാൻ ആവശ്യപ്പെട്ടിരിക്കുന്ന ഗ്രാൻറു ഉണ്ടെങ്കിൽമാത്രമെ സാദ്ധ്യമാകയുള്ളു. ആ നിലക്കു് ചോദിച്ചിരിക്കുന്ന ഡിമാൻറു അനുവദിക്കണമെന്നാണ് എന്റെ അഭിപ്രായം.

ബഹു. ശ്രീ. കെ. അയ്യപ്പൻ : രണ്ടുമൂന്നു പ്രധാന സംഗതികളാണ് എനിക്കു ആദ്യമായി ഇവിടെ പറയുവാനുള്ളതു്. അതിനുമുൻപു് ഒരു വസ്തുത ബഹുമാനപ്പെട്ട സഭയെ അറിയിക്കേണ്ടിയിരിക്കുന്നു. ഗവമ്മെണ്ടു ഭാഗത്തുനിന്നും എന്തുപറഞ്ഞാലും, ആ വിഷയത്തെ സംബന്ധിച്ചു എന്തെല്ലാം വിവരം കൊടുത്തുകഴിഞ്ഞാലും ഏതെങ്കിലും ഒരു വിവരമൊ, അല്ലെങ്കിൽ അതിന്റെ ഒരംശമൊ ചില പ്രത്യേക കാരണങ്ങൾകൊണ്ടു് കൊടുക്കുവാൻ നിവൃത്തിയില്ലെന്നു സഭയെ അറിയിച്ചാൽ അതുസംബന്ധിച്ചുള്ള ഒരു വിവരവും തന്നില്ല എന്ന രീതിയിൽ വാദങ്ങൾ പുറപ്പെടുവിക്കുന്നതു് ശരിയല്ല. ശ്രീ. നടരാജപിള്ളയെപ്പോലെയുള്ളവർ ഇങ്ങനെ പറയുന്നതു അവർ പറയുന്നതു വെറും അതിശയോക്തിയാണെന്നു് അറിയാൻ പാടില്ലാതെയാകാൻ തരമില്ല. കോസ്ററ ആഫ് പ്രൊഡക്ഷനെ സംബന്ധിച്ചുള്ള അറിവുകൾ പുറത്തു പറയുന്നതു നന്നായിരിക്കുകയില്ല എന്നുള്ള ഒരൊററ സംഗതിയല്ലാതെ വേറെയൊന്നുംതന്നെ ഇവിടെ ആവശ്യപ്പെട്ടതു് പറയാതിരുന്നിട്ടില്ല. ചോദിച്ച വിവരങ്ങളെല്ലാം പറഞ്ഞിട്ടുണ്ടു്. എന്നിട്ടും മി. നടരാജപിള്ളയെപ്പോലെയുള്ളവർ ചെയ്യുന്ന പ്രസംഗത്തിൽ ഇതുസംബന്ധിച്ചു ഒരു വിവരവും തരാതെ ഒരു ബ്ലാങ്ക് ചെക്കു് ഒപ്പിടുവിക്കുന്നു എന്ന രീതിയിൽ ഒരു ധനാഭ്യത്ഥന കൊണ്ടുവന്നിരിക്കുന്നു എന്നു പറയുന്നതു് സമ്മതിച്ചു കൊടുക്കുവാൻ നിവൃത്തിയില്ല. ആ വാദഗതിയിൽ വളരെ ന്യായമുണ്ടെന്നും തോന്നുന്നില്ല.

Sri. A. Nesamoni : Is it not a necessary question to be put to this Government to know whether this company is working as a profitable concern? Then is it not relevant to know what the working expenses is for processing one ton of mineral?

ബഹു. ശ്രീ. കെ. അയ്യപ്പൻ : അതുതന്നെയാണ് ഞാൻ ഇപ്പോൾ പറഞ്ഞതു്. കാസ്ററ ആഫ് പ്രൊഡക്ഷനെ സാബന്ധിച്ചുള്ള വിവരങ്ങൾ പറയുവാൻ നിവൃത്തിയില്ല. കാസ്ററ ആഫ് പ്രൊഡക്ഷനെ സംബന്ധിച്ചുള്ള വിവരം നൽകാതെതന്നെ ഇതിന്റെ പ്രവർത്തനം ആദായകരമായ ഒന്നാണെന്നു് പറയാൻ സാധിക്കും. ഒരു ലിമിററഡു കമ്പനിയുടെ ഷെയർ ഹോൾഡർമാർ ബോർഡു ആഫ് ഡയറക്ടർമാർക്കു് അനുവദിക്കുന്ന ഗോപന സ്വാതന്ത്ര്യംകൂടി ഈ അസംബ്ലി ഗവമ്മെണ്ടിനു കൊടുക്കുകയില്ലെന്നു പറയുന്നതു് ശരിയല്ല. എന്തുകൊണ്ടാണ് ആ വിവരം പറയാത്തതു എന്നു ചോദിച്ചാൽ, അങ്ങനെ പറയാതിരിക്കുന്നതിന്റെ കാരണം പറയുന്നതുതന്നെ പറഞ്ഞ ഫലം ഉണ്ടാക്കുകയാണ് ചെയ്യുന്നതു്. അതും വിഷമമാണ്. ഏതായാലും കാസ്ററ ആഫ് പ്രൊഡ്കഷനെ സംബന്ധിച്ചുള്ള അറിവുകൾ ഈ സഭയെ അറിയിക്കുന്നതു അത്ര ഭംഗിയായിരിക്കുകയില്ല എന്നു വിചാരിച്ചു ആ ഒരൊററ വിവരമല്ലാതെ വേറെ ഒരു വിവരവും ഇവിടെ പറയാതിരുന്നിട്ടില്ല. ആ ഒരൊററക്കാര്യംവച്ചുകൊണ്ടു് ഒരു വിവരവും തരാതെ ധനാഭ്യത്ഥന അനുവദിക്കണമെന്നാണ് ഗവമ്മെണ്ടു പറയുന്നതു എന്നുള്ള വാദത്തെ സംബന്ധിച്ചു, ഏററവും മൃദുവായ ഭാഷയിൽ പറഞ്ഞാൽ അതു ഗവമ്മെണ്ടിനോടു കാണിക്കേണ്ട ന്യായത്തിനു യോജിച്ചതല്ല എന്നാണ് എനിക്കു പറയുവാനുള്ളതു്.

Sri. K. Sivarama Pillai : May I know, including this supplementary grant, what is the net profit this company has made?

ബഹു. ശ്രീ. കെ. അയ്യപ്പൻ: എന്റെ പ്രസംഗം കഴിയുമ്പോൾ ബഹുമാനപ്പെട്ട മെംബർക്ക് ഇക്കാര്യത്തിലുള്ള സംശയങ്ങളെല്ലാം തീരും. വേറൊരുസംഗതി ഇന്നലെ മി. ശിവരാമപിള്ള പ്രസ്താവിച്ചതാണ്. സാധാരണ കാര്യംമാത്രം പ്രസംഗിക്കാറുള്ള മി. ശിവരാമപിള്ളപോലും ഇന്നലെ ഗവമ്മെണ്ടു ഇരുപതു ലക്ഷംരൂപാ ചെലവാക്കിയിരിക്കുന്നു എന്നു കാണിക്കാൻവേണ്ടി മനഃപൂർവ്വമായി ഒരു ജഗ്ഗിതന്നെ നടത്തുകയുണ്ടായി. കഴിഞ്ഞയാണ്ടിൽ അനുവദിച്ച പതിമൂന്നുലക്ഷം, പിന്നെ ഒരു നാലുലക്ഷം, പിന്നെ ഒരു രണ്ടുലക്ഷം ഇങ്ങനെ ഇരുപതുലക്ഷം എന്നു അദ്ദേഹം പറഞ്ഞു. കഴിഞ്ഞ വർഷം പതിമൂന്നുലക്ഷം രൂപാ വില നിശ്ചയിച്ചതിൽ, വാസ്തവത്തിൽ ഒൻപതേകാൽ ലക്ഷമെ ഈ അസംബ്ളിയുടെ മുൻപിൽ വച്ചിട്ടുള്ളു എന്നു അദ്ദേഹത്തിനറിയാം. ആ പതിമൂന്നുലക്ഷത്തിൽ നാലുലക്ഷം ഇനിയും ബാക്കി നിൽപുണ്ട്. ഈ വസ്തുത അറിയാവുന്ന മി. ശിവരാമപിള്ളപോലും കേവലം എതിർപ്പിനുവേണ്ടി എതിർക്കുവാനായി ഇരുപതു ലക്ഷത്തിന്റെ കണക്കുംപൊക്കിക്കൊണ്ടുവന്നതിൽ എനിക്കു ഖേദമുണ്ട്.

ശ്രീ. എ. നേശമണി: ഒരു ചോദ്യം....were we not assured so?

ബഹു. ശ്രീ. കെ. അയ്യപ്പൻ: സർ, എന്റെ പ്രസംഗത്തിൽ നിന്നു ധരിക്കാവുന്ന വിവരങ്ങൾമാത്രം ധരിക്കുവാനെ ഇപ്പോൾ നിവൃത്തിയുള്ളുവെന്നു ബഹുമാനപ്പെട്ട മെംബറെ ഞാൻ അറിയിച്ചുകൊള്ളുന്നു.

പിന്നെ ഒരു ചോദ്യമുണ്ടായി. എന്തുകൊണ്ടു ഇതിലേക്കു ഇന്നയിന്ന ചെലവുകളെല്ലാം വരുമെന്നു ഗവമ്മെണ്ടു മുൻകൂട്ടി കണ്ടില്ല. ആ ചോദ്യത്തിൽ സ്വല്പം വല്ലതും ന്യായമുണ്ടായേക്കാമെന്നു ഞാനും സമ്മതിക്കാം. കമ്പനി വാങ്ങിക്കഴിഞ്ഞയുടൻ വിദഗ്ദ്ധന്മാരെ എല്പ്പെടുത്തി ആ കമ്പനി നടത്തുവാൻ എന്തു ചെലവു വരുമെന്നുള്ള ഒരു ആലോചന വന്നപ്പോൾ തൽക്കാലം ഒരു ലക്ഷംരൂപാ ബഡ്ജററിൽ വെക്കാമെന്നു ഗവമ്മെണ്ടു നിശ്ചയിക്കുകയാണുണ്ടായതു്. ഏററവും സൂക്ഷ്മമായ കണക്കെടുത്തു ക്ലിപ്തമായ തുക അപ്പോൾ നിശ്ചയിക്കാമായിരുന്നില്ലേ എന്നു ചോദിക്കുന്നതിൽ തെററില്ല. പക്ഷെ ഗവമ്മെണ്ടിന്റെ പേരിൽ അതു് ഒരു ഭീമാപരാധമായി ഗണിക്കുന്നതു് സാഹസമാണ്. ഈ ചെലവു ഫാക്ടറിക്കുവേണ്ടിയോ പുതിയകെട്ടിടംപണിക്കുവേണ്ടിയോ ഉള്ളതല്ല. അവിടെ വേല നടത്തിക്കുന്നതിനാവശ്യമുള്ള എസ്റ്റാബ്ളിഷ്മെൻറു ചെലവിലേക്കും മണൽക്കമ്പനി കൺട്രാക്ടുമാർക്കുള്ള ചെലവിനും വേണ്ടിയാണ് ഈ തുക ആവശ്യപ്പെട്ടിരിക്കുന്നതു്. വേറെ ഒരു ചെലവിനുമല്ല.

മററു ചില ബഹുമാനപ്പെട്ട അംഗങ്ങൾ കോൺസ്റ്റിറ്റ്യൂഷനൽ ലായുടെ അത്യുന്നതശൃംഗങ്ങളിൽ കയറിനിന്നുകൊണ്ടു് ഗവമ്മെണ്ടിനോടു ചോദിക്കുകയാണ്, ഈ കമ്പനി ഗവമ്മെണ്ടിന്റെ കയ്യിൽനിന്നും പോയാലോ? അതുകൊണ്ടു് രണ്ടുലക്ഷംരൂപാകൂടി ചെലവാക്കാതിരിക്കുകയല്ലേ നല്ലതു എന്നു്. വാസ്തവത്തിൽ ഈ മിനറൽസിനെ സംബന്ധിച്ചു് ഉള്ള നില എന്തുതന്നെയായിരുന്നാലും, അതായതു് ഇതു മുഴുവനും നമ്മുടെ കയ്യിൽനിന്നും ഇൻഡ്യാഗവമ്മെണ്ടിലേക്കു് പോകുകയാണെങ്കിൽത്തന്നെയും നമ്മുടെ പണത്തിനു യാതൊരുവിധമായ പോക്കുണ്ടാകയില്ല. ബഹുമാനപ്പെട്ട മെമ്പർ പട്ടം താണുപിള്ള പറയുന്നു, കേന്ദ്രത്തിൽനിന്നും ഡിക്ററേററു ചെയ്യുമ്പോൾ നമ്മൾ അനുസരിക്കാതെ നിവൃത്തിയില്ലെന്നു്. ആ മാതിരി യാതൊന്നും ഇതിനെ സംബന്ധിച്ചിടത്തോളം വിചാരിക്കേണ്ട ആവശ്യമില്ല. നമ്മുടെ അവകാശംകൂടി നോക്കാതെ ഇൻഡ്യാഗവമ്മെണ്ടു ഈ കാര്യത്തിൽ ഒന്നും ചെയ്യുകയില്ല. ആ സ്ഥിതിക്കു് ഡിക്ടേഷൻ എന്നു പറയുന്നതിൽ അർത്ഥമില്ല. ഇൻഡ്യാഗവമ്മെണ്ടിന്റെ ഘടകമായിരിക്കുന്ന ഈ ഗവമ്മെണ്ടിന്റെ ന്യായമായ അവകാശം എടുത്തുകൊണ്ടുപോകുമെന്നു പറയുന്നതു ഒരിക്കലും ശരിയല്ല. ആയതിനാൽ നാം ഇതിലേക്കുവേണ്ടി ഇത്രയും പണം ചെലവാക്കിയ സ്ഥിതിക്കു ഇനിയും ഒരു രണ്ടുലക്ഷം രൂപകൂടി ചെലവാക്കാതിരിക്കുന്നതു ഒരിക്കലും ബുദ്ധിപൂർവ്വമല്ല. അതല്ലാതെ വെറും എതിർപ്പിനുവേണ്ടിയാണെങ്കിൽ അതിൽ എന്തു പ്രയോജനമാണുള്ളതു്.

Sri. R. K. Ram : Is the order about the Central Government on salt nationalisation a dictation ?

Sri. P. Balakrishnan Tampi : The Hon'ble Minister has not answered.

The Hon'ble Sri. K. Aiyappan : I am not yielding.

Sri. P. Balakrishnan Tampi : It is scant courtesy for the Minister not to yield.

Mr. Speaker: The Hon'ble Member ought not to have asked the question before he knew that the Minister would yield.

Sri. P. Balakrishnan Tampi: The convention of the House is that—with the Speaker's permission, I say—the Hon'ble Ministers should yield to the questions, whether the question is nonsensical or sensible. They should yield out of courtesy to a member, and especially a member of the opposition.

Sri. A. Nesamony: Does not the Hon'ble Member know that it is not the habit of this Government? (Laughter)

Mr. Speaker: Mr. Nesamoney's observation was not in order especially as it amounted to an interruption to the Speakers remark's meant as a reply to Sri. Thampi's observations.

Sri. A. Nesamony: I am sorry for having crossed the floor like that, but that question from the opposition should have elicited an answer.

Mr. Speaker: The Minister has clearly suggested a course in respect of his answering questions on this matter. He desired that he might finish his speech so that all relevant matters may be made avaibable to the House and expressed his readiness to answer thereafter all questions relevant to the motion under discussion.

Sri. K. P. Nilakanta Pillai: May I know from the speech so far made, what is the one point which the Minister has dealt with? *(Laughter).*

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഞാൻ പ്രത്യേകമായ യാതൊരുദ്ദേശത്തോടുകൂടി ഒരു പോയിൻറിനെപ്പററിയും പറഞ്ഞിട്ടില്ലെന്നുള്ളതു് അറിയാവുന്നവക്കറിയാം.

Sri. K. P. Nilakanta Pillai: May I request the Minister to yield for one question?

The Hon'ble Sri. K. Ayyappan: Then, I will have to yield to the other questions also, സർ, ഇതു് ആദായകരമാണോ അല്ലയോ എന്നാണു് വേറെ ഒരു ചോദ്യം. ഇതു് ആദായകരമാണെന്നും അതിൽ ധാരാളം പ്രൊഡക്ഷൻ ഉണ്ടെന്നും ഞാൻ മുമ്പു പറഞ്ഞിട്ടുണ്ടു്. ഒരു മാസത്തിൽ ഇത്ര ടൺ വീതം ഉണ്ടാക്കുന്നു എന്നും പറഞ്ഞിട്ടുണ്ടു്. അതിൻെറ വിലയെപ്പററിയാണെങ്കിൽ ഒരു ടൺ ഇൽമിനേററിനു് ൪൦ ഷില്ലിംഗ് വരെ വിലയുണ്ടു്. നമ്മുടെ ആദായത്തിൽ വക്കിംഗ് എക്സ്പെൻസ് കഴിഞ്ഞുള്ള പ്രാഫിററിൽ ൧൫ ശതമാനം ഗവമ്മെണ്ടിനും ൨൫ ശതമാനം കമ്പനി ഉടമസ്ഥനുമാണുള്ളതു്. എന്നാൽതന്നെയും നമുക്കു വലിയ ഒരാദായമുള്ള എപ്പാടാണിതു്. ഗവമ്മെണ്ടിൻെറ ധനാഗമമാർഗ്ഗങ്ങളിൽ ഇതു് ഒട്ടും അപ്രധാനമല്ലാത്ത ഒരിനവുമാണു്. ഈ നിലയെ അടിസ്ഥാനപ്പെടുത്തിയാണു് ഈ കമ്പനി ഗവമ്മെണ്ടിലേക്കു് എടുത്തതു്. അതല്ലാതെ രാജനിർമ്മാതാക്കന്മാർക്കുവേണ്ടിയല്ല. ഈ കമ്പനി വല്ലപേരുടേയും കയ്യിൽ പോകുമല്ലോ എന്നുവിചാരിച്ചു ഗവമ്മെണ്ടുതന്നെ എടുക്കുകയാണു് ചെയ്തതു്. ബഹു. മെമ്പർ താണുപിള്ള പറയുന്നു, ഗവമ്മെണ്ടുഭാഗത്തുനിന്നുമുള്ള മറുപടി തൃപ്തിപ്പെടുത്തുന്നതല്ലെന്നു്. തൃപ്തിപ്പെടാത്തവരെ തൃപ്തിപ്പെടുത്താൻ ഒരിക്കലും സാദ്ധ്യമല്ല.

Sri. A. Thanu Pillai: Is it parliamentary to cast such aspersions on the members? Then Government will be equally open to such aspersions? I wish to know.

Mr. Speaker: Which part of the statement is it that is said to amount to an aspersion?

Sri. A. Thanu Pillai: Is it right to say that a member has come here with the intention of not being convinced? Is it parliamentary?

Sri. A. Abdul Razak: In plain language he said that he could not convince those who deliberately refuse to be convinced.

Mr. Speaker: I do not find anything unparliamentary in the statements.

ബഹു. ശ്രീ. കെ. അയ്യപ്പൻ: ബഹു. താണുപിള്ളയോടു എനിക്കു പറയാനുള്ളതു്, ഈ സന്ദർഭത്തിൽ അദ്ദേഹത്തിൻെറ ഭാഷയിൽ ഞാൻ പറഞ്ഞുവെന്നേയുള്ളൂ.

Sri. A. Thanu Pillai: That again is an insinuation.

Mr. Speaker: Order, order. I wish to inform the Hon'ble Ministers and the other hon'ble members that not only personal charges against the members are not to be resorted to, but that it is also desirable that statements casting reflections on the conduct of members and thereby amounting to personal charges are also avoided.

ബഹു. ശ്രീ. കെ. അയ്യപ്പൻ: ബഹു. മെമ്പറിനെപ്പററി എന്തെങ്കിലും റിഫ്ളക്ററു ചെയ്തു പറഞ്ഞുവെന്നു് അദ്ദേഹത്തിനു തോന്നുന്നുവെങ്കിൽ അതിൽ അർത്ഥമില്ല. ഗവമ്മെണ്ടിൻെറ ഇഗനറൻസ്എന്നും ഇൻകപ്പാസിററിയെന്നുമുള്ള പദങ്ങൾ വളരെ ശക്തിയായി അദ്ദേഹം പ്രയോഗിച്ചതു് എല്ലാവരും കേൾക്കയുണ്ടായി. അതിനെപ്പററി ചിന്തിച്ചതിൽ അതു് ഒരു റെലിക് നോട്ടു് അല്ലേയെന്നു ഞാൻ സംശയിക്കുന്നു. ചിലയാളുകൾ മാത്രമുള്ള

[The Hon'ble Sri. K. Ayyappan]

ഗവമ്മെണ്ടു ചെയ്യുന്നതെല്ലാം ശരിയെന്നും, മററുചിലർ ഇല്ലാത്ത ഗവമ്മെണ്ടു ചെയ്യുന്നതെല്ലാം തെററാണെന്നും തോന്നാവുന്നതാണ്.

Sri. A. Thanu Pillai: I wish to know whether that observation is right. How does that question arise?

Mr. Speaker: When a member is making a statemant it is not right for another member to rise at every turn to ask for explanation for each and every part of the statement especially when the member on his legs has not yielded. If there is anything said in the course of the statement which demands elucidation from the member or which calls for an explanation from another member that has reasonably to be done after the member finishes his speech.

ബഹു. ശ്രീ. കെ. അയ്യപ്പൻ: സർ, ഏതായാലും എനിക്ക് ഈ സംഗതിയെപ്പററി ഇനിയും കൂടുതലായിട്ടു പറയാൻ ഒന്നുമില്ല. ആക്കെങ്കിലും എന്തെങ്കിലും കൂടുതൽ വിവരം അറിയണമെന്നുണ്ടെങ്കിൽ അതു നൽകുന്നതിനും വിരോധമില്ല.

Sri. K. P. Nilakanta Pillai: About the incapacity, may I know from the Hon'ble Minister whether there is an expert who knows the business in the factory and secondly what is the exact nature of the minerals which are stocked and what are the contents of those minerals—whether they contain ilemenite, thorium, monazite and uranium. May I know whether the Government has any idea about the materials sold, and the position of the Government in the matter of exporting this particular raw material?

Sahib Bahadur Abdul Aziz: Does the hon'ble member think that thorium is extracted out of monazite?

മിസ്റ്റർ സ്പീക്കർ: ചോദ്യം ചോദിച്ചു സമയം കളയുന്നതു ശരിയല്ല.

Sri. K. P. Nilakanta Pillai: We want to know whether there were experts.

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഈ ഫാക്ടറി നടത്താൻ പരിജ്ഞാനമുള്ള ആളുകൾ ഇതിലുണ്ട്. ഗവമ്മെണ്ടിനെ സംബന്ധിച്ചിടത്തോളം ജിയോളജി ഡയറക്ടർ ഈ കാര്യത്തിൽ വിദഗ്ദ്ധനാണ്. ഈവക കാര്യങ്ങളിലേക്കു വേണ്ട ഉപദേശം നൽകുന്നതിനു വിദഗ്ദ്ധന്മാരില്ലെന്നു വിചാരിക്കേണ്ടയാവശ്യമില്ല.

Sri. A. Thanu Pillai: I wish to know from the Hon'ble Minister whether he expects under gross receipts a higher figure?

The House adjourned for lunch at 1 p.m. and re-assembled at 2 p.m. with Mr. Speaker (The Honb'le Sri. T. M. Verghese) in the chair.

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഗവമ്മെണ്ടിനു വിദഗ്ദ്ധന്മാരുടെ ഉപദേശമുണ്ടോ എന്നുള്ള കാര്യത്തെപ്പററിയാണ് ഒരു സംശയം ഉണ്ടായതു്. അതിനെ സംബന്ധിച്ചു ഞാൻ ഗവമ്മെണ്ടിന്റെ നില വിശദമാക്കി. ഇതിനുമുമ്പ് ഈ കമ്പനി നടത്തിയിരുന്ന അതിന്റെ ജനറൽ മാനേജരായിരുന്ന ആളിനെത്തന്നെ നമ്മുടെ ഈ ഫാക്ടറിയുടെ ജനറൽ മാനേജരായി നിയമിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. അദ്ദേഹം വളരെ സമർത്ഥനായ ഒരാളാണെന്നാണ് ഗവമ്മെണ്ടിന്റെ അറിവ്. അദ്ദേഹത്തെത്തന്നെ ജനറൽ മാനേജരായി വയ്ക്കാൻ ഉദ്ദേശിച്ച് എഗ്രിമെന്റ് ഒപ്പിടുവാൻ അദ്ദേഹത്തിനയച്ചിട്ടുണ്ട്. അദ്ദേഹം ഇതുവരെ ഒപ്പിട്ടയച്ചിട്ടില്ല. അദ്ദേഹത്തിന്റെ കീഴിൽതന്നെ ജോലിചെയ്തിരുന്ന മി. വിശ്വനാഥനും മി. ഫെൻഡേഴ്സനും ഇപ്പോഴും കമ്പനിയിൽ ജോലിനോക്കിവരികയാണ്. കമ്പനിയിൽ ഗവമ്മെണ്ടിനെ സംബന്ധിച്ചുള്ള ജോലി അപ്പോഴപ്പോൾ നോക്കിക്കൊള്ളുവാൻ ജിയോളജി ഡയറക്ടരും ഉണ്ട്. അതുകൊണ്ട് ഈ കാര്യത്തിൽ ഗവമ്മെണ്ടിനു വേണ്ട വിദഗ്ദ്ധോപദേശം കിട്ടുകയില്ലായെന്നു വിചാരിക്കാൻ ന്യായമില്ല. പിന്നെ ഇപ്പോൾ അൻപതിനായിരം ടൺ ലോഹമണൽ വില്പനക്കു തയാറുണ്ട്, ഇതു വില്പനക്കു നൽകുന്നതിനെപ്പററി ഇതുവരെ തീർച്ചപ്പെടുത്തിയിട്ടില്ല, എന്നു പറയുന്നതു ശരിയല്ല. മുപ്പത്തിനാലായിരം ടണ്ണോളം വില്ക്കാനുള്ള കോൺട്രാക്ട് നിശ്ചയിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ കമ്പനിക്കാർ അഞ്ചു കൊല്ലത്തിൽ മുപ്പതിനായിരം മുതൽ അൻപതിനായിരം ടൺ വരേയും എടുത്തുകൊള്ളാമെന്നും നാം കൊടുത്തുകൊള്ളാമെന്നും ഒരു ഏർപ്പാടുണ്ടായിട്ടുണ്ട്. ഇതിനുംപുറമേ ഗവമ്മെണ്ടു പല കമ്പനികളുമായി ഇതിന്റെ വില്പന സംബന്ധിച്ചു നെഗോഷിയേഷൻസ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ മാസം നാലായിരം മുതൽ അയ്യായിരംവരെ ടൺ പ്രൊഡ്യൂസി ചെയ്യുന്നുണ്ട്. ഇതു ചിലവാക്കാൻ സാധിക്കുമെന്നും ഇങ്ങനെ നമുക്കു മാസംതോറും പ്രൊഡ്യൂസ്ചെയ്യാൻ സാധിക്കുമെന്നും അങ്ങനെ ചിലവാക്കിയാൽ നല്ല ആദായം നമുക്കു കിട്ടു

മെന്നും ഉള്ളതു തീർച്ചയാണു്. അതുകൊണ്ടു് ഇതു് ആദായകരമായ ഒരു ഏർപ്പാടാണെന്നുള്ളതിനെപ്പററി ബഹുമാനപ്പെട്ട മെമ്പറന്മാർ സംശയിക്കേണ്ടതില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്. പിന്നെ ഒരു സംഗതി എനിക്കു പറയുവാനുള്ളതു് ഇന്നു രാവിലെ ഞാൻ നൽകിയ പ്രസ്താവനയെപ്പററിയാണു്. ഇങ്ങനെ ഗവമ്മെണ്ടുഭാഗത്തുനിന്നും വരുന്ന പ്രസ്താവനകളെ ഒരു 'സ്പോട്ട്സ്മെൻ സ്പിരിട്ടി'ൽ എടുക്കേണ്ടതാണു്. അല്ലാതെ അതു മറെറപ്രകാരത്തിൽ എടുക്കരുതെന്നു് എനിക്കൊരപേക്ഷയുണ്ടു്. ഒന്നു പറയുമ്പോൾ പകരമായി വേറെ ഒന്നു പറഞ്ഞുപോകുമെന്നേ ഉള്ളു. അതിൽ ഒരു ആരോപണവും ഉദ്ദേശിച്ചിട്ടില്ല.

Sri. K. Sivarama Pillai : Is it not applicable to both sides ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : അതിലും അത്രേയുള്ളു. എന്റെ രാവിലത്തെ പ്രസംഗംകൊണ്ടു് ഏതെങ്കിലും ഒരു മെമ്പർക്കു വിരസമായി വല്ലതും തോന്നിയിട്ടുണ്ടെങ്കിൽ ഞാൻ വ്യക്തിപരമായ ആരോപണമൊന്നും ഉദ്ദേശിച്ചല്ല പറഞ്ഞതു്, അങ്ങനെ ആരേയും പറയാറും ഇല്ല എന്നാണു് എനിക്കു പറയുവാനുള്ളതു്. എന്റെ ഭാഷയിൽ അങ്ങനെ ആർക്കെങ്കിലും തോന്നിയിട്ടുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പറന്മാർ അതിനെ അങ്ങനെ എടുക്കരുതെന്നു് എനിക്കപേക്ഷയുണ്ടു്. ഗവമ്മെണ്ടിൽനിന്നും കൊണ്ടുവന്നിട്ടുള്ള ധനാഭ്യർത്ഥന സംബന്ധിച്ചു് ഏതെല്ലാം വിവരങ്ങൾ മെമ്പറന്മാരെ അറിയിക്കാമോ അതെല്ലാം അറിയിച്ചിട്ടുണ്ടു്. ഡിമാൻഡ് പാസ്സാക്കുന്നതിനുമുമ്പു മെമ്പർമാർക്കു് എല്ലാവിവരങ്ങളും ആവശ്യപ്പെടാവുന്നതാണു്. അതിനെ ഞാൻ സ്വാഗതംചെയ്യുന്നുമുണ്ടു്. ആവക കാര്യങ്ങളിൽ അഭിപ്രായവ്യത്യാസമില്ല. ആവശ്യമായ വിവരങ്ങളെല്ലാം തന്നുകഴിഞ്ഞിട്ടുണ്ടു്. കൂടുതൽ വിവരം ഇനിയും ആവശ്യപ്പെടുകയാണെങ്കിൽ കഴിവുള്ളിടത്തോളം വിവരങ്ങളെല്ലാം ബഹുമാനപ്പെട്ട സഭയുടെ മുമ്പാകെ വയ്ക്കാൻ തയാറുമാണു്.

Sri. K. Sivarama Pillai : What is the net profit expected up to March 31st ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : മുപ്പത്തിനാലായിരം ടൺ വില്ക്കുന്നുണ്ടു്. നാല്പതു ഷില്ലിംഗ്സു വച്ചു കണക്കാക്കി കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ ഒഴിച്ചു ബാക്കിയുള്ളതു ലാഭമാണു്.

സാഹിബ് ബഹദൂർ മെഴ്ചിൻകുഞ്ഞു് : ഈ കമ്പനി ഗവമ്മെണ്ടു് ഏറെറടുത്തശേഷം മുമ്പുണ്ടായിരുന്ന കൺട്രാക്ടർമാരെ മാററിനിർത്തിയിട്ടു് വേറെ കൺട്രാക്ടർമാരെ നിയമിച്ചിട്ടുള്ളതായി അറിയാമോ ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : ഗവമ്മെണ്ടു് ഇപ്പോൾ ഈ കമ്പനിയെ സംബന്ധിച്ചിടത്തോളം ഒരു വില്പനയിൽ ഏർപ്പെട്ടിരിക്കുകയാണു . അങ്ങനെ വില്പന നടത്തുന്ന അവസരത്തിൽ അതിനെ മാററിവെച്ചിട്ടു് അതായതു് പഴയ സമ്പ്രദായം മാററിയിട്ടു് വേറെ സമ്പ്രദായം കൊണ്ടുവരുന്നതിനെപ്പററി ആലോചിക്കുവാൻ തരപ്പെടുകയില്ല. ഏതായാലും ഈ സംഗതിയെപ്പററി അന്വേഷിക്കുന്നതാണു്.

Sri. D. Gnanasigamony : Are the Government sure that this concern will not end in a loss ?

The Hon'ble Sri. K. Ayyappan : Government are absolutely sure.

ശ്രീ. എ. താണുപിള്ള : കമ്പനി ഗവമ്മെണ്ടു് ഏറെറടുത്തശേഷം എത്ര ടൺ പ്രൊഡ്യൂസ് ചെയ്തിട്ടുണ്ടു് ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : ഏകദേശം നാല്പത്തീരായിരം ടൺ ആണെന്നു തോന്നുന്നു.

ശ്രീ. എ. താണുപിള്ള : ചിങ്ങമാസത്തിൽ എടുത്തു എന്നു പറയുന്നു. അങ്ങനെയാണെങ്കിൽ മൂന്നുമാസത്തേക്കു പതിനയ്യായിരം ടണ്ണല്ലാതെ എങ്ങനെ നാല്പത്തീരായിരം ടൺ ഉണ്ടായി ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : കമ്പനി ഗവമ്മെണ്ടിലേക്കു് എടുത്തതു കഴിഞ്ഞ ജൂൺ മാസത്തിലായിരുന്നു.

ശ്രീ. എ. താണുപിള്ള : ഗവമ്മെണ്ടു് ഏറെറടുത്തശേഷം അനുവദിച്ചിട്ടുള്ള ഈ ഒരുലക്ഷം രൂപായും ചെലവായിട്ടുണ്ടെന്നാണോ പറഞ്ഞതു് ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : വർക്കിംഗ് എക്സ്പെൻസ്, സ്റ്റാഫിന്റെ ശമ്പളം മുതലായവയാണു് ഇതിൽ ഉൾപ്പെടുത്തിട്ടുള്ളതു്. ഇതിൽ വന്ന ലക്ഷം രൂപാ ചിലവായി. ബാക്കി ഫർ ലക്ഷം ഉണ്ടു്.

Sri. D. Gnanasigamony : May I know the establishment charges per month ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: വ്വ ൦ ൦ രൂപയിൽ ഒന്നും ൫ ൦ ൦ രൂപയിൽ ഒന്നും ഇങ്ങനെ രണ്ട് ഉദ്യോഗസ്ഥന്മാർ. അതിനു താഴെ മററു മുപ്പതു് ഉദ്യോഗസ്ഥന്മാർ. പിന്നെ ഡെയിലി ശമ്പളക്കാർ, വീക്ക്ലി ശമ്പളക്കാർ, അതിനും കുറെ വേണ്ടിവരും.

മി. സ്പീക്കർ: ട്രാവൻകൂർ മിനറൽസ് വക്കിംഗ് എക്സ്പെൻസസ്സിനു രണ്ടുലക്ഷം രൂപാ ഗ്രാൻറ് ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാൻറാണ് സഭയുടെ മുമ്പാകെ ഉള്ളതു്. ഇതു് അനുകൂലിക്കുന്നവർ എത്രപേരുണ്ടെന്നു് അറിഞ്ഞാൽ കൊള്ളാം.

The demand was put to vote and carried. The grant was made.

48 (c) Cost of lands acquired and leased out to industrial concerns

Mr. Speaker: Hon'ble Sri, Kunjuraman will move for the supplementary grant.

The Hon'ble Sri. N. Kunjuraman: Sir, I move for a supplementary grant of Rs. 68,247 under the Budget head 48 (*c*) Cost of lands acquired and leased out to industrial concerns.

ഈ ധനാഭ്യർത്ഥന ആവശ്യമായി വന്നതു് ഗവമ്മെൻറിൽനിന്നും ഫാറസ്റ്റ് ഇൻഡസ്ട്രീസിന്റെ കാര്യത്തിലേയ്ക്കു് പൊന്നും വിലകൊടുത്തു് എടുത്തിട്ടുള്ള സ്ഥലത്തിന്റെ ആവശ്യത്തിനാണ്. ആലുവാ പകുതിയിൽ ൧ ൦ ഏക്കർ ൩ സെൻറ് സ്ഥലമാണ് ഇങ്ങനെ പൊന്നും വിലയ്ക്കു് എടുക്കാൻ ഇടയായിട്ടുള്ളതു്. ആ സ്ഥലം ഗവമ്മെൻറ് കമ്പനിയെ ഏൽപ്പിച്ചുകഴിഞ്ഞിട്ട് ഇപ്പോൾ ഏകദേശം ഒരു കൊല്ലക്കാലമായി എന്നാൽ, അതിനെ സംബന്ധിച്ചു് ചില കേസുകൾ ഉണ്ടായിരുന്നതു് ഈ അടുത്തകാലത്തു മാത്രമാണ് തീരുമാനം ചെയ്തിട്ടുള്ളതു്. അതുകൊണ്ടാണ് കഴിഞ്ഞ ബഡ്ജററുകാലത്തുതന്നെ ഈ തുക ധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്താതിരുന്നതു്. അങ്ങനെ ഗവമ്മെൻറിൽനിന്നും കൊടുക്കുന്ന തുകയ്ക്കു് അഞ്ചുശതമാനം പലിശ കണക്കാക്കി ഇരുപതുകൊല്ലത്തെ പാട്ടവ്യവസ്ഥയിലാണ് ഈ സ്ഥലം കമ്പനിയെ ഏൽപ്പിച്ചിരിക്കുന്നതു്. ഈ ധനാഭ്യർത്ഥന സ്വീകരിക്കുന്നതിന് യാതൊരു വൈഷമ്യവും ഉണ്ടാകുകയില്ലെന്നു് ഞാൻ പ്രതീക്ഷിക്കുകയും ഇതു് സ്വീകരിക്കണമെന്നു് ഞാൻ അപേക്ഷിക്കുകയും ചെയ്യുന്നു.

Sri. K. Sivarama Pillai May I know the actual rent fixed?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അഞ്ചു ശതമാന പലിശ കിട്ടത്തക്കവണ്ണം പാട്ടത്തിനു വിട്ടുകൊടുത്തിരിക്കയാണ്.

Sri. K. Sivarama Pillai Is there any lease deed being executed?

The Hon'ble. Sri N. Kunjuraman: Yes. The condition is like that Generally when Government lease out lands, lease is calculated on the basis of 5 % interest on the cost of acquisition.

സാഹിബ് ബഹദൂർ. മൈതീൻകുഞ്ഞു്: ഈ ഫാറസ്റ്റ് ഇൻഡസ്ട്രീസ് കമ്പനി ലിക്വിഡേററു ചെയ്യുന്നു എന്നതു് ശരിയാണോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഇതു് ഇതിൽനിന്നും ഉൽഭവിക്കുന്നതല്ലെങ്കിലും പറയാം. അവിടെ കുറെ കുഴപ്പങ്ങൾ ഉണ്ടു്. അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. എൻ. പി. വറുഗീസ്: ഈ കമ്പനിയുടെ ഇന്നത്തെ നില എന്താണ്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അതാണ് ഞാൻ പറഞ്ഞതു്. അവിടെ ചില കുഴപ്പങ്ങൾ ഉണ്ടു് ഗവമ്മെൻറ് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടു് എന്നു്.

ശ്രീ. എൻ. പി. വറുഗീസ്: ഇതു് ഇപ്പോളത്തെ മാനേജുമെൻറിനു് വിട്ടുകൊടുക്കണമെന്നോ അതോ ഗവമ്മെൻറ ഏറെറടുക്കണമെന്നാണോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഇതു് ഗവമ്മെൻറിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

Sri. K. K. Challappan Pillai: Why is it that it was not anticipated at the time of framing the budget.

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അതു സംബന്ധിച്ചു ചില കേസുകൾ ഉണ്ടായിരുന്നതു് തീരുമാനം ഉണ്ടായതു് കഴിഞ്ഞ ബഡ്ജററിനു ശേഷമാണ്. അതുകൊണ്ടു് ഇപ്പോൾ മാത്രമേ ധനാഭ്യർത്ഥന ഹാജരാക്കാൻ സാധിച്ചുള്ളു.

Sri Eapen Arakkal: This is a supplementary motion for a small sum, the principle of which has been already accepted. May I know whether a number of questions can be asked covering the whole policy of Government.

Mr. Speaker : In considering a demand for a supplementary grant, the general policy that guides the Government in regard to the Department Concerned cannot be made the subject matter of discussion. But information as the necessity for the supplementary grant can be asked for and discussion to that extent is allowable.

ശ്രീ. കെ. എ. മാത്യു : ഫാറസ്റ്റ് ഇൻഡസ്ട്രീസ് കമ്പനി ഗവമ്മെൻറിൽനിന്നും ആധിറ ചെയ്തോ?

ബഹു. ശ്രീ. എം. കുഞ്ഞുരാമൻ : ആധിറ ചെയ്തു.

ശ്രീ. കെ. എ. മാത്യു : അതിൽ എത്രമാത്രം നഷ്ടമുണ്ടെന്നാണ് കണ്ടിട്ടുള്ളത്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : അതു സംബന്ധിച്ച വിവരം കൈവശമില്ല.

Sri. K. Sivarama Pillai : Is the lease entered into after knowing fully well that everything is not well with the Company?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : No. കമ്പനിയിൽ ചില കുഴപ്പങ്ങൾ ഉണ്ട്. ഗവമ്മെൻറ് അതേപ്പററി വേണ്ട നടപടികൾ നടത്തിക്കൊണ്ടിരിക്കയാണ്.

ശ്രീ. കെ. ആർ. ഇലങ്കത്ത് : ഒരു സന്നിഗ്ദ്ധാവസ്ഥയിൽ എത്തിയിരിക്കുന്ന കമ്പനിക്ക് വസ്തുവകകൾ ഇനിയും കൊടുത്താൽ അത് നഷ്ടപ്പെടുത്താൻ ഇടയില്ലേ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : അങ്ങനെ വരാതിരിക്കാൻ ഗവമ്മെൻറ് ശ്രദ്ധിക്കുന്നതായിരിക്കും.

സാഹിബ് ബഹദൂർ ടി. എ. മൊയ്തീൻ കുഞ്ഞ് : സർ, ഈ ഫാറസ്റ്റ് ഇൻഡസ്ട്രീസ് ആരുടെ വകയാണ്.

ബഹു. ശ്രീ എൻ. കുഞ്ഞുരാമൻ : അതൊരു കമ്പനി വകയാണ്.

സാഹിബ് ബഹദൂർ ടി. എ. മൊയ്തീൻകുഞ്ഞ് : അതിന്റെ മാനേജിങ്ങ് ഡയറക്ടർ ആരാണെന്നു പറയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : ശ്രീ. ശേഷസായി ആണ്.

ശ്രീ. പാറം തളിയത്ത് : ഫസ്റ്റ് വ്യ-ൽ ഈ കമ്പനിയിൽ ലാഭമുണ്ടായിരുന്നതായി ഗവമ്മെൻറിന് അറിയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : അറിയാം. ഏതായാലും ഗവമ്മെൻറ് സ്ഥലം എടുത്തുകഴിഞ്ഞു സ്ഥിതിക്ക് പ്രതിഫലം കൊടുക്കേണ്ടത് ഗവമ്മെൻറിന്റെ ചുമതലയാണ്.

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഈ കമ്പനിയുടെ ഭാവി പ്രവർത്തനം സംബന്ധിച്ച് നിശ്ചിതമായ വല്ല പദ്ധതിയും ഗവമ്മെൻറിന് ഉണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : അത് ഗവമ്മെൻറിന്റെ ആലോചനയിൽ ഇരിക്കയാണ്.

ശ്രീ. കളത്തിൽ വേലായുധൻ നായർ : പിന്നെ എന്തിനാണ് സ്ഥലം ഇപ്പോൾ എടുത്തത്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : സ്ഥലം നേരത്തെ എടുത്തുകഴിഞ്ഞതാണ്.

The Demand was put to vote and carried
The grant was made

62. Travancore Minerals Capital Expenditure

The Hon'ble Sri. K. Ayyappan : I move for a grant of Rs. 4,11,386—5—9 under Head 62 Travancore Minerals Capital expenditure in the Budget for 1125 M. E.

ഇത് ഫസ്റ്റ് വ്യ-ൽ ചിലവാനം ലക്ഷം രൂപാക്ക് ട്രാവൻകൂർ മിനറൽസ് കമ്പനി വാങ്ങിയ വകയിൽ ബാക്കി കൊടുക്കേണ്ടതായ സംഖ്യയാണ്. ഇതൊരു അഡ്ജസ്റ്റമെൻറ് മാത്രമാണ്. കമ്പനിയിൽനിന്നും ൫ ലക്ഷം രൂപ ഗവമ്മെൻറിന് വരാനുണ്ട്. കഴിഞ്ഞ തവണ ഇതുപോലെ ൯½ ലക്ഷത്തിന് ഒരു ഡിമാൻറ് വന്നപ്പോൾ ചില മെമ്പർമാർ ബാക്കി സംഖ്യയുടെ ഡിമാൻറ് ഈ അസംബ്ലിയിൽ കൊണ്ടുവരേണ്ടതാണെന്ന അഭിപ്രായം പുറപ്പെടുവിക്കുകയുണ്ടായി. ആ അഭിപ്രായത്തെ പുരസ്കരിച്ചാണ് ഈ അഡ്ജസ്റ്റമെൻറ് സഭയുടെ അനുവാദം വാങ്ങുവാനായി കൊണ്ടുവന്നിരിക്കുന്നത്.

The Hon'ble Sri. A. J. John : I second it.

Sri. K. Sivaraman Pillai : Sir, there is no budget head as 62, the last budget head being only 48.

Mr. Speaker: The Hon'ble Member wants to know the correct budget head to which this demand relates.

Debt Head—III D. Suspense—C. (ii) Special Deposits and Shares in Industrial Development concerns

Hon'ble Sri. K. Ayyappan: I move for the grant of Rs. 14,91,750 under Debt Head—III D Suspense—C (ii) Special deposits and shares in industrial development concerns in the budget for 1125 M. E.

സർ, ചവറ മിനറൽസ് കമ്പനി എടുക്കുന്നതിനുമുമ്പ് ഗവണ്മെൻറിന് വേറൊരു ഉദ്ദേശംകൂടി ഉണ്ടായിരുന്നു. അതായതു ഈ മിനറൽസ് പ്രോഡക്റ്റ്സ് ഇവിട തന്നെ ഉണ്ടാക്കുന്നതിന് വേണ്ട ഏർപ്പാട് ചെയ്യണമെന്ന്. അതിലേക്ക് വേണ്ടിയാണ് ഈ കമ്പനി സ്ഥാപിച്ചിട്ടുള്ളത്. ഈ കമ്പനി ആദ്യം ൩ ന്നു ലക്ഷം രൂപാ ക്യാപ്പിററലോടുകൂടിയാണ് തുടങ്ങിയത്. ഇപ്പോൾ ആ സംഖ്യ പോരെന്നുതോന്നിയതുകൊണ്ട് ൧൪ ലക്ഷം രൂപയായി കൂട്ടി.

ശ്രീ. എ. താണുപിള്ള: എത്ര കമ്പനിയുടെ കാര്യമാണ് പറയുന്നത്?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ട്രാവൻകൂർ ടൈററാനിയം പ്രോഡക്റ്റ്സാണ്. ഈ കമ്പനി റെയിസ് ചെയ്ത ഓഹരികൾക്ക് മൂന്നു തവണക്കുള്ള സംഖ്യയാണ് ഇവിടെ ഇപ്പോൾ ആവശ്യപ്പെട്ടിട്ടുള്ളത്. സഭ അതനുവദിച്ച് തരണമെന്ന് അപേക്ഷിച്ചു കൊള്ളുന്നു.

Sri. P. S. Nataraja Pillai: What is the original issued capital?

The Hon'ble Sri. K. Ayyappan: Rs. 36 lakhs.

Sri. P. S. Nataraja Pillai: May I know in which year was the company ragistered?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ശരിയായിട്ടുള്ള വർഷം നോക്കിയേ പറയാൻ സാധിക്കയുള്ളു. വളരെ മുമ്പല്ല.

Sri. P. S. Nataraja Pillai: Is it ten years ago?

ബഹു: ശ്രീ. കെ. അയ്യപ്പൻ: അതു് നോക്കി പറയണം.

Sri. P. S. Nataraja Pillai: When was the necessity felt to increase the capital?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഇതു തുടങ്ങാൻ നിശ്ചയിച്ച് കുറെ കഴിഞ്ഞപ്പോൾ അതിൻെറ ആവശ്യം നേരിട്ടു.

Sri. P. S. Nataraja Pillai: Has the factory begun to function?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഫങ്ക്ഷൻ ചെയ്യാൻ തുടങ്ങിയിട്ടില്ല. പ്രിമിലിനറി വക്ക് നടന്നുകൊണ്ടിരിക്കുകയാണ്.

Sri. P. S. Nataraja Pillai: Is the erection of the buildings complete?

ബഹു. ശ്രീ. കെ. അയ്യപ്പൻ: മുഴുവനായിട്ടില്ല.

Sri. P. S. Nataraja Pillai: Has the machinery being got down?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഏതാനും ചിലതു വന്നിട്ടുണ്ട്.

Sri. P. S. Nataraja Pillai: On what basis is the capital increased now?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ആദ്യം നിശ്ചയിച്ച ക്യാപ്പിററലുകൊണ്ട് കാര്യങ്ങൾ നടക്കുകയില്ലെന്നു തോന്നാൻ കാരണം മിഷ്യനറിക്ക് വില കൂടുകയും ലേബർ കാസ്റ്റ് കൂടുകയും ചെയ്തതുകൊണ്ടാണെന്നു കാണുന്നു.

Sri. P. S. Nataraja Pillai: What was the estimated cost of machinery and what is the increase in the cost of machinery expected due to lapse of time?

The Hon'ble Sri. K. Ayyappan: I am not prepared to give such details without referring to the files.

Sri. K. Sivarama Pillai: Was any amount spent under this Head last year?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ൩൫൦൦ രൂപ ചിലവാക്കിയിരിക്കും.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഗവണ്മെൻറിനു കമ്പനിയിൽ കിട്ടുന്ന ഷെയറിൻെറ വില എന്താണ്?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ൫ ശതമാനം ഷെയർ.

ശ്രീ. കെ. എ. മാത്യു: ആരാണ് ഈ കമ്പനിയുടെ മാനേജുമെൻറ് വഹിക്കുന്നത്?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഇതിൻെറ ഏജൻസി ബ്രിട്ടീഷ് ടൈറ്റാനിയം കമ്പനിയാണ്.

Sri. P. S. Nataraja Pillai : Was not the original estimate of 35 lakhs as capital intended to bring the factory in a working order ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: അങ്ങിനെയായിരിക്കണമല്ലോ കമ്പനികൾ സ്റ്റാർട്ട് ചെയ്യുമ്പോൾ ഉദ്ദേശിക്കുന്നതു്. സ്റ്റാർട്ട് ചെയ്തതിനുശേഷം ഇതുവരെയായി നടന്നിവന്നതുകൊണ്ടാണു് ഇത്രയും സംഖ്യകൂടി കൂടുതലായി വേണ്ടിവന്നതു്.

Sri. P. S. Nataraja Pillai : Is it the managing agents who felt the necessity or the Government ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: അതു മാനേജിംഗ് എജൻസിയുടെ ശുപാർശപ്രകാരം ഗവർമ്മെണ്ടിലേക്കു എഴുതിയപ്പോൾ ഗവർമ്മെണ്ടിനു് ബോദ്ധ്യമായതുകൊണ്ടാണു്.

Sri. P. S. Nataraja Pillai : Have the Managing Agents got adequate materials to substantiate the demand for increasing capital ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: വിവരങ്ങൾ ഗവർമ്മെണ്ടിന്റെ കൈവശം ഉണ്ടു്. നോക്കാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. പട്ടം എ. താണുപിള്ള :ക്യാപ്പിററൽ ഇപ്പോൾ മുമ്പുണ്ടായിരുന്നതിൽനിന്നു എത്ര വർദ്ധിച്ചിട്ടുണ്ടു്.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: നൂറു ലക്ഷത്തിൽനിന്നു ൭൫ ലക്ഷമായി വർദ്ധിച്ചു്. കുറെ കൊല്ലങ്ങൾക്കു മുമ്പാണു് അതു ൭൫ ശതമാനമായി തിരുവിതാംകൂർ ഗവർമ്മെണ്ടു എടുത്തുകൊള്ളാമെന്നു് എഗ്രിമെണ്ടിൽ വ്യവസ്ഥയുണ്ടു്. ക്യാപ്പിററൽ വർദ്ധിച്ചതു് അതുകൊണ്ടാണു്.

Sri. P.S. Nataraja Pillai : May I understand from the Chief Minister that the increase of capital was sanctioned previously.

The Hon'ble Sri. T. K. Narayana Pillai : Yes.

Sri. P. S. Nataraja Pillai : In which year?

The Hon'ble Sri. T. K. Narayana Pillai : I think it is some two or three years back.

Sri. P. S. Nataraja Pillai : May I understand that the increase of capital of this Company from 36 to 75 lakhs was sanctioned in the year 1946?

The Hon'ble Sri. T. K. Narayana Pillai : By the end of 1946. That is, before Responsible Government came into being.

Sri. P. S. Nataraja Pillai : May I understand like that?

The Hon'ble Sri. T. K. Narayana Pillai : Yes.

ശ്രീ. കെ. ആർ. ഇലങ്കത്തു് : ഇതിൽ മിഷ്യനറിക്കു ൪,൯൦,൦൦൦ രൂപാ എന്നു പറയുന്നുണ്ടല്ലോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ആ ഒരു ഇനത്തിനും അത്രകണ്ടു വേണ്ടിവരും

ശ്രീ. കെ. ആർ. ഇലങ്കത്തു് : അതു ഇനിയും വർദ്ധിക്കുവാനിടയുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇന്നത്തെ സർക്കംസ്റ്റാൻസ് അനുസരിച്ചു വർദ്ധിപ്പിക്കേണ്ടിവരും.

ശ്രീ. പട്ടം എ. താണുപിള്ള: ഇപ്പോൾ ഗവർമ്മെണ്ടു് പറഞ്ഞ ആ കമ്പനി നടത്തുന്നതു എഗ്രിമെണ്ടനുസരിച്ചാണെന്നു പറഞ്ഞു. എത്ര കൊല്ലത്തേക്കാണു് എഗ്രിമെണ്ടു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള; പത്തു കൊല്ലത്തേക്കാണു്.

ശ്രീ. പട്ടം എ. താണുപിള്ള: അതിൽ മെമ്പേഴ്സ് ആരെല്ലാമാണു് ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ചീഫ് സെക്രട്ടറിയും സൂയാളജി ഡയറക്ടരുമൊക്കെയാണു്.

ശ്രീ. പട്ടം എ. താണുപിള്ള: കമ്പനികാര്യങ്ങളിൽ പരിചയമോ വൈദഗ്ദ്ധ്യമോ ഉള്ള ആഫീസേഴ്സ് ആരെങ്കിലുമുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ചീഫ് സെക്രട്ടറി സൂയാളജി ഡയറക്ടർ ഇവർ രണ്ടുപേരാണു് അവിടെയിരിക്കുന്നതു്. അവർ ഫിനാൻസ് ഡിപ്പാർട്ട്മെണ്ടിന്റെ ഉപദേശപ്രകാരമായിരിക്കുമല്ലോ പ്രവൃത്തിക്കുക.

The Demand was put and carried. The Grant mas made.

DEBT HEAD—III D

(I) Surplus Investment Account (ii), Special Deposits and Shares in Industrial Development Concerns

The Hon'ble Sri. K. Aiyappan : Sir, I move for a Supplementary Demand for Rs. 22,50,000 under Debt Head—III D (e) Surplus Investment Account (ii) Special Deposits and Shares in Industrial Development concerns.

ഇപ്പോൾ ഗവമ്മെണ്ടു് ഓഫ് ഇൻഡ്യയുമായി യോജിച്ചു മോണോസൈററ് പ്രോസസ്സ് കമ്പനി സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ടു്. എഗ്രിമെൻറ നടന്നിട്ടില്ല. എഗ്രിമെൻറ നടത്തുന്നതിനുള്ള ആലോചനകൾ നടന്നുകൊണ്ടിരിക്കുകയാണു് വളരെ താമസിയാതെ അതു നടക്കും. അങ്ങിനെ ആ എഗ്രിമെൻറ വരുമ്പോൾ ഗവമ്മെണ്ടു് ഓഫ് ഇൻഡ്യ നമ്മുടെ ഓഹരിക്കുള്ള സംഖ്യ ആവശ്യപ്പെട്ടാൽ കൊടുക്കുന്നതിനാണു് ഈ സംഖ്യ ആവശ്യപ്പെടുന്നതു്. അതു് ഈ സഭയുടെ അനുവാദത്തിനായി ഹാജരാക്കുന്നു.

ശ്രീ. പട്ടം എ. താണുപിള്ള: ഈ കമ്പനി സ്ഥാപിക്കുന്നതിനുള്ള ആലോചന നടന്നുവരുന്നതേയുള്ളുവെന്നു പറഞ്ഞു. അതു ഇന്നരീതിയിലാണു്, ഇന്ന സ്ഥലത്താണു്, നടത്തുകയെന്നുള്ള വല്ല വ്യവസ്ഥയുമുണ്ടോ? അതിൽ നമ്മുടെ ഗവമ്മെണ്ടിനുള്ള പ്രതീക്ഷയെന്താണു; ഗവമ്മെണ്ടു് ഓഫ് ഇഡ്യയുടെ കൺട്രോൾ അതിൽ എത്രയുണ്ടു്. സാമാനങ്ങളുടേയും മണലിൻേറയും മററും നീതി ഏതു നിലയിലാണു്, ആദായം ഏതുനിലയിൽ ഭാഗിക്കാൻ പോകുന്നു എന്നുള്ള വിവരങ്ങൾ ഒന്നു അറിഞ്ഞാൽ കൊള്ളാം.

Sri. K. Sivarama Pillai : Sir, I rise to a point of order. This seems to be a new service not contemplated at the time of Budget. Rule 45 of the Assembly Rules states "..... when funds to meet a proposed expenditure on a new service can be made available by re-appropriation, a demand for the grant of a token sum may be submitted to the vote of the Assembly, and if the Assembly assents to the demand, funds may be made available." So, re-appropriation has to be made and then only the demand can be brought.

Mr. Speaker : The member's interpretetion of Rule 45 is clearly wrong. The Rule says that from a new service a demand for a supplementary grant like the one now before the House can be presented The proviso to the Rule says that if the required fiunds can be made available by re-appropriation the demand need only be for a token sum and not for the full amount required. That does not and cannot by any means mean that even if the supplementary grant asked for is for the full amount as is the case here that cannot also be done unless funds are found by re-appropriation. The motion is quite in order.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഇവിടെ ചില സംശയങ്ങൾ ചോദിക്കുകയുണ്ടായി. അതിനു ഉത്തരം പറയുവാനാണു് ഞാൻ എഴുന്നേററു നില്ക്കുന്നതു്. ആദായത്തെപ്പററി പറയുകയാണെങ്കിൽ ആകെയുള്ളതിൽ ൪ ൪ ശതമാനം യൂണിയൻ ഗവമ്മെണ്ടിനും ൪ ൪ ശതമാനം ഇൻഡ്യാ ഗവമ്മെണ്ടിനുമായി വീതിച്ചെടുക്കുവാനാണു് സമ്മതിച്ചിരിക്കുന്നതു്. അതാതുകാലത്തെ മാർക്കററ് റേററനുസരിച്ചു മേൽപറഞ്ഞ വീതം നമുക്കു തന്നു കൊള്ളാമെന്നും, മുതൽ നമുക്കു് പ്രത്യേകം തരുന്നതിശം ആണു് സമ്മതിച്ചിട്ടുള്ളതു്.

പിന്നീടു് ഒരു ചോദ്യം ചോദിച്ചതു് വൊക്കേഷണൽ ഫാക്ടറിയെ സംബന്ധിച്ചാണു്. അതിനെപ്പററി ഇന്നലെ ഒരു ചോദ്യം ചോദിക്കുകയുണ്ടായി. യൂണിയൻ ഗവമ്മെണ്ടു് അതു ഇവിടെ തന്നെ സ്ഥാപിക്കണമെന്നു് വാദിച്ചിരിക്കുകയാണു്, അതിനൊരു അവസാനതീരുമാനമുണ്ടായതു്. ഇതിനെ സംബന്ധിച്ചു അന്വേഷണത്തിനായി ഇൻഡ്യാ ഗവമ്മെണ്ടിലുള്ള കുറെ ആളുകൾ ഇവിടെ വന്നു ഇതിനെപ്പററി ആലോചിച്ചു അവർ ഒരു തീരുമാനത്തിൽ എത്തിയിട്ടുണ്ടു്. അവർ ഇവിടെയുള്ള സ്ഥലങ്ങളെല്ലാം പരിശോധിച്ചു റിപ്പോട്ടു തയ്യാറാക്കി അയച്ചിട്ടുണ്ടു്.

ശ്രീ. പട്ടം എ. താണുപിള്ള: ടോട്ടൽ ക്യാപ്പിററൽ എത്രയാണു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ൫ ൦ ലക്ഷം. ഇതു കൺട്രോൾ ചെയ്യുവാനായി ഒരു കൗൺസ്സിൽ ഉണ്ടായിരിക്കുന്നതും ആകെ കൗൺസ്സിൽ ആകപ്പാടെ ൫ അംഗങ്ങളിൽ യൂണിയൻ ഗവമ്മെണ്ടംഗങ്ങളും മററുള്ളവർ ഇൻഡ്യാ ഗവമ്മെണ്ടംഗങ്ങൾ ആയിരിക്കുന്നതുമാണു്.

ശ്രീ. പട്ടം എ. താണുപിള്ള: ഇതുകൂടാതെ ഇതിൽ ഏജൻസിയുണ്ടായിരിക്കുമോ?

ബഹു. ശ്രീ ടി. കെ. നാരായണപിള്ള: ഈ കൗൺസിൽ തന്നെയാണു് കൺട്രോൾ ചെയ്യുന്നതെന്നാണു്. ഇതുവരെയുള്ള എഴുത്തുകുത്തുകളിൽനിന്നു മനസ്സിലാകുന്നതു്.

പ്പോൾ വേറെ ഒരു കമ്പനിയാണ് ഇവരുടെ കാര്യം ഏറ്റെടുത്ത് പ്രവർത്തനം നടത്തുന്നത്.

ശ്രീ. എ. താണുപിള്ള: മിഷ്യൻസ് വാങ്ങുവാൻ എപ്പോഴെ ചെയ്തിട്ടുണ്ടോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: കമ്പനി റജിസ്റ്റർ ചെയ്തുകഴിഞ്ഞു. മിഷ്യനറിക്കും എഴുതിക്കഴിഞ്ഞു. താമസിയാതെ ഇതിന്റെ പ്രവർത്തനം ആരംഭിക്കുമെന്നാണ് എഴുത്തുകുത്തുകൊണ്ട് മനസ്സിലാകുന്നത്.

Sri. A. Thanu Pillai: Sir, I wish to say a word about that. This is a matter in regard to which we can do nothing without the concurrence of the Government of India because it relates to monozite which is an atomic energy material and that is clearly under the control of the Government of India. So, the only course open to us is to get the best help. Now, in regard to the location, I do not know what has happened. It appears that some quarters are interested in having the factory established somewhere in Bombay. So it should be definitely made known to the Government of India that it is the definite opinion of this Body that it should be located within the Union territory. In regard to the location again, I should suggest that the site be so chosen as to yield the best results. Of course, there may be various considerations.

Quilon area is the place where we get this material most and we also get it in the South. So some site within this area should be selected. Of course an argument may be advanced for locating it in a place where certain other materials required for the industry may be more readily available. But I should make one observation with regard to that. Alwaye may be suggested because some necessary chemicals may be available more in that part of the State than near about Quilon. Then we have to consider one aspect of the matter. Many of our industries are now located round about Alwaye and that kind of concentration of industries and industrial life in one part of the State is not desirable. There should be a better distribution of the industries. If there is some advantage namely that of getting the necessary chemicals near about Alwaye more than in Quilon or in the South, the fact that the material itself is avilable in this part of the State must be taken into account and also because of the fact that most of our industries are now located round about Alwaye, the other parts of the State should be made as industrialised as possible, of course within our resources. That aspect of the matter should be kept in view. We should set our face definitely against any proposal to take this factory out of the State. An argument may be advanced that after all the material is not much. We were speaking about the export of ilmenite this morning which is produced in thousands of tons. This quantity will be considered as small. After all our proposed plant is to consume only about 1,500 tons nearly. The The original idea was of having a plant to make use of 3,600 tons. But the Government of India subsequently for certain reasons gave up that idea and now I think that factory is to make use of 1,500 tons. The transport of that quantity may be said to be after all nothing. 1,500 tons from Quilon to Bombay is a small affair and that will not involve difficulties or loss, and so the factory may be located somewhere near Bombay. Now, I submit, we must make it clear to the Government of India that it is the deliberate opinion of this House that the industry should not be taken out of this State.

Then, Sir, here is a case where we are in partnership with the Government of India. Ultimately their terms we shall have to accept. But every aspect should be put before them in the best manner possible so as to get the best advantage for our State. As for the price of the monazite I am glad to see that the price of the material will be given to us and the profit divided after taking into account the price of the material alone. In fixing the price of monozite I wish to say this. It is not a commodity which is largely available in any part of India and the market price of it may not be quite easy to determine. In these things whoever is in control of affaire will have to be watched because, where money is concerned every Government would try to safeguard their own interests first and the Government of India also will see to the part they should play with regard to a constituent unit. They will see that they spend little and get as much as possible. Therefore we have to be very careful in regard to management of the affair. Government of India of course are interested in the matter and we can hope that the best advice, capacity and knowledge will be made available. We know as a matter of fact that in highly evolved industries even the Government of India are at a disadvantage because even they have not the requisite technical knowledge. That is one fact and so how far the Government of India will be better able than our own Government in this matter remains to be seen.

[Sri. A. Thanu Pillai]

They may get the best available technical advice and help certainly from foreign countries and considering the state of the industry at present they too will have to do so. With these observations I support this demand.

ബഹു. ശ്രീ. കെ. അയ്യപ്പൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ സർവ്വ ആസ്തുക്കൾസും ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതിലേക്കുവേണ്ടിയുള്ള എല്ലാ സംഗതികളും നടത്തിക്കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം പറഞ്ഞിട്ടുള്ളതുപോലെ ഇപ്പോൾ സ്ഥാപിക്കാനുദ്ദേശിക്കുന്നതായ കമ്പനി ഇവിടെതന്നെ വേണമെന്നുള്ള കാര്യത്തിലും വളരെ നിർബ്ബന്ധം ഗവണ്മെണ്ടിനുണ്ട്.

മി. സ്പീക്കർ: ഈ ഡിമാൻഡ് അനുവദിക്കുന്നതിൽ ആക്ഷേപം എതിരുണ്ടാകയില്ലെന്നു വിശ്വസിക്കുന്നു.

The demand was put to vote and carried. The Grant was made.

Travancore Minerals

Mr. Speaker: We will now go back to the demand Travancore Minerals—Capital Expenditure.

The Hon'ble Sri. K. Ayyappan: Sir, I move for a grant of Rs. 4,11,386—5—9 under Head (b) Productive Works, Page 13, item 8 of the Budget—Travancore Minerals.

The Hon'ble Sri. A. J. John : I second it.

Sri. A. Thanu Pillai: May I know whether the money has been paid already and if so when?

ബഹു. ശ്രീ. കെ. അയ്യപ്പൻ: മുഴുവൻ സംഖ്യയും പേ ചെയ്തിട്ടില്ല. അവരുടെ പക്കൽനിന്നും ആദായനികുതി ഇനത്തിലും ഇൻകംടാക്സ് ഇനത്തിലും സൂപ്പർടാക്സ് ഇനത്തിലും മററുമായി അഞ്ചുലക്ഷത്തോളം രൂപാ ഗവണ്മെണ്ടിലേക്കു വരേണ്ടതായിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള: ഈ തുക അഡ്ജസ്റ്റ് ചെയ്തു കഴിഞ്ഞിട്ടുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: അതു അഡ്ജസ്റ്റ് ചെയ്തു കഴിഞ്ഞിട്ടില്ല.

ശ്രീ. എ. താണുപിള്ള: അവരുമായുള്ള കണക്കുകൾ ഇനിയും നോക്കി തീർന്നിട്ടില്ലേ?

ബഹു ശ്രീ. കെ. അയ്യപ്പൻ: അവരുടെ പക്കൽനിന്നും ഇൻകംടാക്സ്, സൂപ്പർ ടാക്സ് എന്നീ ഇനങ്ങളിൽ ഗവണ്മെണ്ടിലേക്കു വരേണ്ടതായ സംഖ്യകളുടെ കണക്കുകൾ തീരേണ്ടതായുണ്ട്.

ശ്രീ. എ. താണുപിള്ള: കഴിഞ്ഞ ബഡ്ജററിൽ ൧൯—ാംപേജിൽ തിരുവിതാംകൂർ മിനറൽസ് കമ്പനിക്ക് ൧൯൫൪—ലെ ചിലവിലേക്കായി ൧൯ ലക്ഷം രൂപാ കൊള്ളിച്ചിരിക്കുന്നു. അതിൽ ഈ നാലു ലക്ഷത്തിൽ ചിലപാനം രൂപാകൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: അതിൽ ഒൻപതേകാൽ ലക്ഷം രൂപാ കഴിഞ്ഞ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതിൽനിന്നും കൊടുത്തിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള: ൧൯൫൪-ലെ റിവൈസ് എസ്റ്റിമേററിൽ എക്സ്പെൻറിച്ചർ കോളത്തിൽ തിരുവിതാംകൂർ മിനറൽസിനു ഈ തുക കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ?

ബഹു ശ്രീ. കെ. അയ്യപ്പൻ: അതു ചിലവായിട്ടില്ല. അതു ഇപ്പോൾ ലാപ്സായിരിക്കും. ഒൻപതേകാൽ ലക്ഷം മാത്രമേ കൊടുത്തിട്ടുള്ളു.

ശ്രീ. എ. താണുപിള്ള: ഇതു ഒപ്പോസ് ചെയ്യാതിരിക്കാൻ യാതൊരു നിവൃത്തിയുമില്ല. ഞാൻ പതിവായി ഇങ്ങനെതന്നെയാണ് എല്ലാ കാര്യങ്ങളിലും എന്നു സാധാരണയുള്ള ഒരു ആക്ഷേപമാണ്. എങ്കിലും എനിക്ക് അതു പറയാതിരിക്കാൻ തരമില്ല. ഈ ൧൯൫൩-ലെ ബഡ്ജററിൽ അതായതു് ൧൯൫൪-ലെ റിവൈസ്ഡ് എസ്റ്റിമേററിൽ ഈ ചിലവിലേക്കായി ൧൯ ലക്ഷം രൂപാ കൊള്ളിച്ചിട്ടുണ്ട്. ഈ റിവൈസ്ഡ് എസ്റ്റിമേററ് എന്നു പറയുമ്പോൾ ചിലവായ തുക നിശ്ചയമായും ചിലവാക്കിയ തുക ഏതാണോ ആ തുകയാണ് റിവൈസ്ഡ് എസ്റ്റിമേററിൽ കൊള്ളിക്കുന്നതു്. എന്നാൽ ഇന്നതിന് സപ്ലിമെൻററി ഡിമാൻഡ് കൊണ്ടുവന്നിരിക്കുന്നു. ഈ തുക ൧൯ ലക്ഷവും കൊടുക്കേണ്ടതാണെന്ന് അന്നുതന്നെ അവശ്യപ്പെട്ടിരുന്നു. അന്നു ൯ ലക്ഷത്തിന് സപ്ലിമെൻററി ഡിമാൻഡ് കൊണ്ടുവന്നു. അപ്പോൾ ഞാൻതന്നെ ചോദിച്ചു ൧൯ ലക്ഷം രൂപായാണല്ലോ കമ്പനിക്കു കൊടുക്കേണ്ടതു് എന്നു്. അന്ന് ഫൈനാൻസ് മിനിസ്റ്റർ പറഞ്ഞതു് നാലു ലക്ഷം രൂപാ അവരിൽനിന്നും വരാനുണ്ടെന്നും അതുകൊണ്ടു് ൯ ലക്ഷം മതി എന്നുമാണ്

എന്നാൽ അങ്ങിനെ അല്ല ഈ തുക ബഡ്ജററിൽ കൊള്ളിക്കേണ്ടതു് എന്നു ഞാൻ പറഞ്ഞു. അവരിൽനിന്നും വരേണ്ടതായ നാലുലക്ഷം രൂപാ റസീററ് ആയും അവക്ക് കൊടുക്കേണ്ടതായ തുക എക്സ്പെൻഡിച്ചർ ഇനത്തിലും കാണിക്കണമെന്നും അതുകൊണ്ടു് ഈ ഫണ്ടലക്ഷം രൂപാ ഇങ്ങനെ ചിലവിനത്തിൽ കൊള്ളിക്കേണ്ടതുമാണു് എന്നു ഞാൻ അന്നു പറഞ്ഞതാണു്. അതു് എനിക്ക നല്ലവണ്ണം ഓർമ്മയുണ്ടു്. അതു് അന്നത്തെ പ്രൊസീഡിംഗ്സ് നോക്കിയാൽ കാണാം.

എന്നാൽ കക്കടകത്തിലെ പ്രൊസീഡിംഗ്സ്തന്നെ ഇതുവരെ വന്നിട്ടില്ല. അതേക്കുറിച്ചുകൂടി എനിക്ക ഒന്നു പറയാനുണ്ടു്. സാധാരണ പ്രൊസീഡിംഗ്സ് എല്ലാ സ്ഥലത്തും താമസംകൂടാതെ മെമ്പറന്മാക്ക കിട്ടത്തക്കവണ്ണം സൌകര്യം ചെയ്യുന്നുണ്ടു്. എന്നാൽ ഇവിടെ കക്കടകത്തിലെ പ്രൊസീഡിംഗ്സ്പോലും വന്നിട്ടില്ല. അതിനു വേണ്ട നടപടികൾ ഉടനെ ചെയ്യേണ്ടതാണു്. ഇപ്പോൾ നല്ല ഒരു സ്റ്റാഫ് ഉണ്ടായിരിക്കണം. ആ സ്റ്റാഫ് ഇനിമേൽ സ്പീക്കറുടെ പരിപൂർണ്ണ അധികാരത്തിൽ വരുന്നതാണു്. ഈ മാതിരി റിപ്പോർട്ടുകൾ അപ്പോഴപ്പോൾ മെമ്പറന്മാക്ക തരികയാണു് വേണ്ടതു്. ഇൻഡ്യൻ കോൺസാംബ്ളിയിലും അതിനു വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. അവിടെ ഈ റിപ്പോർട്ടുകൾ വളരെ വേഗം കിട്ടുന്നുണ്ടു്.

ഇതു അന്നുതന്നെ ഞാൻ പറഞ്ഞതാണു്. പക്ഷേ ഫിനാൻസ് മിനിസ്റ്റർ തത്വത്തിന്മേൽ അതാവശ്യമില്ലെന്നു പറയുകയാണു് ചെയ്തതു്. പിന്നീടെങ്കിലും അദ്ദേഹം അതു മനസ്സിലാക്കിയിരിക്കുമെന്നു തോന്നുന്നു. ഇപ്പോൾ പറയുന്ന ആ തുക ഇതേവരെ കൊടുത്തിട്ടില്ലെന്നു്. അപ്പോൾ കമ്പനിക്കാരുടെ കണക്കുകൾ ഒന്നും തീർക്കാതെ കടം പറഞ്ഞാണോ ഫാക്ടറി ഗവമ്മെണ്ടിലേക്കു് എടുത്തിരിക്കുന്നതു്.

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഈ സംഖ്യ കമ്പനിക്കു് കൊടുത്തിട്ടില്ല.

ശ്രീ. എ. താണുപിള്ള: ഈ സംഖ്യ രൂപയായിട്ടു് എണ്ണി കൊടുത്തിട്ടില്ല. അവരിൽനിന്നും ഗവമ്മെണ്ടിലേക്കു് വരേണ്ടതു് വകവച്ചു് കൊടുത്തു എന്നല്ലേ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: വകവെച്ചും കൊടുത്തിട്ടില്ല. അവർ ഇപ്പോൾ ഇൻകംടാക്സും സൂപ്പർ ടാക്സും മുതലായ ഇനങ്ങളിൽ റീ ഫണ്ടു് ക്ലെയിം ചെയ്തിരിക്കയാണു്.

ശ്രീ. എ. താണുപിള്ള: അതെങ്ങിനെയായാലും ഈ പതിമൂന്നുലക്ഷം രൂപയും കൊടുക്കേണ്ടതാണെന്നു അന്നുതന്നെ അറിയാമായിരുന്നു. ആ സ്ഥിതിക്കു് ആ തുക മുഴുവൻ അന്നുതന്നെ ആവശ്യപ്പെടാതിരുന്നതിനു് യാതൊരു ന്യായവുമില്ല. സപ്ലിമെൻററി ഗ്രാൻറിനെ സംബന്ധിക്കുന്ന പ്രൊവിഷൻ ഇങ്ങനെയാണു്.

"An estimate shall be presented to the Assembly for a supplementary or Additional Grants when the amount voted in the Budget of a grant is found to be insufficient for the purpose of the current year."

അതായതു് ബഡ്ജററ് തയ്യാറാക്കുമ്പോൾ അറിയാൻ സാധിക്കാത്ത ഒരു തുക കൂടുതലായി വേണ്ടിവന്നാലാണു് സപ്ലിമെൻററി ഡിമാൻറ് കൊണ്ടുവരേണ്ടതു്. ആദ്യം ഒൻപതു ലക്ഷത്തിനു വാങ്ങാമെന്നു നിശ്ചയിച്ചു. പക്ഷേ പിന്നീടു നാലുലക്ഷം കൂടി ഉണ്ടെങ്കിലേ ഒക്കുകയുള്ളു എന്നുവന്നു. അങ്ങിനെയാണെങ്കിൽ ആ നാലുലക്ഷത്തിനു് ഒരു സപ്ലിമെൻററി ഡിമാൻറ് കൊണ്ടുവരാം. എന്നാൽ ഇതങ്ങിനെയല്ല. ഒൻപതുലക്ഷം രൂപ ചോദിച്ചു അവസരത്തിൽതന്നെ പതിമൂന്നുലക്ഷം രൂപയാണു് കൊടുക്കേണ്ടതെന്നു് ഫിനാൻസ് മന്ത്രിക്കു് അറിയാമായിരുന്നു. അന്നു് എന്തുകൊണ്ടു് ആ പതിമൂന്നു ലക്ഷവും ആവശ്യപ്പെട്ടില്ല എന്നു് ഞാൻ അദ്ദേഹത്തോടു ചോദിക്കുന്നു. ഞാനും ശ്രീ. ശിവരാമപിള്ളയും അതു ചൂണ്ടികാണിച്ചപ്പോൾ അദ്ദേഹം തെററു തിരുത്താതെ ഒൻപതുലക്ഷം മതിയെന്നു നിർബ്ബന്ധം പിടിക്കുകയാണു് ചെയ്തതു്. ഇതു വെറും വിവരമില്ലായ്മയാണെന്നു ഞാൻ പറയുമ്പോൾ ആരും പരിഭവിച്ചിട്ടു കാര്യമില്ല. ഏതായാലും ഫിനാൻസ്കാര്യങ്ങളിൽ കുറെക്കൂടി വിവരമുള്ള ഒരു അഡീഷനൽ ഫിനാൻസ് സെക്രട്ടറി മദ്രാസ്സിൽനിന്നും വരുന്നുണ്ടെന്നു് അറിയുന്നു. അദ്ദേഹം വന്നിട്ടില്ലെങ്കിൽ വരുത്തി ഈ കാര്യങ്ങൾ നോക്കിയാൽ തരക്കേടില്ലെന്നുണ്ടു്. ഇതു വളരെ വലിയ ഒരു തെററാണു്. നിസ്സാരമായി കരുതാവുന്നതല്ല. ഇതു പുതുതായി വേണ്ടിവന്ന ഒരു തുകയല്ല. ബഡ്ജററിൽ ഇതിനൊരു തുക കൊള്ളിച്ചിട്ടുമുണ്ടു്. അങ്ങിനെയിരിക്കെ ഇങ്ങനെ ഒരു സപ്ലിമെൻററി ഡിമാൻറ് കൊണ്ടുവരുന്നതു വലിയ തെററാണു്.

[Sri. A. Thanu Pillai]

കഴിഞ്ഞ കാലങ്ങളിൽ എങ്ങിനെയിരുന്നാലും മേലാലെങ്കിലും ഈ ഫിനാൻസ് കാര്യങ്ങൾ ഒന്നു ശരിയായി സൂക്ഷിക്കണം. മുമ്പത്തെ മാതിരി പിശകുകൾ വരാതിരിക്കാൻ ഇൻഡ്യാഗവമ്മെണ്ടു് ചില ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. ഇൻഡ്യാഗവമ്മെണ്ടിൽനിന്നും ഒരു ആഡിററർ ജനറലിനെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും അദ്ദേഹം എല്ലാ സംസ്ഥാനങ്ങളിലേയും കണക്കുകൾ ആഡിററുചെയ്യുന്നതാണെന്നും അറിയുന്നു. അതുകൊണ്ടു് കണ്ടമാനം കണക്കുകൾ എഴുതി വയ്ക്കാൻ മേലാൽ സാധിക്കുകയില്ല. എന്നിരുന്നാലും അതു വരുന്നതുവരെയുള്ള കണക്കുകൾ തന്നെയും നാം ഒതററുവരാതെ സൂക്ഷിക്കണം. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ ഈ ഡിമാൻറിനെ എതിർക്കുന്നു.

Sri. K. Sivarama Pillai: I oppose this motion simply to bring home to the Government the desirability of having a proper budget as known to all the civilised world. Sir, a budget must be a true and accurate statement of the financial position of the Government. If it does not show that position, it degenerates into what is called a waste-paper. Sir, it was towards the end of 1124 that the Hon'ble Minister moved for a grant of Rs. 9 lakhs odd under this head. If in 1124 only 9 lakhs were required as additional grant for the purchase of Travancore Minerals, how could it be Rs. 13 lakhs in the revised estimate? It could not be so. They ought to have put it as only Rs. 9 lakhs.

Then again, when details were asked, the Hon'ble Minister was kind enough to say that the amount was really greater but that certain amounts were due from them which had to be adjusted out-side and which nobody should know and therefore they have given the net amount they have to pay. Though it was pointed out to them that, that was not the way of accounting, it was justified and this House consented to that also. Now, I am glad that the Hon'ble Minister comes forward and says that it was a mistake and that in the real accounting that amount also should have been included.

This morning it was pointed out by the Hon'ble Minister that it is a jugglery on figures that is used by me when I said Rs. 20 lakhs have been given. Sir, the whole mistake has arisen because of this bad accounting. If in the revised estimate we had put it only as Rs. 9 lakhs for Travancore Minerals and an additional Rs. 4 lakhs, then only Rs. 13 lakhs would be the capital expenditure there. But the revised expenditure which had been brought forward to this House towards the end of 1124 after knowing fully well what the expenditure was and putting it as Rs. 13 lakhs was wrong. Anybody on going through the budget will clearly say that Rs. 13 lakhs have been spent last year and that another Rs. 4 lakhs is required this year. Therefore it is not the mistake of anybody in pointing it out. It is a mistake that was simply due to the shabby way of working the account. With a view to bring to your notice that at least in future, we should have a good budget so that we can know what is the real state of affairs, I oppose this motion.

ബഹു. ശ്രീ. കെ. അയ്യപ്പൻ: കണക്കുകളെപ്പററി ബഹു. മെമ്പറന്മാർ പറഞ്ഞതെല്ലാം ഗവമ്മെണ്ടു് വളരെ കാര്യമായി ശ്രദ്ധിച്ചുകൊള്ളാം. ഈ ഡിമാൻറ് അനുവദിച്ചുതരുന്നതിന് ഇതൊന്നും പ്രതിബന്ധമല്ലല്ലോ. അതുകൊണ്ടു് ഡിമാൻറ് അനുവദിച്ചുതരണമെന്നു് അപേക്ഷിക്കുന്നു.

The demand was put to vote and carried. The Grant was made.

The United State of Travancore and Cochin Panchayats Bill—*(Cont.)*

ஸ்ரீ. எ. சிதம்பரநாத நாடார்: ஸர், பஞ்சாயத்து பில்லானது, முதல் மந்திரி சபை இருக்கும்போது ஸ்ரீ. ஸி. கேசவன் அவர்களால் வித்திடப்பட்டு, அடுத்த மந்திரி சபையில் திரு. ராமசந்திரன் அவர்களால் தண்ணீர் விடப்பட்டு, மூன்றாவது மந்திரி சபையில் திரு. குஞ்சுராமன் அவர்களால் உரமிடப்பட்டு, அப்படி அது பூத்து, காய்த்துக்கொண்டிருக்கும் அவசரத்தில் திரு. அய்யப்பன் அவர்கள் வருகிறார், பழம் பறிக்க. இந்த நிலையில் அன்று அன்பர் கொச்சுகுட்டன் அவர்கள் சொன்னதுபோல் மக்களுக்கு தேவையான முறையில், ஜனநாயக அடிப்படையில், மகாத்மா காந்தி அடிகள் அன்று கனவுகண்ட முறையில் விசேடமான தத்துவங்கள் ஒன்றும் இந்த பில்லில் காணப்படவில்லையென்று அவர்கள் அழகாக சொன்னார்கள், அதே மாதிரி இந்த பஞ்சாயத்து பில்லைப்பற்றி ஒன்றிரண்டு வார்த்தைகள் சொல்லலாமென்று நினைக்கிறேன். இந்த பஞ்சாயத் பில்லைக் கொண்டு வருவதற்கு முக்கிய காரணம் என்னவென்று கேட்டால் மக்களுக்கு அரசாக்ஷியைப்பற்றி

ബഹു. ശ്രീ. ആനിമസ്ക്രീൻ: ഡയറക്ടർ ആഫ് ഇൻഡ്യൻ മെഡിസിൻസ് പരിശോധിച്ചപ്പോൾ കണ്ടുപിടിച്ചു.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ഏതു സ്ഥലത്താണു് അതു കുഴിച്ചുമൂടിയതു് ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: തിരുവനന്തപുരത്തുള്ള ആയുർവ്വേദ വൈദ്യശാലയിൽ.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ആരാണു് ഗവമ്മെണ്ടിലേക്ക റിപ്പോട്ടു ചെയ്തതു്?

ബഹു. ശ്രീ. ആനിമസ്ക്രീൻ: ഡയറക്ടർ ആഫ് ഇൻഡ്യൻ മെഡിസിൻസ്.

ശ്രീ. കെ. എസ്സ്: ജോസഫ്: ഫാർമസി വൈദ്യൻ റിപ്പോട്ട് ചെയ്തിട്ടുണ്ടോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: ഇല്ല.

ஸ்ரீ. வ. சிதம்பரநாத நாடார் : சாஸ்திரீக ரீதியிலுள்ள படிப்பு படிக்காத ஒரு வைத்தியனை அப்படி நியமிக்கக் காரணம் என்ன ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: ശരിയായ രീതിയിൽ പഠിപ്പുള്ള വൈദ്യനാണ്. ഈ തെററു ചെയ്തതിന് അദ്ദേഹത്തെ ശിക്ഷിച്ചിട്ടുമുണ്ട്.

ഫുഡ് അഡ്വൈസറിക്കമ്മിററിയുടെ ശുപാർശ

*ഒന്ന്ര (വ) ശ്രീ. പി. എസ്സ്. മാധവൻ വൈദ്യർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചിൻ ഡിസ്ട്രിക്ടിലെ ഏതെങ്കിലും താലൂക്ക് ഫുഡ് അഡ്വൈസറിക്കമ്മിററിയിൽനിന്നും 'കമ്പനികളിൽനിന്നും നെല്ലുചീയിച്ചു ഉണ്ടാക്കുന്ന അരി ഭൂരിഭാഗം വമിക്കുന്നതും പോഷകാംശങ്ങൾ നശിച്ചതുമാണെന്നും അതിനുവേണ്ട നിവാരണമാർഗ്ഗങ്ങൾ ഉണ്ടാക്കണമെന്നും' ഗവമ്മെണ്ടിനോടു ശുപാർശചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ തീരുമാനം എന്തായി?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള:

(എ) മില്ലുകളിൽനിന്നും ലഭിക്കുന്ന അരിയെപ്പററി ചില അഡ്വൈസറി കമ്മിററികൾ പരാതിപ്പെട്ടിട്ടുണ്ട്.

(ബി) അരിമോശമാകാതിരിക്കാനുള്ള വേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: ഏതെല്ലാം ഫുഡ് അഡ്വൈസറി കമ്മിററികളിൽനിന്നുമാണ് ഗവമ്മെണ്ടിന് ശുപാർശ ലഭിച്ചിട്ടുള്ളത്?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഫർദ്ദർ സപ്ലൈമെന്റ് ഫ-ാംനുതലപ്പിള്ളി താലൂക്ക് ഫുഡ് അഡ്വൈസറി കമ്മിററിയിൽനിന്നും ശുപാർശ ലഭിച്ചിട്ടുണ്ട്. ഇതിനകംതന്നെ അങ്ങിനെയുള്ള രണ്ടു മില്ലുകളുടെ ലൈസൻസ് കാൻസൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: തിരുവിതാംകൂറിൽ നെല്ല് മില്ലിൽ കുത്തുന്നതിന് അനുവാദം കൊടുത്തിട്ടുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള. ഇല്ല.

Sri. R. K. Ram: May I know the Functions of the Food Advisory Committee?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഭക്ഷ്യോല്പാദനം വിതരണം മുതലായവയെപ്പററി അപ്പോഴപ്പോൾ ഗവമ്മെണ്ടിനു ഉപദേശം നല്കുകയാണ് ഫുഡ് അഡ്വൈസറി കമ്മിററിയുടെ ജോലി.

ശ്രീ. സി. വി. ഐയ്യ: തലപ്പിള്ളി താലൂക്ക് ഫുഡ് അഡ്വൈസറി കമ്മിററിയുടെ ശുപാർശയെ ഗവമ്മെണ്ട് സ്വീകരിച്ചിട്ടുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: പരാതികൾ വന്നാൽ അതിനെപ്പററി ഗവമ്മെണ്ട് ജാഗ്രതയായി അന്വേഷണങ്ങൾ നടത്തുന്നുണ്ട്.

സാഹിബ് ബഹദൂർ ടി. എ. മൈയ്യീൻകുഞ്ഞ്: ഫുഡ് അഡ്വൈസറി കമ്മിററിയുടെ ശുപാർശ നടപ്പിൽ വരുത്തുന്നുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അതു നടപ്പിൽ വരുത്തുന്നതിനാണ് അങ്ങിനെയുള്ള കമ്മിററി രൂപീകരിച്ചിട്ടുള്ളത്.

ഭക്ഷ്യവർദ്ധനവ്

*ഒന്ന്ര (ന) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ൧൯൫൦, ൧൯൫൧, ൧൯൫൨ ഈ വർഷങ്ങളിലെ ഭക്ഷ്യവർദ്ധനവിന്റെ സംബന്ധം എങ്ങനെ ആയിരുന്നു എന്നു പറയുവാൻ ദയവുണ്ടാകുമോ;

(ബി) ൧൯൫൧-ൽ കിട്ടിയ വിളവിന്റെ എത്ര ഇരട്ടി ൧൯൫൩-ൽ ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു എന്നു പറയുവാൻ ദയവുണ്ടാകുമോ;

(സി) ഈ കണക്കുകളെക്കൊണ്ട് ൧൯൫൩-ലെ ആവശ്യത്തിലേക്കു മതിയാകുന്ന ഭക്ഷ്യസാധനങ്ങൾ ഇവിടെ തന്നെ വിളയുമെന്നു വിശ്വസിക്കുവാൻ മതിയായ തെളിവുകൾ ഉണ്ടോ എന്നു പറയുവാൻ ദയവുണ്ടാകുമോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള :

(എ) & (ബി) അതിലേക്കു ആവശ്യമുള്ള സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചിട്ടില്ല.

(സി) ഇതിനകം ആരംഭിച്ചിട്ടുള്ളതും മേലാൽ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതുമായ കൃഷി വികസന പദ്ധതികൾമൂലം, ൧൯൫൧ അവസാനത്തോടുകൂടി ഉദ്ദേശം ൪,൪ ദ, ൧ ൦ വ്യ ടൺ ഭക്ഷ്യസാധനം കൂടുതൽ ഉല്പാദിപ്പിക്കാൻ കഴിയുമെന്നു ഗവമ്മെണ്ടു പ്രതീക്ഷിക്കുന്നു.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി : എത്രത്തോളം വിളവു വർദ്ധിച്ചിട്ടുണ്ടെന്നു് പറയാമോ ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള : ഓരോ സ്ഥലങ്ങളിലെ വിളവു് ഓരോ വിധത്തിലായിരിക്കും. അതിന്റെ സ്ഥിതിവിവരക്കണക്കുകൾ കൂട്ടിയതിനുശേഷമേ പറയുവാൻ നിവൃത്തിയുള്ളു.

ശ്രീ. പി. എം. വർഗ്ഗീസ് : കണക്കില്ലാതെയിരുന്നാൽ സ്വയം പട്ടിണിയിലേക്കു നീങ്ങുകയാണെന്നു് എങ്ങിനെ മനസ്സിലാക്കുവാൻ സാധിക്കും ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള : കൂടുതൽ വിളവു ഉണ്ടാകുന്നുണ്ടെന്നു ഗവമ്മെണ്ടിന്നറിവുണ്ടു്. അതു ഇത്രയെന്നു് കൃത്യമായി പറയുവാൻ സാദ്ധ്യമല്ലെന്നേയുള്ളു.

വനം പതിവു

*൧൯൫൧ (൪) ശ്രീ. പി. സി. ആദിച്ചൻ : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

൧൯൫൧ ൪-ൽ കൃഷിക്കായി പിന്നോക്കസമുദായക്കാർക്കു വനത്തിൽനിന്നും സ്ഥലം കൊടുത്തതു എത്രകൊല്ലത്തേക്കാണെന്നു പറയുവാൻ ദയവുണ്ടാകുമോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള : ഭൂമി അനുവദിക്കുന്നതു് ൪ കൊല്ലത്തിൽ കവിയാത്ത ഒരു കാലത്തേക്കു് കുത്തകപ്പാട്ടമായിട്ടാണു്. എന്നാൽ വിമുക്തഭടന്മാർ, ഐ. എൻ. എക്കാർ, രാഷ്ട്രീയമായി അവശതകൾ അനുഭവിക്കുന്നവർ, പിന്നോക്ക സമുദായക്കാർ എന്നിവരിൽ അർഹതയുള്ളവരുടെ കാര്യത്തിൽ, ൧൯൪൭ ഡിസമ്പർ ൨൦-ാംനു പ്രസ്സനോട്ടിൽ പറയുന്നതനുസരിച്ചു അപ്രകാരമുള്ള പാട്ടക്കാലം ഗവമ്മെണ്ടിന്റെ യുക്തം പോലെ ൧൯ കൊല്ലത്തേക്കു് വർദ്ധിപ്പിക്കാവുന്നതാണു്.

ശ്രീ. പി. സി. ആദിച്ചൻ : ൧൯ കൊല്ലത്തേക്കു് പിന്നോക്ക സമുദായക്കാർക്കു കുത്തകപ്പാട്ടം കൊടുക്കുന്നതിനുള്ള പ്രസ്സനോട്ടു പ്രസിദ്ധപ്പെടുത്തുവാൻ ദയവുണ്ടാകുമോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള : അങ്ങിനെ യുക്തംപോലെ കൊടുക്കാം എന്നു് ഇപ്പോഴത്തെ പ്രസ്സനോട്ടിൽ തന്നെ പറഞ്ഞിട്ടുണ്ടു്.

ശ്രീ. പി. സി. ആദിച്ചൻ : ആ വിധത്തിലാണൊ കഴിഞ്ഞ കൊല്ലം ഗവമ്മെണ്ടു് കൊടുത്തതെന്നു് പറയുവാൻ ദയവുണ്ടാകുമോ ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള : അതിപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. പി. സി. ആദിച്ചൻ : പിന്നോക്ക സമുദായക്കാർക്കു് സ്വന്തം സ്ഥലം ഇല്ലാത്തതിനാൽ അവർക്കു തുച്ഛയായി കുത്തകപ്പാട്ടത്തിനു് അതാതു സ്ഥലങ്ങൾ പതിച്ചുകൊടുക്കുവാൻ ദയവുണ്ടാകുമോ ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള : പിന്നോക്ക സമുദായക്കാർക്കുവേണ്ടി അവരുടെ ഉദ്ധാരണത്തിനുവേണ്ടി പ്രവർത്തിക്കുന്നുവെന്നു അവകാശപ്പെടുന്ന ചില സംഘങ്ങൾക്കു കൊടുക്കുന്ന ഭൂമി അതിലെ പ്രവർത്തകരുടെ ചൂഷണംമൂലം അവർക്കു കിട്ടാതെ പോയിട്ടുണ്ടെന്നു റിപ്പോർട്ടുണ്ടു്.

ശ്രീ. പി. സി. ആദിച്ചൻ : പിന്നോക്ക സമുദായക്കാർക്കു കൊടുക്കുന്ന ഭൂമികൾ ലേലം ചെയ്തു കൊടുക്കണമെന്നു നിർദ്ദേശമുണ്ടോ ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള : അങ്ങിനെയുള്ള നിർദ്ദേശമൊന്നുമില്ല.

വനം പതിവും കൃഷിച്ചെലവും

*൩൯ ൧ (ദ) ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വനത്തിൽനിന്നും കൃഷിക്കു കൊടുത്ത സ്ഥലത്തു് ഒരേക്കർ വെട്ടിത്തെളിയിച്ചു് കൃഷി ചെയ്യുന്നതിനു് ശരാശരി എന്തു ചെലവാകുമെന്നു പറയാമോ;

(ബി) ശരാശരി അങ്ങനെയുള്ള ഒരേക്കർ സ്ഥലത്തു് എന്തു വിളവുണ്ടാകുമെന്നു പറയാമോ;

(സി) സാധാരണ നിലം ഉടമസ്ഥന്മാർക്കു ൨ ഏക്കർവരേയുള്ളവർക്കു കൺട്രോൾ അളക്കേണ്ട എന്നു പറയുന്നതു് എന്തുകൊണ്ടാണു്;

(ഡി) രണ്ടേക്കർ സ്ഥലം കൃഷിക്കാരെ കൺട്രോൾ അളവിൽനിന്നും ഒഴിവാക്കുന്നതു പോലെ വനം കൃഷിക്കാർക്കും സൗജന്യം അനുവദിക്കുന്നതിൽ വിരോധമുണ്ടോ;

(ഇ) വനത്തിൽ കൃഷിചെയ്യുന്നവരുടെ അടുത്ത കൃഷിവരെയുള്ള ഭക്ഷണത്തിനും ചെലവിനും കഴിച്ചു ബാക്കിയാണോ അളക്കുവാൻ ഉത്തരവിട്ടിരിക്കുന്നതു്;

(എഫ്) അല്ലെങ്കിൽ എന്തുകൊണ്ടു്?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: (എ) വെട്ടിത്തെളിക്കുന്ന കാടിന്റേയും അവിടത്തെ ഭൂമിയുടെ സ്ഥിതിയേയും അനുസരിച്ചായിരിക്കും കൃഷിച്ചെലവു്.

(ബി) വിളവു പല സ്ഥലത്തും പല മാതിരി ഇരിക്കും.

(സി) രണ്ടേക്കർ വരെയുള്ള നിലങ്ങളിൽനിന്നും നെല്ലെടുക്കേണ്ട എന്നു വ്യവസ്ഥയില്ല. എക്സ്സ് ഉണ്ടെങ്കിൽ എടുക്കണമെന്നാണു് ഇപ്പോഴത്തെ വ്യവസ്ഥ.

(ഡി) (ഇ) (എഫ്) } മററു ഉത്തരങ്ങളിൽനിന്നു് ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ശ്രീ. ചെറിയാൻ കാപ്പൻ: വനം കൃഷിക്കാർ ഏക്കറിനു് ൩. ൫ പറ നെല്ല് അളക്കണമെന്നു് ആവശ്യപ്പെട്ടിട്ടുണ്ടോ?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: അങ്ങിനെ ആവശ്യപ്പെട്ടിട്ടില്ല.

ശ്രീ. പി. സി. ആദിച്ചൻ: ഒരേക്കറും രണ്ടേക്കറും ഭൂമി കൃഷി ചെയ്യുന്നവരിൽനിന്നു് നെല്ലെടുക്കുകയാണെങ്കിൽ അവർക്കു് അവരുടെ ആവശ്യങ്ങൾക്കു് നെല്ല് ഇല്ലാതെ വരുമെന്നുള്ളതു് ഗവമ്മെണ്ടിനറിയാമോ?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: ചില കേസുകളിൽ അങ്ങിനെയുള്ള തുണ്ടു ഭൂമികളിൽനിന്നും നെല്ലെടുക്കുവാനുണ്ടാകയില്ല.

ശ്രീ. പി. സി. ആദിച്ചൻ: അവരിൽനിന്നും അടുത്ത കൃഷിവരെ ഉണ്ണാനും ജോലിച്ചിലവിനും ഉള്ള നെല്ല് കഴിച്ചു് ബാക്കിയുണ്ടെങ്കിൽ മാത്രമെ എടുക്കാൻ പാടുള്ളുവെന്നു് വ്യവസ്ഥയില്ലേ?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: അതാണു് നിലവിലിരിക്കുന്ന വ്യവസ്ഥ.

ശ്രീ. പി. സി. ആദിച്ചൻ: എന്നാൽ ഇപ്പോൾ പിന്നോക്ക സമുദായക്കാർ ഉള്ള നെല്ല് മുഴുവൻ ഗവമ്മെണ്ടിലേക്കു കൊടുത്തശേഷം റേഷൻ വാങ്ങുവാൻപോലും നിവൃത്തിയില്ലാതെ വിഷമിക്കുകയാണെന്നു് അറിയാമോ?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: ആ പ്രസ്താവനയെ ഞാൻ നിഷേധിക്കുന്നു.

ശ്രീ. പി. സി. ആദിച്ചൻ: ഇതു ഞാൻ പറഞ്ഞതു് ശരിയായി എനിക്കു നേരിട്ടുള്ള അറിവാണെന്നു് ബഹുമാനപ്പെട്ട മന്ത്രി ഇനിയെങ്കിലും ധരിക്കണമെന്നും അവരുടെ കാര്യത്തിൽ അനുഭാവപൂർവ്വം വേണ്ടതു ചെയ്യണമെന്നും അപേക്ഷിച്ചുകൊള്ളുന്നു.

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: അപേക്ഷ സ്വീകരിക്കുന്നു.

മെഷീനറി സാധനങ്ങളുടെ ഉപയോഗശൂന്യത

* ൪ ൩ വ്യ. (൩) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) എഫ്. ഐ. ടി. കമ്പനിയിൽ, മെഷീനറി സാധനങ്ങൾക്കു എന്തു തുക മുടക്കിയിട്ടുണ്ടെന്നു പ്രസ്താവിക്കുമോ;

(ബി) ഈ മെഷീനറി സാധനങ്ങൾ ഇപ്പോൾ ഉപയോഗിക്കാൻ കൊള്ളരുതാത്തതായി മാററിവെച്ചിരിക്കയാണെന്നുള്ളത് പരമാർത്ഥമാണോ;

(സി) അണെങ്കിൽ അതിനുത്തരവാദികളായവരുടെ മേൽ നടപടി നടത്തുമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: (എ) ഉന്നു, ൦൩, ൦ ൦ ൦ രൂപാ.

(ബി) മുഴുവനും ശരിയല്ല. ചില മിഷ്യനറികൾ ഉപയോഗശൂന്യമായി തീർന്നിട്ടുണ്ട് എന്നറിയാം.

(സി) നിയമപ്രകാരമുള്ള നടപടികൾ നടത്തുന്നതിനെപ്പററി ആലോചിക്കാം.

സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: എന്തു വിലക്കുള്ള മിഷ്യനറിയാണ് ഉപയോഗശൂന്യമായത്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ന്ന ലക്ഷത്തിൽ ചിലപാനം വരും.

ശ്രീ. പോൾ തളിയത്ത്: ബാക്കിയുള്ള മിഷ്യനറി ഇപ്പോൾ ഉപയോഗിക്കുന്നുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ചിലത് ഉപയോഗിക്കുന്നുണ്ട്, ചിലത് അവിടത്തെ ഉപയോഗത്തിനു പററിയവയല്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത്: അതു വാങ്ങിയപ്പോഴെ ഉപയോഗശൂന്യമാണോ, അതൊ പ്രവർത്തനത്തിനുശേഷമാണോ ഉപയോഗശൂന്യമായത്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: മിഷ്യനറി ഒന്നും ഉപയോഗശൂന്യമല്ല, അവിടത്തെ ഉപയോഗത്തിനു പററിയതല്ലെന്നാണ് ഞാൻ പറഞ്ഞത്.

സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: ഈ മിഷ്യനറി ആക്കെങ്കിലും വിലക്കുകൊടുക്കുവാൻ സാധിക്കുമോ എന്നാന്വേഷിക്കാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അന്വേഷിക്കാം.

ശ്രീ. എ. താണുപിള്ള: ഏതുമാതിരിയുള്ള അന്വേഷണമാണ് നടത്തിയത്; എന്തുകൊണ്ടാണ് അത് ഉപയോഗിക്കുവാൻ പാടില്ലെന്നു മനസ്സിലായത്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: തടിവെട്ടുന്നതിനു പലതരം മിഷ്യനറികളാണ്, വളരെയധികം തടികൾ വെട്ടുന്നതിനുള്ള മിഷ്യനറിയായതുകൊണ്ട് അത് ഇവിടെ കൊണ്ടുവന്നപ്പോൾ ഉപയോഗിക്കുവാൻ സാദ്ധ്യമല്ലെന്നു കണ്ടു.

ശ്രീ. എ. താണുപിള്ള: ആ മിഷ്യനറികൊണ്ട് ആവശ്യമുള്ള തടി കുറഞ്ഞ സമയം കൊണ്ട് വെട്ടിയെടുക്കരുതോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ആ മിഷ്യൻ വക്കുചെയ്യുന്നതിനു പല പ്രായോഗിക വൈഷമ്യങ്ങൾ ഉണ്ടായിരുന്നു.

സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: ഈ മിഷ്യനറി ഗവമ്മെണ്ടിൽനിന്നും വരുത്തിയതാണോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അല്ല, കമ്പനി മാനേജ്മെൻറ് വരുത്തിയതാണ്

തൊഴിലില്ലായ്മ, വ്യവസായാഭിവൃദ്ധി

* ൭൩൯. (൧) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ). തൊഴിലില്ലായ്മ പ്രശ്നത്തേയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനേയും പരിഗണിച്ച് വ്യവസായനില അഭിവൃദ്ധിപ്പെടുത്തുവാൻ തക്കവിധം വ്യവസായികളെ പ്രോത്സാഹിപ്പിക്കാൻ ഈ ഗവമ്മെണ്ട് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് എന്താണെന്നു പ്രസ്താവിക്കുമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: (എ) ഉണ്ട്.

(ബി) ഫെർട്ടിലൈസർ ഫാക്ടറി, റയോൺ ഫാക്ടറി, അലൂമിനിയം ഫാക്ടറി മുതലായ സ്ഥാപനങ്ങൾക്കുവേണ്ടി ഗവമ്മെണ്ടിൽനിന്നും വലിയ തുകകൾ മുടക്കിയിട്ടുണ്ട്. ചെറുതരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായവായ്പ്പകളും കൊടുക്കാറുണ്ട്.

ശ്രീ. കെ. കരുണാകരൻ: പല ഉടമസ്ഥന്മാരും കമ്പനികൾ പൂട്ടിയിട്ടു തൊഴിലാളികളെ പിരിച്ചുവിട്ടതുകൊണ്ടുണ്ടായ കഷ്ടതകൾ ഗവമ്മെണ്ടിനറിയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ആരാണ് അങ്ങനെ ചെയ്തത് എന്ന് അറിയിച്ചാൽ അന്വേഷിക്കാം.

ശ്രീ. ഗംഗാധരൻ നായർ: കൊല്ലം എ. ഡി. കോട്ടൺ മില്ലിൽ ഏകദേശം മുന്നൂറോളം തൊഴിലാളികൾ തൊഴിൽ ഇല്ലാതിരിക്കുകയാണെന്ന് അറിയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അതിനെ സംബന്ധിച്ച് ലേബർ കമ്മീഷണർ അന്വേഷണം നടത്തിവരുന്നുണ്ട്.

ശ്രീ. ഗംഗാധരൻ നായർ: ഉള്ളവക്കുതന്നെയും മുഴുവൻ സമയവും ജോലിയില്ലെന്ന് അറിയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഗവമ്മെണ്ടിനറിവില്ല.

പുനലൂർ പേപ്പർമില്ലിലെ ദൂഷിച്ച ജലം

* ൪൭൦. (വ) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പുനലൂർ പേപ്പർ മില്ലിൽനിന്നും ദൂഷിച്ച ജലം ആറ്റിലേക്ക് വിടുന്നതിനെ സംബന്ധിച്ച് സ്ഥലവാസികളിൽനിന്നും പരാതികൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തിയെന്നു പ്രസ്താവിക്കുമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: (എ) ഉണ്ട്.

(ബി) പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ട്മെണ്ട് അന്വേഷണം നടത്തുകയും പരാതിക്കു ഹേതുവായ കാരണങ്ങളുടെ നിവാരണത്തിനായി സത്വരനടപടികൾ കൈക്കൊള്ളണമെന്ന് മിൽ അധികൃതന്മാരോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: മിൽഅധികൃതന്മാരോട് നിർദ്ദേശിച്ചതെന്താണ്?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: സോഡാക്കാരം വെള്ളത്തിൽ കലങ്ങുന്നതിനെ നിറത്തൽ ചെയ്യുവാൻ വേണ്ട മിഷ്യനറി വരുത്തുന്നതിന് ആർഡർ പ്ലേസ് ചെയ്തിട്ടുണ്ട്.

സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: ആർഡർ ചെയ്തതനുസരിച്ച് മിഷ്യനറി എന്നു വരും?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: കുറെ ഇയ്യാണ്ടിലും, ബാക്കി അടുത്തയാണ്ടിലും വരും.

മരച്ചീനി കയററുമതി

* ൪൭൧. (ൺ) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) മരച്ചീനി ഈ സംസ്ഥാനത്തുനിന്നും കയററുമതി ചെയ്യുവാൻ ഇപ്പോൾ എന്തെങ്കിലും നിയന്ത്രണങ്ങൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണ് വ്യവസ്ഥകൾ;

(സി) ഈ വ്യവസ്ഥകൾ പിൻവലിച്ചു നിരുപാധികം കയററുമതി അനുവദിക്കുന്നതിനെപ്പററി ഗവമ്മെണ്ട് ആലോചിക്കുന്നുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ളാ: (എ) & (ബി) മരച്ചീനി കയററുമതിയെ നിരോധിച്ചിട്ടുണ്ട്.

(സി) നിരുപാധികമായി കയററുമതി അനുവദിക്കുന്നതിനെപ്പററി ഗവമ്മെണ്ട് ആലോചിക്കുന്നില്ല.

പുകയിലയുടെ അമിതവില

* ൪൭൨. (൧൦) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പുകയിലയുടെ അന്യായമായ വിലക്കയററത്തെ തടയുന്നതിന് ഗവമ്മെണ്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതെന്താണ്;

(സി) ആ നടപടി കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം ചെയ്തിട്ടുണ്ട്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: (എ) ചില സ്ഥലങ്ങളിൽ മാത്രം പുകയിലയുടെ വിലയിൽ അന്യായമായ കയററമുണ്ടായിരുന്നു. അവിടെ വില ന്യായമായ തോതിൽ കുറക്കുന്നതിന് എക്സൈസ് ഡിപ്പാർട്ട്മെൻറ് വേണ്ടതു പ്രവൃത്തിച്ചു വില കുറച്ചിട്ടുണ്ട്.

(ബി) ലൈസൻസുകാരെ നിർബന്ധിച്ചു് വില കുറപ്പിക്കുകയാണ് ചെയ്തിട്ടുള്ളതു്.

(സി) ഡിപ്പാർട്ട്മെണ്ടിൻെറ നിർദ്ദേശത്തെ അവഗണിച്ചു് വില അമിതമായി കൂട്ടുന്ന ലൈസൻസികളുടെ മേൽ നടപടി നടത്തുന്നതിനു പുകയില ചട്ടത്തിൽ വ്യവസ്ഥയുണ്ട്. ആവശ്യമെന്നു കണ്ടാൽ ഈ ചട്ടമനുസരിച്ചുള്ള അധികാരം ഉപയോഗിക്കുന്നതായിരിക്കും.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: അമിതമായി വിലകൂട്ടിയ ലൈസൻസികളുടെ മേൽ നടപടിയെടുത്തിട്ടുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഇല്ല. നടപടിനടത്തുന്നതിനു മുമ്പ്തന്നെ വ്യവസ്ഥയിൽ അതിലേക്കുവേണ്ട ഭേദഗതികൾ ചെയ്തിട്ടുണ്ട്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ജാപ്പാണം പുകയിലയുടെ വില ഇപ്പോൾ കൂടുതലാണെന്ന് അറിയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ചില സ്ഥലങ്ങളിൽ ഇപ്പോൾ കൂടുതലാണെന്നു അറിയാം. പുകയിലയുടെ കാര്യത്തിൽ ചില നിയന്ത്രണങ്ങൾ ഉണ്ട്. കച്ചവടക്കാരെ ഉപദേശിച്ചു് ന്യായമായ വിലക്ക് കൊടുക്കണമെന്നു ചട്ടംകെട്ടിയിട്ടുണ്ട്.

ശ്രീ. പാണ്ഡവത്തു ശങ്കരപ്പിള്ള: ഈ വില കൂട്ടിവില്ക്കുന്നവരോടു നല്ലവാക്കുപറഞ്ഞു ഗവമ്മെണ്ടു വില കുറക്കാം എന്നാണോ വിചാരിക്കുന്നതു്.

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: എന്നു ഞാൻ പറഞ്ഞതിനു അർത്ഥമില്ല. വളരെ അധികം കർശനമായി ഈ പുകയില ലേലം വിളികേട്ട കച്ചവടക്കാരോടു പെരുമാറി വരുന്നില്ല എന്നു മാത്രമാണ്. അവരെ സമീപിച്ചു് ന്യായമായ വിലക്കുകൊടുക്കണമെന്നു ചട്ടം കെട്ടിയിട്ടുണ്ട്.

ശ്രീ. പട്ടം എ. താണുപിള്ള: ഏതെല്ലാം സ്ഥലങ്ങളിലാണ് ഈ വിലകുറക്കുന്നതിനു വേണ്ടി ഗവമ്മെണ്ടു് ഇടപെട്ടതു് എന്നു പറയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: കോട്ടയം, മീനച്ചിൽ, മൂവാററുപുഴ മുതലായ സ്ഥലങ്ങളിൽ ആണ്.

ശ്രീ. ഇ. കെ. മാധവൻ: പുകയിലയുടെ വിലക്കയററം മൂലം ജനങ്ങൾക്ക് വാങ്ങാൻ നിവ്വാഹമില്ലാതെ വന്നിരിക്കുന്നു എന്നുള്ളവിവരം ഗവമ്മെണ്ടിനറിയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഗവമ്മെണ്ടിനു ചില സ്ഥലങ്ങളിൽ വിലക്കൂടുതൽ ഉണ്ടെന്നറിയാം.

സാഹിബ്ബ് ബഹദൂർ അബ്ദുൾ അസീസ്: ഈ വില കുറക്കണമെന്നു പറഞ്ഞ സ്ഥലങ്ങളിൽ ഇപ്പോഴും അങ്ങിനെ അമിതമായി വിലകൂട്ടി വില്ക്കുകയാണെന്നറിയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അവക്ക് റെൻറൽ വാല്യു മുതലായവ കഴിച്ചു് നഷ്ടം വരാത്തതരത്തിൽ വിൽക്കണമെന്നാണ് ഏപ്പാടുചെയ്തിരിക്കുന്നതു്.

സാഹിബ്ബ് ബഹദൂർ അബ്ദുൾ അസീസ്: ഒരു ഏകീകൃതമായ വില എല്ലാ സ്ഥലത്തും നിശ്ചയിച്ചു് നടപ്പിലാക്കാൻ ഗവമ്മെണ്ടു് ശ്രമിക്കുമോ?

(ഉത്തരം പറഞ്ഞില്ല.)

ശ്രീ. പി. എം. വർഗ്ഗീസ്: അതു വല്ല സ്ഥലത്തും നടപ്പിലാക്കീട്ടുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: കൊല്ലം, ചിറയിൻകീഴ് മുതലായ സ്ഥലങ്ങളിൽ നടപ്പായിട്ടുണ്ട്.

ശ്രീ. കെ. എസ്സ്. ജോസഫ്: സ്റ്റാൻറാർഡ് വൈറൈററിസിനു് പലസ്ഥലത്തും പല വിലയാണെന്നു് ഗവമ്മെണ്ടിനറിയാമോ; അതായതു് സിഗററററ്സിനുതന്നെ, പല വൈറൈററിസിനു് പല സ്ഥലങ്ങളിൽ പല വിലയാണ് നടപ്പിലിരിക്കുന്നതെന്നറിയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അതു പല സ്ഥലങ്ങളിലേയും ലേലത്തുകയെഅനുസരിച്ചു് വ്യത്യാസം കണ്ടേക്കാം.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: പുകയിലയുടെ മാക്സിമം വില ക്ലിപ്തപ്പെടുത്തിയിട്ടുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അങ്ങിനെ മാക്സിമം വില ക്ലിപ്തപ്പെടുത്തിയിട്ടില്ല.

വ്യവസായ ഡിപ്പാർട്ടുമെൻറ്

*ഇനെ. (ഫ ഫ) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഐക്യസംസ്ഥാനത്തെ വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് വ്യവസായഡിപ്പാർട്ടുമെൻറ് ഫ ഫ ന-ലും, ഫ ഫ 'ര-ലും എന്തെല്ലാം ചെയ്തു;

(ബി) പ്രസ്തുത ഡിപ്പാർട്ടുമെണ്ടിൻെറ പ്രവർത്തനംകൊണ്ട് ഐക്യസംസ്ഥാനത്തെ വ്യവസായങ്ങൾക്ക് എന്തഭിവൃദ്ധിയുണ്ടായി;

(സി) വ്യവസായഡിപ്പാർട്ടുമെണ്ടു കൂടുതൽ പ്രയോജനകരമാക്കുന്നതിന് ഗവമ്മെണ്ടു എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതെന്താണ്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: (എ) വ്യവസായികൾക്കും വ്യവസായകേന്ദ്രങ്ങൾക്കും അത്യാവശ്യമായതും എന്നാൽ ലഭിക്കുവാൻ പ്രയാസമേറിയതുമായ അസംസ്കൃതസാധനങ്ങൾ (ഇരുമ്പ്, ഉരുക്ക്, കൽക്കരി, സിമൻറ്, കോക്ക്) ഇത്യാദി നിശ്ചിതവിലക്കു കിട്ടുന്നതിനുള്ള എല്ലാ സൌകര്യങ്ങളും ചെയ്തുകൊടുത്തു. വ്യവസായങ്ങൾക്കു ചുരുങ്ങിയ വിലക്കു കരം ഏർപ്പാടുചെയ്തു. ഉല്പന്നങ്ങൾ കയററി അയക്കുവാൻ വേണ്ട ഒത്താശചെയ്തു. അവക്കു ധനസഹായവും ചെയ്തിട്ടുണ്ട്. ഉല്പന്നങ്ങൾക്കു പുതിയ കമ്പോളങ്ങൾ ഉണ്ടാക്കുന്നതിലും വ്യവസായഡിപ്പാർട്ടുമെണ്ടു് ശ്രദ്ധപതിച്ചിട്ടുണ്ട്. കുടിൽ വ്യവസായങ്ങൾക്കുവേണ്ട ഉപദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) അഭിവൃദ്ധിയുണ്ടായിട്ടുണ്ട്. ഈ ചോദ്യത്തിനു വ്യക്തമായി മറുപടി പറയാൻ നിവൃത്തിയില്ല.

(സി) ഉണ്ട്. കോട്ടേജ് ഇൻഡസ്ട്രീസ് ബോർഡ് രൂപീകരിച്ചു പ്രവർത്തനം ഉടങ്ങിയിട്ടുണ്ട്.

ശ്രീ. കെ. രാമചന്ദ്രൻ: വ്യവസായം കൊണ്ടുണ്ടാകുന്ന ഉല്പന്നങ്ങൾക്ക് അന്യദേശങ്ങളിൽ മാർക്കററുണ്ടാക്കാൻ വല്ല ട്രേഡ് ഏജൻസികളും ഉണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഗവമ്മെണ്ടിൽനിന്നും നടത്തുന്ന ചില ഫാക്ടറികളിലെ സാധനങ്ങൾക്കു മാർക്കററു കണ്ടുപിടിക്കാൻ ട്രേഡ് ഏജൻസികളുണ്ട്.

ശ്രീ. കെ. രാമചന്ദ്രൻ: മററു വ്യവസായോല്പന്നങ്ങൾക്കു മാർക്കററു കണ്ടുപിടിക്കാൻ ട്രേഡ്ഏജൻസികളെ നിയമിക്കാൻ ഗവമ്മെണ്ടിനു ദയവുണ്ടാകുമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അതേപ്പററി ഗവമ്മെണ്ടു് ആലോചിക്കുന്നതാണ്.

ശ്രീ. വി. ഗംഗാധരൻനായർ: ഗവമ്മെണ്ടിൻെറ ഈ വ്യവസായീകരണ പദ്ധതികൾ വിജയപ്രദമല്ലെന്നറിയാമോ?

Mr. Speaker: That is only a matter of opinion.

ശ്രീ. യു. കെ. വാസുദേവൻ ആചാരി: കുടിൽവ്യവസായങ്ങളെ വർദ്ധിപ്പിക്കുന്നതിനു ഗവമ്മെണ്ടു് ശ്രമിക്കുന്നുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഉണ്ട്. അവക്ക് ആവശ്യമായ റാമെററീരിയൽസ് അതായതു് ടിൻ, സ്റ്റീൽ മുതലായവ ഗവമ്മെണ്ടിൽനിന്നും വരുത്തിക്കൊടുക്കുന്നുണ്ട്.

ശ്രീ. വി. ഗംഗാധരൻനായർ: നെയ്ത്തുവ്യവസായത്തിനു ഗവമ്മെണ്ടു് എന്തെങ്കിലും പ്രോൽസാഹനം ചെയ്തു കൊടുക്കുന്നുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ആ വ്യവസായത്തെ ഒരു കോപ്പറേററീവ് ബേസിസിൽ സംഘടിപ്പിക്കുന്നതിനു ഗവമ്മെണ്ടു് ശ്രമിച്ചുകൊണ്ടിരിക്കയാണ്.

ശ്രീ. പി. കെ. രാമൻ: നമ്മുടെ ഗവമ്മെണ്ടിൽനിന്നും ട്രേഡ്കമ്മീഷണറെ നിയമിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഇല്ല.

ഗ്രാമങ്ങളിലെ വൈദ്യസഹായം

*ഇ ൭ ൪. (ഫ ഫ) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗ്രാമപ്രദേശങ്ങളിൽ വൈദ്യസഹായം സൗകര്യപ്രദമായി ലഭിക്കുന്നതിനു വേണ്ട വല്ല പദ്ധതികളും, ഗവൺമെണ്ട് സ്വീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതെന്താണ്? അതു എത്രമാത്രം പ്രാവർത്തികമായിട്ടുണ്ട്;

(ബി) ഈ വിഷയത്തിൽ ഗ്രാമങ്ങൾ മുൻകൈയെടുത്തു പ്രവർത്തിക്കുമ്പോൾ ഗവൺമെണ്ട് അവയ്ക്കു പ്രോൽസാഹനം നൽകുന്നുണ്ടോ;

(സി) മേനാംകുളം ഗ്രാമോദ്ധാരണ കേന്ദ്രാതൃത്തിക്കുള്ളിൽ ഒരു ഡിസ്പെൻസറി സ്ഥാപിക്കുന്നതിനു ജനങ്ങൾ ചെയ്യുന്ന ശ്രമത്തിൽ ഗവൺമെണ്ടിന്റെ സഹായം അപേക്ഷിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത അപേക്ഷയുടെ പ്രത്യേക സംഗതികൾ പരിഗണിച്ചു അപേക്ഷകർക്കു കഴിയുന്നതും വേഗത്തിൽ വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: (എ) ഉണ്ട്. ഈ രാജ്യത്ത് ഗവ്ൺ ആശുപത്രികളും സ്വ ഗ്രാൻറ് ഇൻഎയിഡഡ് ആശുപത്രികളും വ്യ ആയുർവ്വേദ ഗ്രാൻറ് വൈദ്യശാലകളും വ്യ ഗ്രാൻറ സിദ്ധവൈദ്യ ശാലകളും ഉണ്ട്. കൂടാതെ രണ്ടു യുണാനിവൈദ്യശാലകളും ഉണ്ട്. ഇവ കൂടാതെ പബ്ലിക്ക് ഹെൽത്തു ഡിപ്പാർട്ട്മെണ്ടിൽ രോഗനിവാരണത്തിനു വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുമുണ്ട്.

(ബി) ഉണ്ട്.

(സി) ഉള്ളതായി അറിവില്ല.

(ഡി) (സി) യുടെ ഉത്തരംകൊണ്ട് ഈ ചോദ്യത്തിനുത്തരം ആവശ്യമില്ല. എന്നാൽ അപേക്ഷ ഉണ്ടാകുമ്പോൾ അതിനു വേണ്ട പരിഗണന നൽകുന്നതാണ്.

ശ്രീ. റഫേൽ റൊഡ്രിഗ്സ്: ഡിസ്പെൻസറികൾ സ്ഥാപിക്കാൻ അപേക്ഷ കിട്ടിയിട്ടില്ലന്നാണോ പറയുന്നത്?

ബഹു. ശ്രീമതി ആനിമാസ്ക്രീൻ: അതേ.

സാഹിബ്ബ് ബഹദൂർ അബ്ദുൾ അസീസ്: ഈ സംസ്ഥാനത്ത് ആകെ എത്ര ഗ്രാമങ്ങൾ ഉണ്ടെന്നു പറയാമോ?

ബഹു. ശ്രീമതി ആനിമാസ്ക്രീൻ: ആ ചോദ്യം ഇതിൽനിന്നും ഉദ്ഭിക്കുന്നില്ല.

സാഹിബ്ബ് ബഹദൂർ അബ്ദുൾ അസീസ്: എത്ര ഗ്രാമങ്ങൾക്ക് ഒരാശുപത്രി വീതം ഉണ്ടെന്നു പറയാമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: ഏഴുമൈലിനുള്ളിൽ ഒരാശുപത്രി വീതം ഉണ്ട്.

ശ്രീ. റഫേൽ റൊഡ്രിഗ്സ്: പുതിയ ആശുപത്രികൾ അനുവദിക്കുന്നത് എന്തടിസ്ഥാനത്തിലാണ്?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: പുതിയ ആശുപത്രികൾ എവിടെയെല്ലാം സ്ഥാപിക്കണമെന്നുള്ളതിനെപ്പററി ആലോചിച്ചു തീരുമാനിക്കുന്നതിന് ഒരു കമ്മിററിയെ ഏല്പ്പെടുത്തിയിട്ടുണ്ട്. അവരുടെ തീരുമാനമനുസരിച്ചാണ്.

ശ്രീ. എ. എം. തോമാസ്: സംയോജനത്തിനുശേഷം എത്ര ആശുപത്രികൾ അനുവദിച്ചിട്ടുണ്ട്?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: ഒന്നും അനുവദിച്ചിട്ടില്ല.

ശ്രീ. ഇപ്പൻ അറയ്ക്കൽ: കെട്ടിടവും സ്ഥലവും ഉണ്ടാക്കി ഗവൺമെണ്ടിനെ ഏല്പിച്ചാൽ ആശുപത്രി അനുവദിക്കുമോ?

Mr. Speaker: That question is disallowed.

ശ്രീ. ഇ. കെ. മാധവൻ: ഏഴുമൈലിനുള്ളിൽ ഒരു ഗ്രാൻറ വൈദ്യശാല ഉണ്ടെന്നു പറഞ്ഞല്ലോ. അതിൽ വൈദ്യശാലകൾക്ക് ഗ്രാൻറുകൊടുക്കുന്നോ അതോ വൈദ്യന്മാർക്കു ഗ്രാൻറ കൊടുക്കുന്നോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: ഈ സംഗതികളെക്കുറിച്ച് എന്നെക്കാൾ കൂടുതൽ ബഹു. മെമ്പർക്ക് അറിയാവുന്നതാണ്.

മി. സ്പീക്കർ: ബഹു. മെമ്പർ ചോദിച്ച ചോദ്യത്തിനുള്ള മറുപടി മററു മെമ്പറന്മാർക്കും അറിയുന്നതിനായി ഉത്തരം പറയേണ്ടതാണ്. ഉത്തരം തയാറായിട്ടില്ലങ്കിൽ അങ്ങിനെപറയണം.

ബഹു. ശ്രീമതി ആനിമസ്ക്രീൻ: അതിനുത്തരം തയാറായിട്ടില്ല.

സഹകരണ ഡവലപ്മെൻറ കമ്മീഷണർ

*൪ ൭൪. (ക്ര നം) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സഹകരണ ഡവലപ്മെൻറ കമ്മീഷണർ എന്ന ഒരു പുതിയ ഉദ്യോഗം സൃഷ്ടിച്ചത് എന്തിനാണ്;

(ബി) ആ ഉദ്യോഗസ്ഥൻെറ ജോലികൾ എന്തെല്ലാമാണ്;

(സി) 'ബി' ക്കുള്ള ഉത്തരത്തിൽ പറയുന്ന ജോലികളെല്ലാം സഹകരണസംഘം രജിസ്ട്രാരെയും അസിസ്റ്റാൻറ രജിസ്ട്രാരന്മാരെയും, ഇൻസ്പെക്ടർമാരെയുംകൊണ്ടു നടത്താൻ പാടില്ലേ?

ബഹു. സാഹിബ് ബഹദൂർ: ടി. എ. അബ്ദുള്ള: (എ) സഹകരണ പ്രസ്ഥാനത്തിന് ഉത്തേജനം നൽകുന്നതിനും അഭിനവരീതിയിൽ പ്രവർത്തനം വികസിപ്പിക്കുന്നതിനും.

(ബി) സഹകരണപ്രസ്ഥാനത്തിലെ വിവിധ പ്രവർത്തനങ്ങളുടെ ആസൂത്രണം പരിഷ്കരണം, നിയന്ത്രണം എന്നിവ.

(സി) കാര്യക്ഷമവും പ്രയോജനകരവുമായി നടത്തുവാൻ നിവർത്തിയില്ല.

ശ്രീ. വി. ഗംഗാധരൻ നായർ: സഹകരണാടിസ്ഥാനത്തിൽ വല്ല വ്യവസായങ്ങളും നടത്തുന്നുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഉണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഡെവലപ്പുമെൻറ കമ്മീഷണരുടേയും സഹകരണരജിസ്ട്രാറുടേയും ജോലികൾ എന്തെല്ലാമെന്നു പറയാൻ ദയവുണ്ടാകുമോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അവരുടെ ജോലികൾ എന്തെല്ലാം എന്നു പത്രങ്ങളിൽ അന്നുതന്നെ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. എ. മാത്യു: രജിസ്ട്രാർ കമ്മീഷണരുടെ കീഴിലാണോ? ഈ കമ്മീഷണറെ നിയന്ത്രിക്കുന്നതാരാണെന്നു പറയാമോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: കമ്മീഷണറെ നിയന്ത്രിക്കുന്നതു ഗവമ്മെണ്ടാണ്.

ശ്രീ. കെ. എ. മാത്യു: കമ്മീഷണറുടെ പേരിൽ വല്ല പരാതികളും കിട്ടീട്ടുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: പരാതികൾ കിട്ടീട്ടില്ല. അദ്ദേഹത്തിൻെറ പേരിൽ ചില അലിഗേഷൻസ് ഉണ്ടായിട്ടുണ്ട്.

ശ്രീ. കെ. എ. മാത്യു. അതേപ്പററി അന്വേഷണം നടത്തിയിട്ടുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഫോർമലായി അന്വേഷണം നടത്തിയിട്ടില്ല. ഇൻഫോർമലായി ചില അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്. തീരുമാനം ഒന്നും ചെയ്തിട്ടില്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഈ ഡവലപ്പുമെൻറ് കമ്മീഷണറെ അദ്ദേഹത്തിൻെറ പ്രവർത്തനങ്ങളിൽ സഹായിക്കാൻ വേറെ ഉദ്യോഗസ്ഥന്മാരുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അദ്ദേഹത്തിന് ഒരു സ്റ്റാഫ് കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: അദ്ദേഹത്തിന് ആഫീസ് സ്റ്റാഫാണോ കൊടുത്തിട്ടുള്ളത്?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അതേ.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഡവലപ്പുമെൻറ കമ്മീഷണക്ക് ആഫീസ് ജോലിയേക്കാൾ രാജ്യവ്യാപകമായ പലകാര്യങ്ങളിലും പ്രവർത്തിക്കേണ്ടതുകൊണ്ട് അതിലേക്ക വല്ല ഉദ്യോഗസ്ഥന്മാരേയും അദ്ദേഹത്തിൻെറ കീഴിൽ നിയമിച്ചിട്ടുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഡവലപ്പുമെൻറ് കമ്മീഷണക്ക സഹകരണ സംബന്ധമായി പൊതുജനങ്ങൾക്ക് കൂടുതൽ പ്രയോജനകരമായ പദ്ധതികൾ തയാറാക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും സഹകരണനിയമങ്ങൾ, ആക്ട്കൾ ആധുനികമായ രീതിയിൽ പരിഷ്കരിക്കുന്നതിനും ഉള്ള ജോലിയാണുള്ളത്. അതിലേക്ക വേണ്ടതായ സിൽബന്ധികളേയും നിയമിക്കുന്നുണ്ട്.

ശ്രീ. വി. ഗംഗാധരൻനായർ: അങ്ങിനെ അദ്ദേഹം വല്ല പദ്ധതികളും സമർപ്പിച്ചിട്ടുണ്ടോ? അവ വല്ലതും നടപ്പിൽ വരുത്തിയിട്ടുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഉണ്ട്.

ശ്രീ. കെ. എ. മാത്യു: പണം സംബന്ധമായ ചുമതലവല്ലതുമുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഇല്ല.

ശ്രീ. ടി. എസ്സ്. ബന്ധു: ഈ കമ്മീഷണറും രജിസ്ട്രാറും തമ്മിൽ അധികാരത്തിനു വ്യത്യാസമുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: പ്രവർത്തനരീതിയിൽ വ്യത്യാസം ഉണ്ട്.

ശ്രീ. പട്ടം എ. താണുപിള്ള: ഈ ഉദ്യോഗം ഏതാനും നാളത്തേക്കു മാത്രമണോ അതോ സ്ഥിരമാണോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അതു് ഇപ്പോൾ പറയാറായിട്ടില്ല.

ശ്രീ. പട്ടം എ. താണുപിള്ള: ഞാൻ ചോദിച്ചതു് ഈ ഉദ്യോഗം താൽക്കാലികമാണോ അതോ സ്ഥിരമാണോ എന്നാണ്.

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അങ്ങിനെ ഒരുദ്യോഗം ആവശ്യമാണന്നു ബോദ്ധ്യപ്പെട്ടതുകൊണ്ടു് ആ ഉദ്യോഗസ്ഥനെ സ്ഥിരമായി നിയമിച്ചു എന്നു കണക്കാക്കാം.

ശ്രീ. പട്ടം എ. താണുപിള്ള: ആ ഉദ്യോഗം സ്ഥിരമായി സൃഷ്ടിച്ചിരിക്കുന്നതാണോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ആ ഉദ്യോഗസ്ഥന്റെ ആവശ്യം എന്നുവേണ്ടന്നുവക്കുന്നോ അന്നു നിറുത്താവുന്നതാണ്.

ശ്രീ. വി. ഗംഗാധരൻനായർ: കയർവ്യവസായം, നെയ്ത്തു വ്യവസായം മുതലായ വ്യവസായങ്ങൾ സഹകരണാടിസ്ഥാനത്തിൽ പുനസംഘടിപ്പിക്കുന്നതിന് ഗവർമ്മെൻറിന് അഭിപ്രായമുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഉണ്ട്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഇതിലേയ്ക്കു് ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിക്കേണ്ട ആവശ്യമുണ്ടെന്നു ഗവർമ്മെൻറ് വിചാരിക്കുന്നുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: സഹകരണപ്രസ്ഥാനം വികസിച്ചുവരുന്നതുകൊണ്ടും സഹകരണപ്രസ്ഥാനത്തിൽകൂടി ഗവർമ്മെൻറ് സാമാന്യജനങ്ങളുടെ എല്ലാ പ്രവർത്തനങ്ങളും വികസിപ്പിച്ചു് പ്രാബല്യത്തിൽ കൊണ്ടുവരണം എന്നു താൽപ്പര്യപ്പെട്ടിരിക്കുന്നതുകൊണ്ടും ഈ ഡിപ്പാർട്ടുമെൻറിൽ പ്രത്യേകമായി ഒരുദ്യോഗസ്ഥനെ നിയമിച്ചു എന്നാണ് എനിക്കു പറയുവാനുള്ളതു്.

FOOD TO IN-PATIENTS

***576.** [14] **Sri. A. K. George:** Will the Hon'ble Minister for Health and Power be pleased to state —

(*a*) has the Minister tested the food given to the in-patients in the hospitals visited by the Minister; and

(*b*) if so, what is the impression of the Minister about it ?

The Hon'ble Sry. Annie Mascarene:

(*a*) Yes.

(*b*) Generally speaking, the food given in the hospital is of standard quality.

Sri. A. K. George: May I know, what is the standard quality ?

The Hon'ble Sry. Annie Mascarene: The one prescribed by the Medical Deartment.

Sri. A. K. George: May I know, has the Minister visited the Chalakkudi hospital ?

The Hon'ble Sry. Annie Mascarne: Yes.

Sri. A. K. George: Has any instruction been given regarding to the food given there ?

The Hon'ble Sry. Annie Mascarene: As the food given there was not found to be very good. Certain instructions were given to conform to the quality maintained by other institutions.

Sri. A. K. George: Has the Hon'ble Minister precribed the diet to be given to the patients in that hospital ?

The Hon'ble Sry. Annie Mascarene : No. The diet to be given to the patients is prescribed by the head of the Medical Department.

Sri. A. K. George : I was basing my question from the report published in newspapers and so I want to know whether there is truth in that ?

May I know whether the Government aware that pilfering is going on in respect of the provision allowed to the patients ?

The Hon'ble Sry. Annie Mascarene : If the Hon'ble member would give me information about it, I shall look into it forthwith.

CHENGAL HYDRO—ELECTRIC SCHEME

*577. [15] **Sri. A. K. George :** Will the Hon'ble Minister for Health and Power be pleased to state.—

(*a*) when will be the Chengal Hydro—Electric Scheme complete ?

(*b*) what will be its power capacity when the project is completed ; and

(c) how far is its work progressed ?

The Hon'ble Sry. Annie Mascarene : There is no scheme known as Chengal. I presume that the question relates to Chengulam scheme.

Sri. A. K. George : Yes.

The Hon'ble Sry. Annie Mascarene :

(*a*) The first unit in the Chengulam power station is expected to be completed by the middle of 1952 and the entire project is expected to be completed by about the middle of 1953.

(*b*) The Chengulam Power Station will have an installed capacity of 48,000 KW consisting of 4 units of 12000 KW each. The effective capacity of this station will be 36,000 KW at about 56 per cent load factor.

(*c*) All preliminary works connected with the project like construction of office and residential buildings, opening of roads. etc., are complete. Power station plant has been ordered. Tender for the supply of H. P. Pipe lines have been invited. Tunneling work and site levelling of transformer yard and power station are in progress.

Sri. A. K. George : Can I take it that it will be completed earlier than what is stated now ?

The Hon'ble Sry. Annie Mascarene : Yes.

AYURVEDIC HOSPITAL ,TRICHUR

*578. [16] **Sri A. K. George:** Will the Hon'ble Minster for Health and Power be pleased to state what are the sale proceeds of the medicines sold at the Ayurvedic Hospital Trichur for the years 1122, 1123 and 1124?

The Hon'ble Sry. Annie Mascarene: Medicines are not sold in the Ayurveda Hospita at Trichur.

ശ്രീ. കെ. ആർ. ഇലങ്കത്തു്: അവിടെ ഒരു ആയുർവ്വേദ ഫാർമസി ഇല്ലേ? ആ ഫാർമസിയിൽനിന്നും മരുന്നുകൾ വിലക്കു് കൊടുക്കുന്നുണ്ടോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: ഉണ്ടു്.

Sri. C. V. Iyyu: Is there not a sales department?

The Hon'ble Sry. Annie Mascarene: Yes.

Sri. C. V. Iyyu: Has the manufacture of drugs been stopped on account of want of money?

The Hon'ble Sry. Annie Mascarene: Government have no information about that.

Sri. C. V. Iyyu: Have the Government ordered the lowering down of production in that institution?

The Hon'ble Sry. Annie Mascarene: No.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഫാർമസിയിൽ നിന്നും ചവറവ, ചവറന, ചവറൽ ഈ കൊല്ലങ്ങളിൽ മരുന്നുവിററവകയിൽ എന്തു തുക കിട്ടിയിട്ടുണ്ടെന്നു പറയുമോ?

	ക.	ണ.	സ.
൧ ൧ ൨ ൨-ൽ	൧,൩ ൨, ൧ ൯ ൭	൧ ൪	൩
൧ ൧ ൨ ൩-ൽ	൧,൩ ൪,൩ ൦ ൫	൩	൩
൧ ൧ ൨ ൪-ൽ	൧,൩ ൯, ൪ ൯ ൫	൩	൦

Sri. A. K. George: From the list now furnished to the House may I enquire whether the price of medicines sold has gone up?

The Hon'ble Sry. Annie Mascarene: The price has gone up according to the price of other materials.

ശ്രീ. വി. ഗംഗാധരൻനായർ: നമ്മുടെ ആയുർവ്വേദ മരുന്നുകൾ പാശ്ചാത്യരാജ്യങ്ങളിൽ വിൽക്കുന്നതിന് ഗവൺമെൻറിൽനിന്നും എന്തെങ്കിലും എളുപ്പാടുകൾ ചെയ്തിട്ടുണ്ടോ?

The Hon'ble Sry. Annie Mascarene: That question does not arise from the main question.

CO-OPERATIVE SOCIETIES

***579.** [18] **Sri. A. K. George:** Will the Hon'ble Minister for Food and Supplies be pleased to state.—

(*a*) how many co-operative societies have gone into liquidation in the year 1124 in the State; and

(*b*) how many new co-operative societies have been registered in the State in the year 1124?

The Hon'ble Sri. T. A. Abdullah:

(*a*) 39.

(*b*) 186.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഏതുതരം സംഘങ്ങളാണ് ഇങ്ങനെ പിരിച്ചുവിടാറുള്ളത്?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: പിരിച്ചുവിട്ട സംഘങ്ങളുടെ ഇനം തിരിച്ചുള്ള പട്ടിക എൻെറ കൈവശം ഇല്ല.

എക്സൈസ് ഡിപ്പാർട്ട്മെൻറിലെ കീഴ്ജീവനക്കാരുടെ സംഖ്യ

* ൫ വ്യ ൦. (൧൯) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസ്മന്ത്രി സദയം മറുപടിപറയുമോ?

(എ) തിരുവിതാംകൂറിലേയും കൊച്ചിയിലേയും എക്സൈസ് ഗാർഡുകളുടേയും പെററിയാഫീസർമാരുടേയും സംഖ്യ യഥാക്രമം എങ്ങിനെ?

(ബി) ഇവരുടെ ജാതിതിരിച്ചുള്ള പട്ടിക എങ്ങിനെ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്. വേണമെങ്കിൽ വായിക്കാം.

മി. സ്പീക്കർ: ലിസ്റ്റ് വായിക്കണമെന്നില്ല. മേശപ്പുറത്തു വച്ചാൽമതി.

(എ)

തിരുവിതാംകൂറിൽ		കൊച്ചിയിൽ	
പ്രിവിൻറീവ് ആഫീസർ	ഗാർഡ്	പെററി ആഫീസർ	പ്യൂൺ
൪ ൧ ൩	൧, ൫ ൧ ൪	൪ ൫	൩ ൨ ൦

(ബി)		തിരുവിതാംകൂറിൽ പ്രിവിൻറീവ് ആഫീസർ	തിരുവിതാംകൂറിൽ ഗാർഡ്	കൊച്ചിയിൽ പെററി ആഫീസർ	കൊച്ചിയിൽ വച്ചൺ
൧	ബ്രാഹ്മണൻ	൧ ൪	൧ ൯	..	൪
൨	നായർ	൨ ൩ ൩	൫ ൧ ൨	൩	൯ ൫
൩	ഈഴവൻ	൨ ൮	൨ ൨ ൯	൫	൫ ൮
൪	കമ്മാളൻ	൭	൩ ൩	..	..
൫	പുലയൻ	൧	൨ ൩		൧ ൨
൩	പറയൻ	൧	൧ ൭		
൭	അരയൻ	൧	൯		
൮	കുറവൻ	..	൫		
൯	വെള്ളാളൻ	൧ ൪	൩ ൩		
൧ ൦	ഹിന്ദുനാടാർ	൨	൫ ൯		
൧ ൧	മററഹിന്ദുക്കൾ	൨ ൦	൧ ൨ ൧	൩	൫ ൫
൧ ൨	മുഹമ്മദീയൻ	൨ ൯	൧ ൨ ൦	൦	൨ ൭
൧ ൩	യാക്കോബായ ക്രിസ്ത്യാനി	൨ ൫	൧ ൨ ൨		
൧ ൪	സിറിയൻ കത്തോലിക്കൻ	൧ ൪	൧ ൨ ൩	൪	൩ ൩
൧ ൫	ലത്തീൻ	൩	൪ ൩		൩ ൯
൧ ൩	മാർത്തോമ്മാ	൧ ൦	൩ ൨		
൧ ൭	ആംഗ്ലിക്കൻ	..	൪		
൧ ൮	എ. ഐ. യു. സി.	൮	൪ ൪		
൧ ൯	മററ ക്രിസ്ത്യാനി	൩	൨ ൫	൧	൧ ൪
൨ ൦	ആംഗ്ലോഇന്ത്യൻ	൨	..		൩
	ആകെ	൪ ൪ ൮	൧, ൫ ൭൯	൧ ൯	൩ ൭ ൦

തിരുവിതാംകൂറിലേയും കൊച്ചിയിലേയും ആയുർവ്വേദ വൈദ്യന്മാരുടെ സംഖ്യ

* ൫ ൮ ൧. (൨ ൦) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂറിലേയും കൊച്ചിയിലേയും അംഗീകാരവും ഗ്രാൻറും ഉള്ള ആയുർവ്വേദവൈദ്യന്മാരുടെ സംഖ്യ യഥാക്രമം എങ്ങിനെ;

(ബി) ഇവരുടെ ജാതി തിരിച്ചുള്ള പട്ടിക എങ്ങിനെ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: (എ) തിരുവിതാംകൂറിൽ ൨൨൩. കൊച്ചിയിൽ ൪൩.

(ബി) ജാതിതിരിച്ചുള്ള പട്ടിക വേണവെങ്കിൽ വായിക്കാം.

Mr. Speaker: If the list is a short one the Hon'ble Member can read it for the information of the House.

The Hon'ble Sry Anni Mascarene: It is only a short list.

തിരുവിതാംകൂറിൽ	ഹിന്ദുക്കൾ	൧ ൯ ൩
കൊച്ചിയിൽ	,,	൩ ൭
തിരുവിതാംകൂറിൽ	മുസ്ലീങ്ങൾ	൫
കൊച്ചിയിൽ	,,	൪
തിരുവിതാംകൂറിൽ	ക്രിസ്ത്യാനികൾ	൧ ൯
കൊച്ചിയിൽ	,,	൫

ശ്രീ. കെ. ആർ. ഇല്ലങ്കത്തു്: വൈദ്യന്മാർക്ക് ഗ്രാൻറ് കൊടുക്കുന്നതു് ചികിത്സയിലുള്ള വൈദഗ്ദ്ധ്യം അനുസരിച്ചാണോ; ജാതി അനുസരിച്ചാണോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: വൈദ്യന്മാരുടെ യോഗ്യത അനുസരിച്ചാണ് ഗ്രാൻറ നൽകുന്നതു്.

Sri Abdul Razak: The list asked for is a cast-war statement and not religion-war as the Hon'ble Minister read out.

ഐക്യസംസ്ഥാനത്തെ ഫുഡ്സപ്ലൈ ഡിപ്പാർട്ടുമെണ്ടിലെ ജീവനക്കാർ

*ഇ വ്യ. ൨(ഗ) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:—

(എ) തിരുവിതാംകൂറിലേയും കൊച്ചിയിലേയും ഫുഡ്സപ്ലൈസ് ഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാരുടെ എണ്ണം യഥാക്രമം എങ്ങിനെ;

(ബി) ഇവരുടെ ജാതിതിരിച്ചുള്ള പട്ടിക എങ്ങിനെ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: (എ) തിരുവിതാംകൂറിൽ ൩ ൪ ൪ കൊച്ചിയിൽ ൪ ൫ ൫.

ഇതിൽ നെല്ലെടുപ്പു ജോലിക്കു നിയമിച്ചിട്ടുള്ള ൪ ● വ്യ ഉദ്യോഗസ്ഥന്മാരെ ചേർത്തിട്ടില്ല.

(ബി) പട്ടിക മേശപ്പുറത്തു വെച്ചിട്ടുണ്ടു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഇങ്ങനെയുള്ള ചോദ്യങ്ങൾ ചോദിക്കുന്നതു് വിവരങ്ങൾ അറിയാനാണെന്നുള്ള വസ്തുത ബഹു. മന്ത്രിക്കറിയാമോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: വിവരം കാണിക്കുന്ന പട്ടികയാണ് മേശപ്പുറത്തു വെച്ചിരിക്കുന്നതു്.

മി. സ്പീക്കർ: ആ ചോദ്യത്തിനു് ഉത്തരം ആവശ്യമില്ല.

ശ്രീ. എ. താണുപിള്ള: നെല്ലെടുപ്പു ഉദ്യോഗസ്ഥന്മാരുടെ എണ്ണംകൂടി ചേർത്താൽ തിരുവിതാംകൂറിലും കൊച്ചിയിലും ആകെ എത്രയുണ്ടു്?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: നെല്ലെടുപ്പു ഉദ്യോഗസ്ഥന്മാരെ ഒഴിച്ചുള്ള സംഖ്യയാണ്ഞാൻ ഇപ്പോൾ പറഞ്ഞതു്. നെല്ലെടുപ്പു ഉദ്യോഗസ്ഥന്മാരെ ചേർക്കാത്തതു് അവരുടെ ജോലി മിക്കവാറും സീസനൽ ആയതുകൊണ്ടാണ്. അവരെ സ്ഥിരം ജോലിക്കാരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. അവരുടെ സംഖ്യ തിരുവിതാംകൂറിൽ ൨൫ ൦ ൰, കൊച്ചിയിൽ ൨ ൦ വ്യ ൰ ആണ്.

ശ്രീ. വി. കെ. ജോസഫ്: നെല്ലെടുപ്പുദ്യോഗസ്ഥന്മാർ ഭക്ഷ്യവകുപ്പിൻെറ കീഴിലാണോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ഭക്ഷ്യവകുപ്പിനും അവരുടെമേൽ നിയന്ത്രണമുണ്ടു്.

തിരുവിതാംകൂറിലേയും കൊച്ചിയിലേയും ഫുഡ്സപ്ലൈ ഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാരുടെ ജാതിതിരിച്ചുള്ള പട്ടിക

ജാതി		തിരുവിതാംകൂറിലെ എണ്ണം	കൊച്ചിയിലെ എണ്ണം
ഹിന്ദുക്കൾ—	ബ്രാഹ്മണർ	൩ ൭	൧ ൩
	നായർ	൩ ൦൩	൧ ൧ ൨
	ഈഴവർ	൩ ൫	൭ ൩
	നാടാർ	൧൩	..
	കുമ്പാളൻ	൫	..
	ചേരമർ	൧	൧൩
	വെള്ളാളർ	൩ ൨	..
	മററു സവർണ്ണഹിന്ദുക്കൾ	൧൯	൩൯
	മററു ഹിന്ദുക്കൾ	൨ ൭	൩ വ്യ
മുസ്ലീം	..	൨ വ്യ	൨ ൩

കുസ്ലാനി—ജാക്കൊബയിററ്	൨ ൦	
മാർതോമ്മ	൧ ൨	
സിറിയൻ കുസ്ലാൻ	൨ ൧	
ലാത്തീൻ കത്തോലിക്ക	൧ ൫	൧ ൦ ൫
എസ്സ്. ഐ. യു. സി.	൧ ൩	
മററു കുസ്ലാനികൾ	൨ ൧	
	൩ ൪ ൪	൪ ൫ ൫

*Note.—കൊച്ചിയെ സംബന്ധിച്ചുള്ള പട്ടികയിൽ നെല്ലെടുപ്പു ജോലിക്കായി നിയമിച്ചിട്ടുള്ള ൪ ൫ വു ഉദ്യോഗസ്ഥന്മാരെ ചേർത്തിട്ടില്ല.

CERAMIC FACTORY

***583.** [22] **Sri. K. Ramachandran :** Will the Hon'ble Minister for Industries be pleased to state.—

(*a*) the quantity of clay that is being annually exported from the Ceramic Factory at Kundara with figures for 1120 to 1124;

(*b*) the rate per ton of clay during 1120, 1121, 1122, 1123 and 1124; and

(c) whether Government be pleased to restrict the free export of this important raw material to foreign countries so as to create a better market for our products ?

The Hon'bl : Sri. N. Kunjuraman :

(*a*) About 1000 tons annually.

(*b*) 1st quality China clay Rs. 80 per ton for the years. Special quality China clay. Rs. 120 to 130 during 1120, Rs. 115 to 130 during 1121, Rs. 110 to 130 during 1122 and 123 Rs. 100 to 120 during 1124. Powder quality China clay Rs. 120 to150 during the period 1120 to 1124.

(*c*) China clay is not being exported to foreign countries.

Sri. K. Ramachandran: Is there not a contract entered into by Government with a foreign agency with regard to clay?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: വിദേശ കമ്പനികളെ ഏജൻറന്മാരായി നിയമിച്ചിട്ടില്ല. ബാംബയിലെ ഇൻഡസ്ട്രിയൽ ആൻറ് ഇൻജിനിയറിംഗ് കമ്പനിയുമായി ഒരു കാൺട്രാക്ടിൽ ഏർപ്പെട്ടിട്ടുണ്ട്.

Sri. K. Ramachandran: Will the Government consider the question of revising the rates in view of the increased cost of production?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അതിനെപ്പററി ഗവമ്മെണ്ടു ആലോചിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ അതിൻെറ സാദ്ധ്യതകൾ എന്തുമാത്രമുണ്ടെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഇവിടെ ഉണ്ടാക്കുന്ന ക്ലേകൊണ്ട് ഇവിടത്തന്നെ ഫിനിഷ് ചെയ്ത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അതും ചെയ്യുന്നുണ്ട്. കുറെ ക്ലേ ആയിട്ടും വെളിയിൽ അയക്കുന്നുണ്ട്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: വെളിയിലയക്കുന്ന ക്ലേയുടെ ശതമാനം എത്രയാണെന്ന് പറയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. വി. ഗംഗാധരൻ നായർ: വഞ്ചി ക്ലേ മൈൻസിൽനിന്നും ക്ലേ എടുക്കുന്നകാര്യം ഗവമ്മെണ്ടു ആലോചിക്കുന്നുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അവിടെ അതിനു ചില പണികൾകൂടി ചെയ്യേണ്ട ആവശ്യമുണ്ടെന്നു ഗവമ്മെണ്ടിനു ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. രാമചന്ദ്രൻ: അനിയന്ത്രിതമായി ഇവിടെനിന്നും ക്ലേ അയക്കുന്നതുകൊണ്ട് നമ്മുടെ വ്യവസായത്തിന് മാന്ദ്യം സംഭവിക്കുന്നുണ്ടെറിയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അങ്ങിനെ അനിയന്ത്രിതമായി ക്ലേ അയക്കുന്നില്ല.

ശ്രീ. പി. എം. വർഗ്ഗീസ്: ധാരാളമായി അയക്കത്തക്കവണ്ണം ക്ലേ ഇവിടെ ഉണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ധാരാളമുണ്ട്.

ശ്രീ. പി. ടി. വർഗ്ഗീസ്: ധാരാളമുണ്ടെങ്കിൽ ധാരാളം അയച്ചുകൂടേ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അയച്ചതുകൊണ്ടു മാത്രമായില്ല. നല്ല വില കിട്ടിയില്ലെങ്കിൽ അതുകൊണ്ട് പ്രയോജനമില്ല.

CERAMIC INDUSTRY

***584.** [23] **Sri. K. Ramachandran :** Will the Hon'ble Minister for Industries be pleased to state.—

(*a*) that in view of the gradual slackening of the progress of this industry, whether Government would go into the question of finding out better and more efficient method of manufacturing as also marketting, etc., and

(*b*) whether Government would appoint an all round "Business Expert" to assist the present Ceramic Expert in matters of trade, production, foreign despatches, labour relations, etc. ?

The Hon'ble Sri. N. Kunjuraman :

(*a*) & (*b*) Government will consider suggestions.

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അതേപ്പററി ആലോചിക്കുന്നുണ്ട്. അതിനുവേണ്ടി സമയം എടുക്കുന്നുണ്ട്.

ശ്രീ. കെ. രാമചന്ദ്രൻ: ഗവമ്മെണ്ടിന്റെ പച്ചിഴ്സിംഗ് ഏജൻറന്മാർക്ക് സാധാരണയിൽ കൂടുതൽ കമ്മീഷൻ കൊടുത്തുവരുന്നതായി ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഇല്ല.

ശ്രീ. കെ. രാമചന്ദ്രൻ: ഗവമ്മെണ്ടിന്റെ സ്ഥാപനങ്ങൾക്ക് കമ്മീഷൻ കൊടുക്കുന്ന സമ്പ്രദായം നിറുത്തലാക്കാൻ ശ്രദ്ധിക്കുമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അതേപ്പററി ആലോചിക്കാം.

Sri. Abdul Aziz: What are the reasons for slackening the progress of this industry?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അവിടെ ഉണ്ടാക്കുന്ന ക്ലേക്ക് മത്സരം നിമിത്തം ഇപ്പോൾ നല്ലവില കിട്ടാൻ സാദ്ധ്യമല്ലാതാണിരിക്കുന്നത്.

ശ്രീ. കെ. എം. ചാണ്ടി: നല്ല വില കിട്ടാത്തത് മത്സരം കൊണ്ടാണോ ക്ലേയുടെ ക്വാളിററി മോശമായതുകൊണ്ടാണോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: വിലയിലുള്ള മത്സരംകൊണ്ടാണെന്നാണ് ഗവമ്മെണ്ടിന്റെ അറിവ്.

ശ്രീ. കെ. എം. ചാണ്ടി: അവിടത്തെ ക്ലേയുടെ ക്വാളിററി മോശമായി പോയിട്ടുണ്ടെന്ന് ആരോപണം ഉള്ളതായി അറിയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അങ്ങിനെ ഒരാരോപണം ഉണ്ട്. അതിനേപ്പററി അന്വേഷണവും നടത്തുന്നുണ്ട്.

S. P. W. R. FUND

***585.** [24] **Sri. K. Ramachandran :** Will the Hon'ble Minister for Food and Supplies be pleased to state.—

(*a*) the present state of the S. P. W. R. Fund;

(*b*) whether representatives of the Ex-Service personnel are included in the committee constituted for the management of the fund;

(*c*) whether Government are aware that all Ex-Service men are not being benefited by this fund; and

(*d*) whether Government would consider the question of establishing a co-operative banking corporation or something like that and owned collectively by the Ex-Service personnel of the Union ?

The Hon'ble Sahib Bahadur T. A. Abdulla :

(*a*) The Fund is now being administered by the Committee of Administration set up for the purpose,

(*b*) Yes.

(*c*) All ex-servicemen are not benefited.

(d) The necessity for such an institution has not been felt.

Sri K. Ramachandran : Are the Government aware that about 150 ex-servicemen were being given training to teachers' posts out of this Fund during the last year ?

The Hon'ble Sri. T. A. Abdulla : I am not sure of the number but some ex-servicemen were given training.

Sri. K. Ramachandran : Will the same facilities be extended to these men thir year also ?

The Hon'ble Sahib Bahadur T. A. Abdulla : That is under consideration.

RESETTLEMENT AND EMPLOYMENT EXCHANGE

* 586. [25] **Sri. K. Ramachandran:** Will the Hon'ble Minister for Food and Supplies be pleased to state.—

(*a*) whether Government would consider the question of converting our Re-settlement and Employment Exchange into a national Employment Exchange;

(*b*) whether Government are aware that Employment Exchanges all over the provinces and states of the Indian Union are manned directly by the Central Government;

(*c*) whether Central Government has been ever requested to meet the expenses involved in maintaining our employment exchange and to refund all expenses so far incurred?

The Hon'ble Sahib Bahadur T. A. Abdulla :

(*a*) Yes. The Sub-Regional Employment Exchange in the State has already been thrown open to all categories of employment.

(*b*) No.

(*c*) No.

Sri. K. Ramachandran : Is there any liaison between the Public Service Commission and the Employment Exchange ?

The Hon'ble Sahib Bahadur T. A. Abdulla : At present, there is no liaison.

Sri. K. Ramachandran : Will the Government contemplate to bring about such a liaison?

The Hon'ble Sahib Bahadur T. A. Abdulla : It will be considered.

Sri. K. Ramachandran : Will the private firms and institutions approach this Employment Exchange for their technical requirements?

The Hon'ble Sahib Bahadur T. A. Abdulla : Not at present.

Sri. K. Ramachandran : Will the Government be pleased to ensure that they approach this exchange for their requirements ?

The Hon'ble Sahib Bahadur T. A. Abdulla : Government shall try.

Sri. C. V. Iyyu : May I know whether the Government are going to open a branch at Trichur?

The Hon'ble Sahib Bahadur T. A. Abdulla : It is not being contemplated at present.

Sri. C. V. Iyyu : Is there any idea to start one at Ernakulam ?

The Hon'ble Sahib Bahadur T. A. Abdulla : Yes.

NOMINATION OF THE DIRECTOR OF INDUSTRIES

* 587. [26] **Sri. Paul Thaliath:** Will the Hon'ble Minister for Industries be pleased to state.—

(*a*) whether the Government have nominated the Director of Industries (Travancore) to the Board of Directors of any Industrial company in which the Government have got the right of nomination;

(*b*) if the answer to (a) is in the affirmative the names of such companies in which he is a director; and

(*c*) if the answer to (a) is in the negative the reason for not nominating him?

The Hon'ble Sri. N. Knnjuraman:

(*a*) No.

(*b*) This question does not arise.

(*c*) No special reasons.

ശ്രീ. പോൾ തളിയത്ത്: ഇപ്പോഴത്തെ ഇൻഡസ്ട്രിയൽ ഡയറക്ടർ, ഇൻഡസ്ട്രിസ് സംബന്ധിച്ച് വിദഗ്ദ്ധോപദേശം തരുവാൻ യോഗ്യതയുള്ള ആളല്ലേ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഇപ്പോഴത്തെ ഇൻഡസ്ട്രീസ് ഡയറക്ടർ കുടിൽ വ്യവസായം സംബന്ധിച്ച് ഗവർണ്മെണ്ടിനെ ഉപദേശിക്കാനാണ് നിയുക്തനായിരിക്കുന്നത്.

ശ്രീ. പോൾ തളിയത്ത്: എങ്കിലും ഇൻഡസ്ട്രിയെ സംബന്ധിച്ച് ഉപദേശിക്കുവാൻ അദ്ദേഹമാണല്ലോ ഏററവും യോഗ്യതയുള്ള ഒരു ഉദ്യോഗസ്ഥനായി ഗവർണ്മെണ്ടു കരുതപ്പെട്ടിരിക്കുന്നത്.

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഗവമ്മെണ്ടു അദ്ദേഹത്തിന്റെ ഉപദേശവൈദഗ്ദ്ധ്യത്തെക്കുറിച്ചു ഇവിടെ യാതൊന്നുംതന്നെ പരാമർശിക്കുന്നില്ല.

ശ്രീ. ഇ. കെ. മാധവൻ: കുടിൽ വ്യവസായത്തിനെ സംബന്ധിച്ചു ഗവമ്മെണ്ടിനെ ഉപദേശിക്കുവാനുള്ള വൈദഗ്ദ്ധ്യം ഇപ്പോഴത്തെ വ്യവസായ ഡയറക്ടർക്കു എവിടെ നിന്നാണു ലഭിച്ചതെന്നു പറയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ആ ചോദ്യത്തിനു ഉത്തരം പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. രാമചന്ദ്രൻ: ഇൻഡസ്ട്രീസു സംബന്ധിച്ചുള്ള വിദഗ്ദ്ധോപദേശം നൽകുവാനായി ഗവമ്മെണ്ടു ഒരു അനുദ്യോഗസ്ഥക്കമ്മററിയെ നിയമിക്കുന്ന കാര്യം ആലോചിക്കുമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ആലോചിക്കാം.

ശ്രീ. പോൾ തളിയത്തു്: ഇപ്പോഴത്തെ ഇൻഡസ്ട്രിയൽ ഡയറക്ടരെ കമ്പനിയിൽ റെപ്രസൻറു ചെയ്യുവാനുള്ള യോഗ്യതയില്ലാത്തതുകൊണ്ടാണോ മററാളുകളെ ഗവമ്മെണ്ടു് വച്ചിരിക്കുന്നതു്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഇപ്പോഴത്തെ ഡയറക്ടരുടെ യോഗ്യതക്കുറവുകൊണ്ടല്ല, കമ്പനികളെ റെപ്രസൻറു ചെയ്യുവാൻ വേറെ യോഗ്യതയുള്ള ആളുകൾ ഉള്ളതുകൊണ്ടു് അദ്ദേഹത്തിന്റെ കാര്യത്തെപ്പററി ഗവമ്മെണ്ടു ആലോചിച്ചില്ലെന്നേയുള്ളു.

ശ്രീ. ഇ. കെ. മാധവൻ: ഇപ്പോൾ നിയമിച്ചിട്ടുള്ള ആളുകൾക്കു് അദ്ദേഹത്തെക്കാൾ കൂടുതലായുള്ള യോഗ്യതകൾ എന്താണു്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: യോഗ്യത കൂടുതൽ ഉണ്ടോ എന്നുള്ളതിനെപ്പററി ഗവമ്മെണ്ടു ആലോചിച്ചിട്ടില്ല. ഇപ്പോൾ കമ്പനികളിൽ റെപ്രസൻറു ചെയ്യുന്നവർ തികച്ചും യോഗ്യതയുള്ളവർ ആണു്. അതുകൊണ്ടു് മററാളുകളെ നിയമിക്കുന്ന കാര്യം ഗവമ്മെണ്ടിനു ആലോചനാവിഷയമായിട്ടില്ല.

GRANT-IN-AID SCHOOLS

* 589. [29] **Sri. Paul Thaliath :** Will the Hon'ble Minister for Education be pleased to State.—

(*a*) the amount of Grant-in-Aid given to a Primary and a Secondary School Teacher in the Cochin and Travancore Divisions respectively;

(*b*) the principle followed in giving Grant-in-Aid to Teachers and Schools in the two divisions respectively;

(*c*) whether it is a fact that in Cochin division the secondary school teachers are given grant on the basis of their salary;

(*d*) whether it is a fact that in Travancore division no such principle is followed; and

(*e*) whether the Government have any idea to co-ordinate the two systems of Grant-in-Aid now prevailing in the two States?

The Hon'ble Sri. T. K. Narayana Pillai : The answer is not ready.

FUND FOR THE USE OF EX-SERVICEMEN

* 590. [30] **Sri. Paul Thaliath:** Will the Hon'ble Minister for Re-settlement be pleased to state.—

(*a*) whether the Government have got a fund for the use of the Ex-service men;

(*b*) if the answer to (a) is in the affirmative the amount that stood to the credit of this fund on 31st Karkadagam 1123 and on 20th Thulam 1125 respectively;

(*c*) the officer who is now responsible for the distribution and supervision of this fund;

(*d*) whether there was any complaint against Mr. G. R. Pillai the present Commissioner of Co-operative Development with regard to the distribution of this fund;

(*e*) if so, any enquiry has been conducted;

(*f*) the results of such enquiry; and

(*g*) the action taken on the same?

The Hon'ble Sahib Bahadur Sri. T. A. Abdulla:

(*a*) Yes.

(*b*) The amount that stood to the credit of this Fund on 31st Karkadagam 1123 is Rs. 41,10,509 including the shares of Travancore and Cochin States. The amount that stood to the credit of the Fund on 20th Thulam 1125 is Rs. 36,76,647.

(*c*) The Fund is administered by the S. P. W. R. Committee subject to the general control of the Government.

(*d*) There have been certain allegations against the officer.

(*e*) No formal enquiry has been conducted.

(*f*) & (*g*) Do not arise.

ശ്രീ. പോൾ തളിയത്തു് : അലിഗേഷൻസ് ഉണ്ടായാൽ അതേസംബന്ധിച്ചു് എന്തെങ്കിലും ഒരു എൻക്വയറി നടത്തേണ്ടതു് ആവശ്യമാണെന്നു ഗവമ്മെൻറിനു തോന്നുന്നുണ്ടോ?

Mr. Speaker: That is a hypothetical question.

Sri. N. D. Jose: May I know who the members of the Committee are?

The Hon'ble Sahib Bahadur T. A. Abdulla:

(*i*) The Hon'ble Minister for Re-settlemet and Employment—Chairan.
(*ii*) The Hon'ble Minister for Land and Agricluture—Vice-Chairman.
(*iii*) The General Officer Commanding, State Forces.
(*iv*) The Finance Secretary to Government.
(*v*) The Secretary to Government, Development Department.
(*vi*) The Assistant Director of Re-settlement and Employment.
(*vii*) Captain A. T. Raphael.
(*viii*) Sri. K. P. S. Nair and
(*ix*) The Director of Re-settlement and Employment—Secretary.

ശ്രീ. പോൾ തളിയത്തു് : പരാതികളുണ്ടെങ്കിൽ എന്തുകൊണ്ടാണു് എൻക്വയറി നടത്താതിരുന്നതു്?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള : എൻക്വയറി എന്ന ആ സാങ്കേതികപദം ഉപയോഗിച്ചിരിക്കുന്നതുകൊണ്ടാണു് അങ്ങനെ ഒരു എൻക്വയറി നടത്തിയിട്ടില്ല എന്നു ഗവമ്മെണ്ടുഭാഗത്തുനിന്നും മറുപടി പറഞ്ഞതു്. ഒരു "എൻക്വയറി" നടത്തത്തക്കവണ്ണം പരാതികൾ ആ ആഫീസറെപ്പററി ഉണ്ടായിട്ടില്ല.

Sri. R. K. Ram: May I know the nature of the allegation?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള : അതു് ചില എക്സ്സർവ്വീസുമെൻ സൊസൈററികളും ചില പത്രപ്രസ്താനകളും കോവാപ്പറേററീവു ഡവലപ്മെൻറ ആഫീസർ ശ്രീ. ജി. ആർ. പിള്ള ചില ക്രമക്കേടുകൾ കാണിച്ചുവെന്നു പരാതിപ്പെട്ടിട്ടുണ്ടു്.

ശ്രീ. കെ. എസ്. ജോസഫ് : ഗവമ്മെണ്ടിനു കിട്ടിയിട്ടുള്ള പരാതികൾ ഒപ്പിട്ടിട്ടുള്ള പരാതികളാണോ; അതോ "അനാനിമസ്" ആണോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള : ചിലതെല്ലാം ഒപ്പിട്ടിട്ടുള്ള പരാതികളാണു്. അനാനിമസും കണ്ടേക്കാം.

ശ്രീ. പോൾ തളിയത്തു് : പണം സംബന്ധമായി ചില കുഴപ്പങ്ങൾ കാണിച്ചു എന്നുള്ള പരാതികൾ ഉണ്ടായിട്ടില്ലേ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള : ശ്രീ. ജി. ആർ. പിള്ളയെ സംബന്ധിച്ചിടത്തോളം S. P. W. R. ഫണ്ടു കാര്യത്തിൽ പണം സംബന്ധമായ പരാതികൾക്കു് വലിയ പ്രസക്തിയില്ല. എന്തെന്നാൽ ലോൺ അനുവദിക്കേണ്ടതും അതുപോലെ പണം സബന്ധമായ മററിടപാടുകൾ നടത്തേണ്ടതുമെല്ലാം അതിലേക്കു് നിയുക്തമായ കമ്മിററിയുടെ ചുമതലയാണു്.

ശ്രീ. കെ. എസ്. ജോസഫ് : ഒപ്പിട്ടിട്ടുള്ള പരാതികൾ ലഭിച്ചിട്ടും ഗവമ്മെണ്ടു അതേപ്പററി അന്വേഷണം നടത്താതിരുന്നതു എന്തുകൊണ്ടാണു്?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള : അന്വേഷണം നടത്തിയില്ല എന്നു പറഞ്ഞില്ല. "എൻക്വയറി" നടത്തിയില്ലെന്നേ പറഞ്ഞുള്ളു.

ശ്രീ. കെ. എസ്. ജോസഫ് : ഒപ്പിട്ടിട്ടുള്ള പരാതികൾ ഉത്തരവാദിത്വത്തോടുകൂടി കൊണ്ടുവന്നിട്ടില്ലെന്നുള്ള കാരണംകൊണ്ടാണോ എൻക്വയറി നടത്താതിരുന്നതു്?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള : ഗവമ്മെണ്ടു അതേപ്പററി ആവശ്യമായ അന്വേഷണങ്ങൾ നടത്തുന്നുണ്ടു്. ഒരു "എൻക്വയറി" നടത്തത്തക്കവണ്ണം പരാതികൾ ഇല്ലാതിരുന്നതുകൊണ്ടു് എൻക്വയറി നടത്തിയില്ലെന്നേയുള്ളു.

ശ്രീ. പോൾ തളിയത്തു് : കോട്ടയത്തു ഒരു വക്കീലാപ്പിനു് പണം കൊടുത്തതിനെപ്പററി പരാതികൾ ഉണ്ടായിട്ടുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള : ഉണ്ട്.

ശ്രീ. പോൾ തളിയത്ത്: അതിനെപ്പററി അന്വേഷണം നടത്തിയിട്ടുണ്ടോ?

ബഹു. സാഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: അതിനെപ്പററി അന്വേഷണം നടത്തുന്നുണ്ട്. എന്നാൽ പരാതി ശ്രീ. ജി. ആർ. പിള്ളയെപ്പററിയല്ല.

ശ്രീ. കെ. എസ്. ജോസഫ്: അന്വേഷണവും എൻക്വയറിയും തമ്മിലുള്ള വ്യത്യാസമെന്താണെന്നു പറയുമോ?

CHITTIES

*591. [31] **Sri. Paul Thaliath:** Will the Hon'ble Mlnister for Registration be pleased to state.—

(*a*) the number of Chitties with a capital of less than Rs. 100 for which licenses have been given in 1123, 1124 and 1125 respectively;

(*b*) whether the records and accounts of such Chitties are inspected and checked by any officer of the Government;

(*c*) if the answer to (a) is in the negative, whether the Government is aware that the subscribers in these chitties are mostly poor labourers; and

(*d*) whether the Government is aware that many of these poor subscribers are duped by the foremen?

The Hon'ble Sri. K. Ayyappan:

(*a*) In 1123, 3,455; in 1124, 2,292; in 1125, 593.

(*b*) Yes; by the District Registrars.

(*c*) In view of the answer to (b), the question does not arise.

(*d*) No.

ശ്രീ. പോൾ തളിയത്ത്: ആകെത്തുകയായി താഴെയുള്ള ചിട്ടികളെ സംബന്ധിച്ചുള്ള റിക്കാർഡുകൾ കണ്ടും ഡിസ്ട്രിക്ട്രജിസ്ട്രാർ പരിശോധിക്കുന്നില്ലെന്നുള്ള വിവരം ഗവണ്മെണ്ടിനു അറിയാമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: അറിഞ്ഞുകൂടാ.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: സർ, ഒരാളിനു അഞ്ചു ചോദ്യത്തിൽ കൂടുതൽ ചോദിക്കാൻ അവകാശമില്ലെന്നാണല്ലോ നിയമം. അഞ്ചിൽ കൂടുതൽ ചോദ്യങ്ങൾ ഇപ്പോൾ ചോദിച്ചിരിക്കുന്നു.

Mr. Speaker: He has asked only five questions.

ELECTRIC POWER TO VARAPUZHA

*592. [32] **Sri. Paul Thaliath:** Will the Hon'ble Minister for Electricity be pleased to state.—

ന്ന ദുർലക്ഷണങ്ങൾ സഭയ്ക്കകത്തും പുറത്തും കണ്ടുവരുന്നതിനാൽ നിഷ്പക്ഷരും സമാധാനപ്രിയരും ആയ ഈ സംസ്ഥാനത്തിലെ മുസ്ലീംങ്ങൾ ഉൽക്കണ്ഠാഭരതരായിത്തീർന്നിരിക്കയും പൊതു പ്രാധാന്യവും അടിയന്തിരവുമായ പ്രസ്തുത ദുസ്ഥിതിയിൽനിന്നു പൊട്ടിപുറപ്പെട്ടേക്കാവുന്ന സമുദായ വൈരാഗ്യനി നശിപ്പിച്ചു സമാധാനം പുലർത്തുവാനുള്ള പരിതസ്ഥിതിയെക്കുറിച്ചു ചർച്ച ചെയ്യുവാൻ ഈ സഭാ നടപടികൾ നിവർത്തിവയ്ക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു."

ഒരു അടിയന്തിരപ്രമേയമായിട്ടു കൊണ്ടുവരത്തക്ക വിഷയങ്ങളൊന്നും പ്രമേയത്തിൽ കാണുന്നില്ല. അടുത്തകാലത്തു നടന്നതൊ അല്ലാത്തതൊ ആയ ഒരു സംഭവത്തേയും സംബന്ധിക്കുന്നതല്ല ഈ പ്രമേയം. അതുകൊണ്ടു് ഇതിനെ തള്ളുന്നു.

അടുത്തതായിട്ടു സപ്ലിമെൻറി ഗ്രാൻറിനെപ്പററിയാണു്.

The Hon'ble Sri. T. K. Narayana Pillai: Sir, I request that the demand for supplementary grants may be taken up tomorrow instead of now.

മി. സ്പീക്കർ: ഇന്നത്തെ അജൻറായിൽ സപ്ലിമെൻററി ഗ്രാൻറിനെ സംബന്ധിച്ചു് എക്സൈററങ്ങൾ ഉണ്ടു്. ഗവർമ്മെൻറു ഭാഗത്തുനിന്നും ഇതു അടുത്ത ദിവസത്തേക്കു് മാററിവയ്ക്കുകയാണു് നല്ലതെന്നു വിചാരിക്കുന്നതിനാൽ അപ്രകാരം ചെയ്തിരിക്കുന്നു.

Sri. A. Thanu Pillai: I wish to say a few words. Why was notice given that this supplementary grants will be taken up today? I have spent a lot of time to find out the references in the Budget. Now to say that this supplementary grants will be taken tomorrow will be really very hard. What are the Ministers and officers doing. Why do they want to postpone it for tomorrow? The references given in the Budget are all wrong. I wonder why the Finance Department is functioning. Even the new importee does not seem to be any good.

Mr. Speaker: Certainly the Hon'ble member's remarks are not unfounded. Probably this aspect of the matter may also be referred to tomorrow, at least incidentally when the demand is taken up.

LEGISLATIVE BUSINESS

UNITED STATE OF TRAVANCORE AND COCHIN PANCHAYATS BILL—*(cont.)*

Sri. T. Kochukrishna Pillai: Sir, I would like to bring to the notice of this House. that Chapter II provides for the formation of village panchayats by Government notifications My view is that people should have the power to do it and the special provision has to be provided in the Bill. Secondly it has to serve the purpose of training grounds to turn out men of a democratic order to be worthy of treasury benches in a civilised India. The panchayats should give no place for unscrupulous men and hence the question of nomination does not arise. It is necessary that the President of the Panchayat should be a non-party man and so direct election is recommended. Sir, with regard to finance I have to say that we have to eke it out of the people who are already groaning under the smothering weight of increased taxation. However the Government is prepared to contribute a sum of Rs. 2,000 at the maximum. Considering the small amount of surplus that is shown in the Budget, this is a noble contribution in a moral sense but in the material sense this will not suffice. But provision has been made to augment the slender resources of the panchayat by the power to increase the rate of taxation or even to impose new taxation. Fines I hope is not put in there as a deterrent measure but simply to augment the resources of the panchayat. Then the members intending to stand as candidates are required to furnish securities. May I request the Government to frame rules so as to provide for forfeiture of securities in almost all cases of defeat unlike in the case of general elections. The powers of the executive authority and the emergency powers of the Director and Government are not in consonance with the principles of local autonomy. The only thing that the executive authority has to do is that he should not contravene the orders of the panchayat. By the term 'Orders of the Panchayat' I understand that it is not the orders of the President but it has to evolve out of the Committee of the Panchayat. In panchayat or unions meetings take place only once in a month. So the panchayat order will not be available frequently. The executive authority has to satisfy himself that in his opinion he thought the execution of a particular work to be necssary and so he has done it. At the same time Government may ask to do a thing within a specified time. If it is not done they may ask some persons to do it and ask the panchayat to pay the expenses from the panchayat funds. These things are not at all desirable in a panchayat. At the same time I want to point out that certain sections contemplate the

anpointment of officers. The United State of Travancore and Cochin is already having more than the necessary number of officers and it is superfluous to appoint inspecting and superintendenting officers while you intend to appoint an executive authority for each panchayat. The Government is also empowered to decrease the number of members. They may even decrease the number up to one. At the same time Government is powerful enough to bless it with long life. So I conclude that these items do not come up with the principles of local autonomy and so they have to be removed but if the treasury benches are determined to insist on appointing the executive authority and inspecting and superintending officers and the emergency powers of the Director and the Government I earnestly entreat the Government to drop the word "Panchayat" from Bill. So I conclude.

Sri. N. V. Chacko: Sir, we are told that in ancient times the country was being governed by the panchayat system; and we know that Mahathma Gandhi was very much in favour of panchayat system. We have Village Unions, village panchayats and village uplifts, but most of them are functioning as models of what they ought not to be. Now we are going to have a village panchayat system throughout the State. I am glad to note that the bill is being introduced by an Hon'ble Minister who has practical knowledge and actual faith in the panchayat system. He has been working it in the Cochin Division of the United State: Wherever we go in Cochin State we find that every village there has improved very much, but wherever we go in Travancore it is mostly a country place. Even the towns look like country. They have not derived any advantage from the panchayat system.

The agriculturists are the least organised part of the population throughout the world; and it is very difficult to organise them. But if we have panchayats throughout the State I am sure it will be easy to orgenise the tilling, toiling, labouring agriculturists. Now this bill is intended to benefit all the people, the large majority of whom being the labouring class. All over the world labour organisations are gaining strength. The world is based on and supported and maintained by labour; and by this measure I hope we are tending to strengthern agricultural labour. Even the Congress I hope will end in the establishment of the supremacy of labour ultimately. It is very unfortunate that those who call themselves labour regard the tilling, toiling, labouring agriculturists or cultivators as capitalists. In fact most of the agriculturists in Travancore and Cochin truly and genuinely belong to the labouring class. There may be a few agriculturists who may be called big agriculturists but 99 per cent of them are tilling the soil. Therefore when the panchayat system is introduced in the State, I believe that the agriculturists will get better opportunites for organising themselves.

I might say a word or two about a few of the sections. We find that panchayat officers are to be appointed by Government and paid by the Panchayats. There is an ancient saying that "No person can serve two masters". In the words of gurypedes "these are not my words but my mother's words or my master's words. The village panchayats have many duties and powers assigned to them. Expected to perform great duties. Ono such duty, I find, is to supply the panchayats with burial grounds. Now we find as civilization is advancing the very bed chamber is provided with latrines and bathing arrangements. I fear in future every bed chamber will have to be used also as burial ground or, burning grounds. In Travanoore applications for cemitery are generally being refused.

If what is taking place in Travancore is continued, I fail to see how any panchayat can provide burial grounds and discharge one of its most important duties mentioned in Section 43, viz., "the opening and maintenance of burial grounds". When a child is born, the first thing we have to do is to provide i t with a burial or broning ground, for every person born is bound to die at any time. As deaths are very much greater now, it is really necessary to provide burial grounds and see that they are maintained well instead of refusing there on "grounds of public order". It is more conducive to public order to bury a man than to leave him unburied According to the practice of the Government of Travancore, it would be disorderly to provide burial grounds even when there is crying necessity for them. It is symbolical that the Cemetery Minister is the Manure Minister as well; and I fear that suggestions of converting dead bodies into compost manure or embalming them into perpetual mummies may be made in the alternative. How difficult it would be for a panchayat to open burial or buring grounds where the Government of Travancore are not willing to sanction such places.

The Panchayats are invested with many other duties. It will surely usher in a millennium if they are able to carry out all these which require large amounts of money. The Panchayats are financially very poor. After all they cover only small areas. And Government propose to give them only a grant not exceeding Rs. 2,000. After so squeezing out every pie from the people. The sources available for the Panchayats to raise money are very poor like sewage and

[Sri. N. V. Chacko]

very limited. My submission is that the Panchayats should be granted a very large percentage of money required for fulfilling their duties and exercising their powers to meet the essential needs of the people.

About the removal of the President, Government wants to have the power to remove him. This is certainly unfair to the Panchayat. The Panchayats alone should have the power to remove the President. There is no meaning in Government removing a President who has the confidence of the Panchayat.

Even with all these and other defects in the bill, the introduction of the Panchayat system throughout the United State will improve the condition of the people, and the State will have a decidedly better appearance of less discontent and better peace and tranquility in the near future.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: സർ, ആദ്യമായി എനിക്കു പറയുവാനുള്ളതു് ഈ ബില്ലിന്റെ പേരുതന്നെ മാററണമെന്നാണു്. സ്വയംഭരണോദ്ദേശത്തെ അടിസ്ഥാനമാക്കി ഈ ബില്ലിന്റെ പേരു മാററണമെന്നാണു് എന്റെ അഭിപ്രായം. ഗ്രാമസ്വരാജ് എന്നോ പ്രാദേശികസ്വയംഭരണം എന്നോ ലോക്കൽ സെൽഫ് ഗവമ്മെൻറ് എന്നോ മാററണമെന്നാണു് ഞാൻ അഭിപ്രായപ്പെടുന്നതു്.

ഫ്ഫ ഠ ഠ-ലേ വില്ലേജ് പഞ്ചായത്തു് ആക്ടും അതിൽപിന്നീടത്തെ വില്ലേജ് യൂണിയൻ ആക്ടും ഗവമ്മെൻറ് നടപ്പാക്കിയിട്ടു് ഇപ്പോൾ ൨൭ കൊല്ലം കഴിഞ്ഞു. അതിനു ശേഷം ഇതുവരെ അതു് ഒട്ടും മുമ്പോട്ടുപോയിട്ടില്ല. ഇതനുസരിച്ചു് വളരെ അധികാരങ്ങൾ സ്വയം ഭരണസ്ഥാപനങ്ങൾക്കു് കൊടുക്കുന്നുണ്ടെങ്കിലും ഒന്നും ചെയ്യാതിരിക്കുന്നതിനുകൂടി ഉള്ള വ്യവസ്ഥയാണു് ഇതിലുള്ളതു്. എന്തുചെയ്യുന്നതിനും തടസ്സമുണ്ടാക്കുന്ന വ്യവസ്ഥകൾ ആണു് ഇതിൽ അടങ്ങിയിരിക്കുന്നതു്. വില്ലേജ് ഡയറക്ടർ എന്ന ഉദ്യോഗസ്ഥനു് എല്ലാ അധികാരവും കൊടുക്കുന്നുണ്ടു്. എല്ലാററിനും പുറമേ ലോക്കൽ ഗവമ്മെൻറ് ഉദ്യോഗസ്ഥന്മാരെ സസ്പെൻറു ചെയ്യുന്നതിനും മററുള്ള അധികാരംകൂടി ആ ഉദ്യോഗസ്ഥനു് നൽകുന്നുണ്ടു്. പിന്നെ ഒരു എക്സിക്യൂട്ടീവു് ആഫീസരുടെ നിയമനം. അതു് വോട്ടറന്മാരോടു് ആലോചിച്ചുചെയ്യണമെന്നല്ല ഗവമ്മെൻറ് സ്വേച്ഛാധികാരം ഉപയോഗിച്ചു് ചെയ്യാമെന്നാണു് ബില്ലിലെ വ്യവസ്ഥ. അതു പാടില്ല. മന്ത്രി പറഞ്ഞു, ഈ വ്യവസ്ഥ ഇതിൽ വേണ്ടതാണെന്നു്, ഭംഗിയായി മുനിസിപ്പൽ ഭരണം നടന്നുകൊണ്ടിരുന്നകാലത്തു് കമ്മീഷണറോ അതുപോലുള്ള എക്സിക്യൂട്ടീവു് ആഫീസറന്മാരോ ഇല്ലായിരുന്നു. ഇതു് കമ്മീഷണർക്കു് പ്രസിഡൻറിനോ വൈസ്പ്രസിഡൻറിനോ മുകളിൽ അധികാരംകൊടുക്കുന്ന ഒരു വകുപ്പാണു് ഇതിൽ ഉള്ളതു്.

പിന്നെ വേറൊന്നു് കാലാവധിയേപ്പററിയാണു്. മൂന്നു കൊല്ലവരെ എന്നാണു് പറഞ്ഞിട്ടുള്ളതു. വേണമെങ്കിൽ ഇതു നീട്ടുന്നതിനും വ്യവസ്ഥയുണ്ടക്കിയിട്ടുണ്ടു്. അതുപോരാ, കാലാവധിതന്നെ നാലുകൊല്ലം ഉണ്ടായിരിക്കേണ്ടതാണു്. ആദ്യത്തെകൊല്ലം തെരഞ്ഞെടുക്കപ്പെട്ടുവരുന്ന മെമ്പർന്മാർ ആദ്യത്തെ കൊല്ലം പരിശീലനത്തിനായിട്ടു വിനിയോഗിക്കും. പിന്നെ അവിടത്തെ കാര്യങ്ങൾ പരിചയപ്പെട്ടുവരുന്നതിനു് രണ്ടുകൊല്ലം ആകും. അപ്പോഴത്തേക്കു് കാലാവധിയും തീരും. അതുകൊണ്ടു് ഒന്നും ചെയ്യാൻ സാധിക്കാതെ വരും. അതിനാൽ, നാലുകൊല്ലക്കാലം കാലാവധി വയ്ക്കണമെന്നാണു് എന്റെ അഭിപ്രായം.

വായിക്കാനും എഴുതാനും അറിയാവുന്ന ആളുകളെ മാത്രമേ തിരഞ്ഞെടുക്കാവൂ എന്നു പറയുന്നതിൽ വലിയ ഒരു ദോഷമുണ്ടു്. അങ്ങനെ നോക്കുകയാണെങ്കിൽ പിന്നോക്കസമുദായക്കാർക്കു് ഈ സമിതിക്കകത്തു് വരാൻ സാധിച്ചു എന്നു വരികയില്ല. പ്രത്യേക വ്യവസ്ഥകൾ വച്ചാൽമാത്രമേ അവർക്കു് ഇതിൽ വരുവാൻ സാധിക്കുകയുള്ളു. അതിനാൽ, ആ വിഷയത്തിലും ഗവമ്മെൻറ് ശ്രദ്ധിക്കേണ്ടതാണു്.

വേറെ ഒന്നു് അവിശ്വാസപ്രമേയം അവതരിപ്പിച്ചുകഴിഞ്ഞാൽ ഉടനേതന്നെ പ്രസിഡൻറിനെ പോകാൻപറയുന്നതു് ശരിയല്ല. എന്റെ അറിവിൽപ്പെട്ടിടത്തോളം തിരുവിതാംകൂറിൽ ആകപ്പാടെ ഒരൊററ സ്ഥലത്തുമാത്രമേ പിന്നോക്കസമുദായത്തിൽഉള്ള ആളു് പ്രസിഡൻറായി വന്നിട്ടുള്ളതു്.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: അതെവിടെയാണു്?

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: പന്തളത്തു്. അയാളുടെപേരിൽ ഒരവിശ്വാസപ്രമേയം ഉണ്ടു്. അയാളെ മാററുന്നതിനു് ഗവമ്മെൻറ് ഈ അവിശ്വാസപ്രമേയം വച്ചുകൊണ്ടു് ശ്രമിക്കുന്നു എന്നാണു് എന്റെ അറിവു്.

ശ്രീ. പി. സി. ആദിച്ചൻ: ഈ സമിതികളിൽ ഏഴുപേർ ഉണ്ടായിരുന്നാൽ മൂന്നുപേർ ഒരുവശത്തും മററുള്ളതിൽ മൂന്നുപേർ മറുവശത്തും ചേരുകയാണെങ്കിൽ ഏഴാമത്തെ ആളെ ഗവമ്മെൻറിന് ആവശ്യമുള്ള സൈഡിൽ ചേർക്കുന്നതിന് ഗവമ്മെൻറു ശ്രമിക്കുകയില്ലേ?

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അങ്ങനെ വരാം. അങ്ങനെ കമ്മീഷണറും പ്രസിഡണ്ടും തങ്ങളിൽതന്നെ ഉള്ള മൽസരംപോയി ഇങ്ങനെ ഒരു അവസ്ഥകൂടി സംജാതമാക്കിയാൽ അതായതു് ഒരാൾ ഒരവിശ്വാസപ്രമേയം അവതരിപ്പിച്ചു എന്നുള്ള ഒററ കാരണംകൊണ്ടു് പ്രസിഡൻറിനെ മാററാമെന്നുള്ള പരിതസ്ഥിതി ഉണ്ടാക്കുകയാണെങ്കിൽ ഗവമ്മെണ്ടുദ്യോഗസ്ഥനായ കമ്മീഷണർ അതിന് ശ്രമിക്കുമെന്നുള്ളതു് തീർച്ചയായും സംഭാവ്യമാണ്.

ശ്രീ. ഇ. കെ. മാധവൻ: ഇതുമാതിരിയുള്ള സന്ദർഭങ്ങളിൽ എക്സിക്യൂട്ടീവ് ആഫീസറുണ്ടായിരിക്കുന്നതു് നന്നായിരിക്കുകയില്ലേ.

ശ്രീ കണ്ണാറെ ഗോപാലപ്പണിക്കർ: അപ്പോൾ മൂന്നാമതൊരു കുഴപ്പംകൂടി ഉണ്ടാകും. കാര്യമായി യാതൊന്നും ചെയ്യുന്നതിന് സാധിക്കാതെവരും.

മറെറാന്ന് പ്രസിഡണ്ടോ വൈസ് പ്രസിഡണ്ടോ ഇല്ലാത്ത അവസരത്തിൽ എന്തെങ്കിലും മെമ്പർ രാജികൊടുത്തുകഴിഞ്ഞാൽ അതു് ഉടനേതന്നെ നടപ്പിൽ വരുമെന്നു പറയുന്നു. അതു പാടില്ല. രാജി സ്വീകരിച്ചാൽമാത്രമേ അതായതു് സമിതി സ്വീകരിച്ചാൽമാത്രമേ അതു നടപ്പിൽ വരുത്താവൂ. ഇതിനെപ്പററിയും കമ്മററി അംഗങ്ങൾ ചർച്ചചെയ്തശേഷം മാത്രമേ രാജി സ്വീകരിക്കാവൂ. പിന്നെ ഗവമ്മെണ്ടിൽനിന്നും ഒരാളെ അതായതു് പ്രസിഡണ്ടോ വൈസ് പ്രസിഡണ്ടോ ഇല്ലാതിരിക്കുന്ന അവസരങ്ങളിൽ ഈ രാജിവെച്ച മെമ്പക്ക് പകരം നോമിനേററു ചെയ്യാമെന്നു പറയുന്നു. അതും ശരിയല്ല. പ്രസിഡണ്ടോവൈസ് പ്രസിഡണ്ടോ ഇല്ലെങ്കിൽ ഒരുആളെക്കൂടിങ്ങ് പ്രസിഡിണ്ടിനെ തെരഞ്ഞെടുക്കാനുള്ള അധികാരം ആ സമിതിക്കുണ്ടായിരിക്കേണ്ടതാണ്. ഇത്രയുംമാത്രമേ എനിക്കു പറയുവാനുള്ളൂ. ഈ ഭേദഗതികളെല്ലാം സെലക്ട് കമ്മററി ആലോചിക്കുമെന്നുള്ള ഉദ്ദേശത്തോടുകൂടി ഞാൻ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. ഈപ്പൻ അറയ്ക്കൽ : സർ, വളരെ പ്രാധാന്യമർഹിക്കുന്ന ഒരു ബില്ലാണ് ഇപ്പോൾ നമ്മുടെ ശ്രദ്ധയിൽ വന്നിരിക്കുന്നതു്. പ്രാദേശികമായ സ്വയംഭരണസ്ഥാപനങ്ങൾ ധാരാളമായി രാജ്യത്തിൻെറ നാനാഭാഗങ്ങളിലുമുണ്ടായി, അങ്ങനെ രാജ്യത്തു പൊതുവേ സ്വയംഭരണം നടപ്പിൽ വരുത്തുകയെന്നുള്ളതാണ് ഈ ബില്ലിൻെറ പ്രധാനമായ ഉദ്ദേശമെന്ന് ഞാൻ പ്രത്യേകം പറയേണ്ടതില്ലല്ലോ. ഈ ബില്ലിനെ ഒന്നു അപഗ്രഥിച്ചു നോക്കിയാൽ ഇതിലെ വ്യവസ്ഥകൾ എത്രമാത്രം യഥാർത്ഥമായ സ്വയംഭരണം ജനായത്തസിദ്ധാന്തപ്രകാരമുള്ള ഭരണസമ്പ്രദായം—ജനങ്ങൾക്കു കരഗതമാക്കുകമെന്നുനോക്കിയാൽ വളരെ സാമർത്ഥ്യമുള്ളവക്കു മാത്രമെ അതിനേക്കുറിച്ചു് ശരിയായ അഭിപ്രായം പറയുവാൻ സാധിക്കുകയുള്ളൂ. അധികാരം ജനഹസ്തങ്ങളിലേക്ക് പകരുന്നു—പറയുന്നു. അതായതു്, അധികാരം സെൻട്രലിൽ കേന്ദ്രീകരിച്ചു് നാനാഭാഗങ്ങളിലേക്ക് വികേന്ദ്രീകരിക്കുന്നുവെന്നു ഭാവിക്കുന്നു. ഡി സെൻട്രലൈസേഷൻ ഏർപ്പെടുത്തി എന്നു വരുത്തിട്ടു് എന്നു പറഞ്ഞാൽ അധികാരം വാസ്തവത്തിൽ ജനഹസ്തങ്ങളിലേക്ക് പകർന്നു എന്നു പറഞ്ഞു് അതു ചെയ്യാതെ അധികാരവും സെൻട്രലിലേക്ക് കേന്ദ്രീകരിച്ചിട്ടു് പൊള്ളയായ അധികാരം മാത്രം ജനഹസ്തങ്ങളിലേക്ക് പകരുകയാണ് ചെയ്തിട്ടുള്ളതെന്ന് സൂക്ഷ്മമായി പരിശോധിച്ചാൽ മനസ്സിലാകുന്നതാണ്. സ്വയംഭരണ സ്ഥാപനങ്ങൾ എന്നു പറയപ്പെടുന്ന ഈ സ്ഥാനങ്ങൾ എന്തൊരു കാര്യത്തിനും ഗവമ്മെണ്ടാൽ നിയന്ത്രിക്കപ്പെടുക എന്നു പറയുന്നതു് ശരിയല്ലെന്നാണ് എനിക്കു പറയുവാനുള്ളതു്. ഇതിനെസംബന്ധിച്ചു് ഒരു ഇലക്ടഡുബോഡി അല്ലെങ്കിൽ തിരഞ്ഞെടുക്കപ്പെടുന്ന ഒരു സമിതിയാണ് ഇതെന്ന് ഇവിടെ നിർവ്വചിക്കുകയുണ്ടായി. എല്ലാ ഭരണസമിതികളിലും നിയമസമിതികളിലും കാൺസ്റ്റിട്ട്യൂഷൻ വളരെ ജനായത്തപരമായ പരിപാടികൾ സ്വീകരിച്ചിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാർ മാത്രം അടങ്ങിയിരിക്കേണ്ട ഈ സമിതികളിൽ—അതായതു് അങ്ങനെയുള്ള സമിതികൾ ഉണ്ടാകുന്നു എങ്കിൽ—അതിൽ ഗവമ്മെണ്ടു് നാമിനേററു ചെയ്യുന്നതിന് തക്കവണ്ണമുള്ള സ്ഥിതിഗതികൾ ഉണ്ടാകാൻ പാടില്ലെന്ന് നിർബന്ധമായി സ്വീകരിക്കേണ്ടതാണ്. എന്നാൽ ഇവിടെ വച്ചിരിക്കുന്ന വ്യവസ്ഥ ഒരു തിരഞ്ഞെടുപ്പുണ്ടാകാൻ പാടില്ലാത്ത വിധമുള്ള സാഹചര്യങ്ങൾ ഉണ്ടാകുന്ന അവസരത്തിൽ ഗവമ്മെണ്ടിൽനിന്നും ഒരു മെമ്പറെ നോമിനേററു ചെയ്യാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുന്ന ഒരു പരിതഃസ്ഥിതി ഈ ബില്ലിൽ കാണുന്നുണ്ട്. അതുത

[Sri. Eappan Arakkal]

ന്നെ യഥാർത്ഥ ജനകീയ ഭരണ സമ്പ്രദായത്തിന് വിപരിതമായ ഒരു തത്വം അംഗീകരിച്ചിട്ടുള്ളതല്ലെ എന്നാണ് എനിക്ക ചോദിക്കുവാനുള്ളത്. നമ്മുടെ ഈ നിയമസഭയിൽതന്നെ മുമ്പുണ്ടായിരുന്ന നോമിനേഷൻ സമ്പ്രദായം ജനകീയഭരണം ആവിർഭവിച്ചതോടുകൂടി പാടെ നിഷ്ക്കാസനം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ആ സ്ഥിതിക്ക് ഗ്രാമീണ സമിതികളിൽ അതായത് ഒരു ചെറിയ പ്രദേശത്തെ മാത്രം ഭരിക്കുന്നതിന് അംഗീകരിച്ചിരിക്കുന്ന ആ സമിതികളിൽ ഗവമ്മെണ്ട് വഴിയായി നോമിനേഷൻ നടത്തത്തക്കവണ്ണം ഒരു നിയയം അല്ലെങ്കിൽ പ്രൊവിഷ്യൻ ഉൾപ്പെടുത്തിയിരിക്കുന്നതു് യഥാർത്ഥമായ ജനകീയ സമ്പ്രദായത്തിനും സിദ്ധാന്തത്തിനും വളരെ വിരുദ്ധമായ ഒന്നാണെന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. ഇ. കെ. മാധവൻ : ഒരു ജനകീയ ഗവമ്മെണ്ടാണ് നോമിനേഷൻ നടത്തുന്നതു്. ആ സ്ഥിതിക്ക് മെമ്പർ പറഞ്ഞതപോലെയുള്ള വിഷമം ഉണ്ടാകുമെന്നു് വിചാരിക്കുന്നുണ്ടോ ?

ശ്രീ. ഈപ്പൻ അറയ്ക്കൽ : ജനകീയ ഗവമ്മെണ്ട് ആണെങ്കിലും അതൊരു ഗവമ്മെണ്ടാണ്. ജനങ്ങളും ഗവമ്മെണ്ടും രണ്ടാണെന്നെ ജനങ്ങൾക്ക് വീക്ഷിക്കാൻ കഴിയുകയുള്ളു. അതുകൊണ്ട് ജനകീയ ഗവമ്മെണ്ടാണെങ്കിലും ജനങ്ങൾക്കുള്ള അവകാശത്തെ നിഷേധിക്കുന്നതായി ജനങ്ങൾ വീക്ഷിക്കുന്നതിന് ഇട കൊടുക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. ആ നിലയിൽ ഗവ മ്മെണ്ട് നോമിനേഷൻ നടത്തുന്നതു് ഒരു തരത്തിലും അനുവദനീയമല്ല. രണ്ടാമതായി പ്രസിഡണ്ടിനേയും വൈസ് പ്രസിഡണ്ടിനേയും മെമ്പറന്മാരേയും നീക്കം ചെയ്യുന്നതിനുള്ള അധികാരാവശങ്ങൾ ഗവമ്മെണ്ടിന്റെ കയ്യിൽ വച്ചിരിക്കയാണ്. അതു ജനകീയ സിദ്ധാന്തങ്ങൾക്ക് വിപരീതമാണെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ഗ്രാമപഞ്ചായത്തുകൾ പ്രാദേശികമായി നിയമസമിതികൾ എന്ന സ്ഥാനമാണ് വഹിക്കുന്നതു്. അങ്ങിനെയുള്ള നിയമസമിതികളിൽനിന്നും ഗവമ്മെണ്ട് എന്തെങ്കിലും കുററങ്ങൾ കണ്ടുപിടിച്ചാൽ അതിൽനിന്നും പ്രസിഡണ്ടിനേയൊ, വൈസ് പ്രസിഡണ്ടിനേയൊ, അംഗങ്ങളേയൊ നീക്കം ചെയ്യുക എന്നുള്ളതു് ആ നിയമസമിതിയിലെ ഭൂരിപക്ഷത്തിന്റെ അഭിപ്രായത്തിന് നിക്ഷിപ്തമായിരിക്കേണ്ട ഒരു കാര്യമായിരിക്കെ ഗവമ്മെണ്ടിന് ഇക്കാര്യത്തിൽ എങ്ങിനെ കൈകടത്താൻ സാധിക്കുമെന്നു എനിക്ക മനസ്സിലാകുന്നില്ല. ജനങ്ങളുടെ സ്നേഹത്തിന്നും ഇഷ്ടത്തിന്നും അഭിലാഷത്തിന്നും അവരുടെ ഭൂരിപക്ഷാഭിപ്രായപ്രകാരവും നടത്താനുള്ള അധികാരം ഗവമ്മെണ്ടിന് കൊടുക്കുക എന്നു പറയുന്നതു് തീരെ മനസ്സിലാക്കുവാൻ കഴിയുന്നില്ല. അങ്ങിനെ നീക്കേണ്ട അവസരങ്ങളും സാഹചര്യങ്ങളും ഉണ്ടാകും. അങ്ങനെ വരുന്ന സന്ദർഭങ്ങളിൽ ഗ്രാമപഞ്ചായത്തുകളിൽ നിർദ്ദിഷ്ടമായ സമിതിക്കല്ലാതെ കേവലം അന്യായമായി ഒരു ഫാറിൻ ഏജൻസി അതിൽ കൈ കടത്തി അവരെ നീക്കം ചെയ്യുന്നതു ജനാധിപത്യ സിദ്ധാന്തങ്ങൾക്ക് ഒരു തരത്തിലും യോജിച്ചതല്ലെന്നാണ് എനിക്ക് പറയാനുള്ളത്. വേറൊന്നു പറയാനുള്ളതു് എക്സിക്യൂട്ടീവു അതോറിററിയെ പററിയാണ്. എക്സിക്യൂട്ടീവു അതോറിററിക്ക് വിപുലമായ അധികാരം കൊടുത്തുകാണുന്നു. പഞ്ചായത്തിലെ കാര്യനിർവ്വഹണാധികാരം അവിടത്തെ നിയമസമിതിക്കല്ലാ എക്സിക്യൂട്ടീവു ആഫീസ്സക്കാണുള്ളതു്. സാധാരണ ഗവമ്മെണ്ടിന്റെ ഒരു പഞ്ചായത്തു ആഫീസറാണ് കാര്യങ്ങൾ നിർവ്വഹിക്കുന്നതു്. ഈ പഞ്ചായത്തു ആഫീസറെപ്പററി ഈ ആക്ടിൽ പറയുന്നതു് പ്രസിഡണ്ടിനും പഞ്ചായത്തു ആഫീസർ ആകാമെന്നാണ്. സാധാരണ ഗതിയിൽ പ്രസിഡണ്ടു് പഞ്ചായത്തു ആഫീസർ ആയിരിക്കുമെന്നു് ഒരു ഹിൻറു കാണുന്നില്ല. ഈ ഉദ്യോഗസ്ഥന്റെ അധികാരം വളരെ വളരെ ആണെന്നു് പറയാതിരിക്കാൻ നിവൃത്തിയില്ല. മുനിസിപ്പൽ കമ്മീഷണക്കുള്ള സ്ഥാനം എന്താണൊ അത്തരത്തിലുള്ള ഒരു ഉദ്യോഗസ്ഥനെ ഗവമ്മെണ്ടു് ഈ പഞ്ചായത്തുകളിൽ ആഫീസറായി നിയമിക്കുമെന്നാണ് മനസ്സിലാക്കാൻ കഴിയുന്നതു്. ആ ഉദ്യോഗസ്ഥനല്ലാതെ ഗ്രാമപഞ്ചായത്തുകൾക്ക് ജനങ്ങളുടെ അഭിവൃദ്ധിക്കായി പ്രവൃത്തിക്കത്തക്കവണ്ണമുള്ള അധികാരം കൊടുത്തിട്ടില്ല. വേറൊന്നുള്ളതു് ഡയറക്ടർ എന്നൊരു ഉദ്യോഗസ്ഥനെ ഇതിന്റെ ഡയറക്ഷനും സൂപ്രവിഷനും ആയി വെച്ചിട്ടുണ്ട്. ആ ഡയറക്ടക്ക് ഗ്രാമപ്പഞ്ചായത്തുകൾ പാസ്സാക്കുന്ന ഏതു പ്രമേയത്തേയും നീക്കം ചെയ്യുന്നതിന്നും അഭിപ്രായപ്രകടനങ്ങളെയെല്ലാം മുഴുവനെ നിരാകരിക്കുന്നതിനുമുള്ള പരമാധികാരമാണുള്ളതു്. വേറൊന്നു ഗ്രാമപഞ്ചായത്തുകൾക്ക് ഒരു ബഡ്ജററു പാസ്സാക്കാമെന്നു കാണുന്നുണ്ട്. എന്നാൽ ആ ബഡ്ജററു് അംഗീകരിക്കപ്പെടുന്നതു് ഗവമ്മെണ്ടിന്റെ പ്രത്യേകാനുമതിയോടുകൂടിയാണെന്നു

കാണുന്ന അവക്ക് അവസാനമായി ഒരു തീരുമാനം ചെയ്യത്തക്കവണ്ണമുള്ള ഒരു നിയമാവലി ഈ ആക്ടിൽ കൊള്ളിച്ചിട്ടില്ല. ജനകീയമായ ഭരണസമ്പ്രദായം രാജ്യവ്യാപകമായ തോതിൽ ഉൽഘാടനം ചെയ്യണമെന്നുള്ള ഉൽകൃഷ്ടമായ വിശ്വാസത്തോടുകൂടിയാണ് ഈ നിയമനിർമ്മാണം കൊണ്ടുവന്നിരിക്കുന്നതെങ്കിൽ ആ സദുദ്ദേശങ്ങൾ നിറവേറത്തക്കവണ്ണം ഈ ബില്ലിൽ വളരെ സാരമായ ഭേദഗതികൾ വരുത്തണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

Sri. P. S. Nataraja Pillai : Sir, this is an important measure that has been brought before this House for our consideration. The Hon'ble Minister who moved the motion invited the attention of this House to the conflicting and different ideas underlying the basic principle of this bill. Sir, whether the Village Panchayats should be fully autonomous bodies or they should be controlled by central agency is the most important fundamental principle that has come up for discussion here. Sir, this principle is based upon two conceptions. There is the conception of a government with autonomous village units self-sufficient in itself as a base for a pyramidical structure or hierarchy of institutions, or, a central government exercising control that is a nationalised centralised government delegating its powers in a limited sphere on local bodies. These two conceptions are possible and valid. As far as the modern trend of political opinion is concerned, in the modern world, for any Government to be effective, it must have wide powers not only in the economic field but in the fields of public health and social development. If that Government is to function effectively all the activities in the field of economics as well as in other aspects of life must be controlled and directed from the centre. I very well know, Sir, that for a number of years, the Indian political world held the view strongly that economically self-sufficient village units should be created and invested with adequate powers. But in the recent development of our country I doubt very much whether that conception holds good today in the mind of political thinkers and workers of our political destiny. We are in a competitive world and economic forces compel us to have a central Government with very wide powers to plan and order our social and economic life. If that be so, Sir, local bodies should have only very limited field of activity before them and these activities ought to be co-ordinated by a central Government by direction and control. Even if we look at the history of local self-government in India we see that every one of the authoritative reports that have come out on the subject pointing out that local self-government did not flourish and did not discharge its functions because of the want of executive control. That is the findings in the various reports that have been published by the Government of India or by of the various provinces of India. Not only that, Sir, modern opinion in the west on the subject is also the same. Sir, I might with your permission read one or two sentences from an authoritative work on local self Government in England by Finer one of the authorities on local self government in England. In his recent book published in 1944 he says "In the main clauses of their functions local authorities are little but the class in an organic system of Government. They partly serve them selves, but also, and for the greater part, subserve the general community through the central organs. The interpretation is that local authorities and central government are part and parcel of one governmental system, and their relationship is one of a partnership and collaboration in a single organism possessing one common ultimate purpose and an integrated system of institutions for that purpose. This is the lesson of facts: That the local governing bodies are integrated parts in a governmental structure and corpus of functions larger and more important than themselves. They have practically no functions or purpose outside this context, and they and their problems are recognizable only within it. This does not mean that local authorities have no self-regarding functions. They have self regarding functions, but they are few and relatively unimportant. In other words, a locality had to be left alone in proportion as it has not possible for the central authority to reach and understand it." Thus it is seen that in modern political thought the view that local bodies should subserve to the demands of the centre is very definitely held. If that is so, then it necessarily follows that direction and control must be exercised from the centre. That does not in any way mean that local bodies have no place in the social or political order or in the economic life of our country. They in their limited sphere have certain duties to perform which will have to be integrated by the policies laid down by the Central Government. If we look at this problem from this standpoint, I think some of the provisions contained in this Bill are necessary as far as my own personal view of the matter is concerned. Sir, there was a volume of opinon expressed in this House that the local bodies must be free to function by themselves as autonomous bodies. Sir, autonomy of villages and self-sufficiency of villages are all ideals but in the economic context of events at present impossible to realise. What a local body could do

[Sri. P. S. Nataraja Pillai]

is to discharge the delegated powers of the centre to the greater advantage of the people of those villages. For example, for public health activities or public works or even in the matter of education the village authorities could take up the responsibility of controlling and managing these functions of Government in the interests of the people with the finances that may be available from the centre supplemented by the local tax they may be able to get. That will serve the needs of the people. If the village authorities will take the responsibility for controlling and discharing these functions of Government in the interests of the people with the finance that may be available from the Centre and supplemented by the local cess or pay, such a step will serve better the needs of the people of the locality. If the public works are to be handled by the Village Panchayat, it has to fall in line with the plan that may be devised by the Centre. For example, take the opening of a new road in a village. Unless that new road is co-ordinated with the road system which will pass through the other parts of the country, that road by itself will not be useful. Therefore that work has to be done in co-ordination with the plans that may be prepared by the PWD of the State. On the question of public health, my friend was referring to burial grounds. I think that it is one of the fundamental duties to be looked after and which a national village panchayat has to provide for Public health means not only a hospital but also burial and burning grounds and so forth. Opening of a maternity ward comes under that too. If it is in a village the burial ground will have to satisfy certain conditions. On religious grounds, separate grounds may have to be made. It has to be done practically by the village panchayat in the name of the citizens of the place concerned. It loses the communal or religious aspect and becomes a national duty. That is the kind of duty which a village panchayat is expected to do. Work in the direction of public health, medical relief etc., can be discharged by the Panchayat, provided they are all in keeping with the general policy laid down by Government. We believe that our Government is based upon democratic principles wherein the general public will have a say.

I am constrained to observe that there seems to be a volume of opinion, rather a kind of misconception, about the executive control and the right of the village panchayat as contrasted with the rights of the Government. I do not think there need be any such fear in the mind of the public. I would request the members of the Select Committee to consider the views which I have expressed in that matter and suitable amendments be made and thus make the Village Panchayat Act useful to the public. By so doing various demands of the people can be satisfactorily attended to.

As for the finances of the Panchayat, I had occasion to point it out on a previous discussion when a bill of this kind was introduced. What I said was that there should be adequate funds at their disposal to meet the demands of the locality. There is a provision for contribution and it is limited by some conditions. At the risk of repetition I may say that the land revenue of the State may be alloted to the village panchayats of the state. The land revenue of the village area may be allowed as the corpus for village fund. As far as I am concerned, I have not much knowledge of the financial structure of the United State at the present moment. With the limited knowledge of Travancore conditions and its finances, I feel that the land revenue income from Travancore can be safely handed over to the village panchayats. The land revenue income does not form a major share of the general revenues of the State. Therefore, something like a permanent financial provision for a village panchayat is a necessity.

As far as the functions of the panchayat are concerned, the present bill is more or less exhaustive. What I say is, if we enact this bill into law and if we really are serious about the organisation of panchayats we must make adequate provision for its finance as well. At the same time its work should be controlled and co-ordinated. We should not allow a panchayat to become the breeding ground for sectional or political rivalry.

Then I would like to place before the House one other criticism that was made here and which refers to the literacy qualification fixed for members in the Bill. There is a clear distinction between a deliberative body and an executive body. As long as village panchayat is an executive body, the members thereof should necessarily be literate. I do not think that will be a restriction. In a deliberative body if one is not dumb or deaf, he will be able to function in it. It is an executive function that is to be done by a Panchayat, they have collectively to go into a question and issue orders. Then Sir, literary qualification is not a limitation. I would support the qualification now laid. It is not a limitation of any democratic principles we are enjoying now.

One point more and I am done. In one of the previous bills introduced here on the subject there was a provision that all correspondence that passed between the executive officer

and Government, is open to the President and he has a right of inspection of all the relevant documents. Unfortunately such a provision is not here in this bill. I do not know whether it has been purposely done or whether it is only an oversight. That is to say, if there is correspondence between an executive officer of the Panchayat or the Director concerned concerning a particular panchayat with the Government, all the relevant records must necessarily be made available for the President of a panchayat for inspection. That provision is absent in this bill. I think it is an unwarranted deprival of a very legtimate right of the President of a panchayat. I would only say that the House will consider the question of executive control and finance with great care and make such changes as to make the local bodies more useful and beneficial to the country.

The Hon'ble Sri. K. Ayyappan : Sir, I move that the question be now put.

Sri. D. Gnanasigamony : This is an important piece of legislation and so as much opportunity as possible should be allowed for discussion of the same.

Sri. K. S. Joseph : Sir, I have to offer a few remarks.

Mr. Speaker : In view of the several important points raised by the Hon'ble members in their speeches on this important bill, I shall allow the Minister to speak with a view to have a clarification of the important points involved and then give opportunity for hon'ble members to speak on the matter.

Sri. P. Balakrishnan Tampi : May I ask, is it not an infringement on the rights and privileges of hon'ble members on this side of the House to speak on the Bill before us. The Hon'ble Minister was not right in making such a motion.

Mr. Speaker : Discussion on the bill is not proposed to be closed with the Minister's speech.

ബഹു. ശ്രീ. കെ. അയ്യപ്പൻ : സർ, ഈ ക്ലോഷറിന്നു അപേക്ഷിച്ചതു് ബഹു. മെമ്പറന്മാരുടെ അഭിപ്രായങ്ങൾ കേൾക്കുന്നതിന്നു താല്പര്യമില്ലെന്നുള്ള അർത്ഥത്തിലല്ല. ഇനിയും പല ബില്ലുകൾ ഇവിടെ ആലോചനക്കു വരുവാനുണ്ടു്. ഇതിനെപ്പററി വളരെപേർ അഭിപ്രായങ്ങൾ പറയുകയും ചെയ്തു. ബഹു. മെമ്പറന്മാരുടെ അഭിപ്രായപ്രകടത്തിനുള്ള സ്വാതന്ത്ര്യത്തെ തടയണമെന്നുള്ള ഉദ്ദേശമില്ല.

സർ, ആദ്യമായി മെമ്പറന്മാർക്കു് അക്ഷരജ്ഞാനം വേണമെന്നുള്ള വ്യവസ്ഥയെപ്പററിയാണു് ആക്ഷേപമുണ്ടായതു്. അതിൽ ചിലർ വോട്ടറന്മാർക്കുംകൂടി അക്ഷരജ്ഞാനം വേണമെന്നു വ്യവസ്ഥയില്ലെ എന്നു സംശയിച്ചപോലെയും തോന്നുന്നുണ്ടു്. വോട്ടറന്മാരുടെ ലിസ്റ്റ് അസംബ്ലി വോട്ടറന്മാരുടെ ലിസ്റ്റ് തന്നെയാണു്. അക്കാര്യത്തിൽ യാതൊരു വ്യത്യാസവും ഉണ്ടായിരിക്കുകയില്ല. മെമ്പറന്മാരെ സംബന്ധിച്ചിടത്തോളം ഗവമ്മെണ്ടിന്നു് തോന്നുന്നതു് എഴുത്തറിയാവുന്നവരായിരിക്കണമെന്നുള്ള ഒരു വ്യവസ്ഥ വയ്ക്കുന്നതുകൊണ്ടു് പ്രയാസം വരുവാൻ ഇടയില്ലെന്നാണു്. എഴുത്തറിയാത്ത അക്ബറെപ്പോലെയുള്ള ചിലർ പല കാര്യങ്ങളും നടത്തുമെന്നുള്ള സംഗതികളിൽ അഭിപ്രായവ്യത്യാസമില്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി : പിന്നോക്കസമുദായക്കാർ കമ്മിററിയിൽ വേണമെന്നു് ഗവമ്മെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : പിന്നോക്കസമുദായക്കാരെ സംബന്ധിച്ചിടത്തോളം സെലക്ററ് കമ്മിററിയിൽ ആലോചിക്കാവുന്നതാണു്. പിന്നോക്കസമുദായക്കാരിൽ എഴുത്തറിയാവുന്നവർ ധാരാളമുണ്ടായിരിക്കുമെന്നാണു് തോന്നുന്നതു്. ഏതായാലും ഗവമ്മെണ്ടിന്റെ അഭിപ്രായം ഇതാണെന്നു് പറഞ്ഞു. അതിനെപ്പററി വലിയ വാദപ്രതിവാദത്തിന്റെ ആവശ്യമില്ലെന്നും കരുതുന്നു.

(An Hon'ble Member stood up)

മി. സ്പീക്കർ : ഇവിടെ നടന്നിട്ടുള്ള പ്രസംഗങ്ങളെ അടിസ്ഥാനമാക്കി മിനിസ്റ്റർക്കു് പറയാനുള്ളതു് പറഞ്ഞതിനുശേഷം ചോദ്യങ്ങൾ ആവശ്യമുണ്ടെങ്കിൽ ചോദിക്കുന്നതാണു് നല്ലതു്.

ശ്രീ. പി. കെ. കൃഷ്ണശാസ്ത്രി : സർ, ഒരു പോയിൻറ് ആഫ് ആർഡർ. ഞങ്ങൾക്കു് പറയാനുള്ളതു് പറയാൻ സൗകര്യമില്ലാതിരിക്കുന്നതുകൊണ്ടു് ചോദ്യം ചോദിക്കാനുള്ള അവസരം നൽകണമെന്നാണു് ആവശ്യപ്പെടുന്നതു്.

മി. സ്പീക്കർ : ബഹു. മന്ത്രിയുടെ പ്രസംഗം കഴിഞ്ഞശേഷം ചോദ്യം ചോദിക്കാനുള്ള അവകാശം ഉണ്ടായിരിക്കും.

Sri. P. Balakrishnan Tampi : Sir, Will it not be too much physical strain on the part of the Hon'ble Minister to face the ordeal a second time on this matter?

മി. സ്പീക്കർ : സഭ ആവശ്യപ്പെടുന്ന വിശദീകരണങ്ങൾ നിവൃത്തിയുള്ളിടത്തോളം നല്കുന്നതു് മിനിസ്റ്റർക്ക് ബുദ്ധിമുട്ടായി തോന്നാൻ ഇടയില്ല.

The House adjourned for lunch at 1 p.m. and re-assembled at 2 p.m. with Mr. Speaker (the Hon'ble Sri. T. M. Varghese) in the Chair.

മി. സ്പീക്കർ . ഒരു വിവരം സഭയെ അറിയിക്കേണ്ടതായിട്ടുണ്ടു്. ഹൈക്കോർട്ട് ബില്ലും അഡ്മിനിസ്ട്രേഷൻ ആൻറ ആപ്ലിക്കേഷൻ ആഫ് ലാസ് ബില്ലും സെലക്ട്കമ്മിററി നിർദ്ദേശിച്ചിട്ടുള്ള ഭേദഗതികളോടുകൂടി ന.—ഗ ഗ—ഗ ൻ ര ാ-ലെ ഗസററിൽ പരസ്യം ചെയ്തിട്ടുണ്ടു്. ആ ഗസററിൻെറ പ്രതികൾ ബഹുമാനപ്പെട്ട അംഗങ്ങൾക്കു ലഭിച്ചിരിക്കുമല്ലോ. ഈ ബില്ലുകളെസംബന്ധിച്ചു് ഭേദഗതികൾ ഹാജരാക്കണമെന്നാഗ്രഹിക്കുന്ന മെമ്പറന്മാർ അതു നാളെ മൂന്നു മണിക്കകമായിട്ടു് സെക്രട്ടറിയെ ഏല്പിക്കേണ്ടതാണു്.

ബഹു. ശ്രീ. കെ. അയ്യപ്പൻ : മെമ്പറന്മാരുടേയും വോട്ടറന്മാരുടേയും കാര്യത്തെപ്പററി പറഞ്ഞുകഴിഞ്ഞു. ഈ പഞ്ചായത്തിനു് അധികാരമില്ല എന്നൊരു വാദമാണു് ഇവിടെ മെമ്പറന്മാർ പറഞ്ഞതു്. അതു് ഒരു എക്സിക്യൂട്ടീവ് ആഫീസക്കു് വളരെ അധികാരങ്ങൾ കൊടുക്കുന്നതുകൊണ്ടാണെന്നും കാരണമായി പറഞ്ഞു. വാസ്തവം പറഞ്ഞാൽ അധികാരമല്ല കൊടുത്തിരിക്കുന്നതു്: ചില കാര്യങ്ങൾ നടത്താനുള്ള ഒരു കടമ മാത്രമാണു് അയാളെ ചുമതലപ്പെടുത്തിയിരിക്കുന്നതു്. അതുസംബന്ധിച്ചു് ആദ്യത്തെ വ്യവസ്ഥ എക്സിക്യൂട്ടീവ്ഉദ്യോഗസ്ഥൻ പഞ്ചായത്തുനിശ്ചയങ്ങൾ നടപ്പിൽ വരുത്തണം എന്നാണു്. പിന്നെ ബഡ്ജററ്തയ്യാറാക്കണം. ആ കണക്കുകൾ വെക്കണം റിക്കാർഡുകൾ ശരിക്കു വെക്കണം. ഇതിനെല്ലാം ഒരു കാര്യസ്ഥനെ വെച്ചിരിക്കുന്നു എന്നുമാത്രമേ വിചാരിക്കുവാനുള്ളു.

ഒടുവിൽ കുറെ എമർജൻസി പൗവ്വേഴ്സ് കൊടുത്തതിനെപ്പററി പറയുകയുണ്ടായി. ഏതെങ്കിലും അത്യാവശ്യമായ കാര്യങ്ങൾ ചെയ്യാൻ ആരെങ്കിലും ഉണ്ടായിരിക്കണം. എക്സിക്യൂട്ടീവ്ആഫീസക്കു് അതിലേക്കു് അധികാരം കൊടുത്തിട്ടുണ്ടെങ്കിലും പഞ്ചായത്തു നിരോധിച്ചാൽഅയാൾക്കു അതും ചെയ്യുകൂടാ. കൂടാതെ ഏതെങ്കിലും ചെയ്താൽ അതു്പഞ്ചായത്തിലേക്കു റിപ്പോർട്ടു ചെയ്യണമെന്നും പറഞ്ഞിട്ടുണ്ടു്. എക്സിക്യൂട്ടീവ് ആഫീസറുടെ അധികാരം ആയിട്ടല്ല ചുമതല ആയിട്ടാണു് അതിനെ എടുക്കേണ്ടതെന്നാണു് എനിക്കു പറയാനുള്ളതു്. പഞ്ചായത്തിനു വിപരീതമായി പ്രവൎത്തിക്കാൻ ആ ഉദ്യോഗസ്ഥനു് നിവൃത്തിയില്ല.

വേറെ ഒരു സംഗതി, ഈ ഉദ്യോഗസ്ഥൻ വേണമെന്നുള്ളതു് നിർബ്ബന്ധമായ ഒരു സംഗതിയല്ല. ആവശ്യം വരുമ്പോൾ പ്രവൎത്തിക്കുവാൻ ഉള്ള ഒരു വ്യവസ്ഥയാണു് ഇതിൽ കൊള്ളിച്ചിട്ടുള്ളതു്. പല മെമ്പറന്മാരുടേയും അഭിപ്രായത്തിൽ പഞ്ചായത്തിൻെറ അധികാരം എല്ലാം ഈ ഉദ്യോഗസ്ഥൻെറ നിയമനം മൂലം പോകും എന്നാണു്. ഈ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥൻ എന്തെങ്കിലും തെററായോ നിയമവിരുദ്ധമായോ ചെയ്യുകയാണെങ്കിൽ അതിനെപ്പററിയുള്ള അപ്പീൽ പഞ്ചായത്തിലായിരിക്കുമെന്നാണു് വ്യവസ്ഥ ചെയ്തിരിക്കുന്നതു്. അതുകൊണ്ടു് പഞ്ചായത്തിൻെറ അധികാരങ്ങളെ കവിഞ്ഞൊന്നും ചെയ്യാൻ അദ്ദേഹത്തിന്നധികാരമില്ല. ഉദാഹരണമായി പറയുകയാണെങ്കിൽ ഒരു ജന്മികുടുംബത്തിൽ ചില കാര്യസ്ഥന്മാരെ വച്ചിരിക്കുന്നതുപോലെയാണു്. എന്നാൽ ചില അവസരങ്ങളിൽ കാര്യസ്ഥന്മാർ ഉടമസ്ഥന്മാരായിത്തീരുന്ന ദൃഷ്ടാന്തങ്ങളും നാം കാണാറുണ്ടു്. അതു് ഉടമസ്ഥന്മാരുടെ പ്രാപ്തികേടുകൊണ്ടും ഔദാസീന്യംകൊണ്ടും ആയിരിക്കും. വാസ്തവത്തിൽ പഞ്ചായത്തിൻെറ ഇഷ്ടത്തേയും അധികാരങ്ങളേയും കവിഞ്ഞു് എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥനു് അവിടെ യാതൊരു അധികാരവും ഇല്ലെന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. പി. നാണു : പഞ്ചായത്തിൽനിന്നും പാസാക്കുന്ന നിശ്ചയം പഞ്ചായത്തു് എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥൻ നടപ്പിലാക്കിയില്ലെങ്കിൽ നടപ്പാക്കണമെന്നു് പഞ്ചായത്തിൽനിന്നു് റസല്യൂഷൻ പാസാക്കാമോ; ഈ ഉദ്യോഗസ്ഥൻെറ പേരിൽ പഞ്ചായത്തിനു എന്തധികാരം ഉണ്ടു്?

ബഹു. ശ്രീ. കെ. അയ്യപ്പൻ : ആ ആളെപ്പററി ഗവമ്മെണ്ടിലേക്കു് റിപ്പോർട്ടു ചെയ്യാം. ഏതായാലും സ്പീക്കർ ആദ്യം പറഞ്ഞതുപോലെ എൻെറ പ്രസംഗം കഴിഞ്ഞതിനു ശേഷം ചോദ്യങ്ങൾ ചോദിക്കാവുന്നതാണു്. അപ്പോൾ അതിൻെറ മറുപടി പറയുന്നതാണു്.

ശ്രീ. കെ. കുട്ടപ്പൻ : ഒരു പോയിൻറ് ആഫ് ആർഡർ. പ്രസംഗിച്ചുതീർത്തതിനു ശേഷമേ ചോദ്യം ചോദിക്കാൻ പാടുള്ളു എന്നു പറയുന്നതു ശരിയാണോ ?

മി. സ്പീക്കർ: അതുവരെ മാററിവയ്ക്കാൻ സാദ്ധ്യമല്ലാത്ത ചോദ്യമല്ലെങ്കിൽ അങ്ങിനെ ചെയ്യുന്നതാണ് നല്ലതു്.

ബഹു. ശ്രീ. കെ. അയ്യപ്പൻ : ഇനി മെമ്പർമാരുടെ അധികാരങ്ങളെപ്പററി പറയാനുണ്ടു്. കാര്യങ്ങൾ നടന്നില്ലെങ്കിൽ അതു് അവർക്ക് പ്രസിഡണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും നിശ്ചയങ്ങൾ അവതരിപ്പിക്കുന്നതിനും റിക്കാർട്ടുകൾ നോക്കുന്നതിനും അവർക്കു അധികാരം കൊടുത്തിട്ടുണ്ടു്. ഈ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്റെ കൃത്യങ്ങളെ സംബന്ധിച്ചു ബൈലോസ് ഉണ്ടാക്കാനുള്ള അധികാരങ്ങൾ പഞ്ചായത്തിനനുവദിച്ചിട്ടുണ്ടു്. കാര്യങ്ങൾ ശരിക്കു നടത്തുന്നതിനു വേണ്ടി സർവ്വസൌകര്യങ്ങളും ഈ പഞ്ചായത്തിനു കൊടുത്തിട്ടുണ്ടു്.

പിന്നെ ഒരു പ്രധാനസംഗതി പറഞ്ഞതു് ഗവർമ്മെണ്ടു് പണം കൊടുക്കാൻ നിശ്ചയിച്ചിട്ടുള്ളതു് വളരെ കുറഞ്ഞുപോയി എന്നാണ്. ഇതു കൊടുത്തേകഴിയൂ എന്നുള്ള കാൺട്രിബ്യൂഷൻ സംബന്ധിച്ചാണ് ഈ രണ്ടായിരം രൂപാവരെ എന്നവച്ചിട്ടുള്ളതു്. ഇവിടെ വില്ലേജ് യൂണിയനു് ൧, ൦ ൦ ൦ രൂപാവരെ വച്ചിരുന്നുള്ളു, ഇപ്പോൾ അതു രണ്ടായിരം രൂപായായി ഉയർത്തി. കൂടാതെ സ്പെഷ്യൽ ആർഡർകൊണ്ടോ ജനറൽ ആർഡർകൊണ്ടോ വേറെ കാൺട്രിബ്യൂഷൻസും കൊടുക്കാമെന്ന വ്യവസ്ഥയുണ്ടു്. ലോണായിട്ടും അഡ്വാൻസായിട്ടും പണം കൊടുക്കാവുന്നതാണ്. ബഹുമാനപ്പെട്ട സഭ ഓർക്കാനുള്ളതു് ഗവർമ്മെണ്ടു് നികുതി പിരിച്ചുകൊടുക്കണമോ അതു് പഞ്ചായത്തു പിരിച്ചെടുക്കണമോ എന്നുള്ളതാണ്. ഇപ്പോൾ ലാൻഡ് സെസിന്റെ കാര്യംതന്നെ വളരെ കാഠിന്യമായിട്ടാണ് കരുതുന്നതു്. ഒരു കാൽചക്രം ഒരു സെൻറിനു് സെസ് ആയി പഞ്ചായത്തിനു് ജനങ്ങൾ എല്ലാം സമ്മതിച്ചു്കൊടുക്കുകയാണെങ്കിൽ ഈ തിരുവിതാംകൂറിൽ ഇരുപതു ലക്ഷത്തിനു മേൽ രൂപ ആ ഇനത്തിൽതന്നെ പിരിയും. അതു് ഒരു ഭാരമാണെന്നു വരില്ല. നേരേമറിച്ചു് അതിനേക്കാൾ കൂടുതൽ നികുതി കൊടുത്തുകൊണ്ടിരുന്നവരാണ് ഇവിടെയുള്ളവർ എല്ലാം. ബേസിക്ക് ടാക്സ് വന്നതിനു ശേഷം ആ മാതിരി ടാക്സ് കൊടുക്കുന്നില്ല. അതു് പഞ്ചായത്തിലേക്കു ജനങ്ങൾ കൊടുക്കയാണെങ്കിൽ ആ ഒരൊററയിനത്തിൽതന്നെ ഇരുപതു ലക്ഷത്തിനു മേൽ ഉള്ള ഒരു സംഖ്യ ഇവിടെ പിരിയും. പിന്നെ മാർക്കററ്, സ്ലാട്ടർഹൌസ്, കാട്ടു് സ്റ്റാൻഡ് മുതലായവയിൽനിന്നു ലൈസൻസ്ഫീസ് ഏർപ്പെടുത്തി വരുമാനം ഉണ്ടാക്കത്തക്ക മാർഗ്ഗങ്ങൾ എല്ലാം ഇതിൽ വച്ചിട്ടുണ്ടു്. ഇതെല്ലാം വച്ചുനോക്കുമ്പോൾ ഈ ബില്ലിനെ എതിർക്കേണ്ട യാതൊരാവശ്യവുമില്ലെന്നാണ് എനിക്കു പറയുവാനുള്ളതു്.

പിന്നെ ഈ പഞ്ചായത്തു് ഏരിയായിലെ ഭരണം പഞ്ചായത്തിൽതന്നെ നിക്ഷിപ്തമായിരിക്കയാണ് ചെയ്യുന്നതു്. ഈ ബില്ലുകൊണ്ടു് അവിടെയുള്ള സർവ്വസംഗതികളും അതായതു് കൃഷി, വ്യവസായം, വിദ്യാഭ്യാസം മുതലായവകൂടി ഉൾപ്പെടെ സകലതും ഈ പഞ്ചായത്തിന്റെ ഭരണത്തിൽ വരികയാണ് ചെയ്യുന്നതു്. അതു ശരിക്കു ഭരിക്കുകയാണെന്നുണ്ടെങ്കിൽ അതിന്നാവശ്യമായ അധികാരങ്ങളും സൌകര്യങ്ങളും എല്ലാം ആ പഞ്ചായത്തു നിയമത്തിൽ കൊടുക്കുന്നുണ്ടു്. ഇതിനു മുമ്പൊരവസരത്തിൽ പഞ്ചായത്തുബില്ല് നിയമസഭയിൽ വന്നപ്പോൾ അതിൽ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥൻ ഇല്ലാത്തതിനെ പല മെമ്പർമാരും ആക്ഷേപിച്ചതായി അന്നു് ആ ബിൽ അവതരിപ്പിച്ച ബഹുമാനപ്പെട്ട മെമ്പർ എന്നോടു് പറയുകയുണ്ടായി. ഇപ്പോൾ ഇതു ഗവർമ്മെണ്ടു കൊണ്ടുവന്നതുകൊണ്ടു് ഉള്ള തെററിദ്ധാരണ അല്ലേ ഇതു് എന്നു ഞാൻ സംശയിക്കുന്നു. റോഡിൽക്കൂടി നടന്നുപോകുമ്പോൾ റോഡിന്റെ ഉറപ്പു് തടസ്ഥമാണെന്നു പറയുന്നതുപോലെയിരിക്കുന്നു. ഇതു് സ്വയംഭരണം ശരിക്കു നടക്കാൻ തല്ക്കാലസ്ഥിതിഗതിയിൽ ആവശ്യമായ വ്യവസ്ഥകളെ ഈ ബില്ലിൽ വെച്ചിട്ടുള്ളു. ഇതിൽ കൂടുതൽ ഈ സംഗതിയെപ്പററി എനിക്കൊന്നും പറയാനില്ല. പ്രധാനമായി മൂന്നാക്ഷേപങ്ങൾ ഇവിടെ പുറപ്പെടുവിച്ചതു് ശരിയായ ഫണ്ടില്ല, എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥനെ വയ്ക്കുന്നതു് പഞ്ചായത്തിന്റെ അധികാരത്തെ എടുത്തുകളയുന്ന ഒരു നടപടിയാണ്, കൂടുതൽ പ്രവർത്തനങ്ങൾക്കുള്ള സാദ്ധ്യതയില്ല, എന്നിതുകളാണ്. ഈ മൂന്നു കാര്യങ്ങളെ കുറിച്ചും എനിക്കും പറയാനുണ്ടായിരുന്ന സമാധാനം ഞാൻ പറഞ്ഞുകഴിഞ്ഞു. ഇനി എന്തെങ്കിലും ചോദിക്കാനുണ്ടെങ്കിൽ ഉത്തരം പറയാം.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി : പഞ്ചായത്തിൽ പിന്നോക്കസമുദായങ്ങൾക്ക് റിസർവ്വേഷൻ നല്കാൻ ഗവർമ്മെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : ഈ ബില്ലിൽ അങ്ങിനെ ഉദ്ദേശിച്ചിട്ടില്ല.

ശ്രീ. പി. കൃഷ്ണൻശാസ്ത്രി : ഈ ബില്ലിൽ അങ്ങിനെ വ്യവസ്ഥ ചെയ്യാൻ ഗവമ്മെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : സെലക്ടുകമ്മിററിയിലും മററും അങ്ങിനെ വേണമെന്നു് അഭിപ്രായമുണ്ടാവുകയാണെങ്കിൽ വ്യവസ്ഥ ചെയ്യുന്നതിന്നു് ഗവമ്മെണ്ടിനു യാതൊരു വിരോധവുമില്ല.

ശ്രീ. പി. കെ: കൃഷ്ണൻശാസ്ത്രി : കൊച്ചിയിലെ ബില്ലിൽ പിന്നോക്കസമുദായാംഗങ്ങൾക്കു് റിസർവേഷൻ നല്കണമെന്നു് അങ്ങു് ചെയർമാനായിരുന്ന കമ്മററി വ്യവസ്ഥ ചെയ്തിട്ടുണ്ടു്. അങ്ങിനെയിരിക്കേ ഈ ഐക്യസംസ്ഥാനത്തിനു വേണ്ടി ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ബില്ലിൽനിന്നു് അങ്ങിനെ ഒരു വ്യവസ്ഥ എടുത്തുകളയാൻ ഉള്ള കാരണമെന്തു് ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : അതിന്റെ കാരണമെന്താണെന്നു ഇപ്പോൾ അന്വേഷിച്ചിട്ടു കാര്യമില്ല. കൊച്ചിയിൽ അധഃകൃതസമുദായങ്ങൾക്കു മാത്രമല്ല മറെറല്ലാ സമുദായങ്ങൾക്കും റിസർവ്വേഷൻ വയ്ക്കുന്ന ഒരു സമ്പ്രദായമാണു് സ്വീകരിച്ചാട്ടുള്ളതു്. ആ ബില്ല് വന്നതിനു ശേഷം "പാലത്തിനടിയിൽകൂടി വെള്ളം വളരെ ഒഴുകിപ്പോയി". എന്നാൽ ആ അഭിപ്രായം സെലക്ടു്കമ്മിററിയിൽ ആലോചിക്കാവുന്നതും വേണമെങ്കിൽ വേണ്ട വ്യവസ്ഥകൾ ചേർക്കാവുന്നതുമാണു്.

ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: ഇൻഡ്യൻ ഭരണഘടനയുടെ വെളിച്ചത്തിൽ അങ്ങിനെ ഒരു വ്യവസ്ഥ ഈ ബില്ലിൽ ഉൾപ്പെടുത്തുന്നകാര്യം ഗവമ്മെണ്ടു് ആലോചിക്കുമോ ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : ഗവമ്മെണ്ടു് അതു പാടില്ലെന്നുവച്ചിട്ടില്ല. സെലക്ടു് കമ്മിററിക്കു വേണമെന്നു തോന്നിയാൽ അതുൾപ്പെടുത്താവുന്നതാണു്.

ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി : സെലക്ടു് കമ്മിററി അതു ചെയ്യുമെന്നും അങ്ങിനെ ചെയ്യണമെന്നു വിചാരമുള്ള ആളുകൾ സെലക്ടു് കമ്മിററിയിൽ ഉണ്ടാകുമെന്നും വിചാരിക്കാൻ നിവൃത്തിയില്ല. അങ്ങിനെ പല സംഗതികളും ഇവിടെ നടന്നിട്ടുണ്ടു്. അതുകൊണ്ടു ഗവമ്മെണ്ടു് ഇതിനൊരു വ്യവസ്ഥചെയ്യുമോ എന്നാണു് ഞാൻ ചോദിക്കുന്നതു്.

ബഹു. ശ്രീ. കെ. അയ്യപ്പൻ : ഗവമ്മെണ്ടിനു് അതേപ്പററി പറയാനുള്ളതു ഞാൻ പറഞ്ഞുകഴിഞ്ഞു. കൂടുതലൊന്നും പറയാനില്ല.

ശ്രീ. പി.കെ.കൃഷ്ണൻ ശാസ്ത്രി: സർ, പിന്നോക്കസമുദായങ്ങൾക്കു പഞ്ചായത്തുകളിൽ....

.....

മി. സ്പീക്കർ : ഇതു ചോദ്യോത്തരവേളയല്ലെന്നു ബഹുമാനപ്പെട്ട മെമ്പർമാരെ ഓർമ്മിപ്പിക്കേണ്ടിയിരിക്കുന്നു. ഈ അവസരത്തിൽ ബില്ലിന്റെ പൊതുതത്വങ്ങളെപ്പററിയുള്ള ചർച്ച മാത്രമാണു് നടക്കുന്നതു്. ഇതിലെ ഓരോ സെക്ഷനേയും എടുത്തു ഭേദഗതിചെയ്യണമോ, കൂടുതൽ സെക്ഷനുകൾ കൂട്ടിച്ചേർക്കണമോ എന്നും മററും കൂലങ്കഷമായി ചർച്ചചെയ്യേണ്ട അവസരം ഇതല്ല. ഇപ്പോൾ ഈ ബില്ല് സെലക്ടു് കമ്മിററിക്കു് അയയ്ക്കണമെന്നുണ്ടെങ്കിൽ അതിനെ അനുകൂലിക്കുന്നോ അതോ പ്രതികൂലിക്കുന്നോ എന്നുമാത്രം പറഞ്ഞാൽ മതിയാകും. അതുകൊണ്ടു് ഈ ബില്ലിന്റെ പൊതുതത്വങ്ങളെക്കുറിച്ചു് ഏതെങ്കിലും സംഗതികൾ ചോദിക്കാനുണ്ടെങ്കിൽ ചോദിക്കാവുന്നതും ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നും വിവരങ്ങൾ ഗ്രഹിക്കാവുന്നതുമാണു്. അല്ലാതുള്ള ചർച്ചകൾ അനുവദനീയമല്ല.

ശ്രീ. പി. സി. ആദിച്ചൻ : ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവനയെക്കുറിച്ചു വല്ല സംശയങ്ങളുമുണ്ടെങ്കിൽ ചോദിക്കാമോ ?

മി. സ്പീക്കർ : ചോദിക്കാം. പക്ഷേ അതിനും ഒരതിർത്തിയുണ്ടു്.

ശ്രീ. പി. സി. ആദിച്ചൻ : ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവനയിൽ പറയുകയുണ്ടായി ഈ ഐക്യസംസ്ഥാനത്തു രൂപീകരിക്കുന്ന ഒരു പഞ്ചായത്തിലും സാക്ഷരതയുള്ള പിന്നോക്കസമുദായാംഗങ്ങൾ ഉണ്ടാകാൻ.....

Mr. Speaker : That is not a question. It looks like a speech. The member can put a question on any relevant matter.

ശ്രീ. പി. സി. ആദിച്ചൻ : ഈ ഐക്യസംസ്ഥാനത്തു് പിന്നോക്കസമുദായങ്ങളുടെ സാക്ഷരതാനില ഏററവും കുറഞ്ഞതു് ൧൭ ശതമാനം മാത്രമാണെന്നും അതുകൊണ്ടു് ഈ

ഐക്യസംസ്ഥാനത്തു് ഒരു പഞ്ചായത്തിലും പിന്നോക്കസമുദായാംഗങ്ങൾ വരാനിടയില്ലെന്നും അറിഞ്ഞുകൊണ്ടാണോ ബഹുമാനപ്പെട്ട മന്ത്രി ഇങ്ങനെ പ്രസ്താവിച്ചതു് എന്നറിഞ്ഞാൽ കൊള്ളാം.

ബഹു. ശ്രീ. കെ. അയ്യപ്പൻ: അക്ഷരാഭ്യാസമുള്ളവരെ കിട്ടാൻ തരമില്ലെന്നാണു് ഞാൻ പറഞ്ഞതു്. അവശസമുദായക്കാരെ സംബന്ധിച്ചിടത്തോളം ആ വ്യവസ്ഥക്കു വല്ല വ്യത്യാസവും വരുത്തണമെന്നുണ്ടെങ്കിൽ ചെയ്യാവുന്നതാണു്. ഇതു രണ്ടും പാടുണ്ടെന്നോ പാടില്ലെന്നോ ഗവർമ്മെണ്ടു പറഞ്ഞിട്ടില്ലെന്നു പറഞ്ഞുകഴിഞ്ഞാൽ അക്കായ്യം ബഹുമാനപ്പെട്ട മെമ്പറന്മാർ മനസ്സിലാക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. അമ്പാട്ടു് ഈച്ചരമേനോൻ: സർ, അടിയന്തിരപ്രവർത്തനങ്ങൾക്കു പഞ്ചായത്തിന്റെ തീരുമാനം വേണമെന്നു പറയുകയുണ്ടായി. എന്നാൽ ഇതിൽ പറയുന്നതു്

(2) If such duty is not performed within the period so fixed the Director or such officer may appoint some person to perform it, and may direct that the expenses of performing it shall be met from the funds at the disposal of the panchayat.

എന്നാണു്. ഇതനുസരിച്ചു പഞ്ചായത്തിനു് എന്തെങ്കിലും അധികാരമുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഈ വകുപ്പുകളെല്ലാം മാററണമെന്നുണ്ടെങ്കിൽ സെലക്ടു് കമ്മിററിക്കു മാററാവുന്നതേയുള്ളു. അതിനെ എല്ലാംപററി ഇപ്പോൾ ആലോചിക്കണമെന്നു തോന്നുന്നില്ല.

ശ്രീ. കെ. കരുണാകരൻ: എക്സിക്യൂട്ടീവു് ഉദ്യോഗസ്ഥനെ നിയന്ത്രിക്കാൻ ആവശ്യമുള്ള നിയമങ്ങൾ ഉണ്ടാക്കുന്നതിനു പഞ്ചായത്തിനു് അധികാരമുണ്ടു്. എന്നാൽ ആ നിയമങ്ങളെ റദ്ദുചെയ്യാനുള്ള അധികാരം ആർക്കാണു്?

ബഹു. ശ്രീ. കെ. അയ്യപ്പൻ: റദ്ദുചെയ്യുന്നതിനുള്ള ചട്ടങ്ങളും പഞ്ചായത്തിനുതന്നെ ഉണ്ടാക്കാവുന്നതാണു്. എന്നാൽ കാര്യനടപ്പിനുവേണ്ടി ഗവർമ്മെണ്ടിനു ചില അധികാരങ്ങൾ ഉണ്ടായിരിക്കണം എന്നാണു് വച്ചിരിക്കുന്നതു്. അതാവശ്യമാണെന്നു് ഇന്നു രാവിലെ ബില്ലിനെ ശക്തിയായി എതിർത്തുകൊണ്ടു പ്രസംഗിച്ച ഒരു ബഹുമാനപ്പെട്ട മെമ്പറുടെ പ്രസംഗത്തിൽനിന്നുതന്നെ മനസ്സിലാക്കാം. നമ്മുടെ അനുഭവവും അങ്ങിനെയാണു്. കക്ഷിവഴക്കുകൾകൊണ്ടു പഞ്ചായത്തുകളിൽ എപ്പോഴും കുഴപ്പങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുമെന്നു് അദ്ദേഹം പറയുകയുണ്ടായി. തല്ക്കാലസ്ഥിതിക്കു് ആവശ്യമായ ഒരു നിയമനിർമ്മാണമാണു് ബഹുമാനപ്പെട്ട സഭയുടെ മുമ്പാകെ ഈ ബില്ലിന്റെ രൂപത്തിൽ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നതു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: പഞ്ചായത്തിന്റെ കീഴിൽ പ്രാഥമികവിദ്യാഭ്യാസം ഉൾപ്പെടുത്തിയതുകൊണ്ടു പഞ്ചായത്തിനു പ്രാഥമികപാഠശാലകൾ നടത്താമെന്നാണോ ഉദ്ദേശിച്ചിട്ടുള്ളതു്, അതോ പ്രാഥമികവിദ്യാഭ്യാസം വികേന്ദ്രീകരിച്ചു് പഞ്ചായത്തുകളുടെ കീഴിൽ കൊണ്ടുവരണമെന്നാണോ ഉദ്ദേശിച്ചിട്ടുള്ളതു്?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഇനി ഉണ്ടാക്കുന്ന ചട്ടങ്ങളനുസരിച്ചു് അതെങ്ങിനെ വേണമെങ്കിലും ആകാം. പ്രാഥമികവിദ്യാഭ്യാസം പഞ്ചായത്തിന്റെ കർത്തവ്യങ്ങളിൽ ഒന്നായിരിക്കും എന്നുമാത്രമേ ബില്ലിൽ പറഞ്ഞിട്ടുള്ളു.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: പ്രാഥമികവിദ്യാഭ്യാസം മുഴുവൻ നമ്മുടെ പഞ്ചായത്തുകളുടെ കർത്തവ്യമാക്കിവയ്ക്കുന്നതു നന്നായിരിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. അതുകൊണ്ടാണു് ഞാൻ അതേപ്പററി സൂക്ഷ്മമായി അറിയാൻ ആഗ്രഹിക്കുന്നതു്. അല്ലെങ്കിൽ പഞ്ചായത്തുകൾക്കു പ്രാഥമികപാഠശാലകളും വേണമെങ്കിൽ ആരംഭിക്കാം എന്നേ ഉദ്ദേശിച്ചിട്ടുള്ളുവെങ്കിൽ പഞ്ചായത്തിനു സൌകര്യമുണ്ടെങ്കിൽ രണ്ടോ മൂന്നോ പ്രാഥമികപാഠശാലകളും ആരംഭിച്ചു നടത്താം. അതല്ലാതെ പ്രാഥമികവിദ്യാഭ്യാസം മുഴുവൻ പഞ്ചായത്തിനെ ഏല്പിച്ചാൽ അതും പല കലാപങ്ങളുടെ കൂട്ടത്തിൽ ഒരു കലാപമായിത്തീരുകയേ ഉള്ളു. അതാണു് അതു വ്യക്തമായി അറിയണമെന്നു ഞാൻ ആവശ്യപ്പെടുന്നതു്.

ബഹു. ശ്രീ. കെ. അയ്യപ്പൻ: അതു മൌലികമായ ഒരു സംഗതിയാണു്. അതിനെപ്പററി ഇപ്പോൾ സൂക്ഷ്മമായി ഒരഭിപ്രായം പറയുക വിഷമമാണു്. അതും പഞ്ചായത്തിന്റെ കർത്തവ്യമായിട്ടു് ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടു് എന്നുമാത്രം തൽക്കാലം പറയാം.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സെലക്ട് കമ്മിററി ഈ കാര്യത്തെ സംബന്ധിച്ച വിശദമായി ആലോചിക്കുന്നതു നന്നായിരിക്കുമെന്ന് എനിക്ക് അഭിപ്രായമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം പ്രത്യേകം ശ്രദ്ധിച്ചാൽ കൊള്ളാമെന്ന് എനിക്കപേക്ഷയുണ്ട്.

ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥനെ പിരിച്ചുവിടാൻ പഞ്ചായത്തിനധികാരമുണ്ടോ?

(No answer)

Sri. P. Balakrishnan Thampi: Mr. Speaker, Sir, very reluctantly I support this Bill because I feel that it is premature to introduce such a Bill in this House. So long as we are not completely free in the country from communal and sectional differences and bias I do not think it very safe to try to lend this democratic institution on a sectional basis. There is no great virtue in saying that we have got a democratic institution so long as the common man is not actuated by democratic feelings. We find unfortunately in our country people appointed even to honorary office—I do not refer to the ministerial ranks—go by communal qualifications or disqualifications. Then is it right for us to introduce this very dangerous provision into the working of panchayats. If we are going to have panchayats on the present alignments of ideas or sectional interests there is the danger of these sectional differences being supplanted for ever. If elsewhere in more responsible spheres of work we find differences of feelings between a Christian, a Hindu and a Mohamedan forming the essential nucleous of a democratic State, is it in our interest that we should introduce in the day to day working of our panchayats.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: അതുകൊണ്ട് ജാതിയെല്ലാം പോയതിനുശേഷം പഞ്ചായത്തുകൾ ഉണ്ടാക്കിയാൽ മതിയെന്നാണൊ ബഹു. മെമ്പറുടെ അഭിപ്രായം?

Sri. P. Balakrishnan Thampi: I am not astonished at the obsolete way of thinking of some of our friends. This State is away from Delhi between the Western Ghats and the sea. But the constitution has definitely laid down that after January there is not going to be any sectional differences. It is going to be a secular State. Whatever we may think in the United State of Travancore and Cochin it is not going to gain currency in the country. But what about the villages. Are there not the villages; is there not a continuous number separate homesteads in the country. Would we develop local administration on the lines of religious differences. I think it is impossible.

There is another point of view. Is it right to burden the tax-payer with more taxation for the utility of the Panchayats. All over the world today are of the opinion that the two dangers of modern democracy are (1) red-tapism, and (2) taxation, and along with red-tapism goes the bureaucracy. What is the history of Municipalities. Is it something to be proud of? As an ex-member of a Municipality, I can say that we cannot swear that the Municipalities are functioning well and then what chances are there for the Panchayats for working well. Now, let us first of all try to develop, let us try to do some propaganda in the line of democratic feeling, make people understand that those who swear by democracy have more responsibilities to perform than privileges to claim. Unless that feeling goes round, I cannot find any great future for the Panchayats.

I am very glad that there are sections 34 to 42 which give the Government and the Director ample powers of control and direction. I am definitely of the view that the Government should control and direct in all these matters. Without the direction and control of the Government there is the risk of public funds being misappropriated and essential things not being done.

Now, all over the country there is a great mis-conception regarding the rights of local bodies. The fact that in England or Europe the local bodies have exceptional privileges is illogical and irrelevant here because of historical circumstances. During the olden days, the King had to fight a battle or wanted to raise a good sum of money for the marriage of his daughter. He then gave a particular Corporation or township certain privileges or a charter. That is why in many parts of Europe certain townships had great privileges. I do not find that there is anything sacred about the number of people staying in a compact area or in a city. I can understand their being given greater amount of freedom, if those who pay the piper are determined to call the tune. Government will have to pay the piper and the Panchayats cannot usurp the right to call the tune. So long as they do not depend on public exchequer I can understand greater freedom being given to them. So long as they want public funds for the use of the Panchayats, I do not see any reason why Government should not control and direct the activities of the Panchayats. Though, irrelevant, I may in this connection say that more stringent

measures in this regard both in the District Municipalities Act and City Municipality Act will be useful.

I wish to bring to the notice of this House what the President of the Constituent Assembly with almost tears in his eyes stated, *viz.*, that the only regret he had was that the constitution did not lay down the qualifications for membership of the Legislature. In the same way if the Panchayats are to work well, not only literacy qualification but something more is essential and will be necessary so that the members could do some useful service. Government should have no hesitation to lay down in unambiguous language that hereafter in a secular India, they are not going to give any consideration to personalities and that they will be guided by the character and ability of a man to do a particular job.

ശ്രീ. കെ. കരുണാകരൻ : യാതൊരു ക്വാളിഫിക്കേഷനും ഇല്ലാതെ അല്ലയോ നിയമസഭയിലേക്ക് ആളുകളെ അയച്ചിരിക്കുന്നത്?

Sri. P. Balakrishnan Thampi : My friend is rather under a misapprehension. Regarding my qualifications I may inform him that I am a well qualified member and I believe that my Hon'ble friend is also qualified and so also all the members here. I do not want to alienate any of my friends.

ശ്രീ. കെ. കരുണാകരൻ : ഇങ്ങനെയുള്ള യോഗ്യതകൾ നിശ്ചയിക്കാതെതന്നെ നിയമസഭയിലേക്ക് ആളുകളെ അയയ്ക്കാൻ സാധിക്കുകയില്ലെന്നു മെമ്പർ വിചാരിക്കുന്നുണ്ടോ?

Sri. P. Balakrishnan Thampi : What I said was meant as a compliment and not as an insinuation. I am quite aware of the compliment paid to me as well and I am prepared to take it at its face value. I am afraid that many more people like us will not be returned if some sort of qualifications are not prescribed.

I was at the question of a certain minimum standard of education and standard of efficiency and standard of character being ensured for members. So that they are not swayed this way and that by rival political slogans.

Sri. K. K. Chellappan Pillai : Will the Hon'ble member please define what is meant by character?

Sri. P. Balakrishnan Thampi: I may define character as the courage to speak one's mind without thinking of the galleries. With particular reference to the members here, I would define character as the courage to speak what one thinks right in conformity with the oath he has taken without any regard to the consequences. That is character on the floor of this House. If we want Panchayats to function properly in the State we should insist upon not only literary knowledge but something more tangible and real. With these words I support the Bill introduced by my Hon'ble friend Sri. K. Ayyappan.

In this connection I want to speak one word more. Instead of the piecemeal explanation, if the Hon'ble Ministers who introduce such bills will speak about the essential features of the bill and the difference between similar legislations elsewhere, it would save all trouble. I feel that when a bill is introduced the Hon'ble Minister who has all the facilities to acquaint himself with all the principles before hand must give a short history of the Bill. Every member here will not be able to understand the essential principles of the Bill and they expect the Hon'ble Minister to explain the salient features of the Bill. With these words and apologising for the presumption to offer instructions to the Hon'ble Ministers in this matter I support the Bill.

ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: സർ, ഈ ബില്ലിന്റെ തത്വത്തെ ഞാൻ ഹാർദ്ദമായി അനുകൂലിക്കുന്നു. സ്വതന്ത്രഭാരതത്തിന്റെ സ്രഷ്ടാവായ മഹാത്മാ ഗാന്ധി വിഭാവനം ചെയ്ത ഗ്രാമസ്വരാജിനെ നടപ്പിൽവരുത്തേണ്ടതു് ഇന്നത്തെ ഗവൺമെണ്ടിന്റെ ഒഴിച്ചുകൂടാത്ത ഒരു കടമയാണെന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു. ജനകീയഭരണത്തെ വളരെ സന്തോഷത്തോടുകൂടി സ്വാഗതംചെയ്തതു് ഈ രാജ്യത്തെ സാധാരണ ജനങ്ങളായിരുന്നു. എന്നാൽ ഇന്നു വളരെയേറെ ദുരിതങ്ങൾ അനുഭവിച്ചുപോരുന്നതും അവരാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അവരുടെ അവശതകൾ പരിഹരിക്കേണ്ടതും അവരുടെ അഭീഷ്ടങ്ങൾ നിറവേററിക്കൊടുക്കേണ്ടതും ജനകീയഗവൺമെണ്ടിന്റെ കടമയാണ്. ദിവാൻജിമാരുടെ ഭരണം നടന്നിരുന്നകാലത്തു പട്ടണങ്ങളെ പരിഷ്കരിക്കുകയും മററുള്ളവരെ പട്ടണങ്ങളിലേക്ക് ആകർഷിക്കുവാൻ വേണ്ട ചരിതപ്രവൃത്തനങ്ങൾ നടത്തുകയും ചെയ്യുന്നതിലാണ് അന്നത്തെ ഗവൺമെണ്ടുകൾ ശ്രമിച്ചിരുന്നതു്. അന്നു സാധാരണക്കാരുടെ കാര്യം വിസ്മൃതകോടിയിൽ തള്ളപ്പെടുകയാണുണ്ടായതു്. ഇന്നു സാധാരണക്കാരെ സംരക്ഷിക്കേണ്ട ചുമതലയും അവരുടെ താല്പര്യങ്ങളെ നിർവ്വഹിക്കുന്നതിനുള്ള കർത്തവ്യവും ജനങ്ങളോടുത്തരവാദിത്വമുള്ള ഇന്നത്തെ ഗവൺമെണ്ടിനുണ്ടു്. ഗ്രാമീണർ ഭൂരിഭാഗംപേരും സാധുജനങ്ങളാണ്. മാ

[Sri. P. K. Krishnan Sastri]

ത്രമല്ല, ഗ്രാമത്തിന്റെ അഭിവൃദ്ധിയാണ് രാജ്യത്തിന്റെ അഭിവൃദ്ധിയും. അതിനാൽ ഗ്രാമീണരുടെ ആവശ്യങ്ങളും അഭീഷ്ടങ്ങളും നിറവേററുക എന്നുള്ളതായിരിക്കണം ജനകീയ ഗവമ്മെണ്ടിന്റെ പ്രഥമവും പ്രധാനവുമായ കത്തവ്യം. നാട്ടിൻപുറങ്ങളിൽ ഇന്നു ശരിയായി വഴിനടക്കുന്നതിനുള്ള പാതകളോ മററു സൌകര്യങ്ങളോ വേണ്ടിടത്തോളം ഇല്ലാതെയാണിരിക്കുന്നതു്. നാട്ടിൻപുറങ്ങളിലെ ആവശ്യങ്ങൾ നിറവേററത്തക്കനിലയിൽ ആവശ്യമായ നിയമനിർമ്മാണം ഉണ്ടാക്കേണ്ടതും ഉണ്ടാകേണ്ടതുമാണ്. അത്തരത്തിലുള്ള ഒരു നിയമമാണ് ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നതെന്നു ഞാൻ കരുതുന്നു. നാട്ടുകാക്ക് ഈ ബില്ലിന്റെ ഉദ്ദേശങ്ങളും തത്വങ്ങളും മനസ്സിലാകത്തക്കവിധത്തിൽ ഈ ബില്ല് വളരെ നേരത്തേതന്നെ സാധാരണക്കാരുടെ ഭാഷയിൽ, അതായതു മലയാളഭാഷയിൽ, അച്ചടിച്ചു ഗസററിൽ പരസ്യപ്പെടുത്തേണ്ടതു വളരെ അത്യാവശ്യമായ ഒരു കാര്യമായിരുന്നു. ഇങ്ങനെയുള്ള ബില്ലുകൾ എല്ലാഭാഷകളിലും കാലേക്കൂട്ടിത്തന്നെ ഗസററിൽ പരസ്യംചെയ്യേണ്ടതായിരുന്നു. ഇപ്പ ബില്ല് ഇതുവരെ മലയാളഭാഷയിൽ എന്തുകൊണ്ടു പ്രസിദ്ധപ്പെടുത്തിയില്ല എന്നു ഞാൻ ചോദിക്കുന്നു. ഇങ്ങനെ വരുന്നതു് ഏററവും നിർഭാഗ്യകരമായ ഒരവസ്ഥയാണ്. ഇവിടത്തെ സാധുജനങ്ങൾക്ക് ഏററവും അത്യാവശ്യമായ ഒരു ബില്ലാണിതു്. പല ആവശ്യമായ ഭേദഗതികൾ ഇതിൽ വരുത്തേണ്ടതായുമുണ്ട്. അങ്ങനെയുള്ള ഈ ബിൽ ജനങ്ങൾ ശരിയായി അറിയേണ്ടതാണ്.

സർ, ഈ ബില്ലിലെ ഏററവും പ്രധാനമായ ഒരു ന്യൂനത ഇവിടെ ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. ഒരു പഞ്ചായത്തുണ്ടായാൽ അഞ്ചോ ആറോ മെമ്പറന്മാർ മാത്രമായിരിക്കും അതിന്റെ കാര്യനിർവ്വഹണം നടത്തിക്കൊണ്ടുപോകുന്നതു്. സ്വാധീനശക്തിയും ബലവുമുള്ളവരും പണക്കാരുമായ ആളുകളെക്കൊണ്ടു് ആ പഞ്ചായത്തു രൂപീകരിക്കുവാൻ നിലവിലുള്ള നിയമപ്രകാരം സാധിക്കുന്നതാണ്. ഇൻഡ്യൻ ഭരണഘടനയിൽ അവശസമുദായക്കാർക്കുകൂടി പ്രാതിനിധ്യം സംവരണംചെയ്യപ്പെട്ടിട്ടുണ്ട്. ആ നിലയിൽ ഇന്നത്തെ ഈ പഞ്ചായത്തു ബോർഡുകളിലും പിന്നോക്കസമുദായക്കാർക്കു സ്ഥാനങ്ങൾ സംവരണംചെയ്യുന്നതിനുള്ള വ്യവസ്ഥകൾ ഈ ബില്ലിൽ ഉൾപ്പെടുത്താമായിരുന്നു. ഈ ബിൽ അവതരിപ്പിച്ചിരിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ഈ രാജ്യത്തെ സാധുക്കളോടു വളരെ അനുഭാവമുള്ള ഒരു മന്ത്രിയാണെന്നു് എനിക്കറിയാം. ഈ ബിൽ അവതരിപ്പിച്ച ബഹുമാനപ്പെട്ട മന്ത്രിയെപ്പോലെ പിന്നോക്കസമുദായങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാനും അവരുടെ കാര്യങ്ങൾ അറിഞ്ഞു് ആത്മാർത്ഥമായി പ്രവർത്തിക്കുവാനും കഴിവും തൻേറടവുമുള്ള ഒരു വ്യക്തി ഈ കേരളക്കരയിൽ കാണുകയില്ലെന്നു വിശ്വസിക്കുന്ന ഒരുവനാണ് ഞാൻ. അതിനുംപുറമേ കൊച്ചിയിലെ പഞ്ചായത്തു് ആക്ടിലും ഇവിടത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും മുമ്പു പിന്നോക്കസമുദായക്കാർക്കു സംവരണം ഉണ്ടായിരുന്നുവെന്നാണ് എന്റെ അറിവു്. ഇതെല്ലാമായിട്ടും ഇപ്പോൾ ഈ ഐക്യസംസ്ഥാനത്തു് ഈ ബില്ല് കൊണ്ടുവരുമ്പോൾ അവശസമുദായക്കാർക്കു സംവരണം ഇല്ലാതിരിക്കുന്നതു് എന്തുകൊണ്ടാണെന്നു് എനിക്കു മനസ്സിലാകുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി വിട്ടുപോയതാണോ അഥവാ ഇവിടത്തെ സാഹചര്യങ്ങൾ അദ്ദേഹത്തെ അനുവദിക്കാതിരുന്നതാണോ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ഇവിടത്തെ പിന്നോക്കസമുദായക്കാരുടെ നില ഏററവും ശോചനീയമാണെന്നുള്ളതു് എല്ലാവർക്കും അറിവുള്ള ഒരു സംഗതിയാണ്. ഒരാളിനു് അവശസമുദായത്തിൽപെട്ട ഒരു വ്യക്തിയെന്നനിലയിൽ ഒരു പഞ്ചായത്തിലും, ഇന്നത്തെ പരിതഃസ്ഥിതിയിൽ ഒരു പ്രതിനിധിയായിരിക്കുവാനുള്ള സാദ്ധ്യതയില്ല. ഈ രാജ്യത്തെ പ്രബലസമുദായക്കാരുടെ പ്രാതിനിധ്യത്തോടുകൂടി മാത്രം പഞ്ചായത്തുകൾ രൂപീകരിക്കുവാൻവേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു ബില്ലാണോ ഇതു എന്നും തോന്നിപ്പോകുന്നു. അതിൽ അതിശയിക്കുവാനൊന്നുമില്ല. പഞ്ചായത്തുകളിൽ, വിശേഷിച്ചും ഗ്രാമപ്രദേശങ്ങളിൽ ജനങ്ങൾക്കു പൊതുവെ സഹകരിച്ചു പ്രവർത്തിക്കേണ്ട പല സംഗതികളുമുണ്ട്. അങ്ങനെയുള്ള സന്ദർഭത്തിൽ അവശസമുദായത്തിൽ പെട്ടവരെ എന്നേക്കുമായി ഒഴിച്ചുനിറുത്തുവാൻ പര്യാപ്തമായ ഒരു പരിതസ്ഥിതിയാണ് ഈ ബില്ലുകൊണ്ടു ഉദ്ദേശിച്ചിരിക്കുന്നതു്. ഈ നില മാറേണ്ടതും മാറേണ്ടതും അത്യാവശ്യമാണ്. സംവരണം ചെയ്യപ്പെട്ടില്ലെങ്കിലും ഇവിടത്തെ അവശസമുദായക്കാരുടെ താൽപ്പര്യങ്ങൾക്കു് ന്യൂനതവരാത്ത വിധത്തിൽ കാര്യങ്ങൾ നിർവ്വഹിക്കപ്പെട്ടുകൊള്ളുമെന്നു പലരും പറയുന്നുണ്ട്. എന്നാൽ ഇവിടെ അനുഭവം അതല്ലെന്നു കാണിക്കുന്ന പല സംഭവങ്ങളും നടന്നിട്ടുണ്ട്. അങ്ങനെയുള്ള അനുഭവങ്ങൾ വച്ചുകൊണ്ടു നോക്കിയാൽ വാക്കാലുള്ള ഈ പ്രീണനം മാത്രംകൊണ്ടു അവശസമുദായക്കാർക്കു തൃപ്തിപ്പെടാൻ സാദ്ധ്യമല്ല

അതിനാൽ പഞ്ചായത്തുകളിൽ പിന്നോക്കസമുദായക്കാർക്ക് സ്ഥാനങ്ങൾ സംവരണം ചെയ്തു കൊണ്ടുള്ള വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തിക്കൊണ്ടു യഥാർത്ഥപഞ്ചായത്തു രൂപീകരിക്കുന്നതിന് പകരിക്കുന്ന ബില്ലായി ഇതിനെ അംഗീകരിക്കേണ്ടതാണ്.

ഇപ്പോൾ വില്ലേജ്യൂണിയനുകൾവഴി പഞ്ചായത്തു പ്രവർത്തനം നടക്കുന്നുണ്ടല്ലോ. ഇത്തരം വില്ലേജ് യൂണിയനുകളിൽ ഇന്നു നടക്കുന്ന അഴിമതികൾ വളരെ വളരെയാണ്. ഇതിയിടെ, അതായതു നാലുമാസം മുമ്പ് ഒരു സ്ഥലത്തു ഒരു വില്ലേജ്യൂണിയൻ സ്ഥാപിക്കപ്പെട്ടു. കൊല്ലംതാലൂക്കിലാണ് അതിനുവേണ്ടി കുറെ സ്ഥലം അവിടെ ഒരാൾകൊടുക്കാമെന്നു പറയുകയുംചെയ്തു. ആ സ്ഥലത്തു എല്ലാസമുദായക്കാരും വിശേഷിച്ചും പാവപ്പെട്ട ആളുകൾ തിങ്ങിതാമസിക്കുന്നുണ്ട്. എന്നാൽ ഏതാനും ചിലരുടെ ശ്രമഫലമായി പഞ്ചായത്താഫീസു മറെറാരുസ്ഥലത്തേക്കു മാററുവാൻ ശ്രമം നടന്നുവരുന്നു. അങ്ങനെ നടക്കുവാനാണിടയുള്ളതെന്ന് അധികാരികൾ അറിയിച്ചിരിക്കുന്നു. ഈ സംഗതി ഞാൻ ഗവൺമെണ്ടിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നതു് സ്വാധീനബലവും പ്രാബല്യവും ഉള്ള അംഗങ്ങൾ തിരിക്കുന്ന വഴിയിൽകൂടി കാര്യങ്ങൾ നടന്നുപോകുന്ന ഒരനുഭവമാണ് അവശസമുദായക്കാർക്കുള്ളതെന്ന് കാണിക്കുവാനാണ്. അതുകൊണ്ടു ഇൻഡ്യൻഭരണഘടനയുടെ വെളിച്ചത്തിൽ പിന്നോക്ക സമുദായക്കാർക്ക് സ്ഥാനങ്ങൾ സംവരണംചെയ്തുകൊണ്ട് ഈ ബില്ല് നിയമമാക്കിത്തീർക്കേണ്ടതും മഹാത്മാഗാന്ധി വിഭാവനം ചെയ്തിട്ടുള്ള ഗ്രാമസ്വരാജ് ഈ രാജ്യത്തു നടപ്പിൽ വരുത്തി സമുദായസൌഹാർദ്ദവും സാധാരണക്കാരുടെ ജീവിതസൌകര്യം വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതു ഏററവും ആവശ്യമാണെന്നു പറഞ്ഞുകൊണ്ട് ഈ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: സർ, ഞാൻ പഞ്ചായത്തു ബില്ലിൻെറ തത്വങ്ങളോട് യോജിക്കുന്നു. അതിനെ സ്വാഗതംചെയ്യുന്നു. ഇവിടെ അവതരിപ്പിച്ചിട്ടുള്ള എല്ലാ ബില്ലുകളിലും സാക്ഷാൽ ജനകീയ ജനായത്ത വാക്കിൻെറ സാരം എന്താണോ അതു് ഉൾക്കൊള്ളുന്ന ഒരു ബില്ലാണിതു്. എന്നാൽ ഒരു കൂട്ടം ആളുകളെ സംബന്ധിച്ചിടത്തോളം സാക്ഷരതാ വ്യവസ്ഥ തിരഞ്ഞെടുപ്പിൽ അവർക്കുണ്ടായേക്കാവുന്ന പ്രാതിനിദ്ധ്യക്കുറവിനെ കാണിക്കുന്നതു് പരിഹരിക്കേണ്ടതാണെന്നും ഇവിടെ വാദപ്രതിവാദം നടന്നു. എൻെറ അഭിപ്രായത്തിൽ മെമ്പർഷിപ്പിന് സാക്ഷരതാ ആവശ്യമാണെന്നാണ്. ഇൻഡ്യയിലെ യൂണിയൻ സംസ്ഥാനങ്ങളുടേയും പ്രാവിൻസുകളുടേയും മുന്നണിയിൽ നിൽക്കത്തക്ക പേരും പെരുമയും ആർജ്ജിച്ചിട്ടുള്ളതാണ് നമ്മുടെ സംസ്ഥാനം. ഈ പഞ്ചായത്തു ബില്ലിൽ സാക്ഷരതാ ആവശ്യപ്പെടുന്നതിൽ തെല്ലും തെററില്ലെന്നാണ് എൻെറ അഭിപ്രായം. പിന്നോക്കസമുദായങ്ങളെ ഈ വ്യവസ്ഥ മൂലം വിദ്യാഭ്യാസത്തിൽ പ്രാപ്തിയുണ്ടാക്കാൻ കഴിയുമെന്നുള്ളതിന് സംശയമില്ല: പഞ്ചായത്തു മെമ്പർസ്ഥാനം വിദ്യാവിഹീനനും നൽകണമെന്നു വാദിക്കുന്നതുതന്നെ ഒരുപരിഷ്കൃത സംഭവമായിട്ടാണ് ഞാൻ കരുതുന്നതു്. ജനസമുദായത്തിൻെറ മൌലികമായ അഭ്യുന്നതിയിൽ ഈ സംസ്ഥാനത്തെ എത്തിക്കാൻ ബിൽ ഇവ്വണ്ടവിധം സഹായകമായിത്തീരുമെന്നുള്ളതിന് സന്ദേഹമില്ല. ഈ ബില്ലിനെപ്പററി പലതും എനിക്കു പറയാൻ ഉണ്ടെങ്കിലും അതിനുള്ള സമയം ഇതല്ലെന്നുള്ള തത്വം മനസ്സിലാക്കുന്നതുകൊണ്ട് ചുരുക്കുന്നു. ഈ ബില്ല് പെട്ടെന്നു നിയമമാക്കി കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഗവൺമെണ്ടിനെ അഭിനന്ദിച്ചുകൊള്ളുന്നു.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: സർ, ഞാൻ ഈ ബില്ലിൻെറ പൊതുതത്വത്തോടു അനുകൂലിക്കുന്നതോടൊപ്പം ശ്രീമാൻ ബാലകൃഷ്ണൻതമ്പി അവർകൾ മനസ്സില്ലാമനസ്സോടെ ഏതുകാരണങ്ങൾ കൊണ്ടു അതിനെ പിൻതാങ്ങുന്നുഎന്ന് പറഞ്ഞുവോ ആ കാരണങ്ങളെ ഖണ്ഡിക്കാനാണ് ഞാൻ ഇവിടെ എഴുന്നേററു നിൽക്കുന്നതു്. ഇദ്ദേഹം ഇന്നത്തെ പരിതസ്ഥിതിയിൽ കാണുന്ന വൈഷമ്യങ്ങളെ പരിചിന്തിച്ചു് ഈ ബില്ലിനെ പിൻതാങ്ങിയില്ലെങ്കിൽ അതുകൊണ്ടു് വല്ല കുഴപ്പവും വന്നുപോയേക്കുമോ എന്നു് ഭയന്നാണെന്നു തോന്നുന്നു അതിനെ പിൻതാങ്ങിയതു്, എന്നാണ് ഞാൻ വിചാരിക്കുന്നതു്. സാമുദായികനിലയുടെ പ്രത്യേകമായ വൈശിഷ്ട്യംകൊണ്ടു അദ്ദേഹത്തിനെ ഏതൊ ഒരു വക ഭയം ഉണ്ടായിരിക്കുന്നു എന്നുള്ളതിൽ കവിഞ്ഞു് മറെറാന്നും ഞാൻ കാണുന്നില്ല. എന്നാൽ ആ മനോഭാവത്തിനു വിപരീതമായ ഒരന്തരീക്ഷം സംജാതമാക്കണമെന്നുള്ള പരമോദ്ദേശത്തോടുകൂടിയാണ് നാം പ്രവർത്തിക്കുന്നതെന്നു് അദ്ദേഹത്തിനറിയാമെങ്കിലും അതിവിടെ എടുത്തു പറയാതിരിക്കാൻ നിവൃത്തിയില്ല. എത്രയോ രാജാക്കന്മാർ ഭരിച്ചിരിക്കുന്ന ഇൻഡ്യാമഹാരാജ്യത്തിൻെറ സംസ്കാര സമ്പത്തുകൾ പുലർത്തിക്കൊണ്ടുപോകുന്നതു് വില്ലേജ് പഞ്ചാ

[Sri. K. K. Chellappan Pillai] :

യത്തുകളാണെന്നുള്ളതു് അവിതർക്കിതമാണു്. എന്നാൽ വില്ലേജുപഞ്ചായത്തിനെ ഒരു തര ത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ എതുക്കാൻ തുടങ്ങിയതിൽ മി. തമ്പിയുടെ മനോഭാവ ത്തെപ്പററി ഞാൻ ഖേദിക്കുന്നു. വാസ്തവത്തിൽ ജനങ്ങൾതമ്മിൽ ഐക്യതയില്ലാത്തതുകൊം ണ്ടു് പല അനീതികളും ചരിത്രങ്ങളും വില്ലേജുപഞ്ചായത്തുകളിൽ നടന്നിട്ടുണ്ടു്, നടക്കുകയും ചെയ്യും. എന്നാൽ ഈവക സംഗതികൾ എല്ലാംതന്നെ മാററുന്നതിനു വേണ്ടിയുള്ള പോം വഴി കണ്ടുപിടിച്ചു പരിഹാരം ഉണ്ടാക്കുകയാണു വേണ്ടതു്. പഞ്ചായത്തുകാക്കു് യഥാർത്ഥ ത്തിൽ അധികാരം കൊടുത്തിട്ടില്ലതന്നെ. പഞ്ചായത്തെന്നും അതുപോലെ ഉള്ള സ്ഥാപന ങ്ങളും മററും രാജ്യത്തിനു വെറും ആഭരണങ്ങൾപോലെ അല്ലാതെ അതർഹിക്കുന്ന ഗുണം പൊതുജനങ്ങൾക്കുണ്ടാകണമെങ്കിൽ അധികാരങ്ങൾ മുഴുവനും ജനങ്ങൾക്കുതന്നെ വിട്ടുകൊ ടുക്കേണ്ടതാണു്. എന്നാൽ ഈ ബില്ലിലെ വ്യവസ്ഥപ്രകാരം പഞ്ചായത്തുകൾ അതർഹിക്കു ന്ന നിലയിലും വിലയിലും വളർന്നുവരുവാനുള്ള സാഹചര്യം ഉണ്ടോ എന്നു നോക്കേണ്ടതു് ണ്ടു്. അങ്ങനെ നോക്കുന്നതായാൽ പഞ്ചായത്തിന്റെ എക്സിക്യൂട്ടീവു് അധികാരം ഗവർമ്മെ ണ്ടു് കയ്യിൽ വച്ചിരിക്കുന്നിടത്തോളംകാലം പറയത്തക്ക ഗുണങ്ങൾ ഒന്നും ഈ ബില്ലിൽ ഉ ണ്ടാകാൻ പോകുന്നില്ല. പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ജാതീയമല്ലാത്ത മത്സരങ്ങളും പിണക്കങ്ങളും വഴക്കുകളും ഉണ്ടാകുന്നതിൽ ഭയപ്പെടേണ്ട ആവശ്യമില്ല. അങ്ങനെ ഉണ്ടാ കുന്നെങ്കിൽ മാത്രമേ പഞ്ചായത്തിനു് പുരോഗമനമുണ്ടാകയുള്ളു. മഹാത്മഗാന്ധിപറഞ്ഞതു പോലെ ജനങ്ങൾതമ്മിൽ പിണങ്ങി മത്സരിച്ചാൽ മാത്രമേ പഞ്ചായത്തുകളുടെ ഭരണപര മായ കാര്യങ്ങൾക്കു് പുരോഗമനമുണ്ടാകയുള്ളു. അങ്ങനെ വരുമ്പോൾ പഞ്ചായത്തുകൾ ഓ രോന്നോരോന്നായി അഭിവൃദ്ധിപ്പെട്ടുകൊള്ളും. ഇത്രയും പറഞ്ഞുകൊണ്ടു സമയചുരുക്ക ത്താൽ എന്റെ അഭിപ്രായത്തെ ചുരുക്കുന്നു.

ശ്രീ. ടി. വി. ദേവൻ : സർ, ഞാൻ ഈ പഞ്ചായത്തുബില്ലിന്റെ തത്വത്തോടു പൂർണ്ണ മായി യോജിക്കുന്നു. ഇതിനെപ്പററി സംസാരിച്ചു് ഈ സഭയുടെ സമയം പാഴാക്കണമെ ന്നു ഞാൻ വിചാരിക്കുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ കൃഷ്ണൻശാസ്ത്രി പറഞ്ഞതുപോലെ അദ്ദേഹത്തിന്റെ ചെറുപ്പകാലം മുതലും എന്റെ ചെറുപ്പകാലംമുതൽ ഇതുവരേയും അവശ സമുദായവകുപ്പിനുവേണ്ടി ഒരു മന്ത്രിയും അതിന്റെ മേലദ്ധ്യക്ഷനായി വന്നിട്ടില്ല. എ ന്നാൽ ഇന്നത്തെ അവശസമുദായവകുപ്പുമന്ത്രിയായ ബഹുമാനപ്പെട്ട ശ്രീ. അയ്യപ്പൻ അ വർകൾ ഇതിന്റെ മേലധികാരിയായി എന്നു കേട്ടപ്പോൾമുതൽ എനിക്കു് ഇതിൽപരം സ ന്തോഷത്തിനു മറെറാന്നുമില്ല. സാക്ഷരത്വം പ്രമാണിച്ചു് പിന്നോക്കസമുദായങ്ങൾക്കു് ഈ ബില്ലിൽ പ്രവേശനം കിട്ടാൻ അതായതു് ബില്ലിലെ വ്യവസ്ഥയനുസരിച്ചു പഞ്ചായത്തുക ളിൽ പ്രവേശനം കിട്ടാൻ സാദ്ധ്യമല്ലാത്തവിധത്തിൽ എന്തോ ഒന്നു് ഈ ബില്ലിൽ ചേർത്തി രിക്കുന്നു എന്നു പറയുന്നു. എന്നുവരികിലും ഇന്നത്തെ ജനകീയഭരണം നാഴികതോറും പരി ഷ്കാരത്തിൽ വന്നുകൊണ്ടിരിക്കുന്ന സ്ഥിതിക്കു് ഈ വ്യത്യാസം ബില്ലിൽനിന്നും എടുത്തുകള യാൻ പ്രയാസം ഉണ്ടെന്നു തോന്നുന്നില്ല. വിദ്യാഭ്യാസത്തിന്റെ കണികപോലുമില്ലാത്ത ഒരവസരത്തിലാണു് ശ്രീമൂലം പ്രജാസഭയിൽ അവശസമുദായങ്ങളിൽനിന്നു അവരുടെ പ്ര തിനിധിയായി അയ്യങ്കാളിയെ നിയമസഭയിലേക്കു് അവരോധിച്ചതു്. അദ്ദേഹം കഷ്ടി ച്ചു മലയാളം അക്ഷരം ഊന്നിഊന്നി വായിക്കുമെന്നല്ലാതെ അതിൽകവിഞ്ഞു് വിദ്യാഭ്യാസ പരമായ യാതൊരു മേന്മയും അദ്ദേഹത്തിനില്ലായിരുന്നു. എന്നിട്ടും അദ്ദേഹത്തെ അന്നത്തെ ഗവർമ്മെണ്ടു് നിയമസഭയിലെ ഒരു മെമ്പറാക്കി. അതിൽപിന്നീടു് പരിഷ്കാരങ്ങൾ വദ്ധി ച്ചതോടുകൂടി അവശസമുദായങ്ങളുടെ ഇടയിലും വിദ്യാഭ്യാസം ഉളവായിത്തുടങ്ങി. ഇന്നു അവശസമുദായങ്ങൾക്കു് സംസ്കാരം ഇല്ലെന്നും സാക്ഷരത്വമില്ലെന്നും പറഞ്ഞു് അവരെ വെ ളിയിൽ തള്ളുന്നതു് ജനാധിപത്യഭരണസിദ്ധാന്തത്തിനുതന്നെ വിപരീതമാണു്. സംസ്കാരവും പരി ഷ്കാരവും ഇല്ലാതിരുന്ന കാലത്തു് ഒരു ചാത്തനെ മഹാത്മജനം ഭക്താവാക്കിയതു്, ഏതു് സാക്ഷര ത്വത്തിന്റെ പേരിലാണു്? അല്ലെങ്കിൽ ഏതുസംസ്കാരത്തിന്റെ പേരിലാണു്? മനുഷ്യനെ മനുഷ്യയായി കാണുന്ന മനോഭാവം വന്നാൽ അവിടെ സകല കുറവുകളും പരിഹരിക്കപ്പെ ടും. മററുള്ളവരും മനുഷ്യരാണു്, അവരും നമ്മോടൊപ്പം വരേണ്ടതാണു്. ഈ ഒരു ചിന്ത എല്ലാവർക്കും ഉണ്ടായിരുന്നാൽ മതി; അവശസമുദായങ്ങൾ താനെ ഉദ്ധരിച്ചുകൊള്ളും.

നാലു കള്ളന്മാർക്കുടി കുറേ പണം മോഷ്ടിച്ചുകൊണ്ടുവന്നു് ചെങ്ങന്നൂരിൽ ഇറക്കുമ്പോ പാലത്തിനു മുകളിൽ കൊണ്ടുവന്നു. ഭാഗം വച്ചപ്പോൾ നാലുപേക്കും തങ്ങളിൽ ശണ്ഠയാ യി, തനിക്കു കൂടുതൽ വേണം തനിക്കു ഭാഗംപോരാ എന്നു് വഴക്കുകൂടി. ഒടുവിൽ എല്ലാ

വരുംകൂടി ചേർന്ന് മോഷ്ടിച്ചുകൊണ്ടുവന്ന പണത്തെ ആക്കം വേണ്ടെന്നു പറഞ്ഞു ആററിലെറിഞ്ഞു. ഇതുപോലെയാണ് പിന്നോക്ക സമുദായത്തിൽനിന്ന് ഒരു തേവനോ മറേറാ പ്രസിഡൻറായാലത്തെ കഥ. ഒന്നാമതായി അയാൾക്ക് പ്രസിഡൻറാകാൻ ഒക്കുകയില്ല എന്നാൽ പ്രസിഡൻറാകാൻ ഒക്കുമോ അതുമില്ല. വല്ലവിധേനയും ഒരു പ്രസിഡൻറായിപ്പോയാൽ അവിശ്വാസപ്രമേയമായി. ഇപ്പോഴത്തെ രീതിയനുസരിച്ച് അവിശ്വാസപ്രമേയത്തിൻെറ പേരു പുറഞ്ഞാൽ മതി, അയാളെ വെളിക്കുതള്ളാം. എങ്ങനെയായാലും ഇപ്പോൾ വെളിയിൽ പോയാൽമതി എന്നു പറഞ്ഞുകൊണ്ടിരിക്കുകയാണ്, ഇപ്പോഴത്തെ ഒരു അവശസമുദായ പ്രസിഡൻറ്. അതിനാൽ ഞാൻ പറയുന്നതു് ഈ ഭേദഗതികളെല്ലാം സ്വീകരിച്ചുകൊണ്ടുവേണം ബില്ല് നടപ്പിൽ വരുത്തുവാൻ എന്ന് ഗവൺമെൻറിനേ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

The Hon'ble Sri. K. Ayyappan : Sir, I again move that the question be now put.

Mr. Speaker : There is no provision for the Hon'ble Minister to move a motion of that kind.

The Hon'ble Sri. A. J. John : Standing Orders Rule 27 (2) says that at any time after a motion has been made in respect of a Bill promoted by a Minister' the Minister may request the President to put the question.

Mr. Speaker : There Minister in charge has to request the Chair to take such a step. That has not been done. The rule says that if the request is granted the question shall be put without amendment or debate.

The Hon'ble Sri. K. Ayyappan : I do so now.

Sri. P. Balakrishnan Thampi : Although the Minister is legally competant to take such a course, the House of Commons' practice is, the person who has spoken will never move such a motion.

Mr. Speaker : Our Standing Order 27 is clear on the point. Any member can move for a closure and the Minister in charge of the Bill can make a request to the Chair to put the question and the Chair if satisfied there has been sufficient discussion on th e matter can in the case of a member's closure motion put that motion and in the case of the Minister's request put the questions itself to Vote as provided in sub-clause 3 of Standing Orders 27. As I feel satisfied that there has been sufficient discussion on this matter, as requested by the Minister in charge of the Bill, I shall proced to put the question that the Bill be referred to a Select Committee.

The Honble Sri. K. Ayyappan : Sir, I move that the Village Panchayat Bill be referred to a Select Committee consisting of the following members :

Messrs. A. Thanu Pillai	Messrs. P. K. Paul
K. Sivarama Pillai	K. Kochukuttan
P. S. Nataraja Pillai	Cherian J. Kappen
C. Narayana Pillai	K. Ramachandran
C. Kesavan	A. K. Kunjumoideen
C. V. Iyyu	P. K. Krishnan Sastri and
K, A. Achuthan	K. A. Gangadhra Menon

The quorum shall be 5 and the Committee will submit its report within 3 days, suspending Standing Order 35.

The Honble Sri. A. J. John : I second it.

The motion was put and carried

THE UNITED STATE OF TRAVANCORE AND COCHIN SHOPS AND ESTABLISHMENT BILL

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : സർ, ഞാൻ യൂണൈറെറഡ് സ്റ്റേററ്സ് ആഫ് ട്രാവൻകൂർ ആൻറ് കൊച്ചിൻ ഷാപ്സ് ആൻറ് എസ്റ്റാബ്ലിഷ്മെൻറ് ബിൽ അവതരിപ്പിക്കുകയാണ്. കൊച്ചിൻ ഡിവിഷനെ സംബന്ധിച്ചിടത്തോളം ഈ മാതിരി ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുകയും അടുത്തു് നിയമമാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ അതു് എൻഫോഴ്സ് ചെയ്യാൻ സാധിക്കാതെയാണ് ചില സംഭവങ്ങൾകൊണ്ട് ഇടയായിട്ടുള്ളതു്. തിരുവിതാംകൂറിലും ഈ മാതിരിയുള്ള ഒരു ബിൽ ഇതിനു മുൻപു തന്നെ എഴുതി തയാറാക്കിയിരുന്നു. എന്നാൽ ഇൻറഗ്രേഷനു് മുൻപുള്ള നിയമസഭയിൽ അതു് അവതരിപ്പിക്കാനിടയാകാതെയാണ് വന്നിട്ടുള്ളതു്. ഫാക്ടറികളിൽ ജോലി ചെയ്തുവരുന്ന തൊഴിലാളികളുടെ അവകാശങ്ങളെ സ്പർശിക്കുന്നതും അവരുടെ അവകാശങ്ങളെ സുരക്ഷിതമാക്കുന്നതുമായ പല ബില്ലുകളും പല നിയമസഭകളിലും കൊച്ചി നിയമസഭയി

[The Hon'ble Sri. T. K. Narayana Pillai]

ലും പാസാക്കിയിട്ടുണ്ട്. എന്നാൽ ഷാപ്പുകളിലും റസ്റ്റാറൻറുകളിലും അതുപോലെയുള്ള മററു സ്ഥാപനങ്ങളിലും വേലചെയ്യുവരുന്ന തൊഴിലാളികളെ ബാധിക്കുന്നതും അവരുടെ അവകാശങ്ങളെ ബാധിക്കുന്നതും അവരുടെ അവകാശങ്ങളെ സുരക്ഷിതമാക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതുമായ നിയമങ്ങൾ യാതൊരു നിയമസഭകളിലും ഇതുവരെ നടപ്പിൽവരുത്തിയിട്ടില്ല. ഇന്ന് ഈ ഷാപ്പുകളിലും റസ്റ്റാറൻറുകളിലും വേലചെയ്യുവരുന്ന തൊഴിലാളികളുടെ ദയനീയസ്ഥിതിയെപ്പററി ഞാൻ പ്രത്യേകം പറയേണ്ടതില്ലല്ലോ. ഷാപ്പുകളിലും റസ്റ്റാറൻറുകളിലും വേലചെയ്യുവരുന്ന ആളുകൾ വെളുപ്പാൻ കാലത്തു് ൪ മണി മുതൽ രാത്രി ൧ മണിവരെ ജോലി ചെയ്യേണ്ടതു ആത്യാവശ്യമാണ്. ഷാപ്പുകളുടേയും റസ്റ്റാറൻറുകളുടെയും ഉടമസ്ഥന്മാരെ സംബന്ധിച്ചിടത്തോളം അവരുടെ താഴെ ജോലി ചെയ്യുവരുന്ന ജോലിക്കാരെ ഡിസ്മീസ് ചെയ്യുന്നതിനും സസ്പെൻറു ചെയ്യുവാനും ഫയിൻ ചെയ്യാനും ഉടമസ്ഥന്മാർക്ക് അവകാശമുണ്ട്. അവർക്ക് യാതൊരു സെക്യൂരിററി ആഫ് ഒഫീസും ഇല്ലാതിരിക്കുകയാണ്. ഈ ഉടമസ്ഥന്മാരുടെ ഹിതാനുസരണം പ്രവർത്തിക്കുന്നതിനും അവരുടെ കീഴിൽ ജോലിചെയ്യുന്ന ജോലിക്കാർ നിർബന്ധിതരാണ്. ഇങ്ങനെയുള്ള അനിശ്ചിതാവസ്ഥ ഇല്ലാതാക്കുന്നതിനും അവരെ പ്രത്യേകം ബാധിക്കുന്ന നിയമങ്ങൾ ഉണ്ടാക്കുന്നതിനും അവർക്കും ചില നിയമപരമായ അവകാശങ്ങൾ ഉണ്ട് എന്നുള്ളതു് വ്യക്തമാക്കുന്നതിനും അങ്ങനെയുള്ള അവകാശങ്ങളെ സംരക്ഷിക്കുന്നതിനും വേണ്ട വ്യവസ്ഥകൾ ചെയ്യുന്നതിനും ആണ് ഈ നിയമം ഇപ്പോൾ എഴുതിയുണ്ടാക്കിയിട്ടുള്ളതു്. ഈ നിയമമനുസരിച്ച് ഹാസ്റ്റലുകളിലും റസ്റ്റാറൻറുകളിലും ഹോട്ടലുകളിലും ജോലി ചെയ്യുവരുന്നവർക്ക് ഒരു ദിവസം എട്ടുമണിക്കൂറിൽ കൂടുതൽ ജോലി ചെയ്യേണ്ടതില്ല. ഇന്നും ൧൨-ം, ൧൪-ം, അല്ല ചിലപ്പോൾ ൧൬-ം മണിക്കൂറും ജോലിക്കാർ ജോലി ചെയ്യുവരുന്നുണ്ടെന്നുള്ളതു് ഒരു പരമാർത്ഥമാണ്. അവരുടെ ആദായം വളരെ തുച്ഛവും ഈ ബിൽ നടപ്പിൽ വരുന്നതോടുകൂടി വ മണിക്കൂർ മാത്രമേ ജോലിചെയ്യേണ്ടിവരുകയുള്ളൂ. മാത്രമല്ല, ആഴ്ചയിൽ നാല്പത്തെട്ടു മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യിക്കാൻ ഉടമസ്ഥന്മാർക്ക് അധികാരമുണ്ടായിരിക്കുന്നതല്ല. അങ്ങനെ ആഴ്ചയിൽ ൩ ദിവസം ൪വ മണിക്കൂറായി ജോലി സമയം ക്രമീകരിച്ചുകൊണ്ടാണ് വ്യവസ്ഥയുണ്ടാക്കിയിട്ടുള്ളതു്. ഇതിനും പുറമെ ആഴ്ചയിൽ ഒരു ദിവസം അവധി കൊടുക്കുന്നതിനും ഹോട്ടലുടമസ്ഥന്മാർ ഈ നിയമമനുസരിച്ച് നിർബന്ധിതരായിത്തീരുന്നതാണ്. ഈ ഹോട്ടലുകളും ഷാപ്പുകളും നടത്തുന്ന ആളുകൾ വെറും അനാരോഗ്യപരമായ പരിതസ്ഥിതിയിലാണ് ഇതു് നടത്തിവരുന്നതെന്നുള്ള പരമാർത്ഥം നമുക്കും അറിയാവുന്നതാണ്. അങ്ങനെയുള്ള പരിതസ്ഥിതികളിൽ ഉടമസ്ഥന്മാരെ അനുശാസിക്കുന്ന പല നിയമങ്ങളും ഇതിൽ അടങ്ങിയിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ഒരു ചാപ്ററർ തന്നെ എഴുതിച്ചേർത്തിട്ടുണ്ട്. അതു മാത്രമല്ല ആരോഗ്യപരമായ കാരണങ്ങളാൽ ചില അവകാശ അവധികളും അവർക്ക് കൊടുക്കണമെന്ന് ഈ നിയമത്തിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. അങ്ങനെയുള്ള അവധി പരിപൂർണ്ണമായ ശമ്പളത്തോടുകൂടി കൊടുക്കണമെന്ന് ഈ ബിൽ അനുശാസിക്കുന്നുണ്ട്. അങ്ങനെ വേജസ് മുതലായതു് നിർണ്ണയിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല, യാതൊരു കാരണവും കൂടാതെ ഹോട്ടലിലോ ഷാപ്പിലോ ജോലിചെയ്യുന്ന ജോലിക്കാരെ ഡിസ്മീസ് ചെയ്യാനും സസ്പെൻറ് ചെയ്യാനും ഉള്ള അധികാരം ഉടമസ്ഥന്മാർക്കുണ്ടായിരിക്കുന്നതല്ല. അങ്ങനെ ചെയ്യണമെങ്കിൽ ഏതു കാരണത്താലാണ് ആ തൊഴിലാളിയെ പിരിച്ചുവിടുന്നുവെന്നും മററുമുള്ളതു് വിവരമായി കാണിച്ച് ഒരു നോട്ടീസും നേരത്തെ കൊടുത്തിരിക്കേണ്ടതാണ്. അങ്ങനെ ഈ വക തൊഴിലാളികളെ സംബന്ധിക്കുന്നതും അവരുടെ അവകാശങ്ങളെ സംരക്ഷിക്കുന്നതുമായ വ്യവസ്ഥകളുള്ള ഒരു ബില്ലാണ് ഇപ്പോൾ ബഹുമാനപ്പെട്ട സഭയുടെ മുമ്പാകെ ഹാജരാക്കുന്നതു്. ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ അതിലംഘിക്കുന്നവർക്ക് നല്ല ശിക്ഷികൾ കൊടുക്കുന്നതിനുള്ള വ്യവസ്ഥകളും ഇതിലുണ്ട്. ആദ്യമായി ലംഘിക്കുന്നവർക്ക് ൨൫ രൂപയും രണ്ടാമതായി ലംഘിക്കുന്ന ഷാപ്പുടമസ്ഥനോ ഹോട്ടലുടമസ്ഥനോ ൨൫൦ രൂപയുമാണ് ശിക്ഷ വിധിച്ചിട്ടുള്ളതു്.

ഈ സഭയിലെ അംഗങ്ങൾ ആവശ്യപ്പെടുന്നപക്ഷം ഈ ബില്ലിൽ എന്തെങ്കിലും വ്യത്യാസം വരുത്തുന്നതിൽ എനിക്കു യാതൊരു വിരോധവും ഇല്ല. ഏതായാലും ഈ മാതിരിയുള്ള ഒരു ബില്ലിൻെറ ആവശ്യം തിരുവിതാംകൂറിലും ഉണ്ടെന്നു കാണിച്ച് വളരെക്കാലമായി പല നിവേദനങ്ങളും ഗവർമ്മെൻറിന് കിട്ടിയിട്ടുണ്ടെന്നും, ആ നിവേദനങ്ങളെ അ

ടിസ്ഥാനമാക്കിയാണ്" ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളതെന്നും ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് ഈ ബിൽ ഈ നിയമസഭയിൽതന്നെ പാസാക്കി നിയമമാക്കണമെന്നാണ് ഗവമ്മെൻറ് ഉദ്ദേശിക്കുന്നത്. അതിലേക്ക് എല്ലാവരും സഹായിക്കണമെന്ന് വളരെ വിനയപൂർവ്വം അപേക്ഷിക്കുന്നു.

At this stage, Mr. Speaker vacated the chair which was then occupied by the Deputy Speaker (The Hon'ble Sri. K. Kochukuttan)

ശ്രീ. കെ. രാമകൃഷ്ണപിള്ള: സർ, ഈ ബില്ലിൻെറ പ്രയോക്താവ് ഈ സഭയിലെ അംഗങ്ങൾ ആഗ്രഹിച്ചവിധം ഏററവും അടിയന്തിരമായ ഒരു ആവശ്യനിർവ്വഹണത്തിനുവേണ്ടിയാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ആലപ്പുഴ മുതലായ പ്രധാന കച്ചവടകേന്ദ്രങ്ങളിൽ ഫാക്ടറി ജോലിക്കാർക്ക് സംഘടിക്കാനും അവരുടെ കൂലി മുതലായ്ക്കു സുരക്ഷിതമാക്കിത്തീർക്കുന്നതിനുള്ള വ്യവസ്ഥകൾ ഈ നിയമസഭയിൽതന്നെ ഉണ്ടായിട്ടുണ്ട്. ഞാൻ ഒരു പ്രത്യേക പട്ടണത്തെ കുറിച്ച് പറയുകയാണ്. അതേ അവസരത്തിൽ വളരെ വളരെ തൊഴിലാളികളുള്ള ഒരു പട്ടണത്തിലെ ഒരു വിഭാഗത്തിൻെറ ജീവിതാവശ്യങ്ങൾക്ക് വേണ്ട എല്ലാ കാര്യങ്ങളും സുരക്ഷിതമായിരിക്കെ അതുപോലെ വമ്പിച്ച ജനസംഖ്യയുള്ള മറെറാരു വിഭാഗം അരക്ഷിതാവസ്ഥയിലാണ് കഴിയുന്നത്. ആ അരക്ഷിതാവസ്ഥ ഒരിക്കലും ഉണ്ടാകാത്തവിധത്തിലാണ് ഈ ബിൽ സംവിധാനം ചെയ്യപ്പെട്ടിട്ടുള്ളത്. കമേഴ്സിയൽ എസ്റ്റാബ്ലിഷുമെൻറിന് യാതൊരു രക്ഷയുമില്ലാതാണിരിക്കുന്നത്. ബില്ലിൻെറ പ്രയോക്താവ് സൂചിപ്പിച്ചതുപോലെ എത്രനേരം വേണമെങ്കിലും അവരെക്കൊണ്ട് ജോലി ചെയ്യിപ്പിക്കാമെന്നുള്ള ഒരു അനിയന്ത്രിതമായ വ്യവസ്ഥയാണ് നിലവിലിരിക്കുന്നത്. ഈ ബിൽ പാസാകുന്നതോടുകൂടി ഇത്ര മണിക്കൂർമാത്രം ജോലി ചെയ്താൽ മതിയെന്നുള്ള ഒരു ക്ലിപ്തമായ നില അവർക്ക് വരും. കമേഴ്സ്യൻ എസ്റ്റാബ്ലിഷുമെൻറിലും ലേബറിലും ഉൾപ്പെടാത്ത ഒരു വിഭാഗം ആളുകൾകൂടി ഉണ്ട്. അതായത് സ്റ്റാഫ് അംഗങ്ങൾ ആഴപ്പുഴ സ്റ്റാഫ് അസോസേഷനിൽ ആയിരത്തോളം അംഗങ്ങൾ ഉണ്ട്. ആ സംഘടനയിലെ അംഗങ്ങൾക്ക് അവിടുത്തെ മുതലാളികളുടെ ഇഷ്ടാനുസരണമുള്ള ഒരു നിയമംതന്നെ ഉണ്ടാക്കേണ്ടിവന്നു. ഇങ്ങനെയുള്ള എല്ലാ അവശതകൾക്കും പരിഹാരം ഉണ്ടാക്കത്തക്കവിധത്തിൽ, അതായത് വാണിജ്യസ്ഥാപനങ്ങൾക്കും, കടകൾക്കും, റെസ്റ്റാറൻറുകൾക്കും, ആരോഗ്യപരമായ ഒരന്തരീക്ഷം ഉണ്ടാക്കിത്തീർക്കുന്നതിന് ആവശ്യമായ ഈ ബിൽ പ്രയോക്താവ് ആവശ്യപ്പെട്ടതുപോലെ ഈ നിയമസഭയിൽ തന്നെ നിയമം ആക്കിത്തീർക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. യാതൊരു കാരണവശാലും ഈ ബിൽ നീട്ടിക്കൊണ്ടുപോകരുത്. ഇതിനു മുമ്പേതന്നെ ഈ ബിൽ അവതരിപ്പിക്കുന്നതിന് ഉള്ള ചുററുപാടുകൾ ഉണ്ടായിരുന്നു. ചില പ്രത്യേക പരിതസ്ഥിതികളാൽ അത് സാദ്ധ്യമാകാതെവന്നതാണ്. അരക്ഷിതാവസ്ഥതിലിരിക്കുന്ന അനേകം ആളുകളോട് നാം ചെയ്ത തീർക്കുവാനുള്ള ഒരു കടമയാണ് ഈ ബിൽ നിയമം ആക്കുന്നതുകൊണ്ട് നിർവ്വഹിക്കുന്നതെന്നുള്ള വസ്തുത എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളേയും അനുസ്മരിപ്പിച്ചുകൊണ്ട് ഈ ബില്ലിനെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. പി. കെ. ഡീവർ: സർ, ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. മി. രാമകൃഷ്ണപിള്ള പറഞ്ഞതുപോലെ വളരെ മുമ്പുതന്നെ വരേണ്ടിയിരുന്ന ഒരു നിയമമാണിത്, ൧൯൫൪ തുലാമാസം ൭-ാംനു- ആണ് കൊച്ചിനിയമസഭയിൽ പാസ്സായ Shops and Establishment ബില്ലിന് രാജകീയാനുമതി ലഭിച്ചത്. അതുകഴിഞ്ഞു വളരെ നാൾ കഴിഞ്ഞാണ് ഇൻഡിഗ്രേഷൻ വന്നത്. അതിനിടക്കുതന്നെ ആ നിയമം അവിടെ നടപ്പിലാക്കാമായിരുന്നു. പക്ഷെ ഗവമ്മെണ്ടു എന്തുകൊണ്ടോ, ആ നിയമം നടപ്പാക്കിയില്ല. അതിനെപ്പററി ഞാൻ കൊച്ചിനിയമസഭയിൽ ചില ചോദ്യങ്ങൾ ചോദിച്ചപ്പോൾ വൃക്കകൾ തയ്യാറായിട്ടില്ലെന്നാണ് മറുപടി ലഭിച്ചത്. ഇന്ന് ഞാൻ അതു എടുത്തു പറയുന്നത് അപ്രകാരം മേലാൽ സംഭവിക്കരുതെന്നു കരുതിയാണ്. ബോമ്പെയിലും, മദ്രാസിലും മറെറ പട്ടണങ്ങളിലും ഈ നിയമം നടപ്പിൽ വന്നിട്ട് വളരെ കൊല്ലങ്ങളായിട്ടുണ്ട്. ഇന്ന് ഇവിടെ നമ്മുടെ മുമ്പിൽ ആലോചനക്ക് കൊണ്ടുവന്നിരിക്കുന്ന ബിൽ മദ്രാസ് നിയമത്തിൻെറ ഒരു ശരി പകർപ്പുമാത്രമാണ്. കൊച്ചിയിൽ പാസ്സായിട്ടുള്ളതും ഇതുതന്നെയാണ്. അതുകൊണ്ട് ഇതു സെലക്ററു കമ്മിററിക്കയക്കാതെതന്നെ പാസ്സാക്കാവുന്നതാണെന്നാണ് എനിക്കു പറയുവാനുള്ളത്. ആക്കും ഇതിനെപ്പററി വലിയ അഭിപ്രായവ്യത്യാസമുണ്ടാകാൻ ഇടയില്ല. ഇതിലും വളരെ പുരോഗമനപരമായ ഒരു നിയമം ഉണ്ടാക്കാമെന്നു ഞാൻ സമ്മതിക്കുന്നു എങ്കിലും ഈ ബിൽ ഇന്നത്തെ പരിതസ്ഥിതിവെച്ചുകൊണ്ടുനോക്കുമ്പോൾ

[Sri. P. K. Dewer]

യാതൊരു വിധമായ നിയത്തിന്റേയും രക്ഷയില്ലാതിരുന്ന ഒരു തൊഴിലാളി വിഭാഗത്തിനു സാമാന്യമായ രക്ഷാവ്യവസ്ഥകൾ നൽകുന്നുണ്ടെന്നുള്ളതു് വളരെ ചാരിതാർത്ഥ്യജനകമായുള്ള ഒരു കാര്യമാണു്. ഫാക്ടറി ആക്ടിൽ ഇല്ലാത്ത ചില വ്യവസ്ഥകൾകൂടി ഈ ബില്ലിൽ ഉണ്ടെന്നുള്ള കാര്യം ഞാൻ വളരെ സന്തോഷത്തോടുകൂടി സ്മരിക്കുന്നുണ്ടു്. ഫാക്ടറി ആക്ടിന്റെ പരിധിയിൽ പെടുന്ന തൊഴിലാളികൾക്കു് ശമ്പളത്തോടുകൂടി കാഷ്വൽ ലീവു് കൊടുക്കുന്നതിനുള്ള വ്യവസ്ഥയില്ല. ഈ ബില്ലിൽ ൧൨ ദിവസം കാഷ്വൽ ലീവു കൊടുക്കുന്നതിനുള്ള വ്യവസ്ഥയുണ്ടു്. അതുപോലെതന്നെ ൧൨ ദിവസത്തേക്കു് ആരോഗ്യപരമായ കാരണത്താൽ മുഴുവൻ ശമ്പളത്തോടുകൂടി അവുധി കൊടുക്കുന്നതിനുള്ള വ്യവസ്ഥയും ഇതിലുണ്ടു്. അതും ഫാക്ടറി നിയമത്തിൽപ്പെടുന്ന തൊഴിലാളികൾക്കു് അനുവദിച്ചിട്ടുള്ളതല്ല. അതുപോലെതന്നെ ഒരു കൊല്ലം പണിയെടുത്തുകഴിഞ്ഞാൽ ഒരാളിനു് ൧൨ ദിവസത്തെ ശമ്പളത്തോടുകൂടിയുള്ള അവുധി കൊടുക്കണമെന്നും വ്യവസ്ഥയുണ്ടു്. അതു് ൨൪ ദിവസം വരെ accumulate ചെയ്യാനുള്ള വ്യവസ്ഥയും ഉണ്ടു്. ഈ ബിൽ ചില സ്ഥാപനങ്ങളെ ബാധിക്കുകയില്ലെന്നു് പറഞ്ഞിരിക്കുന്നു. ഈ സംഗതിയിൽ അഭിപ്രായവ്യത്യാസം ഉണ്ടാകാൻ കാരണമുണ്ടു്. Residential ഹോട്ടലുകൾ, വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുകൾ, ആശുപത്രികൾ മുതലായ ചില സ്ഥാപനങ്ങളെയാണു് ഈ ബില്ലിൽനിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നതു്. ഇവിടെ ഒരു സംശയം വരാം. റെസിഡൻഷ്യൽ ഹോട്ടലുകളിലെ ജീവനക്കാരെ ഇതിൽനിന്നും ഒഴിവാക്കുന്നപക്ഷം ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ പറഞ്ഞതുപോലെ അവക്കു് രാവിലെ അഞ്ചുമണിമുതൽ രാത്രി ഒരു മണിവരെ പണിയെടുക്കേണ്ടി വരുകയില്ലെ എന്ന ഒരു ചോദ്യത്തിനവകാശമുണ്ടു്. ഇതേ നിയമംതന്നെ പാസ്സായിരിക്കുന്ന മദ്രാസിലാണെങ്കിൽ ഇതുമാതിരി സ്ഥാപനങ്ങൾ വ്യ മണിക്കൂർ മാത്രമേ തുറന്നുവയ്ക്കാൻ പാടുള്ളു എന്നു അവിടെ റൂളുകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ആ വ്യവസ്ഥകളെല്ലാം ഇവിടെ ഉണ്ടാക്കുന്ന റൂളുകളിലും ചേർത്താൽ കുറെയെല്ലാം ആശ്വാസം ഉണ്ടാകാൻ ഇടയുണ്ടു്. ഏതുപ്രകാരത്തിലെങ്കിലും ഇതു നീട്ടിക്കൊണ്ടുപോകരുതെന്നു് എനിക്കു പ്രത്യേകമായി ഒരു അപേക്ഷയുണ്ടു്. എത്രയോ കൊല്ലം മുൻപു വരേണ്ടതായ ഒരു നിയമമാണു് ഇതു്. ബോംബെയിലും, മദ്രാസിലും ഈ നിയമമുണ്ടായിട്ടു് വളരെക്കാലമായി. ൪ കൊല്ലത്തിനുമുൻപ് കൊച്ചിയിൽ ഒരു അനുഭാവിസ്ഥമെമ്പർ ഈ ബിൽ അവതരിപ്പിച്ചതാണു്. അദ്ദേഹത്തിന്റെ കാലം കഴിയുന്നതിനുമുൻപു് ബിൽ നിയമമാകാതിരുന്നതുകൊണ്ടു് പിന്നീടു ഞാൻ ആ ബിൽ നിയമസഭയിൽ അവതരിപ്പിച്ചു. അതിനുശേഷം വേറൊരു സ്നേഹിതൻ സിലോണിലെ Shops and Establishment ബില്ലിനെ അനുകരിച്ചു് വേറൊരു ബില്ലും അവതരിപ്പിക്കുകയുണ്ടായി. സിലോണിലെ ബിൽ അനുസരിച്ചു് പ്രവിവർഷം ഒരു മാസത്തെ അവുധി അവക്കു് കിട്ടാൻ അവകാശമുണ്ടു്. മററു ചില കാര്യങ്ങളിലും കുറെക്കൂടി വിശാലമായ തോതിൽ അവകാശം അവക്കു അനുവദിച്ചിട്ടുണ്ടു്. പക്ഷെ ഇൻഡ്യയിലെ തൊഴിലാളി നിയമങ്ങൾ എല്ലാം ഒരുപോലെ ആയിരിക്കണമെന്നു് സെൻറൽ ഗവമ്മെണ്ടിനു് നിർബന്ധമുള്ളതുകൊണ്ടും അങ്ങനെ ഇരിക്കേണ്ടതു് ആവശ്യമായതുകൊണ്ടും ബോംബെയിലും, മദ്രാസ്സിലും ഉള്ളമാതിരിയുള്ള ബിൽ മതിയെന്നും സിലോൺ ബില്ലിന്റെ മാതൃകയിലുള്ളതു് തല്ക്കാലം വേണ്ടെന്നുമുള്ള ഒരു ഒത്തുതീർപ്പിൽ ഞങ്ങൾ എത്തുകയുണ്ടായി. അതുകൊണ്ടു് ഞാൻ പറയുന്നതു് ഇതു സെലക്ടു് കമ്മിററിക്കയക്കാതെ ആവശ്യമായ standnig order സസ്പെൻറു ചെയ്തു് ഈ സഭയിൽതന്നെ പാസ്സാക്കണമെന്നാണു്. നിയമസഭയിലെ അംഗങ്ങളോടു് അതിലേക്കു് സഹകരണം നൽകണമെന്നു് ഞാൻ അപേക്ഷിക്കുന്നു. ഇതു് പാസ്സായി കഴിഞ്ഞാൽ ഉടൻതന്നെ റൂളുകൾ ഉണ്ടാക്കി ഒരു മാസത്തിനകം നടപ്പിൽ വരുത്തണമെന്നാണു് എനിക്കു ഗവമ്മെണ്ടിനോടു് അഭ്യർത്ഥിക്കുവാനുള്ളതു്. തിരുവിതാംകൂറിലും കൊച്ചിയിലും Payment of Wages Act ഉണ്ടായിട്ടു് വളരെക്കാലമായി, ഇന്നും ആ നിയമം പ്രയോഗത്തിൽ വന്നു കഴിഞ്ഞിട്ടില്ല. Payment of Wages Act അനുസരിച്ചു് ചെയ്യേണ്ടതായ പ്രാഥമിക നടപടികൾപോലും ഗവമ്മെണ്ടു ചെയ്തിട്ടില്ലെന്നുള്ളതു് വളരെ പരിതാപകരമായ ഒരു വാസ്തവമാണു്. അതുകൊണ്ടു് ബിൽ ഈ സഭ പാസ്സാക്കിയതുകൊണ്ടു മാത്രം കാര്യമായില്ല. അങ്ങനെ നിയമങ്ങൾ പാസ്സാക്കി കേവലം നിയമപുസ്തകങ്ങൾക്കു് ഒരു അലങ്കാരമാക്കിവയ്ക്കാതെ അതുകൾ ഉടൻതന്നെ നടപ്പിൽ വരത്തക്കവണ്ണം ഉള്ള നടപടികൾ എടുക്കണമെന്നു് പറഞ്ഞുകൊണ്ടു് ഞാൻ ഈ ബില്ലിനെ പിൻതാങ്ങുന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ : ഈ ബില്ല് ഒരു സെലക്ട് കമ്മിററിക്കയക്കാതെ ഈ നിയമസഭയിൽതന്നെ നിയമമാക്കി നടപ്പിൽ വരുത്തണമെന്നു ഇവിടെ ചില ബഹുമാനപ്പെട്ട മെമ്പറന്മാക്ക് ആഗ്രഹമുള്ളതായികണ്ടു. എന്നാൽ യഥാർത്ഥത്തിൽ ഇതു തൊഴിലാളികൾക്ക് ഉപകാരപ്രദമാക്കണമെന്നു ആഗ്രഹമുണ്ടായിരുന്നുവെങ്കിൽ ഗവമ്മെണ്ടിന് ഇതിനെക്കാൾ നല്ല നിലയിൽ ഒരു ബില്ല കൊണ്ടുവരാമായിരുന്നു. വാസ്തവത്തിൽ തൊഴിലാളികളോടുള്ള സ്നേഹംകൊണ്ടാണ് ഈ ബില്ല സെലക്ട് കമ്മിററിക്കയക്കാതെ ഇപ്പോൾതന്നെ നിയമമാക്കണമെന്ന് ശ്രീ. പി. കെ. ഡീവർ പ്രസ്താവിച്ചിട്ടുള്ളത്. എന്റെ അഭിപ്രായത്തിൽ ഈ ബില്ല തൊഴിലാളികൾക്ക് ഉപകാരപ്രദമാകണമെന്നുണ്ടെങ്കിൽ ഇതിൽ പല മാററങ്ങളും വരുത്തേണ്ടതുണ്ട്. ഫൻസ്ഫ-ലെ ബോംബെ കോവപ്പറേററീവ് ആക്ടിലുള്ള വ്യവസ്ഥകളുമായി താരതമ്യപ്പെടുത്തിയാൽ ഈ ബില്ല അതിനു വളരെ പുറകിലാണ്. ബോംബെയിൽ നിയമം നടപ്പായി ൧ ൭ കൊല്ലം കഴിഞ്ഞതിനുശേഷം ഫൻസ്ഫ-ലെ ആ നിയമപ്രകാരം ബോംബെയിലെ തൊഴിലാളികൾക്ക് ലഭിച്ച സൌകര്യങ്ങളെല്ലാം തിരുവിതാംകൂറിലെ തൊഴിലാളികൾക്കും ലഭിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി കഴിഞ്ഞ നിയമസഭയിൽ ഞാൻതന്നെ ഒരു ബില്ല അവതരിപ്പിച്ചു. പക്ഷെ, എന്തോ കാരണവശാൽ ഞാൻ, ഹാജരാക്കിയ ബില്ല ഗവമ്മെണ്ടിനു ഉപദ്രവമാണെന്ന് തോന്നുകയാലോ മററോ പിന്നീടതു് വെളിയിൽ വന്നില്ല. എന്നാൽ ഇപ്പോഴെങ്കിലും അതുപോലെയുള്ള ഒരു ബില്ല ഗവമ്മെണ്ട കൊണ്ടുവന്നിട്ടുള്ള സ്ഥിതിക്ക് പ്രത്യേകിച്ചും ഗവമ്മെണ്ടിനെ ഞാൻ അഭിനന്ദിക്കുകയാണ് ചെയ്യുന്നു്. ഈ ബില്ല തൊഴിലാളികൾക്ക് ഉപകാരപ്രദമാകണമെന്നുണ്ടെങ്കിൽ ഇതിൽ പല മാററങ്ങളും വരുത്തി ചില ഭാഗങ്ങൾ എടുത്തുകളയേണ്ടതായിട്ടുണ്ട്. ഇതു് നിയമാക്കിയാലുടനെതന്നെ നടപ്പിലാക്കുവാൻ വേണ്ട ആവശ്യമുള്ള രൂപകൾ ഉണ്ടാക്കാതിരുന്നാൽ ഇതുകൊണ്ടുദ്ദേശിക്കുന്ന യാതൊരു പ്രയോജനവുമില്ലെന്നുതന്നെയല്ല ഇങ്ങിനെയൊരു ബില്ല കൊണ്ടുവരേണ്ട ആവശ്യവുമില്ല. എന്നാൽ ഈ ബില്ല സെലക്ട് കമ്മററിക്കയക്കാതെ ഈ സഭയിൽതന്നെ നിയമമാക്കണമെന്നു പറയുന്നതു് ശരിയല്ല. അതുകൊണ്ട് ഇതു ഒരു സെലക്ട് കമ്മററിയെ ഏൽപ്പിച്ചു ഇന്നു രാത്രിതന്നെ കമ്മററി മീററിംഗുകൂടി ആലോചിച്ചു വേണ്ട മാററങ്ങളെല്ലാം വരുത്തി നാളെ ഈ സഭയിൽ കൊണ്ടുവരികയാണെങ്കിൽ ഇതു എനിക്കു വളരെ സന്തോഷമാണ്. അതുകൊണ്ട് ഇതു ഉടനെ ഒരു സെലക്ട് കമ്മററിക്ക് അയച്ചു് ആവശ്യമായ മാററങ്ങൾ വരുത്തിയശേഷം നിയമമാക്കേണ്ടതാണെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. സി. വി. ഇയ്യു : ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷെ ഈ സഭയിൽവച്ചു് ഇന്നുതന്നെ ഇതു പാസ്സാക്കി രണ്ടാംവായനയും മൂന്നാംവായനയുമൊക്കെ കഴിച്ചു നിയമമാക്കണമെന്നുള്ള അഭിപ്രായത്തോടു് ഞാൻ യോജിക്കുന്നില്ല. നിവൃത്തിയുള്ളിടത്തോളം ബില്ല പ്രയോജനപ്രദമായിവരണമെങ്കിൽ തീർച്ചയായും ഇതു് ഒരു സെലക്ട് കമ്മററിക്കയക്കേണ്ടതാണ്. കൊച്ചിയിൽ ഇന്നു നിലവിലുള്ള ആക്ട് മദിരാശിയിലെ ആക്ടിനെ ആസ്പദമാക്കിയുള്ളതാണ്. ഒന്നാമതു് ഈ ബില്ലുതന്നെ ഞങ്ങൾക്കു നല്ലവണ്ണം വായിച്ചുനോക്കണം. ഇതിൽ വല്ല തെററുമുണ്ടെങ്കിൽ വക്കീലന്മാരല്ലാത്ത എന്നെപ്പോലുള്ളവക്ക് പെട്ടെന്നു മനസ്സിലാക്കാൻ വിഷമമുണ്ട്.

ശ്രീ. പൊന്നറ ജി. ശ്രീധർ : കൊച്ചിയിലുള്ള നിയമവും അത്ര പുരോഗമനപരമല്ല.

ശ്രീ. സി. വി. ഇയ്യു : തൊഴിലാളികൾക്ക് ഒരു നിയമം നടപ്പാക്കുമ്പോൾ അതു എല്ലാ സ്ഥലത്തും ഒന്നുപോലെ യോജിച്ചു നിലയിലായിരിക്കണം. അതുകൊണ്ട് കൊച്ചിയിലെ നിയമത്തിനു അനുയോജ്യമായ വിധത്തിലെങ്കിലുമുള്ള മാററങ്ങൾ വരുത്താതെ തരമില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ : ഒരുവിധം നല്ല നിലയിലുള്ള നിയമം ഉണ്ടാക്കാമെങ്കിൽ അതിനാണ് നോക്കേണ്ടതു്.

ശ്രീ. സി. വി. ഇയ്യു : അതാണ് ഞാൻ പറയുന്നതു്. അടുത്ത പ്രവിശ്യയായ മദിരാശിയിലെ നിയമംപോലെതന്നെ—തൊഴിലാളികൾക്ക് അനാവശ്യമായ വൈഷമ്യങ്ങൾക്ക് ഇടയില്ലാത്തതരത്തിലുള്ള—ഒരു നിയമമാണ് നമുക്കു വേണ്ടതു്. ഇതു് തൊഴിലാളികൾക്ക് ശരിയായ വിധത്തിൽ ബാധകമാക്കണമെന്നാഗ്രഹിക്കുന്നുണ്ടെങ്കിൽ ഒരു സെലക്ട് കമ്മററിക്കയക്കുകയും രണ്ടോ മൂന്നോ ദിവസത്തിനുള്ളിൽ റിപ്പോർട്ട് വരുത്തി ഈ സഭയിൽ തന്നെ ഇതിന്റെ രണ്ടാംവായനയും മൂന്നാംവായനയും സകല വായനയും കഴിക്കുകയും ചെ

[Sri. C. V. Iyyu]

ഗ്ലാവുന്നതാണ്. ഇങ്ങിനെയുള്ള കാര്യങ്ങളിൽ നമ്മുടെ അടുത്തുകിടക്കുന്ന പ്രവിശ്യയേക്കാൾ യാതൊരു കാരണവശാലും നാം പിന്നിലായിരിക്കരുത്, എന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. കഴിയുന്നതും കുറെ മുമ്പിലായാൽ നല്ലതാണ്. ഇതു് പ്രായോഗികമാക്കാവുന്ന ഒരു ബില്ലായതുകൊണ്ടു് നിയമമാക്കുന്നതോടെപ്പം നടപ്പിൽ വരുത്തേണ്ടതിനു ആവശ്യമായ രൂളുകൾ ഉണ്ടാക്കുക, ആ രൂളുകൾ മെമ്പറന്മാരുടെ അറിവിനായി മേശപ്പുറത്തുവച്ചു് അവയെ സംബന്ധിച്ചു് ഈ സഭയിലെ മെമ്പറന്മാർക്കു് അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ ഉപക്ഷേപംമൂലമോ മററോ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഉള്ള സൗകര്യങ്ങൾകൂടി ഉണ്ടാക്കിത്തരിക ഇതാണ് ചെയ്യേണ്ടതു്. ഇത്രയും പറഞ്ഞുകൊണ്ടു് ഞാനിബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. പി. പാക്കൊ: ബഹുമാനപ്പെട്ട പ്രധാനമന്ത്രി അവതരിപ്പിച്ച ബില്ലിനെ അനുകൂലിച്ചു് ചില കാര്യങ്ങൾ പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ജനകീയഭരണം ഉടലെടുത്തതിനുശേഷം തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി ഒന്നിലധികം ബില്ലുകൾ ഈ സഭയിൽ പാസ്സാക്കിയിട്ടുണ്ടു്. ഫാക്ടറിയിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി ഫാക്ടറി ആക്ടും തോട്ടങ്ങളിലും മററും ജോലി ചെയ്യുന്ന തൊഴിലാളികളുടെ രക്ഷക്കായി കുടിയിറക്കുന്ന നിരോധന ബില്ലും ഇവയിൽ പ്രാധാന്യം അർഹിക്കുന്നുണ്ടു്. ആ രണ്ടു ബില്ലുകളേപ്പോലെതന്നെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലും. കഴിഞ്ഞ നിയമസഭയിൽ പാസാക്കിയതായ മേൽപറഞ്ഞ രണ്ടു ബില്ലുകളും തൊഴിലാളികളെ സംബന്ധിച്ചിടത്തോളം എത്രമാത്രം പ്രയോജനകരമായിട്ടുണ്ടെന്നുള്ളതു് ഈ അവസരത്തിൽ ചിന്തനീയമായിട്ടാണിരിക്കുന്നതു്. വ്യവസായശാലകളിൽ പണിയെടുക്കുന്ന തൊഴിലാളികളെ മുതലാളിമാർ യാതൊരു കാരണവുംകൂടാതെ പിരിച്ചുവിടുമ്പോൾ ആ സ്ഥലത്തുതന്നെ അവരെ പ്രവേശിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ ഗവൺമെണ്ടു് സ്വീകരിച്ചിട്ടുണ്ടെന്നു ഞാൻ ചോദിക്കുന്നു. ഇതുപോലതന്നെ തിരുവിതാംകൂറിൽ കുടിയിറക്കു നിരോധന ബില്ല് പാസായതിനുശേഷം മുതലാളിമാർ തിവച്ചും മററുപ്രകാരത്തിലും സാധുക്കളുടെ എത്ര ഭവനങ്ങളാണ് നശിപ്പിച്ചിട്ടുള്ളതു്? ഗവൺമെണ്ടിലേക്ക് അതിനെപ്പററി പല നിവേദനങ്ങളും സമർപ്പിച്ചിട്ടും എത്രപേർക്ക് ഭവനം വച്ചുകൊടുത്തു എന്നു ഞാൻ ചോദിക്കുന്നു. ഇക്കാര്യത്തെപ്പററി പോലീസ് മേധാവികളുമായി സംസാരിച്ചപ്പോൾ അങ്ങിനെ ഭവനം വച്ചുകൊടുക്കാൻ അവർക്ക് അധികാരമില്ലയെന്ന് പറയുകയുണ്ടായി. മററു അധികാരികളും ഈ കാര്യത്തിൽ യാതൊരു താല്പര്യവും പ്രദർശിപ്പിക്കാതിരുന്നതായിട്ടാണ് കാണുന്നതു്. ഈ സംഗതി പ്രധാനമന്ത്രി തുടങ്ങിയ ബഹുമാനപ്പെട്ട മന്ത്രിമാരെ അറിയിച്ചതിലും അവരും ഇതുവരെ മൗനം ദീക്ഷിക്കുന്നതായിട്ടാണ് അനുഭവപ്പെട്ടിട്ടുള്ളതു്. പ്രായോഗികമായി പ്രവർത്തനത്തിൽ വരുത്താതെ ഇങ്ങിനെ ബില്ലുകൾ മാത്രം ഇവിടെ അവതരിപ്പിച്ചു പാസ്സാക്കുന്നതുകൊണ്ടു് യാതൊരു പ്രയോജനവുമില്ലെന്നാണ് എനിക്കു പറയുവാനുള്ളതു്. ബിൽ അവതരിപ്പിക്കുന്ന ആളുകൾതന്നെ ബില്ലിലെ വ്യവസ്ഥകൾ ശരിയായി പരിപാലിക്കുവാൻകൂടി നിഷ്കർഷിക്കുന്നില്ലെങ്കിൽ ഇങ്ങനെ കുറെ ബില്ലുകൾ ഇവിടെ അവതരിപ്പിച്ചു സാധുക്കളെ വ്യാമോഹിപ്പിക്കാമെന്നല്ലാതെ അതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. കഴിഞ്ഞ നിയമസഭയിൽ അടിയന്തിരമായി ഒന്നും രണ്ടും മൂന്നും വായനകൾ നടത്തി പാസ്സാക്കിയ മേൽവിവരിച്ച ബില്ലുകൾകൊണ്ടു് പാവപ്പെട്ടവർക്ക് ഇതുവരെ ഒരു പ്രയോജനവും ഇല്ലാതെയാണ് വന്നിരിക്കുന്നതു്. ഇങ്ങിനെ ബില്ലുകൾ പാസ്സാക്കിയാൽ അതു് നിയമമായി നടപ്പിലാക്കുന്നതിന് സുശക്തവും ധൈര്യവുമുള്ള ഫസ്റ്റുകൾ ഉണ്ടാകുന്നില്ലെങ്കിൽ അതുകൊണ്ടു് യാതൊരു പ്രയോജനവുമില്ലെന്ന് ഞാൻഗവൺമെണ്ടിനെ അറിയിച്ചുകൊള്ളുന്നു.

അതുപോലെതന്നെ തൊഴിലാളികളുടെ രക്ഷക്കുവേണ്ടിയുള്ള നിയമങ്ങൾ നടപ്പിലായശേഷവും അതു പ്രവൃത്തിപഥത്തിൽ വരുത്തുമ്പോൾ പ്രത്യേകിച്ചു് പോലീസ് അധികാരികൾ സാധുസംരക്ഷണക്കായുള്ള പ്രവൃത്തികളിൽ പ്രത്യേകിച്ചും ശരിയായി ശ്രദ്ധിക്കേണ്ടതും നിയമത്തിനു് വിരോധമായി പ്രവൃത്തിക്കുന്ന ആളുകളെ മാതൃകാപരമായ വിധത്തിൽ ശിക്ഷിക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതുമാണ്. അങ്ങിനെ ചെയ്യില്ലെങ്കിൽ ഈ മാതിരി ബില്ലുകളുടെ അവതരണംകൊണ്ടുമാത്രം പ്രയോജനമൊന്നുമുണ്ടാകയില്ല. ഈ സഭയിൽ അവതരിപ്പിക്കുന്ന ബില്ലുകൾ ശരിയായവിധം നടപ്പിലാക്കുന്നതിനു് ഗവൺമെണ്ടിനു സാധിക്കുന്നില്ലെങ്കിൽ ഇങ്ങനെയുള്ള ബില്ലുകൾ അവതരിപ്പിച്ചു് സാധുക്കളെ ഉപദ്രവിപ്പിക്കരുതേ,

എന്നു ഞാൻ വീണ്ടും വീണ്ടും അപേക്ഷിച്ചുകൊള്ളുന്നു. ഈ ബില്ലിലെ തത്വങ്ങൾ മതിയായവയാണ്; സുരക്ഷിതവുമാണ്. ഷാപ്പുകളിൽ പണിയെടുക്കുന്ന ആളുകളെ ബാധിക്കുന്ന ഈ ബില്ലിലെ തത്വങ്ങൾ ശരിയായി പാലിക്കുന്നതിനാവശ്യമായ നടപടികൾ എടുക്കുന്നില്ലെങ്കിൽ ഈ ബില്ലുകൊണ്ടും യാതൊരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ല. അതുകൊണ്ട് എനിക്കു പറയുവാനുള്ളത് ശ്രീ. ഡീവർ പറഞ്ഞതുപോലെ ഈ ബില്ലിന്റെ ഒന്നും രണ്ടും മൂന്നും വായനകൾ ഈ സഭയിൽതന്നെ നടത്തി പാസ്സാക്കണമെന്നാണ്. ഈ ബില്ലിലെ വ്യവസ്ഥകൾ ശരിയായി പരിപാലിക്കുന്നതിനും ഈ ബില്ലിലെ വ്യവസ്ഥകൾക്ക് വിപരീതമായി പ്രവൃത്തിക്കുന്നവരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനുമുള്ള വ്യവസ്ഥകൾകൂടി ഇതിൽ ഉൾക്കൊള്ളിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിനോട് അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഇനിയും ഒരു സംഗതികൂടെ ഈ സഭയെ അറിയിക്കണമെന്നാഗ്രഹിക്കുന്നു. കഴിഞ്ഞ നിയമസഭയിൽ പാസ്സാക്കിയ കുടിയിറക്കു നിരോധന ബില്ല് കഴിഞ്ഞ മീനമാസം ൧-൦ംനു മുതൽ കന്നിമാസം ൧-൦ംനു-വരെ നിലവിലിരുന്നു. വീണ്ടും ഒരു ആറുമാസത്തേക്കുകൂടി ഇപ്പോൾ നീട്ടിയിരിക്കുന്നു. ഈ കാലത്തിനുള്ളിൽ സകല കുടികിടപ്പുകാരും അവരുടെ പേരുകൾ രജിസ്റ്റർ ചെയ്യണമെന്നാണ് വ്യവസ്ഥ. ഗവൺമെണ്ടു ഗസററിൽ പറഞ്ഞിരിക്കുന്നതുപോലെയുള്ള കുടികിടപ്പു രജിസ്റ്റർ ഫാറം പകർത്തി പകുതി കച്ചേരിയിൽ കൊണ്ടുചെന്നാൽ അവർ സ്വീകരിക്കുന്നില്ല, കാരണം കുടികിടക്കുന്ന സ്ഥലത്തെ സർവ്വെ നമ്പർകൂടി കാണിക്കണമെന്നു വ്യവസ്ഥയുണ്ട്. യാതൊരു പാർവ്വത്യകാരന്മാരും സർവ്വെനമ്പർ ചോദിച്ചാൽ പറഞ്ഞുകൊടുക്കുന്നില്ല. സർവ്വെ നമ്പർ ഇല്ലാതെ ഫാറം എഴുതി അയച്ചാൽ ഗവൺമെണ്ട് അതു് സ്വീകരിക്കുകയുമില്ല.

ശ്രീ. കെ. കരുണാകരൻ: ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബില്ലും കുടിയിറക്കു ബില്ലുമായി എന്താണു ബന്ധം?

ശ്രീ. പി. ചാക്കൊ: അവ തമ്മിൽ വളരെ ബന്ധമുണ്ട്. ഇതിൽ കാണുന്ന ന്യൂനതകൾ പരിഹരിക്കുന്നതിന് സെലക്ട് കമ്മററിക്കയച്ചാലും ഇല്ലെങ്കിലും തൊഴിലാളികൾക്കുപയോഗപ്രദമായ നിലയിൽ ആവശ്യമായ വ്യത്യാസങ്ങൾ വരുത്തി ഇതു ഉടനെ നിയമമാക്കണമെന്നു ഞാൻ ഗവൺമെണ്ടിനോടഭ്യർത്ഥിക്കുകയും അങ്ങിനെ തൊഴിലാളികൾക്ക് പരിപൂർണ്ണമായും പ്രയോജനകരമായവിധം പ്രയോഗത്തിൽ വരുത്തുവാൻ ഗവൺമെണ്ട് ശ്രദ്ധിക്കുമെന്നാഗ്രഹിക്കുകയും വിശ്വസിക്കുകയും ചെയ്തുകൊണ്ട് ഞാൻ ഈ ബില്ലിനെ ബലമായി അനുകൂലിക്കുന്നു.

ശ്രീ. കെ. കരുണാകരൻ: ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു. നിയമപുസ്തകത്തിൽ ഒരെണ്ണം കൂട്ടുവാൻ മാത്രം നിയമങ്ങളുണ്ടാക്കിയാൽ പോരെന്നും ഈ ബില്ല് ഉടനെ നിയമമാക്കി നടപ്പിൽ വരുത്തണമെന്ന ഞാൻ ആദ്യമായി ഗവൺമെണ്ടിനോടു അഭ്യർത്ഥിക്കുന്നു. ഈ ബില്ലിനെ സംബന്ധിച്ചു ഇവിടെ ചില മെമ്പറന്മാർ പറഞ്ഞ അഭിപ്രായം തന്നെയാണ് എനിക്കും പറയുവാനുള്ളത്. കൊച്ചിയിലെ തൊഴിലാളികളുടെ അവശതകളെ ഇല്ലാതാക്കുവാനായി ഒരു നിയമമുണ്ടായിട്ടുപോലും ഇതുവരെ അവിടെ അതു നടപ്പിൽ വന്നിട്ടില്ല. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ശരിയായ ഒരു നിയമം നടപ്പിൽ വരുത്തിയില്ലെങ്കിൽ വാസ്തവത്തിൽ അവരനുഭവിക്കുന്ന കഷ്ടപ്പാടുകൾക്കും ബുദ്ധിമുട്ടുകൾക്കും ഒരു ശമനമുണ്ടാകുവാൻ മാർഗ്ഗമില്ല. ഇന്ന് പീടിക തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരനുഭവിച്ചുവരുന്ന ദുരിതങ്ങൾ നോക്കിയാൽ അനുദിനം അതു് വർദ്ധിച്ചുകൊണ്ടാണിരിക്കുന്നതെന്നു മനസ്സിലാകും. തൊഴിലാളികൾ അവരുടെ അവകാശങ്ങൾക്കുവേണ്ടി വാദിക്കാൻ സംഘടിച്ചു മുന്നോട്ടു വരുമ്പോൾ അതിനു യോജിച്ചതരത്തിൽ ലേബർ ഡിപ്പാർട്ടുമെണ്ടിൽ നിയമമില്ലാത്ത കാരണംകൊണ്ട് അവരുടെ അവകാശങ്ങൾ സ്ഥാപിച്ചു കിട്ടുവാൻ നിവൃത്തിയില്ലാതാണിരിക്കുന്നതു്. അതുകൊണ്ട് ഞാൻ പറയുന്നതു് ഈ ബില്ലിൽ വല്ല ന്യൂനതകളുണ്ടെങ്കിൽതന്നെയും ഇതു് ഒരു പരിപൂർണ്ണമായ ബില്ലല്ലെങ്കിൽകൂടി കഴിയുന്ന വേഗത്തിൽ നിയമമാക്കിതീർക്കണമെന്നാണ്. ഈ ബിൽ മദിരാശി നിയമത്തിന്റെ ഒരു തനി പകർപ്പാണ്. അതുകൊണ്ട് വലിയ വിഷമങ്ങളൊന്നും ഇതു മൂലമുണ്ടാകയില്ല. ആ സ്ഥിതിക്കു ഈ ബില്ല് കഴിയുന്നതും വേഗത്തിൽ—ശ്രീ. ഡീവർ പറഞ്ഞ മാതിരി സെലക്ട് കമ്മിററിക്കു അയച്ച് റിപ്പോർട്ടുകിട്ടുവാൻ കാത്തിരിക്കാതെ—നിയമമാക്കി പ്രയോഗത്തിൽ വരുത്തുവാനുള്ള നടപടികളെടുക്കണമെന്നു ഞാൻ ഗവൺമെണ്ടിനോടപേക്ഷിക്കുന്നു. ഇന്ന് തൊഴിലാളികൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതം എത്ര

[Sri. K. Karunakaran]

യാണെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസമാണ്. ബഹു. പ്രധാനമന്ത്രി ഈ ബില്ല് അവതരിപ്പിച്ചുകൊണ്ട് പ്രസ്താവിച്ചതുപോലെ ഇവിടെ പീടിക തൊഴിലാളികൾക്ക് ജോലിചെയ്യുന്നതിനു ഇത്ര സമയമെന്നൊരു പ്രത്യേക വ്യവസ്ഥയില്ല. ഗ്രാമങ്ങളിൽനിന്നും പട്ടണങ്ങളിലേക്ക് സാധാരണയായി കാലത്തു ൭ മണിക്കു ജോലിക്കുപോകുന്ന ഒരു പീടിക തൊഴിലാളി രാത്രി പതിനൊന്നോ ചിലപ്പോൾ പന്ത്രണ്ടോ മണിക്കാണ് ജോലി കഴിഞ്ഞു മടങ്ങുന്നത്. അതുകൊണ്ട് അങ്ങിനെയുള്ളവരുടെ പരിരക്ഷക്കുകൂടി ഈ നിയമം ആവശ്യമാണ്. അതുകൊണ്ട് ഇത് ഉടനെതന്നെ നിയമമാക്കി നടപ്പിൽ വരുത്തുവാനുള്ള നടപടികൾ എടുക്കണമെന്നാണ് ഞാൻ ഗവൺമെണ്ടിനോടപേക്ഷിക്കുന്നത്.

നിയമമുണ്ടായിരുന്നാൽപോലും ചിലപ്പോൾ മുതലാളിമാർ തൊഴിലാളികളെ കഷ്ടത്തക്ക വിധേയരാക്കാറുണ്ട്. അവരുടെ വിഷമങ്ങൾക്ക് നിവാരണമുണ്ടാക്കുവാൻ തക്ക നിയമങ്ങളില്ലാത്തതുകൊണ്ട് ഈ ബില്ലിൽ കാണുന്ന കുറവുകളും കുറവുകളും പരിഹരിച്ചു നിയമമാക്കിയാൽ അവക്കു അതു വലിയ ഒരു രക്ഷയായിരിക്കുമെന്നു ഗവൺമെണ്ടിനോടഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബില്ലിനെ പിൻതാങ്ങുന്നു.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: സർ, ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ബില്ലിൽ കൊള്ളിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ നടത്തിപ്പിനെ സംബന്ധിച്ചും ഈ സ്ഥാപനങ്ങളിൽ തൊഴിൽചെയ്യുന്ന ആളുകളെ സംബന്ധിച്ചും നിയമം ഉണ്ടാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്നാണ് എന്റെ അഭിപ്രായം. ഇങ്ങനെയുള്ള സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ആളുകൾക്കു ശമ്പളം കൊടുക്കുന്ന ഗഡുവു സംബന്ധിച്ചു സ്ഥാപനം നടത്തുന്ന ആളുകളുമായി അഭിപ്രായവ്യത്യാസം ഉണ്ടാകാറുണ്ട്. ജോലിചെയ്യുന്ന ആളുകൾക്ക് ൫ ദിവസിക്കകം ശമ്പളം കൊടുക്കത്തക്കവിധം ഈ ബില്ലിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. കൂടാതെ അവക്കു കൊടുക്കുന്ന ശമ്പളം നടപ്പിലിരിക്കുന്ന നാണയങ്ങളിൽതന്നെ ആയിരിക്കണമെന്നു വ്യവസ്ഥ ചെയ്തിട്ടുള്ളതു് പ്രയോജനകരമാണ്. അതുപോലെ ൭ മുതൽ ജോലി ചെയ്യുകയാണെങ്കിൽ ഈ ഓവർടൈം വക്കിനു് സാധാരണക്കൂലിയുടെ ഇരട്ടി കൊടുക്കണമെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നതും തക്ക പരിഹാരത്തിനു സഹായകരമായിരിക്കുന്നതാണ്.

എല്ലാത്തിനും ഉപരിയായി ഇങ്ങനെയുള്ള സ്ഥാപനങ്ങൾ വളരെ വൃത്തിയായി സൂക്ഷിക്കണമെന്നുള്ള വ്യവസ്ഥകളാണ് സ്വാഗതാർഹമായിരിക്കുന്നതു്. അതിൽ ജോലി ചെയ്യുന്ന ആളുകൾക്കു ആരോഗ്യത്തിനു ഹാനികരമായി യാതൊരു വൃത്തികേടുകളും ഉണ്ടാകാൻ പാടില്ലെന്നു ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ബിൽ ആകപ്പാടെ ഇങ്ങനെയുള്ള സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരുടെ രക്ഷക്കുവേണ്ട വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതാണ്. ബിൽ ഉടനെ നടപ്പിലാക്കേണ്ടതാണ് എന്നു് അഭിപ്രായപ്പെട്ടുകൊണ്ടു ഞാൻ വിരമിച്ചുകൊള്ളുന്നു.

Sri. N. D. Jose: I welcome the introduction of this Bill. The shop employees of this State have been for long petitioning Government for introducing a Bill of this nature. It has already been pointed out that the Bill which was passed in Cochin has not yet been in force there. I would also emphasise what other members have pointed out *viz.*, that the Bill should be implemented as early as possible. But, Sir, I do not feel that the Bill should be passed without referring to the matter to the scrutiny of the Select Committee. After all nothing is going to be lost by delaying it for one or two days. Merely becaue the Bill is referred to the Select Committee, the shop employees are not going to be put to any undue hardship. Therefore, I suggest that the Bill may be referred to the Select Committee.

In this connection I must point out that it is generally considered that the provisions of the Bombay Shop Establishments Act are in certain respects more progressive than this Bill. I would guggest that those provisions of that Bill which are acceptable to the conditions of our State should be embodied by the Select Committee.

We have come to a stage in the development of our politics when labour plays a great part in the Government of the country. In this connection I would say that Government should place itself on the side of labour; Government should be one with labour. It is not enough if Government hold the scales even between Capital and Labour. It is not enough if Government does mere justice to labour. It must work on the side of labour, supporting labour and be one with labour. Labour is becoming a very great force in this country and has vital importance. I would point out that in America labour forces are rallied by Government to help them to defeat the Republican candicate. We are coming to such a situation in the

country when labour will weigh the scales for or against Government. These are the general observations I have to make. I would suggest as the other Hon'ble Members have pointed out that the Bill should be passed in this session itself, rules framed immediately and the Act implemented without any undue lapse of time. I welcome the introduction of this Bill.

സാഹിബ് ബഹദൂർ കെ. എച്ച്. സുലൈമാൻ: സർ, ഈ ബില്ലിന്റെ മൌലിക തത്വത്തോടു പരിപൂർണ്ണമായി ഞാൻ യോജിക്കുന്നു. ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് ഇതിന്റെ സാഹചര്യങ്ങളെക്കുറിച്ച് സവിസ്തരം പലരും ഇവിടെ പ്രസ്താവിക്കയുണ്ടായി. ഇന്ന് യാതൊരു പരിഗണനയും ഇല്ലാതെ ആരോടും അനേപ്രക്ഷിക്കാതെകണ്ട് ഇരുന്ന ഒരു തൊഴിലാളി വിഭാഗമാണ് പീടികതൊഴിലാളി വിഭാഗം. ഇപ്പോൾ എനിക്ക് അവരെ സംബന്ധിച്ച് അവരെ സ്പർശിക്കുന്നതായ കാര്യങ്ങൾ പറയാതിരിക്കുവാൻ നിവ്വാഹമില്ല. രാവിലെ ആറുമണിമുതൽ രാത്രി പന്ത്രണ്ടുമണിവരെയും യാതൊരു വിശ്രമവും കൂടാതെ മുതലാളിക്കുവേണ്ടി പണിയെടുക്കുന്ന ഈ പണിക്കാരുടെയിടയിൽനിന്നാണ് ഞാൻ വരുന്നതു്. ഇവിടെ ഈ നിയമസഭയിൽ സംബന്ധിക്കുന്നതിനു വന്നശേഷം പല സാമാജികരേയും ഇവിടെയുള്ള പീടികതൊഴിലാളി പ്രവത്തകന്മാരേയും എനിക്ക് അറിയാൻ കഴിഞ്ഞു. കൊച്ചിയിൽ ഇതിനുമുമ്പ് പീടിക തൊഴിലാളികളുടെ രക്ഷക്കായി ഒരു ബ്രില്ല് നിയമസഭയിൽ കൊണ്ടുവരികയും അതിനു മഹാരാജാവു തുല്യവും ചാത്തിട്ടുണ്ട്. എന്നാൽ ആ നിയമം ഇതുവരെയും നടപ്പിൽ വന്നിട്ടില്ല. ആ നിയമമനുസരിച്ചുവേണം ഇവിടെയുള്ള ഈ ബില്ലും നിയമമാക്കാൻ. എന്നെപ്പോലെയുള്ള പല സാമാജികന്മാക്കും അവിടെനിന്നും എഴുത്തും കിട്ടീട്ടുണ്ട്. അതായതു് അവിടെ പാസ്സാക്കിയ നിയമം എന്തുകൊണ്ടു നടപ്പിൽ വന്നില്ല എന്നും കഴിയുന്ന വേഗത്തിൽ അതു നടപ്പാക്കാൻ ശ്രമിക്കണമെന്നും ആവശ്യപ്പെട്ടിട്ടുള്ള എഴുത്തുകൾ ആണവ. ഈ ബിൽ ഇതേ നിലയിൽ പരിപൂർണ്ണമാണെന്ന് എനിക്കഭിപ്രായമില്ല. ഇത്രയും കാലതാമസം വന്നിട്ടുള്ള സ്ഥിതിക്കു എന്തെങ്കിലും ന്യൂനത വന്നിട്ടുണ്ടെങ്കിൽ തന്നെ അതു പരിഹരിച്ചു സെലക്ട് കമ്മിററിക്ക് വിട്ടുകൊടുത്തു് ആവശ്യമായ ഭേദഗതികളോടു കൂടി നിയമമാക്കി എടുക്കണമെന്നുള്ള അഭിപ്രായത്തോടു കൂടി ഞാൻ വിരമിച്ചുകൊള്ളുന്നു.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു. ഈ ബില്ലിന്റെ പൊതു തത്വത്തോടു ഞാൻ യോജിക്കുകയാണ്. ഇതു് എത്രയും വേഗം നിയമമാക്കിയാൽ ഈ രാജ്യത്തെ കഷ്ടത അനുഭവിക്കുന്ന ഒരു വിഭാഗം ആളുകൾക്ക് ആശ്വാസകരമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഇതേ സന്ദർഭത്തിൽ ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ ഒരു കാര്യം പെടുത്തേണ്ടതു് ആവശ്യമാണെന്നു ഞാൻ വിചാരിക്കുന്നു. അതായതു് ഇത്രയും നിയമങ്ങൾ എല്ലാം നിലവിലുണ്ടായിട്ടും പല വിക്രിയകളും ഇന്നു നാട്ടിൽ നടന്നുവരുന്നു. അതു ഈ നിയമം കൈകാര്യം ചെയ്യുന്നതിന്റെ പിശകുകൊണ്ടായിരിക്കാം. ഈ രാജ്യത്തു പല കുഴപ്പങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. ഇതെല്ലാം ഗവമ്മെണ്ടു് അറിഞ്ഞിട്ടുള്ള കാര്യങ്ങളാണ്. ഈ നിയമസഭയിൽ കുടിയിറക്കു നിരോധന ബിൽ പാസ്സാക്കിയിട്ടുണ്ട്. അതു് പാസ്സാക്കിയതിനു ശേഷമാണ് ഇത്ര അധികം കമ്മ്യൂണിസ്ററുകൾ ഗവമ്മെണ്ടിന്റെ റെക്കാർഡുകളിൽ ഉണ്ടായിട്ടുള്ളതു് എന്നു പറയാൻ ഞാൻ മടിക്കുന്നില്ല. വാസ്തവത്തിൽ ഇവിടെ നിലവിലിരിക്കുന്ന മുതലാളിത്തവ്യവസ്ഥിതി മാററാതെ എത്ര നിയമങ്ങൾ ഉണ്ടായാലും സാധാരണജനങ്ങൾക്കു രക്ഷയുണ്ടാകയില്ല. ഇവിടെ മുതലാളിയുടെ സ്വയരക്ഷക്കു ആവശ്യമായ നിയമങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. മുതലാളിത്ത വ്യവസ്ഥിതി സംരക്ഷിക്കുന്നതിനുവേണ്ടി കമ്മ്യൂണിസ്റ്റ് എന്നു പറയുന്നവരെ നേരിടാനുള്ള പ്രവത്തനങ്ങളാണ് ഇന്നത്തെ ഗവമ്മെണ്ടു് നടത്തിക്കൊണ്ടിരിക്കുന്നതു്. അതായതു് ഒരാൾ കുടികിടക്കുന്നു എന്നു വിചാരിക്കുക. ഈ നിയമസഭയിൽപോലും കുടിയിറക്കു നിരോധന ബിൽ പാസായികഴിഞ്ഞു. കുടിയിറക്കു നിരോധന-ബ്രില്ലിനെ ആശ്രയിക്കുന്ന ആ കുടികിടപ്പുകാരനോടു അയാളുടെ ജന്മി ഇറങ്ങി കൊടുക്കുവാൻ പറഞ്ഞു. അയാൾ അതിനു് അനുസരിച്ചില്ലെങ്കിൽ ഉടൻ അയാളുടെ പേരിൽ ഒരു ഒപ്പറേഷൻ കൊടുക്കുന്നു. അയാൾ കമ്മ്യൂണിററുകാരനാണ്, ക്ലാസുനടത്തുന്നു ഒരിക്കലും പിടികിട്ടാത്ത ഒരുത്തനാണ് എന്നെല്ലാം പറഞ്ഞ് അയാളെ പിടിച്ചു് ഉപദ്രവിക്കുന്നു. അതുകൊണ്ടാണ് ഞാൻ പറയുന്നതു് ഈ നിയമങ്ങൾ ഒന്നും അയാളെ സംബന്ധിച്ചിടത്തോളം അയാളെ രക്ഷിക്കുവാൻ പര്യാപ്തമാകുന്നില്ല എന്നു്.

അങ്ങനെ ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പീടികതൊഴിലാളികളെ സംബന്ധിക്കുന്നതായ ബ്രില്ലും അവക്ക് ഉപദ്രവകരമാകാതിരിക്കത്തക്ക വിധം ഈ ബിൽ

[Sahib Bahadur T. A. Moideenkunji]

പാസ്സാക്കാൻ ഞാൻ ആവശ്യപ്പെട്ടുകൊള്ളുന്നു. വാസ്തവത്തിൽ ഗവർമ്മെണ്ടു് ഇതു പ്രത്യേകിച്ചും ജനങ്ങൾക്കു് ഉപകരിക്കണമെന്നുള്ള ബോധത്തോടുകൂടി പ്രവർത്തിക്കേണ്ടതാണു്. തീർച്ചയായും ഈ രാജ്യത്തെ ജനവിഭാഗത്തിലും അതുപോലെ ഗവർമ്മെണ്ടിനും ആ മനോഭാവമുണ്ടായിരിക്കേണ്ടതാണു്.

എനിക്കു് ഒരു കാര്യംകൂടി പറയാനുള്ളതു് ഇവിടെ പാസാക്കീട്ടുള്ള നിയമം ഏതായാലും അതു തൊഴിലാളിക്കു നാശമായിട്ടാണു് കാണപ്പെട്ടിട്ടുള്ളതു്. ഇവിടെ സാധുക്കളായ തൊഴിലാളികളെ കമ്മ്യൂണിസ്റ്റ് എന്നു ഗവർമ്മെണ്ടു തെററിദ്ധരിച്ചു് മുൻവിധിയോടുകൂടിയുള്ള ഒരു നയമാണു് നാട്ടിൽ അങ്ങോളമിങ്ങോളം നടന്നുകൊണ്ടിരിക്കുന്നതു്. ഇന്നു് കടയിൽ കഴിയുന്ന തൊഴിലാളിയെ കച്ചേരിയിൽ ആക്കുന്നതിനു് ഈ ബിൽ കാരണമാക്കുന്നു്. അങ്ങിനെയുള്ള കാര്യങ്ങളിൽ ഗവർമ്മെണ്ടു യഥാർത്ഥം മനസ്സിലാക്കി പ്രവർത്തിക്കണമെന്നും അതിലേക്കു പ്രത്യേകം ഗവർമ്മെണ്ടു ശ്രദ്ധിക്കണമെന്നുള്ള കാര്യം പറയുവാൻ ഈ സന്ദർഭം ഞാൻ ഉപയോഗിക്കുകയും ഈ ബിൽ ഇന്നുതന്നെ മൂന്നാംവായന കഴിഞ്ഞു നിയമമാക്കണമെന്നപേക്ഷിക്കയും ചെയ്തുകൊള്ളുന്നു.

ஸ்ரீ. ஏ. சிதம்பரநாத நாடார்: ஸர், இந்த Bill ஐ வெகுகாலத்திற்கு முன்பே கொண்டுவரவேண்டியிருந்தது. போகட்டும் இப்போதாவது இச்சபைக்கு வந்ததைப் பற்றி சந்தோஷம். கனம் டி. கெ. நாராயணபிள்ளை யவர்கள் நல்ல மனப்பான்மையோடு, தொழிலாளர்களுக்கு சகாயம் செய்யவேண்டுமென்ற எண்ணத்தினால் தான் இந்த Bill ஐ கொண்டுவந்திருக்கிறார்கள் என்று நினைக்கிறேன். அவருக்கு நல்ல மனப்பான்மையிருக்கவேண்டும். அப்படி அவருக்கு நல்ல மனப்பான்மையிருக்குமானால் சகல தொழிலாளர்களையும் அவர்கள் காப்பாற்றுவார்கள் என்று நினைக்கிறேன். ஆனால் ஒரு சிறிய சந்தேகம். அதாவது இன்று மோட்டார் தொழிலாளர்களை எந்த நிலைமையில் நடத்துகிறார்களோ அதுபோல் இவர்களையும் கஷ்டப்படுத்துவீர்களோ என்ற முறையில் சந்தேக முண்டு. நல்ல மனப்பான்மை என்ற முறையில் அவர்கள் இந்த Bill ஐக் கொண்டுவந்திருக்கிறார்களென்ற எண்ணத்துடன் இந்த Bill ஐ ஆதரிக்கிறேன். கொச்சி திருவிதாங்கூரிலுள்ள சகல தொழிலாளர்களையும் காப்பாற்ற வேண்டும். அவர்களைக் கைதூக்கிவிடவேண்டுமென்ற மனப்பான்மை இந்த Bill ல் காணப்படவில்லை. ஒரு தொழிற்சாலையை எடுத்துக்கொண்டால் தொழிலாளர்கள் மாத்திரமல்ல, அங்குள்ள Staff clerk கள் என்று சொல்லக்கூடியவர்களையும் இந்த சட்டத்தின் கீழ் கொண்டுவரவேண்டும். அவர்களும் தொழிலாளர்கள் தான். அவர்களுக்கும் மற்றவர்களைப்போலுள்ள இன்னல்கள் உண்டென்று எண்ணவேண்டும். அவர்களையும் இந்தச் சட்டத்தினுள் கொடுண்வர ஒன்றிரண்டு provision கள் வேண்டுமென்பது எனது அபிப்பிராயம். வேறொன்று ஒரு ஷாப் மானேஜர் அல்லது ஒரு தொழிற்சாலை மானேஜராயிருந்தாலும் சரி ஒரு குற்றம் செய்வாரானால் முதலில் அவருக்கு 50 ரூபாய் அபராதமும், இரண்டாவது தடவை குற்றம் செய்தால் அதற்கு 250 ரூபாயென்றும் இந்த Bill ல் சொல்லப்பட்டிருக்கிறது. அந்த அளவு போதாது என்பது எனது அபிப்பிராயம். 50 ரூபாய்க்குப்பதில் 100 ரூபாயாகவும், 250 ரூபாய்க்குப்பதில் 500 ரூபாயாகவுமிருக்கவேண்டும். ஒவ்வொரு தொழிலாளியும் 6 நாள் வேலை செய்யவேண்டுமென்று மிருக்கிறது. நாளொன்றுக்கு 8 மணிக்கூர் வேலை செய்ய வேண்டுமென்று மிருக்கிறது. ஆதாவது ஒரு வாரத்தில் ஒரு நாள் விடுமுறைபோக 48 மணிக்கூர் வேலை செய்யவேண்டுமென்றிருக்கிறது. ஏதாவது ஒரு சமயத்தில் 2 மணிக்கூர் அதிகம் வேலை செய்யலாமென்றும். அதாவது 10 மணிக்கூர் வேலை செய்யலாமென்றும், அதிகப்பட்ட இரண்டு மணிக்கூருக்கு பிரத்தேகச் சம்பளம் கொடுக்கப்படுமென்று மிருக்கிறது. ஆனால் 10 மணிக்கூருக்கு அதிகமாக வேலை வாங்கினால் மானேஜரோ அல்லது அந்தத் தொழிற்சாலைக்குப் பொறுப்புவாய்ந்தவரோ குற்றவாளியாகிறார் என்பது சட்டத்தில் கூறப்படுகிறது. எனது அபிப்பிராயம் இரண்டு மணிக்கூர் என்று சொல்லக்கூடியதை சற்று கூட்டவேண்டும். கடைசியாகப் பிரதான மந்திரியவர்கள் சொன்னதுபோல் இந்த Bill ஐ அதி சீக்கிரமாகச் சட்டமாக்கி, கொச்சி, திருவிதாங்கூரிலுள்ள சகல தொழிலாளர்களையும் அவர்களது

ഇന്നലകളിലിരുന്നു തുന്പങ്ങളിലിരുന്നു വിടുവിത്തു, അവർക്കുനുക്കു ഒഴുങ്ങാന ഗ്ര ഹിയിൽ സംബളം, വിടുമുറ, ബോണസ് മുതലിയവകൾ കൊടുക്ക ഏർപ്പാടു ചെയ്യ വേണ്ടുമെന്നു കേട്ടുക്കൊള്ളുന്നു.

ശ്രീ. വി. ഗംഗാധരൻനായർ: സർ, കൊല്ലം പട്ടണത്തിലെ പീടികതൊഴിലാളി സംഘടനയുമായി ബന്ധമുള്ള ഒരാളെന്നനിലയിൽ ഈ നിയമനിർമ്മാണത്തെ സ്വാഗതംചെയ്യാൻ എനിക്കു് അതിയായ സന്തോഷമുണ്ടു്. എത്രയോ മുമ്പുതന്നെ നടപ്പിലാക്കേണ്ടിയിരുന്ന ഒരു നിയമമാണു് കുറെ താമസിച്ചെങ്കിലും ഇപ്പോൾ ഗവർമ്മെൻറു കൊണ്ടുവന്നിരിക്കുന്നതു്. അതുകൊണ്ടു് അതിനെ വിഘാതപ്പെടുത്താതെ എത്രയുംവേഗം നിയമമാക്കുന്നതിനു് സഹായിക്കുക എന്നുള്ളതാണു് എല്ലാവരുടേയും കർത്തവ്യം. എന്നാൽ ശ്രീ. ചിതംബരനാഥനാടാർ പറഞ്ഞതുപോലെ ഈ നിയമത്തിൻെറ വ്യാപ്തി ഒന്നു വർദ്ധിപ്പിക്കാൻ കഴിയുമോ എന്നു നോക്കേണ്ടതാണെന്നാണു് എൻെറയും അഭിപ്രായം. ഇതിൻെറ വ്യാപ്തി എത്രത്തോളം വർദ്ധിപ്പിക്കാൻ കഴിയുമോ അത്രത്തോളം വർദ്ധിപ്പിക്കേണ്ടതു് അത്യാവശ്യമാണു്. പല ഫാക്ടറികളിലും കമ്പനികളിലും അതുപോലെയുള്ള മററുസ്ഥാപനങ്ങളിലുമുള്ള തൊഴിലാളികളുടേയും മാനേജറന്മാരുടേയും ഇടയ്ക്കുള്ള സ്റ്റാഫ് അംഗങ്ങൾക്കു് സംരക്ഷണം നൽകുന്നതിനു് ഈ നിയമം പര്യാപ്തമല്ല. അങ്ങിനെയുള്ള സ്റ്റാഫ് അംഗങ്ങളെക്കൂടി ഈ ബില്ലിൻെറ പരിധിയിൽ ഉൾപ്പെടുത്തുന്നതു് അവർക്കു ഗുണകരമാണോ അല്ലയോ എന്നു ശരിയായി പഠിയ്ക്കുന്നതിനു് എനിക്കു് സമയം കിട്ടിയിട്ടില്ല. അതുപോലെതന്നെ ബാങ്കു് എംപ്ലോയിസിനേയും ഈ ബില്ലിൻെറ പരിധിയിൽ കൊണ്ടുവരാമോ, കൊണ്ടുവരുന്നതു് അവർക്കു് ഗുണകരമായിരിക്കുമോ എന്നും ഞാൻ ആലോചിച്ചിട്ടില്ല. അത്തരം തൊഴിലാളികൾക്കുവേണ്ടി ഒരു പ്രത്യേക നിയമം കൊണ്ടുവരികയോ അല്ലെങ്കിൽ ഇതിലെതന്നെ വ്യവസ്ഥകളുടെ വ്യാപ്തി വർദ്ധിപ്പിക്കുകയോ ചെയ്യുന്നതു നന്നായിരിക്കുമെന്നാണു് എനിക്കു് ചൂണ്ടിക്കണിക്കാനുള്ളതു്.

തൊഴിലാളികളുടെ ജോലിസമയം, അവധി മുതലായവ ക്ലിപ്തപ്പെടുത്തുന്നകാര്യത്തിൽ ഈ ബില്ലിൽ ചില വ്യവസ്ഥകൾചെയ്തുകാണുന്നുണ്ടു്. ബോണസ്, ജോലിസമയം, അവധി, ഏററവും കുറഞ്ഞശമ്പളം ഈവക കാര്യങ്ങളെ സംബന്ധിച്ചിടത്തോളം വ്യക്തമായ നിയമങ്ങൾ നമ്മുടെനാട്ടിൽ ഉണ്ടാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. മാധവൻ: ആദായവീതവുംകൂടി തൊഴിലാളികൾക്കു കൊടുക്കുന്നതിനുള്ള നിയമം ഉണ്ടാക്കുന്നതിനെപ്പററി ബഹു. മെമ്പറുടെ അഭിപ്രായം എന്താണു്?

ശ്രീ. വി. ഗംഗാധരൻനായർ: ന്യായമായ ആദായവീതവും തൊഴിലാളികൾക്കു് കൊടുക്കുന്നതു നല്ലതാണു്. അവർക്കു് അതു കൊടുക്കുമെങ്കിൽ അതുകൊണ്ടു് തൃപ്തിപ്പെടാനും ഞാൻ തയ്യാറാണു്.

മറെറാരുകാര്യം എനിക്കു പറയാനുള്ളതു് ശ്രീ. മൊയ്തീൻകുഞ്ഞു പറഞ്ഞതുപോലെ ഈ ഗവർമ്മെൻറിൻെറ തൊഴിലാളിനയം ഒന്നു മാറാതെ ഈ നിയമങ്ങൾ ഒന്നും തൊഴിലാളികൾക്കു് പ്രയോജനപ്പെടാൻ പോകുന്നില്ലെന്നാണു്. ശ്രീ. ജോസ് പറഞ്ഞു തൊഴിലാളികളുടെ വശത്തായിരിക്കണം ഗവർമ്മെൻറെന്നു്. ഗവർമ്മെൻറു തൊഴിലാളികളുടെ വശത്തായിരുന്നാൽ പോരാ, തൊഴിലാളികൾതന്നെയായിരിക്കണം ഭരണാധികാരികൾ എന്നാണു് ട്രഷറിബഞ്ചിലിരിക്കുന്ന നേതാക്കന്മാരോടു് എനിക്കു് പറയാനുള്ളതു. കാലം മാറിവരികയാണു്. ഇടത്തരക്കാരുടെ നേതൃത്വം എല്ലാ രംഗങ്ങളിൽനിന്നും വിശേഷിച്ചും സാമ്പത്തികമണ്ഡലത്തിൽനിന്നു് പോകേണ്ടകാലം കഴിഞ്ഞിരിക്കുന്നു. ഈ നിയമം ഉണ്ടാക്കിയാൽമാത്രംപോരാ, അതു് കൈകാര്യം ചെയ്യുന്നതും തൊഴിലാളികൾതന്നെയായിരിക്കണം എന്നുള്ള അഭിപ്രായം അവരുടെ ഇടയിൽ അതിവേഗം വളർന്നുകൊണ്ടിരിക്കയാണു്. ഇങ്ങനെയുള്ള നിയമങ്ങൾ ഉണ്ടാക്കിവെച്ചു് ഒരു മുതലാളിത്ത ഗവർമ്മെൻറു തൊഴിലാളി ഗവർമ്മെണ്ടിൻെറ നിറം പ്രദർശിപ്പിക്കാമെന്നു വിചാരിച്ചാൽ ഇന്നു വില പോവുകയില്ല. അതുകൊണ്ടു് തൊഴിലാളികളോടും അവരുടെ അവകാശവാദങ്ങളോടും ഇന്നത്തെ ഗവർമ്മെൻറു സ്വീകരിച്ചുവരുന്ന നിഷേധാത്മകവും അപലപനീയവുമായ നയം എത്രയുംവേഗം മാറണമെന്നു് ചൂണ്ടിക്കാണിക്കാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. ഇന്നലെതന്നെ ട്രാൻസ്ഫോട്ട് പ്രശ്നത്തെപ്പററി വാദപ്രതിവാദമുണ്ടായപ്പോൾ ഒരു ജായിൻറു കാൺഫറൻസിനെപ്പററി പരാമർശിക്കുകയുണ്ടായി. ഒരു ജായിൻറു കാൺഫറൻസ് ഉണ്ടായാൽ എല്ലാ കക്ഷികളും യോജിച്ചു് ഒരു സംയുക്ത പ്രസ്താവന ഇറക്കുന്നതിനു

[Sri. V. Gangadharan Nair]

പകരം ഗവമ്മെൻറ തൊഴിലാളി പ്രതിനിധികളെ അവഗണിച്ച് ഏകപക്ഷീയമായ ഒരു പ്രസ്താവന പുറപ്പെടുവിക്കുകയാണ് ചെയ്തത്. ഗവമ്മെൻറിൻെറതന്നെ ഒരു ഡിപ്പാർട്ട്മെൻറായ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽ ഡിപ്പാർട്ടുമെൻറ മേധാവികളും തൊഴിലാളികളുംതമ്മിൽ ഒരു തൊഴിൽതർക്കമുണ്ടായാൽ അതു ന്യായമായി ഒതുക്കുന്നതിന്ന് മാധ്യസ്ഥത പാടില്ലെന്ന് ശഠിക്കുന്ന ഗവമ്മെൻറിൻെറ നില സാധൂകരിക്കാൻ നിശ്ചയമായും നിവൃത്തിയില്ല. ഇങ്ങനെ തൊഴിലാളികളെ അടിച്ചമർത്തുന്ന ഒരുനയം ഗവമ്മെൻറ സ്വീകരിക്കാതെ തൊഴിലാളികളെ അനുകൂലിക്കാനും തൊഴിലാളി സംഘടനകളുടെ അവകാശവാദങ്ങൾക്ക് കീഴ്വഴങ്ങാനുമുള്ള ഒരു മനോഭാവം ഗവമ്മെൻറ സ്വീകരിക്കേണ്ടതാണ്. ഇതു സന്ധികളുടെ ഒരു കാലമാണെന്നു പറയപ്പെടുന്നു. എന്നാൽ സന്ധികളുടെ കാലവുംകഴിഞ്ഞ് സന്ധിയും സാദ്ധ്യമല്ലാത്ത ഒരുകാലം വന്നുകഴിഞ്ഞുവെന്നു വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. അതുകൊണ്ട് ഇന്നത്തെ ഗവമ്മെൻറിൻെറ തൊഴിലാളിനയത്തെ ശക്തമായ്ം ആക്ഷേപിക്കാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. തൊഴിലാളികൾക്കും തൊഴിലാളി സംഘടനകൾക്കും ഗുണപ്രദമായ, പുരോഗമനപരമായ ഒരു നയം ഗവമ്മെൻറ സ്വീകരിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ ഈ ബില്ലിനെ പിന്താങ്ങുന്നു.

Sri. K. K. Chellappan Pillai : Sir, while supporting the principle of tha Bill I have to draw the attention of the House to Section 45 about penalties for offences. It shows the mind of the Government, a mind which is strongly biased towards employers rather than towards employees for whom the bill has been intended to benefit. The fine as stated is for the first offence Rs. 25 and for the second and subsequent offences Rs. 250. For an employer who makes 10 to 20 thousand rupees a month or even more—there are many like them in the country—this fine is nothing.

ബഹു. ശ്രീ. മന്നത്തു പത്മനാഭപിള്ള: ബഹു. മെമ്പറും ഇപ്പോൾ ഇംഗ്ലീഷിൽ പറഞ്ഞുതുടങ്ങിയോ? ബഹു. പ്രധാനമന്ത്രി ഒഴിച്ചാൽ സ്പീക്കർ ഉൾപ്പെടെ എല്ലാ അംഗങ്ങളും ഇപ്പോൾ ഇംഗ്ലീഷിലാണ് സംസാരിച്ചുതുടങ്ങിയിരിക്കുന്നതു്. ഇതു ഏതാണ്ട് ഇംഗ്ലീഷ് പാർലമെൻറായി തീരുമോ എന്നാണിക്ക് ആശങ്കയുണ്ട്.

Sri. K. K. Chellappan Pillai: Because I have begun in English I think I must continue in that language. Therefore. what I would like to state is that such a punishment which is meted out to any employer will not serve the purpose for which this provision is intended.

Sri. K. A. Gangadhara Menon: What punishment would the hon'ble member suggest?

Sri. K. K. Chellappan Pillai: I would suggest a deterrent punishment. That is imprisonment. Sometimes the owner may evade the responsibility of the offence by saying that he is not running the shop but a paid manager is running it. Therefore, the rules will have to be so framed as to make the owner responsible for the offence. Unless rules are made for that purpose there is no use in passing this Bill. The Select Committee, I hope will go into this question and make necessary change. The Government will also change the rules to meet the purpose for which this bill is intended.

Then again, as my friend Mr. Gangadhearan Nayar and others just represented here that this bill would not benefit labour to any extent. It is seen that it has been copied from a law in Madras. It does not meet the requirements especially in a place where labour has risen against the Government on many occasions. Evidence of this has been shown day before yesterday against the Transport Minister. Labour in this country will not take it as a beneficial measure to them. The rules may be so framed to meet the demand of the labour.

Then, again, the Inspectors and other officers who are empowered to deal with the delinquents must be such as those who administer the law strictly. There may be people selected from the labour rank who will go into the question seriously and make the effective and adequate for the purpose this bill is intended.

ശ്രീ. കെ. എ. വേലായുധൻ: സർ, തൊഴിലാളികളുടെ അവശതാനിവാരണത്തിനായി ഇങ്ങനെ ഒരു ബില്ലുകൊണ്ടുവന്നതിനെ ഞാൻ സ്വാഗതംചെയ്യുന്നു. ഇൻഡ്യൻ തൊഴിലാളികളുടെ അവശതകൾക്ക പരിഹാരമുണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഇൻഡ്യാഗവമ്മെൻറ ഒരു നിയമം പാസാക്കുകയുണ്ടായി. അങ്ങനെ ഒരു നിയമത്തിൻെറ ആവശ്യം ഇവിടെയുണ്ടെന്നും ഇവിടത്തെ തൊഴിലാളികൾക്കും ചില സംരക്ഷണങ്ങൾ ഏർപ്പെടുത്തേണ്ടതായുണ്ടെന്നും ഗവമ്മെൻറിനു ബോദ്ധ്യമായതിൻെറ ഫലമായിട്ടായിരിക്കണം ഇതു

പോലെയുള്ള ഒരു ബില്ല് ഇപ്പോൾ ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്. ഈ ബില്ലിൽ എല്ലാതൊഴിലാളികളേയും ഉൾപ്പെടുത്തിയിട്ടില്ലെന്നു കാണുന്നു. ഉദാഹരണമായി പറഞ്ഞാൽ ജായിൻറ സ്റ്റോക്കുകമ്പനികളിലും ബാങ്കുകളിലും ജോലിചെയ്യുന്ന ക്ലാക്കന്മാരേയും മററു തൊഴിലാളികളേയും ബാധിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾക്കും കഷ്ടപ്പാടുകൾക്കും നിവാരണം ഉണ്ടാക്കുവാൻ ഈ ബില്ല പരാപ്തമാണോ എന്നു സംശയമാണു്. പത്തോ ഇരുപതോ കൊല്ലങ്ങൾ തുടച്ചയായി ജോലിചെയ്തുകൊണ്ടിരിക്കുന്ന ഒരു ക്ലാക്കിനെയോ അല്ലെങ്കിൽ ശിപായിയെയോ ആ കമ്പനിയുടെ അല്ലെങ്കിൽ ബാങ്കിൻെറ മാനേജർക്കു പരിച്ചുവിടുവാനധികാരമുണ്ടു്. ഇതുപോലെയുള്ള കമ്പനികളും ബാങ്കുകളും ഈ സംസ്ഥാനത്തു അനവധിയുണ്ടു്. ഈ സ്ഥാപനങ്ങളിൽ ധാരാളം ആളുകൾ ജോലിചെയ്യുന്നുമുണ്ടു്. ഇങ്ങനെയുള്ള സ്ഥാപനങ്ങളിൽ എട്ടോ പത്തോ വർഷത്തിൽക്കൂടുതൽ ജോലിചെയ്യുവാൻ ഇന്നു സാധാരണ ഇവർക്കു സാധിക്കുന്നില്ല. ഏററവും ചെറിയകാരണങ്ങൾവച്ചുകൊണ്ടു് ഇവരെ പിരിച്ചുവിടുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു് ഇങ്ങനെയുള്ള തൊഴിലാളികളെക്കൂടി ബാധിക്കത്തക്ക പ്രൊവിഷൻ ഈ ബില്ലിൽ ഉണ്ടായിരിക്കേണ്ടതാണു്.

സ്ത്രീജനങ്ങളെപ്പററി ഈ ബില്ലിൽ യാതൊന്നുംതന്നെ പറഞ്ഞുകാണുന്നില്ല. ഷാപ്പുകളിലും റസ്റ്റാറൻറുകളിലും ജോലിചെയ്യുന്നവരുൾപ്പടെയുള്ള പീടികത്തൊഴിലാളികളെപ്പററിയും യാതൊന്നും പറഞ്ഞുകാണുന്നില്ല. പീടികത്തൊഴിലാളികളുടെ കൂട്ടത്തിൽ ധാരാളം സ്ത്രീകളുമുണ്ടു്. സ്ത്രീകളെസംബന്ധിച്ചുള്ള വ്യവസ്ഥകൾ പുരുഷന്മാരെക്കാൾ അല്പംകൂടി വ്യത്യസ്തമായിരിക്കേണ്ടതാണു്. എന്നാൽ ഈ ബില്ലിൽ സ്ത്രീകളെ സംബന്ധിച്ചിടത്തോളം യാതൊരു ആനുകൂല്യവും ചെയ്തുകൊടുത്തിട്ടില്ല. ഫാക്ടറികളിൽ ജോലിചെയ്യുന്ന സ്ത്രീകൾക്കു മെറേറർനിററിലീവ് മുതലായ അവകാശങ്ങൾ സിദ്ധിച്ചിട്ടുണ്ടു്. അങ്ങനെയുള്ള യാതൊരു അവകാശങ്ങളും ഈ ബില്ലിൽ കാണുന്നില്ല. അങ്ങനെ സ്ത്രീകളേയും ജോയിൻറ സ്റ്റോക്കുകമ്പനികളിലും ബാങ്കുകളിലും ജോലിചെയ്യുന്ന തൊഴിലാളികളെയുംകൂടി ഉൾപ്പെടുത്തത്തക്ക വ്യവസ്ഥകൾകൂടി ചെയ്തു് ഈ ബില്ല എത്രയുംവേഗം നിയമമാക്കിത്തീർക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ഈ ബില്ലിൻെറ തത്വത്തെ ഞാൻ അനുകൂലിക്കുന്നു. ഉദ്ദേശകാരണവിവരണംകൊണ്ടു് ബില്ലിൻെറ ആവശ്യകത മനസ്സിലാക്കുവാൻ സാധിക്കുന്നു. തൊഴിലാളികളുടെ താല്പര്യസംരക്ഷണത്തിനു് ഗവൺമെണ്ടു് നിയമസാദ്ധ്യതകൾകൊണ്ടു് കാണിക്കുന്ന ഔത്സുക്യം പ്രത്യേകിച്ചും അനുമോദനാർഹമാണു്. തൊഴിലാളി പ്രശ്നത്തിൻെറ പരിധിയിൽ അനവധി തൊഴിലാളി വിഭാഗങ്ങൾ ഉൾപ്പെടുന്നുണ്ടു്. നാവിക തൊഴിലാളി, കന്നിട്ടത്തൊഴിലാളി, ബീഡിത്തൊഴിലാളി, ചെത്തുതൊഴിലാളി, ബാർബർ തൊഴിലാളി, പുല്ലുവേലത്തൊഴിലാളി, ട്രാൻസ്പോർട്ട് തൊഴിലാളി, പ്രസ്സുവർക്കേഴ്സു തൊഴിലാളി, രക്ഷാത്തൊഴിലാളി, സിനിമാ തൊഴിലാളി, കശുവണ്ടിത്തൊഴിലാളി ഇങ്ങനെ വളരെ വളരെ തൊഴിലാളികളുണ്ടു്. ഇവരെ എല്ലാം ആക്ടിൻെറ പരിധിയിൽ ഉൾപ്പെടുത്തി സഹായിക്കാൻ ഗവൺമെണ്ടിനു് സാധിക്കുന്നതാണല്ലോ. തൊഴിലാളി നിയമം കൊണ്ടുള്ള പ്രയോജനം—എല്ലാ തൊഴിലാളികൾക്കും ലഭിക്കണം. അതിലായിരിക്കണം ഗവൺമെണ്ടിൻേറയും ഈ നിയമസഭയുടേയും ശ്രദ്ധ പതിയേണ്ടതു്. തൊഴിൽകക്ഷി വാദവും മുതൽകക്ഷി വാദവും ഗവൺമെണ്ടിൻെറ ശ്രദ്ധക്കു വിഷയമാക്കേണ്ടതാണെന്നുള്ള വസ്തുത ഞാൻ വിസ്മരിക്കുന്നില്ല. സെലക്ടു് കമ്മിററി റിപ്പോർട്ടു് വരുത്തുവാൻ സമയം നീട്ടിക്കൊണ്ടുപോകുന്ന ഒരു പതിവു് ഉണ്ടായിരുന്നു. എന്നാൽ ഇന്നത്തെ ഗവൺമെണ്ടു് പൊതുജനക്ഷേമകരങ്ങളായ ബില്ലുകൾ പാസ്സാക്കി എടുക്കുന്നതിൽ വളരെ ജാഗ്രതകാണിക്കുന്നു. നാലും അഞ്ചും ദിവസങ്ങൾക്കുള്ളിൽതന്നെ ഇവിടെ അവതരിപ്പിക്കപ്പെടുന്ന ബില്ലുകൾ, റിപ്പോർട്ടുകൾ വരുത്തി നിയമങ്ങളാക്കിത്തീർക്കുന്നതിനു് ഗവൺമെണ്ടു് ഔത്സുക്യം പ്രദർശിപ്പിക്കുന്നതു് വളരെ അഭിനന്ദനാർഹമാണെന്നുകൂടി പ്രസ്താവിച്ചുകൊണ്ടു്, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ഈ ബില്ലിനെപ്പററി ഒന്നുരണ്ടു് ആക്ഷേപങ്ങളാണു് പ്രധാനമായി ഇവിടെ ഉന്നയിച്ചിട്ടുള്ളതു്. പ്രധാനമായ ആക്ഷേപം ഇതിൻെറ വ്യാപ്തിയെപ്പററിയായിരുന്നു. ജായിൻറസ്റ്റോക്കു് കമ്പനികളിലും ബാങ്കുകളിലും ജോലിചെയ്യുന്നവർ ഈ ബില്ലിൻെറ പരിധിയിൽ വരുമോ എന്നായിരുന്നു ഒരു വാദം. അതു് ഈ ബില്ല ശരിയായി വായിക്കാത്തതുകൊണ്ടുണ്ടായ ഒരു തെററിദ്ധാരണയാണെന്നാണു് എനിക്കു പറയുവാനുള്ളതു്. ക്ലാസ്സു ഡ, സബ്ക്ലാസ്സു് ഏഡ—ൽ, ഏ മുതൽ ഐ വരെയുള്ള ഉപവകു

[Sri T. K. Narayana Pillai]

പ്രകാരം ശരിയായി വായിക്കുന്നപക്ഷം ഈ നിയമം ആരെയെല്ലാമാണ് ബാധിക്കുന്നതെന്നു മനസ്സിലാക്കുവാൻ സാധിക്കും.

Clause 2, Sub-clause 12 (i) "in the case of a shop, a person wholly or principally employed therein in connection with the business of the shop".

എന്നു അതിൽ പറയുന്നുണ്ട്. ഷാപ്പിലുള്ള സ്റ്റാഫിനെക്കൂടി ഈ ബിൽ ബാധിക്കുന്നതാണ് എന്ന് അതിൽനിന്നും വ്യക്തമാകും.

(iii) "in the case of a commercial establishment other than a clerical department of a factory or an industrial undertaking, a person wholly or principally employed in connexion with the business of the establishment, and includes a peon".

എന്നും അതിൽ പറയുന്നുണ്ട്. അതിൽ കമേഴ്ഷ്യൽ എസ്റ്റാബ്ളിഷ്മെണ്ട് എന്നുള്ളതിനെ നിർവ്വചിച്ചിരിക്കുന്നതു് ഇങ്ങനെയാണ്.

"Commercial establishment" means an establishment.....an Insurance Company, Joint Stock Company, Bank, Brokers' Office or exchange and includes such other establishment as Government may, by notification, declare to be a commercial establishment for the purposes of this Act."

അതുകൊണ്ട് ഇതിന്റെ വ്യാപ്തിയെ സംബന്ധിച്ചുള്ള സംശയങ്ങൾ അടിസ്ഥാനരഹിതങ്ങളാണെന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു.

മറ്റൊരാക്ഷേപം, ഇതു പുരോഗമനപരമല്ലെന്നുള്ളതാണ്. ഫാക്ടറി ബാംബെയിൽ ഉണ്ടാക്കിയ നിയമങ്ങളോളംതന്നെ ഇതു പുരോഗമിച്ചിട്ടില്ലെന്നു ഒരുവാദമുണ്ടായി. ഇതിൽ കൂടുതൽ പുരോഗമനസാദ്ധ്യതയോടുകൂടി ഒരു ബിൽ അവതരിപ്പിക്കാവുന്നതാണെന്നുള്ള വസ്തുത ഞാൻ സമ്മതിക്കുന്നു. ഒരു ദിവസത്തിൽ രണ്ടു മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യുവാൻ പാടില്ലെന്നു സമയം ക്രിയപ്പെടുത്തിക്കൊണ്ടും അതിലേക്കുള്ള വേതനം നിശ്ചയിച്ചുകൊണ്ടും ഒരു നിയമം ഉണ്ടാക്കാവുന്നതാണ്. എന്നാൽ ഗവമ്മെണ്ട് എല്ലാകാര്യങ്ങളേയും നോക്കി ഇന്നത്തെ പരിതസ്ഥിതിക്ക് അനുയോജ്യമായവിധത്തിൽ കഴിവുള്ളതു പുരോഗമനപരമായ നിലയിൽതന്നെയാണ് ഈ ബില്ല കൊണ്ടുവന്നിരിക്കുന്നതു്.

ശ്രീ. പി. കെ. ഡീവർ : ബാംബെയിലെ നിയമത്തിൽ ഒമ്പതു മണിക്കൂർ ജോലി ചെയ്യണമെന്നുള്ള വ്യവസ്ഥയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നുള്ള വിവരം ബഹു. മന്ത്രിക്ക് അറിയാമോ ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അതുമാത്രമല്ല, മററു കാര്യങ്ങളിലും കൂടുതൽ പുരോഗതിയെ കാണിക്കുന്ന ബില്ലുകൾ അവതരിപ്പിച്ചില്ല എന്നുവേണമെങ്കിൽ പറയാവുന്നതാണ്. പക്ഷെ ഗവമ്മെണ്ടിന് ഇതിനേക്കാൾ കൂടുതൽ പുരോഗമനപരമായ ഒരു ബില്ല് ഇന്നത്തെ നിലയ്ക്കു അവതരിപ്പിക്കുവാൻ സാദ്ധ്യമല്ല.

വേറെ ചില ആക്ഷേപങ്ങളും ഇവിടെ പറയുകയുണ്ടായി. അതിനു ഞാൻ മറുപടി പറയണമെന്നു വിചാരിക്കുന്നില്ല. ഏതവസരംവന്നാലും ഇങ്ങനെയുള്ള ആക്ഷേപങ്ങൾ പുറപ്പെടുവിക്കുകയെന്നുള്ളതു് ചില ആളുകളുടെ ഒരു സാധാരണ പതിവായിത്തീർന്നിട്ടുണ്ട്. അവയ്ക്കു ഒന്നിനുംതന്നെ ഈയവസരത്തിൽ മറുപടി പറയണമെന്ന് വിചാരിക്കുന്നില്ല.

ഏതായാലും ഒരു കാര്യം ഇവിടെ വ്യക്തമായി മനസ്സിലാക്കുവാൻ കഴിഞ്ഞു. ഈ ബില്ലിന്റെ തത്വത്തെ എല്ലാവരും സ്വീകരിക്കുന്നു എന്നുള്ളതു് ഇവിടെ വ്യക്തമാക്കിക്കഴിഞ്ഞു. എന്നാൽ നിയമമാക്കിയാൽ മാത്രം പോരാ, അതിനുള്ള ചട്ടങ്ങൾകൂടി എത്രയും വേഗത്തിൽ പ്രസിദ്ധപ്പെടുത്തി ആ നിയമം എത്രയും വേഗം നടപ്പിൽ വരുത്തണം എന്നുള്ള അഭിപ്രായഗതി ഇവിടെ പ്രദർശിപ്പിച്ചുകണ്ടു്. നിയമം പ്രായോഗികമാക്കുന്നതിൽ വേണ്ട ജാഗ്രത പ്രദർശിപ്പിക്കണമെന്നുള്ള ആ അഭിപ്രായം ആദരണീയമാണ്. ഒരു നിയമം പാസ്സാക്കുന്നതു് അതു എത്രയും വേഗം പ്രായോഗികമാക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്. കഴിയുന്നതും വേഗം ഇങ്ങനെയുള്ള നിയമങ്ങൾ നടപ്പിൽ വരുത്തുന്നതിന് ഗവമ്മെണ്ടു് ശ്രമിക്കുന്നതായിരിക്കും. അതുകൊണ്ട് ഈ ബിൽ ഈ രൂപത്തിൽ തന്നെ നടപ്പിലാക്കണമെന്നു എല്ലാവർക്കും ആഗ്രഹമുള്ളതുകൊണ്ടും അങ്ങനെ ചെയ്യണമെന്നു ഗവമ്മെണ്ടിന് നിർബന്ധമുള്ളതുകൊണ്ടും താഴെ പേർ പറയുന്ന അംഗങ്ങളടങ്ങിയ ഒരു സെലക്ട് കമ്മിററിക്ക് സ്റ്റാൻറിംഗ് ആർഡർ നമ്പർ ൩ വകുപ്പു സസ്പെൻറു ചെയ്തുകൊണ്ട്, മൂന്നു ദിവസത്തിനകം ആ കമ്മിററി റിപ്പോർട്ട് ചെയ്യേണ്ടതാണെന്നുള്ള നിർദ്ദേശത്തോടുകൂടി, അയയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

സെലക്ട് കമ്മിററി അംഗങ്ങൾ

(൧) ശ്രീ. പൊന്നറ ജി. ശ്രീധർ.
(൨) ,, കെ.കരുണാകരൻ.
(൩) സാഹിബ് ബഹദൂർ മജീദ് മരയ്ക്കാർ.
(൪) ശ്രീ. പി. കെ. പോറ്റി.
(൫) ,, പി. കെ. രാമൻ.
(൬) ,, കെ. എ. ഗംഗാധരമേനോൻ.
(൭) ,, എം. കെ. മേനോൻ.
(൮) ,, ടി. വി. തേവൻ.
(൯) ,, ജി. പി. നീലകണ്ഠപ്പിള്ള.

(കോറം നാലാണ്).

ബഹു. ശ്രീ. എ. ജെ. ജോൺ : ഞാൻ ഇതിനെ പിൻതാങ്ങുന്നു.

Sri. Daniel Jose : Under what category does a saloon worker come ?

ശ്രീ. ടി. കെ. നാരായണപിള്ള : ബാർബർ ഷാപ്പുകൾ ഇതിൽ ഉൾപ്പെടുമോ എന്നുള്ളത് ഒന്നുകൂടി പരിശോധിച്ചു മാത്രമെ പറയാൻ നിവൃത്തിയുള്ളു.

മി. ഡപ്യൂട്ടി സ്പീക്കർ : ഈ ബില്ല് സെലക്ട് കമ്മിററിക്കു അയയ്ക്കണമെന്നഭിപ്രായമുള്ളവർ കൈപൊക്കാം.

Mr. Deputy Speaker : The motion is passed and the Bill is referred to the Select Committee.

ഈ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ പതിനൊന്നു മണിക്കു വീണ്ടും കൂടുന്നതുമാണ്.

The House adjourned at 4-30 p.m. to meet again at 11 a.m. on Tuesday, the 6th December 1949.

V. KRISHNAMOORTHY AIYAR
Secretary to the Legislative Assembly

PROCEEDINGS OF THE UNITED STATE OF TRAVANCORE AND COCHIN
LEGISLATIVE ASSEMBLY

THIRD SESSION, 1949/1125

Tuesday, *the* *6th December 1949* / *21st Vrischigam 1125*

Vol. III] OFFICIAL REPORT [No. 7

The Assembly met in the Legislative Chamber, Public Offices, on Tuesday, the 6th December, 1949, at 11 o'clock, with Mr. Speaker (The Hon'ble Sri. T. M. Varghese), in the Chair.

QUESTIONS AND ANSWERS

(The numbers within brackets indicate the serial numbers in the lists of admitted questions).

Oral Answers

GRANT OF LOAN FOR GROW MORE FOOD CAMPAIGN

*646. [1] **Sri. D. Gnanasigamony :** Will the Hon'ble Minister for Finance be pleased to state.—

(*a*) whether any representation has been made to the Central Government for the grant of a loan in connection with the Grow More Food Campaign here ;

(*b*) if so, the date of such representation ;

(*c*) the amount of such loan ; and

(*d*) the outcome of such representation ?

The Hon'ble Sri. T. K. Narayana Pillai :

(*a*) Yes.

(*b*) and (*c*) The Government of India was addressed on 7th October 1949 for the grant of Rs. 1,39,59,216 by way of subsidy and Rs. 1,12,17,000 as loan during this year 1949-50 for the grow more food schemes initiated by the State.

(*d*) Intimation has been received that Rs. 15 lakhs under grants and Rs. 40 lakhs under loans have been allocated to this State for 1949-50. Details are awaited.

Sri. D. Gnanasigamony : May I know whether when they applied for the loan, they mentioned the names of the schemes they proposed to undertake ?

The Honble Sri. T. K. Narayana Pillai : That was one of the conditions. All the details of the various schemes in hand have been submitted to the Government of India and the Government of India have approved those schemes.

Sri. D. Gnanasigamony: May I know whether there was any direction as to how the money had to be spent ?

The Hon'ble Sri. T. K. Narayana Pillai : There is no particular direction from the Government of India.

Sri. D. Gnanasigamony: Is there not a programme that the money is to be utilised for intensive cultivation ?

The Hon'ble Sri. T. K. Narayana Pillai : Money has to be utilised for intensive cultivation, and extensive cultivation also if the Government thinks that extensive cultivation is necessary.

Sri. D. Gnanasigamony: May I know whether the loan is intended for long term schemes ?

The Hon'ble Sri. T. K. Narayana Pillai : The loan is intended for short term schemes.

BOARD OF REVENUE

*647. [2] **Sri. D. Ganasigamony :** Will the Hon'ble Minister for Land be pleased to state.—

(*a*) whether any advice has been tendered by the Board of Revenue to augment the revenue ;

(*b*) whether any proposal has been sent in by the Board of Revenue to reduce the expenditure ; and

(*c*) the steps taken so far by the Board of Revenue to increase the efficiency of the Departments under their control ?

The Hon'ble Sri. T. K. Narayana Pillai :

(*a*) and (*b*) Recommendations made by Heads of Departments to Government are confidential. They cannot be disclosed.

(*c*) The system of working of the Departments under the Board is being examined. Action will be taken to make improvements in the system wherever necessary. Steps have already been taken to co-ordinate the activities of the Departments like the Co-operative Department, Village Panchayat Department, etc. Efficiency of the personnel in differant Departments is also being examined. Necessary action will be taken to increase the efficiency in all ranks.

Sri. D. Gnanasigamony : May I know whether this has been constituted as per recommendations of the Buch Committee ?

The Hon'ble Sri. T. K. Narayana Pillai : There was a recommendation of the Buch Committee also.

Sri. D. Gnanasigamony : Is it true that the constitution of the Board has only added to the expenditure without any corresponding benefit.

The Hon'ble Sri. T. K. Narayana Pillai : That is not a correct statement.

Sri. C. V. Iyyu : May I know whether the Government have any proposal of reducing the Cochin land revenue which is sixteen times that of Travancore ?

The Hon'ble Sri. T. K. Narayana Pillai : That question is being considered by Government. Government have not come to any definite decisions.

Sri. C. V. Iyyu : May I know whether in view of the fact that the Cochin people pay a land revenue which is sixteen times that of Travancore the Government are going to consider proposals for reducing the land revenue in Cochin and bring it on a par with that of Travancore ?

The Hon'ble Sri. T. K. Narayana Pillai : The whole thing is being considered by Government. They have not come even to tentative conclusions.

*648. [3] **Sri. D. Gnanasigamony :** Wll the Hon'ble Minister for Land be pleased to state.—

(*a*) whether the Board of Revenue have put forward any proposals for introducing new legislation or the amendment of existing law ; and

(*b*) if so, what ?

The Hon'ble Sri. T. K. Narayana Pillai :

(*a*) Yes.

(*b*) (*i*) Extending the Travancore Prohibition Act and Rules to the whole of the United State repealing the Cochin Prohibition Act.

(*ii*) Amending Section 9 of the Travancore Prohibition Act.

(*iii*) Consolidating the Sales Tax Laws of Travancore and Cochin.

(*iv*) Extending the Travancore Abkari, Tobacco and Salt Acts and the Cochin Opium and Dangerous Drugs Act to the whole of the United State.

(*v*) Investing the Board of Revenue with the powers of the State Jenmikaram Officer under the Travancore Jenmi Kudiyan Act ; and with powers of revision under the Kuthagapattom Rules and the Oodukoor Settlement Proclamation.

(*vi*) Investing the Board of Revenue with powers of the Appellate Tribunal under the Income-tax Act.

(*vii*) Investing the Board with statutory powers under the Court of Wards Act.

ലിഫ്റ്റ് ഇറിഗേഷൻ

*൩൯൮. (൪) ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ലാൻഡ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ലിഫ്റ്റ് ഇറിഗേഷൻ ഏതെല്ലാം താലൂക്കുകളിലാണ് ഇപ്പോൾ ആരംഭിച്ചിട്ടുള്ളതെന്നു പറയുവാൻ ദയവുണ്ടാകുമോ;

(ബി) ഈ പദ്ധതി രണ്ടുകൊല്ലത്തിനകം കോട്ടയം ഡിവിഷനു തെക്ക് ആരംഭിക്കാതിരിക്കുവാൻ വല്ല പ്രത്യേക കാരണങ്ങളും ഉണ്ടോ. എന്നു പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) പറവൂർ, കുന്നത്തുനാട്, മുകുന്ദപുരം, തിരുവല്ല.

(ബി) പ്രത്യേകകാരണമൊന്നുമില്ല. തിരുവല്ലാതാലൂക്കിൽ തുടങ്ങിയിട്ടുണ്ട്.

ശ്രീ. കെ. കുട്ടപ്പൻ: മാവേലിക്കരതാലൂക്കിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി തുടങ്ങാൻ നിശ്ചയിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: നിശ്ചിതമായി ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. കുട്ടപ്പൻ: തുടങ്ങണമെന്ന് ഉദ്ദേശമുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: സൗകര്യമുള്ള എല്ലാസ്ഥലങ്ങളിലും തുടങ്ങണമെന്നു ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. കെ. കുട്ടപ്പൻ: അവിടെ അതു് ആവശ്യമാണെന്നു വിചാരിക്കുന്നുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതിനു ഉത്തരം ഞാൻ ആദ്യമേതന്നെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: മീനച്ചൽ, തൊടുപുഴ ഈ താലൂക്കുകളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കുള്ള സാദ്ധ്യതകളുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതും ഈ അവസരത്തിൽ പറയാൻ സാധിക്കുകയില്ല.

പെരിഞ്ചാണി സ്കീം

*൩൯൦. (൫) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ലാൻഡ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പെരിഞ്ചാണി സ്കീം നടപ്പിലാക്കുവാൻ ഗവൺമെണ്ടുദ്ദേശിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എപ്പോൾ മുതൽ എന്നു പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിനു ദയവുണ്ടാകുമോ;

(ബി) കല്ലടയാററിൻെറയും ഇത്തിക്കര ആററിൻെറയും തീരപ്രദേശങ്ങളിലുള്ള പല സ്ഥലങ്ങളും കൃഷിക്കുപയുക്തമാക്കിത്തീർക്കാമെന്നുള്ള വിവരം ഗവൺമെണ്ടിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നു പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഉദ്ദേശമുണ്ട്. ആയിരത്തിത്തൊള്ളായിരത്തി അൻപത്തി ഒന്ന് അവസാനത്തോടുകൂടി ഈ സ്കീമിൻെറ ജോലി പൂർത്തിയാകുമെന്നും അതിനുശേഷം അതിനുള്ള പ്രയോജനം സിദ്ധിക്കുമെന്നും ഗവൺമെണ്ട് പ്രതീക്ഷിക്കുന്നു.

(ബി) ഈ സ്ഥലങ്ങളിൽ ഇരുപ്പൂകൃഷി നടത്തുന്നതിനുള്ള സാദ്ധ്യതയെപ്പററി ഗവൺമെണ്ട് അന്വേഷണം നടത്തിക്കൊണ്ടിരിക്കയാണ്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: അവിടെ അതിനുള്ള സാദ്ധ്യതയുണ്ടെന്നുള്ളതറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതുകൊണ്ടാണ് അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നതു്.

തിരുനാൾ പ്രമാണിച്ചു ഒഴിവു്

*൩൯൧. (൩) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി ഐക്യസംസ്ഥാന രാജപ്രമുഖൻ തിരുമനസ്സിലെ

തിരുനാൾ പൊതു ഒഴിവുദിവസമായി പ്രഖ്യാപിക്കണമെന്നു വല്ല നിവേദനങ്ങളോ പൊതുയോഗനിശ്ചയങ്ങളോ ഗവൺമെണ്ടിനു ലഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ദയവായി പറയുമോ;

(ബി) ഇൻഡ്യയിലെ ഏതൊരു പ്രവിശ്യയെക്കാളും, നാട്ടുരാജ്യത്തെക്കാളും ആദ്യമായി ക്ഷേത്രപ്രവേശനം അനുവദിക്കപ്പെട്ട ആ സ്മരണീയദിനം ഒരു പൊതു ഒഴിവുദിവസമായി പ്രഖ്യാപിക്കുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിനു ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) പൊതു ഒഴിവുദിവസമായി പ്രഖ്യാപിക്കേണ്ട ആവശ്യമില്ലെന്നു് ഗവൺമെണ്ടു് നിശ്ചയിച്ചു.

(ബി) ക്ഷേത്രപ്രവേശനദിനം പൊതുഒഴിവുദിവസമായി പ്രഖ്യാപിക്കുന്നതിനു മതിയായ കാരണം ഒന്നും ഇല്ല.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: കോൺസ്റ്റിററ്യൂഷനൽ ഗവർണർമാരുടെ പിറന്നാൾ ഒഴിവുദിവസമാക്കിയിട്ടില്ല എന്നറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഗവർണർമാരുടെ പിറന്നാൾദിവസം പൊതു ഒഴിവല്ല.

ശ്രീ. പി. കെ. ഡീവർ: ഗവർണർജനറലിന്റെ പെറന്നാളും ഒഴിവുദിവസമല്ലെന്നും ആഘോഷിക്കാറില്ലെന്നും അറിയിമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: മററുവിധത്തിൽ ആഘോഷിക്കാറുണ്ടായിരിക്കാം, എന്നാൽ ഗവൺമെണ്ടു് അതിനെ ആഘോഷിക്കാറില്ല. പൊതു ഒഴിവുദിവസമായി വച്ചിട്ടുമില്ല.

കൊട്ടാരങ്ങൾ

*൩ ൪൨. (൧) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെപറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ?

തിരുവിതാംകൂറിലേയും, കൊച്ചിയിലേയും മഹാരാജാക്കന്മാരുടെ വകയായിരുന്ന ഏതെല്ലാം കൊട്ടാരങ്ങൾ ഐക്യസംസ്ഥാന ഗവൺമെണ്ടിലേക്കു വിട്ടുതന്നിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: കൊച്ചിയെ സംബന്ധിച്ചിടത്തോളം താഴെ പറയുന്ന കൊട്ടാരങ്ങൾ തിരുവിതാംകൂർ–കൊച്ചി ഐക്യസംസ്ഥാനത്തിന്റെ വകയായി വിട്ടുതന്നിട്ടുണ്ടു്.

(൧) മദ്രാസിൽ ടുള്ളക്സ് ഗാർഡൻ.
(൨) കുന്നൂരിൽ ഉള്ള എൽക്ക്ഹിൽ കൊട്ടാരം.
(൩) എറണാകുളത്തെ കൃഷ്ണവിലാസം കൊട്ടാരം.
(൪) മട്ടാഞ്ചേരിയിലെ കൊച്ചിക്കൊട്ടാരം.

താൽക്കാലികമായി കൊച്ചി രാജകുടുംബാംഗങ്ങൾ ടുള്ളക്സ് ഗാർഡൻ ഇതിനുമുമ്പു് ഉപയോഗിച്ചിട്ടുള്ളതുപോലെ ഉപയോഗിക്കാം എന്നു് സമ്മതിച്ചിട്ടുണ്ടു്. കൊച്ചി കൊട്ടാരം കൊച്ചിമഹാരാജാവു് ഇതിനുമുമ്പു് ഉപയോഗിച്ചിരുന്ന ആവശ്യങ്ങൾക്കു് മേലാലും ഉപയോഗിക്കാവുന്നതാണു്. തിരുവിതാംകൂർ കൊട്ടാരങ്ങളുടെ കാര്യം ഇപ്പോഴും ആലോചനയിൽ ഇരിക്കുകയാണു്.

സാഹിബ്ബു് ബഹദൂർ കെ. എ. മഹമ്മദു്: ഡൽഹിയിലുള്ള കൊച്ചിൻഹൌസും ട്രാവൻകൂർഹൌസും രാജാക്കന്മാരുടെ പ്രത്യേക സ്വത്തുക്കളാണോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഈ ചോദ്യം ഇതിൽ നിന്നും ഉൽഭവിക്കുന്നതല്ലെങ്കിലും പറയാം. മഹാരാജാക്കന്മാരുടെ വകയാണെന്നു് അവരും ഗവൺമെണ്ടിന്റെ വകയാണെന്നു് ഗവൺമെണ്ടും പറഞ്ഞുകൊണ്ടിരിക്കുകയാണു്.

സാഹിബ്ബു് ബഹദൂർ കെ. എ. മഹമ്മദു്: ഈ കൊട്ടാരങ്ങൾക്കു് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന വാടകകൾ ഗവൺമെണ്ടിനു ലഭിക്കുന്നുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതിനെസംബന്ധിച്ചു് അവസാനതീരുമാനം ഉണ്ടായിട്ടില്ല.

ശ്രീ. പി. കെ. ഡീവർ: കൊച്ചിയിലെ രാജകുടുംബാംഗങ്ങൾ പതിവായി താമസിക്കാത്ത എത്രകൊട്ടാരങ്ങൾ ഉണ്ട്.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഈ ചോദ്യത്തിൽ നിന്നും ഉൽഭവിക്കുന്നില്ല.

ശ്രീ. പി. നാണു: രാജാക്കന്മാരുടെവക പ്രത്യേക സ്വത്തുക്കൾ ഗവമ്മെണ്ടിലേക്ക് എടുക്കുന്നതു സംബന്ധിച്ച് ആലോചനയുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: രാജാക്കന്മാർക്ക് പ്രത്യേകസ്വത്തുക്കൾ ഉണ്ടോ എന്നുള്ളതിനെപ്പററി ഗവമ്മെണ്ടിന് സംശയമുണ്ട്. അവർ അവരുടേതാണെന്നു പറയുന്നുണ്ടെങ്കിലും ഗവമ്മെണ്ടു വാദിക്കുന്നതു് ഗവമ്മെണ്ടിൻെറതാണെന്നാണ്.

ശ്രീ. പി. നാണു: ഈ ആലോചന ഇപ്പോൾ എങ്ങനെ ഇരിക്കുന്നു.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ആലോചന ഇപ്പോഴും ആലോചനയിൽതന്നെ ഇരിക്കുന്നു.

ശ്രീ. വർഗ്ഗീസ് അഗസ്റ്റിൻ: തിരുവിതാംകൂർ മഹാരാജാവിനു പ്രത്യേകമായി എത്ര കൊട്ടാരങ്ങൾ ഉണ്ട്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അനവധിയുണ്ട്. തിരുവിതാംകൂറിൻെറ പല ഭാഗങ്ങളിലും ആയി ഓരോ പകുതിയിലും കൊട്ടാരങ്ങൾ ഉണ്ട്. ഇതിനുംപുറമേ തിരുവിതാംകൂർ ഹൌസ് മുതലായതു് അദ്ദേഹത്തിൻെറ വകയാണെന്നു പറയുന്നു.

ശ്രീ. കെ. രാമചന്ദ്രൻ: ഡൽഹിയിലുള്ള തിരുവിതാംകൂർ രാജാവിൻെറ കൊട്ടാരം ഇൻഡ്യൻ പാർലമെണ്ടിലേക്ക് പോകുന്ന നമ്മുടെ പ്രതിനിധികൾക്ക് താമസിക്കുന്നതിന് അനുവദിക്കുന്നുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതാരുടേതാണെന്നു തീരുമാനിച്ചിട്ടുവേണം ഈ കാര്യങ്ങൾ നിശ്ചയിക്കുവാൻ.

ശ്രീ. കെ. എ. മാത്യു: ഭക്തിവിലാസംകൊട്ടാരം ആരുടെ വകയാണ്.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: തീരുമാനം ആയിട്ടില്ല. ഗവമ്മെണ്ടിൻെറ വകയാണെന്ന് ഗവമ്മെണ്ടു പറയുന്നുണ്ട്.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ആരുടേതാണെന്ന് തീരുമാനം ചെയ്യുന്നതാരാണ്.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇരുകക്ഷികളും തമ്മിൽ പറഞ്ഞു് ഒത്തു തീർപ്പിൽ വരാം. അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ അതു് ഗവമ്മെണ്ടു് ഓഫ് ഇൻഡ്യായുടെ പര്യാലോചനയ്ക്കു് വിടുകയും ചെയ്യാം. അങ്ങനെ വിടുകയാണെങ്കിൽ ഈ ഗവമ്മെണ്ടും ഇഡ്യാഗവമ്മെണ്ടും ആയി ആലോചിച്ച് അവസാനതീരുമാനം ചെയ്യും.

ശ്രീ. വി. ഗംഗാധരൻനായർ: അപ്പോൾ ഇൻഡ്യാഗവമ്മെണ്ടാണോ ഇതിനവസാനതീരുമാനം ചെയ്യേണ്ടതു്?

ബഹു. ശ്രീ. ടി. കെ നാരായണപിള്ള: ഞാൻ അങ്ങനെയല്ല പറഞ്ഞതു്. ഈ ഗവമ്മെണ്ടു് രാജപ്രമുഖനുമായി തമ്മിൽ പറഞ്ഞു തീർത്തു്, അഭിപ്രായവ്യത്യാസം ഉണ്ടാകുകയാണെങ്കിൽ ഈ ഗവമ്മെണ്ടും ഇൻഡ്യാഗവമ്മെണ്ടും കൂടി ആലോചിച്ച് തീരുമാനത്തിൽ എത്തുന്നതാണ്.

ശ്രീ. ഇട്ടിയിര അമ്പുക്കൻ: കൊച്ചിയെസംബന്ധിച്ച് ഇതുപോലെയുള്ള വാദങ്ങൾ ഉണ്ടായിരുന്നോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടായിരുന്നു. അവസാനതീരുമാനത്തിൽ ചേർന്നതിൻെറ ഫലമാണ് ഇപ്പോഴത്തെ വ്യവസ്ഥകൾ.

ശ്രീ. ഇട്ടിയിര അമ്പുക്കൻ: ആ പ്രശ്നം തീരുമാനിച്ചതായിരുന്നു.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അമ്മുടെ ഗവമ്മെണ്ടും ഇൻഡ്യാഗവമ്മെണ്ടും ചേർന്നാണ് തീരുമാനിച്ചിട്ടുള്ളതു്.

കണ്ടുകൃഷിസ്ഥലങ്ങൾ

*൩ ൪൩. (വ) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ദ്രവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ട് ഗവമ്മെണ്ടിലേക്കു വിട്ടുകൊടുത്തിട്ടുള്ള കണ്ടുകൃഷിസ്ഥലങ്ങളുടെ ഇന്നത്തെ നില എന്താണെന്നും അതു് ആരുടെ കൈവശം എന്തടിസ്ഥാനത്തിൽ ഇരിക്കുന്നു എന്നും പറയുവാൻ ദയവുണ്ടാകുമോ;

(ബി) ഈ കണ്ടുകൃഷിസ്ഥലങ്ങൾ എത്ര എന്നും, ഇതിൽനിന്നും ഗവമ്മെണ്ടിനു പ്രതിവർഷം എന്തു ആദായം പ്രതീക്ഷിക്കുന്നു എന്നും പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) കണ്ടുകൃഷിവസ്തുക്കൾ മുൻ രീതിയിൽതന്നെ അതേ അടിസ്ഥാനത്തിൽ അതാതു കൈവശക്കാരുടെ അധീനതയിൽ ഇരിക്കുന്നു.

(ബി) ൧ ൻ,൩ ൧ ൧ ഏക്കർ ൫ ൧ സെൻറും അതിൽനിന്നും ൩, ൧ ൻ, ൪ ൫൩ രൂപയും ആദായം കിട്ടുമെന്നാണു് പ്രതീക്ഷിക്കുന്നതു്.

ശ്രീ. ടി. വി. ദേവൻ: കണ്ടുകൃഷിസ്ഥലങ്ങൾ പിന്നോക്ക സമുദായക്കാരിൽ സ്ഥലമില്ലാത്തവർക്ക് പതിച്ചുകൊടുക്കുവാൻ ഗവമ്മെണ്ടിനു ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: കണ്ടുകൃഷിസ്ഥലങ്ങൾ മുൻ കൈവശക്കാരിൽനിന്നും ഇതുവരെ വിടുതൽ ചെയ്തു കിട്ടിയിട്ടില്ല. ആ സ്ഥിതിയ്ക്കു് ഇപ്പോൾ അതിനെപ്പററി ആലോചിക്കാൻ നിവൃത്തിയില്ല.

പബ്ലിക്കു് സർവ്വീസിൽ റിസർവേഷൻ

*൩ ൪ ൪. (൩) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഗവമ്മെണ്ടിൻെറ സംരക്ഷണത്തിനും സഹായത്തിനും അഹരായ ഹരിജനങ്ങൾക്കും അവശവർഗ്ഗക്കാർക്കും പബ്ലിക്കു് സർവ്വീസിൽ റിസർവേഷൻ അനുവദിക്കേണ്ട കാര്യം ഗവമ്മെണ്ടിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൽ എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

ഈ ചോദ്യത്തിൻെറ ഉത്തരം തയ്യാറായിട്ടില്ല.

ഐക്യസംസ്ഥാന അക്കൗണ്ടാഫീസിലെ
ക്ലാർക്കന്മാരുടേയും പ്യൂൺസിൻേറയും എണ്ണം

*൩ ൪ ൫. (൧൦) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ—കൊച്ചി ഐക്യസംസ്ഥാന അക്കൗണ്ടാഫീസിലെ ക്ലാർക്കന്മാരുടേയും പ്യൂൺമാരുടേയും എണ്ണം യഥാക്രമം എങ്ങിനെ;

(ബി) ഇവരുടെ ജാതിതിരിച്ചുള്ള പട്ടിക എങ്ങിനെ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ക്ലാർക്കന്മാർ ൨ ൻ ൩. ശിപായിമാർ ൩ ൧.

(ബി) ജാതി തിരിച്ചുള്ള പട്ടികയാണിതു്.

കുന്നത്തുനാടു താലൂക്കിലെ ചില പകുതികളിലെ
കൃഷിവികസന സാദ്ധ്യതകൾ

* ൩ ൫൩. (൧൧) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കുന്നത്തുനാടു താലൂക്കിൽ ചേന്ന മഞ്ഞപ്ര, ചേരാനല്ലൂർ എന്നീ പകുതികളിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൊണ്ടു് അവിടെ ഇരിപ്പുകൃഷി നടത്താനുള്ള സാദ്ധ്യതകൾ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ യഥാക്രമം എത്ര ഏക്കർ സ്ഥലത്തു് ഇരിപ്പുകൃഷി നടത്താം?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ഉണ്ട്.

(ബി) മഞ്ഞപ്ര നാലായിരം ഏക്കർ സ്ഥലവും, ചേരാനെല്ലൂർ ൨, ൫ ൦ ൦ ഏക്കർ സ്ഥലവും.

PENSIONABLE SERVICES

*657. [12] **Sri. K. Ramachandran :** Will the Hon'ble the Chief Minister be pleased to state whether technicians, artisans and skilled workmen of the various departments of the Union have been brought under the category of pensionable services?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ടി. എസ്സ്. ആർ. അപ്ലൈൻറിക്സ് സ്-ൽ ഉൾപ്പെടുത്തിയിരിക്കുന്ന ജീവനക്കാർ ഒഴികെ ബാക്കിയുള്ളവർക്ക് പെൻഷൻ അനുവദിക്കുന്നതല്ല.

TRAVANCORE CREDIT BANK

*658. [13] **Sri. K. Ramachandran :** Will the Hon'ble Minister for Finance be pleased to state;

(*a*) the extent of loan so far made available to the Travancore Credit Bank;

(*b*) whether Central Government was requested to finance the Bank and if so whether any help would be forthcoming; and

(*c*) the number of loans made available to the public in 1122, 1123 and 1124?

ബഹു. ശ്രീ. എ. ജെ. ജോൺ :

(എ) തിരുവിതാംകൂറിൽ ഉള്ള ക്രെഡിററ ബാങ്കിൽനിന്നും ഒരു തുകയും ഇപ്പോൾ കടമായി കൊടുക്കുന്നില്ല.

(ബി) ഇല്ല.

(സി) ൧൧൨൨, ൧൧൨൩, ൧൧൨൪ ഈ ആണ്ടുകളിൽ കടമായി കൊടുത്തതു് യഥാക്രമം ൧൨൯-൦, ൧൭൦-൦, ൧൨൭-൦ പേർക്കാണ്.

Sri. K. Ramachandran : Are Government aware that loans are granted to moneyed classes?

ബഹു. ശ്രീ. എ. ജെ. ജോൺ : അങ്ങനെ മനസ്സിലായിട്ടില്ല.

ശ്രീ. ഇട്ടീര അമ്പുക്കൻ : ഒരാൾക്ക് ഏററവും വലിയ സംഖ്യ എത്രയാണ് കൊടുത്തിട്ടുള്ളതെന്ന് പറയാമോ?

ബഹു. ശ്രീ. എ. ജെ. ജോൺ : കൊടുത്തിട്ടുള്ളതിൽവച്ച് ഏററവും വലിയ സംഖ്യ ൩ ലക്ഷം രൂപയാണ്. അതിൽ ഒന്നരലക്ഷംരൂപ തിരിച്ചു വന്നിട്ടുമുണ്ട്.

ശ്രീ. പോൾ തളിയത്ത് : ഡിബൻഞ്ചർ ലോൺ എടുത്തിട്ടുള്ളതിലേക്കു ബാങ്ക് എന്തു ഉത്തരവാദിത്വമാണ് വഹിക്കുന്നത്?

ബഹു. ശ്രീ. എ. ജെ. ജോൺ : ബാങ്കിൻെറ രൂപസനുസരിച്ച് അതിൻെറ സകല ആസ്തികളും ഡിബൻഞ്ചർ ലോണിനുവേണ്ടി പണയം വച്ചിരിക്കുകയാണ്.

ശ്രീ. പോൾ തളിയത്ത് : ബാങ്കിൻെറ സ്വത്തു തിട്ടപ്പെടുത്തുന്നതിനായിട്ടു വല്ല ഏർപ്പാടും ചെയ്തിട്ടുണ്ടോ?

ബഹു. ശ്രീ. എ. ജെ. ജോൺ :- സ്വത്തുക്കളെപ്പററി തിട്ടപ്പെടുത്തുന്നതിനുവേണ്ടി അക്കൗണ്ടൻറ ജനറലിനെ അധികാരപ്പെടുത്തിരിക്കയാണ്.

ശ്രീ. ഇട്ടീര അമ്പുക്കൻ : ആദ്യകൊല്ലത്തിൽ എത്ര രൂപയ്ക്കുവേണ്ടിയാണ് ലോൺ ഫ്ളോട്ടു ചെയ്തിട്ടുള്ളതു്?

ബഹു. ശ്രീ. എ. ജെ. ജോൺ : ൧൫ ലക്ഷം.

ശ്രീ. പി. എം. വർഗ്ഗീസ് : കൊച്ചിയിലെ സ്വത്തുജാമ്യബാങ്കും തിരുവിതാംകൂർ ക്രെഡിററബാങ്കുംകൂടി ഒന്നാക്കണമെന്ന് വിചാരിക്കുന്നുണ്ടോ?

ബഹു. ശ്രീ. എ. ജെ. ജോൺ : ഗവർമ്മെണ്ടിൻെറ ആലോചനയിൽ ഇരിക്കുന്ന ഒരു കാര്യമാണ് അതു്.

COSTING ACCOUNTANCY

*659. [14] **Sri. K. Ramachandran :** Will the Hon'ble Minister for Finance be pleased to state;

(*a*) whether the system of costing accountancy is being maintained in any of the industries and other manufacturing institutions of the Union; and

(*b*) whether Government would consider the question of introducing same?

ബഹു. ശ്രീ. എ. ജെ. ജോൺ :

(എ) ഗവണ്മെണ്ടു സ്ഥാപനങ്ങൾക്കു് കാസ്റ്റിംഗ് അക്കൗണ്ടൻസി ഉണ്ടു്. മററു സ്ഥാപനങ്ങളെപ്പററി പറയുകയാണെങ്കിൽ, തിരുവിതാംകൂർ റബ്ബർ ഫാക്ടറിയിൽ അതിന്റെ എക്സ്പെർട്ട് ഈ സിസ്റ്റം വളരെ രഹസ്യമായിട്ടു നടത്തുന്നുണ്ടു്. തിരുവിതാംകൂർ പ്ലൈവുഡ് ഫാക്ടറിയിൽ കാസ്റ്റിംഗ് അക്കൗണ്ടൻസി ഒരു മാതൃകയിൽതന്നെ നടത്തുന്നു. തിരുവിതാംകൂർ മിനറൽസ് കമ്പനിയുടെ കാര്യത്തിൽ ശരിയായ വിവരണം ഇതുവരെ കിട്ടിയിട്ടില്ല. എന്നാൽ ഇതിനെപ്പററി ഒരു നല്ല മാതൃക അവർ അനുകരിക്കുന്നുണ്ടു്.

(ബി) ഒന്നാം ചോദ്യത്തിന്റെ ഉത്തരത്തിൽ ഈ പ്രശ്നം ഉദിക്കുന്നില്ല.

റിട്രഞ്ചുമെൻറുമൂലമുള്ള ഉദ്യോഗസ്ഥന്മാരുടെ പിരിച്ചുവിടൽ

* ൩൩ ൦. (൧൨) ശ്രീ. പി. സി. ആദിച്ചൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാന മന്ത്രി സദയം മറുപടി പറയുമോ?

(എ) റിട്രഞ്ചുമെൻറു മുഖേന ഇപ്പോൾ ഉദ്യോഗസ്ഥന്മാരെ പിരിച്ചുവിടുന്നുണ്ടോ?

(ബി) ഉണ്ടെങ്കിൽ ഏതടിസ്ഥാനത്തിൽ ;

(സി) ൧൧൨ ൫ കന്നി ൩ ൦–ാം തിയ്യതിവരെ ഓരോ ഡിപ്പാർട്ട്മെണ്ടിൽനിന്നും പിരിച്ചുവിട്ടവരുടെ എണ്ണം;

(ഡി) അതിൽ പിന്നോക്കസമുദായങ്ങൾ എത്ര ;

(ഇ) പിന്നോക്ക സമുദായക്കാരെ പിരിച്ചുവിട്ടിട്ടുണ്ടെങ്കിൽ അവരെ ആ സ്ഥാനത്തു തന്നെ നിയമിക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

ഈ ചോദ്യത്തിന്റെ ഉത്തരം തയ്യാറായിട്ടില്ല.

RETRENCHMENT COMMITTEE

*661. [16] **Sri. A. K. George:** Will the Hon'ble Chief Minister be pleaced to state.—

(*a*) whether the retrenchment committee set up by the Government submitted their report; and

(*b*) if so, what are their recommendations?

The Hon'ble Sri. T. K. Narayana Pillai :

(*a*) Government have not set up any Retrenchment Committee. There is a Re-organisation Committee which is functioning now.

(*b*) The Re-organisation Committee is sending separate reports regarding the various Departments.

PEOPLE WORKING IN CEYLON

*662. [17] **Sri. A. K. George:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether the Government are aware of the difficulties of our people working in Ceylon with regard to the remittance of money for their houses;

(*b*) if so, has this Government moved the Government of India in this direction; and

(*c*) would the Government consider in this connection the desirability of sending a good-will mission to Ceylon, especially in view of the fact that a large section of such illfated people belong to the United State?

The Hon'ble Sri T. K. Narayana Pillai:

(*a*) and (*b*) Yes.

(*c*) No; since this is a matter for the Central Government to consider.

SEPARATION OF JUDICIARY FROM THE EXECUTIVE

*663. [18] **Sri. A. K. George:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether Government are going to separate judiciary from the executive as seen in Cochin Division; and

(*b*) if so, what are the steps already taken by the Government in this direction?

The Hon'ble Sri. T. K. Narayana Pillai:

(*a*) Not at present.

(*b*) Does not arise in view of answer to part (*a*).

POLICE EXCESSES IN TRICHUR

*664. [19] **Sri. A. K. George:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether the Government have received recently any complaint about police excesses in Trichur from Journalist Sri. K. V. Ittyara, and

(*b*) if so, what action has been taken on it?

The Hon'ble Sri. T. K. Narayana Pillai:

(*a*) Yes.

(*b*) The matter is being enquired into.

Sri. P. K. Dewar: May I know the nature of the enquiry?

The Hon'ble Sri. T. K. Narayana Pillai: I am not in a position to answer the question now. There are certain allegations made in the petition.

Sri. A. K. George: May I know the date of the petition?

The Hon'ble Sri. T. K. Narayana Pillai: One petition is dated 11th October 1949.

TRAVANCORE COINAGE

*665. [20] **Sri. A. K. George:** Will the Hon'ble Finance Minister be pleased to state?

(*a*) whether the Government are going to stop the Travancore coinage (chakrams etc).

(*b*) what will be the loss, if any in recalling these coins to the State Treasury?

ബഹു. ശ്രീ. എ. ജെ. ജോൺ : (എ) തിരുവിതാംകൂർ നാണയങ്ങൾ പെട്ടെന്നുതന്നെ പിൻവലിക്കണമെന്നു ഉദ്ദേശിക്കുന്നില്ല. എന്നാൽ കാലക്രമേണ അതു ചെയ്യേണ്ടതായിട്ടുവരും.

(ബി) തിരുവിതാംകൂർ നാണയങ്ങൾ മുഴുവനും പിൻവലിക്കുന്നതുകൊണ്ടു് ഉണ്ടാകുന്ന നഷ്ടം ൫൩,൨൩, ൦ ൦ ൦ രൂപയാണു്. ഈ നഷ്ടം സെൻട്രൽ ഗവൺമെൻറിൽനിന്നും ലഭിക്കുന്നതാണു്.

ശ്രീ. എം. ഐ. പാറം : നഷ്ടം ഇൻഡ്യാ ഗവൺമെൻറിൽനിന്നും തരുമെന്നു പറഞ്ഞല്ലോ. അങ്ങനെയാണെങ്കിൽ അതു പെട്ടെന്നുതന്നെ പിൻവലിക്കാൻ പാടില്ലെ?

ബഹു. ശ്രീ. എ. ജെ. ജോൺ : പാടില്ലെന്നേ ഇപ്പോൾ പറയാൻ നിവൃത്തിയുള്ളു.

ഗസററഡ് ഉദ്യോഗസ്ഥന്മാർ

*൩൩൩ (൨൧) സാഹിബ്ബഹദൂർ എ. എം. മുസ്തഫാ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ആദായനികുതി വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ഈ ഐക്യസംസ്ഥാനത്തിലെ ഇൻകംടാക്സ് ഇൻവെസ്റ്റിഗേഷൻ കമ്മീഷൻ വകുപ്പിൽ ആകെയുള്ള ഗസററഡ് ഉദ്യോഗസ്ഥന്മാരുടെ സംഖ്യ എത്ര?

(ബി) അവരുടെ ജാതി തിരിച്ചുള്ള പട്ടിക പ്രസ്താവിക്കുമോ?

ബഹു. ശ്രീ. എ. ജെ. ജോൺ : .....

(എ) ൭. (സെക്രട്ടറി ഉൾപ്പെടെ)

(ബി) മുസ്ലീം ൧

ക്രിസ്ത്യാനികൾ ൨

ഈഴവൻ ൧

നായർ ൧

ഗസററഡ് ഉദ്യോഗസ്ഥന്മാരുടെ എണ്ണം

*൩൩൪. (൨൨) സാഹിബ്ബഹദൂർ എ. എം. മുസ്തഫാ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പബ്ലിക്കു് സർവ്വീസു കമ്മീഷൻ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ ഐക്യസംസ്ഥാനത്തിൽ പബ്ലിക്ക് സർവ്വീസുകമ്മീഷൻ വകുപ്പിൽ ആകെയുള്ള ഗസററഡ് ഉദ്യോഗസ്ഥന്മാരുടെ സംഖ്യ എത്ര?

(ബി) അവരുടെ ജാതി തിരിച്ചുള്ള പട്ടിക പ്രസ്താവിക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ)		൪
(ബി)	തീയൻ (മലബാർ)	൧
	ക്ഷത്രിയൻ	൧
	സിറിയൻ ക്രിസ്ത്യൻ	൧
	ആംഗ്ലിക്കൻ ക്രിസ്ത്യൻ	൧

റവന്യൂ ബോർഡ് ഗസററഡ് ഉദ്യോഗസ്ഥന്മാർ

*൩൩൨. (൨൩) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂബോർഡ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഐക്യസംസ്ഥാനത്തിലെ റവന്യൂബോർഡ് വകുപ്പിൽ ആകെയുള്ള ഗസററഡ് ഉദ്യോഗസ്ഥന്മാരുടെ സംഖ്യ എത്ര ?

(ബി) അവരുടെ ജാതിതിരിച്ചുള്ള പട്ടിക പ്രസ്താവിക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ)		൭
(ബി)	ബ്രാഹ്മണൻ	൧
	നായർ	൧
	ഇഴവൻ	൧
	മററു ഹിന്ദു	൨
	ക്രിസ്ത്യൻ	൧
	മഹമ്മദൻ	൧

ശ്രീ. കെ. ആർ. ഇലങ്കത്ത് : ഓരോ ആഫീസിലും ജാതി തിരിച്ചുള്ള ഓരോ കാർഡുബോർഡ് സൃഷ്ടിക്കണമെന്നാണോ ഗവർമ്മെൻറ് വിചാരിക്കുന്നത്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങനെ വിചാരിച്ചിട്ടില്ല.

ഐക്യകേരള പ്രശ്നം

*൩൩൩. (൨൪) ശ്രീ. ഇട്ടിയര അയ്യക്കൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചി-തിരുവിതാംകൂർ സംയോജനത്തിനുശേഷം ഐക്യകേരളത്തെ ലക്ഷ്യമാക്കി നമ്മുടെ ഗവർമ്മെൻറ് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

(ബി) 'ഐക്യകേരളം' സൃഷ്ടിക്കുക എന്നുള്ളത് ഇന്നത്തെ ഗവർമ്മെൻറിന്റെ ലക്ഷ്യങ്ങളിൽ ഒന്നാണോ ?

(സി) ആണെങ്കിൽ ആയതിനുവേണ്ടി ഗവർമ്മെൻറ് മേലിൽ എന്തു നയപരിപാടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

(ഡി) ഈ കാര്യത്തെ സംബന്ധിച്ചു ബഹുമാനപ്പെട്ട ഗവർമ്മെൻറ് എടുക്കുവാനുദ്ദേശിക്കുന്ന ഓരോ നടപടിയും ഈ സഭയുടെ ചാർച്ചാ വിഷയമാക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ഈ ചോദ്യത്തിന്റെ ഉത്തരം തയാറായിട്ടില്ല.

ശ്രീ. എം. ഐ. പാറം : സർ, ഒരു പോയിൻറ് ആഫ് ഓർഡർ. ഈ സെഷനിൽ ചില ചോദ്യങ്ങൾക്കും മറുപടി തയാറായിട്ടില്ലെന്നു ഗവർമ്മെൻറ് ഭാഗത്തുനിന്നും പറയുകയുണ്ടായി. ആ സ്ഥിതിക്ക് ഈ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എന്നാണു മെംബറന്മാർക്ക് കാണാൻ സാധിക്കുന്നത്. എന്തു കാരണത്താലാണു ഉത്തരം തയാറായിട്ടില്ല എന്നു പറഞ്ഞിട്ടുള്ളത്?

Mr. Speaker: Does the Hon'ble Member want to know when the replies will be got ready and will be made available for the members?

ശ്രീ. എം. ഐ. പാറം : മറുപടി പറയാത്ത ചോദ്യങ്ങൾക്ക് മറുപടി തയാറായിട്ടുണ്ടെന്നു മെംബറന്മാർ ബോദ്ധ്യപ്പെടുത്തികൊടുക്കുകയാണെങ്കിൽ ഉത്തരം പറയാമോ?

Mr. Speaker: As soon as the replies are ready, they will be placed on the table for the perusal of Hon'ble Members.

ബഹുമാനപ്പെട്ട മെംബർ പറയുന്നതുപോലെ ചോദ്യങ്ങളുടെ ഉത്തരം യഥാർത്ഥത്തിൽ തയാറാക്കിയിരിക്കെ അതു തയാറായില്ലെന്നു ഗവർമ്മെൻറ് ഭാഗത്തുനിന്നും പറയുമെന്നു തോന്നുന്നില്ല. ഒരു ചോദ്യത്തിനുള്ള ഉത്തരം തയാറായിട്ടുണ്ടോ ഇല്ലയോ എന്നുള്ള കാര്യം പറയേണ്ട അവകാശം തന്നെ ബഹു. മെമ്പർക്കല്ല, മിനിസ്റ്റർക്കാണ്.

Sri. Ittiera Ambooken: Sir, since this is a matter relating to the policy of Government, I do not understand how Government can say that the reply is not ready.

Mr. Speaker: The House is at liberty to take other available steps for ascetaining policy of the Government in a matter but as for replies, the replies given here have to be accepted on their face value and no further discussion can be allowed thereon

APPOINTMENT IN THE GOVERNMENT PRESS

*670. [25] **Sri. N. Daniel Jose:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether Mr. R. Kumara Pillai has been appointed in the Government Press on a salary of Rs. 100-125;

(*b*) whether he was in the service of the Government before this appointment and if so, on what salary;

(*c*) if so, did he resign his post and on what account; and

(*d*) whether a separate arrangement was pending with the Accountant-General when this appointment was made?

The Hon'ble Sri. T. K. Narayana Pillai:

(*a*) Yes.

(*b*) Yes, he was in service till 1st Chingam 1122 in the scale of Rs. 45-75.

(*c*) Yes, he resigned his appointment on 1st Chingam 1122 on account of his not getting the promotion that was expected by him.

(*d*) No, it was pending with Government.

Sri. N. D. Jose: He was on Rs. 45-75 and later on he has been appointed on Rs. 100-125. May I know what additional qualifications did he have for his being re-appointed on Rs. 100-125.

The Hon'ble Sri. T. K. Narayana Pillai: It is not a question of additional qualifications Government were convinced on going through all the relevant papers that it was a fit case in which he deserved promotion.

ശ്രീ. വർഗ്ഗീസ് അഗസ്റ്റിൻ : റിസയിൻ ചെയ്ത ആളിനെ പിന്നെ ഉദ്യോഗത്തിൽ നിയമിക്കുമോ?

ബഹു. ടി. കെ. നാരായണപിള്ള : റിസയിൻ ചെയ്യുന്നതിന് മതിയായ കാരണങ്ങൾ ഉണ്ടായിരിക്കുകയും ആ കാരണങ്ങൾ ആ ആളിനെ സംബന്ധിച്ചിടത്തോളം ഇൻജസ്റ്റീസ് ആണെന്നു ഗവർമ്മെൻറിന് ബോദ്ധ്യപ്പെടുകയും ചെയ്യുകയാൽ തിരിയെ നിയമിക്കുന്നതിന് പ്രതിബന്ധമൊന്നുമില്ല.

ശ്രീ. ഇ. കെ. മാധവൻ : ഇപ്പോൾ അദ്ദേഹം ഉദ്യോഗത്തിൽ തുടർന്നിരുന്നിരുന്നുവെങ്കിൽ എന്തു ശമ്പളം കിട്ടുമായിരുന്നു?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ആദ്യത്തെ ജോലി തുടർന്നുകൊണ്ടുപോയിരുന്നുവെങ്കിൽ കിട്ടുമായിരുന്ന പ്രമോഷനെ അടിസ്ഥാനമാക്കിയാണ് വീണ്ടും നിയമിച്ചത്.

ശ്രീ. ഇ. പി. പൗലോസ് : എന്ത് അടിസ്ഥാനത്തിന്മേലാണ് ഇദ്ദേഹത്തെ വീണ്ടും ഉദ്യോഗത്തിൽ നിയമിച്ചത്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : അദ്ദേഹത്തിന്റെ അവകാശങ്ങൾ ശരിയാണെന്നു ഗവർമ്മെൻറിന് ബോദ്ധ്യപ്പെട്ടതുകൊണ്ടാണ് നിയമിച്ചത്.

Mr. Speaker: Strictly this is not a question to be starred. Having accepted it as such a few supplementary questions were allowed. We need not go further into the matter.

Sri. K. S. Joseph: There is a lot of principle involved in this question.

Mr. Speaker: It relates primarly to an individual case.

Sri. K. S. Joseph: With due respect to the Speaker, may I suggest that though it is a case of an individual, it involves a question of policy. The Speaker may therefore kindly allow us a few questions.

Mr. Speaker: Questions were allowed.

SPECIAL ALLOWANCE

671. [26] Sri. V. K. Varughese : Will the Hon'ble Finance Minister be pleased to state,

(*a*) the number of officers who are given special allowances, and

(*b*) the names of those officers together with their pay and the amount of allowances?

ബഹു. ശ്രീ. എ. ജെ. ജോൺ : (എ) തിരുവിതാംകൂറിലേയും കൊച്ചിയിലേയും അലവൻസ് അനുവദിച്ചിട്ടുള്ള ഗസററഡ് ഉദ്യോഗസ്ഥന്മാർ ൧ ൪.

(ബി) അവരുടെ പേരുകൾ അടങ്ങിയ ഒരു ലിസ്റ്റ് മേശപ്പുറത്തു വെച്ചിട്ടുണ്ട്.

ശ്രീ. വി. കെ. വർഗ്ഗീസ് : അലവൻസിനത്തിൽ എല്ലാംകൂടി ഒരാണ്ടിൽ എത്ര രൂപ ചെലവുവരുന്നുണ്ട്?

ബഹു. ശ്രീ. എ. ജെ. ജോൺ : അതു് കണക്കുകൂട്ടി നോക്കിയിട്ടില്ല. ഈ ലിസ്റ്റിൽ നിന്നും അതു് കാണാവുന്നതാണ്.

ശ്രീ. കെ. എ. മാത്യു : ഈ സ്പെഷ്യൽ അലവൻസ് എന്തു് അടിസ്ഥാനത്തിലാണ് കൊടുക്കുന്നതു്?

ബഹു. എ. ജെ. ജോൺ : അതിലേക്ക് ഒരു ജി. ഒ. ഇഷ്യു ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് കൊടുക്കുന്നതു്. ആ ജി. ഒ. ഞാൻ വായിക്കാം.

All allowances except the following will be abolished with effect from the 1st Karkadagam 1124,

1. Dearness allowance
2. Compensatory allowance
3. Risk allowance
4. Permanent travelling or conveyance allowance
5. Personal allowance counting for Pension
6. Allowance attached to security posts
7. Allowance for posts which are paid for only by allowance and no pay has been sanctioned
8. Allowance on account of special unhealthiness or expensiveness of the locality

ശ്രീ. വി. കെ. വറുഗീസ് : ഈ പേഴ്സനൽ അലവൻസ് എന്താണ്?

ബഹു. ശ്രീ. എ. ജെ. ജോൺ : അതു പേഴ്സനൽ ആയി കൂടുതൽ ജോലി ചെയ്യുന്നതിന് അനുവദിക്കുന്ന അലവൻസാണ്.

ശ്രീ. വി. കെ. വറുഗീസ് : സ്പെഷ്യൽ അലവൻസ് തുടരണമെന്നാണോ ഗവൺമെന്റിന്റെ നയം?

ബഹു. ശ്രീ. എ. ജെ. ജോൺ : ഞാൻ വായിച്ച ജി. ഒ. യിൽ പറഞ്ഞിരിക്കുന്നതു് മുകളിലേക്കു ബാക്കിയുള്ള എല്ലാ അലവൻസുകളും നിറുത്തൽ ചെയ്തിട്ടുണ്ട്.

	Name and Designation	*Pay or salary* Rs.	*Allowances* Rs.	
1.	A. S. Damodaran Assan, Member, Board of Revenue ..	750	100	
2.	C. P. Gopala Panicker, Food Production Commissioner ..	750	100	
3.	K. Parameswaran Nayar, Private Secretary to Hon'ble Minister ..	225	75	
4.	A. M. Nilakanda Chakyar do. do. ..	165	75	
5.	K. I. Gangadharan do. do. ..	160	75	
6.	G. Ramanatha Ayyar do. do. ..	175	75	
7.	M. Abdusalam do. do. ..	300	75	
8.	K. K. Raman Kutty do. do. ..	300	75	
9.	P. I. Jacob do. do. ..	235	75	
10.	M. Chandra Bhanu do. do. ..	235	75	
11.	M. K. Vasudevan Nayar do. do. ..		75	Salary not claimed yet
12.	M. Chandrasekharan Nayar, Inspector-General of Police ..	700	100	
13.	P. C. Chandy, Deputy Inspector-General of Police ..	370	100	

	Name and Designation	Pay or salary Rs.	Allowances Rs.
14.	P. A. Mohammed, Assistant Inspector-General	255	40
15.	Herman Lopez, Assistant Superintendent of Police, (Traffic and Railway) ..	235	40
16.	R. Chakrapani Poduval, Inspector of Police, (S. B.C. I. D.) ..	175	75
17.	M. Krishna Pillai, do. do. ..	175	75
18.	E. Sivaraman Nayar, Chief Engineer, (P. W. D.) ..	700	100
19.	P. H. Vaidyanathan, Special Engineer, Periyar valley ..	305	165
20.	C. I. Abraham, Secretary to Government, (Finance) ..	700	100
21.	E. Ramakrishna Pillai, Budget Special Officer	325	100
22.	K. Nataraja Ayyar Deputy Accountant-General ..	370	50
23.	V. S. Subramaniam, Assistant Finance Secretary ..	325	100
24.	Jacob Thaliath, Surgeon-General ..	700	50 Personal allowance 100 As Surgeon-General 100 Life Insurance
25.	K. N. Raghunatha Rao, Principal Medical Officer, Travancore State Forces ..	370	100
26.	C. A. Achuthan Pillai, Medical Officer ..	275	25
27.	Dr. R. Kesavan Nayar, Director, Zoo and Gardens ..	225	30
28.	N. Ramakrishna Pillai, Legal Remembrancer ..	650	250
29.	S. Hariharan, Technical Assistant, (Industrial) ..		75
30.	P. J. Sebastian, Director, Village Panchayats and Unions ..	550	100
31.	Mrs. K. M. George, Inspectress of Schools ..	225-15-300 / 300	100 Personal allowance
32.	C. R. Subramania Ayyar, Superintendent, Special (Excise) ..	175-5-200-10-300 / 210	25 Duty allowance
33.	M. K. Devassy, Assistant Labour Commissioner ..	200-300 / 200	10 Compensatory allowance
34.	V. Ramanathan, Professor, Maharaja's College ..	200-500 / 260	50 Allowance to manage hostels
35.	J. H. B. Kurup, Reserve Sergeant ..		50 Personal allowance

PARUR DISTRICT JUDGE

*672. [27] **Sri. V. K. Varghese:** Will the Hon'ble the Chief Minister be pleased to state:—

(*a*) when has the Office of the District Judge, Parur, fallen vacant;
(*b*) whether any appointment is made to that post; and
(4) Motor Branch of the erstwhile Travancore Government—Not ascertained.

(5) Motor Branch of the erstwhile Cochin Government—Not ascertained.

(6) Fire Branch of the erstwhile Travancore Government—Not ascertained.

റിട്രെഞ്ച്മെണ്ട്

* ൧൨൩. (൧൯൭൦) ശ്രീ. സി. സി. പ്രസാദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു പ്രധാനമന്ത്രി സദയം മറുപടി നൽകുമോ:—

(എ) തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാനത്തിൽ നടന്ന റിട്രെഞ്ച്മെണ്ടിന്റെ ഫലമായി എത്ര ഉദ്യോഗസ്ഥന്മാർ ഏതെല്ലാം തസ്തികകളിൽ പുറത്തായിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ;

(ബി) അവരിൽ എത്രപേർ പിന്നോക്കസമുദായത്തിൽനിന്നു; ഏതെല്ലാം തസ്തികകളിൽ ഉണ്ട്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ, ബി.) അത്യാവശ്യമില്ലെന്ന് തോന്നിയിട്ടുള്ള കുറെ ഉദ്യോഗങ്ങൾ മാത്രമേ റിട്രെഞ്ച് ചെയ്തിട്ടുള്ളു. റിട്രെഞ്ച് ചെയ്തിട്ടുള്ളവരെ കഴിയുന്നത്ര വേഗം ആവശ്യം അനുസരിച്ചു തിരിയെ നിയമിച്ചിട്ടും ഉണ്ട്. റിട്രെഞ്ച് ചെയ്തിട്ടുള്ള ഉദ്യോഗങ്ങളുടെ വിവരം ശേഖരിച്ചിട്ടുള്ളിടത്തോളം, തയ്യാറാക്കി സ്റ്റേറ്റുമെണ്ടു സെക്രട്ടറിയുടെ മേശപ്പുറത്തുവെച്ചിട്ടുണ്ട്.‡

* ൧൨൪. (൧൯൭൦) ശ്രീ. സി. സി. പ്രസാദ്. താഴെ പറയുന്ന ചോദ്യങ്ങൾക്ക് പ്രധാനമന്ത്രി സദയം മറുപടി നൽകുമോ?

ഗവർമ്മെണ്ടു സർവ്വീസുകളിൽ റിട്രെഞ്ചുമെണ്ടു് നടത്തിയിട്ടുള്ളതു് എന്തടിസ്ഥാനത്തിലാണെന്നു പറയുവാൻ ദയവുണ്ടാകുമോ?

‡Not printed in the day's proceedings.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അത്യാവശ്യമില്ലെന്ന് കണ്ടിട്ടുള്ള ആ കക്കളെമാത്രമേ റിട്രഞ്ചുചെയ്തിട്ടുള്ളു. അവരെ പിരിച്ചു വിടാതെ മററു ഡിപ്പാർട്ടുമെണ്ടുകളിൽ അത്യാവശ്യമുള്ള സ്ഥാനങ്ങളിൽ നിയമിയ്ക്കാനും ഏർപ്പാടു ചെയ്തിട്ടുണ്ട്.

ക ാ ാ രൂപായിൽ കൂടുതൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാർ

* ൧൦൨. (ക ൧ ൪) ശ്രീ. സി. സി. പ്രസാദ്: താഴെപറയുന്ന ചോദ്യത്തിന് ബഹു പ്രധാനമന്ത്രി സദയം മറുപടി നൽകുമോ:—

റിട്രെഞ്ചുമെണ്ടു നിമിത്തം ക ാ ാ ക. യിൽ മേൽ എത്ര ഉദ്യോഗസ്ഥന്മാർ ഒഴിവാ കേണ്ടിവന്നിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇതുവരെ ആരും ഒഴിവാകേണ്ടിവന്നിട്ടില്ലാ റിട്രെഞ്ചുമെണ്ടു നടപ്പിൽ വരുത്തിയിട്ടുമില്ല.

പുതിയ ഉദ്യോഗനിയമനം

* ൧൦൩. (ക ൧ ൫) ശ്രീ. സി. സി. പ്രസാദ്: താഴെപറയുന്ന ചോദ്യത്തിന് ബഹു പ്രധാനമന്ത്രി സദയം മറുപടി നൽകുമോ:—

റിട്രെഞ്ചുമെണ്ടിനുശേഷം എത്ര പുതിയ ഉദ്യോഗനിയമനം ഉണ്ടായിട്ടുണ്ടെന്നും അവ എതെല്ലാം തസ്തികകളിൽ, ഏതേതു് സമുദായക്കാരെയാണ് നിയമിച്ചിട്ടുള്ളതെന്നും പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാനത്തു് പൊതുവായി എതെല്ലാം തസ്തികകളാണ് കുറവുചെയ്യേണ്ടതു് എന്ന പ്രശ്നം ഗവമെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നേയുള്ളു. അതുകൊണ്ടു ഈ ചോദ്യത്തിന് ഉത്തരം നൽകുവാൻ ഇപ്പോൾ നിവൃത്തിയില്ല.

UNSTARRED QUESTIONS AND ANSWERS

CONFIRMATION

77. [2] **Sri. K. P. Nilakanta Pillai:** Will the Hon'ble Minister for Finance be pleased to lay on the lable a list of Government servants of the grades of Cochin State confirmed in service between 1st March 1948 and 11th May 1949 showing their respective salaries after and before confirmation and the respective date of their confirmation ?

The Hon'ble Sri. T. K. Narayana Pillai: The time and labour involved in collecting the statistics will not be commensurate with its possible utility.

ആഡിററ് ആൻഡ് അക്കൌണ്ട്സ് ഡിപാർട്ട്മെണ്ട്

൧൦൪. [൪] ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

ഐക്യസംസ്ഥാനത്തിലെ ആഡിററ് ആൻഡ് അക്കൌണ്ട്സ് ഡിപ്പാർട്ട്മെണ്ട് (Audit and Accounts) സെൻട്രൽ ഗവമ്മെണ്ടിന്റെ നിയന്ത്രണത്തിൽ ആക്കുന്നതിന് ആലോചന നടക്കുന്നുണ്ടോ? അങ്ങിനെ നടക്കുകയാണെങ്കിൽ ഇവിടെ ആഡിററ് ഡിപ്പാർട്ട്മെണ്ടു് സർവ്വീസിലിരിക്കുന്നവർക്ക് സെൻട്രൽ ഗവമ്മെണ്ടിൽ തത്തുല്യമായ സ്ഥാനങ്ങളിൽ ഇരിക്കുന്നവർക്കു ലഭിക്കുന്ന ശമ്പളവും സ്കെയിലും കിട്ടുമോ? അങ്ങിനെ ലഭിക്കുന്നതിനു വേണ്ട വല്ല നടപടികളും എടുത്തിട്ടുണ്ടോ?

ബഹു. ശ്രീ. എ. ജെ. ജോൺ: ക. ഉണ്ട്.

ഖ. ഇക്കാര്യം സെൻട്രൽ ഗവമ്മെണ്ടു് തീരുമാനിക്കേണ്ടതാണ്.

ഗ. ഇതേപ്പററി States Finance Enquiry Committee യുമായി ആലോചനകൾ നടത്തിയിട്ടുണ്ട്.

CREDIT BANK

79. [8] **Sri. K. I. Velaudhan:** Will the Hon'ble Minister for Finance be pleased to state.—

(*a*) have the Government received any request from the Travancore Credit Bank and Cochin Co-operative Land Mortgage Bank for the floatation of debentures and the date of the receipt of the same;

(*b*) if so the amount of debentures and interest on debentures recommended by the respective banks;

(*c*) have the Government sanctioned their requests; if the answer is in the negative the reason for the same;

(*d*) what are the conditions laid down—the Acts, Rules and bye-lows of these two banks for the floatation of debentures;

(*e*) have the conditions been satisfied by the banks before they made their request for the floatation of debentures; and

(*f*) if the answer is in the affirmative, the reasons for the delay ?

The Hon'ble Sri. A. J. John :

(*a*) Yes—Travancore Credit Bank on 30th April 1949 Cochin Co-operative Land Mortgage Bank on 9th July 1949.

(*b*) Travancore Credit Bank—Rs. 30 lakhs at 4½ per cent interest Cochin Co-operative Land Mortgage Bank Ltd.—6th Series for Rs. 5 lakhs at 3½ per cent interest.

(*c*) In the case of the Credit Bank orders are being issued.

Regarding Cochin Co-operative Land Mortgage Bank, the financial position has been ordered to be investigated by the Accountant-General and his report is awaited.

(*d*) The Hon'ble Member's attention is invited to Sections 18 to 22 of Chapter V of the Travancore Credit Bank Act IV of 1113 and Sections 4 to 7 of the Cochin Co-operative Land Mortgage Act XXV of 1111.

(*e*) As regards the Travancore Credit Bank the answer is 'yes'. Regarding Cochin Co-operative Land Mortgage Bank, the matter is being scrutinised.

(*f*) A reference is invited to answer to part (*c*).

ആപ്പീസ്സുകളിൽനിന്നും പുറപ്പെടുന്ന കല്പനകളുടെ കാലതാമസം

വ്യ ൦. (൧൦) ശ്രീ. ജോസഫ് മണ്ടശ്ശേരി: താഴെ പറയുന്ന ചോദ്യത്തിന്നു ബഹു പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

പബ്ലിക്കു് ആഫീസ്സുകളിൽനിന്നു് പുറപ്പെടുന്ന കല്പനകളിൽ കാണുന്ന തിയ്യതിയും, ആ കല്പനകൾ അഞ്ചലാഫീസ്സിൽ എത്തുന്ന (പോസ്റ്റു ചെയ്യുന്ന) തിയ്യതിയും തമ്മിൽ ഒരാഴ്ചയും ചിലപ്പോൾ അതിലധികവും അന്തരം കണ്ടുവരുന്നുണ്ടെന്ന സംഗതി ഗവൺമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: കല്പനകളിലെ തിയ്യതികളും അവ അഞ്ചലാപ്പീസ്സിൽ എത്തുന്ന തിയ്യതികളും തമ്മിൽ അന്തരം ഉണ്ടായിരുന്നതായി ഗവൺമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടതനുസരിച്ചു് അതു പരിഹരിക്കുന്നതിന്നു വേണ്ട നടപടികൾ എടുത്തിട്ടുണ്ടു്.

സ്റ്റാമ്പു ദാരിദ്ര്യം

വ്യ ൧. (൧൧) ശ്രീ. പി. കെ. രാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി യൂണിയൻ സ്റ്റേററിന്റെ തിരുവിതാംകൂർ പ്രദേശത്തു സ്റ്റാമ്പു ദാരിദ്ര്യമുള്ളതായി അറിയാമോ;

(ബി) തന്മൂലം വളരെ ആളുകൾക്കു കഷ്ടപ്പാടുകളും കാര്യദോഷങ്ങളും നിത്യവും സംഭവിക്കുന്നതായി ബഹു. മന്ത്രിയുടെ അറിവിൽ പെട്ടിട്ടുണ്ടോ;

(സി) ഇതു കാലപ്പഴക്കമുള്ള ഒരു പരാതിയാണെങ്കിലും പരിഹരിക്കാൻ സാധിക്കാത്തതു എന്തുകൊണ്ടാണു;

(ഡി) കൊച്ചിയിലെ സ്റ്റാമ്പുകൾ തിരുവിതാംകൂർ പ്രദേശത്തു അംഗീകാരമുള്ളതാണോ;

(ഇ) ആണെങ്കിൽ ആയതുകൂടി സ്വീകാര്യമായി ഗണിക്കാൻ വേണ്ട ഉത്തരവുകൾ പുറപ്പെടുവിക്കുമോ;

(എഫ്) സ്റ്റാമ്പുകൾ ബ്ലാക്കു മാർക്കററിൽ വില്ക്കുന്നതിനെ എളുപ്പത്തിൽ തടയാവുന്നതാണെങ്കിലും അങ്ങനെ എന്തെങ്കിലും ഏർപ്പാടുകൾ ഇതുവരെ ചെയ്തതായി കാണാത്തതു എന്തുകൊണ്ടു്;

(ജി) ഒരു കോടതിയുടെ അതൃത്തിക്കകത്തു വില്പനക്കു് അയച്ചിട്ടുള്ള സ്റ്റാമ്പുകൾ൯ ൦ ശതമാനമെങ്കിലും ആ അതൃത്തിക്കകത്തുതന്നെ വില്ക്കണമെന്നു നിർബ്ബന്ധിക്കുമോ?

ബഹു. ശ്രീ. എ. ജെ. ജോൺ:

(എ) സ്റ്റാമ്പ് ഇൻഡന്റ് അനുവദിച്ചു വന്നുചേരുന്നതിൽ ഉണ്ടാകാവുന്ന താമസം മൂലം അപൂർവ്വം ചില ട്രഷറികളിൽ അല്പം താമസം വന്നേക്കാമെന്നല്ലാതെ പൊതുവിൽ സ്റ്റാമ്പുദാരിദ്ര്യമുള്ളതായി അറിവില്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

(ഡി) അംഗീകരിക്കപ്പെട്ടിട്ടുള്ള കൊച്ചിയിലെ സ്റ്റാമ്പുകൾ തിരുവിതാംകൂറിൽ സ്വീകാര്യമാണ്.

(ഇ) ഈ ചോദ്യം ഉദിക്കുന്നില്ല.

(എഫ്) സ്റ്റാമ്പുകൾ ബ്ലാക്ക് മാർക്കറ്റിൽ വില്പന ഉള്ളതായി അറിവില്ല.

(ജി) ലൈസൻസ്സുള്ള വെണ്ടറന്മാർ, ലൈസൻസിൽ പറയുന്ന സ്ഥലത്തുവെച്ചുതന്നെ സ്റ്റാമ്പ് വില്ക്കണമെന്നുള്ളതിനാൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ഡെററിനു തടവുകാർ

വ്യവ. (ഗൃഹ) സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) സെൻട്രൽ ജയിലിൽ, ൧൯൪൭ തുലാമാസത്തിൽ നിരാഹാരസത്യഗ്രഹം നടത്തിയിട്ടുണ്ടോ;

(ബി) എന്താവശ്യം സാധിച്ചുകിട്ടുവാൻ വേണ്ടിയാണ് അവർ സത്യാഗ്രഹം നടത്തിയതു്;

(സി) എത്ര ഡെററിനു തടവുകാർക്ക് ഫാമിലി അലവൻസ് അനുവദിച്ചിട്ടുണ്ടു്; അവരുടെ പേരുവിവരം?

(ഡി) അതിൽ എത്ര പേർക്ക് കൊടുത്തിട്ടുണ്ടു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഉവ്വ്.

(ബി) ആവശ്യങ്ങൾ അടങ്ങിയ ഒരു പട്ടിക മേശപ്പുറത്തു വെച്ചിട്ടുണ്ടു്.

(സി) ൩. (൧) എ. ശങ്കരൻ, (൨) വി. എൻ. തോമസ്, (൩) പി. എസ്സ്. പത്മനാഭൻ, (൪) സി. കെ. കുമാരൻ, (൫) എം. എൻ. ഗോവിന്ദൻനായർ, (൬) പുഷപ്പുര കൃഷ്ണൻനായർ.

(ഡി) അനുവദിച്ചിട്ടുള്ള ഫാമിലി അലവൻസ് ഉടൻതന്നെ അതിന്റെ അവകാശികൾക്ക് കൊടുക്കുവാൻ ഉത്തരവയച്ചിട്ടുണ്ടു്.

Mr. Speaker: The question time is over.

Sri. N. V. Chacko: Sir, a mistake has crept in a question No. 56 and it has to be rectified. The figure 6,000 in part (*c*) of the question should be corrected as 60,000.

Mr. Speaker: That correction will be made in the Report.

ADJOURNMENT MOTION

മി. സ്പീക്കർ: ഒരു അഡ്ജോൺമെന്റ് മോഷൻ കിട്ടിയിട്ടുണ്ടു്. അതായതു് മൂനയം എന്ന സ്ഥലത്തു് കരുവന്നൂർ നദിയിൽ ഒരു ബണ്ടു് (ചിറ) ൨—൮—൧൯൪൭-ൽ ഇടുന്നു പതിവാണ്. ആ പതിവനുസരിച്ചു ഇന്നലെവരെ ആ ബണ്ടു് ഇടാത്തതുകൊണ്ടു് ആളുകളുടെ ഇടയിൽ അസ്വസ്ഥതയും ഭീതിയും ഉളവായിരിക്കുന്നു എന്നുള്ളതാണ്. അതിലേക്ക് ൨൦—൮—൧൯൪൭-നു മുമ്പേ ആ ബണ്ടു് ഇടാത്തതിൽ ഉള്ള അസ്വസ്ഥതയും ഭീതിയും സംബന്ധിച്ചു് വാദപ്രതിവാദം നടത്താൻ സഭാനടപടികൾ മാററിവയ്ക്കണമെന്നുള്ളതാണ് അടിയന്തിരപ്രമേയം. ഇതു സംബന്ധിച്ചു വേണ്ട വിവരങ്ങൾ ഒന്നും കിട്ടിയിട്ടില്ല. കൂടുതൽ വിവരങ്ങൾ അറിഞ്ഞാൽ അതു സ്വീകാര്യമാണോ എന്നു പറയാം.

The Honbl'e Sri. E. John Philipose: Sir, I have not received notice of this motion. But I know it has something to do with a bund that is to be constructed immediately. All that I can say now is that I shall certainly look into the matter and see whatever can be done is done.

മി. സ്പീക്കർ: ഇതേ സംബന്ധിച്ചു ഇങ്ങനെ ഒരു ബണ്ടു് ഇടുക പതിവാണ്. അതു് ഇന്നലെ ഇടേണ്ടതാണ്. അതു ഇട്ടില്ല. അതു ഇടാത്തതുകൊണ്ടു് നേരിട്ടിട്ടുള്ള ഭീതി

എന്താണ്? അസ്വസ്ഥത എന്താണ് എന്നുള്ളതിനെപ്പററി വാദപ്രതിവാദം നടത്തുന്നതിന് സഭാനടപടികൾ മാററിവയ്ക്കത്തക്കതല്ല. ഈ ബണ്ട് ഇങ്ങനെ ഇടാൻ അമാന്തിക്കുന്നതുകൊണ്ട് കാര്യമായ നഷ്ടം കൃഷിക്ക് സംഭവിക്കുന്നതായാൽ അതടിസ്ഥാനമാക്കി ഒരു അടിയന്തിരപ്രമേയം കൊണ്ടുവരാവുന്നതും അനുവദിക്കത്തക്കതുമാണ്. അടിയന്തിരപ്രമേയത്തിലെ വിവരങ്ങൾ അടിസ്ഥാനമാക്കി ഈ പതനത്തിൽ അതു അനുവദിക്കത്തക്കതല്ല.

ELECTIONS TO COMMITTEES

മി. സ്പീക്കർ: ഒരു പ്രസ്താവന ചെയ്യാനുണ്ട്. കമ്മററി ആഫ് പ്രവിലേജസ്, ലജിസ്ലേററിവ് ലൈബ്രറി അഡ്വൈസറി കമ്മററി, സൗത്തിൻഡ്യൻ റെയിൽവെ അഡ്വൈസറി കമ്മററി ഈ മൂന്നുകമ്മററികൾക്കും കിട്ടിയ നാമനിർദ്ദേശങ്ങൾ പരിശോധിച്ചതിൽ അവയെല്ലാം സാധുവാണെന്നും ഓരോ കമ്മററിക്കും കിട്ടിയ നാമനിർദ്ദേശങ്ങളുടെ സംഖ്യയും തിരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ സംഖ്യയും തുല്യമാണെന്നും കണ്ടിരിക്കുന്നു. അതുകൊണ്ട് നാമനിർദ്ദേശം ചെയ്യപ്പെട്ട താഴെ പറയുന്ന അംഗങ്ങളെ അതാതു കമ്മററികളിലേക്ക് തെരഞ്ഞെടുത്തിരിക്കുന്നതായി പ്രഖ്യാപനം ചെയ്യുന്നു.

കമ്മററി ആഫ് പ്രവിലേജസ്

(൧) ശ്രീ. പി. നാണു.
(൨) ശ്രീ. കെ. എ. മാത്യു.
(൩) ശ്രീ. പി. സി. തോമ്പിച്ചൻ.
(൪) ശ്രീ. കെ. ഐ. വേലായുധൻ.
(൫) ശ്രീ. പട്ടം എ. താണുപിള്ള.
(൬) ശ്രീ. എ. നേശമണി.
(൭) ശ്രീ. സി. വി. ഇയ്യു.

ലെജിസ്ലേററിവ് ലൈബ്രറി അഡ്വൈസറി കമ്മററി

(൧) സാഹിബ് ബഹദൂർ എ. അബ്ദുൾ റസാക്ക്.
(൨) ശ്രീ. പി. ബാലകൃഷ്ണൻതമ്പി.
(൩) ശ്രീ. കെ. കെ. വിശ്വനാഥൻ.
(൪) ശ്രീ. ജോസഫ് മുണ്ടശ്ശേരി.
(൫) സാഹിബ് ബഹദൂർ ടി. എ. മൊയ്തീൻകുഞ്ഞ്.

സൗത്തിൻഡ്യൻ റെയിൽവെ (ലോക്കൽ) അഡ്വൈസറി കമ്മററി

ഡാക്ടർ ഇ. കെ. മാധവൻ.

LEGISLATIVE BUSINESS

Sri. K. Sivarama Piallai: On a point of order, Sir. The order in which Bills are to be introduced is changing daily so much so we are not in a position to come prepared. For the information of the House I may say that on 3rd December this bill came as the 18th number, on the 5th December it came as No. 7 and in today's agenda it is put down as the first item.

Mr. Speaker: Is it the first item in today's agenda?

Sri. K. Sivarama Pillai: Yes, Sir. But that agenda was distributed this morning.

Mr. Speaker: The rule is that agenda for every day must have been circulated the previous evening and I think it must have been so done. If the rule has been violated and any delay is thereby occasioned, the Hon'ble Members may bring it to my notice. But on referrence I find that the agenda was really made available to the members yesterday and not this morning as the member observed.

ആദ്യമേതന്നെ ഇതു് ഈ തരത്തിൽ വ്യത്യാസപ്പെടുത്തിയിട്ടുള്ളതാണ്. എങ്കിലും അതുകൊണ്ട് എന്തെങ്കിലും അസൗകര്യം മെമ്പർമാർക്ക് നേരിടുന്നപക്ഷം അതു പരിഹരിക്കാൻ ശ്രമിക്കാം. ഈ ക്യാററിൽ ട്രസ്പാസ് ബിൽ ഇന്നു ആദ്യമായി എടുക്കുകയാണെന്നുള്ള വസ്തുതയും ഇന്നലെതന്നെ അറിഞ്ഞതാണ്. സങ്കേതികമായോ കാര്യവശാലൊ ഈ ബിൽ ഇന്നു എടുക്കുന്നതിനു ആക്ഷേപമില്ല. ഇപ്പോൾ ക്യാററിൽ ട്രസ്പാസ് ബിൽ ആലോചനയ്ക്ക് എടുക്കാം.

Sri. P. S. Nataraja Pillai: The agenda circulated yesterday speaks of legislative business standing over and today we have got a new list. The legislative business standing over will mean that business left over the previous day and that makes all the difference. That point may be taken note of by the Chair.

Mr. Speaker: That does not make any difierence.

The United State of Travancore and Cochin Cattle Trespass Bill

The Hon'ble Sri. T. K. Narayana Pillai: Sir; I introduce the United State of Travancore and Cochin Cattle Trespass Bill. The Bill is intended to replace the two Cattle Trespass Acts in force in Travancore and Cochin by one uniform law throughout the United State. The provisions of the Bill closely follow the provisions of the Indian Cattle Trespass Act, except in one respect. Under clause 28 of the Bill the Police have been empowered to investigate cases arising under clause 27 of the Bill without an order from a Magistrate, as if it is a cognisable case in effect but with the restriction that the accused person cannot be arrested by the Police without the order of a Magistrate. This departure has been made with a view to enable the Police to collect evidence against persons who let loose their cattle without a keeper and who through neglect or otherwise, thereby cause damages to land or crops or produce of land reared by others. Poor persons may not be in a position to move the court with the necessary evidence against owners of cattle and this enabling provision will go a great way to reduce the menace of cattle as the Police can investigate into the offence and charge-sheet the accused before court. There is another provision also in this Bill and that is Section 27 which imposes a penalty of Rs. 10 in some cases and Rs. 50 in certain other cases. It has been represented to Government from various quarters that there were innumerable cases of cattle trespass and the law, as it stands, is inadequate to meet all possible contingencies. It is with a view to satisfy demands arising from various quarters that the Government have thought it fit and necessary to introduce this bill.

The Honble Sri. A. J. John: I second it.

ശ്രീ. എൻ. വി. ചാക്കോ: സർ, ക്യാററിൽ ട്രസ്പാസ് ബില്ലിനെപ്പററി അസംബ്ലിയിൽ ഞാൻ ഒരു ചോദ്യം ചോദിച്ചിട്ടുണ്ടായിരുന്നു. അതേപ്പററി പാർട്ടിയോഗത്തിൽ ഞാൻ ചോദിച്ചതിന്നു ലീഡർ എന്നുള്ള നിലയിൽ പ്രധാനമന്ത്രി ഉത്തരം പറഞ്ഞതു് വളരെ അവജ്ഞയോടുകൂടിയാണു്. എന്നാൽ അദ്ദേഹംതന്നെ ഈ ബിൽ ഇവിടെ കൊണ്ടുവന്നതിൽ എനിക്കു വളരെ സന്തോഷമുണ്ടു്. നാം വണ്ടികളിൽ യാത്രചെയ്യുമ്പോൾ റോഡിൻെറ ഇരുവശങ്ങളിലും വേലികൾ ഉണ്ടായിരുന്നിട്ടും പുരയിടങ്ങളിലും വയലുകളിലും കന്നുകാലികൾ വിളവു തിന്നു നശിപ്പിക്കുന്നതായി കാണാറുണ്ടു്. വയലുകൾക്കും പുരയിടങ്ങൾക്കും വേലി കെട്ടുന്ന പതിവില്ലാത്ത സ്ഥലങ്ങളും ഉണ്ടു്. അവിടെ കന്നുകാലികളെ കെട്ടിത്തീററുകയാണു് ചെയ്യുന്നതു്. ഉത്തരതിരുവിതാംകൂറിൽ വേലികെട്ടാതെ കൃഷി ഇറക്കുന്നതിനു് യാതൊരു നിവൃത്തിയുമില്ല. വേലി കെട്ടിയാൽപ്പോലും അതു കന്നുകാലികൾ കുത്തിപ്പൊളിച്ചും ചാടിയും വിളവു തിന്നു നശിപ്പിച്ചുവരുന്നു. എന്നാൽ അവയെ പിടിച്ചു പൗണ്ടിൽ ഏല്പിക്കാം എന്നുവെച്ചാൽ അവ പിടിക്കുന്ന ആളുകളെ കുത്തിയൊ ചവുട്ടിയൊ കൊലപ്പെടുത്തിയെന്നുവരാം. പൗണ്ടിൽ കെട്ടിയാൽ അതുകൊണ്ടു് വലിയ പ്രയോജനം ഒന്നുമില്ല. കന്നുകാലികൾ വിളവു നശിപ്പിക്കുന്നപക്ഷം അതിനുവേണ്ട നഷ്ടപരിഹാരം കൊടുപ്പിക്കുന്നതിനു ഒരു വ്യവസ്ഥ ഈ ക്യാററിൽ ട്രസ്പാസ് ബില്ലിൽ ഉണ്ടായിരിക്കണമെന്നാണു് എൻെറ അഭിപ്രായം. അതുപോലെതന്നെ ഫൗൾട്രസ്പാസ് കൂടി കൂട്ടിച്ചേർത്താൽ തരക്കേടില്ല. കോഴി താറാവു മുതലായവ കയറി വിളവു നശിപ്പിക്കുകയാണെങ്കിൽ അതിനും നഷ്ടപരിഹാരം കൊടുപ്പിക്കത്തക്കവണ്ണം വ്യവസ്ഥ ചെയ്യണം.

ശ്രീ. പൊന്നറ ജി. ശ്രീധർ: എലി വിളവു നശിപ്പിച്ചാലോ?

ശ്രീ. എൻ. വി. ചാക്കോ: അതു് ചില മനുഷ്യഎലികളാണു്. കോഴിക്കു് പറക്കാൻ സാധിക്കുന്നതാണു്. അവയെ പിടിക്കുന്നതിനും പൗണ്ടിൽ ഏല്പിക്കുന്നതിനും വളരെ പ്രയാസമുണ്ടു്. അതുകൊണ്ടു് അവമൂലമുണ്ടാകുന്ന നഷ്ടത്തിനും പരിഹാരം കൊടുപ്പിക്കാൻ അവകാശം ഉണ്ടായിരിക്കണം. ഈ മാതിരിയുള്ള ട്രസ്പാസ്കൊണ്ടു് ചിലപ്പോൾ കൊലക്കേസ്സുവരെ ഉണ്ടായിട്ടുള്ളതായി അറിയാം. ഉത്തരവിരുവിതാംകൂറിലാണെങ്കിൽ വേലി കെട്ടാതെ കൃഷിയിറക്കാൻ നിവൃത്തിയില്ല. അവിടെ വേലി കെട്ടുന്നതിനുള്ള പ്രയാസവുംകൊണ്ടു് കൃഷിക്കാർ കൃഷിയിറക്കാൻ വളരെ ബുദ്ധിമുട്ടുന്നു. വേലി കെട്ടുന്നതു് വളരെ ചിലവുള്ള ഒരു സംഗതിയാണു്. ഒരു വയലിൻെറ ഉടമസ്ഥന്മാർ അവരുടെ നിലങ്ങൾ

ഒരേ സമയത്തു വിതക്കുകയൊ അവയ്ക്കു വേലികെട്ടുകയൊ ചെയ്യ എന്നു വരുന്നതല്ല. ആദ്യം വിതക്കുന്നവരുടെ കൃഷി കന്നുകാലികൾ തിന്നു നശിപ്പിക്കുന്നു. ഒരു വയലിന്റെ ചുററും വേലികെട്ടാൻ അതിൽ ഏതാനും ഭാഗത്തിന്റെ ഉടമസ്ഥനു അവകാശമില്ല; അങ്ങിനെ വേലികെട്ടാൻ സാധിക്കയുമില്ല. അതുകൊണ്ടു് ഈ ബില്ലുകൊണ്ടു് ജനങ്ങൾക്കു് ഉപകാരമുണ്ടാകണമെന്നുള്ളപക്ഷം, പ്രത്യേകിച്ചും ഭക്ഷണപ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്ന ഈ കാലത്തു്, കന്നുകാലി, കോഴി, താറാവു്, പന്നി മുതലായവ ട്രസ്പാസ്സു് ചെയ്യുകയാണെങ്കിൽ നഷ്ടപരിഹാരം കൊടുപ്പിക്കുന്നതിനു് ബില്ലിൽ വ്യവസ്ഥയുണ്ടായിരിക്കണം.

മനുഷ്യർ ട്രസ്പാസ്സു് ചെയ്യുന്നു എന്നു പറയുന്ന അർത്ഥത്തിലല്ല കന്നുകാലികൾ, കോഴി, താറാവു, പന്നി ഇവ ട്രസ്പാസ്സു് ചെയ്യ എന്നു പറയുന്നതു്. അതുകൊണ്ടു് ഈ ക്യാററിൽ ട്രസ്പാസ്സു് ബില്ലിൽ കോഴി, താറാവ് മുതലായവയേകൂടി ഉൾപ്പെടുത്തി അതു എത്രയും വേഗം നിയമമാക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, ഈ ബില്ലിനെ പിൻതാങ്ങുന്നതോടുകൂടി ഒന്നുരണ്ടു കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽ പെടുത്തണമെന്നു് എനിക്കാഗ്രഹമുണ്ടു്. സെക്ഷൻ 'വൻ ഈ ബില്ലിൽ പുതുതായി ചേർത്തിരിക്കുന്ന ഒരു വകുപ്പാണെന്നു ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിക്കുകയുണ്ടായി. അതു സാധാരണയിൽ കൂടുതൽ അധികാരങ്ങൾ പൊലീസുകാക്കു കൊടുത്തു സാധുക്കളായ ആളുകളെ ഉപദ്രവിക്കാൻ പര്യാപ്തമാവുകില്ലെ എന്നു ഞാൻ ഭയക്കുന്നു. അതുകൊണ്ടു് ആ സെക്ഷൻ എടുത്തുകളയുക എന്നുള്ളതാണു് ഏററവും ആത്യാവശ്യമായിട്ടുള്ളതു്. അതുമാതിരിതന്നെ മറെറാരു കാര്യം പറയാനുള്ളതു് ഇന്നലെ സെലക്ടു് കമ്മററിക്കയച്ചിട്ടുള്ള പഞ്ചായത്തു ബില്ലനുസരിച്ചു് പഞ്ചായത്തുകൾക്കാണു് ഈവിധം അധികാരങ്ങൾ വച്ചിരിക്കുന്നതു്. അതുകൊണ്ടു് അതനുസരിച്ചുള്ള ചില പരിഷ്കാരങ്ങൾ ഈ ബില്ലിലും വരുത്തേണ്ടതാണു്. അല്ലെങ്കിൽ പല കുഴപ്പങ്ങൾക്കും ഇടയായേക്കാം. ഈ രണ്ടു സംഗതികളാണു് എനിക്കു ഈ ബില്ലിനെ സംബന്ധിച്ചു് പറയാനുള്ളതു്.

ഈയവസരത്തിൽ മറെറാന്നു് എനിക്കു പറയാനുള്ളതു് ഇതുമാതിരി വലിയ വാദപ്രതിവാദങ്ങൾ ഒന്നും ആവശ്യമില്ലാത്ത ബില്ലുകളെല്ലാം വളരെ വേഗം ഒന്നുതീർത്താൽ പ്രധാനപ്പെട്ട ചില ബില്ലുകളുള്ളതു് എടുക്കാൻ സാധിക്കുമെന്നാണു്. അതുകൊണ്ടു് അക്കാര്യംകൂടി ഈ ബില്ലിന്റെ അവതാരകൻ ശ്രദ്ധിക്കണമെന്നു പറഞ്ഞുകൊണ്ടു് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. സി. വി. ഐയ്യ: സർ, കന്നുകാലികളെ കെട്ടാതെ അഴിച്ചുവിടുന്നതുകൊണ്ടുള്ള ഉപദ്രവം ഇന്നു തിരുവിതാംകൂറിലും കൊച്ചിയിലും മാത്രമല്ല ഇൻഡ്യ ഒട്ടുക്കുള്ള ഒരു ദോഷമാണു്. ഇൻഡ്യാക്കാരെ അധിക്ഷേപിച്ചു് എഴുതിയിട്ടുള്ള മിസ്സു് മേയോവിന്റെ പുസ്തകം നോക്കിയാൽ ഈ കന്നുകാലിശല്യത്തെക്കുറിച്ചു് പ്രതിപാദിക്കാൻ ഒരദ്ധ്യായംതന്നെ ചെലവഴിച്ചിട്ടുണ്ടെന്നു കാണാം. കന്നുകാലിശല്യംകൊണ്ടു് ഇൻഡ്യയിൽ ഒരു വലിയ വിഭാഗം വിളവു നഷ്ടപ്പെടുന്നുണ്ടു്. എന്നാൽ അതിനെ തടയുന്നതിനു് പോലീസിനു് അധികാരം കൊടുക്കുന്നതു് സാധാരണക്കാരായ കർഷകരുടെമേൽ അനാവശ്യമായ കേസ്സുകളെടുത്തു അവരെ ഉപദ്രവിക്കുന്നതിനും അവർക്കു് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതിനും കാരണമാവുകയില്ലെ എന്നു ഞാൻ ബലമായി സംശയിക്കുന്നു. പ്രത്യേകിച്ചും കക്ഷിഭരണം നടക്കുന്ന കാലങ്ങളിലും, രാജ്യങ്ങളിലും ഈ അധികാരം പോലീസുകാർക്കു് കൊടുത്താൽ അതു ദുർവ്വിനിയോഗം ചെയ്യ സാധുക്കളായ കൃഷിക്കാർക്കു് ഭരണപരമായ പല വിഷമതകളും ഉണ്ടാക്കാൻ എളുപ്പമുണ്ടു്. ശ്രീ. ചാക്കോ ചൂണ്ടിക്കാണിച്ചപോലെ നഷ്ടപരിഹാരത്തിനുള്ള വ്യവസ്ഥ വളരെ അത്യാവശ്യമാണു്. ഞാൻ മുമ്പു കൊച്ചി നിയമസഭയിൽ ഈ നഷ്ടപരിഹാരത്തെമാത്രം ഉദ്ദേശിച്ചു് ഇന്നു മുൻസിഫ് കോടതികളിൽ കേസ്സുകൊടുക്കുന്നതിനു് വച്ചിരിക്കുന്ന അധികാരം ജനങ്ങൾക്കു് കുറെക്കൂടി സൗകര്യപ്രദമാക്കി തീർക്കുന്നതിനു് വില്ലേജുകോടതികൾക്കു് കൊടുക്കത്തക്കവണ്ണം നിയമത്തിനു് ഒരു ഭേദഗതി അവതരിപ്പിച്ചിരുന്നു. എന്നാൽ അന്നത്തെ ഗവമ്മെണ്ടും നിയമസഭയിലെ പല അംഗങ്ങളും അതിനോടു് യോജിക്കായ്കയാൽ അതു തള്ളപ്പെടുകയാണു് ചെയ്തതു്. ഈ അവസരത്തിലും ഗൗരവമായി ചിന്തിക്കേണ്ട ഒരു സംഗതിയാണു് ഇതു്. അതുപോലെതന്നെ നഷ്ടപരിഹാരം മററു വസ്തുക്കളിൽനിന്നും കൂടെ ഈടാക്കാതെ കേസിനു കാരണമായ ഉരുവിനെമാത്രം ബാധിക്കുന്നതായിരിക്കത്തക്കവിധത്തിലും വ്യവസ്ഥ ചെയ്യേണ്ടതാണു്. നഷ്ടപരിഹാരത്തിനുള്ള കേസ്സുകൾ കൃഷിക്കാർക്കു് വളരെ കോടതിച്ചിലവുകൂടാതെ നടത്തിക്കിട്ടുന്നതിനും നിവൃത്തിയുണ്ടെങ്കിൽ കേസിനു പോകാതെതന്നെ യോജിച്ചു ഒതുക്കി തീർക്കാനും സൗകര്യമുണ്ടാകത്തക്കവിധത്തിൽ ഈ മാതിരി കേ

[Sri. C. V. Iyyu]

സുകൾ തീരുമാനിക്കുന്നതിനുള്ള അധികാരം വില്ലേജ്കോടതികൾക്ക് കൊടുക്കുന്നതു് നന്നായിരിക്കും. തിരുവിതാംകൂറിൽ വില്ലേജ്കോടതികൾ ഉണ്ടോ എന്നെനിക്ക് നിശ്ചയമില്ല. ഇല്ലെങ്കിൽ വില്ലേജ്കോടതികൾ ഏർപ്പെടുത്തി ഈ അധികാരങ്ങൾ അവർക്ക് കൊടുക്കുന്നതു കൊള്ളാം. സാധാരണയായി ഇത്തരം കേസുകളുടെ സംഖ്യ ഇ ാ ഉ പ്പിികയിലധികമാവുകയില്ല. അതുകൊണ്ടു് ഈ ബില്ലിലെ വ്യവസ്ഥകൾ തൽക്കാലം കൃഷിക്കാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാത്ത രീതിയിൽ കൊണ്ടുപോയാൽ മതിയെന്നഭിപ്രായപ്പെടുകയും ഇക്കാര്യങ്ങൾ സഭയുടെ ശ്രദ്ധക്ക് വിഷയീഭവിക്കണമെന്നപേക്ഷിക്കയും ചെയ്തുകൊണ്ടു് ഞാൻ ഈ ബില്ലിനെ പിന്താങ്ങുന്നു.

Sri. K. P. Nilakanta Pillai : In supporting the motion, I want to place before this House certain defects of the Bill. The member in charge of the Bill was telling this House that there are two Acts existing today—one in Travancore and the other in Cochin. They are the Acts of 1086 and 1071 respectively. From the existing Act in Travancore, I personally find no advancement in the provisions of the present legislation introduced in this House.

Secondly, I want to draw the attention of the House to Section 18 of this Bill. It says: "Out of the sums received on account of fines and the unclaimed proceeds of the sale of cattle shall be paid—

(*a*) the salaries allowed to pound-keepers under the orders of Government, and

(*b*) the expenses incurred for the construction and maintenance of pounds, or for any other purpose connected with the carrying out of this Act;

and the surplus, if any, shall be at the disposal of Government.

Apart from this provision, I find no other provision providing for the salaries of pound-keepers. Therefore, naturally the question arises, how these pounds and pound-keepers are to be maintained. From this Section, it would appear that the pound-keepers are expected to make the necessary funds available so that they may maintain themselves and the authorities may also resort to several methods in raising funds to construct pounds and maintain them. Apart from this, there is no other provision to pay these pound-keepers. Is there any provision which the Government would make? In the absence of this provision, no doubt would have arisen, but because there is a definite clause saying that "out of the sums received on account of fines and the unclaimed proceeds of the sale of cattle shall be paid the salaries allowed to pound-keepers...." etc., the doubt arises. If there is no action taken under this regulation, no money would come to the pound-keeper. Further if there is no money coming by way of fines, etc., whether the pounds could be maintained and whether there would be a pound at a given locality or not, is doubtful. That question will naturally arise.

The Hon'ble Sri. T. K. Narayana Pillai : I may draw the attention of my learned men to Section 6: "Every pound-keeper appointed by the Division Peishkar may be suspended or removed by him.

Sri. K. P. Nilakanta Pillai : I have noted that. There are other Sections also which leave this matter in doubt. The Pound-keeper may look after many other functions which the appointing authority may delegate to him. He may be a public servant for the purpose of this Act just as a Police Officer is a Public Servant. Therefore he is protected as any other public servant is protected under the Service Regulations or the Criminal Procedure Code or the Penal Code. This is the construction which I put on that clause.

Thirdly Section 11 narrates the places from where straying cattle may be seized and impounded. It does not go far enough. That is my grievance. The members will kindly understand that, for example, lamps let loose on the main road and say, in Chalai Bazaar, and many other places create obstruction to traffic. Many an accident involving loss of life was made possible on account of this letting loose of innocent animals in busy places like Chalai Bazaar and main road of the city. Owing to extra humanitarian considerations which sometimes prevail with the motor-drivers, they prefer to kill a dozen human beings in order to save a dog or a lamb. Therefore this Section does not go far enough. It must cover the instances which I placed before this House. Animals let loose to create obstruction to public generally and to vehicular traffic in particular, should be covered by this Section so that there may be remedy for the cases mentioned by me.

My learned friend, Mr. Sreedhar, was suggesting that instead of giving power to the Police, the Corporation Commissioner, the District Magistrates and other bodies enumerated in the Bill, the Village Panchayat Authorities may be given this function. There is Section 34 which will enable the Government to invest the authority under this Bill with the Village Panchayats also. With these words, I support the Bill.

ശ്രീ. ടി. എസ്സ്. ബന്ധു: സർ, കൃഷിക്കാരുടെ രക്ഷക്കുവേണ്ടി ഇങ്ങനെ ഒരു ബിൽ കൊണ്ടുവന്നതിൽ ഞാൻ ഗവമ്മെണ്ടിനെ അഭിനന്ദിക്കുന്നു. ഇന്നത്തെ കൃഷികാര്യമന്ത്രി കൊച്ചിയിലെ കാൺഗ്രസ്സ് പ്രസിഡൻറായിരുന്ന കാലത്ത് അവിടെ അദ്ദേഹം നടത്തിയ പര്യടനവേളയിൽ കൊച്ചിയിലെ എല്ലാ കൃഷിക്കാരിൽനിന്നും ഇക്കാര്യത്തിൽ ആവലാതികളുണ്ടായിരുന്നുവെന്നുള്ള വസ്തുത ബഹുമാനപ്പെട്ട സഭയെ അനുസ്മരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കണമെന്നും കൃഷി വികസിപ്പിക്കണമെന്നും ആഗ്രഹിക്കുന്ന യാതൊരാളും ഈ ബില്ലിനെ ഒരു പ്രകാരത്തിലും എതിർക്കുകയില്ലെന്നാണ് എന്റെ പരിപൂർണ്ണമായ വിശ്വാസം. ഇന്നത്തെ കൃഷികാര്യമന്ത്രി കൊച്ചിയിലെ പ്രധാനമന്ത്രിയായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ സ്വന്തം അനുഭവം വച്ചുകൊണ്ട് അവിടത്തെ നിയമസഭയിൽ ഇതുപോലുള്ള ഒരു ബില്ല് അവതരിപ്പിക്കുകയും അതിന്റെ രണ്ടാംവായന കഴിക്കയും ചെയ്തിട്ടുണ്ടായിരുന്നു. പക്ഷേ മൂന്നാംവായന കഴിച്ച് അതു പാസാക്കുന്നതിനുള്ള അവസരം വരുന്നതിനുമുമ്പ് സംയോജനം വന്നതുകൊണ്ട് അതു നിയമമാകാതെ പോവുകയാണുണ്ടായത്. ഈ യൂണിയൻ അസംബ്ലിയിൽ ആ ബില്ല് അവതരിപ്പിച്ചിരിക്കുന്ന ഈ അവസരത്തിൽ അതിനെ കൃഷിക്കാരുടെ പേരിൽ സംസാരിക്കുന്ന യാതൊരാളും എതിർക്കുകയില്ലെന്നു വിശ്വസിക്കുകയും എല്ലാവരും അതിനോടു അനുകൂലിക്കണമെന്ന് അപേക്ഷിക്കുകയും മാത്രമാണ് എനിക്ക് ചെയ്യാനുള്ളത്.

ശ്രീ. എൻ. പി. വർഗ്ഗീസ്: സർ, ഈ ബില്ലിനെ ഞാൻ ഹാർദ്ദമായി സ്വാഗതംചെയ്യുന്നതോടുകൂടിത്തന്നെ ഇതിൽ ചില ഭേദഗതികൾകൂടി വരുത്തിയാൽ കൊള്ളാമെന്നും അഭിപ്രായപ്പെട്ടുകൊള്ളുന്നു. ഒന്നാമതു എനിക്കു പറയുവാനുള്ളതു ഇതിൽ ക്വാററിലിനുകൊടുത്തിരിക്കുന്ന നിർവ്വചനം ഒന്നു വിപുലപ്പെടുത്തി കോഴി, താറാവു, മുയലായവയെകൂടി ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്നാണ്. മറെറാരുകാര്യം, ഈ ബില്ല് പാസാക്കുന്നതുകൊണ്ടുമാത്രം ക്വാററിൽ ട്രസ്പാസ്സ് പരിഹരിക്കപ്പെടാൻ പോകുന്നില്ലെന്നുള്ളതാണ്. ഇന്നു പലസ്ഥലങ്ങളിലും ക്വാററിൽ പൗണ്ടുകളില്ല. മൂവാററുപുഴ താലൂക്കിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ അവിടെ ഒരൊററ പൗണ്ടുപോലുമില്ല. അതുകൊണ്ടു ഈ ബില്ല് പാസാക്കുന്നതോടെപ്പംതന്നെ പൗണ്ടുകളില്ലാത്തസ്ഥലങ്ങളിൽ മിക്കവാറും ഓരോപകുതിയിലും ഓരോപൗണ്ടുവീതമെങ്കിലും ഉണ്ടാക്കുന്നതിനുള്ള ഏർപ്പാടുകൾകൂടി ചെയ്യേണ്ടതാണ്.

മൂന്നാമതായി എനിക്കു പറയുവാനുള്ളതു ക്വാററിൽ ട്രസ്പാസ്സ് തടയുന്നതിനുമുൻപ് കന്നുകാലികൾക്കു മേയുന്നതിനുള്ള സൗകര്യം ഉണ്ടാക്കികൊടുക്കണമെന്നാണ്. ഇപ്പോൾ ഒരിടത്തുംതന്നെ കന്നുകാലികൾക്കു മേയുന്നതിനു സൗകര്യമായ സ്ഥലങ്ങളില്ല. കന്നുകാലികൾ കൂടുതലുള്ള സ്ഥലങ്ങളിലും സൗകര്യപ്രദമായവിധം ഏർപ്പെടുത്തുവാൻ കഴിയുന്നസ്ഥലങ്ങളിലും ഇത്തരം മേച്ചിൽസ്ഥലങ്ങൾ ഉണ്ടാക്കികൊടുക്കേണ്ടതു വളരെ അത്യാവശ്യമാണ്. അതിലേക്കു എത്രയോ അപേക്ഷകൾ ഗവമ്മെണ്ടിലേക്കു അയച്ചിട്ടുണ്ട്. പക്ഷേ, ഇതുവരെ ഒരുസ്ഥലംപോലും പതിച്ചുകൊടുത്തിട്ടുള്ളതായി അറിയുന്നില്ല. മൂവാററുപുഴ താലൂക്കിൽ കുട്ടമംഗലംപകുതിയിൽ ചേലാട്ടു എന്ന സ്ഥലത്തിനോടടുത്തു കുറെസ്ഥലം മേച്ചിൽസ്ഥലത്തിന്റെ ആവശ്യത്തിനായി പതിച്ചു കൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു ഗവമ്മെൻറിലേക്കു നിവേദനം നടത്തിയിട്ടും ഇതുവരെ യാതൊരുഫലവും ഉണ്ടായിട്ടില്ലെന്നു മാത്രമല്ല, ഇപ്പോൾ ആ കടലാസുതന്നെ എവിടെയാണെന്നു നിശ്ചയവുമില്ല. മന്ത്രിയുടെ ആഫീസിലാകട്ടെ, സെക്രട്ടറിയേററിലാകട്ടെ ഫാറസ്റ്റാഫീസിലാകട്ടെ ആ കടലാസുകാണുന്നില്ല. ഇക്കാര്യത്തിൽ എത്രമാത്രം അനാസ്ഥയോടുകൂടിയാണു ഗവമ്മെൻറു പ്രവർത്തിക്കുന്നതെന്നു കാണിക്കുവാൻ ഞാൻ ഇതു പറഞ്ഞതാണ്. മൂന്നോ നാലോതവണ ഇതിനുവേണ്ടി ഡെപ്യൂട്ടേഷൻപോയിട്ടു ചില ഒഴിവുകഴിവുകൾ പറഞ്ഞയച്ചതല്ലാതെ യാതൊരു നടപ്പും ഉണ്ടായില്ല. ക്വാററിൽസംരക്ഷണംചെയ്തു കൃഷിക്കാരെ സഹായിക്കാമെന്നു പ്രഖ്യാപനം ചെയ്യുന്നുണ്ടെങ്കിലും അതനുസരിച്ചു ഗവമ്മെൻറു യാതൊന്നുംതന്നെ പ്രവർത്തിക്കുന്നില്ല. അതിനാൽ ഓരോ പകുതിയിലും ഓരോ ക്വാററിൽ പൗണ്ടുസ്ഥാപിച്ചും കന്നുകാലികൾക്കു മേയുന്നതിനുള്ള സൗകര്യംകൊടുത്തും കന്നുകാലിസംരക്ഷണം നിർവ്വഹിക്കുവാൻ വേണ്ടസൗകര്യങ്ങൾ കൊടുക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. ടി ടി. കേശവൻശാസ്ത്രി: സർ, ഞാൻ ബില്ലിനെ അനുകൂലിക്കുന്നു. കന്നുകാലിസംരക്ഷണത്തിനു തികച്ചും പര്യാപ്തമായ ഈ ബിൽ സംസ്ഥാനത്തെ കർഷകജനതയ്ക്ക് വളരെ സഹായകമാണ്. പട്ടണങ്ങളിലെപ്പോലെ ഗ്രാമങ്ങളിൽ കന്നുകാലികളെ സൂക്ഷി

[Sri. T. T. Kesavan Sastri]

ക്കാറില്ല. ഇതു് പരമാത്ഥമാണു്. പട്ടണങ്ങളിൽ അഴിച്ചുവിട്ടു അലഞ്ഞുനടക്കുന്ന കന്നുകാലികൾ പൗണ്ടുകളിൽ അടയ്ക്കപ്പെടുന്നു. എന്നാൽ ഗ്രാമങ്ങളിലാകട്ടെ കന്നുകാലികളെ മിക്കവാറും അഴിച്ചുവിടുകയാണുചെയ്യുന്നതു്. കന്നുകാലികൾ നടന്നു് വിളവുകൾ നശിപ്പിക്കുന്നു. കൃഷിക്കാർ കന്നുകാലികളെ ഉപദ്രവിക്കുന്നു. കൃഷിക്കാരനും കന്നുകാലി ഉടമസ്ഥനും ശത്രുക്കളാകുന്നു. ഇതിനെല്ലാം ഈ ബിൽ പരിഹാരമുണ്ടാക്കുന്നതാണല്ലോ. ബിൽ സെലക്ടു്കമ്മിററിക്കു അയച്ചു റിപ്പോർട്ടുവരുത്തി എത്രയുംവേഗം നിയമമാക്കിത്തീർക്കണമെന്നു ഞാനും അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ബഹു. ശ്രീ. ടി കെ. നാരായണപിള്ള: ഈ ബില്ലിൻെറ തത്വങ്ങളെ ബഹുമാനപ്പെട്ട അംഗങ്ങൾ എല്ലാവരുംതന്നെ അംഗീകരിച്ചിരിക്കുന്നതായി കാണുന്നു.

Sri. K. P. Nilakanta Pillai : Sir, I was doubting, how in the absence of a fund, the pound-keeper can be paid. I want to bring to the notice of the House, section 17, paragraph 2 which reads:- "The charges for feeding and watering, deducted under Section 16, shall be paid over to the pound-keeper, who shall also retain and appropriate all sums received by him on account of such charges under Section 13.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇവിടെ ഒന്നാമതായി പുറപ്പെടുവിച്ച ആക്ഷേപം പറക്കുന്നവർഗ്ഗങ്ങളെക്കൂടി, അതായതു് കോഴി, തത്ത, പ്രാവു്, താറാവു് മുതലായ പക്ഷികളെയും മററും ഈ ബില്ലിൻെറ പരിധിക്കുള്ളിൽകൊണ്ടുവന്നിട്ടില്ലെന്നുള്ളതാണു്. അതിനെപ്പററി തീർച്ചയായും ആലോചിക്കാവുന്നതാണു്. സെലക്ടു്കമ്മിററിയിൽവച്ചുതന്നെ അക്കാര്യത്തെപ്പററി ചിന്തിക്കാവുന്നതാണു്. മറെറാരാക്ഷേപവും പൗണ്ടുകീപ്പർ ശമ്പളംപററുന്ന ഒരു ഉദ്യോഗസ്ഥനാണോ, അതായതു ഒരു ഗവമ്മെൻറ സർവ്വെൻറാണോ എന്നുള്ളതിനെപ്പററിയായിരുന്നു. അങ്ങനെ സംശയിക്കുന്നതിനു് വല്ല അടിസ്ഥാനവുമുണ്ടോ എന്നകാര്യം സംശയമാണു്. അതുസംബന്ധിച്ചു ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥപ്രകാരം പൗണ്ടുകീപ്പക്കു ശമ്പളം കൊടുക്കുവാൻ ഗവമ്മെണ്ടു ബദ്ധ്യസ്ഥരാണെന്നാണു് എനിക്കു തോന്നുന്നതു്. Section 18 reads as follows: Out of the sums received on account of fines and the unclaimed proceeds of the aale of cattle shall be paid (a) the salaries allowed to pound-keepers under the orders of Government.

"Salaries already allowed to pound-keepers"

എന്ന വാക്കാണു് ഉപയോഗിച്ചിരിക്കുന്നതു്. ആ ശമ്പളം ഏതുവിധത്തിൽ കൊടുക്കണമെന്നുള്ളതാണുകാര്യം. അതിൽ വലിയ സംശയത്തിനു വകയില്ല. അഥവാ എന്തെങ്കിലും ഉണ്ടെങ്കിൽതന്നെ അതിനെപ്പററിയും സെലക്ടു്കമ്മിററിക്കു ആലോചിക്കാവുന്നതേയുള്ളു മറെറാന്നു്, വില്ലേജുപഞ്ചായത്തുകൾക്കു ഇതിസംബന്ധിച്ചുള്ള അധികാരങ്ങൾ കൊടുക്കണമെന്നാണു്. അതിനുള്ളസമാധാനം ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞുകഴിഞ്ഞു. ഏതായാലും ഈ ബില്ലിൻെറ പൊതുതത്വം ഈ സഭ അംഗീകരിച്ചിരിക്കുന്നതുകൊണ്ടും, ഈ ബില്ല അടിയന്തിരസ്വഭാവമുള്ള ഒരു ബില്ലായതുകൊണ്ടും, ഇതു എത്രയുംവേഗം പാസാക്കണമെന്നു ഗവമ്മെണ്ടിനു നിർബ്ബന്ധമുള്ളതുകൊണ്ടും ഈ ബില്ല താഴെ പേർപറയുന്ന ആളുകളടങ്ങിയ ഒരു സെലക്ടു്കമ്മിററിക്കു റഫർ ചെയ്യണമെന്നും ആ കമ്മിററി രണ്ടു ദിവസത്തിന്നകം റിപ്പോർട്ടു സമർപ്പിക്കണമെന്നും ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

സെലക്ടു്കമ്മിററിയംഗങ്ങൾ

(അ) ശ്രീ. എൻ. വി. പാക്കൊ.
(ഛ) ശ്രീ. ജി. പി. നീലകണ്ഠപ്പിള്ള.
(ന) ശ്രീ. പി. താണുലിംഗനാടാർ.
(ര) ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ.
(ഭ) ശ്രീ. കെ. സി. എം. മേത്തർ.
(ന) ശ്രീ. കെ. എ. ഗംഗാധരമേനോൻ.
(ഒ) ശ്രീ. സി. വി. ഇയ്യു.

കോറം നാലായിരിക്കുന്നതാണു്.

ബഹു. ശ്രീ. എ. ജോൺ: ഞാൻ ഇതിനെ പിൻതാങ്ങുന്നു.

(ഉപക്ഷേപം വോട്ടിനിടുകയും പാസാക്കുകയുംചെയ്തു)

The Unitod State of Travancore and Cochin Sales Tax Bill

ബഹു. ശ്രീ. എ. ജെ. ജോൺ : ജനറൽ സെയിൽസ് ടാക്സ് ആക്ട് കഴിഞ്ഞ കൊല്ലത്തിലാണ് തിരുവിതാംകൂറിൽ നടപ്പിൽ വന്നത്. കൊച്ചിയിൽ അതു ൧൧൨൧ നടപ്പിൽ വന്നു. തിരുവിതാംകൂറിലെ സേയിൽസ് ടാക്സ് ആക്റ്റും കൊച്ചിയിലെ സേയിൽസ് ടാക്സ് ആക്റ്റും തമ്മിൽ പറയത്തക്ക വ്യത്യാസമൊന്നുമില്ല. രണ്ടു നിയമങ്ങളും മദ്രാസിലെ ജനറൽ സേയിൽസ് ടാക്സ് ആക്ടിനെ അടിസ്ഥാനപ്പെടുത്തിയാണ് എഴുതിയിട്ടുള്ളത്. തിരുവിതാംകൂറിലും കൊച്ചിയിലും രണ്ടു നിയമങ്ങൾ നിലവിലിരിക്കുന്നതുകൊണ്ട് വ്യാപാരികൾക്കും മററും പലവിധമായ അസൗകര്യങ്ങൾ ഇപ്പോൾ നേരിടുന്നുണ്ട്. തിരുവിതാംകൂറിലെ വ്യാപാരികൾക്ക് കൊച്ചിയിലും കൊച്ചിയിലെ വ്യാപാരികൾക്ക് തിരുവിതാംകൂറിലും ബ്രാഞ്ചുണ്ടായിരിക്കും. ആ നിലക്ക് ഇപ്പോഴത്തെ നിയമമനുസരിച്ച് തിരുവിതാംകൂറിൽനിന്നും ഒരു വ്യാപാരി അവരുടെ കൊച്ചിയിലെ ബ്രാഞ്ചിലേക്ക് അയക്കുന്ന ഇടപാട് ഒരു വില്പനയായി കരുതുന്നതായിരിക്കും. അതുപോലെതന്നെ കൊച്ചിയിലെ ഇടപാടും കരുതപ്പെടും. സംയോജനത്തിനുശേഷം ഇങ്ങനെയുള്ള അസൗകര്യങ്ങൾ ഉണ്ടാകുന്നതു ശരിയായ ഒരു നടപടിയല്ലെന്നു പറയേണ്ടതില്ലല്ലോ. ഇതിനുംപുറമെ തിരുവിതാംകൂറിലെ സേയിൽസ് ടാക്സ് ൧൯൯൭ വകുപ്പനുസരിച്ച് നാൺറസിഡൻസിന്റെ പക്കൽനിന്നും സേയിൽസ് ടാക്സ് ഈടാക്കുന്നതിനെ സംബന്ധിച്ച് പ്രത്യേകമൊരു വകുപ്പുണ്ട്. ഈ വകുപ്പനുസരിച്ച് കൊച്ചിയിലെ വ്യാപാരികൾ നാൺറസിഡൻസായി വിചാരിക്കപ്പെടുന്നു. ഈ കാരണങ്ങളാൽ ഈ രണ്ടു രാജ്യങ്ങളിലുമുള്ള സേയിൽസ് ടാക്സ് ആക്ട് ഏകീകരിക്കേണ്ട ആവശ്യം വന്നിട്ടുണ്ട്. അങ്ങനെ ഏകീകരിക്കണമെന്നു ഈ സഭയിലെ പല അംഗങ്ങളും ആവശ്യപ്പെട്ടിട്ടുമുണ്ട്. ഇപ്പോൾ അവതരിപ്പിക്കപ്പെടുന്ന ഈ ബില്ല് തിരുവിതാംകൂറിലെ ജനറൽ സേയിൽ ടാക്സ് ആക്ടിനെ അടിസ്ഥാനപ്പെടുത്തിതന്നെയാണ്. അതിൽ പറയത്തക്ക വ്യത്യാസങ്ങൾ ഒന്നുതന്നെ ചെയ്തിട്ടില്ല. സെക്ഷൻ ൩-ൽ, ടേൺഓവർ റൂൾസ് ഈ സഭയിൽ കൊണ്ടുവന്നു പാസ്സാക്കണമെന്നു ഒരു പ്രൊവൈസോ കൊടുത്തിട്ടുണ്ട്. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ബില്ലിൽ ആ പ്രൊവൈസോ ചേർത്തിട്ടില്ല. കൊച്ചിയിലെ സേയിൽസ് ടാക്സ് ആക്ടിൽ അങ്ങനെയൊരു വ്യവസ്ഥയില്ല. ടേൺഓവർ റൂൾസ് ഇപ്പോൾ നടപ്പിരിപ്പുണ്ടുതാനും. കൊച്ചിയിലും അതേ റൂൾസുതന്നെയാണ് നടപ്പിലിരിക്കുന്നത്. അതുകൊണ്ട് ടേൺഓവർ റൂൾസ് പാസ്സാക്കിയിട്ടില്ലെങ്കിൽതന്നേയും വലിയ കുഴപ്പങ്ങളൊന്നുംവരാനില്ല. ഇത്രയുമല്ലാതെ മറെറാരു വ്യത്യാസവും ഇപ്പോഴത്തെ നിലയിൽ വരുത്തിയിട്ടില്ല. സഭയുടെ അംഗീകാരത്തിനായി ഞാൻ ഈ ബില്ല് അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ടി. കെ. നാരായണപിള്ള : ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ശ്രീ. എൻ. പി. വർഗ്ഗീസ് : സർ, ഞാൻ ഈ ബില്ലിന്റെ പൊതുതത്വത്തോടു പൂർണ്ണമായി അനുകൂലിക്കുന്നു. കഴിഞ്ഞ കൊല്ലം തിരുവിതാംകൂറിൽ പാസ്സാക്കിയ സേയിൽസ് ടാക്സ് ആക്ട് വലിയ വ്യത്യാസം കൂടാതെ ആണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത്. ഈ അവസരത്തിൽ എനിക്ക് പ്രധാനമായി പറയുവാനുള്ളത് ഈ ബില്ലിൽ അപ്പീൽ കൊടുക്കുന്നതിനുള്ള പ്രൊവിഷൻ ചേർത്തിരിക്കുന്നത് ന്യായമായിരിക്കുന്നില്ലെന്നാണ്. ബോർഡ് ഓഫ് റവന്യൂവിനെയാണ് അപ്പലററ അതാറിട്ടിയായി ചേർത്തിരിക്കുന്നത്. ജുഡീഷ്യൽ കാര്യങ്ങളിൽ എക്സിക്യൂട്ടീവിന് കൈകടത്തണമെന്നുള്ള ഒരു വാസന ഏതു ബിൽ എടുത്തു നോക്കിയാലും ഉള്ളതായികാണാം. അങ്ങനെ ഒരു വാസന ഇപ്പോൾ മിക്ക രാവണ്മെണ്ടുകൾക്കുമുണ്ട്. ആ ടെൻറൻസി ജനകീയ തത്വങ്ങൾക്ക് വിരുദ്ധമാണെന്നു പറയാതെ തരമില്ല. ജുഡീഷ്യൽ സ്ഥാപനങ്ങളെ അഭയം പ്രാപിക്കുന്നതിനും, അവിടെ തന്റെ സങ്കടങ്ങൾ പറയുന്നതിനും പരിഹാരങ്ങൾ നേടുന്നതിനും ഏതുപൗരനും അവകാശമുണ്ട് എക്സിക്യൂട്ടീവു ആഫീസർമാർമാത്രം ഉൾക്കൊള്ളുന്ന ഒരു അപ്പലററ അതാറിട്ടിയാണെങ്കിൽ ജനങ്ങൾക്ക് അത്രമാത്രം ആശ്വാസപ്രദമായിരിക്കുകയില്ലെന്നുള്ളതു തർക്കമററ സംഗതിയാണ്. സേയിൽസ് ടാക്സ് ആക്ടനുസരിച്ച് പുതിയ കരങ്ങൾ ഈടാക്കുന്നവിഷയത്തിൽ എക്സിക്യൂട്ടീവു ആഫീസർമാർ പല അഴിമതികളും നടത്തുന്നുണ്ട്. അതുസംബന്ധിച്ച് പല പരാതികളും വരുന്നുണ്ട്. അക്കാര്യം ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും അറിയാവുന്നതാണ്. ഇവയെപ്പററി ഉണ്ടാകുന്ന കേസ്സുകൾക്ക് അപ്പീൽ കൊടുക്കുന്നതിനു ഒരു സ്പെഷ്യൽ ട്രിബ്യൂണലിനെ തന്നെ ഏർപ്പെടുത്തുവാനുള്ള പ്രൊവിഷൻകൂടി ഈ ബില്ലിൽ ഉണ്ടായിരിക്കണമെന്നാണ് എന്റെ അഭിപ്രായം. മദ്രാസിലെ സെയിൽസ് ടാക്സിൽ അങ്ങനെ ഒരു പ്രൊവിഷൻ ഇല്ലെ

[Sri. N. P. Verghese]

ന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ മദ്രാസ്സിൽ ഉണ്ടായിക്കഴിഞ്ഞിട്ട് പിന്നീടുണ്ടായ ബോംബെ ആക്ടിൽ ൪-ാം വകുപ്പിൽ അങ്ങനെ ഒരു ട്രിബ്യൂണൽ ഏർപ്പെടുത്തുവാനുള്ള പ്രൊവിഷനുണ്ട്. ഒരു ഉദ്യോഗസ്ഥനും ഒരു ഇൻകാപ്പ്റേറററഡ് അംഗവും ഒരു അനുദ്യോഗസ്ഥനുംകൂടി ചേർന്നാണ് ആ ട്രിബ്യൂണൽ രൂപീകരിക്കപ്പെടുന്നതു്. അങ്ങനെ ഒരു ട്രിബ്യൂണൽ, കഴിവുള്ളിടത്തോളം അനുദ്യോഗസ്ഥാംഗങ്ങളെ മാത്രം ഉൾപ്പെടുത്തി ഏർപ്പെടുത്തുവാനുള്ള പ്രൊവിഷൻ ഈ ബില്ലിലും ഉണ്ടാക്കേണ്ടതാണ്. ഈ ട്രിബ്യൂണലിന്റെ തീരുമാനത്തിന്മേൽ എന്തെങ്കിലും സംശയം വരുമ്പോൾ അത്തരം കേസ്സുകൾ ഹൈക്കോടതിയിലേക്കു റഫർ ചെയ്യുവാനുള്ള വ്യവസ്ഥകൾകൂടി ഉണ്ടായിരിക്കണം. സേയിൽസ് ടാക്സ് റൂൾസിനെ സംബന്ധിച്ചും പല സംശയങ്ങളും ഉണ്ടാകാവുന്നതാണ് ഇവയ്ക്കെല്ലാം പരിഹാരമായി ഞാൻ മുമ്പു പറഞ്ഞതുപോലെ ഒരു ട്രിബ്യൂണൽ ഏർപ്പെടുത്തുവാനുള്ള വ്യവസ്ഥകൂടി ഉൾപ്പെടുത്തി ഈ ബില്ല് പാസ്സാക്കേണ്ടതാണ്.

Sri. P. S. Nataraja Pillai: Sir, after all this Bill seems to me to be a natural result of the creation of the new Union and is only for the integration of the laws that existed in the two States. But it requires scrutiny. At this stage when the Select Committee sits, it is better to consider whether items that are taxable now, should continue to be so hereafter. I would like to point out one such instance. In the present condition of handloom industry, whether sales-tax should be imposed on the imported mill yarn is a question that requires serious consideration. Whether an exemption should be provided, if so to what extent or whether the loss of revenue could not be recouped by increasing the license fee for imported yarn or some adjustment like that is a matter for consideration. The actual cost of production of handloom products must not go up. Already the handloom industry is in a precarious condition. There are other industries in this category and I would only request the members of the Select Committee which would be constituted to take some care to study the subject and its implications and provide for it.

Sri. P. S. Nataraja Pillai: As for constituting a Tribunal as Appellate Authority, I think that it will be a cumbersome procedure. Iti s true that the Bombay Act has such a provision. Taxation is inevitable and is very necessary for the maintenance of the State. Collection of Taxes should also be expeditious and effective as far as possible. For only if Revenue is collected can the standard of life of the citizens be improved. One of the canons of taxation is that the method of realising taxation should not be cumbersome. I think the Select Committee will necessarily go into the suggestion. At any rate, I heartily support this measure and hope that it will become law as early as possible.

ശ്രീ. പി. കെ. രാമൻ: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന സേയിൽസ് ടാക്സ് ബില്ലിനെ അനുകൂലിക്കുന്നുവെങ്കിലും ബില്ലിലെ ഇപ്പോഴത്തെ വ്യവസ്ഥയനുസരിച്ച് പൊതുജനങ്ങൾക്ക് കഷ്ടനഷ്ടങ്ങൾ സംഭവിക്കുന്നുവെന്നുള്ളതും പറയാതെ തരമില്ല. ൨ ൦ രൂപയോ അതിൽ കുറവായോ ഉള്ളതുകൊണ്ട് കയറവ്യാപാരം ചെയ്യുന്ന ഒരുത്തനു ലൈസൻസ്സു വേണ്ടെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതനുസരിച്ചു ൨ ൦ രൂപയുടെ കയറു വാങ്ങിച്ചു ഒരുത്തൻ അതിനെ തട്ടുക്കോ പായയോ ആക്കുകയാണെങ്കിൽ ഉടനെ അതിനു ടാക്സ് കൊടുക്കണം. മാത്രമല്ല, അതു കയറുമതി ചെയ്യുകയാണെങ്കിൽ അവിടേയും ടാക്സ് കൊടുക്കണം. ഇങ്ങനെ ഒരുത്തനിൽനിന്നും ഒരു സാധനത്തിനു രണ്ടുതവണ കരം ഈടാക്കുന്നുണ്ട്. ഈ സമ്പ്രദായം ചെറുതരം വ്യവസായികളെ സാരമായി ബാധിക്കുന്നതുകൊണ്ട് ചിലപ്പോൾ ഇത്തരം വ്യവസായങ്ങൾതന്നെ അധഃപതിച്ചു പോകാനിടയുണ്ട്. കുടിൽവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കണമെന്നു ഗവൺമെണ്ടുദ്ദേശിക്കുന്നുവെങ്കിൽ ഈവക സാധനങ്ങൾ കയറുമതി ചെയ്യുമ്പോൾ മാത്രമെ ടാക്സ് ഈടാക്കാവൂ എന്നാണ് എന്റെ അഭിപ്രായം. നാളികേരോല്പന്നങ്ങൾക്കു കൊച്ചിയിൽ ടാക്സ് ചുമത്തുന്ന ഏർപ്പാടില്ല. അതുകൊണ്ടാണ്, ചേർത്തല, കോട്ടയം, ആലപ്പുഴ മുതലായ സ്ഥലങ്ങളിൽനിന്നും, തേങ്ങ, കൊപ്ര മുതലായവ കൊച്ചിയിൽ കൊണ്ടുപോയി വിററഴിക്കുന്നതു്. ഇതിനു കാരണക്കാർ ഈ ബില്ലിന്റെ നിർമ്മാതാക്കളാണ്. ഇവരുടെ അജ്ഞതകൊണ്ട് വേറേയും പല കുഴപ്പങ്ങൾ ഉണ്ടാകുന്നുണ്ട്. ഇതിനും പുറമെ, നികുതി ഉദ്യോഗസ്ഥന്മാരിൽനിന്നും ചെറുതരം വ്യവസായികൾക്കു പലവിധത്തിലുള്ള ഉപദ്രവങ്ങളുമുണ്ടാകുന്നു. ചേർത്തലയിലെ ഒരു കച്ചവടക്കാരൻ ലൈസൻസു എടുത്തില്ല. കുറേകഴിഞ്ഞപ്പോൾ, ആ കാരണംവച്ചുകൊണ്ട് അയാൾ യഥാർത്ഥത്തിൽ എന്തു തുക കൊടുക്കേണ്ടിയിരുന്നോ, അതിന്റെ ഇരട്ടി വസൂലാക്കി. മററൊരു വ്യാപാരിക്കു ഉദ്യോ

ഗസ്ഥൻ, ൧, ൦൦൦ രൂപയ്ക്കു നോട്ടീസ്സു അയയ്ക്കുകയും ഒടുവിൽ ഒരു ഒത്തുതീർപ്പിന്റെ ഫലമായി അയാളിൽനിന്നും ൧൦൦ രൂപാ പിരിച്ചാൽ മതിയെന്നു ആജ്ഞാപിക്കുകയും ചെയ്തു". ഒരുത്തനിൽനിന്നും ന്യായരഹിതമായി ടാക്സ് ഈടാക്കുകയും അതേസമയം മറെറാരുത്തനിൽനിന്നും ന്യായമായി കിട്ടേണ്ടതു ഉപേക്ഷിക്കയും ചെയ്യുന്ന സമ്പ്രദായമാണ് ഇന്നത്തെ നികുതി ഉദ്യോഗസ്ഥന്മാർക്കുള്ളതു്. അതുകൊണ്ടു്, ഈവക കാര്യങ്ങളിൽ കൂടി ഗവമ്മെണ്ടിന്റെ സത്വരശ്രദ്ധ പതിയണമെന്നു അപേക്ഷിച്ചുകൊണ്ടു് ബില്ലിനെ അനുകൂലിക്കുന്നു.

Sri. A. P. Udayabhanu: Sir, Sales-Tax has come to stay and there is no use complaining that it is an unwanted tax. From my information of the working of the tax, I find that the multiple-point system is rather very difficult for administration. People are also resenting it a great deal. I think it would be advantageous if we introduce the single-point taxation as is done in Bombay. It is true that in Madras, Cochin and Travancore we were adhering to the multiple point taxation. This is causing great administrative difficulty, besides resulting in great hardship to the consumer. The argument in favour of multiple system of taxation, namely, that it is light at each point so that one may not feel it, is not correct, because ultimately all these are passed on to the ultimate consumer. So the psychological factor that that tax is spread over different points in small instalments does not help the consumer in practice. My friend Mr. Raman was detailing the complicated procedure followed. People who are called upon to pay tax must be treated with sympathy. It is likely that the ordinary man is not conversant with the different provisions of law. Even officers are sometimes found wanting in this respect because of several alterations and amendments that are introduced now and then. When we introduce a new tax, we must have some kind of sympathy for the person who have to bear the brunt. Many people are taxed out of existence and petty traders are practically squeezed out of business by the rigours of taxation. All these complaints will disappear if we introduce a single point taxation. It would facilitate administration. It would be helpful for the trader as well. In Bombay, the wholesaler is called upon to pay tax as soon as he delivers it to the retailer. The Officers need be vigilant at only one point. Now we have to keep vigil over the entire field, from the wholesaler to the petty dealer. Sometimes the same article may be taxed four or five or even six times. Both from the point of view of the consumers and traders, a single point taxation would be helpful. Mr. Raman was explaining to us the difficulties felt by the coir industry on account of multiple point taxation. A single-point taxation would also be easy to administer and may not be so very harassing for the dealers. It will be saving the petty shop-keepers and merchants from the unwelcome attention of officers. From the aspect of eliminating corruption and malpractice as well, it would be more effective.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന വില്പന നികുതി ബില്ലിന്റെ അടിയന്തിര സ്വഭാവത്തേയും ഉദ്ദേശകാരണവിവരണങ്ങളെയും പരിചിന്തിച്ചുതന്നെ ഞാൻ ഇതിനെ സ്വാഗതംചെയ്യുന്നു. ഈ ടാക്സു രാജ്യത്തു ഏർപ്പെടുത്തിയതുമുതൽ നാട്ടിൻപുറങ്ങളിലുള്ള കച്ചവടക്കാർ സാധുക്കളിൽനിന്നും രൂപയ്ക്കു അരച്ചക്രം വീതവും, ചിലപ്പോൾ ഒരുചക്രം വീതവും ഈടാക്കിയെടുക്കുന്നു. ഒരു നിശ്ചിത അടിസ്ഥാനതത്വത്തിന്മേലല്ല, ഇപ്പോൾ നികുതി പിരിച്ചുവരുന്നതു്. ബില്ലിലെ ഈ വ്യവസ്ഥ പല കഷ്ടനഷ്ടങ്ങൾക്കും കാരണമാക്കുന്നുണ്ടു്. ഒരു ബിൽ നടപ്പാക്കുന്നതിനു മുൻപുതന്നെ അതിന്റെ ഭവിഷ്യൽഫലങ്ങളെപ്പററി വേണ്ടതുപോലെ ചിന്തിക്കേണ്ട കടമയും ചുമതലയും ബില്ലിന്റെ പ്രയോക്താക്കൾക്കുണ്ടു്. മാത്രമല്ല, സംസ്ഥാനിക ഗവമ്മെണ്ടിനുമുണ്ടു്. അതുകൊണ്ടു ഈ ബിൽ സെലക്ടുകമ്മിററിക്കയച്ചു ഭേദഗതികൾ വരുത്തി മുറയ്ക്കു് അംഗീകരിക്കണമെന്നു ഗവമ്മെണ്ടിനെ കാര്യമായി ഉൽബോധിപ്പിച്ചുകൊണ്ടു ഞാൻ ബലമായി പിൻതാങ്ങുന്നു.

The House adjourned for Lunch and re-assembled at 2 p. m. with Mr. Deputy Speaker (Sri. K. Kochukuttan) in the chair.

ബഹു. ശ്രീ. എ. ജെ. ജോൺ: ട്രിബ്യൂണലിനെപ്പററി മി. നടരാജപിള്ള അവർകൾ പറഞ്ഞ അഭിപ്രായത്തോടു് ഞാനും യോജിക്കുന്നു. ഈ സംഗതി ഈ സഭയിൽ ഈ ബിൽ പുനപര്യാലോചനയ്ക്കു് വരുമ്പോൾ ആലോചിക്കാവുന്നതാണു്. മി. നടരാജപിള്ള അവർകൾ യാണിനു് ഡബിൾടാക്സു് ഇല്ലാതാക്കണമെന്നു പറഞ്ഞു. യാണിനു് ഇപ്പോൾ ഒന്നു മാത്രമേ വച്ചിട്ടുള്ളു. മി. പി. കെ. രാമൻ കയറിനു് രണ്ടു പായിൻറു് വച്ചിട്ടുള്ളതു് കൂടുതലാണെന്നും മററും പറയുകയും അതു കുറയ്ക്കണമെന്നു് ആവശ്യപ്പെടുകയും ഉണ്ടായി. ഇതിനേസംബന്ധിച്ചു് അടുത്തകാലത്തു് ഒരു റൗണ്ടു്ടേബിൾ കാൺഫറൻസു് നടത്തുകയും

[The Hon'ble Sri. A. J. John] :

അതിലെ തീരുമാനം അനുസരിച്ച് കയറിനു് രണ്ടു പായിൻറ് ആക്കുകയുമാണു് ചെയ്തിട്ടുള്ളതു്. മി. ഉദയഭാനു അഭിപ്രായപ്പെട്ടു, മഠംട്ടിപോയിൻറ് സിസ്റ്റം മാററി സിങ്കിഠം പോയിൻറ് സിസ്റ്റമാക്കണമെന്നു്. സെയിൽസ് ടാക്സിൻെറ ഉദ്ദേശംതന്നെ ഗവമ്മെണ്ടിനു് ശരിയായ ഒരു വരുമാനം കിട്ടണമെന്നാണു്. ഈ മഠംട്ടിപോയിൻറ് സിസ്റ്റം മാററി സിങ്കിഠംപായിൻറ് സിസ്റ്റം നടപ്പിലാക്കുകയാണെങ്കിൽ ഗവമ്മെണ്ടിൻെറ വരുമാനത്തിൽ ഒരു വലിയഭാഗം ഇല്ലാതായിപ്പോകുമെന്നാണു് തോന്നുന്നതു്. ചില സാധനങ്ങഠംക്കു് ഒരു പായിൻറും കയറുമതി ചെയ്യപ്പെടുന്ന ചില പ്രധാന സാധനങ്ങഠംക്കു് രണ്ടു പായിൻറും മാത്രമാണുള്ളതു്. മററു സാധനങ്ങഠംക്കാണു് മഠംട്ടിപായിൻറ് വച്ചിട്ടുള്ളതു്. എന്നാൽ ആദ്യം പ്രസ്താവിച്ചതുപോലെ ഇൻഡ്യൻ കാൺസ്റ്റിററ്യൂഷനിലെ വ്യവസ്ഥകഠം അനുസരിച്ചു് ഇവിടെയും ഭേദഗതി വരുത്തുകയാണെന്നുവരുകിൽ ചിലപ്പോഠം ജനങ്ങഠംക്കു് വൈഷമ്യവും ഉണ്ടായേക്കാം. അതായതു്, രണ്ടുപോയിൻറുള്ളതിനു് ഒരു പോയിൻറ വച്ചാൽ തന്നെയും ചിലപ്പോഠം ഇരട്ടി ടാക്സ് ഈടാക്കേണ്ടിവന്നേക്കാം. ഇത്രയും സംഗതികഠം മാത്രമേ എനിക്കു് ഇതിനെപ്പററി സംസാരിക്കാനുള്ളു. ഈ ബിൽ ഉടനേതന്നെ നിയമമാകേണ്ടതു് ഏററവും ആവശ്യമായിട്ടുള്ളതാണു്. ഇതിനടിയിൽ വിവരിക്കുന്ന മെമ്പറന്മാർ ഉഠംക്കൊള്ളുന്ന ഒരു സെലക്ട് കമ്മററിക്കു് ഈ ബിൽ അയയ്ക്കണമെന്നും സ്റ്റാൻഡിങ്ങു് ആർഡേഴ്സ് നു ഭി-ാംവകുപ്പ് തൽക്കാലം സസ്പെൻറ ചെയ്തുകൊണ്ടു് സെലക്ട് കമ്മററിയുടെ റിപ്പോർട്ട് മൂന്നു ദിവസത്തിനകം വരേണ്ടതാണെന്നു് ആവശ്യപ്പെടുകയും ചെയ്യുന്നു.

സെലക്ട് കമ്മററിയിലെ അംഗങ്ങഠം

മി. വി. ഓ. മാക്കോസ്
മി. ശിവരാമപിള്ള
മി. ഇ. കെ. മാധവൻ
മി. പി. എസ്. നടരാജപിള്ള
മി. കെ. എം. ചാണ്ടി
മി. അലക്സാണ്ടർ പറമ്പിത്തറ
മി. കെ. ബാലകൃഷ്ണമാരാർ
മി. ചേലാടി റാവുത്തർ
മി. കെ. എ. ഗംഗാധരമേനോൻ

കോറം നാലായിരിക്കുന്നതാണു്.

ശ്രീ. എം. ഐ. പോഠം: സർ, ഒരു പോയിൻറ് ഓഫ് ആർഡർ. സ്റ്റാൻഡിങ്ങു് ഓർഡേഴ്സ് സസ്പെൻറ ചെയ്യണമെന്നു പറയുവാൻ മന്ത്രിക്കു് അധികാരമുണ്ടോ അതോ സ്പീക്കർക്കാണോ?

മി. ഡെപ്യൂട്ടി സ്പീക്കർ: മന്ത്രി ആവശ്യപ്പെടണം, ചെയർ ശരിവയ്ക്കണം.

ശ്രീ. എം. ഐ. പോഠം: മന്ത്രി അങ്ങനെ ആവശ്യപ്പെടുകയുണ്ടായോ?

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങനെതന്നെയാണു് ചെയ്തതു്.

The Hon'ble Sri. T. K. Narayana Pillai: I second the motion.

The motion was put and carried, and the bill was referred to the Select Committee

The United State of Travancore and Cochin Prisons Bill

The Hon'ble Sri. T. K. Narayana Pillai: Sir, I rise to introduce the United State of Travancore and Cochin Prisons Bill.

This Bill follows closely the Indian Act. In the Travancore Prisons Act there are certain specific provisions with regard to the Central Prison at Trivandrum. With the integration of the States there ought to be more prisons than one to save expenditure as far as possible in the shape of Travelling Allowance to guards taking prisoners from Trivandrum to Ernakulam, etc. The provisions relating to the Central Prison have therefore been omitted in the draft Bill. In the Indian Act also there are no provisions relating to Central Prison.

The District Magistrate within whose jurisdiction a prison is situate has been statutorily authorised to be the Inspector-General of that prison. If, however, prisoners in one prison have to be transferred to another prison, Government can issue orders in this behalf. This arrangement will avoid the necessity for the appointment of an Inspector-General of Prisons for the whole of the United State. A common set of rules will be applicable to all the prisons and as such there will be complete uniformity in the administration and management of all prisons in the United State. No further co-ordination will therefore be necessary.

The Hon'bl Sri. A. J. John: I second it.

മി. ഡെപ്യൂട്ടി സ്പീക്കർ: ബില്ലിനെപ്പററി ആക്കെങ്കിലും സംസാരിക്കാനുണ്ടെങ്കിൽ സംസാരിക്കാം.

ശ്രീ. ടി ടി. കേശവൻശാസ്ത്രി: ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. ഈ ബില്ല് ഉദ്ദേശകാരണംകൊണ്ടുതന്നെ എത്രയുംവേഗം നിയമം ആക്കേണ്ട ആവശ്യം ഉള്ളതാണെന്ന് എവർക്കും കാണാൻ കഴിയും. അതുകൊണ്ട് ഉവഗംതന്നെ ഈ ബില്ല് സിലക്ട് കമ്മററിക്ക് അയച്ച് നിയമമാക്കണമെന്ന് താല്പര്യപ്പെടുന്നു.

Sri. K. P. Nilacanta Pillai: Sir, in supporting this motion, I have to make a few observations regarding the provisions of this Bill. Section 3 defines what a prison is, and sub-clauses (*a*), (*b*) and (*c*) read thus.—

"(*a*) any place for the confinement of prisoners who are exclusively in the custody of the police,

(*b*) any place spacially appointed by Government under the provisions of the Code of Criminal Procedure for the time being in force,

(*c*) any place which has been declared by Government, by general or special order, to be a subsidiary jail".

These three classes of places of confinement are excluded under section 3 when defining what a prison is. This is very hard. When there may not be accommodation in a particular prison a number of prisoners may be removed to some other place and Government may declare it a subsidiary jail and a prisoner kept in that subsidiary jail will be deprived of the benefits of the amenities given to other prisoners by the provisions of this bill. Similarly in the case of prisoners who are exclusively in the custody of the Police, there is a lot to be said about this provision. And, Government have been promising us from time to time to improve the conditions of lock-ups. Therefore, whether a prisoner who is kept in a lock-up under the order of a court and arrested and kept in the lock-up by the police in a cognisable case, that place of confinement should also come under the definition of a prison so that all the considerations of health and other amenities given to other prisoners confined in prisons should be extended to that prisoner and to the prisoners who are confined in lock-ups and subsidiary jails and other places which the Government may from time to time temporarily declare as places of confinement. I am very sorry, Sir, that this aspect of the question escaped the notice of the promoters of this Bill. Also, I find a provision, that is Section 54 wherein it is stated that "No punishment of whipping shall be inflicted in instalments, or except in the presence of the Superintendent and Medical Officer or Medical Subordinate". Therefore, it is seen that whipping also is provided under the provisions of this Bill. Whether it could be recognished hereafter as a modern method of punishment is a question to be very carefully considered. It has come to the knowledge of almost all of us how this sort of cruel punishment is inflicted in the jail. The prisoner who is confined in jail is entirely at the mercy of the jail authorities. There may be a doctor to attend to this punishment but that doctor may be good, bad or indifferent so for as the prisoner is concerned. Therefore, what happens iz that this punishment is inflicted upon the prisoner according to the whims and fancies of the Jail Superintendent for petty jail offences. My humble submission, therefore, is that this provision may be taken away from this Bill.

There is a provision in the Bill, Sir, not to compel a prisoner who is undergoing simple imprisionment to work, and whether he should work or not is left to his will and pleasure. It is provided that even the simple imprisonment prisoner who goes to work out of pleasure could be punished by the Superintendent for not carrying out the work properly. What is the nature of the punishment ? Penal diet and the reduction of his meals. What is exactly penal diet, I do not know. He may be put to stravation. He may be put on a diet of aqua and soda. But it is intolerable to remain in jail even for 6 months not to speak of 12 months and more without doing any work. If the Superintendent wants to give work to simple imprisonment prisoners he has to get the sanction of Government. It is a terrible punishment to keep a man with prisoners work. Suppose he did not carry out that work which he voluntarily chose to do out of pleasure to the satisfaction of the warder concerned. By the provision in this Bill he may be reported upon and punished. He may be kept under penal diet. But according to the provisions of this Bill he is not entitled to work. There is some sort of inconsistency or incongruency which also may be looked into.

Then, Sir, about the period of labour, Section 35, says that no prisoner shall be kept to labour for more than nine hours. In all labour legislations 8 hours have been given as the maximum period of work for a day prescribed for a man.

[Sri. K. P. Nilakanta Pillai]

Regarding jail administration, diet and another conditions of life prescribed for prisoners kept under confinement, there are not many provisions in this bill. I should go a step further and say that diet, sanitary conditions and the nature of amenities which the prisoners are entitled to regarding these relevant matters, this bill is innocent. I do not know whether some other enactment will be undertaken or not. Whatever that may be, I am very sorry to make use of this opportunity to bring home to Government that no definite step has yet been taken to improve the conditions of lock-ups. Lock-ups, subsidiary jails and temporary places of confinement—those do not come under the definition of the word 'prison' according to this bill and I am sorry to say that we have forgotten that aspect of the matter. Why not we include those items under the definition. If the Government cannot really build aset of modern lock-ups throughout the State where a prisoner is to be kept in, why should not the Government have the authority to declare a sub-jail or lock-up as a prison and apply the provisions of the bill for affording amenities sanitary or otherwise for prisoners. On the other hand, this bill by defining prison deliberately takes away lock-ups, sub-jails, and other temporary places of confinement from the definition of 'prison'. From that I mean that lock-up conditions are to be continued as they are today. That position is very hard. I cannot even imagine it. Therefore, my simple request is, whatever may be the place where a prisoner is kept either under the order of the court or from a warrant or any other manner, such a place of confinement must be declared a 'prison'. That is to say, if the Government cannot build proper lock-ups, the provisions of this bill should be made to apply to every place of confinement wherever a prisoner is kept. With these observations I support the Bill.

ശ്രീ. അമ്പാട്ട് ഈച്ചരമേനോൻ: ദാരിദ്ര്യംകൊണ്ടും, ബുദ്ധിമോശംകൊണ്ടും വല്ല കുബുദ്ധികളും കുററങ്ങൾ ചെയ്യുന്നുവെങ്കിൽ അവരെ ജയിലിൽ അയക്കേണ്ട എന്നു വാദിക്കാൻ ഞാൻ തയ്യാറില്ല. ജയിലിൽപോയാൽ അവക്ക് ആഹാരവും സാമാന്യം മററു സുഖസൗകര്യങ്ങളും കൊടുക്കുന്നുണ്ട്. ജയിലിൽനിന്നും അവർ തിരിച്ചു മടങ്ങുമ്പോൾ തങ്ങളുടെ പായ മടക്കേണ്ട എന്നു പറഞ്ഞുവരുന്ന ഒരു അവസ്ഥയാണ് ഇന്നു കാണുന്നത്. വെളിയിൽനിന്നു വന്നാൽ പിന്നേയും അതേകുററങ്ങൾതന്നെ ആവർത്തിച്ചു വീണ്ടും ജയിലിൽ പോകാൻ അവർ തയാറാകുന്നതായി കാണാം. ഒരിക്കൽ ജയിലിൽ പോയാൽ മേലാൽ ജയിലിൽ പോകേണ്ട എന്നു വിചാരിക്കത്തക്ക ഒരു നില അവക്ക് വരുത്തിയാൽ നന്നായിരിക്കും. അതിലേയ്ക്ക് എന്തെങ്കിലും ഒരു പദ്ധതി ഉണ്ടാക്കേണമെന്നാണ് എനിക്ക് പറയാനുള്ളത്. തിരുവനന്തപുരം ജയിലിൽ ഒരു ബോർസ്റ്റാൽ സ്കൂളുണ്ടെന്നു കുറേമുമ്പു പ്രമാദമായി കേട്ടിരുന്നു. അതു മര്യാദക്കു നടത്തുന്നതാണെങ്കിൽ അതിലെ പ്രസ്റ്റ് പരിഷ്കരിച്ച് പ്രായപൂർത്തിവന്ന തടവുകാരെക്കൊണ്ടു പ്രവൃത്തി നടത്തിയാൽ കൊല്ലത്തിൽ അറുപതിനായിരം ഉറുപ്പിക അററാദായമുണ്ടാകുമെന്നു ഗവർമ്മെണ്ടിന്റെ കയ്യിൽ കണക്കുണ്ടെന്നു കേൾക്കുന്നുണ്ട്. തടവുകാക്ക് ഒരു ജോലി ശീലിക്കലുമായിരുന്നു. ജയിലിനെ സംബന്ധിക്കുന്ന മൂന്നു ബില്ലുകൾ ഉണ്ട്. അതിൽ ഒന്നിലെങ്കിലും അങ്ങിനെ എന്തെങ്കിലും ഉള്ളതായി കാണുന്നില്ല. സെലക്ട് കമ്മററിയിൽ പോകുമ്പോഴെങ്കിലും ഇക്കാര്യത്തേപ്പററി നല്ലവണ്ണം ഒന്നാലോചിക്കണമെന്നു അപേക്ഷിക്കുന്നു.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇവിടെ ഈ ബില്ലിനെപ്പററി പ്രധാനമായി രണ്ട് ആക്ഷേപങ്ങളാണ് കൊണ്ടുവന്നിട്ടുള്ളത്. ഒന്നാമത്തെ ആക്ഷേപം പ്രിസണിന്റെ നിർവ്വചനത്തിൽ ഏതാനും ചില പ്രത്യേക സ്ഥലങ്ങളെ ഒഴിവാക്കിയിരിക്കുന്നു എന്നാണ്. അതായത് പൊല്ലീസ് ലാക്കപ്പുകളും സബ്സിഡിയറി ജയിലുകളും പ്രിസണിന്റെ പരിധിയിൽ വരുന്നില്ലെന്നാണ്. അതിന് സമാധാനം പറയാനുണ്ടെങ്കിലും ആ സമാധാനം ഇപ്പോൾ പറയണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. പൊല്ലീസ് ലാക്കപ്പുകളുടെ ദയനീയമായ സ്ഥിതിയെപ്പററി ബഹു. മെമ്പർ മി. കെ. പി. നീലകണ്ഠപ്പിള്ള പറയുകയുണ്ടായി. ആ ദയനീയ സ്ഥിതി പരിഹരിക്കുന്നതിന് ഗവർമ്മെണ്ട് വേണ്ടതു ചെയ്തുകൊണ്ടിരിക്കുകയാണ്. പ്രിസണിന്റെ ഡെഫനിഷനിൽ ലാക്കപ്പുകളെ ചേർക്കാതിരിക്കാൻ ചില പ്രത്യേക കാരണങ്ങളുണ്ട്. ഐ. ജി., ഡി. എസ്. പി., എ. എസ്. പി. മുതലായ പൊല്ലീസ് ആഫീസേഴ്സിന്റെ കൺട്രോളിൽ ഇരിക്കുന്ന ലാക്കപ്പുകൾ അവരുടെ അധികാരപരിധികളിൽനിന്നു വിട്ടുത്തി ഇൻസ്പെക്ടർ ആഫ് പ്രിസൺസിന്റെ കീഴിലാക്കുന്നതായാൽ conflit of jurisdiction-ന് ഇടയാകും. അതുകൊണ്ടാണ് ലാക്കപ്പുകളെ ഇതിൽനിന്നും ഒഴിവാക്കിയിരിക്കുന്നത്. അടുത്തതായി പറഞ്ഞ ആക്ഷേപം വിപ്പിങ്ങിനെ

പ്പററിയാണ്. മുൻപുണ്ടായിരുന്ന പ്രിസൺസ് ആക്ടിലുള്ള ഒരു ശിക്ഷയാണിതു്. എന്നാൽ ഈ മാതിരിയിലുള്ള ശിക്ഷ ഇന്നത്തെ കാലസ്ഥിതിക്ക് യോജിച്ചതാണോ എന്നുള്ള സംഗതിയെക്കുറിച്ചു അഭിപ്രായവ്യത്യാസത്തിന് അവകാശമുള്ള ഒരു കാര്യമാണ്. ചില പ്രത്യേക കുററങ്ങൾക്കാണ് വിപ്പിംഗ് നിശ്ചയിച്ചിട്ടുള്ളതു്. ആ വിപ്പിങ്ങ് എതുവിധത്തിലാണ് നടത്തേണ്ടതെന്നുള്ളതിനും ഇതിൽ വ്യവസ്ഥയുണ്ട്. ഇതിനെപ്പററി ൫ാം വകുപ്പിൽ ഇങ്ങനെയാണ് പറഞ്ഞിരിക്കുന്നതു്.

54. (1) No punishment of whipping shall be inflicted in instalments, or except in the presence of the Superintendent and Medical Officer or Medical Subordinate,

(2) Whipping shall be inflicted with a light ratan not less than half an inch in diameter on the buttocks ; and in case of prisoners under the age of sixteen, it shall be inflicted in the way of school discipline, with a lighter ratan.

ഇങ്ങനെ ഒരു ശിക്ഷ ഈ നിയമപ്രകാരം വച്ചിട്ടുണ്ടെങ്കിലും മതിയായ കാരണങ്ങൾ കൂടാതെ അധികാരികൾ അതു നടത്തുകയില്ല. ൧൨ ശിക്ഷകളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതു്. ആ പന്ത്രണ്ടു് ശിക്ഷകളിൽ ഒടുവിലത്തെ ശിക്ഷയായിട്ടാണ് വിപ്പിംഗിനെ ചേർത്തിട്ടുള്ളതു്. ബഹു. മെമ്പറന്മാർക്ക് അതു് എടുത്തുകളയണമെന്നു് അഭിപ്രായമുള്ളപക്ഷം ഗവൺമെണ്ടിന് അതിൽ വിരോധമില്ല. എന്നാൽ ജയിലുകളിൽ ഇന്നു നടക്കുന്ന പല സംഗതികളേയും അടിസ്ഥാനമാക്കി പറയുകയാണെങ്കിൽ ഒരു പ്രത്യേക കാലഘട്ടത്തിൽ വിപ്പിംഗ് ന്യായീകരിക്കത്തക്കതാണെന്നു് ബഹു. അംഗങ്ങൾ വിചാരിക്കുമെന്നാണ് എനിക്ക് തോന്നുന്നതു്. ഏതായാലും സെലക്ട് കമ്മററിയിൽ ഈ ബിൽ പോകുമ്പോൾ അവിടെവെച്ചു് ഇതിനെക്കുറിച്ചു് ആലോചിക്കാവുന്നതാണ്. ബില്ലിന്റെ പൊതുതത്വങ്ങൾ എല്ലാവരും സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ടു് ഈ ബില്ലിനും ഇതിനോടു് അനുബന്ധിച്ചുള്ള മററു രണ്ടു ബില്ലുകൾക്കുംകൂടി ഒരു സെലക്ട് കമ്മിററി മതിയാവുന്നതാണ്. അങ്ങനെ ആ സെലക്ട് കമ്മിററി നിവർത്തിയുണ്ടെങ്കിൽ ഈ നിയമസഭയുടെ കാലാവധിക്ക് മുൻപുതന്നെ അതിന്റെ റിപ്പോർട്ട് സമർപ്പിക്കുന്നതു് വളരെ ഉപകാരമായിരിക്കും. ഇപ്പോൾ നിലവിലിരിക്കുന്ന നിയമം അനുസരിച്ചു് തിരുവനന്തപുരത്തുള്ള തടവുകാരെ എറണാകുളത്തോ തൃശ്ശൂരിലോ അയക്കുന്നതിന് വ്യവസ്ഥയുണ്ടോ എന്നുള്ള കാര്യം സംശയമാണ്. ഹൈക്കോടതി എറണാകുളത്തു് ഇരിക്കുന്ന കാലത്തോളം ഇവിടെയുള്ള ഏതാനും തടവുകാരെ അവിടെ താമസിപ്പിക്കേണ്ടതു് അത്യാവശ്യമായിതീരുന്നതാണ്. ആ സ്ഥിതിക്ക് ഈ ബില്ലും തുടർന്നു അവതരിപ്പിക്കുന്ന രണ്ടു ബില്ലുകളും നിവർത്തിയുണ്ടെങ്കിൽ ഈ നിയമസഭയിൽതന്നെ പാസ്സാക്കണമെന്നാണ് ഗവൺമെണ്ടു് ആഗ്രഹിക്കുന്നതു്. അതുകൊണ്ടു് ഈ ബിൽ താഴെ പേർപറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു സെലക്ട് കമ്മററിക്ക് അയക്കണമെന്നും സ്റ്റാൻറിംഗ് ആർഡർ ൨൪ സസ്പെൻഡ് ചെയ്തു മൂന്നു ദിവസത്തിനകം തന്നെ റിപ്പോർട്ടു സമർപ്പിക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു.

സെലക്ട് കമ്മററി അംഗങ്ങൾ

൧. ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള
൨. ,, ടി. കൊച്ചുകൃഷ്ണപിള്ള
൩. ,, സി. നാരായണപിള്ള
൪. ,, എൻ. പി. വറുഗീസ്
൫. ,, വി. കെ. ജോസഫ്
൬. ,, കെ. എ. ഗംഗാധരമേനോൻ
൭. ,, കെ. എ. മഹമ്മദ്

ക്വോറം മൂന്നായിരിക്കുന്നതാണ്.

(സഭ അംഗീകരിച്ചു)

The United State of Travancore and Cochin Prisoners Bill

The Hon'ble Sri. T. K. Narayana Pillai: Sir, I rise to introduce the United State of Travancore and Cochin Prisoners Bill.

The purpose of the Prisoners Act is to authorise the Officer-in-charge of the Prison to receive and detain in custody persons committed to custody by Courts till they are discharged in due course of law, and to give effect to sentences of Courts. It also provides for the removal of prisoners from one prison to another, and a criminal lunatic to the Asylum. Provision is also made for the attendance in Civil or Criminal Courts of prisoners or for their examination on

[The Hon'ble Sri. T. K. Narayana Pillai]

commission when the Court concerned thinks that their evidence is necessary. Lastly it also provides for the service of process issued by Criminal and Revenue courts on prisoners. The Bill follows the Indian Prisoners' Act and the Cochin Prisoners' Act. There is no correspondin law in force in Travancore. The Prisoners Bill is a subject falling within the State list.

The Hon'ble Sri. A. J. John: I second it.

The United State of Travancore and Cochin Identification of Prisoners Bill

The Hon'ble Sri. T. K. Narayana Pillai: Sir, I rise to introduce the United State of Travancore and Cochin Identification of Prisoners Bill.

This Bill provides for the taking of measurements of convicted persons and also of prisoners who have been arrested in connection with any offence punishable with rigorous imprisonment for a term of one year and upwards. Where for the purpose of any investigation of proceeding under the Code of Criminal Procedure it is necessary to direct any person to allow his measurements or photograph to be taken, the Magistrate is empowered to order the same to be taken. These provisions are necessary to enable courts to award enhanced punishments in case of subsequent convictions as also to fix the identity of a prisoner or of an accused person. The Bill follows very closely the Identification of Prisoners Act in force in the Indian Dominion and the two Acts in Travancore and Cochin on the subject.

Prisons and Prisoners are subjects falling within the State list.

The Hon'ble Sri. A. J. John: I second it.

Sri. K. P. Nilakanta Pillai: Speaking on the different Bills presented before the House, I have to make one observation. Very many provisions of these bills have a close bearing on the provisions of bills coming under the United State of Travancore and Cochin Criminal Procedure Code Bill and the United State of Travancore and Cochin Penal Code Bill. We have not yet seen what those bills are. Therefore I ask, what exactly would be the position of the Select Committee in reporting upon these bills when the bills referred to are not passed into law. There are many references to the application of sections in the Criminal Procedure Code and Penal Code. That is my honest doubt which I want to place before the House because the Select Committee must be told how to proceed. There is another aspect. When I make that observation, I should not be accused of trespassing on irrelevant ground. The previous bills, namely, the Prisons Bill and the Prisoners Bill also deal with sentence of death. How a person who is convicted, and sentenced to death, ought to be kept, treated and guarded is referred to in the Criminal Procedure Code and the Penal Code also. According to the Travancore Penal Code, there is no sentence of death. According to the Cochin Penal Code, there is sentence of death. I do not know whether, according to the future Indian Penal Code, there would be a sentence of death. How are we going to conciliate and correlate these aspects of the question, I doubt.

Sri. K. A. Gangadhara Menon: There is death sentence for waging war, even now.

Sri. K. P. Nilakanta Pillai: If you go on discussing that matter, it will invite a lot of further discussion and trouble. The question of waging war against the King may not arise hereafter, because, who is the King nowadays? At the most, there may be a civil war.

Sri. K. A. Gangadhara Menon: Death sentence is provided for other offences also under the Indian Penal Code.

Sri. K. P. Nilakanta Pillai: For waging war against the King or Ruler, attempt to overthrow the existing government and for murder, according to the present provisions, death sentence is recognized. But how to reconciliate with reference to the punishments recognised by the Criminal Procedure Code and the Indian Penal Code which are partly not in existence in Travancore? How can the Select Committee reconcile these things with the provisions of the Penal Code and the Criminal Procedure Code? That is the doubt which I want the House to consider and the learned member in charge of the Bill to reply to.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഈ ബില്ലിനെപ്പററി ഒന്നരണ്ടു സംശയങ്ങളാണ് ഇവിടെ ഉന്നയിക്കുകയുണ്ടായതു്. ഒന്നാമതായി ക്രിമിനൽ പ്രൊസീഡിയർ കോഡും പീനൽകോഡും ഈ നിയമസഭയിൽ കൊണ്ടുവന്നു പാസാക്കിയിട്ടില്ലാത്ത സ്ഥിതിക്ക് അതു് എങ്ങിനെയാണ് സെലക്ട് കമ്മിററിക്ക് റിഫർ ചെയ്യാൻ സാധിക്കുമെന്നാണ് ചോദിച്ചതു്. അതിന്ന് എനിക്കു പറയാനുള്ള സമാധാനം ആ ബില്ലുകൾ ഈ സഭയിൽ തന്നെ പാസാക്കണമെന്നാണ് ഗവൺമെണ്ടു വിചാരിക്കുന്നതു്. ആ ബില്ലുകൾ തയ്യാറായിട്ടുമുണ്ട്. ആ ബില്ലുകൾതന്നെ സെലക്ട് കമ്മിററിക്ക് ആവശ്യമുള്ളപക്ഷം റിഫർ ചെയ്യാവു

ന്നതാണ്. ആ ഉദ്ദേശത്തെ മുൻനിറത്തിക്കൊണ്ടാണ് ഈ നിയമസഭയിൽതന്നെ ആ ബില്ലുകൾ പാസാക്കണമെന്ന് ഉദ്ദേശിക്കുന്നത്. ഏതെങ്കിലും കാരണവശാൽ അതു് നിയമമാകാത്തപക്ഷം സെലക്ട് കമ്മിററിക്ക് അതിന്റെ അടിസ്ഥാനത്തിൽതന്നെ എന്തെങ്കിലും ഭേദഗതികൾ വരുത്താവുന്നതാണ്. ഏതായാലും ഈ ബിൽ സെലക്ട് കമ്മിററിക്ക് അയച്ച് മൂന്നുദിവസത്തിനകം റിപ്പോർട്ടുവരുത്തുന്നതു് നന്നായിരിക്കും. ആദ്യംഇവിടെപറഞ്ഞ ആസെലക്ട്കമ്മിററിക്കുതന്നെ ഈരണ്ടുബില്ലുംപഠിച്ചാലോചനക്ക് അയക്കണമെന്നും സ്റ്റാൻറിങ്ങ് ആർഡർ നു ദ്ര സസ്പെൻറ് ചെയ്തു മൂന്നുദിവസത്തിനകംതന്നെ റിപ്പോർട്ട് സമർപ്പിക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു.

The Hon'ble Sri A. J. John : I second it

Sri. D. Gnanasigamoni : Is it not better if the Select Committee reports in its usual course in view of these conflicting views?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ഇതിൽ പ്രായോഗികമായ ചില വിഷമങ്ങളുണ്ട്. ഞാൻ ആദ്യം പറഞ്ഞതുപോലെ തടവുപുള്ളികളെ ഇവിടെനിന്ന് എറണാകുളത്തേക്കോ തൃശ്ശൂരേക്കോ മാററുന്നതിന് ഇപ്പോൾ നിലവിലുള്ള നിയമം പര്യാപ്തമാകുമോ എന്നു സംശയം വരാവുന്നതാണ്. അതുകൊണ്ട് അങ്ങിനെയുള്ള സംശയം ഇല്ലാതാക്കുവാനായിട്ടാണ് ഈ ബില്ല് ഈ നിയമസഭയിൽതന്നെ പാസാക്കണമെന്നു ഞാനാവശ്യപ്പെട്ടതു്. ഇതിനുമുമ്പിലത്തെ ബില്ലിനു നിർദ്ദേശിച്ചിട്ടുള്ള കമ്മിററിക്കുതന്നെ ഈ ബില്ലും അയക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്.

മി. ഡെപ്യൂട്ടി സ്പീക്കർ : മുമ്പു നിർദ്ദേശിച്ച സെലക്ട് കമ്മിററിക്കുതന്നെ ഈ ബില്ലും അയക്കണമെന്നാണ്. ആ കമ്മിററിക്ക് Standing Order നു സസ്പെൻറ് ചെയ്തു അയക്കണമെന്നുള്ളതിൽ സഭയുടെ അഭിപ്രായം അറിയണം.

(വോട്ടിനിട്ടു)

The motion is carried ; standing order is suspended and the bills are referred to the Select Committee.

The United State of Travancore and Cochin Prohibition Bill

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : ഈ ഐക്യസംസ്ഥാനത്തിൽ ഇന്ന് രണ്ടുതരം മദ്യനിരോധന നിയമങ്ങൾ ഉണ്ട്. അതായതു് ഒന്നു കൊച്ചിയിലെയും മററു തിരുവിതാംകൂറിലേയും സംയോജനത്തിനുശേഷം സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളേയും ഒന്നുപോലെ ബാധിക്കുന്ന ഒരു നിയമം ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണെന്നുള്ളതിൽ അഭിപ്രായവ്യത്യാസമുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ നിയമസഭ മുമ്പാകെ ഹാജരാക്കുന്ന ഈ ബില്ല് മിക്കവാറും മദ്യനിരോധനം നടപ്പിലുള്ള മററു പ്രവിശ്യകളിലെ നിയമവുമായി വളരെ സാദൃശ്യം വഹിക്കുന്നുണ്ട്. ഇപ്പോൾ നിലവിലുള്ള നിയമങ്ങളിൽനിന്നു ഒന്നുരണ്ടു ചെറിയ വ്യത്യാസങ്ങൾ മാത്രമേ ഈ ബില്ലിൽ വരുത്തിയിട്ടുള്ളൂ. ഈ ബില്ലിലെ അഞ്ചാം വകുപ്പനുസരിച്ച് സ്റ്റേററിൽ നിലവിലുള്ള ഷാപ്പുകൾ മദ്യനിരോധന മേഖലക്കകത്തായാലും അതു് അവിടെതന്നെ തുടരുന്നതിന് അനുവാദം കൊടുത്തിട്ടുണ്ട്. പ്രായോഗികമായ ചില സൗകര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ആ ഭേദഗതി ചെയ്തിട്ടുള്ളതു്. ഈ ബില്ലിലെ പന്ത്രണ്ടാംവകുപ്പിൽ ഇനിയൊരു വ്യത്യാസമുള്ളതു് കാലാകാലങ്ങളിൽ ഗവൺമെണ്ടിൽനിന്നും പ്രസിദ്ധീകരിക്കുന്ന നോട്ടിഫിക്കേഷൻ അനുസരിച്ച് മദ്യത്തിനു എക്സൈസ് ഡ്യൂട്ടി വയ്ക്കുവാൻ ഗവൺമെണ്ടിനു അധികാരമുണ്ടായിരിക്കുമെന്നാണ്. ഈ രണ്ടുവ്യത്യാസം മാത്രമല്ലാതെ ഇന്നു തിരുവിതാംകൂറിൽ നിലവിലിരിക്കുന്ന നിയമവും ഈ സഭമുമ്പാകെയുള്ള ഈ ബില്ലും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. ഇതിൽ കൊച്ചിയിലെ നിയമത്തിൽവിന്നും വളരെ പ്രധാനപ്പെട്ട ഒരു വ്യത്യസമുണ്ടെന്നുള്ളതും ഈ ബഹുമാനപ്പെട്ട സഭയെ അറിയിക്കുവാൻ ഞാനാഗ്രഹിക്കുന്നു. കൊച്ചിയിലെ ജനവിഭാഗത്തിൽനിന്നും വലിയ വാദത്തിനിടയുള്ള ഒരു സംഗതിയാണിതു്. കൊച്ചിയിൽ മദ്യനിരോധനം നടപ്പിലാകാത്ത സ്ഥലങ്ങളിൽനിന്ന് ആരെങ്കിലും മദ്യപിച്ചുകൊണ്ട് മദ്യനിരോധനമേഖലക്കുള്ളിൽ പ്രവേശിച്ചാൽ അയാളുടെ പേരിൽ നടപടി നടത്തുവാൻ കൊച്ചിയിലെ ആക്ടിൽ വ്യവസ്ഥയില്ല. അങ്ങിനെയുള്ള പരാതികൾക്കും ഈ ബില്ലുമൂലം ശമനം ഉണ്ടാകുന്നതാണ്. ഇതാണ് പഴയ നിയമങ്ങളും ഇപ്പോൾ ഹാജരാക്കുന്ന ബില്ലും തമ്മിലുള്ള ചില വ്യത്യാസങ്ങൾ. പഴയ നി

[Sri. N. Kunjuraman]

യമങ്ങളെ സംബന്ധിച്ചിടത്തോളം ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് പരിചിതമാകയാൽ അതിനെപ്പററി ഇപ്പോൾ കൂടുതലായോ ഒന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. അതിനാൽ മററു പഴയ രണ്ടു നിയമങ്ങളും റദ്ദു ചെയ്യുന്നതോടുകൂടിതന്നെ പുതിയ നിയമം നടപ്പിൽ വരുത്തുവാനായി ഈ ബില്ല് പാസാക്കിത്തരണമെന്നാണ് ഞാനപേക്ഷിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ ബില്ലിനെപ്പററി ആർക്കെങ്കിലും അഭിപ്രായം പറയുവാനുണ്ടെങ്കിൽ പറയാം.

ശ്രീ. കെ. ടി അച്ചുതൻ: ഇപ്പോൾ ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ബില്ല് മദ്യനിരോധനത്തിനു തടസ്ഥമുള്ളതല്ലെങ്കിലും ഷാപ്പുടമസ്ഥന്മാരിൽ പലക്കും ഇതുമൂലം പല നഷ്ടങ്ങളും ദോഷങ്ങളും നേരിടാനിടയുണ്ട്. മദ്യനിരോധനം നടപ്പിലുള്ള പ്രദേശങ്ങളിൽനിന്നും മദ്യനിരോധനം നടപ്പാകാത്ത സ്ഥലങ്ങളിൽവന്നു ധാരാളം ആളുകൾ കുടിക്കുമെന്നുള്ള ഉദ്ദേശത്തോടുകൂടി കൂടുതൽ സംഖ്യക്കു ലേലംവിളിച്ചു പലരും ഇന്നു ഷാപ്പുകൾ നടത്തിവരുന്നുണ്ട്. അങ്ങിനെയുള്ളവക്കെല്ലാം ഈ ബില്ലിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തിയാൽ പിന്നെ സാധാരണയായി അവിടെവന്നു കുടിക്കുന്നവരുടെ എണ്ണം കുറയുന്നതോടൊപ്പം അവക്കു കിട്ടിക്കൊണ്ടിരിക്കുന്ന വരുമാനത്തിൽ വളരെ കുറവുണ്ടാകുന്നതുമാണ്. ഈ ബിൽ ആവശ്യമില്ലെന്നു അല്ല ഞാൻ പറയുന്നത്. എന്നാൽ ഷാപ്പുകാരുടെ ന്യായമായ സൗകര്യങ്ങൾ നഷ്ടപ്പെടുന്നതും അവരുടെ വരുമാനത്തിൽ കുറവു വരുന്നതുമായ സംഗതിയെ സാബന്ധിച്ചിടത്തോളം ഗവൺമെണ്ട് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇങ്ങനെയുള്ള ഒരു നിയമം വരുമെന്നു അവർ കണക്കാക്കിയിരുന്നുവെങ്കിൽ കൂടുതൽ സംഖ്യക്കു ഷാപ്പുകൾ ലേലത്തിൽ വിളിച്ച് നടത്തുവാൻ സന്നദ്ധരാകുമായിരുന്നില്ല. കൂടുതൽ സംഖ്യക്കു ഷാപ്പുകൾ പിടിച്ചു നടത്തിപ്പോരുന്നവക്ക് നഷ്ടംവരാത്തനിലയിൽ ഉള്ള ഒരു നിയമമാണ് നമുക്ക് ആവശ്യമുള്ളത്. അതുകൊണ്ട് ഇതു് ഒരു സെലക്ട് കമ്മിററിക്കു അയക്കേണ്ടതാണെന്നുള്ള സംഗതികൂടി ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പ്രത്യേകം കൊണ്ടുവരണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നത്.

ശ്രീ. മിസ്സ്. ആനിജോസഫ്: സർ, ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം എനിക്കു പറയുവാനുള്ള ഏതാനും ചില അഭിപ്രായങ്ങൾ ഈ സഭയുടെ മുമ്പിൽ വക്കുവാൻ ഞാനാഗ്രഹിക്കുന്നു. കൊച്ചിയും തിരുവിതാംകൂറും യോജിച്ചുള്ള ഒരു ജനസംഖ്യ കണക്കെടുക്കുന്ന പക്ഷം ൧ ൫ ലക്ഷം ആളുകൾ ഉണ്ടെന്നു കാണാവുന്നതാണ്. ഏതാണ്ട് ൧ ൯ ലക്ഷം തന്നെ ഉണ്ടെന്നുപറഞ്ഞാലും വലിയ തെററില്ല. സ്ത്രീകളുടെയും പുരുഷന്മാരുടെയും കണക്കെടുക്കുന്നപക്ഷം പകുതി സ്ത്രീകളും പകുതി പുരുഷന്മാരുമാണെന്നു കാണാം. അതായതു് ൯ ൨ ലക്ഷം സ്ത്രീകളും ൯ ൨ ലക്ഷം പുരുഷന്മാരുമാണുള്ളത്. സ്ത്രീകൾ ൯ ൨ ലക്ഷം പേരുള്ളതിൽ കുടിക്കുന്നവരുടെ എണ്ണം ആയിരത്തിൽ രൊൾ എങ്കിലും ഉണ്ടായിരിക്കുമോ എന്നുള്ള കാര്യം സംശയം. ബാക്കിയുള്ളതു് ൯ ൨ ലക്ഷം പുരുഷന്മാരാണ്. അവരിൽ ൧ ൯ ലക്ഷംപേർ കുട്ടികളാണെന്നു കണക്കാക്കാം. അതുകഴിച്ചാൽ ബാക്കിയുള്ള ൧ ൯ ലക്ഷത്തോളം ആളുകളും പ്രായപൂർത്തിവന്ന പുരുഷന്മാരാണ്. ഈ ൧ ൯ ലക്ഷം പുരുഷന്മാരിൽ ഏതാണ്ട് ചുരുങ്ങിയതു് ൯ ലക്ഷം ആളുകളും മദ്യപിക്കാത്തവരായിരിക്കുമെന്ന് കണക്കാക്കുന്നതിൽ തെററില്ലെന്നാണ് തോന്നുന്നത്. പിന്നെയുള്ള ൧ ൫ ലക്ഷം പുരുഷന്മാരായിരിക്കും കൊച്ചി തിരുവിതാംകൂർ ഐക്യസംസ്ഥാനത്തിൽ കുടിക്കുന്നവരായി കണക്കാക്കപ്പെടേണ്ടവർ. എന്നാൽ അവരിലും ഏതാണ്ട് ൫ ലക്ഷം പേരോളം വിദേശമദ്യവും ചാരായവും കുടിക്കുന്നവരായിരിക്കും. ശേഷമുള്ള ൫ ലക്ഷം ആളുകൾ മാത്രമാണ് മദ്യം കഴിക്കുന്നവരായി ശേഷിക്കുന്നത്. ഈ അഞ്ചുലക്ഷം ആളുകളെ മാത്രം നല്ലപാഠം പഠിപ്പിച്ച് ആദർശപുരുഷന്മാരാക്കുന്നതിനു ഇത്ര വലിയ സംഖ്യ ചിലവുചെയ്യുണ്ടതുണ്ടോ എന്നാണ് ആലോചിക്കുവാനുള്ളത്. ഇതു് പ്രായോഗികമാക്കാവുന്ന ഒരു നിയമമല്ലെന്നല്ല ഞാൻ പറയുന്നത്. ഇതിനേക്കാൾ അത്യാവശ്യമായ മററനേകം കാര്യങ്ങൾക്ക് പണം ചിലവാക്കിയശേഷം ആലോചിക്കേണ്ടതും ആലോചിക്കാവുന്നതുമായ ഒരു ബില്ലാണിതു്. നമുക്ക് ഇതിനേക്കാൾ എത്രയോ അധികമധികസംഖ്യ ചിലവാക്കി അത്യാവശ്യമുള്ള കാര്യങ്ങൾ നിർവ്വഹിക്കേണ്ടതായിട്ടിരിക്കുമ്പോൾ ഇത്രവളരെ സംഖ്യ ഈ ഇനത്തിൽ നഷ്ടപ്പെടുത്തുവാൻ സമ്മതിക്കുന്നതു് ശരിയാണോ എന്നാലോചിക്കണം. മദ്യപിക്കരുതു്, നല്ലവരായിരിക്കണം എന്നെല്ലാം പറയുന്നതു് രാജ്യത്തിന്റെ ക്ഷേമത്തിനും സമാധാനത്തിനും ആവ

ശ്യമണെന്നുള്ളതിൽ രണ്ടുപക്ഷമില്ല. മദ്യനിരോധനംമൂലം എതാണ്ട് ഒരു കോടിയോളം രൂപ ഗവമ്മെണ്ടിന്നു നഷ്ടം വരുമായിരിക്കാം. പക്ഷെ വെറും ൫ ലക്ഷം പുരുഷന്മാരെ ആദർശപുരുഷന്മാരാക്കുവാനുള്ള ഉദ്ദേശയോടുകൂടി ഇത്ര വലിയ ഒരു സംഖ്യ ചിലവുചെയ്യുന്നുവെങ്കിൽ അതു ബുദ്ധിപൂർവ്വകമായിരിക്കുകയില്ല എന്നുള്ളതു് വ്യക്തമായി മനസ്സിലാക്കുവാൻ കഴിയുന്നതാണ്. കുടിക്കുന്നവരുടെ എണ്ണം തുച്ഛമായതുകൊണ്ടു് ഇത്ര വളരെസംഖ്യ ചിലവാകുവാൻ അനുവദിക്കുന്നതു് ശരിയല്ല.

ശ്രീ. കെ. കരുണാകരൻ: സർ, ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു. എന്റെ ഒരു മാന്യ സ്നേഹിതി അതിന്റെ ഗുണദോഷങ്ങളെക്കുറിച്ചു പരാമർശിക്കയുണ്ടായി. എത്രയും മഹത്തായ ഒരുകാര്യത്തിന്റെ ഗുണങ്ങളെ ശിഥിലീഭവിപ്പിക്കുന്ന നിലയിലുള്ള ഒരു പ്രസ്താവന ചെയ്തതുകൊണ്ടാണ് ഇതേസംബന്ധിച്ചു് രണ്ടു വാക്കു പറയാൻ ഞാൻ നിർബന്ധിതനായിത്തീർന്നതു്. ബഹു. മെമ്പർ ചില കണക്കുകളെല്ലാം ഉദ്ധരിച്ചുകൊണ്ടു് സ്വന്ത അഭിപ്രായങ്ങൾ ഇവിടെ പ്രകടിപ്പിക്കയുണ്ടായി. അഞ്ചുലക്ഷം ആളുകളെ ആദർശശുദ്ധിയുള്ളവരാക്കിത്തീർക്കുന്നതിനാണോ ൧ ൫ ലക്ഷം ജനസംഖ്യയുള്ള ഈ രാജ്യത്തെ ആളുകളെ ബാധിക്കുന്ന ഒരു നിയമനിർമ്മാണം ഇവിടെ ഉണ്ടാക്കുവാൻ പോകുന്നതെന്നു ചോദിക്കയുണ്ടായി. ഈ സഭയിൽതന്നെ പതിനായിരവും അമ്പതിനായിരവും വരുന്ന ജനങ്ങളുടെ ക്ഷേമത്തിനായി എത്രയോ നിയമനിർമ്മാണങ്ങൾ ഉണ്ടാക്കിയിട്ടുണ്ടു്. അതുപോലെ തന്നെ മദ്യപാനംകൊണ്ടു നശിച്ചുവരുന്ന ജന വിഭാഗത്തെ രക്ഷിക്കുവാൻവേണ്ടി ആണ് ഈ ബില്ല്കൊണ്ടുദ്ദേശിച്ചിട്ടുള്ളതു്. എന്റെ മാന്യസ്നേഹിതി കാര്യം മനസിലാക്കാതെയാണ് ഇവിടെ പ്രസംഗിച്ചതെന്ന് എനിക്കു തോന്നുന്നു. മദ്യനിരോധനംകൊണ്ടു് വമ്പിച്ച നഷ്ടം ഗവമ്മെണ്ടിന് ഉണ്ടായേക്കാം. എന്നാൽ അനുഭവത്തിൽ അതൊരുനഷ്ടമല്ല. തൊഴിലാളികളുടെ അനുഭവം വച്ചുനോക്കുകയാണെങ്കിൽ അവനുകിട്ടുന്ന ആദായത്തിന്റെ നല്ല ഒരു ഭാഗം മദ്യഷാപ്പുകളിലേക്കു് വിനിമയം ചെയ്യുന്നതു് നമുക്കു് കാണുവാൻ കഴിയുന്ന ഒരു പരമാർത്ഥമാണ്. സ്ത്രീകൾ മദ്യപിക്കുകയില്ല എന്നു പറയുന്നതു് മുഴുവൻ ശരിയല്ല. താഴ്ന്ന നിലയിൽ കഴിഞ്ഞുകൂടുന്ന മദ്യപാനികളായ സ്ത്രീകൾ റോഡിന്റെ വക്കിൽ ഇരുന്നു് മദ്യപാനം ചെയ്യുന്നതു് നമുക്കു കാണുവാൻ സാധിക്കും. പരിഷ്കാരത്തിനും ആവശ്യത്തിനും വേണ്ടി മദ്യപിക്കുന്നതായിനാംകാണുന്നുണ്ടു്. എതായാലും സാധുക്കൾക്കാണ് മദ്യനിരോധനംകൊണ്ടു് വളരെ മെച്ചപ്പെടുന്നതു്. സാധാരണയായി മദ്യപാനം മൂലംകൂടുതൽ കഷ്ടത അനുഭവിക്കുന്നതു് സ്ത്രീജനങ്ങളാണ്. ഒരുപക്ഷെ എന്റെ മാന്യസ്നേഹിതഅതുക്കു മനസിലാക്കിയിരിക്കയില്ല. ഈ രാജ്യത്തെ പാവപ്പെട്ടവരെ രക്ഷിക്കുവാൻ ഈ ബിൽ നിയമമാക്കി നടപ്പാക്കുകയാണെങ്കിൽ സാധിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നതു്.

മദ്യനിരോധനം നടപ്പാക്കിയിരിക്കുന്ന മദിരാശിയിലെ കോയമ്പത്തൂർ ജില്ലയിൽഅവിടത്തെ തൊഴിലാളികളുടെ നേട്ടത്തെപ്പററി എനിക്കു് അറിയുവാനിടയായി. അവക്കുമദ്യനിരോധനം മൂലംഅഞ്ചു മുതൽ പത്തുവരെ റാത്തൽ തൂക്കം കൂടിയിട്ടുണ്ടു്.ബോണസ്സ് കൊടുക്കുന്ന അവസരത്തിൽ ബോണസ്സു കിട്ടിയാൽ അതു അനാവശ്യമായി ചിലവാക്കാതെ അത്യാവശ്യങ്ങൾ കഴിച്ചു വല്ലതും ബാക്കിയുണ്ടെങ്കിൽ വീട്ടുപാത്രങ്ങളും ആഭരണങ്ങളും വാങ്ങുകപതിവാണ്. ഇത്രമഹത്തായ ഒരു കാര്യത്തെ അതിന്റെ മഹത്വത്തെ ക്ഷതപ്പെടുത്തത്തക്ക നിലയിൽ ഒരു അഭിപ്രായം ഒരു കാൺഗ്രസ്സ് മെമ്പറിൽനിന്നുതന്നെ വന്നതിൽ ഞാൻ ഖേദിക്കുന്നു.

കാൺഗ്രസ്സ്അതിന്റെ ഏററവും ശരിയായിട്ടുള്ളതും പ്രാധാന്യമുള്ളതുമായ കാര്യമായിട്ടാണ് മദ്യനിരോധനം അംഗീകരിച്ചിട്ടുള്ളതു്. കാൺഗ്രസ്സിന്റെ സർവ്വവിജയത്തിനും കാരണക്കാരനായ നമ്മുടെ അഭിവന്ദ്യനേതാവ് മഹാത്മജി മദ്യനിരോധനം അദ്ദേഹത്തിന്റെ പ്രധാന ആദർശമായി കരുതിയിരുന്നു. അപ്പോൾ ചോദിച്ചേക്കാം മഹാത്മാഗാന്ധിയുടെ ആദർശങ്ങൾ എല്ലാം നിങ്ങൾ പാലിക്കുന്നുണ്ടോ എന്ന്. കഴിയുന്നിടത്തോളവും ആദർശങ്ങൾ പാലിക്കണമെന്നാണ് ആഗ്രഹം. അതുപോലെ പ്രവർത്തിക്കുന്നുണ്ടു്. എതായാലും ഈ ബിൽ കഴിയുന്നതും വേഗത്തിൽ നിയമമാക്കുകയാണെങ്കിൽ ഈ രാജ്യത്തെ സാധുക്കളായ തൊഴിലാളിവർഗ്ഗത്തിന് ഒരു മഹത്തായ നേട്ടമാണ്.

ശ്രീ. സി. സി. പ്രസാദ്: ഈ ബില്ലിന്റെപൊതുതത്വത്തോടു ഞാൻ യോജിക്കുന്നു. പക്ഷെ ഇതിൽ അടങ്ങിയിരിക്കുന്ന ചില പ്രത്യേകകാര്യങ്ങളോടു ഞാൻ വിയോജിക്കുകയാണ്. ഒന്നാമതായി ഈ മദ്യനിരോധന മേഖലകളിൽ കഞ്ചാവ് വേണമെന്നു് വയ്ക്കുന്നതു് എന്തടിസ്ഥാനത്തിന്മേലാണെന്നു് എനിക്കു മനസ്സിലാകുന്നില്ല. മദ്യനിരോധനം നട

[Sri. C. C. Prasad].

പ്പിലാക്കേണ്ടതു തീർച്ചയായും ആവശ്യംതന്നെ എന്ന അഭിപ്രായക്കാരനാണ്ഞാൻ. എന്നാൽഅതേ സമയം കഞ്ചാവുകടകൾ സ്ഥാപിച്ച് കുടിയന്മാരെ അതിൽനിന്നും നിരോധിച്ച് വലിയന്മാരാക്കുന്നതിന്ന് ഗവമ്മെണ്ട് ശ്രമിക്കുന്നതു പരിതാപകരമാണെന്ന് പറയാതെ നിവൃത്തിയില്ല. കഞ്ചാവും വിദേശമദ്യംമാതിരിയുള്ള ഒരു വസ്തുവാണ്. കൊച്ചിയിൽ മദ്യനിരോധനവകുപ്പിൽപ്പെട്ട ഒരു ഉദ്യോഗസ്ഥൻ മദ്യനിരോധനത്തിനു പോയ അവസരത്തിൽ പറഞ്ഞ ഒരു സംഗതിയാണ് ഇവിടെ എന്റെ ഓർമ്മയിൽ വരുന്നത്. അതു ഞാൻ ഇവിടെ പറയുന്നില്ല. അദ്ദേഹം കുടിച്ചു മദോന്മത്തനായാണ് മദ്യംവിൽക്കാൻ പാടില്ല എന്നു പറഞ്ഞതു്. അപ്രകാരമുള്ള അംഗങ്ങൾ ഈ ഗവമ്മെണ്ടിലും ഇല്ലെന്നു പറയാൻ എനിക്കു നിവൃത്തിയില്ല. പ്രത്യേകിച്ചും ഒരു കാര്യത്തിൽ ഞാൻ ഈ ഗവമ്മെണ്ടിനെ അനുമോദിക്കുന്നു. അതായതു്, കൊച്ചിൻസ്റ്റേയിററിനെക്കൂടി ഈ ബില്ലിന്റെ വ്യാപ്തിയിൽ കൊള്ളിക്കുകയും കൂടാതെ എതാനും പ്രത്യേക വ്യവസ്ഥകൾ കൂടി ചേർക്കുകയും ചെയ്തിട്ടുള്ളതുകൊണ്ടു മലബാറിൽ കുടിച്ചിട്ട് നടക്കുന്നതായി കണ്ടാൽ ആ സ്ഥലത്തുവെച്ചുതന്നെ ഉള്ളിൽകിടക്കുന്നതിന്ന് വിലകൊടുക്കുക. ബാക്കി സ്റ്റേഷനിൽവെച്ച് കൊടുക്കുകയും അവസാനം കോടതിയിൽവച്ചു വാങ്ങുക എന്നിങ്ങനെയാണ്. ഇങ്ങനെ ഏതെങ്കിലും ചില ഏപ്പാടുകൾ ചെയ്താൽ മാത്രമേ മദ്യനിരോധനം പൂർണ്ണമായി നടപ്പാക്കാൻ സാധിക്കുകയുള്ളു. പക്ഷെ മിക്ക സ്ഥലങ്ങളിലും കർശനമായിട്ടുള്ള നടപടികൾ നടത്തുന്നുണ്ടോ എന്നു സംശയമാണ്. വലിയ തീപ്പൊരി പ്രസംഗങ്ങൾ നടത്തിയതുകൊണ്ട് പ്രയോജനമില്ല. അതുവെറുതെ ജനങ്ങളെ വ്യാമോഹിപ്പിക്കുക മാത്രമായിരിക്കും. അതല്ല ഗവമ്മെണ്ട് എന്തെങ്കിലും ചെയ്യണമെന്നുദ്ദേശിക്കുന്നുണ്ടെങ്കിൽ അതുടനെ നടത്തണമെന്നാണ് എനിക്ക് പറയുവാനുള്ളതു്. ഇത്തരം ബില്ല് നിയമസഭയിൽ പാസാക്കേണ്ട ആവശ്യംതന്നെയില്ല. പക്ഷെഇതു കച്ചവടക്കാരേയും മററുചിലപ്പോൾ സാരമായി ബാധിക്കുന്നതാണ്. അതേ സംബന്ധിച്ച് ഇവിടെ ഒരു ബഹുമാനപ്പെട്ട മെമ്പർ പ്രസ്താവിക്കുകയുണ്ടായി. അതൊന്നും പരിഗണിക്കേണ്ടയാവശ്യമില്ല. പ്രത്യേകിച്ചും മദ്യനിരോധനം നടപ്പിലാക്കുന്നതുകൊണ്ട് വളരെ അധികം ചെത്തുതൊഴിലാളികൾക്ക് നഷ്ടം നേരിടുന്നുണ്ട്. അവക്ക് അതിനു പ്രതിവിധികാണാതെ മദ്യനിരോധനത്തിന്ന് ആവശ്യമായ നടപടികൾ എടുത്തതുകൊണ്ടാണ് ഇപ്പോൾ പരാതികൾ പൊന്തിവരുന്നതു്.

ഇപ്പോൾ ശ്രീമതി ആനി ഇവിടെ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ തന്നെ ശരിയല്ലെന്നു പറയുവാൻ നിവൃത്തിയില്ല. ഈ ബില്ലിനെസെലക്ട് കമ്മിററിക്ക് വിടാതെ ഈ സഭതന്നെ നടപ്പിൽ വരുത്താൻ ശ്രമിക്കേണ്ടതാണെന്നും കഴിയുന്നതും നേരത്തെ ഇതു നടപ്പിലാക്കണമെന്നുമാണ് എനിക്ക് പ്രത്യേകിച്ചു പറയാനുള്ളതു്.

ശ്രീ. പാണ്ഡവത്തു ശങ്കരപ്പിള്ള : ആദ്യമായി ഈ ബില്ലിനെ ഞാൻ സ്വാഗതംചെയ്യുന്നു. ഈ ബിൽ ഇത്ര പെട്ടെന്ന് ആവശ്യമില്ലാത്തതായിരുന്നു എന്നൊരഭിപ്രായം ഈ കാൺഗ്രസ്സ് കക്ഷി ഭരണം നടത്തുന്നതായ ഈ സഭയിൽനിന്നും പ്രതീക്ഷിച്ചില്ല. മദ്യനിരോധനം ആവശ്യമാണെന്നുള്ളതു സമ്മതിച്ചു സത്യവാചകം ചൊല്ലിക്കഴിഞ്ഞിട്ടുള്ള ഞങ്ങളെപ്പോലെയുള്ള ആളുകളിൽനിന്നും ഈ അഭിപ്രായഗതി ഉണ്ടാകുന്നതു വളരെ പരിതാപകരമാണ്. ഇതിലേക്കു ചില കണക്കുകൾ ഇവിടെ ഉദ്ധരിച്ചതു കേട്ടു. പത്തുലക്ഷം പേർ കള്ളുകുടിക്കും എന്ന്. അതു സമ്മതിച്ചാൽതന്നെ ഈ പത്തുലക്ഷം ഒരു നിസ്സാരകാര്യമാണോ? എന്നാൽ പത്തുലക്ഷം പേർ കള്ളുകുടിക്കുമെങ്കിൽ, അവർ പ്രായപൂർത്തിയായവരാണെങ്കിൽ അവക്ക് ഒരു പത്തുലക്ഷം പേർ അവരുടെ കൂട്ടുകാരായി ഉണ്ടെന്ന് എണ്ണാവുന്നതാണ്. കൂടാതെ ഈ ഐക്യസംസ്ഥാനത്തിലെ ജനസംഖ്യയിൽ ഒരു നല്ല വിഭാഗം മദ്യപാനംകൊണ്ടുണ്ടാകാവുന്ന കഷ്ടതകൾ അനുഭവിച്ചുകൊണ്ടിരിക്കുന്നവരാണെന്നു കാണാൻ കഴിയും. ഈ ഏററവും പരിതാപകരമായ അവസ്ഥയെ ഈ സംസ്ഥാനത്തുനിന്നും ഇല്ലായ്മചെയ്ത് ഒരു വമ്പിച്ച ജനവിഭാഗത്തെ രക്ഷപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഒരു ബില്ലാണ് ഇതു്.

ഇന്നു മദ്യവർജ്ജനം നടപ്പിലാക്കുന്നില്ല, അല്ലെങ്കിൽ നടപ്പിലാക്കുന്നതിനു കാലതാമസം വരുത്തുന്നു എന്നുള്ള പരാതി എല്ലാതാലൂക്കുകളിൽനിന്നും ഗവമ്മെണ്ടിനെ ഞെരുക്കിക്കൊണ്ടിരിക്കുന്നു എന്നുള്ളതു വാസ്തവം മാത്രമാണ്. ഇക്കാര്യത്തിൽ നല്ലപോലെ പരാതിയുള്ളകൂട്ടത്തിലാണ് ഞാനും, ഞാൻ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലവും. മദ്യവർജ്ജനത്തിനുവേണ്ടി ദീർഘകാലമായി അശ്രാന്തം പരിശ്രമിച്ചുകൊണ്ടിരുന്ന എളിയ പ്രവ

ത്തകന്മാരിൽ ഒരുവനാണ് ഞാൻ. കാൺഗ്രസ്സ് അധികാരത്തിൽ വരികയും ഒരു ജനകീയ ഭരണം സംജാതമാകയും ചെയ്താൽ ഭയങ്കരമായ ഈ വിപത്തിൽനിന്നും രാജ്യത്തെ രക്ഷിക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതിനു കാലവിളംബം ഉണ്ടാകയില്ലെന്ന് എല്ലാവരും പ്രതീക്ഷിച്ചിരുന്നു. സാമ്പത്തികമായ വൈഷമ്യങ്ങൾ എത്രതന്നെ ഉണ്ടായിരുന്നാലും അസാന്മാർഗ്ഗികമായ ഒരു വരവിനമാണ് ഇതു് എന്നുള്ളതു നിശ്ചയമായും ആരും സമ്മതിക്കുമെന്നു് എനിയ്ക്കറിപ്പുണ്ടു്. ആ നിലയിൽ അസാന്മാർഗ്ഗികമായ ഒരു സമ്പാദ്യത്തിന്റെ മുമ്പിൽ ഉദാസീനമായ മനോഭാവം കൈക്കൊള്ളാതെ മറേറതു മാർഗ്ഗം അവലംബിച്ചായാലും സ്റ്റേററിന്റെ വരവു വർദ്ധിപ്പിച്ചുകൊണ്ടു മദ്യവർജ്ജനം ഉത്തേജിതമായി നടപ്പിൽ വരുത്തണമെന്നു ഞാൻ ഗവണ്മെണ്ടിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. പ്രത്യക്ഷമായി അനുഭവപ്പെടാൻ സംഗതിയില്ലാത്ത ദുരിതങ്ങൾ അതിൽനിന്നും എത്രകണ്ടുണ്ടാകുന്നു എന്നു മനസ്സിലാക്കാതെ പറയുന്ന അഭിപ്രായങ്ങൾ അതർഹിക്കുന്നവണ്ണം അവഗണിച്ചുകൊണ്ടു രാജ്യത്തു സാർവ്വത്രികമായ മദ്യവർജ്ജനം നടപ്പാക്കേണ്ടതാണെന്നും ഇപ്പോൾ നടപ്പാക്കിയിട്ടില്ലാത്ത പ്രദേശങ്ങളിലേക്ക് എത്രയും വേഗം അതു വ്യാപിപ്പിക്കണമെന്നും ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. മദ്യവർജ്ജനനടപടിയിൽനിന്ന് ഒഴിച്ചിട്ടുള്ള പ്രദേശങ്ങളിലെ സാധാരണക്കാരുടെ കാര്യവും മദ്യവർജ്ജനം ഏർപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിലെ സാധാരണക്കാരുടെ കാര്യവും മനസ്സിലാക്കുന്ന ഒരാളിനു മാത്രമേ മദ്യവർജ്ജനനടപടി എത്രമാത്രം ആശ്വാസപ്രദമായ ഒന്നാണെന്നു ശരിയായി അറിയുവാൻ സാധിക്കൂ. സന്ദർഭവശാൽ ഈയിടെ ഭംഗികാളനികൾ സന്ദർശിക്കുവാൻ എനിയ്ക്കിടയായി. മദ്യവർജ്ജനത്തിന്റെ ഫലം അവർക്ക് എത്രകണ്ടു് ആശ്വാസം നൽകിയിട്ടുണ്ടെന്ന് എനിക്ക് അപ്പോൾ മനസ്സിലാക്കുവാൻ കഴിഞ്ഞു. മദ്യനിരോധനം ഏർപ്പെടുത്തിയശേഷം റേഷൻ വാങ്ങാനുള്ള പണം വീട്ടിൽ കൊണ്ടുവരുന്നുണ്ടെന്ന് അവിടത്തെ സ്ത്രീകൾ വളരെ ആശ്വാസത്തോടുകൂടി എന്നോടു പറഞ്ഞു. രൂക്ഷമായ ഏതക്രമവും ചെയ്യാൻ തയാറുള്ള ഒരുതരം രാക്ഷസന്മാരായി രൂപാന്തരപ്പെട്ടു വീട്ടിൽ ചെല്ലുന്ന മദ്യപന്മാരുടെ അക്രമപ്രവൃത്തികൾ അനുഭവിക്കാൻ ഇടവന്നിട്ടുള്ള സ്ത്രീകളാരും മദ്യവർജ്ജനം സാവധാനത്തിൽ നടപ്പാക്കിയാൽ മതിയെന്നു പറയുകയില്ല. എങ്ങിനെയായാലും ഈ മദ്യവർജ്ജനം ഉടനെ നടപ്പിൽ വരുത്തണമെന്ന് അവർ തലയിൽ കൈ വച്ചുകൊണ്ടു പറയുമെന്ന് എനിക്കറിപ്പുണ്ടു്. അതുകൊണ്ടു യാതൊരു പരിതഃസ്ഥിതികളിലും ഒട്ടും കാലതാമസപ്പെടുത്താതെതന്നെ മദ്യവർജ്ജനം ഈ ഐക്യസംസ്ഥാനത്തു മുഴുവൻ നടത്തിക്കാണാനുള്ള ആഗ്രഹവും ഉല്ക്കണ്ഠയും പ്രദർശിപ്പിച്ചുകൊണ്ടു ഞാൻ ഈ ബില്ലിനെ പിൻതാങ്ങുന്നു.

ശ്രീ, പി. താണുലിങ്കനാടാർ: இந்த பில், மதுவிலக்குச் சட்டமானது, முதன் முதலாக திருவாங்கூர் சட்டசபையில் வந்தபோது, இங்கே மூன்று கட்சிகள் இருந்தன. அதாவது ஸ்டேட் காண்கிரஸ், தமிழ்நாடு காங்கிரஸ், முஸ்லீம் லீக், இப்படி மூன்று கக்ஷிகள் இருந்தபோதிலும்கூட ஒருவராவது மது விலக்கு வேண்டாமென்று ஒரு வார்த்தை சொன்னது கிடையாது. அவ்வளவு நிரந்தரமாக எல்லோரும் ஒரே மனப்பான்மையோடு வரவேர்த்த ஒரு சட்டம் உண்டானால், அது இந்த மது விலக்குச் சட்டமே. ஆனால் கொச்சியும் திருவிதாங்கூரும் இணைக்கப்பட்ட பிறகு ஒரு சிறு வித்தியாசம், அபிப்பிராயபேதம், இருந்ததாக கடந்த பட்ஜெட் கூட்டத்தில் லகுவாகத் தெரிந்தது. அதுவும் அப்பொழுது, விசேஷமாக நான் எதிர்பார்க்காத அளவிலே ஒரு பெண்மணியின் வாயிலாக வந்தது எனக்கு மிகவும் வியப்பை தந்தது. ஏதானாலும் திருவனந்தபுரத்திலும் மது விலக்கு சட்டம் அமலில் வந்த பிறகு கொஞ்சம் சுரம் தாழ்த்தப்பட்டுதான் காணப்படுகிறது. திருவிதாங்கூர், கொச்சி, மற்றும் பாகங்களிலும் இந்த மதுவிலக்கு பூர்த்தியாக வந்துவிட்டால் கள்ளுக்கு உள்ள அபேக்ஷை நாளடைவில் குறைந்து விடும் என்று நான் நம்புகிறேன். பொதுவாக் மது விலக்கை ஆதரிக்கப்பட்டவர்கள் அதிகமும் குடிக்காதவர்களாய் தான் இருக்கும். உண்மையில், குடிப்பவர்களுக்கு இதுதொந்தரவாய் இருந்தாலும் அதை அதிகம் உணரப்பட்டவர்கள் குடிக்காதவர்களே. அவர்கள்தான் குடிக்கக்கூடாதென்று பிரசாரம் செய்வது வழக்கம். நடைமுறையில் மதுவிலக்கை நாம் கொண்டுவருவதால், பல இடங்களிலும் கொண்டுவந்தால் அது வெற்றிகரமாக நடக்கும். ஒரு சிறிய உதாரணம், எங்கள் நாகர்கோவிலில் இந்த சட்டம் அமலில் இருக்கிறது. அதன் அனுபவத்தை நாங்கள் நன்று உணர்ந்திருக்கிறோம். அதனால் சர்க்காரின் பொருளாதார

நிலை மிகவும் பாதிக்கக் கூடியதாகையால் உடனடி நாடு பூராவும் கொண்டுவர முடியாது. அப்படி கொண்டுவர முடியாமல் சிலருக்கு புரியும்படி செய்வது கஷ்டமாதலால் அவர்கள் எங்கள் நாகர்கோவிலிற்கு வந்து பார்த்தால் அவர்களுக்கு திருப்தி அளிக்குமென்று நம்புகிறேன். கடந்தசமயம், இந்தச் சட்டம் வந்தபோது தென்திருவிதாங்கூரைப்பற்றி, பனையிலிருந்து பதனீர் எடுக்கக்கூடிய பிரதேசங்களில் லைசென்ஸ் (License) விஷயமாக ஒரு தகராறு உண்டு என்று நான் வாதித்ததுண்டு. அரசாங்கம், அதற்கு அனுகூலமாக ஒரு Notification மூலம் அந்த பிரதேசத்தில் பதனீர் எடுப்பதற்கும், கருப்புகட்டி காய்ச்சுவதற்கும் ஒரு Exemption தந்து இருந்தார்கள். 27-வது section படி அப்படி செய்யலாமென்று இருக்கிறது. ஆதலால் மறந்துவிடாமல் அதைச் செய்யவேண்டுமென்று தெரியப்படுவதுதான் என் அபிப்பிராயம். ஒரு வருட அனுபவத்தில் அங்குள்ள உத்தியோகஸ்தர்களை கேட்டால் தெரியும். கள்ளு இறக்கிறதாக கேஸ்கள் எத்தனை உண்டு என்று விசாரணை செய்து பார்த்தால், Madras ல் கள்ளு இறக்கும் கேஸ்கள் எவ்வளவு உண்டு என்றும், இங்கு அப்படி எவ்வளவு கேசுகள் உண்டு என்றும் பார்த்தால் நான் வாதாடியதின் உண்மையும், கவெர்ன்மெண்டின் பெருந்தன்மை காட்டிய பெருமையும் அதிலிருந்து விளங்கும். திருநெல்வேலியில் காக்காயாய் கத்துகிறார்கள். இந்த License வேண்டாமென்று. திருவிதாங்கூரிலுள்ளதுபோல் செய்யவேண்டும், செய்யவேண்டுமென்று கருதுகிறார்கள். இங்கிருந்து அங்கே வேலைக்குப் போகிறவர்கள் இதனால் பாதிக்கப்பட்டு, அவர்கள் சொல்லும் செய்திகளை கேட்டால் தெரியும்! ஆகவே இந்த License விஷயத்தை மறக்காமல், திருவிதாங்கூருக்கு அன்றிருந்த மதிப்பை இன்றும் காப்பாற்ற வேண்டும். சீனி இல்லாத இந்தக் காலத்தில் கருப்புக்கட்டி எவ்வளவு உபயோகமாய் இருக்கிறது என்பதை யோசித்து இந்த Notification ஐ மறந்துவிடாமல் செய்யவேண்டுமென்று கேட்பதோடு, இது சம்பந்தமாக வேலை செய்யும் Department அந்தக் காலத்தில் எங்கள் பிரதேசத்தில் வந்து விஷயங்களை பரிசீலனை செய்யும்போது ஒன்றிரண்டு விஷயங்களைப் பற்றிச் சொன்னோம். ஆனால் அதை அவர்கள் இன்னும் கவனிக்கவில்லை. விறகுப் பஞ்சம் ஒன்று. கருப்புக்கட்டி விவசாயத்தை தேசியமாக்கவேண்டும் என்று ஒன்றிரண்டு பிரச்னைகளைப்பற்றி சொல்லிருந்தோம். கவனிப்பதாக சொல்லியிருந்தார்கள். ஆனால் கவனித்ததாக தெரியவில்லை. அவைகளை கவனிப்பதால், திருவிதாங்கூர், Madras முதலிய மாகாணங்களுக்கு ஒரு எடுத்துக்காட்டாக இருக்குமென்று சொல்லிக்கொண்டு நான் இந்த பில்லை வரவேற்கிறேன்.

ശ്രീ. സി. വി. ജയ്ജു : സർ, കൊച്ചിയിൽ ആദ്യമായി ചിറവൂർ താലൂക്കിൽ മദ്യനിരോധനം ഏർപ്പെടുത്തിയപ്പോൾ നമ്മുടെ ഗവമ്മെണ്ടിനു മദ്രാസ് ഗവമ്മെണ്ടിനോടു സഹകരിച്ചു പ്രവർത്തിക്കേണ്ടതായിട്ടുണ്ടായിരുന്നു. എന്നാൽ മദ്യനിരോധനം ഏർപ്പെടുത്തുന്ന സംഗതിയിൽ ഗവമ്മെണ്ടിനു് ആത്മാർത്ഥതയുണ്ടെങ്കിൽ പിന്നീടു ചെയ്യേണ്ടിയിരുന്നതു് ഏററവും കൂടുതൽ മദ്യപാനികളുള്ള, അല്ലെങ്കിൽ ഏററവും കൂടുതൽ മദ്യം ചിലവാകുന്ന താലൂക്കുകളിൽ അതേർപ്പെടുത്തുകയായിരുന്നു. ഉദാഹരണമായിട്ടു പറയുകയാണെങ്കിൽ തൃശ്ശൂർ താലൂക്കിലും കൊച്ചികണയന്നൂർ താലൂക്കിലുമാണു് ഏററവും കൂടുതൽ മദ്യം ചിലവാകുന്നതു്. ആ താലൂക്കുകളിൽ മദ്യനിരോധനം ഏർപ്പെടുത്താതെ തലപ്പള്ളി താലൂക്കിലാണു് ഗവമ്മെണ്ടു മദ്യനിരോധനം ഏർപ്പെടുത്തിയിരിക്കുന്നതു്. തൃശ്ശൂരിൽ ജനസംഖ്യയും കൂടുതലാണു്, പണക്കാരും കൂടുതലാണു്. കൂടുതൽ മദ്യം ചിലവാകുന്ന പ്രദേശവുമാണു്. കഴിഞ്ഞ പൂരക്കാലത്തു രാപ്പകൾ മദ്യം വില്ക്കുന്നതിനാണു് ഗവമ്മെണ്ടു് ഏർപ്പാടുചെയ്തിരുന്നതു്. ഗവമ്മെണ്ടിന്റെ ധനനഷ്ടത്തെ മാത്രം അടിസ്ഥാനപ്പെടുത്തിയാണു് മദ്യം വില്ക്കാൻ ഏർപ്പാടുചെയ്യുന്നതെന്നു് അനുമാനിക്കേണ്ടിയിരിക്കുന്നു. ശരിക്കു പറയുകയാണെങ്കിൽ ഇപ്പോഴത്തെ ഗവമ്മെണ്ടിന്റെ നയംമൂലം തലപ്പള്ളി താലൂക്കിലുള്ള ആളുകൾക്കു മദ്യം ഉപയോഗിക്കണമെന്നുണ്ടെങ്കിൽ ന്യ നാഴിക അകലെ പോയി കുടിക്കുന്നതിനുള്ള ബസ്സുകൂലിയുംകൂടി നഷ്ടപ്പെടണം. തന്നിമിത്തം തൃശ്ശൂർനിന്നും തലപ്പള്ളിയിലേക്കു വരുന്ന ബസ്സുകളിൽ സ്ത്രീകൾക്കു യാത്രചെയ്യാൻപോലും വയ്യെന്നായിട്ടുണ്ടു്. തലപ്പിള്ളിയുടെ അതൃത്തിയിൽ തൃശ്ശൂർ താലൂക്കിലുള്ള കയ്യുറമ്പു കള്ളുഷാപ്പു കഴിഞ്ഞതവണ മൂവായിരം ഉറുപ്പികയ്ക്കു

ലേലംവിളിച്ചിരുന്നതു് ഇക്കൊല്ലം മുപ്പത്തയ്യായിരം ഉറുപ്പികയ്ക്കാണു് ലേലംവിളിച്ചു പോയിട്ടുള്ളതു്. ഇതൊക്കെ ആലോചിക്കുമ്പോൾ മദ്യനിരോധനം ഏർപ്പെടുത്തിയ ഗവമ്മെണ്ടിന്റെ ആത്മാർത്ഥതയെ അടിയന്തിരമായി ചോദ്യംചെയ്യേണ്ട ഒരു ഘട്ടംതന്നെ ആയിട്ടില്ലേ എന്നു ഞാൻ ശങ്കിക്കുന്നു. അല്ലെങ്കിൽ തൃശ്ശൂർ താലൂക്കിലായിരുന്നു ഗവമ്മെണ്ടു മദ്യനിരോധനം ആദ്യമായി നടപ്പിൽ വരുത്തേണ്ടിയിരുന്നതു്. ഇപ്പോൾ മദ്യനിരോധനമേഖലയിൽനിന്നും ബസ്സുകൂലിയും കൊടുത്തു തൃശ്ശൂർ താലൂക്കിൽ വന്നു മദ്യപിച്ചുകൊണ്ടു മടങ്ങിപ്പോകുന്നതിനുള്ള ഒരേർപ്പാടാണു് ഉണ്ടാക്കിയിരിക്കുന്നതു്. മദ്യപിച്ചിട്ടുള്ളവരെ എവിടെവെച്ചു കണ്ടാലും മണത്തറിഞ്ഞോ മറവിധത്തിലോ പ്രോസിക്യൂട്ടുചെയ്യുന്നതിനു് ഏർപ്പാടുകൾ ചെയ്യാതെ ഇപ്പോഴത്തെ മാതിരി മദ്യനിരോധനം ഏർപ്പെടുത്തിയതുകൊണ്ടു യാതൊരു പ്രയോജനവും ഇല്ല.

മദ്യനിരോധനം ഏർപ്പെടുത്തിയതുകൊണ്ടു നാം ഉദ്ദേശിക്കുന്നതുപോലെ സാധാരണക്കാരന്റെ സാമ്പത്തികസ്ഥിതി ന ായിട്ടുണ്ടോ എന്നു് അന്വേഷിക്കേണ്ടതാണു്. ഞാൻ അന്വേഷിച്ചിടത്തോളം എനിക്കു മനസ്സിലാക്കാൻ സാധിച്ചതു ബസ്സുകൂലി കൊടുത്തു പോയി കള്ളുകുടിക്കാൻ നിവൃത്തിയില്ലാത്തവരെല്ലാം കള്ളിനു ചിലവാക്കിയിരുന്നതുകൂടി ഇപ്പോൾ ചായക്കടയിൽ ചിലവാക്കുന്നു എന്നാണു്. മദ്യനിരോധനം വന്നതുകൊണ്ടു യാതൊരു തുകയും അവർ സമ്പാദ്യമായി ഉണ്ടാക്കിയിട്ടില്ല. പിന്നെ കൂലിക്കു പണിയെടുപ്പിക്കുന്ന ഞങ്ങളേപ്പോലെയുള്ള കർഷകരുടെ കാര്യം പറയുകയാണെങ്കിൽ ഇതുകൊണ്ടു നഷ്ടമേ ഉണ്ടായിട്ടുള്ളൂ. കള്ളുകുടി നിവൃത്തിയതുകൊണ്ടു കൂലിക്കാരുടെ ശക്തിയും മിടുക്കും സാരമായി കുറഞ്ഞുപോയിട്ടുണ്ടു്. അതുകൊണ്ടു മദ്യനിരോധനം ആവശ്യമില്ലെന്നല്ല ഞാൻ പറയുന്നതു്, ചാരായം, വിസ്കി, ബ്രാണ്ടി മുതലായതെല്ലാം നിരോധിക്കേണ്ടതുതന്നെ. എന്നാൽ കള്ളുകുടി നിരോധിക്കേണ്ട യാതൊരാവശ്യവും ഞാൻ കാണുന്നില്ല.

ഇനിയൊന്നു് എനിക്കു പറയുവാനുള്ളതു് നാം മദ്യനിരോധനം ഏർപ്പെടുത്തണമെന്നുദ്ദേശിക്കുന്നുണ്ടെങ്കിൽ മദ്യനിരോധനത്തിനുത്തരവാദികളായ നമ്മുടെ നേതാക്കന്മാർതന്നെ മദ്യനിരോധനത്തിനു് ഉത്തമ മാതൃകയായി കരുതി പ്രവൎത്തിക്കേണ്ടതാണു്. നമ്മുടെ നേതാക്കന്മാരെന്നു പറയുന്നവർ, ഞാൻ ഉദ്ദേശിക്കുന്നതു നമ്മുടെ മന്ത്രിമാർ, ഡെപ്യൂട്ടി സ്പീക്കർ തുടങ്ങിയുള്ളവരെയാണു്. ഞാൻ മനസ്സിലാക്കിയിട്ടുള്ളിടത്തോളം തുറന്നു പറയുകയാണെങ്കിൽ മദ്യനിരോധനം വിജയകരമായി നടപ്പാക്കിയിട്ടുള്ളതു് മഹാനായ മഹമ്മദുനിബി മാത്രമാണു്. അദ്ദേഹം മദ്യനിരോധനത്തെ ശക്തിയായി എതൃത്ത ഒരു മതസ്ഥാപകനായതുകൊണ്ടും അദ്ദേഹംതന്നെയും അനുഗാമികളും മദ്യപിക്കാതെ മാതൃകയായി പ്രവൎത്തിച്ചിട്ടുള്ളതുകൊണ്ടുമാണു് അദ്ദേഹത്തിനു് അതു സാധിച്ചതു്. ഈ സഭ മദ്യനിരോധനത്തിനു നിയമനിൎമ്മാണം ചെയ്യുന്നുണ്ടു്. എന്നാൽ ഈ സഭയിലെ അംഗങ്ങളുടെ കാര്യം പറയുകയാണെങ്കിൽ മിക്കവാറും പേരും തരം കിട്ടിയാൽ മദ്യപിക്കുന്നവരാണു്.

ശ്രീ. സി. സി. പ്രസാദ്: ബഹു. മെമ്പർ കുടിക്കുമോ?

ശ്രീ. സി. വി. ഐയ്യ: എനിക്കു മദ്യപിക്കാൻ വിരോധമില്ലെങ്കിലും മദ്യപിക്കാതെ ഇതുവരെ കഴിച്ചിട്ടുണ്ടു്. ഞാൻ കുടിക്കുമോ ഇല്ലയോ എന്നു നിങ്ങൾ ആലോചിക്കേണ്ട. പക്ഷെ, ഇന്നു ഖദർ കുപ്പായവുമിട്ടു കാൺഗ്രസ്സുകാരെന്നു പറഞ്ഞു നടക്കുന്ന ആളുകളേക്കാൾ ഈ കാര്യത്തിൽ ഞാൻ കുറെ ഭേദംതന്നെയാണു്. കുന്നംകുളത്തു് ഒരു പ്രമാണപ്പെട്ട കാൺഗ്രസ്സുകാരൻ—ഒരു മുനിസിപ്പൽ കൌൺസിലർ കയ്യുറമ്പിൽ വന്നു പരസ്യമായി കുടിക്കുകയുണ്ടായി.

ശ്രീ. സി. സി. പ്രസാദ്: ആളാരാണെന്നു പറയുമോ?

ശ്രീ. സി. വി. ഐയ്യ: അതു് എല്ലാവൎക്കും അറിയാവുന്ന ഒരു കാര്യമാണു്. ബഹുമാനപ്പെട്ട മന്ത്രി ഇക്കൂട്ടവാര്യൎക്കും അറിയാം. ഗാന്ധി മെമ്മോറിയൽ ഫണ്ടിലേക്കു് ആയിരം രൂപാ ദാനംചെയ്തിട്ടുള്ള ഒരാൾതന്നെ നേരിട്ടു് അദ്ദേഹത്തോടു നേരിട്ടു പറഞ്ഞിട്ടുണ്ടു്. ശ്രീ. എം. കെ. രാജായും ഞാനും പറയുന്നതു കേട്ടിട്ടുമുണ്ടു്. ഞാൻ പറഞ്ഞുവന്നതു മദ്യനിരോധനം ഏർപ്പെടുത്തിയതുകൊണ്ടു കാര്യമായില്ല, മദ്യനിരോധനം ഏർപ്പെടുത്തുന്നതിൽ ഔത്സുക്യം പ്രദൎശിപ്പിക്കുന്നവരും പ്രമുഖന്മാരും ആദ്യമായി മാതൃകാപരമായി മദ്യം വൎജ്ജിക്കണം. കാൺഗ്രസ്സുകാർ, മദ്യം സേവിക്കുകയാണെങ്കിൽ അവരുടെമേൽ ഡിസിപ്ലിനറി ആക്ഷൻ എടുക്കണം. കാൺഗ്രസ്സുകാരല്ലാത്ത ഈ സഭയിലെ അംഗങ്ങളും മദ്യം വൎജ്ജിക്കണം. ഇതൊന്നും ചെയ്യാതെ മദ്യനിരോധനം ഏർപ്പെടുത്തിയതുകൊണ്ടു യാതൊരു ഫലവുമില്ല. പിന്നെ ആരും കുടിക്കരുതു് എന്നും, കുടിക്കുന്നതു

[Sri. C. V. Iyyu]

കററകരമാണെന്നും നിയമമുണ്ടാകണം. അത്യാവശ്യം കുടിയേതീരൂ എന്നുള്ള ആളുകളെ വേണമെങ്കിൽ ഇതിൽനിന്നും ഒഴിവാക്കാവുന്നതുമാണ്. ദൃഷ്ടാന്തരൂപേണ ജീവിച്ചുകൊണ്ട് മദ്യനിരോധനം എർപ്പെടുത്തുന്നതു കുറെക്കൂടി നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. കുടിക്കുന്ന ഗവമ്മെണ്ടുദ്യോഗസ്ഥന്മാരുടെ പേരിലും നടപടി നടത്തണം. ഗവമ്മെണ്ടിന്റെ ഉപ്പും ചോറും തിന്നുന്ന ആരായാലും കൊള്ളാം, മദ്യം കുടിക്കുന്നപക്ഷം അവരെ മാതൃകാപരമായി ശിക്ഷിക്കേണ്ടതാണ്. ഗവമ്മെണ്ട് ഈ നയം എടുക്കുന്നിടത്തോളം കാലം മദ്യം കുടിക്കുന്ന ഉദ്യോഗസ്ഥന്മാരോടു യാതൊരു ദാക്ഷിണ്യവും കാണിക്കരുതെന്നാണ് ഞാൻ പറയുന്നതു്. മദ്രാസിൽ അങ്ങനെ ചെയ്യുന്നുണ്ട്. ഇവിടെ അങ്ങനെ ഒരു കല്പനയുണ്ടോ എന്നെനിക്കു നിശ്ചയമില്ല.

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ഇവിടെ ഉദ്യോഗസ്ഥന്മാർ മദ്യം ഉപയോഗിച്ചുകൂടാ എന്നു കല്പനയില്ല. പ്രൊഹിബിററിറി ഏരിയായിൽവച്ചു കുടിച്ചതായി കണ്ടാൽ അവരെ ശിക്ഷിക്കുമെന്നേയുള്ളൂ.

ശ്രീ. സി. വി. ഇയ്യു: അതുപോരാ. ഉദ്യോഗസ്ഥന്മാർ ആരുംതന്നെ മദ്യം ഉപയോഗിച്ചുകൂടാ എന്നു കല്പന കൊടുക്കണം. ഇതെല്ലാമാണെങ്കിലും ഈ ബില്ല് പാസ്സാക്കുന്നതിൽ ഞാൻ എതിരല്ല. എന്നാൽ കള്ള് ഇതിൽനിന്നും ഒഴിവാക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. ബീയറും വീഞ്ഞുംകൂടി ഒഴിവാക്കാം. തീർച്ചയായും കള്ള് ഒഴിവാക്കേണ്ടതാണ്. കള്ള് നല്ല ഒരു ആഹാരസാധനമാണെങ്കിലും എനിക്കു വേണമെന്നു നിർബ്ബന്ധമൊന്നുമില്ല.

ഈയവസരത്തിൽ എനിക്കു ഒരു കാര്യംകൂടി ബഹു. എക്സൈസ് മന്ത്രിയെ ധരിപ്പിക്കുവാനുണ്ട്. അദ്ദേഹം മദ്യനിരോധനം സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ വളരെ ആത്മാർത്ഥതയോടും പരമാർത്ഥതയോടും കൂടി ചെയ്യുതാണെങ്കിലും ഇതുവരെ തലപ്പിള്ളി താലൂക്കിലുള്ള മധുരക്കള്ളുചെത്തു തൊഴിലാളികൾക്കു ലൈസൻസു കിട്ടിയിട്ടില്ലെന്നുള്ളതു് അവർ ഇന്നലെയും എന്നെ അറിയിക്കുകയുണ്ടായി. ഇക്കാര്യത്തിൽ എക്സൈസുമന്ത്രി കാര്യമായി ശ്രദ്ധിച്ച് അവർക്കു എത്രയും വേഗം ലൈസൻസു കൊടുപ്പിക്കുവാൻ വേണ്ടതു ചെയ്യണമെന്നു പേക്ഷിക്കുന്നു.

ശ്രീ. പി. സി. അദ്ദേചിച്ചൻ: സർ, ഞാൻ ഈ ബില്ലിന്റെ തത്വത്തോടു യോജിക്കുന്നു. ഇവിടെ പല ബില്ലുകൾ അവതരിപ്പിച്ചിട്ടുണ്ടെങ്കിലും, ഇനിയും പല ബില്ലുകൾ അവതരിപ്പിക്കാനുണ്ടെങ്കിലും ഈ ബില്ലിനെപ്പോലെ എല്ലാവർക്കും, വിശേഷിച്ചും കൂലിവേലക്കാർക്കു സഹായവും അനുഗ്രഹവുമായിത്തീർന്നിട്ടുള്ള മറെറാരു ബില്ലും ഇല്ലെന്നാണ് ഞാൻ കരുതുന്നതു്. ഏററവും പ്രധാനപ്പെട്ട അനവധി ബില്ലുകൾ ഇവിടെ പാസ്സാക്കേണ്ടതായിരിക്കുന്നതുകൊണ്ടു ഈ ബില്ലിനെപ്പററി സംസാരിച്ചു സമയം കളയാതെ മിണ്ടാതിരിക്കണമെന്നാണ് ഞാൻ വിചാരിച്ചതു്. എന്നാൽ ബഹുമാനപ്പെട്ട ചില മെമ്പറന്മാർ ഈ ബില്ലിനെ നേരിയസ്വരത്തിലാണെങ്കിലും പ്രതികൂലിക്കുന്നതായി കണ്ടപ്പോൾ ഇതേപ്പററി രണ്ടുവാക്കു പറയാമെന്നു ഞാൻ വിചാരിച്ചതാണ്.

സർ, ഈ സംസ്ഥാനത്തെ പാവപ്പെട്ടവരായ കൂലിവേലക്കാരിൽ പതിനെട്ടു വയസ്സിനു മുകളിലുള്ളവരുടെ കഥ പറയേണ്ട, താഴെയുള്ളവർപോലും കുടിക്കുന്നുണ്ട്. അങ്ങനെ കുടിക്കാത്തവർ ആയിരത്തിനു ഒന്നോ രണ്ടോ പേരിൽ കൂടുതൽ കാണുമെന്നു ഞാൻ വിചാരിക്കുന്നില്ല. ജോലിചെയ്തു കിട്ടുന്ന പണം മുഴുവനും കുടിനിമിത്തം വീട്ടിലേക്ക് എത്തിക്കുവാൻ നിവൃത്തിയില്ലാതെ ഇവർ ബോധരഹിതരായി കഴിയുകയാണ്. അങ്ങനെയുള്ള കഷ്ടപ്പാടുകളിൽനിന്നും ഇവരെ രക്ഷിക്കുന്ന ഈ ബില്ല് ഒരു വലിയ മഹാനുഗ്രഹമാണെന്നു പറയാതെ തരമില്ല.

സർ, ഈ പാവപ്പെട്ടവർ വാസ്തവത്തിൽ ഇത്രവളരെ സാമ്പത്തികമായി അധഃപതിച്ചതു കുടികൊണ്ടു മാത്രമാണെന്നാണ് എന്റെ അഭിപ്രായം. കുറവസമുദായത്തെ നശിപ്പിച്ചതു മദ്യപാനം ഒന്നുമാത്രമാണ്. മററു സമുദായങ്ങളുടെ കഥയും ഏകദേശം ഇങ്ങനെതന്നെയാണെങ്കിലും കുറവസമുദായത്തെപ്പററി എനിക്ക് നല്ലവണ്ണം അറിയാമെന്നുള്ളതുകൊണ്ട് ഞാൻ ഇതു പറഞ്ഞതാണ്. വളരെ സുഭിക്ഷമായിക്കഴിയുന്ന കുറവസമുദായത്തിൽപെട്ട അംഗങ്ങളുടെ വകയായി ഏതാനും ചില വീടുകൾ ചില താലൂക്കുകളിലുണ്ടായിരുന്നു. ഈ രാജ്യം പടവെട്ടിപിടിച്ചു ഭരിച്ചിരുന്ന വീരശ്രീ രാജമാർത്താണ്ഡവർമ്മ മഹാരാജാവ് എട്ടുവീട്ടിൽപിള്ളമാരെ ഭയന്നു വടക്കോട്ടു ഓടിയ സന്ദർഭത്തിൽ അദ്ദേഹത്തെ ഒരു കുറവനും ഒരീഴവനും ശുശ്രൂഷ ചെയ്തതിന്റെ ഫലമായിട്ടു ഏകദേശം ൨ ൫ ൦ ഏക്കറോളം വരുന്ന

സ്ഥലം ആ കുറവന് ദാനം ചെയ്യുകയുണ്ടായി. ആ സ്ഥലത്തു ധാരാളം തെങ്ങും വൃക്ഷവും നട്ടുപിടിപ്പിച്ചു ഫലസമൃദ്ധമാക്കുകയും ചെയ്തു. എന്നാൽ ഇപ്പോൾ മദ്യപാനത്തിനു വിധേയമായി ആ സ്ഥലം അതിന്റെ ഉടമസ്ഥൻ കുറേശ്ശകുറേശ്ശയായി വിററതിന്നു് അന്യരുടെ കൈവശത്തിലിരിക്കുകയാണു്. അതുപോലെ കൊട്ടാരക്കര കച്ചേരി മുതലായവ ഇരിക്കുന്ന സ്ഥലം കുറവരുടെ വകയായിരുന്നു. അവിടത്തെ ജ്യേഷ്ഠനും അനുജനുംകൂടി കള്ളുകുടിച്ചു വഴക്കുണ്ടാക്കി അന്യാധീനപ്പെടുത്തി. ഒടുവിൽ അതു ഗവമ്മെണ്ടു കൈവശപ്പെടുത്തുകയും ചെയ്തു. അതുപോലെ കൊട്ടാരക്കര താലൂക്കിൽതന്നെ ഏകദേശം ൧൨൦ പറയോളം വരുന്ന നിലവും ഇതുപോലെ കുറവരുടെ വകയായി ഉണ്ടായിരുന്നതു കള്ളുകുടി നിമിത്തം വിററു നശിപ്പിച്ചു. ഇങ്ങനെ നോക്കിയാൽ കുറവസമുദായത്തിൽ സാമ്പത്തികമായ അധഃപേതനം വന്നതിന്റെ മുഖ്യകാരണം മദ്യപാനമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല.

നിങ്ങൾക്കെല്ലാവക്കും അറിയാം, കുറവൻ എന്ന വാക്കു കേൾക്കുമ്പോൾ തന്നെ അതിൽ എന്തോ കുറവുണ്ടു് എന്ന ഒരു പ്രതീതി ജനിക്കാറുണ്ടെന്നു്. എന്നാൽ കുറവന്നു് യാതൊരു കുറവുമില്ല. അവന്നു് ഈ കുറവുവന്നതു് മദ്യപാനം നിമിത്തം ഉണ്ടായിട്ടുള്ള കുറവു ഒന്നുകൊണ്ടു മാത്രമാണു്. ഇതിഹാസം നോക്കിയാൽ ഈ വസ്തുത തെളിയുന്നതാണു്. സ്കാന്ദപുരാണത്തിൽ ഒരു ഐതിഹ്യമുണ്ടു്. പണ്ടു ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരും, മുപ്പത്തുമൂക്കോടി ദേവന്മാരുമൊക്കെ....

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹു. മെമ്പർ ഈ ബില്ലിനെപ്പററി പറഞ്ഞാൽ മതി. അല്ലാതെ കുറവസമുദായത്തെപ്പററി വിസ്തരിക്കണമെന്നില്ല.

ശ്രീ. പി. സി. ആദിച്ചൻ: സർ, മദ്യപാനം ചെയ്തതു കൊണ്ടാണു് കുറവന്മാരെ ഇത്തരത്തിലാക്കിത്തീർത്തതു എന്നു കാണിക്കുവാനാണു് ഞാൻ ഇതു പറഞ്ഞതു്.

അങ്ങനെ ഈ ദേവന്മാരും ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരും കൂടി....

മി. ഡെപ്യൂട്ടിസ്പീക്കർ: ബഹു. മെമ്പർ ആ കഥ തുടരേണ്ടതില്ല.

ശ്രീ. പി. സി. ആദിച്ചൻ: ചുരുക്കിപറഞ്ഞാൽ മദ്യപാനം എന്ന കുറവല്ലാതെ കുറവന്നു് മററു യാതൊരു കുറവുമില്ല. നാടൻ പ്രദേശങ്ങളിൽ വളരെമുമ്പു മുതൽതന്നെ ഈ സാധുക്കളുടെ ഇടയിൽചെന്നു് അവരെ ഉദ്ധരിക്കുന്നതിനുവേണ്ടി പ്രവത്തിക്കുന്ന എല്ലാവരും മദ്യപാനം ചെയ്യരുതു എന്നു പറഞ്ഞിട്ടുണ്ടു്. അപ്പോഴെല്ലാം മദ്യപാനംചെയ്തു അടിയുറച്ചിട്ടുള്ളവർ അതിനെ എതിത്തിട്ടുമുണ്ടു്. ഈ സഭയിൽ ഈ ബില്ലിനെ വല്ലവരും എതിക്കുന്നുണ്ടെങ്കിൽ അവർ നിശ്ചയമായും മദ്യപാനംചെയ്തു ശീലിച്ചിട്ടുള്ളവരാണെന്നാണു് എന്റെ അഭിപ്രായം. അടുത്തകൊല്ലം കൊല്ലം ഡിവിഷൻ മുഴുവനെങ്കിലും മദ്യനിരോധനം ഏർപ്പെടുത്തണമെന്നു് എനിക്കപേക്ഷയുണ്ടു്. എന്റെ സമുദായത്തിൽപെട്ട ഭൂരിഭാഗംപേരും ആ ഡിവിഷനിലാണു് താമസിക്കുന്നതു്. അങ്ങനെ കുറവരെ ഓത്തെങ്കിലും കൊല്ലം ഡിവിഷനിൽ മദ്യനിരോധനം എത്രയും വേഗത്തിൽ നടപ്പാക്കണമെന്നാപക്ഷിച്ചുകൊണ്ടു് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

(At this stage Mr. Speaker resumed the Chair)

ശ്രീ. ടി. വി. തേവൻ: സർ, ഞാൻ ബില്ലിനെ ആത്മാർത്ഥമായി അനുകൂലിക്കുന്നു. ഈ ബില്ല മദ്യനിരോധനത്തെ സംബന്ധിച്ചുള്ളതാണല്ലോ. മദ്യപാനം ഒരു സമുദായത്തെ മാത്രം സ്പർശിക്കുന്ന ഒരു ദോഷമല്ല. ഭൂമിയിലുള്ള ചെറിയ ജീവികൾമുതൽ ദേവന്മാർവരെയുള്ള എല്ലാവരെയും ഒരുപോലെ ബാധിച്ചിട്ടുള്ള ഒരു ദോഷമാണു് മദ്യപാനം. ഇപ്രകാരം ലോകൈകവന്ദ്യനായ, നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ അനശ്വരങ്ങളായ ഉപദേശങ്ങളിൽ ഏററവും മികച്ചു നില്ക്കുന്ന ഒന്നായിട്ടാണു് ഈ മധുവർജ്ജനത്തെ കരുതേണ്ടതു്. ഇതു് ശരീരത്തിനെ മാത്രമല്ല പണത്തെയും ആത്മാവിനെയും നഷ്ടപ്പെടുത്തുന്നതിനുവേണ്ടി പാകപ്പെടുത്തിയ ഒരു കഷായമാണെന്നു പറയുന്നതിൽ വലിയ അബദ്ധമില്ല. കള്ളു ഉപയോഗിച്ചുകൊണ്ടു നടന്നാൽ മനുഷ്യൻ എന്തെല്ലാം കാട്ടിക്കൂട്ടുമെന്നു ആക്കും നിശ്ചയിക്കുവാൻ നിവൃത്തിയില്ല. ചുവറയിൽ കൊററംകുളങ്ങര പടിഞ്ഞാറുവശത്തു നിൽക്കുന്ന ചുമടുതാങ്ങിയെക്കണ്ടു് ഒരു കുടിയൻ 'ആരെടാ എന്നെവന്നു തീണ്ടിയതു്' എന്നു പറഞ്ഞു് കാലുമടക്കി ചുമടുതാങ്ങിക്കിട്ടു കൊടുത്തു ഒരടി. കുടിയൻ കിഴക്കോട്ടും ചുമടുതാങ്ങി പടിഞ്ഞാട്ടും വീണു. ഇപ്രകാരം അനേകം ഉദാഹരണങ്ങൾ ഉണ്ടായിട്ടുണ്ടു്. ഇങ്ങനെ മനുഷ്യനെ മറന്നും ആത്മാവിനെ മറന്നും പ്രവത്തിക്കത്തക്ക നിലവരുത്തുന്ന ഈ നശിച്ച മദ്യപാനം കഴിയുന്നതും വേഗത്തിൽ നിരോധിച്ചു ജനങ്ങളെ രക്ഷിക്കുവാൻ ഗവമ്മെണ്ടു തയ്യാറായിക്കാണു

[Sri. T. V. Tevan]

ന്നതിൽ എനിക്കു സന്തോഷമുണ്ട്. എല്ലാവരും വിചാരിക്കുന്ന പറയർ, പുലയർ, കുറവർ, മുതലായ ആളുകൾക്ക് ഇവിടെ നടക്കുന്ന കാര്യങ്ങളൊന്നും അറിയാൻ പാടില്ലെന്നാണ്. എല്ലാ സമുദായക്കാർക്കും കുടിക്കണം. കുടിച്ചുവർതന്നെ കുടിക്കരുതെന്നു പറയുമെങ്കിലും തരംകിട്ടുമ്പോൾ അവർ കുടിക്കും. ശ്രീ. അയ്യൻകാളി മുതലായ നേതക്കന്മാരുടെ കൂടെ എന്റെ പതിനാറാമത്തെ വയസ്സുമുതൽ മദ്യപാനം ചെയ്യരുതെന്നു ഞാൻ പറഞ്ഞുനടന്നിട്ടുണ്ട്. ശ്രീ. അയ്യൻകാളിയുടെ അദ്ധ്യക്ഷതയിൽ പത്തുപതിനായിരംപേർ കൂടിയിരിക്കുന്ന സദസ്സിൽവെച്ചു കള്ളുകുടിയുടെ ദോഷത്തെപ്പററി പ്രസംഗിച്ചു കള്ളുകുടിക്കേണ്ടാ എന്നഭിപ്രായമുള്ളവർ കൈപൊക്കുവാൻ ആവശ്യപ്പെടുമ്പോൾ എല്ലാവരും കൈപൊക്കും. ശ്രീ. അയ്യൻകാളി രാജ്യമൊട്ടുക്കു സഞ്ചരിക്കാറില്ല. ഞാൻ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഒരാളുകയാൽ എന്റെ സഞ്ചാരത്തിനിടയിൽ ഈ കൈപൊക്കിയ ആളുകളേയൊക്കെ കള്ളഷാപ്പിൽവെച്ചുകാണും. നിങ്ങൾ മീററിംഗിൽ കള്ളുകുടിക്കേണ്ട എന്നു കൈപൊക്കിയല്ലോ എന്നു പറയുമ്പോൾ അന്നു പൊക്കിയതു് ഇടത്തെകയ്യാണ്, ഇന്നു കുടിക്കുന്നതു വലത്തെകൈയുകൊണ്ടാണ് എന്നു മറുപടിയും പറയും.

കുറെ വർഷങ്ങൾക്കുമുപ്പ ശ്രീ. അയ്യൻകാളിയോടുകൂടി ഞാൻ അനവധി സ്ഥലങ്ങളിൽ സഞ്ചരിക്കുകയും മധുവർജ്ജനത്തിനുവേണ്ടി അദ്ദേഹം പല യോഗങ്ങളിലും പ്രസംഗിക്കുകയും ചെയ്തിട്ടുണ്ട്. അതിനെപ്പററി അദ്ദേഹം പറഞ്ഞിട്ടുള്ളതു് ഇപ്രകാരമാണ്. "സഹോദരങ്ങളെ നിങ്ങൾ കള്ളുകുടിക്കരുതു്. നിങ്ങൾക്കു സൗന്ദര്യമില്ലാതാക്കിയതും, കറുത്ത നിറം തന്നതും ഈ കള്ളാണ്. നിങ്ങൾക്കു തീണ്ടലും അയിത്തവും ഉണ്ടാക്കിയതും ഈ കള്ളുതന്നെയാണ്. കള്ളാണ് നിങ്ങളെ താണപടിയിലാക്കിയതു്. അവിടെനിന്നും നിങ്ങൾക്കുയരണമെങ്കിൽ കള്ളുകുടി നിറുത്തണം". ഇപ്രകാരം അദ്ദേഹം പ്രസംഗിച്ചതിനുശേഷം മേലാൽ കള്ളുകുടിക്കയില്ലെന്നു അവരെക്കൊണ്ടു് സമ്മതിപ്പിക്കുകയും ചെയ്തു. എന്നാൽ സത്യംചെയ്തവർതന്നെ ഓണം, സംക്രാന്തി മുതലായ ദിവസങ്ങളിൽ പിതൃക്കൾക്കുവേണ്ടിയാണെന്നുംപറഞ്ഞു് ധാരാളം കള്ളുവാങ്ങിച്ചുകൊണ്ടുവന്നു വീട്ടിൽവച്ചു് ഉപയോഗിക്കുമായിരുന്നു. ഇങ്ങനെ പുലയർ, പറയർ മുതലായവർ അയ്യൻകാളിയുടെ കാലത്തു കള്ളുകുടി നിറുത്തിയിട്ടുണ്ട്. പാല്, നാരങ്ങാവെള്ളം, കാപ്പി, തേയില മുതലായ പാനീയപദാർത്ഥങ്ങൾ നമ്മുടെ നാട്ടിൽ ധാരാളമുള്ളതും അതു് ഉപയോഗിക്കുന്നതിനു വളരെ സന്തോഷവും തൃപ്തിയുണ്ടായിരിക്കെ ഈ കള്ളുകുടിക്കുവാനായി കയ്യിൽ എടുക്കുമ്പോൾതന്നെ മൂക്കിനകത്തു കൂടി എന്തോ ഒന്നുകേറിപോകുന്നതുപോലെതോന്നും. അതുകഴിഞ്ഞു വായിൽകൊണ്ടുവയ്ക്കുമ്പോൾ കണ്ണുതാനേ അടയും. കണ്ണടഞ്ഞുകഴിയുമ്പോൾ പല്ല കടിച്ചുപിടിക്കും. ഉടനെ നാക്കെന്തുചെയ്യുന്നു് ഒരുവശത്തേക്കു ഒതുങ്ങിക്കൊടുക്കുന്നു. കയ്യുടെ പ്രേരണകൊണ്ടു മനസ്സില്ലാമനസോടെ ആ ചുണ്ടുകൾ ഇതിനെ അകത്തേക്കുവിടുന്നു. ഇപ്രകാരം കുടിയുംകഴിഞ്ഞു പാട്ടുംപാടി റോഡിൽ ഇറങ്ങുമ്പോഴാണ് നടക്കാൻ സ്ഥലംപോരാതെവരുന്നതു്. ഈ വിധത്തിൽ മനുഷ്യനെ മനുഷ്യനല്ലാതാക്കിത്തീർക്കുന്ന ഈ കഷായം എത്രയും വേഗത്തിൽ നിറുത്തൽചെയ്യേണ്ടതാണ്. കള്ളുമാത്രമല്ല ഞാൻ വിവക്ഷിക്കുന്നതു്. സകല ലഹരിപദാർത്ഥങ്ങളും നിറുത്തേണ്ടതാണ്. മഹാത്മജി സംവിധാനംചെയ്തിരിക്കുന്ന കാര്യപരിപാടിയിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് മധുവർജ്ജനം. മദ്യപാനത്താൽ അനവധി കുടുംബങ്ങൾ നശിപോയിട്ടുണ്ടെന്നുള്ളതു നമുക്കെല്ലാവർക്കും അറിവുള്ളതാണ്. ആയതിനാൽ സംസ്ഥാനമൊട്ടുക്കു മധുവർജ്ജനം എത്രയുംവേഗത്തിൽ നടപ്പിലാക്കണമെന്നപേക്ഷിച്ചുകൊണ്ടു ബില്ലിനെ ഹാർദ്ദവമായി പിൻതാങ്ങുന്നു.

ശ്രീ. ഇട്ടീര അമ്പുക്കൻ: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന മദ്യനിരോധന ബില്ലിനെ ആദർശപരമായി ഞാൻ പിൻതാങ്ങുന്നു. ഐക്യസംസ്ഥാനത്തിന്റെ ഇന്നത്തെ സാമ്പത്തിക സ്ഥിതിയെപ്പററി പരിചിന്തിക്കുകയാണെങ്കിൽ പെട്ടെന്നു് ഈ ബിൽ പാസാക്കുന്നതു ബുദ്ധിപൂർവ്വമാണെന്നുതോന്നുന്നില്ല. കാൺഗ്രസുകക്ഷിയിൽപെട്ട ഒരു വനിതാമെംബറെങ്കിലും ഈ ബില്ലിനെ എതിർത്തതിൽ അവരെ ഞാൻ ഹാർദ്ദമായി അഭിനന്ദിക്കുന്നു. സാമ്പത്തികമായിരാജ്യം അധഃപ്പതിച്ചുകൊണ്ടിരിക്കുന്ന ഈയവസരത്തിൽ ഇൻഡ്യാ ഗവമെണ്ടുപോലും മദ്യനിരോധനം നടപ്പിലാക്കാൻ ഭയപ്പെടുന്ന ഈ അവസരത്തിൽ എന്തിനാണ് എത്ര തിടുക്കം കാണിക്കുന്നതെന്നു മനസ്സിലാകുന്നില്ല. ഒരുവശത്തു പണമില്ലാതെ വിഷമിക്കുമ്പോൾ മറുവശത്തു തെമ്മാടികൾ കള്ളുകുടിക്കാതിരിക്കാൻവേണ്ടി ധാരാളം പണംവാരിച്ചെലവുചെയ്യുകയാണ്. സകലസ്വാതന്ത്ര്യങ്ങളും അനുവദിച്ചു കൊടുത്തിരിക്കുന്ന

ഇക്കാലത്തു അൽപം മദ്യം കുടിക്കണമെന്നു ആശിക്കുന്നവനെ തടയുന്നതു ഒരുവക വ്യക്തി സ്വാതന്ത്ര്യഭഞ്ജകമാണ്. വിശേഷിച്ചും ജനായത്തഭരണം നിലവിലിരിക്കുന്ന ഈ സംസ്ഥാനത്തു വ്യക്തിസ്വാതന്ത്ര്യം പുലർത്തേണ്ടതാണ്. മദ്യപാനത്തിൽനിന്നും ആളുകളെ പിൻതിരിപ്പിക്കുന്നതു പ്രേരണകൊണ്ടും പ്രചരണംകൊണ്ടുമാണ്. അതല്ലാതെ ഒരു നിയമംമൂലം നിഷേധിക്കയല്ല വേണ്ടതു്. മറ്റൊരുകാര്യം പറയാനുള്ളതു് ഇതുസംബന്ധിച്ചു തൊഴിലാളികളെപ്പററിയാണ്. മദ്യനിരോധനം നടപ്പാക്കിയ സ്ഥലങ്ങളിലെ ചെത്തുതൊഴിലാളികൾതന്നെ തൊഴിലില്ലായ്മമൂലം അലഞ്ഞുതിരിയുകയാണ് ചെയ്യുന്നതു്. ആ സ്ഥിതിക്കു സംസ്ഥാനമൊട്ടുക്കു് ഇതു നടപ്പിലാക്കുമ്പോൾ ഒരു വലിയസംഘം ആളുകൾക്കു തൊഴിലില്ലാതെ കഷ്ടപ്പെടേണ്ടിവരും. യുദ്ധംകഴിഞ്ഞതിനുശേഷം തൊഴിലില്ലായ്മ പ്രശ്നം വളരെ ഭയങ്കരമായസ്ഥിതിയിൽ എത്തിച്ചേർന്നിരിക്കയാണ്. ദൈനംദിനം വർദ്ധിച്ചുവരുന്നതല്ലാതെ കുറയുന്നലക്ഷണം ഒന്നുംകാണുന്നില്ല. എട്ടണയോ പന്ത്രണ്ടണയോ കൊടുത്താൽ ഒരുദിവസം മുഴുവൻ ഒരു കൂലിക്കാരൻ അധ്വാനിക്കാൻ തയാറാണ്. ഇത്രയുംകുറഞ്ഞ കൂലിക്കു് ഒരുത്തൻ പണിയെടുക്കുന്നുവെങ്കിൽ നാട്ടിൽ അത്രത്തോളം തൊഴിലില്ലായ്മ വർദ്ധിച്ചിരിക്കുന്നുവെന്നുവേണം മനസ്സിലാക്കാൻ. രാജ്യത്തുള്ള മററുതൊഴിലാളികൾക്കു തന്നെ വേലകിട്ടാതിരിക്കെ, ചെത്തുതൊഴിലാളികളെകൂടി അധോഗതിയിലാക്കുന്നതു ഇന്നത്തെ ഗവൺമെണ്ടിനു് ഒട്ടും യോജിച്ചതല്ല. ചില ബഹുമാനപ്പെട്ട മെമ്പറന്മാർ ഇവിടെ പറയുകയുണ്ടായി, മദ്യപാനംനിമിത്തം ധാരാളം ക്രിമിനൽകേസുകളുണ്ടാകുന്നുവെന്നു്. മദ്യപാനംകൊണ്ടു ഉണ്ടാകുന്ന ക്രിമിനൽകേസുകളുടേയും, അതല്ലാത്തുള്ള ക്രിമിനൽകേസുകളുടെയും ശതമാനം തിട്ടപ്പെടുത്തുകയാണെങ്കിൽ ഈ അഭിപ്രായം തെററാണെന്നു കാണാവുന്നതാണ്.

സർ, ഗവൺമെണ്ടിൽനിന്നും അവതരിപ്പിച്ചിരിക്കുന്ന ഈ ബിൽ ആദർശപരമായ ഒരു ബില്ലാണ്. അതിൽ അഭിപ്രായവ്യത്യാസമില്ല. എങ്കിലും നമ്മുടെ സാമ്പത്തികസ്ഥിതി ഇന്നുകാലുറച്ചുനിൽക്കുന്നതുവരെ ഈ ബില്ല പാസാക്കാതെ നീട്ടിക്കൊണ്ടുപോകുന്നതാണ് ഉത്തമമെന്നും അങ്ങനെ നീട്ടണമെന്നുമാണ് എന്റെ അഭിപ്രായം.

ശ്രീ. ടി. എം. സന്നലൻ: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന മദ്യനിരോധന ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. സംസ്ഥാനത്തുള്ള ജനങ്ങളിൽ ഭൂരിഭാഗവും കൂലിവേലക്കാരാണെന്നുള്ളതു് എല്ലാവർക്കും അറിയാം. ഈ കൂട്ടരാണ് കള്ളുധാരാളമായി ഉപയോഗിക്കുന്നതു്. ഒരു കൂലിക്കാരനുകിട്ടുന്ന കൂലിയുടെ സാരമായ ഭാഗം കള്ളുഷാപ്പിൽ കൊടുത്തിട്ടു ബാക്കിയാണ് അവൻ വീട്ടിൽകൊണ്ടുപോകുന്നതു്. കള്ളുകുടി കൂലിക്കാരുടെ ഇടയിൽ സർവ്വസാധാരണമായിത്തീർന്നതുകൊണ്ടാണ് അവരുടെ കുടുംബങ്ങൾ നിത്യദാരിദ്രവും കലഹവും അനുഭവിക്കുന്നതു്. സാധുജനസംരക്ഷണമാണ് നമ്മുടെ ഉദ്ദേശമെങ്കിൽ, എന്തുനഷ്ടം സഹിച്ചും ഈ ബിൽ ഉടനെതന്നെ നിയമമാക്കേണ്ടതാണ്. മദ്യപാനികളായ പുരുഷന്മാരുടെ കഠിനമർദ്ദനത്തിൽനിന്നും സാധുസ്ത്രീജനങ്ങളെ രക്ഷിക്കാൻ ഈ ബിൽ തികച്ചും പര്യപ്തമാണ്. മാത്രമല്ല, മേലാൽ അവരെ സ്വൈരജീവിതത്തിലേക്കു് ഈ ബിൽ വഴിതെളിക്കുന്നതുമാണ്. ഒരു വലിയവിഭാഗം ജനങ്ങളെ, അവരുടെ ദുർവൃത്തിയിൽനിന്നും പിൻതിരിപ്പിക്കേണ്ടതു ഗവൺമെണ്ടിന്റെയും ജനപ്രതിനിധികളുടെയും കടമയാണ്. ആയതിനാൽ ഇവിടെ സന്നിഹിതരായിരിക്കുന്ന ബഹുമാനപ്പെട്ട മെമ്പറന്മാർ എല്ലാവരും ഈ ബില്ലിനെ അനുകൂലിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. ഈച്ചരമേനോൻ: മദ്യപാനത്തിന്റെ ഗുണദോഷത്തെപ്പററി പ്രസംഗിക്കാനല്ല ഞാൻ എണീററു നിൽക്കുന്നതു്. കള്ളു് ഒരു ഫുഡ്വാല്യൂഉള്ള സാധനമാണെന്നാണ് വലിയ ഡാക്ടറന്മാർ പറയുന്നതു്. അതോടൊപ്പംതന്നെ ചാരായം ദേഹത്തിനു് വളരെ ദോഷമാണെന്നും. എന്റെ പണം വ്യയംചെയ്തു് കള്ളുകുടിനിർത്താൻ ഉൽസാഹിച്ചു. സാധിച്ചില്ല. പ്രൊഹിബിഷൻ നടപ്പിൽവന്നപ്പോൾമാത്രമേ അതു നിന്നൊള്ളു. കർഷകതൊഴിലാളികൾക്കു് കള്ളു് ഇല്ലാത്തതു് വളരെ ദോഷമായിട്ടുണ്ടു്. എന്നാലും ബില്ലു് ആവശ്യമാണ്. ചിറവൂർ പ്രൊഹിബിഷൻ വന്നതിൽ എന്റെ ശ്രമം അധികമായിട്ടുണ്ടു്. അതു് അഭിമാനമായിട്ടാണ് ഞാൻ കരുതുന്നതു്. എന്നാൽ തൃശ്ശൂരു് ഡിസ്ട്രിലറിവച്ചു് പട്ടച്ചാരായം ഉണ്ടാക്കി സാധുക്കളെ കുടിപ്പിക്കുന്നതിൽ അബ്കാറി ചെയ്യുകയാണ് ഗവൺമെണ്ടു് ചെയ്യുന്നതു്. അതു നിലനില്ക്കുന്നുകാലത്തു് ഇങ്ങനെ ഒരു ബിൽ കൊണ്ടുവരുവാൻ ഗവൺമെണ്ടിനു ലജ്ജയുണ്ടാകാത്തതിൽ ഞാൻ പരിതപിക്കുന്നു. എത്ര നിയമമുണ്ടാക്കിയാലും വേണ്ടില്ല.

[Sri. Eachara Menon]

എത്ര പ്രസംഗം ചെയ്താലും വേണ്ടില്ല, ഗവമ്മെണ്ടും പ്രാസംഗികന്മാരും ഒത്തൊരുമിച്ച് ഈ ബാധ ഇല്ലാതാക്കാൻ ശ്രമിക്കാത്തപക്ഷം ഈ ദേവത നാടുവിട്ടുപോവില്ല.

സാഹിബ് ബഹദൂർ മൈയ്തീകുഞ്ഞ്: സർ, ഒരു പോയിൻറ് ഓഫ് ആർഡർ.

ശ്രീ. കെ. രാമകൃഷ്ണപിള്ള: സർ, വേറൊരു പോയൻറ് ഓഫ് ആർഡർ. മെമ്പർക്ക് അവരവരുടെ സ്ഥാനത്തുനിന്നല്ലാതെ മററു സ്ഥാനങ്ങളിൽ ചെന്നിരുന്നുകൊണ്ട് ചോദ്യങ്ങൾ ചോദിക്കാമോ?

മി. സ്പീക്കർ: പാടില്ല.

Sri. N. D. Jose : A point of order. I wish to know whether the Hon'ble Member (Mr. Moideen Kunju) who is speaking is in his seat.

Sri. Ittiera Ambookan : He has informed the Secretary.

Mr. Speaker : Is the Hon'ble Member in his seat? That is a question of fact.

Sri. C. V. Iyyu : On a point of order. The member says that Mr. Moideen Kunju has informed the Assistant Secretary.

Mr. Speaker : The Hon'ble member cannot function as a member unless he is in his seat.

Sri. C. V. Iyyu : The member says that he has informed the office concerned.

Mr. Speaker : Does the member want to function as a member?

ശ്രീ. ഇട്ടീര അംബ്രൂക്കൻ: സെക്രട്ടറിയെ വാക്കുമൂലം അറിയിച്ചാൽ.....

Mr. Speaker : Information to or even consent from the Secretary will not entitle the member to function from a seat not assigned to him.

ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: ഞാൻ ഈ ബില്ലിനേ സ്വാഗതം ചെയ്യുന്നു. വളരെ പ്രധാനമായ ഒരു ബില്ലാണ് ഇതു്. ഈ ബില്ലിനേ സ്വാഗതം ചെയ്തുകൊണ്ട് ഏതാനും ചില സംഗതികൾ സഭയേ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ചിറവൂർ താലൂക്കിൽ മദ്യനിരോധനം നടപ്പാക്കിയിട്ടുണ്ടെങ്കിലും അതിൻെറ ഭരണം നിർവ്വഹിച്ചുവരുന്ന ഉദ്യോഗസ്ഥന്മാർ അനുദ്യോഗസ്ഥകമ്മിററികളുടെ സഹായത്തോടുകൂടി പല കേസ്സുകളും ചാർജ്ജുചെയ്യുന്നുണ്ടെങ്കിലും ഇപ്പഴും ധാരാളം പേർ ചിറവൂർ താലൂക്കിൽ ചാരായം കുടിച്ചുവരുന്നുണ്ട്. ഇതിനൊരു പ്രതിവിധി ഇത്തരം നിയമനിർമ്മാണംകൊണ്ടുമാത്രമേ സാധിക്കുകയുള്ളു. അനവധി ആളുകൾ ഇന്ന് രഹസ്യമായി ചിറവൂർ താലൂക്കിൽ മദ്യം കുടിച്ചുപോരുന്നുണ്ട്. ഈ ബില്ലിൻെറ ആനുകൂല്യം ഒരു സമുദായത്തിനോ അല്ലെങ്കിൽ ഒരു വിഭാഗത്തിനോ മാത്രമുള്ളതല്ല. എന്നാൽ ചിലർ ഇവിടെ പറയുകയുണ്ടായി, ഈ പ്രൊഹിബിഷൻ നടപ്പിൽ വരുത്തുന്നതോടുകൂടി ചില തൊഴിലാളികൾക്ക് തൊഴിലില്ലാതായിപ്പോകുമെന്ന്. പ്രത്യേകിച്ച് ചെത്തുതൊഴിലാളികൾ തൊഴിലില്ലാതെ വിഷമിച്ചുപോകുമെന്ന് പറയുകയുണ്ടായി. അതു അടിസ്ഥാനരഹിതമാണ്: ആ വാദത്തിന് യാതൊരു കാരണവും ഇല്ല. മദ്യനിരോധനം നടപ്പാക്കിട്ടുള്ള ചിറവൂർ താലൂക്കിൽ വളരെ താമസിച്ചാണെങ്കിലും ചക്കര ഉണ്ടാക്കുവാനുള്ള അനുവാദം ഗവമ്മെണ്ട് നൽകി. ഇതോടുകൂടി മിക്കവാറും തൊഴിലാളികൾക്ക തൊഴിൽ കിട്ടുകയും ചെയ്തു. ഈ ബില്ലിൻെറ ഉദ്ദേശം ൧൦൦ ശതമാനവും ഫലപ്രദമാകണമെങ്കിൽ ഗവമ്മെണ്ടുദ്യോഗസ്ഥന്മാരും സഭയിലെ ബഹു. മെമ്പറന്മാരുംകൂടി വിചാരിച്ചാൽ മാത്രമേ സാധിക്കുകയുള്ളു. തൃശ്ശൂർ വനിതാമെമ്പർ പറഞ്ഞതിൽ വാസ്തവങ്ങൾ ഇല്ലാതില്ല. കാരണം അവർ ഉള്ളതു് ഉള്ള മാതിരി പറഞ്ഞു എന്നേയുള്ളു. പാർട്ടികളിലും മററും പങ്കെടുക്കുന്ന പല സന്ദർഭങ്ങളിലും ഈ നിയമസഭയിൽതന്നെയുള്ള ബഹുഭൂരിപക്ഷം മെമ്പറന്മാരും കുടിക്കുന്നതായി കാണുന്നതായിട്ടു തൃശ്ശൂർ വനിതാമെമ്പർ പറഞ്ഞു. അവർക്ക് അങ്ങനെ അനുഭവം ഉണ്ടായിരിക്കാം. അതുകൊണ്ടാണ് പറഞ്ഞതു്. ഏതായാലും ഇനിയെങ്കിലും ബഹു. മെമ്പറന്മാർ ഈ കാര്യത്തിൽ ശ്രദ്ധപതിപ്പിച്ച് മദ്യനിരോധനം ശരിയായി അതിൻെറ പൂർണ്ണരൂപത്തിൽതന്നെ നടപ്പാക്കാനുള്ള സകല സഹകരണങ്ങളും ചെയ്തുകൊടുക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ബില്ലിനേ സ്വാഗതം ചെയ്യുന്നു.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: സർ, മദ്യം വളരെ നല്ല ഒരു സാധനമാണ്. അതിനു നല്ല മധുരമുണ്ട്. അതു സേവിച്ചാൽ വളരെ ഉല്ലാസമുണ്ടാകും. ഉന്മേഷമുണ്ടാക്കുന്ന പദാർത്ഥവുമാണ് മദ്യം. ഉത്സാഹത്തോടുകൂടി കാര്യം നിർവ്വഹിക്കുന്നതിനു സഹായിക്കുന്നതാണ് മദ്യം. പലപ്പോഴും നല്ല കാര്യങ്ങൾക്കും പ്രേരണനൽകുന്ന ഒരു ഗുണം മദ്യത്തിനുണ്ട്. ഉന്മേഷത്തോടുകൂടി കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് ഉല്ലാസംതരുന്ന അപൂർവ്വഗുണഗണങ്ങൾ ഉള്ള ഒരു മധുര

രമരുന്നുമാണ് മദ്യം. ഇതൊക്കെ ശരിയാണ്. ഇങ്ങനെയുള്ള പല ഗുണങ്ങളും ഈ മദ്യത്തിനുണ്ട്. വളരെ ആളുകളുടെ വളരെനാളത്തെ പ്രയത്നത്തിന്റെയും ചിന്താശക്തിയുടേയും ഗവേഷണങ്ങളുടേയും ഫലമായിട്ടു ഉണ്ടായ ഒരു അപൂർവ്വസാധനമാണ് മദ്യം. വളരെ നല്ല ഒരു ഉത്തമവൃക്ഷത്തിന്റെ അന്തർഭാഗത്തു സ്ഥിതിചെയ്യുന്നതും അനേകനാളുകൾകൊണ്ടു അനേകം ആളുകൾ ചേർന്നു പരിശ്രമിച്ചു കണ്ടുപിടിച്ചിട്ടുള്ളതും ആയ ഒന്നാണ് ഇതു്. അന്യോന്യസ്നേഹത്തിനു കൂടുതൽ ഉപകരിക്കുന്ന ഒന്നാണ് മദ്യം. പല വൈദ്യന്മാരും ചില രോഗങ്ങൾക്കു പ്രത്യേക ഔഷധമായി ശുപാർശ ചെയ്യുന്ന ഒന്നാണ് ഇതു്. ഇങ്ങനെയുള്ള ഗുണഗണങ്ങൾ മദ്യത്തെസംബന്ധിച്ചിടത്തോളം ധാരാളമാണ്. ഒരു വ്യക്തിക്കുമാത്രമല്ല ചില സാമുദായികനിലയ്ക്കും ഫലപ്രദമായിട്ടുള്ളതാണ്. ഈ തത്വം അറിഞ്ഞിട്ടിയിരിക്കണം ചില മതാചാര്യന്മാർ ചില പ്രത്യേക കർമ്മങ്ങൾക്കു അതായതു ശ്രേഷ്ഠമായ ചില മതകർമ്മങ്ങൾക്കു മിതമായ തോതിലെങ്കിലും മദ്യം ഉപയോഗിക്കാം എന്നു നിർദ്ദേശിച്ചിട്ടുള്ളതു്. അതിനു ഇന്നും ഒരു വിരുദ്ധമായ അഭിപ്രായം ഉണ്ടായിട്ടില്ല. ഇങ്ങനെ ഒക്കെയാണെങ്കിലും ഈ ബില്ല് ഇവിടെ ഇപ്പോൾ അവതരിപ്പിക്കേണ്ടതു ആവശ്യംതന്നെയാണ്. അതിനുള്ള കാരണങ്ങൾ ഒന്നു് മദ്യത്തിനു മേല്പറഞ്ഞ ഗുണങ്ങൾ ഉണ്ടെങ്കിലും അമിതപാനം കൊണ്ടു ദോഷമുണ്ടാകുന്ന ഒന്നാണ് മദ്യം. കൂടുതൽ ഉപയോഗിച്ചുപോയാൽ അതുപയോഗിക്കുന്ന ആളിനെ സ്വയമേ നിയന്ത്രിച്ചുകൊണ്ടു് അയാളെ സംബന്ധിച്ചിടത്തോളം അയാൾ അനുയന്ത്രിതനായി പോകുന്ന ഒരു ദോഷം ഈ മദ്യത്തിനുണ്ട്. രണ്ടാമതു ഇതു ഉപയോഗിക്കുന്ന ആളുകൾക്കു ബന്ധുക്കളോടുള്ള ബന്ധത്തിനു കുറവുവരുത്താൻ ശ്രമിക്കുന്ന ഒന്നാണ്. സാമുദായികമായി വന്നിട്ടുള്ള ദോഷം അതാണ്. ഏതെങ്കിലും ഒരു സമുദായത്തിലെ ഭൂരിപക്ഷം ആളുകൾ മദ്യം സേവിച്ചു പോന്നതിന്റെ ഫലമായിട്ടു ആ ആളുകൾ ഉൾപ്പെട്ട സമുദായം വളരെ താഴ്ന്ന നിലയിൽ വീക്ഷിക്കപ്പെടാറുണ്ട്. ഇന്നു് മദ്യംകൊണ്ടു് നമുക്കു ധാരാളം വരവു വന്നുകൊണ്ടിരിക്കുന്നു. ഈ ബിൽ വരികയാണെങ്കിൽ നമ്മുടെ ബഡ്ജററിൽ ഒരു വലിയ തുക ഏതാണ്ടൊരുകോടി രൂപാതന്നെ നഷ്ടപ്പെട്ടുപോകുമെന്നാണ് എതിർ കക്ഷികളുടെ വാദം. ഇത്ര വമ്പിച്ച തുക നഷ്ടപ്പെട്ടുപോലും ഇന്നത്തെ ഗവൺമെന്റു് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു ഈ മദ്യസേവകൊണ്ടു് സമുദായങ്ങൾക്കും രാജ്യത്തിനും നേരിടുന്ന ആപത്തിൽനിന്നും നമ്മെ രക്ഷിക്കാൻ മാത്രമാണ് മാത്രമല്ല, തൊഴിലാളികളുടെ ധനനഷ്ടത്തിനും ആരോഗ്യനഷ്ടത്തിനും കാരണമായിത്തീരുന്ന ഈ മദ്യത്തെ നിരോധിക്കേണ്ടകാലം എത്രയോ മുമ്പേ കഴിഞ്ഞിരിക്കയാണു . അതുകൊണ്ടു ഈ ബില്ലിനെ സ്വാഗതം ചെയ്യാതെ എനിക്കു നിവർത്തിയില്ല. നാം ഇപ്പോൾ ഒരു പ്രതിസന്ധിഘട്ടത്തിൽ എത്തിയിരിക്കുകയാണ്. ഇതു പാസ്സാക്കേണ്ടതു് സാമാന്യ ജനങ്ങളുടെ ആവശ്യങ്ങൾക്കും അഭിലക്ഷണീയമായ അഭിലാഷങ്ങൾക്കും അനുയോജ്യമായിട്ടുള്ളതാണ്. ഇതുകൊണ്ടാണ് ഇന്നത്തെ ഗവൺമെന്റു് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. അതിനാൽ ഞാൻ ഈ ബില്ലിനെ സഹർഷം സ്വാഗതം ചെയ്യുകയാണ് ചെയ്യുന്നതു്.

Sri. P. S. Na:araja Pillai: It is now too late in the day to canvas for support to the Prohibition Bill. Prohibition has been accepted by a large section of the Indian Public and I do not think that it needs any arguments now, to induce this House to accept it as a policy and to compel Government to adopt and implement it. I take it; Sir, the Bill now introduced by the Treasury Benches indicates the intention of the present Government to enforce prohibition throughout the United State without delaying in further.

Sir, the financial aspect of prohibition has been put before this House, whether in the present financial condition of our Covernment it would be advisable for the Government to lose a considerable amount of its revenue by enforcing prohibition. I think it is. I for one believe, Sir, that the object of any Government is to raise the living standards of it citizens. It is the Government's primary duty to see that the people under its care live under better conditions. If that be so, prohibition is the surest way for that. One of the Hon'ble members of this House said that it is only a limited number of people who indulge in this luxury or bad habit or luxurious bad habit, if I may say so. Sir, the effect of it is, if one man indulges in this habit, he wastes that money which ought naturally to go for the up-keep of his family and himself. If the money is not wasted in drinks, and if there is no opportunity to waste it on it, it will naturally be diverted to other use, to raise, the standard of life. An individual who is wasting Re. 1 a day on this habit, if he is compelled not to do so, will be forced by the logic of circumstances to use that Re. 1 per day for the necessaries of life of his family. In this State, nearly a crore of rupees is being wasted on drinks which will be

[Sri. P. S. Nataraja Pillai]

diverted for the necessaries of life of the citizens of the State, which means the standard of life of the people will be raised to that extent. The revenue of the State after all is for doing things by which the citizens will be able to enioy a better life. In modern times, a democratic State is a State which has to look to the betterment of its citizens in all aspects of life, not only in the economic aspect of life, but also for the moral regeneration. If that be the duty and the function of the Government, they cannot delay implementing the policy of prohibition. The effect of unemployment and the effect of people losing their jobs and this creating more hardship to the people, is not so patent in the prohibition area as is being described by some Hon'ble members. In the areas where prohibition has been enforced, there is no unemployment to the extent described. People there are better off in all walks of life, and their economic condition has improved. Therefore, I welcome the Bill and hope that the Government will not delay any further to enforce prohibition throughout the State and do their duty at the earliest opportunity.

ശ്രീ. എം. ഗോവിന്ദൻ: സർ, ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് എഴുന്നേററതു്. എന്നാൽ ഇതിൽ പല സംഗതികളും നാം ഓർമ്മിക്കാനുണ്ടു്. ഇങ്ങനെ ഒരു ബിൽ നടപ്പിൽ വരുമ്പോൾ നമ്മുടെ കോശസ്ഥിതിയെ അതു് എങ്ങനെ ബാധിക്കും, ഇത്രമാത്രം നഷ്ടപ്പെടത്തക്കവണ്ണമുള്ള പ്രയോജനം ഇതുകൊണ്ടുണ്ടോ എന്നെല്ലാം ഓർമ്മിക്കുമ്പോൾ ഇതിനെ ഒന്നു് എതിർത്താലെന്താണെന്നു് വിചാരമാണു് എനിക്കു ഉണ്ടാകുന്നതു്. മദ്യം വിഷം, അതു വില്ക്കരുതു്, കുടിക്കരുതു് എന്നുള്ള മതക്കാരനാണു് ഞാനെങ്കിലും മദ്യത്തിനേക്കാൾ, അതായതു് കള്ളിനേക്കാൾ നല്ല ഒരു സാധനം കുടിക്കാനില്ലെന്നാണു് എനിക്കു പറയാനുള്ളതു്. ഞാൻ കുടിച്ചുനോക്കിയിട്ടുണ്ടു്. വളരെ മാധുര്യമുള്ള ഒരു സ്റ്റേജിലാണു് ഞാൻ കുടിച്ചിട്ടുള്ളതു്. അതു് കുറെ പഴകിയാൽ വേറൊരു സ്വാദു് വരുമായിരിക്കും. ഇങ്ങനെയുള്ള ഈ പാനീയത്തിനെ തടയുന്നതു് വളരെ ദോഷമാണു്. ഈ ലോകത്തിലേക്കു് നല്ലതായ പാനീയം നമ്മുടെ നാട്ടിൽ നമ്മൾ ഉണ്ടാക്കുന്നു. മഹാത്മാഗാന്ധി പറഞ്ഞ ആദർശങ്ങളിൽ ഒന്നാണെന്നു കരുതി നാം അതിന്റെ ഗുണദോഷങ്ങളെ കുറിച്ചു് ചിന്തിക്കാതെയും നമ്മുടെ കോശസ്ഥിതിയെക്കുറിച്ചു് ആലോചിക്കാതെയും ഇതിനെ പെട്ടെന്നു നിറുത്തുന്നതു ശരിയായിരിക്കുമോ? എന്റെ സ്നേഹിതൻ മി. ഈശ്വരമേനോൻ ശ്രീമതി ആനി ജോസഫ് എന്നിവർ എന്റെ അഭിപ്രായക്കാരാണെന്നാണു് ഞാൻ വിചാരിക്കുന്നതു്. കള്ളിനെ മദ്യം എന്നു പറഞ്ഞുകൂടാ. മധു എന്നു വേണം പറയാൻ. അതിന്റെ സ്വാദു് അത്ര വിശേഷം ആണു്. ആരെങ്കിലും കുടിച്ചിട്ടില്ലെങ്കിൽ ഇനിയെങ്കിലും ഒന്നു പരിശോധിച്ചു നോക്കണം. ഒന്നാംതരം ഭക്ഷണ പാനീയമാണു്. ധാരാളം ശരീര പോഷകാംശങ്ങൾ അതിലുണ്ടു്. ഇത്രയും നല്ല ഒരു പാനീയം വേറെ ഇല്ലെന്നിരിക്കെ നാം ഇതു് എന്തിനു് നിറുത്തുന്നു. അതു നിറുത്തിയാൽ വല്ല ലാഭവും ഉണ്ടെങ്കിൽ വേണ്ടുകില്ല. നേരെമറിച്ചു് അതു നിറുത്തുന്നതുകൊണ്ടു് നഷ്ടമാണുള്ളതു്. തൽക്കാലം ചാരായം വേണ്ടെന്നു വയ്ക്കാം. കള്ളിനെ ബില്ലിന്റെ പരിധിയിൽനിന്നും ഒഴിവാക്കണം. രണ്ടാമതു് എനിക്കു പറയാനുള്ളതു് കള്ളു ചെത്തുന്ന വൃക്ഷത്തിന്റെ ചുവട്ടിൽ വെച്ചുള്ള കച്ചവടം അനുവദിക്കണമെന്നാണു്. ഇപ്പോൾ ഷാപ്പിൽവെച്ചു് കച്ചവടം ചെയ്യുന്നതിനേ അനുവാദമുള്ളു. എടുത്ത ഉടനെ കുടിച്ചാൽ കള്ളു് ഒരു ഒന്നാംതരം പാനീയമാണു്. അതു് കുറെ താമസിച്ചുപോയാൽ പിന്നെ മദ്യമാണു്. മധുവല്ല. മധുവെന്നു് സ്റ്റേജിൽ ഉപയോഗിക്കാൻ അനുവദിക്കണം...

വേറൊന്നു പറയാനുള്ളതു് വെള്ള ചക്കരയെ കുറിച്ചാണു്. വിശേഷിച്ചു പഞ്ചസാരയുടെ കാര്യത്തിൽ കുഴപ്പം വരുമ്പോൾ വെള്ളിച്ചക്കര ഉണ്ടായിരുന്നാൽ നമുക്കു് അതിൽനിന്നും രക്ഷപ്പെടാം. ആ വെള്ളിച്ചക്കര ഇൻഡ്യയിൽ ഒരററംമുതൽ മറേറ അററംവരെയുള്ള എല്ലാ ആളുകൾക്കും ഉപയോഗിക്കത്തക്കവിധം.....

ശ്രീ. സി. കേശവൻ: ഇൻഡ്യൻയൂണിയനിലുള്ളവർക്കു വെള്ളിച്ചക്കര മധുരിക്കുകയില്ല

ശ്രീ. എം. ഗോവിന്ദൻ: ഞാൻ ഇൻഡ്യൻയൂണിയനിൽ ഉള്ളവനാണു്. എനിയ്ക്കു മധുരിക്കുന്നുണ്ടു്. അതിനുപകരം ഒരു സാധനമുണ്ടാക്കാൻ സാധിക്കുകയില്ലെന്നു ഞാൻ പറയുന്നു. അധികം ഗുണമായിപ്പോയാൽ പിന്നെ ദോഷമാണു്. അതുപോലെ മധുരം കൂടുമ്പോൾ കൈപ്പു തോന്നും. സാക്കറൈൻ നോക്കുക. ഏതായാലും പറഞ്ഞുകൊണ്ടുവന്ന വിഷയത്തെ സ്പർശിക്കുന്നതല്ലാത്തതുകൊണ്ടു് ഞാൻ അതു വിടുന്നു. എന്റെ നിർദ്ദേശം ഇതാണു്. നിരോധനം തൽക്കാലത്തേക്കു് ആവശ്യമില്ല. ഒരുപക്ഷേ ആവശ്യമാ

ണെന്ന് തോന്നുന്നുവെങ്കിൽതന്നെയും ചാരായത്തെ മാത്രം സ്പർശിക്കുന്ന ഒരു ബിൽ ഉണ്ടാക്കിയാൽ മതിയെന്നും ഈ കള്ളിനെ വിട്ടേയ്ക്കണമെന്നുമാണ് ഞാൻ പറയുന്നത്.

ശ്രീ. ടി. എസ്സ്. ബന്ധു: ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. ജ്ഞാനവൃദ്ധനും, വയോവൃദ്ധനും ആയ ശ്രീമാൻ ഗോവിന്ദനും, ശ്രീമാൻ ഈച്ചരമേനോനും ഈ ബില്ലിനെ എതിർത്തു കാണുന്നതിൽ വളരെ അത്ഭുതപ്പെടുന്നു.

ശ്രീ ഈച്ചരമേനോൻ: ഞാൻ എതിർത്തിട്ടില്ല, എതിർക്കുന്നുമില്ല.

ശ്രീ. ടി. എസ്സ്. ബന്ധു: ശ്രീമാൻ ഗോവിന്ദൻ കള്ളിന്റെ മാധുര്യത്തെപ്പററിയും ഗുണത്തെപ്പററിയും മററും പ്രസംഗിച്ചിട്ടുള്ളതിനോട് ഈ ബഹു. നിയമസഭ യോജിക്കുമെന്ന് എനിക്കു അഭിപ്രായമില്ല. ചിലക്കു വളരെ അധികം പ്രായമാകുമ്പോൾ ചില വസ്തുക്കൾ കഴിക്കണമെന്ന ഒരു മോഹം ഉണ്ടാകുന്നത് സാധാരണയാണ്. ആ ഒരു നിലയിൽ മാത്രമേ ഞാൻ അദ്ദേഹത്തിന്റെ പ്രസംഗത്തെ ഉദ്ദേശിക്കുന്നുള്ളൂ. എന്റെ സ്നേഹിതയായ വനിതാമെമ്പർ ശ്രീമതി ആനി ജോസഫ് അതുപോലെയുള്ള ഒരു അഭിപ്രായം പുറപ്പെടുവിച്ചു കണ്ടതിൽ എനിക്ക് വളരെ ആശ്ചര്യം തോന്നുന്നു. വനിതാ വിഭാഗത്തെ പ്രതിനിധീകരിക്കുന്ന ഒരു മെമ്പറിൽനിന്നും ഇങ്ങനെയുള്ള ഒരു അഭിപ്രായം വന്നിരിക്കുന്നു. ആ വിഭാഗത്തിന്റെ അഭിപ്രായം ഏതായിരിക്കുമെന്ന് ഈ ബഹു. സഭയ്ക്കുതന്നെ അറിയാവുന്ന ഒരു സംഗതിയാണ്. നമ്മുടെ വനിതാമെമ്പർ ഇത്തരത്തിലുള്ള ഒരു അഭിപ്രായമാണ് ഈ അസംബ്ലിയിൽ പുറപ്പെടുവിച്ചിട്ടുള്ളതെന്നു പത്രങ്ങളിൽ കാണുമ്പോൾ അവർ ഈ അസംബ്ലി അവസാനിച്ച് നാട്ടിൽ മടങ്ങി എത്തുമ്പോൾ ആ വിഭാഗം അവരെ സ്വാഗതം ചെയ്യുന്നത് ഏതുപ്രകാരത്തിൽ ആയിരിക്കുമെന്ന് ഊഹിക്കുന്നതാണ് നല്ലത്. ശ്രീമാൻ ഗോവിന്ദനെപ്പോലെയുള്ള ആളുകളുടെ അഭിപ്രായത്തിനല്ല ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. എം. ഗോവിന്ദൻ: I object to this. ശ്രീമാൻ ഗോവിന്ദനെപ്പോലെയുള്ള ആളുകളുടെ അഭിപ്രായത്തിനാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതെന്ന് പറഞ്ഞിരുന്നുവെങ്കിൽ കുറെ ശരിയാകുമായിരുന്നു.

ശ്രീ. ടി. എസ്സ്. ബന്ധു: സാമ്പത്തികമായ അവശതകളും അധഃപതനവും ഈ മദ്യപാനംമൂലം ഉണ്ടാകുന്നുണ്ട്. അതുപോലെ പല സാമ്പത്തികമായ കഷ്ടപ്പാടുകളും കുഴപ്പങ്ങളും ഇതുമൂലം നിലനില്ക്കുന്നുവെന്നു കാണുന്നതിനു യാതൊരു പ്രയാസവുമില്ല. അതുകൊണ്ട് അങ്ങിനെയുള്ള ഒരു ജനവിഭാഗത്തിന്റെ അഭിവൃദ്ധിയെ ലാക്കാക്കിക്കൊണ്ടുള്ള ഒരു ബിൽ ആയിട്ടാണ് ഞാൻ ഇതിനെ ഉദ്ദേശിക്കുന്നത്. മദ്യനിരോധനമേഖലകളിലെ വളരെ അവശതകളനുഭവിക്കുന്ന സമുദായങ്ങളിലെ പല ആളുകളും ഇന്നു റേഷൻ പീടികയിൽ നിന്നും കൂടുതൽ അരി വാങ്ങുന്നതായി അറിയുന്നുണ്ട്. തലപ്പിള്ളി താലൂക്കിലെ അനുഭവം വെച്ചുകൊണ്ടാണ് ഞാനിതു പറയുന്നത്. അവിടെയുള്ള ഏതു റേഷൻകടയിൽ ചെന്നാലും ഈ സാധുകുടുംബങ്ങൾ ഇപ്പോൾ സുഖമായി കഴിഞ്ഞുകൂടുന്നു എന്ന വർത്തമാനമാണ് എനിക്കു കേൾക്കുവാൻ സാധിച്ചിട്ടുള്ളത്. എന്റെ സ്നേഹിതൻ ശ്രീ. ഇയ്യു പറഞ്ഞതുപോലെ മദ്യവർജനം നിയമം ഉണ്ടായി എങ്കിലും ആവക താലൂക്കുകളിൽ മദ്യവർജനത്തിന്റെ ഫലം അനുഭവിക്കുവാൻ സാധിക്കുന്നില്ലെന്നുള്ളതു ഒരു പരമാർത്ഥമാണ്. തലപ്പിള്ളി താലൂക്കിലുള്ളവർ തൃശ്ശിവപേരൂർ താലൂക്കിലുള്ള ഷാപ്പുകളിൽ പോയി കുടിച്ചുവരുന്ന സമ്പ്രദായത്തിനു ഇനിയും മാററം വന്നിട്ടില്ല. ഈ ബിൽ നിയമമായി വരുമ്പോൾ അതിനു പരിഹാരമുണ്ടാകുമെന്നാണ് ഞാൻ വിചാരിക്കുന്നത്. നിയമം നടപ്പിൽ വരുത്തുവാൻ താമസിക്കുകയുമരുത്, പരിഷ്കാരത്തിന്റെ പേരിൽ മദ്യവർജനം നടത്തുകയും വേണമെന്നുദ്ദേഹം സൂചിപ്പിച്ചതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. ആ ഉദ്ദേശത്തിലല്ല ഈ ബിൽ ഗവൺമെണ്ട് അവതരിപ്പിച്ചിട്ടുള്ളത് എന്നു എനിക്കും മററു മെമ്പറന്മാർക്കുമറിയാം. മദ്രാസ് സംസ്ഥാനത്തിന്റെ ബൌണ്ടറിയോടു തൊട്ടുകിടക്കുന്ന താലൂക്കുകളായതുകൊണ്ടാണ് ആദ്യമായി ചിറവൂരിലും തലപ്പിള്ളിയിലും മദ്യവർജനം നടപ്പാക്കിയിട്ടുള്ളത്. ശ്രീ. ഇയ്യു പറഞ്ഞതുപോലെ അടുത്തതായി മുകുന്ദപുരം താലൂക്കിലല്ല, തൃശ്ശിവപേരൂർ താലൂക്കിലായിരിക്കും ഇനി മദ്യവർജനം നടപ്പിൽ വരുത്തുക അതല്ലാതെ ഒന്നിടവിട്ടുള്ള താലൂക്കുകളിൽ മദ്യവർജനം നടപ്പാക്കിയാൽ പരാജയമടയും എന്നുള്ളത് ഗവൺമെണ്ടിനറിയാവുന്ന ഒരു കാര്യമാണ്. കഴിഞ്ഞ ചിങ്ങത്തിലാണ് മദ്യവർജനം നടപ്പിൽ വരുത്തിയത്. ആ അവസരത്തിൽ ഇവിടെ അസംബ്ലി നടന്നുകൊണ്ടിരിക്കുകയായിരുന്നു.

[Sri. T. S. Bhandu]

തലപ്പിള്ളി താലൂക്കിനെ പ്രതിനിധീകരിക്കുന്ന ആളുകൾ അസംബ്ലി കഴിഞ്ഞു മടങ്ങിയെത്തുമ്പോൾ മദ്യപാനത്തിന്റെ യാതൊരു ദോഷവും ആ താലൂക്കിൽ ഉണ്ടാകുകയില്ലെന്നാണ് വിചാരിച്ചിരുന്നതു്. എന്നാൽ അവിടെ ചെന്നപ്പോൾ കാണുവാൻ സാധിച്ചതു് ബസ്സുകളിലെല്ലാം തൃശ്ശിവപേരൂരിലെ ഷാപ്പുകളിൽ പോയി കുടിച്ചു മതിച്ചുവരുന്ന ആളുകളെയാണ്. ഉച്ചതിരിഞ്ഞാൽ സ്ത്രീകൾക്ക് ബസ്സിൽ യാത്ര ചെയ്യുവാൻ വയ്യാത്ത തരത്തിലാണ് കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നതു്. ആ വിവരം കാണിച്ചു് അന്നുതന്നെ ഞാൻ എക്സൈസ് മന്ത്രിക്ക് എഴുതിയിരുന്നു. ഒരു നിയമമുണ്ടാക്കാൻ താമസം വരുമെന്നുണ്ടെങ്കിൽ ഒരു ആർഡിനൻസ്മൂലമെങ്കിലും ഈ കാര്യങ്ങൾക്ക് ഒരു വിരാമമിടണമെന്നാണ് ഞാൻ അദ്ദേഹത്തോടു് ആവശ്യപ്പെട്ടിരുന്നു. അതു ഇതുവരെ ഉണ്ടായില്ല. എന്തായാലും ഈ വൈകിയ നേരത്തെങ്കിലും ഈ ബിൽ അവതരിപ്പിച്ചു കണ്ടതിൽ ഞാൻ ഗവൺമെണ്ടിനെ അഭിനന്ദിക്കുന്നു. ഇതിനെ എതിർക്കുന്നതു ശരിയല്ലെന്നും അത്തരത്തിലുള്ള പരിഷ്കാരപ്രസംഗങ്ങൾ നിറുത്തിവെച്ചു് എല്ലാവരും ഈ ബില്ലിനെ അനുകൂലിക്കണമെന്നും ഞാനപേക്ഷിച്ചുകൊള്ളുന്നു.

At this stage the closure motion was moved by the Minister in charge

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: സർ, ഒരു പോയന്റ് ഓഫ് ഓർഡർ. അങ്ങു് അദ്ധ്യക്ഷപീഠത്തിൽ ഇല്ലാതിരുന്ന സമയം രണ്ടു മൂന്നു ബില്ലുകൾ ഇവിടെ അവതരിപ്പിച്ചു. ചില ബില്ലുകളെപ്പററി പ്രസംഗിക്കുവാൻ ആരും ഇല്ലായിരുന്നു. നേരെമറിച്ചു് ഈ ബിൽ അവതരിപ്പിച്ചതിനുശേഷം വിഷയത്തിന്റെ ഗാംഭീര്യംകൊണ്ടോ പ്രസംഗിക്കണമെന്നുള്ള അഭിപ്രായഗതികൊണ്ടോ ധാരാളം സാമാജികന്മാർ മുമ്പോട്ടുവരുന്നു.

Mr. Speaker: No speech is called for as preliminary to a point of order. What is it that the member wants? Just the point may be stated.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ വിഷയത്തെപ്പററി പ്രസംഗിക്കുവാൻ മെമ്പറന്മാർക്കു സൗകര്യം കൊടുക്കേണ്ടതാണ്.

മി. സ്പീക്കർ: ഈ വിഷയത്തെപ്പററി ധാരാളം പ്രസംഗങ്ങളും വാദപ്രതിവാദങ്ങളും നടന്നു കഴിഞ്ഞു. ബഹു. മന്ത്രി ക്ലോഷർമോഷൻ കൊണ്ടു വന്നിരിക്കുകയാണ്.

Sri. P. Balakrishnan Tampi: Is it not the right of the House to discuss the different aspects of the Bill?

Mr. Speaker: In this case there has been sufficient discussion. There is a provision in the standing order that when the points have been discussed, the member in charge can request that the question be put.

ശ്രീ. ചെറിയാൻ കാപ്പൻ: മിനിസ്റ്ററോടു് ഒരു ചോദ്യം ചോദിക്കുവാൻ സൗകര്യം തരുമോ?

Mr. Speaker: You may ask any question afterwards. I am putting the closure motion to vote.

The closure motion was put and passed.

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: സർ, ഈ ബില്ലിനെ അനുകൂലിച്ചു് അധികമാളുകളും പ്രസംഗിക്കുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നതായിരുന്നു. എന്നാൽ ഈ ബിൽ ഇപ്പോൾ അവതരിപ്പിക്കേണ്ടതില്ലെന്നു ഒരു അഭിപ്രായം ഈ സഭയിലെ ചില ഭാഗങ്ങളിൽനിന്നും വന്നതായി ഞാൻ കാണുന്നു. ശ്രീമതി ആനിജോസഫ് അവർകൾ അവരുടെ ബഡ്ജററ്പ്രസംഗത്തിൽ സൂചിപ്പിച്ചതു പോലെതന്നെ ഇപ്പോഴും ഈ ബില്ല് പാസാക്കേണ്ടതില്ലെന്നുള്ള അഭിപ്രായമാണ് ഉന്നയിച്ചിരിക്കുന്നതു്. അവരുടെ അഭിപ്രായ ദാർഢ്യം അറിയാമോദിക്കത്തക്കതാണെങ്കിലും എനിക്ക് അവരുടെ അഭിപ്രായത്തോടു് യോജിക്കുവാൻ യാതൊരു നിർവാഹവുമില്ല. അവരുടെകണക്കുപ്രകാരം അഞ്ചുലക്ഷമാളുകളാണ് കുടിക്കുന്നവർ എന്നുതന്നെ സമ്മതിക്കുക, എന്നിരുന്നാലും ഒരു കുടുംബത്തിൽ ശരാശരി അഞ്ചാളുകൾ വീതം ഉണ്ടായിരിക്കുമെന്നുള്ളതോതിൽ കണക്കാക്കിയാൽ അതു് ഇരുപത്തഞ്ചു ലക്ഷത്തോളം ആളുകളെ ബാധിക്കുന്നുണ്ടെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ആ നിലയിൽ ഈ സംസ്ഥാനത്തെ ഒരു വലിയ വിഭാഗം ജനങ്ങളെ ബാധിക്കുന്ന പ്രശ്നമാണിതു്. അവർ തന്നെ പറയുന്നു മദ്യനിരോധനംമൂലം ഒരു കോടിരൂപയോളം ഗവൺമെണ്ടിനു നഷ്ടമുണ്ടാകുമെന്ന്. അതു് അവർ സമ്മതിക്കുന്നുണ്ട്. ഈ രാജ്യത്തെയും അടുത്ത പ്രവിശ്യയായ മദ്രാസിലെയും കുടിക്കുന്നവരുടെ ശതമാനക്കണക്ക് ഏതാണ്ടു് ഒരു പോലെയാണെന്നുള്ളതു് അടുത്തകാല

ത്തു് മദ്രാസിലെ കണക്കുകൊണ്ടു് എനിക്കു് മനസിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. അവിടെ മദ്യനിരോധനംമൂലം ൧൫ കോടി രൂപാ ഗവൎമ്മെണ്ടിനു നഷ്ടമുണ്ടെങ്കിൽ അതിൽ വ്യ ൦ കോടി രൂപാ ജനങ്ങൾക്കു് ലാഭമുണ്ടെന്നുള്ളതു് ആ കണക്കുനോക്കിയാൽ മനസിലാകും. ആ നിലയിൽ ആ രാജ്യത്തു് മദ്യനിരോധനം ഏൎപ്പെടുത്തിയതുമൂലം ൫ കോടി രൂപാ വരെ ജനങ്ങളുടെ ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുവാൻതക്ക ഒരു പരിതഃസ്ഥിതി വന്നു ചേൎന്നിട്ടുണ്ടു്. ജനങ്ങളെ ഉദ്ധരിക്കുന്നതിനാണു് സാധാരണ ഇങ്ങനെയുള്ള പദ്ധതികളെല്ലാം ഉപകരിക്കുന്നതു്. സാമൂഹ്യമായും സാമ്പത്തികമായുമുള്ള നിലയിൽ രാജ്യത്തെ ജനങ്ങളെ ഉദ്ധരിക്കേണ്ട ചുമതല ഗവൎമ്മെണ്ടിനുണ്ടെങ്കിൽ നിശ്ചയമായും ഈ മാതിരി സേവു് ചെയ്യപ്പെടുന്ന സംഖ്യ സാധാരണജനങ്ങളുടെ ഉപയോഗത്തിനു കിട്ടുമെങ്കിൽ അതു തന്നെ വലിയ ഒരു കാൎയ്യമായിരിക്കുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. ആ നിലയിലും ഈ ബില്ലു് സ്വാഗതാർഹമാണെന്നുള്ളതിനു രണ്ടുപക്ഷമില്ല. കാൎയ്യങ്ങളുടെ സ്ഥിതിഗതികൾ നല്ലവണ്ണം മനസിലാക്കുന്നവർ ഈ മദ്യനിരോധനബില്ലിനെ നിശ്ചയമായും സ്വാഗതം ചെയ്യുകയേ ഉള്ളു.

ശ്രീമാൻ ഇയ്യു പറഞ്ഞതു കള്ളു് പോഷകാംശമുള്ള ഒന്നായതുകൊണ്ടു് അല്പം കുടിക്കുന്നതിനു് അനുവദിച്ചാൽ ദോഷമുണ്ടോ എന്നാണു്. അതു് അദ്ദേഹം ശരിയായ അറിവിനെ അടിസ്ഥാനമാക്കി ചെയ്ത ഒരു പ്രസ്താവനയല്ല. ഒരു കാലത്തു് യൂറോപ്പ്യൻ രാജ്യങ്ങളിൽ ഇൻഡസ്ട്രിയൽ ലേബറേഴ്സിനുപോലും കൂലിയായി മദ്യം കൊടുത്തിരുന്നു. എന്നാൽ വിദഗ്ദ്ധന്മാരുടെ അന്വേഷണഫലമായി അതു് അവരുടെ ആരോഗ്യത്തിനു ദോഷകരമാണെന്നു പൂൎണ്ണമായി ബോദ്ധ്യപ്പെടുകയാൽ ആ ഏൎപ്പാടു് നിറുത്തലാക്കി. യൂറോപ്പ്യൻ രാജ്യങ്ങളിലെ സ്ഥിതി ഇതാണു്. ഇൻഡ്യയിൽ ഫസ്റ്റ്ക്ലാസ് വിദഗ്ദ്ധന്മാരുടെ അന്വേഷണഫലമായി അവർ പറഞ്ഞിട്ടുള്ളതു് സാധാരണ കൺട്രോളിക്കർപോലും ആരോഗ്യത്തിനു ഹാനികരമാണെന്നാണു്. അങ്ങിനെയിരിക്കെയാണു് ചില ഡാക്ടർമാരോ ഈ വിഷയത്തിൽ വൈദഗ്ദ്ധ്യമില്ലാത്ത മററാളുകളോ പറയുന്നതു് മദ്യം കഴിക്കുന്നതുകൊണ്ടു് ദോഷമില്ലെന്നു്. ഏതു നിലയിലും ഈ ബിൽ സ്വാഗതം ചെയ്യത്തക്കതുതന്നെയാണു്.

ഇതിൽ കൂടുതലായി ഇതിനെപ്പററി ഒന്നും പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ വേറെ ഒന്നു രണ്ടു സംഗതികൾകൂടി ഉന്നയിക്കുകയുണ്ടായി. ചെത്തുതൊഴിലാളികൾക്കു് തൊഴിലില്ലാതായതുമൂലം അവർ വലയുന്നുണ്ടെന്നു പറഞ്ഞു. അതിലേക്കു് ആവശ്യമായ നടപടികൾ കൂടുത്തു് അവൎക്കു തൊഴിലുണ്ടാക്കി കൊടുക്കുവാനുള്ള നടപടികൾ ഇപ്പോൾ ഗവൎമ്മെണ്ടു് സ്വീകരിച്ചിട്ടുണ്ടു്. അവൎക്കു സെൻട്രൽഗവൎമ്മെണ്ടു് നിൎദ്ദേശിച്ചിട്ടുള്ള അടിസ്ഥാനമനുസരിച്ചു് കരുപ്പട്ടി വ്യവസായം കുടിൽവ്യവസായമായി നടത്തുവാനുള്ള പദ്ധതികൾ ഗവൎമ്മെണ്ടു് ആലോചിക്കുകയും അതിനുള്ള സത്വര നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ടു്. തെക്കൻതിരുവിതാംകൂറിൽ കരുപ്പട്ടി വ്യവസായത്തിനു ആവശ്യമുള്ള വിറകുസപ്ലൈ ചെയ്യുന്ന കാൎയ്യത്തിലും കൺസെക്ഷൻ കൊടുക്കുന്നതിനു് ഗവൎമ്മെണ്ടു് ആലോചിക്കുന്നുണ്ടു്.

ഇവിടെ അഭിപ്രായം പറഞ്ഞ ചുരുക്കം ചില ആളുകൾ പോലും വളരെസംശയത്തോടുകൂടി മാത്രമേ അല്പമായിട്ടെങ്കിലും ഈ ബില്ലിനെ എതിൎത്തിട്ടുള്ളു. ഇതിനെപ്പററി ആദ്യമായി പ്രസംഗിച്ച ശ്രീ. കെ. ടി. അച്ചുതൻ പറഞ്ഞതു് മദ്യനിരോധനമേഖലയിൽ ഷാപ്പു നടത്തിയിരുന്നവർ മദ്യനിരോധനം നടപ്പാക്കിയിട്ടില്ലാത്ത സ്ഥലങ്ങളിൽ വന്നു അതിൎത്തികളിൽ കൂടുതൽ സംഖ്യക്കു ഷാപ്പുകൾ പിടിച്ചു നടത്തുമ്പോൾ അവൎക്കു ൻ-ാം വകുപ്പനുസരിച്ചു നഷ്ടത്തിനിടവരുമെന്നാണു്. കൂടുതലായ സംഖ്യക്കു ഷാപ്പുകൾ പിടിക്കുന്നതിനായി അവർ പോകേണ്ട യാതൊരു ആവശ്യവുമില്ലായിരുന്നു. ഈ നിയമത്തെ പ്രോത്സാഹിപ്പിക്കത്തക്കവണ്ണം അങ്ങിനെയുള്ളവരുടെ നഷ്ടം പരിഗണിക്കാതെതന്നെ ഇപ്പോൾ ഇതു നടപ്പാക്കാതെ ഗവൎമ്മെണ്ടിനു യാതൊരു നിൎവാഹവുമില്ല. ആദ്യം തിരുവിതാംകൂറിൽ ഈ നിയമം നടപ്പാക്കിയപ്പോൾ ഈ ബുദ്ധിമുട്ടു അനുഭവപ്പെട്ടു. മദ്യനിരോധനം വന്നപ്പോൾ അങ്ങിനെയുള്ളവൎക്കു് കുറെ നഷ്ടത്തിനിടയായിട്ടുണ്ടു്. ആ നിലയിൽ ഷാപ്പുപിടിക്കുന്നവരുടെ നഷ്ടം പരിഹരിക്കണമെന്നുള്ള കാൎയ്യം ഗവൎമ്മെണ്ടു് നിരസിക്കുകയാണു ചെയ്യുന്നതു്. ഈ ബിൽ ഇപ്പോൾതന്നെ ഒരു സെലക്ടു് കമ്മിററിക്കയക്കണമെന്നും, ആ സെലക്ടു്കമ്മിററി മൂന്നു ദിവസത്തിനകമായി അവരുടെ റിപ്പോൎട്ടു് സമൎപ്പിക്കണമെന്നും അതിനാവശ്യമായ സ്റ്റാൻറിംഗ് ആർഡർ ൩ ൫ സസ്പെൻറു ചെയ്യണമെന്നും ഞാൻ അഭിപ്രായപ്പെടുന്നു.

[Sri. N. Kunjuraman]

സെലക്ട്കമ്മിററി അംഗങ്ങളായി

൧. ശ്രീ. കെ. എ. ഗംഗാധരമേനോൻ
൨. ,, വി. മാധവൻ
൩. ,, എ. അച്ചുതൻ
൪. ,, അലക്സാണ്ടർ വാകയിൽ
൫. ,, കെ. രാമകൃഷ്ണപിള്ള
൬. സാഹിബ്ബ് ബഹദൂർ അബ്ദുൾ അസീസ്
൭. ശ്രീ. ചിദംബരനാഥ നാടാർ
൮. ,, എ. എം. തോമസ്

എന്നിവരുടെ പേരുകൾ ഞാൻ നിർദ്ദേശിക്കുന്നു.

Mr. Speaker: Before putting the question, Mr. Cheriyan Kappan is at liberty to ask questions to the Minister.

Sri. Cheriyan Kappan: I do not want to put any question now.

Sri. Kochikkal P. Balakrishnan Tampi: Sir, May I suggest that the Hon'ble Minister will take note of the speeches of the Hon'ble members who have expressed different shades of opinion in suggesting the names of members for the Select Committee. He should see that as far as possible they are also represented, and should not come with a ready-made list. There are people here who spoke that unfermented toddy should be exempted etc.

Sri. C. V. Iyyu: I propose that Miss Annie Joseph and Mr. M. Govindan be added as additional members of the Committee.

Sri. P. Balakrishnan Tampi: I second it.

The Hon'ble Sri. N. Kunjuraman: I have no objection.

Mr. Speaker: The Minister will please read the names as altered finally.

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ:

൧. ശ്രീമതി ആനിജോസഫ്
൨. ശ്രീ. എം. ഗോവിന്ദൻ
൩. ,, കെ. എ. ഗംഗാധരമേനോൻ
൪. ,, എ. അച്ചുതൻ
൫. ,, കെ. രാമകൃഷ്ണപിള്ള
൬. സാഹിബ്ബ് ബഹദൂർ അബ്ദുൾ അസീസ്
൭. ശ്രീ. അലക്സാണ്ടർ വാകയിൽ
൮. ,, ചിദംബരനാഥ നാടാർ
൯. ,, എ. എം. തോമസ്

എന്നിവർ സെലക്ട് കമ്മിററിയിലെ അംഗങ്ങളായിരിക്കും. കോറം നാലായിരിക്കുന്നതാണ്.

മി. സ്പീക്കർ: ഈ പേരുകളനുസരിച്ചുള്ള അംഗങ്ങൾ അടങ്ങിയ ഒരു സെലക്ട് കമ്മററിക്ക് ഈ ബിൽ പര്യാലോചനക്ക് അയക്കണമെന്നു നിർദ്ദേശിക്കുന്നു.

വോട്ടിനിട്ടു പാസായി

The House adjourned at 4-30 p. m. to meet again at 11 a. m. the next day.

V. KRISHNAMOORTHI AIYAR

Secretary to the Legislative Assembly

PROCEEDINGS OF THE UNITED STATE OF TRAVANCORE AND COCHIN
LEGISLATIVE ASSEMBLY

THIRD SESSION—1949/1125

Wednesday, *the* *7th December 1949* / *22nd Vrischigam 1125*

Vol. III] **OFFICIAL REPORT** **[No. 8**

The Assembly met in the Legislative Chamber, Public Offices, Trivandrum, at Eleven of the Clock, onWednesday, the 7th December 1949, with Mr. Speaker, (the Hon'ble Sri.T. M.Varghese) in the Chair.

QUESTIONS AND ANSWERS

[The numbers within brackets indicate those in the lists of admitted questions]

Oral Answrs.

കൊച്ചി പഞ്ചായത്തു തെരഞ്ഞെടുപ്പുകൾ

* നെ ൦. (ഫ) ശ്രീ. പി. എസ്. മാധവൻ വൈദ്യർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചിയിലെ പഞ്ചായത്തു തെരഞ്ഞെടുപ്പു അടുത്തു നടത്തുവാൻ ഗവമ്മെണ്ടു തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നു്?

ബഹു. ശ്രീ. കെ. അയ്യപ്പൻ :

(എ), (ബി) പുതിയ പഞ്ചായത്തു ആക്ട് പാസ്സാക്കിയതിനുശേഷം പഞ്ചായത്തു തെരഞ്ഞെടുപ്പു നടത്തണമെന്നു് വിചാരിക്കുന്നു.

ശ്രീ. കണ്ണറ ഗോപാലപ്പണിക്കർ: ഈ പഞ്ചായത്തു തെരഞ്ഞെടുപ്പു് നടത്തിയിട്ടു് ഇപ്പോൾ എത്ര കൊല്ലമായി എന്നു പറയാമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : കുറെ അധികം കൊല്ലങ്ങളായി.

ശ്രീ. ജോസഫ് മാത്തൻ : ഗവമ്മെണ്ടിൽനിന്നും തെരഞ്ഞെടുപ്പു നടത്താൻ അനുവാദം കൊടുത്തിട്ടുള്ളതായി അറിയാമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : ഇല്ല. കൊടുത്തിട്ടില്ല.

ശ്രീ. ജോസഫ് മാത്തൻ : മാരാരിക്കുളം വില്ലേജ് യൂണിയൻ സ്ഥാപിച്ചു പ്രവർത്തനം നടത്താൻ അനുവാദം കൊടുത്തിട്ടു് ഇപ്പോൾ അതിന്റെ പ്രവർത്തനം നടത്തുന്നില്ല എന്നുള്ള സംഗതി ഗവമ്മെണ്ടിനറിയാമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : അക്കാര്യത്തെപ്പററി ഗവമ്മെണ്ടു് അന്വേഷിക്കുന്നതാണു്.

ശ്രീ. സി. വി. ഇയ്യ : കഴിഞ്ഞ പഞ്ചായത്തു തെരഞ്ഞെടുപ്പു കഴിഞ്ഞിട്ടു് ഇപ്പോൾ പത്തുകൊല്ലമായി എന്നു ഗവമ്മെണ്ടിനറിയാമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : കൊച്ചിയെ സംബന്ധിച്ചിടത്തോളം പത്തുകൊല്ലമായി.

ശ്രീ. എം. ഐ. പോൾ : ഈ തെരഞ്ഞെടുപ്പു നടത്താൻ ഇത്ര വളരെ നീണ്ടുപോയതിന്റെ കാരണങ്ങൾ എന്താണെന്നു് പറയാമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : പല കാരണങ്ങൾകൊണ്ടും നീണ്ടുപോയി.

ശ്രീ. കെ. കുട്ടപ്പൻ : പഞ്ചായത്തുകൾ ഏറ്റെടുത്തുന്നതോടുകൂടി ഈ ഗ്രാമോദ്ധാരണ കേന്ദ്രങ്ങൾ പിരിച്ചുവിടുകയാണോ ചെയ്യുന്നത്.

ബഹു. ശ്രീ. കെ. അയ്യപ്പൻ : ഗ്രാമോദ്ധാരണ പ്രവർത്തനങ്ങൾകൂടി ഗ്രാമപഞ്ചായത്തുകൾ നിർവ്വഹിക്കുന്നതാണ്. പല സ്ഥാപനങ്ങൾ അതിലേക്ക് പ്രവർത്തനം നടത്തേണ്ട ആവശ്യമില്ലെന്നാണ് ഗവർമ്മെണ്ടു വിചാരിക്കുന്നത്.

ശ്രീ. വർഗ്ഗീസ് അഗസ്റ്റിൻ : ഗ്രാമോദ്ധാരണകേന്ദ്രങ്ങളിൽ സാമ്പത്തികാഭിവൃദ്ധിക്കായി വല്ല പ്രവർത്തനങ്ങളും നടത്തുന്നുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : ചെറിയ ചെറിയ വ്യവസായങ്ങളും ചില സ്ഥലങ്ങളിൽ നടത്തുന്നുണ്ട്. പൌരാണിയും മററും നടത്തുന്നതുമൂലം സാമ്പത്തികാഭിവൃദ്ധിയുണ്ടാകും.

ഗ്രാമോദ്ധാരണകേന്ദ്രങ്ങൾ

* ൧൩൫. (൨) ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗ്രാമോദ്ധാരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഐക്യസംസ്ഥാനത്ത് എത്ര ഗ്രാമോദ്ധാരണകേന്ദ്രങ്ങൾ പ്രവർത്തനം നടത്തുന്നു എന്നു ദയവായി പറയുമോ ;

(ബി) കേന്ദ്രങ്ങളുടെ പ്രവർത്തനം ഗ്രാമീണരായ സാധാരണ ജനങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുമായ നിലയെ അഭിവൃദ്ധിപ്പെടുത്തുന്നുണ്ടോ എന്നു പറയുവാൻ ദയവുണ്ടാകുമോ ;

(സി) ഗ്രാമങ്ങളുടെ അഭിവൃദ്ധിതന്നെ രാജ്യത്തിന്റെ പൊതുനന്മയെന്നുള്ള തത്വത്തെക്കരുതി എല്ലാ ഗ്രാമങ്ങളിലും ഗ്രാമോദ്ധാരണകേന്ദ്രങ്ങൾ രൂപികരിക്കുന്നതിന് എത്ര കാലം വേണ്ടിവരുമെന്നു പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ :

(എ) ൧൭ കേന്ദ്രങ്ങൾ.

(ബി) അഭിവൃദ്ധിപ്പെടുത്തുന്നുണ്ട്.

(സി) കഴിയുന്നിടത്തോളം വേഗം എല്ലാ സ്ഥലങ്ങളിലും പഞ്ചായത്ത് ഏറ്റെടുത്തുന്നതാണ്. ആ പഞ്ചായത്തുകൾ ഗ്രാമോദ്ധാരണകേന്ദ്രങ്ങളായി പ്രവർത്തനം നടത്തുന്നതാണ്.

ശ്രീ. ജോസഫ് മാത്തൻ : ഗ്രാമോദ്ധാരണകേന്ദ്രങ്ങൾ എന്തടിസ്ഥാനത്തിലാണ് സ്ഥാപിക്കുന്നത് എന്നു പറയാമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : മേലാൽ ഗ്രാമോദ്ധാരണകേന്ദ്രങ്ങൾ ഉണ്ടാകുന്നതല്ല. പഞ്ചായത്തുകൾ ഗ്രാമോദ്ധാരണപ്രവർത്തനങ്ങൾകൂടി നടത്തുന്നതാണ്.

ശ്രീ. ഇ. പി. പരലോസ് : ഇപ്പോൾ പ്രവർത്തനം നടത്തിവരുന്ന ഗ്രാമോദ്ധാരണം അപ്രകാരം തുടരുന്നതായിരിക്കുമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : മിക്കവാറും പഞ്ചായത്തുകൾ രൂപീകരിച്ചതിനുശേഷം അവയെ ഓരോ പഞ്ചായത്തിന്റെ പരിധിയിൽ വിട്ടുകൊടുക്കുന്നതായിരിക്കും. ഏതായാലും അതിലേക്ക് നീക്കിവച്ചിട്ടുള്ള പണം ഒന്നും പോകുന്നതല്ല.

ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി : ഇപ്പോൾ ഗ്രാമോദ്ധാരണകേന്ദ്രങ്ങൾ പ്രവർത്തനം നിർത്തിവക്കാൻ ഗവർമ്മെണ്ടു ആവശ്യപ്പെട്ടിട്ടുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : ഇപ്പോൾ ഗ്രാമോദ്ധാരണകേന്ദ്രങ്ങൾ പ്രവർത്തനം നിർത്തിവക്കുവാൻ ഗവർമ്മെണ്ടു് ആവശ്യപ്പെട്ടിട്ടില്ല.

ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി : ഇപ്പോൾ ഗ്രാമോദ്ധാരണകേന്ദ്രങ്ങൾ ശരിക്കു പ്രവർത്തനം നടത്തുന്നില്ലെന്നറിയാമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ : ഇല്ല.

കേന്ദ്രസമിതി

* ൧൩൬. (൩) ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗ്രാമോദ്ധാരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗ്രാമോദ്ധാരണകേന്ദ്രങ്ങളുടെ പ്രതിനിധികളടങ്ങിയ ഒരു കേന്ദ്രസമിതി രൂപീകരിക്കുന്നതു് ഗ്രാമോദ്ധാരണകേന്ദ്രങ്ങളുടെ പ്രവർത്തനരീതിയെ ഏകീകരിക്കുന്നതിനു് സഹായകമാകുമെന്നു ഗവൺമെണ്ടു കരുതുന്നുണ്ടോ:

(ബി) അപ്രകാരം ഒരു സംഘടന രൂപീകരിക്കുന്നതിനു് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിനു് ദയവുണ്ടാകുമോ?

ബഹു ശ്രീ. കെ. അയ്യപ്പൻ:

(എ) ഇല്ല.

(ബി) അപ്രകാരം ഒരു സംഘടന ആവശ്യമാണെന്നു് തോന്നുന്നില്ല.

തിരുവിതാംകൂർ മുനിസിപ്പാലിറ്റികൾ

* ൧൩൩. (൪) ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗ്രാമോദ്ധാരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂറിലെ മുനിസിപ്പാലിറ്റികൾക്കു് ഒരു സംഘടന ഇപ്പോൾ നിലവിലുണ്ടോ എന്നു പറയുവാൻ ദയവുണ്ടാകുമോ?

(ബി) ഐക്യസംസ്ഥാനത്തെ മുനിസിപ്പാലിറ്റികളെ സംഘടിപ്പിക്കുന്ന ഒരു സംഘടന രൂപീകരിക്കുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടു നടപടി സ്വീകരിക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ:

(എ) ഇല്ല.

(ബി) ആവശ്യമാണെന്നു് തോന്നുന്നില്ല.

മുനിസിപ്പൽ കൗൺസിലറന്മാരുടെ തെരഞ്ഞെടുപ്പു്

* ൧൩൪. (൫) ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ഗ്രാമോദ്ധാരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

മുനിസിപ്പൽ കൗൺസിലറന്മാരുടെ തെരഞ്ഞെടുപ്പു പ്രായപൂർത്തി വോട്ടവകാശടിസ്ഥാനത്തിൽ നടത്തുവാൻ ഗവൺമെണ്ടു ദയവായി ആലോചിക്കുമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: അടുത്ത തെരഞ്ഞെടുപ്പു പ്രായപൂർത്തി വോട്ടവകാശത്തിന്മേൽ നടത്തുവാൻ തീരുമാനിച്ചുകഴിഞ്ഞു.

ശ്രീ. പി. കെ കൃഷ്ണൻ ശാസ്ത്രി: അതു് എന്നത്തേക്കു നടത്തും എന്നു പറയാമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: അതു് ഒരു കൊല്ലത്തേക്കു് നീട്ടിവച്ചിരിക്കയാണു്. അതു കഴിഞ്ഞിട്ടു് പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പു നടത്തുന്നതാണു്.

മുനിസിപ്പാലിറ്റികളിലെ നോമിനേഷൻ സമ്പ്രദായം

* ൧൩൫. (൬) ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുനിസിപ്പാലിറ്റികളുടെ ചാർജ്ജുവഹിക്കുന്ന മന്ത്രി സദയം മറുപടി നൽകുമോ.—

(എ) മുനിസിപ്പാലിറ്റികളിലെ നോമിനേഷൻ സമ്പ്രദായം നിറുത്തൽചെയ്തു ന്യൂനപക്ഷ താല്പര്യസംരക്ഷണത്തിനു റിസർവ്വേഷൻ ഏർപ്പെടുത്തുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിനു ദയവുണ്ടാകുമോ;

(ബി) മുനിസിപ്പാലിറ്റികളിലെ നിയമനങ്ങൾ പ്രമോഷൻ മുതലായവ പബ്ലിക്കു് സർവ്വീസുകമ്മീഷൻ രൂളനുസരിച്ചു നടത്താൻ വ്യവസ്ഥ ചെയ്യാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ:

(എ) ആലോചനയിൽ ഇരിക്കയാണു്.

(ബി) ആലോചിക്കാം.

ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: ഈ നോമിനേഷൻ സംമ്പ്രദായം ദോഷകരമാണെന്ന് ഗവമ്മെണ്ടിനഭിപ്രായമുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഇല്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: മുനിസിപ്പൽ കമ്മീഷണർ ഉദ്യോഗം നിർത്തൽ ചെയ്യണമെന്നു ഗവമ്മെണ്ടു് ആലോചിക്കുന്നുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ആലോചിക്കുന്നില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആ ഉദ്യോഗം നിർത്തൽ ചെയ്യണമെന്നു് ഏതെങ്കിലും സ്ഥലങ്ങളിൽനിന്നു് അപേക്ഷകൾ കിട്ടീട്ടുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഓർക്കുന്നില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: മുനിസിപ്പൽ കമ്മീഷണർ ഉദ്യോഗം നിർത്തുന്നതു് നല്ലതാണെന്നു് ഗവമ്മെണ്ടു വിചാരിക്കുന്നുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഇല്ല.

ശ്രീ. പി. കെ രാമൻ: മുൻസിപ്പൽ കമ്മീഷണർ ഉദ്യോഗം ആവശ്യമാണെന്നു ഗവമ്മെണ്ടിനറിയാമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: മുനിസിപ്പൽ കമ്മീഷണറുടെ നിയമനത്തെപ്പററി രണ്ടഭിപ്രായമാണുള്ളതു്.

ശ്രീ. സി. വി. ഇയ്യു: വളരെ പുരോഗമിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ രാജ്യത്തു ഇതുപോലെയുള്ള ഒരു എക്സിക്യൂട്ടീവ് ആഫീസറുടെ ആവശ്യം ഉണ്ടെന്നു ഗവമ്മെണ്ടിനറിയാമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: ഉണ്ടായിരിക്കാം.

ശ്രീ. ടി. വി. ദേവൻ: മുനിസിപ്പൽ കൗൺസിലറന്മാരുടെ തെരഞ്ഞെടുപ്പിൽ പിന്നോക്കസമുദായക്കാർക്കു് റിസർവേഷൻ ഉണ്ടായിരിക്കുമോ? (ഉത്തരം പറഞ്ഞതില്ല)

മി. സ്പീക്കർ: ആർഡർ, ആർഡർ, അഞ്ചുചോദ്യം മാത്രമേ ചോദിക്കാവൂ.

ഇടമൺ, ഒരു അഞ്ചലാപ്പീസു വേണം

* ൧൯൪൯. (വ) ശ്രീ. പി. സി. ഉദിച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട അഞ്ചൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പത്തനാപുരം താലൂക്കിൽ ഇടമൺ എന്ന സ്ഥലത്തുനിന്നും പുനലൂരിനും തെന്മലയ്ക്കും ഉള്ള ദൂരമെന്തു്;

(ബി) ഇടമൺ ഒരെഴുത്തയച്ചാൽ കൃത്യസമയങ്ങളിൽ കിട്ടുന്നില്ല എന്നുള്ള വിവരമറിയാമോ;

(സി) ഇടമൺ എന്ന സ്ഥലത്തു് ഒരു അഞ്ചലാഫീസു വേണമെന്നുള്ള വിവരം ഗവമ്മെണ്ടിന്നറിയാമോ;

(ഡി) അങ്ങനെ ഒരു അഞ്ചലാഫീസു" വേണമെന്നു കാണിച്ചു് പരാതികൾ കിട്ടിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടിയെടുത്തു?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസു്: (എ) ഇടമണ്ണിൽനിന്നും പുനലൂരേക്കു് ൩ മൈലും തെന്മലക്കു ൨ മൈലും ദൂരമുണ്ടു്.

(ബി) ഇല്ല.

(സി) വേണമെന്നപേക്ഷ കിട്ടിയിട്ടുണ്ടു്.

(ഡി) ഉണ്ടു്.

(ഇ) വേറേയും പല അപേക്ഷകൾ പുതിയ അഞ്ചലാഫീസുകൾ തുറക്കുന്നതിനായി കിട്ടിയിട്ടുണ്ടു്. അടിയന്തിരാവശ്യം അനുസരിച്ചു് ഇക്കൊല്ലം പത്തു് അഞ്ചലാഫീസുകൾ തുറന്നിരിക്കുന്നതിനാൽ കൂടുതൽ അഞ്ചലാഫീസുകൾ ഇനിയും തുറക്കാൻ സാധിക്കുന്നതല്ല.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഇനിയും പുതിയ അഞ്ചലാഫീസുകൾ തുറക്കാൻ സാധിക്കുന്നതല്ല എന്നു പറഞ്ഞതിന്റെ കാരണം പറയാമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : അഞ്ചലാഫീസുകളുടെ കാര്യത്തെപ്പററി ഇൻഡ്യാഗവമ്മെണ്ടുമായി എഴുത്തുകുത്തുകൾ നടത്തിക്കൊണ്ടിരിക്കുന്നതുകൊണ്ട് അതിന്റെ തീരുമാനം അറിയുന്നതുവരേക്കും, കൂടാതെ ഇൻറഗ്രേഷൻ കമ്മററിയുടെ നിർദ്ദേശങ്ങളിലും ഇക്കാര്യം ഉൾപ്പെടുത്തിയിരിക്കുന്നതുകൊണ്ടും ഇൻഡ്യാഗവമ്മെണ്ടിന്റെ ഡയറക്ഷൻ അപ്രകാരം ആയതുകൊണ്ടുമാണ്.

ട്രാൻസ്പോർട്ടുവാഹനങ്ങൾ നിമിത്തം ഉണ്ടായിട്ടുള്ള അപകടങ്ങൾ

* ൧൯ ൧. (൯) ശ്രീ. എ. എം. മുസ്തഫാ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ൧൯൫൭-ൽ ഇതുവരെ ട്രാൻസ്പോർട്ടുവാഹനങ്ങളിൽ എത്ര അപകടങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) തൻമൂലം എത്രപേർ മരിച്ചിട്ടുണ്ട് ;

(സി) അപകടങ്ങൾക്ക് കാരണക്കാരായ ഡിപ്പാർട്ടുമെണ്ടു സിൽബന്ധികളെ ശിക്ഷിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ?

ബഹു. ശ്രീ. ജോൺ ഫിലിപ്പോസ് : (എ) ൧ ൧.

(ബി) ൧.

(സി) ൧ ൧.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ : ഈ അടുത്ത കാലത്ത് കൊട്ടാരക്കര ഒരു ബസ്സ് ആക്സിഡണ്ടു് ഉണ്ടായതിൽ ആളുകൾക്ക് വല്ല അപകടം പററിയതായി അറിയാമോ ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : അറിയാം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : അതിൽവെച്ച് എത്ര മരണം ഉണ്ടായി എന്നു പറയാമോ ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ് . കൊട്ടാരക്കര സംഭവം നടക്കുന്നതിനു മുമ്പാണ് ഈ ചോദ്യം ഇവിടെ കിട്ടിയിട്ടുള്ളത്. അവിടെ അഞ്ചുപേർ മരിച്ചിട്ടുണ്ടെന്നാണ് എന്റെ അറിവ്.

ശ്രീ. വർഗ്ഗീസ് അഗസ്റ്റിൻ : കുളത്തുപ്പുഴബസ്സ് അപകടമുണ്ടായത് ആരുടെ തെററുകൊണ്ടാണെന്നു പറയാമോ ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതേപ്പററി ഖണ്ഡിതമായി അഭിപ്രായം പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. എം. വർഗ്ഗീസ് : ഈ ട്രാൻസ്പോർട്ട് ബസ്സുകളിൽ ഉണ്ടാകുന്ന അപകടത്തേക്കാൾ വളരെ കുറവാണ് പ്രൈവററ്ഏജൻസികൾ നടത്തുന്ന ബസ്സുകളിൽ നിന്നുണ്ടാകുന്നതെന്നറിയാമോ ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : അതു വളരെ തെററായ ഒരു ധാരണയാണ്.

Sri. A. Ramasubramonia Karayalar: May I know the reasons for the accident at Kulathupuzha ?

The Hon'ble Sri. E. John Philipose: As far as that accident is concerned, it is under investigation. But for the information of this House, I might state that while this bus was coming down to Kulathupuzha, some of the trees there fell on top of it. There was no warning given to the transport bus. Unfortunately, the trees fell just at the time when the Transport bus was passing. That is how it happened. The question who was responsible for the accident is under the investigation of Government. So, Government is not at present able to state who was responsible for the mishap.

ஸ்ரீ. ஏ. சிதம்பரநாதநாடார்: குளத்துப்புழை சம்பவத்தில் இதுவரை 15 பேர்கள் இறந்துவிட்டார்களென்று மந்திரி அவர்களுக்குத் தெரியுமா ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : അതു തെററാണ്. ഞാൻതന്നെ പോയി അന്വേഷിച്ചിട്ടുണ്ട്.

ശ്രീ. പി. എം വർഗ്ഗീസ് : ഈ അപകടം സംഭവിക്കുന്നതിനെസംബന്ധിച്ച് വല്ല കണക്കുകളും ഉണ്ടോ ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : ഉണ്ട്.

ஸ்ரீ. எ. சிதம்பரநாத நாடார் : எதை அடிஸ்தானமாகவைத்துக்கொண்டு 5 பேர்கள் தான் இறந்தார்கள் என்று சொன்னீர்கள்.

கனம். ஸ்ரீ. இ. ஜான் பிலிப்போஸ் : எனக்குத் தெரியும். நான்போய் நேரில் அனுவேஷித்தேன்.

കൊല്ലം—എറണാകുളം റയിൽവെപണിയെസംബന്ധിച്ച ആലോചനകൾ

* ൧൩൨. (൧൦) ശ്രീ. എ. എം. മുസ്തഫാ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നല്കുമോ.—

(എ) കൊല്ലം—എറണാകുളം റെയിൽവെ പണി ആരംഭിക്കുന്നതിനെസംബന്ധിച്ച് ഇൻഡ്യൻ യൂണിയൻ ഗവൺമെണ്ടും ഈ ഗവൺമെണ്ടുമായി എന്തെങ്കിലും ആലോചന നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിപ്പോൾ ഏതു നിലയിൽ ഇരിക്കുന്നു എന്നു പ്രസ്താവിക്കുമോ ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : എ. ബി. ഷൊർണ്ണൂർ, കൊച്ചിൻ റെയിൽവേയും, ചെങ്കോട്ട—തിരുവനന്തപുരം റെയിൽവേയും തമ്മിൽ ഘടിപ്പിക്കുന്ന ഒരു പുതിയ റെയിൽവേ തുറക്കുന്നതിനാവശ്യമായ സർവ്വെ നടത്തുന്നതിനു കേന്ദ്രഗവൺമെണ്ടിനോടു ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : അതു കൊല്ലം കൊട്ടാരക്കര വഴിയാണോ കൊല്ലം എറണാകുളം വഴിയാണോ ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : അതു അവർ തീർച്ചപ്പെടുത്തും.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : അത് കൊല്ലം കൊട്ടാരക്കര വഴി വേണമെന്നു ശുപാർശ ചെയ്യാൻ സാധിക്കയില്ലേ ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : അതും ശുപാർശ ചെയ്യാം

ஸ்ரீ. ஸ்ரீ. வி. தாஸ் : திருவனந்தபுரம் முதல் கன்னியாகுமரி வரை ரெயில்வே கட்டுவதைப்பற்றி ஏதாவது ஆலோசனையிருக்கிறதா ?

கனம். ஸ்ரீ. இ. ஜான் பிலிப்போஸ் : இப்பொழுது ஆலோசனையில் இல்லை.

ஸ்ரீ. எ. சிதம்பரநாத நாடார் : எப்பொழுது அது ஆலோசனைக்கு வரும்.

(No answer)

കടൽപ്പാലം പണി

* ൧൩൩. (൧൧) ശ്രീ. എ. എം. മുസ്തഫാ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ ;

(എ) കൊല്ലത്തു ഒരു കടൽപ്പാലം പണിയണമെന്നാവശ്യപ്പെട്ടുകൊണ്ടു നഗരവാസികളിൽനിന്നും പരാതികൾ കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തിയെന്നു പ്രസ്താവിക്കുമോ ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : (എ) കൊല്ലത്തു ഒരു കടൽപാലം പണിയുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നഗരവാസികളിൽനിന്നും പരാതി കിട്ടീട്ടുണ്ട്.

(ബി) കൊല്ലത്ത് ഒരു കടൽപാലം പണിയുന്നതുസംബന്ധിച്ച് അന്വേഷണങ്ങൾ നടത്തുകയുണ്ടായി. എന്നാൽ യാദൃച്ഛികമായി തിരുവനന്തപുരം കടൽപാലത്തിന്നു കേടുസംഭവിച്ചതുകൊണ്ട് അതിന്റെ പണി തീർന്നതിന്നു ശേഷം കൊല്ലത്തെ കടൽപാലം പണി നടത്തുന്നതിന്ന് വേണ്ട നടപടി എടുക്കണമെന്ന് ഗവൺമെണ്ട് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ജോസഫ് മാത്തൻ : ഈ കൊല്ലം ആ പാലം പണിയെസംബന്ധിച്ച് വല്ലതും ചെയ്യാൻ ഗവൺമെണ്ട് ഉദ്ദേശിക്കുന്നുണ്ടോ ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : ഈ ആണ്ടിൽ നടപടി നടത്താൻ സാധിക്കുമെന്നു തോന്നുന്നില്ല.

ശ്രീ. വി. ഗംഗാധരൻനായർ . അതു വളരെക്കാലമായി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ള ഒരു സംഗതിയാണെന്നറിയാമോ ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : അറിയാം.

ശ്രീ. ജോസഫ് മാത്തൻ : തിരുവനന്തപുരം പാലത്തിന്റെ അററകുററപ്പണിയാണോ അതോ പുതിയതായി പണിയിക്കുന്നതിനാണോ നിശ്ചയിച്ചിരിക്കുന്നത് ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : അതു പുതിയതായി പണിയിക്കാനാണു നിശ്ചയിച്ചിരിക്കുന്നത്.

ശ്രീ. കെ. എ. മഹമ്മദ് : തിരുവനന്തപുരം കടൽപാലം കേടുവരുത്തിയതിന്നു കമ്പനിക്കാരിൽനിന്നും നഷ്ടപരിഹാരം കിട്ടിയിട്ടില്ലേ ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : കുറച്ചു സംഖ്യ കിട്ടിയിട്ടുണ്ട്.

ശ്രീ. ജോസഫ് മാത്തൻ : കടൽപ്പാലം പണിയുന്നതിനുള്ള ചുമതല കേന്ദ്രഗവൺമെണ്ടിനാണെന്ന് അറിയുന്നതിൽ വല്ല വാസ്തവവുമുണ്ടോ ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : അതു മേജർപോർട്ട്സിന്റെ സംബന്ധിച്ചാണ്.

ശ്രീ. ജോസഫ് മാത്തൻ : കൊല്ലവും തിരുവനന്തപുരവും പോർട്ടസ് മേജർ ആണോ മൈനർ ആണോ ?

ബഹു. ശ്രീ. ഇ. ജോൺഫിലിപ്പോസ് : മൈനർ പോർട്ടാണെന്നുള്ളതിന്നു സംശയമൊന്നുമില്ല.

ശ്രീ. ഈപ്പൻ അറക്കൽ : തിരുവനന്തപുരം പാലം പണിയുന്നതിന്നു ഈ കൊല്ലം തുക അനുവദിച്ചതായി പ്രസ്സ്നോട്ട് വല്ലതും ഉണ്ടോ ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : ഗവൺമെണ്ട് തുക അനുവദിക്കുന്നതുസംബന്ധിച്ച് പ്രസ്സ്നോട്ട് ഇറക്കാറില്ല. തിരുവനന്തപുരം കടൽപാലം പണിയുന്നതുസംബന്ധിച്ച് നാലു ലക്ഷം രൂപായോളം ഗവൺമെണ്ടിന്റെ കൈവശം ഉണ്ട്.

ശ്രീ. ഈപ്പൻ അറക്കൽ : അതുസംബന്ധിച്ചു അസംബ്ലിയിൽ ഡിമാണ്ട് വല്ലതും കൊണ്ടുവന്നിട്ടുണ്ടോ ?

ബഹു ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : അതിലേക്കു വേണ്ടതായ പണം ഡിമാണ്ടായി കൊണ്ടുവന്ന് അനുവദിച്ചിട്ടുള്ളതാണ്.

ശ്രീ. വി. എ. അബ്ദുൾ അസീസ്: തിരുവനന്തപുരം കടൽപാലം പണി എന്നത്തേക്കു തീരും എന്നു പറയാമോ ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : അതേപ്പററി ഇൻവസ്റ്റിഗേഷൻ നടത്തിക്കൊണ്ടിരിക്കുന്നതേയുള്ളു. അതുകൊണ്ട് ഇപ്പോൾ ഖണ്ഡിതമായി—പറയാൻ—നിവൃത്തിയില്ല.

ശ്രീ. വി. എ. അബ്ദുൾ അസീസ് : ഏകദേശം ഒന്നു പറയാമോ ?

Sri. D. Gnanasigamani : May I know what will be the probable cost for coustruction of that pier ?

The Hon'ble Sri. E. John Philipose : As the matter is under investigation I am not in a position to say what will be the capital amount involved in this.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : കൊല്ലം കടൽപാലം പണിയുന്നതിന്ന് പരാതികളാണോ അപേക്ഷകളാണോ കിട്ടിയിട്ടുള്ളത് എന്നു പറയാമോ ? (ഉത്തരം പറഞ്ഞില്ല.)

പ്രൈവററ ബസ്സ് സർവ്വീസിനുള്ള അവകാശം ലഭിക്കേണ്ട വ്യവസ്ഥ

* ൭൪൦ (൧൨) ശ്രീ. എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു മാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പ്രൈവററ് ബസ്സ് സർവ്വീസുകൾക്കുള്ള അപേക്ഷകൾ അനുവദിക്കണമോ വേണ്ടയോ എന്നുള്ളത് തീരുമാനിക്കുന്നത് പോലീസുദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടിനെ ആസ്പദമാക്കിയാണോ?

(ബി) ഈ വ്യവസ്ഥ നിലവിലുള്ളതുമൂലം പല അഴിമതികൾ നടക്കുന്നതായി അറിയാമോ?

(സി) ഈ വ്യവസ്ഥ ഭേദപ്പെട്ട അന്വേഷണത്തിനും റിപ്പോർട്ടിനും ഒരുയർന്ന സിവിൽ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനെപ്പററി ആലോചിക്കുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: (എ) പ്രൈവററ ബസ്സ് സർവ്വീസുകളുടെ ആവശ്യകതയെപ്പററി തീർച്ചയാക്കുന്നത് ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായം ആരാഞ്ഞും അന്വേഷണം നടത്തിയതിനുശേഷവുമാണ്.

(ബി) ഇല്ല.

(സി) ആലോചിക്കുന്നതാണ്.

ശ്രീ. കെ. എ. മാത്യു: ബസ്സ് ലൈനിന്റെ സ്ഥിതിയും മററും പോലീസ് ഉദ്യോഗസ്ഥന്മാരെക്കൊണ്ടാണോ അന്വേഷണം നടത്തിക്കുന്നത്?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതു് ഇഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെൻറുകാരാണ് ചെയ്യുന്നത്.

ശ്രീ. എം. ഐ. പോൾ: പ്രൈവററ ബസ്സ് സർവ്വീസുകൾക്കുള്ള അപേക്ഷകളെ സംബന്ധിച്ച് തീരുമാനിക്കുന്നതിന് ട്രാൻസ്പോർട്ട് കമ്മിററിക്ക് അധികാരമില്ലേ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഇല്ല. ആ അധികാരം ട്രാൻസ്പോർട്ട് അതോറട്ടിക്കാണ്.

ശ്രീ. എം. ഐ. പോൾ: ആ അധികാരം ട്രാൻസ്പോർട്ട് കമ്മിററിക്ക് കൊടുത്തുകൂടേ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഇപ്പോൾ ഒരു ട്രാൻസ്പോർട്ട് കമ്മററി ഇല്ല. I have already said many a time that there is a Standing Advisory Committee to the Ministry of Transport and their functions and duties have been defined under the rules that have been published. I would request the hon'ble member to read it.

ശ്രീ. പി. കെ. ഡീവർ: ട്രാൻസ്പോർട്ട് അതോറിട്ടി എന്നു പറയുന്നത് ആരാണ്?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഇൻസ്പെക്ടർ ജനറൽ ആഫ് പോലീസ് തന്നെയാണ്.

ശ്രീ. പി. കെ. ഡീവർ: കൊച്ചിയിൽ ആരാണ്?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഇപ്പോൾ അവിടേയും ഒരു ട്രാൻസ്പോർട്ട് അതോറിററി ഉണ്ട്. പുതിയ മോട്ടാർ വെഹിക്കിൾ ആക്ടനുസരിച്ച് ഒരു പുതിയ ട്രാൻസ്പോർട്ട് അതോറിററിയെ നിയമിക്കുന്നതാണ്.

ശ്രീ. പി. കെ. ഡീവർ: കൊച്ചിയിലെ ട്രാൻസ്പോർട്ട് അതോറിട്ടി പ്രവർത്തിക്കാതായിട്ട് എത്രകാലമായി എന്നറിയാമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതിപ്പോൾ നിശ്ചയമില്ല.

ശ്രീ. സി. വി. ഐയ്യ: മദ്രാസ് സംസ്ഥാനത്ത് ഓരോ ഡിസ്ട്രിക്ടിലും ട്രാൻസ്പോർട്ട് അതോറിട്ടികൾ ഉള്ളതായി അറിയാമൊ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: മദ്രാസ് സംസ്ഥാനത്തു് റീജിയനൽ അതോറിട്ടികൾ ഉള്ളതായി അറിയാം.

ശ്രീ. സി. വി. ഐയ്യ: ഇവിടെയും റീജിയനൽ അതോറിട്ടികളെ നിയമിക്കുന്നതു ബസ്സുടമസ്ഥന്മാർക്കു സൗകര്യമായിരിക്കുമെന്ന് ഗവർണ്മെൻറിന് അറിയായോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ബസ്സുടമസ്ഥന്മാരുടെ സൗകര്യം നോക്കിയല്ല ട്രാൻസ്പോർട്ട് അതോറിട്ടിയെ നിയമിക്കുന്നതു്.

ശ്രീ. സി. വി. ഇയ്യു: അതു പൊതുജനങ്ങൾക്കു് വളരെ സൗകര്യമായിരിക്കുമെന്നറിയാമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതൊരഭിപ്രായമാണ്.

പെട്രോൾ വിനിയോഗം

* ൧൪൫ (൧൩) ശ്രീ. എ. എം. മുസ്തഫാ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൫൪ ചിങ്ങത്തിനു ശേഷം ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽ ശരാശരി ഒരു മാസത്തിൽ ചെലവാകുന്ന പെട്രോൾ ഗ്യാലൻ എത്ര?

(ബി) ഒരു മാസത്തിൽ എല്ലാ വണ്ടികളുംകൂടി ഓടിയിട്ടുള്ള മൈൽ എത്ര?

(സി) ട്രാൻസ്പോർട്ട് വണ്ടികൾ ഒരു ഗ്യാലൻ പെട്രോളിൽ എത്ര മൈൽ ശരാശരി ഓടുന്നു എന്നു കണക്കാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്ര?

(ഡി) ടി ഡിപ്പാർട്ടുമെൻറു വളരെ അധികം പെട്രോൾ ദുർവ്വിനിയോഗം ചെയ്യുന്നുണ്ടെന്നു ഗവൺമെൻറു ഗ്രഹിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ കർശനമായി നിയന്ത്രിക്കുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) വ൭,൨൦൦ ഗ്യാലൻ.

(ബി) ശരാശരി വ,൨൨,൩൫൫ മൈൽ.

(സി) ഉണ്ട്. ൩. ൨ മൈൽ.

(ഡി) ഇല്ല. ദുർവ്വിനിയോഗം ചെയ്യാതിരിക്കാൻ ഡിപ്പാർട്ടുമെൻറു വേണ്ടത്ര നടപടികൾ എടുക്കുന്നുണ്ട്.

വാഹനങ്ങൾ വാങ്ങുന്ന നയം

* ൧൪൬ (൧൭) ശ്രീ. എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സ്റ്റേറു ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലേക്കു് ആവശ്യമുള്ള മോട്ടോർ വാഹനങ്ങളും സാധനങ്ങളും വാങ്ങുന്നതിനു് ഗവൺമെൻറു് എന്തു നയമാണു് സ്വീകരിച്ചിട്ടുള്ളതു്?

(ബി) ഇതിലേക്കു് ഈ വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്ന വിവിധ കമ്പനികളോടു് "കപ്പട്ടേഷൻ" ആവശ്യപ്പെടാറുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്:

(എ) ഓരോ വർഷത്തേക്കും ആവശ്യമുള്ള വണ്ടികൾ എത്രയും നേരത്തെ തീർച്ചപ്പെടുത്തിയതിനുശേഷം വാഹനവ്യവസായികളിൽ നിന്നു് "കോട്ടേഷൻ" വരുത്തി ആവശ്യമുള്ള വാഹനങ്ങൾ വിലയും, ഗുണവും അനുസരിച്ചു് വാങ്ങുകയാണു് ഇന്നത്തെ നയം.

(ബി) ഉണ്ട്.

நாகர்கோவில் திருவனந்தபுரம் ஸரண்டர் தமிழ் ஆசிரியரின் எண்ணம்.

743 [16] ஸ்ரீ. கெ. ராமகிருஷ்ண ஆசாரி: கனம் கல்வி மந்திரியவர்கள் விடை பகர்வார்களாக:

எ. நாகர்கோவில் டிஸ்டிரிக்ட்டிலும், திருவனந்தபுரம் டௌணிலும் 1121—1122 பள்ளிக்கூட வருடத்தில் ஸரண்டரான தமிழ் ஆசிரியர் எண்ணம் என்ன?

பி. அதில் 4-10-1123-ல் ஸ்திரப்படுத்தப்பட்டவர் எவ்வளவு?

ஸ்திரமாகாதவர் எல்லா டிஸ்டிரிக்ட்டிலும் சேர்ந்து எவ்வளவு பேர் இருக்கின்றனர்.

ஸி. சிலரை மாத்திரம் ஸ்திரப்படுத்தக் காரணம் என்ன?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ചോദ്യത്തിനും ഉത്തരം തയാറായിട്ടില്ല.

ஸான்டர் பாடசாலை தலைமை ஆசிரியர்கள்

*744 [17] ஸ்ரீ. கெ. ராமகிருஷ்ண ஆசாரி: கனம் கல்வி மந்திரியவர்கள் விடைபகர்வார்களாக:

எ. 3-11-24-ல் வெளியிட்ட பிரஸ் நோட்டின்படி ஸான்டர் ஸ்கூள் ஹெட் மாஸ்டர்கள் இன்னும் அந்தப் பதவியில் தொடர்ந்து கொள்வதற்கு ஸர்வீஸ் வெகுலேஷன் சம்மதிக்கின்றதா?

பி. பிரஸ் நோட்டின்படி டிப்பார்ட்மென்று தக்க நடபடி செய்யாததால், பழைய ஸர்வீஸ் உடையவரின் உரிமை இழக்கப்படுகிறதென்று அபராங்கத்திற்குத் தோன்றுகின்றதா?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ചോദ്യത്തിനുത്തരം തയാറായിട്ടില്ല.

പുതിയ ഗവമ്മെൻറ് മിഡിൽ സ്കൂളുകൾ

* ൧൯൪൯ (൧൨൭) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൪൭,— ൧൯൪൮ സ്കൂൾ വർഷത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിനായി എത്ര ഗവമ്മെൻറ് മിഡിൽ സ്കൂളുകൾ അനുവദിച്ചു?

(ബി) അവയ്ക്കെല്ലാം വേണ്ട അദ്ധ്യാപകന്മാരെ അയച്ചുകൊടുത്തു പ്രവർത്തനം ആരംഭിച്ചോ?

(സി) ഇല്ലെങ്കിൽ ഏതെല്ലാം സ്കൂളുകളിൽ പ്രവർത്തനം ആരംഭിക്കാതുണ്ട്? ഈ സ്കൂളുകളിൽനിന്നും അഞ്ചാംക്ലാസ്സു ജയിച്ച കുട്ടികൾക്ക് ഇതുമൂലം ഈയാണ്ടത്തെ പഠിത്തം നഷ്ടപ്പെട്ടതായി അറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) ൧൩.

(ബി) തുറന്നിട്ടുള്ള ൧൪ സ്കൂളുകൾക്കും വേണ്ട അദ്ധ്യാപകന്മാരെ അയച്ചുകൊടുത്തിട്ടുണ്ട്.

(സി) ൧. പുത്തൻതോപ്പു മിഡിൽ സ്കൂൾ കോട്ടവള്ളി മിഡിൽ സ്കൂൾ തുറന്നിട്ടില്ല.

൨. ഇല്ല. പുത്തൻതോപ്പു പ്രൈമറി സ്കൂളിൽനിന്നും ൪-ാംക്ലാസ് ജയിച്ച കുട്ടികൾ അടുത്തുള്ള ചിറതോപ്പ് മിഡിൽ സ്കൂളിലും മററ് അടുത്തുള്ള സ്കൂളുകളിലും ചേർന്നു പഠിച്ചുവരുന്നു. കോട്ടവള്ളിക്കടുത്ത് കൈതാരം മിഡിൽ സ്കൂൾ പുതുതായി തുറന്നിട്ടുണ്ട്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഈ രണ്ടു സ്കൂളുകളിലും ആവശ്യമുള്ള അദ്ധ്യാപകന്മാരെ അയക്കാതെ ഇരിക്കുന്നതിനുള്ള കാരണമെന്താണ്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: ആകെ ൧൩ സ്കൂളുകൾക്കാണ് അനുവാദം കൊടുത്തിട്ടുള്ളതു്. അതിൽ ൧൪ സ്കൂളുകൾ മാത്രമേ തുറന്നിട്ടുള്ളു. ആ ൧൪ സ്കൂളുകളിലേക്കുമുള്ള വാദ്ധ്യാന്മാരെ അയച്ചിട്ടുമുണ്ട്. തുറക്കാത്ത സ്കൂളുകളിലേക്ക് വാദ്ധ്യാന്മാരെ അയക്കാത്തതു് എന്തെന്നു ചോദിച്ചാൽ അയക്കാൻ സാദ്ധ്യമല്ലാത്തതുകൊണ്ടുതന്നെ എന്നേ പറയാൻ നിവൃത്തിയുള്ളു.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഈ രണ്ടു സ്കൂളുകൾ തുറക്കാത്തതിന്റെ കാരണം എന്താണ്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: പുത്തൻതോപ്പു മിഡിൽ സ്കൂൾ സ്ഥാപിക്കാനുദ്ദേശിച്ചിരുന്ന സ്ഥലത്തെപ്പററി ചില തർക്കങ്ങൾ ഉണ്ടായിരുന്നു. കോട്ടവള്ളി സ്കൂളിനു് അനുവാദം കൊടുത്തിരുന്നു എങ്കിലും അതിന്റെ സമീപത്തുതന്നെ കൈതാരം സ്കൂൾ അനുവദിച്ചതുകൊണ്ട് കോട്ടവള്ളി സ്കൂളിന്റെ അനുവാദം റദ്ദ് ചെയ്യണമെന്ന് ഡയറക്ടർക്ക് എഴുതിയിട്ടുണ്ട്.

ഐക്യസംസ്ഥാനത്തെ ഭവനനിർമ്മാണ പദ്ധതി

*൧൪൩. (ഫ്രൻ) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗവൺമെൻറു പ്രഖ്യാപിച്ചിട്ടുള്ള ഗൃഹനിർമ്മാണപദ്ധതി പൂർണ്ണരൂപം പ്രാപിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതെന്താണ്?

(ബി) ആ പദ്ധതി അനുസരിച്ച് ഏതെല്ലാം സ്ഥലങ്ങളിൽ എത്രയെത്ര വീടുകൾ നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നതു?

(സി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതു് എന്നു മുതലാണ്?

(ഡി) ഇതിനുമുമ്പ് ഗവൺമെൻറനുവദിച്ചിട്ടുള്ളവയും നടപടി ആരംഭിച്ചിട്ടുള്ളവയുമായ ഗൃഹനിർമ്മാണപദ്ധതികളെ ഈ പുതിയ പദ്ധതി എങ്ങനെയെങ്കിലും പോഷകകരമായി ബാധിക്കുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ഉണ്ട്. സാധുക്കൾക്ക് ചെറിയ വീടുകൾ വച്ചുകൊടുക്കുക എന്നുള്ളതാണ്.

(ബി) കന്യാകുമാരി, കുളച്ചൽ, തിരുവനന്തപുരം, കൊല്ലം, പുനലൂർ, ആലപ്പുഴ, കുമരകം, ആലുവാ, തേവര, ഇരിങ്ങാലക്കുട, ഈ സ്ഥലങ്ങളിൽ ലഭ്യമാകുന്ന സ്ഥലത്തിൻെറ വിസ്തീർണ്ണവും മററും അനുസരിച്ച് ഓരോ സ്ഥലത്തും പണിയേണ്ട വീടിൻെറ സംഖ്യ നിർണ്ണയിക്കുന്നതാണ്.

(സി) ഉടനെ തന്നെ.

(ഡി) ഉവ്വ്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ് : ഈ പുതിയ പദ്ധതി എങ്ങിനെയാണ് ദോഷകരമായി ബാധിക്കുന്നതു് എന്ന് ഗവൺമെൻറ് അന്വേഷിച്ചിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : ദോഷകരമായി ബാധിക്കുകയില്ല. പോഷകകരമായി ബാധിക്കുമോ എന്നാണ് ചോദ്യം. ബാധിക്കും എന്നാണ് ഉത്തരം.

Sri. D. Gnanasigamony : May I know whether lands were acquired under the Land Acquisition Act or some other Act?

The Hon'ble Sri. T. K. Narayana Pillai : Lands are being acquired and that is all.

ശ്രീ. പി. എസ്. മാധവൻ വൈദ്യർ : ഭവനനിർമ്മാണപദ്ധതിക്ക് വേണ്ട ഭൂമി കൈവശപ്പെടുത്തുന്നതിനുള്ള നടപടികൾ ഗവൺമെൻറിൽ നിന്നും എടുത്തുകഴിഞ്ഞിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : നടപടികൾ നടത്തിക്കൊണ്ടിരിക്കയാണ്

പൊതുമരാമത്തുപണികൾ നിർദ്ദിഷ്ടസമയത്തിനുള്ളിൽ ചെയ്തുതീർക്കണം

*൧൪൪. (൨൦) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആണ്ടുതോറുമുള്ള ബഡ്ജററും ഗവൺമെൻറുത്തരവുകളും അനുസരിച്ചുള്ള മിക്ക പൊതുമരാമത്തുപണികളും നിർദ്ദിഷ്ടസമയത്തിനുള്ളിൽ ചെയ്തു തീർക്കുന്നില്ല എന്നുള്ളതു ഗവൺമെണ്ടിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അതുമൂലം അനേകം റോഡുകളും പാലങ്ങളും മററും വളരെ ശോചനീയമായ നിലയിൽ കിടക്കുന്നുവെന്നും പൊതുജനങ്ങൾ വലിയ അസൗകര്യങ്ങൾ അനുഭവിക്കുന്നുവെന്നും ഗവൺമെണ്ടിനു ബോദ്ധ്യമായിട്ടുണ്ടോ;

(സി) ഒരാണ്ടിലേക്കു നിശ്ചയിച്ച ജോലി ആ ആണ്ടിൽ തൊടുകപോലുംചെയ്യാതെ അടുത്തയാണ്ടിൽ അതു ഉപേക്ഷിക്കപ്പെട്ടതായി ഗവൺമെണ്ടിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ പിലിപ്പോസ്:

(എ) ഇല്ല. ആവശ്യമുള്ള ഭൂമിയോടും മിതമായ ഗ്രാൻേറാടുംകൂടി അനുവാദം ലഭിക്കുന്ന ജോലികൾ കഴിയുന്നതും ബഡ്ജററുവർഷത്തിൽത്തന്നെ പൂർത്തിയാക്കുന്നതിന് ശ്രമിക്കുന്നുണ്ട്.

(ബി) ചിലടത്തെല്ലാം ചില അസൗകര്യങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് ഗവമ്മെണ്ടിന് അറിയാം. ഗവമ്മെണ്ടിന്റെ സാമ്പത്തിക കഴിവുകൾക്ക് അനുസരണമായി മാത്രമേ അവ പരിഹരിക്കാൻ സാധിക്കുകയുള്ളൂ.

(സി) ഇല്ല. അനുവദിച്ചിട്ടുള്ള തുക സാധാരണ അടുത്ത കൊല്ലത്തേക്ക് കൊണ്ടു പോകുകയാണ് പതിവ്.

൯൦ (൧൯) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചേർത്തല താലൂക്കിലുള്ള ഏതെങ്കിലും ഗ്രാമോദ്ധാരണകേന്ദ്രങ്ങളിലോ, വില്ലേജ് യൂണിയനുകളിലോ എന്തെങ്കിലും കുടിൽ വ്യവസായങ്ങൾ ഗവമ്മെണ്ടിൽനിന്നും നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(ബി) കോഴി വളർത്തലും തേനീച്ച വളർത്തലും, കുളങ്ങളിൽ വളരുവാൻ സാദ്ധ്യതയുള്ള മത്സ്യങ്ങളെ വളർത്തുന്നതുമായ കുടിൽ വ്യവസായങ്ങൾ ഏതെങ്കിലും ഗ്രാമോദ്ധാരണ കേന്ദ്രങ്ങളിൽ നടപ്പിലാക്കുവാൻ സാധിക്കുമോ എന്നു അന്വേഷിക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിനു ദയവുണ്ടാകുമോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ: (എ) ഇല്ല.

(ബി) കുടിൽ വ്യവസായങ്ങൾ നടപ്പിൽ വരുത്തണമെന്നുള്ള നിവേദനങ്ങൾ ഇതുവരെ ലഭിക്കാത്തതുകൊണ്ട് അതിനെപ്പററി അന്വേഷിച്ചിട്ടില്ല. നിവേദനങ്ങൾ ലഭിക്കുന്നപക്ഷം അന്വേഷിക്കുന്നതാണ്.

ടെലഫോൺ എക്സ്ചെയിഞ്ച്

൯൧. (൨൩) ശ്രീ. മിസ്സ് അക്കാമ്മചെറിയാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വർക്സ് ആൻഡ് കമ്മ്യൂണിക്കേഷൻസു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കാഞ്ഞിരപ്പള്ളിയിൽ ഒരു ടെലഫോൺ എക്സ്ചെയിഞ്ച് സ്ഥാപിക്കുന്നതിനു പൊതുജനങ്ങളിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) അതിന്മേൽ എന്തു തീരുമാനം എടുത്തിട്ടുണ്ട്;

(സി) അതു നടപടിയിൽ വരുവാനുള്ള കാലതാമസത്തിനു കാരണമെന്താണ്;

(ഡി) എത്രയും വേഗം ഇക്കാര്യത്തിൽ വേണ്ട നടപടി കൈക്കൊള്ളുമോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: (എ) കാഞ്ഞിരപ്പള്ളിയിൽ ഒരു എക്സ്ചെയിഞ്ച് ഉണ്ട്. അതിനാൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

PETITION FROM H. KRISHNA IYER

92. [24]. Sri. R. Chellaswami Nadar: Will the Hon'ble Minister for Education be pleased to state:

(*a*) whether the Government have received any petition from one H. Krishna Iyer who was a peon in the Assistant Inspector's Office at Kuzhithurai;

(*b*) whether any action was taken on that petition,

(*c*) if any, what?

The Hon'ble Sri. Panampilli Govinda Menon:

(*a*) Yes.

(*b*) Yes.

(*c*) The pay and allowances due to the petitioner were drawn and disbursed.

വടുതല പാലം

൯൨. (൨൯) ശ്രീ. എ. കെ. ശങ്കുണ്ണി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. വർക്സ് മന്ത്രി സദയം മറുപടി പറയുമോ?

(എ) ചിറവൂർ വടുതല പാലം പണി തുടങ്ങിയിട്ട് എത്ര നാളായി;

(ബി) ഈ പണിക്ക് കഴിഞ്ഞകൊല്ലം ബഡ്ജററിൽ എത്രായിരം ഉറുപ്പികയാണ് കൊള്ളിച്ചിരുന്നത്;

(സി) ഈ സംഖ്യയിൽ ഇനി ബാക്കി വല്ലതുമുണ്ടോ?

(ഡി) ഇല്ലെങ്കിൽ ഇത്രയും ഉറപ്പിക്കക്കുള്ള പണി തീർന്നിട്ടുണ്ടോ എന്നന്വേഷിക്കുവാൻ ഗവ്മെണ്ട് തയ്യാറാവുമോ;

(ഇ) പാലം പണി ഈ സാമ്പത്തികവർഷത്തിൽതന്നെ പൂർത്തിയാക്കുവാൻ ഗവമെണ്ടു ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇക്കൊല്ലം ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്ന ൩ ൫, ൦ ൦ ൦ ഉറപ്പിക്ക ഇതിനു മതിയാവുമെന്നു ഗവമെണ്ട് കരുതുന്നുണ്ടോ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: (എ) രണ്ടു കൊല്ലം.

(ബി) ൪൦, ൦ ൦ ൦ രൂപ.

(സി) മുഴുവൻ സംഖ്യ ചിലവായിട്ടില്ല. ചിലവായതു രൂപ ൧ ൧,൩൮ ൧–൧൧–൧ ആണ്. ബാക്കിയുള്ളതു് ലാപ്സായിട്ടുണ്ട്.

(ഡി) ഉത്തരം ആവശ്യമില്ല.

(ഇ) ഈ സാമ്പത്തികവർഷത്തിൽ മിക്കവാറും പണി കഴിയും. പണി തീർക്കുവാൻ രൂപാ ൩ ൫, ൮ ൦ ൦ ഈ ഏഴര മാസം ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതു മതിയാകയില്ല. ഈ കൊല്ലാവസാനത്തോടുകൂടിയോ അല്ലെങ്കിൽ അടുത്ത വർഷത്തിൽ (൧ ൧ ൨ ൩) പണി മുഴുവൻ പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളു.

കൺഡക്ടർമാർ

൯ ൪. (൩൩) ശ്രീ. പി. കെ. രാമൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെണ്ടിൽ ഇപ്പോൾ എത്ര കൺഡക്ടർമാർ സ്ഥിരം ജോലിക്കാരായുണ്ട് : എത്രപേർ റിസർവ്വിലുണ്ട്;

(ബി) റിസർവ്വുകാർ ഏതുകാലംവരെ റിക്രൂട്ടു ചെയ്തവരാണ്; ഇതയിടെയായി റിസർവ്വിൽ ആരെയെങ്കിലും എടുത്തിട്ടുണ്ടോ ; റിസർവ്വിൽ അവസാനമായി കൺഡക്ടർമാരെ എടുത്ത ദിവസം എന്നാണ് ;

(സി) ഈ ഡിപ്പാർട്ടുമെണ്ടിൽ കൺഡിജൻസിയിൽ ജോലിയുണ്ടായിരുന്ന വളരെപ്പേരെ പിരിച്ചുവിട്ടിട്ടില്ലേ ; അവരുടെ സേവനംമൂലം അവർക്ക് ഈ ഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗത്തിനു മററുള്ളവരേക്കാൾ കൂടുതലായി അർഹതയുണ്ടോ ;

(ഡി) ഇപ്പോൾ റിസർവ്വ് കൺഡക്ടർമാർക്ക് ജോലി കൊടുക്കുന്നതിന്റെ മുറയെന്താണ് ;

(ഇ) ഇവർക്ക് വല്ലപ്പോഴും ജോലി കൊടുക്കുന്നതിനേക്കാൾ seasonal ആയി അററൻഡു ചെയ്യുവാൻ പറയുന്നതല്ലേ വിഹിതമായിട്ടുള്ളതു് ;

(എഫ്) ജോലി സ്ഥിരതയോ, ജീവനത്തിന് ആവശ്യമായ വേതനമോ കിട്ടായ്കമൂലം ഇവരുടെ സത്യസന്ധത പരീക്ഷിക്കപ്പെടുകയും, ചിലപ്പോൾ ചോദ്യം ചെയ്യപ്പെടുകയും ചെയ്യാവുന്ന പരിതഃസ്ഥിതിയിലാണവർ ജീവിക്കുന്നതെന്നു മനസ്സിലാക്കുന്നുണ്ടോ ;

(ജി) ഇവരെ എന്ന് അബ്സാർബ് ചെയ്യുതീരും ; ഇവരുടെ നിയമനങ്ങളിൽ സമുദായനീതി പാലിക്കപ്പെടുന്നുണ്ടോ എന്നു സദയം പറയാമോ ?

ബഹു. ശ്രീ. ഇ. ജോൺ ഫിലിപ്പോസ് : (എ) ൨ ൩ ൫. ൫ ൧ ൩, റിസർവ്വുകൺഡക്ടർമാർ.

(ബി) ൧ ൧ ൨ ൪ വർഷമാണ് മീനമാസംവരെ. ഇല്ല. ൨ ൨—൨ —൧ ൧ ൨ ൪.
(സി) വ്യ ൻ പേരെ പിരിച്ചുവിട്ടിട്ടുണ്ട്. ഇല്ലാ.
(ഡി) സീനിയാർട്ടിയും ഒഴിവുകൾ ഉണ്ടാകുന്നതുപോലെയും.
(ഇ) പ്രായോഗികമല്ല.
(എഫ്) അതു് ഒരു അഭിപ്രായം മാത്രമാണ്.
(ജി) വളരെ താമസിയാതെ സമുദായനീതി ഏറെക്കുറെ പരിപാലിച്ചിട്ടുണ്ട്.

തൊഴിലാളികൾ

൯ ൪. (നവ) ശ്രീ. ഗാസ്റ്റർ ഡിസിൽവാ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിലാളിമന്ത്രി സദയം മറുപടി പറയുമോ.—

(എ) വരാപ്പുഴ ലൈൻബോട്ടിലേയും കൊച്ചിയിലുള്ള ചില ഫെറിബോട്ടുകളിലേയും തൊഴിലാളികളിൽനിന്ന് അവരുടെ ജോലിസമയം ക്രിപ്തപ്പെടുത്തേണ്ടതിനെപ്പററി ബഹുമാനപ്പെട്ട ഗവമ്മെണ്ടിലേക്ക് വല്ല പരാതികളും കിട്ടിയിട്ടുണ്ടോ ;

(ബി) പ്രസ്തുതതൊഴിലാളികൾ ദിവസത്തിൽ ൧൨–ം മണിക്കൂർ വീതം ജോലി എടുക്കുവാൻ നാർബ്ബന്ധിതരായിത്തീന്നിട്ടുണ്ടെന്ന സംഗതി ഗവമ്മെണ്ടിനറിയാമോ ;

(സി) ഇതുസംബന്ധിച്ച് എന്തു നടപടികളാണ് ഗവമ്മെണ്ട് എടുത്തിട്ടുള്ളത് ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : (എ) ഒരു അപേക്ഷ ഗവമ്മെണ്ടിന് ലഭിച്ചിട്ടുണ്ട്.

(ബി) കൊച്ചി വിഭാഗത്തെസംബന്ധിച്ചിടത്തോളം ഈ തരം ജോലിക്കാൎക്ക് ജോലിസമയം ക്രിപ്തപ്പെടുത്തി നിയമം ഉണ്ടായിട്ടില്ല.

(സി) കൊച്ചിവിഭാഗത്തെസംബന്ധിച്ച് ജോലിസമയം ക്രിപ്തപ്പെടുത്തുന്ന കാൎയ്യം ഗവമ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

ലൈസൻസും പെർമിററും സിദ്ധിച്ചിട്ടുള്ള പഴയ അദ്ധ്യാപകന്മാർ

൯ ൫. (൩൯) ശ്രീ. ഗാസ്റ്റർ ഡിസിൽവാ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ലൈസൻസും പെർമിററും സിദ്ധിച്ചിട്ടുള്ള പഴയ അദ്ധ്യാപകന്മാരെ അവർ ഇന്നിന്ന ക്ലാസ്സുകളിൽ മാത്രമേ പഠിപ്പിക്കാവൂ എന്ന് വല്ല നിബന്ധനക്കും വിധേയരാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് അങ്ങിനെ ചെയ്തിട്ടുള്ളത് ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : (എ) ഉണ്ട്.

(ബി) ഓരോ അദ്ധ്യാപകന്റേയും പരീക്ഷായോഗ്യതയെ പരിഗണിച്ച് ഏതെല്ലാം ക്ലാസ്സുകളിൽ പഠിപ്പിക്കുവാൻ അനുവദിക്കാമെന്നു നിശ്ചയിച്ചിട്ടുള്ളതുകൊണ്ട്.

ADJOURNMENT MOTIONS

മി. സ്പീക്കർ : രണ്ട് അടിയന്തിരപ്രമേയങ്ങൾ കിട്ടിയിട്ടുണ്ട്. ഒന്ന് മി. ചോറം തമ്പിയത്ത് ഹാജരാക്കിയിരിക്കുന്നതാണ്. കഴിഞ്ഞ ദിവസം ഈ അസംബ്ലിയിൽ ചോദിച്ച ചില ചോദ്യങ്ങൾക്ക് പ്രധാനമന്ത്രി ഉത്തരം തയാറായിട്ടില്ലെന്നു മറുപടി പറഞ്ഞു. ഇരുപത്തിനാലാമത്തെ ചോദ്യത്തെപ്പററിയാണ് പ്രത്യേകം അടിയന്തിരപ്രമേയത്തിൽ പറഞ്ഞിരിക്കുന്നത്. അതായത് "കൊച്ചി-തിരുവിതാംകൂർ സംയോജനത്തിനു ശേഷം ഐക്യകേരളത്തെ ലക്ഷ്യമാക്കി നമ്മുടെ ഗവമ്മെണ്ട് ഏതെല്ലാം നടപടികൾ എടുത്തിട്ടുണ്ട്, ഐക്യകേരളം സൃഷ്ടിക്കുക എന്നുള്ളത് ഇന്നത്തെ ഗവമ്മെണ്ടിന്റെ ലക്ഷ്യങ്ങളിൽ ഒന്നാണോ? ആണെങ്കിൽ ആയതിനു വേണ്ടി ഗവമ്മെണ്ട് മേലിൽ എന്തു നയപരിപാടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്, ഈ കാൎയ്യത്തെസംബന്ധിച്ച് ബഹുമാനപ്പെട്ട ഗവമ്മെണ്ട് എടുക്കുവാൻ ഉദ്ദേശിക്കുന്ന ഓരോ നടപടിയും ഈ സഭയിലെ ചൎച്ചാവിഷയമാക്കുമോ", ഈ ചോദ്യങ്ങൾക്ക് മറുപടി തയാറായിട്ടില്ല എന്നു ഉത്തരം പറഞ്ഞിരിക്കുന്നതിൽനിന്ന് ഉത്ഭവിച്ചിരിക്കുന്ന അടിയന്തിരാവസ്ഥയെ പരിഗണിച്ച് സഭാനടപടികൾ മാററിവയ്ക്കണമെന്നും ററും ആണ് അടിയന്തിരപ്രമേയത്തിലെ വിഷയം.

Sri. C. V. Iyyu: May I request the Speaker to allow the mover to explain his motion ?
Mr. Speaker: All that if necessary for the disposal of the motion will be done.

ഇങ്ങനെ കൊടുത്തിട്ടുള്ള ഉത്തരങ്ങൾ ശരിയാണോ അല്ലയോ എന്നുള്ളതിനെപ്പററി അടിയന്തിരപ്രമേയം വഴി വാദപ്രതിവാദം നടത്തേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. ഇത് ഒരടിയന്തിരപ്രമേയത്തിന് വിഷയമാക്കത്തക്കതല്ല. അതുകൊണ്ട് അതു തള്ളിയിരിക്കുന്നു.

The next adjournment motion is one seeking to discuss the situation consequent on the widespread anxiety and discontent caused to the Public due to the hunger-strike by Mr. Ramaswami Pillai from 15th Vrischigam 1124 for a public cause in Trivandrum.

൧൫—൮—൨ ൫ മുതൽ മി. രാമസ്വാമിപിള്ള ഹങ്കർ സ്ട്രൈക്ക് ആരംഭിച്ചിരിക്കുകയാണെന്നും അതിൽനിന്നും ഉത്ഭവിക്കുന്ന ഗുരുതരമായ പരിതഃസ്ഥിതികളെക്കുറിച്ച് വാദപ്രതിവാദം നടത്താനായി സഭാനടപടികൾ മാററിവയ്ക്കണമെന്നുള്ളതാണ് വിഷയം. ഈ ഈ സംഗതിയെക്കുറിച്ച് നേരത്തെ വാദപ്രതിവാദം നടന്നുകഴിഞ്ഞിരിക്കുന്നതിനാൽ ഇതു് അനുവദിക്കുന്നില്ല.

DEMANDS FOR SUPPLEMENTARY GRANTS

The Hon'ble Sri. N. Kunjuraman: Sir, I move for an allotment of Rs. 17,770 under VII Forest and Tramways (f) Plywood Industries—Working Expenses shown as deduction from receipts in Part I of the Budget (Travancore) for 1125 M.E. I also move that an amount of Rs. 3,27,500 be sanctioned under the same head.

ഈ ധനാഭ്യർത്ഥനകൾ ഒന്നിച്ച് ഹാജരാക്കണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നതു്. ഇതു് പ്രായോഗികസൌകര്യത്തോടുകൂടി അടിസ്ഥാനപ്പെടുത്തിയാണ്. പ്ലൈവുഡ് ഫാക്ടറി ഗവമ്മെണ്ടു് ഏറെറടുത്തിട്ടു് ഇപ്പോൾ ഒരു മാസമായി. ഇതന്റെ പ്രവർത്തനം ഇപ്പോൾ ഗവമ്മെണ്ടിൽ നിന്നും നേരിട്ടു് നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിന്ന് ഇപ്പോൾ ചെലവു് വർദ്ധിച്ചിട്ടുണ്ടു്. ബഡ്ജററ് പാർട്ടു് (ച) ഇരുപത്തിമൂന്നാം വകുപ്പാണ് ഇതു് കൊള്ളിച്ചിട്ടുള്ളതു്. അതു് ഫാറസ്ററ് ആൻഡ് ട്രാംവേസ് എന്ന ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. കഴിഞ്ഞ ബഡ്ജററ് അവതരിപ്പിച്ചപ്പോൾ ഉണ്ടായിരുന്നതിൽനിന്നും ഇപ്പോൾ വക്കിങ്ങ് എക്സ്പെൻസസ് മുതലായവ കൂടിയിട്ടുണ്ടു്: വക്കിങ്ങ് എക്സ്പെൻസസ് ഇനത്തിൽ (എ) മുതൽ (എൻ) വരെ പല ഇനത്തിലായിട്ടാണ് ഈ ഗ്രാൻറ് അവതരിപ്പിച്ചിട്ടുള്ളതു്. ചില ഇനങ്ങൾക്ക് എക്സ്പെൻസസ് വർദ്ധിക്കുകയുണ്ടായി എന്നു ഞാൻ പറഞ്ഞതു് (ജി, എഫ്, എച്ച്, ഡി) എന്നീ ഇനങ്ങളിലാണ്. പ്ലൈവുഡ് ഫാക്ടറിയിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് കൂടുതൽ കൂലി കിട്ടണമെന്ന് അവർ നിവേദനം നടത്തിയിരുന്നു. പുനലൂർ ഫാക്ടറിയിലെ തൊഴിലാളികൾക്കൊപ്പം അവർക്കും കൂലി കൊടുക്കണമെന്നു ഗവമ്മെണ്ടും വിചാരിച്ചു. അതനുസരിച്ച് കൂലി കൂട്ടിയിട്ടുണ്ടു്. ഈ ഇനത്തിൽ ൨,൦൦൦ രൂപയോളം കൂടുതൽ വേണ്ടി വന്നിട്ടുണ്ടു്. ഇങ്ങനെ കൂടുതൽ കൂലി കൊടുക്കണമെന്ന് തീരുമാനിച്ചതു് കഴിഞ്ഞ ബഡ്ജററിനു ശേഷമാണ്. അതുപോലെതന്നെ ബോണസ് ഇനത്തിലും കൂടുതൽ തുക ആവശ്യമായി വന്നിട്ടുള്ളതാണ്. സാധാരണയായി രണ്ടുമാസത്തെ ബോണസ് ആണ് കൊടുക്കുന്നതു്. എന്നാൽ ബഡ്ജററിൽ ഒരു മാസത്തേതു് മാത്രമേ കൊള്ളിക്കാൻ സൌകര്യപ്പെട്ടൊള്ളൂ. സാധാരണ ബോണസ് കൊടുക്കുന്നതു് ഓണത്തിനും ക്രിസ്മസ്സിനുമാണ്. ഈ രണ്ടിനവും ഈ ബഡ്ജററ് വർഷത്തിൽതന്നെ വരുന്നതുകൊണ്ടു് അതിന്ന് നാലായിരത്തിൽ ചിലപാനം രൂപാ കൂടുതലായി വേണ്ടിവന്നിട്ടുണ്ടു്. അടുത്തതായി അഞ്ചൽ ചിലവിനത്തിൽ അതായതു് സംയോജനത്തിനു ശേഷം അഞ്ചൽ സ്റ്റാമ്പ് കവർ മുതലായവയ്ക്കു് വില കൂടി. ഈ ഇനത്തിൽ ൨ ൫൦ രൂപാ കൂടുതലായി വേണ്ടിവന്നിട്ടുണ്ടു്. പിന്നെ റാ മെററീരിയൽസിന്ന് ൫൦,൦൦൦ രൂപാ കൂടി വേണം. കാരണം ഇപ്പോഴത്തെ ജോലി കൂടുതൽകൊണ്ടാണ്. അതുകൊണ്ടാണ് ഈ ഇനങ്ങൾക്കെല്ലാംകൂടി കൂടുതലായി ൨ ൭,൭ ൭ ൦ രൂപാ ആവശ്യപ്പെട്ടിട്ടുള്ളതു്.

അടുത്തതു്, ൩,൨ ൭,൫ ൦ ൦ രൂപയുടെ ഒരു സപ്ലിമെൻററി ഗ്രാൻറാണ്. അതും ഈ ഇനത്തിലാണ് വരുന്നതു്. അതുകൊണ്ടാണ് ഒന്നിച്ച് മൂവ് ചെയ്തതു്. ഈ ഇനത്തിൽ പറഞ്ഞിരിക്കുന്ന working expenses for radio cabinet making etc., എന്നുള്ളതു ശരിയല്ല. ഇതു് റേഡിയോ ക്യാബിൻസും കേസുകളും ഉണ്ടാക്കുന്നതു സംബന്ധിച്ചാണ്. ഈ പ്രവർത്തനം ആരംഭിച്ചതു് കഴിഞ്ഞ ബഡ്ജററിനു ശേഷമായിരുന്നു. ബോംബയിൽ ഒരു കമ്പനി റേഡിയോ മാനിഫാക്ചർ ചെയ്യുന്നുണ്ടു്. അതിന്ന് ക്യാബിൻസും കേസുകളും ഉണ്ടാക്കിക്കൊടുക്കണമെന്ന് പ്ലൈവുഡ് ഫാക്ടറിയോടു് അപേക്ഷിച്ചിട്ടുണ്ടു്. ഫാക്ടറി ആ അപേക്ഷ സ്വീകരിച്ചു. അങ്ങനെ സ്വീകരിച്ചതിൽ പതിനായിരംവരെ ക്യാബിൻസ് ഉ

[Sri. N. Kunjuraman]

ണ്ടാക്കിക്കൊടുക്കാമെന്നാണ് കരാറ്. ഈ ഇനത്തിൽ അമ്പതിനായിരം രൂപയാണ് ഗവ മ്മെണ്ടിന് ലാഭം കിട്ടുന്നത്. ക്യാബിൻഡിന് ന. ൦ ക.യും കേസിന് ഏഴ് രൂപയുമാണ് വിലവെച്ചിരിക്കുന്നത്. ഇതിൽ ടെക്നിക്കൽ അഡ്വൈസിന്റെ ചാർജ്ജ് റാ മെററീ ററിയൽസിന്റെ വില ജോലിക്കാക്കുള്ള ശമ്പളം ഇതൊക്കെ കഴിച്ച് ക്യാബിൻ ഒന്നിന് അഞ്ചു രൂപാ ലാഭം കിട്ടും. അങ്ങനെയാണ് ൫ ൦,൦ ൦ ൦ രൂപാ ലാഭം കിട്ടുമെന്നു പറ ഞ്ഞത്. അതിലേക്ക വേണ്ടിയാണ് അതായത്, ഈ റോ മെററീരിയൽസ് മുതലായത് വാങ്ങിക്കുവാനും കൂലിച്ചിലവു മുതലായവയ്ക്കും മററും വേണ്ടിയാണ് ന. ,൨ ൭, ൫ ൦ ൦ രൂപാ ചോദിച്ചിരിക്കുന്നത്.

Sri. K. P. Nilakanta Pillai : May I know the expert whose opinion is acted upon by Government ?

The Hon'ble Sri. N. Kunjuraman : Mr. Itticheria.

Sri. K. P. Nilakanta Pillai : May I know what are his qualifications?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : വളരെ വൈദഗ്ദ്ധ്യമുള്ള ആളാണ് ഈ കാര്യ ത്തിൽ.

Sri. K. P. Nilakanta Pillai: Has he practical training or has he got general qualifications?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : ജനറൽ ക്വാളിഫിക്കേഷൻ ഉണ്ടോ എന്ന് അറി ഞ്ഞുകൂടാ. ഈ വിഷയത്തിൽ വിദഗ്ദ്ധനായ ഒരാളാണ് അദ്ദേഹം.

Sri. Ittiera Ambooken : Has Government received any advance from the Bombay Company?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : അതായത് ആയിരം ക്യാബിൻസ് അയച്ചുകൊ ടുത്തു. അതിന് ന. ൭, ൦ ൦ ൦ രൂപായും അവർ തന്നിട്ടുണ്ട്.

Sri. K. P. Nilakanta Pillai : Who is in eharge of the Plywood Factory ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : ഡവലപ്പ്മെണ്ട് സെക്രട്ടറി, അക്കൌണ്ടൻറ് ജന റൽ, ഫാറസ്റ്റ് കൺസർവേററർ ഇവരടങ്ങിയ ഒരു കമ്മിററിയുടെ കീഴിലാണ്.

Srl. K. P. Nilakanta Pillai : May I know who is managing the factory on the spot ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : മാനേജർ ഉണ്ട്. ഒരു മി. വെങ്കിടേശ്വരയ്യർ ആ ണെന്ന് തോന്നുന്നു. അദ്ദേഹം ഫിസിക്സ് ഗ്രാഡ്വേററാണ്. പ്ലൈവുഡിൽ ൧ ൦ കൊ ല്ലത്തെ പ്രവർത്തനപരിശീലനവും ഉണ്ട്, മി. കാമേശത്തിന്റെ കീഴിൽ പ്രത്യേകപരിശീല വും സിദ്ധിച്ചിട്ടുണ്ട്.

Sri. K. P. Nilakanta Pillai : May I know what are his qualifications ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : അതാണ് ഇപ്പോൾ പറഞ്ഞത്. ഫിസിക്സ് ഗ്രാഡുവേററാണ്, ൧ ൦ കൊല്ലത്തെ പ്രവർത്തനപരിശീലനം ഉണ്ട്. മി. കാമേശത്തിന്റെ കീഴിൽ പ്രത്യേകപരിശീലനം കഴിച്ചിട്ടും ഉണ്ട്.

Sri. K. P. Nilakanta Pillai : May I know whether he has been punished by the Department ?

The Hon'ble Sri. N. Kunjuraman : Government are not aware.

Sri. K. P. Nilakanta Pillai : May I know whether he has wrongly placed an order with the Bombay Government for casein?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : അതു് അന്വേഷണത്തിൽ ഇരിക്കുകയാണ്.

Sri. K. P. Nilakanta Pillai : Has the Government lost the money?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : ഉണ്ടോ എന്നു പറയുവാൻ നിവൃത്തിയില്ല.

Sri. P. S. Nataraja Pillai : May I know whether there is any time limit for the supply under the contract?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : ഇതു് ഒരേഴു മാസത്തിനകം കൊടുക്കണമെ ന്നാണ്.

Sri. K. P. Nilakanta Pillai : May I know whether the accounts of the company has been audited ?

The Hon'ble Sri. N. Kunjiraman: Yes.

Sri. K. P. Neelakanta Pillai : May I know whether any deficiency or shortage of money was found?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : ഇല്ല.

Sri. P. S. Nataraja Pillai : Is it the condition of the contract that if the cabinets are not supplied in time, damage has to be paid ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : ഇല്ല.

Sri. K. P. Nilakanta Pillai : May I know, Sir, whether there is a chopping machinery in the factory ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : ഉണ്ട്.

Sri. K. P. Nilakanta Pillai : Is it working ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : അതെ.

Sri. K. P. Nilakanta Pillai: May I know the cost of that machinery ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : ഏകദേശം രണ്ടുലക്ഷത്തിനു മുകളിൽ വരും.

Sri. K. P. Nilakanta Pillai : May I know when was it got down ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : തീച്ചയായി പറവാൻ നിവൃത്തിയില്ല.

Sri. K. P. Niakanta Pillai : May I know whether there is any technical expert to instal the machinery ?

The Hon'ble Sri. N. Kunjuraman : It is in the course of erection and will be installed in a few months .

Sri. K. P. Nilakanta Pillai : Who is the expert employee ?

The Hon'ble Sri. N. Kunjuraman: The P. W. D. Special Officer ?

ശ്രീ. കെ. രാമചന്ദ്രൻ : അവിടെ ഇപ്പോൾ ഒരു കെമിസ്റ്റ് ഉണ്ടോ ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : കെമിസ്റ്റ് പ്രത്യേകിച്ച് ഇല്ല.

ശ്രീ. കെ. രാമചന്ദ്രൻ : കെമിസ്റ്റ് ഇല്ലാതിരുന്നാൽ സാധനങ്ങൾ വെളിയിൽ നിന്നും വരുത്തുന്നതു് അതായതു്, മിഷ്യൻറെയും ഫാക്ടറിയുടേയും ആവശ്യങ്ങൾക്കും വേണ്ടി വരുത്തുന്നതു് എങ്ങനെയാണു് ?

Sri. K. P. Nilakananta Pillai : May I know whether the Manager in charge is related to the present Conservator of Forests ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : ബന്ധുവാണോ എന്നെനിക്കു് അറിഞ്ഞുകൂടാ. പലരുടേയും ബന്ധുക്കൾ പലയിടത്തും ഉണ്ടാകാം. മെമ്പർക്കു് നിർബ്ബന്ധമാണെങ്കിൽ അന്വേഷിക്കുന്നതിനു വിരോധമില്ല.

ശ്രീ. സി. വി. ഇയ്യു: കൊച്ചിയിൽ ഈ പ്ലൈവുഡ് ഫാക്ടറി വലിയ തോതിൽ മാനേജു ചെയ്തുവരുന്ന ശ്രീ. എ. കെ. മേനോൻ, റാവുബഹദൂർ വി. കെ. മേനോൻ മുതലായവരെക്കൊണ്ടു് ഈ ഫാക്ടറി പരിശോധിക്കാൻ അനുവദിക്കാമോ ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : അതിൻെറ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. സി. വി. ഇയ്യു : ഈ റാവുബഹദൂർ ഇ. കെ. മേനോൻ ജപ്പാനിൽ പോയി പ്രത്യേകപരിശീലനം നടത്തിയിട്ടുള്ള ആളാണെന്നു് അറിയാമോ ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : ഏതായാലും ഈ ഫാക്ടറി ഇപ്പോൾ പരിശോധിക്കേണ്ട ആവശ്യം ഒന്നും ഉണ്ടെന്നു തോന്നുന്നില്ല.

ശ്രീ. കെ. രാമചന്ദ്രൻ : ഈ മാനേജർ തടി മോഷ്ടിച്ചതായി പരാതി വന്നിട്ടുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : പരാതി വന്നിട്ടുള്ളതായി അറിവില്ല.

ശ്രീ. കെ. രാമചന്ദ്രൻ : അതു വാസ്തവമാണെന്നു കണ്ടിട്ടും അതിനെപ്പററി ഗവൺമെണ്ടു് ഇതുവരെ ഒരു കേസും എടുത്തിട്ടില്ലെന്നുള്ള വിവരം അറിയാമോ ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : ആ അറിവു് ശരിയല്ല.

Sri. K. Sivarama Pillai : Is the hon'ble member aware that there is a demand for Rs. 3,22,000 under Deabt Head in the list supplied to us on 2nd December ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : അതാണല്ലോ അതു മാററി ശരിയായ ഹെഡ്ഡിൽ ഈ തുക ഉൾപ്പെടുത്തിക്കൊണ്ടുവന്നിട്ടുള്ളതു്.

The Hon'ble Sri. Annie Mascarene: I support the motion, Sir.

Sri. K. P. Nilakanta Pillai: Sir, the Hon'ble Minister was asked several questions. On important questions the information supplied is very unsatisfactory. Even though it may be that the questions put were irrelevant and the criticism offered haphazard, yet, I submit that the working of the factory needs a lot of looking into. Now it is said that a certain gentleman who had some practical experience in cabinet making made the recommendation and the learned Hon'ble Minister, the Account Officer and the Auditor-General are supervising the working of this factory. It is equivalent to saying that the administration is supervising the working of this factory. When we asked on whose recommendation they got down the machine they answered that it was got down on the recommendation of some expert. Sir, we are at a loss to understand what exactly is the criterion by which experts are thrown upon us. There was one boiler expert who valued the Mineral factory. Now this factory is being managed by a B. Sc. student who was a clerk somewhere. There is no qualified Engineer in charge of the factory. There is no man who can be called a chemist in the factory. Without any of these things this factory is to be worked expecting profit, and the Government is now bringing forward a demand for a supplementary grant of rupees three and odd lakhs. A very valuable machine costing more than three lakhs has been got down for the use of this factory. That machine has been allowed to rot somewhere in Alwaye and now I understand that it is in the course of being erected. Who is in charge of erection of this machine? The Hon'ble Minister says "We do not know". That is the way in which departmental concerns are being worked. If we have not got proper men to work up things it is better not to launch on such costly ventures as,in the end, it is bound to fail. Out of a cabinet the Government expect to get Rs. 5. What a big profit. And to make this profit we have to invest Rs. 3½ lakhs.

Now I hear, Sir, that an order has been placed with a company in Bombay for a sort of gum which is necessary for the manufacture of these cabinets and what happened to that order no body knows definitely.

Now let us see who is in charge of this factory. The person in charge of this factory is a relation of the Conservator of Forests. I asked the Hon'ble Minister whether he has been punished for cutting and removing timber from our forests illegally, and whether he is not a relation of the Conservator of Forests. The Hon'ble Minister answered that he was not aware of such a thing as having taken place. The Minister in charge is also not aware of the fact that the accounts of this factory was audited by the Accounts Department and a shortage of Rs. 6,000 was detected. But I am aware of that. But the man who was responsible for this shortage had the support of some body at the top and the amount has been fully written off. Sir, that man has been put in charge of the factory. Let him be the son or son-in-law of anybody. But we want as the head of the factory a thoroughly honest man with unquestionable precedents. Let him be the son-in-law or moon-in-law of any man, in any case he must be removed from this place. Sir, this man has been found engaged in unauthorised removal of timber from our forests.

The Hon'ble Sri. N. Kunjuraman: That is a false allegation.

Sri. K. P. Nilakanta Pillai: Whatever that may be, Sir, in the working of that factory, a sort of exploitation of our forest timber is highly necessary. Therefore, if this incumbent who is related to the Conservator and who has got such very bad precedents, is put in charge of this factory there is much to be suspected on the whole affair. If he is really efficient, let him be promoted and transferred to some other Department. This factory may be put in the charge of some other man who is more honest. My humble submission is that the Government are not looking into things properly before launching new schemes. All new schemes thus launched have ended in failure. Except the State Transport Scheme all the other schemes launched by Government have ended in failures. Now, what about this factory? The chopping machine was necessary for its working, and this machinery was lying there unerected for three years. I am subject to correction. This machinery is available no where in India. Here there is no one who could know how to work it. Then Government thought that the safe method would be to sell the machine away. And I asked whether it was recommended by the man in charge of the factory that the machine could be sold away as it was found useless here.

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഈ പറയുന്നതൊന്നും ശരിയല്ല. ഇങ്ങനെ ഒരു റിക്കമെന്റേഷൻ വന്നിട്ടില്ല. പിന്നെ എന്തെങ്കിലും പറയാമെന്നു വിചാരിച്ച് ഇതെല്ലാം പറയുന്നതാണ്.

Sri. K. P Nilakanta Pillai : Sir, I strongly object to that statement. Sir, I am asking you, whether I am not entitled to ask the Minister to place before this House the information that he has got, and also whether I am not entitled to place before this House all the information that I possess regarding the question before the House. And I may say sir that the degree of reliability of my information is not a matter for the Minister to decide. With these words I oppose this motion.

Sri. C. V. Iyyu : Sir, I should like to bring to the notice of Government, especially the Hon'ble Minister in charge of the demand, that in such matters concerning big industries prestige should not be allowed to stand in the way. When the Government is sufficiently strong in its confidence of this House by our arithmetical majority, it should be all the more careful and responsible to the points and views expressed by members from this side of the House as was expressed by my hon'ble friend Mr. K. P. Nilakanta Pillai. I had occasion to suggest by way of a supplementary question whether the Government would be pleased to bring in real experts like Rao Sahib V. K. Menon who have studied the working of the Plywood factories in Japan and who had started a big plywood factory in or near Calicut to work up this factory. He is also running another plywood factory at Chalakudi. He is also a big man of some standing and integrity with much experience in the line. He has been in this field for more than 40 years and may be aged now about 60. There is another gentleman, Mr. A. K. Menon who belongs to this State one of the best industrialists of South India. And thirdly there is Mr. G. D. Naidu of Coimbatore whose expert advice the Government of Madras is seeking often in the matter of Industries and Transport. He is the owner of a radio factory in Coimbatore. The services of any one of these three gentlemen may be requisitioned by the Government to take up the question of the working of this factory.

The acceptance of my suggestion,would only strengthen the position of Government. Mr. K. P. Nilakanta Pillai and all those who feel like him can be convinced that they are in the wrong. Government has to bear in mind that the general public generally believes in what we the opposition benches raise. This is a generally an admitted fact in all democracies. We may say incorrect things. But the ordinary man almost always believes our incorrect versions as the right one. So it is the duty of Government to see that their position is made justifiable by getting down the services of experts mentioned by me, who are not connected with Travancore politics and above communalism not very much having vested interests either in Cochin or Travancore. In these circumstances I would strongly urge the Government to get down the three gentlemen referred to and I am sure they would accept our Government's invitation. Their advice can be accepted by Government. There is another aspect. If the allegations mentioned by Mr. K. P. Nilak nta Pillai prove true, they are very serious matters. A civilized and responsible Government that is responsible to the peoples representatives as this House is —such a Government should very carefully go into what we raise from this side of the House. In spite of the fact that this supplementary grant could be passed against the teeth of minority opposition, Government should consider the whole question afresh. They should bring in advisers from outside and see that their position is made sure by publishing a report to that effect—and not be kept private like the report presented by the Kappen Committee.

Sri. K. Sivarama Pillai: Sir, I oppose this demand. This is one of the industries which the Government seems to have started after the last budget. Though personally I am not aware of the details of the working of this industry, very serious allegations have been made on the floor of this Houee about it. To me it appears that the careless way in which the supplementary grant is sought to be introduced in the House, the wavering attitude of the Government as to the Budget-head under which they should ask for it and the day to day changing of the sa me, leads only to the suspicion that the observations of Mr. K. P. Nilacanta Piliai are correct and the Government is anxious to see that real facts are not disclosed here and now. Sir, again, in the list No. 2 supplied to us on 2nd December there is demand No. IX to be moved by the Hon'ble Minister Mr. Kunjuraman to the extent of 3 lakhs and odd and the Budget-head is shown as 'Debt head—advances repayable'. Having found that it could not be introduced in an of the income side or expenditure side, they resorted to Debt head account which is the lasy resort to adjust all these things as if it is an amount to be advanced to some concern or other which the Government expects to do soon. The next day we find a reduced amount asked for this item as is shown in item No. 2 in the agenda of 5th December 1949—Forest and Tramway Plywood Industries. Sir, I should say it was advisedly put in and the Hon'ble Minister says that it is for plywood industries. Sir, plywood industries come under the Roman numeral VII and

[Sri. K. Sivarama Pillai]

the English numeral is for the heading 'Forest'. The amount is shown not as 3 lakhs and odd but a lesser amount. As per the third list supplied to us, from the English numeral it again changes to the Roman numeral wherein it is stated 3 lakhs and odd for cabinet making purposes. Sir. if within the course of 2 or 3 days Government is undecided under what particular head this demand should appear, does it not show that something is rotten in the Finance department or in the concern itself. We expect the Government to be more careful in these things especially when they deal with public money. I am sure, they cannot. on the mere strength of votes, demand where ever they like;Debt head or suspense account.These things add weight to the ob ervations of certain members that the whole concern is shrouded in mystery and that the details cannot be disclosed to the House. Again, the object of supplementary demand is put in to meet working expenses of radio cabinet section. But the Hon'ble Minister says that it is a mistake in printing. I ask who has printed this? Is it not under direction from the Hon'ble Minister himself? Is it not as per details supplied by him? If it is a mistake, who is responsible for this. In spite of changes and alterations having been made three times in the grant as was displayed in the different lists supplied here, the Hon'ble Minister says that it is still a mistake. That shows, nobody seems to be responsible for asking this grant. Then again, under budget head 48—capital accounts etc., there is an amount to the extent of 22,800 to meet an identical expenditure, namely, to meet expenditure relating to radio cabinet manufacture. But the budget head comes under capital accounts outside the revenue account (*b*) productive works. These are the inconsistencies involved in this demand both in subsistance and amount.

Sri. P. S. Nataraja Pillai: Sir, the demand as explained by the Hon'ble Minister contains two items. One is on the ground of insufficiency to meet the demand already granted. a sum amounting to 1 lakh odd on a voted head. Another demand for nearly 3 lakhs and odd for a new item of expenditure. That is how this demand is made up. Sir, on the insufficiency of the voted item of Rs. 17,000 a service which has been granted by this House, and for a new service the Minister is demanding Rs. 3 lakhs and odd. It is now explained that this amount is to fulfil a contract which this factory or the department has entered into with a firm at Bombay. Sir, the plywood factory if I remember correct was a joint stock concern which was taken over by Government and is now under their direct management and control. Budget is the only document published for our information on this matter. Unfortunately for the last few years, we are not getting any departmental reports. But the budget figures are unreliable and such inaccuracies are very often pointed out here to Government. The figure as pointed out by my Hon'ble friend Mr. Sivarama Pillai is the only one on which we can go. In that we find that the plywood industries has a capital investment by Travancore Government to the extent of Rs. 21,000 or so but it has a big factory with costly machinery. In these conditions, we do not know the actul amount that has been invested by Government in that concern when the Government took over the factory. It is common knowledge that the plywood factory did dot function well in Travancore and serious defects in its working were noticed either by way of mis-management or due to the inexperience of staff or on account of radical defects in the machinery. Government has budgetted for a receipt of Rs. 51,000 by spending 2 lakhs and odd on that industry for 7½ months. In this interim period without taking the public into confidence publishing any report about the condition of the factory, or about the possibilities of that factory, or about the staff and the technical equipment etc.; of that factory, the Government have now entered into a contract,now they say they have to fulfil certain contracts and so on, for which they require 3 lakhs and odd and that they anticipate a profit of Rs. 50,000 or so. Whether the House will be right in granting a demand in these circumstances is the question. A lump sum allotment is now demanded. Whether the sum of Rs. 3 lakhs is for the purchase of raw materials or whether it is for wages or for establishment charges, no details have been given. It is a lump sum that is asked for now. This House is entitled to know whether this amount is for meeting expenses of the permanent establishment as well. If a proportion of the amount that is to be granted is for that, then it ought to be stated. If it is for purchase of raw materials, that detail ought to have been placed here. Apart from that, the terms of the contract have not been revealed. Again Sir, I was particular in asking a question whether there was a time limit to execute this contract and whether there is any condition to pay damage if the contract is not fulfilled in time. I am sorry to note the way in which such questions were answered. If within the time limit fixed the contract is not executed and if there is a provision for payment of damage then it will be a serious matter. Sir, entering into a contract like this and undertaking a work of this magnitude without actual experience of conducting a factory of this type, I think

it is doubtful, rather inadvisable in the present set of circumstances. Schemes may be useful and good. But we have to think beforehand whether we are in a position to run it on profit. Enthusiasts will like to revolutionise any industry so to say. So, Sir, before launching into an experiment or undertaking a contract of this kind, it is always advisable and I think reasonable too, for Government to acquire more practical-experiance of running a factory and knowing all its implications financial and otherwise. I am one who believes that certain industries should be undertaken by Government but not with the primary object of making profit out of it. I do not agree with the view that the Government can become a trading organisation or a manufacturing association to make profit. That is not the function of a Government. The word 'nationalisation' does not mean that. Considered in that light, the policy of the Travancore Government while taking shares in plywood company, was not that they should nationalise it. Far from it. It was with a view to encourage a new industry and to utilise the raw material available here and to afford facilities for additional labour and thereby get new wealth into the country. That was the idea behind Government regarding this industry. It was never thought to be an industry which the Government should directly manage and control. Because of the opportunity that arose and because of the right the Government had by investing a tolerably good amount in this concern, they have thought it proper to assume it in the last few months. It is fact they have no trading experience in this line nor have they got the aid of experts to work it up. In these circumstances I doubt very much whether we should undertake a contract of this nature and spend Rs. 3 lakhs to execute it. Even at the risk of loosing the anticipated profits which, to me, is problamatical, I think it would be safer for the Government, in the present financial condition of the State, to conserve the three lakhs of rupees for the more urgent needs of the country. We have budgetted an expenditure of Rs. 2·48 lakhs for running this factory at present, and we anticipated a profit of nearly Rs. 50 lakhs. Whether in the existing financial circumstances of the State, we should allot Rs. 3 lakhs more for this factory is a question which the members of this House and the Hon'ble members on the Treasury Bench as well, should consider carefully. This scheme may be basically right; it may be basically good; it may be practically profitable, but what I say is, let us wait for sometime and secure experience. There is also a provision of Rs. 1·5 lakhs for raw materials for this industry and let us make samples out of that amount for the next three or four months till the new budget is framed and then, when we have gained the experience and when we are sure that this factory could execute such works in a tolerably efficient manner and earn profits, let us launch on the scheme. Before then, let us not invest our money and find ourselves later in greater difficulties of not realising any profit and perhaps be confronted with the situation of having to make further allotments for carrying on the work, when the greater needs of the country demand more money.

My friend, Mr. K. Sivarama Pillai, pointed out that even in these financial matters, the members who want to follow the discussions here find it rather very difficult to do so owing to the way in which they are being arranged in the notices of the day. Sometimes, the heads of accounts themselves differ—perhaps it may be inevitable in the circumstances—but I would request the Treasury Benches to give us more facilities by sticking to some principle and having definite views on this matter. We are all entitled to know the exact way in which funds are being spent. At one time, an amount is budgetted for revenue expenditure but next time, it comes under capital investment. The amount of Rs. 25 thousand must be either for the purchase of new machinery or building and I anticipate that to be explained by the Hon'ble Minister. At any rate, I would request the Treasury Benches to consider whether they should make commitment like this and the House to think whether it could vote Rs. 3 lakhs for some purpose which is not immediately going to the beneficial to be people, when essential services are being starved for want of funds.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: തിരുവിതാംകൂറിൽ പ്ലൈവുഡ് വ്യവസായം ലാഭകരമായി പ്രവർത്തനം നടത്തുന്നു എന്നു അറിയുന്നതു വളരെ ചാരിതാർത്ഥ്യജനകമാണ്. യുദ്ധകാലത്തു വെളിയിൽനിന്നും പ്ലൈവുഡ് ഇറക്കുമതി ചെയ്യാൻ നിവർത്തിയില്ലാതിരുന്ന സ്ഥിതിക്കു തിരുവിതാംകൂറിൽ എവിടെഎങ്കിലും ഒന്നു സ്ഥാപിച്ചു പ്ലൈവുഡുഫാക്ടറി പ്രവർത്തനം നടത്തുന്നതു വളരെ ലാഭകരമായിരിക്കും എന്നുകരുതി ആരംഭിച്ചിട്ടുള്ളതാണു ഈ ഫാക്ടറി. അതിലേക്കു ഗവർമ്മെൻറു വളരെ സൗജന്യങ്ങൾ അനുവദിച്ചുകൊടുത്തു. സാഫ്റവുഡ് സൗജന്യനിരക്കിൽ ഫാറസ്റ്റഡിപ്പാർട്ടുമെൻറിൽനിന്നും കൊടുത്തുവന്നിരുന്നു. എന്നിട്ടും അന്നു് ഈ വ്യവസായം ലാഭകരമായി നടത്തുന്നതിനു സാധിച്ചില്ല. അതുകൊണ്ടു

[Sri. K. A. Mohamed]

ഈ പ്ലൈവുഡ് ഫാക്ടറി ഇപ്പോൾ എത്തരത്തിൽ പ്രവർത്തനം നടത്തിവരുന്നു എന്നറിയുന്നതിനു പ്രത്യേകമായ താല്പര്യമുണ്ട്. ഈ പ്ലൈവുഡ് ഫാക്ടറി തികച്ചും ഗവമ്മെൻറിന്റെ അധീനതയിൽ ആണെന്നും ഗവമ്മെൻറ പുത്തനായി സമ്പാദിക്കുവാൻ കഴിഞ്ഞ ചില കൺട്രാക്ട്കൾ കൊണ്ട് മേലാൽ അതിന്റെ പ്രവർത്തനം ശുഭമായിരിക്കും എന്നും അറിയുന്നു. ഈ ഗവമ്മെൻറ്ന്റെ വ്യവസായനയത്തിൽ പറയത്തക്കതായ പുരോഗതി ഉണ്ടായിട്ടില്ല. അതിനു ശ്രമിച്ചിട്ടുമില്ല. ഇവിടെ ആണങ്കിൽ ഒരു വ്യവസായ ഡയറക്ടർ ഉണ്ട്. ആ വ്യവസായഡയറക്ടരുടെ പ്രവർത്തനം എന്താണെന്നറിയുന്നില്ല. വ്യവസായസംബന്ധമായി ഈ ഡയറക്ടർ ഗവമ്മെൻറിനു് എന്തെങ്കിലും ഉപദേശം നൽകുന്നുണ്ടോ? എന്തെങ്കിലും വിധത്തിൽ ഗവമ്മെൻറിനെ സഹായിക്കാൻ സാധിച്ചിട്ടുണ്ടോ? ഈ വക കാര്യങ്ങൾ എല്ലാം ഗവമ്മെൻറ ചിന്തിക്കേണ്ടതാണ്.

ഈ പ്ലൈവുഡ് ഫാക്ടറിയുടെ പ്രവർത്തനംതന്നെയാണങ്കിൽ അതിന്റെ ചുമതല വഹിക്കുന്നതു് ബഹു. മന്ത്രിയും വകുപ്പു സെക്രട്ടറിയും അക്കൌണ്ടൻറ് ജനറലുമാണ്.

ബഹു. ശ്രീ എൻ. കുഞ്ഞുരാമൻ: മന്ത്രിയെ ഉൾപ്പെടുത്തിയിട്ടില്ല. അക്കമ്മറിയിൽ അക്കൌണ്ടൻറ് ജനറൽ കൺസർവേറ്റർ ആഫ് ഫാറസ്റ്റ് ഡെവലപ്പുമെൻറ് സെക്രട്ടറി ഇവരാണുള്ളതു്. ഈ മൂന്നുപേർ ഉൾപ്പെട്ട ഒരു കമ്മറിയാണ് പ്ലൈവുഡ്ഫാക്ടറിയുടെ പ്രവർത്തനം പരിശോധിക്കുന്നതു്.

വ്യവസായതാല്പര്യങ്ങളെ വിജയപ്രദമാക്കുവാൻ അതിനെക്കുറിച്ച് പ്രത്യേക പരിജ്ഞാനമുള്ള ഒരാളിന്റെ ചുമതലയിലും ഉപദേശത്തോടുംകൂടി നടത്തിയെങ്കിൽ മാത്രമേ സാധിക്കയുള്ളു. താല്ക്കാലികമായി ഈ കൺട്രാക്ട്കൾ കിട്ടിയതിന്റെ ഫലമായി ഒരു ലക്ഷമോ രണ്ടുലക്ഷമോ ലാഭം കിട്ടി എന്നുവരാം. അതു വെറും താൽക്കാലികമാണ്. ഈ ഫാക്ടറിയുടെ സ്ഥായിയായ പ്രവർത്തനങ്ങൾ എങ്ങിനെ നടക്കുവാൻ പോകുന്നുവെന്നു ഇപ്പോഴും സംശയാതീതമായി പറയുവാൻ സാധിക്കുകയില്ല.

തിരുവിതാംകൂറിലാണങ്കിൽ ഈ തേയില അടക്കം ചെയ്യുകയുന്നതിനു ധാരാളം പെട്ടികൾ ആവശ്യമുണ്ട്. ഇന്ത്യക്കു ആവശ്യമുള്ളതിൽ ൪൦ ശതമാനം മാത്രമേ ഇവിടെ നിർമ്മിക്കുന്നുള്ളു. അതുകൊണ്ട് നമ്മുടെ പ്ലൈവുഡ് ഫാക്ടറിയിൽ ടീചെസ്റ്റ്ചെയ്യാൻ ഗവമ്മെണ്ട് ഉപദേശിക്കേണ്ടതാണ്. അതിലേക്കു പ്രത്യേകപരിജ്ഞാനമുള്ള ആളുകളെ ആവശ്യമുള്ളപക്ഷം വലിയ ശമ്പളം കൊടുത്താൽതന്നെ തരക്കേടില്ല—നിയമിക്കേണ്ടതാണ്. ഇക്കാര്യങ്ങളെപ്പററി നല്ലതിൻവണ്ണം പഠിച്ച് ആവശ്യമായ എന്തെങ്കിലും ചെയ്യേണ്ടതായിട്ടുണ്ടെങ്കിൽ ചെയ്യണമെന്നാണ് എനിക്കു ഇതിനെക്കുറിച്ചു നിർദ്ദേശിക്കുവാനുള്ളതു്. ഈ ഫാക്ടറി ഗവമ്മെണ്ട് എടുത്തിട്ടുള്ളതിൽ പിന്നെ ലാഭം ഉണ്ടെന്നറിയുന്നതിൽ വളരെ സന്തോഷമുണ്ട്.

Sri. K. Ramachandran: In supporting this motion for a supplementary grant, I would like to make the following observations: I do admit that there has been certain inefficiency and lack of responsibility on the part of the management. I am of opinion that there is immense scope for this plywood industry. Sir, we produce nearly three million sq. ft. of plywood and the main production is used for tea-chest panels. In India, about 100 to 125 million sq. ft. of plywood panels are required for nearly 600 million pounds of tea that we export. The total production is only about to 60 to 65 million sq. ft. Out of our production of 3 million sq. ft. we supply to the Kannan Devan Hills whose demand itself is well over 6 million sq. ft. per year. The other consumers are Harisons and Crosfield and Derragh Smail. If, as we have contemplated, the new machinery is immediately set up, I am sure we would be in a position to manufacture at least 20 to 25 million sq. ft. and we would be in a position to supply nearly 25 per cent of the whole demand of the Indian Union.

Now, Sir, with the present inadequate management, I am afraid we will be meeting with heavy losses in the way of production. At present, about 200 c. ft. of soft wood is being utilised daily and in the absence of an expert, about 100 c. ft. in the form of waste is lost daily which means Rs. 300 to Rs. 350—even at the concession-rate which the Government have extended to this factory. Under an expert the waste will not be more than, say, 10 per cent or 15 per cent.

The Hon'ble Sri. N. Kunjuraman: The Government does not give the timber on concession.

Sri. K. Ramachandran: Another point is that there is not a chemist in this factory. About 10 to 15 thousand rupees is being spent monthly for the purchase of glue. But if there is a chemist, I am sure this expenditure could be brought down by nearly 5 to 10 thousand. Only about Rs. 5,000 need then be reserved for cassein and an expert advice and supervision of a chemist is absolutely necessary, in this ever growing industry.

Then again, Sir, there is no Engineer for the factory. At the time when we took it over from private management, I understand there was an expert, an Engineer and a chemist. All these officers have been very cunningly and diplomatically driven out of this company just to provide the present management with the job, through the manipulation of the Conservator of Forests who is a relative of the present manager. The chemist who was working here is now directing the Mysore Plywood Industries. Towards the end of last year, we understand that they have made a profit of nearly Rs. 10 lakhs on this industry alone. I would strongly advise that this industry be taken under the immediate management of an experienced expert; and I assure the Government our profit will then amount to nearly Rs. 15 to 20 lakhs annually.

Another point I would stress, is that there is no liaison between labour and management in this factory. We have to understand that in a national aspect of the trade, Government will have to give a typical example of a perfect relationship between labour and management. But the present management has not realised this responsibility and is really doing a lot of things which hamper the progress of the labourers there. I am told that there is even an attempt at ousting some of these labourers because they have been trying to get unions registered which I think a Government factory should never discourage. Therefore, before I conclude, I would advise the Government, in view of the serious allegations that have been put up by the opposition regarding the management and incapacity of the present manager, which I believe is true to appoint an interim administrator until such time as we have an expert, an Engineer and a chemist. With these words, Sir, I support this motion.

The House adjourned for lunch at 1. 00 p. m. and re-assembled at 2.0 0 p. m. with Mr. Speaker (The Hon'ble Sri. T. M. Varghese) in the chair.

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: സർ, പ്ലൈവുഡ് ഫാക്ടറിയുടെ പ്രവർത്തനത്തിനു വേണ്ടി ഇവിടെ ഒരു ഉപധനഭൃത്ഥന ഹാജരാക്കിയപ്പോൾ അതിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ഇവിടെ നടന്ന ഒട്ടധികം വിമർശനങ്ങളെ ഞാൻ സ്വാഗതം ചെയ്യുന്നു. കുറെ അധികം തെററിധാരണകൾ ആ ഫാക്ടറിയുടെ പ്രവർത്തനത്തെ സംബന്ധിച്ച് ജനതാമദ്ധ്യത്തിലുള്ളതിനെ ഊതിപ്പെരുക്കാൻ ചിലർ ശ്രമിച്ചുവരുന്നതായി എനിക്കറിയാം. സംഗതികളുടെ യാഥാർത്ഥ്യങ്ങൾ ഗ്രഹിക്കുന്നതിനുമുമ്പ് ഒരു മുൻവിധിയെഴുതുന്നതിനുള്ള ആഗ്രഹം കൊണ്ടല്ലെങ്കിൽ എന്റെ പ്രസംഗം മുഴുവൻ കേട്ടതിനുശേഷം തങ്ങളുടെ അറിവ് ശരിയാണോ തെററാണോ എന്ന് നിശ്ചയിക്കുന്നതിനുള്ള അവസരം എല്ലാവർക്കും ഉണ്ടാകുമായിരുന്നു. പ്രതിപക്ഷത്തുനിന്നായാലും കാര്യങ്ങൾ സൂക്ഷ്മമായി ഗ്രഹിക്കുന്നതിനുമുമ്പ് തങ്ങളുടെ ആഗ്രഹങ്ങളെ അടിസ്ഥാനമാക്കി ചില പ്രസ്താവനകൾ ചെയ്യുകയും ഫാക്ടറിയുടെ പ്രവർത്തനത്തിന്റെ പേരിൽ ചില ആരോപണങ്ങൾ നടത്താൻ ശ്രമിക്കുകയും ചെയ്യുതിനെ വാസ്തവത്തിൽ വലിയ ഖേദത്തോടുകൂടിയാണ് ഞാൻ വീക്ഷിക്കുന്നത്. പ്ലൈവുഡ് ഫാക്ടറി ആദ്യം ശ്രീ. ചിന്നഭായിയുടെ മേൽനോട്ടത്തിൽ നടക്കുകയായിരുന്നു എന്നുള്ളത് ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾക്കും അറിയാവുന്ന ഒരു സംഗതിയാണ്. ഈ ഫാക്ടറിക്ക് ൧ ൦ ലക്ഷം രൂപ മൂലധനമുണ്ടായിരുന്ന കാലത്തു ഗവൺമെണ്ടിൽനിന്നും മൂന്നുലക്ഷത്തി അൻപതിനായിരത്തിൽ ചിലപാനം രൂപയുടെ ഓഹരി എടുത്തിട്ടുണ്ടായിരുന്നു. എന്നാൽ പിന്നീട് അതിന്റെ പ്രവർത്തനം മോശപ്പെട്ടുവരുന്നു എന്നു കാണുകയും, അതേ സമയം ആ വ്യവസായം നന്നാക്കിയെടുത്തു ആദായകരമായി നടത്താൻ ധാരാളം സാദ്ധ്യതകളുണ്ടെന്ന് ഗവൺമെണ്ടിനു മനസ്സിലാകുകയും ചെയ്തപ്പോൾ ആ ഫാക്ടറി ഗവൺമെണ്ടിൽനിന്നും വിലക്ക് വാങ്ങുകയാണ് ചെയ്തത്. അങ്ങിനെ ൧൯൫൮ അവസാനത്തിൽ ആ ഫാക്ടറി ഗവൺമെണ്ടിന്റെ കൈവശം വന്നുചേർന്നു. ഗവൺമെണ്ടിന്റെ കൈവശം വന്നുചേർന്നതിന്റെശേഷം ഒരു കമ്മേഷ്യൽ ബ്രാഞ്ച് എന്ന രീതിയിൽ ഫാറസ്റ്റ് കൺസർവേററരുടെ പേരിൽ പെഴ്സനൽ ഡിപ്പോസിററിനു വിധേയമായി പ്രവർത്തനം നടത്തിക്കൊണ്ടുവരികയായിരുന്നു. ഈ ഫാക്ടറിയിൽനിന്നു ൧൯൫൯-ൽ രണ്ടുലക്ഷത്തി മുപ്പതിനായിരത്തിൽ ചിലപാനം രൂപയും ൧൯൬൦-ൽ ഒരുലക്ഷത്തി നാല്പതിനായിത്തിൽ ചിലപാനം രൂപയും ലാഭം ഉണ്ടായിരു

[Sri. N. Kunjuraman]

ന്നു എന്നു് കണക്കുകൾകൊണ്ടു് കാണാൻ കഴിയും. അതിനുശേഷം ഫർദ്ദൻ ഏപ്രിൽ മാസത്തിൽ ഗവമ്മെണ്ടിൽനിന്നും എടുത്ത ഒരു തീരുമാനമനുസരിച്ചു് ആ ഫാക്ടറിയുടെ പ്രവർത്തനം സെറാമിക്കു് ഫാക്ടറിയുടേയും റബ്ബർ ഫാക്ടറിയുടേയും പ്രവർത്തനത്തിനു് തുല്യമാക്കിത്തീർക്കുകയും അതനുസരിച്ചു് ഈ ഫാക്ടറി മററുരണ്ടു ഫാക്ടറികളുടേയും ഒപ്പം സ്റ്റാററസ് ഉണ്ടാവുകയും ചെയ്തു. അതുകൊണ്ടാണു് ഈയാണ്ടത്തെ ബഡ്ജററിൽ അതിന്റെ പ്രവർത്തനത്തിനുവേണ്ടി ഒരു തുക കൊള്ളിച്ചിട്ടുള്ളതു്.

ട്രൈവുഡ്സ് ഫാക്ടറിയുടെ പ്രവർത്തനത്തെ സംബന്ധിച്ചു് പ്രധാനമായി രണ്ടുമൂന്നാരോപണങ്ങൾ ഇവിടെ പുറപ്പെടുവിക്കയുണ്ടായി. ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള പറയുകയുണ്ടായി ൩ ൦ ൦ ൦ രൂപയുടെ ഒരു കാസിൻ ആർഡർ കൊടുത്തിട്ടു് ഇതുവരെ കിട്ടിയിട്ടില്ലെന്നും അങ്ങിനെ ഒരു വലിയ കുഴപ്പം ആഡിററിൽ കണ്ടുപിടിക്കാൻ കഴിഞ്ഞു എന്നും. അതു ശരിയല്ല. എന്നാൽ റയിൽവേക്കാക്കിന്റെ ഒരു ചതിപ്രയോഗംമൂലം ആ സാധനം ഇതുവരെ കിട്ടിയിട്ടില്ലെന്നുള്ളതു ശരിയാണു്. പക്ഷെ അതനു സംബന്ധപ്പെട്ട നമ്മുടെ ഉദ്യോഗസ്ഥന്മാരാരും ഉത്തരവാദികളല്ലെന്നു തീർത്തുപറയാൻ എനിക്കു് സാധിക്കും. അതു പോലെതന്നെ ഫാക്ടറി മാനേജർ തടി മോഷണം നടത്തി എന്ന ആരോപണവും അടിസ്ഥാനരഹിതമാണെന്നു് സഭയെ അറിയിച്ചുകൊള്ളുന്നു. ആ ആരോപണം ദുരുദ്ദേശപരമാണോ എന്നെനിക്കു് നിശ്ചയമില്ലെങ്കിലും അടിസ്ഥാനരഹിതമാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

മററു ചിലരും ഫാക്ടറിയുടെ പ്രവർത്തനത്തെ വിമർശിക്കുകയുണ്ടായി. ഫാക്ടറിയുടെ പ്രവർത്തനത്തിൽ പല തകരാറുകളും ഉണ്ടെന്നും അതുകൊണ്ടു് ഒരു എക്സ്പർട്ടിനെക്കൊണ്ടു് പരിശോധിപ്പിച്ചതിനുശേഷം വേണം പ്രവർത്തനം നടത്തിക്കൊണ്ടുപോകാൻ എന്നും പറയുകയുണ്ടായി. എന്നാൽ ഇതുവരെയുള്ള ഗവമ്മെണ്ടിന്റെ അനുഭവത്തിൽനിന്നും ഈ ഫാക്ടറി ആദായകരമായി നടത്തിക്കൊണ്ടുപോകാൻ സാധിക്കുമെന്നും ഫാക്ടറിയുടെ ഇന്നത്തെ നിലയ്ക്കു് ഒരു വിദഗ്ദ്ധനെക്കൊണ്ടു് പരിശോധിപ്പിക്കേണ്ട ആവശ്യമില്ലെന്നും ഗവമ്മെണ്ടിനു ബോദ്ധ്യമായിട്ടുണ്ടു്. ഒരു വിദഗ്ദ്ധന്റെ പരിശോധന ആവശ്യമാണെന്നു ഗവമ്മെണ്ടിനു തോന്നുന്ന അവസരത്തിൽ ഒരു വിദഗ്ദ്ധനെക്കൊണ്ടു് അതു പരിശോധിപ്പിക്കുന്നതിനും കൂടുതൽ ആദായമുണ്ടാക്കാൻ സാധിക്കുമോ എന്നു് അന്വേഷിക്കുന്നതിനും ഗവമ്മെണ്ടു നിശ്ചയമായും ശ്രമിക്കുന്നതാണു്.

ശ്രീ നടരാജപിള്ള പറഞ്ഞ വിഷമങ്ങളും ഇതിനിടയിൽകൂടി പരിഗണിക്കേണ്ടതാണു്. മൂന്നുലക്ഷത്തി ഇരുപത്തേഴായിരത്തിൽ ചിലപ്പോൾ ൩ രൂപ റേഡിയോ കാബിനററു ഉണ്ടാക്കുന്നതിനുവേണ്ടി ആവശ്യപ്പെട്ടിരിക്കുന്നു. റേഡിയോ കാബിനററിന്റെ നിർമ്മാണം ശരിയായി നടക്കുമോ എന്നുള്ളതിനെപ്പററി ഗവമ്മെണ്ടിനു യാതൊരു ഭീതിയുമില്ല. അങ്ങിനെയാണെങ്കിൽതന്നെയും അതിനുവേണ്ട തുക സഭയുടെ അനുവാദത്തോടുകൂടിമാത്രമേ ചെലവാക്കാവൂ എന്ന അഭിപ്രായമാണു് ശ്രീ. നടരാജപിള്ള പുറപ്പെടുവിച്ചതു്. ഗവമ്മെണ്ടിൽനിന്നും നടത്തുന്ന പ്രവർത്തനങ്ങൾ ഒരു കമേർഷ്യൽ രീതിയിലുള്ളതായാലും നിയമസഭയുടെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി മാത്രമേ പാടുള്ളു എന്നു് കൃത്യമായി പറയുകയാണെങ്കിൽ അതുകൊണ്ടു് പല വിഷമങ്ങളും ഉണ്ടാകും. മൂന്നുലക്ഷത്തി ഇരുപത്തേഴായിരത്തിൽ ചിലപ്പോൾ ൩ രൂപ റേഡിയോ കാബിനററിന്റെ നിർമാണത്തിനുവേണ്ടി ചിലവാക്കാമെന്നു ഗവമ്മെൻറു വിചാരിച്ചതു് നിശ്ചയമായും അതിൽനിന്നും ലാഭമുണ്ടാകുമെന്നു് ഗവമ്മെൻറിനു് ഉറപ്പുള്ളതുകൊണ്ടാണു്. നാഷണൽ എക്കോകമ്പനി ഈ ഗവമ്മെൻറിന്റെ മുമ്പാകെ പതിനായിരം ക്യാബിനററിന്റെ ഒരു ആഫർ വച്ചപ്പോൾ അൻപതിനായിരം ഉറപ്പിക്കു ലാഭം എടുക്കാമെന്നു് ഗവമ്മെൻറിനു നിശ്ചയമുണ്ടായിട്ടാണു് അതു സ്വീകരിച്ചതു്. ആ ലാഭം നഷ്ടപ്പെട്ടുപോകാത്തവിധത്തിൽ ഒരു കാലാവധിയോടുകൂടി ആ ആഫർ ഗവമ്മെൻറു സ്വീകരിച്ചു എന്നുള്ളതാണു് പരമാർത്ഥം. ഗവമ്മെൻറിൽനിന്നും നടത്തുന്നകമേഴ്സ്യൽ ഇൻസ്റ്റിററ്യൂഷനുകളുടെ പ്രവർത്തനത്തിനു് ഇങ്ങനെ ചില സൗകര്യങ്ങളോ സൌജന്യങ്ങളൊ അനുവദിച്ചില്ലെങ്കിൽ അത്തരം പ്രവർത്തനങ്ങൾ ഒന്നും സാദ്ധ്യമല്ലാതെപോകും. ഈ വസ്തുതകളെ പരിഗണിച്ചും ഗവമ്മെൻറിനു ധനനഷ്ടം ഉണ്ടാകുമോഎന്നു പരിശോധിച്ചതിനുശേഷവുമാണു് ഗവമ്മെൻറു അതു ചെയ്യാമെന്നു തീരുമാനിച്ചിരിട്ടുള്ളതു്. മൂന്നുലക്ഷത്തിഇരു

പത്തേഴായിരത്തിൽ ചിലപ്പോൾ ഗ്രൂപ്പ് വർക്കിംഗ് എക്സ്പെൻസായി ആവശ്യപ്പെടുന്നതിൽ ഒരു ലക്ഷത്തിഇരുപത്തയ്യായിരം ഗ്രൂപ്പ് ഇവിടത്തെ പ്ലൈവുഡിനുതന്നെ വിലയാകുന്നുണ്ട്. പ്ലൈവുഡിനു വില കുറഞ്ഞപ്പോൾ ഉണ്ടായ പരിതസ്ഥിതിയെക്കൂടി അടിസ്ഥാനപ്പെടുത്തിയും പ്ലൈവുഡിനു കൂടുതൽ ചിലവുണ്ടാകുമെന്നുള്ളതിനെ പരിഗണിച്ചുമാണ് ഞാൻ മുമ്പുപറഞ്ഞ നാഷനൽ എക്കോകമ്പനിയുടെ ആഫർ സ്വീകരിക്കണമെന്ന് ഗവൺമെൻറ് ഉറച്ചതു്. ബാക്കിയുള്ളതിൽ അമ്പത്തയ്യായിരത്തോളം ഗ്രൂപ്പ് ലേബർചാർജ്ജസാകുന്നുണ്ട്. ആറുമുതൽ നൂററിഇരുപത്തഞ്ചുവരെ ജോലിക്കാരെ കൂടുതലായി എടുത്തു അവർക്കു ജോലികൊടുക്കാനും ഇതുകൊണ്ട് സാധിക്കും. ഇവയ്ക്കെല്ലാം ഉപരിയായി ഞാൻ നേരത്തേ പറഞ്ഞതുപോലെ അമ്പതിനായിരത്തോളം ഗ്രൂപ്പ് ലാഭവും കിട്ടും. ഈ പരിതസ്ഥിതികളിലാണ് റോഡിയോ ക്യാബിനററിൻെറ നിർമ്മാണം ആരംഭിച്ചിട്ടുള്ളതു്.

Caste-war statemant of the Prohibition Ameliorative staff, Ministerial and Inferior staff

Sl. No.	Designation	Total No.	Muslim	Brahmin	Nayar	Ezhuva	S.I.U.C.	Catholic	Pulaya	Syrian Xian	Other communities	Remarks
1	Development Officer ..	1	..	..	..	..	..	..	..	..	1	Viswakarma
2	Assistant Development Officers ..	2	..	..	1	..	1	..	..	..	..	..
3	Propaganda Officers ..	2	1	..	..	..	..	1	..	..	..	..
4	Rural Welfare Officers ..	5	..	1	..	1	..	1	1	..	1	Marava
5	Village Guides ..	9	..	..	2	1	1	1	..	..	4	1 Mudaliar 1 Hindu Nadar 1 Chettiar 1 Barbar
6	Ballad Singers ..	2	..	..	..	..	..	..	..	..	2	1 Hindu Nadar 1 Pandaram
7	Van Driver ..	1	..	..	1	..	..	..	..	..	..	
8	Van Operator ..	1	..	..	1	..	..	..	..	..	..	
	Ministerial											
9	Office Assistant to the Prohibition Commissioner ..	1	..	..	1	..	..	..	..	..	..	
10	Clerks and Typists ..	9	2	4	2	..	..	1	..	..	..	
	Inferior service											
11	Peon ..	6	..	..	1	..	1	..	..	2	2	1 Viswakrma 1 Hindu Velavar
12	Cleaner ..	1	..	..	1	..	..	..	..	..	..	
	Total ..	40	3	5	10	2	3	4	1	2	10	

നെയ്യാററിൻകര, നെടുമങ്ങാട്ട താലൂക്കുകളിലെ മലമ്പനി

*വ ൧൦. (൩) ശ്രീ. ററി. ററി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ;

(എ) ൧൯൫൭ ചിങ്ങം, കന്നി, തുലാം ഈ മാസങ്ങളിൽ മലമ്പനിനിമിത്തം നെയ്യാററിൻകര, നെടുമങ്ങാട്ട ഈ താലൂക്കുകളിൽ വല്ല മരണവും ഉണ്ടായിട്ടുണ്ടോ ;

(ബി) നെയ്യാററിൻകര താലൂക്കിൽ വിളപ്പിൽ പകുതിയിലെ മലമ്പനിബാധ നിശ്ശേഷം നീങ്ങിയിരിക്കുമോ ?

ബഹു: ശ്രീ. ആനിമസ്ക്രീൻ: (എ) ചിങ്ങം കന്നി തുലാം ഈ മാസങ്ങളിൽ നെയ്യാററിൻകര നെടുമങ്ങാട് ഈ താലൂക്കുകളിൽനിന്നു് മലമ്പനിനിമിത്തം മരണങ്ങൾ ഒന്നും ഉണ്ടായതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടില്ല.

(ബി) നിശ്ശേഷമായി നീങ്ങിയിരിക്കുമെന്നു തോന്നുന്നില്ല. എങ്കിലും സാരമായ കുറവുണ്ടായിട്ടുണ്ടു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഒററശേഖരമാറലം വിളപ്പു് ഈ സ്ഥലങ്ങളിൽ സ്പെഷ്യൽ മലേറിയാ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടില്ലേ ?

ബഹു: ശ്രീ. ആനിമസ്ക്രീൻ: ഉണ്ടു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: പുതിയതായി സ്ഥാപിച്ചിട്ടുള്ള ഡിസ്പെൻസറികൾ അതാതു സ്ഥലങ്ങളിൽനിന്നു പിൻവലിക്കുവാൻ ഗവൺമെൻറിൽനിന്നും ആലോചന വല്ലതും നടക്കുന്നുണ്ടോ എന്നു പറയുവാൻ ദയവുണ്ടാകുമോ ?

ബഹു: ശ്രീ. ആനിമസ്ക്രീൻ: ഇല്ല.

ഐക്യസംസ്ഥാന മരച്ചീനിവില

*വ ൧൧. (൧) ശ്രീ. ററി. ററി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ;

(എ) ഐക്യസംസ്ഥാനത്തെ മുഖ്യഭക്ഷണസാധനമായ മരച്ചീനിയുടെ വിലവർദ്ധനവിനെ മുൻനിർത്തി കർഷകരെ സഹായിക്കാൻ ഗവൺമെൻറു വിചാരിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സഹായത്തിൻെറ സ്വഭാവം എങ്ങിനെ ?

ബഹു: ശ്രീ. ടി. എ. അബ്ദുള്ള: ഈ ചോദ്യം ചോദിച്ചിരിക്കുന്നതിൽനിന്നുദ്ദേശിച്ചിരിക്കുന്നതെന്താണെന്നു മനസ്സിലാക്കുവാൻ സാധിച്ചില്ല. മരച്ചീനിയുടെ വില കൂടിയിരിക്കുന്നു എന്നല്ല കുറഞ്ഞുവരികയാണു് എന്നാണു് എനിക്കു പറയാനുള്ളതു്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: വില കുറഞ്ഞു വരുന്നതുമൂലം കർഷകരെ സഹായിക്കാൻ ഗവൺമെൻറു് വല്ല നടപടിയും എടുക്കാൻ വിചാരിക്കുന്നുണ്ടോ ?

ബഹു: ശ്രീ. ടി. എ. അബ്ദുള്ള: വില കുറഞ്ഞുവരികയാണെങ്കിൽ അതുമൂലം കർഷകരെ സഹായിക്കാൻ ന്യായമായ വില കിട്ടുന്നതിനു് ഗവൺമെൻറു് വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതാണു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: മരച്ചീനി പൊടിയാക്കി വിദേശങ്ങളിലേക്കു അയയ്ക്കുന്നതിനു് ഗവൺമെൻറു് വേണ്ടനടപടികൾ നടത്തുവാൻ ദയവുണ്ടാകുമോ ?

ബഹു: ശ്രീ. ടി. എ. അബ്ദുള്ള: നമ്മുടെ ആവശ്യത്തിലധികം മരച്ചീനി ഈ സംസ്ഥാനത്തു ഉണ്ടാകുന്നപക്ഷം അതു് പൊടിയാക്കി കയററി അയക്കുന്നതിനു് ഗവൺമെൻറു് വേണ്ടതു ചെയ്യുന്നതാണു്.

ശ്രീ. കെ. എസ്. ജോസഫ്: ഇന്നു മരച്ചീനിക്കു മാർക്കററിൽ എന്തുവില ഉണ്ടെന്നറിയാമോ ?

ബഹു: ശ്രീ. ടി. എ. അബ്ദുള്ള: ഇന്നു റാത്തലിനു ഒന്നേകാൽ ചക്രം വിയുണ്ടെന്നാണറിവു്.

ശ്രീ. കെ. എസ്. ജോസഫ്: ചിപ്സിനു എന്തുവിലയുണ്ടെന്നറിയാമോ ?

(No Answer)

വൈദ്യസഹായം

*വ ൧൨. (വ) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിൻപുറങ്ങളിൽ വൈദ്യസഹായം സുലഭമായിരിക്കുന്നതിനു എന്തുപരിപാടി സ്വീകരിച്ചിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ;

(ബി) എല്ലാ ഗ്രാമോദ്ധാരണ കേന്ദ്രങ്ങളിലും ഓരോ മിഡ്‌വൈഫിനെവീതം നിയമിക്കുവാൻ ഗവമ്മെൻറ് ആലോചിക്കുന്നുണ്ടോ ?

ബഹു: ശ്രീ. ആനിമസ്ക്രീൻ: എ. (൧) പബ്ലിക്ക ഹെൽത്തു ഡിപ്പാർട്ടുമെണ്ടുവകയായി ഐക്യസംസ്ഥാനത്തു ൧ ൫ൻ മിഡ്വൈഫറി സെൻറേഴ്സുകൾ ഉണ്ട്. പത്തു കേന്ദ്രങ്ങളിൽക്കൂടി ഈ വർഷത്തിൽ മിഡ്‌വൈഫറി സെൻറേഴ്സ് ആരംഭിക്കുന്നതാണ്. കൂടാതെ മിഡ്‌വൈഫറി പരിശീലിപ്പിക്കുന്നതിന് ക്ലാസുകൾ ൧൨ ൪ തുലാമാസം മുതൽ ആരംഭിച്ചിട്ടുണ്ട്. അതിൽ ൧ ൦ ൧ പേർക്ക് പരിശീലനം നൽകിവരുന്നുണ്ട്. ഓരോ ഗ്രാമങ്ങളിലും ഓരോ മിഡ്‌വൈഫ് ഉണ്ടായിരിക്കണമെന്നുള്ള ലക്ഷ്യത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നതു്.

(൨) ഐക്യസംസ്ഥാനത്തു ആശുപത്രികളും ഡിസ്പെൻസറികളും ഗവമ്മെൻറുവകയായി ൧ വ്വൻ സ്ഥാപനങ്ങളും ഗ്രാൻറു കൊടുക്കുന്നതായി ൩ വ്വ സ്ഥാപനങ്ങളും ഉണ്ട്. മററു ഗ്രാമങ്ങളിലും വൈദ്യസഹായം നൽകുന്നതിന് ഗവമ്മെൻറ് ആലോചിച്ചു വരികയാണ്. ആശുപത്രികളും ഡിസ്പെൻസറികളും വർദ്ധിപ്പിക്കുന്നതിന് ഗവമ്മെൻറ് ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തിലെ സാമ്പത്തിക സ്ഥിതിക്ക് അനുസരണമായി ഈ പദ്ധതികൾ നടപ്പിൽ വരുത്തുന്നതാണ്. കൂടാതെ ഇൻഡ്യൻ മെഡിസിൻ ഡിപ്പാർട്ടുമെണ്ടുമുഖേന ൧൨ ആശുപത്രികളും ൪ന്നു ഡിസ്പെൻസറികളും ൨ ൭ ൧ ഗ്രാൻറു ഇൻഎയിഡ് വൈദ്യശാലകളും ഉണ്ട്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ൧ാ: വ ബിയുടെ ഉത്തരം പറഞ്ഞില്ല.

ബഹു: ശ്രീ. ആനിമസ്ക്രീൻ: എയുടെ ഉത്തരത്തിന് ഇതെല്ലാം പറയാതെ നിവൃത്തിയില്ലാത്തതുകൊണ്ട് ഇത്രയും പറയുന്നതാണ്.

മലമ്പനി മുതലായ രോഗങ്ങൾ പിടിപെട്ടവർക്കുവേണ്ട വൈദ്യസഹായം ചെയ്യുന്നതിനു ആവശ്യമായ നടപടികൾ നടന്നു വരുന്നുണ്ട്.

(ബി) ആലോചിക്കുന്നുണ്ട്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: മിഡ്‌വൈഫറി പരിശീലനം എന്നവസാനിക്കുമെന്നു പറയാൻ ദയവുണ്ടാകുമോ ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: ൧൧൨൪-ൽ തുടങ്ങി ൧ ൧ ൨ ൪, ൧ ൧ ൨ ൫ വൃത്തിയാകുമ്പോൾ പരിശീലനം പൂർത്തിയാകുന്നതാണ്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഈ ഗ്രാമോദ്ധാരണ കേന്ദ്രങ്ങളിൽ എത്ര സ്ഥലത്തു മിഡ്‌വൈഫുകൾ ഉണ്ട്.

ബഹു. ശ്രീ. ആനിമസ്ക്രീൻ: ഈ ചോദ്യത്തിനു നോട്ടീസുവേണം. അതു് എൻെറ വകുപ്പിൽ പെട്ടതല്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: എത്ര ഗ്രാമോദ്ധാരണ കേന്ദ്രങ്ങളിൽ മിഡ്‌വൈഫുകളെ നിയമിച്ചിട്ടുണ്ടെന്നു പറയാമോ?

Mr. Speaker: That question has already been asked by another member.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഒരു പോയിൻറ് ആഫ് ആർഡർ. ഒരു മെമ്പർ ഒരു ചോദ്യം ഏതെങ്കിലും ഡിപ്പാർട്ടുമെണ്ടിനെ സംബന്ധിച്ചു ചോദിച്ചാൽ അതിനുത്തരം അതെൻെറ ഡിപ്പാർട്ടുമെണ്ടിൽ പെട്ടതല്ല എന്നു പറഞ്ഞൊഴിയുന്നതു് ശരിയാണോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: ഒഴിഞ്ഞതല്ല.

മി. സ്പീക്കർ: ഒരു മെമ്പർക്കു ഉത്തരം പറയുവാൻ നോട്ടീസുവേണം എന്നവകാശപ്പെടാൻ ന്യായമുണ്ട്. നോട്ടീസുകൂടാതെ ഉത്തരം പറയുക ചില അവസരങ്ങളിൽ സാധിക്കാതെവരും.

ശ്രീ. കെ. എസ്. ജോസഫ്: ഗ്രാമങ്ങളിൽ ഏതെങ്കിലും മെഡിക്കൽ പ്രാക്ടീഷണേഴ്സ് ഉണ്ടെങ്കിൽ അവരെ പ്രോത്സാഹിപ്പിക്കുന്നതിനു ഗവമ്മെണ്ടു് തയ്യാറുണ്ടോ?

ബഹു. ശ്രീ. ആനിമാസ്ക്രീൻ: കൊച്ചി സംസ്ഥാനത്തിൽ അവരെ പ്രോത്സാഹിക്കുന്നതിനു ഗവമ്മെണ്ടിൽനിന്നും ഗ്രാൻറ കൊടുത്തുവരുന്നുണ്ട്. ആ നടപടി തിരുവിതാംകൂറിലും ഏർപ്പെടുത്തണമോ എന്നു ഗവമ്മെണ്ടു ആലോചിക്കുകയാണ്.

ശ്രീ. കെ. എ. മാത്യു: കൂടുതൽ മിഡ്വൈഫുകൾക്ക് പരിശീലനം കൊടുക്കാൻ സാധിക്കയില്ലേ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: ഇപ്പോൾ ഫ ാ ഫ്പേക്ക് പരിശീലനം നൽകുന്നുണ്ട്. കൂടുതൽ ആവശ്യമാണെന്നു തോന്നുമ്പോൾ അതേപ്പററി ആലോചിക്കുന്നതാണ്.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: ഈ വർഷത്തിൽ ഫ ാ മിഡ്വൈഫറി സെൻറേഴ്സ് സ്ഥാപിക്കുന്നതാണെന്നു പറഞ്ഞു. അതു് എവിടെയെല്ലാം ആണെന്നു പറയാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: അതു് എവിടെയെല്ലാമെന്നു തീരുമാനിച്ചിട്ടില്ല.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: മലമ്പനി നിവാരണ നടപടികൾ എവിടെയെല്ലാം നടത്തുന്നുണ്ട് എന്നു പറയാമോ?

ബഹു. ശ്രീ. ആനിമാസ്ക്രീൻ: അതിനുത്തരം പറഞ്ഞുകഴിഞ്ഞു.

ഗ്രാൻറ് നൽകുന്ന ചികിത്സകന്മാർ

*വ്യ ൻ. (൯) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഏതെല്ലാം ചികിത്സകന്മാർക്കാണ് ഗവമ്മെണ്ടിൽനിന്നും ഗ്രാൻറ നൽകി വരുന്നതെന്നു പറയുവാൻ ദയവുണ്ടാകുമോ;

(ബി) 'ഹോമിയോ' ഡാക്ടറന്മാർക്കു ഗവമ്മെണ്ടിൽനിന്നും ഗ്രാൻറ നൽകുന്നുണ്ടോ ഉണ്ടെങ്കിൽ ആർക്കെല്ലാമെന്നും എവിടെയെല്ലാമെന്നും പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ആനിമാസ്ക്രീൻ: (എ) ആയുർവ്വേദം, സിദ്ധം, യൂനാനി, ഹോമിയോപ്പതി, അലോപ്പതി എന്നീ വൈദ്യശാലകൾക്ക് ഗവമ്മെണ്ടിൽനിന്നും ഗ്രാൻറ നൽകി വരുന്നുണ്ട്. എറണാകുളത്തു് റായൽ കാളേജ് ഓഫ് ഹോമിയോപ്പതി എന്ന സ്ഥാപനത്തിനും ഗ്രാൻറ് നൽകുന്നുണ്ട്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: എത്ര ഹോമിയോപ്പതി വൈദ്യന്മാർക്ക് ഗ്രാൻറ് കൊടുക്കുന്നുണ്ടെന്നു പറയാമോ?

ബഹു. ശ്രീ. ആനിമാസ്ക്രീൻ: അതിനുത്തരം ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ പി. കെ. കൃഷ്ണൻശാസ്ത്രി: ഈ ഹോമിയോ ഡാക്ടറന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി അവർക്കു ഗ്രാൻറ് നൽകുന്ന കാര്യം ഗവമ്മെണ്ടു ആലോചിക്കുന്നുണ്ടോ?

ബഹു. ശ്രീ. ആനിമാസ്ക്രീൻ: ഹോമിയോപ്പതി ഡാക്ടറന്മാർക്കു ഗ്രാൻറ നൽകുന്ന കാര്യം ആലോചിക്കാൻ സന്ദർഭം ഉണ്ടായിട്ടില്ല.

ശ്രീ. കെ. ആർ. ഇല്ലങ്കത്തു്: എറണാകുളത്തു് ആ സ്ഥാപനത്തിനാണോ അതോ ഡാക്ടർക്കാണോ ഗ്രാൻറ് കൊടുക്കുന്നതു്.

ബഹു. ശ്രീ. ആനിമാസ്ക്രീൻ: സ്ഥാപനത്തെ ഉദ്ദേശിച്ചാണ് ഗ്രാൻറുകൊടുക്കുന്നതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: യൂനാനി വൈദ്യന്മാർക്കു ഗ്രാൻറ കൊടുക്കുന്നുണ്ടെന്നു് പറഞ്ഞു. അതു് എവിടെ ആണെന്നു പറയാമോ?

ബഹു. ശ്രീ. ആനിമാസ്ക്രീൻ: അതിപ്പോൾ പറയാൻ സാധിക്കുകയില്ല.

ശ്രീ. എസ്സ്. ശിവരാമൻ ആശാരി: ഐക്യസംസ്ഥാനത്തു് വിഷവൈദ്യന്മാർക്കു ഗ്രാൻറ് കൊടുക്കുന്നുണ്ടോ?

ബഹു. ശ്രീ. ആനിമാസ്ക്രീൻ: ഐക്യസംസ്ഥാനത്തു് വിഷവൈദ്യന്മാർക്കു ഗ്രാൻറ് കൊടുക്കുന്നുണ്ട്.

ഹോമിയോ ഡാക്ടറന്മാർ

*വ്യ ൭ ൪. (൨൦) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) ഈ അടുത്തകാലത്ത് നടത്തപ്പെട്ട ഹോമിയോ ഡാക്ടറന്മാരുടെ പരീക്ഷയിൽ എത്രപേർ ചേർന്നിരുന്നു എന്നും, അതിൽ എത്രപേർ പാസ്സായിട്ടുണ്ടെന്നും പറയുവാൻ ദയവുണ്ടാകുമോ;

(ബി) ഈ പരീക്ഷയിൽ പാസ്സായവർക്കും ഗവൺമെണ്ടിൽനിന്നും എന്തു പ്രോത്സാഹനം നൽകുവാൻ ഉദ്ദേശിക്കുന്നു എന്നു പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ആനിമാസ്ക്രീൻ: (എ) ൯ വ്യ പേർ പരീക്ഷയിൽചേർന്നിരുന്നു. ൯ ന്നു പേർ പരീക്ഷയിൽ ജയിച്ചു.

(ബി) ഈ ൯ ന്നു പേർക്കും ഹോമിയോപ്പതി ചികിത്സക്കു അർഹന്മാരായിത്തീർന്നിരിക്കുന്നു.

ശ്രീ. കെ. കുട്ടപ്പൻ: ഏതു് ബിരുദത്തിനാണ് ഇവർ ചേർന്നിരുന്നതെന്നു പറയാമോ?

ബഹു. ശ്രീ. ആനിമാസ്ക്രീൻ: ഹോമിയോപ്പതി.

ശ്രീ. ഇ. കെ. മാധവൻ: അവർക്ക് ഹോമിയോപ്പതി സംബന്ധിച്ചുള്ള ചികിത്സാവൈദഗ്ദ്ധ്യത്തെ പരീക്ഷിക്കയായിരുന്നോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: അതെന്തിനാണെന്നുള്ളതു് മെമ്പർക്കുതന്നെ അറിയാമല്ലോ. (ചിരി)

ശ്രീ. കെ. ആർ. ഇല്ലങ്കത്തു്: ഈ പരീക്ഷാബോർഡിന്റെ അംഗങ്ങൾ ആരെല്ലാമാണ്

ബഹു. ശ്രീ. ആനിമസ്ക്രീൻ: ആ ചോദ്യം ഇതിൽനിന്നു ഉദിക്കുന്നില്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ആ പരീക്ഷ നടത്തിയതിന്റെ പ്രഥമമായ ഉദ്ദേശം എന്താണ്?

ബഹു. ശ്രീ. ആനിമസ്ക്രീൻ: ഈ ചികിത്സ നടത്തുന്നതിന് അവരെ അർഹരാക്കുന്നതിന്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഏതെങ്കിലും വിധത്തിൽ അവരെ പ്രോത്സാഹിപ്പിക്കണമെന്നു ഗവൺമെണ്ടു് വിചാരിക്കുന്നുണ്ടോ?

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ ചോദ്യങ്ങൾ ചോദിക്കുമ്പോൾ ബഹു. മന്ത്രിമാർ തന്നെ ആ ചോദ്യം ഇതിൽനിന്നു ഉദിക്കുന്നില്ല എന്നും മററും പറയുന്നതിനുള്ള അവകാശം മന്ത്രിമാർക്കാണോ; അതോ സ്പീക്കർക്കാണോ?

മി. സ്പീക്കർ: ചോദ്യം ഉദിക്കുന്നില്ല എന്നുള്ള കാരണത്തിന്മേൽ ചോദ്യം തടയുന്നതിന് സ്പീക്കർക്കു മാത്രമാണധികാരം. പ്രധാന ചോദ്യത്തിൽനിന്നുദിക്കാത്ത ഉപചോദ്യമായതുകൊണ്ടു അതിനു ഉത്തരം പറയുവാൻ നോട്ടീസ്സു വേണമെന്നേ മന്ത്രിമാർ പറയുന്നതിനു അർത്ഥമാക്കേണ്ടതുള്ളു.

ശ്രീ. സി. വി. ഐയ്യു: മന്ത്രികക്ഷിയിൽപ്പെട്ടവർ തന്നെ ഇങ്ങനെ മന്ത്രിമാരെ ക്രാസ്സു ചെയ്തുകൊണ്ടിരുന്നാൽ ഞങ്ങളെപ്പോലുള്ളവർക്കു ചോദ്യങ്ങൾ ചോദിക്കാൻ സമയം കിട്ടുകയില്ല. പാർട്ടിയിൽപ്പെട്ടവർക്കു മന്ത്രിമാരെ ക്രോസ് ചെയ്യാനുള്ള സമയം പാർട്ടിമീററിംഗിൽ കിട്ടുമല്ലോ? ഇതു് വിപ്പിന്റെ കഴിവുകേടുകൊണ്ടാണെന്നു തോന്നുന്നു.

Mr. Speaker: What is the point for order?

Sri. C. V. Iyyu: Will the Hon'ble Speaker be pleased to regulate the question of Hon'ble Members of the Ministerial Party. They have an opportunity to cross-examine the Ministers in the party Meeting. I request that we may be given greater chance to put questions.

Mr. Speaker: The request made by the Hon'ble Member does not constitute a point of order.

ഗ്രാൻറ നൽകുന്ന ആയുർവ്വേദവൈദ്യന്മാർ

*വ്യ ൭൩. (൧൧) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. മെഡിക്കൽ വകുപ്പിൻെറ ചാർജ്ജ് വഹിക്കുന്ന മന്ത്രി സദയം മറുപടി നൽകുമോ:—

(എ) ഐക്യസംസ്ഥാനത്തു എത്ര ആയുർവ്വേദ വൈദ്യന്മാർക്ക് ഗ്രാൻറ നൽകി വരുന്നു എന്നു പറയുവാൻ ദയവുണ്ടാകുമോ;

(ബി) എത്ര വിഷവൈദ്യന്മാർക്ക് ഗ്രാൻറ നൽകുന്നുണ്ടെന്നു പറയുമോ;

(സി) കൂടുതൽ ആയുർവ്വേദ ആശുപത്രികൾ സ്ഥാപിക്കുവാൻ ഗവർമ്മെണ്ട് ദയവായി ആലോചിക്കുമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: (എ) ചോദ്യം.

(ബി) വ്യ ൭൨.

(സി) ആലോചിക്കുന്നതായിരിക്കും.

ശ്രീ. കെ. കരുണാകരൻ: മററുള്ളവർക്ക് കൊടുക്കാതിരിക്കാൻ പ്രത്യേക കാരണങ്ങൾ വല്ലതുമുണ്ടോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: വ്യ ൭൨ പേർക്ക് മാത്രം യോഗ്യതയുള്ളതുകൊണ്ട് മാത്രമാണ്.

ശ്രീ. കെ. കരുണാകരൻ: യോഗ്യത എന്തടിസ്ഥാനത്തിലാണ് നിശ്ചയിച്ചിട്ടുള്ളത്?

ബഹു. ശ്രീമതി ആനിമസ്ക്രീൻ. പരീക്ഷായോഗ്യത അനുസരിച്ച്.

ശ്രീ. പി. നാണു: ആയുർവ്വേദ കാളേജിൽ വിഷവൈദ്യം പഠിപ്പിക്കുന്നതിന് വിശ്വസ്തന്മാരായ വിഷവൈദ്യന്മാരെ നിയമിച്ചിട്ടുണ്ടോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: നിയമിച്ചില്ല. ആ സംഗതി ആലോചനയിൽ ഇരിക്കുകയാണ്.

മെഡിക്കൽ കാളേജ്

*വ്യ ൭൩. (൧൨) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) മെഡിക്കൽ കാളേജ് എത്ര നാളിനകം സ്ഥാപിക്കപ്പെടാനിടയുണ്ടെന്നും അതിൻെറ എന്തെല്ലാം ജോലികൾ ഇതിനകം നടത്തിയിട്ടുണ്ടെന്നും പറയുവാൻ ദയവുണ്ടാകുമോ?

(ബി) ഇപ്പോൾ ഐക്യസംസ്ഥാനത്തുള്ള ഡാക്ടറന്മാരാൽ മാത്രം മെഡിക്കൽ കാളേജ് ആരംഭിക്കുവാനുള്ള സാദ്ധ്യതകളുണ്ടോ എന്നു പറയുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: (എ) കാളേജുകെട്ടിടത്തിൻെറ പ്ലാൻ പൂർത്തിയായി കഴിഞ്ഞു. കെട്ടിട നിർമ്മാണത്തിൻെറ എസ്റ്റിമേററും പൂർത്തിയാകാറായിട്ടുണ്ട്. കെട്ടിട നിർമ്മാണം ഇക്കൊല്ലം അവസാനത്തിനുമുമ്പുതന്നെ തുടങ്ങണമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇന്നത്തെ സ്ഥിതിക്ക് കാളേജ് ൧൯൪൧ ജൂലായി മാസത്തിൽ തുടങ്ങാൻ സാധിക്കുമെന്നാണ് ഉദ്ദേശിക്കുന്നത്.

(ബി) ഇപ്പോൾ ഉള്ളവരെക്കൊണ്ട് പൂർണ്ണസാദ്ധ്യതകളില്ല. അവർക്ക് വേണ്ട പരിശീലനം നൽകിയാൽ സാധിക്കുന്നതാണ്.

ഡാക്ടർ മിസ്സിസ് ഫ്രാൻസിസ്: ഇപ്പോഴത്തെ കാളേജിൽ എത്ര വിദ്യാർത്ഥികളെ പ്രവേശിപ്പിക്കണം എന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: ൧ ൦ ൦ വിദ്യാർത്ഥികളെ.

ഡാക്ടർ മിസ്സിസ് ഫ്രാൻസിസ്: ൧ ൦ ൦ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ച് അഭ്യസനം നടത്തുന്നതിന് കുറഞ്ഞതു എത്ര രോഗികൾ വേണമെന്ന് ഗവർമ്മെണ്ടിനറിയാമോ ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: മെഡിക്കൽ കാളേജിനോടു ചേർന്നാണ് വിമൻ ആൻഡ് ചിൽഡ്രൻസ് ആശുപത്രിയും ഉണ്ടാക്കിയിരിക്കുന്നത്. ആ ആശുപത്രി വിദ്യാർത്ഥികളുടെ പരിശീലനത്തിനായി ഉപയോഗിക്കുന്നതാണ്.

ശ്രീ. ഇ. കെ. മാധവൻ: മെഡിക്കൽ കാളേജിനോടു് അനുബന്ധിച്ചു് ഒരു പുതിയ ആശുപത്രി പണിയുന്നില്ലേ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: ഉണ്ടു്. അതിന്റെ പണി പൂർത്തിയായിട്ടുണ്ടു്.

ഡാക്ടർ മിസ്സിസ് ടി. ഫ്രാൻസിസ്: ൧ ൦ ൦ വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചു് പഠിപ്പിക്കുന്നതിനു് കുറഞ്ഞതു് എത്ര പേഷ്യൻസ് വേണമെന്നു് ഗവൺമെണ്ടിനു വല്ല അറിവുമുണ്ടോ?

Mr. Speaker: That is a matter of expert opinion. So, that question need not be answered.

ശ്രീ. എൻ. വി. ചാക്കോ: ൧ ൦ ൦ വിദ്യാർത്ഥികൾക്കു് പരിശീലനം നൽകുന്നതിനു് ആണ്ടുതോറും എത്ര ശവം വേണമെന്നു് ഗവൺമെണ്ടിനു് അറിയാമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: അതും വിദഗ്ദ്ധാഭിപ്രായത്തിനുള്ള ഒരു കാര്യമാണു്.

Sri. P. S. Nataraja Pillai: May I know the estimated cost of the Medical College buildings?

The Hon'ble Sry. Annie Mascarene: The total cost is estimated to be Rs. 62,32,640.

Sri. P. S. Nataraja Pillai: Is it for the buildings or for the equipment?

The Hon'ble Sry. Annie Mascarene: It is for the acquisition of lands, for the construction of buildings for college, general hospital, Nurses' hospital etc., and for the electric installation, for the general layout, also for the building of nurses' quarters.

Sri. P. S. Nataraja Pillai: Is it the intention of Government to provide this 62 lakhs of rupees for expenditure in 1950?

The Hon'ble Sry. Annie Mascarene: To be expended in the course of 5 years.

Sri. P. S. Nataraja Pillai: Is the college to be started before other buildings are completed?

The Hon'ble Sry. Annie Mascarene: No.

Sri. P. S. Nataraja Pillai: If I remember correct, the Hon'ble Minister was telling that the college would function in 1951.

The Hon'ble Sry. Annie Mascarene: It will only begin to function.

Mr. Speaker: Sri. K. Ramachandran, (Question No. 13).

ശ്രീ. ഇ. കെ. മാധവൻ. അദ്ധ്യയനം തുടങ്ങിയാൽ ആദ്യത്തെ രണ്ടുകൊല്ലത്തേക്കു ആശുപത്രിയുടെ ആവശ്യമുണ്ടോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: ഇല്ല.

ശ്രീ. എം. ഐ. പോൾ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ൧൩-ാമത്തെ ചോദ്യം ചോദിച്ചു് ഉത്തരം നൽകിക്കഴിഞ്ഞു് ൧൪-ാമത്തെ ചോദ്യം ചോദിക്കുന്നതിനു് സ്പീക്കർ അവർകൾ ശ്രീ. രാമചന്ദ്രനെ വിളിച്ചുകഴിഞ്ഞതിനുശേഷവും ൧൩-ാമത്തെ ചോദ്യത്തെക്കുറിച്ചുതന്നെ ബഹു. മന്ത്രിയും അംഗങ്ങളും തമ്മിൽ വാദപ്രതിവാദം നടത്തിക്കൊണ്ടിരിക്കുന്നതു ശരിയാണോ?

മി. സ്പീക്കർ: വാദപ്രതിവാദം നടത്താൻ പാടില്ല. പിന്നീടു വിളിച്ചു ചോദ്യം മി. രാമചന്ദ്രൻ ചോദിച്ചിട്ടില്ലാത്ത സ്ഥിതിക്കു് മുൻചോദ്യത്തേയും ഉത്തരത്തേയും തുടർന്നു ചോദിച്ചു ഉപചോദ്യം അനുവദിക്കുന്നതിൽ തെററില്ല.

DEVELOPMENT OF INDUSTRIES

*877. [13] **Sri. K. Ramachandran:** Will the Hon'ble Minister for Industries and Excise be pleased state.—

(*a*) whether it would be conducive to the development of industries if organised and systematic sales agencies and showrooms are set up under Government control both within the Union and abroad; and

(*b*) if so, would Government be pleased to do the same?

The Hon'ble Sri. N. Kunjuraman:

(*a*) That may be a costly experiment and it is doubtful whether it would yield commensurate profit to Government.

(*b*) Government may consider that.

COTTAGE INDUSTRIES

*878. [14] **Sri. K. Ramachandran :** Will the Hon'ble Minister for Industries and Excise be pleased to state.—

(*a*) whether there is any move to improve cottage industries ;

(*b*) the schemes now being contemplated ; and

(*c*) whether Government would render economic aid to private individuals and corporations who are in this field ?

The Hon'ble Sri. N. Kunjuramn :

(*a*) Yes.

(*b*) Government have sanctioned the constitution of a Cottage Industries Board for the purpose consisting of the Director of Village Panchayats, Registrar of Co-operative Societies, the Development Commissioner, etc.

(*c*) Government are giving grants-in-aid to deserving institutions and also loans on proper security.

ശ്രീ. കെ. രാമചന്ദ്രൻ : കുടിൽ വ്യവസായികൾക്ക് ചെറിയ ചെറിയ തുകകൾ വസ്തുജാമ്യത്തിന്മേലല്ലാതെ ഗവമ്മെണ്ടിൽനിന്നും കടംകൊടുക്കുന്നതിന് എന്തെങ്കിലും ഏപ്പാടുചെയ്യുമോ ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : ഇതുവരെ അങ്ങിനെ ഒരു പതിവില്ല. മേലാൽ അങ്ങിനെ ആവശ്യമാണെന്നുണ്ടെങ്കിൽ അതിനെപ്പററി ആലോചിക്കാം.

ശ്രീ. കെ. രാമചന്ദ്രൻ : അതിനുവേണ്ടി ക്രെഡിററ് സൊസൈററികളോ മററോ സ്ഥാപിക്കാൻ ഗവമ്മെണ്ടു ശ്രദ്ധിക്കുമോ ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : അതാവശ്യമാണോ എന്നാലോചിക്കാം.

ശ്രീ. കെ. എ. മാത്യു : കഴിഞ്ഞകൊല്ലത്തെ ബഡ്ജററിൽ കുടിൽവ്യവസായങ്ങൾക്കു വേണ്ടി ഒരു തുക കൊള്ളിച്ചിട്ടുണ്ടായിരുന്നു. ആ തുക എന്തുചെയ്തു എന്നു പറയാമോ ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു് : ഒരു കമ്മിററി ഉണ്ടെന്നു പറഞ്ഞു. ആ കമ്മിററി ഇതിനകം എന്തെങ്കിലും പദ്ധതികൾ ഗവമ്മെണ്ടിലേക്കു സമപ്പിച്ചിട്ടുണ്ടോ ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : ഇതുവരെ സമർപ്പിച്ചിട്ടില്ല. എന്നാൽ അടുത്തു തന്നെ സമർപ്പിക്കുമെന്നു വിചാരിക്കുന്നു.

MAL-NUTRITION AMONG SCHOOL CHILDREN

*879. [15] **Sri. K. Ramachandran :** Will the Hon'ble Minister for Health and Power be pleased to state.—

(*a*) plans if any of counteracting mal-nutrition among school going children in the Union;

(*b*) the number of schools in the Union where milk is being distributed free of cost ; and

(*c*) whether Government would increase such facilities and cover a wider area ?

The Hon'ble Sry. Annie Mascarene :

(*a*) The poor children in the primary schools in the Cochin area and the needy children attending schools in certain compulsory area in the Travancore Division are being given noon-day meals freely.

(*b*) At present there are no schools where milk is being distributed free of cost.

(*c*) The question of increasing such facilities is under consideration.

MEDICAL OFFICERS

*880. [16] **Sri. K. Ramachandran :** Will the Hon'ble Minister for Health and Power be pleased to state.—

(*a*) the number of medical officers permanently employed in inspecting the general health of students in the Union ;

(*b*) the number of times a student is likely to be inspected under present conditions during (*i*) his primary education, (*ii*) his secondary education and (*iii*) his higher education ; and

(*c*) whether Government would be pleased to ensure that every student is medically examined at least once every year of his educational period ?

The Hon'ble Sry. Annie Mascarene :

(*a*) In the Travancore area there is no medical officer permanently employed for medical inspection of school children. According the scheme the Medical Officers in charge of the Hospitals and Dispensaries will attend to the school medical inspection work usually in the afternoon after previously arranging with the headmasters concerned. In the Cochin area two men doctors and one lady doctor are engaged for School medical inspection.

(*b*) According to the scheme sanctioned in Travancore a student is likely to be medically examined whilst in the primary school.

In Cochin, there will be one examination each in the middle and secondary schools. The University authorities arrange for the medical inspection of college students.

(*c*) It will be unnecessary and very expensive to arrange medical inspection of students every year. But arrangements will be made for examination every year or oftener of those students who require constant medical attention.

ശ്രീ. കെ. എ. മാത്യു : ബി. സി. ജി. ഇൻജക്ഷൻ വിദ്യാർത്ഥികൾക്ക് നൽകുന്നുണ്ടോ ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ : ഉണ്ട്.

ശ്രീ. കെ. എ. മാത്യു : എത്ര വിദ്യാർത്ഥികൾക്ക് ഇതിനകം ബി. സി. ജി. വാക്സിനേഷൻ കൊടുത്തിട്ടുണ്ടെന്നു പറയാമോ ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ : അതു കൊടുത്തുകൊണ്ടിരിക്കുന്നതേ ഉള്ളൂ. അതു കൊണ്ട് എത്രപേർക്ക് കൊടുത്തു എന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. എ. മാത്യു : എല്ലാ കാളേജുകളിലേയും സ്കൂളുകളിലേയും വിദ്യാർത്ഥികൾക്ക് ബി. സി. ജി. വാക്സിനേഷൻ കൊടുക്കണമെന്ന് ഗവൺമെണ്ട് ഉദ്ദേശിക്കുന്നുണ്ടോ ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ : ഉണ്ട്.

ശ്രീ. കുഞ്ഞുകൃഷ്ണൻ : ബി. സി. ജി. വാക്സിനേഷൻ കൊടുക്കുന്നതു് ററി. ബി. ഭേദപ്പെടുന്നതിനാണോ, വരാതിരിക്കുന്നതിനാണോ ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ : ററി. ബി. യുടെ ആക്രമണത്തെ എതിർത്തുനില്ക്കാനുള്ള ശക്തി ഉണ്ടോ എന്നു ആദ്യം പരീക്ഷിച്ചുനോക്കും. അതിനുശേഷം മതിയായ ശക്തിയുണ്ടെങ്കിൽ വെറുതേ വിടുകയും ശക്തിയില്ലെന്നു കണ്ടാൽ ബി. സി. ജി. കുത്തിവയ്ക്കുകയുമാണ് ചെയ്യുന്നതു്.

ശ്രീ. ഇ. കെ. മാധവൻ : എത്ര വിദ്യാർത്ഥികൾക്കാണ് ഇപ്പോൾ പരീക്ഷണം നടത്തിവരുന്നതെന്ന് പറയാമോ ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ : ഇപ്പോൾ കാളേജുകളിലേയും ഹൈസ്കൂളുകളിലേയും വിദ്യാർത്ഥികളെയാണ് പരീക്ഷിച്ചുനോക്കുന്നതു്.

ശ്രീ. കെ. രാമചന്ദ്രൻ : വിദ്യാർത്ഥികളെ പരിശോധിക്കുന്നതിന് കൊച്ചിയിലെപ്പോലെ ഇവിടെയും മെഡിക്കൽ ഇൻസ്പെക്ടറന്മാരെ നിയമിക്കാൻ ഗവൺമെണ്ട് ആലോചിക്കുമോ ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ : ആലോചിക്കാം.

FIRST AID MEDICAL KIT

***881.** [17] **Sri. K. Ramachandran :** Will the Hon'ble Minister for Health and Power be pleased to state :

(*a*) whether any system of maintaining a first aid medical kit is being adopted in school and other public institutions ; and

(*b*) whether Government would be pleased to make arrangements for the supply of a medical kit for purposes of first aid in every school at least those that are farther than one mile from the nearest dispensary ?

The Hon'ble Sry. Annie Mascarene :

(*a*) No.

(*b*) Yes. The matter will be considered.

POOR HOMES

*882. [18] **Sri. A. K. George:** Will the Hon'ble Minister for Health and Power be pleased to state.—

whether Government are going to start poor homes in the State as in Cochin Division to meet the growing problem of the vagrants?

The Hon'ble Sry. Annie Mascarene: No. Not at present.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: പ്രധാന പട്ടണങ്ങളിലെങ്കിലും ഇങ്ങനെ ആളുകൾ അലഞ്ഞുനടക്കുന്നതിനെ തടയുന്നതിന് എന്തെങ്കിലും പദ്ധതികൾ ഉണ്ടോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: അതിനു ഞാൻ നേരത്തെ പറഞ്ഞ ഉത്തരംതന്നെയാണ് പറയാനുള്ളത്.

Sri. A. K. George: May I know whether there are poor homes receiving Government grants?

The Hon'ble Sry. Annie Mascarene: No.

Sri. A. K. George: How many poor homes are there in Cochin Division?

The Hon'ble Sry. Annie Mascarene: Three.

Sri. A. K. George: Are there private institutions which receive Government grants?

The Hon'ble Sry. Annie Mascarene: Government are not aware of that.

HOSPITAL AT NARAKKAL

*883. [19] **Sri A. K. George:** Will the Hon'ble Minister for Health and Power be pleased to state.—

(*a*) whether it is true that as reported in papers that the doctor, and nurse were found missing when the Minister visited the hospital at Narakkal; and

(*b*) if so, what action has already been taken against them; and

(*c*) were the doctors and nurses of such hospitals visited by the Hon'ble Minister present at the time of the visits?

The Hon'ble Sry. Annie Mascarene:

(*a*) The report that the nurse was absent is true. But the doctor was present.

(*b*) The nurse has been severely warned.

(*c*) The officers on duty were in most cases present at the time of visits.

DIET OF PATIENTS

*884. [20] **Sri. A. K. George:** Will the Hon'ble Minister for Health and Power be pleased to state.—

(*a*) whether the Government are aware of the fact that there has been a report in the papers to the effect that the Minister suggested tapioca to be included in the diet for patients of a particular hospital;

(*b*) is the report true; and

(*c*) if so, is the suggestion made by the Minister on expert medical advice?

The Hon'ble Sry. Annie Mascarene:

(*a*) No.

(*b*) No.

(*c*) Does not arise.

ശ്രീ. കെ. ആർ. ഇലങ്കത്ത്: ഏതെങ്കിലും ആശുപത്രിയിൽ ബഹു. മന്ത്രി ഡയറക്ടറെ നിർദ്ദേശിച്ചിട്ടുണ്ടോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: അതു മന്ത്രിയുടെ ജോലിയാണെന്നു തോന്നുന്നില്ല

PRICE OF PADDY

*885. [21] **Sri. A. K. George:** Will the Hon'ble Minister for Food and Supplies be pleased to state whether the Government are going to have a uniform rate for the price of paddy throughout the State?

The Hon'ble Sri. T. A. Abdulla: The procurement price of paddy has been made generally uniform in both Travancore and Cochin areas of the Union.

REDUCTION IN THE RATION OF RICE

***883. [22] Sri. A. K. George:** Will the Hon'ble Minister for Food and Supplies be pleased to state:

(*a*) whether there is any truth in the press report to the effect that ration of rice will be reduced shortly; and

(*b*) whether the Hon'ble Minister made any hint about this at any of his recent press conferences?

The Hon'ble Sri. T. A. Abdulla:

(*a*) That is a matter for consideration.

(*b*) Yes.

ഭക്ഷ്യധാന്യങ്ങളുടെ ഇറക്കുമതി

*വ്യ വ്യ ൭. (൨ ന) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഏപ്രിൽ ൫ ൦ മുതൽ ഭക്ഷ്യധാന്യങ്ങൾ ഇൻഡ്യയ്ക്കു പുറത്തുനിന്നും ഇവിടെ ഇറക്കുമതി ചെയ്യുവാൻ ഗവമ്മെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇൻഡ്യയിലെ മററു പ്രാവിൻസുകളിൽനിന്നും ഈ ഐക്യസംസ്ഥാനത്തിന് ആവശ്യമുള്ള ഭക്ഷ്യധാന്യങ്ങൾ ലഭിക്കുമെന്നു ഗവമ്മെണ്ടു് വിശ്വസിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ഇവിടെ ഭക്ഷ്യകാര്യത്തിൽ ഉണ്ടാകുന്ന കുറവു് എങ്ങിനെ പരിഹരിക്കാമെന്നാണ് ഗവമ്മെണ്ടു് ഉദ്ദേശിക്കുന്നതെന്നു് വെളിപ്പെടുത്തുമോ?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള:

(എ) വെളിയിൽനിന്നു ഇൻഡ്യയിലേക്കുള്ള ഇറക്കുമതി ഇൻഡ്യാഗവമ്മെണ്ടാണ് നിയന്ത്രിക്കുന്നതു്. ആതിനാൽ ഏപ്രിൽ ൫ ൦ മുതൽ ഭക്ഷ്യധാന്യങ്ങൾ ഇൻഡ്യക്കു പുറത്തുനിന്നും ഇറക്കുമതി ചെയ്യുന്നതു കേന്ദ്രഗവമ്മെണ്ടിന്റെ നയത്തെ ആശ്രയിച്ചിരിക്കും. ഇപ്പോഴത്തെ നിലക്ക് അതിനുശേഷം ഭക്ഷ്യധാന്യങ്ങൾ ഇറക്കുമതിചെയ്യുകയില്ലെന്നാണ് വിചാരിക്കേണ്ടിയിരിക്കുന്നതു്.

(ബി) നമുക്ക് ആവശ്യമുണ്ടായാൽ മററു പ്രാവിൻസുകൾ കഴിവുള്ള സഹായങ്ങൾ ചെയ്തുതരുമെന്നാണ് ഗവമ്മെണ്ടിന്റെ പ്രതീക്ഷ.

(സി) ഭക്ഷ്യധാന്യക്കുറവു് പരിഹരിക്കുന്നതിനു് പല പദ്ധതികളും ഗവമ്മെണ്ടു് സ്വീകരിച്ചിട്ടുണ്ടു്.

എക്സ്റെ സ്ഥാപിക്കുന്നതിലേയ്ക്കു് സംഭാവനചെയ്തിട്ടുള്ള തുക

*വ്യ വ്യ ൭. (൨ ര) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊല്ലം ഡിസ്ട്രിക്ട് ആശുപത്രിയിൽ "എക്സ്റെ" സ്ഥാപിക്കുന്നതിലേക്ക് ഒരു തുക പൊതുജനങ്ങൾ ഗവമ്മെണ്ടിൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇപ്പോൾ എത്ര കാലമായി;

(സി) എക്സ്റെ സ്ഥാപനം എപ്പോൾ നടക്കുമെന്നു പ്രസ്താവിക്കുമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: (എ) ഉണ്ടു്.

(ബി) മൂന്നുകൊല്ലം.

(സി) കാലതാമസം കൂടാതെ എക്സ്റെ സ്ഥാപിക്കണമെന്നാണ് ഗവമ്മെണ്ടിന്റെ ഉദ്ദേശം.

മരുന്നുകളുടെ കുറവു

*വ്യ വ്യ ൯. (൨ ൫) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈ രാജ്യത്തെ മിക്ക ആശുപത്രികളിലും ഡിസ്പെൻസറികളിലും ആവശ്യമുള്ള മരുന്നുകൾ ഇല്ലെന്നു ധാരാളം പരാതികൾ ഉള്ളതായി ഗവമ്മെണ്ടിനറിയാമൊ;

(ബി) ഈ നില പരിഹരിക്കുവാൻ എന്തെങ്കിലും പുതിയ വ്യവസ്ഥകൾ ചെയ്തിട്ടുണ്ടോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: (എ) അറിയാം.

(ബി) ഈ നില പരിഹരിക്കുന്നതിനു് വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്.

ശ്രീ. കെ. കരുണാകരൻ: ഉള്ള മരുന്നുകൾതന്നെയും പണക്കാർക്കു മാത്രമേ കൊടുത്തുവരുന്നുള്ളു എന്നറിയാമൊ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: അങ്ങിനെ പറയുന്നതു ശരിയല്ല.

സാഹിബ് ബഹദൂർ മഹമ്മദ് മുസ്തഫാ: എന്തെല്ലാം ഏർപ്പാടുകളാണ് ചെയ്തിട്ടുള്ളതെന്ന് ചുരുക്കത്തിലെങ്കിലും പറയാമോ?

The Hon'ble Sry. Annie Mascarene: Steps have been taken to get down the medicines within three months and meanwhile arrangements have been made for local purchases to make up the deficiencies. Lorries lave been engaged for distribution work.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: മരുന്നുകൾ കിട്ടാത്തതുകൊണ്ടാണോ വാങ്ങാൻ പണമില്ലാത്തതുകൊണ്ടാണോ മരുന്നില്ലാതിരിക്കുന്നതു്?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: അതിനു പല കാരണങ്ങളുമുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: എന്തെല്ലാമാണ് കാരണങ്ങൾ?

The Honble Sry. Annie Mascarne: The war was partly responsible for the present situation. Before the war when an order was placed medicines reached us in a month or two But now it takes one to two years owing to shipping difficulties, shortage of material and to the priority question resting with the Government of India. Now the condition has improved so as to get medicines within three months.

(2) The annual supply to every institution is for 18 months. But during the last one year the number of patients attending hospital has gone up several times so that the supply for 18 months will hardly suffice for six months more.

സാഹിബ് ബഹദൂർ മഹമ്മദ് മുസ്തഫാ: വിലപിടിച്ച മരുന്നുകൾ ആശുപത്രികളിൽ ഉണ്ടായിരുന്നാൽതന്നെയും അതു സാധുക്കൾക്ക് കൊടുക്കുന്നില്ലെന്ന് ബഹു. മന്ത്രിക്കറിയാമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: കൊടുക്കുന്നില്ലെന്നു പറയുന്നതു മുഴുവൻ ശരിയല്ല.

സാഹിബ് ബഹദൂർ മഹമ്മദ് മുസ്തഫാ: അതു ശരിയാണെന്നു ബോദ്ധ്യപ്പെടുത്തിയാൽ ഗവമ്മെണ്ടു വേണ്ട നടപടികൾ എടുക്കുമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: നിശ്ചയമായും എടുക്കും.

ശ്രീ. കെ. എ. മാത്യു: മരുന്നുകൾ പുറത്തുനിന്നും വരുത്തുന്നതു ഗവമ്മെണ്ടു നേരിട്ടാണോ ഏജൻസികൾ മുഖേനയാണോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: മരുന്നുകൾ നിർമ്മിക്കുന്ന കമ്പനികളിൽനിന്നും ഗവമ്മെണ്ടു നേരിട്ടാണു വാങ്ങിക്കുന്നതു്.

ശ്രീ. ഇ. കെ. മാധവൻ: മരുന്നു കിട്ടുന്നതിനു് ഒരു ബോർഡിന്റെ തടസ്സംകൂടി ഉണ്ടെന്നു പറഞ്ഞല്ലൊ. അതു് ഏതു ബോർഡാണ്?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: ഞാൻ ബോർഡിന്റെ കാര്യം പറഞ്ഞില്ല. വാർ എന്നാണ് ഞാൻ പറഞ്ഞതു്.

കൈക്കൂലി വാങ്ങൽ

*വ്യൻ ൦. (൨൫) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: തഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഐക്യസംസ്ഥാനത്തിലെ മിക്ക ഗവമ്മെണ്ടാശുപത്രികളിലെ ഡാക്ടറന്മാരും പരസ്യമായി രോഗികളിൽനിന്നും കൈക്കൂലി വാങ്ങുന്നതായി ഗവമ്മെണ്ടു ഗ്രഹിച്ചിട്ടുണ്ടോ;

(ബി) പണം കൊടുക്കാതെ രോഗികളെ ചികിത്സിക്കുകയില്ല എന്ന ഒരു ധാരണ പൊതുജനമദ്ധ്യത്തിൽ ഉള്ളതായി ഗവമ്മെണ്ടിനറിയാമോ;

(സി) ഈ നില പരിഹരിക്കുവാൻ കർശന നടപടി നടത്തുമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: (എ) ചിലരൊക്കെ അങ്ങിനെ ചെയ്യുന്നതായി പരാതികൾ കിട്ടീട്ടുണ്ടു്.

(ബി) അറിവില്ല.

(സി) അങ്ങിനെയുള്ള ഒരു നില ഉണ്ടാകാതിരിക്കാൻ വേണ്ട നടപടികൾ എടുത്തിട്ടുണ്ടു്.

ശ്രീ. പി. ചാക്കൊ: കൈക്കൂലി കൊടുക്കാത്ത രോഗികളെ ചില ആശുപത്രികളിൽ പ്രവേശിപ്പിക്കാതിരിക്കുന്നതായി ഗവമ്മെണ്ടിനു് അറിയാമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: അങ്ങിനെ അറിവില്ല. അത്തരത്തിലുള്ള എന്തെങ്കിലും വിവരങ്ങൾ ബഹു. മെമ്പർമാരിൽനിന്നോ പൊതുജനങ്ങളിൽനിന്നോ കിട്ടിയാൽ ഉടൻ തന്നെ അതിനു് വേണ്ട നടപടികൾ നടത്താൻ ഗവമ്മെണ്ടു് തയ്യാറാണു്.

ശ്രീ. പി. ചാക്കൊ: തിരുവല്ലാ ആശുപത്രിയിൽ ഈയിടെ നടന്ന ഒരു സംഭവത്തെപ്പററി ബഹു. മന്ത്രിണിക്കു് പത്രങ്ങളിൽനിന്നും ഉള്ള വല്ല കട്ടിംഗ്സും കിട്ടീട്ടുണ്ടോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: ആ കേസ് ഗവമ്മെണ്ടിനു് അറിവുകിട്ടിയാൽ ഉടനെ തന്നെ നടപടികൾ നടത്തുന്നതാണു്.

ശ്രീ. ടി. എസ്സ്. ബന്ധു: ഈയിടെ പോലീസ് മർദ്ദനം ഏററ ഒരു ആളിനെ എറണാകുളം ആശുപത്രിയിൽ പ്രവേശിപ്പിക്കാതിരുന്നതായി അറിയാമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: ആ വിവരം അറിവില്ല.

കള്ളുഷാപ്പു കിസ്തുകളും വൃക്ഷനികുതിയും

*വൃൻ ഫ. (൨൭) സാഹിബ് ബഹദൂർ വി. ചെല്ലാടി റാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧ ൧ ൨൨–ൽ കൊച്ചിയിൽ കള്ളുഷാപ്പു കിസ്തുകളും വൃക്ഷനികുതികളും മുഴുവൻ പിരിഞ്ഞു കിട്ടിയിട്ടുണ്ടോ?

(ബി) ഇല്ലെങ്കിൽ ഏതേതു താലൂക്കുകളിൽ ആരൊക്കെയാണു് ബാക്കിവെച്ചിട്ടുള്ളതെന്നു ദയവായി പറയാമോ;

(സി) ഇതിനു ബാദ്ധ്യസ്ഥനായ ഉദ്യോഗസ്ഥനാരു്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: (എ) ഇല്ല.

(ബി) ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേററ്മെൻറ് മേശപ്പുറത്തു വെച്ചിട്ടുണ്ടു്.

(സി) ഇതിനു് പ്രത്യേകമായി ഒരു ഉദ്യോഗസ്ഥനേയും ബാദ്ധ്യസ്ഥനാക്കാനില്ല

STATEMENT

Serial No.	Name of taluk	Number of shop	Name of licensee
1	Mukunda-puram	171/22	1. T. K. Velayudhan 2. K. R. Sankaran 3. V. I. Kunhappu
2	Do.	178 & 179/22	1. C. G. Janardhanan 2. C. K. Govindan
3	Do.	170/22	1. P. K. Raman 2. C. R. Manikkan
4	Trichur	209, 222 & 231/22	K. K. Damodaran and his mother Kalli
5	Do.	212/22	P. C. Ravunny
6	Do.	211/22	V. K. Sanku
7	Do.	213/22	V. M. Sankaran
8	Do.	215, 221 & 255/22	K. V. Krishna Thandan
9	Do.	216/22	P. V. Chennan and K. P. Ravunny
10	Do.	217/22	C. R. Ayyappakutty and K. G. Raman
11	Do.	220 & 236/22	K. K. Kuttan and V. C. Parameswaran

Serial No.	Name of taluk	Number of shop	Name of licensee
12	Trichur	224/22	K. R. Sankunny and K. P. Ravunny Vaidayar
13	Do.	227/22	N. T. Mannunny and C. S. Krishnan
14	Do.	229 & 264/22	P. R. Mani
15	Do.	232/22	K. K. Paran
16	Do.	233 & 256/22	C. C. Kunchu
17	Do.	234, 245 & 246/22	Kunjaran, wife of Alappattu Devassy Poulose
18	Do.	235/22	P. K. Raman and C. R. Manikkan
19	Do.	242/22	K. G. Govindankutty and K. A. Krishnan
20	Do.	237/22	N. A. Ayyappan
21	Do.	258/22	K. K. Paran and K. R. Sankunny
22	Do.	257/22	K. G. Purushothaman
23	Do.	254/22	V. K. Sankaran
24	Do.	251/22	K. C. Raman and K. K. Kandachan
25	Do.	250/22	C. R. Govindan and C. P. Narayanan
26	Do.	244/22	T. K. Madhavan and T. K. Velayudhan
27	Do.	243/22	V. K. Aryadevan and P. R. Gopalan
28	Do.	259/22	P. R. Krishnankutty
29	Do.	226/22	K. C. Kandunny
30	Do.	228, 230 238, 240 253, 260 & 266/22	P. V. Pathrose
31	Do.	252/22	K. K. Sankarankutty and C. S. Sanku
32	Do.	210/22	P. C. Mama
33	Do.	247/29	C, K. Devassykutty
34	Do.	249/22	P. I. Ravunny and K. K. Velayudhan
35	Talappalli	273/22	K. M. Ayyappakutty
36	Do.	270 & 271/22	C. P. Chakku
37	Do.	272/22	P. V. Krishnan and E. K. Kunhan
38	Do.	275/22	N. I. Govindan
39	Do.	277/22	T. R. Parankutty
40	Do.	279/22	K. C. Raman and K. K. Kandachan

ആശുപത്രിയിൽ കള്ളക്കണക്ക്

*വൺ ൨ (൨ വ) സാഹിബ് ബഹദൂർ വി. ചെല്ലാടി റാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചി ഡിവിഷനിലെ ഏതെങ്കിലും ആശുപത്രിയിൽ കണക്ക കൃത്രിമമായി എഴുതി വല്ല സംഖ്യയും മോഷ്ടിക്കുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ അതു് ഏതു ആശുപത്രിയിലെന്നും, ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ ആരെന്നും ദയവായി പറയാമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: (എ) അങ്ങിനെ ഒരു കേസ് ഉത്ഭവിച്ചിട്ടുണ്ട്.

(ബി) കുന്നംകുളം ആശുപത്രിയിലാണ്. ആ ആശുപത്രിയുടെ ചാർജ് വഹിക്കുന്നതു് ഡാക്ടർ പോൾ മാമ്പിള്ളിയാണ്.

ശ്രീ. കെ. കരുണാകരൻ: അദ്ദേഹത്തിന്റെ പേരിൽ എന്തെങ്കിലും നടപടി നടത്തിട്ടുണ്ടോ?

The Hon'ble Sry. Annie Mascarene: There was an alleged instance of falsification of accounts in the Kunnamkulam hospital. The clerk and the provision contractor were prosecuted by the Police. But the Magistrate acquitted them as the prosecution side did not produce sufficient evidence to establish the crime. Now orders have been issued to proceed against the contractor by a civil suit. The contractor is not yet paid; the money due to him is held up.

ശ്രീ. കെ. കരുണാകരൻ: മേലാലെങ്കിലും ഗവമ്മെണ്ടിന് ബോദ്ധ്യപ്പെട്ട ഒരു കാര്യത്തിൽ കോടതിയെ സമീപിക്കാതെ നടപടി നടത്താൻ തയ്യാറാണോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: അങ്ങിനെ നടപടി നടത്താൻ തയ്യാറാണ്. പക്ഷെ അങ്ങിനെ നടപടി നടത്തുമ്പോൾ ബഹു. മെമ്പറന്മാരിൽനിന്നുതന്നെ പ്രതിഷേധം ഉണ്ടായിട്ടുണ്ട്.

ശ്രീ. കെ. കരുണാകരൻ: ഉത്തരവാദിത്വമുള്ള മെമ്പർമാർ അങ്ങിനെ ചെയ്യുന്നവരല്ലെന്നു ഞാൻ അറിയിച്ചുകൊള്ളുന്നു.

ശ്രീ. കെ. ആർ. ഇലങ്കത്ത്: കള്ളക്കണക്കെഴുതിയ തുക എത്രയാണെന്നു പറയാമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: അതിപ്പോൾ പറയാൻ സാദ്ധ്യമല്ല.

ശ്രീ. എം. ഐ. പോൾ: പ്രതിഷേധം പുറപ്പെടുവിച്ചിട്ടുള്ള മെമ്പറന്മാരുടെ പേർ പറയാമോ?

Sri. C. V. Iyyu On a point for the attention of the Chair. The Hon'ble members have been expressing about the money lost to Govesnment in such dealings and that the Government should realize the loss incurrred on that score. When those things are pointed out to Government the Ministers should not characterise such information as 'irresponsible.' I should suggest that the Hon'ble member may be allowed to make a statement to that effect.

Mr. Speaker: There is no need or occasion for a statement.

ശ്രീ. കെ. കരുണാകരൻ: സർ, ഒരു പോയൻറ് ഓഫ് ആർഡർ. മെമ്പറന്മാരുടെ സ്വഭാവശുദ്ധിയെ ചോദ്യംചെയ്യുന്ന നിലയിലുള്ള പ്രസ്താവനകൾ പുറപ്പെടുവിക്കാൻ മന്ത്രിമാർക്ക് അവകാശമുണ്ടോ?

മി. സ്പീക്കർ: ഇതു കേവലം സങ്കല്പം അടിസ്ഥാനമാക്കിയുള്ള ചോദ്യമാണ്. സ്വഭാവശുദ്ധിയെ ചോദ്യംചെയ്യുന്ന പ്രസ്താവനകൾ ഒന്നും കേട്ടില്ല. എന്താണ് ആ പ്രസ്താവന എന്നു മെമ്പർ പറയുന്നുമില്ല. മിനിസ്റ്ററന്മാർ ചെയ്യുന്ന പ്രസ്താവനകൾക്കുള്ള ഉത്തരവാദിത്വം മിനിസ്റ്ററന്മാർ വഹിക്കുന്നതായിരിക്കും.

ശ്രീ. പി. കെ. ഡീവർ: ഒരു ഡാക്ടർ പോളിന്റെ കാര്യം പറയുകയുണ്ടായി. വടക്കാഞ്ചേരിയിലെ ഒരു ലേഡി ഡാക്ടരുടെ കൈക്കു പിടിച്ചു വലിച്ചു എന്നു പരാതിയുള്ള ഡാക്ടറാണോ ഇതു്?

ബഹു. ശ്രീമതി ആനിമസ്ക്രീൻ: അതിനെപ്പററി ഗവമ്മെണ്ടിന് അറിവില്ല.

പുതിയ ചവുക്കുകൾ

* വ്യ൯ ൩. (വ൯) സാഹിബ് ബഹദൂർ വി. ചെല്ലാടി റാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചിൻ ഡിവിഷന്റെ അതിർത്തികളിൽ പുതുതായി സ്ഥാപിച്ചിരിക്കുന്ന ചവുക്കുകൾക്ക് പുതിയ ഷെഡ്ഡുകൾ പണിയുവാൻ എത്ര ഉറുപ്പിക ഗവമ്മെണ്ടിലേക്ക് ചെലവായിട്ടുണ്ട്?

(ബി) പുതിയ ഷെഡ്ഡുകൾ പണിയുവാൻ ആക്കൊക്കെയാണ് കരാറു കൊടുത്തിട്ടുള്ളതു്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: (എ) ൯ ൦, ൫ ൬ ൦ രൂപ.

(ബി) കൺട്രാക്ടറന്മാരുടെ പേരുവിവരം അടങ്ങിയ ലിസ്റ്റ് മേശപ്പുറത്തു വെച്ചിട്ടുണ്ട്.

ശ്രീ. എ. എം. തോമസ്: ഈ ചവുക്കുകെട്ടിടങ്ങളെല്ലാം ഇപ്പോൾ എന്തുചെയ്തിരിക്കുന്നു?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഇപ്പോൾ പലതും ഒഴിഞ്ഞുകിടക്കയാണ്.

ശ്രീ. എ. എം. തോമസ്: അതു് ലേലംചെയ്തു കൊടുക്കാത്തതുകൊണ്ടു് നശിച്ചുപോകുന്നു എന്നറിയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഗവമ്മെണ്ടിനു് ആവശ്യമുള്ളതു കഴിച്ചു് ബാക്കി ലേലം ചെയ്യാം.

ശ്രീ. കോന്നനാത്തു് കുഞ്ഞിരാമമേനോൻ: ഈ ഷെഡ്ഡുകൾ ടെണ്ടർ വിളിച്ചാണോ ചെയ്തിരിക്കുന്നതു്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അങ്ങിനെയായിരിക്കണം. പി. ഡബ്ലിയു. ഡി. ആണു് പണി നടത്തിട്ടുള്ളതു്.

ശ്രീ. കോന്നനാത്തു് കുഞ്ഞിരാമമേനോൻ: തീർച്ച പറയാൻ സാധിക്കുമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല. സാധാരണ അവർ അങ്ങനെയാണു് ചെയ്തിക്കുന്നതു്.

പള്ളിക്കു സമീപം കക്കൂസ്

* വൃൻ ൪. (൩ ൦) സാഹിബ് ബഹദൂർ ചെല്ലാടി റാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ചേലക്കര ടൗണിൽ സ്ഥാപിച്ചിരിക്കുന്ന കക്കൂസിനു തൊട്ടടുത്തു് ഒരു മുസ്ലിം പള്ളി സ്ഥിതിചെയ്യുന്നുണ്ടെന്നുള്ള വിവരം ഗവമ്മെണ്ടിനു് അറിയാമോ;

(ബി) ഇതുകൊണ്ടു ടി പള്ളിയിലേക്കു പ്രാർത്ഥനയ്ക്കു പോകുന്നവർക്കു വളരെ വിഷമതകൾ അനുഭവിക്കേണ്ടിവരുന്നുണ്ടെന്നുള്ള വിവരം അറിയാമോ;

(സി) ഇതിനുതക്ക പരിഹാരമുണ്ടാക്കിത്തരണമെന്നു ചേലക്കര നിവാസികളായ മുസ്ലീങ്ങൾ സ്ഥലം പഞ്ചായത്തു മുഖേന അപേക്ഷിച്ചിട്ടുള്ളതു ബഹുമാനപ്പെട്ട ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(ഡി) എങ്ങിനെയായാലും ഉടനെ ടി കക്കൂസ് ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്നും മാററി സ്ഥാപിക്കുവാൻ തക്ക നടപടികൾ നടത്തുവാൻ ബഹുമാനപ്പെട്ട മന്ത്രിക്കു ദയവുണ്ടാകുമോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ: (എ) അറിയാം.

(ബി) അറിയാം.

(സി) ഉണ്ടു്.

(ഡി) വേണ്ടതു ചെയ്യുന്നതാണു്.

ഓരോകൊല്ലത്തിലും കിട്ടുന്ന നെല്ലു്

*വൃൻ ൫. (൩ ൧) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൩൯, ൪൦, ൪൧ എന്നീ വർഷങ്ങളിൽ തിരുവിതാംകൂർ-കൊച്ചി എന്നീ സംസ്ഥാനങ്ങളിൽ എത്ര ലക്ഷം ഏക്കർ ഭൂമിയിൽ നെൽകൃഷി നടത്തിയിട്ടുണ്ടു്;

(ബി) ഓരോ സംസ്ഥാനത്തിലും എത്ര ലക്ഷം പറ നെല്ലു വീതം ഓരോ കൊല്ലത്തിലും കൃഷിക്കാർക്കു വിളഞ്ഞു കിട്ടിയിട്ടുണ്ടെന്നു പറയുവാൻ കഴിയുമോ;

(സി) ഓരോ കൊല്ലത്തിലും ഓരോ രാജ്യത്തിലുമുള്ള കൃഷിക്കാരിൽനിന്നു് എത്ര പറ നെല്ലു ഗവമ്മെണ്ടു് എടുത്തിട്ടുണ്ടു്;

(ഡി) കൊച്ചിയെ അപേക്ഷിച്ചു് തിരുവിതാംകൂറിലെ നെല്ലെടുപ്പു രീതി തീരെ തൃപ്തികരമല്ല എന്നുള്ള സംഗതി ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ; അതിന്റെ കാരണമെന്താണു്;

(ഇ) നെല്ലെടുപ്പു ജോലി റവന്യൂ ഉദ്യോഗസ്ഥന്മാരെ ഏൽപ്പിക്കാതെ കൊച്ചിയിലെപ്പോലെ ഭക്ഷ്യവകുപ്പുദ്യോഗസ്ഥന്മാരെ ഏൽപ്പിക്കുന്നതു് കാര്യക്ഷമമായിരിക്കുമെന്നു കരുതുന്നുണ്ടോ;

(എഫ്) തിരുവിതാംകൂറിലേയും കൊച്ചിയിലേയും നെല്ലെടുപ്പു പദ്ധതിയിലും, നെല്ലിന്റെ വിലയിലും ഐകരൂപ്യം വരുത്തുവാൻ ശ്രമിക്കുമോ?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: (എ) വളരെ ക്ലിപ്തമായ കണക്കില്ല, എങ്കിലും തിരുവിതാംകൂറിൽ ഏകദേശം ൩, ൦ ൦, ൦ ൦ ഏക്കറും, കൊച്ചിയിൽ ൨, ൦ ൦, ൦ ൦ ൦ ഏക്കറും നെൽകൃഷി നടത്തീട്ടുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്.

(ബി) വിളവിന്റെ ക്ലിപ്തമായ കണക്കെടുക്കാൻ നിവൃത്തിയില്ല.

(സി) തിരുവിതാംകൂറിൽനിന്ന് ൧൯൫൧-ൽ ൧ ൫, ൨ ൦, ൧ ൦ വ പറ നെല്ലും കൊച്ചിയിൽ നിന്ന് ൫ ൦, ൦ ൦, ൩ ൨ ൫ പറനെല്ലും ൧൯൫൨-ൽ തിരുവിതാംകൂറിൽ നിന്ന് ൧ ൭, ൪ ൩, ൧ ൪ ൧ പറ നെല്ലും കൊച്ചിയിൽനിന്ന് ൫ വ, ൧ ൯, ൩ ൨ ൪ പറ നെല്ലും, ൧൯൫൩-ൽ നവംബർ ൧൯-ാംനു-വരെ തിരുവിതാംകൂറിൽനിന്ന് ൨.൪,൨ ൧,൭൩ ൦ പറ നെല്ലും കൊച്ചിയിൽനിന്ന ൨ വ,൫൨,൪൦൪ പറ നെല്ലും ഗവമ്മെണ്ടിലേക്ക് എടുത്തിട്ടുണ്ട്:

(ഡി) കൊച്ചിയെ അപേക്ഷിച്ച് തിരുവിതാംകൂറിൽനിന്നും കിട്ടുന്ന നെല്ല് താരതമ്യേന കുറവാണ്. അതിനുള്ള കാരണങ്ങൾ വിളവിലുള്ള വ്യത്യാസവും തുണ്ട ഭൂമികളുടെ കൂടുതലുമാണ്.

(ഈ) ഒരുപക്ഷേ അങ്ങനെ ചെയ്യുന്നത് നന്നായിരിക്കും.

(എഫ്) ഇപ്പോൾതന്നെ ഈ രണ്ട് സംഗതികളിലും രണ്ട് സംസ്ഥാനങ്ങളേയും ഐകരൂപ്യം വരുത്തിയിട്ടുണ്ട്.

ശ്രീ. ഇ. പി. പൗലോസ്: എന്ന് എടുത്തിട്ടുള്ള കണക്കുകളാണ് ഇത്.

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: ഉദ്ദേശകണക്കുകളാണ്.

ശ്രീ. ഇ. പി പൗലോസ്: അവസാനമായി കണക്കെടുത്തത് എന്നാണെന്ന പറയാമോ?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ഇ. പി. പൗലോസ്: റെവന്യൂ ഡിപ്പാർട്ടുമെണ്ടിലുള്ള ഉദ്യോഗസ്ഥന്മാരേയും ഫുഡ്ഡിപ്പാർട്ടുമെണ്ടിലുള്ള ഉദ്യോഗസ്ഥന്മാരേയും പരസ്പരം അങ്ങോട്ടും ഇങ്ങോട്ടും എപ്പോഴും മാററുന്നതുകൊണ്ടല്ലേ തിരുവിതാംകൂറിൽ നെല്ലെടുപ്പ് ശരിയായ വിധം നടക്കാത്തത്?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള; അങ്ങിനെയല്ലാ. അത്യാവശ്യമായി വരുമ്പോൾ ചില മാററങ്ങൾ നടത്തുന്നു എന്നേയുള്ളൂ.

ശ്രീ. സി. വി. ഐയ്യ: തുണ്ട ഭൂമികളായതു കൊണ്ടല്ല ഉദ്യോഗസ്ഥന്മാരുടെ ന്യൂനത കൊണ്ടാണ് തിരുവിതാംകൂറിൽ നെല്ലെടുപ്പ് കുറഞ്ഞുപോകുന്നതെന്ന് അറിയാമോ?

മി. സ്പീക്കർ: അത് ഒരഭിപ്രായമാണ്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: തിരുവിതാംകൂറിലെ കലമേനി ഒരേക്കറിന് എത്രയാണ്?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള: അത് പല സ്ഥലത്ത് പലമാതിരിയാണ്. ചില സ്ഥലത്ത് ഏക്കറിന്നു ൩ ൦ ൦-ം ചിലടത്ത് ൨ ൦ ൦-ം ചിലടത്ത് ൨ ൫ ൦-ം ആണ്.

Sri. P. Balakrishnan Tampi: May I know whether these figures are also part of the traditional statistics given expression to?

No. answer.

ശ്രീ. കെ. ആർ. ഇലങ്കത്ത്: സെററിൽമെൻറ് പാട്ട വ്യവസ്ഥയിലാണോ എക്സൈസ് അടിസ്ഥാനത്തിലാണോ ഗവമ്മെണ്ടിന്നു കൂടുതൽ നെല്ല് എടുക്കാൻ സാധിച്ചിട്ടുള്ളത്?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള; അതിപ്പോൾ ശരിയായിട്ടു പറയാൻ സാദ്ധ്യമല്ല. എങ്കിലും ഈ കൊല്ലത്തെ കണക്കുനോക്കിയതിൽ എക്സൈസ് അടിസ്ഥാനത്തിലാണ് കൂടുതൽ നെല്ല് ഗവമ്മെണ്ടിലേക്ക് കിട്ടുന്നതെന്ന് തോന്നുന്നു.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: കൊച്ചിയിൽ ശരാശരി വിളവ് ൩൨ പറയാണെന്ന് അറിയാമോ?

ബഹു, ശ്രീ. ടി. എ. അബ്ദുള്ള: തിട്ടമായി അറിഞ്ഞുകൂടാ.

ശ്രീ. എം. വക്കി: ഗവമ്മെണ്ട് ഒരു ക്ലിപ്ത റേററിന് നെല്ല് എടുക്കയും കോടതികൾ മറെറാരു റേററിന് വിധിക്കുകയും ദേവസ്വങ്ങൾ പിന്നൊരു റെററ് വെച്ച് വാങ്ങിക്കുകയും ചെയ്യുന്നതായി ഗവമ്മെണ്ടിന് അറിയാമോ?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള : അറിഞ്ഞുകൂടാ.

PALLIVASAL HYDRO ELECTRIC PROJECT

*896. [32] **Sri. Alexander Vakayil:** Will the Hon'ble Minister for Electricity be pleased to state:

(*a*) when was the Pallivasal Hydro Electric Project started;

(*b*) within how many years it was proposed to be completed;

(*c*) how many years it actually took for its completion;

(*d*) what was the total amount estimated for the completion of the H. E. Project there; and

(*e*) what is the amount actually spent for the same?

The Hon'ble Sry. Annie Mascarene:

(*a*) The preliminary works connected with the Pallivasal Hydro Electric Project was started by the beginning of 1932;

(*b*) The Project was proposed to be completed in two stages. The first stage of the Project was anticipated to be completed in 1937-38. No date was specified for the second stage.

(*c*) This was inaugurated in March 1940.

(*d*) The approximate total capital expenditure estimated for the completion of the first stage of the Pallivasal Project is Rs. 140 lakhs of which Rs. 83 lakhs represent electrical portion of the works and Rs. 57 lakhs for civil works;

(*e*) The approximate actual booked expenditure for electrical works is Rs. 80 lakhs and for civil works Rs. 67 lakhs. The second stage works are only in progress.

HYDRO ELECTRIC PROJECT

*897. [33] **Sri. Alexander Vakayil:** Will the Hon'ble Minister for Electricity be pleased to state:

(*a*) the names of the Hydro Electric Projects in construction at present in the United State of Travancore and Cochin;

(*b*) the name of the officer who controls them;

(*c*) is it true that the H. E. Works at Peringalkuth are going to be stopped at present; if not, what are the definite proposals with regard to the future of this project;

(*d*) what amount has been spent so far at Peringalkuth giving the different items of expenditure; and

(*e*) does the Government realise that the Peringalkuth scheme is by far cheaper than other H. E. schemes worked out in other parts of India?

The Hon'ble Sry. Annie Mascarene:

(*a*) 1. Pallivasal H. E. Scheme
2. Sengulam H. E. Scheme
3. Peringalkuthu H. E. Scheme (1st stage).

(*b*) The Chief Engineer (Construction) on all technical matters, and the Chief Engineer (Electricity) for all other purposes such as budgetting, establishment, financial sanction and personnel, where the former will exercise the powers of a Superintending Engineer as in Madras;

(*c*) No; the works have been slowed down by one year;

(*d*) A statement giving details of expenditure up to the end of September 1949 is appended.

(*e*) Statistics required for a comparative study of the cost per KW of the various H. E. Schemes in India are not available now.

ഭക്ഷ്യസ്ഥിതി അന്വേഷണ കമ്മിററി

*വ്യ്സ്വ. (സ്സ) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാനത്തെ ഭക്ഷ്യസ്ഥിതിയെ കുറിച്ച് അന്വേഷിക്കുന്നതിനായി വന്നിരുന്ന കമ്മിററിയിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു;

(ബി) ഇവർ ഏതെല്ലാം സ്ഥലങ്ങളിൽ അന്വേഷണം നടത്തി;

(സി) അവരുടെ റിപ്പോർട്ട് ഗവണ്മെണ്ടിലേക്ക് സമർപ്പിച്ചുവോ? സമർപ്പിച്ചെങ്കിൽ അതിന്റെ ഉള്ളടക്കങ്ങൾ എന്തെല്ലാമാണെന്നു പറയുമോ?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള :

(എ) അദ്ധ്യക്ഷൻ പണ്ഡിററ് ലക്ഷ്മികാന്തമൈയിത്രാ എം. സി. എ.

മെമ്പർമാർ.—(ഫ) ശ്രീ. പ്രഭുദയാൽ ഹിമാത് സിംഗ്കേ എം. സി. എ.

(ഖ) ശ്രീ. ശതീഷ് ചന്ദ്രാ എം. സി. എ.

(ന) ശ്രീ. വി. സി. കേശവറാവ് എം. സി. എ.

മെമ്പർ സെക്രട്ടറി.

ശ്രീ. എ. എൻ. സാക്സേനാ ഐ. എ. എ. എസ്സ്.

(ബി) തിരുവനന്തപുരം, തെക്കൻതിരുവിതാംകൂർ, കൊച്ചി; എറണാകുളം എന്നീസ്ഥലങ്ങളിൽ അന്വേഷണം നടത്തി.

(സി) അവരുടെ റിപ്പോർട്ട് ഇൻഡ്യാഗവമ്മെണ്ടിലേക്കാണ് സമർപ്പിക്കേണ്ടതു്. റിപ്പോർട്ട് സമർപ്പിച്ചുവോ ഇല്ലയോ എന്നു് അറിയാൻ പാടില്ല.

ഉപ്പുവ്യവസായം

*വ്യൻ്. (ന വ) സാഹിബ്ബ് ബഹദൂർ എ. എം. മൂസ്സഹാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഉപ്പു വ്യവസായം ദേശീയ മാക്കുവാൻ ഗവമ്മെണ്ടു് തീരുമാനിച്ചിട്ടുണ്ടോ.—

(ബി) ഉണ്ടെങ്കിൽ ഈ ദേശവൽക്കരണ പദ്ധതി അനുസരിച്ച് എത്ര ഉപ്പുഉണ്ടാം ഗവമ്മെണ്ടു് ഏറെറടുത്തിട്ടുണ്ടു്;

(സി) ഇതിലേക്കു് എന്തു നഷ്ടപരിഹാരം ഇതുവരെ നൽകിയിട്ടുണ്ടെന്നും പ്രസ്താവിക്കുമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: (എ) ഉപ്പുവ്യവസായം ദേശീകരിക്കുന്ന കാര്യം ഗവമ്മെണ്ടു് തീരുമാനിച്ചിട്ടുണ്ടു്.

(ബി) പുതുതായി യാതൊരു അളവും ഏറെറടുത്തിട്ടില്ല.

(സി) ചോദ്യം ഉത്ഭവിക്കുന്നില്ല.

OPENING A MID-WIFE CENTRE

***900.** [42] **Sri. Paul Thaliath:** Will the Hon'ble Minister for Health be pleased to state:

(*a*) whether representations have been received requesting to open a midwife centre at Puthenvelikara;

(*b*) if so whether this centre has been sanctioned; and

(*c*) if not whether the Government is aware that the people of this locality has to go to Parur, six miles away, after crossing two ferries to get the services of a midwife?

The Hon'ble Sry. Annie Mascarene :

(*a*) Yes.

(*b*) No.

(*c*) Yes. The Puthenvelikkara Village Union will take up the question when it has sufficient funds to maintain a midwife. Otherwise the question can be considered by Government after other more needy places are satisfied and according to the availability of qualified hands.

FERTILISERS AND CHEMICALS TRAVANCORE LTD.

***901.** [43] **Sri. Paul Thaliath :** Will the Hon'ble Minister for Industries be pleased to state:

(*a*) whether the Government is aware that the management of the factory of the Fertilisers and Chemicals Travancore Ltd., is vested in the hands of five young men, with no technical administrative and industrial experience;

(*b*) whether the Government is aware that it is due to the mismanagement of such inexperienced officers that this company is now working at a heavy loss; and

(*c*) if the answers to (*a*) and (*b*) are in the affirmative whether the Government will take up steps to place the management of this company in efficient hands?

The Hon'ble Sri. N. Kunjuraman:

(*a*) No.
(*b*) No.
(*c*) This question does not arise.

ELECTRICAL AND ALLIED INDUSTRIES TRAVANCORE LTD.

***902.** [44] **Sri. Paul Thaliath:** Will the Hon'ble Minster for Industries be pleased to state:

(*a*) the amount invested in the Electrical and Allied Industries Travancore, Ltd., in shares and as loan;

(*b*) whether the Government is aware of any suit pending in the Kottayam District Court, against this company by a share-holder, alleging false representation in the prospectus of the Company; and

(*c*) if so whether any action has been taken to safeguard the interest of the Government and the investing public?

The Hon'ble Sri. N. Kunjuraman:

(*a*) Rs. One lakh by way of shares.
(*b*) Yes.
(*c*) Government have already appointed a Director on the Board of Directors of the Company to safeguard their financial interest in the Company. The accounts of the Company have been audited by the Special Government Auditor and the audit report is under consideration.

ELECTRICAL AND ALLIED INDUSTRIES TRAVANCORE LTD.

***903.** [45] **Sri. Paul Thaliath:** Will the Hon'ble Minister for Industries be pleased to state:

(*a*) the names of the Directors of the Electrical and Allied Industries Travancore Ltd. and that of the managing agents' firm;

(*b*) whether it is a fact that the entire transporting work of the Company is entrusted to Harrison & Co., Ltd., which is a concern carried on by Mr. C. P. Harry, a Director of this Company;

(*c*) whether the entire machinery required for this company was purchased from the East Asiatic Company, Bombay and if so whether the Government is aware that the commission allowed by this company has been appropriated by a Director of the Managing Agents' firm;

(*d*) whether the accounts of this company has ever been audited by the Government auditor, since incorporation and if so the date of incorporation and the date of audit; and

(*e*) whether he has submitted any report?

The Hon'ble Sri. N. Kunjuraman:

(*a*) The Directors are:—

1. Sri. Parayath E. Raman Menon
2. „ P. R. Ramavarma Raja
3. „ Charandas Megji, Bombay
4. „ A. G. Pandit
5. „ P. R. Subramoniyam
6. „ K. G. Menon, Chief Secretary to Government
7. „ S. Krishna Ayyar
8. „ A. M. S. Mani
9. „ C. P. Harry

Managing Agents—The Allied Engineers, Ltd.

(*b*) No.
(*c*) No.
(*d*) Yes—Date of incorporation 17th Medam 1121
Date of Audit—July-August 1949.
(*e*) Yes.

മദ്യനിരോധനാതിർത്തികളിൽ ബോർഡുകൾ

*ൻ ൦ ൪. (൫ ൦) ശ്രീ. പി. നാണു : താഴെ പറയുന്നചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) മദ്യനിരോധനം നടപ്പിൽ ഇരിക്കുന്ന സ്ഥലത്തിന്റെ അതിർത്തികാണിക്കുന്ന ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടോ;

(ബി) കൊല്ലം, കൊട്ടാരക്കര ഈ താലൂക്കുകൾ തെക്കു അവസാനിക്കുന്ന ഭാഗത്തു പ്രധാന റോഡുകളിൽ ബോർഡു സ്ഥാപിച്ചിട്ടില്ലെന്നുള്ള വിവരം ഗവമ്മെണ്ടിന് അറിയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ :

(എ) ഉണ്ട്.

(ബി) താഴെ പറയുന്ന സ്ഥലങ്ങളിൽ ഇപ്പോൾ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

(൧) വാഴോട്ട്.
(൨) കടമ്പാട്ടുകോണം.
(൩) പാങ്ങോട്ട്.
(൪) മടത്തറ.

ആവശ്യമുണ്ടെന്നുകണ്ടാൽ കൂടുതൽ സ്ഥലങ്ങളിൽ ബോർഡ് സ്ഥാപിക്കുന്നതാണ്.

പുകയിലവില്പന

*ൻ ൦ ൫. (൫ ൧) ശ്രീ. പി. നാണു : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പുകയില വില്പനക്കാരായ എ. ലൈസൻസികൾ, ബി. ലൈസൻസികളുടെ പേരിൽ പുകയില ചെലവെഴുതി സി. ലൈസൻസികൾക്ക് വിൽക്കുന്നുവെന്ന സംഗതിസംബന്ധിച്ച് പരാതികൾ കിട്ടിയിട്ടുണ്ടോ;

(ബി) ഇപ്പോഴത്തെ പുതിയ വിൽപ്പന ഏർപ്പാടുതുടങ്ങിയശേഷം തിരുവിതാംകൂറിലെ പുകയില കച്ചവടക്കാർക്ക് പൊതുവെ ലാഭമാണൊ നഷ്ടമാണോ ഉണ്ടായിക്കൊണ്ടിരിക്കുന്നത്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ :

(എ) ഇല്ല.

(ബി) അറിഞ്ഞുകൂടാ.

KALOOR NIGHT SOIL DEPOT

*906. [52] **Dr. (Mrs.) T. Francis :** Will the Hon'ble Minister for Health and Power be pleased to state:

(*a*) whether Government have any idea of shifting the Kaloor night soil dumping from the above locality to some other part; and

(*b*) if so when and whereto?

The Hon'ble Sri. K. Ayyappan :

(*a*) Yes.

(*b*) A few sites have been inspected. The final selection will be made and the dumping shifted as early as possible.

ജോലിയില്ലാതായ ഉദ്യോഗസ്ഥന്മാർ

*ൻ ൦ ൭. (൫൩) ശ്രീമതി ആനിജോസഫ് : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടിപറയുമോ.—

ചുങ്കം നിറുത്തലാക്കിയതിന്റെ ഫലമായി ജോലിയില്ലാതായിത്തീർന്നിട്ടുള്ള ഉദ്യോഗസ്ഥന്മാർ ഇപ്പോൾ എന്തുചെയ്യുന്നു?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ : അറിവില്ല.

പഴയന്നൂർവേണുഗോപാൽ റൈസ്മിൽ

* ൯൦൨. (൫൪) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഭക്ഷ്യകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

പഴയന്നൂരിലെ വേണുഗോപാൽ റൈസ്മില്ലിൽ നെല്ലരവു നിറുത്തലാക്കിയിട്ട് എത്ര കാലമായി?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള:

പഴയന്നൂരിൽ വേണുഗോപാൽ റൈസ്മിൽ എന്നപേരിൽ ഒരു മില്ല് ഇല്ല.

ഭവന നിർമ്മാണം

* ൯൦൩. (൫൫) ശ്രീ. കെ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഭക്ഷ്യമന്ത്രി സദയം മറുപടി പറയുമോ.—

൧൯൫൪-ൽ ഭവനനിർമ്മാണത്തിനായി എന്തെങ്കിലും പ്രാരംഭ നടപടികൾ ഇതിനകം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്നു പറയുമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള:

വീടുകളുടെ പ്ലാനുകൾ അംഗീകരിച്ചിട്ടുണ്ട്. വീടുകൾ പണിയേണ്ട പ്രദേശങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഓരോ പ്രദേശങ്ങളിലും ആവശ്യമുള്ള സ്ഥലങ്ങൾ കൈവശപ്പെടുത്താൻ ഉത്തരവുകൾ അയച്ചിട്ടുണ്ട്. ഒന്നു രണ്ട് പ്രദേശങ്ങളിൽ സ്ഥലങ്ങൾ കൈവശപ്പെടുത്തിയിട്ടുണ്ട്. മററു നടപടികൾ നടത്തിക്കൊണ്ടുമിരിക്കുന്നു.

കയർ വ്യവസായം.

*൯൦൪. (൫൬) ശ്രീ. കെ. കുട്ടപ്പൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഇൻഡസ്ട്രീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

കയർ വ്യവസായത്തിന് ഇന്നു സംഭവിച്ചിട്ടുള്ള അധഃപതനത്തെ പരിഹരിക്കുന്നതിനു ഗവൺമെണ്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്താണെന്ന് പറയാമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ: ഉണ്ട്. വിദേശ വിപണികൾ കണ്ടുപിടിക്കുന്നതിനു ഇൻഡ്യാ ഗവൺമെണ്ടുമായി എഴുത്തുകുത്തുനടത്തുക. ഇൻഡ്യയിൽതന്നെ പലേ സ്ഥലങ്ങളിലും കയററിഅയക്കുന്നതിനു റയിൽവെ വാഗൺ കൂടുതലായി കിട്ടത്തക്കവണ്ണം ഏർപ്പാടു ചെയ്യുക. വെയർഹൌസാക്കിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ചെയ്യുക എന്നിവ, ഇവയിൽ പ്രാധാന്യം അർഹിക്കുന്നവയാണ്.

മദ്യപാനത്തിനുള്ള പ്രത്യേകാനുവാദം

*൯൦൫. (൫൭) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട എക്സൈസ്സ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

മദ്യനിരോധന നിയമം നടപ്പാക്കിയ തിരുവനന്തപുരം താലൂക്കിൽ മദ്യം ഉപയോഗിക്കുന്നതിനുള്ള പ്രത്യേകാനുവാദം ആർക്കെങ്കിലും കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്നും അത് ആർക്കെല്ലാമാണെന്നും പറയുമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ:

ഉണ്ട്. യൂറോപ്യന്മാർക്ക് അവരുടെ ദിനചര്യ മുതലായവയെ ആസ്പദമാക്കിയും, നാട്ടുകാർക്ക് അവരുടെ ആരോഗ്യത്തെ ആസ്പദമാക്കി തക്കതായ മെഡിക്കൽ സർട്ടിഫിക്കററ് അനുസരിച്ചും കൊടുത്തിട്ടുണ്ട്. പ്രത്യേക അനുവാദം കൊടുത്തിട്ടുള്ളവരുടെ പേരുകൾ പ്രസ്താവിക്കുവാൻ നിവൃത്തിയില്ല.

KOTHAMANGALAM MARKET

***912.** [65] **Sri. N. P. Varghese:** Will the Hon'ble Minister for Public Health be pleased to state.—

(*a*) whether Government are aware that the Kothamangalam Vegetable and Fish market are maintained in insanitary and unhygienic conditions ; and

(*b*) whether Government will be pleased to provide drains and a compound wall for the market?

The Hon'ble Sri. T. K. Narayana Pillai:

(*a*) No.

(*b*) Will be considered.

INDUSTRIAL SURVEY

***913.** [68] **Sri. N. P. Varghese:** Will the Hon'ble Minister for Industries be pleased to state.—

(*a*) whether Government have any scheme to conduct an industrial survey in the United State of Travancore and Cochin ;

(*b*) are Government aware that without an industrial survey there could not be any industrial planning and successful starting of new industries ; and

(*c*) will Government be pleased to conduct an industrial survey as early as possible and appoint an expert committee for industrial planning?

The Hon'ble Sri. N. Kunjuraman:

(*a*) No.

(*b*) Yes, a survey would certainly help industrial planning.

(*c*) Yes, as soon as financial position permits and industrial planning on State basis is taken on hand.

കൊച്ചിയിലെ ഭവനനിർമ്മാണപദ്ധതി

*൯ ൧൪. (൩൯) ശ്രീ കെ. കെ. വിശ്വനാഥൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊച്ചി ഡിവിഷനിൽ ഭവനനിർമ്മാണപദ്ധതി എപ്പെടുത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണ്;

(സി) പ്രാരംഭനടപടികൾ വല്ലതും എടുത്തിട്ടുണ്ടോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ഉണ്ട്.

(ബി) തേവരയും ഇരിങ്ങാലക്കുടയും.

(സി) ഉണ്ട്.

APPOINTMENT OF EXCISE ASSISTANT COMMISSIONERS

***915.** [76] **Sri. M. I. Paul:** Will the Hon'ble Minister for Industries and Excise be pleased to state how many Assistant Excise Commissioners have been appointed and whether there are now Excise Circle Officers in the State?

The Hon'ble Sri. N. Kunjuraman: No Assistant Excise Commissioners have been appointed since integration. There are two Excise Circle Inspectors in the Cochin Area.

ചേർത്തലയിലെ ശുദ്ധജലക്ഷാമം

*൯ ൧൫. (൪൨) ശ്രീ. കൃഷ്ണൻ അയ്യപ്പൻ : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ചേർത്തല താലൂക്കിലെ ശുദ്ധജലക്ഷാമത്തെ പരിഗണിച്ച് ഗവൺമെണ്ടിന്റെ പദ്ധതിയിൽ പെടുത്തിയിട്ടുള്ള കുഴൽകിണറുകളിൽ ഓരോ എണ്ണം വീതമെങ്കിലും മുൻസിഫ് കോടതി കവലയിലും ഓരോ ഗ്രാമോദ്ധാരണകേന്ദ്രത്തിലും കുഴിപ്പിക്കുന്നതിന് വേണ്ട നടപടികൾ എടുക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീമതി ആനിമസ്ക്രീൻ :

കടൽത്തീരങ്ങളിൽ കുഴൽകിണറുകൾ സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി ആലോചനയിലിരിക്കുന്നു. അതു് പ്രവർത്തനത്തിൽ വരുമ്പോൾ ഈ സ്ഥലങ്ങളെക്കൂടി ആ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം ആലോചിക്കാവുന്നതാണ്.

താലൂക്കുതോറുമുള്ള അരിവിതരണം

* ൯൫൧. (൧൯) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഓരോ താലൂക്കുകളിലേക്കും ഇന്നയിന്നതരം അരികൾ ഇത്ര ചാക്കുവീതം അയക്കണമെന്നു ഗവൺമെണ്ടിൽനിന്നും കൊച്ചിയിലെ ഗോഡൗൺ അധികാരികൾക്കോ, ചുമതലപ്പെട്ട മററാക്കെങ്കിലുമോ വല്ല നിർദ്ദേശങ്ങളും നൽകാറുണ്ടോ;

(ബി) ആലപ്പുഴ, കോട്ടയം, ചങ്ങനാശ്ശേരി മുതലായ പല അയൽ താലൂക്കുകളിലും പുഴുക്കൽ അരി ഏതെങ്കിലും ഒരു ശതമാനക്രമത്തിനു അവിടങ്ങളിലെ ജനങ്ങൾക്കു കിട്ടിക്കൊണ്ടിരിക്കുമ്പോൾ കഴിഞ്ഞ അഞ്ചാറുമാസക്കാലമായി ചേർത്തല താലൂക്കിൽ പച്ചരിയും, പൊടിയരിയും മാത്രമാണ് ജനങ്ങൾക്കു കിട്ടിക്കൊണ്ടിരിക്കുന്നതെന്നു ഗവൺമെണ്ടിനറിയാമോ?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള :

(എ) അങ്ങനെ നിർദ്ദേശം നൽകാറില്ല. ഓരോയിനം അരിയും വിതാംശം അനുസരിച്ച് ഡിപ്പോകളിൽനിന്നും താലൂക്കുകളിലേക്ക് കൊടുക്കണമെന്ന് ഡിപ്പോ ആഫീസറന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) അറിവില്ല. ചില സമയത്തിൽ ഡിപ്പോയിൽ പുഴുക്കലരി സ്റ്റാക്കില്ലാത്തപക്ഷം ആ ഡിപ്പോകളിൽനിന്നും കൊടുക്കുന്ന താലൂക്കുകൾക്കെല്ലാം പുഴുക്കലരി കിട്ടാതെ വരും.

ബർമ്മാ, സയാം പൊടിയരികൾ

*൯൫൨. (൨൦) ശ്രീ. കൃഷ്ണൻ അയ്യപ്പൻ : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഭക്ഷ്യകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

ചേർത്തല താലൂക്കിൽ പതിവായി വിതരണം ചെയ്തുവരുന്ന ബർമ്മാ, സയാം പൊടിയരികൾ പശുക്കൾക്കുപോലും തിന്നാൻ കൊള്ളുകയില്ലാത്തവയാണെന്ന് ഗവൺമെണ്ടിനറിയാമോ; ആ തരം പൊടിയരികൾ മറേറതെല്ലാം താലൂക്കുകളിൽ വിതരണം ചെയ്യുന്നുണ്ട്?

ബഹു. ശ്രീ. ടി. എ. അബ്ദുള്ള :

മനുഷ്യർക്ക് ഉപയോഗയോഗ്യമല്ലാത്ത അരി വിതരണം ചെയ്യുന്നില്ല. എല്ലാ താലൂക്കുകളിലും എല്ലാ തരം അരിയും വിതരണം ചെയ്യുന്നുണ്ട്.

കയർ വ്യവസായം

*൯൫൩. (൨൧) ശ്രീ. കൃഷ്ണൻ അയ്യപ്പൻ : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നൽകുമോ.—

കയർ വ്യവസായത്തെ സഹകരണാടിസ്ഥാനത്തിന്മേൽ സംഘടിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ഗവൺമെണ്ടിന്റെ ആലോചനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ ചേർത്തല താലൂക്കിൽ ഇക്കൊല്ലംതന്നെ ആ പദ്ധതി ആരംഭിക്കുന്നതിന് ദയവുണ്ടാകുമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ :

ഉണ്ട്. ഗവൺമെണ്ട് അതിനെപ്പററി ആലോചിക്കുന്നതാണ്.

IMPORT OF COPRA FROM CEYLON

*920. [83] **Sri. V. K. Varghese:** Will the Hon'ble Minister for Industries and Excise be pleased to state.—

(a) whether the Government is aware of a contract entered into between the Government of India and Ceylon Government about purchasing from Ceylon copra and cocoanut oil for use in India;

(b) if so, whether this Government is in a position to state the terms of it; and

(c) whether the Government has considered the effect of it on the copra industry of this state?

The Hon'ble Sri. N. Kujuraman:

(a) No.

(b) Does not arise in view of the answer to part (a).

(c) The necessary data is being collected.

TELEPHONE CALL OFFICE

*921. [84] **V. K. Varghese:** Will the Hon'ble Minister for Works and Communications be pleased to state.—

(a) whether any representation have been received from the people of Pathanamthitta about starting a public telephone call Office at Pathanamthitta town; and

(b) what action the Government intend to take on it?

The Hon'ble Sri. E. John Philipose:

(a) Yes.

(b) Work is being arranged.

SUGAR SHORTAGE

*922. [89] **Sri. Paul Thaliath:** Will the Hon'ble Minister for Food and Supplies be pleased to state.—

(a) whether the Government is aware that in villages it is impossible to get sugar for the price fixed up;

(b) whether the Government is aware that in village parts the price demanded is Rs. 1-8-0 per lb. of sugar;

(c) whether it is a fact that the Government have decided to open two or three fair price sugar shops in each taluk; and

(d) if so, whether the Government realise the fact that unless two or three fair price shops are opened in each pakuthi, the villagers will be put to much hardship to purchase sugar?

The Hon'ble Sri. T. A. Abdulla:

(a) No.

(b) No.

(c) Government propose to introduce sugar rationing and the arrangements are in progress. Not less than 15 shops are proposed to be opened in each Taluk.

(d) Does not arise.

APPEALS UNDER THE COCHIN CO-OPERATIVE ACT

*923. [95] **Sri. K. K. Vasu Panickan:** Will the Hon'ble Minister for Food and Supplies be pleased to state.—

(a) whether the Hon'ble Minister is empowered to hear appeals under the Cochin Co-operative Act XXVI of 1113;

(b) if so, under what sections;

(c) whether recently any interference, ultra vires of the power of the Minister has been made in respect of the Cochin Educational Co-operative Society No. 708; and

(d) if so, why?

The Hon'ble Sri. T. A. Abdulla:

(a) Yes.

(b) Under Sections 10, 12, 44 and 45 of the Act.

(c) No.

(d) Does not arise in view of the answer to (c) above.

ഉപ്പുവ്യവസായ ദേശീയവൽക്കരണം

*൯൨൪. (൧൦൫) സാഹിബ് ബഹദൂർ പി. എസ്സ്. മുഹമ്മദ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഉപ്പുവ്യവസായ ദേശീയവൽക്കരണത്തിന്റെ ആദ്യപടിയായി ഗവൺമെണ്ട് എടുത്തിട്ടുള്ള ഉപ്പളങ്ങൾ ഏതെല്ലാമാണ്.;

(ബി) അവയുടെ ഏക്കറേജ് ദയവായി പ്രസ്താവിക്കുമോ;

(സി) അവരുടെ ഉടമസ്ഥന്മാർക്ക് കോമ്പൻസേഷൻ നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിലാണ് അങ്ങനെ കൊടുത്തിട്ടുള്ളത്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ :

(എ) ഉപ്പളങ്ങൾ ഒന്നുംതന്നെ ഗവൺമെണ്ട് ഇതേവരെ ഏറ്റെടുത്തിട്ടില്ല.

(ബി), (സി) & (ഡി) ചോദ്യം ഉത്ഭവിക്കുന്നില്ല.

ഉപ്പളം ജോലിക്കാർ

*൯൨൫. (൧൦൬) സാഹിബ് ബഹദൂർ പി. എസ്സ്. മുഹമ്മദ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഉപ്പളങ്ങളിലെ ജോലിക്കാരുടെ സുഖസൗകര്യാദികളെ സംബന്ധിച്ച് ഗവൺമെണ്ട് ഏതെല്ലാം പ്രത്യേക ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്;

(ബി) ഉപ്പളങ്ങളിൽനിന്ന് വേലചെയ്യുന്ന വേലക്കാർക്ക് വെയിലിന്റെ ശക്തിയേറിയ ചൂടിൽനിന്നും ആശ്വാസം ലഭിക്കുന്നതിന് ഏതെങ്കിലും വ്യവസ്ഥകൾ ഉപ്പളങ്ങളിൽ ചെയ്തിട്ടുണ്ടോ;

(സി) കുടിക്കുന്നതിന് ശുദ്ധജലം ജോലിസ്ഥലങ്ങളിൽ ലഭിക്കുന്നതിന് വല്ല ഏർപ്പാടും ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ :

(എ) വിശ്രമിക്കാൻ ഷെഡ്ഡുകൾക്കും കുടിക്കാൻ നല്ല വെള്ളത്തിനും, ജോലിക്കുശേഷം കാലിൽ തേയ്ക്കാൻ എണ്ണക്കും, ലൈസൻസുകളിൽ വ്യവസ്ഥകളുണ്ട്.

(ബി), (സി) ഏ ക്കുള്ള ഉത്തരം നോക്കുക:

കയർ നെയിത്തു വ്യവസായം

* ൯൨൬. (൧൦൭) ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി പറയുമോ.—

കയർനെയിത്തു വ്യവസായങ്ങളുടെ അഭിവൃദ്ധിക്കായി ഗവൺമെണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി എന്ത്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ:

നമ്മുടെ കയർ സാധനങ്ങൾ വിദേശങ്ങളിൽ കൂടുതൽ ഇറക്കുമതി ചെയ്യുന്നതിനും അവയ്ക്കു നല്ല വില കിട്ടുന്നതിനും കേന്ദ്രഗവൺമെണ്ടു മുഖാന്തിരം വേണ്ട നടപടികൾ നടത്തി വരുന്നുണ്ട്. പൊതുവെ കയർ വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പല പദ്ധതികളും ഗവൺമെണ്ട് ആലോചിക്കുന്നുണ്ട്.

സിലോൺകൊപ്രാ ഇറക്കുമതി

* ൯൨൭. (൧൦൮) ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

സിലോണിൽനിന്നും കൊപ്രാ, റബ്ബർ ഈ സാധനങ്ങൾ ഇൻഡ്യയിലേക്ക് കയററി അയക്കാൻ തീരുമാനിച്ചിരിക്കുന്നതായി അറിയുന്ന ഈ ഗുരുതരമായ അവസ്ഥയിൽ സംസ്ഥാനത്തെ കൊപ്രാ, റബ്ബർ ഇവയുടെ സംരക്ഷണത്തിനു ഗവൺമെണ്ടു സ്വീകരിക്കാൻപോകുന്ന നടപടിയെന്ത്?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ:

ഈ കാര്യം ഗവൺമെണ്ടിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

മദ്യപിച്ചുകൊണ്ട് പ്രൊഹിബിഷൻ ഏരിയായിൽ പ്രവേശിക്കുന്നതു്

*൯൨൭. (൧൧൪) ശ്രീ. ടി. എസ്സ്. ബന്ധു: താഴെപറയുന്ന ചോദ്യങ്ങൾക്കു് ബഹു. എക്സൈസ് വകുപ്പുമന്ത്രി സദയം പറപടി പറയുമോ.—

(എ) കൊച്ചി ഡിവിഷനിൽ മദ്യവർജ്ജനം നടപ്പിൽവരുത്തിയിട്ടുള്ള താലൂക്കുകളിലേക്കു് മദ്യപിച്ചു്വരുന്നതു കുററകരമല്ലെന്നു ഗവമ്മെണ്ടിനറിയാമോ;

(ബി) അതു കുററകരമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടു് ബഹു. എക്സൈസ് മന്ത്രിക്കു് വല്ല ആക്ഷേപങ്ങളും കിട്ടുകയുണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തുകൊണ്ടാണു് ഗവമ്മെണ്ടു് അക്കാര്യത്തിൽ ഇത്രയും മൗനം ദീക്ഷിക്കുവാനുള്ള കാരണം;

(ഡി) ഇനിയെങ്കിലും അതു കുററകരമാക്കുവാൻ ഗവമ്മെണ്ടിനു് ദയവുണ്ടാകുമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) അറിയാം.

(ബി) ഉണ്ടു്.

(സി & ഡി) തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാനത്തിനു പൊതുവെ ഒരു മദ്യ നിരോധന ആക്ടു് ഉടനെ നിമ്മിക്കുന്നതാണു്. ആ ആക്ടിൽ ഇതിനുവേണ്ട വ്യവസ്ഥ ഉണ്ടായിരിക്കും.

മദ്യനിരോധനം

*൯൨൯. (൧൨൩) സാഹിബ് ബഹദൂർ മുഹമ്മദ് മുസ്തഫ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മദ്യനിരോധനവകുമന്ത്രി സദയം മറുപടി നൽകുമോ.—

൧൯൨൩-ൽ മദ്യനിരോധനം നടപ്പിൽവരുത്തുന്ന താലൂക്കുകളുടെ കൂട്ടത്തിൽ പത്തനാപുരം താലൂക്കുകൂടി ഉൾപ്പെടുത്തുമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ:

ഇതേപററി ആലോചിക്കുന്നതാണു്.

UNSTARRED QUESTIONS & ANSWERS

അടൂരിലെ ഇലക്ട്രിസിററി

൯൩. (൧) ശ്രീ. ഫിലിപ്പോസ് മുതലാളി: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹു. ഇലക്ട്രിസിററി വകുപ്പു മന്ത്രി സദയം മറുപടി പറയുമൊ.—

(എ) അടൂരിൽ ഇലക്ട്രിസിററി വ്യാപിപ്പിക്കുന്നതിനെപ്പററി ഗവമ്മെണ്ടിനു വല്ല ആലോചനയുമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര നാളിനകം നടപ്പിലാക്കുമെന്നു അറിയിക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. ആനിമസ്ക്രീൻ:

(എ) ഉവ്വു്.

(ബി) കഴിയുന്നതും വേഗത്തിൽ.

വ്യവസായ വായ്പക്കു് അപേക്ഷകൾ

൯൩. (൨) സാഹിബ്ബ് ബഹദൂർ വി. ചെല്ലാടി റാവുത്തർ: താഴെ പറയുന്ന ചോദ്യത്തിനു ബഹു. വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ.—

കൊച്ചി ഗവമ്മെണ്ടിൽനിന്നും ൧൯൨൨ മുതൽ ഇതുവരെ വ്യവസായ വായ്പക്കു് എത്ര അപേക്ഷകൾ ഉണ്ടായിരുന്നുവെന്നും അപേക്ഷകർ ആരെല്ലാമായിരുന്നുവെന്നും ആക്കെല്ലാമാണു് അനുവദിച്ചതെന്നും എന്തു തുക വീതമാണു് ഓരോരുത്തക്കും കൊടുത്തതെന്നും പറയാമോ?

ബഹു ശ്രീ. എൻ. കുഞ്ഞുരാമൻ:

ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേററ്മെൻറ് മേശപ്പുറത്തു വച്ചിരിക്കുന്നു.

List of loans granted, etc.

Name of applicants	Amount applied for Rs.	Amount granted Rs.	Remarks
Messrs. Kairalee Products, Manalur ..	300	300	Did not furnish security. Not disbursed.
V. K. Industrials, Kayur ..	300	..	Dropped. Ceased to function.
Mr. Stephen Dias ..	2,000	..	Recorded. Failed to furnish security.
Trichur Industrials Ltd. ..	2,000	..	Directed to collect more shares.
Mr. K. Kunjunni Nayar, Manalur ..	100		Rejected.
National Furniture Co., Ernakulam	Not definite		do.
Mr. V. J. Joseph, Puducad ..	3,000		do.
M. P. C. S. R. D. Choondal ..	5,000		do.
Calcutta Farook Oil and Saw Mill, Palluruthy ..	6,00,000		do.
T. R. Karunakaran, Cranganur ..	25,000		do.
St. Xavier Rice and Flouer Mills, Trichur ..	15,000		do.
Ochanthuruth Thozhilali Co-operative Store ..	2,000	2,000	
P. E. Serro & Sons, Mattancheri..	80,000	40,000	
Mr. R. Krishnan, Educational Appliances, Ernakulam .	5,000	5,000	
Mr. Pappu Vydiyan, do. ..	1,000		Rejected.
Orient Fine Arts, do. ..	1,000		do.
Nallepilly Weavers' Co-operative Society ..	5,000	1,000	
W. C. Joseph & Sons, Ernakulam	4,000		Withdrew.
T. M. Nedungadi, Trichur ..	20,000		Rejected.
K. A. Meeran Sha, Ernakulam ..	5,000		do.
Jaikrishna Das Vallabha Das, Palluruthi ..	1,000		do.
Saw Mills and Industries Ltd., Trichur ..	1,50,000	1,50,000	
Cochin Malleables Ltd., Trichur..	1,50,000	80,000	
1123			
United Service Corporation, Ernakulam ..	3,00,000		Rejected.
Mahalekshmi Cotton Mill, Mulakunnathukavu ..	4,00,000	2,50,000	From General Revenues.
Rita Industrials, Trichur ..	2,000	1.000	
Gozri Diary Vytilla ..	1,20,000		Dropped.
Messrs. Kalpaka Oil Mills, Cochin ..	1,00,000		Rejected
Trichur Industries, Ltd. ..	6,000	4,000	
Cochin Coir Industries, Vytilla ..	30,000	10,000	

Name of applicants	Amount applied for Rs.	Amount granted Rs.	Remarks
P. Chandamara Menon, Chittur ..	50,000		do.
Rama Varma, I. C. S., Ernakulam ..	1,000		do.
Cottage Industries Co-operative Marketing Society, Trichur ..	5,00,000		Recorded
S. R. K. Asram, Vilanjans ..	..		Rejected
Industrial Trading Co., Thumpur ..	25,000		do.
A. C. Chummar & Sons, Ollur ..	3,00,000	1,45,000	
C. P. Parameswaran Embran, Vadakkancheri ..	75,000		do.
Jay Lekshmi Match Factory, Chalakkudi ..	30,000		Being considered
Canning Industries Cochin Ltd., Trichur ..	1,00,000		do.
K. Velayudha Menon, Irinjalakkuda ..	1,000		Rejected
O. Jos Thottam, Ernakulam ..	10,000		do.
M. Narayanan, Kumbalangi ..	3,000		Being considered
Anglo-Indisn Co-operative Society, Ernakulam ..	1,500		Rejected
1124			
Messrs. Cochin Matches, Ltd., Trichur ..	50,000		Being considered
Methila M. P. Co-operative Society, Cranganur ..	1,500		do.
Rural Reconstruction Co-operative Society, Thykoodam ..	4,000		Rejected
Jaya Bharathi Industrials, Trichur ..	1,00,000		do.
Kerala Industrial Combine, Ltd., Ernakulam ..	10,000		do.
S. I. Industrials, Nedumpula ..	20,000		Being considered
Cochin National Industries, Aloor ..	40,000		do.
Cocoanut Marketting Co-operative Society, Narakkal ..	30,000		Rejected
Jai Hind Textile, Trichur ..	3,00,000		Dropped
Anantha Lekshi Industrials, Lelithapuram ..	3,00,000		Being considered
Thottipal Co., Society ..	10,000		Dropped as recommended by the RCS.
Sri Ram Saw & Oil Mills, Veyyoor ..	75,000		Being considered
Cochin Malleables Ltd., Trichur..	70,000		70,000
National Match Works, Ernakulam ..	8,000		Withdrew
Cochin Ceramics, Ltd., Chalakkudi ..	5,00,000		Postponed
K. R. Joseph, Trichur ..	7,500		Being considered

Name of applicants	Amount applied for Rs.	Amount granted Rs.	Remarks
Malabar Products, Ltd., Kandassankadavu ..	40,000		Being considered
P. K. Velayudhan Manakodi ..	500		Rejected
M. D. Kochuouseph, Trichur ..	1,00,000		Being considered
Cochin Chemical Industries ..	40,000		do.
Pankaja Soap Works, Cochin ..	1,50,000		do.
Cochin Potteries, Chalakudi ..	3,00,000		Dropped as they have no securities
Oriental Soap Works, Mattancheri ..	15,000		Dropped. (Industry ceased)
Sry. K. Ammukutty Amma, Trichur ..	5,000		Being considered
Velookara R. R. C. S., Nadavarambu ..	2,000		do.
Central Coir Co-operative Marketing Society, Mattancheri ..	1,00,000		do.
Nayarambalam Fish Marketing Society ..	3,000		Rejected
Kerolpanna Co-operative Society Enamavu ..	10,000		Being considered
Cochin Industrial Society, Prinjottukara ..	1,000		Rejected
Kairalee Products, Manalur ..	300		Being considered
K. Krishnan Nayar, Manalur ..	300		do.
S. I. Match and Plywood Industries, Trichur ..	25,000		do.
1125			
Messrs. R. D. C. S., Kumblangi ..	5,000		do.
Cochin Mallebles, Ltd., Trichur..	1,00,000		do.
Fish and Fruit Canning Industries, Ltd., Ernakulam ..	25,000		do.
Velayudhan Raman, Vellarapilly..	150		do.

എക്സൈസ് ഗാർഡന്മാർ

൯൯. (൪) ശ്രീ. കെ. കുട്ടപ്പൻ: താഴെപറയുന്ന ചോദ്യത്തിന് ബഹു. എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

൧൧൨ ൫-ൽ എക്സൈസ് ഗാർഡന്മാരെ പിരിച്ചുവിട്ടുവോ; വിട്ടുവെങ്കിൽ എത്ര പേരെ; പിരിച്ചു വിട്ടവരെ പോലീസിലേക്ക് റിക്രൂട്ടുചെയ്യുന്നതിനുദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ:

ഉവ്വ്. ൩ ൫ ൧ പേരെ പിരിച്ചുവിട്ടിട്ടുണ്ട്. ഇവരിൽ ൧ ൦ ൦ പേരെ പോല്ലീസ് ഡിപ്പാർട്ട്മെണ്ടിൽ റിക്രൂട്ടുചെയ്യുവാൻ വേണ്ട നടപടികൾ നടത്തുന്നുണ്ട്;

എക്സൈസ്സ് ഗാർഡുകൾ

൨൦൦. (൨൦) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു. എക്സൈസ്സ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) എക്സൈസ്സ് ഡിപ്പാർട്ട്മെണ്ടിൽ ജോലിയിലിരുന്ന ഗാർഡുകളിൽ എത്രപേരെ ൧൯൫ ൪, ൧൯൫ ൬ ഈ ആണ്ടുകളിൽ പിരിച്ചുവിട്ടിട്ടുണ്ട്;

(ബി) പിരിച്ചു വിട്ടതിനുള്ള കാരണം എന്ത്;

(സി) എത്ര വർഷംവരെ സർവ്വീസുള്ളവരെ പിരിച്ചുവിട്ടിട്ടുണ്ട്;

(ഡി) അപ്രകാരം പിരിച്ചുവിടപ്പെട്ടവർ സ്റ്റേററ് സർവ്വീസിലെ ജീവനക്കാരിൽ ഏററവും സർവ്വീസ് കുറവുള്ളവരാണോ; അതോ എക്സൈസ്സ് ഡിപ്പാർട്ട്മെണ്ടിൽ മാത്രം സർവ്വീസ്നോക്കി സർവീസ് കുറവുള്ളവരാണോ;

(ഇ) അങ്ങിനെ പിരിച്ചുവിടപ്പെട്ടവരെ ഇനിയും ഒഴിവുവരുന്ന സ്ഥാനങ്ങളിലെങ്കിലും ചില മുൻഗണനകൾ നൽകി നിയമിക്കുന്നതിന് വേണ്ട നടപടികൾ എടുക്കുവാൻ ദയവുണ്ടാകുമോ?

ബഹു. ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) ൧൯൫ ൪-ൽ ഒരേയും പിരിച്ചുവിട്ടിട്ടില്ല. ൧൯൫ ൬-ൽ ൪൫ം ആക്ടിംഗ് എക്സൈസ്സ് ഗാർഡുകളെ പിരിച്ചുവിട്ടിട്ടുണ്ട്.

(ബി) വ്യയസംക്ഷേപണവും, ചെലവുകൾ നിറുത്തിയതുകൊണ്ട് ഉദ്യോഗങ്ങൾ കുറക്കേണ്ടിവന്നതും.

(സി) മൂന്നരകൊല്ലംവരെ സർവ്വീസുള്ളവരെ പിരിച്ചു വിട്ടിട്ടുണ്ട്.

(ഡി) എക്സൈസ്സ് ഡിപ്പാർട്ട്മെണ്ടിൽമാത്രം സർവ്വീസ് നോക്കി, സർവ്വീസ് കുറവുള്ളവരെയാണ് അപ്രകാരം പിരിച്ചുവിട്ടിട്ടുള്ളത്.

(ഇ) നടപടി എടുത്തിട്ടുണ്ട്.

Sri. C. V. Iyyu : I am requesting permsion to make a statement.

Mr. Speaker : No statement can be allowed now. If the member has to make a personal explanation on any matter relating to the business in the House, it can be allowed.

Sri. C. V. Iyyu : A sort of personal explanation. (Laughter).

Mr. Speaker : No. Order, Order.

കൊച്ചിൻ നിയമസഭാമെമ്പറായ ശ്രീ. കെ. കൊച്ചുകുഞ്ഞൻ കൈമളിന്റെ നിര്യാണത്തിൽ ഈ സഭയുടെ അനുശോചനം രേഖപ്പെടുത്തുന്ന ചുമതല വ്യസനപൂർവം നിർവ്വഹിച്ചുകൊള്ളട്ടെ. ശ്രീ. കൈമൾ തിരുവിതാംകൂർ ഹൈക്കോടതിയിൽ വക്കീലായി വളരെ പ്രശസ്തമായി പ്രാക്ടീസ് നടത്തിയതിനു ശേഷം പ്രാക്ടീസ് എറണാകുളത്തേക്കു മാററുകയുണ്ടായി. ട്രിച്ചൂർ മുനിസിപ്പൽ മെമ്പർ എന്ന നിലയിലും കൊച്ചി നിയമസഭാമെമ്പർ എന്ന നിലയിലും അദ്ദേഹം സ്വാർത്ഥരഹിതമായും സർവപ്രകാരേണയും സ്തുത്യർഹമായും പൊതുജനസേവനം നടത്തിയിട്ടുണ്ട്. നിയമസഭാപ്രവർത്തനത്തിലെന്നപോലെതന്നെ ആ മെമ്പർ സ്ഥാനം രാജിവച്ചതിലും അദ്ദേഹത്തിന്റെ ദേശാഭിമാനവും പൊതുക്കാര്യപ്രസക്തിയും പ്രത്യക്ഷപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ പരോപകാരതൽപരത സമുദായ മൈത്രിയിൽ അദ്ദേഹം പ്രത്യക്ഷമാക്കിയിട്ടുള്ള അനിതരസാധാരണമായ താൽപ്പര്യം ഇതുകളാൽ അദ്ദേഹം, അദ്ദേഹത്തെപ്പററി അറിഞ്ഞിട്ടുള്ള എല്ലാവരുടേയും സ്നേഹത്തിനും ബഹുമാനത്തിനും പാത്രീഭവിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വേർപാട് അദ്ദേഹത്തിനു ബന്ധിപ്പെട്ടിട്ടുള്ളവർക്കെന്നപോലെതന്നെ രാജ്യത്തിനും ജനങ്ങൾക്കും വലുതായ ഒരു നഷ്ടം ആണ് നമുക്ക് അദ്ദേഹത്തോടുള്ള ബഹുമാനത്തിന്റെ അദ്ദേഹത്തിന്റെ ബന്ധുമിത്രാദികളോടുള്ള അനുശോചനത്തിന്റേയും ലക്ഷ്യമായി അൽപ്പനേരം എഴുന്നേററു മൌനമായി നിന്നിട്ടു തിരിയെ അവരവരുടെ സ്ഥാനങ്ങളിൽ ഇരിക്കാം.

ബഹുമാനപ്പെട്ട മെമ്പർ മി. നമ്പൂതിരി മുഖാന്തിരം വിസിറേറഴ്സ് ഗ്യാലറി ടിക്കറേറാടുകൂടി അസംബ്ലിഹാളിൽ പ്രവേശനത്തിനായി വന്ന മി. ഭാസ്കരനെ ഡ്യൂട്ടിയിൽ നിന്ന പോലീസ് ഇൻസ്പെക്ടർ തടയുകയുണ്ടായി എന്നു മി. മാധവൻ സ്പീക്കറെ അറിയിച്ചിട്ടുണ്ടെന്നു സഭയെ അറിയിക്കുകയുണ്ടായല്ലോ. അതിനെ സംബന്ധിച്ചു സ്പീക്കർ ലീഡറെ അറിയിക്കുകയും ലീഡർ ഐ. ജി. യ്ക്ക് എഴുതി അയയ്ക്കുകയും ചെയ്തിരുന്നു. അതിനെ സംബ

ന്ധിച്ച് ഐ. ജി. യുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ഈ സംഗതിയെ സംബന്ധിച്ചുള്ള സൂക്ഷ്മ വിവരം അറിയുന്നതിനു വിശദമായ അന്വേഷണം ആവശ്യമായിട്ടാണിരിക്കുന്നതു്. ഈ സംഗതി മെമ്പറന്മാരുടെ അവകാശത്തെ സ്പർശിക്കുന്നതാണോ എന്നും അങ്ങനെയാണെങ്കിൽ അതിനെപ്പററി നടപടി നടത്തണമോ എന്നും, നടപടി നടത്തണമെങ്കിൽ ഏതു നടപടിയാണു നടത്തേണ്ടതെന്നും ഉള്ളതിനെപ്പററി ആലോചിക്കുന്നതിനു ഒരു കമ്മററിയെ ഏർപ്പെടുത്തിയിട്ടുണ്ട്. ആ കമ്മററി ഈ സെഷൻ അവസാനിക്കുന്നതിനു മുമ്പു റിപ്പോർട്ട് സ്പീക്കറെ ഏൽപ്പിക്കുന്നതായിരിക്കും.

Sri. P. Balakrishan Thampi : May I bring to the notice of the Chair, a particular point? As far as the visitors are concerned, it would not look well that they are seated in such a place as to have access to this House. Therefore, if the Chair is pleased to order that visitors' galleries should either be removed from the floor of the House or be warded off by some railings, it would be more conducive to the dignity and free working of this House.

Mr. Speaker : That will be attended to very soon.

ADJOURNMENT MOTIONS

മി. സ്പീക്കർ: ഇന്നലെ മി. എം. ഐ. പോളിന്റെ അടിയന്തിരപ്രമേയത്തെ സംബന്ധിച്ചു മി. മൈതീൻകുഞ്ഞു സംസാരിച്ചപ്പോൾ ഒരു മെമ്പർ സംസാരിച്ചു സംഗതി വേറൊരു മെമ്പർ റിപ്പീററു ചെയ്യുവാൻ പാടില്ലെന്നും വേറെ സംഗതിയെപ്പററി സംസാരിക്കണമെന്നും സ്പീക്കർ പറയുകയുണ്ടായി. അതുകൊണ്ടു്. മി. മൈതീൻകുഞ്ഞിന്റെ പ്രസംഗത്തിനിടയിൽ പറഞ്ഞതായ സംഗതികളെപ്പററി പറയുന്നതിന്നു അസംബ്ളിയുടെ നടപടി നിറുത്തിവയ്ക്കണമെന്നാണു് ഈ അടിയന്തിരപ്രമേയം മൂലം ആവശ്യപ്പെടുന്നതു്. ഒന്നാമതായി ഇതു് അടിയന്തിരപ്രമേയംവഴി വാദപ്രതിവാദം ചെയ്യുന്നതിനുള്ള ഒരു വിഷയമല്ല. ആവർത്തനം തടയുന്നതിനുള്ള വ്യവസ്ഥകൾ റൂളിൽ നിന്നു കാണാവുന്നതാണു്. എന്നുതന്നെയല്ല സ്പീക്കറുടെ റൂളിംഗിനെ ഇങ്ങനെ വാദപ്രതിവാദത്തിന്നു വിഷയമാക്കുവാൻ പാടുള്ളതല്ല എന്നുള്ളതു് ഈ സഭയിലും മററു നിയമ സഭകളിലും അംഗീകരിച്ചിട്ടുള്ള നടപടിയാണു്. മറിച്ചു ചെയ്യുന്നതു സഭയോടുള്ള ഒരു അനാദരവു് ആയിട്ടും ഗണിക്കാവുന്നതാണു്. ഈ പ്രമേയം തള്ളിയിരിക്കുന്നു.

അടുത്ത അടിയന്തിരപ്രമേയം വടക്കൻ താലൂക്കുകളിലുണ്ടായിരിക്കുന്ന കൃഷിനാശത്തെപ്പററിയാണു്. ഇതിനെ സംബന്ധിച്ചു ഗവർമ്മെണ്ടിനു വല്ല വിവരവും ലഭിച്ചിട്ടുണ്ടോ എന്നു സഭയെ അറിയിക്കുന്നതു നന്നായിരിക്കും.

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ: ഈ കൊല്ലത്തിൽ തുലാവർഷം പതിവുപോലെ ഉണ്ടായിട്ടില്ല. ആ കാരണത്താൽ ചില പ്രദേശങ്ങളിൽ വിളവിന്നു നാശം സംഭവിക്കും എന്നു ഭയപ്പെട്ടു പല റിപ്പോർട്ടുകളും ഗവർമ്മെണ്ടിനുകിട്ടുകയുണ്ടായിട്ടുണ്ടു്. അതനുസരിച്ചു ഗവർമ്മെണ്ടിനു ഈ കാര്യത്തിൽ ചെയ്യാൻ കഴിവുള്ള എല്ലാ സഹായങ്ങളും കൃഷിക്കാർക്കു ചെയ്തു കൊടുക്കുവാൻ വേണ്ടി ഉദ്യോഗസ്ഥന്മാർക്കും മററും ഇൻസ്ട്രക്ഷൻസ് കൊടുത്തു നടപടികൾ നടത്തിവരുന്നുണ്ടു്. എന്തെങ്കിലും വിധത്തിൽ വിളവു നാശം കൂടാതെ രക്ഷിക്കാൻ എല്ലാ കഴിവുകളും ഉപയോഗിച്ചു ഗവർമ്മെണ്ടു പ്രവർത്തിച്ചുവരുന്നുണ്ടു്. അതിനെ സംബന്ധിച്ചു് ഗവർമ്മെണ്ടു ചെയ്ത ചില പ്രവർത്തികളെ സംബന്ധിച്ചു് ഒരു പ്രസ്സ്നോട്ടും ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ടു്. അതായതു് ജലക്ഷാമം ഉള്ള പ്രദേശങ്ങളിൽ ഇഞ്ചിൻ പമ്പു് മുതലായവ കമാൻഡിയർ ചെയ്തു് കൃഷിക്കാർക്കു് വെള്ളം ഉണ്ടാക്കിക്കൊടുക്കുവാൻ സാധിക്കുമെന്നുണ്ടെങ്കിൽ അതൊക്കെ ചെയ്യുവാൻ അധികാരം നൽകിക്കൊണ്ടു് ചില ഉദ്യോഗസ്ഥന്മാരെ നിശ്ചയിക്കുകയും മററു പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നുണ്ടു്. ഈ കാര്യം ഗവർമ്മെണ്ടിന്റെ ഗാഢമായ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്. ഗവർമ്മെണ്ടിന്റെ എല്ലാകഴിവുകളും ഈ കാര്യത്തിൽ വിനിയോഗിക്കുകയുന്നതുമാണു്.

മി. സ്പീക്കർ: ഈ അടിയന്തിരപ്രമേയത്തിനു അടിസ്ഥാനമാക്കിയിരിക്കുന്ന സംഗതികളെ സംബന്ധിച്ചുള്ള ചില വിവരങ്ങൾ ഗവർമ്മെണ്ടു ഭാഗത്തുനിന്നും തന്നിട്ടുണ്ടു്. ഈ കാര്യത്തിൽ ആവശ്യമുള്ള നടപടികൾ നടത്തിവരുന്നു എന്നും കൂടുതലായി നടത്തുന്നതാണെന്നും സഭയെ അറിയിച്ചും ഇതു അടുത്തു നടന്ന ഒരു സംഭവത്തെപ്പററിയല്ല. അടിയന്തിരപ്രമേയ രൂപത്തിൽ വാദപ്രതിവാദത്തിന്നു വിഷയമാക്കത്തക്കതല്ല. ഇതിനെ റൂളിംഗു ചെയ്യുന്നു

ശ്രീ. പി. നാണു: സർ, ഒരു പോയിൻറ് ആഫ് ആർഡർ. ഈ സഭയിലേയ്ക്ക് അയക്കുന്ന അടിയന്തിരപ്രമേയങ്ങളിൽ ആർഡറിലാണെന്ന് അങ്ങേക്ക് ബോദ്ധ്യംവരുന്ന അടിയന്തിരപ്രമേയങ്ങൾ മാത്രം ഇവിടെ വായിച്ചാൽ മതി. എല്ലാപ്രമേയങ്ങളും ഇവിടെ വായിക്കണമോ എന്നാണു ഞാൻ ചോദിക്കുന്നതു്.

"Rule 19 says "If the Speaker is of the opinion that the matter proposed to be discussed is in order, he shall read the statement to the Assembly and ask whether the member has the leave of the Assembly to move the adjournment."

മി. സ്പീക്കർ: അങ്ങിനെയുള്ളതു് വായിക്കണമെന്നില്ലാത്തതുകൊണ്ടാണു് വായിക്കാത്തതു്. അതിൻെറ വിവരം സഭയെ അറിയിക്കമാത്രമാണു് ചെയ്യുന്നതു്. ചില അടിയന്തിരപ്രമേയങ്ങൾ സ്വീകാര്യമാണോ അല്ലയൊ എന്നു തീരുമാനിക്കുന്നതിനുതന്നെ അവയ്ക്കു അടിസ്ഥാനമാക്കിയിരിക്കുന്നതായി കാണുന്ന വിവരങ്ങളുടെ നിജസ്ഥിതിയെപററി അറിയേണ്ടതായിവരും. ഇതു് ഈ സഭയേയും മററു നിയമസഭകളേയും സംബന്ധിച്ചേടത്തോളം ഒരു നൂതന നടപടിയല്ല. എല്ലാ പ്രമേയങ്ങളും വായിക്കണം എന്നു നിർബ്ബന്ധം ഇല്ലെന്നു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു് വളരെ ശരിയാണു്. എന്നാൽ അവസാനമായി തള്ളിയിരിക്കുന്നതായി തീരുമാനിക്കപ്പെടുന്ന പ്രമേയങ്ങളുടെ വിവരങ്ങൾ ആ തീരുമാനത്തിനുമുമ്പായി സംക്ഷേപമായിട്ടു സഭയെ അറിയിക്കുന്നതിൽ തെററില്ല.

ശ്രീ. പി. നാണു: എൻെറ പോയിൻറ് ആഫ് ആർഡർ അതല്ല.

Mr. Speaker: If it is another point of order, it may be raised.

Sri. P. Nanoo: Yes Sir.

ചട്ടപ്രകാരം ചെയ്യുന്ന പ്രമേയം സഭയിൽ വായിക്കുന്നതു് ശരിയാണോ എന്നാണു് അറിയേണ്ടതു്?

മി. സ്പീക്കർ: ഈ സംഗതിയെസംബന്ധിച്ചു മെമ്പർതന്നെ ഇതേപ്രശ്നം ഉന്നയിക്കയും വിവരം സഭയെ അറിയിക്കയൊ പ്രമേയം വായിക്കയൊ ചെയ്യുന്നതിൽ തെററില്ല എന്നു വിധിച്ചെയ്യുകയും ചെയ്തിട്ടുണ്ടു്. ചട്ടപ്രകാരം ചെയ്യണമൊ എന്നു തീരുമാനിക്കുന്നതിനുതന്നെ വിവരങ്ങൾ ഗവമ്മെണ്ടുഭാഗത്തുനിന്നും മററും അറിയേണ്ടതു ചിലപ്പോൾ ആവശ്യമായിട്ടുവരും. പ്രഥമദൃഷ്ടിയിൽ സ്വീകാര്യമല്ലാത്ത പ്രമേയത്തിൻെറ വിവരം സഭയെ അറിയിക്കാതെതന്നെ പ്രമേയം തള്ളാവുന്നതാണു്.

ശ്രീ. പി. നാണു: ഗവമ്മെണ്ടു് മെമ്പറന്മാരോടു് പ്രത്യേകം അഭിപ്രായം ചോദിക്കാതെ ചില അടിയന്തിരപ്രമേയങ്ങൾ അടിസ്ഥാനമില്ലാത്തതാണെന്നു ഇവിടെ പറഞ്ഞിട്ടുണ്ടു്. അങ്ങനെയുള്ളതെങ്കിലും വായിക്കാതിരിക്കാമോ?

മി. സ്പീക്കർ: "വായിക്കയൊ വായിക്കാതിരിക്കയൊ സന്ദർഭാനുസരണം ചെയ്യുന്നതാണു്. മെമ്പർ ഇങ്ങനെ സഭയുടെ സമയം അനാവശ്യമായി വ്യയം ചെയ്യാതിരിക്കാൻ ശ്രമിച്ചാൽ കൊള്ളാം.

DEMANDS FOR SUPPLEMENTARY GRANTS

23 I. B. (a) Direction—Works and Maintenance of godowns

The Hon'ble Sahib Bahadur T. A. Abdulla: I move for a supplementary grant of Rs. 35,392—15—4. Under the Budget head 23 I. B (a)—Direction—Works and Maintenance of godowns.

ഫുൻ ര ൧-ൽ തിരുവനന്തപുരത്തുവെച്ചു (All world food conference) കൂടുകയുണ്ടായി. ആ കാൻഫ്റൻസിൽ സംബന്ധിക്കുന്നതിനായി ആസ്ട്രേലിയാ, അമേരിക്കാ, മുതലായ വിദേശരാജ്യങ്ങളിൽനിന്നും ഇൻഡ്യയിൽനിന്നും പ്രശസ്തരായ പല വിദഗ്ദ്ധന്മാരും ഇവിടെ വന്നിട്ടുള്ള പ്രശസ്താഥിതികളുടെ താമസസൗകര്യത്തിനു് ഗവമ്മെണ്ടുവക കെട്ടിടങ്ങളായ പാക്കുവ്യൂ, ചർച്ചുവ്യൂ മുതലായവയിലും മററു ചില കെട്ടിടങ്ങളിലും പല സജ്ജീകരണങ്ങളും സൗകര്യങ്ങളും ചെയ്തുകൊടുത്തിട്ടുണ്ടായിരുന്നു. ആവക സജ്ജീകരണങ്ങൾ P. W. D. മുഖാന്തിരം ഗവമ്മെണ്ടുതന്നെ ഏർപ്പാടുചെയ്തുകയും, അതിൻെറ ചിലവു് ഫുഡ് ഡിപ്പാർട്ടുമെണ്ടു് വഹിക്കണമെന്നു തീരുമാനിക്കുകയും ചെയ്തിരുന്നു. അന്നു അങ്ങിനെ ചെലവായ സംഖ്യയാണു് ഈ നു ൪,൦൦൦-ൽ ചിലവാനം രൂപാ. ഈ സംഖ്യ അന്നു ചെലവുചെയ്തു ആ ജോലിനടത്തിയതു പി. ഡബ്ല്യു. ഡിപ്പാർട്ടുമെണ്ടു് മുഖേനയാണു്. എ

ന്നാൽ അങ്ങിനെ ചിലവായ സംഖ്യ ഫസ്റ്റ്ഡിപ്പാർട്ടുമെണ്ടിൽനിന്നു ചെലവുചെയ്യേണ്ട താണെന്നു നേരത്തെ തീരുമാനിച്ചിരുന്നതനുസരിച്ചാണ് ഈ ഗ്രാൻറ് ഞാൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട സഭയോട് ഈ ഗ്രാൻറ് അനുവദിച്ചുതരണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

The Hon'ble Sri. A. J. John: I second it.

ശ്രീ. സി. വി. ഇയ്യു: ഈ ഗ്രാൻറ് അനുവദിക്കുന്നതിന് ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നു ആവശ്യപ്പെട്ടിരിക്കകൊണ്ട് ഫസ്റ്റ് ഡിപ്പാർട്ടുമെണ്ടിലെ നെല്ലെടുപ്പിൻെറ നിലയെകുറിച്ചു ഈ അവസരത്തിൽ എനിക്ക് ചിലതു പറയുവാനുണ്ട്. നെല്ലെടുപ്പു സമ്പ്രദായം തിരുവിതാംകൂറിൽ നടത്തിവരുന്നതു ഇപ്പോഴത്തേക്കാൾ അധികമായി ഊർജ്ജിതപ്പെടുത്തുകയും കൊച്ചിയിൽനിന്നും കിട്ടാവുന്നിടത്തോളം നെല്ലിൻെറ വീതപ്രകാരം എടുക്കുകയും ചെയ്യുകിലല്ലാതെ ഗൌഡൌൺ നന്നാക്കുന്നതുകൊണ്ടുമാത്രം യാതൊരു പ്രയോജനവുമില്ല. കൊച്ചിയിലെ കർഷകന്മാരിൽനിന്നും ഇപ്പോൾ കിട്ടാവുന്നിടത്തോളം നെല്ല് ധാരാളമായി ഗവമ്മെണ്ട് എടുക്കുന്നുണ്ടു എന്നുതന്നെയല്ല തിരുവിതാംകൂറിലാകട്ടെ അക്കാര്യത്തിൽ അത്ര ഊർജ്ജിതം കാണിക്കാതെയുള്ള ഒരു നെല്ലെടുപ്പു സമ്പ്രദായമാണ് നടത്തിക്കൊണ്ടിരിക്കുന്നതു്. ഈ തിരുവനന്തപുരത്തുതന്നെ അരി ധാരാളമായി ബ്ലാക്കുമാർക്കറ്റിൽ വില്ക്കുന്ന നടക്കുന്നതായി കാണ്മാനുണ്ട്. അതു് ഗവമ്മെണ്ടു് അറിയുന്നില്ല. അങ്ങിനെ കൊച്ചിയിൽ ഇന്നു നടക്കുന്നില്ല. അതുകൊണ്ടു് ഗവമ്മെണ്ടിൻെറ ഗൗരവമായ ശ്രദ്ധയെ ആ വിഷയത്തിലേക്കു ക്ഷണിക്കുന്നതിനുവേണ്ടി മാത്രമാണ് ഞാൻ ഇവിടെ സംസാരിക്കുന്നതു്.

ഈ ഡിമാൻറനുവദിക്കുന്നതിനുമുമ്പ് ബഹുമാനപ്പെട്ട മെമ്പർ കൊച്ചിയിലെ രീതിയിലും സമ്പ്രദായത്തിലും തോതിലും തിരുവിതാംകൂറിൽനിന്നു നെല്ലെടുക്കുന്നതാണെന്നു ഒരു വാഗ്ദത്തം ചെയ്യണം തിരുവിതാംകൂറിലെ ഭൂമികൾ ദുർഭൂമികളാണ്, അത്ര ഫലത്തുള്ളവയല്ല എന്നു പറയുന്നതു ശരിയല്ല. യഥാർത്ഥത്തിൽ തിരുവിതാംകൂറിലെ ഭൂമികളാണ് നദീപ്രവാഹങ്ങൾനിമിത്തം കൂടുതൽ ഫലവത്തായിട്ടുള്ളതു്. ഇന്നു നെൽകൃഷി ധാരാളമായി ഉള്ളതും കൊച്ചിയെ അപേക്ഷിച്ചു കൂടുതൽ തിരുവിതാംകൂറിലാണ്. കൊച്ചിയിലെ വടക്കും തെക്കും പടിഞ്ഞാറും ഉള്ള പ്രദേശങ്ങളിൽ മിക്കവയും ദുർഭൂമികളാണ്. അങ്ങിനെയുള്ള ഭൂമികളിൽ നാട്ടുകാരുടെ പ്രയത്നംകൊണ്ടുമാത്രം ആണ് കൃഷിചെയ്തെടുക്കുന്ന നെല്ല്, നെല്ലെടുപ്പുദ്യോഗസ്ഥന്മാരുടെ ഗുഷ്കാന്തികൊണ്ടു് ഇവിടത്തേതിലുമധികമായി ഗവമ്മെണ്ടിലേക്കു കിട്ടുന്നുണ്ട്. കൊച്ചിയിലെ കൃഷിക്കാർക്ക് കൂലികൊടുക്കുവാനോ അതിഥികൾ വന്നാൽ അവർക്ക് ഒരു നേരം ഭക്ഷണം കൊടുക്കുവാനൊ ആവശ്യമുള്ള നെല്ലുപോലും കൈവശമുണ്ടായിരിക്കുകയില്ല. തിരുവിതാംകൂറിലെ സ്ഥിതിഗതികൾ പരിശോധിച്ചാൽ കൊച്ചിയിലെ സമ്പ്രദായത്തിലല്ല നെല്ലെടുക്കുന്നതു്. അതുകൊണ്ടു് ഒന്നുകിൽ കൊച്ചിയിൽ തിരുവിതാംകൂറിലെ സമ്പ്രദായമാക്കുകയൊ അല്ലെങ്കിൽ കൊച്ചിയിലെ സമ്പ്രദായം തിരുവിതാംകൂറിൽ പകർത്തുകയൊ ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ബഹു. സഹിബ് ബഹദൂർ ടി. എ. അബ്ദുള്ള: ശ്രീമാൻ ഇയ്യു ഇവിടെ പറഞ്ഞ സംഗതികൾ ഈ സപ്ലിമെൻററി ഗ്രാൻറിന് പ്രസക്തമല്ലെങ്കിലും അദ്ദേഹം ആവശ്യപ്പെട്ട പ്രകാരം അതു് അംഗീകരിക്കുവാൻ സമ്മതമാണ്. തിരുവിതാംകൂറിലും കൊച്ചിയിലും ഒരേ രീതിയിലാണ് നെല്ലെടുപ്പു നടക്കുന്നതു്. നെല്ലെടുപ്പു് ഊർജ്ജിതപ്പെടുത്തുന്ന കാര്യത്തിൽ ഗവമ്മെണ്ടു് വേണ്ട നടപടികളെടുക്കുന്നതാണെന്നു ഞാൻ വ്യക്തമാക്കികൊള്ളുന്നു. ബഹു: അംഗങ്ങളുടെ സഹകരണവും ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

The Demand was put to vote and carried
The Grant was made

Demand for Supplementary grant under '23 I. B. (c)—Food grains Depots—Contingencies for rice escort unit

The Hon'ble Sahib Bahadur T. A. Abdulla: I move for a supplementary grant of Rs. 650 under Budget head "23 I. B. (c) Food grains Depots Contingencies for rice escort unit."

അരി കൊച്ചിയിൽനിന്നു മററു പലഡിപ്പോകളിലേക്കു് കയററി അയക്കുന്ന കാര്യത്തിൽ പോലീസ് പരിശോധനക്കായി ബഡ്ജററിൽ വ ഇ ഫ രൂപാ കൊള്ളിച്ചിരുന്നു. ആ തുക

[Sri. T. A. Abdulla]

പോരാതെവന്നതുകൊണ്ടാണ്, കൂടുതൽ തുക ആവശ്യപ്പെട്ടുകൊണ്ട് ഈ ഗ്രാൻറ് കൊണ്ടുവന്നിരിക്കുന്നത്. ആദ്യം അനുവദിച്ച തുകകൊണ്ട് ഈ സംഗതി നടത്തുന്നതിന് മതിയാകാതെവരികയാലും ഇൻസ്പെക്ടർ ജനറൽ ഈ ആവശ്യത്തിലേക്ക കൂടുതൽ തുക ആവശ്യപ്പെട്ടിരിക്കുന്നതുകൊണ്ടും ആണ് കൂടുതലായി ന്യ ൭ ൦ രൂപയുടെ ഒരു ഗ്രാൻറ് അനുവദിച്ചുതരണമെന്ന അഭ്യർത്ഥിക്കുന്നത്. അത് ഈ സഭ അനുവദിച്ചുതരണമെന്നപേക്ഷിക്കുന്നു.

The Hon'ble Sri. A. J. John: I second it.

The Demand was put to vote and carried

The grant was made

Demand for supplementary grant under 13—General Administration (j) Publicity and Information—Contingencies

The Hon'ble Sri. E. John Philipose : I move for a supplementary grant of Rs. 22,516 be sanctioned under Budget head "12 General Administration", for broadcasting talks and programmes.

Sir, this additional allotment is required for two purposes—one is for paying the PTI for the service it gives to the Boardcasting Section and the other to meet the communication expenses for transmitting information regarding market rates in the commercial centres in the State On 5th May 1949, the Travancare Government had contracted with the PTI to provide for foreign and inland information for the purpose of broadcasting-through our station here. It was expected that the Government of India would be taking over this Radio Station even as early as September last, but at present, the situation seems to be rather fluid, and the Government of India have not yet definitely made up their minds whether they should take over this Broadcasting Station before the actual financial integration takes place. Hence it becomes absolutely essential for this Government to meet this payment that is due to the PTI and for collecting the market rates. I move that this grant be sanctioned.

The Hon'ble Sri. N. Kunjuraman : I second it.

The demand was put to vote and carried

The grant was made

Demand for supplemantay grant under 14—Administration of justice (c) criminal Court—contingencies—Batta to prisoners

The Hon'ble Sri. T. K. Narayana Pillai: Sir, I move for a supplementary grant of Rs. 60,000 under 14-Administration of Justice (c) Criminal Code—Contingencies—Batta to prisoners.

ഈ ന്യ ൦, ൦ ൦ ൦ രൂപ കൂടുതലായി അനുവദിച്ചുതരണമെന്നുള്ള ഒരു സപ്ലിമെൻററി ഗ്രാൻറ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നു. ബഡ്ജററ് രൂപീകരിച്ച അവസരത്തിൽ ഉണ്ടായിരുന്ന തടവുകാരുടെ എണ്ണമനുസരിച്ചാണ് ബഡ്ജററിൽ തുക ചേർത്തിരുന്നത്. അതിനു ശേഷം ദിവസംപ്രതി തടവുകാരുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ടെന്നും കൂടുതൽ സംഖ്യ അനുവദിക്കണമെന്നും കോട്ടയം ഡിസ്ട്രിക്ട് മജിസ്ട്രേട്ടിൻെറ പക്കൽനിന്നും, കൊല്ലം ഡിസ്ട്രിക്ട് മജിസ്ട്രേട്ടിൻെറ പക്കൽനിന്നും, തിരുവനന്തപുരം ഡിസ്ട്രിക്ട് മജിസ്ട്രേട്ടിൻെറ പക്കൽനിന്നും എഴുത്തുകളും പരാതികളും ഗവമ്മെണ്ടിന് കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള സംഖ്യകൊണ്ട് കൺട്രാക്ടർമാക്ക കൊടുക്കുവാൻ മതിയാകുന്നില്ലെന്ന പരാതികളുണ്ട്. അതുകൊണ്ട് ൫ ൦, ൦ ൦ ൦ രൂപാ ആവശ്യപ്പെട്ടുകൊണ്ട് കൊല്ലം ഡിസ്ട്രിക്ട് മജിസ്ട്രേട്ടും, ൨ ൦, ൦ ൦ ൦ രൂപാ ആവശ്യപ്പെട്ടുകൊണ്ട് കോട്ടയം ഡിസ്ട്രിക്ട് മജിസ്ട്രേട്ടും, ൨ ൦, ൦ ൦ ൦ രൂപാ ആവശ്യപ്പെട്ടുകൊണ്ട് തിരുവനന്തപുരം ഡിസ്ട്രിക്ട് മജിസ്ട്രേട്ടും എഴുതി അയച്ചിട്ടുണ്ട്. എന്നാൽ ഈ തുക എല്ലാ സംഗതികൾക്കും കൂടി ന്യ ൦, ൦ ൦ ൦ കൂടുതലുണ്ടെങ്കിൽ മതിയാകുമെന്നാണ് ഗവമ്മെണ്ടിന് ബോദ്ധ്യപ്പെട്ടിട്ടുള്ളത്. ബഡ്ജററ് രൂപീകരിച്ച സമയത്തു ഇത്രയധികം തടവുകാരുടെ ചെലവുകൾ വഹിച്ചു അവരെ പരിപാലിക്കേണ്ടിവരുമെന്നുള്ള വിചാരം ഗവമ്മെണ്ടിനുണ്ടായിരുന്നില്ല. കൂടുതൽ ആളുകളെ തടവിൽ പാർപ്പിച്ചതുകൊണ്ടുള്ള ചെലവിനായിട്ടു ആവശ്യപ്പെ

ടുന്ന ഈ സംഖ്യ അനുവദിക്കുന്ന കാര്യത്തിൽ ഈ സഭ നിഷേധിക്കുകയില്ലെന്നു വിശ്വസിക്കുന്നു.

ശ്രീ. ആർ. കെ. റാം: തടവുകാരുടെ എണ്ണം വർദ്ധിക്കുവാൻ കാരണമെന്താണ്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: തടവുകാരുടെ എണ്ണം വർദ്ധിക്കുവാൻ പല കാരണങ്ങളുമുണ്ട്. ചില കുഴപ്പങ്ങൾ അധികമായുണ്ടാകുന്നതാണ് അതിന് പ്രധാന കാരണം. അങ്ങിനെയുള്ളതിന് ഒരു സമാധാന പരിതഃസ്ഥിതി സൃഷ്ടിക്കുവാൻ വേണ്ട നടപടികളെടുക്കുന്നതിന് ഗവൺമെണ്ട് നിർബ്ബന്ധിതമായി തീർന്നിട്ടുണ്ട്.

The Demand was put to vote and carried
The grat was made

Demand for Supplementary grant under 18—Eductaion—
G. Miscellaneous—(b) Miscellaneous.

The Hon'ble Sri Panampilly Govinda Menon: Sir, I move for a supplementary grant of Rs. 45,000 under 18-Education G. Miscellaneous (*b*) Miscellaneous 2 Examinations (*ii*) and (*iii*) School Leaving Certificate and other Examinations.

ഈ ഇനത്തിൽ ൪൫൦൦൦ രൂപാ കൂടുതലായി അനുവദിക്കണമെന്ന് ഞാൻ ഈ സഭ മുമ്പാകെ അപേക്ഷിക്കുന്നു ബഡ്ജററിൽ ഈ ഇനത്തിലേക്ക ൨൦൦൦൦ രൂപായാണ് കൊള്ളിച്ചിരുന്നത്. എന്നാൽ ൧൯൨൩-മാണ്ടിൽ ൧൯൨൪-ൽ നടന്ന പരീക്ഷകളുടെ ചിലവിനുംകൂടിയുള്ള സംഖ്യ ചിലവാക്കേണ്ടതായിട്ടാണ് വന്നത്. ൧൯൨൪-ൽ നടന്ന പരീക്ഷകളുടെ ചിലവിനുംകൂടിയുള്ള സംഖ്യ ആ കൊല്ലം ചിലവു ചെയ്തിരുന്നില്ല. അതിനാൽ എഡ്യൂക്കേഷൻ ബഡ്ജററിൽ വേറെ ചില ഇനങ്ങളിൽനിന്ന് കുറെ സംഖ്യമാററി. അതിനുശേഷം ബാക്കി ൧൫൦൦൦ രൂപായോളമെ ഉള്ളു. ഒക്ടോബർ മാസത്തിൽ നടത്തിയ ഇ. എസ്സ്. എൽ. സി. പരീക്ഷക്കു കൂടി ഇതിൽനിന്നു ചിലവുചെയ്യേണ്ടിവന്നു. ഈ വർഷത്തിൽ നടത്തുവാൻപോകുന്ന പരീക്ഷകൾക്കുകൂടി വേണ്ടിവരുന്ന അച്ചടിച്ചിലവ്, പരീക്ഷകൻമാർക്കു കൊടുക്കേണ്ടഫീസ് ഈ വക ഇനങ്ങൾക്ക് ഇനിയും ൪൫൦൦൦ രൂപാ കൂടി വേണ്ടിവരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് ഈ ഉപധനാഭ്യർത്ഥന ഇവിടെ കൊണ്ടുവന്നിരിക്കുന്നത്.

ശ്രീ. സി. വി. ഇയ്യു: ഈ അടുത്ത സ്കൂൾവർഷം മുതൽ ബഹുമാനപ്പെട്ട ഗവൺമെണ്ടു ഇൻഡ്യയിലെ ഔദ്യോഗികഭാഷയാക്കുവാൻപോകുന്ന ഹിന്ദി സ്കൂളുകളിൽ പഠിപ്പിക്കുവാൻ ആലൊചിക്കുന്നുണ്ടൊ എന്നറിഞ്ഞാൽ കൊള്ളാം.

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഹിന്ദി രാജ്യത്തെ വിദ്യാഭ്യാസപരിപാടിയിൽ ചേർക്കുന്നതിനുവേണ്ട നടപടികളെപ്പററി ആലോചിച്ചുവരികയാണ്.

Sri. K. Sivarama Pillai: May I know, Sir, whether at the time of the Budget Government did not anticipate this demand.

The Hon'ble Sri. Panampilly Govinda Menon: I must frankly admit that there has been some difficulty in calculating the original allotment.

The Demand was put to vote and carried
The grant was made

Demand for Supplementary grant under 19—Medical
(b) & (d) Contingencies

The Hon'ble Sry. Annie Mascarene: I move for a supplementary grant of Rs. 4,22,000 under Head 19—Medical (*b*) Hospitals and Dispensaries, etc. We had pending bills to the amount of 4½ lakhs to be paid from 1123 onwards, and the amount already granted will be utilised only for paying pending bills. There is necessity for the purchase of medicines this year. Hence an amount of Rs. 4 lakhs is requested for this item. Similarly there was an increase in the rate of postage and the amount allotted is not sufficient to meet the expenses. By way of funeral charges we had to spend much more money this year and the amount granted in the Budget was inadequate. In the T.B. Hospital there was a rush this year and we had to harbour more patients, than we had done during the last years. In view to these reasons the allotment has become quite insufficient and I request for a grant of a further amount of Rs. 4,22,000. I hope the House will kindly grant it.

The Hon'ble Sri. E. John Philipose : I second it.

Sri. P. S. Nataraja Pillai : May I know the actual amount of expenditure incurred in 1123 ?

The Hon'ble Sry. Annie Mascarene : Approximately 4½ lakhs.

Sri. K. Sivarama Pillai : Are the bills outstanding from the beginning of this year ?

The Hon'ble Sry. Annie Mascarene : Yes.

Sri. K. Sivarama Pillai : Then why not the amount budgetted for ?

The Hon'ble Sry. Annie Mascarene : Now only we are getting medicines for this year.

Sri. C A. Ouseph : Do the pending bills relate to Travancore or Cochin ?

The Hon'ble Sry. Annie Mascarene : To the former.

Sri. R. K. Ram : May I know whether any allotment is made for Siddha Vaidya Medicines ?

The Hon'ble Sry. Annie Mascarene : There is no list regarding the kind of medicines got down.

ശ്രീ. സി. വി. ഐയ്യ: ടി. ബി. സാനിട്ടോറിയത്തിന്റെ ആവശ്യത്തിലേക്കുവേണ്ടിയാണ് ഈ പണം ആവശ്യപ്പെട്ടിരിക്കുന്നത്; എനിക്കു ഒന്നു പറയുവാനുള്ളത്, ഏകദേശം ൧൩ ലക്ഷം രൂപാ ചെലവുചെയ്തിട്ടുണ്ട്; മുളംകുന്നത്തു കാവ് ടി. ബി. സാനിട്ടോറിയത്തിലേക്ക് കഴിഞ്ഞ മാർച്ചിൽ അതായത് ൧൯൪൯ മാർച്ചിൽ ആണ്, കൊച്ചിയിൽ ഒരു മന്ത്രി ആയിരുന്ന ഇന്നത്തെ തൃശ്ശൂർ പ്രതിനിധി, ശ്രീ. ഔസേപ്പ് അവർകൾ, ഈ സാനിട്ടോറിയം നല്ല നിലയിൽ പരിഷ്കരിച്ചുവലുതാക്കുവാൻ നിശ്ചയിച്ചിട്ടുണ്ടെന്നു അന്നത്തെ ഗവമ്മെണ്ട് പ്രതിനിധി എന്ന നിലയിൽ പറഞ്ഞിട്ടുണ്ട്. അതു നടപ്പിൽ വരുത്താൻ ഇന്നത്തെ ഗവമ്മെൻറിനും ചുമതലയുള്ളതാണ്. അതിനാൽ ആ കാര്യത്തിൽ ശ്രദ്ധിക്കണമെന്നു പ്രത്യേകം ഉൽബോധിപ്പിച്ചുകൊണ്ട്, ഡിമാൻറിനെ അനുകൂലിക്കുന്നു.

Sri. P. S. Nataraja Pillai : I should like to make a few observations on this demand As far as I understand from the answers of the Hon'ble Minister the amount of Rs. 4 lakhs that was budgetted for in 1125 has been paid as part payment of the outstanding dues and 4½ lakhs of rupees is still outstanding. If that be so and if Government have already a liability to the tune of 4½ lakhs, the whole of this supplementary grant will be used up by that payment. The Hon'ble Minister has admitted that there is shortage of drugs in the several hospitals in the State and I wonder how she will be able to meet the demand for medicines, in the current year. Does the Medical Department propose to order for fresh supplies during the current year ? If so, where is the amount for it ? There are a number of hospitals without adequate stock of medicines and the Hon'ble Minister has admitted that fact. If that be so, would it not be proper that some amount is provided for in this demand for buying fresh stocks of medicines. Again my Hon'ble friend Mr. Sivarama Pillai has stated that if the liability was incurred during the past year and the information was available to the Treasury Benches, they ought to have placed the facts before the House at the time of the Budget. According to all known canons of finance this is a grave derilection of duty of the worst type. It is the duty of the Treasury Benches to place the true facts before this House when they frame the Budget.

In this connection I would like to point out that in the Budget for 1125, the estimate under this item is 4 lakhs of rupees. No amount is given under the revised estimate for 1124 or the actuals for 1123. That is a very necessary information we are entitled to get it. The Hon'ble Minister with all the responsibilities and facilities she has, is not able to give me the correct figures. That information is very relevant to decide and debate this question. What is the actual expenditure incurred for the purchase of drugs during 1123 ? And what is the revised expenditure for the year 1124 ? These relevant informations are being kept back and admissions are made which go militating against all procedure on financial demands. Even now, Sir, if the demand is passed, I should like to know how the present shortage of drugs in the Hospitals is going to be met ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: സർ, ഒരുകാര്യം ഇവിടെ വിശദമാക്കണമെന്നാഗ്രഹിക്കുന്നു. ഒരു തെററിദ്ധാരണയാണ് മെമ്പറന്മാർക്ക് ഉണ്ടായിട്ടുള്ളതെന്നുതോന്നുന്നു. ൧൯൪൯-ലും ൧൯൫൦-ലും ആയി നാലുലക്ഷത്തിൽ ചില്വാനം രൂപാ മരുന്നുകൾ വാങ്ങുവ്വ വകയിൽ ഗവമ്മെൻറിൽനിന്നും കൊടുക്കാനുണ്ടായിരുന്നു. അതിന്റെ ബില്ലുകൾ ഗവമ്മെൻറിന്റെ കൈവശം കിട്ടിയതു് ഈ ബഡ്ജററ് രൂപീകരിച്ചതിനുശേഷമാണ്. ഇപ്പോൾ ഈ സംഖ്യ ആവശ്യപ്പെടുന്നതു ഇക്കൊല്ലത്തിലേക്ക് ആവശ്യമുള്ള മരുന്നുകൾ വാ

ങ്ങിക്കുന്നതിനാണ്. ഇക്കൊല്ലത്തെ ബഡ്ജററിൻ നാലുലക്ഷംരൂപാ മരുന്നുവാങ്ങിക്കുന്നതിലേക്കായി നീക്കിവച്ചിട്ടുണ്ടെന്നസംഗതി ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ ഏതാണ്ടു അത്രയും സംഖ്യ തന്നെ ഫ്ലൂ-ലെയും ഫ്ലൂർ-ലെയും മരുന്നുവിലയായി കൊടുത്തുതീർക്കാനുള്ളതുകൊണ്ടു ഫെബ്രു ൦ എപ്രിൽവരെ ഈ സംസ്ഥാനത്തെ ആവശ്യത്തിനായി മരുന്നുവാങ്ങിക്കുവാനുള്ള സംഖ്യ ഗവണ്മെൻറിനുവേണ്ടിരിക്കുന്നു. അതുകൊണ്ടാണ് ഇപ്പോൾ ഈ കൂടുതൽ സംഖ്യ ആവശ്യപ്പെട്ടിരിക്കുന്നതു്.

Sri. K. Sivarma Pillai: May I remind the Chief Minister that the object of the Supplementary Demand is for the payment of pending Bills?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: പെൻറിംഗ് ബിൽസു ഒന്നുകിൽ ഈ തുകയിൽനിന്നും കൊടുക്കാം, അല്ലെങ്കിൽ കൂടുതൽ അനുവദിച്ചുവരുന്ന തുകയിൽനിന്നും കൊടുക്കാം. ആ തുക ഏതിനത്തിൽനിന്നുമാണു ചെലവാക്കേണ്ടതെന്നുള്ളതു കേവലം സാങ്കേതികമായ ഒരു കാര്യമാണ്. മരുന്നുവിലയ്ക്കായി ചെലവു ചെയ്യേണ്ടപണം ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള സംഖ്യയിൽനിന്നുമാണോ, അതോ ഈ ധനാഭ്യർത്ഥനമൂലം ആവശ്യപ്പെട്ടിരിക്കുന്നപണത്തിൽനിന്നുമാണോ എടുക്കേണ്ടതെന്നു വേണമെങ്കിൽ ബഹുമാനപ്പെട്ട മെമ്പർമാക്കു ചോദിക്കുവാൻ കഴിയുമെങ്കിലും ഇത്രയുംസംഖ്യ ഗവണ്മെൻറിനാവശ്യമുണ്ടെന്നു ബഹുമാനപ്പെട്ട മെമ്പർമാക്കു ബോദ്ധ്യപ്പെടുന്നതാണ്. ഏതായാലും ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള നാലുലക്ഷംരൂപാ കഴിഞ്ഞകൊല്ലങ്ങളായി ഗവണ്മെൻറു വാങ്ങിച്ചിട്ടുള്ള മരുന്നിനുവേ കൊടുത്തുതീർക്കുവാനുള്ളതുകൊണ്ടു ഈയാണ്ടത്തെ മരുന്നുവിലയായിട്ടാണു ഇപ്പോൾ ഈതുക ആവശ്യപ്പെടുന്നതു്.

Sri. P. S. Nataraja Pillai: In view of the kind statement made by the Hon'ble Chief Minister, Sir, I am not proceeding further on the lines I have been pursuing. I am glad that the Government have realised the importance of timely and adequate supply of medicines to the various hospitals. Even in spite of some irregularities in the methods of doing things, I welcome the decision of Government to see that the hospitals are supplied adequately with medrcine.

Apart from this, it appears to me, Sir, that the former Cochin territory is now enjoying a preeminence out of all proposition to its size. It is not even as big as the Tamil areas in Travancore, and this location of the High Court at Ernakulam is unreasonable as it is unjust. And the practical possibility of turning Ernakulam into the Capital the rear capital of this integrated State are too remote, and this Government in its present position will not be able undertake such a task in view of its growing financial burdens, nor will Government of India countenance such a move. In these circumstances to think of a new capital even will be rather abornal and I very much wish this Government takes a lesson from the history of the Andrahas whose a claim to the city of Madras though desired by the report of the three-man-committee. Still persist in their demand for a position of the Madras city. Madras city is not even centrally located for the proposed Andra Province. The reason for such insistance is be practical impossibility of building up a new capital and the complete dislocation of normal work following a large exodus of population leaving everything behind with no prospect whatever of having a new capital with equal convenience. So is the position of Ernakulam. It appears to me that this Government in a moment of weakness brought upon itself and its people this Sorry State of affairs resulting in such needless exodus of population leaving everything behind and almost leading the life of refugees in hotels and uninhabitable house paying exorbitant rent. Or how else could be explained that this civilised Government could be a party to the banning of a large section of the members of the learned profession from the Capital city with all attendant hardships? Is this what a democratic Government ought to do for the public or expected to do for the public? The action of Government in this matter has caused untold hardship. One of my Hon'ble friends humourously remarked that it is separation of the judiciary from the executive! This looks like it! That is also something like the distribution of portfolio between the different towns in the State. Whatever that be, the transfer of the High Court to Ernakulam is an act stupendous folly and no time should be lost in bringing it back to the Capital. I was told that it was shifted as a result of a political understanding between certain high placed individuals of the erstwhile Governments, and as a sort of compensation to Cochin which may otherwise lose all importance. That was at a time when propoganda was carried on for the formation of a Kerala Province and Ernakulam was thought of as a possible Capital of the proposed Kerala Province. Now that has become a dead issue and on that simple ground the shifting of the High Court can be thought of forthwith. Proper thing has to be done at the earlist moment. Under the circumstances I would appeal to the Government to decide that vexed problem as early a date as possible, lest it continue to be a live problem and a source of trouble in the future as well. Again Sir, there is very possibility that the High Court will be shifted from its present location. The Government may now hasten to deny the rumour even though it persistant and the position of the High Court has become worse than that of a temporary Court. From the point of view of cferks of the High Court, it has raised problems of a stupendous magnitude. None of the clerks are yet provided with lodgings and they are working and sleeping in the same room. Such is their hard lot. Their families are away in other places. It appears to me that none of these problems can be solved except by the action of Government in immediately shifting the High Court from Ernakulam to the Capital.

Nothing but selfish consideration were at the bottom of the whole affair. Whatever that be, it is an act of stupendous folly, and no time must be lost to bring it back.

With these words, I commend my amendment for the acceptance of this House,

ശ്രീ. മാന്നാർ ഗോപാലൻ നായർ: സർ, ഞാനും ഇതേരീതിയിലുള്ള ഒരു ഭേദഗതി അയച്ചിട്ടുണ്ട്. തിരുവിതാംകൂർ കൊച്ചി സംയോജനത്തിന്റെ ഭരണഫലങ്ങളുടെ കൂട്ടത്തിൽ അഗ്രിമശ്രേണിയിൽ നിൽക്കുന്ന ഒന്നാണ് തിരുവിതാംകൂർ ഹൈക്കോടതിയുടെ സ്ഥലം മാററം. സർ, ഞാൻ ചില തൊഴിൽ സംബന്ധമായ കാരണങ്ങളാൽ എറണാകുളം സന്ദർശിക്കുന്നതിന് ഇടയായി. എന്റെ അനുഭവത്തിൽനിന്നും എനിക്കു പറയാൻസാധിക്കും. ഹൈക്കോടതി ഒരു നിമിഷംപോലും ഇനി എറണാകുളത്ത് വച്ചുകൊണ്ടിരിക്കരുതെന്ന്, ഈ കാര്യത്തെപ്പററി ഗവമ്മെന്റ് കാര്യമായി പരിചിന്തിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. സർ, ചിന്താശൂന്യതയുടേയും ഭാവനാരാഹിത്യത്തിന്റേയും ഒരു മാതിരിയുള്ള വൈരാഗ്യത്തിന്റേയും, ഏകോപിച്ചുള്ള സന്താനമാണ് ഈ ഹൈക്കോടതിയുടെ സ്ഥലം മാററം. ഇന്ന് എറണാകുളത്തുചെന്ന് നോക്കുകയാണെങ്കിൽ ഹൈക്കോടതിയെ ആശ്രയിച്ചു താമസിക്കുന്ന ന്യായാധിപന്മാരുടെയും അഭിഭാഷകന്മാരുടെയും ഹൈക്കോടതി ശമ്പളംകൊണ്ട് ജീവിതം കഴിക്കേണ്ടിവരുന്ന ക്ലാർക്കന്മാരുടേയും, ലിററിഗാന്റ് പബ്ലിക്കിന്റേയും സ്ഥിതി എത്രമാത്രം പരിതാപകരമാണെന്ന് പറയാതെ നിവ്വാഹമില്ല. രണ്ടാമതായി ഹൈക്കോടതി തിരുവനന്തപുരത്തുനിന്നും എറണാകുളത്തേക്ക് മാററിയതിന്റെശേഷം കേസുകളുടെയും മററും സ്ഥിതി നോക്കിയാലും ഹൈക്കോടതി അവിടെ ഒരു നിമിഷമെങ്കിലും ഇനി വെച്ചുകൊണ്ടിരിക്കുവാൻ പാടില്ലെന്ന് നമുക്കു മനസ്സിലാകും. ഉദ്ദേശം ൨൫൦൦ൽ പരം കേസുകളാണ് തിരുവിതാംകൂർ വിഭാഗത്തിൽ ഉണ്ടായിരുന്നത്. അതിൽ സി. ആർ. പി. ആയിട്ടും അപ്പീൽ ആയിട്ടും ഉള്ള കേസുകളുടെ കാര്യമാണ് ഞാൻ പറഞ്ഞതു്. കൊച്ചിയിലാണെങ്കിൽ ആകെക്കൂടി ഒരാണ്ടിൽ ഇരുന്നൂറു കേസുകളാണ് ഹൈക്കോടതിയിലേക്കു വന്നുകൊണ്ടിരുന്നതു്. അങ്ങനെയിരിക്കെ ഈ തിരുവതാംകൂർ ഡിസ്ട്രിക്ടിൽ നിന്നും അതായതു് തിരുവനന്തപുരത്തുനിന്നും എറണാകുളത്തേക്ക് ഹൈക്കോടതി മാററിയതു് ചിന്താശൂന്യതയുടേയും ഭാവനാരാഹിത്യത്തിന്റേയും ഒരുവക വൈരാഗ്യത്തിന്റേയും ഫലമാണെന്നുള്ളതു് പറയാതിരിക്കാൻ നിവ്വാഹമുണ്ടോ. സർ, ഇപ്പോൾ ഈ ഹൈക്കോടതി ഇട്ടിരിക്കുന്ന കെട്ടിടം വളരെ ദൌർബല്യമുള്ള ഒന്നാണെന്നാണ് സംസാരം. അതിന്റെ ഭിത്തികൾ ഇടിഞ്ഞു വിടവുള്ളതായിട്ടാണ് കാണപ്പെടുന്നതു്. മുകളിലത്തെനിലയിൽ ബഞ്ചുകൾ ഇടാൻ തക്കവണ്ണം ഉള്ള ഉറപ്പ് ഇല്ലെന്നാണ് വിദഗ്ദ്ധന്മാരുടെ അഭിപ്രായം. ഒരു മഴ പെയ്യുകയാണെങ്കിൽ വലിയ ഒരു ചാർച്ച അവിടെ ഉണ്ടാകുമെന്നും ഈ ഭാരങ്ങളെല്ലാം വഹിക്കുകയാണെങ്കിൽ കെട്ടിടം ആകപ്പാടെ താമസിയാതെതന്നെ ഇടിഞ്ഞുവീഴുന്ന ലക്ഷണമാണുള്ളതു് എന്നുമാണ് ആളുകൾ അഭിപ്രായപ്പെടുന്നതു്. അതുകൊണ്ടു് ഇപ്പോൾ കോടതി നടക്കുന്നതു് താഴത്തെനിലയിലാണ്.

സർ, ഹൈക്കോടതിയുടെ മുകളിലത്തെ നിലയിൽനിന്ന് നോക്കുകയാണെങ്കിൽ രണ്ടു സ്ത്രീരൂപങ്ങൾ കാണാൻ കഴിയുന്നതാണ്. നഗ്നരൂപത്തിൽ, കോടതി വാതുക്കൽതന്നെ നിൽക്കുന്ന ഈ രണ്ടു സ്ത്രീ സ്റ്റാററ്യുകളേയും നോക്കിക്കൊണ്ടു് വേണം ന്യായാധിപന്മാർ ന്യായം നടത്തേണ്ടതു്. ആരുടെ കലാപരമായ തൃഷ്ണയെ ശമിപ്പിക്കാനാണ് ഈ നഗ്നരൂപങ്ങൾ നിറുത്തിയിരിക്കുന്നതെന്നു പറയാൻ എനിക്കു നിവ്വാഹമില്ല. ഏതായാലും അതു് ബീഭത്സമാണ്. സർ, അതുപോലെതന്നെ ഈ ഹൈക്കോർട്ടിന്റെ വാലായി തൂങ്ങുന്ന ലാക്കോളേജിനെ സംബന്ധിച്ചും എനിക്ക് ഒന്നു പറയുവാനുണ്ട്.

Sri. C. A. Ouseph: Does the question of Law college arise in this connection.

ശ്രീ. മാന്നാർ ഗോപാലൻ നായർ: ലോക്കാളേജിനും ഹൈക്കോടതിക്കും തമ്മിൽ ബന്ധമുണ്ടെന്നാണ് എന്റെ വിശ്വാസം. അവിടത്തെ വിദ്യാത്ഥികളെ അവരുടെ താമസസ്ഥലത്തു് സന്ദർശിക്കുന്നതിനും അവരോടു് സംസാരിക്കുന്നതിനും ഇടയായി. അഞ്ചും ആറും അടി വീതിയും നീളവും മാത്രമുള്ള മുറികളിൽ ഈ വിദ്യാത്ഥികൾ കഴിച്ചുകൂട്ടുന്നതു് കണ്ടാൽ വളരെ ദയനീയമായിട്ടു തോന്നും. കുളിക്കുന്നതിന് നല്ലവെള്ളം കിട്ടാതെയും കിടക്കുന്നതിന് സൌകര്യമുള്ള സ്ഥലങ്ങൾ ഇല്ലാതെയും തെരുവുനീളെ എറണാകുളത്തെ ജീവിതത്തെപ്പററി അശ്ലീലമായ പാട്ടുകളുംപാടി നടക്കുന്ന ഒരു രംഗമാണ് ഞാൻ കണ്ടതു്. ഭാവി പനമ്പിള്ളി ഗോവിന്ദമേനോന്മാരും ടി. എം. വറുഗീസന്മാരും അബ്ദുള്ളാമാരും മററും ആകേണ്ട ഈ വിദ്യാത്ഥികൾ ഇപ്പോൾ അവിടെ അനുഭവിക്കുന്ന വൈഷമ്യങ്ങൾക്ക് കയ്യും കണക്കുമില്ല. നല്ല ആഹാരമില്ലാതെ, കുടിക്കുന്നതിനും കുളിക്കുന്നതിനും നല്ല വെള്ളമില്ലാതെ, നീരും ചോരയും വററി കഴിയുന്ന ചെറുപ്പക്കാരുടെ നില ദയനീയമാണെന്ന

പറയാതെ നിവൃത്തിയില്ല. മന്ത്രിണി ശ്രീ. ആനിമസ്ക്രീൻ അവരെ കണ്ടിരുന്നു എങ്കിൽ ഉടൻതന്നെ ഹൃദയസ്തംഭനംമൂലം മോഹാലസ്യയായി വീണുപോകുമായിരുന്നു. വില്ലിങ്ങ്ടൺ ദ്വീപിന്റെ പശ്ചിമതീരത്തു് ഉയൎന്നു നില്ക്കുന്ന ഓരോ മോഹിനിയന്ത്രങ്ങളുടെ മുകളിൽ പുഷ്പരംഗംപോലെ പതിപ്പിച്ചു കാണുന്ന വൈദ്യുത ദീപങ്ങൾ പ്രേക്ഷകരുടെ കണ്ണിനു് ആനന്ദം കൊടുക്കുമായിരിക്കാം. അതുപോലെതന്നെ ആ കായലിലെ ചെറുകല്ലോല മാലകളും ഇടയ്ക്കിടെ അടിക്കുന്ന ചെറുതെന്നലുകളും ഒരു ജോസഫ് മുണ്ടശ്ശേരിക്കോ ഒരു ശങ്കരക്കുറുപ്പിനോ അവരുടെ ഭാവനാശക്തി വികസിപ്പിക്കുന്നതിനു പൎയ്യാപ്തമാക്കിയേക്കാം. എന്നാൽ നാം കൂടുതൽ യഥാൎത്ഥ്യത്തോടു സമീപിച്ചു് വിദ്യാൎത്ഥികളുടെ കാൎയ്യമാണു് നോക്കണ്ടിയിരിക്കുന്നതു്. ഇതിനുംപുറമെ ഗവൎമ്മെൻറിൽനിന്നും കിട്ടുന്ന ശമ്പളത്തെമാത്രം ആധാരമാക്കി ജീവിക്കേണ്ടിവരുന്ന ഹൈക്കോടതിയിലെ ജീവനക്കാർ ഭാൎയ്യയേയും കുഞ്ഞുങ്ങളേയും ഉപേക്ഷിച്ചു് കോടതി മാത്രം ശരണരായി അവിടെ കിടന്നനുഭവിക്കുന്ന വൈഷമ്യങ്ങൾ ആലോചിച്ചു നോക്കുകയാണെങ്കിൽ ഒരൊററനിമിഷംപോലും താമസിക്കാതെ ഹൈക്കോടതി എറണാകുളത്തുനിന്നും തിരുവനന്തപുരത്തേക്കു് മാററേണ്ടതാണെന്നു ബോദ്ധ്യമാകുന്നതാണു് ജീവിതസന്ധാരണത്തിനു് അവിടെ കിടന്നു് ഇവർ അനുഭവിക്കുന്ന സങ്കടങ്ങൾ ഏവരുടെ ഹൃദയത്തേയും അലിയിക്കുന്നതാണു്. അതുകൊണ്ടു് ബഹുമാനപ്പെട്ട ഗവൎമ്മെൻറിനോടു് എനിക്കു അപേക്ഷിക്കാനുള്ളതു് ഈ ഹൈക്കോടതി മാററുന്നകാൎയ്യത്തിൽ ആവശ്യമില്ലാതെ ദുർവ്വാശിപിടിക്കേണ്ട കാൎയ്യമില്ലാ എന്നാണു്. മഹാത്മാഗാന്ധിയുടെ ആദൎശത്തിൽ വിശ്വസിച്ചു് പ്രവൎത്തിക്കേണ്ടവരാണു് നമ്മളെല്ലാം, നാം അങ്ങനെ ചെയ്യുന്നവരാണെന്നുവരികിൽ—അതിനു സന്നദ്ധരാണെന്നുവരികിൽ, തിരുവിതാംകൂർ-കൊച്ചി യൂണിയൻ ഹൈക്കോടതി തിരുവനന്തപുരത്തുതന്നെ മാററണമെന്നുള്ള പൊതുജനാഭിപ്രായം ആദരിക്കുകതന്നെ വേണം. എന്റെ അറിവു് ശരിയാണെങ്കിൽ ഈയ്യിടെതന്നെ എറണാകുളം അഡ്വോക്കെററു് അസോസിയേഷൻ ഹൈക്കോടതി എറണാകുളത്തുനിന്നും മാററണമെന്നു പ്രമേയം പാസാക്കിയിട്ടുണ്ടു്. തിരുവനന്തപുരത്തുനിന്നും ഈ ഹൈക്കോടതി മാററപ്പെട്ട സാഹചൎയ്യം എല്ലാ സ്ഥലത്തുള്ളവൎക്കും വാദിക്കാവുന്നതാണു്. ആരുവാമൊഴിയിൽ ഉള്ളവർ അങ്ങോട്ടും വിളവംകോട്ടുള്ളവർ വിളവംകോട്ടും അതുപോലെതന്നെ മററു സ്ഥലങ്ങളിൽ ഉള്ളവർ അവരുടെ സ്ഥലത്തേക്കും ഹൈക്കോടതി മാററണമെന്നു പറയും. ഇതിന്റെ ഉപഭോക്താക്കൾ നമ്മളല്ല, ലിററിഗൻറു് പബ്ലിക്കും അഭിഭാഷകന്മാരും കോടതി ജീവനക്കാരുമാണു്. അവർ അവിടെനിന്നും മാററണമെന്നു പറയുമ്പോൾ ഗവൎമ്മെൻറിനു് എന്താണു് വൈമനസ്യം അതവിടെ നിന്നും മാററാൻ അതുകൊണ്ടു് ഈ ഭേദഗതി സ്വീകരിക്കുന്നതു തങ്ങളുടെ അഭിമാനത്തിനു് പോരാത്തതാണെന്നു് വിചാരിക്കേണ്ട ആവശ്യമില്ല. ഈ അമൻറുമെൻറു് സ്വീകരിച്ചു് എത്രയും വേഗം ഈ ഹൈക്കോടതി തിരുവനന്തപുരത്തു മാററണമെന്നു് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. സി. വി. ഇയ്യു : ബഹുമാനപ്പെട്ട മെമ്പർ മി. ജ്ഞാനശിഖാമണി ഇത്തരം ഒരു ഭേദഗതി ഇവിടെ കൊണ്ടുവന്നതിൽ എനിക്കു് വ്യസനമുണ്ടു്. ഏറെത്താമസിയാതെ തിരുവിതാംകൂറിലെ തമിഴ്പ്രദേശങ്ങൾ മധുരക്കും തിരുനൽവേലിക്കു പോയേക്കും അങ്ങനെയാണു് ഞാൻ വിശ്വസിക്കുന്നതു്. അങ്ങനെ വേണമെന്നാണു് എന്റെ അഭിപ്രായവും. അങ്ങനെയാണെങ്കിൽ തിരുവനന്തപുരം തമിഴ്നാടാണെന്നു അവർ പറഞ്ഞേക്കും. അപ്പോൾ ഈ ഹൈക്കോടതി ഇവിടെയിരുന്നാൽ രാജ്യത്തിന്റെ കിടപ്പനുസരിച്ചു അതിനു പ്രശക്തി ഉണ്ടായിരിക്കുകയില്ല. നാം എന്നെങ്കിലും ഐക്യകേരളത്തിൽ ചെന്നു ചേരാതിരിക്കുകയില്ല. ആ ഐക്യകേരളം മി. കേളപ്പൻ പറയുന്ന രീതിയിലായാലും ശരി മി. കേശവമേനോന്റെ അഭിപ്രായപ്രകാരമുള്ള ഐക്യകേരളമായാലും ശരി.

ശ്രീ. മാന്നാർ ഗോപാലൻ നായർ : മി. ഇയ്യുവിന്റെ അഭിപ്രായപ്രകാരമുള്ള ഐക്യകേരളമെങ്ങനെയാണു്?

ശ്രീ. സി. വി. ഇയ്യു : ഇയ്യുവിന്റെ അഭിപ്രായം തിരുവിതാംകൂർ തിരുവിതാംകൂറായിട്ടും കൊച്ചി കൊച്ചിയായിട്ടും വിട്ടേക്കണമെന്നാണു്. മി. കേളപ്പന്റെ അഭിപ്രായം കുന്നുരും ഷോർ ഞുരും കൂടി വേണമെന്നാണു്. ഐക്യകേരളത്തിൽ അപ്പോൾ ഹൈക്കോടതി പിന്നെ അവിടെ നിന്നും പോകും. ഏതായാലും ഇപ്പോൾ എറണാകുളംവരെ എങ്കിലും എത്തിയതു് നന്നായി.

[Sri. C. V. Iyyu.]

ഇവിടെനിന്നും കൊച്ചിയിൽ പോയവക്ക് വളരെ സങ്കടമുണ്ടാകുന്നുണ്ടെന്ന് നിങ്ങൾ പറയും. അതുപോലെതന്നെ കൊച്ചിയിൽനിന്നും ഇവിടെ വന്നവക്ക് സങ്കടം ഉണ്ടാകുന്നുവെന്നും ഞങ്ങളും പറയും. ഇരുകൂട്ടക്കും സങ്കടം കാണും.

മി. സ്പീക്കർ : 'നിങ്ങൾ' എന്നു പറഞ്ഞതു് ആരെ ഉദ്ദേശിച്ചാണ്?

ശ്രീ. സി. വി. ഇയ്യു : ഈ ഭേദഗതിയെ അനുകൂലിക്കുന്ന തിരുവിതാംകൂർകാരായ മെമ്പറന്മാരെപ്പററിയാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പറന്മാരെ ഉദ്ദേശിച്ചു 'നിങ്ങൾ' എന്ന പദം ഉപയോഗിക്കാൻ പാടില്ല.

ശ്രീ. സി. വി. ഇയ്യു : ബഹുമാനപ്പെട്ട മെമ്പറന്മാർ പറയുന്നതായ അതേവിധത്തിലുള്ള കഷ്ടപ്പാടുകളും സങ്കടങ്ങളും കൊച്ചിപ്രദേശത്തുനിന്നും ഇവിടെ വന്നിരിക്കുന്ന ആളുകൾക്കും ഉണ്ട്. പക്ഷെ അതേപ്പററി പറയുമ്പോൾ നിങ്ങൾ ശ്രദ്ധിക്കുന്നില്ലെന്നേയുള്ളൂ.

ശ്രീ. മാന്നാർ ഗോപാലൻനായർ : സർ, 'നിങ്ങൾ' എന്ന പ്രയോഗം വീണ്ടും ഉണ്ടായിരിക്കുന്നു.

Mr. Speaker : The Hon'ble Member may address the Speaker.

ശ്രീ. സി. വി. ഇയ്യു : ഞങ്ങൾ ന്യൂനപക്ഷക്കാരാണ്. അതുകൊണ്ടു് ഞങ്ങൾ കൊച്ചിയിലെ ആളുകളുടെ വിഷമതകളെപ്പററി ഇവിടെ പറഞ്ഞാൽ അതു അത്ര വളരെ ശ്രദ്ധിച്ചു എന്നു വരികയില്ലായിരിക്കാം. ഏതായാലും വിഷമതകൾ ഇരുകൂട്ടക്കുമുണ്ട്. അതു് താൽക്കാലികങ്ങളുമായിരിക്കും. അതുകൊണ്ടു് ആ കാരണത്താൽ ഹൈക്കോടതി അവിടെനിന്നും മാറേണ്ടതായുണ്ടെന്നു തോന്നുന്നില്ല.

മറെറാരു കാര്യം അവിടത്തെ ലോക്കോളേജിനെപ്പററിയാണ്. കോളേജ് അവിടെ നടത്തുന്നതിൽ പലക്കും അസൗകര്യമുണ്ടെന്നും ലോക്കോളേജ് സ്റ്റുഡൻറ്സിനുതന്നെ അവിടെ താമസിക്കാൻ സൗകര്യമില്ലെന്നും, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ശ്രീ. ഔസേപ്പു മന്ത്രിയായിരുന്ന കാലത്തു താമസിച്ചിരുന്ന നല്ലൊരു കെട്ടിടം അവിടെയുണ്ട്. നമ്മുടെ ഭാവിപൗരന്മാർ ആകേണ്ടവർ, ഭാവി നാരായണപിള്ളമാരും, അബ്ദുള്ളമാരും, പന്നമ്പിള്ളിമാരും, പിലിപ്പോസന്മാരും മററുമാകേണ്ടവർ താമസിക്കേണ്ട ആ വീട്ടിൽ ഒരു വക്കീൽ താമസിച്ചാൽ മതിയെന്ന് ഈ ഗവൺമെണ്ടു നിശ്ചയിക്കുകയും അങ്ങനെ ആ വക്കീലിന് ബ്രഹ്മാണ്ഡമായ ആ കെട്ടിടം വിട്ടുകൊടുക്കുവാൻ ഗവൺമെണ്ടിൽനിന്നും കല്പന കൊടുക്കുകയും ചെയ്തുവെന്നാണ് കേൾക്കുന്നതു്. കൂടുതൽ സൗകര്യാദികൾ അവിടത്തെ ലോക്കോളേജ് വിദ്യാർത്ഥികൾക്ക് ചെയ്തുകൊടുക്കുവാൻ ഗവൺമെണ്ടിനു കഴിയുന്നതാണ്. ആയതു് അത്യാവശ്യവുമാണ്. മറെറാന്നു്, അവിടെ അശ്ലീലമായ പാട്ട് കേൾക്കുന്നു എന്നുള്ളതാണ്. അശ്ലീലമായ പാട്ട് അവിടെ ചെന്നു ആരും പഠിച്ചതാകുകയില്ല. ഞാൻ എറണാകുളത്തു വളരെക്കാലം താമസിച്ചിട്ടുണ്ട്. യാതൊരു അശ്ലീലമായ പാട്ടും അവിടെ ആരും പാടുന്നതായി കേട്ടിട്ടില്ല. ലോക്കോളേജ് വിദ്യാർത്ഥികൾ എറണാകുളത്തു റോഡുകളിൽ കൂട്ടമായിട്ടും ഒററക്കും നടക്കുന്നതും കണ്ടിട്ടുണ്ട്. അശ്ലീലമായ പാട്ടുപാടി നടക്കുന്ന ലോക്കോളേജ് വിദ്യാർത്ഥികളുമായി ഞാൻ ഇതുവരെ കണ്ടുമുട്ടീട്ടില്ല.

ശ്രീ. മാന്നാർ ഗോപാലൻനായർ: ഇവിടെ അശ്ലീലമായ പാട്ടുപാടുന്നതു് കേട്ടിട്ടുണ്ടോ?

ശ്രീ. സി വി. ഇയ്യു : ഞാൻ എറണാകുളത്തെ കാര്യമാണ് പറഞ്ഞതു്. അവിടെ അശ്ലീലമായ പാട്ട് ആരെങ്കിലും പാടുന്നുണ്ടെങ്കിൽ അതു ഇവിടെനിന്നും പഠിച്ചു പോയി അവിടെ പാടിയതാണ്. ഇതൊക്കെ പറഞ്ഞു് ഒരു വലിയ കാര്യമാക്കി പൊക്കിക്കൊണ്ടുവരേണ്ടതായുണ്ടെന്ന് എനിക്കു തോന്നുന്നില്ല. കുട്ടികൾ എന്തൊക്കെ ചെയ്യുന്നു? അതു് കാര്യമാക്കാനുണ്ടോ? പലപ്പോഴും നല്ല മതഗ്രന്ഥങ്ങളിൽക്കൂടി നല്ല കാര്യങ്ങൾ ചിത്രയാക്കി പറയുവാനും വ്യാഖ്യാനിക്കുവാനും ചിലക്കു പ്രത്യേകിച്ചും വാസനയുണ്ട്. (song of songs) ബൈബിളിൽ സോംഗ് ഓഫ് സോംഗ്സുണ്ട്. (ഉത്തമ ഗീതം). ഹിന്ദുക്കളുടെ ഗ്രന്ഥത്തിൽ രാസക്രീഡയുണ്ട്. ഇതൊക്കെ മഹൽതത്വങ്ങൾ ഉൾക്കൊള്ളുന്ന ചില ഉപാഖ്യാനങ്ങളാണെങ്കിലും കഥയില്ലാത്തവർ ഏററവും അശ്ലീലങ്ങളായി ഇതിനെ കരുതുന്നു. അതുപോലെ കൊടുങ്ങല്ലൂർ ഭരണിക്ക് എന്തോ പാടുന്നു എന്നു പറഞ്ഞു്, എറണാകുളത്തു ഹൈക്കോടതി പാടില്ല എന്നു പറയുന്നതിൻെറ സാംഗത്യം എന്താണെന്ന് എനിക്കു മനസ്സിലാകുന്നില്ല. എറണാകുളത്തു യാതൊരു അശ്ലീലങ്ങളും ഉള്ളതായി എനിക്കറിവില്ല.

ശ്രീ. മാന്നാർ ഗോപാലൻനായർ : ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ എറണാകുളത്തെ പ്പററി പാടിയിട്ടുള്ള പാട്ടു ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. സി. വി. ഇയ്യു : ഞാനറിയില്ല. തീരെ കവിതയില്ലാത്ത ആളാണ് ഞാൻ.

അടുത്തതു്, സ്റ്റാച്ചുവിന്റെ കാര്യമാണ്. സ്റ്റാച്ചുവിന്റെ കാര്യംകൊണ്ടു് എറണാകുളത്തുനിന്നും ഹൈക്കോടതി തിരുവനന്തപുരത്തേക്കു് മാററണം. ഇതിൽ എന്താണ് യുക്തി? അതു് അവിടെ നഗ്നരൂപത്തിൽ രണ്ടു സ്ത്രീകളെ കണ്ടതുകൊണ്ടാണോ? നഗ്നരൂപത്തിൽ ഒരു പുരുഷന്റെ സ്റ്റാച്ചുകൂടി ഒരു സ്ത്രീയുടെ സ്റ്റാച്ചുവിനു പകരംവച്ചാൽ ഹൈക്കോടതിയുടെ പ്രവർത്തനം അവിടെ സുഗമമായി നടക്കുമെന്നാണോ ഇതിന്റെ അർത്ഥം? സർ, ഞാൻ റാം മോഹൻ പാലസ്സ് കണ്ടിട്ടുണ്ടു്. അവിടെയുള്ള ഈ സ്റ്റാച്ചുവും കണ്ടിട്ടുണ്ടു്. അതിന്റെ കലാപരമായ ഭംഗികണ്ടു് ആസ്വദിച്ചിട്ടുണ്ടു്. ഈശ്വരന്റെ ഒരു സൃഷ്ടിവിശേഷം പ്രതിമയിൽകൂടികണ്ടാൽ, ഇത്രവളരെ പരിഭ്രമിക്കുവാൻ എന്താണുള്ളതെന്നു ഞാൻ ചോദിക്കുന്നു.

ശ്രീ. മാന്നാർ ഗോപാലൻനായർ : ഈവിന്റെ സ്റ്റാച്ചുവാണോ അവിടെ ഇരിക്കുന്നതു്?

ശ്രീ. സി. വി. ഇയ്യു : ആയിരിക്കാം. പക്ഷെ കലാപരമായ ഒരു നല്ല പ്രദർശനമാണതു്. ഹൈക്കോടതിയുടെ പ്രവർത്തനം അതുകൊണ്ടു് തീരെ നടക്കുകയില്ലെന്നുകണ്ടാൽ, ആ സ്റ്റാച്ചു അവിടെനിന്നും മാററി ഈ നിയമസഭാമന്ദിരത്തിന്റെ മുൻപിൽ അല്ലെങ്കിൽ സർ സി. പി. യുടെ സ്റ്റേച്ചു ഇരുന്ന സ്ഥലത്തു മാററി സ്ഥാപിക്കുന്നതിനും എനിക്കു വിരോധമില്ല. പക്ഷെ, അതിനുവേണ്ടി ഹൈക്കോടതി എന്തിനു മാററണം? മഹാകവി വള്ളത്തോൾ അടുത്ത കാലത്തു് 'കലയോ സദാചാരമോ ഏതാണ് വേണ്ടതെന്നു് ഈശ്വരൻ എന്നോടു ചോദിച്ചാൽ, ഞാൻ കല മതിയെന്നു പറയും' എന്നു പറഞ്ഞിട്ടുണ്ടു്. കുറെ കാലത്തെക്കെങ്കിലും ആ ആദർശം സ്വീകാര്യമാണെന്നാണ് എന്റെയും അഭിപ്രായം.

ശ്രീ. മാന്നാർ ഗോപാലൻനായർ : കലയുടെ രൂപത്തിലാണോ ബഹുമാനപ്പെട്ട മെമ്പർ ആ സ്റ്റാച്ചു ദർശിക്കുന്നതു്.

ശ്രീ. സി. വി. ഇയ്യു : അല്ലാ, വേറെ രൂപത്തിലുമുണ്ടു്.

രാഷ്ട്രീയകാര്യങ്ങളിൽ കേവലം ന്യൂനപക്ഷമായിരിക്കുന്ന ഇന്നത്തെ പ്രതിപക്ഷ കക്ഷിക്കാർക്കു ഹൈക്കോടതി എറണാകുളത്തുനിന്നും തിരുവനന്തപുരത്തേക്കെന്നല്ല കന്യാകുമാരിയിലേക്കു മാററിയിരുന്നാലും അതിൽ വലിയ ആക്ഷേപമൊന്നുമില്ല. കാരണം ഈ എതിർപക്ഷക്കാരുടെ ശക്തിക്കും പിൻബലത്തിനും ഇങ്ങനെയുള്ള കാര്യങ്ങൾ വളരെ സഹായകമായി ഭവിക്കുമെന്നുള്ളതാണ്. പക്ഷെ എതിർപക്ഷത്തിന്റെ ഗുണത്തിനുവേണ്ടിയല്ല ഹൈക്കോടതി എറണാകുളത്തു സ്ഥാപിച്ചിരിക്കുന്നതു്. ഹൈക്കോടതി എറണാകുളത്തു കൂടിക്കുന്നതുകൊണ്ടു കൊച്ചിയിലുള്ളവർ മാത്രമല്ല അതിന്റെ ഗുണം അനുഭവിക്കുന്നതും. ലിററിഗൻറ പബ്ലിക്കുമല്ല. ഈ തിരുവിതാംകൂർ പ്രദേശത്തെ വടക്കൻദിക്കുകളിലുള്ളവർ ഭൂരിപക്ഷംപേരും, വിശേഷിച്ചും വടക്കെയററത്തെ അഞ്ചാറു താലൂക്കിലുള്ളവരെങ്കിലും, കൊച്ചിക്കാരെപ്പോലെതന്നെ ഹൈക്കോടതി എറണാകുളത്തു സ്ഥാപിക്കുന്നതിൽ താൽപര്യമുള്ളവരാണ്. അവർക്കു ഹൈക്കോടതി ഇപ്പോൾ എറണാകുളത്തേക്കു മാററിയതുകൊണ്ടു മുൻപു തിരുവനന്തപുരത്തിരുന്നതിനേക്കാൾ കൂടുതൽ സൗകര്യങ്ങൾ ഉണ്ടായിട്ടുണ്ടു്.

ഇതിനും പുറമെ തിരുവിതാംകൂറും കൊച്ചിയും മദ്രാസു പ്രസിഡൻസിയിൽ മെർജ്ചെയ്യണമെന്നുള്ള അഭിപ്രായക്കാർക്കു ഹൈക്കോടതി തിരുവനന്തപുരത്തായാലെന്താണ്, എറണാകുളത്തായാലെന്താണ്? എത്രയോ വക്കീലന്മാർ മദ്രാസിൽപോയി പ്രാക്ടീസുചെയ്യുന്നു? ആദർശപരമായി പറഞ്ഞാൽ നീതിന്യായം പരിപാലിക്കേണ്ടവരും പരിപാലിക്കുവാൻ കടപ്പെട്ടവരുമായ ആളുകളാണ് വക്കീലന്മാർ. അതുകൊണ്ടു ഹൈക്കോടതി എവിടെയായിരുന്നാലും അവിടെ പ്രാക്ടീസുചെയ്യുവാൻ വിഷമമൊന്നുമില്ല.

ഈ കാരണങ്ങളാൽ ഹൈക്കോടതി എറണാകുളത്തുതന്നെ സ്ഥാപിക്കേണ്ടതാണ്. ഐക്യകേരളം ഉണ്ടായാൽ അവിടെനിന്നും വടക്കോട്ടു ഷൊർണ്ണൂരേക്കോ തിരൂരേക്കോ മാററേണ്ടതായിവരും. എന്നാൽ തല്ക്കാലം അതൊന്നും വേണമെന്നില്ല. അത്രയ്ക്കു് വടക്കോട്ടു പോയില്ലെങ്കിലും എറണാകുളത്തുതന്നെ ഹൈക്കോടതി സ്ഥാപിക്കുന്നതാണ് തല്ക്കാലം എല്ലാംകൊണ്ടും സൗകര്യമായിരിക്കുന്നതു്.

Sri. C. A. Ouseph: I don't want to say much in opposing the amendment. Nothing has been said by the mover of the amendment to support the position that the High Court of a State should be in its capital. Trivandrum is the capital of the State and I think it is the capital because the Secretariat is there. Some may be tempted to say that Ernakulam is the capital of the State because the High Court is there, the harbour is there, and a very large income of the State comes through that part of the State. Whatever it is, what is the argument to establish that the High Court should be in the capital of the State? Is there to be any day-to-day association between the Government and the High Court sitting in the same place so that the administration may be carried on quickly, more efficiently and more to the satisfaction and the prosperity of the people? I do not think for a moment that the mover of this amendment will put it on that basis. Then, what is the necessity for the High Court to be in the capital and not anywhere else? The High Court is an institution to which the people at large have to resort to on occasions which may be most urgent. The location of the High Court in a place which is not the capital—would it in any way militate against the needs of those people who have to resort to that institution? If it is so, there would be some argument that the High Court should be in the capital. I did not hear the Hon'ble mover of this amendment say anything in support of that. Has it ever been laid down in any part of the world that the High Court should always be in the capital of the State?

Sri. K. P. Nilakanta Pillai: May I know whether it has been laid down in any part of the world that the High Court should not be in the capital of the State?

Sri. C. A. Ouseph: I shall enquire and find out. I said that I am not aware that it has been laid down anywhere, in any part of the world that the High Court should necessarily be in the capital of the State. If it has been laid down that it should be in the capital of the State and if I am satisfied that the reasons mentioned are valid, I would support the mover. I have not come across the reasons. The reasons were not stated. I am not at all influenced by the fanciful vituperative remarks made regarding Ernakulam.

Sri. Eapen Arakkal: Can the Hon'ble Member give an instance in which the High Court is placed outside the capital?

Sri. C. A. Ouseph: It was so in Mysore and also in the United Provinces. But we would need not be imitators of precedents. Let us deal with the problem as a practical question. Why should not the High Court be at Ernakulam? Is it because of practical difficulties?

Sri. K. P. Nilakanta Pillai: Yes.

Sri. C. A. Ouseph: I will deal with the practical difficulties. Is not Ernakulam more centrally situated in regard to the United State than Trivandrum? I wait for the answer. If Ernakulam is more centrally situated, why should not the High Court be there?

If that is necessary there is absolutely no justification for this roping together of the High Court and the capital any necessity for roping together, I would like to get the reasons.

Now, in regard to the remarks about the unsuitability of Ernakulam, I heard during the budget session—and there were many members who spoke—about the pros and cons for—Ernakulam. But I have had the occasion to deal with Ernakulam, to practise at Ernakulam, to live at Ernakulam off and on during the last 40 years.

Sri. Mannar Gopalan Nair: Therefore, the hon'ble member has a special liking for Ernakulam?

Sri. C. A. Ouseph: I am a citizen of the United State and I make no preference. I was in a responsible position when the decision to have the High Court at Ernakulam was come to. I would request the hon'ble members to respect for a while the decision once come to and approved by this House before casting stones at that decission. If you find Ernakulam is unsuitable, take the High Court wherever you will. But has it become necessary? It was said that there was no space at Ernakulam for the High Court. Go to the High Court Buildings and see. There are large spaces there, unoccupied. I am not speaking in a mood of tit for tat. We were told that the Secretariat here—the United State Secretariat—is so big that it can very easily accommodate the United Secretariat. But see what has happened. See also the Accountant General's office being so urgently built up. In every place, when you put one and two together or two and one are brought together, there will be some difficulty for space. In Ernakulam, there is ample scope for extension. Ernakulam is not the small village of about 200 or 300 acres. Ernakulam takes in Cochin; it takes in Alwaye; Edapally, and Trippunittura. Do not mistake Ernakulam for a little island or a small shore near the lake. People may by tempted to see poetry in it but even those who don't breathe poetry have found habitations there

Persons who move about with poetry in their mind might look into the sea and think that they will be drowned. But you must know that in Ernakulam. you can find very good water, very good space, very good air and very good people. (Laughter). That is Ernakulam.

There is absolutely no need to remove the High Court from Ernakulam. Something was said about some statues standing there. The Ram Mohan Palace was built up for the stay of distinguished guests and for their tastes, some statues were put up there.

Sri. Mannar Gopalan Nair : Why can't they be properly dressed ?

Sri. C. A. Ouseph : I, for one, would like them to be removed. I remember I had an occasion to speak about it when I was a Minister in Cochin to my Hon'ble colleague who was in charge to dress them that they may not offend any eye. They may be removed and I think there will be nobody who will object to the removal if it is necessary.

Before closing I will say a word about Ernakulam now that a member who was in the realm of poetry spoke of Ernakulam so slightingly. I have heard the late Mrs. Sarojini Naidu exclaim at Ernakulam "This is the Venice of the East".

Sri. Mannar Gopalan Nair : Are they not the words of a poet ?

Sri. C. A. Ouseph : No, a practical woman who held the reins as the Governor of a Province.

Sri. Mannar Gopalan Nair : Has it not been said about the Trivandrum High Court, Sir ?

Mr. Speaker : There is a rule that all questions should be addressed to the Speaker, The best way to do it is for the member to stand up and say "Sir, a question". Then if the member who speaks sits down, the question will be put.

Sri. C. A. Ouseph : The President of the Indian Assembly, Sir Shanmukham Chetty said that "Ernakulam is the queen of the Arabian Sea". I have also heard Dr. Annie Besant extolling Ernakulam to the skies and lately our Raj Pramukh has said in the plainest possible language that there is no place in the South comparable to Ernakulam. Of course, I do not depend upon the beauty of Ernakulam but I am answering the charges against Ernakulam. There is absolutely no reason to remove the High Court to any place from Ernakulam. A fresh air has begun react in the High Court since it was removed there. Two sets of advocates whose views were different have come together and they are sitting together and in course of time they will begin to think together and act together. If the Advocates' Association has passed some resolution, it has its own background. I do not want to say anything about it. That was a repetition of the old resolution passed at Trivandrum and we know repetitions are condemned.

ശ്രീ. തഞ്ചത്തു കുഞ്ഞിത്തൊമ്മൻ : സർ,

മി. സ്പീക്കർ : ആർഡർ, ആർഡർ, ഈ ബില്ലിനെ സംബന്ധിച്ച് ബഹു. മെമ്പറന്മാർ ശ്രീ. വി. കെ. വർഗ്ഗീസ്, ശ്രീ. പി. നാണു്, ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള, ശ്രീ. ഈപ്പൻ അറക്കൽ, ഇവരെല്ലാം ഭേദഗതികൾ അയച്ചിട്ടുണ്ട്. ആ മെമ്പറന്മാർക്ക് ഇതേപ്പററി സംസാരിക്കാവുന്നതാണ്.

Sri. K. P. Nilakanta Pillai : Sri. Kunjithomman may be given preference to speak in support of the motion, Sir. If he is going to opyose the motion, he will have to wait.

മി. സ്പീക്കർ : ഈ അമൻഡ്മെൻറിനോട് അനുകൂലിച്ച് സംസാരിക്കണമെന്നുള്ളവർക്ക് സംസാരിക്കാം. അതുകഴിഞ്ഞിട്ടു മററുള്ള മെംബറന്മാർക്കും.

Sri. K. P. Nilakanta Pillai : Sir, I would like to make a few observations about this amendment. My Hon. friend who resumed his seat just now and who opposed this amendment evidently must have been a student of logic because he was accusing the mover of the amendment that he did not advance any convincing reasons. in support of the amendment. And the only reason he advanced was the question of whether it has been laid down anywhere in the history or geography or any record in the world that the High Court of a State should be in the capital. When he was confronted with the counter-question whether it has been laid down anywhere that the High Court should not be in the capital of a State, his logic did not take him further. Therefore if that is the only argument that he has advanced, my submission is that he stands defeated by that one argument. If we look at the history of the world in the overwhelming majority of cases the High Court is located in the capital of the State. There may be exception. Sir, look at the picture now, the integration and its results. We now boast to be citizens of the United State of Travancore and Cochin that has been integrated willingly or unwillingly by those who are in authority. When this question comes everyone is forgetting the

[Sri. K. P. Nilacanta Pillai]

merits or demerits of the question and come forward to oppose or support the amendment from the particular view point whether he belongs to Cochin or Travancore. That is the kind of mentality which is being exhibited in this House when we boast of the benefit of integration. So what is the exact situation today. Let it be the High Court of Travancore or Cochin or let it be the United State High Court, it is at Ernakulam. I have no poetry, I am a man of no poetry. I am a man of the earth and I will put this question plainly; which is more convenient apart from all other considerations whether Ernakulam or Trivandrum. I expect a very honest reply from the members who have come here. Ernakulam High Court may be there or here; it may be the result of political arrangement or the result of some other arrangement but look at the simple question 'which is more convenient for the location of the High Court'? If we are honest, if we can forget for a moment that we belong to this part or that part of the Union the only answer is Trivandrum is more convenient. It is the only question and it is the only answer which must weigh with us in deciding this question whether the High Court should be at Trivandrum or at Ernakulam. The amendment says "High Court may be at the capital of the State". What exactly was in the minds of the promoters of this bill when they put down the clause "the High Court shall be at Ernakulam" I do not know.

Mr. Iyyu has been telling why should we not agitate for the merger of this Union with the neighbouring province of Madras and in that case we will have to go to Madras. If Madras is more convenient than Trivandrum and Ernakulam, why not choose Madras. Which is more convenient that is the question. Since we have not merged with Madras Mr. Iyyu's argument is today out of place. After the 26th January we do not know what may happen because there are some of the clauses in the Constitution Clause 230 I believe—by which the Supreme Court may change the jurisdiction of any High Court. Even the Madras High Court may be asked to extend its jurisdiction so that the Union territory may also be covered by that or the United State High Court may be asked to extend its jurisdiction to Tinnevelly and Coimbatore. That is the position in which we find after the 26th of January. If that be the position there is no meaning in saying that the High Court in a central place. Another argument advanced by my friend is that Ernakulam is the Centre of the State. Is it the centre according to geography? We know we have got about 30 taluks and Cochin only 6 taluks and Ernakulam is in Cochin. Therefore how can Ernakulam be the centre of the United State of Travancore and Cochin. My friend was trying to impress upon us that Ernakulam is not Ernakulam alone but Ernakulam plus something, Ernakulam means Cochin. Now we can say Trivandrum is not Trivandrum alone but Tinnevelly and Coimbatore. But what is the argument, Sir, I ask. I fail to find any argument. We can include Alwaye within Ernakulam. Alright shift the High Court to Alwaye, it will be more convenient. I have no quarrel with Ernakulam nor have I any particular liking for Trivandrum. Let the High Court be at Trivandrum or at Ernakulam or at Quilon but which is more convenient for everyone concerned that is the only issue here. I have nothing to say about the Ernakulam people or Sir Shunmughom Chetty's remark. I have seen the Ernakulam park. Ernakulam is very beautiful for a particular night but after day break what is the situation? We are concerned with that, Sir. (Laughter) Anyhow when this amendment was moved, everyone seems to get poetry, Sir. (Renewed laughter). My point is about the resolution passed by the Ernakulam Advocates' Association. My friend wants somehow to discount the value of this resolution. I can only sympathise with my hon'ble friend who wants to discount the value of such a resolution. Now, I ask this question, if the Ernakulam Advocates' Association passed a resolution stating that Ernakulam is unsuited to the location of the High Court, are we more competent to say from the litigants' point of view, or from the point of view of judicial administration so far as the Ernakulam High Court is concerned, than the Advocates' Association at Ernakulam? We are more or less a political body. This decision was taken on a political ground. Therefore, I urge here that public policy alone is not involved in shifting the High Court to Ernakulam. If you do not attach any value to the resolution passed by the Advocate Association, then it shows that this Government is impervious to public opinion. There is also the possibility of Mr. Kelappan's Aikya Keralam coming into being or merger taking place according to us. In either case the High Court has to go from Ernakulam. We do not know what will happen after the 26th January 1950. It is likely that the jurisdiction of the Madras High Court is extended or the jurisdiction of the Ernakulam High Court extended in some other District. One thing is certain. Ernakulam may be the Venice of the West Coast. It is a very busy place. That is why it is chosen as the future Naval base of India. That decision has been

taken though I am very sorry to say that it has been challenged by Mr. P. Govinda Menon a few days back in a Press interview. Such interviews are very common as soon as a Minister arrives from Delhi. What I wish to point out is that these decisions are taken not after ascertaining our views. We know how matters relating to Copra and Pepper were decided. Vice Admiral Parry has stated that the Government of India have decided to make Ernakulam and Cochin a Naval base. The Hon'ble Members will realise what extent of land is required for a Naval base. Therefore, the High Court must be shifted from Ernakulam. Practically half the area of Cochin will be absorbed in the new Naval base. If that be so we will be asked to shift the High Court. Till that order comes should we wait? Why should we put the poor people and the staff of the High Court and all others concerned into this inconvenience? We have to look upon the question from all these aspects. It does not matter whether the High Court is at Ernakulam or Trivandrum. But what does matter is the consideration which of these places will be more convenient. You cannot on a fine morning declare Ernakulam or Alwaye to be the capital of the State. Some friends of ours has declared one fine morning that Aikya Keralam has taken shape and Alwaye will be the Capital. Such things cannot however be easily translated into action. It is just a Mid Summer Night's dream for many of our political carreerists. These matters should not be looked from a political point of view but only from a Judicial point of view. We must have some convincing reason, to take a decision. If there is difference of opinion we must follow public opinion. The public opinion expressed by the Advocates who have the right to express that opinion in this matter, has to be taken note of. If we slight them, they are also likely to slight us. Let us decide things on its merits. It is not a question whether Ernakulam is a happy place or not to locate the High Court today. People from Cochin have stated to me that Trivandrum is 25 times better than Ernakulam to live in. We get plenty of vegetables, very good water and comparatively we have got a better climate. If that be so that is the only criterion for deciding this question. If Trivandrum is more suited for locating the High Court, let us not stand on our prestige. My humble submission before this House is not to look at this question with any prejudice or parochial bias. Let us for the time being have the High Court at Trivandrum since that is more convenient.

ശ്രീ. തയ്യുത്തു കുഞ്ഞിരാമമേനോൻ: സർ, ഞാൻ ഇയ്യ ഭേദഗതിയെ ശക്തിയായി എതിർക്കുന്നു. പക്ഷപ്രതിപക്ഷ ബുദ്ധിയോടുകൂടിയ പ്രാദേശിക വാദങ്ങളും സാമുദായിക വാദങ്ങളും ജനക്ഷേമത്തേയും ജനകീയ ഭരണത്തിന്റെ പുരോഗതിയേയും ബാധിക്കുമെന്നുള്ള വിശ്വാസം എനിക്കുണ്ടു്. ആ വിശ്വാസം എല്ലാവർക്കും ഉണ്ടായിരിക്കേണ്ടതുമാണു്. അതുകൊണ്ടു് ഇതിനെ ഒരു പ്രാദേശികവിഷയമായി ഞാൻ ഗണിക്കുന്നില്ല. പഴയ കൊച്ചിയിലെ ജനപ്രതിനിധികളിൽ ചിലരാണു് ഇവിടെ ഹൈക്കോടതി എറണാകുളത്തുതന്നെ വേണമെന്നു് വാദിക്കുകയുണ്ടായതു്. കൊച്ചി വിഭാഗം എന്നു പറയുന്നതു ശരിയല്ലെന്നു പറഞ്ഞേക്കാം. എന്നാൽ ഇപ്പോഴും നിയമങ്ങളിലും ബഡ്ജറ്റിലുമൊക്കെ കൊച്ചിയുണ്ടെന്നു സമ്മതിക്കാതെ തരമില്ല. കൊച്ചിക്കാരായ മെമ്പറന്മാർ ഹൈക്കോടതി അവിടെ വേണമെന്നു് വാദിച്ചതുകൊണ്ടു് ഒരു കുറഞ്ഞ വിഭാഗം ആളുകൾക്കു മാത്രമേ ഹൈക്കോടതി എറണാകുളത്തിരിക്കുന്നതുകൊണ്ടു് ഗുണമുള്ളു എന്നു സങ്കല്പിക്കുന്നതു തെററാണു്. ഇതു നിശ്ചയമായും ഒരു പ്രാദേശികവാദമല്ല. പൊതുജനങ്ങളുടെ സൗകര്യത്തെയാണു് മുഖ്യമായും ഈ വിഷയത്തിൽ പരിഗണിക്കേണ്ടതു്. എറണാകുളത്തെ അഡ്വക്കേററന്മാർ ഹൈക്കോടതി അവിടെ ആയിരിക്കണമെന്നും തിരുവനന്തപുരത്തെ അഡ്വക്കേററന്മാർ തിരുവനന്തപുരത്തായിരിക്കണമെന്നും വാദിച്ചിട്ടുണ്ടു്. എന്നാൽ ഇങ്ങനെയുള്ള പരിഗണനകൾക്കെല്ലാം ഉപരിയാണു് പൊതുജനങ്ങളുടെ സൗകര്യം. പൊതുജനങ്ങളുടെ സൗകര്യമല്ലേ നീതിന്യായ കോടതികൾ മുഖ്യമായി നോക്കേണ്ടതു്, അതൊ വക്കീലന്മാരുടെ സൗകര്യമാണൊ? നിശ്ചയമായും പൊതുജനങ്ങളുടെ സൗകര്യമാണു് ജനകീയ ഗവൺമെണ്ടു നോക്കേണ്ടതു്. ഹൈക്കോടതിയിൽ ആകെയുള്ള കേസുകളിൽ ൨൦ ൦ ഓളം കേസുകൾ മാത്രമേ കൊച്ചി വിഭാഗത്തുനിന്നുള്ളു എന്നു് ബഹു. മെമ്പർ ശ്രീ. ഗോപാലൻനായർ ഇവിടെ പ്രസ്താവിക്കയുണ്ടായി. കൊച്ചിവിഭാഗത്തിൽ അത്രയേ ഉള്ളു എന്നുള്ളതു ശരിയായിരിക്കാം. എന്നാൽ എറണാകുളത്തിനു് ൪ ൦ മൈൽ ഇപ്പുറംവരേയുള്ള തിരുവിതാംകൂറിന്റെ വടക്കൻ പ്രദേശങ്ങളിൽനിന്നും അവിടെ ധാരാളം കേസുകൾ ഉണ്ടെന്നു പരിശോധിച്ചാൽ അറിയാവുന്നതാണു്. നിശ്ചയമായും എറണാകുളം ഹൈക്കോടതിയിലെ കേസുകളിൽ ഭൂരിഭാഗവും എറണാകുളത്തുനിന്നും ഇങ്ങോട്ടു് ൪ ൪ മൈലിനു് അകമുള്ള ആളുകളുടേതാണെന്നു് നിസംശ

[Sri. Tharyath Kunjithomman]

യം പറയാം. ആ നിലക്ക് നോക്കുമ്പോൾ ഹൈക്കോടതി എറണാകുളത്തിരിക്കുന്നതുകൊണ്ട് യാതൊരു തരക്കേടുമില്ല. എറണാകുളത്തുതന്നെ വേണമെന്നു തരക്കേടുമില്ല. കുറെ കൂടി ഇങ്ങോട്ടുമാററി ആലുവായിലൊ കോട്ടയത്തോ സ്ഥാപിച്ചാലും നിർബ്ബന്ധമില്ല. ആലുവായിലൊ കോട്ടയത്തോ സ്ഥാപിക്കണമെന്നു പറഞ്ഞാൽ സൗകര്യമുള്ള കെട്ടിടമില്ലെന്നാണ് ഇപ്പോൾ പറയുന്ന സമാധാനം. കെട്ടിടം ഉണ്ടാക്കാനാണെങ്കിൽ അതിനും കുറെ കാലതാമസമുണ്ടായേക്കും. ഏതായാലും ഹൈക്കോടതി ഇപ്പോൾ സ്ഥാപിച്ചിരിക്കുന്നപോലെ എറണാകുളത്തുതന്നെ കിടക്കുന്നതുകൊണ്ടു ഒരു വിഷമവും വരാനില്ല.

പിന്നെ ഇപ്പോൾ ഹൈക്കോടതി സ്ഥാപിച്ചിരിക്കുന്ന കെട്ടിടത്തിലിരിക്കുന്ന ചില വിഗ്രഹങ്ങൾ അശ്ലീലങ്ങളാണെന്ന് ഒരാക്ഷേപമുണ്ട്. എന്നാൽ കലാപരമായി വളരെ മേന്മയുള്ള വിഗ്രഹങ്ങളാണ് അവ എന്നാണ് കലാബോധമുള്ളവർ അഭിപ്രായപ്പെടുന്നതു്. അങ്ങിനെയാണെങ്കിൽ ആ വിഗ്രഹങ്ങളെ കാഴ്ചബംഗ്ലാവിലേക്കു മാററി സൂക്ഷിക്കുന്നതിന് യാതൊരു വിഷമവുമില്ല. അതോടുകൂടിതന്നെ കെട്ടിടത്തിന്റെ അററകുററപണികളും തീർക്കാവുന്നതാണ്. ഇതെല്ലാം താരതമ്യേന നിസ്സാരങ്ങളായ കാര്യങ്ങളാണ്. ഇപ്പോൾ തന്നെ എത്ര എത്ര വമ്പിച്ച തുകകളാണ് സപ്ലിമെൻററി ഗ്രാൻറായി ഇവിടെ കൊണ്ടുവന്നു പാസ്സാക്കികൊണ്ടിരിക്കുന്നതു്. അതു ആലോചിക്കുമ്പോൾ ഈ ഹൈക്കോടതിക്കുവേണ്ടി ഒരു സംഖ്യ ചെലവാക്കാൻ എന്താണ് വിഷമമെന്നു എനിക്ക് മനസ്സിലാകുന്നില്ല. ഇപ്പോഴത്തെ കെട്ടിടത്തിന്റെ ചോർച്ച മാററുന്നതിനും അററകുററപ്പണികൾ തീർക്കുന്നതിനും അത്ര വലിയ സംഖ്യയൊന്നും ആവശ്യമില്ല:

തിരുവിതാംകൂറിന്റെ വടക്കൻപ്രദേശത്തുള്ളവർക്കെല്ലാം ഹൈക്കോടതി എറണാകുളത്തിരിക്കുന്നതുതന്നെയാണ് സൗകര്യം. രാജ്യം തെക്കോട്ടുവരുംതോറും വിസ്താരം കുറഞ്ഞു കുറഞ്ഞാണ് വരുന്നതു്. ജനനിബിഡതയും വടക്കൻപ്രദേശങ്ങളിലാണ് കൂടുതൽ ഉള്ളതു്. അതുകൊണ്ട് ഉത്തരതിരുവിതാംകൂർ പ്രദേശത്തെ ഈ യൂണിയന്റെ ഒരു കേന്ദ്രമായിത്തന്നെ കണക്കാക്കാവുന്നതാണ്. പോരെങ്കിൽ അതു ഒരു മനോഹരമായ പ്രദേശവുമാണ്. ഇനിയൊരുകാലത്തു മലബാർകൂടി ചേർന്നുവരുമ്പോൾ കേന്ദ്രസ്ഥാനം ഒരുപക്ഷെ കുറച്ചുകൂടി വടക്കോട്ടു മാറാമായിരിക്കാം. എങ്കിലും ഇപ്പോഴുള്ളതിൽ ഏററവും നല്ല സ്ഥലം എറണാകുളംതന്നെയാണ്. അവിടത്തേക്ക് ഹൈക്കോടതി മാററിയതുകൊണ്ടു് പൊതുജനങ്ങൾക്കു സങ്കടമുണ്ടെന്നു ഞാൻ ഒരിക്കലും വിചാരിക്കുന്നില്ല. വക്കീലന്മാർക്ക് ഒരുപക്ഷെ കുറെവിഷമതകളുണ്ടായിരിക്കാം.

ലാക്കാളേജു വിദ്യാർത്ഥികളുടെ കാര്യവും ഇക്കൂട്ടത്തിൽ ചില ബഹുമാനപ്പെട്ട മെമ്പർമാർ പറയുകയുണ്ടായി, അവർക്ക് വാസ്തവത്തിൽ കുറെ ബുദ്ധിമുട്ടുകളുണ്ടെന്നു എനിക്കുമറിയാം. അതിനു പരിഹാരമുണ്ടാക്കേണ്ടതാണെന്നും ഞാൻ പറയുന്നു. അവിടത്തെ ബഹുമാനപ്പെട്ട മുൻ മന്ത്രി താമസിച്ചിരുന്ന കെട്ടിടം അവരുടെ ഉപയോഗത്തിന് കൊടുക്കാവുന്നതാണല്ലോ. അങ്ങിനെ അവരുടെ ബുദ്ധിമുട്ടുകൾ നിവൃത്തിയുള്ളിടത്തോളം കഴിയുന്നതും വേഗം പരിഹരിക്കേണ്ടതാണെന്നു ഞാനും അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ഹൈക്കോടതി മാത്രമല്ല, പ്രധാനപ്പെട്ട വകുപ്പു കേന്ദ്രങ്ങളെല്ലാംതന്നെയും ജനങ്ങളുടെ സൗകര്യമനുസരിച്ചു വടക്കോട്ടു മാററുകയാണ് വേണ്ടതു്. ജനങ്ങളുടെ സൗകര്യത്തെയാണോ പ്രാദേശികമായ ചിന്തകളേയും കെട്ടിട സൗകര്യത്തേയും ആണോ ഈ മാതിരി കാര്യങ്ങളിൽ ഗണിക്കേണ്ടതു് എന്നു് ഞാൻ ചോദിക്കുന്നു. ജനങ്ങളുടെ സൗകര്യമാണ് ഗണിക്കേണ്ടതെങ്കിൽ നിശ്ചയമായും പ്രധാനപ്പെട്ട വകുപ്പുകേന്ദ്രങ്ങളും കൂടി അങ്ങോട്ടു മാററേണ്ടതാണ്. തിരുവനന്തപുരത്താണെങ്കിൽ ഒരു യൂനിവേഴ്സിററി ഉണ്ടല്ലോ. യൂനിവെഴ്സിററിയിൽ ദിവസവുംവന്നു ആളുകൾക്ക് കാര്യങ്ങളൊന്നും സാധിക്കാനില്ല. അതുകൊണ്ടു് യൂനിവേഴ്സിററി ഇവിടത്തന്നെ ഇരിക്കുന്നതുകൊണ്ടു് ആർക്കും ഒരസൗകര്യവും ഉണ്ടാകാനില്ല.എന്നാൽ ജനങ്ങൾക്ക് കൂടെക്കൂടെവന്നു് കാര്യങ്ങൾ നേടാനുള്ള വകുപ്പു കേന്ദ്രങ്ങൾ ജനങ്ങൾക്ക് സൗകര്യപ്രദമായവിധത്തിൽ വടക്കോട്ടു മാറേണ്ടതു് അത്യാവശ്യമാണ്. ഇതെല്ലാം പ്രാദേശിക ചിന്തയോടുകൂടിയോ പഴയ മാമൂൽ പ്രിയംവച്ചുകൊണ്ടോ വീക്ഷിക്കേണ്ട കാര്യങ്ങളല്ല. തിരുവനന്തപുരം മുമ്പെത്തന്നെ തലസ്ഥാനമാണല്ലോ; ഹൈക്കോടതിയും ഹജൂരാപ്പീസ്സുമെല്ലാം വളരെക്കാലമായി ഇവിടെയാണെല്ലോ കിടക്കുന്നതു്, ഇപ്പോൾ അതു മാറിപ്പോകുന്നല്ലോ എന്നുള്ള ഒരു വിചാരഗതിയോടുകൂടി ചിന്തിക്കേണ്ട ഒരു പ്രശ്നമല്ല ഇതു്. വകുപ്പുകേന്ദ്രങ്ങൾ തെക്കെ അററത്തു സ്ഥാപിച്ചിരിക്കുന്നതുകൊണ്ടു് ഭൂരിഭാഗം ജനങ്ങൾക്കും

വലിയ വിഷമതകളുണ്ട്. അതുകൊണ്ട് ഭരണകൂടത്തിന്റെ കേന്ദ്രംതന്നെയും വടക്കോട്ടു മാറേണ്ടതാണെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് ഈ ഭേദഗതിയെ ഞാൻ ശക്തിയുക്തം എതിർക്കുന്നു.

ശ്രീ. കളത്തിൽ വേലായുധൻനായർ: സർ, ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു. ഭേദഗതികൊണ്ട് ആവശ്യപ്പെടുന്നതു് ഹൈക്കോടതി രാജ്യത്തിന്റെ തലസ്ഥാനത്തുതന്നെ ആയിരിക്കണമെന്നാണ്. അല്ലാതെ ഹൈക്കോടതി തിരുവനന്തപുരത്തായിരിക്കണമെന്നോ, എറണാകുളത്തായിരിക്കണമെന്നോ ഉള്ള യാതൊരുവാദവും അതിൽ അന്തർവിച്ചിട്ടില്ല. ഈ ഭേദഗതിയെ എതിർത്തുകൊണ്ട് ശ്രീമാൻ തര്യത്തു കുഞ്ഞിത്തൊമ്മൻ പുറപ്പെടുവിച്ച വാദഗതികളെല്ലാം ഭേദഗതിക്ക് അനുകൂലമായിരുന്നുവെന്നു കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു. രാജ്യത്തിന്റെ തലസ്ഥാനംകൂടെ അങ്ങോട്ടു മാററണമെന്നാണ് ശ്രീ: കുഞ്ഞിത്തൊമ്മൻ വാദിച്ചതു്. യഥാർത്ഥത്തിൽ അതുതന്നെയാണ് ശ്രീ: ജ്ഞാനശിഖാമണിയുടെ ഈ ഭേദഗതിയിലും. ഉദ്ദേശിച്ചിരിക്കുന്നതു്. അങ്ങനെ ശരിയായി പറയുന്ന പക്ഷം ശ്രീ. കുഞ്ഞിത്തൊമ്മൻ ഈ ഭേദഗതിയെ അനുകൂലിച്ചു എന്നാണ് മനസ്സിലാക്കേണ്ടതു്.

ശ്രീ. തര്യത്തുകുഞ്ഞിത്തൊമ്മൻ: ഹജൂർ കച്ചേരി അങ്ങോട്ടു ക്രമേണ മാററിയാൽ മതിയെന്നാണ് ഞാൻ പറഞ്ഞതു്.

ശ്രീ. കെ. വേലായുധൻനായർ: ഏതായാലും രണ്ടും ഒരിടത്തു വേണമെന്നാണ് ശ്രീ. കുഞ്ഞിത്തൊമ്മൻ പറഞ്ഞതു്. അതുതന്നെയാണ് ഭേദഗതിയിലും ആവശ്യപ്പെടുന്നതു്. ഹൈക്കോടതി തലസ്ഥാനത്തുതന്നെ ആയിരിക്കണമെന്നു പറയുന്നതിന്നു പല ന്യായങ്ങളും ഉണ്ട്. തലസ്ഥാനം എന്നു പറഞ്ഞാൽ ഭരണകൂടത്തിന്റെ ആസ്ഥാനമെന്നാണ് അർത്ഥം. ആയുർവ്വേദ ഡയറക്ടരാപ്പീസ്സോ, ജില്ലാക്കോടതിയോ അതുപോലുള്ള മററു ആഫീസുകളോ ഇരിക്കുന്ന സ്ഥലമല്ല തലസ്ഥാനം. ഭരണകൂടത്തിനാണെങ്കിൽ മൂന്നു വിഭാഗങ്ങളുണ്ട്. എക്സിക്യൂട്ടീവ്, ലെജിസ്ലേററീവ്, ജുഡീഷറി എന്നീ മൂന്നു വിഭാഗങ്ങൾ ചേർന്നതാണ് ഭരണകൂടം. അതുകൊണ്ട് ഭരണകൂടത്തിന്റെ ആസ്ഥാനമെന്നു പറയുമ്പോൾ ഈ മൂന്നു വിഭാഗങ്ങളുടേയും ആസ്ഥാനം എന്നാണ് അർത്ഥമാകുന്നതു്. അതുകൊണ്ട് ഈ മൂന്നു സ്ഥാപനങ്ങളും തലസ്ഥാനത്തുതന്നെ ഇരിക്കണം, അല്ലെങ്കിൽ ഈ മൂന്നു സ്ഥാപനങ്ങളും ഇരിക്കുന്ന സ്ഥലത്തെമാത്രമേ തലസ്ഥാനം എന്നു പറയാവു എന്നു പറയുന്നതു വെറും ന്യായം മാത്രമാണ്. അതുകൊണ്ട് ഈ ഭേദഗതിയെപ്പററി പരിഗണിക്കുമ്പോൾ നമ്മുടെ രാജ്യത്തിനു ഒരു തലസ്ഥാനം വേണമോ അല്ലെങ്കിൽ തലസ്ഥാനം ഒരു സ്ഥലത്തുതന്നെ ഇരിക്കണമോ അതല്ല രണ്ടു സ്ഥലത്തിരിക്കണമോ എന്നുള്ളതാണ് നമ്മുടെ മുമ്പിലുള്ള പ്രശ്നം.

ശ്രീ. പി. എം. വറുഗീസ്: ജുഡീഷറിയെ എക്സിക്യൂട്ടീവിൽനിന്നു വേർതിരിക്കണമെന്നുള്ള വാദത്തെ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ ഹൈക്കോടതി എറണാകുളത്തായിരിക്കുന്നകൊണ്ട് എന്താണ് തരക്കേട്.

ശ്രീ. കളത്തിൽ വേലായുധൻനായർ: ജുഡീഷറിയെ എക്സിക്യൂട്ടീവിൽനിന്ന് വേർതിരിക്കണമെന്നു പറഞ്ഞാൽ ഹൈക്കോടതി ഹജൂരാപ്പീസ്സു കെട്ടിടത്തിൽനിന്നു മാററിസ്ഥാപിക്കണമെന്നല്ല അർത്ഥം. അതുകൊണ്ട് ആ ചോദ്യത്തിനു മറുപടി പറയേണമെന്നുതന്നെ ഞാൻ വിചാരിക്കുന്നില്ല. ഭരണകൂടത്തിന്റെ മൂന്നു വിഭാഗങ്ങളും ഒരിടത്തുതന്നെ ഇരിക്കണമെന്നുള്ള ന്യായങ്ങൾ ഞാൻ പറഞ്ഞുകൊണ്ടു വരുകയായിരുന്നു. ഈ മൂന്നു വിഭാഗങ്ങളും പരസ്പരം സഹായിച്ചും ദൈനംദിനം അടുത്തും കഴിഞ്ഞുപോകുന്ന വിഭാഗങ്ങളാണ്. ഇന്നു നമ്മുടെ ഭരണകൂടത്തെ നോക്കിയാൽ ഭാഗ്യവശാലോ നിർഭാഗ്യവശാലോ അതിനെ നിയന്ത്രിക്കുന്നതു മുഴുവൻ അഭിഭാഷകരാണ്. ജുഡീഷറിയും ഭരണകൂടവുമായിട്ടുള്ള ഈ അടുത്ത ബന്ധം നാം എല്ലാരാജ്യങ്ങളിലും കാണുന്നുണ്ട്. ആ നിലക്കു ജുഡീഷറിയെ ഭരണകൂടത്തിൽനിന്നും വേർപെടുത്തി രാജ്യത്തിന്റെ മറെറാരുഭാഗത്തു് കൊണ്ടു് സ്ഥാപിക്കുക എന്നുള്ളതു് ന്യായമായ ഒരു കാര്യമല്ല. ചില സ്ഥലങ്ങളിൽ അങ്ങനെ സംഭവിച്ചുപോയിട്ടുണ്ടെന്നുള്ളതു് പരമാർത്ഥമാണ്. എന്നാൽ ചിലയിടങ്ങളിൽ സംഭവിച്ചിട്ടുള്ളതുകൊണ്ട് ഇവിടേയും അങ്ങനെ വേണമെന്നു വാദിക്കുന്നതു് യുക്തിഹീനതയാണ്. യു. പി. യിലും മൈസൂരിലും മററും അങ്ങനെയാണെങ്കിൽ അതിന്ന് ചില കാരണങ്ങളുമുണ്ട്. അതെല്ലാം വ്യത്യസ്തങ്ങളാണ്. അതല്ല നാം നോക്കേണ്ടതു്. അതുകൊണ്ട് ഹൈക്കോടതി തലസ്ഥാനത്തുനിന്നും മാററുന്നതു് ശരിയാണോ എന്ന് സഭ ഗൗരവമായി ചിന്തിക്കണമെന്നാണ് എനിക്കു പറയാനുള്ളതു്. ഈ രാജ്യത്തെസംബന്ധിച്ചിടത്തോളം അങ്ങനെ യാതൊരു ആവ

[Sri. Kalathil Velayudhan Nair]

ശ്യവും ഇവിടെവന്നിട്ടില്ല. സ്ഥലത്തിന്റെ ദൂരക്കുറവിനേയും ദൂരക്കൂടുതലിനേയുംപററി ശ്രീ. കുഞ്ഞിത്തൊമ്മൻ പറയുകയുണ്ടായി. എറണാകുളത്തുനിന്നും ൪ ൦ മൈൽ തെക്കോട്ടുള്ള ആളുകളുടെ കേസുകളാണ് ഹൈക്കോടതിയിൽ വളരെ കൂടുതലെന്നും അവർക്ക് എറണാകുളമാണ് സൗകര്യമെന്നും അദ്ദേഹം വാദിക്കുകയുണ്ടായി. എന്നാൽ ആ വാദങ്ങളൊന്നും ഇതിനെസാരമായി ബാധിക്കുന്ന സംഗതികളല്ലെന്നാണ് എനിക്ക് പറയാനുള്ളത്. അഞ്ചോ പത്തോ മയിൽ കൂടുതൽ കക്ഷികൾക്ക് പോകേണ്ടിവരുമെന്നുള്ളതുകൊണ്ട് ഹൈക്കോടതി തലസ്ഥാനത്തുനിന്നും മാററണമെന്ന് ആരെങ്കിലും വാദിക്കുമെന്നു ഞാൻവിചാരിക്കുന്നില്ല. അതിന് ഒരു പ്രധാന കാരണവുമുണ്ട്. ഹൈക്കോടതിയിലേക്കും തലസ്ഥാനനഗരിയിലേക്കും ആളുകൾക്ക് ധാരാളമായി വരേണ്ട ആവശ്യം കാണും. ഹൈക്കോടതിയിൽ വരുന്ന ആൾ എപ്പോഴും അതിന്നു മാത്രമായിട്ടല്ല വരുന്നത്. തങ്ങളുടെ ആരെങ്കിലും ചിലപ്പോൾ യൂനിവേഴ്സിററിയിൽ പഠിക്കുന്നുണ്ടാവും. ചിലപ്പോൾ അക്കൗണ്ട് ആപ്പീസ്സിൽനിന്നോ കൂജൂർ കച്ചേരിയിൽനിന്നോ എന്തെങ്കിലും കാര്യങ്ങൾ സാധിക്കാനുണ്ടാകും. ഈ സ്ഥാപനങ്ങളെല്ലാം ഒരു സ്ഥലത്തുതന്നെ ഉണ്ടായാൽ ഈ കാര്യങ്ങളെല്ലാം പ്രയാസം കൂടാതെ സാധിക്കും. ഇങ്ങനെയുള്ള പല സൗകര്യങ്ങളും ഉള്ളതുകൊണ്ടാണ് ഹൈക്കോടതി തലസ്ഥാന നഗരിയിൽതന്നെയായിരിക്കണമെന്ന് പറയുന്നത്. അതിന്ന് പ്രത്യേകിച്ച് കാരണമൊന്നും ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ട് എറണാകുളത്തിന്റെ മാഹാത്മ്യത്തേയോ യോഗ്യതയേയോ ഗണിക്കാതെതന്നെ ഈ ഭേദഗതിയെ അനുകൂലിക്കുകയും പാസ്സാക്കുകയും ചെയ്യാവുന്നതാണ്. ഈ ഭേദഗതിയെ എതിർക്കുന്നതിന് യാതൊരു കാരണവുമില്ലാത്തതുകൊണ്ട് സഭ ഇതിനെ അനുകൂലിക്കുമെന്നും പാസ്സാക്കണമെന്നും അപേക്ഷിക്കുന്നു.

Sri. P. Balakrishnan Tampi: Sir, I have been listening with interest to the passionate speeches made on behalf of Ernakulam as well as those on behalf of Trivandrum. Sir, my predilections naturally would be in favour of Trivandrum. Yet we could see that this is a matter which has provoked great feelings on either side. I am one of those who always believe in the expediency of things. It is very clear that our Ministerial Moses went on horse to the market and purchased gilt spectac'es in this matter. I would certainly congratulate Mr. Panampilli who did a good thing to his State. I think that the opposite side would have done well, if they had engaged me to advocate their cause. I could not be so enthusiastic in complimenting my friend the former Hon'ble Minister. Anyway, it was not a good bargain nor did his colleagues acquit themselves well.

Sir, I also wish to refer to the very fine speeches made under stress of passion on the floor of this House regarding this matter. I found my Hon'ble friend Mr. Ouseph Waxing poetic and soaring high, singing the beauties of Ernakulam. It brought about really a poetic atmosphere. Sir, I could also appreciate the hectic K.P., not to speak of my good neighbour Mr. Gopalan Nayar, whose denunciations of Ernakulam were a little embarrassing even to me who was a resident of Ernakulam for a few months, I could appreciate Mr. Ouseph who rather made it a right case for Cochin and at the same time stated that by comparison Trivandrum and Ernakulam were poles apart. But I believe that he has initially committed a mistake. But after a good deal of impartial thinking about that I have come to the conclusion that it is unwise to reopen the issue at the present moment, because the feelings aroused here were mostly sectional feelings and I found none who could dispassionately and in a detached way view things. I have been resident of Trivandrum for a very long time, and certainly I would like to continue here as a lawyer. In the same way Mr. Ouseph, his children and grand children would like to continue in Ernakulam. Is it wise after all to prop this question in the initial stage of the union as a matter for quarrel soon after coming into the common House. Therefore, on grounds of statecraft and expediency, I would appeal to the House not to divide on this issue. Each section in this House remains unconvinced by the arguments of the other. We do not want to show to the world that there are some people showing signs of restiveness when they are not actually so and who want to show illwill when they do not feel illwill to any one. Now, therefore let us not be misunderstood that we are attempting to keep all best things for Trivandrum. So, on grounds of state-craft expediency, and wisdom let us only talk in administrative matters keeping in view the larger interests of the United State of Travancore and Cochin.

The House adjourned at 4-30 p. m. to meet again at 11 a. m. the 9th December 1949.

V. KRISHNAMOORTHI AYYAR

Secretary to the Legislative Assembly

PROCEEDINGS OF THE UNITED STATE OF TRAVANCORE AND COCHIN
LEGISLATIVE ASSEMBLY

THIRD SESSION—1949/1125

Friday, *the* $\frac{\textit{9th December 1949}}{\textit{24th Vrischigam 1125}}$

Vol. III] **OFFICIAL REPORT** **[No. 10**

The Assembly met in the Legislative Chamber, Public Offices, Trivandrum, at Eleven of the Clock on Friday the 9th December 1949/24th Vrischigam 1125 with Mr. Speaker (the Hon'ble Sri. T. M. Varghese) in the Chair.

QUESTIONS & ANSWERS

[The numbers within brackets indicate the numbers in the lists of admitted questions]

Oral Answers

CULTIVATION OF FALLOW LANDS

***930.** [1] **Sri. D. Gnanasigamony:** Will the Hon'ble Minister for Law be pleased to state.—

(*a*) whether any directive was received from the Central Government to enact legislation to bring fallow lands under cultivation ; and

(*b*) if so, what action has this Government taken to give effect to such directive ?

Questions posted for answer on 6th December 1949

കുന്നത്തൂർ താലൂക്കിലെ പറക്കോട്ടു ചന്ത

൧൪൭ (൧) ശ്രീ. ഫിലിപ്പോസ് മുതലാളി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു. ലാൻഡ് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കുന്നത്തൂർ താലൂക്കിൽ പറക്കോട്ടു ചന്തയുടെ അനാരോഗ്യപരമായ നിലയെപ്പററി ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) തൽപരിഹാരാർത്ഥം എന്തെങ്കിലും നടപടി നടത്താൻ ഗവമ്മെണ്ടു ഉദ്ദേശിക്കുന്നുണ്ടോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ:

(എ) ഉണ്ട്.

(ബി) നടപടികൾ എടുത്തുവരുന്നു.

കൊള്ളിക്കൃഷിക്ക് അയച്ചിട്ടുള്ള മരച്ചീനിത്തടികൾ

ഫർവ (ഫർ) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലാൻഡും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഐക്യസംസ്ഥാനത്തിന്റെ അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെണ്ടിൽ നിന്നും വെസ്റ്റ് ബങ്കാൾ, ഈസ്റ്റ് ബങ്കാൾ, മൈസൂർ, എന്നീ സ്ഥലങ്ങളിലെ കൊള്ളിക്കൃഷിക്ക് മരിച്ചീനിത്തടികൾ അയച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ റേറ്റ് എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ;

(സി) അങ്ങിനെയുള്ള കച്ചവടം നടത്തിയതു് ഗവമ്മെണ്ടിന്റെ അറിവോടും ചുമതലയോടും കൂടിയാണോ എന്നു പറയുവാൻ ദയവുണ്ടാകുമോ;

(ഡി) അറിവില്ലാത്തപക്ഷം ഉദ്യോഗസ്ഥന്മാർക്ക് അങ്ങിനെ ഏജൻസി നടത്താമോ എന്നു പറയാമോ?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ:

(എ) വെസ്റ്റ് ബങ്കാൾ, മൈസൂർ എന്നീ സ്ഥലങ്ങളിലേയ്ക്കു് അവിടത്തെ ഗവമ്മെണ്ടു ആവശ്യപ്രകാരം മരിച്ചീനിത്തടികൾ അയച്ചിട്ടുണ്ട്. ഈസ്റ്റ് ബങ്കാളിലേക്ക് അയച്ചിട്ടില്ല.

	തടിയുടെ എണ്ണം	വില	റയിൽവേക്കൂലി	ചുമട്ടുകൂലി മുതലായവ	ആകെ ചെലവ്
(ബി)					
വെസ്റ്റ്ബങ്കാൾ	ഫ0,000	ശ്ര. ന 0 0	ശ്ര.ഇന.0	ണ.ന.ശ്ര.നന്നന	ണ.ഫ. ശ്ര.ഫർന്നണ.ഇ
മൈസൂർ	ഫ,000	ശ്ര. ന 0	ശ്ര.ഫ ഫ	ണ.ഫന. ശ്ര.ഫ 0	ശ്ര. ഫ0ഫ ണ.ഫന.

(സി) ഗവമ്മെണ്ടിന്റെ അറിവോടും, ചുമതലയോടുംകൂടിയാണ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

Questions posted for answer on 7th December 1949

ലിഫ്ട് ഇറിഗേഷൻ

ഫർസ (നന) ശ്രീ. കെ. എ. മാത്യു: താഴെ കാണിച്ചിട്ടുള്ള ചോദ്യങ്ങൾക്ക് ബഹു. പി. ഡബ്ളിയു. ഡി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) കഴിഞ്ഞ ബഡ്ജററു പാസ്സാക്കിയതിനു ശേഷം തിരുവല്ലാ താലൂക്കിൽ എത്ര മൈനർ ഇറിഗേഷൻ വേലകൾ ആരംഭിക്കുകയൊ പൂർത്തിയാക്കുകയൊ ചെയ്തിട്ടുണ്ട്;

(ബി) എത്ര ലിഫ്ട് ഇറിഗേഷൻ പദ്ധതികൾ ആരംഭിച്ചു?

ബഹു. ശ്രീ. ഇ. ഇക്കണ്ടവാര്യർ:

(എ) കഴിഞ്ഞ ബഡ്ജററിനുമുമ്പ് അനുവദിച്ച വേലകളിൽ പത്തെണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. ഇത്തവണത്തെ ബഡ്ജററിനുശേഷം ഒ൧ വേലകൾക്കു പ്രാരംഭവേലകൾ ആരംഭിച്ചു.

(സി) രണ്ട്.

(ഫ) പമ്പാസ്കീം.

(ഒ) കാറേറാട സ്കീം.

SHORT NOTICE QUESTIONS

Mr. Speaker: There are two Short Notice questions which have been admitted. The first is from Sri. A. Ramasubramonia Karayalar regarding the Bus Accident near Kulathupuzha. I understand that the question has been since included as a starred question and answers given. If there is any further information it may be supplied.

The Hon'ble Sri. E. John Philipose: There is no further information on this matter.

ശ്രീ. കെ. ആർ. ഇലങ്കത്തു്: സർ, ഒരു പായിന്റു ആഫ് ആർഡർ. സാധാരണ ഷാർട്ടുനോട്ടിസ് ചോദ്യം അനുവദിക്കുന്നതു് അതിനുത്തരം പറയേണ്ട മന്ത്രിയുടെ അപ്രൂവ

ലോട്ടുകൂടിയായിരിക്കും. ഈ ഷാർട്ട്നോട്ടീസ് ചോദ്യത്തെ സംബന്ധിച്ചാണെങ്കിൽ അതിനുത്തരം നേരത്തേതന്നെ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണെന്ന് ബഹു. മന്ത്രി പറഞ്ഞു. അങ്ങിനെ നേരത്തെതന്നെ ഉത്തരം കൊടുത്തുകഴിഞ്ഞ ഒരു ചോദ്യം ഷാർട്ട്നോട്ടീസ് ചോദ്യമായി സ്വീകരിക്കുന്നതു ശരിയാണോ എന്നറിഞ്ഞാൽ കൊള്ളാം.

Mr. Speaker: I am only concerned with the time that has been wasted by raising this point of order. The question was received as a Short Notice question and admitted before the other question was answered. I have already informed the House of the fact that the question itself was in the meantime answered.

RESIGNATION OF SRI P. T. CHACKO

(2) Sri. K. W. Muralidhara Marar: Will the Hon'ble the Chief Minister be pleased to state.—

(*a*) whether the attention of the Government has been drawn to the news item published in the Bharata Kesari dated 14th Vrischigam under the caption 'P. T. Chacko's resignation';

(*b*) if so, whether the Government has accepted his resignation;

(*c*) if not the reasons for the delay in accepting the same?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: (എ) ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) രാജി സ്വീകരിക്കുന്നതു് സാധാരണയായി ഗവമ്മെണ്ടിൽനിന്നുമല്ല.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

ADJOURNMENT MOTIONS

മി. സ്പീക്കർ: ഇവിടെ ഒരു അടിന്തിരപ്രമേയം കിട്ടിയിട്ടുണ്ട്. അതായതു് ആശുപത്രിയിൽ കള്ളക്കണക്കു ഉണ്ടാക്കിയതു സംബന്ധിച്ചു് ഇവിടെ ചില പ്രസ്താവനങ്ങൾ ഉണ്ടായപ്പോൾ ബഹു. മെമ്പറന്മാർതന്നെ പ്രതിഷേധം പുറപ്പെടുവിക്കുമെന്നു് ഒരു പ്രസ്താവന മന്ത്രി ചെയ്തിരിക്കുന്നതായി കാണുന്നുവെന്നും അതു ഈ സഭയിലെ ബഹു. മെമ്പറന്മാർക്കു് പ്രതിഷേധാർഹമായ ഒന്നാണെന്നും അതുനിമിത്തം ഉളവായിരിക്കുന്ന ഗുരുതരമായ സ്ഥിതിഗതികളെപ്പററി ചർച്ചചെയ്യണമെന്നുമാണു് ആവശ്യപ്പെട്ടിരിക്കുന്നതു്. ഈ പ്രമേയത്തിൽ പറഞ്ഞിരിക്കുന്നതുപോലെ കുററക്കാരെന്നു കാണുന്ന ഉദ്യോഗസ്ഥന്മാരുടെ മേൽ കോടതി മുഖാന്തിരം നടപടിക്കു് ഒരുമ്പെടാതെ ഗവമ്മെണ്ടു് നേരിട്ടു അന്വേഷണം നടത്തി ഒരു തീരുമാനം ചെയ്യുകതോ എന്നുള്ള ചോദ്യത്തിനു് അങ്ങിനെ ഗവമ്മെണ്ടു ചെയ്യുന്നതായാൽ ചില മെമ്പറന്മാർ തന്നെ പ്രതിഷേധിക്കുന്നതായിരിക്കുമെന്നു് ബഹു. മന്ത്രി ഉത്തരം പറഞ്ഞതിനെ അടിസ്ഥാനമാക്കി അന്നു് ചോദ്യങ്ങളും ഇന്നു് ഈ അടിയന്തിരപ്രമേയവും ഉത്ഭവിച്ചിട്ടുള്ളതാണു്. ഈ ചോദ്യോത്തരങ്ങളിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ കുററക്കാരായ ഉദ്യോഗസ്ഥന്മാരുടെ മേൽ എടുക്കാവുന്ന രണ്ടുവിധം നടപടികളിൽ ഏതാണു് കൂടുതൽ ഗുണകരവും നിയമപ്രകാരം സ്വീകാര്യവുമെന്നുള്ളതിനെപ്പററി രണ്ടഭിപ്രായം ഉണ്ടാകാവുന്നതാണു്. അതിൽ ഗവമ്മെണ്ടു സ്വീകരിച്ചതായി കണ്ട മാർഗ്ഗം തെററാണെന്നു് ഉത്തമവിശ്വാസമായി ബോദ്ധ്യമുള്ള മെമ്പറന്മാർ അതിനെപ്പററി പ്രതിഷേധിക്കുന്നതിൽ എന്തെങ്കിലും തെററുള്ളതായോ, പ്രതിഷേധിക്കുന്നതായിരിക്കുമെന്നു് മന്ത്രി പറഞ്ഞതിൽ എന്തെങ്കിലും ആക്ഷേപം അന്തർഭവിക്കുന്നതായോ തോന്നുന്നില്ല. ഈ പ്രസ്താവനയെപ്പററിയുള്ള ഉത്തരവാദിത്വം മന്ത്രി വഹിക്കുന്നതായിരിക്കുമെന്നു് അന്നുതന്നെ ഞാൻ പറഞ്ഞിട്ടുണ്ടു്. കൂടാതെ ഈ പ്രമേയത്തിൽ പറഞ്ഞിരിക്കുന്നതുപോലെ സഭയുടെ അവകാശങ്ങൾക്കു് ഹാനി സംഭവിക്കത്തക്കതാണു് മന്ത്രിയുടെ പ്രസ്താവന എന്നു് വ്യാഖ്യാനിച്ചാൽതന്നെയും അതു് ഒരു അടിയന്തിരപ്രമേയംവഴി വാദപ്രതിവാദത്തിനു വിഷയമാക്കത്തക്കതല്ല. അനുവാദം നിഷേധിച്ചിരിക്കുന്നു.

ശ്രീ. എം. ഐ. പോൾ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഇന്നലെ ബഹു. മന്ത്രി അവർകൾ ഈ സഭയിലെ അംഗങ്ങളുടെ സ്വഭാവശുദ്ധിയെ ചോദ്യം ചെയ്യത്തക്കതരത്തിൽ ഒരു പ്രസ്താവനചെയ്തതു് ഇവിടത്തെ മെമ്പറന്മാരുടെ അഭിമാനത്തെ ക്ഷതപ്പെടുത്തുന്ന ഒന്നാണു്.

Mr. Speaker: The hon'ble member cannot make a speech when raising a point of order.

ശ്രീ. എം. ഐ. പോൾ : ആ പ്രസ്താവനയ്ക്ക് അടിസ്ഥാനമായിരിക്കുന്ന അംശം ആരാണെന്ന് മന്ത്രി അവർകൾ പ്രസ്താവിക്കുകയോ അല്ലെങ്കിൽ പ്രസ്താവന പിൻവലിക്കുകയോ ചെയ്യേണ്ടതാണ്.

Mr. Speaker : The hon'ble member has not raised any point of order, but has been making a statement and suggesting a course of action for the Minister. In view of my ruling on the question no further discussion on the subject is allowed.

Sri. M. I. Paul . Sir,.....

Mr. Speaker: Order, order. The member evidently is not inclined to take any notice of the ruling or directions from the Chair. The persistency with which the member is pursuing this attitude cannot but be characterised as disorderly, offending the dignity and privileges of the House. I feel constrained to call the hon'ble member to order and call the attention of the House to his conduct and then deal with the matter as the Rules provide. But I take it that the House will agree to my not pursuing this mattter further this time on the distinct understanding that a repetition of similar conduct on the part of the hon'ble member will entail the consequences provided by the Rules.

(At this stage Sri. M. I. Paul walked out of the Hall.)

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : സർ, ഒരു പ്രായിൻറ് ആഫ് ആർഡർ. സഭയിലെ ഒരു മെമ്പറുടെ നടത്തയെപ്പററി ഒരു റൂളിംഗ് കൊടുത്തുകൊണ്ടിരിക്കുമ്പോൾ, ആ മെമ്പർ റൂളിംഗിൻെറ മദ്ധ്യേ വച്ച് ഹാളിൽനിന്നും ഇറങ്ങിപോകുന്നതു ശരിയാണോ ?

Mr. Speaker : That is certainly wrong. But the member concerned is not in the House now. The question may be raised again when the member is present in the House.

Sri. P. Balakrishnan Tampi: May I point out, Sir, that the hon'ble member politely left the Hall in anticipation?

Mr. Speaker : The hon'ble member's conduct certainly deserves serious notice. That matter will be taken up and dealt with in a manner that appeals to the House as just and proper.

Announcement regarding the extension of the sitting of the House

മി. സ്പീക്കർ : ഈ സെഷനിൽതന്നെ തീർക്കണമെന്ന് ഉദ്ദേശമുള്ള ഔദ്യോഗികബില്ലുകൾ ഇനിയും ഉണ്ടായിരിക്കുന്നതിനാൽ ഈ സഭ തുടർന്ന് മൂന്നു ദിവസം കൂടി നടത്തണമെന്ന് ഗവൺമെണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് ഡിസംബർ ൧൮-ം, ൧൯-ം, ൨൦-ം തീയതികളിൽകൂടി സഭ തുടർന്നുനടത്തുമെന്ന് ബഹുമാനപ്പെട്ട മെമ്പറന്മാരെ അറിയിച്ചുകൊള്ളുന്നു. ഈ മൂന്നു ദിവസങ്ങളിലും ഒഫീഷ്യൽ ബിസിനസ്സ് നടത്തുന്നതായിരിക്കും.

Sri. C. V. Iyyu : Sir, on a point of information. A notice was today handed over to us about certain answers to be given by the Ministers. Does it include only the answers which were not ready at the time of asking questions or answers to other questions also?

Mr. Speaker: The notice states that certain answers are laid on the table. They are in respect of questions that came up but were not anwered on previous days. The answers have been made ready subsequently and sent to the Assembly Office. They are all listed and laid on the table.

The answers to questions which still remain unanswered will be placed on the table as and when answers are ready and are received in the Assembly Office.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ് : സർ, ഉത്തരം തയ്യാറായിട്ടില്ലെന്നു പറയുന്ന ചോദ്യങ്ങളുടെ ഉത്തരവും പ്രൊസീഡിംഗ്സിൽ വരുമോ ?

മി. സ്പീക്കർ : അവ എന്ന് മേശപ്പുറത്തു വയ്ക്കുന്നോ അന്നത്തെ പ്രൊസീഡിംഗ്സിൽ വരും.

Refusal of permission to Sahib Bahadur V. A. Abdul Aziz to move for leave to introduce the Debt Relief Act (Amendment) Bill, on behalf of Sahib Bahadur P. S. Mohammed

Mr. Speaker : Now, the hon'ble member Mr. P. S. Mohammed is to seek leave to introduce his Bill. A request has been made in writing by hon'ble member, Mr. Aziz asking for permission to move that motion in the absence of Mr. P. S. Mohammed.

അതായതു്, ഒരു ബിൽ ബഹുമാനപ്പെട്ട മെമ്പർ മി. പി. എസ്സ്. മഹമ്മദു ഹാജരാക്കാൻ അനുവാദം ചോദിച്ചിട്ടുണ്ടു്. എന്നാൽ അദ്ദേഹം ഇന്നു് ഹാജരായിട്ടില്ല. ആ മോഷൻ അവതരിപ്പിക്കുന്നതിനു് അനുവദിക്കണമെന്നു് കാണിച്ചു് ഒരു അപേക്ഷ ബഹുമാനപ്പെട്ട മെമ്പർ മി. അസീസ് തന്നിട്ടുണ്ടു്. ബില്ലിന്റെ ചാർജ്ജു വഹിക്കുന്ന മെമ്പറിനല്ലാതെ വേറൊരാളിനു് ബിൽ സംബന്ധിച്ചുള്ള ആ മോഷൻ അവതരിപ്പിക്കുന്നതിനു് യാതൊരു വ്യവസ്ഥയും റൂൾസിൽ ഇല്ല. മുൻനടപടികളിലും അങ്ങനെ കാണുന്നില്ല. സെൻട്രൽ അസംബ്ലിയിലും മററു് അസംബ്ലികളിലും സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ നോക്കിയതിലും ഇതു് അനുവദിക്കാൻ പാടില്ലെന്നാണു് കാണുന്നതു്. അതുകൊണ്ടു് ഇതു് അനുവദിക്കത്തക്കതല്ല.

Sri. C. V. Iyyu : Sir, on a point of information. If the discussion on the resolutions tabled for today is over can the resolutions tabled for tomorrow be discussed today?

Mr. Speaker : After the day's business is over the House will be adjourned for tomorrow. Mr. Aziz can now move the resolution tabled by Mr. P. S. Mohammed.

RESOLUTIONS

Resolution regarding increasing lunch interval in schools and colleges on Fridays.

സാഹിബ് ബഹദൂർ വി. എ. അബ്ദുൾ അസീസ് : സർ, "മുസ്ലീം വിദ്യാർത്ഥികൾക്കു് വെള്ളിയാഴ്ച അവരുടെ പ്രാർത്ഥനകളിൽ സംബന്ധിക്കുന്നതിനായി ഉച്ചഒഴിവിന്റെ സമയം വെള്ളിയാഴ്ച ദിവസങ്ങളിൽ, രണ്ടു മണിക്കൂറായി വർദ്ധിപ്പിക്കണമെന്നു് ഈ അസംബ്ലി തീരുമാനിക്കുന്നു." ഈ പ്രമേയം ബഹുമാനപ്പെട്ട സഭയുടെ സ്വീകരണത്തിനായി ഞാൻ അവതരിപ്പിക്കുന്നു. ഏകകണ്ഠമായ ഒരു തീരുമാനം ഈ സംഗതിയിൽ ഉണ്ടാകുമെന്നുതന്നെ ഞാൻ പ്രതീക്ഷിക്കുന്നു. ഇതു് പുത്തനായി ആവശ്യപ്പെടുന്ന ഒരു കാര്യമാണെന്നു് ആരും തെററിദ്ധരിക്കുകയില്ലെന്നു വിശ്വസിക്കുന്നു. തിരുവിതാംകൂറിൽ വളരെക്കാലം നിലവിലിരുന്ന ഒരു നടപടിക്രമംതന്നെയാണു് വീണ്ടും തുടരണമെന്നു് അഭ്യർത്ഥിക്കുന്നതു്. വളരെക്കാലം വിദ്യാഭ്യാസവകുപ്പിന്റെ ഒരു സർക്കുലർവഴി എല്ലാ വിദ്യാലയങ്ങളിലും വെള്ളിയാഴ്ചദിവസം ഉച്ച ഒഴിവുസമയം രണ്ടു മണിക്കൂറായി വർദ്ധിപ്പിക്കുകയും അദ്ധ്യയനസമയത്തിനു് കുറവുവരുത്താതിരിക്കാൻ വേണ്ടി വെള്ളിയാഴ്ച ദിവസം കാലത്തു് പത്തു മണിക്കു് സ്കൂൾ ആരംഭിക്കുന്നതിനു പകരം ൯ മണിക്കു് ആരംഭിക്കുകയും ചെയ്യുന്ന ഒരു പതിവുണ്ടായിരുന്നു. ഈ ഉച്ചഒഴിവുസമയം സ്കൂളുകളെസംബന്ധിച്ചു് മാത്രമാണു് എന്റെ പ്രമേയത്തിൽ ആവശ്യപ്പെടുന്നതു്. പൊതുവെ ഒരൊഴിവുസമയമായി അതിനെ പരിഗണിക്കണമെന്ന ഒരു ഭേദഗതി മറെറാരു ബഹുമാനപ്പെട്ട മെമ്പർ ഇവിടെ അവതരിപ്പിച്ചിട്ടുണ്ടു്. അതുകണ്ടു് മുമ്പോട്ടു പോകണമെന്നു്എനിക്കു് ആഗ്രഹമില്ല. മററു് ആഫീസുകളിലും പബ്ലിക്കു് സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന മുസ്ലീം ഉദ്യോഗസ്ഥന്മാർക്കു് വെള്ളിയാഴ്ച ദിവസങ്ങളിൽ പ്രാർത്ഥനയ്ക്കു് സമയം അനുവദിക്കപ്പെട്ടിട്ടുണ്ടു്. ആ നിലയിൽ അതു തുടർന്നുപോകുന്നതിൽ എനിക്കു് വൈഷമ്യമില്ല. സ്കൂളുകളെസംബന്ധിച്ചാണെങ്കിൽ മുസ്ലീം വിദ്യാർത്ഥികൾക്കു നഷ്ടപ്പെടുന്ന അദ്ധ്യയനസമയത്തിനു അദ്ധ്യയനസൌകര്യം കൊടുക്കുവാൻ ഇടയില്ലെന്ന വ്യവസ്ഥയാണു് ഇന്നുള്ളതു്. സർ ഹബീബുള്ളയുടെ കാലത്തു് മതപരമായി അനുവദിക്കപ്പെട്ട ഒരു സംഗതിയായിരുന്നു ഇതു്. പിൽകാലങ്ങളിൽ അതു അങ്ങിനെയല്ലാതായിത്തീർന്നു. ഈ സഭയിൽതന്നെ വെള്ളിയാഴ്ച ൧൨-൩൦ മുതൽ ൨-൩൦ മണിവരെ മുസ്ലീങ്ങളുടെ മതപരമായ ആവശ്യത്തിനുവേണ്ടി ഒഴിവു കൊടുത്തിട്ടുണ്ടു്. സ്കൂൾ വിദ്യാർത്ഥികളുടെ അദ്ധ്യയനദിവസം പൊതുഒഴിവുദിവസമായി പരിഗണിച്ചില്ലെങ്കിൽ വൈഷമ്യം നേരിടുന്നതാണു്. അതുകൊണ്ടാണു് ഈ പ്രമേയം നിയമസഭയുടെ അനുവാദത്തിന്നായി അവതരിപ്പിച്ചിരിക്കുന്നതു്. സഭ ഇതു് ഏകകണ്ഠമായി സ്വീകരിക്കുമെന്ന വിശ്വാസത്തോടുകൂടി ഞാൻ ഈ പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു. ഈ പ്രമേയത്തെസംബന്ധിച്ചു് കൂടുതലായൊന്നും എനിക്കു പറയുവാനില്ല.

Sri. G. Chandrasekhara Pillai: Sir, a point of order. ഒരു ബഹുമാനപ്പെട്ട മെമ്പറുടെ പോയിൻറ് ആഫ് ആർഡറിനെപ്പററി ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗു കൊടുത്തുകൊണ്ടിരിക്കുമ്പോൾ ആ മെമ്പർ സഭയിൽനിന്നു ഇറങ്ങിപോയതു് സഭാനടപടികൾക്കു യോജിച്ചതാണോ എന്നറിഞ്ഞാൽ കൊള്ളാം.

Sri. P. Balakrishnan Tampi : May I suggest to the Hon'ble Speaker that Sri. Paul may be given an opportunity to explain the position as to why he went out of the House when the Speaker was giving a ruling and then a ruling may be given.

മി. സ്പീക്കർ : ഒരു ബഹുമാനപ്പെട്ട മെമ്പർ ഒരു പോയിൻറ് ആഫ് ആർഡർ ഉന്നയിച്ചതിനെ സംബന്ധിച്ച് സ്പീക്കർ റൂളിംഗ് കൊടുത്തുകൊണ്ടിരിക്കുകയോ അതിനെ സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തുകൊണ്ടിരിക്കുകയോ ചെയ്യുന്ന സമയം ആ മെമ്പർ സഭ വിട്ടു ഇറങ്ങിപോകുന്നത് ഒരിക്കലും ശരിയല്ല. സ്പീക്കർ എന്നല്ല ഏതെങ്കിലും ഒരു മെമ്പർ ഒരു മറുപടി പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ആ മറുപടിക്കു കാരണമാക്കിയ സംഗതി ഉന്നയിച്ച മെമ്പർ സഭയിൽനിന്നു ഇറങ്ങിപ്പോകുന്നത് തെററാണ്.

Sri. C. V. Iyyu : On a point of information. The position in the Cochin State is that where there is a large majority of Muslims in a school, on Friday holiday is given for that institution and the next day, namely Saturday is converted as tuition day in lieu thereof. What does the member say on this. Is there any such rule in Travancore ?

സാഹിബ് ബഹദൂർ വി. എ. അബ്ദുൾ അസീസ് : മുസ്ലീം വിദ്യാർത്ഥികൾ ഭൂരിപക്ഷമുള്ള സ്കൂളുകളിൽ പ്രാർത്ഥനാസൌകര്യത്തിനു പൊതുഒഴിവു കൊടുക്കുന്ന ഒരു വ്യവസ്ഥ തിരുവിതാംകൂറിൽ ഇല്ല.

ശ്രീ. കെ. രാമകൃഷ്ണപിള്ള : സ്വയം വ്യക്തമായ ഒരു പ്രമേയമാണിതു് ഒരു ജനവിഭാഗത്തിൻെറ മതപരമായ ആവശ്യം മാത്രമേ ഇതിൽ അടങ്ങിയിട്ടുള്ളു. അതുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു

ശ്രീ. സി. വി. ഇയ്യു : എനിക്കും ഈ പ്രമേയത്തെ പിന്താങ്ങുന്നതിനു യാതൊരു തടസ്സവുമില്ല. കൊച്ചിരാജ്യത്തു് ഇപ്പോൾ നടന്നുവരുന്നതുപോലെ മുസ്ലീം വിദ്യാർത്ഥികൾ ഭൂരിപക്ഷമുള്ള പാഠശാലകളിൽ വെള്ളിയാഴ്ച മുഴുവൻ ഒഴിവുദിവസമായിട്ടു കൊടുത്തു് ശനിയാഴ്ചദിവസം സ്കൂൾ നടത്തുന്നവിധത്തിൽതന്നെ മേലിലും നടത്തുകയും മററു സ്കൂളുകൾക്കു രണ്ടു മണിക്കൂർ ഒഴിവു കൊടുക്കുകയും ചെയ്യുന്നതിൽ എനിക്കു യാതൊരു വിരോധവുമില്ല. ചില മുസ്ലീം സ്കൂളുകളിൽ വെള്ളിയാഴ്ച മുഴുവനും അനദ്ധ്യായദിവസമാക്കിട്ടുള്ള ഇപ്പോഴുള്ള ആനുകൂല്യം എടുത്തുകളഞ്ഞാൽ പല വൈഷമ്യങ്ങളും ഉണ്ടാകും. ശരിക്കു അറബിവിദ്യാഭ്യാസം നടത്തുന്ന സ്കൂളുകളിൽ അദ്ധ്യയനം നടത്തുന്ന മുല്ലാമാർക്കു് പലപ്പോഴും വളരെ അകലെയുള്ള പള്ളികളിൽ പോയി വെള്ളിയാഴ്ച പ്രാർത്ഥന നടത്തേണ്ടിവരുന്നുണ്ടു്. അങ്ങിനെയുള്ള സ്കൂളുകൾക്കു മുഴുവൻ ഒഴിവു കൊടുത്തില്ലെങ്കിൽ വിഷമമായിരിക്കും. അതുകൊണ്ടു ഇങ്ങിനെയുള്ള വിഷമങ്ങൾ ഇല്ലാതാക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ : ഈ പ്രമേയത്തെ അനുകൂലിക്കുവാൻ നിവൃത്തിയില്ലാതെവന്നതിൽ വ്യസനിക്കുന്നു. അതു് മുസ്ലീം സഹോദരന്മാരോടുള്ള സ്നേഹക്കുറവുകൊണ്ടല്ല; പ്രാർത്ഥനയോടുള്ള അനാദരവുകൊണ്ടുമല്ല. അവരുടെ നേരെയുള്ള ആദരവു വച്ചുകൊണ്ടു് എനിക്കുള്ള അഭിപ്രായവ്യത്യാസം പുറത്തു കാണിക്കാതിരിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അവരുടെ മതപരമായ ആചാരങ്ങളുടേയും പ്രാർത്ഥനയിലുള്ള നിഷ്ഠയുടേയും നേരെ എനിക്കു് യാതൊരു വിദ്വേഷവുമില്ല. വളർന്നുവരുന്ന വിദ്യാർത്ഥികൾ മതത്തിൻെറ നേരെ ആദരവോടുകൂടി വളരണം എന്ന അഭിപ്രായക്കാരനാണു് ഞാൻ. മുസ്ലീം വിദ്യാർത്ഥികൾക്കു് പരമ്പരയായി സിദ്ധിച്ചിട്ടുള്ള മതപരമായ പ്രാർത്ഥനയ്ക്കു് സൌകര്യം ഉണ്ടാക്കികൊടുക്കണമെന്നുള്ള അഭിനിവേശത്തോടും ഞാൻ യോജിക്കുന്നു. പക്ഷെ, അവരുടെ അദ്ധ്യയനദിവസം പ്രാർത്ഥനയ്ക്കായിട്ടു് വിട്ടുകളയണമെന്ന അഭിപ്രായത്തോടു യോജിക്കുവാൻ ഞാൻ തയ്യാറില്ല. അദ്ധ്യയനത്തിനുള്ള സമയം അദ്ധ്യയനത്തിനു മാത്രമായിട്ടുപയോഗിക്കണം. മുസ്ലീം വിദ്യാർത്ഥികൾ ധാരാളമുള്ള സ്കൂളുകളിൽ അദ്ധ്യയനസമയമൊഴിച്ചുള്ള ഏതാനും സമയം പ്രാർത്ഥന നടത്തുന്നതിനു വിട്ടുകൊടുക്കുവാൻ വിരോധമില്ലെന്ന പക്ഷക്കാരനാണു് ഞാൻ. മുസ്ലീമിങ്ങൾ ഒട്ടും ഇല്ലാത്ത സ്കൂളുകളിലും, വളരെ വളരെ കുറവുള്ള സ്കൂളുകളിലും കേവലം പ്രാർത്ഥനയ്ക്കുവേണ്ടി രണ്ടു മണിക്കൂർ പൊതുഒഴിവു കൊടുക്കണമെന്ന അഭിപ്രായമെനിക്കില്ല.

ശ്രീ. ഇട്ടിയര അമ്പുക്കൻ : പ്രാർത്ഥനയ്ക്കു് സമയം എടുക്കണമെന്നഭിപ്രായമുണ്ടോ?

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ : പ്രാർത്ഥനയ്ക്കു് ധാരാളം സമയമുണ്ടു്. വീട്ടിലും ഉണ്ടു്; പള്ളിമദ്ധ്യത്തിലും ഉണ്ടു്. അദ്ധ്യയനത്തിനായുള്ള സമയം അദ്ധ്യയനത്തിനു മാത്രം ഉപയോഗിക്കണം. പൊതുവായുള്ള അദ്ധ്യയനത്തിൽ ഒരു ഭാഗം സമയം മുസ്ലീം വിദ്യാർത്ഥികളുടെ മാത്രം പ്രാർത്ഥനയ്ക്കു വിട്ടുകൊടുക്കണമെന്ന അഭിപ്രായം എനിക്കില്ല. നാം, ഭാരത

സന്താനങ്ങൾ ഒരു മതേതരരാഷ്ട്രത്തിലേയ്ക്ക് കടക്കുകയാണ്. ഒരു മതേതരരാഷ്ട്രത്തിലേയ്ക്ക് കടക്കണമെന്നുള്ളതാണ് സംയുക്തസംസ്ഥാനത്തിന്റെയും ലക്ഷ്യം. അതിന്നു ക്രൈസ്തവഹൈന്ദവമുസ്ലീം മതഭേദമില്ലാതെ വിദ്യാലയങ്ങളിലെ അദ്ധ്യയനസമയം നാം ചെലവു ചെയ്യേണ്ടിയിരിക്കുന്നു.

സാഹിബ് ബഹദൂർ വി. എ. അബ്ദുൾ അസീസ്: അദ്ധ്യയനത്തിന്നു തടസ്സമില്ലാത്ത വിധത്തിൽ പ്രാർത്ഥനയ്ക്ക് ഒഴിവുദിവസം കൊടുക്കുവാൻ വിരോധമുണ്ടോ?

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: ഇല്ല.

ശ്രീ. സി. വി. ഇയ്യു: സ്കൂളിലെ പ്രാർത്ഥനയും പള്ളിയിൽ പോയുള്ള പ്രാർത്ഥനയും തമ്മിൽ വളരെ വ്യത്യാസമുണ്ട്.

ശ്രീ. ഇട്ടീര അമ്പൂക്കൻ: ക്രിസ്ത്യാനികൾക്ക് ഞായറാഴ്ചപോലെയാണ് മുസ്ലീങ്ങൾക്ക് വെള്ളിയാഴ്ച എന്നറിയാമോ?

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: അതെനിക്കറിയാം. ബഹുമാനപ്പെട്ട മെമ്പർ മി. സി. വി. ഇയ്യു അവർകൾ അഭിപ്രായപ്പെട്ടതുപോലെ ഭൂരിപക്ഷം മുസ്ലീം വിദ്യാർത്ഥികളുള്ള സ്കൂളുകളിൽ അദ്ധ്യയനദിവസം പ്രാർത്ഥനയ്ക്ക് ഉപയോഗിക്കുന്നതിൽ എനിക്കു അഭിപ്രായവ്യത്യാസമില്ല. പക്ഷെ അതേസമയത്ത് മുസ്ലീമിങ്ങൾ ധാരാളമുള്ള സ്കൂളുകളിൽ രണ്ടു മണിക്കൂർ ഒഴിവു കൊടുത്തു അദ്ധ്യയനത്തിന്നു തടസ്സമാക്കുന്നതിലാണ് എനിക്കു വിരോധമുള്ളതു്. അതുകൊണ്ട് അദ്ധ്യയനദിവസം പ്രാർത്ഥനയ്ക്കുപയോഗിച്ച് അവരുടെ അദ്ധ്യയനത്തിന്നു മുടക്കം വരുത്തരുതെന്നാണ് എന്റെ വിനീതമായ അഭിപ്രായം.

ശ്രീ. എൻ. വി. ചാക്കൊ: ഈ പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു മുസ്ലീം വിദ്യാർത്ഥികൾക്ക് വെള്ളിയാഴ്ചതോറും രണ്ടു മണിക്കൂർ പള്ളിയിൽ പോകുന്നതിനും പ്രാർത്ഥന നടത്തുന്നതിനും ഒഴിവു കൊടുക്കണമെന്നാണു പറയുന്നതു്. ഒരു ന്യൂനപക്ഷമായ മുസ്ലീമിങ്ങളുടെ ഒരു മൌലികാവകാശമാണ് ഈ പ്രമേയംമൂലം ആവശ്യപ്പെടുന്നതു്. ഇതിനെസംബന്ധിച്ച് ഒരു വിപരീതാഭിപ്രായം ഈ സഭയിലുണ്ടാകുമെന്ന് ഞാൻ വിചാരിക്കുന്നില്ല. കുട്ടികളുടെ ഇടയിൽ മതബോധം വളർത്തേണ്ടതു് വളരെ ആവശ്യമാണ്. ഇന്നു വിദ്യാർത്ഥിലോകം വഴിപിഴച്ചുപോകുന്നുണ്ടെങ്കിൽ അതിനുള്ള കാരണം അവരിൽ ശരിയായ ഈശ്വരചിന്തയും വിശ്വാസവും ഇല്ലാത്തതുകൊണ്ടാണ്. ഇങ്ങനെയുള്ള ഒരാനുകൂല്യം കൊടുക്കുന്നതായാൽ വിദ്യാർത്ഥിലോകം നന്നാകുന്നതിന്നു സഹായകമായിരിക്കും. മി. ഇയ്യു പറഞ്ഞതുപോലെ വെള്ളിയാഴ്ച മുഴുവൻ ഒഴിവ് കൊടുക്കുന്ന കാര്യത്തിൽ ഞാൻ യോജിക്കുന്നില്ല. വെള്ളിയാഴ്ചദിവസം രണ്ടു മണിക്കൂർ സമയം മാത്രം ഒഴിവു കൊടുത്താൽ മതിയാകും. അതുകൊണ്ട് ഈ പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ പ്രമേയത്തോടുകൂടി ഇതിന്റെ അമെൻഡ്മെൻറ് മൂവ് ചെയ്യുന്നുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഒരു സെക്കുലർ സ്റ്റേറ്റ് ആയതുകൊണ്ട് മതകാര്യങ്ങളിൽ ഒന്നും ചെയ്യുവാൻ പാടില്ല എന്നു ഇവിടെ പറയുകയുണ്ടായി. ഈ പ്രശ്നം ഇതിൽ ഉൾക്കൊള്ളുന്നില്ല എന്നു പറയുവാനാണ് ഞാൻ ഉദ്ദേശിക്കുന്നതു്.

മി. സ്പീക്കർ: ആർഡർ, ആർഡർ. ഇതിനെപ്പററി കാര്യമായ ഒരു എതിർപ്പുണ്ടെന്നു തോന്നുന്നില്ല. ആ സ്ഥിതിക്ക് ദീർഘമായ പ്രസംഗങ്ങൾ വഴിയായി ഇതിനെ പിന്താങ്ങണമെന്നില്ലല്ലൊ.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഒരു കാര്യം മാത്രം കൂടുതലായി എടുത്തു.....

മി. സ്പീക്കർ: ആർഡർ, ആർഡർ.

The House adjourned for lunch at 12-30 p. m. and reassembled after lunch at 2-30 p.m. with Mr. Deputy Speaker (Sri. K. Kochukuttan) in the Chair

Statement re: the proposal of amendment

മി. ഡെപ്യൂട്ടി സ്പീക്കർ: ഇൻറർപ്രിട്ടേഷൻ ആഫ് ജനറൽ ക്ലാസസ് ബിൽ, റിമൂവൽ ആഫ് സോഷ്യൽ ഡിസെബിലിറ്റീസ് ബിൽ, മോട്ടാർ വെഹിക്കിൾസ് ബിൽ എന്നി

വയുടെ സെലക്ട് കമ്മിററി റിപ്പോർട്ടുകൾ അസാധാരണ ഗസററിൽ പ്രസിദ്ധപ്പെടുത്തിയതു് മെമ്പർമാക്ക കിട്ടിയിട്ടുണ്ടായിരിക്കുമല്ലോ. അവയുടെ പര്യാലോചന ഡിസംബർ ൧൮-ാംനു നടക്കുന്നതുകൊണ്ടു് അവയെ സംബന്ധിച്ച ഭേദഗതികളെല്ലാം നാളെ ഉച്ചയ്ക്കു ൧൨ മണിക്കുമുമ്പായി സിക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണ്.

Resolutions *(contd.)*

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഈ പ്രമേയത്തെപ്പററി വളരെയധികം പറയേണ്ടതായിട്ടില്ല. വെള്ളിയാഴ്ച ദിവസം മുസ്ലീം വിദ്യാർത്ഥികൾക്ക് ഒഴിവുദിവസമാക്കണമെന്നാണ് ഈ പ്രമേയത്തിൽ ആവശ്യപ്പെട്ടിട്ടുള്ളതു്.

ശ്രീ. പൊന്നറ ജി. ശ്രീധർ: മുസ്ലീം വിദ്യാർത്ഥികൾക്കുമാത്രം ഒഴിവു കൊടുക്കണമെന്നു പറഞ്ഞിട്ടില്ല.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: അവക്കുവേണ്ടി ഒഴിവുകൊടുത്താൽ ബാക്കിയുള്ളവക്കുംകൂടി അതു് അനുകൂലമാകുമെന്നേയുള്ളു. അതുകൊണ്ടു് ന്യൂനപക്ഷസമുദായങ്ങൾക്ക് അനുകൂലമായ ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

Sri. K. P. Nilakanta Pillai: We can appreciate the sentiments expressed by the learned mover of this resolution and also we may not find any difficulty in making that resolution acceptable to the House. But, Sir, the responsibility is mainly on the head of the Education Minister. Whether it is possible for him to put into action this resolution, if it is accepted by the House, without in any way impairing the efficiency of tuition in the schools, is the question.

The resolution, as it is, would cover the students in a variety of schools and all varieties of colleges also. That may include primary schools, and again, primary schools are also of two varieties one set of schools which are not surrendered and the other set which are surrendered. In the case of surrendered primary schools, where the shift system is prevailing, by which tuition commences at 10 o'clock and ends at 12 noon for a particular set, the morning session, with an interval of one hour, and from 1 to 5 p. m. for the evening set of students. Then the question arises—how is it possible for the Minister of Education to see that the portions to be taught to the students are covered if this resolution is given effect to? That is to say, one hour is lost to every school. From a calculation, we see that out of 180 days for a school year, you lose nearly 36 days. How to make up for this 36 days and how to make up the tuition imparted to the students during these days? This is a very important question.

Sri. K. R. Elankath: How is it 36 days?

Sri. K. P. Nilakanta Pillai: It is a simple question of mathematics. I presume that the hon'ble member knows that in one year, the number of school days is 180. So, at the rate of five hours which are set apart for teaching, every day, it becomes $\frac{180\times5\times12}{30}$ which comes to 36 days. That is simple mathematics. (Interruption). That is a point which I wanted to place for the consideration of the Education Minister.

Sahib Bahadur A. Abdul Razaak: May I know whether the hon'ble member opposes or supports the resolution?

Mr. Deputy Speaker: The hon'ble member has not yielded.

Sri. K. P. Nilakanta Pillai: So I say, without making the students suffer, if it is possible to give effect to this resolution, by all means we support the resolution. The resolution is acceptable. And we do not oppose it. That is my position.

Then again, Sir, I am led to think that but for the efficacy of congregational prayer or worship, I do not know whether there are any other cogent grounds in support of this resolution. I may bring to the notice of this House—I do not oppose the resolution in any way but am giving only certain practical aspects that if this resolution is given effect to, would affect the student population as a whole. That is a point which I want to stress now. We know the conditions in the Union where in almost every school—perhaps there may be some exceptions—the Muslim students are in a very small minority. Sometimes it may be only one to two per cent. There may not be 5 per cent cases at all. Therefore, according to the resolution, we have given two hours interval during Friday and for the sake of half a dozen students, 600 students will have to be made to idle about the schools. For, you cannot expect all these 600 students to go home for their noon meals and return. It is not possible. The majority are starving within the premises of the school. Therefore, for the sake of respecting the religious sentiments of half a dozen students, is it good to throw out, practically, of

[Sri. K. P. Nilakanta Pillai]

employment, these 600 students for two hours; and, we know, without any work, if these students are let loose, certain mischievous elements among them may also be a source of trouble. For the sake of just half a dozen people in every school, is it reasonable to cause inconvenience to 600 students, is the next question.

Then I want to stress the other point, namely, the efficiency of congregational prayer or worship. I can give instances of schools. There is the Ollur School, the Vanchiyoor Kulam school, the Peroorkada school and the Sastamangalam school and so on. I may bring to the notice of this House whether there is a mosque anywhere near these schools within a radius of three or four miles. Therefore, if congregational prayer on Friday is indispensable, where will even these half a dozen students go? I am not saying that even then, there may be some who will not very much mind walking two or three miles away to find a mosque where they can pray.

Sahib Bahadur A. Abdul Razaak: May I suggest to the hon'ble member that congregational prayer is to be offered within the compound of the....

Sri. K. P. Nilakanta Pillai: Not all members can stand simultaneously. I am not an expert in these matters. That is one aspect of this resolution which I am developing. Therefore, I most humbly and with great sympathy, place this suggestion for the consideration of this House. If there are half a dozen students in a particular school, there is no mosque or anyother convenient place for congregational prayer, if there are half a dozen students, there must necessarily be a Muslim house somewhere near the school in which case, why not this prayer be arranged in that Muslim house without inconveniencing the 600 students of the house? That is one aspect. I am not an authority on Muslim religion or Koran. I admit that. Therefore, if I am confronted with questions based on the teaching of Mohammed or the Koran, I am nowhere. As a practical man, I am placing before this House for its consideration, the practical difficulties that will face us if this resolution is given effect to. If these difficulties are there, I again ask, whether this resolution should be accepted and acted upon as it is and whether there can be any other way.

In this connection, I want again to place or shift the burden on the head of the Education Minister. What is the system obtaining elsewhere in India? Sometimes, we are guided by the arrangements made in the Madras Presidency. Should we not follow them? These are some aspects of the question which I wanted to place here for a dispassionate criticism by the Members of this House because I found this resolution was being discussed on the basis that there was no one to oppose or that there was no one to present before the House the other side of the picture.

I then come to the last and the controversial point. In the case of primary schools-let alone the colleges-where you find small urchins, boys and girls of less than 8 or 9 years of age, should they all at that premature age, be inflicted with the ideas of God who is unknown even to many learned men? When you set apart two hours on Friday saying that those two hours are for prayer, how can a small boy, who does not know anything about God, about the efficiency of prayer and whether the prayer would ultimately yield anything, whether there is any necessity for prayer or whether there is any necessity of knowing God for the practical purpose of this world and for his useful life-be aware of these things? From the very beginning, he is, against his wishes, compelled to pick up something which may or not be useful to him. By knowing God, it may not solve any of the problems. Therefore, should we inflict this compulsory course of understanding God by asking him to pray even when he is at an immature stage of his life? That is the question. Why not we leave God to men who can know God, who can know something about God, who can know something about the value of prayer and who has learned something about the way how to approach God? Without these, why should these small boys and girls, from the very beginning, be subject to this course?

We do not oppose the resolution. It is acceptable to us. If it is acceptable to the Education Minister, if he can, without making tuition inefficient, if he can, with remaining days, cover up the portions to be taught to the students, if he can make some adjustment, "all right; well and good; do it the resolution, stands accepted by us".

Sri. K. K. Chellappan Pillai: The hon'ble member has proceeded on the assumption that one hour on each school-day is devoted to prayer and so, may I correct that mistake?

സാഹിബ് ബഹദൂർ കെ. എച്ച്. സുലൈമാൻ: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. ഈ പ്രമേയം നടപ്പിൽ വരുന്നപക്ഷം ഉണ്ടായേയ്ക്കാവുന്ന ചില പ്രായോഗിക വൈഷമ്യങ്ങളെപ്പററി ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള ഇവിടെ പറയുകയുണ്ടായി. അദ്ദേഹത്തിന്റെ ആത്മാർത്ഥതയെ ഞാൻ അഭിനന്ദിക്കുന്നതോടുകൂടിത്തന്നെ ഈ വിഷയത്തെപ്പററി അദ്ദേഹം ഏകപക്ഷീയമായി ഒരു വിധികല്പിച്ചുകളഞ്ഞുവെന്നു ഖേദത്തോടുകൂടിയെ

ങ്കിലും പറയാതെ നിവൃത്തിയില്ല. ഈ പ്രമേയം അംഗീകരിക്കുന്നപക്ഷം മററു സമുദായങ്ങളിലുള്ളവക്കും ഇങ്ങനെയുള്ള ശബ്ദങ്ങൾ പുറപ്പെടുവിക്കാനവകാശമുണ്ടെന്നും അങ്ങനെയുള്ള എല്ലാവിധ വിഷമങ്ങൾക്കും പരിഹാരമാർഗ്ഗങ്ങൾകൂടി കണ്ടുപിടിച്ചുകൊള്ളണമെന്നും അദ്ദേഹം വിദ്യാഭ്യാസമന്ത്രിയോട് ആവശ്യപ്പെടുകയുണ്ടായി. മുസ്ലീം വിദ്യാർത്ഥികൾക്ക് വെള്ളിയാഴ്ചദിവസം രണ്ടുമണിക്കൂർ നേരത്തെ ഒഴിവുകൊടുക്കേണ്ട ആവശ്യത്തെപ്പററി ഇവിടെ പ്രത്യേകിച്ചു പറയേണ്ടതായിട്ടില്ല. രണ്ടു മണിക്കൂർ ഒഴിവായി കിട്ടണമെന്നുള്ള ആവശ്യകത ഈ സഭയിലെ എല്ലാ മെമ്പർമാക്കും മനസ്സിലായിട്ടുള്ളതാണ്. ഈ സഭയിൽ വെള്ളിയാഴ്ചദിവസം ഇവിടത്തെ മുസ്ലീം മെമ്പർമാക്ക് ഇവിടത്തെ ചർച്ചകളിൽ പങ്കുകൊള്ളുവാൻ സാധിക്കാതെ വരുമെന്നു കണ്ടിട്ടാണ് വെള്ളിയാഴ്ചദിവസം രണ്ടു മണിക്കൂർ പൊതു ഒഴിവു അനുവദിച്ചിട്ടുള്ളത്. ആ അനുഭവംവച്ചുകൊണ്ട് ഈ പ്രമേയത്തെ അനുകൂലിക്കുവാൻ യാതൊരു വിഷമവുമില്ല. നിസ്സാരമായ ഒരു പ്രതിബന്ധത്തെ അടിസ്ഥാനമാക്കി മുസ്ലീങ്ങളല്ലാത്ത കുട്ടികളുടെ വിദ്യാഭ്യാസത്തെക്കൂടി തടസ്സപ്പെടുത്തുന്നതു ശരിയല്ലെന്നു ശ്രീ. നീലകണ്ഠപ്പിള്ളപറഞ്ഞു. ഇതു ജനകീയയുഗമാണല്ലോ. ന്യൂനപക്ഷത്തിൻെറപേരിൽ ചിലപ്പോൾ ഭൂരിപക്ഷത്തിനു ചില വൈഷമ്യങ്ങൾ സഹിക്കേണ്ടതായിവന്നേയ്ക്കാം. വിശ്വാസപരമായും മതപരമായുമുള്ള ഒരുകാരണത്തിന്മേൽ നിസ്സാരമായ പ്രതിബന്ധം എന്നുമാത്രം പറഞ്ഞു അവഗണിക്കപ്പെടുന്നതു ന്യൂനപക്ഷത്തിൻെറ മേൽചെയ്യുന്ന ഏററവും ക്രൂരമായ ഒരു കയ്യേററമാണെന്നു അദ്ദേഹം മനസ്സിലാക്കേണ്ടതാണ്. സുഖവും ദുഖവും ഒരുപോലെ പങ്കിട്ടെടുക്കുന്നതിന് ഭൂരിപക്ഷവും ന്യൂനപക്ഷവും ഒരുപോലെ തയ്യാറാകേണ്ടതല്ലേ? ശ്രീ. നീലകണ്ഠപ്പിള്ള അദ്ദേഹത്തിൻെറ ചെറുപ്പകാലത്തേയ്ക്ക് ഒന്നു തിരിഞ്ഞുനോക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. അദ്ദേഹത്തിൻെറ മാതാപിതാക്കന്മാർ രാമനെയും കൃഷ്ണനെയും ഓർമ്മിപ്പിച്ചുകൊണ്ട് എന്തെല്ലാം സ്മരണകളും ബോധനങ്ങളും അദ്ദേഹത്തിനു നൽകിയിട്ടുണ്ടെന്നുള്ളതു് അദ്ദേഹം ഒന്നു ഓർമ്മിച്ചുനോക്കട്ടെ. ഈശ്വരസ്മരണ ഇങ്ങനെ ചെറുപ്പകാലത്തുകിട്ടുന്ന സ്മരണകളുടെയും ബോധനങ്ങളുടെയും ഫലമായി ഉണ്ടാകുന്നതാണെന്ന് അപ്പോൾ അദ്ദേഹത്തിനു ബോദ്ധ്യപ്പെടും. ഇതേ ആവശ്യത്തിനു മുസ്ലിംവിദ്യാർത്ഥികളെ ഉപകരിക്കുവാൻ അത്യന്താപേക്ഷിതമായ ഒന്നാണ് ഈ പ്രമേയം. ഇതു ഒരു നിസ്സാരമായ ആവശ്യമാണെന്നു കരുതുന്നതു് ഏററവും ദയനീയമാണെന്ന് മാത്രമെ എനിക്കു പറയുവാനുള്ളു. അതുകൊണ്ട് ഇവിടെയുള്ള ബഹുമാനപ്പെട്ട മെമ്പറന്മാർ എല്ലാവരും ഈ പ്രമേയത്തെ അനുകൂലിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, ഒരു മതേതരരാഷ്ട്രമുണ്ടാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന നാം ഇനിയും നമ്മുടെ ചെറിയകുട്ടികൾകൂടി മതകാര്യങ്ങളിൽ തലയിടണമൊ എന്നു ചോദിക്കുമ്പോൾ അഭിപ്രായവ്യത്യാസം ഉണ്ടാകുന്നുണ്ട്. എൻെറ സ്വന്ത അഭിപ്രായം പറയുകയാണെങ്കിൽ ഒരു മതത്തെപ്പററിയും ഒരു കുട്ടിയേയും പഠിപ്പിക്കാതിരിക്കുകയാണ് വേണ്ടതു്. മതകാര്യം പ്രായപൂർത്തിവന്നതിനുമേൽ പഠിക്കേണ്ട ഒരുവിഷയവുമാണ്. എന്നാൽ ഈ രാജ്യത്തു് ഒരുനല്ല ഭൂരിപക്ഷം ആളുകളും എൻെറ ഈ അഭിപ്രായത്തോടു യോജിച്ചില്ലെന്നുവരാം. അഭിപ്രായവ്യത്യാസമുണ്ടായി എന്നുംവരാം. അതിനാൽ ഞാൻ ആ ഭാഗത്തേയ്ക്കു പോകുന്നില്ല.

ഇപ്പോൾ നമ്മുടെ മുൻപാകെ വന്നിരിക്കുന്ന പ്രമേയം ഒരു മതവിഭാഗത്തിൻെറ മതപരമായ ആവശ്യങ്ങൾ നിറവേററുന്നതിനു ഈ രാജ്യത്തെ എല്ലാ വിദ്യാർത്ഥികളും രണ്ടു മണിക്കൂർ നേരത്തേയ്ക്കു പഠിത്തം നിറുത്തിവയ്ക്കണമെന്നതാണ്. യഥാർത്ഥമായ മതവിശ്വാസത്തിൽനിന്നുകൊണ്ടാണ് ഈ പ്രശ്നം ഉന്നയിച്ചിരിക്കുന്നതെങ്കിൽ എനിക്ക് അതിനു യാതൊരു വിരോധവുമില്ല. എന്നാൽ മുസ്ലിം വിദ്യാർത്ഥികളുടെ മതവിശ്വാസത്തെപ്പററി മാത്രം പരിഗണിച്ചാൽ പോരെന്നും മററു മതവിശ്വാസികളെക്കൂടി ഈ തത്വം ബാധിക്കണമെന്നുള്ള കാര്യം ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി മറന്നുകളയരുതു്. ജൂതന്മാക്ക് ശനിയാഴ്ച ഒരു വിശേഷദിവസമാണ്. മതപരമായ കാര്യങ്ങൾക്ക് ജൂതന്മാരെ സംബന്ധിച്ചിടത്തോളം ഒരു പ്രധാന ദിവസമാണ് ശനിയാഴ്ച. ഈ ഐക്യസംസ്ഥാനത്തു ജൂതന്മാർ വളരെയുണ്ട്. ഒരു മതവിഭാഗത്തിൻെറയും വിശ്വാസങ്ങളെ വേദനിപ്പിക്കത്തക്കവണ്ണം ഒരു രാഷ്ട്രം യാതൊന്നും ചെയ്യാൻ പാടില്ല എന്ന തത്വത്തോടു ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. ആ നിലയിൽ നോക്കുമ്പോൾ മററു മതവിശ്വാസികളുടെ കാര്യവുംകൂടി പരിഗണിക്കേണ്ടതായി വരും. ശനിയാഴ്ച മററു ചിലക്കും വിശേഷദിവസമാണ്. ഹിന്ദുക്കളിൽ

[Sri. Ponnara G. Sreedhar]

ശാസ്താഭക്തന്മാർക്ക് ശനിയാഴ്ച, ഏററവും പ്രധാനപ്പെട്ട ദിവസമാണ്. അതുപോലെ ശൈവഭക്തന്മാർക്ക് തിങ്കളാഴ്ചയും, വൈഷ്ണവഭക്തന്മാർക്ക് വെള്ളിയാഴ്ചയും വിശേഷപ്പെട്ട ദിവസങ്ങളാണ്. ഇങ്ങനെ എല്ലാ ജനവിഭാഗങ്ങളുടെയും വിശ്വാസങ്ങളെ ആദരിച്ചും അംഗീകരിച്ചുംകൊണ്ടു ഇവിടത്തെ വിദ്യാഭ്യാസം നടത്തിക്കൊണ്ടുപോകാമെന്നു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി കരുതുന്നുണ്ടെങ്കിൽ എനിക്കു ഒരു വിരോധവുമില്ല. പരീക്ഷയ്ക്ക് എഴുതാതെതന്നെ പാസ്സാകണമെന്നും, ഉള്ള ദിവസങ്ങളത്രയും ഒഴിവുദിവസങ്ങളായിരിക്കണമെന്നും ആഗ്രഹിക്കുന്ന ഇന്നത്തെ വിദ്യാർത്ഥികൾക്ക് ഇതു സന്തോഷകരമായ ഒരു കാര്യമാണ്. എന്നാൽ ഈ കാര്യങ്ങൾ ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ വരുമ്പോൾ അതു ഏററവും ഗൌരവാവഹമായിത്തന്നെ കണക്കാക്കി തീരുമാനം ചെയ്യേണ്ടതാണ്. അതുകൊണ്ട് ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നതോടുകൂടി ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രിയും ഈ പ്രമേയകർത്താക്കളും ഇക്കാര്യം നല്ലവണ്ണം ആലോചിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുകയും ചെയ്യുന്നു.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സർ, ഈ പ്രമേയത്തിൽ അടങ്ങിയ തത്വത്തെ അനുകൂലിക്കാമെങ്കിലും പ്രമേയം അതേപടി അനുകൂലിക്കുവാൻ പ്രയാസമുണ്ട്. ഈ പ്രമേയം ഇവിടെ പര്യാലോചനയ്ക്കു വരികയും പല ബഹുമാനപ്പെട്ട മെമ്പറന്മാർ ഇതേപ്പററി സംസാരിക്കുകയും ചെയ്ത സ്ഥിതിയ്ക്ക് ഇതിനെ സംബന്ധിച്ചു എന്തെങ്കിലും ഒരു തീരുമാനം ചെയ്യുന്ന അവസരത്തിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ശ്രദ്ധിച്ചാൽ കൊള്ളാമെന്ന് എനിക്കഭിപ്രായമുള്ള ഒന്നു രണ്ടു കാര്യങ്ങൾ ഇവിടെ പ്രസ്താവിക്കാൻ ഞാനാഗ്രഹിക്കുന്നു. സ്വതേ ഇത്തരം കാര്യങ്ങളിൽ സമുദായത്തിന്റെ നിയന്ത്രണനിയമങ്ങളും രാഷ്ട്രത്തിന്റെ നിയന്ത്രണനിയമങ്ങളും തമ്മിലുള്ള ഒരു സംഘട്ടനമാണ് നമുക്കനുഭവപ്പെടുന്നത്. ഒരു സമുദായത്തിന്റെ ഡിസിപ്ലിനറി റൂൾസും, സ്റ്റേററിന്റെ ഡിസിപ്ലിനറി റൂൾസും തമ്മിൽ സംഘട്ടനംവരുന്നിടത്താണ് ഒരു ഒത്തുതീർപ്പു ആവശ്യമായിവരുന്നത്. തീർച്ചയായും മുടക്കിയേകഴിയൂ എന്നു നിർബ്ബന്ധമുള്ളദിവസം മുടക്കുക എന്നുള്ളത് ഏതു രാഷ്ട്രത്തിന്റെയും ധർമ്മമാണ്. അങ്ങനെ ചെയ്യുന്നുമുണ്ട്. എന്നാൽ ആ നിലവിട്ടിട്ട് എല്ലാ വെള്ളിയാഴ്ചകളിലും ഒരു പ്രത്യേക സമുദായത്തിനുവേണ്ടി പൊതുവെ ഒരു ക്ലിപ്തസമയം സ്കൂളുകളിൽ ഒഴിവാക്കുക എന്നുള്ളതു കുറെക്കൂടി ചിന്തിച്ചു ചെയ്യേണ്ടിയിരിക്കുന്നു. സാമുദായികസിദ്ധാന്തങ്ങൾ എല്ലാം പ്രായപൂർത്തിവരാത്ത ആളുകളെ സംബന്ധിച്ചിടത്തോളം ഒഴിവാക്കപ്പെടാമെന്നാണ് എല്ലാമതഗ്രന്ഥങ്ങളിലും പറഞ്ഞിരിക്കുന്നത്. റോമൻകത്തോലിക്കരുടെ വൈദികഗ്രന്ഥങ്ങളിലും, വർണ്ണാശ്രമധർമ്മങ്ങളെപ്പററി പ്രതിപാദിക്കുന്ന ഹൈന്ദവഗ്രന്ഥങ്ങളിലും അതുപോലെയുള്ള മററു മതഗ്രന്ഥങ്ങളിലും അനുശാസിക്കപ്പെടുന്നത് അങ്ങനെയാണ്. പ്രായപൂർത്തിവന്നവർക്കുതന്നെ വേണമെങ്കിൽ മതസിദ്ധാന്തങ്ങളിൽനിന്ന് ഒഴിഞ്ഞുനില്ക്കാനുള്ള വ്യവസ്ഥകളുമുണ്ട്. മുസ്ലിംവിദ്യാർത്ഥികൾ ധാരാളമായി കാണുന്ന തീരപ്രദേശങ്ങളിലുള്ള വിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോളം ഒരുപക്ഷേ ഇങ്ങനെയൊരു അഡ്ജസ്റ്റ്മെൻറു ചെയ്യുന്നതുകൊണ്ടു വലിയ തരക്കേടൊന്നും വരാനില്ലായിരിക്കും. എന്നാൽ എല്ലാസ്ഥലങ്ങളിലുമുള്ള എല്ലാ സ്കൂളുകളിലും ഒരു ഡിസിപ്ലിനറിറൂളായി ഇങ്ങനെ രണ്ടുമണിക്കൂർനേരത്തെ ഒഴിവുകൊടുക്കണമെന്നു പറയുന്നതു ശരിയല്ല. അങ്ങനെയാണെങ്കിൽ ഇവിടെ ചിലർ പറഞ്ഞതുപോലെ മററുള്ളവരുടെ ആചാരവിശ്വാസങ്ങളെ ആദരിച്ചുകൊണ്ട് മററു ഒഴിവുകളും ഗവൺമെൻറിനു കൊടുക്കേണ്ടതായിവരും. ഞാൻ മുൻപുപറഞ്ഞതുപോലെ മതസിദ്ധാന്തങ്ങൾ പ്രായപൂർത്തിവരാത്ത കുട്ടികളെ സംബന്ധിച്ചിടത്തോളം അത്ര നിഷ്കൃഷ്ടമായി ബാധിക്കത്തക്കതല്ല എന്ന കാരണത്താൽ ഈ പ്രമേയത്തിന്റെ തത്വം രാജ്യവ്യാപകമാക്കിത്തീർക്കണമെന്നില്ല. മുസ്ലീം സമുദായത്തിന്റെ ആചാരത്തെയൊ മതവിശ്വാസത്തെയൊ പാലിക്കത്തക്ക സാഹചര്യം ഉണ്ടാക്കികൊടുക്കുന്നതിൽ ആർക്കും ആക്ഷേപമില്ല. എന്നാൽ ഒരു മുസ്ലിംവിദ്യാർത്ഥിമാത്രമുള്ള ഒരു സ്കൂളിൽകൂടി ഈ നിയമമനുസരിച്ചു രണ്ടുമണിക്കൂർ ഒഴിവുദിവസമാക്കണമെന്നു നിശ്ചയിക്കുന്നപക്ഷം അതു എല്ലാവിദ്യാർത്ഥികളുടെയും സ്വാതന്ത്ര്യത്തെ ബാധിക്കുന്നൊരു നടപടിയാകും എന്നുള്ളതിനു യാതൊരുസംശയവുമില്ല. അങ്ങനെയുള്ള തകരാറുകളൊന്നുംവരാത്തവിധത്തിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി വേണ്ടതുചെയ്താൽകൊള്ളാം.

சாகிப் பஹதூர் ஏ. அப்துல் ரஸாக்: எனக்கும் எனது நண்பர் Aziz அவர்களுக்கும் பொதுவான ஹஸரத் அலி அவர்களுடைய பேச்சு, இந்த சந்தர்ப்பத்தில் எனக்கு ஞாபகத்திற்கு வருகிறது. "Don't be friend the unsteady, lest ye shall be befooled"

அதாவது, "உறுதி இல்லாத நண்பர்களை நீ தேடிக்கொள்வாயேயானால் நீயே பிறரால் கேலி செய்யப்படுவாய்," என்று அலி அவர்கள் சொல்லி இருக்கிறார்கள். அதை ஏன் நான் இந்த சந்தர்ப்பத்தில் எடுத்துச் சொல்ல வேண்டுமென்றால், இந்த ஒரு முஸ்லிம்களுடைய கோரிக்கை இவ்வளவு பெரியதொரு பரபரப்பும், கொந்தளிப்பும், சில இடங்களில் சீற்றமும், முனகல்களும், இவைகளுக்கு ஒன்றும் இடம் கொடுக்காமலேயே இன்று அமுலில் இருக்கும் மந்திரி சபை நினைத்து இருந்தால், செய்து இருக்க முடியும். இந்த முறை, எனது நண்பர் கெ. பி. நீலகண்டபிள்ளை அவர்கள் நினைப்பதுபோல், ஒரு நூதனமான முறையல்ல. சமீபத்தில் நடைமுறையில் இருந்த இந்த முறை, ஒரு அரக்கனால் நீக்கப்பட்டது என்று மற்றவர்களுக்குத்தெரியாவிட்டாலும் எனது நண்பர் கெ. பி. நீலகண்டபிள்ளை அவர்களுக்குத் தெரிந்துதான் இருக்கமுடியும். ஏனென்றால் இங்கே அரசாங்கத்தின் தலைமை பீடத்தில் வீற்றிருந்த ஸர். ஸி. பி. ராமஸ்வாமி ஐயர் இதை மாற்றியவுடன் அன்று நிலவிலிருந்த ஸ்டேட் காங்கிரசும், அன்று ஸ்டேட் காங்கிரஸ் மேலிடத்தில் வீற்றிருந்த ஸ்டேட் காங்கிரஸ் மேதாவிகளும் இதைக் கண்டித்து பலயிடங்களிலும் பேசியிருக்கிறார்கள். ஒரு தீர்மானம் கூட நிறைவேற்றியிருக்கிறார்கள் என்று நான் இங்கே வரும்போது ஒரு நண்பர் சொன்னார். இதைப்பற்றி எனக்கு நிச்சயமாய் ஒன்றும் சொல்வதற்கில்லை. ஆனால் இதை மட்டும் எனக்கு நிச்சயமாய் சொல்லமுடியும். அதாவது ஸர். ஸி. பி. ராமஸ்வாமி ஐயர் இந்த முறையை நீக்கியவுடன் ஸ்டேட் காங்கிரஸில் உள்ள பல பிரமுகர்கள், இன்று பிரதான மந்திரியாய் இருக்கிற எனது நண்பர் டி. கெ. நாராயணபிள்ளை அவர்கள் உள்பட, பல ஸ்டேட் காங்கிரஸ் தலைவர்கள் இதை கண்டித்து இருக்கிறார்கள் என்பது மட்டும் எனக்கு நன்றாய் தெரிந்த ஒரு விஷயமாகும். இதை கெ. பி. நீலகண்டபிள்ளை அவர்கள் மறுக்கமாட்டார்கள் என்று நான் நம்புகிறேன். அப்படி இருந்தும், அமுலில் இருந்தமேற் சொன்ன முறை ஸர். ஸி. பி—ஆல் நீக்கப்பட்டிருந்தும், இன்று அரசாங்க ஆசனங்களில் வீற்று இருக்கிற தலைவர்கள், நிர்வாகத்தை ஓட்டிக்கொண்டிருக்கும் ஒரு சக்தியைப்பெற்று இருந்தும் கூட, ஏன் முஸ்லீம்களின் இந்த நியாயமான கோரிக்கை இவ்வளவு தாமதிக்கப்பட வேண்டும்? ஏன் இவ்வளவு பரபரப்பிற்கும், கொந்தளிப்பிற்கும், இடம் கொடுக்க வேண்டுமென்று, இன்றைய மந்திரிசபையைக் கேட்காமல் எனக்கு இருக்கமுடியவில்லை. அப்படிக் கேட்கும்போது எனக்கு, நாட்டில் ஒவ்வொரு நாளும் நாம் நேரடியாக காணும் சம்பவம் ஞாபகத்திற்கு வருகிறது. இரப்பாளியாகத்திரிவான். இரப்பாளியாக இருந்து, பின் பிச்சைக்காரனாகி, அவன் தெருத்தெருவாய், வீட்டுக்கு வீடாய் பிச்சை யெடுத்துத் திரிந்துகொண்டிருக்கும்போது, கடவுளே! சிவனே! ஐயப்பனே! என்று பலவாறாகச் சொல்லி தெய்வபக்தி மிகுந்தவனாகக் காணப்படுவது வழக்கம். ஆனால், அவனது அந்த இரப்பாளி நிலை மாறி, பின் பிச்சைக்காரனாகி, அந்த நிலையும் மாறி, சிறிது சொத்து, வீடு வாசல், சுதந்திரம், என்று வரும்போது, வேண்டுமானால் கடவுள் என்னைக்கவனிக்கட்டும் என்று சொல்லும் நிலைக்கு அவன் மாற்றமடைந்து வருவதை நாம் கண்ணாரக் காண்கிறோம். அதைப்போலவே, இன்றைய மந்திரிகளும் அதிகாரத்திற்கு வந்ததும், தமது முந்நாள் நிலைமையையும், முந்நாளில் தாம் சொல்லித்திரிந்த பேச்சையும் மறந்து விட்டிருக்கிறார்கள். இன்றைய மந்திரி சபை நினைத்திருந்தால் இவ்வளவு பரபரப்பிற்கும், கொந்தளிப்பிற்கும் இடம் கொடுக்காமல் ஸர். ஸி. பி. செய்த ஒரு அக்கிரமத்தை, அவர் கையாண்ட நடைமுறையை இவர்கள் கையாண்டு அதை நிறைவேற்றி இருக்கமுடியும். அப்படி இல்லாமல் போனதோடு, இவ்வளவு பரபரப்பிற்கும், கொந்தளிப்பிற்கும், கெ. பி. நீலகண்டபிள்ளை அவர்களின் முனகலுக்கும், ஒரு சந்தர்ப்பம் அளித்துக் கொடுத்ததில் எனக்கு மிகவும் மனவருத்தமுண்டு. எனது நண்பர் கெ. பி. நீலகண்டபிள்ளை அவர்கள் இங்கே ஒரு வாத முகம் எழுப்பினார்கள். அதாவது, 9, 10, வயதிற்குக் கீழ்ப்பட்ட மாணவர்களுக்கு இந்த மத விஷயங்களைக் குத்திக் கொடுத்தாக வேண்டுமா? அது உசிதமா? என்றும், அப்படி செய்வது இன்றைய கல்விமந்திரி அவர்களின் போக்கிற்கு

[Sahib Bahadhur A. Abdul Razaak]

ஒத்ததாய் இருக்க முடியுமா யென்றும் பல ஐயப்பாடுகளை எழுப்பினார்கள். இந்த இடத்தில் நான் வருத்தத்தோடு அவரிடம் சொல்வது என்னவென்றால் நாங்கள் எங்களுடைய மாணவர்களுக்கும், எங்களுடைய குழந்தைகளுக்கும், கொடுக்க விரும்புக இந்த ஒரு டிரெயினிங் எனது நண்பர் அவர்களுக்கு சிறு வயதிலிருந்து இருக்குமானால் இவ்வளவு தூரம் சன்மார்க்க வழியிலிருந்து அவர் விலகிச் சென்று இருக்க முடியாது, என்பதுதான். அதைப் பற்றிக் கூறும்போது ஒன்றுகூட நான் அவர்களுக்கு எடுத்துச் சொல்ல விரும்புகிறேன். சின்னஞ்சிறு மாணவர்களாய் இருக்கிற பாலகர்களுக்கு Drill அவசியமாயென்று, நான் அவர்களை சிந்திக்கும்படி கேட்டுக் கொள்கிறேன். அது அவசியமில்லை என்று சொல்லிக்கொள்ளும் அளவிற்கு என் நண்பர் முன் வரவில்லை. அது (Drill) சிறுவர்களுக்கு அவசியமே என்றுதான் அவர்கள் சொல்வார்கள். அதே போல் எங்கள் மாணவர்களுக்கு, நாங்கள் இன்று, இரக்ஷகர்த்தாக்கள், போஷகர்கள் என்ற நிலையிலிருந்து வளர்த்து வருகிற எங்கள் குழந்தைகளுக்கு இந்த ஒரு மனப்பயிர்சி அவசியமே, என்று நாங்கள் கருதுகிறோம். எனது நண்பர் கெ. பி. நீலகண்டபிள்ளை அவர்களின் imagination ல் இருக்கிற உலகத்தை எல்லோரும் விரும்புகிறபோது இரக்ஷகர்த்தாக்கள், பெற்றவன், பெற்றவள், அவள் பிள்ளை இது, அவன் பிள்ளை இது என்று ஒன்றும் இல்லாத ஒரு நிலைமை வரும்போது, கெ. பி. நீலகண்டபிள்ளை அவர்களிடம், இன்று எனது மதிப்பிற்குரிய நண்பர் பனம்பள்ளி கோவிந்த மேனேன் அவர்கள் கையில் வைத்து இருக்கும் Port-Folio வை, அவர்களது கையிலிருந்து நானே வாங்கிக் கொடுத்து பள்ளிக்கூட மாணவர்களுக்கு பயிற்சி அளிக்கும்படியாக நான் கொடுக்கிறேன். இன்றைய நிலையில், பெற்றோர்கள், குழந்தைகள், என்ற நிலைமை இருக்குமளவில் முஸ்லீம்கள் ஆகிய நாங்கள், எங்கள் குழந்தைகளுக்கு இப்படிப்பட்ட மனப்பயிற்சி அளிக்கவேண்டுமென்று நாங்கள் கருதுகிறோம். அப்படி எங்கள் குழந்தைகளுக்கு மனப்பயிற்சி அளிக்கும் ஒரு சந்தர்ப்பம் எங்களுக்கு கிடைத்தே தீரவேண்டுமென்று சொல்லிக் கொண்டு நான் எனது நண்பர் அஸீஸ் அவர்களின் தீர்மானத்தை ஆதரித்துக் கொள்கிறேன்.

ശ്രീ. പി. ചാക്കോ: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. തിരുവിതാംകൂറിലെ മുസ്ലീം വിദ്യാർത്ഥികൾക്ക് പ്രാർത്ഥനയ്ക്കുവേണ്ടി വെള്ളിയാഴ്ചദിവസം ഒരു മണിക്കൂർ അവധി അനുവദിക്കണമെന്നുള്ളതു് ന്യായമായ ഒരഭ്യർത്ഥനയാണ്. സർ, മുസ്ലീം സമുദായം ഒരു ന്യൂനപക്ഷസമുദായമാണ്. ന്യൂനപക്ഷസമുദായങ്ങളുടെ നേർക്ക് ദാക്ഷിണ്യം കാണിക്കേണ്ടതു് അതായതു്, അവരുടെ അവകാശങ്ങളെ സംരക്ഷിക്കേണ്ടതു് ഭൂരിപക്ഷസമുദായങ്ങളുടെ കടമയാണ്. ആ വിധത്തിൽ അവരുടെ കുട്ടികളുടെ വിദ്യാഭ്യാസവിഷയത്തിൽ തടസ്സമുണ്ടാകാത്ത വിധത്തിൽ ഒരു മണിക്കൂർ സമയം വെള്ളിയാഴ്ചദിവസം പ്രാർത്ഥനയ്ക്ക് അനുവദിച്ചുകൊടുക്കണമെന്നു പറഞ്ഞാൽ നാം സന്തോഷപൂരസ്സരം അതു സ്വീകരിക്കേണ്ടതാണ്. അങ്ങനെയിരിക്കെ ഈ പ്രമേയത്തെ ഏതാനും ബഹുമാനപ്പെട്ട മെമ്പറന്മാർ എതിർത്തുകാണുന്നതിൽ ഞാൻ അതിയായി ഖേദിക്കുന്നു. മതപരമായി ഇങ്ങനെയുള്ള കാര്യങ്ങൾക്കു പുറപ്പെട്ടാൽ തർക്കങ്ങൾ ഉണ്ടാകാൻ ഇടയുണ്ടെന്നു മി. ശ്രീധർ പ്രസ്താവിച്ചു. മതേതരരാഷ്ട്രം സാമുദായികമനോഭാവത്തിൽനിന്നും വിദൂരമായിരിക്കണമെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. മതേതരരാഷ്ട്രമെന്നു പറഞ്ഞുകൊണ്ടു് ഒരു സാമുദായത്തിന്റെ വിശ്വാസത്തെ അടിച്ചമർത്തത്തക്ക പദ്ധതികൾ നാം സ്വീകരിക്കരുതു്. മതേതരരാഷ്ട്രത്തിൽ ഓരോ മതത്തിന്റെ അവകാശങ്ങളെയും സംരക്ഷിക്കണമെന്നാണ് എന്റെ അഭിപ്രായം. മതേതരരാഷ്ട്രത്തിന്റെ ലക്ഷ്യം ഏതെങ്കിലും ഒരു മതത്തിന്റെ അവകാശങ്ങളെ ഹനിക്കത്തക്കവണ്ണമുള്ളതല്ല. ഈ യൂണിയനിൽ സമുദായസൌഹാർദ്ദം പുലർത്തണമെന്നു് നാം അഭിലഷിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എല്ലാ മതങ്ങളുടേയും അവകാശങ്ങൾ അനുവദിച്ചുകൊടുക്കുന്നതിൽ നാം തടസ്സക്കാരായിരിക്കരുതു്. വെള്ളിയാഴ്ചദിവസം ഒരു മണിക്കൂർ ഒഴിവുകൊടുക്കുകയാണെങ്കിൽ പാഠപദ്ധതിയിൽ ഉണ്ടാകാവുന്ന ന്യൂനത ആവശ്യമെന്നു തോന്നുന്ന പക്ഷം വേറൊരു ഒഴിവുദിവസത്തിൽ നടത്തിക്കൊണ്ടുപോകാവുന്നതാണ്. അങ്ങനെ സ്കൂളുകളിൽ ചെയ്യാവുന്നതാണ്. മുസ്ലീങ്ങൾക്ക് ഒഴിവുദിവസമായി പ്രഖ്യാപിച്ചിട്ടുള്ളതു രണ്ടുമൂന്നു ദിവസങ്ങൾ മാത്രമാണ്. ക്രിസ്ത്യാനികൾക്ക് ക്രിസ്മസ്സ്, ഹിന്ദുക്കൾക്ക് ഓണം, പൂജവയ്പ്പ്,

പൂജ എടുപ്പ് മുതലായ അവരുടെ മതപരമായി പ്രധാനപ്പെട്ട ദിവസങ്ങൾ ഒഴിവുദിവസങ്ങളാണ്. മുസ്ലീം സമുദായത്തിന് അതുപോലുള്ള ഒഴിവുദിവസങ്ങൾ വളരെ ചുരുക്കമാണ്. അതുകൊണ്ട് മുസ്ലീം വിദ്യാർത്ഥികൾക്ക് വെള്ളിയാഴ്ചദിവസം അദ്ധ്യയനം നഷ്ടംവരാതെ പ്രാർത്ഥന നടത്തത്തക്ക ഒരു മണിക്കൂർ ഒഴിവുനൽകണമെന്നു പറയുന്നത് നാം സന്തോഷത്തോടുകൂടി അനുവദിച്ചുകൊടുക്കേണ്ടതാണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ: മുസ്ലീങ്ങൾക്ക് മാത്രം ഒഴിവുകൊടുത്താൽ മതിയെന്നു പറഞ്ഞിട്ടുണ്ടോ?

ശ്രീ. പി. ചാക്കോ: ഞാൻ മനസ്സിലാക്കിയിടത്തോളം വിദ്യാർത്ഥികളുടെ അദ്ധ്യയനത്തിന് തടസ്സം വരാതിരിക്കത്തക്കവിധം മുസ്ലീങ്ങൾക്ക് പ്രാർത്ഥന നടത്തുന്നതിനുവേണ്ടി വെള്ളിയാഴ്ച ഒരു മണിക്കൂർ ഒഴിവുകൊടുക്കണമെന്നാണ്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള അവർകൾ പറഞ്ഞതു് ഇങ്ങനെ ഒഴിവുകൊടുക്കുകയാണെങ്കിൽ കുട്ടികളുടെ അദ്ധ്യയനസമയം ഒരു മണിക്കൂർ കുറഞ്ഞുപോകുമെന്നാണ്. അതിന് ഞാൻ മുമ്പുതന്നെ പറഞ്ഞു മററു ദിവസങ്ങളിൽ ഒരു മണിക്കൂർ നേരത്തേയൊ അല്ലെങ്കിൽ ഒഴിവുദിവസങ്ങളിൽതന്നെ കാലത്തോ വൈകിട്ടോ ക്ലാസുനടത്തിയോ ഈ പ്രശ്നം പരിഹരിക്കാവുന്നതാണെന്ന്. എനിക്ക് ഒന്നു ചോദിക്കുവാനുള്ളതു് ഗവമ്മെണ്ട് ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ള ഷിഫ്റ്റ് സിസ്റ്റംകൊണ്ട് എത്രയെത്ര മണിക്കൂറുകൾ ആണ് വിദ്യാർത്ഥികൾക്ക് നഷ്ടപ്പെട്ടുപോയിട്ടുള്ളതു് എന്നാണ്. ഇന്നുവരെയും ആ സിസ്റ്റത്തിന് ഒരു മാററവും ഉണ്ടായിട്ടില്ല.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ഒരു തെററ് മറെറാരു തെററുകൊണ്ട് സാധൂകരിക്കുകയാണോ?

ശ്രീ. പി. ചാക്കോ: അതല്ല ഞാൻ പറഞ്ഞതു് ആ വിധത്തിൽ ധാരാളം മണിക്കൂറുകൾ രണ്ടുമൂന്നുകൊല്ലമായി വിദ്യാർത്ഥികൾക്ക് യാതൊരാവശ്യവുമില്ലാതെ നഷ്ടപ്പെട്ടുകൊണ്ടിരിക്കെ മതപരമായി മുസ്ലീം സമുദായം വളരെ പ്രാധാന്യം നൽകുന്ന വെള്ളിയാഴ്ച ദിവസങ്ങളിൽ അവരുടെ വിദ്യാർത്ഥികൾക്ക് പ്രാർത്ഥനയ്ക്ക് ഒരു മണിക്കൂർ എങ്കിലും സമയം നൽകേണ്ടതു് അത്യാവശ്യംതന്നെയാണെന്നാണ്. ഞാൻ മുമ്പു പറഞ്ഞതുപോലെ ഇങ്ങനെ നഷ്ടമാകുന്ന അദ്ധ്യയനം മററു ദിവസങ്ങളിൽ ക്ലാസുകൾവെച്ചു പരിഹരിക്കാവുന്നതാണ്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ആകെത്തോറും നഷ്ടപ്പെടുന്ന അദ്ധ്യയനമാണോ മററു ദിവസങ്ങളിൽ ക്ലാസുകൾവെച്ച് പരിഹരിക്കുന്നതു്?

ശ്രീ. പി. ചാക്കോ: ഈ അവസരത്തിൽ ഞാൻ ഒരു കാര്യംകൂടി പ്രസ്താവിച്ചുകൊള്ളട്ടെ. മുസ്ലീം സമുദായത്തിന്റെ ഈ ന്യായമായ അവകാശത്തെ സംരക്ഷിക്കുന്നതിനു വേണ്ടി ഈ നിയമസഭപോലും വെള്ളിയാഴ്ചദിവസങ്ങളിൽ $12\frac{1}{2}$ മുതൽ $2\frac{1}{2}$ മണിവരെ ഒഴിവുകൊടുത്തിട്ടാണ് സമ്മേളിക്കുന്നതു്. ആ പ്രമേയം ഇവിടെ വന്നപ്പോൾ നാം എല്ലാവരും ഐകകണ്ഠ്യേന പാസ്സാക്കുകയാണ് ചെയ്തതു്. അതുപോലെതന്നെ ഈ പ്രമേയവും പാസ്സാക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

Sri. Eapen Arakkal: Sir, can I move a closure.

മി. ഡെപ്യൂട്ടി പ്രസിഡൻറ്: ക്ലോഷർ മൂവ് ചെയ്യുന്നതു് അഭിപ്രായം ചോദിച്ചിട്ടില്ല.

സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: ഈ പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു. വിദ്യാഭ്യാസവിഷയത്തിൽ വളരെ പിന്നോക്കം നില്ക്കുന്ന ഒരു സമുദായമാണ് മുസ്ലീങ്ങളുടേതു്. നമ്മുടെ ഗവമ്മെണ്ട് എന്നല്ല ഏതു ഗവമ്മെണ്ടും വിദ്യാഭ്യാസത്തിൽ പിന്നോക്കം നില്ക്കുന്ന മുസ്ലീംസമുദായത്തിന്റെ അവകാശങ്ങളെ സംരക്ഷിക്കുകയും അവക്കു വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുന്ന ഒരു കാലഘട്ടമാണ് ഇതു്. മുസ്ലീം വിദ്യാർത്ഥികൾക്കു വെള്ളിയാഴ്ചദിവസം അവരുടെ പ്രാർത്ഥനയ്ക്കു സൌകര്യം നൽകുന്നതിനുവേണ്ടി അദ്ധ്യയനത്തിന് തടസ്സമുണ്ടാകാത്ത രീതിയിൽ ഒരു മണിക്കൂർ അവധി കൊടുക്കണമെന്നുള്ള ഈ പ്രമേയം നടപ്പിൽ വരുന്നതുകൊണ്ട് യാതൊരു സമുദായത്തിനും യാതൊരുവിധമായ ദോഷവും ഉണ്ടാകാൻ പോകുന്നില്ല. ഇവിടെ ചി

[Sahib Bahadur A. K. Kunju Moideen]

ലർ പറഞ്ഞു, വിദ്യാർത്ഥികളുടെ പഠനത്തിന് തടസ്സം ഉണ്ടാക്കുന്നതാണ് ഈ വ്യവസ്ഥ എന്ന്. അങ്ങനെയൊന്നും തടസ്സം വരാത്ത രീതിയിൽ പ്രമേയകാര്യം നടപ്പിൽ വരുത്തിയാൽ മതി.

ശ്രീ. കെ. രാമചന്ദ്രൻ: വെള്ളിയാഴ്ച മുഴുവനും ഒഴിവുദിവസമായിരിക്കുന്നതു നല്ലതല്ലേ?

സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: അങ്ങിനെ ചെയ്യുവാൻ സൗകര്യമുള്ള പക്ഷം അതേറെ നല്ലതാണെന്നാണ് എനിക്കീസഭയെ അറിയിക്കുവാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹു. മെമ്പറന്മാർ തമ്മിൽ സംഭാഷണം നടത്തിക്കൊണ്ടിരിക്കുന്നത് അനുവദിക്കത്തക്കതല്ല.

സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: അതിനാൽ ഇങ്ങനെ ഒരു ഔദാര്യം ഈ മുസ്ലീം സമുദായത്തിനുവേണ്ടി ചെയ്യുന്നതു മുസ്ലീം സമുദായത്തിൽ വിദ്യാഭ്യാസം ചെയ്യുന്നവരോട് കാണിക്കുന്ന ഒരു ഔദാര്യമാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഈ മാതിരിയുള്ള പ്രവർത്തനങ്ങളും പ്രസംഗങ്ങളും മുസ്ലീം സമുദായത്തിന്റെ വിദ്യാഭ്യാസാഭിവൃദ്ധിക്കു പ്രതിബന്ധമായിരിക്കുകയില്ലേ എന്നു ഞാൻ എന്റെ സ്നേഹിതന്മാരോട് ചോദിക്കുന്നു. വെള്ളിയാഴ്ചദിവസങ്ങളിൽ പ്രാർത്ഥനയ്ക്ക് സൌകര്യം നല്കാതിരുന്നാൽ മുസ്ലീം സമുദായത്തിന്റെ വിദ്യാഭ്യാസത്തിന് തടസ്സമുണ്ടാക്കുമെന്നും അതുകൊണ്ട് ഈ സഭ ഈ പ്രമേയം പാസ്സാക്കണമെന്നും ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

പ്രാഥമികവിദ്യാലയങ്ങളിൽ പഠിക്കുന്നതായ വിദ്യാർത്ഥികൾക്ക് വെള്ളിയാഴ്ച ഒഴിവു കൊടുക്കുന്നതിനെ സംബന്ധിച്ച് ഇവിടെ ഒരു ബഹു. മെമ്പർ എതിർത്തുസംസാരിച്ചു. എനിക്കു പറയുവാനുള്ളത് നമ്മുടെ മതാനുഷ്ഠാനത്തെ നന്നാക്കുവാനായി നാം ശ്രമിച്ചില്ലെങ്കിൽ അതു ക്രമേണ ഇല്ലാതാവുമെന്നു മാത്രമല്ലാ മുസ്ലീങ്ങൾ തങ്ങളുടെ കുട്ടികളെ വിദ്യാലയങ്ങളിൽ അയയ്ക്കാൻ മടിക്കുന്നതുമാണ്.

എന്റെ ഒരു ഭേദഗതി ഇവിടെ ഹാജരാക്കണമെന്നു വിചാരിച്ചു. അതായതു് വെള്ളിയാഴ്ചദിവസം എല്ലാ വിദ്യാലയങ്ങളും കോടതികളും മററു സ്ഥാപനങ്ങളും രണ്ടുമണിക്കൂർ പൊതുഒഴിവായി പ്രഖ്യാപിക്കപ്പെടണമെന്ന്. എന്നാൽ, അതിനെ ഈ സഭയിലെ ഭൂരിപക്ഷം കക്ഷികളും എതിർക്കുമെന്നുള്ളതുകൊണ്ടാണ് ആ ഭേദഗതി ഞാൻ ഇവിടെ അവതരിപ്പിക്കാതിരുന്നതു്.

എന്തായാലും ഈ ഒരു നിസ്സാരകാര്യത്തിന് ആർക്കും യാതൊരു തടസ്സവും ഉണ്ടാകാൻ ഇടയില്ലാത്തവണ്ണം എങ്ങിനെയെങ്കിലും അഡ്ജസ്റ്റ് ചെയ്തെങ്കിലും ഈ പ്രമേയത്തെ സ്വീകരിച്ചു പാസ്സാക്കണമെന്നു ഈ സഭയോടും അതു് അംഗീകരിക്കണമെന്നു ഗവൺമെണ്ടിനോടും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ വിരമിക്കുന്നതിനു മുമ്പായി ഒരു നിർദ്ദേശം നല്കാം. വെള്ളിയാഴ്ച അദ്ധ്യയനസമയത്തിനു അര മണിക്കൂർമുമ്പെ പഠനം തുടങ്ങുകയും അര മണിക്കൂർ വൈകിയിട്ടു അദ്ധ്യയനം അവസാനിപ്പിക്കയും ചെയ്യുന്നപക്ഷം ആരുടേയും പഠനം നഷ്ടപ്പെടുന്നതല്ലാ. ഈ നിർദ്ദേശം കാര്യമായി ഗൌനിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ. മി. കുഞ്ഞുമൊയ്തീൻ പ്രസംഗിച്ചുകഴിഞ്ഞു. ഇനി മി. ഈപ്പൻ അയ്ക്കാൽ ക്ലോഷർ മോഷൻ അവതരിപ്പിക്കാം.

ശ്രീ. പി. കെ. ഡീവർ: സർ, മി. ഈപ്പൻ അറയ്ക്കൽ ക്ലോഷർ മോഷൻ അവതരിപ്പിച്ചിട്ടില്ല. ഒരു പോയിൻറ് ആഫ് ആർഡർകൊണ്ടുവന്ന് സൂത്രത്തിൽ ഒരു ക്ലോഷർമോഷൻ അവതരിപ്പിക്കാമോ എന്നു ചോദിക്കുകയാണുണ്ടായതു്. ഈ പ്രമേയത്തെ സംബന്ധിച്ചു ഇനിയും പല ബഹു. മെമ്പറന്മാർക്കും സംസാരിക്കേണ്ടതായിട്ടുണ്ട്.

Sri. Eapen Arakkal: Sir, I move for a closure.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ പ്രമേയത്തെപ്പററി പല ബഹു. മെമ്പറന്മാരും സംസാരിച്ചുകഴിഞ്ഞു. ആക്കെങ്കിലും സംസാരിക്കണമെന്നുണ്ടെങ്കിൽ അവരുടെ അവകാശത്തെ നിഹനിക്കുന്നില്ല. പക്ഷെ ഇനിയും നാലോ അഞ്ചോ പ്രമേയങ്ങൾകൂടി ബഹു. മെമ്പറന്മാരുടെ മുമ്പിൽ ഉണ്ട്. ആ പ്രമേയങ്ങൾ ഇന്ന് എടുക്കേണ്ടെന്നാണ് സഭയുടെ അഭിപ്രായമെങ്കിൽ ഇതേപ്പററിയുള്ള പ്രസംഗങ്ങൾ തുടരാം.

Sahib Bahadur A. Abdul Razaak: May I suggest that 10 more minutes may be allowed for the discussion.

The closure motion was then put to vote and carried.

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശ്രീമാൻ അസീസിന്റെ പ്രമേയത്തിൽ അടങ്ങിയിരിക്കുന്ന ആശയത്തോട് ഗവൺമെന്റ് അനുകൂലിക്കുമാത്രമാണ് ചെയ്യുന്നത്. ഈ സഭ ഇന്നു വെള്ളിയാഴ്ചദിവസം പതിവുവിട്ടു കൂടുതൽ നേരം വിശ്രമത്തിനു പിരിഞ്ഞു എന്നുള്ളതുതന്നെ ഈ സഭയിലെ അംഗങ്ങളുടെ മനസ്ഥിതി വെളിവാക്കുന്നു. എന്നാൽ ഈ പ്രമേയം അതേപടി സ്വീകരിക്കുന്നതിനു ചില വിഷമതകൾ ഉണ്ട്. ഈ പ്രമേയത്തിന്റെ പിന്നിലുള്ള ആശയം വെള്ളിയാഴ്ചതോറും ജുമാ പ്രെയർ നടത്തുന്നതിനു മുസൽമാൻ വിദ്യാർത്ഥികൾക്ക് സൗകര്യം ഉണ്ടാക്കിക്കൊടുക്കുക എന്നുള്ളതാണ്. ആ അഭിപ്രായം ഗവൺമെന്റിനു സ്വീകാര്യമായിട്ടുള്ളതാണ്. എന്നാൽ ശ്രീ. കെ. പി. നീലകണ്ഠപിള്ള പറഞ്ഞമാതിരി വിദ്യാഭ്യാസത്തിനു ന്യൂനത തട്ടാത്തവിധത്തിൽ എങ്ങിനെയാണ് അതു് നടപ്പിലാക്കേണ്ടതെന്ന് ഗവൺമെന്റിനു ആലോചിക്കേണ്ടതായിരിക്കുന്നു. അതിനു വേണ്ടിടത്തോളം വസ്തുതകൾ ശേഖരിക്കുവാൻ ഗവൺമെന്റിനു കഴിഞ്ഞിട്ടില്ല.

ഈ തിരുവിതാംകൂർ സംസ്ഥാനത്തിൽ അനേകം വിദ്യാലയങ്ങൾ ഉണ്ട്. ആ വിദ്യാലയങ്ങളിൽ ചിലതിൽ മുസൽമാൻ വിദ്യാർത്ഥികൾ ഇല്ലെന്നുതന്നെ വന്നേയ്ക്കാം. അങ്ങിനെയുള്ള സ്കൂളുകളെ സംബന്ധിച്ചിടത്തോളം ഉണ്ടാകുന്ന ചില വിഷമങ്ങളും അതിന്റെ സ്വഭാവവും ഞാൻ സൂചിപ്പിച്ചേയ്ക്കാം. അങ്ങിനെ ഓരോ ഒരു മുസ്ലിം വിദ്യാർത്ഥിപോലും ഇല്ലാത്ത വിദ്യാലയങ്ങളിലും ഈ പ്രമേയത്തിൽ ആവശ്യപ്പെട്ടിരിക്കുന്നപ്രകാരം ഒഴിവുകൊടുക്കണോ? പത്തും ആയിരവും വിദ്യാർത്ഥികളുള്ള വിദ്യാലയങ്ങളിൽ ഒന്നോ രണ്ടോ വിദ്യാർത്ഥികൾ മുസൽമാൻമാർ ആണെങ്കിൽ അങ്ങിനെയുള്ള വിദ്യാലയങ്ങളിൽ ഈ ആനുകൂല്യം ചെയ്യേണ്ട കാര്യമുണ്ടോ, ഏതെങ്കിലും ഒരു ശതമാനം വിദ്യാർത്ഥികൾ മുസൽമാൻമാരാണെങ്കിൽ അങ്ങിനെയുള്ളിടത്ത് ഈ ആനുകൂല്യം ചെയ്താൽ മതിയാകുമോ ഈവക വിഷമങ്ങൾക്ക് ഒരു പരിഹാരമാർഗ്ഗം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ഇതു ഗവൺമെന്റ് ആലോചിച്ചു തീരുമാനിക്കേണ്ടതായ ഒരു വിഷയമാണെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ഇന്നു നമ്മുടെ ഇൻഡ്യാരാജ്യത്തു മിക്കവാറും എല്ലാ സംസ്ഥാനങ്ങളിലും മുസൽമാൻമാരുടെ ഒരു നല്ല ന്യൂനപക്ഷം ഉണ്ട്. തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തുള്ളതിനേക്കാൾ ഇരട്ടി ശതമാനം വരുന്ന മുസൽമാൻമാർ ഇൻഡ്യയിൽ ചില സംസ്ഥാനങ്ങളിലുണ്ട്. ഉദാഹരണമായി പറയുകയാണെങ്കിൽ ബോംബെ സംസ്ഥാനം, യൂണൈറ്റഡ് പ്രാവിൻസ് ഇങ്ങനെയുള്ള മററു പ്രദേശങ്ങളിൽ ഏതുവിധത്തിലാണ് ഈ പ്രശ്നം നേരിട്ടിട്ടുള്ളതു് എന്നു നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇൻഡ്യയിലെ ന്യൂനപക്ഷങ്ങളോട് സ്നേഹഭാവത്തോടുകൂടി, സഹാനുഭൂതിയോടുകൂടി, അവരുടെ മററു വികാരങ്ങൾക്കും അവരുടെ ആശയാഭിലാഷങ്ങൾക്കും ന്യൂനതതട്ടാത്തവിധത്തിൽ രാഷ്ട്രകാര്യങ്ങൾ നടത്തണമെന്നാണ് ഇൻഡ്യയിലെ ഇന്നത്തെ നയം. ഇൻഡ്യൻ കാൺസ്റ്റിറ്റ്യൂഷൻതന്നെ ഈ നയം പ്രഖ്യാപനം ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഇതു നമ്മുടെ ഈ സംസ്ഥാനത്തെ മാത്രം ബാധിക്കുന്ന ഒരു കാര്യമല്ല. മററുള്ള സ്ഥലങ്ങളിൽ എങ്ങിനെയാണ് ഈ പ്രശ്നത്തിനു പരിഹാരം കണ്ടിട്ടുള്ളതെന്നു അന്വേഷിക്കേണ്ടിയിരിക്കുന്നു. ഈവക അന്വേഷണങ്ങൾ ഞാൻ ഉടനെതന്നെ നടത്തുന്നതാണ്. ഈ പ്രശ്നം ഏതുവിധത്തിലാണ് നേരിടേണ്ടതു്, ഏതെല്ലാം വിദ്യാലയങ്ങളിലാണ് ഈ ജുമാ പ്രെയർ നടത്തുന്നതിനു സൗകര്യം ഉണ്ടാക്കിക്കൊടുക്കേണ്ടതു്; അതു മററു സംസ്ഥാനങ്ങളിലെ മാതൃകയിൽ ഇവിടെയും അനുവദിക്കത്തക്കതാണോ എന്നീ കാര്യങ്ങൾ വളരെ ആനുകൂല്യത്തോടുകൂടി പരിശോധിക്കുന്നതാണെന്ന് എനിക്കു ഉറപ്പു പറയാൻ കഴിയും.

ശ്രീ. കെ. രാമചന്ദ്രൻ: മഹാത്മാഗാന്ധിയുടെ അസാസ്സിനേഷൻ ദിവസമായ വെള്ളിയാഴ്ച ഒരു ഒഴിവുദിവസമാക്കുന്നതിനു ഇൻഡ്യാ ഗവൺമെന്റ് ശ്രമിക്കുന്നതായി അറിയാമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിവില്ല. അങ്ങിനെവരുകയാണെങ്കിൽ നമ്മുടെ ഈ പ്രശ്നത്തിനു പരിഹാരവുമായിരിക്കും. എന്നാൽ ബഹു. മെമ്പർ വിചാരിക്കുന്നമാതിരി ഒരു ആലോചന ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. അങ്ങിനെ ആണെങ്കിൽ ആണ്ടിൽ ഒരു ദിവസം നമ്മുടെ രാജ്യത്തു മുടക്കം കൊടുക്കേണ്ടതായിവരും.

ശ്രീ. കെ. രാമചന്ദ്രൻ: വെള്ളിയാഴ്ചയ്ക്കു പകരം ശനിയാഴ്ച ഉപയോഗിക്കരുതോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു ശ്രീ. ശ്രീധർ ഉന്നയിച്ച ചില തടസ്സങ്ങൾ ഉണ്ടാകും. ഇപ്പോൾതന്നെ യഹൂദന്മാരുടെ ഒരു റിപ്രസന്റേഷൻ കിട്ടി

[The Hon'ble Sri. Panampilly Govinda Menon]

യിട്ടുണ്ട്. അവക്ക് ശനിയാഴ്ച ദിവസം അവധി കൊടുക്കണമെന്നുള്ള ഒരു ആവശ്യം വന്നുചേർന്നിട്ടുണ്ട്. പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി, ഈ വക കാര്യങ്ങളിൽ ഓരോ ന്യൂന പക്ഷങ്ങളുടെയും സാമുദായികാവശ്യങ്ങളും സ്റ്റേററിന്റെ പ്രാഥമികമായ ആവശ്യങ്ങളും തമ്മിൽ കഴിയുന്നിടത്തോളം പൊരുത്തമുള്ളതരത്തിൽ ഒരു രാജിവ്യവസ്ഥയാണ് ഉണ്ടാക്കുവാൻ നാം ശ്രമിക്കേണ്ടതു് എന്നു പറയുകയുണ്ടായി. അതുകൊണ്ടാണ് ഞാൻ മററുസ്ഥലങ്ങളിൽ ഈ പ്രശ്നം എങ്ങിനെ പരിഹരിച്ചിരിക്കുന്നു എന്നു നോക്കാമെന്നു് വിചാരിച്ചതു്. അല്ലാതെ എവിടെയെങ്കിലും നടപ്പിലിരിക്കുന്നതു് അന്ധമായി സ്വീകരിക്കാമെന്നോ, അന്ധമായി പകർത്തുമെന്നോ അല്ല ഞാൻ പറഞ്ഞതു്.

Sahib Bahadur A. Abdul Razaak: May I suggest to the Hon'ble Minister that the examples of Bombay and U. P. will not help to solve this problem?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ ബോംബേയിലേയും യു. പി. യിലേയും ഉദാഹരണം നമുക്ക് സ്വീകാര്യമല്ലെങ്കിൽ അതു സ്വീകരിക്കണമെന്നു് ഞാൻ പറയുന്നില്ല. പക്ഷെ അവിടെയും ഈവക പ്രശ്നങ്ങൾ ഉണ്ടാകുവാനിടയുണ്ട്. അതുകൊണ്ടു് ഏതുവിധത്തിലാണ് ശ്രീമാൻ അസീസിന്റെ പ്രമേയത്തെപ്പററി ഇപ്പോൾ ഒരു വിധി പ്രസ്താവിക്കേണ്ടതെന്നു് ഞാൻ വളരെ സംശയിക്കുന്നു. പക്ഷേ ഈ കാര്യത്തിൽ അനുകൂലചിന്തകൾ ഗവൺമെൻറിനുണ്ടാകുമെന്നു ഉറപ്പു പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

സാഹിബ്ബഹദൂർ വി.എ. അബ്ദുൾ അസീസ്: ഏററവും പരിമിതമായ ഒരു ചെറിയ സംഗതിമാത്രം ഉൾക്കൊള്ളിച്ചുകൊണ്ട് അവതരിപ്പിച്ചിരുന്ന ഈ പ്രമേയത്തിൽ അടങ്ങിയിട്ടുള്ള കാര്യങ്ങൾക്കു വെളിയിൽപോയി അതിനെ പർവ്വതീകരിച്ചു് ഒരു വലിയ വിഷയമാക്കി അതിന്റെ പേരിൽ ചില പ്രതിരോധശബ്ദങ്ങൾ ഈ സഭയിലെ ചില മെമ്പർമാർ പുറപ്പെടുവിക്കുകയുണ്ടായി. എന്നു വരികിലും ഈ പ്രമേയംകൊണ്ടു് ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന കാര്യം വളരെ നിസ്സാരമായ പ്രായോഗികവിജ്ഞാനത്തോടുകൂടി വേണ്ട ചില അന്വേഷണങ്ങൾ നടത്തിയശേഷം ഉടനടി നടപ്പിൽ വരുത്തുന്നതിനു് തയ്യാറാണെന്നുള്ള ഗവൺമെൻറിന്റെ ഉറപ്പിന്മേലും, ഇന്നാട്ടിലെ ന്യൂനപക്ഷങ്ങളുടെ താൽപര്യങ്ങൾ ഒരു ജനകീയ ഗവൺമെൻറിന്റെ ഹസ്തങ്ങളിൽ എപ്പോഴും സുരക്ഷിതമായിതന്നെ സൂക്ഷിക്കപ്പെടുമെന്നുള്ള പരിപൂർണ്ണമായ വിശ്വാസത്തോടുകൂടിയും ഞാൻ ഈ പ്രമേയത്തെ പ്രസ്സ് ചെയ്യുന്നില്ല.

Sri. A. Nesamony: On a point of order. When the House is seized of this resolution, is the hon'ble member competent to withdraw the resolution without the permission of the House?

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം പിൻവലിക്കുന്നതിനു് സഭ അനുവദിക്കുമെന്നു് വിശ്വസിക്കുന്നു.

The resoution was, by leave, withdrawn

Mr. Deputy Speaker: Now we shall pass on to the next resolution.

Sahib Bahadur K. C. Methar: Sir, I do not move the resolution.

Sri. C. C. Prasad: Sir, I also do not move my resolution.

Sri. K. Sivarama Pillai: When the first resolution was taken, the hon'ble member, Mr. Aziz was given permission by the Speaker to move it in the absence of the member who had tabled it we could not the same procedure be followed in this instance also?

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ പ്രമേയത്തിന്റെ പ്രയോക്താവ് ഈ സഭയിൽ തന്നെ ഉള്ളതുകൊണ്ടു് മറെറാരു മെമ്പക്ക് ഇതു അവതരിപ്പിക്കുവാൻ പാടില്ല.

Sahib Bahadur A. Abdul Razaak: He simply said that he does not propose to move the resolution. So I suggest that I am not precluded from asking permission of the Chair to move the resolution on his behalf?

Mr. Deputy Speaker: When the member present here does not propose to move the resolution standing in his name, no other hon'ble member has any right to take it up and sponsor it.

Resolution regarding minimising caste and communal differences

Sri. N. Daniel Jose: Mr. Speaker, this is the resolution that I seek to place before the House for their earnest consideration. With a few corrections it reads:

> "This Assembly of the United State of Travancore and Cochin recommends to Government that steps should be taken to minimise caste and communal differences and competition through the formulation of a common civil law, the promotion of intermarriages and the adoption of such other measures as may the most speedily bring about the end in view."

ശ്രീ. ടി. വി. തേവൻ: സർ, ഒരു ചില്ലറ കാര്യമല്ല അദ്ദേഹം പറയുന്നതു്. അതു ഞങ്ങൾക്കുകൂടി അറിയണം. അതുകൊണ്ടു് അദ്ദേഹത്തോടു് മലയാളത്തിൽ പ്രസംഗിക്കുവാൻ പറയണം. (Interruption)

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ സഭയിൽ ഇംഗ്ലീഷിലോ, മലയാളത്തിലെ, തമിഴിലൊ സംസാരിക്കുവാൻ മെമ്പർമാക്കു് അധികാരമുണ്ടു്. അതിനാൽ മറ്റൊരു ഭാഷയിൽ സംസാരിക്കണമെന്നു പറയുവാൻ തരമില്ല.

Sri. N. Daniel Jose: I regret my inability to speak in that language and therefore I apologise to the hon'ble member. Sir, I am moving this resolution on a day which has been made important by the martyrdom of that sage and saint, the architect of our freedom, Mahatma Gandhi. The ideas embodied in the resolution have been inculcated into our minds by him for a long time

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, വളരെ അത്യാവശ്യമായ ഒരു കാര്യമാണു് ആ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു്. അദ്ദേഹം ഇംഗ്ലീഷ് അറിയാത്ത ഒരാളാണു്. ഇംഗ്ലീഷ് അറിയാത്തവക്കുകൂടി മനസ്സിലാകത്തക്കവിധത്തിൽ ഇഷ്ടമുണ്ടെങ്കിൽ ഒന്നു മലയാളത്തിൽ പറഞ്ഞുകേൾപ്പിക്കണമെന്നു പറഞ്ഞാൽ കൊള്ളാം.

മി. ഡെപ്യൂട്ടി സ്പീക്കർ: അദ്ദേഹത്തിന്നു അതു മറ്റൊരാൾ പറഞ്ഞു മനസ്സിലാക്കേണ്ട ആവശ്യമില്ല. ബഹു. മെമ്പർ പറഞ്ഞതു് അദ്ദേഹം മനസ്സിലാക്കിയിട്ടുണ്ടു്.

Sri. N. Daniel Jose: Sir, Mahatma Gandhi stood for a casteless and classless society. So did great men in Travancore and other parts of India in recent times. Sri Narayana Guru, C. F. Andrews are all great personages who stood for this ideal.

Sahib Bahadur A. Abdul Razaak: May I enquire whether Gandhi did not preach Varnashramadarma?

Sri. N. Daniel Jose: As far as I understand Mahatma Gandhi stood for a castless and classless society. Sri Narayana Guru preached the same ideal. C. F. Andrews practised and preached the same ideal before the people. He was the living embodiment of such an ideal if I could say so. Tilak; while alive, preached his 18 point programme in furtherance of the ideal embodied in the resolution placed before the House. He wanted to eradicate communal evil on the lines of those programmes. Wherever there appears an Indian he should be of this view was the principle underlying it. It may be asked by the hon'ble members what the Government can do in respect of this matter. I say, these are times when the Government should move ahead of the times. Old times are all gone by, when the Government should keep company with reactionary opinion. Time is come for Government to keep pace with progressive opinion if not to go ahead of it. That will be clear from the promulgation of the Temple Entry Proclamation and the Social Disabilities Removal Act passed in this State. They are land-marks to be cited in this connection. The State should actively interfere and step into the field of social reform.

ஸ்ரீ. எ. சிதம்பரநாத நாடார்: மெம்பருக்கு கலியாணமாகி விட்டதா? இல்லையா?

Sri. N. Daniel Jose: I do not understand how the hon'ble member is interested in me in that connection.

I was at the point that the State should see that such social legislation is passed in the legislature and duly implemented so that a new society may be fashioned out. We are after all in a secular State. The secular democracy is helpful in that line of thinking. It would mean that a citizen places his citizenship, his nationality above all other considerations as far as his political and social implications are concerned. I would just quote what Dr. Ambedkar has said in the Central Assembly in support of such a measure:

"On January 26 we are going to enter into a life of contradictions. In politics we will have equality and in social and economic life we will have inequality. We must remove this contradiction at the earliest possible moment, or else those who suffer from inequality will blow up the structure of political democracy which this Assembly has so laboriously built up. How can people, divided into several thousands of castes, be a nation? These castes are anti-national in the first place because they bring about separation in social life. They are anti-national also because they generate jealousy and antipathy between caste and caste. But we must overcome all these difficulties if we wish to become a nation in reality. For fraternity can be a fact only when there is a nation without fraternity and equality, liberty will be no deeper than a coat of paint,.....' etc.

ശ്രീ. ടി. വി. തേവൻ : അദ്ദേഹം കല്യാണം കഴിച്ചിട്ടില്ലെന്നു പറഞ്ഞു കേട്ടു. അദ്ദേഹത്തിന്റെ പ്രായത്തിൽ എനിക്കു ഒരു മകളുണ്ട്. കല്യാണം കഴിക്കുവാൻ സാധിക്കുമോ? (Interruption).

Sri. N. Daniel Jose: While moving this resolution I did not visualise that I would be the target of many matrimonial proposals. However, I do not wish to dilate on that. We have formed a secular State. In such a state citizenship and nationhood must take precedence over communal and religious considerations. So in this resolution I would make it plain that it is not only caste and communal differences but include religious differences as well. We are moving in a state of affairs in this country where communalism has become a predominant factor. That would not be over-stating the case. That is the case everywhere, not only in Travancore but in the wider India as well. If we want to build a true secular State, democractic State, a State on stable foundations, I plead that the considerations referred to in the resolution must be wiped out. No less a person than the D.C.C. President recently stated about it in emphatic terms. He stated how much communalism was present in this State of ours. He even pointed out, in cases where there are dereliction of duty by officers in this respect, they should be enquired into, Such is the way in which communalism is reared up in this land. Recently the Chief Minister also said that if we go on at this rate, if communalism remains unchecked in this State, it would bring about untold disaster.

ஸ்ரீ. ஏ. சிதம்பரநாத நாடார்: அந்தப் பேரை மாற்றி சிதம்பரநாத நாடார் என்று வைத்துக்கொள்ளமுடியுமா?

Sri. N. Daniel Jose: I may be allowed to continue, not that I have any objection to answer. Whatever they have can be said in their speeches. The Chief Minister also pointed out that if communalism goes on unchecked, he would not be surprised to witness the reputition of what happened in North India in connection with a similar matter here also. Communalism will exist as long as there are separate communal identities. It is a kind of irrational disease of the mind brought up as a result of the social structure prevailing in the country. The system of separate identification of communities must be wiped out and a state of affairs has come now to put an end to that. So I suggest that as long as there are separate communities there is bound to be communalism. The issue of communal justice will be referred to often. It has often arisen in this House as to how many there are of this community and that in Government departments and so on. That demand will continue to be pouring in as long as that communal statement remains. Unless you wipe away communal identities, it is impossible to eradicate such questions. There are certain factors keeping community and community apart.

I put in civil law, because as compared with penal law, as compared with criminal law, it is one and the same for all communities and castes. I ask, Sir, why should not civil law, why should not personal law, why should not they be one and the same for all communities? Today these are some of the factors that divide community and community apart. The Hindus are governed by the Mithakshara Law, another section of the Hindus are governed by Dayabhaga law. The Ezhavas are governed by their own law, the Christians by the Christian Act, and the Muhammadans by the personal law. I ask, Sir, if there is a will on the part of the Legislature and of the people of the country that all these personal laws should be unified, should be simplified, so that they can all be treated equally, it will be good.

There has been a considerable amount of opinion generated in this House on the question of marriage. After all, marriage was the most important issue now. I put in marriage because I wanted to stress a particular fact, an injustice which is prevailing in this country for a very long time. Now, if any member rises up and says that a member of a particular community should marry the member of another community, if he says that law should be social and to compel one community man to marry from another community, then there is liable to be a good deal of protest, and rightly so. But I must remind those members that there was a time before the passing of the Civil Marriage Act when persons were compelled on such a very personal issue as marriage. People were compelled to marry from one particular community. I feel that if law is one and the same, I will not say that law is the only dividing factor. I only plead that is one of the dividing factors, dividing out social life, building narrow domestic walls all around.

Today, as long as there is this distinction of community and community, there are bound to be communal organizations. As long as there are communal organizations, there are bound to be speeches and counter-speeches, statements and counter-statements. There is bound to be that poison of communalism injected into the body politic and the Government, and the country cannot progress satisfactorily.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ പ്രമേയത്തിൽ കാസ്റ്റ് ആൻഡ് കമ്മ്യൂണൽ ഡിഫറൻസ് എന്നു പറഞ്ഞിട്ടുണ്ട്. കാസ്റ്റ് എന്നുള്ളതു മനസ്സിലായി. കമ്മ്യൂണൽ എന്നു പറഞ്ഞിട്ടുള്ളതു് എന്താണ്?

Sri. N. Daniel Jose: I mean by 'caste and communal differences'—If I understand the meaning of the words fully,—I should say I include in those castes and communal differences, those differences created by religion also.

ശ്രീ. പൊന്നറ ജി. ശ്രീധർ: അതാണോ ഉദ്ദേശിക്കുന്നതു്? ഇതിൽ കാമൺ ലാ എന്നു കാണുന്നു. ഇതു് ആറം "സിറ്റിസൻസ് ആഫ് ദി യൂണൈറ്റഡ് സ്റ്റേറ്റ് ആഫ് ട്രാവൻകൂർ ആൻഡ് കൊച്ചിൻ"-നെ ഉദ്ദേശിച്ചാണോ പറഞ്ഞിട്ടുള്ളതു്?

Sri. N. Daniel Jose: Yes, Sir. That is what I mean. That would apply equally to all citizens of the State—a civil law that will apply equally just as criminal law in the State applies equally to all citizens.

Sri. K. P. Nilakanta Pillai: May I know, Sir, whether the hon'ble member has any objection to include the word "religious" between "caste and communal"?

Sri. N. Daniel Jose: I have absolutely no objection in using that word. I thought that communal differences should include religious differences also, because in north India, when there is that conflict between Muslims and Hindus, we call that only communal difierences, or communal fights, even though it is based on religious differences. I knew that there would be a number of suggestions if the hon'ble members will see that this state of affairs in our country is not allowed to continue, to see that communalism is checked as speedily as possible.

I put it, "such other measures as may most speedily bring about the end in view," because I think there should be sufficient education in the country. There should be sufficient propaganda and publicity for this. The Government should see that all things that do keep community and community apart are abolished. In talking about this question of personal laws, the question may be asked also, how can the Government promote inter-marriages? I confess, I also admit, that it will not be possible for the State to promote inter-marriages to any sufficient extent. It should come from the people; from the society. But the Government can do one thing. It can encourage those people who are sufficiently progressive enough, to undertake that by providing them with sufficient consideration in the public service. That is all I mean. The essential purpose of my argument, the essential idea underlying my resolution, is that we should build one India, we should build one State, we should build a State in which citizenship will not conflict with ideas of religion. Recently in this session, it was pointed out that when we come to such a state of affairs it will be possible for people of different religions to live together in the same household as it is obtaining in China. I am visualising that happy state of affairs when religion will only be a personal matter. I am visualizing such a state of affairs when the father can be a Mussalman, the son a Hindu and the daughter a Christian, and in that joint responsibility, in their responsibility to the State and to the country, they will consider themselves above all these religions In moving this resolution before the House, I thought that it would be a good occasion to the leaders of opinion in this House and for the Government to issue a ringing call to the people of this country to shed communalism in whatever form it is seen. I thought in this resolution we would be shaping the public opinion in this country and also that it should be giving an expression of that voice from the hearts of our people, that would create a state in which communalism and religion will not divide man and man, that religion will only be a personal matter and citizenship, above all things, nationality, will weigh with them as far as political and social aspects are concerned. With these words, Sir, I commend this resolution to this House for discussion and for its ultimate acceptance also.

ശ്രീ. സി. നാരായണപിള്ള: സർ, ഈ പ്രമേയത്തെ അനുകൂലിക്കുവാൻ എനിക്കു് അമിതമായ കൗതുകം ഉണ്ടു്. ഈ പ്രമേയത്തിൽ പറയുന്ന പരിഹാരമാർഗ്ഗങ്ങൾകൊണ്ടു് ഈ രാജ്യത്തെ സാമുദായികവിദ്വേഷങ്ങൾ എത്രമാത്രം ഒഴിവാക്കാൻ കഴിയുമെന്നുള്ള കാര്യത്തിൽ എനിക്കു സംശയം ഉണ്ടു്. ഒരു പൊതു നിയമം ഉണ്ടായാലോ, അല്ലെങ്കിൽ മിശ്രവിവാഹം ഏർപ്പെടുത്തിയാലോ, ഇന്നു ഈ രാജ്യത്തു നടമാടുന്ന വർഗ്ഗീയവിദ്വേഷങ്ങൾ പൂർണ്ണമായി ഒഴിവാക്കുവാൻ കഴിയുമെന്നു് എനിക്കു വിശ്വാസമില്ല. എങ്കിലും ഈ പ്രമേയത്തോടുകൂടിതന്നെ "ദി അഡ്വാപ്റേഷൻ ആഫ് സച്ച് അതർ മെഷേഴ്സ്" എന്ന ഒരു വാക്യം കൂടി പ്രമേയപ്രയോക്താവു് ചേർത്തിട്ടുള്ളതുകൊണ്ടു് അതിനെ ആശ്രയിച്ചാണു് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നതു്. ഈ രാജ്യത്തു ഇന്നു കാണുന്ന വിദ്വേഷങ്ങളും

[Sri, C. Narayana Pillai]

കലാപങ്ങളും സാമൂഹ്യമോ സാമുദായികമോ ആയ അടിസ്ഥാനത്തിന്മേലായിരുന്നെങ്കിൽ ഒരു പക്ഷെ മിശ്രവിവാഹവും പൊതുനിയമങ്ങളും അവയെ ഇല്ലായ്മചെയ്യുമായിരുന്നു. ഇന്നു രാജ്യത്തു കാണുന്ന വിദ്വേഷങ്ങളും കലാപങ്ങളും സാമൂഹ്യമോ സാമുദായികപരമോമാത്രമല്ല സംഘടിതാടിസ്ഥാനത്തിന്മേലുള്ള രാഷ്ട്രീയ കാരണങ്ങളിൽനിന്നാണ് അവ ഉൽഭവിക്കുന്നതെന്നു ഞാൻ വിശ്വസിക്കുന്നു. രാഷ്ട്രീയമായ സംഘട്ടനകളെ ഒഴിവാക്കുവാൻ എത്ര വളരെ സാമൂഹ്യപരിഷ്കാരമുണ്ടാക്കിയാലും സാദ്ധ്യമല്ലെന്നു തീർച്ചയാണ്. ചില ഉദാഹരണങ്ങൾ കൊണ്ട് അതു വ്യക്തമാക്കാം.

ഞാൻ ഒരു ഗ്രാമത്തിൽ ജനിച്ചുവളർന്നവനാണ്. ആ ഗ്രാമത്തിൽ ഈ രാജ്യത്തുള്ള എല്ലാ സമുദായക്കാരും മതക്കാരുമായ ജനവിഭാഗങ്ങൾ താമസിക്കുന്നുണ്ട്. നായരും, ക്രിസ്ത്യാനിയും ഈഴവനും എന്നു വേണ്ടാ ഈ രാജ്യത്തെ എല്ലാവിഭാഗങ്ങളും ഒന്നുചേർന്ന് അവിടെ താമസിക്കുന്നുണ്ട്. എന്റെ ഗ്രാമത്തിൽ യാതൊരു വർഗ്ഗീയവിദ്വേഷങ്ങളൊ കലാപങ്ങളൊ ഇല്ലാ. വിവിധജാതിക്കാരും മതസ്ഥന്മാരും വളരെ സൌഹാർദ്ദപൂർവ്വമാണ് വർത്തിക്കുന്നത്. നായരും ക്രിസ്ത്യാനിയും ഈഴവനും എന്നുവേണ്ടാ മറ്റേതൊരു സമുദായത്തിൽപ്പെട്ടവനും ഏകയോഗക്ഷേമമായി ഏകോദരസഹോദരന്മാരായി കഴിഞ്ഞുകൂടുകയാണു ചെയ്യുന്നത്. അവിടെ യാതൊരു സംഘട്ടനങ്ങളൊ വർഗ്ഗീയ വിദ്വേഷങ്ങളൊ, മററു വിധത്തിലുള്ള കലാപങ്ങളൊ ഇല്ല. നായരുടെ വീട്ടിനു തീപിടിക്കുകയാണെങ്കിൽ അതു തല്ലിക്കെടുത്തുവാൻ ചെല്ലുന്നത് ഈഴവരാണ്. ഈഴവരുടെ കുടുംബത്തിൽ വയ്ക്കാൻ അരിയില്ലാതെവന്നാൽ ക്രിസ്ത്യാനികുടുംബത്തിൽ നിന്നാണു അരി കൊണ്ടുപോകുന്നത്. ക്രിസ്ത്യാനികളുടെ കുടുംബത്തിൽ രോഗം വന്നാൽ മരുന്നു തേടി പോകുന്നതു നായരാണ്. ഇങ്ങനെ സൌഹാർദ്ദതയോടുകൂടി ജീവിക്കുന്നവരാണ് ഈ രാജ്യത്തെ ഗ്രാമവാസികൾ. ഗ്രാമം വിട്ടു പട്ടണത്തിലേക്കു ചെല്ലുകയാണെങ്കിൽ—ആലപ്പുഴയിലൊ, എറണാകുളത്തോ തൃശ്ശൂരോ ഏതെങ്കിലും ഒരു പട്ടണത്തിൽ പോയാൽ—അവിടെ സാമുദായികവിദ്വേഷം അതിന്റെ പാരമ്യത്തിൽ എത്തിയിരിക്കുന്നതു കാണാം. സാമാന്യജനങ്ങളുടെ ഇടയിലല്ല, നേരെമറിച്ച് അഭ്യസ്തവിദ്യരായ ആളുകളുടെ ഇടയിലാണ് വർഗ്ഗീയവിദ്വേഷങ്ങളും കലാപങ്ങളും എല്ലാം നൃത്തതാണ്ഡവം ചെയ്യുന്നത് എന്നു മനസ്സിലാകും. അഭ്യസ്തവിദ്യരായവരിൽ ഉദ്യോഗസ്ഥന്മാരാകാനുള്ളവരുടേയും മന്ത്രിമാരാകാനുള്ളവരുടേയും നിയമസഭാമെംബറന്മാരാകാനുള്ളവരുടേയും ഇടയിലാണ് അങ്ങിനെയുള്ള വർഗ്ഗീയവിദ്വേഷങ്ങൾ അതിന്റെ പൂർണ്ണതയിൽ നമുക്കു കാണുവാൻ കഴിയുന്നത്. അങ്ങിനെയുള്ളവരുടെ ഇടയിൽ കേവലം സാമുദായികമോ സംസ്കാരപരമോ ആയ പരിഹാരമാർഗ്ഗങ്ങൾ കൊണ്ട് പ്രതിവിധിയുണ്ടാക്കുവാൻ കഴിയുകയില്ല. അതിനു രാഷ്ട്രീയമായ രീതിയിൽതന്നെ പരിഹാരമാർഗ്ഗം കാണുകയും രാഷ്ട്രീയമായ രീതിയിൽതന്നെ അതിനെ നേരിടുകയും വേണം.

ഞാൻ ഇവിടെ ബഡ്ജററു വിമർശിക്കുന്ന അവസരത്തിൽ ഒരു സംഗതി പറയുകുണ്ടായി. ഈ രാജ്യത്തെ വർഗ്ഗീയവാദങ്ങൾ മുഴുവൻ അപഗ്രഥിച്ചു അതിന്റെ അടിത്തട്ടൊന്നു പരിശോധിച്ചു നോക്കിയാൽ നമുക്കു കാണുവാൻ കഴിയുന്നതെന്താണെന്നു ഞാൻ പറയാം. എന്റെ സമുദായത്തിൽപ്പെട്ട ആറു മന്ത്രി ആയാലെ എന്റെ സമുദായത്തിനു ഗുണം കിട്ടുകയുള്ളുവെന്നും എന്റെ സമുദായത്തിൽപ്പെട്ട ഒരാൾ വലിയ ഉദ്യോഗം കരസ്ഥമാക്കിയാലേ എന്റെ സമുദായത്തിനു നീതി കിട്ടുകയുള്ളുവെന്നും ചില വിഭാഗം ജനങ്ങൾ വിശ്വസിക്കുന്നു. ഉന്നതമായ സ്ഥാനങ്ങൾ ഏതാനും ചിലർക്കുമാത്രമേ ലഭിക്കുവാൻ പോകുന്നുള്ളു. ഈ സാമുദായികമായ വാദങ്ങളുടെ അടിത്തട്ട് ആരെങ്കിലും ഒന്നു പരിശോധിച്ചുനോക്കിയിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. ബി. എ. യും, എം. എ. യും പരീക്ഷകൾ ജയിച്ച അഭ്യസ്തവിദ്യരായ നേതാക്കന്മാർ "എന്റെ പുറകിൽ ഇത്രയിത്ര ആളുകളുണ്ട്, എനിക്ക് ഉദ്യോഗം തരിക" എന്നു പറഞ്ഞുകൊണ്ട് അധികാരികളെ ഭീഷണിപ്പെടുത്തുകയാണ് ചെയ്യുന്നത്. എന്റെ പുറകിൽ ധാരാളം ആളുകളുണ്ട്, അതുകൊണ്ട് എന്നെ മന്ത്രിയാക്കുക, അല്ലെങ്കിൽ എനിക്കു പമ്പിച്ചു ഉദ്യോഗം തരിക; എന്നാൽ എന്റെ സമുദായം തൃപ്തിപ്പെട്ടുകൊള്ളും എന്ന് പറഞ്ഞുവരുന്ന അഭ്യസ്തവിദ്യരായ ആളുകളുടെ ഭീഷണിപ്പെടുത്തലാണ് ഈ വർഗ്ഗീയ കലാപങ്ങൾക്കു കാരണം. ഇതിനുള്ള പരിഹാരമാർഗ്ഗം എന്താണെന്ന് ആരും മനസ്സിരുത്തി നോക്കിയിട്ടില്ല. ഇതൊന്നും സാമാന്യജനങ്ങൾക്കു വേണ്ടിയുള്ള വാദങ്ങളല്ല. ഐക്യസംസ്ഥാനത്തു വടക്ക് ചിറയിൻകീഴ് താലൂക്കിൽ നിന്നുവരുന്ന ശങ്കരപ്പിള്ള

യ്ക്കായാലും പറവൂർ താലൂക്കിൽ നിന്നും വരുന്ന കുമാരനായാലും കൊല്ലത്തു നിന്നു വരുന്ന തോമസ്സിനായാലും മന്ത്രിപദമോ ഉദ്യോഗമോ കിട്ടുന്നില്ല. സമുദായത്തിന്റെ മുന്നണിയിൽ നിന്നുകൊണ്ടു് നൃത്തംചവുട്ടി ഗവൺമെണ്ടിനെ ഭീഷണിപ്പെടുത്തി തങ്ങൾക്കും ബന്ധുജനങ്ങൾക്കും സ്വന്തക്കാർക്കും ഉദ്യോഗം ഉണ്ടാക്കിക്കൊടുക്കുവാൻ വേണ്ടിയാണു് നേതാക്കന്മാർ ഈവർഗ്ഗീയവാദവും കൊണ്ടുവരുന്നതു്. ഈ രാജ്യത്തുള്ള മുപ്പതിനായിരമോ നാല്പതിനായിരമോ ഉദ്യോഗങ്ങൾ മുഴുവൻ തന്നെ ഒരു സമുദായത്തിനു കൊടുക്കട്ടെ, എന്നാൽ തന്നെയും ആ സമുദായത്തിനു വല്ല മെച്ചവും ഉണ്ടാകുന്നുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. എന്നാൽ ആ സമുദായത്തിലുള്ള ൪ ൦, ൦ ൦ ൦ ആളുകൾക്കു് അതു ഗുണകരമായിരിക്കും. അതുകൊണ്ടു ൨ ൦ ലക്ഷമോ ൫ ൦ ലക്ഷമോ വരുന്ന സമുദായങ്ങൾക്കു് എന്തു രക്ഷയാണുള്ളതു്. അതല്ല പ്രശ്നം. ഈ രാജ്യത്തെ പ്രശ്നം വർഗ്ഗീയമല്ല. നായരാണോ, ക്രിസ്ത്യാനിയാണോ, ഈഴവനാണോ എന്നുള്ളതല്ല പ്രശ്നം. നമ്മുടെ നാട്ടിലെ പ്രശ്നം സാമ്പത്തികമാണു്; പട്ടിണിയുടേയും വയററിന്റേയും പ്രശ്നമാണു്.

ഒരുദാഹരണം പറയാം. ഇവിടെ വളരെ അധികം തൊഴിലാളി മുതലാളിതർക്കങ്ങളും കലഹങ്ങളും നടന്നുകൊണ്ടിരിക്കുന്നതായി നമുക്കറിയാം. എന്നാൽ അവിടെയെങ്ങും വർഗീയമായ യാതൊരു പരിഗണനകളുമുത്ഭവിക്കുന്നില്ല. ഒരു ക്രിസ്ത്യാനിയോ, ഒരീഴവനോ, ഒരു നായരോ നടത്തുന്ന വ്യവസായശാലയിൽ ആ മുതലാളിയുടെ ജാതിക്കാരനായതുകൊണ്ടു് ഒരു തൊഴിലാളിക്കു് രണ്ടണ കൂട്ടിക്കൊടുത്തതായി ഞാൻ കേട്ടിട്ടില്ല. തന്റെ സമുദായത്തിൽപ്പെട്ട തൊഴിലാളിയാണെന്ന പരിഗണനവെച്ചു് ഒരു മുതലാളിയും ശമ്പളം കൂട്ടി കൊടുക്കാറില്ല. നേരേമറിച്ചു് മുതലാളിയുടെ കീശയിൽ കൈവയ്ക്കുന്ന ഏതെങ്കിലും ഒരു കാര്യം ഉണ്ടാകട്ടെ. അപ്പോൾ കാണാം സമുദായവിദ്വേഷവും വർഗീയവാദവും വിസ്മരിച്ചു് മുതലാളിമാർ ജാതിവർഗ്ഗമതഭേദമെന്യേ സംഘടിക്കുന്നതു്. അവർ സംഘടിക്കുന്നതു് സ്വന്തസമുദായത്തെ ഉദ്ധരിക്കുവാനല്ല; പിന്നെയൊ, വ്യക്തിപരമായ താല്പര്യങ്ങൾ സംരക്ഷിക്കുവാനാണു്. ചില പത്രങ്ങളുടെ മുഖപ്രസംഗങ്ങളും, ലേഖനങ്ങളും, ചില പൊതുകാര്യപ്രസക്തന്മാരുടെ പ്രസംഗങ്ങളും നോക്കിയാൽ നായരുടേതായാലുംശരി, ക്രിസ്ത്യാനിയുടേതായാലും ശരി, ഈഴവന്റേതായാലും ശരി, മുതലാളിത്ത സ്ഥാപിത താല്പര്യങ്ങൾക്കുവേണ്ടി ഇരുപത്തിനാലുമണിക്കൂറും അവർ പ്രവർത്തിച്ചുകൊണ്ടിരിക്കയാണെന്നു കാണാം. അതിനുവേണ്ടി പത്രങ്ങൾ ലേഖനങ്ങളും ചിത്രങ്ങളും പ്രസിദ്ധപ്പെടുത്തുന്നു. നായരുടേതായാലും, ഈഴവന്റേതായാലും, ക്രിസ്ത്യാനിയുടേതായാലും മുതലാളിയുടെ താല്പര്യത്തെ എപ്പോൾ സ്പർശിക്കുന്നുവോ ആ നിമിഷം അവർ ഒന്നുചേർന്നു സംഘടിക്കുന്നു. നായർപത്രമുടമസ്ഥനും, ക്രിസ്ത്യാനിപത്രമുടമസ്ഥനും, ഈഴവപത്രമുടമസ്ഥനും ഒന്നുചേർന്നു സംഘടിക്കുകയായി; പ്രമേയം പാസാക്കുകയായി, ഗവൺമെണ്ടിനെ സമീപിച്ചു് ഭീഷണിപ്പെടുത്തി കാര്യം സാധിക്കുകയായി, ഇതാണു് നമ്മുടെ കൺമുമ്പിൽ നാം സദാ കാണുന്നതു്. ഇങ്ങനെ വർഗീയതയുടെ പേരും പറഞ്ഞു് പാവപ്പെട്ട പൊതുജനങ്ങളെ വഞ്ചിച്ചു് മുതലെടുക്കുകയാണു് മുതലാളിത്തതാൽപ്പര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതു്.

എനിക്കു് ഇതിനു് ഒന്നുരണ്ടു പരിഹാരമാർഗങ്ങൾകൂടി നിർദ്ദേശിക്കാനുണ്ടു്. മിശ്രവിവാഹം മാത്രമല്ല ഇതിനുള്ളമാർഗ്ഗം. കേവലം പൊതു നിയമങ്ങളുടെ നിർമ്മാണം മാത്രമല്ല ഇതിനുള്ളമാർഗ്ഗം. ഈ രണ്ടു മാർഗങ്ങളുംകൊണ്ടുമാത്രം ഇതു പരിഹൃതമാകുമെന്നും എനിക്കു് വിശ്വാസമില്ല. പ്രശ്നം വർഗീയമല്ല, രാഷ്ട്രീയവും സാമ്പത്തികവുമാണു് എന്നു് ഞാൻ പറഞ്ഞു കഴിഞ്ഞല്ലോ. ശരിയായ മാർഗങ്ങളിൽ കൂടിത്തന്നെ അതിനെ നേരിടേണ്ടിയിരിക്കുന്നു. ഈ രാജ്യത്തു വർഗ്ഗീയമായി വാദിക്കുന്നതും, വർഗ്ഗീയമായി പ്രക്ഷോഭണം നടത്തുന്നതും വർഗ്ഗീയമായി ചേരിതിരിയുന്നതും ഗവൺമെണ്ടിനെ ഭീഷണിപ്പെടുത്തി ആനുകൂല്യങ്ങൾ നേടാനാണെന്നുള്ള വാസ്തവം നാം മനസ്സിലാക്കി കഴിഞ്ഞാൽ നാം അതിനെ ശരിയായ മാർഗ്ഗങ്ങളിൽകൂടി ഫലപ്രദമായി നേരിടേണ്ടതാണു്. ആ ഉദ്ദേശത്തോടുകൂടി ഞാൻ ഒരു പ്രമേയം അയച്ചിട്ടുണ്ടായിരുന്നു. പക്ഷേ അതിനു് ബാഖറ കിട്ടിയില്ല. എങ്കിലും എന്റെ പ്രമേയത്തിലുദ്ദേശിച്ചിരുന്നകാര്യം ഈ പ്രമേയത്തിലൂടെ സാധിക്കാമെന്നു് ഞാൻ വിചാരിക്കുന്നു. മേലാൽ ഗവൺമെണ്ടു് വർഗ്ഗീയമായ യാതൊരു സംഘടനകളേയും അംഗീകരിക്കരുതു് എന്നതാണു് അതു്. ഒരു പ്രാഥമികപൗരാവകാശത്തിൽ കൈവയ്ക്കുകയാണെന്ന ആക്ഷേപം ഉ

[Sri. C. Narayana Pillai]

ണ്ടാകുമെന്നുള്ളയേം ഒന്നുമാത്രമല്ലെങ്കിൽ തിരുവിതാംകൂറിലും കൊച്ചിയിലുമുള്ള സകല സാമുദായിക സംഘടനകളേയും നാളെത്തന്നെ ഒരു നിയമംമൂലം നിരോധിക്കേണ്ടതാണെന്നും നിയമവിരുദ്ധമാക്കേണ്ടതാണെന്നും ഞാൻ പറയുമായിരുന്നു. യാതൊരു വർഗ്ഗീയസംഘടനകളേയും ഗവമ്മെണ്ടു് അംഗീകരിക്കരുതു്; വർഗ്ഗീയാടിസ്ഥാനത്തിൽ യാതൊരു ആനുകൂല്യങ്ങളും ഗവമ്മെണ്ടു് ചെയ്യരുതു്; വർഗ്ഗീയപ്രാതിനിദ്ധ്യതത്വം ഒരു കാര്യത്തിലും ഗവമ്മെണ്ടു് അംഗീകരിക്കരുതു്; യാതൊരു വർഗ്ഗീയ സംഘടനകളിലും മന്ത്രിമാരോ ഉദ്യോഗസ്ഥന്മാരോ അംഗമാകരുതു്; യാതൊരു വർഗ്ഗീയസംഘടനകൾക്കും യാതൊരു ആനുകൂല്യവും നൽകരുതു്; വർഗ്ഗീയസംഘടനകളുടെ സമ്മേളനങ്ങളിലോ വർഗ്ഗീയാടിസ്ഥാനത്തിലുള്ള മററു ചടങ്ങുകളിലോ, മന്ത്രിപദത്തിലിരിക്കുന്നവരോ, ഉയർന്ന ഉദ്യോഗസ്ഥന്മാരോ, നിയമസഭാംഗങ്ങളോ ഒരിക്കലും പങ്കെടുക്കരുതു്. അതിനുള്ള ഒരു മനോഭാവം നമുക്കുണ്ടായാൽ ഇന്നു നമ്മുടെ നാട്ടിൽ നടമാടിക്കൊണ്ടിരിക്കുന്നതായ വർഗ്ഗീയത അവസാനിക്കുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. വർഗ്ഗീയമായ അടിസ്ഥാനത്തിൽ സ്വകാര്യലാഭത്തിനുള്ള അറകൾ ഗവമ്മെണ്ടിൽ തുറന്നുകിടക്കുന്നതുകൊണ്ടാണു് വർഗീയനേതാക്കന്മാർ ഗവമ്മെണ്ടിനെ ഭീഷണിപ്പെടുത്തി ആനുകൂല്യങ്ങൾ നേടാൻ ശ്രമംചെയ്തു കൊണ്ടിരിക്കുന്നതു്. വർഗ്ഗീയാടിസ്ഥാനത്തിലുള്ള യാതൊന്നിനേയും ഗവമ്മെണ്ടു് അംഗീകരിക്കുകയില്ലെന്നു് തീരുമാനിക്കുകയാണെങ്കിൽ നിശ്ചയമായും ഇന്നു നമ്മുടെ രാജ്യത്തെ അലട്ടിക്കൊണ്ടിരിക്കുന്ന വർഗ്ഗീയതയിൽനിന്നു് നമുക്കു് മോചനം സിദ്ധിക്കും. നാം ഒരു ഭൗതികരാഷ്ട്രം കെട്ടിപ്പടുക്കുന്നതിനുള്ള യത്നത്തിൽ ഏർപ്പെട്ടിരിക്കുകയാണു്. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി ഒരു ഘാതകന്റെ വെടിയേററു മരിച്ചതു് അതിനുവേണ്ടിയാണു്. അദ്ദേഹത്തിന്റെ ആദർശങ്ങളേയും മാർഗ്ഗങ്ങളേയും പിന്തുടരുന്നുവെന്നഭിമാനിക്കുന്ന കോൺഗ്രസ്പാർട്ടി ഭരണം നടത്തുന്ന ഈ രാജ്യത്തു് വർഗ്ഗീയത അതിന്റെ നഗ്നതാണ്ഡവം നടത്തുന്നു എന്നു കാണുന്നതു് എത്ര ലജ്ജാകരമാണെന്നു ആലോചിക്കുക. ഭയങ്കരമായ ഈ വർഗീയതയാണു് ഈ രാജ്യത്തെ അനുനിമിഷം അധഃപതിപ്പിച്ചുകൊണ്ടിരിക്കുന്നതു്. ഈ വർഗ്ഗീയതയുടെ വേരറുക്കണമെന്നുണ്ടെങ്കിൽ യാതൊരു വർഗ്ഗീയസംഘടനകളേയും അംഗീകരിക്കരുതെന്നും വർഗ്ഗീയാടിസ്ഥാനത്തിലുള്ള യാതൊരു ആനുകൂല്യങ്ങളും ആർക്കും അനുവദിക്കരുതെന്നും ഗവമ്മെണ്ടിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു. ഇത്രയും പറഞ്ഞുകൊണ്ടു് ശ്രീ. ജോസിന്റെ പ്രമേയത്തെ അനുകൂലിക്കുന്നു.

Sri. P. Balakrishnan Thampi: Sir, I have great pleasure in supporting my bachelor friend's motion. I do not stand any risk of any matrimonial offer being made. (Interruption) Therefore, I am safe-grounded.

Sir, by supporting this resolution I am giving the support of a generation that is passing away. This resolution was moved by a very enthusiastic friend of the younger generation. I can remember a time about 20 or 30 years ago when it was considered very valiant on the part of my hon'ble friend Mr. Kesavan and myself to go round a temple road in Central Travancore. Much water has flown under the bridge since then. After 15th August 1947, we are facing a new set up in the whole of India and I am in full sympathy with the spirit and the letter of the resolution moved by my hon'ble friend. I am also in fullest agreement with the elequent words uttered by my friend Mr. C. Narayana Pillai. Certainly the picture does not seem to be so dark as he said. Communal differences and communal bitterness I have seen very little in the country. I have seen a little round this Council Chamber, a little round news-paper offices and possibly around the public service. As one who has daily come into contact with different classes of people, especially the lower middle class and poor class, I know that almost every other man who talks about community does not believe so. Not even the professedly communal people who talk with fire about communal things, I do not think, will be foolish enough to believe what he preaches. For some temporary advantages, for canvassing votes for some candidates or some such purposes, this expedient of appealing to communal affiliation is resorted to. Except for this, I have seen no religious bitterness in the country. Even among those who have been fighting regarding some religious matters in courts, I have met both parties and they approach it as they approach a shop for any purchases. There is very little bitterness. It is true that they fight it out in law courts, but all the same there is the inborn commonsense of the Indian or the citizen of the Union, he does not believe in it. He is being exaggerated, I do not say for political purposes, but for certain temporary purposes. Therefore, Mr. Narayana Pillai is correct that this movement for the abolition of all these differences would give an impetus if Government stiffly refuse to recognise

acc: 51575
United State of Travancore and Cochin Legislative Assembly Proceedings
vol: 3

p1 Nov 29, 1949-Questions and Answers

p49 Nov 29, 1949-Adjournment Motions

p58 Nov 29, 1949-Announcement of Panel of Chairmen-Election to Committee

p58 Nov 29, 1949-Demands for Supplementary Grants

p60 Nov 29, 1949-United State of Travancore and Cochin Administration and Application of Laws Bill-Legislative Business

p61 Nov 29, 1949-United State of Travancore and Cochin Administration and General Clauses Bill-Legislative Business

p63 Nov 29, 1949-United State of Travancore and Cochin Administration and Removal of Civil Disabilities Bill

p73 Nov 29, 1949-United State of Travancore and Cochin Administration and Removal of Social Disabilities Bill

p76 Nov 29, 1949-Import of Ceylon Copra-Adjournment Motion

p93 Nov 30, 1949-Questions and Answers

p145 Nov 30, 1949-Removal of Social Disabilities Bill-Legislative Business

p168 Nov 30, 1949-United State of Travancore and Cochin High Court Bill-Legislative Business

p169 Nov 30, 1949-United State of Travancore and Cochin Civil Courts Bill-Legislative Business

p171 Nov 30, 1949-Distribution of Sugar-Adjournment Motion

p191 Dec 1, 1949-Questions and Answers

p243 Dec 1, 1949-Adjournment Motions

p243 Dec 1, 1949-United State of Travancore and Cochin Civil Courts Bill-Legislative Business

p244 Dec 1, 1949-United State of Travancore and Cochin General Clauses Bill-Legislative Business

p244 Dec 1, 1949-United State of Travancore and Cochin Motor Vehicles Bill-Legislative Business

p247 Dec 1, 1949-United State of Travancore and Cochin Vehicle Taxation Bill-Legislative Business

p261 Dec 1, 1949-United State of Travancore and Cochin Panchayats Bill-Legislative Business

p277 Dec 2, 1949-Questions and Answers

p330 Dec 2, 1949-Adjournment Motions

p333 Dec 2, 1949-Demands for Supplementary Grants

p346 Dec 2, 1949-Levy of Additional Export Duty on Pepper-Adjournment Motion

p363 Dec 3, 1949-Questions and Answers

p405 Dec 3, 1949-Adjournment Motions

p409 Dec 3, 1949-Demands for Supplementary Grants

p424 Dec 3, 1949-Panchayat Bill-Legislative Business

p432 Dec 3, 1949-Fast of T S Ramaswami Pillai-Adjournment Motion

p451 Dec 5, 1949-Questions and Answers

p491 Dec 5, 1949-Adjournment Motions

p492 Dec 5, 1949-Panchayat Bill-Legislative Business

p509 Dec 5, 1949-United State of Travancore and Cochin Shops and Establishment Bill-Legislative Business

p525 Dec 6, 1949-Questions and Answers

p560 Dec 6, 1949-Adjournment Motions

p561 Dec 6, 1949-Announcement of Election to Committees

p562 Dec 6, 1949-Cattle Trespass Bill-Legislative Business

p567 Dec 6, 1949-Sales Tax Bill-Legislative Business

p570 Dec 6, 1949-Prisons Bill-Legislative Business

p573 Dec 6, 1949-Prisoners Bill-Legislative Business

p574 Dec 6, 1949-Identification of Prisoners Bill-Legislative Business

p575 Dec 6, 1949-Prohibition Bill-Legislative Business

p593 Dec 7, 1949-Questions and Answers

p648 Dec 7, 1949-Adjournment Motions

p649 Dec 7, 1949-Demands for Supplementary Grants

p677 Dec 7, 1949-Administration and Application of Laws Bill-Legislative Business

p681 Dec 8, 1949-Questions and Answers

p717 Dec 8, 1949-Adjournment Motions

p718 Dec 8, 1949-Demand for Supplementary Grants

p732 Dec 8, 1949-Administration and Application of Laws Bill-Legislative Business

p734 Dec 8, 1949-High Court Bill-Legislative Business

p747 Dec 9, 1949-Questions and Answers

p886 Dec 9, 1949-Adjournment Motions

p887 Dec 9, 1949-Announcement of Extension of the Sitting of the House

p888 Dec 9, 1949-Increasing Lunch Interval in Schools and Colleges on Fridays-Resolutions

p900 Dec 9, 1949-Minimising Caste and Communal Differences-Resolutions

p911 Dec 10, 1949-Questions and Answers

p961 Dec 10, 1949-Adjournment Motions

p965 Dec 10, 1949-Minimising Caste and Communal Differences-Resolutions

p990 Dec 10, 1949-Separation of the Judiciary from the Executive-Resolutions

p995 Dec 12, 1949-Questions and Answers

p996 Dec 12, 1949-Adjournment Motions

p1000 Dec 12, 1949-Constitution of the Accommodation and Housing Committee

p1001 Dec 12, 1949-Demands for Supplementary Grants

p1011 Dec 12, 1949-Procedure of Discussion of Bills-Legislative Business

p1013 Dec 12, 1949-High Court Bill-Legislative Business

p1027 Dec 12, 1949-Removal of Social Disabilities Bill-Legislative Business

p1033 Dec 12, 1949-Interpretation and General Clauses Bill-Legislative Business

p1033 Dec 12, 1949-Motor Vehicles Bill-Legislative Business